# കേരള നിയമസഭാ നടപടികൾ

# പതിനഞ്ചാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**2022 ജൂലൈ 07, വ്യാഴം**

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 188 - നമ്പർ 7

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## 2022 ജൂലൈ 07, വ്യാഴം

**സ്പീക്കർ**
ശ്രീ. എം. ബി. രാജേഷ്

**ഡെപ്യൂട്ടി സ്പീക്കർ**
ശ്രീ. ചിറ്റയം ഗോപകുമാർ

**സെക്രട്ടറി-ഇൻ-ചാർജ്**
ശ്രീമതി കവിത ഉണ്ണിത്താൻ

**ചീഫ് എഡിറ്റർ**
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

.

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

ശ്രീ. പിണറായി വിജയൻ: മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന  നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ഇൻലാന്റ്  നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

.     മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ സജി ചെറിയാൻ 06-07-2022-ന് രാജിവച്ചു.

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ന്യൂനപക്ഷക്ഷേമം

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. വി. അബ്ദുറഹിമാൻ: കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

ശ്രീ. അഹമ്മദ് ദേവർകോവിൽ: തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

ശ്രീ. ജി. ആർ. അനിൽ: ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

ശ്രീ. ആന്റണി രാജു: ഗതാഗത വകുപ്പുമന്ത്രി

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

ശ്രീ. കെ. എൻ. ബാലഗോപാൽ: ധനകാര്യ വകുപ്പുമന്ത്രി

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷുറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടി

ഡോ. ആർ. ബിന്ദു: ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ. സി. സി.

അസാപ് (ASAP)

സാമൂഹ്യനീതി

ശ്രീമതി ജെ. ചിഞ്ചുറാണി : മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

ശ്രീ. കെ. കൃഷ്ണൻകുട്ടി : വൈദ്യുതി വകുപ്പുമന്ത്രി

വിദ്യുച്ഛക്തി

അനെർട്ട്

ശ്രീ. പി. എ. മുഹമ്മദ് റിയാസ് : പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി

പൊതുമരാമത്ത്

വിനോദസഞ്ചാരം

ശ്രീ. പി. പ്രസാദ്: കൃഷി വകുപ്പുമന്ത്രി

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

ശ്രീ. കെ. രാധാകൃഷ്ണൻ : പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നാക്കസമുദായക്ഷേമം

ദേവസ്വം

പാർലമെന്ററികാര്യം

ശ്രീ. കെ. രാജൻ: റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി

ലാന്റ് റവന്യൂ

സർവ്വേയും ലാന്റ് റെക്കോർഡ്സും

ലാന്റ് റിഫോംസ്

ഭവനനിർമ്മാണം

ശ്രീ. പി. രാജീവ്: നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

ശ്രീ. റോഷി അഗസ്റ്റിൻ: ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജലവിതരണവും ശുചീകരണവും

ശ്രീ. എ. കെ. ശശീന്ദ്രൻ: വനം-വന്യജീവി വകുപ്പുമന്ത്രി

വനം
വന്യജീവി സംരക്ഷണം

ശ്രീ. വി. ശിവൻകുട്ടി: പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

ശ്രീ. വി. എൻ. വാസവൻ: സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി
സഹകരണം

രജിസ്ട്രേഷൻ

ശ്രീമതി വീണാ ജോർജ്: ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

ഭക്ഷ്യസുരക്ഷ

## ഉള്ളടക്കം

I. **ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

II. **റൂളിംഗ്**

സഭാനടപടികളെക്കുറിച്ചുള്ള വാർത്താമാധ്യമങ്ങളുടെ ആക്ഷേപം
- മി. സ്പീക്കർ

III. **അടിയന്തരപ്രമേയം**

സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ കെടുകാര്യസ്ഥത
- ഡോ. മാത്യു കുഴൽനാടൻ
(അവതരണാനുമതി നിഷേധിച്ചു)

IV. **ശ്രദ്ധ ക്ഷണിക്കൽ**

1. കയർ മേഖലയിലെ പ്രതിസന്ധി
   - ശ്രീ. പി. പി. ചിത്തരഞ്ജൻ

2. ദേശീയപാത വികസനം
   - ശ്രീ. എ. കെ. എം. അഷ്റഫ്

V. **സബ്മിഷൻ**

1. കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് കൂടുതൽ സർവ്വീസുകൾ
   - ശ്രീ. ടി. വി. ഇബ്രാഹിം

2. കുറ്റിയാർവാലിയിലെ പട്ടയ നടപടി

- ശ്രീ. എ. രാജ

3. പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരത്തുക

- ശ്രീ. പി. മമ്മിക്കുട്ടി

4. കാപ്പാട് പ്രദേശത്തെ കടലാക്രമണം

- ശ്രീമതി കാനത്തിൽ ജമീല

5. ദേശീയപാതയിലെ പനയംപാട് വളവ്

- ശ്രീമതി ശാന്തകുമാരി കെ.

6. മുതലക്കുറിച്ചിക്കൽ, കൊടുന്താർ-മേൽപ്പാടം പാലങ്ങളുടെ നിർമ്മാണം

- ശ്രീ. രമേശ് ചെന്നിത്തല

7. ഡയാലിസിസ് കേന്ദ്രങ്ങൾ

-ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

8. തൃശ്ശൂർ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം

- ശ്രീ. പി. ബാലചന്ദ്രൻ

9. അരൂരിലെ വെള്ളക്കെട്ട് നിവാരണം

-ശ്രീമതി ദെലീമ

10. ആലുവയിലെ കിഫ്ബി മുഖേനയുള്ള റോഡുകളുടെ നിർമ്മാണം

- ശ്രീ. അൻവർ സാദത്ത്

VI. **റിപ്പോർട്ടുകളുടെ സമർപ്പണം**

1. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാല് മുതൽ ഇരുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ട്

2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

VII. **ക്രമപ്രശ്നം**

അനൗദ്യോഗിക പ്രമേയം ഗവൺമെന്റ് പ്രമേയമായി കൊണ്ടുവരുന്നതിലെ അനൗചിത്യം

- പ്രതിപക്ഷനേതാവ് (ശ്രീ. വി.ഡി. സതീശൻ)

**റൂളിംഗ്**

VIII. **ഗവൺമെന്റ് പ്രമേയം**

ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നത് സംബന്ധിച്ച്

-വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ)

IX. **ധനകാര്യം**

2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

X. **റിപ്പോർട്ടുകളുടെ സമർപ്പണം (തുടർച്ച)**

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട്

XI. **റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട്

XII. **അറിയിപ്പ്**

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2022 ജൂലൈ 07, വ്യാഴം

---------------------------------------------------------------------

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 7

---------------------------------------------------------------------

നിയമസഭ 2022 ജൂലൈ മാസം 07-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ.....ചോദ്യം നമ്പർ (*181)

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണം

1(*181) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സമഗ്ര പുനഃസംഘടനയും ആധുനികീകരണവും സാധ്യമാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഏർപ്പെടുത്തിയ വിദഗ്ധ സമിതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ;

(സി) പൊതുമേഖലയുടെ പുനഃസംഘടനയ്ക്ക് റിയാബിന് വിപുലമായ അധികാരങ്ങൾ നൽകുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനുമായി തൊഴിലാളികളുടെയും

ജീവനക്കാരുടെയും നിയമനത്തിന് പ്രത്യേകം ബോർഡ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) ഓഹരികൾ വിറ്റഴിച്ച് പൊതുമേഖലാ സ്ഥാപനങ്ങളെ കയ്യൊഴിയുകയെന്ന കേന്ദ്ര സർക്കാരിന്റെ നയസമീപനത്തിന് ബദലായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിച്ച് പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനുള്ള സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

- സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാക്കുന്നതിന് ഉത്പാദന - വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ - വിപുലീകരണ- വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്.

- മാസ്റ്റർ പ്ലാനിന്റെ ഭാഗമായ വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കാൻ പ്രത്യേക പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് എന്നീ മേഖലകളിലേയ്ക്കാണ് പ്രസ്തുത വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്.
- കമ്പനികളുടെ സമഗ്രമായ പുനഃസംഘടനയ്ക്കും സ്വയംഭരണം നല്കുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. പോൾ ആന്റണി ഐ.എ.എസ്. (റിട്ട) ചെയർമാനായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്, അത് പരിശോധിച്ചുവരികയാണ്.
- വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്തുവരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ്

സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നുമുണ്ട്.

- വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കിവരുന്ന പദ്ധതികളുടെ മേൽനോട്ടത്തിനായി ഓൺലൈൻ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.
- സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി അതത് മേഖലകളിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്വതന്ത്ര ഡയറക്ടർമാരുടെ പാനൽ തയ്യാറാക്കുന്നതിനായി 'റിയാബ് 'അപേക്ഷ ക്ഷണിച്ച് ലിസ്റ്റ് തയ്യാറാക്കി നിയമനനടപടികൾ പുരോഗമിക്കുന്നു.

ഉത്തരത്തിന്റെ ബാക്കി ഭാഗം മേശപ്പുറത്ത് വയ്ക്കുന്നു +

(ബി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡ് ഓഫ് ഡയറക്ടർമാർക്കും മാനേജ്മെന്റിനും സാമ്പത്തികവും പ്രവർത്തനപരവുമായ

+ ഉത്തരത്തിന്റെ ബാക്കിഭാഗം അനുബന്ധമായി ചേർക്കുന്നു.

അധികാരങ്ങൾ കൈമാറുന്നതിനായി വിവിധ വിഷയങ്ങളിലായി 28 ശിപാർശകൾ കമ്മിറ്റി മുന്നോട്ടുവച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വഭാവമനുസരിച്ച് ധനകാര്യം, പ്രോജക്ട് നടപ്പിലാക്കൽ, എച്ച്.ആർ., ജനറൽ അഡ്മിനിസ്ട്രേഷൻ, കൊമേഴ്സ്യൽ, അസറ്റ് മാനേജ്മെന്റ്, പാർട്ണർഷിപ്പ്, പ്രൊക്യൂവർമെന്റ് തുടങ്ങിയ മേഖലകളിൽ സ്വയംഭരണാധികാരം നൽകുന്നതിനാണ് ശിപാർശയുള്ളത്. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കമ്പനികൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിനായി അവയുടെ പ്രവർത്തനങ്ങളുടെ ആനുകാലിക അവലോകനവും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഓഡിറ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും നിയുക്ത അധികാരങ്ങൾ ഉപയോഗിക്കുന്നതിന്റെ ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിന് എം.ഒ.യു. സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കമ്പനീസ് ആക്ട് 2013, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ബഡ്ജറ്റിൽ അനുവദിക്കുന്ന ഫണ്ടുകൾ സമയോചിതമായി റിലീസ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സേവന വേതന പ്രശ്നങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പർച്ചേസ് പോളിസിയും നടപടിക്രമങ്ങളും കോർപ്പറേറ്റ്

ഭരണം എന്നിവ ഉറപ്പാക്കുന്നതിനായി ധാരണാപത്രം (എം.ഒ.യു.) ഒപ്പുവയ്ക്കാൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഡയറക്ടർ ബോർഡിൽ പ്രൊഫഷണൽ യോഗ്യതയുള്ള വ്യക്തികൾ, സ്വതന്ത്ര ഡയറക്ടർമാർ, ബോർഡിന്റെ ഉത്തരവാദിത്വം, ഓഡിറ്റ് കമ്മിറ്റി, മാനേജ്മെന്റിന്റെ ഉത്തരവാദിത്വം എന്നിവയ്ക്ക് പ്രാധാന്യം നൽകാനും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(സി) പൊതുമേഖലാ കമ്പനികളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനെ സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റി റിയാബിന്റെ ചുമതലകൾ പുനർനിർവ്വചിച്ച് ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എന്ന പുതിയ പേരിൽ റിയാബിനെ ശക്തിപ്പെടുത്തുന്നതിന് നൽകിയിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി. മുഖേനയല്ലാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ മറ്റു വകുപ്പുകൾക്ക് കീഴിലുള്ള

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും പ്രസ്തുത ബോർഡ് മുഖേന നടത്താനുള്ള വ്യവസ്ഥയും ഏർപ്പെടുത്തിയിട്ടുണ്ട്. കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനത്തിന് ആധാരമായ ചട്ടങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനും സംരംഭകരെ സംരക്ഷിക്കുന്നതിനും ആവശ്യമായ എല്ലാ സൗകര്യങ്ങളുമൊരുക്കി കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിൽ ഈ സർക്കാരും വ്യവസായ വകുപ്പും വകുപ്പുമന്ത്രിയും നടത്തുന്ന പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് വ്യവസായങ്ങൾ നൽകുന്ന സംഭാവന വളരെ വിലപ്പെട്ടതാണ്. സംരംഭകവർഷം ആചരിക്കുന്നതിന്റെ ഭാഗമായി 'ഒരു ലക്ഷം സംരംഭം' എന്ന നൂതന ആശയം നടപ്പിലാക്കുന്നതിനായി കൂടുതൽ സംരംഭകരെ ആകർഷിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, വ്യവസായ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ ആരംഭിക്കണമെന്ന കാഴ്ചപ്പാടാണ് ഒന്നാം പിണറായി സർക്കാർ മുന്നോട്ടുവച്ചതും ഇപ്പോഴത്തെ സർക്കാർ മുന്നോട്ടുകൊണ്ടുപോകുന്നതും. ആ ആശയം കുറേക്കൂടി ശക്തിപ്പെടുത്തി പ്രായോഗികമാക്കുന്നതിനായി 2022-23 വർഷത്തെ സംരംഭകവർഷമായി പ്രഖ്യാപിക്കുകയും പദ്ധതിയുടെ ഭാഗമായി എം.ബി.എ./ബി.ടെക്. ബിരുദധാരികളായ 1153 ഇന്റേൺസിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ ഒരാൾ, മുനിസിപ്പാലിറ്റിയിൽ രണ്ടുപേർ, കോർപ്പറേഷന്റെ ഇരുപത് ഡിവിഷനുകൾക്കായി ഒരാൾ എന്നീ നിലകളിൽ അവർ ചുമതലകൾ ഏറ്റെടുത്തുകഴിഞ്ഞു. പ്രസ്തുത വ്യക്തികൾ സംരംഭകരെ നേരിട്ടുപോയി കാണുകയും അവർക്കാവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സംരംഭകർക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായി, പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സംരംഭക സംഗമം സംഘടിപ്പിച്ചിട്ടുണ്ട്. എൺപതിനായിരത്തിലധികം വ്യക്തികൾ സംരംഭകരാകാൻ താത്പര്യം പ്രകടിപ്പിച്ചുകൊണ്ട് പ്രസ്തുത സംഗമങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഇതുകൂടാതെ തിങ്കൾ, ബുധൻ ദിവസങ്ങളിൽ എല്ലാ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിലും ഇതിലേയ്ക്കായി ഒരു ഹെൽപ്പ് ഡെസ്ക് സംവിധാനം ആരംഭിക്കുന്നതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം നിർവ്വഹിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളെയും ഏകോപിപ്പിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നല്ലരീതിയിലുള്ള പ്രതികരണം ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. 37 ബാങ്കുകൾ ഇതുമായി സഹകരിക്കുന്നതിന് തയ്യാറാവുകയും 4% പലിശ നിരക്കിൽ സംരംഭകർക്ക് വായ്പ നൽകാനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്ത കാര്യം സഭയെ അറിയിക്കുകയാണ്. ലഭ്യമായ അവസാനത്തെ കണക്കനുസരിച്ച് ആദ്യ മൂന്ന് മാസത്തിനുള്ളിൽത്തന്നെ 34303 സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനെ വലിയൊരു ചരിത്ര നേട്ടമായാണ് സർക്കാർ വിലയിരുത്തുന്നത്. ഇതുവരെ രജിസ്റ്റർ ചെയ്ത സംരംഭങ്ങൾവഴി 2235.94 കോടി രൂപയുടെ നിക്ഷേപവും 75003 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടുമെന്നാണ് കണക്കാക്കുന്നത്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിന് സ്ഥാപനത്തിന്റെ തലപ്പത്ത്

അതത് മേഖലയിലെ പ്രഗത്ഭരായ വിദഗ്ധരെ നിയമിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ ഒരു ബദലായാണ് സർക്കാർ കാണുന്നത്. സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചുമാത്രം പ്രവർത്തിക്കുകയും നിരന്തരം നഷ്ടമുണ്ടാക്കുകയും ചെയ്യുന്ന ഒരു സ്ഥാപനം എന്നല്ല ബദൽകൊണ്ട് അർത്ഥമാക്കുന്നത്, അങ്ങനെയാണ് ഒരു പൊതുമേഖലാ സ്ഥാപനം പ്രവർത്തിക്കുന്നതെങ്കിൽ അതിനെ ബദൽ എന്നുവിളിക്കാൻ കഴിയില്ല. 'ബദൽ' ആകണമെങ്കിൽ ഒരു പൊതുമേഖലാ സ്ഥാപനം മത്സരക്ഷമവും ലാഭകരവുമായിരിക്കണം. അത്തരത്തിൽ സ്ഥാപനങ്ങളെ മാറ്റുന്നതിനാവശ്യമായ പ്രത്യേക പദ്ധതിയാണ് സർക്കാർ നടപ്പിലാക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ അടിമുടി പ്രൊഫഷണലൈസ് ചെയ്യാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരെ നിശ്ചയിക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിയോഗിച്ച സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ

അടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. എം.ഡി. മുതൽ താഴെതലംവരെയുള്ള, പി.എസ്.സി.-യ്ക്ക് വിടാത്ത തസ്തികകളിലെ നിയമനങ്ങൾ നടത്തുന്നതിനുള്ള ചുമതല പുതിയതായി രൂപീകരിച്ച പൊതുമേഖലാ റിക്രൂട്ട്മെന്റ് ബോർഡിന് കൈമാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെ വളരെ വിദഗ്ദ്ധരായ ആളുകൾ മാനേജ്മെന്റിന്റെ തലപ്പത്ത് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ സ്വതന്ത്രമായ ഡയറക്ടർമാർ വേണമെന്ന് കമ്പനി നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല, ഈ കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇളവുകൾ നൽകിയിട്ടുണ്ട്. അത്തരം ഇളവുകൾ നിലവിലുണ്ടെങ്കിലും ബോർഡുകളിൽ സ്വതന്ത്ര ഡയറക്ടർമാർ, പ്രൊഫഷണലായ വ്യക്തികൾ എന്നിവരുണ്ടാകണമെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. നിയമന നടപടികൾക്കായി 'റിയാബ്' പ്രത്യേക വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു, നല്ലരീതിയിലുള്ള പ്രതികരണം ഇതിനുണ്ടായിട്ടുണ്ട്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗവേണിംഗ് ബോർഡുകളിലും സി.എ., എം.ബി.എ. യോഗ്യതയുള്ളവർ, അതാത്

മേഖലയിലെ സാങ്കേതിക വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. മൊത്തത്തിൽ പ്രൊഫഷണലൈസ് ചെയ്ത ഒരുമാനേജ്മെന്റിനെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കൊണ്ടുവരുന്നതിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സംരംഭകരെ പ്രോത്സാഹിപ്പിക്കാനായി അങ്ങ് ഇവിടെ പ്രഖ്യാപിച്ച പദ്ധതികൾ ഫലം കാണുന്നുണ്ടെന്നാണ് മനസ്സിലാകുന്നത്. ചെറുതും വലുതുമായ നിരവധി സംരംഭങ്ങൾ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നത് സന്തോഷപ്രദമാണ്. കണ്ണൂർ വിമാനത്താവളത്തിന്റെ പരിസരത്ത് വിവിധ സംരംഭങ്ങൾക്കായി കഴിഞ്ഞ സർക്കാർ അയ്യായിരത്തോളം ഏക്കർ ഭൂമി ഏറ്റെടുക്കുന്നതായി പ്രഖ്യാപിക്കുകയും അതോടനുബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ആദ്യഘട്ടം കഴിയുകയും ചെയ്തു. എന്നാൽ അവശേഷിക്കുന്ന നടപടിക്രമങ്ങൾ നീണ്ടുപോകുമ്പോൾ സാധാരണക്കാരും ഇടത്തരക്കാരുമായ ഭൂവുടമകൾ വലിയ പ്രയാസം അനുഭവിക്കേണ്ടിവരുന്നുണ്ട്. അതുകൊണ്ട് ഭൂമി ഏറ്റെടുക്കൽ നടപടി

ത്വരിതപ്പെടുത്തുന്നതിനും കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സയൻസ് പാർക്ക് നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, നിലവിലുള്ള Land Acquisition Rehabilitation and Resettlement (LARR) Act, 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് നിയതമായ വ്യവസ്ഥകളുണ്ട്. ഏറ്റെടുക്കേണ്ട ഭൂമി ഒരു സെന്റോ ആയിരം ഏക്കറോ ആണെങ്കിലും പ്രസ്തുത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത പ്രവൃത്തി പരമാവധി വേഗത്തിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി ആദ്യം ഏറ്റെടുക്കേണ്ട ഭൂമി ഏതെന്ന് വ്യവസ്ഥ ചെയ്യുകയും അവ അടയാളപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. തുടർന്ന് പദ്ധതിയുടെ സാമൂഹികാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി ഒരു സ്വതന്ത്ര സംവിധാനത്തെ ചുമതലപ്പെടുത്തണം. പ്രസ്തുത സംവിധാനം നൽകുന്ന പഠന റിപ്പോർട്ട് ജനപ്രതിനിധികളും സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെട്ടതും സ്ത്രീ പ്രാതിനിധ്യം ഉറപ്പിച്ചുകൊണ്ടുമുള്ള ഒരു കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും അവർ തയ്യാറാക്കുന്ന പദ്ധതി

പൊതുജനാഭിപ്രായം അറിയുന്നതിനായി കൊടുക്കേണ്ടതും അവരെ നേരിൽ കേൾക്കേണ്ടതുമാണ്. വളരെ ദൈർഘ്യമേറിയ ഒരു പ്രക്രിയയാണ് LARR Act, 2013 വിഭാവനം ചെയ്തിരിക്കുന്നത്. അത്തരം കാര്യങ്ങളെല്ലാം പരമാവധി വേഗത്തിലെത്തിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. കേരളത്തിൽ ഭൂമിയുടെ ലഭ്യത വളരെ കുറവാണ്. കേരളത്തിന്റെ ഭൂപ്രദേശം ഇന്ത്യയുടെ 1.1% മാത്രമാണെങ്കിലും ജനസംഖ്യ 3 ശതമാനത്തിലധികം വരും. ഒരുവശത്ത് Costal Regulation Zone, മറുവശത്ത് പശ്ചിമഘട്ടത്തിൽ ഉൾപ്പെടുന്ന ഭൂപ്രദേശം, ഇതിനിടയിൽ നെൽവയൽ - നീർത്തടം സംബന്ധിച്ച നിയന്ത്രണങ്ങൾ എന്നിവയുമുണ്ട്. ഈ നിയന്ത്രണങ്ങളിൽ നിന്നെല്ലാം ഒഴിവായി ലഭ്യമാക്കപ്പെട്ട ഭൂമി പരമാവധി ഉപയോഗപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇത്തരത്തിൽ ഭൂമിലഭ്യതയുള്ളതിനാൽ അത് പരമാവധി ഉപയോഗപ്പെടുത്തി വ്യവസായ പാർക്കുകൾ രൂപീകരിക്കുകയെന്ന കഴിഞ്ഞ സർക്കാരിന്റെ സമീപനം അതിവേഗത്തിൽ നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നതാണ്.

ശ്രീ. പി. വി. അൻവർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. ആൻസലൻ): യു.ഡി.എഫ്.-ന്റെ കാലത്ത് ശവപറമ്പാക്കി മാറ്റിയ വ്യവസായങ്ങൾ അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ഉദാഹരണമായിരുന്നു. ഒന്നാം പിണറായി സർക്കാരിൽനിന്ന് രണ്ടാം പിണറായി സർക്കാരിലേയ്ക്കെത്തുമ്പോൾ അങ്ങയുടെ നേതൃത്വത്തിലുള്ള വ്യവസായ വകുപ്പ് വളരെ നല്ല നിലയിൽ മുന്നോട്ടുപോകുകയാണ്. അതിന് എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിക്കുകയാണ്. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഭൂമിയില്ലാത്ത വലിയൊരു പ്രശ്നം കേരളം നേരിടുകയാണ്. അധികമായി ഭൂമിയുള്ള നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. അത്തരം ഭൂമി പുതിയ സംരംഭം തുടങ്ങുന്നതിന് വിട്ടുകൊടുക്കാൻ കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, വ്യവസായ സംരംഭങ്ങൾക്ക് ഈ സഭ നൽകുന്ന താല്പര്യത്തിൽ വകുപ്പിനേറെ സന്തോഷമുണ്ട്. നമ്മുടെ നാട് പൊതുവെ കാണിച്ചുവരുന്ന ഈ താല്പര്യം എല്ലാ സമീപനത്തിലും വരുന്ന മാറ്റത്തിന്റെ പ്രതിഫലനമായാണ് സർക്കാർ കാണുന്നത്. ഇവിടെ ബഹുമാന്യനായ അംഗം ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉത്തരം കുറച്ചുകൂടി ചുരുക്കിപ്പറഞ്ഞാൻ മറ്റംഗങ്ങൾക്കുകൂടി അവസരം കൊടുക്കാം.

<u>ശ്രീ. പി. രാജീവ്</u>: സർ, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ദശകങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുണ്ടെന്ന് ബഹുമാന്യരായ പല അംഗങ്ങളും ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ജില്ലകളിൽ നടത്തിയ ആശയവിനിമയങ്ങളിലും ആ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. അതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് കിൻഫ്രയോട് പഠനം നടത്താൻ ആവശ്യപ്പെട്ടത്. കിൻഫ്ര എല്ലാ പൊതുമേഖല സ്ഥാപനങ്ങളിലും പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ ഇതുമായി ബന്ധപ്പെട്ട് 245 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കിൻഫ്രയുടെ ഇപ്പോഴത്തെ റിപ്പോർട്ട് പ്രകാരം ഏകദേശം 361.42 ഏക്കർ അധികഭൂമി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ഉപയോഗിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ ഒൻപത് സ്ഥാപനങ്ങളിൽനിന്നുള്ള 40 ഏക്കർ അധിക ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാൻ ആദ്യഘട്ടമായി കിൻഫ്രയെ ചുമതലപ്പെടുത്തിട്ടുണ്ട്.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതുവഴിയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ വഴിയും പൊതുവിൽ സംസ്ഥാനത്തെ വ്യാവസായികാന്തരീക്ഷം മെച്ചപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഓരോ ജില്ലകളിലും വ്യവസായികളുടെയും സംരംഭകരുടെയും യോഗം വിളിച്ച് ചേർത്തു. ഇതെല്ലാം പൊതുവിൽ സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് റാങ്കിംഗ് ഉയർത്താൻ സഹായിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, പൊതുമേഖലയിലും സ്വകാര്യ മേഖലയിലും അനുകൂലമായ അന്തരീക്ഷമുണ്ടായിയെന്ന് ഇപ്പോൾ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോഴത്തെ കണക്കനുസരിച്ച് കേരളത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഇരുപത്തിയാറ് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചത്. രാജ്യത്ത് മാത്രമല്ല ലോകത്താകെ പൊതുവെയുണ്ടായ പ്രചാരണം കേരളം വളരെ പുറകിൽ നില്ക്കുന്നു, അതായത് റാങ്കിംഗിൽ 28-ലേയ്ക്ക് പോയിയെന്നുള്ളതാണ്.

എന്നാൽ ഈ ആഴ്ച ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യവകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയുംകൂടി പ്രഖ്യാപിച്ച പുതിയ റാങ്കിംഗനുസരിച്ച് കേരളം 75.49 ശതമാനം സ്കോറോടുകൂടി 15-ാമത്തെ സ്ഥാനത്തേയ്ക്ക് ഉയർന്നു. ഇത്തരത്തിൽ നല്ല രീതിയിൽ മുന്നേറാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ 2022 ഫെബ്രുവരി മാസംമുതൽ സംരംഭകരിൽനിന്നുള്ള ഫീഡ് ബാക്കിനെ മാത്രം ആധാരമാക്കിക്കൊണ്ടാണ് റാങ്ക് നിശ്ചയിക്കുന്നത്. പരിഷ്കാരങ്ങൾ അടിസ്ഥാനപ്പെടുത്തിയാണെങ്കിൽ നമ്മൾ ഏഴാം റാങ്കിലാണ്. ഫീഡ് ബാക്കിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ വർഷം 28-ാം റാങ്കിലായിരുന്നത് ഇത്തവണ 15-ാം റാങ്കിലേയ്ക്കെത്തിയത്. ഇത് സംരംഭകർക്കിടയിലും ആത്മവിശ്വാസം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അത് ശക്തിപ്പെടുത്തുന്നതിനായി നമ്മളെല്ലാവരും ഒറ്റക്കെട്ടായ സമീപനം സ്വീകരിച്ച് മുന്നോട്ടുപോകേണ്ടതുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടൊരു സ്ഥാപനമാണ് ട്രാവൻകൂർ

സിമെന്റ്സ്. ഒരുകാലത്ത് വൈറ്റ് സിമന്റിന്റെ കാര്യത്തിൽ മോണോപൊളി നിലനിന്നിരുന്നു. ഇന്ന് അതിന്റെ അവസ്ഥ വളരെ ശോചനീയമാണെന്നുള്ളത് അങ്ങേയ്ക്ക് വളരെ കൃത്യമായിട്ടറിയാം. അതിനെ പുനരുദ്ധരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങ് എപ്പോഴും ഉന്നയിക്കുന്നൊരു പ്രശ്നമാണിത്. പല യോഗങ്ങളിലും നേരിട്ട് ഉന്നയിച്ചിട്ടുമുണ്ട്. അങ്ങ് പറഞ്ഞ കാര്യം ശരിയാണ്. ട്രാവൻകൂർ സിമെന്റ്സ് ഒരുകാലത്ത് ഏറ്റവും പ്രധാനപ്പെട്ട വ്യവസായശാലകളിലൊന്നായിരുന്നു. വൈറ്റ് സിമെന്റിന്റെ കാര്യത്തിൽ ഒരു കുത്തകാവകാശം നിലനിന്നിരുന്നുവെന്ന് തന്നെ പറയാം. മുമ്പ് വേമ്പനാട് കായലിൽനിന്ന് കക്ക ഉപയോഗിക്കാൻ കഴിയുമായിരുന്നു. പിന്നീട് നിയന്ത്രണം വന്നതാണ് ആ സ്ഥാപനത്തെ പ്രതിസന്ധിയിലാക്കിയത്. ഇപ്പോൾ പ്രതിസന്ധിയിൽ നില്ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ കാറ്റഗറൈസ് ചെയ്തതിൽ ട്രാവൻകൂർ സിമെന്റ്സും ഉൾപ്പെടുന്നുണ്ട്. സിമെന്റ് നമുക്ക് വിപണിയിൽ ആവശ്യമുണ്ട്. ഇതിനെ മലബാർ സിമെന്റ്സിന്റെ ഒരു സബ്സിഡിയറിയാക്കി മാറ്റാൻ കഴിയുമോയെന്ന പരിശോധന നടത്തി

അനുകൂലമാണെങ്കിൽ നമുക്ക് ഒന്നിച്ച് ചർച്ചചെയ്ത് ആ തീരുമാനം നടപ്പിലാക്കാൻ ശ്രമിക്കാം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ പുതിയതായി നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവരുന്നുണ്ട്. എന്നാൽ ഇക്കാര്യങ്ങൾ പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്താനും പ്രത്യേകിച്ച്, യുവാക്കൾക്ക് ഈ സംരംഭങ്ങളെക്കുറിച്ച് പരിചയപ്പെടുത്താനുമുള്ള എന്തെല്ലാം കാര്യങ്ങൾ പുതിയ കാലഘട്ടത്തിനനുസരിച്ച് സർക്കാർ ചെയ്യുന്നുണ്ടെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ ഗൗരവമുള്ള കാര്യമാണ്. ഇങ്ങനെയുള്ള നേട്ടങ്ങൾ ഒരു പൊതുബോധമായി വികസിപ്പിക്കുന്നതിന് പരിമിതികളുണ്ട്. ഇപ്പോൾ ഏഷ്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് സംവിധാനമുള്ള പ്രദേശമായി കേരളത്തെയാണ് തെരഞ്ഞെടുത്തത്. സ്റ്റാർട്ടപ്പിന്റെ കാര്യത്തിൽ തുടർച്ചയായ നേട്ടങ്ങൾ കൈവരിക്കുന്നു. ദേശീയതലത്തിൽ നമ്മൾ തുടർച്ചയായി മൂന്നുവർഷം ടോപ്പറായി വരുന്നുണ്ട്. അതോടൊപ്പംതന്നെ ഇന്ത്യയിൽ ഏറ്റവും കൂടുതൽ

തൊഴിൽ നൽകിയതിൽ കഴിഞ്ഞ നാല് മാസത്തെ കണക്കെടുത്താൽ naukri.com എന്ന ലോകപ്രശസ്തമായ വെബ് പോർട്ടൽ കൊച്ചിയെയാണ് ഒന്നാംസ്ഥാനത്ത് തെരഞ്ഞെടുത്തത്. നമ്മൾ റാങ്കിംഗിൽ മുമ്പിലേയ്ക്ക് വന്ന ഒരു അന്തരീക്ഷമുണ്ട്. അതിനെ വ്യവസായ സമൂഹമെല്ലാം പിന്തുണയ്ക്കുന്നുണ്ടെങ്കിലും പൊതുവെ സമൂഹത്തിലെത്തിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. അതിൽ മാധ്യമങ്ങളുടെ പിന്തുണയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടുതൽ പ്രചരണം യുവാക്കളിലേയ്ക്കും വിദ്യാർത്ഥികളിലേയ്ക്കും എത്തിക്കാനും സ്കൂളുകളിലും കോളേജുകളിലും ക്ലബ്ബുകൾ കൊണ്ടുവരാനും ശ്രമിക്കുന്നുണ്ട്. സംരംഭകരുടെ കൂട്ടായ്മകൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കാൻ ശ്രമിക്കുകയും മീറ്റ് ദ ഇൻവെസ്റ്റർ പരിപാടിയിൽ ഇൻവെസ്റ്റർക്കാവശ്യമായ സൗകര്യങ്ങളൊരുക്കുകയും ചെയ്യുന്നുണ്ട്. അത് കുറെക്കൂടി ശക്തിപ്പെടുത്താൻ ശ്രമിക്കുന്നതായിരിക്കും.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ട്രാക്കോ കേബിൾ കമ്പനി വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് കാരണം മാനേജ്മെന്റിന്റെ അഴിമതിയും കെടുകാര്യസ്ഥതയുമാണെന്ന് സംയുക്ത ട്രേഡ് യൂണിയൻ അങ്ങേയ്ക്ക് പരാതി നൽകിയിട്ടുണ്ട്. വർക്ക് ഓർഡർ

ലഭിക്കുന്നുണ്ടെങ്കിലും അസംസ്കൃത വസ്തുക്കൾപോലും വാങ്ങാൻ കഴിയാത്ത സ്ഥിതിയിലേയ്ക്ക് കമ്പനി മാറ്റപ്പെട്ടിരിക്കുകയാണ്. കെ.എസ്.ഇ.ബി.എൽ.-ൽ നിന്നുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയുന്നില്ല, ജീവനക്കാരുടെ ശമ്പളം വൈകുന്നു, ഒപ്പംതന്നെ കഴിഞ്ഞവർഷം ആദ്യമായി ഓണം അഡ്വാൻസ് മുടങ്ങിയിരിക്കുകയാണ്. പ്രത്യേകിച്ച്, എറണാകുളം കേന്ദ്രീകരിച്ചുള്ള ഇരുമ്പനം യൂണിറ്റ് വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, നേരത്തെ ട്രാവൻകൂർ സിമെന്റ്സിനെക്കുറിച്ച് പറഞ്ഞതുപോലെ റെഡ് കാറ്റഗറിയിൽപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണ് ട്രാക്കോ കേബിൾ. പൊതുവെ അവിടെയൊരു അഴിച്ചുപണി വേണമെന്നാണ് സർക്കാർ കരുതുന്നത്. അവരുടെ ഉല്പന്നങ്ങൾ കെ.എസ്.ഇ.ബി.എൽ. ആണ് വാങ്ങുന്നത്, അതിന്റെ വില്പന സർക്കാർ ഉറപ്പുവരുത്തുകയാണ്. അവർക്കാവശ്യമായ ഫണ്ടും നൽകുന്നു. എന്നാൽ ഇത്തരത്തിലുള്ള പിന്തുണയൊന്നും ലഭിക്കാത്ത

എം.എസ്.എം.ഇ.-കളുമായി മത്സരിക്കാൻപോലും അവർക്ക് കഴിയുന്നില്ല. അങ്ങനെ തുടരാൻ കഴിയില്ലെന്ന നിലപാട് ആ കമ്പനിയെ അറിയിച്ചിട്ടുണ്ട്. ഒരിക്കലും ചെയ്യാത്ത, അല്ലെങ്കിൽ ഇതിനുമുമ്പ് അപൂർവ്വമായിമാത്രം ചെയ്തിട്ടുള്ള രീതിയിലും ട്രാക്കോ കേബിളിന് സഹായം നല്കിയിട്ടുണ്ട്. മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിൽനിന്ന് അടിയന്തരാവശ്യത്തിന് വായ്പയെന്ന തരത്തിൽ പ്രത്യേകമായി ഫണ്ട് അനുവദിക്കാൻപോലും ഈ സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തെ സർക്കാർ പരമാവധി പിന്തുണയ്ക്കുന്നുണ്ട്. എന്നാൽ തൊഴിലാളികൾ മുതൽ മാനേജ്മെന്റുവരെ ഇന്നത്തെ രീതിയിൽ തുടരാൻ കഴിയില്ലെന്നുള്ള ധാരണയിലേയ്ക്കെത്തണം. അതിന് പ്രത്യേകമായി റിയാബിനോട് ട്രക്കോ കേബിളിനെ സംബന്ധിച്ച് പഠിച്ച് ഒരു റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിലും ഈ ജാഗ്രതയുണ്ടായിരിക്കും.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, നിലവിൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നൊരു പൊതുമേഖാ സ്ഥാപനമാണ് തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്. അവിടത്തെ പ്രധാനപ്പെട്ട

അസംസ്കൃതവസ്തു ഇൽമനൈറ്റാണ്. ഇൽമനൈറ്റ് ഖനന മേഖലയിലേയ്ക്ക് സ്വകാര്യ കുത്തകകൾ കടന്നുവരാനുള്ള ഒരു സർക്കുലർ കേന്ദ്രസർക്കാർ ഇറക്കിയിരിക്കുന്നു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ചോദിച്ചത് അതീവ ഗൗരവമായൊരു സംഗതിയാണ്. കേന്ദ്ര ഗവൺമെന്റ് എല്ലാ മേഖലകളും സ്വകാര്യവത്ക്കരിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി വളരെ തന്ത്രപ്രാധാന്യമുള്ള മേഖലയ്ക്കകത്തുപോലും സ്വകാര്യമൂലധനശക്തികളെ അനുവദിക്കുകയാണ്. ഇൽമനൈറ്റ് പോലുള്ള ധാതുക്കൾ എൻട്രിയനുസരിച്ച് ഭരണഘടനാപരമായി സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുന്നതാണ്. അവയുടെ ഉടമസ്ഥാവകാശം സംസ്ഥാനത്തിനുള്ളതാണ്. എന്നാൽ സംസ്ഥാനത്തിന് ഭരണഘടനാപരമായി ഉടമസ്ഥാവകാശമുള്ള ധാതുക്കളുടെ കാര്യത്തിലും കേന്ദ്രഗവൺമെന്റിന് തീരുമാനമെടുക്കാൻ കഴിയുന്ന രൂപത്തിലുള്ള മാറ്റങ്ങളാണ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്. ഭരണഘടനയ്ക്ക് കടകവിരുദ്ധമായ പ്രവർത്തനങ്ങൾക്കാണ് ഇന്ന്

കേന്ദ്രഗവൺമെന്റ് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. ഭരണഘടനയെ നിലനിർത്തിക്കൊണ്ടുതന്നെ ഭരണഘടനയെ ഇല്ലാതാക്കാൻ കഴിയുമെന്ന് നേരത്തെ ഡോ. ബി. ആർ. അംബേദ്കർ നൽകിയ മുന്നറിയിപ്പിന്റെ പ്രയോഗത്തിനാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നേതൃത്വം നൽകുന്നത്. ആ സമീപനം ഭരണഘടനാവിരുദ്ധമാണെന്ന് സംസ്ഥാന സർക്കാർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. അതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അസംസ്കൃതവസ്തു ലഭിക്കാത്ത സാഹചര്യമുണ്ടാകും. തീരദേശത്ത് സന്തുലനാവസ്ഥ പരിപാലിച്ചുകൊണ്ടാണ് നമ്മൾ ഖനനം നടത്തുന്നതെങ്കിൽ സ്വകാര്യകുത്തകകൾ കടന്നുവരുന്നതോടുകൂടി അത്തരം കാര്യങ്ങളെല്ലാം ഇല്ലാതാകുകയും തീരദേശത്തിന് ആഘാതം സൃഷ്ടിക്കുകയും ചെയ്യും. പാരിസ്ഥിതികാഘാതം, രാജ്യത്തിന്റെ പ്രതിരോധത്തിനുള്ള ഗൗരവമായ പ്രശ്നങ്ങൾ, ഭരണഘടനയുടെ കടകവിരുദ്ധമായ നടപടികൾ എന്നീ കാര്യങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ യോഗം ചേർന്നിട്ടുണ്ട്. നിയമപരമായ മറ്റുകാര്യങ്ങൾകൂടി

പരിശോധിച്ചുകൊണ്ട് മുഖ്യമന്ത്രിതന്നെ ഈ വിഷയം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരളത്തിൽ മികച്ച നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാദ്ധ്യതയുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കുണ്ടറയിലെ Kerala Electrical and Allied Engineering Company. ഇതിൽ രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന്, അവിടത്തെ വിരമിച്ച തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക പെൻഡിംഗാണ്. രണ്ടാമത്തേത്, ട്രാക്ഷൻ മോട്ടോറിന്റെയും ആൾട്ടർനേറ്ററിന്റെയും പുതിയ പ്ലാന്റ് ഏതാണ്ട് 75% പൂർത്തിയായിരിക്കുകയാണ്. എന്നാൽ സാമ്പത്തിക പ്രതിസന്ധി കാരണം പ്ലാന്റിന്റെ നിർമ്മാണം മന്ദഗതിയിലാണ്. പുതിയ പ്ലാന്റിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കാനാവശ്യമായ നിർദ്ദേശം നൽകുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം വിഷ്ണുനാഥ് നേരത്തെ നിവേദനത്തിലൂടെയും അല്ലാതെയും ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. KEL നല്ല രീതിയിൽ കൊണ്ടുപോകാൻ കഴിയുന്ന സ്ഥാപനമാണ്. എന്നാൽ ചില പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. ഇപ്പോൾ KEL- EML

(Electricals Machines Limited)- കൂടി കാസർഗോഡ് ആരംഭിച്ചിട്ടുണ്ട്. ഇവ ശക്തിപ്പെടുത്താനുള്ള കാഴ്ചപ്പാടാണെടുത്തിട്ടുള്ളത്. അങ്ങ് സൂചിപ്പിച്ചതുപോലെ സമയബന്ധിതമായി അത് പൂർത്തീകരിക്കാനാവശ്യമായ ഇടപെടലുകൾകൂടി സർക്കാർ നടത്തുന്നതായിരിക്കും.

ശ്രീ. എ. പ്രഭാകരൻ: സർ, സംസ്ഥാനത്തിന്റെ അഭിമാന സ്ഥാപനമായ മലബാർ സിമെന്റ്സിൽ കുറച്ചുകാലമായി മാനേജിംഗ് ഡയറക്ടറില്ല. അത് ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. അതുകൊണ്ട് പുതിയ മാനേജിംഗ് ഡയറക്ടറെ നിയമിക്കാനും അതോടൊപ്പം ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ റിക്രൂട്ട്മെന്റ് ബോർഡ് വന്നതിനുശേഷം നിയമനം നടത്തിയാൽ മതിയെന്നുള്ളതാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമെടുത്ത സമീപനം. പലതരത്തിലുള്ള ആക്ഷേപങ്ങൾ വിവിധ മേഖലകളിൽനിന്നും ഉയർന്നുവന്നതുകൊണ്ടാണ് അങ്ങനെയൊരു തീരുമാനമെടുത്തത്. എന്നാൽ നേരത്തെ നോട്ടിഫിക്കേഷൻ വന്ന് ടെസ്റ്റ് നടത്തിയിട്ടുള്ള തസ്തികകളിൽ നിയമനം നടത്താനാണ് തീരുമാനിച്ചിരുന്നത്. ഇവിടെയും ഒഴിവുകളുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റിന് ഓർഡിനൻസ് വന്നിട്ടുണ്ട്. റിക്രൂട്ട്മെന്റ് ബോർഡ് അധികം വൈകാതെ രൂപീകരിക്കും. ചട്ടങ്ങൾ ഈ മാസം ഫൈനലൈസ് ചെയ്യാൻ കഴിയും. അതിവേഗത്തിൽ നിയമനം നടത്താൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

ശ്രീ. യു. എ. ലത്തീഫ്: സർ, മലപ്പുറം ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ നിലമ്പൂരിലെ വുഡ് കോംപ്ലക്സ് റിവൈവ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതുപോലൊരു സ്ഥാപനം മലപ്പുറം ജില്ലയിൽ പുതിയതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ആ വിഷയം പ്രത്യേകമായി പരിശോധിച്ചശേഷം മാത്രമേ പറയാൻ സാധിക്കൂ. എങ്കിലും മലപ്പുറം ജില്ലയിൽ സ്വകാര്യ വ്യവസായ പാർക്കുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങ് മുൻകയ്യെടുത്ത് ഈ മണ്ഡലത്തിൽ ഒരു സ്വകാര്യ വ്യവസായ പാർക്കിന് അപേക്ഷിക്കുകയാണെങ്കിൽ 30 ദിവസത്തിനുള്ളിൽ അതിന് അനുമതി നൽകാം. നല്ല രീതിയിലുള്ള സംരംഭം അവിടെ ആരംഭിക്കാൻ സാധിക്കും. സംരംഭ സമൂഹത്തിൽനിന്നും വളരെ പോസിറ്റീവായ പ്രതികരണം വന്നിട്ടുള്ള ജില്ലകളിലൊന്നാണ് മലപ്പുറം. ഒരുലക്ഷം എം.എസ്.എം.ഇ. സംരംഭങ്ങളുടെ

കാര്യത്തിലും നല്ല പ്രതികരണമാണ് അവിടെനിന്നും വന്നിട്ടുള്ളത്. ആ ജില്ലയിൽ പ്രവാസികളുടെ നിക്ഷേപമുൾപ്പെടെ ഉപയോഗിച്ചുകൊണ്ടുള്ള സംരംഭക പദ്ധതികൾ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, പൊതുമേഖലയെ ശക്തിപ്പെടുത്തുകയെന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്. കേന്ദ്രഗവൺമെന്റ് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവത്ക്കരിക്കുകയാണ്. കേരളത്തിൽത്തന്നെ പ്രവർത്തിക്കുന്ന പല കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവത്ക്കരിക്കാനുള്ള ശ്രമങ്ങളാണിന്ന് നടന്നുകൊണ്ടിരിക്കുന്നത്. അതിനാവശ്യമായ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുള്ളത് സംസ്ഥാന ഗവൺമെന്റാണ്. ഈ സ്ഥാപനങ്ങൾ സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ സമീപനമെന്താണ്?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ചോദിച്ച കാര്യം നമ്മൾ പലതവണ ചർച്ച ചെയ്തിട്ടുള്ള വിഷയമാണ്. സംസ്ഥാന ഗവൺമെന്റ്

പാട്ടത്തിനും സൗജന്യനിരക്കിലും നൽകിയിട്ടുള്ള ഭൂമിയിലാണ് പല കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിക്കുന്ന ഘട്ടത്തിൽ അതേറ്റെടുക്കാൻ തയ്യാറാണെന്ന് സംസ്ഥാന സർക്കാർ രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിലും അതിനോടൊന്നും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. Hindustan Newsprint Limited ലേലത്തിൽ പിടിച്ചെടുത്തിട്ടാണ് പുതിയ കമ്പനിയായി ഇപ്പോൾ പ്രവർത്തിപ്പിക്കുന്നത്. അതോടൊപ്പം നേരത്തെ സഭയിൽ ബഹുമാന്യനായ കടകംപള്ളി സുരേന്ദ്രൻ ഉന്നയിച്ച ഗൗരവമേറിയ പ്രശ്നമാണ് എച്ച്.എൽ.എൽ.-മായി ബന്ധപ്പെട്ടത്. ഇപ്പോൾ എച്ച്.എൽ.എൽ. നമ്മൾ ഏറ്റെടുക്കാമെന്ന് പറഞ്ഞു, പക്ഷേ അവർ അതിന് തയ്യാറായില്ല. അവസാനം എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് കെ.എസ്.ഐ.ഡി.സി. ബിഡ്ഡ് സമർപ്പിച്ചു. എന്നാൽ ഇപ്പോൾ അറിയിച്ചിട്ടുള്ളത്, സംസ്ഥാന ഗവൺമെന്റിന് ഇതിൽ പങ്കെടുക്കാൻ അധികാരമോ അവകാശമോ ഇല്ലെന്ന രീതിയിൽ അത് തള്ളിയിരിക്കുന്നുവെന്നാണ്.

മി. സ്പീക്കർ: കഴിഞ്ഞ ദിവസം ശ്രദ്ധക്ഷണിക്കലായി വന്ന വിഷയമാണ്.

ശ്രീ. പി. രാജീവ്: സർ, ഇതാണ് അതിന്റെ ഏറ്റവും ഒടുവിലത്തെ അവസ്ഥ. വളരെ ഗൗരവമായാണ് ഈ വിഷയം കാണേണ്ടത്. കേന്ദ്ര ഗവൺമെന്റിന്റെ സ്വകാര്യവത്ക്കരണ നയത്തിനെതിരെ നിലപാടെടുക്കാനും സംസ്ഥാന ഗവൺമെന്റിന്റെ ഭൂമി ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സംരക്ഷിക്കാനും കഴിയണം. സംസ്ഥാന ഗവൺമെന്റ് സൗജന്യമായി നൽകിയ ഭൂമിക്കുപോലും പാലക്കാടുൾപ്പെടെ, പണം വേണമെന്നുള്ള സമീപനം കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിനെതിരെ നമുക്ക് ഒറ്റക്കെട്ടായി നിലപാട് സ്വീകരിക്കണം.

ശ്രീ. ഷാഫി പറമ്പിൽ: സർ, മലബാർ സിമെന്റ്സിന്റെ എം.ഡി.-യുടെ കാര്യത്തിൽ തീരുമാനമെടുക്കാമെന്ന് ഇവിടെ പറഞ്ഞു. അതുപോലെതന്നെ പെർഫോമൻസ് ബേസ്ഡായ മാർക്കറ്റിംഗ് ഇൻസെന്റീവുകളില്ലാത്തത് അവിടത്തെ പ്രധാന പ്രശ്നമാണ്. ഇപ്പോൾ കച്ചവടത്തിനും ബുദ്ധിമുട്ടുണ്ട്. അതുപോലെ അവിടത്തെ നോൺ മാനേജീരിയൽ ജീവനക്കാരുടെ

ശമ്പളത്തെ സംബന്ധിച്ചും ഏറെക്കാലമായി ആശങ്കകളുണ്ട്. അതിനും എത്രയും പെട്ടെന്ന് പരിഹാരം കാണുന്നതിനുള്ള ഇടപെടലുണ്ടാകണം.

ശ്രീ. പി. രാജീവ്: സർ, അവിടെയുള്ള ട്രേഡ് യൂണിയനുകളും എം.എൽ.എ.മാരായ ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. എ. പ്രഭാകരൻ തുടങ്ങിയവരും വിഷയം ഉന്നയിച്ചിട്ടുണ്ട്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ അതത് മേഖലയിൽ സവിശേഷ വൈദഗ്ദ്ധ്യമുള്ളവരല്ല സ്ഥാപനങ്ങളെ നയിക്കുന്നത്. എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച് പ്രൊമോഷനായി, ആട്ടോമാറ്റിക് റൂട്ടിലൂടെ ഉന്നതസ്ഥാനത്തെത്തിയവരാണ്. ഇതുപോലെയുള്ള മേഖലകളിൽ ആട്ടോമാറ്റിക് പ്രൊമോഷൻ പാടില്ല, ഒരു സെലക്ഷൻ പ്രോസസ്സായിരിക്കണം വേണ്ടതെന്ന് ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അങ്ങനെയാകുമ്പോൾ ഈ മേഖലകളിലെല്ലാം പ്രൊഫഷണലായവരെ നിയോഗിക്കാൻ സാധിക്കും. അവരുടെ പെർഫോമൻസുമായി ലിങ്ക് ചെയ്തിട്ടുള്ള ഇൻസെന്റീവുകൾ മാർക്കറ്റിംഗ് മേഖലയിൽ വേണമെന്ന് പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ടിലുണ്ട്. അക്കാര്യങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. വേതന വർദ്ധനവിന് സ്ഥാപനത്തിന്റെ സാമ്പത്തികമായുള്ള കരുത്തുകൂടി

പരിഗണിക്കേണ്ടതുണ്ട്. തൊഴിലാളികളുടെ ജീവിതത്തിൽ വന്നിട്ടുള്ള ചെലവിന്റെ വർദ്ധനവ് പരിഗണിക്കുന്നതോടൊപ്പം ഓരോ സ്ഥാപനത്തിനും അത് കൊടുക്കാനുള്ള കഴിവ് എത്രയുണ്ടെന്നതുകൂടി പരിശോധിച്ചുവേണം സേവന-വേതന വ്യവസ്ഥ കരാറിലെത്താനെന്നുള്ള നിർദ്ദേശവും സർക്കാർ നൽകിയിട്ടുണ്ട്. ആ സേവന-വേതന വ്യവസ്ഥയിൽ ഒരുഭാഗം പെർഫോമൻസ് ലിങ്ക്ഡായ ഇൻസെന്റീവുകളാക്കി മാറ്റണമെന്ന ഭാഗംകൂടി സർക്കാർ പൊതുവായ നിർദ്ദേശമായി നൽകുന്നുണ്ട്.

## ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി

2(*182) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ട്രാൻസ്ഗ്രിഡ് പദ്ധതിക്കെതിരെ അന്നത്തെ പ്രതിപക്ഷ നേതാവ് ലോകായുക്തയിൽ സമർപ്പിച്ച ഹർജി നിരസിക്കുകയുണ്ടായോയെന്ന് അറിയിക്കാമോ;

(ബി) ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഇതുവരെ കൈവരിച്ച പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലബാർ മേഖലയിലെ വൈദ്യുതി ക്ഷാമത്തിന് പരിഹാരമായി ആവിഷ്കരിച്ച കാസർഗോഡ്-വയനാട് വൈദ്യുതി ഇടനാഴി പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളായ കോട്ടയം ലൈൻസ് പാക്കേജ്, കോലത്തുനാട് ലൈൻസ് പാക്കേജ് എന്നിവയുടെ കരാർ നൽകിയത് വ്യവസ്ഥകൾ പാലിച്ചല്ല എന്നാരോപിച്ചുകൊണ്ട് 2020-ൽ അന്നത്തെ പ്രതിപക്ഷനേതാവ് സംസ്ഥാന ലോകായുക്തയിൽ ഒരു ഹർജി നല്കിയിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത ഹർജിയിന്മേൽ അന്വേഷണം നടത്താൻ വിസമ്മതിച്ചുകൊണ്ട് 08.06.2022-ൽ ലോകായുക്ത ഉത്തരവായിട്ടുണ്ട്.

(ബി) വൈദ്യുതോപയോഗം വർദ്ധിക്കുന്നതിനനുസരിച്ച് ഭാവിയിലേയ്ക്കുള്ള വൈദ്യുതാവശ്യങ്ങൾ കണക്കിലെടുത്ത് പ്രസരണ ശൃംഖലയുടെ ശേഷി വർദ്ധിപ്പിച്ച് പ്രസരണനഷ്ടം കുറയ്ക്കുന്നതിനാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് 2016-ൽ

ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ട്രാൻസ്ഗ്രിഡ് ഒന്നാംഘട്ട പദ്ധതിയിൽ വിഭാവനം ചെയ്ത 12 സബ്സ്റ്റേഷനുകളിൽ നാല് 220 കെ.വി. AIS സബ്സ്റ്റേഷനുകളും അഞ്ച് 220 കെ.വി GIS സബ്സ്റ്റേഷനുകളും വിവിധ ജില്ലകളിലായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തുകഴിഞ്ഞു. ഒന്നാംഘട്ട പദ്ധതിയിൽ വിഭാവനം ചെയ്ത ഒൻപത് ലൈൻ പാക്കേജുകളിൽ മാടക്കത്തറ-അരീക്കോട് 400/220 കെ.വി ലൈൻ പദ്ധതിയുൾപ്പെടെ അഞ്ചെണ്ണം നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ഇതിനോടകം 400 കെ.വി.യുടെ 178 സർക്യൂട്ട് കിലോമീറ്റർ ലൈനും 220 കെ.വി.-യുടെ 566 സർക്യൂട്ട് കിലോമീറ്റർ ലൈനും 110 കെ.വി.-യുടെ 653 സർക്യൂട്ട് കിലോമീറ്റർ ലൈനും നിർമ്മാണം പൂർത്തിയാക്കി. ബാക്കി നാല് 220/110 കെ.വി. ലൈൻ പദ്ധതികളുടേയും 3 GIS (കോട്ടയം 400 കെ.വി, തലശ്ശേരി, കുന്നംകുളം 220 കെ.വി.) സബ്സ്റ്റേഷനുകളുടെയും നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയായിവരുന്നു. ഇവ ഈ വർഷംതന്നെ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ നിലവിൽ 2073 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിക്കഴിഞ്ഞു.

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 3414 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചതിൽ 10 ലൈൻ പാക്കേജുകളും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. രണ്ടാംഘട്ടത്തിൽ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികളിൽ 964 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളുടെ കരാർ നൽകിക്കഴിഞ്ഞു. മറ്റ് പ്രവൃത്തികൾ നടപ്പിൽവരുത്തുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഒന്നാം ഘട്ടം 2022-ലും രണ്ടാം ഘട്ടം 2026-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(സി) ട്രാൻസ്ഗ്രിഡ് പദ്ധതിയിലുൾപ്പെടുത്തി വയനാട് പയ്യമ്പിള്ളി മുതൽ കാസർഗോഡ് കരിന്തളം വരെ നിർമ്മിക്കാനുദ്ദേശിക്കുന്ന 400 കെ.വി. ലൈനിന്റെ നിർമ്മാണത്തിനുള്ള വർക്ക് അവാർഡ് 19.04.2022-ൽ നൽകിയിട്ടുണ്ട്; പ്രാരംഭ ജോലികൾ ഇതിനകം തുടങ്ങിയിട്ടുണ്ട്.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, കേരളത്തിലെ വൈദ്യുത മേഖലയിൽ ഏകദേശം 5500 കോടി രൂപ ചെലവഴിച്ച് പ്രസരണ നഷ്ടം പരമാവധി കുറച്ചുകൊണ്ട് വൈദ്യുതി സുഗമമായി കൊണ്ടുവരികയെന്നതാണ് രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ലക്ഷ്യം. ഈ

പദ്ധതി നടപ്പിലാക്കുന്നതുമൂലം പ്രസരണനഷ്ടം എത്ര കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇതുമൂലമുണ്ടായ സാമ്പത്തിക ലാഭം എത്രയാണ്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 250 കോടി രൂപയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക ലാഭം.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഉത്തര മലബാറിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ എന്തെങ്കിലും നിർദ്ദേശമുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മലബാർ മേഖലയിലെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള പദ്ധതികളാണ് ട്രാൻസ്ഗ്രിഡ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നിലവിൽ 110 കെ.വി. തലശ്ശേരി സബ്സ്റ്റേഷന്റെ ശേഷി 220 കെ.വി.യായി ഉയർത്തുന്നതും കാഞ്ഞിരോട് നിന്നും മൈലാട്ടി വരെയുള്ള 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 220/110 കെ.വി. മൾട്ടി സർക്യൂട്ടായി ശേഷി ഉയർത്തുന്നതും മുണ്ടയാട് മുതൽ തലശ്ശേരി വരെയുള്ള 110 കെ.വി. ലൈനിന്റെ ശേഷി 220/110 കെ.വി.യായി ഉയർത്തുന്നതുമാണ്. കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് ഒരു 400 കെ.വി. സബ്സ്റ്റേഷനും കർണ്ണാടകയിലെ

ഉഡുപ്പിയിൽ നിന്നും കരിന്തളത്തേയ്ക്കുള്ള 400 കെ.വി. പ്രസരണ ലൈൻ സ്വകാര്യ മേഖലയിൽ ഉൾപ്പെടുത്തുന്നതുമായ പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കരിന്തളത്തുനിന്നും വയനാട്ടിലേയ്ക്കുള്ള 400 കെ.വി. പ്രസരണ ലൈനും വയനാട്ടിലെ പയ്യമ്പിള്ളിയിൽനിന്നും 400 കെ.വി. സബ്സ്റ്റേഷനും ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. ഇത് പൂർത്തിയാകുന്നതോടെ കേരളത്തിന്റെ തെക്കേയറ്റത്തുനിന്നും വടക്കേയറ്റംവരെ 400 കെ.വി. ലൈൻ പവർ ഹൈവേ പൂർത്തിയാകുന്നതാണ്. കരിന്തളത്തെ 400 കെ.വി. സബ്സ്റ്റേഷനിൽനിന്നും മയിലാട്ടി, തലശ്ശേരി, വിദ്യാനഗർ, തളിപ്പറമ്പ്, കാഞ്ഞിരോട് എന്നീ സബ്സ്റ്റേഷനുകളിലേയ്ക്കുള്ള 220 കെ.വി. ഡയറക്ട് കണക്ടിവിറ്റി ലഭ്യമാകും. നിലവിൽ അരീക്കോട് സബ്സ്റ്റേഷനിൽനിന്നുള്ള 220 കെ.വി. ഫീഡറിനെ ആശ്രയിച്ചാണ് മലബാറിൽ വൈദ്യുതി പ്രസരണം നടത്തുന്നത്. ഈ ഫീഡറിലുണ്ടാകുന്ന തടസ്സങ്ങൾ മലബാർ മേഖലയെ പൂർണ്ണമായും ഇരുട്ടിലാക്കുന്ന സ്ഥിതിവിശേഷമുണ്ടാകാറുണ്ട്. ഈ പ്രതിസന്ധിക്കുള്ള ശാശ്വത പരിഹാരം മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാകുന്നതോടെ സാധ്യമാകും. ഇതുകൂടാതെ, കാസർഗോഡ് ജില്ലയിലെ പുനരുപയോഗ

സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി തടസ്സം കൂടാതെ പ്രസരണം ചെയ്യുന്നതിനും പ്രസ്തുത പദ്ധതികൾ ഉപകരിക്കും.

ശ്രീ. എം. നൗഷാദ്: സർ, കെ.എസ്.ഇ.ബി.എൽ.-ൽ ആശ്രിത നിയമനപ്രകാരം എത്ര അപേക്ഷകൾ പെന്റിംഗിലുണ്ട്, ഈ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന ആക്ഷേപത്തിൽ എന്തെങ്കിലും കഴമ്പുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അതിന് പ്രത്യേക ചോദ്യം വേണ്ടതാണ്. എന്തായാലും പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തിയാകുന്നതോടുകൂടി കേരളത്തിന്റെ വൈദ്യുതി പ്രസരണശേഷിയിൽ എത്രമാത്രം വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്, അതോടൊപ്പം മഴക്കാലത്ത് അടിക്കടിയുണ്ടാകുന്ന വൈദ്യുത തടസ്സം ഒഴിവാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ആദ്യത്തെ ചോദ്യത്തിനുള്ള ഉത്തരം നേരത്തെ പറഞ്ഞുകഴിഞ്ഞു. മഴക്കാലത്ത് അടിക്കടിയുണ്ടാകുന്ന വൈദ്യുത

തടസ്സം ഒഴിവാക്കാൻ ശക്തമായ നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, പത്തനംതിട്ട ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നല്ല രീതിയിലുള്ള വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും നിലനിൽക്കുന്നുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തിയാകുന്നതോടുകൂടി ഇക്കാര്യം പരിഹരിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പത്തനംതിട്ട ജില്ലയിലെ സമഗ്ര വികസനത്തിനുവേണ്ടി ട്രാൻസ്ഗ്രിഡ് പദ്ധതിയിലുൾപ്പെടുത്തി 244 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിൽ പത്തനംതിട്ടയിലും കക്കാട്ടും ഓരോ ഗ്യാസ് ഇൻസുലേറ്റഡ് സ്റ്റേഷനും പത്തനംതിട്ട, ഇടപ്പോൺ എന്നീ സബ്സ്റ്റേഷനുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 220/110 കെ.വി. മൾട്ടി സർക്യൂട്ട് ലൈനിന്റെ നിർമ്മാണവും കക്കാട് 220 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് വാലുപ്പാറയിൽനിന്നുള്ള 220 കെ.വി. ലൈനിന്റെ നിർമ്മാണവും ഉൾപ്പെടുന്നു. പ്രസരണ ലൈനുകളുടെ നിർമ്മാണം 2022 ഡിസംബർ മാസത്തിലും സബ്സ്റ്റേഷനുകളുടെ നിർമ്മാണം 2023 മേയ്

മാസത്തിലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടുകൂടി പത്തനംതിട്ട-കക്കാട് സബ്സ്റ്റേഷനിലേയ്ക്ക് ഉയർന്ന സ്രോതസ്സിലുള്ള വൈദ്യുതി ലഭ്യമാകുകയും അടൂർ, ഏനാത്ത്, കൂടൽ, റാന്നി, കോഴഞ്ചേരി എന്നീ സബ്സ്റ്റേഷനുകളുടെ വൈദ്യുതി ലഭ്യത വർദ്ധിക്കുകയും ചെയ്യും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ആദ്യഘട്ടമായ 5000 കോടി രൂപയുടെ പ്രോജക്ട് സംബന്ധിച്ച പല ക്രമക്കേടുകളും നിയമസഭയിൽ ഉയർന്നുവന്നിരുന്നു. അതിൽ ഉദാഹരണമായി പറഞ്ഞത്, 150 കോടി രൂപയ്ക്ക് തീരേണ്ട ഒരു പ്രോജക്ട് ടെണ്ടർ എക്സസും എസ്റ്റിമേറ്റിലുണ്ടായ വർദ്ധനവുംകൊണ്ട് 374 കോടി രൂപയിലാണ് തീർന്നതെന്നാണ്. അതുപോലുള്ള 12 പ്രോജക്ടുകളിൽ ക്രമക്കേട് നടന്ന വിഷയം നിയമസഭയിൽതന്നെ ഉയർന്നുവന്നിട്ടുണ്ട്. ആയിരം കോടിയിലധികം രൂപയുടെ നഷ്ടം കെ.എസ്.ഇ.ബി.എൽ.-ന് ഉണ്ടായതായാണ് അന്ന് കണക്കാക്കപ്പെട്ടിരുന്നത്. ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം കെ.എസ്.ഇ.ബി. ലിമിറ്റഡോ വൈദ്യുതി വകുപ്പോ നടത്തുന്നുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അന്നത്തെ പ്രതിപക്ഷനേതാവുതന്നെ ഗവർണർക്കും ലോകായുക്തയിലും ഇതുസംബന്ധിച്ച് പരാതി കൊടുത്തിരുന്നു. അത് രണ്ടും തള്ളിയിരുന്നു. ഗവർണർ പരാതി തള്ളുമ്പോൾ അതിന് കെ.എസ്.ഇ.ബി.എൽ. കൊടുത്ത മറുപടി, 'കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി ദർഘാസുകൾ ക്ഷണിക്കുന്നതിനും കരാർ നൽകുന്നതിനും വ്യവസ്ഥാപിതമായ നടപടിക്രമങ്ങൾ നിലവിലുണ്ട്. ഇതിൻപ്രകാരം 50 കോടി രൂപയ്ക്കു മുകളിലുള്ള അടങ്കൽതുക കണക്കാക്കിയിട്ടുള്ള പദ്ധതികളുടെ ക്വാട്ട് ചെയ്യപ്പെടുന്ന തുക പത്ത് ശതമാനത്തിന് മുകളിലാണെങ്കിൽ അത് പാസ്സാക്കുന്നതിനുള്ള അധികാരം സർക്കാർ പ്രതിനിധികൾകൂടി ഉൾപ്പെടുന്ന ഡയറക്ടർ ബോർഡിൽ നിക്ഷിപ്തമാണ്. എസ്റ്റിമേറ്റിലെ നിരക്കുകൾ പി.ഡബ്ല്യു.ഡി. കമ്പോള നിരക്കുകളുമായി താരതമ്യം ചെയ്ത് വിശദമായ പരിശോധനയ്ക്കുശേഷം ക്വാട്ട് ചെയ്തിരിക്കുന്ന തുക ന്യായമാണെന്നും റീടെണ്ടർ ചെയ്താലും ഇതിൽ കുറഞ്ഞ തുക ലഭിക്കാൻ സാധ്യതയില്ലെന്നും ഉറപ്പുവരുത്തിയാണ് ഇപ്രകാരം ചെയ്യുന്നത് ' എന്നാണ്. കോട്ടയം ലൈൻസ് പാക്കേജ്, കോലത്തുനാട് ലൈൻസ് പാക്കേജ് എന്നിവ ബിഡ്ഡിംഗ് പ്രോസസ്സ് കോ-ഓർഡിനേറ്റർ

മുഖേനയാണ് ടെണ്ടർ ചെയ്യുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പി.എഫ്.സി. കൺസൾട്ടിംഗ് ലിമിറ്റഡ് കോട്ടയം ലൈൻസ് പാക്കേജിന്റെയും ആർ.ഇ.സി. ട്രാൻസ്മിഷൻ പ്രോജക്ട്സ് കമ്പനി ലിമിറ്റഡ് കോലത്തുനാട് ലൈൻസ് പാക്കേജിന്റെയും ബിഡ് പ്രോസസ്സ് കോ-ഓർഡിനേറ്ററായിരുന്ന കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള മെറ്റൽ സ്ക്രാപ്പ് ട്രേഡ് കോർപ്പറേഷൻ ലിമിറ്റഡ് ഇ-പ്ലാറ്റ്ഫോം വഴിയാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത്. ഇ-റിവേഴ്സ് ഓക്ഷൻ വഴിയാണ് കരാറുകാരെ അന്തിമമായി തെരഞ്ഞെടുത്തത്. പ്രസ്തുത സ്ഥാപനങ്ങളുടെ ശിപാർശയിൽ ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരമാണ് കരാർ ഉയർന്ന നിരക്കിൽ നൽകിയത്. ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ചില പാക്കേജുകളിൽ കരാറിൽ ലഭ്യമാകാൻ സാധ്യതയുള്ള തുക വർദ്ധിക്കാൻ കാരണങ്ങളുണ്ട്. പദ്ധതിയിൽ 300 കോടിയിൽപ്പരം വിറ്റുവരവുള്ള നിർവ്വഹണ ശേഷി കൂടുതലുള്ള കമ്പനികളെ മാത്രം യോഗ്യതാ റൗണ്ടിൽ പരിഗണിച്ചതുകൊണ്ടും അവയിൽ സാധാരണ നിർമ്മാണ കരാറുകളെ അപേക്ഷിച്ച് പണം നൽകുന്ന സമയം പൂർണ്ണമായി പദ്ധതി നിർവ്വഹിച്ചശേഷം മാറ്റിയതും നിർമ്മാണത്തിന്റെ ഏഴ് വർഷം കമ്പനിയുടെ ഗ്യാരണ്ടി നൽകണമെന്നുള്ള പ്രത്യേക വ്യവസ്ഥകളും

പദ്ധതിയുടെ താൽപ്പര്യത്തിൽ വരുത്തിയ ബോധപൂർവ്വവും ഗുണപരവുമായ മാറ്റങ്ങളുമാണ് അടങ്കൽ തുക ഉയർത്തുന്നത്. എന്തെങ്കിലും പ്രത്യേക ക്രമക്കേടുകളല്ല, ടെണ്ടർ നിബന്ധനകളുടെ മാറ്റങ്ങളാണ് കാരണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഉടുപ്പിയിൽനിന്നും കരിന്തളം വരെയും കരിന്തളത്തുനിന്നും വയനാട് വരെയുമുള്ള മലബാർ മേഖലയുടെ വൈദ്യുതി പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ പര്യാപ്തമായ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നുവെന്നത് വളരെ സന്തോഷകരമായ കാര്യമാണ്. അങ്ങ് തന്നെ അതിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചതാണ്. ഉടുപ്പിയിൽനിന്നും കരിന്തളത്തും അതുപോലെതന്നെ കരിന്തളത്തുനിന്നും വയനാട്ടിലേയ്ക്കുമുള്ള ലൈൻ നിർമ്മിക്കുന്ന സന്ദർഭത്തിൽ ഈ വഴിയിലൂടെ കടന്നുപോകുന്ന കാർഷിക മേഖലയ്ക്ക് വലിയ തോതിലുള്ള നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയുണ്ട്. ന്യായമായ പ്രതിഫലം കർഷകർക്ക് നൽകി ഈ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും ഉണ്ടാകും. വൈദ്യുതി ലൈനിന് ദോഷമല്ലാത്ത രീതിയിൽ ലൈനിന് താഴെ കൃഷി ചെയ്യുന്നതിനുള്ള സൗകര്യവുംകൂടി കൊടുക്കുന്നുണ്ട്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കഴിഞ്ഞ നിയമസഭയുടെ കാലയളവിൽ സഭയ്ക്കകത്തും പുറത്തും ഇതൊരു അഴിമതി ആരോപണമായി ഉന്നയിച്ചത് ഞാനാണ്. കേരളം കണ്ട വലിയൊരു അഴിമതിയുടെ ഭാഗമാണിത്. ബഹുമാനപ്പെട്ട മന്ത്രി ഇതൊന്നും അറിയുന്നില്ല. അദ്ദേഹത്തിന് ഇതിൽ പങ്കുണ്ടെന്ന് ഞാൻ പറയുന്നുമില്ല. ട്രാൻസ്ഗ്രിഡ് പദ്ധതിയെ ഞങ്ങളാരും എതിർത്തിട്ടില്ല. കോട്ടയം, കോലത്തുനാട് എന്നീ ലൈൻസ് പ്രോജക്ടിൽ അന്ന് 500 കോടി രൂപയ്ക്ക് നടക്കേണ്ട പദ്ധതി 1500-2000 കോടി രൂപയായി എസ്റ്റിമേറ്റ് വർദ്ധിപ്പിച്ച അഴിമതിയുടെ കഥയാണിത്. മാത്രമല്ല, ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്നും എതിർത്തിരുന്ന Sterlite Power Transmission Ltd. എന്ന ഒരു കുറ്റൻ കുത്തക കമ്പനിക്കുവേണ്ടി കരാർ ഉറപ്പിക്കാൻ നടത്തിയ കുത്സിത ശ്രമത്തിന്റെ ഭാഗമായാണ് Sterlite Power Transmission Ltd. -ന് ഈ കരാർ ലഭിച്ചത്. ഇതുസംബന്ധിച്ച് ഞാൻ കൊടുത്തിട്ടുള്ള പരാതി ഇപ്പോഴും ലോകായുക്തയിലുണ്ട്. ടെക്നിക്കലായ കാരണങ്ങൾകൊണ്ട് മാറ്റിക്കൊടുക്കാൻ പറഞ്ഞതുപ്രകാരം മാറ്റിക്കൊടുത്തിരിക്കുകയാണ്. Still my petition is before the Lokayukta, മാറ്റം വന്നിട്ടില്ല. ഇത് വലിയൊരു അഴിമതിയായിരുന്നു. ഇതിന്റെ ഓരോ

ഘട്ടവും പരിശോധിച്ചാൽ Sterlite Power Transmission Ltd. ഏതാണ്ട് ആയിരം കോടി രൂപയ്ക്ക് നിർവ്വഹിക്കേണ്ട ഒരു പദ്ധതി മൂവായിരം കോടി രൂപയായി എസ്റ്റിമേറ്റ് വർദ്ധിപ്പിച്ച് നടപ്പാക്കിയ കൊള്ളയായിരുന്നു. ലോഡിംഗ് ആൻഡ് അൺ-ലോഡിംഗ്, തൊഴിലാളികളുടെ കൂലി ഉൾപ്പെടെയുള്ള പലകാര്യങ്ങളും പറയാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, ഈ പദ്ധതിയെപ്പറ്റിയുള്ള ഒരന്വേഷണത്തിന് അങ്ങ് തയ്യാറാണോ; തയ്യാറാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങൾ അങ്ങേയ്ക്ക് നൽകാൻ ഞാൻ തയ്യാറാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അങ്ങ് ലോകായുക്തയ്ക്കും ബഹുമാനപ്പെട്ട ഗവർണർക്കും കൊടുത്ത പരാതിയുടെ മറുപടി സംബന്ധിച്ച് നേരത്തെ ഞാനിവിടെ പറഞ്ഞു. ഇക്കാര്യങ്ങളൊക്കെ അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ലോകായുക്തയും ഗവർണറും അങ്ങയുടെ പരാതി തള്ളിക്കളയുകയും ചെയ്തു. അതിന് ഇലക്ട്രിസിറ്റി ബോർഡ് കൃത്യമായ മറുപടിയും നൽകി. ടെണ്ടർ കണ്ടീഷനിൽ ഗുണപരമായ ചില മാറ്റങ്ങൾ കൊണ്ടുവന്നതുകൊണ്ടാണ് ഈ വർദ്ധനവുണ്ടായതെന്ന് ഞാൻ നേരത്തെ

പറഞ്ഞു. അതിൽ എന്തെങ്കിലും പ്രത്യേകതയുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, വടക്കേ മലബാറിലെ വൈദ്യുതി പ്രശ്നം പരിഹരിക്കാനായി 400 KV ലൈനുണ്ട്. ആ ലൈൻ പോകുന്ന വഴിയിലെ കൃഷിക്കാരോട് ചോദിക്കാതെയും അവരുടെ അനുവാദമില്ലാതെയുമാണ് ടവർ സ്ഥാപിക്കുന്നതും ലൈൻ വലിക്കുന്നതുമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടെയുള്ള കൃഷിക്കാർക്ക് അതിന് യാതൊരു നഷ്ടപരിഹാരവും നൽകുന്നില്ല. ഒരു ഉന്നതതല യോഗം ചേർന്ന് കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാനും ഈ പ്രശ്നത്തിന് പരിഹാരം കാണാനും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇക്കാര്യം തീർച്ചയായും ആലോചിക്കാവുന്നതാണ്

**സഹകരണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി**

3(*183) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:

<u>ശ്രീ. സി. സി. മുകുന്ദൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾക്ക് അനുകൂലമല്ലാത്തതായി പറയപ്പെടുന്ന കേന്ദ്ര സർക്കാരിന്റെ നീക്കം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരായി ജനകീയ പ്രതിരോധം ഉയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ ഭേദഗതിയിൽ സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകൾക്കെതിരെ സംസ്ഥാനം എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) ആദായ നികുതി നിയമത്തിലെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് പ്രതികൂലമായ വകുപ്പുകൾക്കെതിരെ സംസ്ഥാനം എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പൊതു-സ്വകാര്യ മേഖലകൾക്കൊപ്പം മൂന്നാമത്തെ മേഖലയായി സഹകരണ മേഖലയെ വളർത്തിയെടുക്കാൻ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ&ബി) 1949-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തികൊണ്ട് 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. 1966 വരെ ബാങ്കിംഗ് നിയമങ്ങൾ സഹകരണ സംഘങ്ങൾക്ക് ബാധകമായിരുന്നില്ല. എന്നാൽ കാലാകാലങ്ങളിൽ വരുത്തിയ ഭേദഗതികളിലൂടെ ബാങ്കിംഗ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്, വിശേഷിച്ചും അർബൻ ബാങ്കുകൾക്ക്. പല ഭേദഗതി നിർദേശങ്ങളും സഹകരണ നിയമത്തിനെതിരുമാണ്.

2020 -ൽ ബാങ്കിംഗ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. മുഖ്യ ഭേദഗതികൾ താഴെപ്പറയുന്നു.

(I) Section 36 AAA: ബാങ്കിംഗ് നിയമത്തിലെ 36 AAA നിയമപ്രകാരമുള്ള ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ ആർ.ബി.ഐ.-യ്ക്ക് അധികാരമുണ്ട്. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണ സമിതിക്കെതിരെ നടപടിയെടുക്കാൻ ആർ.ബി.ഐ.-യ്ക്ക് അധികാരം നൽകുന്നു.

(ii) സെക്ഷൻ 56: ഈ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലിടപെടാൻ വിപുലമായ അധികാരം നൽകുന്നു. ബൈലാ റദ്ദാക്കാൻ വരെ ആർ.ബി.ഐ-യ്ക്ക് അധികാരമുണ്ട്.

(iii) Section 10 of Banking Regulation Act: പുതിയ ഭേദഗതിയിലൂടെ സെക്ഷൻ 10-ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം, സഹകരണ ബാങ്കിന്റെ ചെയർമാന് മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന

കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ-ക്ക് നൽകുന്നുണ്ട്.

(iv) ബാങ്കിംഗ് നിയമത്തിലെ സെക്ഷൻ 56 (i) ഭേദഗതി ചെയ്തതിലൂടെ സെക്ഷൻ 12, 12A, 13, 15 to 17 എന്നിവ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കി.

സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതിമൂലം ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് ആർ.ബി.ഐ.-യുടെ മുൻകൂർ അനുമതി വാങ്ങിയശേഷം Public issue, Private placement of shares, Preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരമില്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ഈ ഭേദഗതി നിയമം സഹകരണ നിയമത്തിലെ 22, 23, 24 എന്നിവയുടെ ലംഘനമാണ്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന്

ലക്ഷ്യംവച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ പ്രതിരോധം തീർക്കുന്നതിന് സംയുക്ത സഹകാരി സമൂഹം മുന്നോട്ടുവരികയും ചെയ്യുകയുണ്ടായി. കൂടാതെ ഈ വിഷയത്തിൽ ഭരണഘടനയുടെ 131 വകുപ്പുപ്രകാരം ഒരു സ്യൂട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര ആദായനികുതി നിയമത്തിൽ കൂട്ടിചേർത്ത 194 (N) എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽനിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകുകയും ആയതിന്മേൽ കേന്ദ്ര സർക്കാർ

നടപടിയൊന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്തതുമാണ്. ഈ വിഷയത്തിൽ വിവിധ സംഘങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്ന് സ്റ്റേ ഉത്തരവുകൾ സമ്പാദിച്ചിട്ടുണ്ട്. അതുപോലെ 194 (A) പ്രകാരം TDS ഇടാക്കണമെന്ന വ്യവസ്ഥയും ആദായ നികുതി വകുപ്പ് നടപ്പാക്കുന്നു. ആയതിനാൽ കോടതിയിൽനിന്നും അതിനും സ്റ്റേ നേടിയിട്ടുണ്ട്.

(ഡി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളും സംസ്ഥാനത്തെ കാർഷിക മേഖലയുടെയും ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെയും നട്ടെല്ലായ സഹകരണ മേഖലയിലെ സുപ്രധാന പങ്കുവഹിക്കുന്ന സ്ഥാപനങ്ങളാണ്. സർവ്വീസ് സഹകരണ ബാങ്കുകൾ എന്നറിയപ്പെടുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കേവലം അവയുടെ അംഗങ്ങളുടെ സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിലും കാർഷിക, കാർഷികാനുബന്ധ പ്രവർത്തനങ്ങൾ എന്നിവയിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. അംഗങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും ടി സ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്. സാമൂഹിക സുരക്ഷ പെൻഷൻ വിതരണം,

കെ.എസ്.ആർ.ടി.സി.പെൻഷൻ കൺസോർഷ്യം/വിതരണം, നീതി മെഡിക്കൽ സ്റ്റോർ, നീതി ലാബ്, ആംബുലൻസ് സർവ്വീസ്, ഡയാലിസിസ് സെന്ററുകൾ, നാളികേര സംസ്കരണ യൂണിറ്റുകൾ, വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിൽപ്പനശാലകൾ, ഉത്സവകാല ചന്തകൾ തുടങ്ങിയവ നടത്തുക എന്നിങ്ങനെയുള്ള വിവിധ ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് പകരം വയ്ക്കാൻ കഴിയാത്ത മേഖലയായി സഹകരണ മേഖല വളർന്നിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, സഹകരണ മേഖലയുടെ ജനകീയ സ്വഭാവം നഷ്ടപ്പെടുകയും അത് കൂടുതൽ കേന്ദ്രീകൃതമാകുകയും അതിനുമുകളിൽ റിസർവ് ബാങ്കിന്റെ നിയന്ത്രണം വരികയും ചെയ്യുതോടുകൂടി ഇന്ന് ചെയ്യാൻ സാധിക്കുന്ന പല പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ സാധിക്കാത്ത അവസ്ഥ വരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എങ്കിൽ ഇതിനെതിരെ സംസ്ഥാനം മുന്നോട്ടുവയ്ക്കുന്ന ബദൽ എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യത്തിൽ രണ്ട് കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്. സഹകാരി സമൂഹത്തെ സംയുക്തമായി സംഘടിപ്പിച്ച്

ആർ.ബി.ഐ.-യുടെ മുന്നിൽ ഒരു പ്രതിരോധം തീർക്കുന്ന പ്രവർത്തനം നടന്നിരുന്നു. ആർ.ബി.ഐ.-യ്ക്കും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും കത്തയച്ചിരുന്നു. ഇതുകൂടാതെ ഭരണഘടനയുടെ 131 വകുപ്പുപ്രകാരം സുപ്രീംകോടതിയിൽ ഒരു സ്യൂട്ട് ഫയൽ ചെയ്തിട്ടുമുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, സഹകരണ മേഖലയിൽ യുവാക്കൾക്കായുള്ള ഗ്രൂപ്പുകൾ രൂപീകരിക്കുകയും അത് സംസ്ഥാനത്ത് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സ്ത്രീകളെ സംഘടിപ്പിക്കാനും അവരെ മുന്നോട്ട് കൊണ്ടുവരാനും സ്ത്രീകൾക്ക് വരുമാനം സൃഷ്ടിക്കാനുമുള്ള പദ്ധതികൾ  നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ,  യുവാക്കൾക്ക് സഹകരണ സംഘം രൂപീകരിച്ചതുപോലെതന്നെ സ്ത്രീകൾക്കുവേണ്ടി പന്ത്രണ്ട് സഹകരണ സംഘങ്ങൾ രൂപീകരിക്കുകയുണ്ടായി. ഇക്കാലഘട്ടത്തിൽ വിവിധ തരത്തിലുള്ള ചെറുകിട വ്യവസായങ്ങൾ പോലുള്ള യൂണിറ്റുകൾ ഏറ്റെടുത്ത് അവർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുകയാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, സഹകരണ മേഖലയിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളാണ് ലോണെടുത്താൽ കൃത്യമായി തിരിച്ചടയ്ക്കുന്നതെന്നത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പൊതുവായി സ്ത്രീകളുടെ വരുമാനം വർദ്ധിക്കുന്നതിന്റെ ഭാഗമായി സഹകരണ മേഖല എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. വായ്പാ തിരിച്ചടവ് പരിശോധിക്കുമ്പോൾ കുടുംബശ്രീക്ക് നൽകുന്ന വായ്പകളിന്മേൽ കൃത്യമായി തിരിച്ചടവ് വരുന്നുണ്ട്. ലോൺ തിരിച്ചടവിന്റെ കാര്യത്തിൽ മുൻകാലങ്ങളിലേതുപോലെ സ്ത്രീകൾ മുന്നിൽ തന്നെയാണ്. ഈ പശ്ചാത്തലത്തിൽ പന്ത്രണ്ട് വനിതാ സഹകരണ സംഘങ്ങൾ ആരംഭിച്ച് വിവിധ വ്യവസായ യൂണിറ്റുകൾക്ക് പണം നൽകി അവരെ പ്രോൽസാഹിപ്പിക്കുന്നു. അതുകൂടാതെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി 'മുറ്റത്തെ മുല്ല' വായ്പാ പദ്ധതിയിലൂടെ പത്തുലക്ഷം രൂപവരെ അനുവദിച്ച് ഓരോ അംഗങ്ങൾക്കും അമ്പതിനായിരം രൂപ വരെ കിട്ടാവുന്ന രൂപത്തിൽ

നാട്ടിൻപ്രദേശത്തെ ബ്ലെയ്ഡ് കമ്പനിക്കാരിൽനിന്നും അവരെ രക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, നമ്മുടെ രാജ്യത്തെ സഹകരണ സ്ഥാപനങ്ങളിൽ പത്ത് ശതമാനത്തോളമാണ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ സാന്നിധ്യമെങ്കിലും രാജ്യത്തുള്ള നിക്ഷേപത്തിൽ ഏതാണ്ട് 60 ശതമാനം നമ്മുടെ സഹകരണ മേഖലയിലാണ്. ഈ സഹകരണ നിക്ഷേപത്തെ കോർപ്പറേറ്റുകളുടെ കയ്യിലെത്തിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് ഇപ്പോൾ കേന്ദ്ര സർക്കാർ നടത്തുന്നത്. കുറേ നിയമനിർമ്മാണങ്ങളെ സംബന്ധിച്ച് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ ഭാഗമായി മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സംഘങ്ങൾ, 'നിധി' എന്നിവ പോലെയുള്ള സാമ്പത്തിക സ്ഥാപനങ്ങളെല്ലാം കേരളത്തിലെ സഹകരണ മേഖലയെ തകർക്കുകയെന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര സർക്കാർ കൊണ്ടുവന്ന സ്ഥാപനങ്ങളാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ? അതിനെ പ്രതിരോധിക്കാനായി എന്തെങ്കിലും പരിഷ്കാരങ്ങൾ സഹകരണ മേഖലയിൽ കൊണ്ടുവരാനോ നടപടികൾ സ്വീകരിക്കാനോ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ സഹകരണ മേഖലയുടെ നിക്ഷേപം 60 ശതമാനമല്ല. ദേശീയ തലത്തിലുള്ള ഏറ്റവും അവസാനത്തെ കണക്കനുസരിച്ച് അത് 71 ശതമാനമാണ്. നല്ല മുന്നേറ്റത്തിന്റെ സൂചനയാണത്. രണ്ടാമത് അങ്ങ് സൂചിപ്പിച്ച മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന്റെയും നിധിയുടെയും പ്രശ്നങ്ങൾ സ്യൂട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നിയമപരമായി ഇതിനെ നേരിടാനുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സി. സി. മുകുന്ദൻ: സർ, സഹകരണ സംഘങ്ങളുടെയും സഹകാരികളുടെയും സാധാരണക്കാരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹകരണ രംഗത്ത് അടിസ്ഥാനവികസന പദ്ധതികൾക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾതന്നെ അത്തരത്തിലുള്ള കാര്യങ്ങൾക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം സഭയിൽ അക്കാര്യം വ്യക്തമാക്കിയിരുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, സഹകരണ മേഖല നേരിടുന്ന പ്രതിസന്ധിയാണ് ചോദ്യമെങ്കിലും പല സഹകരണ സംഘങ്ങളും ജനറൽ

ബോഡി കൂടി ബൈലാ അമെന്റ്മെന്റിനോ അല്ലെങ്കിൽ അതിന്റെ സുഗമമായ നടത്തിപ്പിനോ വേണ്ടിയുള്ള തീരുമാനമെടുത്ത് അസിസ്റ്റന്റ് രജിസ്ട്രാർ/ രജിസ്ട്രാർക്ക് കൊടുത്താൽ ഒന്നരരണ്ട് വർഷങ്ങളാണ് ആ തീരുമാനത്തിനായി കാലതാമസം നേരിടുന്നത്. അതുപോലെ ബാങ്കുകളുടെ ക്ലാസിഫിക്കേഷന് കൊടുത്താൽ അഞ്ചും ആറും വർഷങ്ങൾ കഴിഞ്ഞാലും ആയത് നൽകുന്നില്ല. എന്നാൽ, ഗവൺമെന്റിന് താൽപര്യമുള്ള ജില്ലയിലെ ചില സംഘങ്ങൾക്ക് ക്ലാസിഫിക്കേഷൻ കൊടുക്കുന്നുമുണ്ട്. നമ്മുടെ സഹകരണ പ്രസ്ഥാനം രാജ്യത്തിന് മാതൃകയാണെന്നാണ് പറയുന്നത്. അതുകൊണ്ട് ഇതിനൊരു മാറ്റം വരുത്തി, കക്ഷി രാഷ്ട്രീയത്തിനതീതമായി നല്ല രീതിയിൽ നടക്കുന്ന സഹകരണ സംഘങ്ങൾക്ക് ക്ലാസിഫിക്കേഷനും അതുപോലെ ജനറൽ ബോഡി ബൈലാ അമന്റ്മെന്റ് ചെയ്താൽ അതിന് സമയബന്ധിതമായി അംഗീകാരവും കൊടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇപ്പോൾ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. ഏതെങ്കിലും പ്രത്യേക കേസ് നടക്കാത്തതുണ്ടെങ്കിൽ അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയാൽ ഇടപെടൽ നടത്തുന്നതാണ്. ഭാവിയിൽ

ഇക്കാര്യത്തിൽ നിയമപരമായ ഭേദഗതി വരുത്തി ഒരു കാലതാമസവും വരുത്താത്ത നീക്കങ്ങൾ നടത്തുമെന്ന് അറിയിക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, സഹകരണ പ്രസ്ഥാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ആധുനിക വിദ്യാഭ്യാസ യോഗ്യതയുള്ളവരെ ആകർഷിക്കുന്നതിനുവേണ്ടിയാണ് റിക്രൂട്ട്മെന്റ് ബോർഡ് നടപ്പാക്കിയത്. പി.എസ്.സി.-ക്ക് സമാനമായ നിയമന നടപടികളെല്ലാം നടപ്പാക്കുന്നുണ്ട്. അതിന്റെ ഭാഗമായി നല്ല ഉദ്യോഗാർത്ഥികൾ വരുന്നുണ്ട്. പക്ഷെ, വരുന്നവർ അധികകാലം നിൽക്കാതെ ഒന്നോ രണ്ടോ വർഷം കഴിഞ്ഞ് പുതിയ അവസരം കിട്ടുമ്പോൾ അവിടേയ്ക്ക് മാറുകയാണ്. സുരക്ഷിതമായ സേവന വേതന വ്യവസ്ഥകൾ തേടിപ്പോകുന്നതാണ് അതിന്റെ പ്രധാന കാരണം. സഹകരണ മേഖലയിലെ പെൻഷൻ നാമമാത്രമാണ്. അതുകൊണ്ട് സമഗ്രമായ പെൻഷൻ പരിഷ്കരണം കൊണ്ടുവരണം. സർവ്വീസ് പെൻഷൻ മാതൃകയിലേയ്ക്ക് ഈ പെൻഷൻ മാറ്റിയാൽ റിക്രൂട്ട്മെന്റ് വ്യവസ്ഥയനുസരിച്ച് വരുന്നവർ ഇവിടെ നിൽക്കുമെന്നാണ് മനസ്സിലാക്കുന്നത്. അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ സാമാന്യം ഭേദപ്പെട്ട സേവന-വേതന വ്യവസ്ഥയാണ് സർവ്വീസ് സഹകരണ ബാങ്കുകളിലുള്ളത്. എന്നാൽ അങ്ങ് സൂചിപ്പിച്ചതുപോലെ പെൻഷനുമായി ബന്ധപ്പെട്ട കാര്യത്തിൽ ഭാവിയിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ള കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സഹകരണ വകുപ്പ് സ്ഥാപിതമാക്കിയ സഹകരണ സംഘങ്ങൾ ഇന്ന് പല ജില്ലകളിലും പ്രവർത്തിക്കാതെ കിടക്കുകയാണ്. അങ്ങ് തന്നെ മുൻകയ്യെടുത്ത് സംഘങ്ങൾ പ്രവർത്തിക്കുന്നതിനുവേണ്ടി ജില്ല തിരിച്ച്, സഹകരണ സംഘം പ്രസിഡന്റുമാരെ വിളിച്ച്, അവരുടെ പ്രതിസന്ധികൾ മനസ്സിലാക്കി പട്ടികവർഗ്ഗ വകുപ്പുമായി യോജിച്ച് പ്രവർത്തനരഹിതമായി കിടക്കുന്ന സംഘങ്ങൾ പ്രവർത്തിപ്പിക്കാനുള്ള സാഹചര്യമൊരുക്കുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. വി. എൻ. വാസവൻ: സർ, അതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾക്ക് ബഡ്ജറ്റിൽതന്നെ നിർദ്ദേശമുണ്ട്. ഇതുമായി ബന്ധപ്പെട്ട് വകുപ്പുതന്നെ ചർച്ച നടത്തി ഫെഡറേഷൻ ഭാരവാഹികളെ വിളിച്ചിരുന്നു.

വയനാട്ടിൽ ഒരു സംഘം പുനരുദ്ധരിച്ചതിന്റെ ഉദ്ഘാടനം കഴിഞ്ഞ ദിവസം ഞാൻ തന്നെ നടത്തിയിട്ടുണ്ട്. ഭാവിയിൽ നമ്മുടെ ജില്ലയിലെ വിവിധ സ്ഥലങ്ങളിലുള്ളതുകൂടി റിവൈവൽ പാക്കേജിൽ കൊണ്ടുവന്ന് പുനരുദ്ധരിക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സഹകരണ മേഖലയെ ശാക്തീകരിക്കാൻ നടപടി**

4(*184) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനും സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ആധുനികീകരണവും പ്രൊഫഷണലിസവും നടപ്പാക്കി വാണിജ്യ ബാങ്കുകളെക്കാൾ മികച്ച സേവനം നൽകുന്നതിന് പ്രാപ്തരാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് ഏകീകൃത സോഫ്റ്റ്‌വെയർ നിർമ്മിക്കാനുള്ള പ്രവർത്തനം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ സുതാര്യത ഉറപ്പാക്കി ജനവിശ്വാസം ഊട്ടിയുറപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) **i. ഏകീകൃത സോഫ്റ്റ്‌വെയർ**

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള RFP

തയ്യാറാക്കിയിട്ടുള്ളത്. 12.05.2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**ii. സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

iii. **കേരള ബാങ്ക്**

ആധുനിക സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ഒരു ന്യൂജനറേഷൻ ബാങ്കാക്കി KSCB-യെ മാറ്റുന്നതിനുള്ള നടപടികളുടെ ഭാഗമായ CBS സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

**iv. സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്**

ആധുനികവത്ക്കരണത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിനെയും പ്രാഥമിക ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ട് കോർ ബാങ്കിംഗ് സംവിധാനം (CBS) നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നടന്നുവരികയാണ്. ഇതിലൂടെ മെച്ചപ്പെട്ടതും വളരെ വേഗത്തിലുമുള്ള വായ്പാ വിതരണവും വായ്പാ തിരിച്ചടവിനുള്ള പദ്ധതികളും ആവിഷ്കരിക്കുന്നതാണ്. കൂടാതെ SMS, E-MAIL, WHATSAPP-ലൂടെയും ലോണുകളുടെയും തിരിച്ചടവുകളുടെയും വിശദവിവരങ്ങൾ ലഭ്യമാകുന്നതാണ്.

**v. യുവജന സഹകരണ സംഘങ്ങൾ**

സംസ്ഥാനത്തൊട്ടാകെ 30 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചു. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും യുവജനങ്ങളുടെ സാമ്പത്തിക, സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

**vi. കലാകാരൻമാരുടെ സഹകരണസംഘം**

സംഗീതം, നാടകം, പ്രകടനകലകൾ, ചിത്രരചന എന്നിവ ഉൾപ്പെടെയുള്ള കലകളിൽ ഏർപ്പെട്ടിട്ടുള്ള കലാകാരന്മാരുടെ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനം ലക്ഷ്യമിട്ട് കലാകാരന്മാർക്ക് സ്ഥിരം വേദി ഒരുക്കിക്കൊടുക്കുകയെന്ന ഉദ്ദേശത്തോടെ കലാകാരന്മാരുടെ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ രണ്ടാംഘട്ട നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി കലാകാരൻമാരുടെ സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**vii. ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി**

ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ നടപ്പിലാക്കുക, വാർദ്ധക്യത്തെയും രോഗത്തേയും അഭിമുഖീകരിക്കുന്നവർ പ്രത്യേകിച്ച് കിടപ്പിലായ ആശ്രയമില്ലാതെ കഴിയുന്നവർക്ക് (ബന്ധുമിത്രാദികൾ അടുത്തില്ലാതെ) ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുക.

മി. സ്പീക്കർ: ഉപചോദ്യത്തിനുള്ള അവസരം കൊടുക്കാനായി ബാക്കി മേശപ്പുറത്ത് വയ്ക്കുന്നതാണ് നല്ലത്.

ശ്രീ. വി. എൻ. വാസവൻ: സർ, ബാക്കി ഭാഗം മേശപ്പുറത്ത് വയ്ക്കുന്നു.[+]

ശ്രീ. ജി. സ്റ്റീഫൻ: സർ, കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതുൾപ്പെടെ എല്ലാവിധ ആധുനിക സാങ്കേതിക സേവനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടിയുമായി സർക്കാർ മുന്നോട്ടുപോകുന്നത് അഭിനന്ദനാർഹമാണ്. ഇത്തരത്തിൽ കേരളത്തിലെ സ്വന്തം ബാങ്കായി രൂപീകരിച്ച കേരള ബാങ്കിന്റെ ആധുനികവൽകരണവുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവീനമായ ബാങ്കിംഗ് സേവനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആധുനിക ബാങ്കിംഗ് രംഗത്തുള്ള എല്ലാ സംവിധാനങ്ങളും കേരള ബാങ്കിൽ ലഭ്യമാക്കാൻവേണ്ടി വിപ്രോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇപ്പോൾ അത് on-going പ്രോജക്ടാണ്. ഈ ജൂലൈ മാസം 11-ാം തീയതി കോട്ടയം സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസുമായുള്ള പ്രവർത്തനം ആരംഭിക്കും. അതിൽ ATM, RTGS (Real Time Gross Settlement), NEFT (National Electronic Funds Transfer), Mobile banking, Internet banking എന്നീ സേവനങ്ങളെല്ലാം കേരള ബാങ്കിൽ ലഭ്യമാകും.

\+ ഉത്തരത്തിന്റെ ബാക്കി ഭാഗം അനുബന്ധമായി ചേർക്കുന്നു.

<u>മി. സ്പീക്കർ</u>: രണ്ടാമത്തെ ഉപചോദ്യം വളരെ ഹ്രസ്വമായി ചോദിക്കണം. സമയം കഴിയാറായി.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ബാങ്കിംഗ് വ്യവസായം കടുത്ത മത്സരവും നിരവധി വെല്ലുവിളികളും നേരിടുന്ന ഈ കാലഘട്ടത്തിൽ കാർഷിക വായ്പാ മേഖലയിൽ ഘടനാപരമായ മാറ്റം കാലികമായി നടപ്പിലാക്കേണ്ടതുണ്ട്. ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നടപ്പിലാക്കുന്നതിലൂടെ ആധുനികവും പുത്തൻസാങ്കേതിക വിദ്യയിലധിഷ്ഠിതവുമായ ബാങ്കിംഗ് സേവനങ്ങൾ കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ അംഗങ്ങളായ കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

<u>മി. സ്പീക്കർ :</u> ഓർഡർ, ഓർഡർ ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## സംസ്ഥാനത്തിന്റെ സാമ്പത്തികനില സംബന്ധിച്ച റിസർവ് ബാങ്ക് റിപ്പോർട്ട്

5 (*185) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാമ്പത്തികനില ഗുരുതരാവസ്ഥയിലേക്ക് നീങ്ങുന്നതായി റിസർവ് ബാങ്ക് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

റിസർവ് ബാങ്കിന്റെ 2022 ജൂൺ മാസത്തെ ബുള്ളറ്റിനിൽ State Finances: A Risk Analysis എന്ന പേരിൽ ഒരു article ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീലങ്കൻ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇൻഡ്യയിലെ ഋണബാദ്ധ്യതയുള്ള സംസ്ഥാനങ്ങൾ അഭിമുഖീകരിക്കുന്ന Fiscal risks-നെക്കുറിച്ചുള്ള ലേഖനത്തിന്റെ

അടിക്കുറിപ്പിൽ ലേഖനത്തിലെ അഭിപ്രായങ്ങൾ റിസർവ് ബാങ്കിന്റേതല്ലെന്നും Authors-ന്റേതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത article-ൽ highly stressed സംസ്ഥാനങ്ങളുടെ അഞ്ചംഗ പട്ടികയിൽ ബീഹാർ, പഞ്ചാബ്, രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവരോടൊപ്പം കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായും Debt-GSDP അനുപാതം, GFD – GSDP അനുപാതം, Interest Payment (IP) – Revenue Receipt (RR) അനുപാതം എന്നീ സാമ്പത്തിക സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഒരു തുടർച്ചയാണ്. ഇക്കാര്യത്തിൽ മുൻ വർഷങ്ങളിലെ ഈ ഇനത്തിലെ വർദ്ധനവ് പ്രസക്തമാണ്. 2010-11-ൽ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 78673 കോടി രൂപയായിരുന്നത് 5 വർഷം കൊണ്ട് 100 ശതമാനത്തിനുമേൽ വർദ്ധിച്ച് 157370 കോടി രൂപയായി. ടി കാലയളവിലെ RD/GSDP, FD/GSDP ശരാശരി യഥാക്രമം 2.26%-ഉം 3.54% -ഉം ആയിരുന്നു. അതിനുമുമ്പുള്ള അഞ്ചുവർഷത്തെ ശരാശരി 1.83%-ഉം 3.04%-ഉം ആയിരുന്ന സ്ഥാനത്താണ് ഗണ്യമായ വർദ്ധനവ് 2011-16 കാലയളവിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ പ്രളയം

അടക്കമുള്ള പ്രകൃതി ദുരന്തങ്ങളും കോവിഡ്-19 മഹാമാരിമൂലമുള്ള പ്രതിസന്ധിയുണ്ടായിട്ടും മൊത്തം കടബാദ്ധ്യതയിലെ വർദ്ധനവ് 2020-21ൽ 2015-16നെ അപേക്ഷിച്ച് 88.66%-ൽ പരിമിതപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിഗമനങ്ങൾക്ക് ആധാരമാക്കിയിട്ടുള്ള കണക്കുകളിൽ 2019-20-ഉം 2020-21-ഉം ഉൾപ്പെടും. ടി കാലയളവ് കോവിഡ്-19 മൂലം വളർച്ച മുരടിക്കുകയോ negative growth രേഖപ്പെടുത്തിയതോ ആയ സമയമാണ്. അത്തരമൊരു കാലയളവിലെ Debt-GSDP അനുപാതം കണക്കിലെടുത്ത് അനുമാനങ്ങളിലെത്തുന്നത് എത്രത്തോളം യുക്തിസഹമാണെന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

കോവിഡിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കുള്ള കടമെടുപ്പ് പരിധി വർദ്ധിപ്പിച്ച് നൽകിയ 2020-21-ലെയും 2021-22-ലെയും ധനകമ്മിയും കടബാദ്ധ്യതയും കണക്കിലെടുത്ത് ഭാവിയിലേക്കുള്ള സാമ്പത്തിക സൂചകങ്ങൾ തയ്യാറാക്കുന്നത്, ടി സാഹചര്യം തുടരാത്ത പശ്ചാത്തലത്തിൽ, എത്രത്തോളം relevant ആണെന്നതും ഈ അവസരത്തിൽ പ്രസക്തമായ ചോദ്യമാണ്.

Debt sustainability സൂചകമായി പരിഗണിക്കപ്പെടുന്ന Domar Stability condition (പലിശനിരക്ക്-GSDP വളർച്ച നിരക്ക്) കോവിഡ് മഹാമാരിമൂലം സമ്പദ്ഘടന മുരടിപ്പ് പ്രകടമാക്കിയ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലൊഴികെയുള്ള വർഷങ്ങളിൽ, സംസ്ഥാനം satisfy ചെയ്തിരുന്നതായി ടി ലേഖനത്തിൽ നിന്നുതന്നെ വ്യക്തമാണ്. കൂടാതെ കടത്തിന്റെ വിജയകരമായ പരിപാലനത്തിന് പരിഗണിക്കുന്ന GSDP growth, Debt growth differential നിർദ്ദിഷ്ട ആർട്ടിക്കിളിൽ പരാമർശിച്ചത് കണക്കിലെടുത്താൽ മേൽ രണ്ട് വർഷങ്ങളിലൊഴികെ മെച്ചപ്പെട്ട നിലയിലാണുള്ളത്.

(ബി) സംസ്ഥാനത്തിന്റെ പൊതുകടം നിശ്ചിത ക്രമത്തിൽ നിലനിർത്തണമെന്ന നിർദ്ദേശം പ്രസ്തുത റിപ്പോർട്ടിലുണ്ടോ?

ലേഖനത്തിൽ ചൂണ്ടിക്കാട്ടിയ പ്രശ്നങ്ങൾക്ക് പരിഹാരമെന്നോണം പ്രധാനമായും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങളാണ് ലേഖകർ മുന്നോട്ട് വച്ചിരിക്കുന്നത്.

1. Non-merit goods-മേലുള്ള റവന്യൂ ചെലവുകൾ വെട്ടിക്കുറയ്ക്കുക.
2. കടത്തിന്റെ തോത് stabilize ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

3. മൂലധന ചെലവ് ഉയർത്തുക

4. Fiscal risk/Stress വിശകലനം ചെയ്ത് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

(സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി റവന്യൂ ചെലവുകൾ കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യം മാത്രം ലാക്കാക്കി ഏതെങ്കിലും ചെലവുകൾ അപ്പാടെ വെട്ടിക്കുറയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കോവിഡ് മഹാമാരിയെത്തുടർന്ന് നിശ്ചലാവസ്ഥയിലായ സമ്പദ്‌വ്യവസ്ഥ അതിൽനിന്നും ക്രമേണ മുക്തമായി തുടങ്ങുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്നും 11-03-2022-ൽ നിയമസഭയിൽ table ചെയ്ത Medium Term Fiscal Policy & Strategy Statement with Medium Term Fiscal Plan for Kerala പ്രകാരം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം നടപ്പ് വർഷം മുതൽ രണ്ടക്ക വളർച്ച രേഖപ്പെടുത്തുമെന്നുമാണ് കണക്കുകൂട്ടുന്നത്.

## സൗര പദ്ധതി

6 (*186) ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഊർജ്ജ കേരള മിഷന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സൗര പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; പ്രസ്തുത പദ്ധതിയിൽ ഇതുവരെ കൈവരിക്കാനായ നേട്ടം അറിയിക്കാമോ?

ഊർജ്ജ കേരള മിഷന്റെ ഭാഗമായി 1000 മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് സൗര പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽനിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെ കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 61.86 മെഗാവാട്ട് ശേഷിയുടെ 12,867 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 41.19 മെഗവാട്ടിന്റെ 9939 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

(ബി) പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്; എത്ര വീടുകൾക്ക് മുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനായി എന്നതിന്റെയും ആകെ ഉല്പാദന ശേഷിയുടെയും കണക്ക് ലഭ്യമാണോ; മറ്റ് സൗരോർജ്ജ ഉല്പാദകർ വഴി എത്ര മെഗാവാട്ട് ശേഷി സ്ഥാപിതമായെന്ന് അറിയിക്കാമോ?

പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ വഴി 500 മെഗാവാട്ട് ശേഷിയുടെ വൈദ്യുത ഉത്പാദനമാണ് ലക്ഷ്യമിടുന്നത്. ഇതിൽ വീടുകൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ എന്നിവയും ഉൾപ്പെടുന്നു. ഇതിൽ വീടുകൾക്ക് മാത്രം പുരപ്പുറ സൗരനിലയങ്ങളിൽ നിന്നും 250 മെഗാവാട്ട് വൈദ്യുതിയാണ് സൗരപദ്ധതി വഴി ലക്ഷ്യമിടുന്നത്. സൗര സബ്സിഡി സ്കീമിൽ ഇതുവരെ 11030 വീടുകൾക്ക് മുകളിൽ 40.46 മെഗാവാട്ട് ശേഷിയുടെ നിലയങ്ങൾ സ്ഥാപിച്ചു. ഇതിൽ 31.17 മെഗാവാട്ടിന്റെ 8550 നിലയങ്ങൾ കമ്മീഷൻ ചെയ്തു. മറ്റ് സൗരോർജ്ജ ഉത്പാദകർ വഴിയും സൗര പദ്ധതിയിൽ കൂടിയും സംസ്ഥാനത്ത് ആകെ 264 മെഗാവാട്ട് ശേഷിയുടെ പുരപ്പുറ സൗരോർജ്ജ നിലയം സ്ഥാപിതമായിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം 275 വീടുകളിലായി ആകെ ഒരു മെഗാവാട്ട് ഉല്പാദനശേഷിവരുന്ന സൗരോർജ്ജ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കാനായി.

(സി) ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 8 റിസർവോയറുകളിലും കേരള വാട്ടർ അതോറിറ്റിയുടെ 2 റിസർവോയറുകളിലുമായി ആകെ 10 റിസർവോയറുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിൽ ഏതെങ്കിലും 3 റിസർവോയറുകളിൽ നിന്ന് കുറഞ്ഞത് 100 മെഗാവാട്ട് വൈദ്യുതി ഉത്പാദനശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളാണ് ഡെവലപ്പർമാർ സ്ഥാപിക്കേണ്ടത്. ഇതിലേയ്ക്കുള്ള താരിഫ് അധിഷ്ഠിത ബിഡ് 22-06-2022-ൽ തുറന്നു. ഇതിന്റെ തുടർ നടപടികൾ പുരോഗമിക്കുന്നു.

## സഹകരണ മേഖലയിലെ നിഷ്ക്രിയ ആസ്തി

7(*187)ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:

ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിലെ നിഷ്ക്രിയ ആസ്തികൾ ഉപയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പും കൃഷി വകുപ്പുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെങ്കിലും ആലോചനകൾ നടന്നിട്ടുണ്ടോ; ഇത് പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടോ?

സഹകരണ മേഖലയിലെ ഫണ്ടുകൾ ഉപയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പും കൃഷി വകുപ്പുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കുന്നത് പരിശോധിച്ചുവരുന്നു. 2022 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു ലക്ഷം എം.എസ്.എം.ഇ. യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സംരംഭക പദ്ധതികൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്ക് മുഖേനയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴിയും വായ്പകൾ നൽകുന്ന പദ്ധതി

പരിശോധനയിലാണ്. കാർഷിക മേഖലയിൽ നൂതന പദ്ധതികൾ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്.

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ സഹകരണ സ്ഥാപനങ്ങൾ കൂടി സഹകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വായ്പാബന്ധിതമായി നടപ്പാക്കുന്ന വരുമാനദായക പ്രോജക്ടുകൾക്ക് (ഷോപ്പിംഗ് കോംപ്ലക്സുകൾ/ മാർക്കറ്റുകൾ, ബസ് സ്റ്റാൻഡുകൾ) സഹകരണ സ്ഥാപനങ്ങൾ വഴി നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിക്കുന്നുണ്ട്. ഇ.എം.എസ് ഭവന പദ്ധതി, ഭവനശ്രീ തുടങ്ങിയ പദ്ധതി നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി സഹകരണ സംഘങ്ങൾ മുഖേന വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട്.

കൂടാതെ, കേരള സഹകരണ നിയമം വകുപ്പ് 57 (സി) പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപന പ്രകാരം പദ്ധതിയിൽ നിർദ്ദേശിക്കപ്പെടാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, സംഘങ്ങളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വികസന അതോറിറ്റികളുടേയും അതുപോലെയുള്ള സ്ഥാപനങ്ങളുടേയും അടിസ്ഥാന

സൗകര്യ വികസനത്തിനായി വായ്പകൾ നൽകേണ്ട ആവശ്യത്തിലേയ്ക്കായി കൺസോർഷ്യം ലെൻഡിംഗ് സ്കീം എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി പദ്ധതിയിലേയ്ക്കായി വിശദമായ സ്കീം സർക്കാർ തയ്യാറാക്കി വരികയാണ്.

2022 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സഹകരണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും മറ്റ് വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു ലക്ഷം എം.എസ്.എം.ഇ. യൂണിറ്റുകൾ തുടങ്ങുന്നതിന് നടപടികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി സംരംഭക പദ്ധതികൾക്ക് കേരള സംസ്ഥാന സഹകരണ ബാങ്ക് മുഖേനയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴിയും വായ്പകൾ നൽകുന്ന പദ്ധതി നിലവിൽ പരിശോധനയിലാണ്.

(സി) സംസ്ഥാനത്ത് സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളുടെ നിഷ്ക്രിയ ആസ്തികൾ ഉപയോഗിക്കുന്നതിലൂടെ മെച്ചമുണ്ടാകുമെന്ന് വിശകലനം ചെയ്തിട്ടുണ്ടോ; ഇതിന് എന്തൊക്കെ നിബന്ധനകളാണ് നിർദ്ദേശിച്ചിട്ടുള്ളത്?

സഹകരണ സംഘങ്ങളുടെ ധനം ഉപയോഗിച്ച് സമൂഹത്തിന്റെ വിവിധ മേഖലകളിൽ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് സഹകരണ വകുപ്പ് പദ്ധതികൾ തയ്യാറാക്കി വരുന്നു. സഹകരണ നിയമത്തിലെ 57 സി, 14 എഎ, 14 ബി എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനുമായി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സഹകരണ നിയമം വകുപ്പ് 57 സി പ്രകാരം കൺസോർഷ്യം ലെൻഡിംഗ് സ്കീം എന്ന പദ്ധതി അടിസ്ഥാന വികസന പ്രവർത്തനത്തിന് ഉപയോഗപ്പെടുത്തുന്നതിനായി വിപുലീകരിച്ച് നടപ്പാക്കുന്നതിന് വിശദമായ സ്കീം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വ്യവസ്ഥകൾക്ക് വിധേയമായി വായ്പകൾ അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

(ഡി) കാർഷിക മേഖലയുടെ വികസനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സഹകരണമേഖലയും കൃഷി വകുപ്പും സംയുക്തമായി

പദ്ധതികൾ നടപ്പിലാക്കുന്നതിന് ഒരു സംയുക്ത സമിതിയെ നിയോഗിക്കാമോ?

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിൽപ്പന എന്നിവയെ പരിപോഷിപ്പിക്കുന്നതിനുമായി, 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതിയാണ് 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി'. കാർഷിക മേഖലയുടെ വികസനത്തിനായി ടി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ മേഖലയുടെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടുകൂടിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ഏഴ് ഉപപദ്ധതികളുള്ള ടി പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250.00 ലക്ഷം രൂപ സഹകരണ വകുപ്പിന്റെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ 14 ജില്ലകളിലും ടി പദ്ധതി ഘട്ടംഘട്ടമായി

പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2022-23-ൽ ടി പദ്ധതി ഏഴ് ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 15 സംഘങ്ങളെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സംഘങ്ങൾക്ക് നൽകിയിട്ടുള്ളതുമാണ്.

കാർഷിക മേഖലയുടെ വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ മേഖലയും കൃഷി വകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 14-ാം പഞ്ചവത്സര പദ്ധതികൾ ഉൾപ്പെടുത്തി AIF Fund-ന്റെ സഹായത്തോടെ വിപണനകേന്ദ്രം, സംഭരണകേന്ദ്രം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം എന്നിവ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**സഹകരണ നിക്ഷേപ സമാഹരണ യജ്ഞം**

8 (*188) ശ്രീ കെ ആൻസലൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ സഹകരണ നിക്ഷേപ സമാഹരണ യജ്ഞത്തിൽ ലക്ഷ്യമിട്ടതിലും 21 ശതമാനം അധികം നിക്ഷേപം സമാഹരിക്കാനായത് സഹകരണ മേഖലയിലുള്ള ജനവിശ്വാസം നിലനിർത്താനായതിന്റെ പ്രതിഫലനമായി വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ?

"സഹകരണ നിക്ഷേപം നാടിന്റെ തുടർ വികസനത്തിനായി" എന്നതാണ് 2022-ലെ നിക്ഷേപ സമാഹരണ ക്യാമ്പയിന്റെ മുദ്രാവാക്യം. സഹകരണ നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 6000 കോടി രൂപയാണ്. എന്നാൽ 9967.43 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് സഹകരണ മേഖലയിലുള്ള ജനവിശ്വാസം നിലനിർത്താനായതിന്റെ പ്രതിഫലനമാണ്.

(ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനം പൂർണ്ണമായും കുറ്റമറ്റതാക്കുന്നതിന് നിയമ പരിഷ്കാരങ്ങളും ആധുനികീകരണവും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

a) സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശ്വാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. സമഗ്ര നിയമ പരിഷ്കരണത്തിന് ശിപാർശ സമർപ്പിക്കാൻ അന്നത്തെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അദ്ധ്യക്ഷനായ ഒരു സമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത സമിതി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധിച്ച് വിശദമായ ശിപാർശ സമർപ്പിക്കാൻ ശ്രീ. ജോസ് ഫിലിപ്പ് (റിട്ട. അഡീഷണൽ രജിസ്ട്രാർ) അദ്ധ്യക്ഷനായ സമിതിയെ നിയോഗിച്ചു. അവർ ലഭ്യമാക്കിയ റിപ്പോർട്ട് വിശദമായ വിശകലനങ്ങൾക്കുശേഷം ഒരു കരട് ബില്ല് തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ സമഗ്ര പരിഷ്കരണമായി പുതിയ നിയമ ഭേദഗതി ലക്ഷ്യമിടുന്നു.

b) സഹകരണ സംഘങ്ങളുടെ ആഡിറ്റിംഗ് പൂർണ്ണമായും കുറ്റമറ്റതും കാര്യക്ഷമവുമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

•സഹകരണ വകുപ്പിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

•അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റിവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ഐ.സി.എം)-ൽ നിന്നുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കി പരിശീലന പരിപാടി സംഘടിപ്പിക്കുന്നതാണ്.

c) <u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ</u>: സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർബാങ്കിംഗ്

സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്.

d) Co-operative Audit Monitoring & Information System (CAMIS): സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികീകരണം**

9 (*189) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ഒ. ആർ. കേളു:

ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ആധാരം രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ സമയ നഷ്ടമില്ലാതെ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള ആധുനികീകരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കികൊണ്ട് ആധാരം മടക്കി നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആധാര മാതൃകകൾ ലഘൂകരിച്ചുകൊണ്ട് ഓൺലൈൻ സംവിധാനത്തിലൂടെ ആധാരം Template based Registration സംവിധാനം നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. മേൽ പദ്ധതി പ്രകാരം ആധാരകക്ഷികളുടെ ഫോട്ടോയും വിരൽപതിപ്പും കമ്പ്യൂട്ടർ മുഖേന രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു. ടി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ ആരംഭിച്ചിരുന്നുവെങ്കിലും ആയതിൽ ചില പരിഷ്കാരങ്ങളും കൂടി

ആവശ്യമായി വന്നതിനാൽ ടി പദ്ധതി താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

മേൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുമ്പോൾ ആധാര രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ സമയനഷ്ടമില്ലാതെ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

<u>സമയനഷ്ടമില്ലാതെ ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള മറ്റ് സേവനങ്ങളുടെ വിവരം</u>

1. സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേമെന്റ് സൗകര്യം
2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.
3. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം.
4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ

ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

5. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

6. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

7. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

8. സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

9. കെ.എസ്.എഫ്.ഇ.-യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

10. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

11. ഒരു ജില്ലയ്ക്കകത്തുള്ള ഏത് സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള 'Anywhere Registration' സംവിധാനം.

12. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം നടപ്പിലാക്കുകയുണ്ടായി.

(ബി) ഹാജരാക്കുന്ന ദിവസം തന്നെ ആധാരം രജിസ്ട്രേഷൻ പൂർത്തിയാക്കി തിരികെ നൽകുന്നതിനും ആധാര പകർപ്പുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനും സാധ്യമായിട്ടുണ്ടോ?

ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് ആധാരം മടക്കി നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആധാര മാതൃകകൾ ലഘൂകരിച്ചുകൊണ്ട്

ഓൺലൈൻ സംവിധാനത്തിലൂടെ ആധാരം തയ്യാറാക്കി Template based Registration നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. മേൽ പദ്ധതി പ്രകാരം ആധാര കക്ഷികളുടെ ഫോട്ടോയും വിരൽ പതിപ്പും കമ്പ്യൂട്ടർ മുഖേന രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. ടി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ ആരംഭിച്ചിരുന്നുവെങ്കിലും ആയതിൽ ചില പരിഷ്കാരങ്ങളും കൂടി ആവശ്യമായി വന്നതിനാൽ ടി പദ്ധതി താത്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

ആധാര പകർപ്പുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ചാല, കൊല്ലം ജില്ലയിലെ കൊട്ടാരക്കര (പ്രിൻസിപ്പൽ) എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണ പരിപാടി നടന്നു വരികയാണ്.

(സി) സബ്രജിസ്ട്രാർ ഓഫീസുകളെല്ലാം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഓഫീസുകളുടെ നവീകരണം പൂർത്തിയാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; ഡിജിറ്റൈസേഷൻ പ്രവർത്തനത്തിലെ പുരോഗതി അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ 315 സബ് രജിസ്ട്രാർ ഓഫീസുകളും നിലവിൽ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുണ്ട്. ഓഫീസുകളുടെ നവീകരണത്തിന്റെ ഭാഗമായി 37 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക രീതിയിലുള്ള കോംപാക്റ്ററുകൾ ഉൾപ്പെടുത്തി റെക്കോർഡ് റൂമുകൾ നവീകരിക്കുകയുണ്ടായി. സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ നവീകരണ പ്രവൃത്തനങ്ങൾക്കായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 51 കെട്ടിടങ്ങളുടെ നിർമ്മാണ പദ്ധതിക്കും ഒരു കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കുമായി 100 കോടി രൂപ വകയിരുത്തി. ഇതിൽ 32 കെട്ടിടങ്ങളുടെ പണി പൂർത്തിയാകുകയുണ്ടായി. കൂടാതെ ആറ്റിങ്ങൽ സബ് രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപണികളും പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണത്തിനും ഒരു സബ് രജിസ്ട്രാർ ഓഫീസിന്റെ നവീകരണത്തിനും രജിസ്ട്രേഷൻ വകുപ്പിന്റെ തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

ഡിജിറ്റൈസേഷൻ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് (വളരെ പഴയതും പൊടിഞ്ഞുപോയതുമായ

ചില രേഖകൾ ഒഴികെ) പൂർത്തിയായിട്ടുള്ളതും, 2005 മുതൽ 2018 വരെയുള്ള കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് (വളരെ പഴയതും പൊടിഞ്ഞു പോയതുമായ ചില രേഖകൾ ഒഴികെ) കൊല്ലം, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. മറ്റ് ജില്ലകളിൽ മേൽ പദ്ധതി പുരോഗമിച്ചു വരികയാണ്.

## സ്റ്റാർട്ടപ്പുകളിലെ നിക്ഷേപം

10 (*190) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള സ്റ്റാർട്ടപ്പുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; കഴിഞ്ഞ സർക്കാർ 2016-ൽ ഭരണം ഏറ്റെടുക്കുമ്പോൾ സ്റ്റാർട്ടപ്പുകളിലെ നിക്ഷേപം എത്രയായിരുന്നു; വിശദമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 3600 സ്റ്റാർട്ടപ്പുകൾ ആരംഭിച്ചിട്ടുണ്ട്. 2016 ജൂലൈയിൽ സംസ്ഥാനത്ത് 300 സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്നത് നിലവിൽ 3900 ആയി ഉയർന്നിട്ടുണ്ട്. നിക്ഷേപം 2016-ൽ 207 കോടി രൂപ ആയിരുന്നത് നിലവിൽ 4300 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

(ബി) സർക്കാർ വകുപ്പുകൾക്ക് സ്റ്റാർട്ടപ്പുകളിൽ നിന്ന് ടെണ്ടറില്ലാതെയുള്ള പൊതുസംഭരണ പരിധി വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ?

സ്റ്റാർട്ടപ്പ് സംരംഭകരിൽ നിന്നും ലിമിറ്റഡ് ടെൻഡർ മുഖാന്തരമുള്ള വാങ്ങലുകൾക്ക് നിശ്ചയിച്ചിട്ടുള്ള ധനപരിധി വർദ്ധിപ്പിച്ചുകൊണ്ടും സ്റ്റാർട്ടപ്പുകൾക്ക് ലിമിറ്റഡ് ടെൻഡറിൽ പങ്കെടുക്കുന്നതിനുള്ള ധനപരിധി ഉയർത്തികൊണ്ടും 5-07-2022-ലെ സ.ഉ(കൈ)നം.2/2022/എസ്.പി.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ടെക്നോളജി സംരംഭങ്ങളിലും സ്റ്റാർട്ടപ്പുകളിലും നിക്ഷേപം സമാഹരിക്കുന്നതിനായി സംഘടിപ്പിച്ച ഇഗ്നൈറ്റ് 2022-ന്റെ ഭാഗമായി ഈ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദീകരിക്കാമോ?

കേരള സ്റ്റാർട്ടപ്പ് മിഷൻ 2022 ഫെബ്രുവരി 27-ന് ദുബായിൽ ഇഗ്നൈറ്റ് 2022 സംഘടിപ്പിച്ചിരുന്നു. ഉയർന്ന ശേഷിയുള്ള വ്യക്തിഗത നിക്ഷേപകരുമായി (High Networth Individuals-HNI) സ്റ്റാർട്ടപ്പുകളെ ബന്ധപ്പെടുത്തി നിക്ഷേപം ലഭ്യമാക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. അതിലൂടെ സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായ നേട്ടങ്ങൾ താഴെപ്പറയുന്നു.

1) 2.25 കോടി രൂപയുടെ നിക്ഷേപം

2) ഉയർന്ന ശേഷിയുള്ള മലയാളി വ്യക്തിഗത നിക്ഷേപകരുടെ യു.എ.ഇ. ആസ്ഥാനമായുള്ള ഇന്റർനാഷണൽ പ്രൊമോട്ടേഴ്സ് അസോസിയേഷന്റെ (IPA) ഏഞ്ചൽ നെറ്റ്‌വർക്ക് രൂപീകരണം.

3) പങ്കെടുത്ത സ്റ്റാർട്ടപ്പുകൾക്ക് മേൽപ്പറഞ്ഞ ഏഞ്ചൽ നെറ്റ്‌വർക്ക്, IPA എന്നിവരുമായി നേരിട്ട് ബന്ധപ്പെടുന്നതിനുള്ള അവസരം.

4) വിദേശത്തുള്ള ഇന്ത്യക്കാർക്ക് (NRI) കേരള സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നതിന്റെ ആവശ്യകതയും അതിലൂടെ ലഭ്യമാകുന്ന ഗുണവും ബോധ്യപ്പെടുത്തൽ.

## കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന

11 (*191) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടു കൂടി സമയക്രമം പാലിച്ച് നടപ്പിലാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വം എസ്.പി.വി.-യ്ക്കും എസ്.പി.വി.-യെ നിയമിക്കുന്ന അതത് ഭരണ വകുപ്പുകൾക്കുമാണ്. ഇതിന് പുറമെ കിഫ്ബി ആക്ടിലെ സെക്ഷൻ 17A പ്രകാരം കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റിക്ക് പരിശോധനാ അധികാരം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റിയുടെ ഭാഗമായി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗവും അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗവും പ്രവർത്തിക്കുന്നു. ഇതുപ്രകാരം ഗുണനിലവാരം

ഉറപ്പുവരുത്തുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. ഭരണ വകുപ്പും എസ്.പി.വി.-യും കിഫ്ബിയും തമ്മിലുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഓരോ നിർമ്മാണ പ്രവൃത്തികൾക്കും കിഫ്ബി ധനസഹായം നൽകുന്നത്. അതിന്റെ ഭാഗമായി തന്നെ ഗുണനിലവാര പരിശോധനകളുടെ അടിസ്ഥാനത്തിൽ കിഫ്ബി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ ഭരണ വകുപ്പും എസ്.പി.വി.-യും ബാധ്യസ്ഥവുമാണ്. മൈക്രോസോഫ്റ്റ് പ്രോജക്റ്റ് ഷെഡ്യൂളിംഗ്, BIM/VDC ബേസ്ഡ് പ്രോജക്റ്റ് മാനേജ്മെന്റ് സിസ്റ്റം, ഡിസൈൻ റിവ്യൂ, പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് അപ്രൂവൽ, എസ്.പി.വി.-കൾക്കും കരാറുകാർക്കും പരിശീലനങ്ങൾ, കൂടാതെ, എസ്.പി.വി.-കൾക്കുള്ള ഉപദേശക സേവനങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തി സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിന് സഹായകമാകുന്നു. നിർമ്മാണ പ്രവൃത്തികൾ വിലയിരുത്താൻ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗവും പരിശോധനാ വിഭാഗവും നിരന്തരമായി

എസ്.പി.വി.-യിലെ ഉദ്യോഗസ്ഥരുമായി മീറ്റിംഗുകൾ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. സാങ്കേതിക കാര്യങ്ങളിലെ തടസ്സം ഒഴിവാക്കാൻ കിഫ്ബിക്ക് കീഴിലുള്ള ടെക്നിക്കൽ റിസോഴ്സ് സെന്റർ (TRC) മുഖേന വേണ്ട സഹായങ്ങൾ എസ്.പി.വി.-കൾക്ക് ലഭ്യമാക്കുന്നുമുണ്ട്. കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സർവേഷൻ ഷീറ്റുകളും ടെക്നിക്കൽ ഒബ്സർവേഷൻ നോട്ടുകളും ഒബ്സർവേഷൻ മെമ്മോകളും ഇൻസ്പെക്ഷൻ റിപ്പോർട്ടുകളും നൽകുന്നുണ്ട്. ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന എല്ലാ നിർദ്ദേശങ്ങളും പൂർത്തിയാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഇവ പിൻവലിക്കാറുള്ളൂ.

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന നിരവധി കെട്ടിടങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികളുടെ പരിശോധന കർശനമാക്കാൻ നടപടി സ്വീകരിക്കുമോ?

ഗുണനിലവാരം പാലിച്ച് പദ്ധതികൾ പുരോഗമിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ

വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്. കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനകൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളെല്ലാം പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷമേ അതത് ഭരണ വകുപ്പുകൾക്ക് കൈമാറാൻ പാടുള്ളൂവെന്ന് എസ്.പി.വി.-കൾക്ക് കിഫ്ബി നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ അപര്യാപ്തതകൾ കണ്ടെത്തിയ പദ്ധതികളിൽ കർശന ഗുണനിലവാര പരിശോധന നടത്തുന്നതിനും കിഫ്ബിയുടെ നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനുമായി ജില്ലാതലത്തിൽ റസിഡന്റ് എഞ്ചിനീയർമാരുടെ സേവനം കിഫ്ബി പ്രയോജനപ്പെടുത്തിവരുന്നു. കൂടാതെ, സാങ്കേതിക കാര്യങ്ങളിലെ തടസ്സം ഒഴിവാക്കാൻ കിഫ്ബിക്ക് കീഴിലുള്ള ടെക്നിക്കൽ റിസോഴ്സ് സെന്റർ (TRC) മുഖേന വേണ്ട സഹായങ്ങൾ എസ്.പി.വി.-കൾക്ക് ലഭ്യമാക്കുന്നുമുണ്ട്.

(സി) തൃശ്ശൂർ ചെമ്പൂച്ചിറയിൽ സ്കൂൾ കെട്ടിടത്തിന്റെ രണ്ടാം നില ബലക്ഷയത്തെ തുടർന്ന് പൂർണ്ണമായി പൊളിച്ചു നീക്കേണ്ടിവന്നത് കിഫ്ബി പരിശോധന വിഭാഗത്തിന് പറ്റിയ വീഴ്ചമൂലമാണോയെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ ചെമ്പൂച്ചിറ സ്കൂൾ പ്രോജക്ടിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തി പോരായ്മകൾ നേരത്തെ തന്നെ ചൂണ്ടി കാണിച്ചിട്ടുള്ളതാണ്. അവ പരിഹരിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനം നടത്തേണ്ട ചുമതല ഭരണവകുപ്പ് നിയമിച്ചിട്ടുള്ള എസ്.പി.വി.-യ്ക്കാണ്. ഇക്കാര്യത്തിൽ കിഫ്ബിക്ക് വീഴ്ച സംഭവിച്ചിട്ടില്ല.

(ഡി) ഇത്തരത്തിൽ ക്രമക്കേട് നടത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടത് അതാത് എസ്.പി.വി.-കളുടെയും ഭരണ വകുപ്പിന്റെയും ചുമതലയാണ്. എന്നിരുന്നാലും കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിൽ കരാറുകാരുടെ ജോലിയിലുള്ള നൈപുണ്യക്കുറവും ക്രമക്കേടുകളും കണ്ടെത്തുന്നത് സമയാസമയങ്ങളിൽ അതാതു എസ്.പി.വി.-കളെ അറിയിക്കുന്നുണ്ട്. ഇത്തരം കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് അവലോകനം നടന്നുവരുന്നു.

## **പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം**

12(*192)ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്:

<u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) സമിതിയുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എല്ലാ മേഖലകളിലും കൂടുതൽ ഉത്തരവാദിത്വം ഉറപ്പുവരുത്തിക്കൊണ്ടുള്ള സ്വയംഭരണാവകാശം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ കമ്മിറ്റി മുന്നോട്ടുവച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡ് ഓഫ് ഡയറക്ടർമാർക്കും മാനേജ്മെന്റിനും സാമ്പത്തികവും പ്രവർത്തനപരവുമായ അധികാരങ്ങൾ കൈമാറുന്നതിനായി വിവിധ വിഷയങ്ങളിലായി 28 ശിപാർശകൾ കമ്മിറ്റി മുന്നോട്ടുവച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വഭാവമനുസരിച്ച് ധനകാര്യം, പ്രോജക്ട്

നടപ്പിലാക്കൽ, എച്ച്.ആർ., ജനറൽ അഡ്മിനിസ്ട്രേഷൻ, കൊമേഴ്സ്യൽ, അസറ്റ് മാനേജ്മെന്റ്, പാർട്ണർഷിപ്പ്, പ്രൊക്യുവർമെന്റ് തുടങ്ങിയ മേഖലകളിൽ സ്വയംഭരണാധികാരം നൽകുന്നതിനാണ് ശിപാർശയുള്ളത്.

ഓഡിറ്റുകൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും നിയുക്ത അധികാരങ്ങൾ ഉപയോഗിക്കുന്നതിന്റെ ഉത്തരവാദിത്വം ഉറപ്പുവരുത്തുന്നതിന് എം.ഒ.യു. സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കമ്പനീസ് ആക്ട് 2013, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് ബഡ്ജറ്റിൽ അനുവദിക്കുന്ന ഫണ്ടുകൾ സമയോചിതമായി റിലീസ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങളിലെ സേവന വേതന പ്രശ്നങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള പർച്ചേസ് പോളിസിയും നടപടിക്രമങ്ങളും, കോർപ്പറേറ്റ് ഭരണം എന്നിവ ഉറപ്പാക്കുന്നതിനായി ധാരണാപത്രം (എം.ഒ.യു) ഒപ്പുവയ്ക്കാൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ഡയറക്ടർ ബോർഡിൽ പ്രൊഫഷണൽ യോഗ്യതയുള്ള വ്യക്തികൾ, സ്വതന്ത്ര ഡയറക്ടർമാർ, ബോർഡിന്റെ ഉത്തരവാദിത്വം, ആഡിറ്റ് കമ്മിറ്റി, മാനേജ്മെന്റിന്റെ ഉത്തരവാദിത്വം എന്നിവയ്ക്ക് പ്രാധാന്യം നൽകാനും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(സി) പൊതുമേഖല സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കാനും അവയുടെ സ്വയംഭരണ അവകാശം സംരക്ഷിക്കാനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

പൊതുമേഖല സ്ഥാപനങ്ങൾക്ക് എല്ലാ മേഖലകളിലും കൂടുതൽ ഉത്തരവാദിത്വം ഉറപ്പുവരുത്തിക്കൊണ്ടുള്ള സ്വയംഭരണാവകാശം നൽകുന്നതിനായി ശ്രീ. പോൾ ആന്റണി ഐ.എ.എസ്. (റിട്ട.) ചെയർമാനായ വിദഗ്ദ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. ബോർഡുകളിൽ സ്വതന്ത്ര ഡയറക്ടർമാരെ ഉൾപ്പെടുത്തുന്നതിന് റിയാബ് അപേക്ഷ ക്ഷണിച്ച് പാനൽ തയ്യാറാക്കിയിട്ടുണ്ട് നിയമന നടപടികൾ പുരോഗമിക്കുന്നു. ചെയർമാൻ, എം.ഡി. എന്നിവർക്ക് പ്രൊഫഷണലായ പരിശീലനവും നൽകിവരുന്നു.

## ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി

13 (*193) ശ്രീ. കെ. എം.സച്ചിൻദേവ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഈ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കേരളത്തിലെ ഉപഭോക്താക്കൾക്ക് തടസ്സരഹിതമായി വൈദ്യുതി വിതരണത്തിനെത്തിക്കുന്ന പ്രസരണ ശൃംഖല ബലപ്പെടുത്തുന്നതിനാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. പ്രസരണ ലൈനുകളുടെ അഭാവവും അപര്യാപ്തതയും പ്രസരണ നഷ്ടം വർദ്ധിക്കുന്നതിനും ഉണ്ടാകാവുന്ന വൈദ്യുതി തടസ്സം കൂടുതൽ ഭാഗത്തെ ബാധിക്കുന്നതിനും കൂടുതൽ സമയം നീണ്ടുനിൽക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നിർമ്മാണത്തിലിരിക്കുന്നതും ആസൂത്രണം ചെയ്തിട്ടുള്ളതുമായ ചെറുതും വലുതുമായ വൈദ്യുതോല്പാദന പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ലോഡ് സെന്ററുകളിലേക്ക് എത്തിക്കുന്നതിനും പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക വഴി സംസ്ഥാനത്തിനുള്ളിലെ പുനരുപയോഗ വൈദ്യുതി സ്രോതസ്സുകളുടെ

സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനും കേരളത്തിന് പുറത്തുനിന്നും ആവശ്യാനുസരണം വൈദ്യുതി ലഭ്യമാക്കാനുള്ള സജ്ജത ഉറപ്പാക്കുന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

പാലക്കാട്, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന പുനരുപയോഗ വൈദ്യുതിയുടെ തടസ്സരഹിതമായ പ്രസരണത്തിനുവേണ്ടി വിഭാവന ചെയ്ത ഗ്രീൻ എനർജി കോറിഡോർ പദ്ധതികളും (അട്ടപ്പാടി ഗ്രീൻ കോറിഡോർ, രാമക്കൽമേട് ഗ്രീൻ കോറിഡോർ, നോർത്ത് ഗ്രീൻ കോറിഡോർ) ട്രാൻസ്ഗ്രിഡ് വഴിയാണ് നടപ്പിലാക്കുന്നത്. ഇവ പ്രാവർത്തികമാകുന്നതോടുകൂടി മേൽപ്പറഞ്ഞ ജില്ലകളിലെ ഹരിതോർജ്ജശേഷി പരമാവധി പ്രയോജനപ്പെടുത്തുവാനും ഈ മേഖലയിലേക്ക് കൂടുതൽ സ്വകാര്യ നിക്ഷേപം കൊണ്ടുവരാനും സാധിക്കും.

കേരളത്തിലെ ഏത് പ്രദേശത്തേക്കും തടസ്സരഹിതമായി വൈദ്യുതി എത്തിക്കുന്നതിന് Central Electricity Authority (CEA) നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ (N-1 compliance) അനുസരിച്ചാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി നിലവിൽ

വരുന്നതോടെ ഏറ്റവും ചെലവുകുറഞ്ഞ വൈദ്യുതി ഏറ്റവും കുറഞ്ഞ പ്രസരണ നഷ്ടത്തോടെ തടസ്സരഹിതമായി ഉപഭോക്താക്കളിലെത്തിക്കാനാകും.

ഓരോ പ്രദേശത്തിന്റെയും വൈദ്യുതി ആവശ്യകത ഉയരുന്നതിനനുസരിച്ച് രണ്ട് ഘട്ടങ്ങളിലായാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. പ്രസ്തുത ജോലികൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതുവഴി ഓരോ ഘട്ടത്തിന്റെയും പ്രയോജനം ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നു. ഉദാഹരണത്തിന്, തൃശ്ശൂർ-കോഴിക്കോട് 220 kV ലൈനുകളും തൃശ്ശൂർ-അരീക്കോട് 400 kV ലൈനുകളും വന്നതോടെ വടക്കൻ കേരളത്തിലെ വൈദ്യുതി ലഭ്യതയും വോൾട്ടേജും ഗണ്യമായി വർധിച്ചിട്ടുണ്ട്. അടുത്ത ഘട്ടമായ കാസർഗോഡ് 400 kV സബ്സ്റ്റേഷനും കാസർഗോഡ്-വയനാട് 400 kV ലൈനുകളും വരുന്നതോടെ വടക്കൻ കേരളത്തിന്റെ വൈദ്യുതി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകും.

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തങ്ങൾ 2022-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒന്നാംഘട്ടത്തിൽ വിഭാവന

ചെയ്ത 12 സബ്സ്റ്റേഷനുകളിൽ നാല് 220 കെ.വി AIS സബ്സ്റ്റേഷനുകളും, അഞ്ച് 220 കെ.വി GIS സബ്സ്റ്റേഷനുകളും ഇതിനകം പൂർത്തികരിച്ച് കമ്മീഷൻ ചെയ്തു. കൂടാതെ ഒൻപത് ലൈൻ പാക്കേജുകളിൽ മാടക്കത്തറ-അരീക്കോട് 400/220 കെ.വി. ലൈൻ ഉൾപ്പെടെ ലൈനുകളുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ആകെ 400 കെ.വി.-യുടെ 178 സർക്യൂട്ട് കിലോമീറ്റർ ലൈനും, 220 കെ.വി.-യുടെ 566 സർക്യൂട്ട് കിലോമീറ്റർ ലൈനും,110 കെ.വി യുടെ 653 സർക്യൂട്ട് കിലോമീറ്റർ ലൈനും ഇതിനോടകം നിർമ്മാണം പൂർത്തിയാക്കി. ബാക്കി നാല് 220/110 കെ.വി ലൈൻ പദ്ധതികളുടേയും 3 GIS സബ്സ്റ്റേഷനുകളുടെയും (കോട്ടയം 400 കെ.വി, തലശ്ശേരി, കുന്നംകുളം 220 കെ.വി) നിർമ്മാണം ദ്രുതഗതിയിൽ പൂർത്തിയായി വരുന്നു. ഇവ ഈ വർഷം തന്നെ കമ്മീഷൻ ചെയ്യുന്നതാണ്. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ നിലവിൽ 2073 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കെതിരെ രാഷ്ട്രീയപ്രേരിതമായി ചിലർ നടത്തിയിട്ടുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിലെ വസ്തുത വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയിൽപ്പെട്ട പ്രവൃത്തികളായ കോട്ടയം ലൈൻസ് പാക്കേജ്, കോലത്തുനാട് ലൈൻസ് പാക്കേജ് എന്നിവയുടെ കരാർ നൽകിയത് വ്യവസ്ഥകൾ പാലിച്ചല്ലെന്ന ആക്ഷേപമുന്നയിച്ച് 2020-ൽ അന്നത്തെ പ്രതിപക്ഷനേതാവ് സംസ്ഥാന ലോകായുക്തയിൽ ഒരു ഹർജി നല്കിയിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത ഹർജിയിന്മേൽ അന്വേഷണം നടത്താൻ വിസമ്മതിച്ചുകൊണ്ട് 08-06-2022-ൽ ലോകായുക്ത ഉത്തരവായിട്ടുണ്ട്.

കോട്ടയം, കോലത്തുനാട് പാക്കേജുകളുടെ നിർമ്മാണാനുമതി നിയമ വിരുദ്ധമായാണ് നൽകിയതെന്നും അതുമൂലം ഖജനാവിന് വലിയ നഷ്ടം വരുത്തിയെന്നും ആരോപിച്ചുകൊണ്ട് കിഫ്ബി ചെയർമാൻ എന്ന നിലയിൽ അന്നത്തെ മുഖ്യമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, KSEBL ചെയർമാൻ എന്നിവർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരം അന്വേഷണം ആവശ്യപ്പെട്ട് 05-11-2019-ൽ അന്നത്തെ പ്രതിപക്ഷനേതാവ് ഗവർണർക്ക് പരാതി നൽകുകയുണ്ടായി. എന്നാൽ പരാതി വിശദമായി

പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താൻ മതിയായ കരണങ്ങളില്ലെന്ന് ചൂണ്ടിക്കാട്ടി പ്രസ്തുത പരാതി ഗവർണർ തള്ളുകയുണ്ടായി.

## ജി.എസ്.ടി. വകുപ്പിന്റെ ശാക്തീകരണം

14(*194)ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി ചോർച്ച വ്യാപകമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ജി.എസ്.ടി പൂർണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ജി.എസ്.ടി.-യിലെ നികുതി വെട്ടിപ്പ് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. ജി.എസ്.ടി. നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന

ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി അത് തടയുന്നതിനും നികുതിയും പിഴയും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജി.എസ്.ടി. നിയമത്തിനനുസൃതമായ രീതിയിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ പുന:സംഘടിപ്പിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ പ്രൊഫഷണൽ രീതിയിലുള്ളതാക്കുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു.

(ബി) ജി.എസ്.ടി. വകുപ്പിന് പുതിയ ഓഡിറ്റ് വിഭാഗം രൂപീകരിക്കുവാനും ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ജി.എസ്.ടി. നിയമത്തിനനുസൃതമായ രീതിയിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിനെ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഈ പുനഃസംഘടനയിലൂടെ വകുപ്പിന്റെ ഓഡിറ്റ്, ഇന്റലിജൻസ് വിഭാഗങ്ങൾ കൂടുതൽ ശക്തമാകും. പഴയ നിയമ സംവിധാനങ്ങളിലുണ്ടായിരുന്ന അസസ്മെന്റ് പോലുള്ള സമ്പ്രദായങ്ങൾ മാറ്റി കൂടുതൽ പ്രൊഫഷണലായ ഓഡിറ്റ് പോലുള്ള സംവിധാനങ്ങൾ

വരുന്നത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കും. പൂർണ്ണമായും ഓൺലൈൻ സംവിധാനമായ ജി.എസ്.ടി.-യിൽ നൂതന രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തി നികുതി വെട്ടിപ്പ് തടയുന്നതിന് ഇന്റലിജൻസ്, ഇൻവെസ്റ്റിഗേഷൻ വിഭാഗങ്ങൾ ശക്തിപ്പെടുത്തുന്നത് സഹായകമാകും.

(സി) സ്ക്വാഡുകൾ വാഹനങ്ങളെ പിന്തുടർന്ന് പിടിക്കുന്നതിന് പകരം ഇന്റലിജൻസ് സംവിധാനം ശക്തമാക്കാനും ഇ-വേ ബില്ലിന്റെ കൃത്യമായ പരിശോധന നടത്താനും നടപടികൾ സ്വീകരിക്കുമോ?

പ്രധാന അതിർത്തി പ്രദേശങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഇത് ANPR സിസ്റ്റം (Automatic number plate recognition system) ആയി ബന്ധപ്പെടുത്തി ഇ-വേ ബിൽ എടുക്കാതെ അതിർത്തി കടന്നുവരുന്ന വാഹനങ്ങളുടെ വിവരം അലെർട്ട് മെസ്സേജ് വഴി തത്സമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് കൈമാറുകയും ചെയ്യുന്ന സംവിധാനം നിലവിൽ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. ഇത് സംസ്ഥാന അതിർത്തികളിലും സംസ്ഥാനത്തിനകത്തും കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലെ ANPR

സംവിധാനം കൂടുതൽ മെച്ചപ്പെടുത്തി വിവരങ്ങൾ കൂടുതൽ കൃത്യതയോടെ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ഡി) നടപ്പിലാക്കി അഞ്ചുവർഷം കഴിഞ്ഞിട്ടും ജി.എസ്.ടി. നടത്തിപ്പിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിൽ വകുപ്പ് വീഴ്ച വരുത്തിയതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

പ്രാപ്യസ്ഥാനാധിഷ്ഠിതമായ ജി.എസ്.ടി. നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവുണ്ടായില്ല. ജി.എസ്.ടി വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയാതായി. ജി.എസ്.ടി. തുടക്കത്തിൽ വിഭാവന ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും കോവിഡും പ്രകൃതി ദുരന്തങ്ങളും ഏൽപ്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് പ്രധാന കാരണങ്ങളാണ്. ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പാക്കാത്തതുമൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും സംസ്ഥാനത്തിന് ലഭ്യമാകേണ്ട

ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും നിലവിൽ കഴിയാത്ത സ്ഥിതിയാണ്. രാജ്യമൊട്ടാകെ ജി.എസ്.ടി. വരുമാനത്തിലുണ്ടായ വളർച്ചയ്ക്ക് ആനുപാതികമായ വളർച്ച ജി.എസ്.ടി. വരുമാനത്തിൽ കേരളത്തിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര നിയമത്തിൽ പറഞ്ഞിരിക്കുന്നത് പ്രകാരമുള്ള 14% നികുതി വർദ്ധനവ് ഇതുവരെ പ്രാപ്യമായിട്ടില്ല.

## കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ പരിശോധന

15 (*195) ശ്രീ. പി. കെ. ബഷീർ
ഡോ. എം. കെ. മുനീർ
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ?

ഉണ്ട്. കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടുകൂടി സമയക്രമം പാലിച്ച് നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം എസ്.പി.വി.-യ്ക്കും എസ്.പി.വി.-യെ നിയമിക്കുന്ന ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കുമാണ്. ഗുണനിലവാരം ഉറപ്പാക്കുന്നതിന് എല്ലാ പദ്ധതികൾക്കും ഗുണനിലവാര പരിശോധനകൾക്കുള്ള സംവിധാനം എസ്.പി.വി.-യ്ക്ക് ഉണ്ടാകണമെന്ന് കിഫ്ബി നിർദേശിക്കുന്നുണ്ട്. അതനുസരിച്ച് എസ്.പി.വി.-യുടെ സൈറ്റിലുള്ള ക്വാളിറ്റി കൺട്രോൾ ടീം CPWD/PWD/IS Code/Specification അനുസരിച്ചുള്ള എല്ലാ ടെസ്റ്റുകളും പരിശോധനകളും നടത്തേണ്ടതാണ്. കിഫ്ബി ആക്ട് പ്രകാരമാണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതനുസരിച്ച് ഗുണനിലവാരം പാലിച്ച് പദ്ധതികൾ പുരോഗമിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. പോരായ്മകൾ കാണുകയാണെങ്കിൽ തിരുത്തൽ നടപടികൾക്കായി ഉടൻ തന്നെ ഫീൽഡ് ഒബ്സർവേഷൻ ഷീറ്റ്,

ടെക്നിക്കൽ ഒബ്സർവേഷൻ ഷീറ്റ്, ഒബ്സർവേഷൻ മെമ്മോ, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവയും എസ്.പി.വി.-യ്ക്ക് നൽകാറുണ്ട്. ഭരണ വകുപ്പും എസ്.പി.വി.-യും കിഫ്ബിയും തമ്മിലുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഓരോ നിർമ്മാണ പ്രവൃത്തികൾക്കും കിഫ്ബി ധനസഹായം നൽകുന്നത്. അതിന്റെ ഭാഗമായിത്തന്നെ ഗുണനിലവാര പരിശോധനകളുടെ അടിസ്ഥാനത്തിൽ കിഫ്ബി നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ ഭരണവകുപ്പും എസ്.പി.വി.-യും ബാധ്യസ്ഥവുമാണ്. എസ്.പി.വി.-യിൽ നിന്നും തൃപ്തികരമായ മറുപടി ലഭിക്കുന്ന മുറയ്ക്ക് ഒബ്സർവേഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സർവേഷൻ ഷീറ്റ്, ഒബ്സർവേഷൻ മെമ്മോ, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവ പിൻവലിക്കുന്നതാണ്. നിരന്തരമായി ഒബ്സർവേഷൻ മെമ്മോ കൊടുത്തിട്ടും പോരായ്മകൾ പരിഹരിക്കാത്ത പദ്ധതികൾ താത്കാലികമായി നിർത്തിവയ്ക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകുന്നുണ്ട്. കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തി ന്യൂനതകൾ പരിഹരിച്ചുവെന്ന് ഉറപ്പുവരുത്തിയശേഷം നിർത്തിവച്ചിട്ടുള്ള നിർമ്മാണ

പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്.

**(ബി) കഴിഞ്ഞ വർഷം നിർമ്മിച്ച കെട്ടിടത്തിന്റെ ഗുണനിലവാര പരിശോധനയിൽ അപാകതകൾ കണ്ടെത്തിയതിനെത്തുടർന്ന് ഏതെങ്കിലും കെട്ടിടം പൊളിക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?**

തൃശ്ശൂർ ചെമ്പൂച്ചിറ സ്കൂളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുകയും 24-12-2020-ന് പ്രസ്തുത പ്രവൃത്തി നിർത്തിവയ്ക്കുന്നതിന് ഉത്തരവിടുകയും ചെയ്തു. തുടർന്ന് 11-02-2021-ൽ എസ്.പി.വി. നിർത്തിവച്ച പ്രവൃത്തി പുനരാരംഭിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിച്ചു. ആയത് വിശദമായി പരിശോധിച്ചതിനുശേഷം, വിദഗ്ദ്ധ ഏജൻസികളുമായി കൂടിയാലോചിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 23-02-2021-ൽ നിർദ്ദേശം നൽകുകയും ചെയ്തു. അതിനു ശേഷം മാത്രമേ മറ്റ് പ്രവൃത്തികൾ ചെയ്യാവൂ എന്ന നിർദ്ദേശവും നൽകിയിരുന്നു. തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ വിദഗ്ദ്ധ അഭിപ്രായം കണക്കിലെടുത്ത് ബഹുമാനപ്പെട്ട എം.എൽ.എ.-യും ജില്ലാ പഞ്ചായത്ത് അധികൃതരെയും സ്കൂൾ അധികൃതരെയും അറിയിച്ചുകൊണ്ട്

കരാറുകാരന്റെ സ്വന്തം ചെലവിൽ പൊളിക്കൽ ജോലികൾ ആരംഭിച്ചുവെന്ന് 25-03-2022 -ൽ കിഫ്ബിയെ പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചു.

(സി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിർവ്വഹണ ഏജൻസികൾ നടപ്പിലാക്കേണ്ട ഗുണനിലവാര പരിശോധനയ്ക്കുപുറമെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ പണി ഗുണനിലവാരം പാലിച്ച് പുരോഗമിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. പോരായ്മകൾ കാണുകയാണെങ്കിൽ തിരുത്തൽ നടപടികൾക്കായി ഉടൻ തന്നെ ഫീൽഡ് ഒബ്സർവേഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സർവേഷൻ ഷീറ്റ്, ഒബ്സർവേഷൻ മെമ്മോ, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവയും എസ്.പി.വി.-യ്ക്ക് നൽകാറുണ്ട്. എസ്.പി.വി.-യിൽ നിന്നും തൃപ്തികരമായ മറുപടി ലഭിക്കുന്ന മുറയ്ക്ക്

ഒബ്സർവേഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സർവേഷൻ ഷീറ്റ്, ഒബ്സർവേഷൻ മെമ്മോ, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവ പിൻവലിക്കുന്നതാണ്. നിരന്തരമായി ഒബ്സർവേഷൻ മെമ്മോ കൊടുത്തിട്ടും പോരായ്മകൾ പരിഹരിക്കാത്ത പദ്ധതികൾ താത്കാലികമായി നിർത്തിവയ്ക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകുന്നുണ്ട്. കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തി ന്യൂനതകൾ പരിഹരിച്ചു എന്ന് ഉറപ്പുവരുത്തിയശേഷം നിർത്തിവച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്. കൂടാതെ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനകൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളെല്ലാം പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമേ അതത് ഭരണ വകുപ്പുകൾക്ക് കൈമാറാൻ പാടുള്ളൂവെന്ന് എസ്.പി.വി.-കൾക്ക് കിഫ്ബി നിർദേശം നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ വിലയിരുത്താൻ നിരന്തരമായി എസ്.പി.വി.-യിലെ ഉദ്യോഗസ്ഥരുമായി മീറ്റിംഗുകൾ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കിഫ്ബി നൽകി വരികയും ചെയ്യുന്നു.

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം

16(*196) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാൻ ബാധ്യതപ്പെട്ട ഉദ്യോഗസ്ഥർ നിരന്തരം തടസ്സങ്ങൾ സൃഷ്ടിച്ച് ബോർഡിന്റെ ദൈനംദിന പ്രവർത്തനം തടസ്സപ്പെടുത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഉദ്യോഗസ്ഥർ അച്ചടക്കം പാലിക്കുന്നതിനും മെച്ചപ്പെട്ട സേവനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(എ-സി) പരിശോധിച്ചിട്ടുണ്ട്. 23-12-2021-ന് ഉച്ചയ്ക്ക് വൈദ്യുതി ഭവനമുന്നിൽ വായ് മൂടിക്കെട്ടി പ്രതിഷേധിച്ച 34 പേർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്.

ഒരു വനിതാ എക്സിക്യൂട്ടീവ് എഞ്ചിനീയറെ സസ്പെൻഡ് ചെയ്ത നടപടിയിൽ പ്രതിഷേധിച്ച് 05-04-2022-ന് ഉച്ചയ്ക്ക് കെ.എസ്.ഇ.ബി ഓഫീസേഴ്സ് അസോസിയേഷൻ പ്രവർത്തകർ ബോർഡ് റൂമിലേക്ക് തള്ളിക്കയറിയതുമായി ബന്ധപ്പെട്ട് 20 പേർക്കെതിരെ അന്വേഷണം നടന്നു വരുന്നു. ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള അച്ചടക്ക നടപടി വിവരം അനുബന്ധമായി+ ചേർക്കുന്നു.

14-02-2022 മുതൽ 19-02-2022 വരെ കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു), കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ, കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി) എന്നീ സംഘടനകളടങ്ങുന്ന സംയുക്ത സമരസമിതിയുടെ പ്രതിഷേധ സമരം സംഘടിപ്പിക്കുകയുണ്ടായി.

+ അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഇലക്ട്രിസിറ്റി വർക്കർ/ഓഫീസ് അറ്റൻഡന്റ് മുതൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ/അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ വരെയുള്ള തസ്തികയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ അച്ചടക്കാധികാരി ചീഫ് എഞ്ചിനീയർ (HRM) ആണ്.

ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കുലറുകളും വിശിഷ്യ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമായിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും നിർദ്ദേശങ്ങളും ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ മേൽപ്രസ്താവിച്ച നിയമങ്ങളുടെയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിന്മേൽ അച്ചടക്കാധികാരിയുടെ അധികാരപരിധിയിൽ നിന്നു തന്നെ അച്ചടക്കനടപടി സ്വീകരിക്കാറുണ്ട്.

ബോർഡിനുകീഴിൽ ഏതുതരത്തിലുള്ള അച്ചടക്കലംഘനം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും KSEB Employees (CCA) Regulation, 1969 പ്രകാരവും MDP (Manual of Disciplinary Proceedings) പ്രകാരവും അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**വൈദ്യുതി ലൈനിൽ നിന്നുള്ള അപകടങ്ങൾ**

17 (*197) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. അബ്ദുൽ ഹമീദ്. പി:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊട്ടിവീഴുന്ന വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റുള്ള അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ സുരക്ഷ ഒരുക്കുന്നതിൽ വൈദ്യുതി ബോർഡിന് ഉണ്ടാകുന്നതായി പറയപ്പെടുന്ന വീഴ്ച പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) അപകടമരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് അർഹമായ സാമ്പത്തിക സഹായം നൽകുമോ?

(എ-സി) ഉണ്ട്. പൊട്ടി വീഴുന്ന വൈദ്യുതി ലൈനിൽനിന്നും ഷോക്കേറ്റുള്ള അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കാലവർഷക്കെടുതികൾ, ശക്തമായ കാറ്റ്, പ്രകൃതിക്ഷോഭം എന്നിവയുണ്ടാകുന്ന അവസരങ്ങളിൽ വൃക്ഷങ്ങൾ, വൃക്ഷശിഖിരങ്ങൾ എന്നിവ വൈദ്യുതി ലൈനിൽ വീഴുന്നതുമൂലവും, വൈദ്യുതി വിതരണ ലൈനുകൾക്ക് സമീപമുള്ളതും നിശ്ചിത അകലം പാലിക്കാത്തതുമായ വൃക്ഷങ്ങളുടെ

ശിഖരങ്ങൾ വൈദ്യുതി ലൈനുമായി സമ്പർക്കത്തിൽപ്പെട്ട് തേയ്മാനം/കേടുപാടുകൾ സംഭവിക്കുന്നതടക്കമുള്ള കാരണങ്ങളാൽ കമ്പികൾ പൊട്ടി നിലത്ത് വീഴുന്നതിൽനിന്നും വൈദ്യുതാഘാതമേറ്റ് പൊതുജനങ്ങൾക്ക് അപകടം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വൈദ്യുതി കമ്പി പൊട്ടിവീഴുമ്പോൾ സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന സംവിധാനമാണ് ഫലപ്രദമായിട്ടുള്ളത്. ഇതിനായി 11 കെ.വി. ലൈനുകളിൽ റിലേ സംവിധാനം ഉപയോഗിച്ചും ലോ ടെൻഷൻ വിതരണലൈനുകളിൽ ഫ്യൂസ് യൂണിറ്റുകൾ ഉപയോഗിച്ചുമാണ് നിലവിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ലോ ടെൻഷൻ ലൈനുകളിൽ മറ്റു സാങ്കേതികവിദ്യ നിലവിലുണ്ടെങ്കിലും ഉപയോഗിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടേറിയതാണ്.

ലോ ടെൻഷൻ ലൈനുകൾ പൊട്ടി വീഴുമ്പോൾ ചില സന്ദർഭങ്ങളിൽ ഫ്യൂസ് യൂണിറ്റ് പ്രവർത്തിക്കാതിരിക്കുകയും സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വൈദ്യുതി കമ്പി പൊട്ടി വീണ വിവരം കിട്ടുമ്പോൾ തന്നെ ജീവനക്കാർ എത്തി വൈദ്യുതി ബന്ധം വിച്ഛേദിക്കാറുണ്ട്. ലൈൻ പൊട്ടി വീണുകിടക്കുന്നപക്ഷം

അവമൂലമുണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട്ലൈൻ നമ്പർ (9496061061) ഏർപ്പെടുത്തിയും ഇക്കാര്യത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ചെയ്യുന്നുണ്ട്.

എൽ. ടി. ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്നതുവഴി ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ എൽ.ടി. ലൈനുകളിലും അടുത്ത ഒന്നര വർഷത്തിനുള്ളിൽ 2.23 കോടി സ്പേസറുകൾ സ്ഥാപിക്കുന്ന കർമ്മ പദ്ധതി KSEBL ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുവരെ 46.10 ലക്ഷം സ്പേസറുകൾ KSEBL സ്ഥാപിച്ചിട്ടുണ്ട്. ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ AAC കമ്പികൾ പൂർണമായും ഒഴിവാക്കി ACSR കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ ACSR കണ്ടക്ടർ മാറ്റി പുതിയ ACSR കമ്പികൾ സ്ഥാപിക്കുന്നതിനും KSEBL പ്രത്യേക ശ്രദ്ധ നൽകിവരുന്നു. ലൈനുകളുടെ നിർമ്മാണത്തിന് ഭൂഗർഭ കേബിളുകൾ, എബിസി കണ്ടക്ടർ,

കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും സ്പേസറുകൾ സ്ഥാപിച്ചും ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒരുപരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് KSEBL തീരുമാനിച്ചിരിക്കുന്നത്.

സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾവഴി സുരക്ഷയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്, സുരക്ഷാവബോധ പരസ്യങ്ങൾ തുടങ്ങിയവ ജനങ്ങളിൽ എത്തിക്കുന്നു. വൈദ്യുതി ലൈനിൽ പണിയെടുക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികളെക്കുറിച്ചുള്ള സുരക്ഷാ മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുരക്ഷാ നയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി ജീവനക്കാർക്കുവേണ്ടി സുരക്ഷാനയവുമായി ബന്ധപ്പെട്ട പരിശീലന ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

സുരക്ഷാ കാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിംഗ് പ്രവർത്തിച്ചുവരുന്നു.

സുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വിശദീകരണക്കുറിപ്പിൽ ചേർത്തിരിക്കുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്കുണ്ടാകുന്ന മാരകവും മാരകമല്ലാത്തതുമായ വൈദ്യുതാപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള 'വൈദ്യുതി സുരക്ഷാ പദ്ധതി' -യുടെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ സൂചിപ്പിക്കുന്ന ആശ്വാസ ധനസഹായം/നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്. ആയതിൻ പ്രകാരം അർഹമായ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും പൊട്ടി വീണ കമ്പികളിൽനിന്നും (ഉപഭോക്താവിന്റെ മീറ്റർ പോയിന്റ് വരെ) സംഭവിക്കുന്ന അപകടങ്ങളിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക്

'വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/ നഷ്ടപരിഹാരമായി പരമാവധി 10 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

2. അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കാതെയുള്ള പ്രവൃത്തികൾ എന്നിവമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ ആശ്രിതർക്ക് "വൈദ്യുതി സുരക്ഷാ പദ്ധതി" പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരമായി പരമാവധി രണ്ട് ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും മേൽ പട്ടിക (1), (2)-ൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങളാൽ സംഭവിക്കുന്ന മാരകമല്ലാത്ത അപകടങ്ങൾക്കും വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം അപകടം സംഭവിക്കുന്ന അവശതയ്ക്ക് ആനുപാതികമായി 2 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

ഇതിനുപുറമെ ഉയർന്ന തുക നഷ്ടപരിഹാരം ലഭിക്കുന്നതിലേയ്ക്കായി ബഹു. കോടതികളിൽ അപേക്ഷ സമർപ്പിക്കുന്ന സാഹചര്യങ്ങളിൽ കോടതി ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നഷ്ടപരിഹാരം നല്കുവാൻ ഉത്തരവ് ലഭ്യമാകുന്ന സാഹചര്യങ്ങളിൽ ടി ഉത്തരവ് പ്രകാരമുള്ള തുകയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു.

**രണ്ടാം കയർ പുന:സംഘടന**

18 (*198) ശ്രീമതി യു പ്രതിഭ:
ശ്രീ. വി. ജോയി:
ശ്രീ. എച്ച്. സലാം:
ഡോ. സുജിത് വിജയൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ രംഗത്ത് 2017-ൽ ആരംഭിച്ച രണ്ടാം കയർ പുന:സംഘടനയുടെ ഫലമായുണ്ടായ ഉണർവ് നിലനിർത്താനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ

ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് ആരംഭിച്ച കയർ രണ്ടാം പുനഃസംഘടന 2021-22 വർഷത്തിൽ പൂർത്തിയായെങ്കിലും പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. സമ്പൂർണ്ണ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ പദ്ധതികാലത്ത് സ്ഥാപിക്കപ്പെട്ടു. 500 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾകൂടി സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു. 8000 മുതൽ 100000 തൊണ്ട് വരെ ചകിരിയാക്കാൻ കഴിയുന്ന 128 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിന് ആവശ്യമായ ചകിരിയുടെ 48% കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്നവയാണ്. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് 90%, സ്വകാര്യ സംരഭകർക്ക് 50% (പരാമവധി 25 ലക്ഷം രൂപ) സബ്സിഡി നൽകി പരമാവധി സംരഭകരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിന് പ്രോൽസാഹനം നൽകിവരുന്നു. ഉൽപ്പന്ന മേഖലയിലെ സംഘങ്ങളെ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ച് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി

ആലപ്പുഴ ജില്ലയിലെ ചെറുവാരണം സി.എം. & എം.സി.എസ്. 989-ൽ 6 ലൂമുകൾ സ്ഥാപിക്കപ്പെട്ടു. യന്ത്രവൽക്കരണത്തിന്റെ ഫലമായി ചകിരി, കയർ എന്നിവയുടെ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തുന്നതിനും തൊഴിലാളികളുടെ വാർഷിക വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഉൽപ്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷനുമായി ചേർന്ന് നടപ്പാക്കിയ കയർ ഭൂവസ്ത്ര പദ്ധതി നിലവിൽ വിജയകരമായി തുടർന്നുവരുന്നു. കയർ ഉൽപ്പാദനം വർദ്ധിച്ച തോതിൽ നടക്കുന്ന പ്രോജക്ടുകളിൽ ഒരു തൊഴിലാളിയുടെ വാർഷിക വരുമാനം 2021-22-ൽ 50000 രൂപയിലേക്ക് ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്. കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും ആഭ്യന്തര വിപണി വിപുലീകരണം ലക്ഷ്യമിട്ടാണ് അന്തർ ദേശീയ പ്രദർശന മേളയായ "കയർ കേരള" സംഘടിപ്പിച്ചുവരുന്നത്. വിപണി വിപുലീകരണം ലക്ഷ്യമിട്ട് വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ ഉൽപ്പന്നങ്ങളെ വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു.

(ബി) കയർഫെഡിന്റെ വിറ്റുവരവിൽ റെക്കോർഡ് വർദ്ധനവുണ്ടാക്കാനായിട്ടുണ്ടെങ്കിലും പര്യാപ്തമായ തോതിൽ ഓർഡർ ഇല്ലാത്തതും ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതും കയർ സംഘങ്ങളെയും ചെറുകിട ഉല്പാദകരെയും പ്രതിസന്ധിയിലാക്കിയിരിക്കുന്നത് പരിഹരിക്കുന്നതിനും തൊണ്ടിന്റെ ലഭ്യത ആവശ്യാനുസരണം ഉറപ്പാക്കുന്നതിനും ഇടപെടൽ ഉണ്ടാകുമോ?

അന്യസംസ്ഥാന കയറിന്റെ വിലയുമായുള്ള അന്തരം നിമിത്തം കയർ സ്റ്റോക്ക് ഇരിക്കുന്ന സാഹചര്യം കയർഫെഡിൽ നിലവിലുണ്ട്. ഇത് മറികടക്കുന്നതിനായി വൈക്കം കയറിന് നിലവിൽ അനുവദിച്ച് നൽകിയിരിക്കുന്ന 10% ഡിസ്കൗണ്ട് 20% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 10% ഡിസ്കൗണ്ട് നൽകി വരുന്നുണ്ട്. സ്പോട്ട് പേമെന്റ് നടത്തി ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 5% അധിക ഡിസ്കൗണ്ടും പ്രോത്സാഹനമായി നൽകി വരുന്നു. തൊണ്ടിന്റെ ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ

മേഖലകളിൽ ന്യായവിലയ്ക്ക് തൊണ്ട് ലഭ്യമാക്കുന്നതിനായി ആലപ്പുഴ, വൈക്കം എന്നിവിടങ്ങളിൽ കയർ കൺസോർഷ്യം പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്. കേരളത്തിന്റെ വടക്കൻ മേഖലകളിൽ കൂടുതൽ തൊണ്ട് ലഭ്യമാകുന്നതിനാൽ ഈ മേഖലകളിൽ കൂടുതൽ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നൽകികൊണ്ട് സ്വകാര്യ സംരഭകരെ ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കയർ മേഖലയിലെ പ്രതിസന്ധി പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ?

കയർ മേഖലയിലെ നിലവിലുള്ള പ്രശ്നങ്ങൾ പഠിച്ച് അടിയന്തര പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനായി കയർ മേഖലയിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിക്കുന്ന വിഷയം പരിഗണനയിലുണ്ട്.

**പെട്രോ കെമിക്കൽ പാർക്ക്**

19 (*199) <u>ശ്രീ. പി. വി. ശ്രീനിജിൻ:</u>
<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u>
<u>ശ്രീ. എം. എം. മണി:</u>

<u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) പതിനായിരം കോടി രൂപയുടെ നിക്ഷേപവും പതിനൊന്നായിരത്തിലധികം തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ?

അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കൊച്ചി ബി.പി.സി.എൽ. വിൽക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം ആ സ്ഥാപനം മുഖ്യ നിക്ഷേപകരായി ആവിഷ്കരിച്ചിട്ടുള്ള പെട്രോ കെമിക്കൽ പാർക്കിനെ ഏത് തരത്തിൽ ബാധിക്കാനിടയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പെട്രോ കെമിക്കൽ വ്യവസായങ്ങളുടെ അസംസ്കൃത വസ്തുക്കളുടെ നിർമ്മാണം ലക്ഷ്യമിട്ടുകൊണ്ട് 2019-ൽ തറക്കല്ലിട്ട പതിനൊന്നായിരത്തി ഒരുനൂറ്റി മുപ്പതു കോടി രൂപയുടെ പോളിയോൾസ് പദ്ധതിയിൽ നിന്ന്

ബി.പി.സി.എൽ. പിന്മാറിയത് പെട്രോ കെമിക്കൽ പാർക്കിനെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; വിശദമാക്കാമോ?

(ബി & സി) കൊച്ചി ബി.പി.സി.എൽ.-ൽ നിന്നും ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ (Feed Stock) പെട്രോ കെമിക്കൽ പാർക്കിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് കിൻഫ്രയും ബി.പി.സി.എൽ.-ഉം തമ്മിൽ ഒരു ധാരണയിലെത്തിയിട്ടുണ്ട്. ഇതുപ്രകാരം അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനും ആവശ്യമായ സംരംഭകരെ കണ്ടെത്തുന്നതിനും തടസ്സമുണ്ടാകില്ലെന്ന് കരുതുന്നു. നിലവിൽ തന്നെ ബി.പി.സി.എൽ. കൂടാതെ 35 സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ബി.പി.സി.എൽ. വിൽക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം പെട്രോ കെമിക്കൽ പാർക്കിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്ന് കരുതുന്നില്ല.

M/s. ബി.പി.സി.എൽ. നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്ന പോളിയോൾസ് പദ്ധതി ഉപേക്ഷിക്കുന്നതിന് ബി.പി.സി.എൽ. ബോർഡ് എടുത്ത തീരുമാനം റദ്ദാക്കണമെന്നും ടി പദ്ധതി തുടരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട

പ്രധാനമന്ത്രിക്ക് 20-02-2022-ൽ കത്ത് അയച്ചിട്ടുണ്ട്. എന്നാൽ പോളിയോൾസ് പദ്ധതിക്ക് പകരമായി പോളിപ്രൊപ്പിലിൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി ബി.പി.സി.എൽ. അറിയിച്ചിട്ടുള്ളതും ടി പദ്ധതി പെട്രോ കെമിക്കൽ പാർക്കിലെ സംരംഭങ്ങൾക്ക് കൂടുതൽ പ്രയോജനകരമാണെന്നും അറിയിച്ചിട്ടുണ്ട്.

## കേരള ബാങ്ക് - ബി ദ നമ്പർ വൺ കാമ്പയിൻ

20 (*200) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ഡി. പ്രസേനൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കായി മാറ്റുന്നതിന്റെ ഭാഗമായി ആരംഭിച്ച ബി ദ നമ്പർ വൺ ക്യാമ്പയിനിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കോവിഡ് അതിവ്യാപനംമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി ബാങ്കിംഗ് മേഖലയെ പൊതുവായും കേരള ബാങ്കിനെ പ്രതികൂലമായും

ബാധിക്കുന്ന സാഹചര്യത്തിലാണ് കേരള ബാങ്ക് 'ബി ദ നമ്പർ വൺ ക്യാമ്പയിൻ' ആരംഭിക്കാൻ തീരുമാനിച്ചത്. കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്കിലെ 769 ശാഖകളിലെയും സി.പി.സി.-കളിലെയും റീജിയണൽ ആഫീസുകളിലെയും ഹെഡ് ആഫീസിലെയും ഏരിയ മാനേജർമാർ, മുഴുവൻ ജീവനക്കാർ, ഭരണസമിതിയംഗങ്ങൾ എന്നിവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച ടി ക്യാമ്പയിൻ പ്രവർത്തന മികവുകൊണ്ട് ശ്രദ്ധേയമായി. 2021 ഡിസംബർ 1 മുതൽ 2022 മാർച്ച് 31 വരെ 4 മാസം നീണ്ടുനിന്ന ക്യാമ്പയിൻ ബാങ്കിന്റെ ബിസിനസ് വളർച്ചയിൽ ഗണ്യമായ പങ്കുവഹിച്ചു. ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും, NPA കുറയ്ക്കുന്നതിനും ബിസിനസ് വളർച്ച കൈവരിക്കുന്നതിനും വായ്പാ വിതരണത്തിലും നിക്ഷേപം സ്വീകരിക്കുന്നതിലും CASA നിക്ഷേപത്തിലും ഗണ്യമായ വർദ്ധനവുണ്ടാക്കുന്നതിനും സാധിച്ചു.

1. <u>നിഷ്ക്രിയ ആസ്തിയിലുള്ള കുറവ്</u>: 30-11-2021-ൽ നിഷ്ക്രിയ ആസ്തി 11,394.64 കോടി രൂപ ആയിരുന്നത് 31-03-2022-ൽ 5,466.59

കോടി രൂപയായി കുറയ്ക്കുന്നതിന് സാധിച്ചു. 4 മാസം കൊണ്ട് NPA-യിൽ 5928.09 കോടി രൂപയുടെ കുറവ് വരുത്തുന്നതിന് സാധിച്ചു. 27.93%-ത്തിൽ നിന്നും 13.35% ആയി കുറയ്ക്കുന്നതിന് സാധിച്ചു.

2. ബിസിനസ് വളർച്ച (നിക്ഷേപവും വായ്പയും): ആകെ ബിസിനസ് 4 മാസം കൊണ്ട് 1,08,822.33 കോടി രൂപയിൽ നിന്നും 1,10,857.16 കോടി രൂപയായി ഉയർന്നു. 4 മാസത്തെ ബിസിനസ് വളർച്ച 2034.83 കോടി രൂപയും, ബാങ്ക് കൈവരിച്ച ആകെ ബിസിനസ് നേട്ടത്തിന്റെ 70%-വും ഈ കാലയളവിൽ നേടിയതാണ്.

3. നിക്ഷേപ വർദ്ധനവ്: 30-11-2021-ൽ 68,022.35 കോടി രൂപ ആയിരുന്ന നിക്ഷേപം 31-03-2022-ൽ 69,940.84 കോടി രൂപയായി ഉയർന്നു. ടി 4 മാസത്തെ നിക്ഷേപ വളർച്ച 1,918.49 കോടി രൂപയാണ്.

4. വായ്പാ വർദ്ധനവ്: 30-11-2021-ൽ 40,799.98 കോടി രൂപയായിരുന്നത് 31-03-2022-ൽ 40,950.04 കോടി രൂപയായി ഉയർന്നു. വായ്പാ വർദ്ധനവ് 150.06 കോടി രൂപയാണ്.

5. ഗോൾഡ് ലോൺ: 30-11-2021-ൽ 4,232.18 കോടി രൂപയായിരുന്നത് 31-3-2022-ൽ 4,765.39 കോടി രൂപയായി ഉയർന്നു. ടി വായ്പയിൽ 533.21 കോടി രൂപയുടെ വർദ്ധനവുണ്ടായി.

6. CASA നിക്ഷേപം(തുകയും, എണ്ണവും): 30-11-2021-ൽ 7,166.13 കോടി രൂപയായിരുന്ന ടി നിക്ഷേപം 31-03-2022-ൽ 9,856.61 കോടി രൂപയായി ഉയർന്നു. 4 മാസത്തിൽ ടി നിക്ഷേപത്തിന്റെ വളർച്ച 2,690.48 കോടി രൂപയാണ്.

7. ടി നിക്ഷേപത്തിന്റെ എണ്ണം 31-11-2021-ൽ 49,54,090 ആയിരുന്നത് 31-03-2022-ൽ 50,80,364 ആയി ഉയർന്നു. 4 മാസം കൊണ്ട് 1,26,274 എണ്ണത്തിന്റെ വർദ്ധനവുണ്ടായി.

പൊതുജനങ്ങളിൽ ബാങ്കിന്റെ ഇമേജ് വദ്ധിപ്പിക്കുന്നതിനായി ഇടപെടലുകൾ/വികസന പ്രവർത്തനങ്ങൾ: എല്ലാ ജില്ലകളിലും ലോൺ മേളകൾ, കസ്റ്റമർ മീറ്റ്, NPA കുറയ്ക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ, ഒരു ദിവസം കൊണ്ട് പരമാവധി അക്കൗണ്ട് സ്വരൂപിക്കുന്നതിന് CASA Day തുടങ്ങി വിപുലമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

രോഗികളും നിരാലംബരും, തിരിച്ചടവിന് നിവൃത്തിയില്ലാത്തവരുമായ കുടിശ്ശികക്കാരുടെ വായ്പ, കേരള ബാങ്ക് ജീവനക്കാരും ഭരണസമിതിയും മുൻകയ്യെടുത്ത് ബാദ്ധ്യത തീർത്ത് പ്രമാണം തിരികെ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരള ബാങ്ക് രൂപീകരണത്തിനുശേഷം നിഷ്ക്രിയ ആസ്തി കുറയ്ക്കൽ, ബിസിനസ്സ് നിക്ഷേപം, അക്കൗണ്ടുകളുടെ എണ്ണം, വായ്പ തുടങ്ങിയ മേഖലകളിൽ എത്രത്തോളം വളർച്ചയുണ്ടായിട്ടുണ്ട്; ഇത് സംസ്ഥാനത്തെ ജനങ്ങൾക്ക് എത്രത്തോളം ഉപകാരപ്രദമായിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

കേരള ബാങ്ക് രൂപീകരണത്തിനുശേഷം നിഷ്ക്രിയ ആസ്തി കുറയ്ക്കൽ, ബിസിനസ് നിക്ഷേപം, അക്കൗണ്ടുകളുടെ എണ്ണം, വായ്പ തുടങ്ങിയ മേഖലകളിൽ വളർച്ചയുണ്ടായിട്ടുണ്ട്. ആദ്യ സാമ്പത്തിക വർഷമായ 31-03-2020-ൽ നിന്നും 31-03-2022-ൽ ബാങ്കിന്റെ സാമ്പത്തിക പുരോഗതി ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| | | 31-3-2020 | 31-3-2022 |
|---|---|---|---|
| നിക്ഷേപം | | 61,307.59 | 69,940.84 |
| വായ്പ | | 40,156.81 | 40,950.04 |
| ആകെ ബിസിനസ് | | 1,01,194.40 | 1,10,857.16 |
| NPA | Gross Amt. | 6,126.55 | 5,466.55 |
| | Net Amt. | 4,547.59 | 3,691.27 |
| | Gross % | 15.26 | 13.35 |
| | Net% | 11.79 | 9.01 |

സംസ്ഥാന സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ബാങ്കിന്റെ സെറ്റിൽമെന്റ്, SARFAESI, ആർബിട്രേഷൻ നടപടികൾ എന്നിവയിലൂടെ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 31-03-2022-ൽ 13.35% ആയി കുറഞ്ഞിട്ടുണ്ട് (5466.55 കോടി). അറ്റ നിഷ്ക്രിയ ആസ്തി 31-3-2020-ലെ 11.79%-ത്തിൽ നിന്നും 31-03-2022-ൽ 9.01% ആയി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനായി ബാങ്കിന്റെ റിക്കവറി മാനേജ്മെന്റ് പോളിസിയും, സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവയുടെ

വ്യത്യസ്ത ആനുകൂല്യങ്ങൾ നൽകുക വഴി സംസ്ഥാനത്തെ ജനങ്ങൾക്ക് ഉയർന്ന തലത്തിൽ ആശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ബാങ്ക് നടപ്പിലാക്കി വരുന്ന നിക്ഷേപ വായ്പാ പദ്ധതികൾ സ്കൂൾ വിദ്യാർത്ഥികൾ മുതലുള്ളവരുടെ ചെറുത് മുതൽ വലുതുവരെയുള്ള നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനും വിവിധ ഇനങ്ങളായ വായ്പാ പദ്ധതികൾ വഴി സാധാരണക്കാർ, കൃഷിക്കാർ, കച്ചവടക്കാർ, വ്യപാരികൾ, വ്യവസായികൾ, പ്രവാസികൾ തുടങ്ങി എല്ലാ മേഖലകളിലുള്ളവർക്കും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും തൊഴിൽ മേഖല പുഷ്ടിപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്.

## പൊതുമേഖല സ്ഥാപനങ്ങളുടെ ആധുനികവൽക്കരണം

21 (*201) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ഉല്പന്ന വൈവിധ്യവൽക്കരണം, സാങ്കേതികവിദ്യയുടെ ആധുനികവൽക്കരണം എന്നിവയിലൂടെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുമേഖല സ്ഥാപനങ്ങളുടെ ഉല്പന്ന വൈവിധ്യവൽക്കരണം, ആധുനികവൽക്കരണം എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തന വിപുലീകരണം, ഉല്പന്ന വൈവിധ്യവൽക്കരണം, ആധുനികവൽക്കരണം എന്നിവയ്ക്കായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയുണ്ടായി.
- സാങ്കേതിക മേഖലകളിലും ബിസിനസ് മേഖലകളിലും മാറി വരുന്ന സാഹചര്യങ്ങൾക്കനുസൃതമായി ഉത്പാദന സൗകര്യങ്ങൾ

വിപുലീകരിച്ച് ഉത്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെയും വിപണന സാധ്യതയുള്ള ഉത്പന്നങ്ങൾ പുതിയതായി നിർമ്മിക്കുന്നതിന്റെയും ആവശ്യകതയും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക രംഗത്തുൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് അടുത്ത പത്തുവർഷ കാലയളവിലെ പ്രവർത്തനങ്ങൾ മുന്നിൽക്കണ്ട് ഓരോ പൊതുമേഖലാ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്കരണ, വിപുലീകരണ, വൈവിദ്ധ്യവത്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.

•മാസ്റ്റർ പ്ലാനിന്റെ ഭാഗമായി സമർപ്പിച്ചിട്ടുള്ള അതത് പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും നിലവിലെ ഉല്പന്നങ്ങളുടെ ഭാവി വിപണന സാധ്യതകൾ വിലയിരുത്തി വിപുലീകരണ പദ്ധതികളും കൂടുതൽ വിപണന സാധ്യതകളുള്ള നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളിന്മേൽ കമ്പനികൾക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിനായും, വ്യവസായ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ടെക്നിക്കൽ, പ്രോജക്ട്

എക്സിക്യൂഷൻ, ഫിനാൻസ് മേഖലകളിൽ പ്രാവീണ്യമുള്ള വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് റിയാബിന്റെ നിയന്ത്രണത്തിൽ ഒരു സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പ് 01-01-2022-ലെ സ.ഉ.(സാധാ)നം.1/2022/വ്യവ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

•മാസ്റ്റർപ്ലാൻ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ടെക്നിക്കൽ കോ-ഓർഡിനേഷൻ ചുമതല നിർവ്വഹിക്കുന്നതിനുമായി പ്രസ്തുത എക്സ്പെർട്ട് ഗ്രൂപ്പിന്റെ അഡ്വൈസറായി ഒരു വിദഗ്ധനെയും റിയാബിന്റെ ഭാഗമായി നിയോഗിച്ചിട്ടുണ്ട്.

•സെക്ടറൽ എക്സ്പെർട്ട് ഗ്രൂപ്പ് കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ വിലയിരുത്തി വരുന്നു.

(സി) സാങ്കേതികവിദ്യ, വിപണനം എന്നീ കാര്യങ്ങളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലുമുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ പല പൊതുമേഖല സ്ഥാപനങ്ങളും ദേശീയ അംഗീകാരമുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചു പ്രവർത്തിച്ചുവരുന്നു. കൂടാതെ സാങ്കേതിക രംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് സ്ഥാപനങ്ങൾ കൂടുതൽ മത്സരക്ഷമമാകേണ്ടതിന്റെ ആവശ്യകത ഉൾക്കൊണ്ടുകൊണ്ട് ഉൽപാദന വിപണന സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാൻ ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവൽകരണ, വൈവിധ്യവൽകരണ പദ്ധതികൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിന് സാങ്കേതിക സഹായം നൽകുന്നതിനായി ടെക്നിക്കൽ, പ്രോജക്ട് എക്സിക്യൂഷൻ, ഫിനാൻസ് മേഖലകളിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ഉന്നത നിലവാരമുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശങ്ങളും മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിനായി ചുവടെ പറയുന്ന നടപടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

- •വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും അവലോകനം ചെയ്ത് വരുന്നുണ്ട്.
- •പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖല സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേകം അവലോകനം ചെയ്തുവരുന്നു.
- •പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനായി അതാത് മേഖലയിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

•പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിന്റെ ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

•വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ മേൽനോട്ടത്തിനായി ഓൺലൈൻ വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

•വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തി വരുന്നു.

•പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**സൗരോർജ്ജ മേഖലയിലെ സംരംഭകർക്കായി പദ്ധതികൾ**

22(*202) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. പി. എസ്. സുപാൽ:</u>

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ മേഖലയിലെ സംരംഭകർക്കായി പദ്ധതികൾ വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് സൗരോർജ്ജ മേഖലയിലെ സംരംഭകർക്കായി പദ്ധതികൾ വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന 'പി.എം.കുസും പദ്ധതി', 'സൗര' തുടങ്ങിയ പദ്ധതികളെല്ലാം സൗരോർജ്ജ മേഖലയിലെ സംരംഭകർക്ക് പങ്കെടുക്കാൻ ഉതകുന്ന പദ്ധതികളാണ്.

(ബി) സൗരോർജ്ജ മേഖലയിലെ സംരംഭകർക്കായി അനെർട്ട് വഴി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

സൗരോർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ

ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഊർജ്ജമിത്ര കേന്ദ്രങ്ങളിലെ ടെക്നീഷ്യന്മാർക്കും, സംരംഭകർക്കും പ്രത്യേക പരിശീലന പരിപാടികൾ അനെർട്ട് നല്കിവരുന്നു.

പുതിയ സംരംഭകർക്കായി സൗരോർജ്ജ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക വിവരങ്ങളും, എം.എസ്.എം.ഇ., ബാങ്കിംഗ് എന്നീ മേഖലയുമായി ബന്ധപ്പെട്ട വിവരങ്ങളും ഉൾപ്പെടുത്തി അനെർട്ട് 103 പേർക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. വിപുലമായ പരിശീലന പരിപാടി തുടർന്നും സംഘടിപ്പിക്കുന്നതാണ്. സൗരോർജ്ജ മേഖലയിലെ സംരംഭകർക്കായി പ്രത്യേക ബിസിനസ്സ് മീറ്റ് സംഘടിപ്പിക്കുന്നതിനും അനെർട്ട് ലക്ഷ്യമിടുന്നു.

(സി) ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടെ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡിയോടെ പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവരെ ഈ പദ്ധതിയിൽ

ആകെ 20 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചുകഴിഞ്ഞു. കാലതാമസം ഒഴിവാക്കുന്നതിനും, സുതാര്യത ഉറപ്പിക്കുന്നതിനുംവേണ്ടി ഉപഭോക്താക്കൾ ഈ പദ്ധതിക്കുള്ള അപേക്ഷ സമർപ്പിക്കുന്നതുമുതൽ പ്ലാന്റ് സ്ഥാപിക്കുന്നതുവരെയുള്ള എല്ലാ നടപടിക്രമങ്ങളും നിർവ്വഹിക്കുന്നതിന് 'ബൈ മൈ സൺ' എന്ന ഓൺലൈൻ പോർട്ടൽ അനെർട്ട് സജ്ജമാക്കിയിട്ടുണ്ട്.

(ഡി) ജനങ്ങളെ കൂടുതലായി സൗരോർജ്ജ പദ്ധതികളിലേക്ക് ആകർഷിക്കാനായി വിപുലമായ പ്രചാരണ പരിപാടി തയാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ജനങ്ങളെ കൂടുതലായി സൗരോർജ്ജ പദ്ധതിയിലേക്ക് ആകർഷിക്കാനായി വിപുലമായ പ്രചാരണ പരിപാടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, അനെർട്ട് എന്നീ സ്ഥാപനങ്ങൾ മുഖേന തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ജനപങ്കാളിത്തം ഉറപ്പാക്കാനും കൂടുതൽ പേരെ ഇതിലേക്ക് ആകർഷിക്കാനുമായി കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലും പലതവണ രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. സമൂഹമാധ്യമങ്ങൾ വഴിയും പത്ര മാധ്യമങ്ങളിലൂടെയും

'സൗര' പുരപ്പുറ പദ്ധതിയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സൗരോർജ്ജ പദ്ധതിയെക്കുറിച്ച് ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കുമിടയിൽ വ്യാപകമായ ആശയ പ്രചാരണം നടത്തുന്നതിനായി ചുവടെ ചേർക്കുന്ന പ്രചരണ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

1) കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഓഫീസുകളിലും പൊതുജനങ്ങൾ നിരന്തരം ബന്ധപ്പെടുന്ന സർക്കാർ ഓഫീസുകളിലും പതിപ്പിക്കുന്നതിനായി 'സൗര' പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങുന്ന ഒരു ഡബിൾ ഡമ്മി പോസ്റ്റർ തയ്യാറാക്കി നൽകിയിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കിടയിൽ എത്തിക്കുന്നതിന് ബ്രോഷറുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്.

2) എഫ്.എം. ചാനലുകൾ വഴി മൂന്ന് മാസം സൗര പദ്ധതിയെക്കുറിച്ച് റേഡിയോ പരസ്യങ്ങൾ തുടർച്ചയായി നൽകിക്കഴിഞ്ഞു.

3) സൗര പദ്ധതിയുടെ വിവിധ വശങ്ങൾ അടങ്ങിയ പരസ്യചിത്രം ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയെ ഉൾക്കൊള്ളിച്ചുകൊണ്ട്

ചിത്രീകരിക്കുകയും അത് കെ.എസ്.ഇ.ബി.എൽ.-ന്റെ വിവിധ ഔദ്യോഗിക പരിപാടികളിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

4) കാർട്ടൂൺ അക്കാഡമിയുമായി ചേർന്ന് സൗരപദ്ധതിയുടെ ആശയം ഉൾക്കൊള്ളുന്ന കാർട്ടൂണുകൾ സൃഷ്ടിക്കുന്നതിന് ഒരു ക്യാമ്പ് സംഘടിപ്പിക്കുകയും അത്തരത്തിൽ ലഭിച്ച കാർട്ടൂണുകളുടെ പൊതു പ്രദർശനവും സോഷ്യൽ മീഡിയ വഴിയുള്ള പ്രദർശനവും നടത്തുവാൻ തീരുമാനിച്ചിരിക്കുകയുമാണ്.

ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി നടപ്പാക്കുന്നതിന് 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിനും അനെർട്ട് നടത്തിവരുന്നു. സന്നദ്ധസംഘടനകൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഊർജ്ജമിത്ര സംരംഭകർ, റസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകൾ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ എന്നിവരിൽ നിന്ന് ക്യാമ്പയിൻ പാർട്ട്ണർ ആകുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിക്കുകയും 170 പേരെ സൗരോർജ്ജ പദ്ധതികളുടെ പ്രചാരണത്തിനുള്ള ക്യാമ്പയിൻ പാർട്ട്ണറായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇവർ മുഖേന

വിവിധ ബോധവൽക്കരണ പരിപാടികളും പദ്ധതിയിലേക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സ്പോട്ട് രജിസ്ട്രേഷനും സംഘടിപ്പിച്ചുവരുന്നു.

സൗരോർജ്ജ പദ്ധതികളെ സംബന്ധിച്ച് പത്ര മാധ്യമങ്ങൾ, ടെലിവിഷൻ ചാനലുകൾ, എഫ്.എം. റേഡിയോകൾ എന്നിവ മുഖേനയുള്ള പ്രചാരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രധാന നഗരങ്ങൾ, പ്രധാന ഓഫീസുകൾ എന്നിവ കേന്ദ്രീകരിച്ചും പ്രത്യേക പ്രചാരണ പരിപാടികൾ നടപ്പിലാക്കി വരുന്നു.

## ഇടുക്കിയിൽ രണ്ടാമത്തെ ജലവൈദ്യുത നിലയം

23(*203) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ രണ്ടാമത്തെ ജലവൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇടുക്കി രണ്ടാമത്തെ ജല വൈദ്യുത നിലയം (ഇടുക്കി ഗോൾഡൻ ജൂബിലി എക്സ്റ്റൻഷൻ സ്കീം) സ്ഥാപിക്കുന്നതിനുള്ള വിശദമായ പ്രോജക്റ്റ്

റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തികൾ കേന്ദ്ര ജലകമ്മീഷന് കീഴിലുള്ള വാപ്കോസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനം മുഖേനയാണ് പുരോഗമിക്കുന്നത്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ്ധ സമിതിയുടെ 31-05-2022-ൽ കൂടിയ യോഗത്തിൽ പദ്ധതിക്ക് ഒന്നാം ഘട്ട പാരിസ്ഥിതിക അനുമതി നിബന്ധനകളോടുകൂടി നല്കാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് ശിപാർശ ചെയ്തു.

(ബി) പദ്ധതി ആരംഭിക്കുന്നതിനായി ഇനി ഏതെല്ലാം ഏജൻസികളുടെ അംഗീകാരം ആവശ്യമാണെന്ന് അറിയിക്കാമോ; അവ എന്നത്തേയ്ക്ക് ലഭ്യമാകുമെന്നാണ് കണക്കാക്കുന്നത്; ആയതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പദ്ധതി ആരംഭിക്കാൻ കേന്ദ്ര ഇലക്ട്രിസിറ്റി ആതോറിറ്റിയുടെയും (CEA), കേന്ദ്ര ജല കമ്മീഷന്റെയും (CWC) 24 ക്ലിയറൻസും കൂടാതെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 4 ക്ലിയറൻസും ലഭിക്കേണ്ടതായുണ്ട്. കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെയും കേന്ദ്ര ജലകമ്മീഷന്റെയും അനുമതി ലഭ്യമാക്കുന്നതിന് മുന്നോടിയായി പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട്

മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി Environment Impact Assessment (E I A) നോട്ടിഫിക്കേഷൻ 2006 പ്രകാരം അപേക്ഷയും നൽകിയിട്ടുണ്ട്. CEA/CWC അനുമതികൾ 2022 നവംബർ-ഓട്ടുകൂടിയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതികൾ 2023 ഒക്ടോബറോടുകൂടിയും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന വൈദ്യുതിയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്, 800 MW.

(ഡി) ഒന്നാം ഘട്ടം സ്ഥാപിച്ച് 50 വർഷത്തിലധികമായ സാഹചര്യത്തിൽ രണ്ടാം ഘട്ടത്തിലൂടെയുള്ള ഉല്പാദനം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ?

പദ്ധതി എത്രയുംവേഗം നടപ്പാക്കാനുള്ള നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തലത്തിലും ഗവണ്മെന്റ് തലത്തിലും സ്വീകരിച്ചിട്ടുണ്ട്.

## ധനകാര്യ മാനേജ്മെന്റ്

24(*204) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് നിർദ്ദേശപ്രകാരം സാമ്പത്തിക വിദഗ്ദ്ധർ തയ്യാറാക്കിയ ലേഖനത്തിൽ കടബാധ്യതകൾ വർദ്ധിക്കുന്ന കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ശ്രീലങ്കയുടെ സാമ്പത്തിക തകർച്ച ചൂണ്ടിക്കാട്ടി മുന്നറിയിപ്പ് നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

റിസർവ് ബാങ്കിന്റെ 2022 ജൂൺ മാസത്തെ ബുള്ളറ്റിനിൽ State Finances: A Risk Analysis എന്ന പേരിൽ ഒരു article ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീലങ്കൻ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ Public Debt Sustainability-യുടെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്ന പ്രസ്തുത ലേഖനത്തിന്റെ അടിക്കുറിപ്പിൽ ലേഖനത്തിലെ അഭിപ്രായങ്ങൾ റിസർവ് ബാങ്കിന്റേതല്ലായെന്നും Authors-ന്റേതാണെന്നും

വ്യക്തമാക്കിയിട്ടുണ്ട്. മേൽ article-ൽ highly stressed സംസ്ഥാനങ്ങളുടെ അഞ്ചംഗ പട്ടികയിൽ ബീഹാർ, പഞ്ചാബ്, രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവരോടൊപ്പം കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായും Debt-GSDP അനുപാതം, GFD/GSDP അനുപാതം, Interest Payment (IP)- Revenue Receipt (RR) അനുപാതം എന്നീ സാമ്പത്തിക സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഒരു തുടർച്ചയാണ്. ഇക്കാര്യത്തിൽ മുൻ വർഷങ്ങളിലെ ഈ ഇനത്തിലെ വർദ്ധനവ് പ്രസക്തമാണ്. 2010-11-ൽ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 78673 കോടി രൂപയായിരുന്നത് 5 വർഷം കൊണ്ട് 100 ശതമാനത്തിനുമേൽ വർദ്ധിച്ച് 157370 കോടി രൂപയായി. ടി കാലയളവിലെ RD/GSDP, FD/ GSDP ശരാശരി യഥാക്രമം 2.26% -ഉം 3.54% -ഉം ആയിരുന്നു. അതിന് മുമ്പുള്ള അഞ്ച് വർഷത്തെ ശരാശരി 1.83% -ഉം 3.04%-ഉം ആയിരുന്ന സ്ഥാനത്താണ് ഗണ്യമായ വർദ്ധനവ് 2011-16 കാലയളവിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ പ്രളയം അടക്കമുള്ള പ്രകൃതി ദുരന്തങ്ങളും കോവിഡ്-19 മഹാമാരി മൂലമുള്ള പ്രതിസന്ധിയുമുണ്ടായിട്ടും മൊത്തം കടബാദ്ധ്യതയിലെ വർദ്ധനവ്

2020-21ൽ 2015-16നെ അപേക്ഷിച്ച് 88.66% -ൽ പരിമിതപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിഗമനങ്ങൾക്ക് ആധാരമാക്കിയിട്ടുള്ള കണക്കുകളിൽ 2019-20-ഉം 2020-21-ഉം ഉൾപ്പെടും. ടി കാലയളവ് കോവിഡ്-19 മൂലം വളർച്ച മുരടിക്കുകയോ negative growth രേഖപ്പെടുത്തിയതോ ആയ സമയമാണ്. അത്തരമൊരു കാലയളവിലെ Debt-GSDP അനുപാതം കണക്കിലെടുത്ത് അനുമാനങ്ങളിലെത്തുന്നത് എത്രത്തോളം യുക്തിസഹമാണെന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

കോവിഡിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കുള്ള കടമെടുപ്പ് പരിധി വർദ്ധിപ്പിച്ച് നൽകിയ 2020-21-ലെയും 2021-22ലെയും ധനകമ്മിയും കടബാദ്ധ്യതയും കണക്കിലെടുത്ത് ഭാവിയിലേയ്ക്കുള്ള സാമ്പത്തിക സൂചകങ്ങൾ തയ്യാറാക്കുന്നത്, ടി സാഹചര്യം തുടരാത്ത പശ്ചാത്തലത്തിൽ, എത്രത്തോളം relevant ആണെന്നതും ഈ അവസരത്തിൽ പ്രസക്തമായ ചോദ്യമാണ്.

Debt sustainability സൂചകമായി പരിഗണിക്കപ്പെടുന്ന Domar Stability condition (പലിശനിരക്ക് - GSDP വളർച്ച നിരക്ക്) കോവിഡ്

മഹാമാരിമൂലം സമ്പദ്ഘടന മുരടിപ്പ് പ്രകടമാക്കിയ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലൊഴികെയുള്ള വർഷങ്ങളിൽ, സംസ്ഥാനം satisfy ചെയ്തിരുന്നതായി ടി ലേഖനത്തിൽ നിന്നുതന്നെ വ്യക്തമാണ്. കൂടാതെ കടത്തിന്റെ വിജയകരമായ പരിപാലനത്തിന് പരിഗണിക്കുന്ന GSDP growth, Debt growth differential നിർദ്ദിഷ്ട article-ൽ പരാമർശിച്ചത് കണക്കിലെടുത്താൽ മേൽ രണ്ട് വർഷങ്ങളിലൊഴികെ മെച്ചപ്പെട്ട നിലയിലാണുള്ളത്. മേൽകാരണങ്ങൾ കൊണ്ടുതന്നെ ലേഖനത്തിൽ രേഖപ്പെടുത്തുന്നതുപോലെയുള്ള ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്നില്ലായെന്ന് സ്പഷ്ടമാണ്.

(ബി) സംസ്ഥാനത്ത് കടത്തിന്റെ വളർച്ച കഴിഞ്ഞ അഞ്ചുവർഷമായി ആഭ്യന്തര ഉല്പാദന വളർച്ചയെ മറികടന്നിരിക്കുന്നുവെന്ന് ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന സാഹചര്യത്തെ എങ്ങനെ മറികടക്കാനാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

നിർദ്ദിഷ്ട ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രകാരമാണെങ്കിൽ GSDP Growth, Debt Growth Differential, കോവിഡ് മഹാമാരി ഗുരുതരമായി ബാധിച്ച 2019-20, 2020-21 സാമ്പത്തിക

വർഷങ്ങളിലൊഴികെ, മെച്ചപ്പെട്ട നിലയിലാണുള്ളത്. കോവിഡ് മഹാമാരിയെ തുടർന്ന് നിശ്ചലാവസ്ഥയിലായ സമ്പദ് വ്യവസ്ഥ അതിൽ നിന്നും ക്രമേണ മുക്തമായി തുടങ്ങുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്നും അതുകൊണ്ടു തന്നെ നിലവിലെ ബാധ്യതകൾ സർക്കാരിന്റെ തുടർന്നുള്ള പ്രയാണത്തിൽ വിഘാതമാകുകയില്ലെന്നുമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. 11-03-2022-ൽ നിയമസഭയിൽ table ചെയ്ത Medium Term Fiscal Policy & Strategy Statement with Medium Term Fiscal Plan for Kerala പ്രകാരം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം നടപ്പുവർഷം മുതൽ രണ്ടക്ക വളർച്ച രേഖപ്പെടുത്തുമെന്നാണ് കണക്കുകൂട്ടുന്നത്. അതനുസരിച്ച് സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര വരുമാനങ്ങളും നല്ല വളർച്ച കൈവരിക്കേണ്ടതാണ്. ഇതോടൊപ്പം നികുതി പിരിവ് ഊർജ്ജിതമാക്കുക, ചെലവുകളിൽ മിതത്വം പാലിക്കുക, ചോർച്ചകൾ അവസാനിപ്പിക്കുക അടക്കമുള്ള സർക്കാർ പിന്തുടർന്ന് വരുന്ന ധന ദൃഢീകരണ പ്രക്രിയയുടെ ഫലവും കൂടിയാകുമ്പോൾ 2023-24 ആകുമ്പോഴേക്കും FD/GSDP (%) 3.5% ആയും Debt/GSDP(%) 2024-25

ഓട്ടുകൂടി 35.7% ആയും മെച്ചപ്പെട്ടുമെന്നും പ്രതീക്ഷിക്കുന്നു. എന്നാൽ, ക്രമാതീതമായ തോതിൽ ഉയരുന്ന പണപ്പെരുപ്പവും 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള റവന്യൂ കമ്മി ഗ്രാന്റ് വർഷാവർഷം ഗണ്യമായ തോതിൽ കുറഞ്ഞ് 2023-24 ഓട്ടുകൂടി ഇല്ലാതാകുന്നതും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉടലെടുത്ത വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്നതിലുള്ള അനിശ്ചിതാവസ്ഥയും സർക്കാരിന്റെ ധനദൃഢീകരണ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുമെന്ന ആശങ്കയും സർക്കാരിനുണ്ട്.

(സി) നികുതി വരുമാനത്തിലുണ്ടായ വലിയ കുറവും ധനകാര്യ മാനേജ്മെന്റിലുണ്ടായതായി പറയപ്പെടുന്ന പാളിച്ചകളും മൂലമുള്ള സാമ്പത്തിക സമ്മർദ്ദം അതിജീവിക്കുന്നതിന് എന്തൊക്കെ തിരുത്തൽ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രളയം, കോവിഡ് മഹാമാരി അടക്കമുള്ള പ്രതികൂല സാഹചര്യങ്ങളും കേന്ദ്ര നികുതി വിഹിതത്തിൽ വന്ന കുറവുമാണ് പ്രധാനമായും നികുതി വരുമാനത്തിൽ പ്രതിഫലിച്ചിട്ടുള്ളത്. മേൽ പ്രതിപാദിത സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം

നടത്തുവാൻ സാധിച്ചത് സർക്കാരിന്റെ കൃത്യമായ ദിശാബോധമുള്ള ധനകാര്യ മാനേജ്മെന്റിന്റെ ഫലമായാണ്. അതുകൊണ്ട് തന്നെ ടി പ്രവർത്തനത്തിൽ തിരുത്തലുകളുടെ ആവശ്യം ഈ ഘട്ടത്തിൽ ഉള്ളതായി കാണുന്നില്ല.

## പതിനാലാം പഞ്ചവത്സര പദ്ധതിയിലെ തൊഴിൽ സംരംഭങ്ങൾക്ക് പലിശ സബ്സിഡി

25 (*205) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചെറുകിട വ്യവസായങ്ങൾക്ക് 2 കോടി രൂപ വരെയുള്ള വായ്പകൾ സർക്കാരിന്റെ 3% പലിശ സബ്സിഡി ഉൾപ്പെടെ 5% പലിശ നിരക്കിൽ വായ്പ നൽകുന്ന മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി കെ.എഫ്.സി. വഴി നടപ്പിലാക്കി വരുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് വ്യവസായ വാണിജ്യ വകുപ്പുവഴി നിലവിൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയും പുതിയ രണ്ടു പദ്ധതികളും ഉൾപ്പെടെ മൂന്ന് പദ്ധതികൾ മുഖേന പലിശ സബ്സിഡി പദ്ധതികൾ നൽകുന്നതിന് ഉദ്ദേശിക്കുന്നു. ടി പദ്ധതികളുടെ വിശദവിവരം താഴെച്ചേർക്കുന്നു.

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി:- നിലവിൽ നടപ്പിലാക്കി വരുന്നതും തുടർന്നുവരുന്നതുമായ പദ്ധതിയാണിത്. പദ്ധതിക്കായി 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി:- 2022-23 കാലയളവിൽ സംസ്ഥാനത്ത് കുറഞ്ഞത് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുക എന്ന സർക്കാരിന്റെ ലക്ഷ്യത്തിന്റെ ഭാഗമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിക്കായി 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

നിലവിലുള്ള എം.എസ്.എം.ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം നൽകുന്ന പദ്ധതി:- ടി പദ്ധതിയിൽ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയിൽ

പലിശ ഇളവ് നൽകുന്നതിന് ലക്ഷ്യമിടുന്നു. ബഡ്ജറ്റിൽ പദ്ധതിക്കായി 11.40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതിനുപുറമെ വ്യവസായ സംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകുന്നതിനായി പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CM സ്പെഷ്യൽ അസ്സിസ്റ്റന്റ് സ്കീം. പ്രസ്തുത സ്കീമിന്റെ ഭാഗമായി 25 ലക്ഷം മുതൽ 2 കോടി രൂപവരെ വ്യവസായങ്ങൾക്ക് വായ്പ ലഭിക്കുന്നതാണ്. 3% സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്കാണിത് നൽകുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയിലും വ്യവസായ സംരംഭങ്ങൾക്ക് സർക്കാരിന്റെ പലിശ സബ്സിഡി കെ.എസ്.ഐ.ഡി.സി. മുഖാന്തരം നൽകുവാൻ പദ്ധതി ഇട്ടിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2022-23-ൽ ഇതിലേയ്ക്കായി 6 കോടി രൂപ കെ.എസ്.ഐ.ഡി.സി.-ക്ക് വകയിരുത്തിയിട്ടുണ്ട്.

(ബി) സംരംഭകന്റെ വരുമാനം പരിഗണിക്കാതെ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് പരമാവധി സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

സംരംഭത്തിന്റെ തിരിച്ചടവ് ശേഷി പരിഗണിച്ചാണ് മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി പ്രകാരം കെ.എഫ്.സി. വായ്പകൾ അനുവദിക്കുന്നത്. ആയതിനാൽ വരുമാനം പരിഗണിക്കാതെ വായ്പകൾ അനുവദിക്കാൻ കെ.എഫ്.സി.-ക്ക് കഴിയില്ല.

സംരംഭകന്റെ വരുമാനം പരിഗണിക്കാതെ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് പരമാവധി സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. 2022-23 സർക്കാർ സംരംഭകത്വ വർഷമായി ആചരിക്കുകയാണ്. ഒരു ലക്ഷം ചെറുകിട/ ഇടത്തരം സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിക്കായി 7 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന പലിശയുടെ ഒരു ഭാഗം സബ്സിഡിയായി പരമാവധി 5 വർഷത്തേയ്ക്ക് നൽകുന്നതിന് ലക്ഷ്യമിടുന്നു. അതുവഴി ഗുണഭോക്താക്കൾക്ക് 4% പലിശയ്ക്ക് വായ്പ ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്.

(സി) ജനറൽ വിഭാഗം, മറ്റ് സംവരണ വിഭാഗം, പാടശേഖര സമിതി എന്നീ കാറ്റഗറി അനുസരിച്ച് സബ്സിഡി നൽകുമോയെന്ന് വ്യക്തമാക്കാമോ?

പാടശേഖര സമിതി എന്ന വിഭാഗത്തിന്, വ്യവസായ വകുപ്പുവഴി നിലവിൽ പ്രത്യേക പരിഗണന നൽകി വരുന്നില്ല. എന്നാൽ 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന "ഒരു കുടുംബം ഒരു സംരംഭം" പലിശ സബ്സിഡി പദ്ധതിയിൽ ജനറൽ, മറ്റ് സംവരണ വിഭാഗക്കാർ ഉൾപ്പെടെ വനിതകൾ, ഭിന്നശേഷിക്കാർ, വിമുക്തഭടന്മാർ, കേരളത്തിന് പുറത്ത് വസിക്കുന്നവർ, യുവസംരംഭകർ (45 വയസ് വരെയുള്ളവർ), SC/ST വിഭാഗങ്ങൾ എന്നിവർക്ക് മുൻഗണന നൽകി പലിശയിൽ സബ്സിഡി നൽകുന്നതാണ്.

(ഡി) ത്രിതല പഞ്ചായത്തുകളിലെ സൂക്ഷ്മ, ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സബ്സിഡി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ത്രിതല പഞ്ചായത്തുകളിലെ സൂക്ഷ്മ, ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സബ്സിഡി അനുവദിക്കുന്ന പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ നിലവിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്ക്

വ്യവസായ വകുപ്പുവഴി വിവിധ സബ്സിഡി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ഇ) പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കുന്ന വ്യവസായങ്ങൾക്ക് സ്റ്റാർട്ടപ്പ് മിഷന്റെയും ഗവേഷണ സ്ഥാപനങ്ങളുടെയും സാങ്കേതികവിദ്യ കൈമാറ്റം സാധ്യമാകുമോ എന്നറിയിക്കാമോ?

സാങ്കേതിക സർവ്വകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പുതിയ ഒരു പദ്ധതി ഈ സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതികതലത്തിലും മാനേജ്മെന്റ്തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവ്വകലാശാല വഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പായി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്. സ്റ്റാർട്ടപ്പ് മിഷന്റെയും ഗവേഷണ സ്ഥാപനങ്ങളുടെയും സാങ്കേതികവിദ്യ കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി വഴി, സാങ്കേതിക വിദ്യ സ്വായത്തമാക്കുന്ന വേളയിൽ ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന

നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നല്കുന്നുണ്ട്.

## കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി

26 (*206) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് എല്ലാത്തരത്തിലുമുള്ള വ്യവസായങ്ങളുടെ ക്ലസ്റ്റർ രൂപീകരിച്ചും വ്യവസായ കുതിപ്പിന് വഴിയൊരുക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഏറ്റെടുത്ത ഭൂമിയിൽ തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്. സംസ്ഥാനത്ത് കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസി കിൻഫ്രയാണ്.

പാലക്കാട് നോഡിൽ പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പുതുശ്ശേരി സെൻട്രൽ-I വില്ലേജിൽ 653 ഏക്കറും പുതുശ്ശേരി സെൻട്രൽ-II വില്ലേജിൽ 558 ഏക്കറും പുതുശ്ശേരി സെൻട്രൽ - III വില്ലേജിൽ 375 ഏക്കറും അയ്യമ്പുഴയിൽ GIFT CITY സ്ഥാപിക്കുന്നതിനായി 358 ഏക്കറും ഉൾപ്പെടെ മൊത്തം 2242 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്.

ബാംഗ്ലൂർ വ്യവസായ ഇടനാഴി കോയമ്പത്തൂരിലേക്കും കൊച്ചിയിലേക്കും ദീർഘിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനുകീഴിൽ National Industrial Corridor Development & Implementation Trust (NICDIT) അംഗീകാരം നല്കി. ഇതേത്തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT-യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA) കൂടാതെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള Share Holders Agreement (SHA) NICDIT-യും കിൻഫ്രയും ഒക്ടോബർ 22, 2020-ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഒപ്പുവച്ചു. ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് ആ കമ്പനിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കിഫ്ബി വഴിയാണ് പദ്ധതിയുടെ ധനസമാഹരണം നടത്തുന്നത്.

പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസസ്മെന്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് CH2M എന്ന ഏജൻസിയെ (ഇപ്പോൾ ജേക്കബ്സ് എന്ന് അറിയപ്പെടുന്നു) NICDIT ചുമതലപ്പെടുത്തി ഇതുമായി ബന്ധപ്പെട്ട പഠനം നടന്നുവരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും NICDIT-ന്റെ പ്രതിനിധിയും ഉൾപ്പെടെയുള്ള അംഗങ്ങളുള്ള Kerala Industrial Corridor Development Corporation (KICDC) എന്ന കമ്പനിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ബാധ്യതകളില്ലാതെയാണ് ഭൂമി കമ്പനിക്ക് കൈമാറുന്നത്. ഭൂമിയുടെ വിലയ്ക്ക് തുല്യമായ ധനസഹായം കേന്ദ്ര സർക്കാർ നല്കും.

വ്യവസായ ഇടനാഴി പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും പുരോഗതി അവലോകനം നടത്തുന്നുണ്ട്. വ്യവസായ

ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കലും തുടർ പ്രവർത്തനങ്ങളും സസൂക്ഷ്മം വിലയിരുത്തുന്നതിനായി പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കായി പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ 299.23 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-I ൽ 458.59 ഏക്കർ ഭൂമിയുടെ അവാർഡ് പാസാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി-II-ൽ 214.86 ഏക്കർ ഭൂമിയുടെ അവാർഡ് പാസ്സാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ-പുതുശ്ശേരി-II-ൽ 375 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ, പദ്ധതിയുടെ ഭാഗമായി ഗിഫ്റ്റ് സിറ്റി സ്ഥാപിക്കുന്നതിന് കൊച്ചിയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. രണ്ട് നോഡുകളിലായി ഏറ്റെടുക്കുന്നതിനായി തീരുമാനിച്ച 2242 ഏക്കർ ഭൂമിയിലെ 70% ഭൂമിയും മെയ് മാസത്തോടെ ഏറ്റെടുത്തു കഴിഞ്ഞു.

(സി) പ്രസ്തുത വ്യവസായ ഇടനാഴിയിൽ ആരംഭിക്കാവുന്ന വ്യവസായങ്ങളുടെ സാധ്യതകൾ സംബന്ധിച്ച പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ടോ; ഏതൊക്കെ തരത്തിലുള്ള വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ വികസിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. പാലക്കാട് ക്ലസ്റ്ററിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വിവിധയിനം വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കും. പദ്ധതിയുടെ Market Demand Assessment-ഉം Master Plan-ഉം തയ്യാറാക്കുന്നതിന് M/s. Jacobs എന്ന ഏജൻസിയെ NICDIT ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ പഠനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതു പൂർത്തിയാകുന്ന മുറയ്ക്ക് ഏതു തരത്തിലുള്ള വ്യവസായ ക്ലസ്റ്ററുകളാണ് അനുയോജ്യമെന്നതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകും.

**സർക്കാരിന്റെ വായ്പ തുകയിൽ നിന്നും കുറവ്**

27(*207) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:

<u>ശ്രീ. അബ്ദുൽ ഹമീദ് പി:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഗ്യാരണ്ടി നിന്ന വകയിൽ വിവിധ സ്ഥാപനങ്ങൾ എടുത്തിട്ടുള്ള തുക സർക്കാരിന് വായ്പ എടുക്കാനുള്ള തുകയിൽ നിന്ന് കുറവു ചെയ്യുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലം ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(എ & ബി) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ KIIFB, KSSPL തുടങ്ങിയവ മുൻ വർഷങ്ങളിൽ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽ നിന്നും കുറയ്ക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്ന് കിട്ടിയിട്ടുണ്ട്. ഇത് വികസന ആവശ്യങ്ങൾക്ക് കടമെടുക്കാനുള്ള സംസ്ഥാനങ്ങളുടെ അവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റമാണ്. ഇത് ദൂരവ്യാപക പ്രത്യാഘ്യാതമുണ്ടാക്കും. പ്രസ്തുത നിർദ്ദേശത്തിൽ ഇളവ്

അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്തിരുന്നെങ്കിലും സംസ്ഥാനത്തിന്റെ അഭ്യർത്ഥന കേന്ദ്ര സർക്കാർ പൂർണ്ണമായും അംഗീകരിച്ചിട്ടില്ല. KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാനത്തിന്റെ Off Budget borrowing ആയി കണക്കാക്കണമെന്ന കേന്ദ്ര സർക്കാർ നിലപാട് സംസ്ഥാനം കടമെടുക്കുന്ന തുകയിൽ കുറവ് വരുത്തും. ഈ സമീപനം അംഗീകരിക്കാൻ കഴിയില്ലായെന്ന നിലപാടാണ് സംസ്ഥാനത്തിനുള്ളത്.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925

ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141 കോടി രൂപ ആയിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3798 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനു പുറമേ, 2023-24-നുശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 4.5 ശതമാനം തിരികെ 3 ശതമാനത്തിലേക്ക് കൊണ്ടു വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. എന്നാൽ സംസ്ഥാനം നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അർഹമായ തുക കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മിയും ധനകമ്മിയും കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ

സമ്പദ് വ്യവസ്ഥയ്ക്ക് അകത്തു നിന്നും പുറത്തു നിന്നുമുണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുകയെന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.

**കിഫ്ബി പദ്ധതി**

28(*208 )ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കും വികസന പദ്ധതികൾക്കുംവേണ്ട ഭൂമി ഏറ്റെടുക്കലിനുമായി നാളിതുവരെ കിഫ്ബി അനുവദിച്ച എഴുപതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടിയിൽപരം രൂപയുടെ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

കിഫ്ബി പദ്ധതികളായി 70,841.38/- കോടി രൂപയുടെ 962 പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുള്ളതും 20184.54 കോടി രൂപ നൽകിയിട്ടുള്ളതുമാണ്. ഇതിൽ 5486.59/-കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 18,000 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

20,000 കോടി രൂപയുടെ വിവിധ ഭൂമി ഏറ്റെടുക്കൽ പദ്ധതികളിൽ 9507.07 കോടി രൂപ ഇതിനോടകം നൽകികഴിഞ്ഞു. NHAI-യ്ക്കുള്ള സംസ്ഥാന വിഹിതമായ 6,769.01 കോടി രൂപയിൽ ഇതുവരെ കൈമാറിയ 5,580.74 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. ഇൻഡസ്ട്രിയൽ പാർക്കുകൾക്കായി 13988.63 കോടി രൂപയും കൊച്ചി-ബാംഗ്ലൂർ

+ അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻഡസ്ട്രിയൽ കോറിഡോറിനും ഗിഫ്റ്റ് സിറ്റിക്കുമായുള്ള 1880 കോടി രൂപയും കിഫ് ബോർഡ് അംഗീകരിച്ച ഭൂമി ഏറ്റെടുക്കൽ പദ്ധതികളിൽ ഉൾപ്പെടുന്നവയാണ്. ഇവയിലേക്കായി 3927.03 കോടി രൂപയും ഇതിനോടകം നൽകിക്കഴിഞ്ഞു.

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി ഇതുവരെയുള്ള ധനവിനിയോഗം എത്രയാണെന്നും അവ പ്രധാനമായും ഏതൊക്കെ മേഖലകളിലാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ?

വിവിധ കിഫ്ബി പദ്ധതികളിലേക്കായി മെയ് 2022-ലെ കണക്കുകൾ പ്രകാരം 20,184.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 9,662.80 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്ന പദ്ധതികളിലും 3,927.03 കോടി രൂപ വ്യവസായ വകുപ്പിന് കീഴിൽ വരുന്ന പദ്ധതികളിലും 1,670.99 കോടി രൂപ ജലവിഭവവകുപ്പിന് കീഴിൽ വരുന്ന പദ്ധതികളിലും നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള പദ്ധതി ചെലവ് വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) കിഫ്ബി സംസ്ഥാനത്തെ കടക്കെണിയിലാക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കുമോ; പൊതു

\+ അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏജൻസികളുടെ ബഡ്ജറ്റ് ബാഹ്യ വിഭവ സമാഹരണം സർക്കാരിന്റെ പൊതു കടത്തിൽപ്പെടുന്നില്ലെന്ന് കേന്ദ്ര സർക്കാർ പാർലമെന്റിൽ വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999-ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റാണ് കിഫ്ബി. ഇതിലൂടെ ലക്ഷ്യം വച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിന് അതിനെ പര്യാപ്തമാക്കുന്നതിന് നിയമനിർമ്മാണം വഴി മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിതവിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക സംസ്ഥാന സർക്കാർ നൽകി വരുന്നത്. ഇത് കിഫ് ആക്ട് മുഖാന്തരം നിയമപ്രകാരം മുടക്കമില്ലാതെ കിഫ്ബിക്ക് നൽകേണ്ടതാണ്. ആക്ട് അനുശാസിക്കുന്ന പ്രകാരം കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കും തിരിച്ചടവുകൾക്കും പദ്ധതി നിർവ്വഹണത്തിനും ഈ തുക പ്രയോജനപ്പെടുത്താവുന്നതാണ്. കിഫ്ബിയുടെ വായ്പകളുടെ തിരിച്ചടവ് മേൽ സൂചിപ്പിച്ചപോലെ ആക്ട് പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും വരുമാനദായകമായ പദ്ധതികളിൽ നിന്നുമുള്ള തിരിച്ചടവിൽ നിന്നും,

നിക്ഷേപങ്ങളിൽ പലിശയായി ലഭിക്കുന്ന തുകയിൽനിന്നുമാണ് നടത്തിവരുന്നത്. കിഫ്ബിയുടെ കാര്യത്തിൽ ഇരുപത്തിയഞ്ച് ശതമാനം പദ്ധതിയെങ്കിലും വരുമാനദായകമാണ്. ട്രാൻസ്ഗ്രിഡ്, കെ-ഫോൺ, വ്യവസായ ഭൂമി, തുടങ്ങിയവയ്ക്ക് നൽകുന്ന വായ്പ മുതലും പലിശയും ചേർന്ന് കിഫ്ബിയിൽ തിരിച്ചെത്തുന്നുണ്ട്. അങ്ങനെ നോക്കിയാൽ ഈ തുകയും നിയമംമൂലം സർക്കാരിൽ നിന്ന് ലഭിക്കുന്ന നികുതി വിഹിതവും ചേർത്താൽ കിഫ്ബി ഒരിക്കലും കടക്കെണിയിലാകില്ല. ഓരോ പ്രോജക്ട് എടുക്കുമ്പോഴും അതിന്റെ ബാധ്യതകൾ എത്രയാണെന്ന് കൃത്യമായി കണക്കാക്കുവാൻ പ്രാപ്തിയുള്ള അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ കിഫ്ബി വികസിപ്പിച്ചിട്ടുണ്ട്. അതുപോലെ കിഫ്ബിക്ക് വരും വർഷങ്ങളിൽ ലഭിക്കുന്ന വരുമാനവും കൃത്യമായി കണക്കുകൂട്ടാനാകും. ഭാവിയിൽ ഒരുഘട്ടത്തിലും കിഫ്ബിയുടെ ബാധ്യതകൾ വരുമാനത്തെ അധികരിക്കില്ലെന്ന് ഉറപ്പു വരുത്തിക്കൊണ്ട് മാത്രമേ കിഫ്ബി ബോർഡ് പ്രോജക്ടുകൾ അംഗീകരിക്കുകയുള്ളൂ. അസറ്റ് ലയബിലിറ്റി മോഡൽ (ALM) സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലാണ് കിഫ്ബിയുടെ ധനസമാഹരണ പദ്ധതികൾ

ആസൂത്രണം ചെയ്യപ്പെടുന്നത്. ഇതുകൊണ്ടാണ് കിഫ്ബി സംസ്ഥാനത്തിന് ബാധ്യതയാകുമെന്ന ആരോപണം സാധൂകരിക്കപ്പെടാത്തത്.

പൊതു ഏജൻസികളുടെ ബഡ്ജറ്റ് ബാഹ്യ വിഭവ സമാഹരണം സർക്കാരിന്റെ പൊതു കടത്തിൽപ്പെടുന്നുണ്ടോയെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം. പി., ശ്രീ. ജോൺ ബ്രിട്ടാസ് രാജ്യസഭയിൽ ഉന്നയിച്ച 1805 (സി) ചോദ്യത്തിന് ഉത്തരമായി 2021 ഡിസംബർ 14-ന് ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ നൽകിയ മറുപടിയിൽ പൊതുമേഖല സ്ഥാപനങ്ങൾ സമാഹരിക്കുന്ന External Budgetary Resources (EBRs) കേന്ദ്ര സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (അനുബന്ധം)+

## കേരള ബാങ്ക്

29 (*209) ശ്രീ. കെ. ജെ. മാക്സി:
ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

+ അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാരിന്റെ കാലയളവിൽ കേരള ബാങ്ക് കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

2019 നവംബറിൽ രൂപീകൃതമായ കേരള ബാങ്കിന്റെ പ്രവർത്തന നേട്ടങ്ങൾ എടുത്തുപറയാവുന്നതാണ്. തെരഞ്ഞെടുത്ത ഭരണസമിതിയുടെയും 5000-ത്തിലധികം ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ 112028.11 കോടി രൂപയുടെ ബിസിനസ് വളർച്ചയാണ് 2021-22 സാമ്പത്തിക വർഷം കേരള ബാങ്ക് നേടിയത്. നിക്ഷേപ സമാഹരണത്തിലും വായ്പാ വിതരണത്തിലും ബാങ്കിന് നേട്ടമുണ്ടാക്കാൻ സാധിച്ചു. നിഷ്ക്രിയ ആസ്തി (NPA) 31-03-2021-ൽ 14.47 ആയിരുന്നത് 31-03-2022-ൽ 12.79 ആയി കുറയ്ക്കാനും സാധിച്ചു. 31-03-2021-ൽ 9017.08 കോടി രൂപയായിരുന്ന CASA നിക്ഷേപം 31-03-2022-ൽ 9947.43 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു.

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധിയിലും കേരള സർക്കാരിന്റെയും ബാങ്കിന്റെ ഓഹരി ഉടമകളായ പ്രാഥമിക സഹകരണ സംഘങ്ങളുടെയും പിന്തുണയോടെ കേരള ബാങ്കിന് ഉണ്ടായ വളർച്ച ശ്രദ്ധേയമാണ്.

സംഘങ്ങളുടെ വികസനം ലക്ഷ്യമാക്കി 13 ജില്ലകളിൽ പാക്സ് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചതും കേരള ബാങ്കിന്റെയും പ്രാഥമിക സംഘങ്ങളുടെയും ഉല്പന്ന വൈവിദ്ധ്യവത്കരണത്തിനും നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി നബാർഡ് ധനസഹായത്തോടെ ബിസിനസ് ഡൈവേഴ്സിഫിക്കേഷൻ & പ്രോഡക്ട് ഇന്നവേഷൻ സെൽ (BDPI) പ്രവർത്തനം ആരംഭിച്ചതും എടുത്തുപറയാവുന്ന നേട്ടമാണ്.

ബാങ്കിംഗ് സാങ്കേതികവിദ്യയും സാമ്പത്തിക സാക്ഷരതാ അവബോധവും ഗ്രാമപ്രദേശങ്ങളിൽ എത്തിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി കേരള ബാങ്കിന്റെ ATM ഡെമോൺസ്ട്രേഷൻ വാനുകൾ ജില്ലകൾതോറും പ്രവർത്തനം നടത്തിവരുന്നു.

കുട്ടികളിൽ സമ്പാദ്യശീലം വളർത്തുകയെന്ന ലക്ഷ്യത്തോടെ ബാങ്കിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കേരള ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയാണ് വിദ്യാനിധി. 12 മുതൽ 16 വയസ്സുവരെയുള്ള കുട്ടികൾക്ക് സ്വന്തം പേരിൽ വിദ്യാനിധി അക്കൗണ്ട് ആരംഭിക്കാം. വിദ്യാനിധി അക്കൗണ്ടിനോടൊപ്പം രക്ഷിതാക്കൾക്ക് പ്രിവിലേജ് അക്കൗണ്ട് സൗകര്യവും ലഭിക്കുന്നു.

കേരള ബാങ്കിന്റെ 769 ശാഖകൾ വഴി 35-ലധികം വായ്പകളാണ് അനുവദിക്കുന്നത്. സാധാരണ ഭവന വായ്പ, വാഹന വായ്പ, സ്വർണപ്പണയ വായ്പ, വിദ്യാഭ്യാസ വായ്പ, വ്യക്തിഗത വായ്പ എന്നിവ കൂടാതെ ചെറുകിട കർഷകർക്കും സംരംഭകർക്കുമായുള്ള വ്യത്യസ്തതരം MSME വായ്പകളും കേരള ബാങ്ക് നൽകുന്നു. വ്യക്തികൾക്ക് 60 ലക്ഷവും കമ്പനികൾക്ക് ഒരു കോടി രൂപ വരെയും MSME വായ്പകൾ ലഭിക്കുന്നു.

5 ലക്ഷം രൂപ വരെ ഈടുരഹിതമായി അനുവദിക്കുന്ന സുവിധ പ്ലസ് സാധാരണ തൊഴിലാളികൾക്കും കച്ചവടക്കാർക്കും ഏറെ പ്രയോജനം ചെയ്യുന്നു. പ്രവാസികളുടെ പുനരധിവാസത്തിനായുള്ള പ്രവാസി കിരൺ, പ്രവാസി ഭദ്രത വായ്പകൾക്ക് മൂലധന സബ്സിഡിയും 4 വർഷത്തേക്ക് 3% പലിശയിളവും ലഭിക്കുന്നു.

കർഷകർക്ക് 4% പലിശയിൽ 3 ലക്ഷം രൂപ വരെ നൽകുന്ന കിസാൻമിത്ര (KCC) 60 ലക്ഷം രൂപ അനുവദിക്കുന്ന ദീർഘകാല കാർഷിക വായ്പ എന്നിവയും കേരള ബാങ്ക് നൽകുന്നുണ്ട്.

ഭക്ഷ്യ സംസ്കരണ മേഖലയുടെ പുനരുദ്ധാരണം ലക്ഷ്യമാക്കി 60 ലക്ഷം രൂപ അനുവദിക്കുന്ന ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭ വായ്പയ്ക്ക്

35% സബ്സിഡിക്ക് (പരമാവധി 10 ലക്ഷം രൂപ) അർഹതയുണ്ട്. കൂടാതെ തണ്ണീർത്തട ആദിവാസി മേഖലയ്ക്കും ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനും 60 ലക്ഷം വരെ വായ്പ അനുവദിക്കുന്നു.

കോവിഡ് പ്രതിസന്ധിയിലായ വഴിയോര കച്ചവടക്കാർക്ക് 10,000 രൂപയും ചുമട്ടു തൊഴിലാളികൾക്ക് 3 ലക്ഷം രൂപയും വായ്പ നൽകുന്നു.

കൂടാതെ സംഘങ്ങൾ വഴിയും കേരള ബാങ്ക് ബ്രാഞ്ചുകൾ വഴിയും വനിതകളുടെ തൊഴിൽ സാധ്യതയും വരുമാനവും വർദ്ധിപ്പിക്കുന്നതിന് 10-ലധികം വായ്പയും നിലവിലുണ്ട്. ഇത്തരത്തിൽ എല്ലാ മേഖലയുടെയും നവീകരണവും പുനരുദ്ധാരണവും ലക്ഷ്യമാക്കി കേരള ബാങ്ക് മുന്നോട്ടു നീങ്ങുകയാണ്.

കേരള ബാങ്കിലേക്ക് പുതുതലമുറ കടന്നുവരേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ നടപ്പാക്കാനുള്ള ശ്രമം ഊർജ്ജിതമാക്കി വരുന്നു.

സംസ്ഥാന സഹകരണ ബാങ്കിന്റെയും 13 ജില്ലാ സഹകരണ ബാങ്കുകളുടെയും കോർ ബാങ്കിംഗ് നടപടികൾ ഏകീകരിച്ച് എല്ലാ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും ലഭ്യമാക്കുന്നതിനായി പ്രമുഖ സിസ്റ്റം ഇന്റഗ്രേറ്റിംഗ്

സേവനദാതാക്കളായ വിപ്രോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇൻഫോസിസിന്റെ ബാങ്കിംഗ് സോഫ്റ്റ്‌വെയറായ 'ഫിനിക്കിളിന്റെ' ഏറ്റവും ആധുനിക വേർഷൻ ഉപയോഗിക്കുന്ന സഹകരണ മേഖലയിലെ ആദ്യ ബാങ്കാണ് കേരള ബാങ്ക്.

(ബി) സംസ്ഥാനത്തെ വായ്പേതര സഹകരണ സംഘങ്ങളുടെ സംരക്ഷണത്തിന് കേരള ബാങ്ക് മുഖേന പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

എല്ലാവിധ വായ്പേതര സഹകരണ സംഘങ്ങൾക്കും കേരള ബാങ്കിൽ നിന്ന് വിവിധ പദ്ധതികൾക്ക് വായ്പാ സൗകര്യം ലഭ്യമാണ്.

## ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി

30 (*210) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തര നിലവാരത്തിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ വൈദ്യുതി ഉല്പാദനം

ഉൾപ്പെടെയുള്ള രംഗങ്ങളിൽ സ്വീകരിച്ച ഉന്നമന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാത്തരം ഉപഭോക്താക്കൾക്കും ആവശ്യമായ വൈദ്യുതി ആവശ്യാനുസരണം തടസ്സരഹിതമായി ന്യായവിലയ്ക്ക് ലഭ്യമാക്കുകയെന്നതാണ് സർക്കാരിന്റെ നയം. അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരളത്തിലെ വൈദ്യുതി വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുകയെന്ന ലക്ഷ്യവുമായി ദ്യുതി, കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണ ശൃംഖല ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യവുമായി ട്രാൻസ്ഗ്രിഡ് 2.0, കേരളത്തിന്റെ ഗ്രിഡിൽ 1000MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര, ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ചുകൊണ്ടുവരുന്നതിനോടൊപ്പം

ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവന ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി, കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് 'ഇ-സേഫ്' പദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഉത്പാദനരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുന്നതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ളതും മുടങ്ങിക്കിടന്നതുമായ മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ എടുത്തിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾക്ക് പുറമെ നിർമ്മാണത്തിലും പരിഗണനയിലുള്ളതുമായ KSEB-യുടെ സൗരോർജ്ജപദ്ധതികൾ പൂർത്തിയാക്കുന്നതിന് പ്രത്യേക പരിഗണന നൽകി വരുന്നു. ഇപ്രകാരം വൈദ്യുതി ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് വിവിധ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് .

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.എൽ-ന്റെ ജലവൈദ്യുത പദ്ധതികളിൽ നിന്നുമായി 32 MW-ഉം

കെ.എസ്.ഇ.ബി.എൽ.-ന്റെ രണ്ട് സൗരോർജ്ജ പദ്ധതികളിൽ നിന്നുമായി 4MW-ഉം കൂട്ടിച്ചേർക്കാൻ സാധിച്ചു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

6 മെഗവാട്ടിന്റെ ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത പദ്ധതിയിൽനിന്നും വൈദ്യുതി ഉത്പാദനം 21-06-2021-ൽ ആരംഭിച്ചു.

ചെങ്കുളം പമ്പ്ഹൗസിലെ പുനരുദ്ധാരണ പ്രവൃത്തികൾ 27-03-2021-ൽ പൂർത്തിയാക്കി. തൽഫലമായി 182 മില്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കും.

2 മെഗവാട്ടിന്റെ അപ്പർകല്ലാർ ചെറുകിട ജലവൈദ്യുത പദ്ധതിയിൽനിന്നും വൈദ്യുതി ഉത്പാദനം 05-09-2021 ൽ ആരംഭിച്ചു.

24 മെഗാവാട്ടിന്റെ പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയിൽ നിന്നും വൈദ്യുതി ഉത്പാദനം 04-05-2022-ൽ ആരംഭിച്ചു.

കെ.എസ്.ഇ.ബി.എൽ.-ന്റെ രണ്ട് സൗരോർജ്ജ പദ്ധതികളായ ക്ലബ്ഡ് സോളാർ പ്രോജക്ട്-അഗളി (1 MW) 22-01-2022-ലും, കഞ്ചിക്കോട് (3 MW) 19-02-2022-ലും കമ്മീഷൻ ചെയ്തു.

സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തര നിലവാരത്തിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെയും ഭാവിയിലേക്കുള്ള വൈദ്യുതാവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടും സംസ്ഥാനത്തെ വൈദ്യുതി ഉത്പാദന ശൃംഖല മെച്ചപ്പെടുത്തുന്നതിനായി നിർമ്മാണം പൂർത്തിയാക്കിയതും ഇപ്പോൾ നിർമ്മാണം പുരോഗമിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

| **നമ്പർ** | **പദ്ധതി** | **സ്ഥാപിതശേഷി** |
|---|---|---|
| 1 | പെരുന്തേനരുവി SHEP | 2x3 MW |
| 2 | കക്കയം SHEP | 2x1.5 MW |
| 3 | വെള്ളത്തുവൽ SHEP | 2x1.8 MW |
| 4 | ചാത്തൻകോട്ടുനട സ്റ്റേജ്-II SHEP | 3x2 MW |

വൈദ്യുതോൽപാദന നിലയങ്ങളുടെ കാലപ്പഴക്കവും കാര്യശേഷിയും നിർണ്ണയിച്ചശേഷം ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന്റെ ഭാഗമായി ഇടുക്കി ഒന്നാംഘട്ട (3*130MW) ജനറേറ്ററുകളുടെയും, ഷോളയാർ (3*18MW) വൈദ്യുത നിലയത്തിന്റെയും നവീകരണ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

കഴിഞ്ഞ വർഷം വൈദ്യുതോത്പാദന മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നിർമ്മാണം പൂർത്തിയാക്കി രാഷ്ട്രത്തിന് സമർപ്പിച്ചു.

അപ്പർകല്ലാർ - 2x1 MW

പൊരിങ്ങൽക്കുത്ത് - 1x24 MW

ചെങ്കുളം പമ്പ് ഹൗസിന്റെ (3x1400 kW) നവീകരണ പുനരുദ്ധാരണ പദ്ധതി - 16-07-2021-ൽ രാഷ്ട്രത്തിന് സമർപ്പിച്ചു.

സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തര നിലവാരത്തിലെത്തിക്കുകായെന്ന ലക്ഷ്യത്തോടെ വിവിധ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(i) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന പദ്ധതികൾ (201.50/ 629.79 Mu)

1. പള്ളിവാസൽ വിപുലീകരണ പദ്ധതി (60 MW/153.90 Mu)
2. ചിന്നാർ ചെറുകിട ജലവൈദ്യുത പദ്ധതി (24MW/76.45Mu)
3. ഭൂതത്താൻകെട്ട് ചെറുകിട ജലവൈദ്യുത പദ്ധതി(24MW/83.5 Mu)
4. തൊട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW /99 Mu)

5. ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി (85 Mu)

6. പെരുവണ്ണാമുഴി ( 6MW /24.70 Mu)

7. പഴശ്ശിസാഗർ (7.5 MW /25.16 Mu)

8. മാങ്കുളം ജല വൈദ്യുത പദ്ധതി (40 MW, 82.08 Mu)

(ii) കൂടാതെ മരിപ്പുഴ (6MW, 14.84 Mu) പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്. ഓലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5 MW, 10.26 Mu), പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3 MW, 5.88 Mu) എന്നിവയുടെ നിർമാണ പ്രവൃത്തികളുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(iii) അപ്പർ ചെങ്കുളം SHEP (24MW, 53.22 Mu) ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(iv)ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/ 1301 Mu)-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ നടന്നു വരുന്നു.

v) ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതിയുടെ (200 MW/ 194 Mu) സാധ്യതാപഠനം നടത്തുവാൻ വാപ്കോസ് എന്ന ഏജൻസിക്ക് കരാർ നല്കിയിട്ടുണ്ട്.

(vi) 54.5 MW സ്ഥാപിത ശേഷിയുള്ള ജലവൈദ്യുത പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും നടന്നുവരുന്നു.

സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തര നിലവാരത്തിൽ എത്തിക്കുകായെന്ന ലക്ഷ്യത്തോടെ KSEBL വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പരമ്പരാഗത ജലവൈദ്യുത പദ്ധതികൾ കൂടാതെ KSEBL-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ/ഭൂമിയിൽ സ്ഥാപിക്കുന്ന പുരപ്പുറ സോളാർ/ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്രോജക്ടുകൾ കൂടാതെ വീടുകളുടെ പുരപ്പുറത്ത് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന സൗര പദ്ധതി, റിസർവോയറുകളുടെ മുകളിലായി ഫ്ലോട്ടിംഗ് സോളാർ, കനാൽബാങ്ക്, കനാൽ ടോപ്പ് തുടങ്ങിയ സൗരോർജ്ജ പദ്ധതികളും, വിൻഡ്/ BESS (Battery Energy Storage System) പദ്ധതികളും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നു.

മേല്പറഞ്ഞ പദ്ധതികളിലൂടെ പാരമ്പര്യേതര ഊർജ്ജോത്പാദനം വർദ്ധിപ്പിച്ച് കാർബൺ ന്യൂട്രൽ ലക്ഷ്യം കൈവരിക്കുന്നതിനും ദേശീയ ദൗത്യങ്ങളായ 2030-ഓടെ കാർബൺ ഉത്പാദനത്തിന്റെ അളവ് നിലവിലെ പ്രതീക്ഷിക്കുന്ന അളവിൽനിന്നും ഒരു ബില്യൺ ടൺ കുറയ്ക്കുക, 2070-ഓടെ കാർബൺ ഫൂട്ട്പ്രിൻറ് Net-Zero emission-ൽ എത്തിക്കുക എന്നിവയ്ക്ക് പൂർണ്ണ പിന്തുണ നൽകാനും കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു.

നിലവിൽ പുരപ്പുറ സോളാർ, ഫ്ലോട്ടിംഗ് സോളാർ, ഗ്രൗണ്ട് മൗണ്ടഡ് സോളാർ എന്നിവയിലൂടെ സൗരോർജ്ജ വൈദ്യുതി ഉത്പാദനത്തിൽ കേരളം 572 MW സ്ഥാപിത ശേഷി കൈവരിച്ചിട്ടുണ്ട്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ലോകോത്തരമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 2018 മുതൽ 2022 ജൂൺ വരെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദ്യുതി 1. ദ്യുതി പദ്ധതിയിൽ ലൈൻ നിർമ്മാണം, standardization പ്രവൃത്തികൾ, ട്രാൻസ്ഫോർമർ നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾക്കായി 3732.03 കോടി രൂപയും

കേടായ മീറ്ററുകൾ മാറ്റി വയ്ക്കുന്നതിനായി 204.27 കോടി രൂപയും തുടർ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപയും SCADA പ്രവൃത്തികൾക്ക് 50 കോടി രൂപയും ഉൾപ്പെടെ 4036.30 കോടി രൂപയുടെ പദ്ധതി രേഖയാണ് തയ്യാറാക്കിയിരുന്നത്.

ആഗോള നിലവാരത്തിൽ തടസ്സരഹിതമായി, ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കുന്ന "ദ്യുതി" പദ്ധതിയിൽ ഉൾപ്പെടുത്തി എച്ച്.ടി ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, എൽ.ടി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർദ്ധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുന്ന പ്രവൃത്തികൾ, എച്ച്.ടി ലൈനും എൽ.ടി. ലൈനും റീ കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റ് പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണ നഷ്ടംകുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കിയിരുന്നു.

2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ, 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ, കോവിഡ്-19-

ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ഡൗൺ എന്നിവ കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ലെങ്കിലും ഈ പദ്ധതിയിൽ ഇതുവരെ 3226 കോടി രൂപയുടെ പ്രവൃത്തികൾ (ലൈൻ നിർമ്മാണം/ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ വികസന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയവയ്ക്കായി) പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിൽ 2021-22 സാമ്പത്തിക വർഷത്തിൽ 901.24 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തുടർ വൈദ്യുതീകരണത്തിനായി ഇതുവരെയായി 78.44 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇതോടൊപ്പം വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുവാനായി, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നിരീക്ഷണ നിയന്ത്രണ സംവിധാനമായ സ്കാഡ നടപ്പിലാക്കിയിട്ടുണ്ട്. കൺട്രോൾ സെന്ററുകളിൽനിന്നും 11 കെ.വി. വിതരണ ശൃംഖലയുടെ തത്സമയ നിരീക്ഷണത്തിനും തകരാറുകൾ കണ്ടെത്തുന്നതിനും അടിയന്തരമായി സപ്ലൈ പുനഃസ്ഥാപിക്കുന്നതിനും SCADA പദ്ധതി ഉപകരിക്കും.

കമ്പി പൊട്ടിവീഴുന്നതുമൂലമോ ഇൻസുലേറ്റർ തകരാറിലാവുന്നതുകൊണ്ടോ എച്ച്.റ്റി. ലൈനുകളിൽ വൈദ്യുതി തടസ്സം ഉണ്ടാവുകയാണെങ്കിൽ തകരാറുണ്ടായ സ്ഥലം ഉടനടി അറിയുന്നതിനായി കമ്മ്യൂണിക്കേറ്റിംഗ് ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) എന്ന ഉപകരണം സ്ഥാപിച്ചു വരുന്നു. നിലവിലുള്ള ദ്യുതി പദ്ധതിയുടെ തുടർച്ചയായി വിതരണ രംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി അടുത്ത 5 വർഷത്തേക്കുള്ള (2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ) പദ്ധതി രൂപ രേഖ (ദ്യുതി 2.0) കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്. ദ്യുതി 2.0-ൽ 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പുവരുത്തുന്നതിനായി 100 കോടി രൂപയും വൈദ്യുതികമ്പികൾ (എൽ.ടി. ലൈനുകൾ) പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്പേസറുകൾ സ്ഥാപിക്കുന്നതിനായി 50 കോടിരൂപയും കേടായ മീറ്ററുകൾ മാറ്റുന്നതിനായി 150 കോടിരൂപയും 2022-23-2026-27 കാലയളവിലേയ്ക്കായി

വകയിരുത്തിയിട്ടുണ്ട്. ഇത് ഇപ്പോൾ റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ, വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 2022-23 മുതൽ 2024-25 സാമ്പത്തിക വർഷം വരെ നടപ്പിലാക്കാനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി 24-03-2022-ലെ കേരളത്തിന്റെ നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷന്റെ കത്തുപ്രകാരം കേരളം കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് മുൻപാകെ സമർപ്പിച്ച 10475.03 കോടി രൂപയുടെ കരട് പദ്ധതിക്ക് അനുമതി ലഭിക്കുകയുണ്ടായി. 2022-23 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെയാണ് പദ്ധതി കാലയളവ്. വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ഭൂഗർഭ കേബിളുകൾ, എ ബി സി കണ്ടക്ടർ, കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ RDSS, ദ്യുതി 2.0 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി RDSS പദ്ധതിയിൽ

ഉൾപ്പെടുത്തി കൂടുതൽ പ്രദേശങ്ങളിൽ സ്കാഡ, റിംഗ് മെയിൻ യൂണിറ്റുകൾ തുടങ്ങിയവ വ്യാപിപ്പിക്കുവാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു.

കേന്ദ്രസർക്കാർ എല്ലാ ഉപഭോക്താക്കൾക്കും നിലവിലുള്ള ഇലക്ട്രിസിറ്റി മീറ്റർ മാറ്റി സ്ഥാപിച്ച്, പ്രീപേമെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേക്കായി, Revamped Distribution Sector പദ്ധതിയിൽ എല്ലാ സംസ്ഥാനങ്ങൾക്കുമായി ഏതാണ്ട് 1.5 ലക്ഷം കോടി രൂപയോളം സ്മാർട്ട്മീറ്ററും അനുബന്ധ സൗകര്യങ്ങളും നടപ്പിലാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി.എൽ. പ്രീപേമെന്റ് സംവിധാനത്തോടുകൂടിയ സ്മാർട്ട്മീറ്റർ സ്ഥാപിക്കുന്നതിന് 8200 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ച് 2022-25 കാലയളവിലായി ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഇടുക്കി എക്സ്റ്റൻഷൻ പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാം ഘട്ട അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഇടുക്കി എക്സ്റ്റൻഷൻ പദ്ധതിക്ക് (ഇടുക്കി ഗോൾഡൻ ജൂബിലി എക്സ്റ്റൻഷൻ സ്കീം) 31-05-2022-ൽ കൂടിയ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ്ധ സമിതി നിബന്ധനകൾക്ക് വിധേയമായി ഒന്നാം ഘട്ട പാരിസ്ഥികാനുമതി നല്കാൻ മന്ത്രാലയത്തോട് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പരിസ്ഥിതി ആഘാതം പരമാവധി കുറച്ച് ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയും പാരിസ്ഥിതിക ആഘാതം പരമാവധി കുറച്ചും പദ്ധതി നടപ്പാക്കാനാണ് വൈദ്യുതി ബോർഡ് ശ്രമിക്കുന്നത്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നൽകുന്ന അന്തിമ അനുമതിയിൽ പ്രതിപാദിച്ചിരിക്കുന്ന വിശദാംശങ്ങൾ അനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ ബോർഡ് കൈക്കൊള്ളുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്**

1(2326) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:

<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശസ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റിൽ സംസ്ഥാന സർക്കാർ നടപടിക്രമങ്ങൾ പാലിക്കാത്തതുമൂലം കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; നിജസ്ഥിതി വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാരിൽനിന്നും പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കുന്ന ഗ്രാന്റ് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ രീതിയിൽ കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിക്കുമ്പോൾ സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗ്രാന്റ് പൂർണ്ണമായും നേടിയെടുക്കുന്നതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഗ്രാന്റ് ലഭിക്കുന്ന തീയതി മുതൽ 10 പ്രവൃത്തി ദിവസത്തിനുള്ളിൽ തുക പ്രാദേശിക സർക്കാരുകളുടെ PFMS അധിഷ്ഠിത ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്. സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവ് അലോട്ട്മെന്റ് കത്തായി കണക്കാക്കി ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളാണ് ട്രഷറിയിൽ ബിൽ സമർപ്പിച്ച് അനുവദിച്ച തുക PFMS അധിഷ്ഠിത ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയിടേണ്ടത്. തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ഒപ്പ് വച്ചതും ധനകാര്യ വകുപ്പ് സെക്രട്ടറി മേലൊപ്പ് വച്ചതുമായ ഗ്രാന്റ് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പിന് ലഭ്യമാക്കണം.

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട ഗ്രാന്റുകളും സഹായങ്ങളും നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ബാധകമല്ല.

## മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയതിലെ ക്രമക്കേടുകളിൽ അന്വേഷണം

2 (2327) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കോവിഡ് കാലയളവിൽ വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പി.പി.ഇ. കിറ്റുകളും സ്കാനർ, ഗ്ലൗസ് തുടങ്ങിയ ഉപകരണങ്ങളും വാങ്ങിയതിലെ ക്രമക്കേടുകളിൽ ധനകാര്യവകുപ്പ് ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ & ബി) കോവിഡ് കാലയളവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL) മുഖേന മരുന്നുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL)-ൽ പരിശോധന ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയായിട്ടില്ല.

(സി) പ്രസ്തുത അന്വേഷണം എത്ര നാൾക്കുള്ളിൽ തീർക്കാനാകുമെന്ന് വ്യക്തമാക്കാമോ?

അന്വേഷണം പുരോഗമിക്കുന്നു.

(ഡി) അന്വേഷണം അനന്തമായി നീണ്ടുപോകുന്നത് അഴിമതി നടത്തിയവരെ സംരക്ഷിക്കുന്നതിനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജപ്തി നടപടികൾക്ക് മൊറട്ടോറിയം

3 (2328) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണപ്പെരുപ്പം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി റിസർവ് ബാങ്ക് പലിശ നിരക്കുകൾ ഉയർത്തിയത് വിവിധതരം വായ്പകളെടുത്തിട്ടുള്ളവർക്ക് അധിക ബാധ്യത സൃഷ്ടിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

യൂറോപ്പിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിന്റെ ഭാഗമായി ഉല്പന്നങ്ങളുടെ വിതരണ പ്രക്രിയയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ

പണപ്പെരുപ്പം കുത്തനെ ഉയരുന്നതിന് കാരണമാകുന്നുണ്ടെന്നും 2022-23 സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് പാദങ്ങളിൽ ഇന്ത്യയിൽ പണപ്പെരുപ്പം അതിന്റെ ഉയർന്ന നിലയായ 6 ശതമാനത്തിന് മുകളിലായിരിക്കുമെന്നും റിസർവ് ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വളർച്ചാ ആവശ്യങ്ങൾക്ക് കോട്ടം വരുത്താതെ തന്നെ പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനുള്ള നയങ്ങൾക്ക് റിസർവ് ബാങ്ക് ഇതിനകം തന്നെ മുൻഗണന നൽകിയിട്ടുണ്ട്. സമ്പദ് വ്യവസ്ഥയിൽ പണപ്രവാഹമുണ്ടാകുന്നത് നിയന്ത്രിക്കാനായി റിസർവ് ബാങ്ക് റിപ്പോ, റിവേഴ്സ് റിപ്പോ, ക്യാഷ് റിസർവ് റേഷ്യോ, എസ്.എൽ.ആർ. തുടങ്ങിയവയുമായി ബന്ധപ്പെട്ട ചില നടപടികൾ കൈക്കൊള്ളാറുണ്ട്. റിസർവ് ബാങ്ക് കൈക്കൊള്ളുന്ന ഇത്തരം നടപടികൾ വിവിധതരം വായ്പകളെടുത്തിട്ടുള്ളവരെയും ബാധിക്കും.

(ബി) കോവിഡ് പ്രതിസന്ധിമൂലം ചെറുകിട സംരംഭകരും സാധാരണക്കാരുമുൾപ്പെടെ വായ്പകൾ തിരിച്ചടയ്ക്കാനാകാതെ ജപ്തി നടപടികൾ നേരിടുന്ന സാഹചര്യത്തിൽ പലിശ ബാധ്യത ഉയരുന്നത് സൃഷ്ടിക്കുന്ന പ്രതിസന്ധി മറികടക്കുന്നതിനായി എന്തെങ്കിലും ഇടപെടലുകൾ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കേരള ഫിനാൻഷ്യൻ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് 2021 മാർച്ച് 31 വരെ തിരിച്ചടവ് കൃത്യമായിരുന്ന ചെറുകിട സംരംഭകരുടെ വായ്പകൾക്ക് 01-07-2021-ൽ തുടങ്ങി ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചു. കൂടാതെ, ചെറുകിട വ്യവസായങ്ങൾ, ആരോഗ്യ പരിപാലനം, ടൂറിസം എന്നീ വിഭാഗങ്ങൾക്കുള്ള പലിശയിൽ കെ.എഫ്.സി. ഇളവും വരുത്തിയിട്ടുണ്ട്. കുറഞ്ഞ പലിശ 9.5 ശതമാനത്തിൽ നിന്നും 8 ശതമാനമായും ഉയർന്ന പലിശ 12 ശതമാനത്തിൽ നിന്നും 10.5 ശതമാനമായി കുറയ്ക്കുകയും കുറഞ്ഞ പലിശയുടെ ആനുകൂല്യം 2021 ജൂലായ് 1 മുതൽ എല്ലാ ഇടപാടുകാർക്കും ലഭ്യമാക്കുകയും ചെയ്തിരുന്നു.

(സി) സംസ്ഥാനത്ത് ജപ്തി നടപടികൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയിരുന്നോ; ആയതിന്റെ കാലാവധി അവസാനിച്ചിട്ടുണ്ടോ; എങ്കിൽ പലിശ ബാധ്യത ഉയർന്ന സാഹചര്യത്തിൽ ജപ്തി നടപടികളുടെ

മൊറട്ടോറിയം ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ കർഷകരും മത്സ്യത്തൊഴിലാളികളും ചെറുകിട കച്ചവടക്കാരും ഉൾപ്പെടെയുള്ളവർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, സഹകരണ ബാങ്കുകൾ കൂടാതെ, റവന്യൂ റിക്കവറി ആക്ട് 1968-ലെ 71- ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീര വികസനവും മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 22-10-2021-ലെ സ.ഉ. (കൈ) നം. 201/2021/റവ പ്രകാരം 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.

## ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകൾ

4(2329) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധനാ വിഭാഗം 2021 ജനവരി മുതൽ നാളിതുവരെ വിവിധ ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ; പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത പരിശോധനയിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം ക്രമക്കേടുകൾ കണ്ടെത്തിയത്; ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; ആയതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**വൻകിട വികസന പ്രവർത്തനങ്ങൾ**

5 (2330) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനം വൻകിട വികസന പ്രവർത്തനങ്ങൾക്കായി ആകെ എത്ര രൂപ കടം എടുത്തിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വികസന പ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയാണ് സംസ്ഥാനം പൊതുവിൽ കടമെടുക്കാറുള്ളത്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാകില്ല. 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിലെ പൊതുകടത്തിലെ ആകെ വർദ്ധനവ് 89951 കോടി രൂപയാണ്.

(ബി) 2016 മുതൽ 2021 വരെ വൻകിട വികസന പ്രവർത്തനങ്ങൾക്ക് എടുത്ത കടത്തിന്റെ പകുതിപോലും കേരളം വിനിയോഗിച്ചിട്ടില്ലെന്ന സി. & എ. ജി. റിപ്പോർട്ടിലെ പരാമർശം ഗൗരവത്തോടെ കാണുന്നുണ്ടോ;

എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം മൂലധനചെലവിൽ 2015-16-നെ അപേക്ഷിച്ച് 2020-21ൽ 72.51% വർദ്ധനവ് വന്നിട്ടുണ്ട്. മൂലധനചെലവ് പരമാവധി ഉയർ<u>ത്തു</u>കയെന്നത് തന്നെയാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) 2016 മുതൽ നാളിതുവരെ വൻകിട വികസന പ്രവർത്തനങ്ങൾക്കായി എടുത്ത കടത്തിന് പലിശ ഇനത്തിൽ എത്ര രൂപ തിരിച്ചടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ 2020-21 വരെ പൊതുകടത്തിന്റെ പലിശ ഇനത്തിലെ തിരിച്ചടവ് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പലിശ (കോടിയിൽ) |
|---|---|
| 2016-17 | 9416.36 |
| 2017-18 | 10937.67 |
| 2018-19 | 12086.29 |
| 2019-20 | 13273.79 |
| 2020-21 | 14409.57 |

**പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ പുതുക്കൽ**

6 (2331) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ പുതുക്കി നൽകുന്നതിന് തടസ്സമുണ്ടോ; ഇത്തരം സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ കാലാവധിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തടസ്സമില്ല. 04-07-2019-ലെ സ.ഉ (പി) നം. 77/2019/ധന ഉത്തരവ് പ്രകാരം 2 വർഷക്കാലയളവിലേക്കാണ് അക്രഡിറ്റേഷൻ അനുവദിച്ചിരുന്നത്. ആയത് 03-07-2021-ന് അവസാനിച്ചിട്ടുള്ളതിനാൽ 05-08-2021-ലെ സ.ഉ(പി) നം.111/2021/ധന, 21/10/2021-ലെ സ.ഉ (പി)നം.136/2021/ധന, 01-01-2022-ലെ സ.ഉ (പി)നം.2/2022/ധന, 13-04-2022-ലെ സ.ഉ(പി)നം. 45/2022/ധന, 29-06-2022-ലെ സ.ഉ (പി)നം.79/2022/ധന എന്നീ ഉത്തരവുകളിലൂടെ ടി സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ 31-07-2022 വരെ ദീർഘിപ്പിച്ച് നല്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ പൊതുമേഖലാ

സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ പുതുക്കുന്നതിലും പുതിയവ ചേർക്കുന്നതിനുമുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിലവിലുള്ള ഫയലിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പരിശോധിച്ചു വരുന്നു.

(സി) എം.എൽ.എ. മാരുടെ ഫണ്ടുകൾ അടക്കമുള്ള നിരവധി പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ അക്രഡിറ്റേഷൻ അടിയന്തരമായി പുതുക്കി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുമോ?

പരിശോധിച്ചു വരുന്നു.

**കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ സൃഷ്ടിച്ച ആഘാതം**

7 (2332) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സമ്പന്നാനുകൂലമായി പറയപ്പെടുന്ന സാമ്പത്തിക നയങ്ങൾ സൃഷ്ടിച്ച ആഘാതം സാധാരണക്കാരുടെ മേൽ മാത്രമായി അടിച്ചേല്പിച്ചുകൊണ്ട് ഇന്ധനത്തിനുമേൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി, സർച്ചാർജ് എന്നിവ ഏർപ്പെടുത്തി വിലക്കയറ്റത്തിന് വഴിവച്ചത് സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ഗുരുതരമായ ആഘാതം സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ടോ?

കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ കാരണം കേരളത്തിന് പ്രതികൂലമായ അവസ്ഥയാണ് നേരിടേണ്ടി വരുന്നത്. കേന്ദ്ര സർക്കാർ പിരിച്ചെടുക്കുന്ന സെസ്സുകളും അധിക സെസ്സുകളും സർചാർജ്ജുകളും സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകാറില്ല. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. ഇതിനു

പുറമേ, 2023-24-നുശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ച് നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 4.5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടുവരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും.

ഇന്ധന വിലയിലുണ്ടായിട്ടുള്ള ക്രമാതീതമായ വർദ്ധനവ് പണപ്പെരുപ്പത്തിന് കാരണമായിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായ കേരളം ഭക്ഷ്യ വസ്തുകളുൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ, അസംസ്കൃത വസ്തുക്കൾ എന്നിവയ്ക്കായി മറ്റ് സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഇന്ധന വിലയിലെ വർദ്ധനവ് ചരക്കുഗതാഗത ചെലവിൽ വർദ്ധനയുണ്ടാക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ വിലക്കയറ്റത്തിന് കാരണമാകുകയും ചെയ്യുന്നു. ഇന്ധന വിലവർദ്ധനവ് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പൊതുവിൽ പ്രതികൂലമായാണ് ബാധിച്ചിട്ടുള്ളത്.

(ബി) ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ വരുമാനത്തിന്റെ നാൽപ്പത്തിയൊന്ന് ശതമാനത്തിലധികം വായ്പ വഴിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഈ സാഹചര്യത്തിൽ കേന്ദ്രഭരണാനുകൂലികളും ജനവിരുദ്ധ സാമ്പത്തിക നയം രാജ്യത്ത് അവതരിപ്പിച്ചവരും സംസ്ഥാനത്തിന്റെ പൊതുകടം സംബന്ധിച്ച് അനാവശ്യ ആശങ്ക പരത്തി വികസനം മന്ദീഭവിപ്പിക്കാൻ ശ്രമം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ആകെ വരുമാനത്തിന്റെ 42.09 ശതമാനം വായ്പ വഴിയാണ്. എന്നാൽ, ഇതിനെ അപേക്ഷിച്ച് സംസ്ഥാന ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള ആകെ വരുമാനത്തിന്റെ 22.53 ശതമാനം മാത്രമേ സംസ്ഥാനം വായ്പയായി എടുക്കുന്നുള്ളൂ.

(സി) വായ്പയിലൂടെ അടിസ്ഥാന സൗകര്യമേഖലയിൽ വൻതോതിൽ മൂലധന നിക്ഷേപം നടത്തി സമ്പദ് വ്യവസ്ഥ ഊർജ്ജസ്വലമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വായ്പയെടുത്ത തുക പൂർണ്ണമായും ആസ്തി വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് അഭികാമ്യമായിട്ടുള്ളത്.

എന്നാൽ റവന്യൂകമ്മി ഇല്ലാതായാലെ ഇത് സാദ്ധ്യമാകൂ. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടുവരാനാണ് പരിശ്രമിക്കുന്നത്. കടമെടുക്കുന്ന ചെറിയൊരു ഭാഗം നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിലും ഏറിയ പങ്കും വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക പൂർണ്ണമായും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയുമെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടാകുന്ന നഷ്ടം തടയാൻ നടപടി

8 (2333) ശ്രീമതി ഉമ തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുനിന്ന് മാത്രമല്ല സംസ്ഥാനത്തിനുള്ളിലും നികുതി നഷ്ടം ഉണ്ടാകുന്ന വിധം സ്വർണ്ണ കള്ളക്കടത്ത് വ്യാപകമാണെന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്ത് നടക്കുന്ന സ്വർണ്ണ കള്ളക്കടത്തിന്റെ ഇരുപത്തിയഞ്ച് ശതമാനംപോലും കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ വലിയ തോതിലുള്ള നികുതി നഷ്ടമുണ്ടാകുന്നത് തടയുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സ്വർണ്ണം കൊണ്ടുപോകുന്നതിന് ചരക്ക് സേവന നികുതി നിയമ പ്രകാരം ഇ-വേ ബിൽ നിലവിൽ ആവശ്യമില്ല. ടി നിയമപ്രകാരമുള്ള രേഖകൾ ഉപയോഗിക്കാതെ സ്വർണ്ണം കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വർണ്ണ കള്ളക്കടത്തുമൂലമുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം സംരക്ഷിക്കുന്നതിനും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് സ്ക്വാഡുകളുടെ നിതാന്ത വാഹന പരിശോധന, ജ്വലറികൾ, ഹാൾ മാർക്കിംഗ് സ്ഥാപനങ്ങൾ, സ്വർണ്ണാഭരണ നിർമ്മാണ കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവയ്ക്ക് സമീപമുള്ള രഹസ്യ നിരീക്ഷണം, നിയമ പ്രകാരമുള്ള കട പരിശോധന എന്നിവയിലൂടെ സാധിച്ചിട്ടുണ്ട്. കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമത്തിന്റെ സെക്ഷൻ 129 പ്രകാരം ശരിയായ രേഖകൾ

ഇല്ലെങ്കിലോ നിയമത്തിന്റെ ലംഘനമുണ്ടെങ്കിലോ നികുതിയുടെ ഇരട്ടി തുക പെനാൽറ്റിയായി ഈടാക്കുന്നു. ചരക്ക് സേവന നികുതി നിയമലംഘനം നടത്തി നികുതി വെട്ടിപ്പിനാണ് ശ്രമമെന്ന് ബോധ്യപ്പെട്ടാൽ സെക്ഷൻ 130 പ്രകാരം ടി സ്വർണ്ണം കണ്ടുകെട്ടുന്നു.

(സി) സ്വർണ്ണ കള്ളക്കടത്ത് സംബന്ധിച്ച് വിവരം നൽകുന്നവരുടെ വിശദാംശങ്ങൾ ജി.എസ്.ടി. വകുപ്പിൽ നിന്ന് തന്നെ ചോർത്തി നൽകുന്നതായ ആക്ഷേപത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ സ്വർണ്ണ വ്യാപാര മേഖലയിലെ ജി.എസ്.ടി വെട്ടിപ്പ് സംബന്ധിച്ച് വിവരം ശേഖരിക്കാനുള്ള informer scheme നടപ്പിലാക്കിയിട്ടുണ്ട്. സ്വർണ്ണ കള്ളക്കടത്ത് സംബന്ധിച്ച് വിവരം നൽകുന്നവരുടെ വിശദാംശങ്ങൾ ജി.എസ്.ടി വകുപ്പിൽ നിന്ന് തന്നെ ചോർത്തി നൽകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കള്ളക്കടത്ത് സംബന്ധിച്ച് വിവരം നൽകുന്നവരുടെ വിശദാംശങ്ങൾ പുറത്തുപോകാതെ സ്വർണ്ണ കള്ളക്കടത്ത് തടയുന്നതിനും

നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ജനകീയ പങ്കാളിത്തത്തോടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സ്വർണ്ണം ഉൾപ്പെടെ എല്ലാ ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി വെട്ടിപ്പ് സംബന്ധിച്ച രഹസ്യ വിവരം നൽകുന്നവർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് ഇനാം നൽകുന്നതിനായി 'ഗ്രാന്റ് ഓഫ് റിവാർഡ് ടു ഇൻഫോർമേഴ്സ് ആൻഡ് ഗവൺമെന്റ് സെർവെന്റ്സ് 2020' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് തങ്ങൾക്ക് ലഭിക്കുന്ന ഇൻവോയ്സ് അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ടി 'ലക്കി ബിൽ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഏർപ്പെടുത്തും. സ്വർണ്ണത്തിന്റെ ചരക്കു നീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാക്കണമെന്ന് സംസ്ഥാനം ജി.എസ്.ടി കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## സ്പാർക്ക് സംവിധാനത്തിന്റെ കാര്യക്ഷമത

9(2334) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പാർക്ക് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാലോചിതമായ പരിഷ്കരണങ്ങൾക്കും മാറ്റങ്ങൾക്കുമനുസൃതായി നിലവിലെ സോഫ്റ്റ്വെയർ അപ്ഡേറ്റ് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ പുതിയൊരു സോഫ്റ്റ്വെയർ സംവിധാനത്തിലേക്ക് മാറുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2021 ജൂൺ മുതൽ നാളിതുവരെയായി സ്പാർക്ക് സംബന്ധിച്ച് ലഭിച്ച പരാതികൾ/ഇ-മെയിൽ സന്ദേശങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

01-06-2021 മുതൽ 28-06-2022 വരെ 118980 മെയിലുകളും 6102 അപേക്ഷകളും ഈ ഓഫീസിൽ ലഭ്യമായിട്ടുണ്ട്.

(സി) ഇതിൽ എത്രയെണ്ണത്തിന് യഥാസമയം മറുപടി നൽകിയെന്ന് പറയാമോ?

15-06-2022 വരെയുള്ള 124259 അപേക്ഷകൾക്കും മെയിലുകൾക്കും മറുപടി നൽകിയിട്ടുണ്ട്.

## മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കോവിഡ് കാല പർച്ചേസുകൾ

10 (2335) <u>ശ്രീമതി ഉമ തോമസ്</u>:
<u>ശ്രീമതി കെ. കെ.രമ</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിയ കോവിഡ് കാല പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം സർക്കാരിന്റെ അംഗീകാരം ആവശ്യമായിരുന്നോയെന്ന് വ്യക്തമാക്കാമോ?

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കോവിഡ് കാലത്ത് നടത്തിയ പർച്ചേസുകൾക്ക് 04-04-2020-ലെ G.O(Rt)No.09/2020/SPD, 12.06.2020-ലെ G.O(Rt)No.12/2020/SPD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സ്റ്റോർ പർച്ചേസ് നിയമങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി ഇളവുകളോടുകൂടിയാണ് കോർപ്പറേഷൻ കോവിഡ് കാലത്ത് മരുന്നുകളും മറ്റ് സാമഗ്രികളും വാങ്ങി വിതരണം ചെയ്തിട്ടുള്ളത്.

(ബി) കോവിഡ് കാലത്ത് സാൻ ഫാർമ എന്ന സ്ഥാപനത്തിൽ നിന്നും ഉയർന്ന നിരക്കിൽ പി.പി.ഇ. കിറ്റ് വാങ്ങിയതിന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കാനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സമർപ്പിച്ച ഫയലിൽ പി.പി.ഇ. കിറ്റിന്റെ വിലയിൽ വലിയ അന്തരമുണ്ടായിരുന്നോ; എങ്കിൽ ആയത് ധനകാര്യ വകുപ്പ് പരിശോധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(ബി & സി) സർക്കാരിൽനിന്നും നൽകുന്ന അനുമതികളിൽ ആവശ്യത്തിനുള്ള സാധന സാമഗ്രികൾ വാങ്ങി നൽകണമെന്ന് മാത്രമേ നിർദ്ദേശിക്കാറുള്ളൂ. സർക്കാരിന്റെ നിർദ്ദേശങ്ങൾ ഒരു കാരണവശാലും വിതരണക്കാരനെ ആധാരമാക്കി നൽകിയിട്ടില്ല.

കോവിഡ്-19-ന്റെ ആദ്യകാലങ്ങളിൽ കോവിഡ് സംരക്ഷണത്തിന് വേണ്ടിയുള്ള ഉപകരണങ്ങൾക്ക് ആവശ്യം വളരെ കൂടുതലും വിതരണക്കാർ വളരെ കുറവുമായതിനാൽ വിതരണക്കാരൻ തീരുമാനിക്കുന്ന വിലയിൽ മാത്രമേ സാധനങ്ങൾ വാങ്ങാൻ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. 04-04-2020-ലെ സ.ഉ(സാധാ)നം.09/2020/SPD നമ്പർ ഉത്തരവ് പ്രകാരം സ്റ്റോഴ്സ് പർച്ചേസ്

നിയമങ്ങളിൽ ഇളവ് നൽകി വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, വകുപ്പ് തലവന്മാർ എന്നിവർക്ക് കോവിഡുമായി ബന്ധപ്പെട്ട അവശ്യ സാധനങ്ങൾ സംഭരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

**പ്രതീക്ഷിത വരുമാനം**

11(2336) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2021-22 സാമ്പത്തിക വർഷത്തെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രതീക്ഷിത വരുമാനം ലഭിച്ചിരുന്നോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വരുമാനം ലഭ്യമായിട്ടില്ലെങ്കിൽ ആയതിന് വിഘാതമായി വന്നിട്ടുള്ള കാരണങ്ങൾ വിശദമാക്കാമോ?

(എ&ബി) അക്കൗണ്ടന്റ് ജനറലിന്റെ 2021-22-ലെ പ്രാരംഭ കണക്കുകൾ പ്രകാരം 116546.50 കോടി രൂപയാണ് റവന്യൂ വരുമാനമായി ലഭിച്ചത്. ഇത് 2021-22 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റായ 117888.16 കോടി രൂപയുടെ 98.86 ശതമാനമാണ്.

ഇതനുസരിച്ച് പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള വരുമാനത്തിൽ കാര്യമായ കുറവ് വന്നിട്ടില്ല.

അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമായാൽ മാത്രമേ പ്രതീക്ഷിത റവന്യൂ സമാഹരണം നടത്താൻ സാധിച്ചിട്ടുണ്ടോയെന്ന് പൂർണ്ണമായും വിലയിരുത്താൻ കഴിയുകയുള്ളൂ.

**റവന്യൂ വരുമാനം**

12(2337) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബജറ്റിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനം എത്രയാണ്; ഈ ഇനത്തിൽ എത്ര കോടി രൂപ സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ട്;

(ബി) റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ചതിനേക്കാൾ കുറവ് സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് കാരണം വ്യക്തമാക്കുമോ?

(എ & ബി) അക്കൗണ്ടന്റ് ജനറലിന്റെ 2021-22-ലെ പ്രാരംഭ കണക്കുകൾ പ്രകാരം 116546.50 കോടി രൂപയാണ് റവന്യൂ വരുമാനമായി ലഭിച്ചത്. ഇത് 2021-22 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ്

എസ്റ്റിമേറ്റായ 117888.16 കോടി രൂപയുടെ 98.86 ശതമാനമാണ്. ഇതനുസരിച്ച് പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള വരുമാനത്തിൽ കാര്യമായ കുറവ് വന്നിട്ടില്ല.

അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമായാൽ മാത്രമേ പ്രതീക്ഷിത റവന്യൂ സമാഹരണം നടത്താൻ സാധിച്ചിട്ടുണ്ടോയെന്ന് പൂർണ്ണമായും വിലയിരുത്താൻ കഴിയുകയുള്ളൂ.

**മെഡിസെപ് പദ്ധതിയുടെ ആനുകൂല്യം**

13(2339) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച മെഡിസെപ് പദ്ധതിയുടെ ആനുകൂല്യം എത്രപേർക്ക് ലഭ്യമാകുമെന്ന് അറിയിക്കാമോ?

കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules, 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ,

പെൻഷൻകാർ, കുടുംബ പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും മെഡിസെപ് പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവകലാശാലകളിലേയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/പെൻഷൻകാർ/ കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. നിലവിൽ 10 ലക്ഷത്തിലധികം വരുന്ന ജീവനക്കാരും പെൻഷൻകാരും അവരുടെ ആശ്രിതരും ഉൾപ്പെടെ ഏകദേശം 30 ലക്ഷം പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

## വയനാട് ജില്ലയിലെ ക്ഷേമ പെൻഷൻ വിതരണം

14(2341) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വിവിധ ക്ഷേമ പെൻഷനുകളിലൂടെ 2016 ജൂൺ മുതൽ 2021 മെയ് 31 വരെ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ 2016 ജൂൺ മുതൽ 2021 മെയ് 31 വരെ സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ 732.79 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് 115.56 കോടി രൂപയും സാംസ്കാരിക വകുപ്പ് മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്നവർക്ക് 1.46 ലക്ഷം രൂപയും കായിക യുവജനക്ഷേമ വകുപ്പ് മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്നവർക്ക് 1.48 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ജില്ലയിലെ എത്ര ഗുണഭോക്താക്കൾക്കാണ് പ്രസ്തുത തുക ലഭ്യമായതെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ 1,13,755 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കാണ് തുക നൽകിയിട്ടുള്ളത്. 17,568 ഗുണഭോക്താക്കൾക്കാണ് വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ ലഭിച്ചിരുന്നത്. ഇതുകൂടാതെ സാംസ്കാരിക വകുപ്പ് മുഖേനയുള്ള പെൻഷൻ 3 ഗുണഭോക്താക്കൾക്കും കായിക യുവജനക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന പെൻഷനുകൾ 3 ഗുണഭോക്താക്കൾക്കും ലഭിച്ചിരുന്നു.

(സി) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ വിവിധ ക്ഷേമ പെൻഷനുകളിലൂടെ എത്ര തുക വിതരണം ചെയ്തുവെന്നും ആയതിന് എത്ര ഗുണഭോക്താക്കളുണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ?

2011 മുതൽ 2016 വരെയുള്ള കാലയളവിൽ വയനാട് ജില്ലയിൽ 86962 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 228.38 കോടി രൂപ വിതരണം ചെയ്തിട്ടുള്ളതാണ്. ഇക്കാലയളവിൽ വിവിധ ക്ഷേമനിധി ബോർഡുകളിലെ 15,468 പെൻഷൻ ഗുണഭോക്താക്കൾക്ക് 49.58 കോടി രൂപയും സാംസ്കാരിക വകുപ്പ് മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്ന 3 പേർക്ക് 1.48 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ഡി) 2021 ജൂൺ മുതൽ 2022 മാർച്ച് 31 വരെ വയനാട് ജില്ലയിൽ ക്ഷേമ പെൻഷനുകളിലൂടെ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

2021 ജൂൺ മുതൽ 2022 മാർച്ച് 31 വരെ വയനാട് ജില്ലയിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 196.68 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് 30.37 കോടി രൂപയും സാംസ്കാരിക വകുപ്പ് മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്നവർക്ക് 16,000/- രൂപയും കായിക യുവജനക്ഷേമ വകുപ്പ് മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്നവർക്ക് 36,000/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

## മെഡിസെപ്

15(2343) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പ്രകാരം നിലവിൽ ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും നിശ്ചയിച്ചിരിക്കുന്ന വാർഷിക പ്രീമിയം എത്രയാണ്?

മെഡിസെപ് പദ്ധതി പ്രകാരം ജീവനക്കാരും പെൻഷൻകാരും അടയ്ക്കേണ്ട വാർഷിക പ്രീമിയം തുക ജി.എസ്.ടി. ഉൾപ്പെടെ 6000/- രൂപയായി നിശ്ചയിച്ചിരിക്കുന്നു.

(ബി) ഇവരുടെ ചികിത്സയ്ക്കായി നൽകാൻ തീരുമാനിച്ചിരിക്കുന്ന വാഗ്ദത്ത തുക (അഷ്വേർഡ് എമൗണ്ട്) എത്രയാണ്; വിശദമാക്കാമോ?

പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്ന് വർഷത്തെ പോളിസി പിരീഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്ത പക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷ കൂടാതെ 12 മാരക രോഗങ്ങൾക്കും അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്കുമായി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി

രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്.

## സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി

16(2344) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ വെട്ടിച്ചുരുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന ഈ പ്രശ്നം മറികടക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ KIIFB, KSSPL തുടങ്ങിയവ മുൻ വർഷങ്ങളിൽ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing- ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽ നിന്നും കുറയ്ക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്ന് കിട്ടിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്

സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്തിരുന്നെങ്കിലും 5000 കോടി രൂപ കടമെടുക്കുന്നതിനുള്ള താല്കാലിക അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാനത്തിന്റെ Off Budget borrowing-ആയി കണക്കാക്കണമെന്ന കേന്ദ്ര സർക്കാർ നിലപാട് സംസ്ഥാനം കടമെടുക്കുന്ന തുകയിൽ കുറവ് വരുത്തും.

സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ

വിഹിതത്തിലും കുറവുണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഗ്രാന്റിനത്തിൽ ലഭ്യമായത് 5141 കോടി രൂപയായിരുന്നുവെങ്കിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം ഈയിനത്തിൽ 3798 കോടി രൂപ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇതിനുപുറമേ, 2023-24 നുശേഷം റവന്യൂ കമ്മി ഗ്രാന്റ് ലഭ്യമല്ലാതാകുകയും ജി.എസ്.ടി. നഷ്ടപരിഹാരം 2022 ജൂണിൽ അവസാനിക്കുകയും കോവിഡ് കാലത്ത് കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 4.5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരുന്നതും സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും.

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മിയും ധനകമ്മിയും കുറച്ചുകൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്.

മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥയ്ക്കകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ തടസ്സങ്ങളിൽനിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം. ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ

മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുകയെന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമമേറ്റെടുക്കാൻ സംസ്ഥാനം ബാദ്ധ്യസ്ഥമാണ്. ഇതോടൊപ്പം സംസ്ഥാനം നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കടമെടുക്കുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽനിന്നും ഉടൻ ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**ഓറോടംപാലം- മാനത്ത്മംഗലം ബൈപ്പാസ് നിർമ്മാണം**

17(2345) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓറോടംപാലം-മാനത്ത്മംഗലം ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കുന്നതോ ക്യാബിനറ്റ് അംഗീകാരത്തോടുകൂടി കിഫ്ബിയിലേയ്ക്ക് നല്കുന്നതോ ആയ

പദ്ധതികൾക്കാണ് കിഫ്ബി ധനസഹായം നൽകുന്നത്. കിഫ്ബി നേരിട്ട് പദ്ധതികളൊന്നും തന്നെ തെരഞ്ഞെടുക്കുന്നില്ല.

ഓരോടംപാലം - മാനത്ത്മംഗലം ബൈപ്പാസ് പ്രവൃത്തി, മേല്പറഞ്ഞ വ്യവസ്ഥകൾ പാലിച്ച് കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടില്ല.

**പൂഞ്ഞാർ മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പാക്കുന്ന പ്രവൃത്തികൾ**

18(2346) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ നിലവിൽ കിഫ്ബി വഴി നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽ നിലവിൽ കിഫ്ബി വഴി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ* ഉൾപ്പെടുത്തിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കിഫ്ബി പദ്ധതികൾ

19(2347) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ എത്ര രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്; ഇതിൽ എത്ര രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; എത്ര രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇവയുടെ വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബി നാളിതുവരെ ഏകദേശം 78,217 കോടി രൂപയുടെ പദ്ധതികൾ ബജറ്റ്, ക്യാബിനറ്റ് എന്നിവ മുഖേന പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

ഇതിൽ നാളിതുവരെ 70,841.38 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളതും 5,486.59 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ആയതിന്റെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി നാളിതുവരെ സമാഹരിച്ചിട്ടുള്ള വായ്പകളുടെയും ധനസഹായങ്ങളുടേയും ഇനം തിരിച്ചുള്ള വിശദാംശങ്ങളും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വായ്പാ തിരിച്ചടവ് കാലാവധിയും നാളിതുവരെ തിരിച്ചടച്ചിട്ടുള്ള തുകയുടെ വിശദവിവരങ്ങളും നൽകാമോ?

പ്രസ്തുത പദ്ധതികൾക്കുവേണ്ടി നാളിതുവരെ സമാഹരിച്ചിട്ടുള്ള വായ്പകൾ, ധസഹായങ്ങൾ, അവയുടെ തിരിച്ചടവ് കാലാവധി, നാളിതുവരെ തിരിച്ചടച്ചിട്ടുള്ള തുക എന്നിവയുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## കിഫ്ബി പദ്ധതി

20(2348) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെയായി വിവിധ വകുപ്പുകളിലെ എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; എത്ര പ്രവൃത്തികൾ ടെണ്ടർ ചെയ്തു; എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്?

സംസ്ഥാനത്ത് നാളിതുവരെ വിവിധ വകുപ്പുകളിലായി 70,841.38 കോടി രൂപയുടെ 962 പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 26,572.07 കോടി രൂപയുടെ 569 പദ്ധതികൾ ടെണ്ടർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിട്ടുള്ളതും 5486.59 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇതുവരെയായി പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയിൽ നിന്നും എത്ര കോടി രൂപ ചെലവഴിച്ചു?

പ്രസ്തുത പദ്ധതികൾക്കായി നാളിതുവരെ ആകെ 20,484.27 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കിഫ്ബിവഴി പൂർത്തീകരിച്ച ഏറ്റവും പ്രധാനപ്പെട്ട പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

കിഫ്ബിവഴി പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## ഗുരുവായൂർ മണ്ഡലത്തിൽ കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ

21(2349) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഗുരുവായൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കിഫ്ബി സഹായത്തോടെ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) ഗുരുവായൂർ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദ വിവര പട്ടിക അനുബന്ധമായി* ചേർക്കുന്നു.

**പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ റോഡ് നവീകരണം**

22(2351) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-11-2016-ലെ ജി.ഒ (ആർ.റ്റി) നം. 1502/2016/പി.ഡബ്ള്യ.ഡി. ഉത്തരവുപ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ റോഡ് നവീകരണ പ്രവൃത്തിയുടെ തുടർനടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത റോഡിന് 2016-ൽ ഭരണാനുമതി ലഭ്യമായിരുന്നെങ്കിലും അതിനുശേഷം, ടി റോഡിന്റെ ചെയിനേജ് 0/000 മുതൽ 15/000 വരെ CRF പദ്ധതിയിൽ ഉൾപ്പെടുത്തിയും ചെയിനേജ് 15/000 മുതൽ 27/200 വരെ സംസ്ഥാന ബജറ്റ് പദ്ധതിയിലുൾപ്പെടുത്തിയും മെക്കാഡം റോഡ് പ്രവൃത്തി നടന്നിരുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി നിർവ്വഹണ ഏജൻസി വിശദപഠന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ വേഗത്തിലാക്കാൻ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം നൽകാമോ; വിശദമാക്കുമോ?

നിലവിൽ പ്രസ്തുത റോഡിന്റെ ഡി.എൽ.പി. കാലയളവ് അവസാനിച്ച് അധികനാളാകാത്തതിനാൽ വിശദമായ പരിശോധനകൾ നടത്തി മാത്രമേ ടി പ്രവൃത്തി കിഫ്ബി ഫണ്ടിംഗിൽ ഉൾപ്പെടുത്തണമോയെന്ന് തീരുമാനിക്കാനാകൂ.

## മലമ്പുഴ മണ്ഡലത്തിലെ റെയിൽവേ കോളനി -ധോണി - മുട്ടികുളങ്ങര റോഡ് നവീകരണം

23(2352) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖാന്തരം നടപ്പിലാക്കുന്ന മലമ്പുഴ നിയോജകമണ്ഡലത്തിലെ റെയിൽവേ കോളനി-ധോണി-മുട്ടികുളങ്ങര റോഡ് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി എത്ര രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ റെയിൽവേ കോളനി – ധോണി – മുട്ടികുളങ്ങര റോഡിന്റെ വിശദപഠന റിപ്പോർട്ട് നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിക്കുകയും പ്രസ്തുത പദ്ധതിക്ക് 12.66 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ടി റോഡിന്റെ മൊത്തം നീളമായ 7 കിലോമീറ്ററിൽ, 3 കിലോമീറ്റർ ദൂരം റോഡിന്റെ ഇരുവശവും റെയിൽവേ ഭൂമിയായതുകൊണ്ട് ഭൂമിയേറ്റെടുക്കൽ ശ്രമകരമാണെന്നും അതിനാൽ കിഫ്ബി നിലവാരത്തിലേയ്ക്ക് റോഡിന്റെ നിലവാരം ഉയർത്താൻ ബുദ്ധിമുട്ടാണെന്നും

കേരള റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, നിലവിലുള്ള പാത പുതിയ സാങ്കേതികവിദ്യയായ ഫുൾ ഡെപ്ത് റിക്ലമേഷൻ (FDR) ഉപയോഗിച്ച് നവീകരിക്കുവാൻ കിഫ്ബി തീരുമാനിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ കേരള റോഡ് ഫണ്ട് ബോർഡിന് നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. യായ കെ.ആർ.എഫ്.ബി. ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികളിലേയ്ക്ക് കടക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

കേരള റോഡ് ഫണ്ട് ബോർഡ് പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അതിന്മേൽ അവലോകനം നടത്തി പുതുക്കിയ ധനാനുമതി നൽകുന്നതും അതിനെ തുടർന്ന് നിർവ്വഹണ ഏജൻസിക്ക് സാങ്കേതികാനുമതി നൽകൽ, ദർഘാസ് ക്ഷണിക്കൽ തുടങ്ങിയ പ്രക്രിയകളിലേയ്ക്ക് കടക്കാവുന്നതാണ്.

**ആലുവ-മൂന്നാർ റോഡ് നവീകരണം**

24(2353) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖേന നവീകരിക്കുന്ന ആലുവ-മൂന്നാർ റോഡിനായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു വരുന്നതേയുള്ളൂ. ടി പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടിക്കുവേണ്ടിയുള്ള അർത്ഥനപത്രം എസ്.പി.വി. ആയ കെ.ആർ.എഫ്.ബി ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

(ബി) ഭൂമിയേറ്റെടുക്കലിനായി ഉദ്യോഗസ്ഥ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അർത്ഥന പത്രം നൽകി ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്ന ഘട്ടത്തിൽ ആവശ്യമായ ഉദ്യോഗസ്ഥരെ ജില്ലാ കളക്ടർ നിയോഗിക്കുന്നതാണ്.

(സി) ഭൂമിയേറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ടി പദ്ധതി നിലവിൽ പ്രാരംഭ ഘട്ടത്തിലായതിനാൽ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള കാലാവധി തിട്ടപ്പെടുത്തുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

25(2354) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ഏതെല്ലാം പ്രവൃത്തികളാണ് ആരംഭിക്കാൻ ശേഷിക്കുന്നതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളിൽ പ്രവൃത്തി ആരംഭിക്കാൻ ശേഷിക്കുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബി അനുവദിച്ച തുകയുടെ വിവരം അനുബന്ധത്തിൽ* ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്ന് വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടുന്ന വിശദവിവരം അനുബന്ധത്തിൽ* ചേർത്തിട്ടുണ്ട്. പദ്ധതികളുടെ വിവിധ ഘട്ടങ്ങളിൽ നേരിടുന്ന തടസ്സങ്ങൾ, ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളുമായി നടത്തുന്ന അവലോകന യോഗങ്ങളിൽ ചർച്ച ചെയ്യുകയും അവ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കിഫ്ബി നൽകുകയും ചെയ്യുന്നു.

**ഗുരുവായൂർ മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്**

26(2357) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ എത്ര രൂപ ബാക്കിയുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

04-08-2018-ലെ സ.ഉ(സാധാ)നം.119/2018/ധന പ്രകാരം 2017-18 മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ഗുരുവായൂർ മണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2017-18 | 21,17,153/- |
| 2018-19 | 7,87,605/- |
| 2019-20 | 13,08,389/- |
| 2020-21 | 3,31,494/- |
| **ആകെ** | **45,44,641/-** |

(ബി) പ്രസ്തുത മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലെ സേവിംഗ്സ് ഇനത്തിൽ പുതുതായി എത്ര തുകയുടെ പ്രവൃത്തികൾ നിർവ്വഹിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

04-08-2018-ലെ സ.ഉ(അ)നം.119/2018/ധന, 31-03-2022-ലെ സ.ഉ(അ)നം.40/2022/ധന ഉത്തരവുകൾക്ക് വിധേയമായി 45,44,641/- രൂപയുടെ പുതിയ പ്രവൃത്തികൾ നിർവ്വഹിക്കാവുന്നതാണ്.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ എ.ഡി.എഫ്. പദ്ധതികള്‍**

27(2358) ശ്രീ. സി. ആര്‍. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തില്‍ മുന്‍സര്‍ക്കാരിന്റെ കാലത്ത് ആസ്തി വികസന ഫണ്ടില്‍ ഉള്‍പ്പെടുത്തി ഏതെല്ലാം പ്രവൃത്തികള്‍ക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ആയതിലേക്കായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തില്‍ 2016-17 മുതല്‍ 2020-21 വരെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളില്‍ എത്ര രൂപ ടെണ്ടര്‍ സേവിംഗ്സ് ഉണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നല്‍കുമോ?

2017-18 സാമ്പത്തിക വര്‍ഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയില്‍ ടെണ്ടര്‍ സേവിംഗ്സ് അനുവദിക്കുന്നതിന് അനുമതിയുള്ളത്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 2017-18 സാമ്പത്തിക വര്‍ഷം മുതലുള്ള ആസ്തി വികസന പദ്ധതിയുടെ ടെന്‍ഡര്‍ സേവിംഗ്സ് വിവരങ്ങള്‍ ചുവടെ ചേര്‍ക്കുന്നു.

| | |
|---|---|
| 2017-18 | 7,13,755/- രൂപ |
| 2018-19 | 24,72,190/- രൂപ |
| 2019-20 | 19,99,797/- രൂപ |
| 2020-21 | 16,72,968/- രൂപ |

(സി) പ്രസ്തുത സേവിംഗ്സിൽ നടപ്പ് സാമ്പത്തിക വർഷം വിനിയോഗിക്കുവാൻ കഴിയുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖയായ 04.08.2018 -ലെ സ.ഉ. (അച്ചടി) നം.119/2018/ധന, ഖണ്ഡിക 2.8-ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 31-03-2022- ലെ സ.ഉ. (അച്ചടി) നം.40/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ടാകുന്ന ടെൻഡർ സേവിംഗ്സ് ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സസിന് വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക്

ഭരണാനുമതി നൽകുന്നതിന് വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം ഭരണാനുമതി നൽകുമ്പോൾ ഒരു സാമ്പത്തിക വർഷത്തിലെ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ ഉപാധികൾക്ക് വിധേയമായി ടെണ്ടർ സേവിംഗ്സ് തുക പുതിയ പദ്ധതികൾക്കായി വിനിയോഗിക്കാവുന്നതാണ്.

## ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക

28(2359) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2019-2022 സാമ്പത്തിക വർഷങ്ങളിൽ അനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2019-2022 സാമ്പത്തിക വർഷങ്ങളിൽ അനുമതി ലഭിച്ച പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുകയെത്രയാണെന്ന് വ്യക്തമാക്കാമോ?

| | |
|---|---|
| 2018-19 | 57,88,783/- രൂപ |
| 2019-20 | 77,28,560/- രൂപ |
| 2020-21 | 39,24,059/- രൂപ |

## ആലത്തൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

29(2360) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ആസ്തി വികസന ഫണ്ടിൽ നിന്നും ആലത്തൂർ മണ്ഡലത്തിനായി ശിപാർശ ചെയ്ത എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തീകരിക്കാത്തവ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) മുൻ സർക്കാരിന്റെ കാലയളവിൽ ആസ്തി വികസന ഫണ്ടിൽനിന്നും ആലത്തൂർ മണ്ഡലത്തിനായി ശിപാർശ ചെയ്ത എല്ലാ

പ്രവൃത്തികളും പൂർത്തീകരിച്ചിട്ടില്ല. 2016-17 കാലയളവിലെ പൂർത്തീകരിക്കാനുള്ള അഞ്ച് പ്രവൃത്തികളിൽ ഒരു പ്രവൃത്തി സംബന്ധിച്ച വിശദാംശം ലഭ്യമല്ലാത്തതിനാൽ ആയത് ശേഖരിച്ചുവരുന്നു. 2017-18 കാലയളവിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികളില്ല. 2018-19 വർഷം മുതൽ പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ, നിലവിലെ സ്ഥിതി വിവരങ്ങൾ ഉൾപ്പെടെ അനുബന്ധമായി* ചേർക്കുന്നു.

**പയ്യന്നൂർ എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതി**

30(2361) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ 2017-18 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് എത്രയാണെന്ന് വിശദമാക്കാമോ?

പയ്യന്നൂർ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ 2017-18 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഒരോ വർഷങ്ങളിലെയും ടെണ്ടർ സേവിംഗ്സ് തുകയ്ക്ക് പുതിയ പദ്ധതി നിർദ്ദേശിക്കാൻ കഴിയുമോ; വ്യക്തമാക്കാമോ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.(സാധാ)നം. 119/2018/ധന, ഖണ്ഡിക 2.8 ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 31-03-2022-ലെ സ.ഉ.(അച്ചടി) നം.40/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ഏതു സാമ്പത്തിക വർഷമാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സ്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്കു ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം ഭരണാനുമതി നൽകുമ്പോൾ ഒരു സാമ്പത്തിക വർഷത്തിലെ

പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്.

## ടെണ്ടർ സേവിംഗ്സ് തുക വിനിയോഗം

31(2362) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2017-18, 2018-19, 2019-20 വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് വ്യക്തമാക്കാമോ?

| | |
|---|---|
| 2017-18 | 13,63,557/- രൂപ |
| 2018-19 | 19,63,792/- രൂപ |
| 2019-20 | 34,95,045/- രൂപ |

(ബി) ടെൻഡർ സേവിംഗ്സ് തുക വിനിയോഗിക്കുന്നതിനുള്ള പ്രത്യേക മാർഗ്ഗരേഖ നിലവിലുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.

(അച്ചടി) നം.119/2018/ധന, ഖണ്ഡിക 2.8 ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 31-03-2022-ലെ സ.ഉ. (അച്ചടി) നം.40/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഓരോ സാമ്പത്തികവർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിന് വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ആയതിനാൽ 04-08-2018-ലെ സ.ഉ(അച്ചടി)നം.119/2018/ധന,31-03-2022-ലെ സ.ഉ. അച്ചടി നം. 40/2022/ധന എന്നീ ഉത്തരവുകൾക്ക് വിധേയമായാണ് നിലവിൽ ആസ്തി വികസന പദ്ധതിയിൽനിന്നും ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

## മണലൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള ആരോഗ്യ പദ്ധതികൾ

32(2363) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും ആരോഗ്യ മേഖലയ്ക്കായി മാറ്റിവച്ച നാല് കോടി രൂപ ഉപയോഗിച്ച് മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും കോവിഡ് പ്രതിരോധ പ്രവൃത്തികൾക്കായി നീക്കിവച്ച നാല് കോടി രൂപയിൽ ഐസൊലേഷൻ വാർഡ് നിർമാണത്തിനായി നീക്കിവച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്.

**ആസ്തി വികസന പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് തുക**

33(2364) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് തുക സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ. മാരെ അറിയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

ആസ്തി വികസന പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് തുക സംബന്ധിച്ച വിവരങ്ങൾ എം.എൽ.എ. മാരെ അറിയിക്കുന്നതിന് നിലവിൽ സർക്കാർ തലത്തിൽ സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(ബി) ടെണ്ടർ സേവിംഗ്സ് തുകയ്ക്കുള്ള പ്രൊപ്പോസലുകൾ കളക്ടേറ്റുകളിൽ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

31-03-2022-ലെ സ.ഉ.(അച്ചടി) നം.40/2022/ധന പ്രകാരം, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് എത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിന് വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം ഭരണാനുമതി

നൽകുമ്പോൾ ഒരു സാമ്പത്തിക വർഷത്തിലെ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്. ഇതുപ്രകാരം ജില്ലാ കളക്ടർമാർക്കുതന്നെ ഈ വിഷയത്തിൽ തീരുമാനമെടുക്കാവുന്നതും മാർഗ്ഗരേഖ പ്രകാരം അനുവദനീയമായവയ്ക്ക് ധനകാര്യ വകുപ്പിൽനിന്നും പ്രത്യേക അനുമതിയുടെ ആവശ്യമില്ലാത്തതുമാണ്. ഇതനുസരിച്ച് എം.എൽ.എ.-മാർ ടെണ്ടർ സേവിംഗ്സ് തുകയുള്ള പ്രൊപ്പോസലുകൾ സമയബന്ധിതമായി കളക്ടേറ്റുകളിൽ സമർപ്പിക്കേണ്ടതാണ്.

## എം.എൽ.എ. ആസ്തി വികസന പദ്ധതി

34(2365) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ ബാലൻസ് തുക വിനിയോഗിക്കുന്നതിന് നിലവിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ?

നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖയായ 04-08-2018-ലെ സ.ഉ.

(അച്ചടി)നം. 119/2018/ധന, ഖണ്ഡിക 2.8-ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് 31-03-2022-ലെ സ.ഉ. (അച്ചടി) നം.40/2022/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ഏത് സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്തുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സ്സസിന് വേണ്ടിയോ പുതിയ പ്രവൃത്തികൾക്കു ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം ഭരണാനുമതി നൽകുമ്പോൾ ഒരു സാമ്പത്തിക വർഷത്തിലെ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 ആയിത്തന്നെ നിജപ്പെടുത്തേണ്ടതാണ്.

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ 2018-19, 2019-20, 2020-21 വർഷങ്ങളിലെ ടെണ്ടർ ബാലൻസ് തുക കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ 2018-19, 2019-20, 2020-21 വർഷങ്ങളിലെ ടെണ്ടർ ബാലൻസ് തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കൽപ്പറ്റ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗം**

35(2366) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം വെളിപ്പെടുത്തുമോ?

(എ & ബി) കൽപ്പറ്റ മണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ/ഏജൻസികളുടെ വിവരങ്ങളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചവ ഏതെല്ലാമാണെന്നും അവയുടെ ഭരണാനുമതി ലഭിച്ച തുക, ടെൻഡർ ചെയ്ത തുക എന്നിവ എത്രയാണെന്നും അറിയിക്കുമോ?

2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചവയുടെ ഭരണാനുമതി തുക, ടെണ്ടർ തുക എന്നിവ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) പ്രസ്തുത കാലയളവിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതൊക്കെയെന്നും അവയുടെ ഭരണാനുമതി നൽകിയ തുക, ടെൻഡർ ചെയ്ത തുക എന്നിവ എത്രയാണെന്നും അറിയിക്കുമോ?

2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി പൂർത്തീകരിച്ച പ്രവൃത്തികളുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി തുക, ടെണ്ടർ തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഇ) 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഏതെല്ലാം വർഷത്തെ ടെൻഡർ സേവിംഗ്സ് തിട്ടപ്പെടുത്തിയിട്ടുണ്ട്; അവയുടെ വിശദാംശങ്ങൾ നൽകുമോ;

(എഫ്) തിട്ടപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം അറിയിക്കുമോ?

(ഇ & എഫ്) 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തിവികസന പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തിട്ടപ്പെടുത്തുന്ന നടപടി നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടന്നുവരുന്നു.

## ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക

36(2367) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2016-17, 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## പ്രത്യേക വികസന നിധി, ആസ്തി വികസന നിധി പ്രവൃത്തികൾക്കുള്ള ബിൽ കുടിശ്ശിക

37(2368) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി, ആസ്തി വികസന നിധി എന്നിവ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ബിൽ തുക നൽകാൻ കുടിശ്ശികയുണ്ടെങ്കിൽ ഏതെല്ലാം കരാറുകാരന് എത്ര രൂപയാണ് കുടിശ്ശികയുള്ളതെന്ന് പ്രവൃത്തിയും മണ്ഡലവും തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്രകാലമായിട്ടാണ് കുടിശ്ശിക ബാക്കിനിൽക്കുന്നതെന്നും എന്തുകൊണ്ടാണ് തുക നൽകാത്തതെന്നും വ്യക്തമാക്കാമോ;

(സി) പ്രത്യേക വികസന നിധി, ആസ്തി വികസന നിധി എന്നിവയിൽ നിന്ന് തുക അനുവദിച്ച് കരാർ നൽകിയ എത്ര പ്രവൃത്തികൾ ആരംഭിക്കാൻ

ബാക്കിയുണ്ടെന്നും എത്ര വർഷം മുൻപ് ടെണ്ടർ ചെയ്തതാണ് പ്രസ്തുത പ്രവൃത്തികളെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലവിളംബത്തിന് ആരുടെയെങ്കിലും ബോധപൂർവ്വമായ കൃത്യവിലോപമാണ് കാരണമെങ്കിൽ അത്തരക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ച് വരുന്നു.

**പ്രാദേശിക വികസന ഫണ്ട് വർദ്ധിപ്പിക്കാൻ നടപടി**

38(2369) ശ്രീ . ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് എഴുപത്തി അഞ്ച് ലക്ഷത്തിൽ നിന്നും ഒരു കോടി രൂപയായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ?

എം.പി. മാരുടെ ലോക്കൽ ഏരിയ ഡെവലപ്മെന്റ് ഫണ്ടിന്റെ മാതൃകയിൽ എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് 2001-ൽ സംസ്ഥാനത്ത് ആരംഭിക്കുകയും 25 ലക്ഷം രൂപ ആരംഭത്തിൽ ഓരോ നിയോജകമണ്ഡലത്തിനും അനുവദിക്കുകയും പിന്നീട് ഓരോ മണ്ഡലത്തിനും

50 ലക്ഷം രൂപയായും 2011-12 മുതൽ 1 കോടി രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതാണെന്ന് എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ(അച്ചടി)നം.161/2017/ധന ഖണ്ഡിക 1.1-ൽ സൂചിപ്പിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവുമൂലം പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ (എസ്.ഒ.ആർ.) നിരവധി തവണ വർദ്ധനവ് വന്നിട്ടും അതിനാനുപാതികമായി എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് വർദ്ധിപ്പിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഫണ്ട് കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി & സി) നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവുമൂലം പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ (എസ്.ഒ.ആർ.) വരുന്ന വർദ്ധനവിന് ആനുപാതികമായല്ല എം.എൽ.എ. മാരുടെ പ്രാദേശിക വികസന ഫണ്ട് വർദ്ധിപ്പിക്കുന്നത്. എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി കാലോചിതമായി വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ

നയപരമായ തീരുമാനമാണ്. നിലവിൽ പ്രത്യേക വികസന നിധി വർദ്ധിപ്പിക്കുന്നത് പരിഗണനയിലില്ല.

## കൊടുങ്ങല്ലൂർ മണ്ഡലത്തിലെ എം.എൽ.എ. ഫണ്ട് വിനിയോഗം

39(2370) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ വിനിയോഗിച്ച് കഴിഞ്ഞ ആറ് വർഷത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

(എ & ബി) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കഴിഞ്ഞ ആറ് വർഷത്തിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതി, പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് അനുവദിച്ച പ്രവൃത്തികളും നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി* ചേർത്തിരിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങൾക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിക്കുവാനുള്ള അനുമതി

40(2371) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ ഓട്ടോണമസ് സ്ഥാപനങ്ങളായ എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിക്കുവാൻ നിലവിൽ അനുമതിയില്ലാത്തത് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇക്കാര്യം സർക്കാർ പരിഗണിക്കുകയും എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്, ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് കെട്ടിടം പണിയുന്നതിന് കൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകി പൊതു ഉത്തരവ് നൽകുവാൻ നിർവ്വാഹമില്ലെന്ന വിവരം 23-06-2022-ലെ 2077453/എൻ.സി-ബി3/68/2022-ധന കത്ത് പ്രകാരം ബഹു. ഗവ. ചീഫ് വിപ്പിനെ അറിയിച്ചിട്ടുണ്ട്.

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ സാങ്കേതിക വിദ്യാഭ്യാസം നൽകിവരുന്ന സ്ഥാപനങ്ങൾ എന്ന നിലയ്ക്ക്, അവയുടെ പ്രവർത്തനങ്ങൾ നിലനിർത്തുന്നതിന് സഹായകരമായി പുതിയ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി എം.എൽ.എ. ആസ്തി വികസന ഫണ്ട് അനുവദിക്കുന്ന കാര്യത്തിന് പ്രത്യേക പരിഗണന നൽകുമോയെന്ന് അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**സംസ്ഥാന സർക്കാരിന് കേന്ദ്ര സഹായം**

41(2372) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും ഏതൊക്കെ പദ്ധതികളിലേക്കാണ് ധനസഹായം ലഭിക്കുന്നത് ?

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും കേന്ദ്ര പദ്ധതികൾക്കുമായാണ് കേന്ദ്ര സർക്കാരിൽ നിന്നും പദ്ധതിയിനത്തിൽ ധനസഹായം ലഭിക്കുന്നത്.

(ബി) ഇത് യഥാസമയം ലഭ്യമാകാറുണ്ടോ; ഇല്ലെങ്കിൽ, ധനസഹായം കൃത്യമായി ലഭിക്കാത്തതുമൂലം സംസ്ഥാനത്ത് എന്തൊക്കെ തടസ്സങ്ങളാണ് നേരിടുന്നത്; വിശദമാക്കാമോ ?

കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ഫണ്ട് സംസ്ഥാനത്തിന് ലഭിക്കുന്നത് റീഇംബേഴ്സ്മെന്റായോ അഡ്വാൻസായോ ആണ്. റീഇംബേഴ്സ്മെന്റായി ഫണ്ട് ലഭിക്കുന്ന പദ്ധതികളിൽ സംസ്ഥാനം പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം വിനിയോഗ സാക്ഷ്യപത്രം കേന്ദ്രസർക്കാരിൽ ഹാജരാക്കുന്ന മുറയ്ക്കാണ് കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നത്. ഇക്കാരണത്താൽ ബാക്കിയുള്ള ഫണ്ട് റിലീസുകൾ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും നൽകാറുണ്ട്. കേന്ദ്ര ഫണ്ട് അഡ്വാൻസായി ലഭിക്കുന്ന പദ്ധതികളിൽ പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം വിനിയോഗ സാക്ഷ്യപത്രം നൽകുന്ന മുറയ്ക്കേ അടുത്ത റിലീസ് ലഭിക്കുകയുള്ളൂ. ഈ ഇനത്തിലും ഫണ്ട് റിലീസ് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലാകാൻ സാധ്യത കൂടുതലാണ്. വിവിധ കാരണങ്ങളാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിൽ കാലതാമസം നേരിടുന്ന പദ്ധതികളിൽ ആയത് അയച്ചുകൊടുക്കുന്ന മുറയ്ക്ക്

ഫണ്ട് കേന്ദ്രസർക്കാർ റിലീസ് ചെയ്ത് നൽകാറുണ്ട്. പലപ്പോഴും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സാമ്പത്തിക വർഷാവസാനം ഫണ്ട് അനുവദിക്കാറുണ്ട്. എന്നാൽ ഈ തുക വിനിയോഗിക്കുന്നതിന് മതിയായ സമയം ലഭിക്കാറില്ല. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത ഫണ്ട് കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി റീവാലിഡേറ്റ് ചെയ്ത് മാത്രമേ ഉപയോഗിക്കാൻ സാധിക്കൂ. ഇത് പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടുന്നതിന് കാരണമാകാറുണ്ട്.

## കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട റവന്യൂ കമ്മി ഗ്രാന്റ്

42(2373) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ട റവന്യൂ കമ്മി ഗ്രാന്റിൽ ഈ വർഷവും വരുന്ന രണ്ട് വർഷങ്ങളിലുമായി ഉണ്ടാകാൻ പോകുന്ന കുറവ് എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ?

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പോസ്റ്റ് ഡെവല്യൂഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി 2021-22-ൽ 19,891 കോടി രൂപയും 2022-23-ൽ

13,174 കോടി രൂപയും 2023-24-ൽ 4749 കോടി രൂപയും ശിപാർശ ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ലഭിച്ച 19891 കോടി രൂപയെ അപേക്ഷിച്ച് 6717 കോടി രൂപയുടെ കുറവ് 2022-23 വർഷത്തിലും 15142 കോടി രൂപയുടെ കുറവ് 2023-24 വർഷത്തിലും ഉണ്ടാകും. 2024-25 വർഷത്തിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിനത്തിൽ തുക ശിപാർശ ചെയ്തിട്ടില്ല

(ബി) സംസ്ഥാനത്തിന്റെ നികുതി നിർണ്ണയാധികാരത്തിന്റെ സുപ്രധാന പങ്ക് ജി.എസ്.ടി. യിലൂടെ കവരുകയും ധനകാര്യ കമ്മീഷൻ തീർപ്പനുസരിച്ച് സംസ്ഥാനത്തിന് ലഭിക്കേണ്ട തുകയിൽ ഇടിവ് വരുത്തുകയും ചെയ്തുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയത്തിനെതിരെ പ്രതിഷേധം ഉയർത്തുമോയെന്ന് വ്യക്തമാക്കാമോ?

14-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം 2.5% നൽകി വന്നിരുന്ന നികുതി വിഹിതം 15-ാം ധനകാര്യ കമ്മീഷന്റെ ആദ്യ വർഷത്തിൽ (2020-21)-ൽ 1.943 ശതമാനമായും തുടർന്നുള്ള വർഷങ്ങളിൽ (2021-2026) അത് 1.925% മായും കുറച്ചിട്ടുണ്ട്.

ജി.എസ്.ടി നിയമം നടപ്പിൽ വരുത്തിയപ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹാരിക്കുന്നതിനായി 2017 ജൂലൈ മുതൽ അഞ്ച് വർഷത്തേക്ക് കോമ്പൻസേഷൻ നൽകിവന്നിരുന്നതിന്റെ കാലാവധി 2022 ജൂൺ 30-ന് അവസാനിച്ചു. എന്നാൽ കോവിഡുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ജി.എസ്.ടി. കോമ്പൻസേഷൻ നൽകിവന്നിരുന്നത് തുടരുന്നതിനുവേണ്ടിയുള്ള ആവശ്യം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ജി.എസ്.ടി കൗൺസിലിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനുകൂലമായ തീരുമാനം ഇതുവരെയുണ്ടായിട്ടില്ല.

(സി) സാമ്പത്തിക പ്രതിസന്ധിക്കിടയിലും വാർഷിക പദ്ധതി നിർവ്വഹണത്തിൽ ലക്ഷ്യമിട്ടതിനേക്കാൾ നേട്ടം കൈവരിക്കാൻ സാധിച്ചോ; വിശദാംശം ലഭ്യമാക്കുമോ?

ഓരോ വാർഷിക പദ്ധതിയിലെയും വിവിധ മേഖലകൾക്ക് അർഹമായ പ്രാധാന്യം നൽകി പദ്ധതികൾക്കാവശ്യമായ തുക വകയിരുത്തി വരുന്നു. 2021-22 സാമ്പത്തിക വർഷം 27610 കോടി രൂപ വകയിരുത്തിയിരുന്നു.

ഈ ഇനത്തിൽ 27872.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് (പ്ലാൻ സ്പേസ്). ഇത് പദ്ധതി അടങ്കലിനേക്കാൾ കൂടുതലാണ്.

**സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ്**

43(2375) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഒരു സർക്കാർ ജീവനക്കാരന് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എങ്ങനെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർവ്വീസിൽ 5 വർഷം മുഴുവൻ സമയ സേവനം പൂർത്തിയായതും, 50 മാസ സർവ്വീസ് (മുൻ സാമ്പത്തിക വർഷത്തെ മാർച്ച് 31 പ്രകാരം) അവശേഷിക്കുന്നതുമായ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, LIC HFL, DHFL തുടങ്ങിയ നോൺ ബാങ്കിംഗ് ഫിനാൻസ് കോർപ്പറേഷനുകൾ എന്നിവ വഴി എടുക്കുന്നതിന് 05-07-2018-ലെ സ.ഉ.(പി)നം.105/2018/ധന, 11/09/2018-ലെ സ.ഉ.(പി)നം.143/2018/ധന എന്നിവ പ്രകാരം ഉത്തരവായിരുന്നു. 18-01-2019-ലെ 06/2019/ധന നമ്പർ സർക്കുലർ പ്രകാരം സർക്കാർ

ജീവനക്കാർക്ക് ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ഭവനവായ്പ എടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. മുൻ സാമ്പത്തിക വർഷത്തെ അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടി പരമാവധി 20 ലക്ഷം രൂപ വരെ ഭവനവായ്പ ലഭ്യമാകും. ഒറ്റയ്ക്കോ സംയുക്തമായോ (സർക്കാർ ജീവനക്കാരായ ദമ്പതിമാർ) ഭവന നിർമ്മാണ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഭവന നിർമ്മാണ വായ്പയ്ക്ക് യോഗ്യരായ സർക്കാർ ജീവനക്കാർ 18-01-2019-ലെ സർക്കുലർ നം.06/2019-ധന-യിൽ അനുബന്ധമായുള്ള അപേക്ഷ പ്രകാരം ബന്ധപ്പെട്ട ഡി.ഡി.ഒ-യ്ക്ക് എൻ.ഒ.സി.-യ്ക്ക് അപേക്ഷിക്കുകയും ഡി.ഡി.ഒ. ആയത് പരിശോധിച്ച് എൻ.ഒ.സി. നല്കി ജീവനക്കാർ അത് ബാങ്കിൽ സമർപ്പിക്കുകയും ബാങ്കിലെ വായ്പാ നിരക്ക് പ്രകാരം വായ്പ എടുക്കാവുന്നതുമാണ്. ബാങ്കിൽ നിന്നുള്ള വായ്പാ അനുമതി പത്രം വാങ്ങി ഡി.ഡി.ഒ-യ്ക്ക് തിരികെ സമർപ്പിക്കേണ്ടതുമാണ്. പരിഷ്കരിച്ച ഭവനവായ്പ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം ബാങ്കിൽനിന്നും വായ്പയെടുക്കുന്ന ജീവനക്കാർക്ക് സർക്കാർ പലിശ സബ്സിഡി നൽകുന്നതാണ്.

(ബി) 2018-2021 വർഷങ്ങളിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ആനുകൂല്യം ലഭിച്ച ജീവനക്കാരുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

2017-18 സാമ്പത്തിക വർഷം സർക്കാർ ഭവന വായ്പയ്ക്കായി അപേക്ഷ സമർപ്പിച്ചിരുന്ന വിവിധ വകുപ്പുകളിലെ 2324 ജീവനക്കാർക്ക് 3 ബാച്ചുകളായി 344,62,36,200/- രൂപ 2018-19 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തി സർക്കാരിൽനിന്നും അനുവദിച്ചിട്ടുണ്ട്. 2018 ജൂലൈ 5 മുതൽ നിലവിൽ വന്ന പരിഷ്കരിച്ച ഭവനവായ്പ പദ്ധതി പ്രകാരം ബാങ്കിൽനിന്നും ഭവന വായ്പയെടുത്ത ജീവനക്കാരുടെ വിവരങ്ങൾ അതാത് ഓഫീസിലെ ഡി.ഡി.ഒ.-മാരാണ് സൂക്ഷിക്കുന്നത്. പലിശ സബ്സിഡി നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ നിലവിൽ വന്നതിനുശേഷം ടി ജീവനക്കാരുടെ ഭവനവായ്പ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി അപ്ഡേറ്റ് ചെയ്യുന്നതിനാണ് നിലവിൽ നിർദ്ദേശം നൽകിയിരിക്കുന്നത്. ആയതിനാൽ ടി കാലയളവിൽ ഭവനവായ്പ എടുത്ത ജീവനക്കാരുടെ വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല.

(സി) ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ബാങ്ക് വഴിയാക്കിക്കൊണ്ട് എന്നാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതെന്നും

പ്രസ്തുത ഉത്തരവ് പ്രകാരം ഏതെങ്കിലും ഒരു ജീവനക്കാരന് അഡ്വാൻസ് എടുക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

05-07-2018-ലെ സ.ഉ.(പി)നം.105/2018/ധന, 11-09-2018-ലെ സ.ഉ.(പി)നം.143/2018/ധന എന്നിവ പ്രകാരമാണ് ബാങ്കിംഗ്/ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പരിഷ്ക്കരിച്ച സബ്സിഡി പദ്ധതി പ്രകാരം ഭവനവായ്പ എടുക്കുന്നതിന് ഉത്തരവായിരുന്നത്. 18-01-2019-ലെ 06/2019/ധന നമ്പർ സർക്കുലർ പ്രകാരം ഇത്തരത്തിൽ ഭവനവായ്പ എടുക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2018-19 സാമ്പത്തിക വർഷം മുതൽ ടി പദ്ധതിയുടെ യോഗ്യതാ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ജീവനക്കാർ ബാങ്കിൽനിന്നും ഭവന വായ്പ എടുക്കുന്നുണ്ട്.

(ഡി) ആയത് ബാങ്ക് വഴി നല്കുമ്പോൾ പലിശ സബ്സിഡി സർക്കാർ നൽകാറുണ്ടോ; എങ്കിൽ എങ്ങനെയാണ് നൽകുന്നതെന്നും ആയതിന് ജീവനക്കാരൻ എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ടെന്നും അറിയിക്കുമോ?

05-07-2018-ലെ സ.ഉ.(പി)നം.105/2018/ധന, 11-09-2018-ലെ സ.ഉ.(പി)നം.143/2018/ധന എന്നിവ പ്രകാരം സബ്സിഡി പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 18-01-2019-ലെ സർക്കുലർ നമ്പർ 06/2019/ധന-യിലെ യോഗ്യത മാനദണ്ഡങ്ങൾ പ്രകാരം വായ്പയെടുക്കുന്ന ജീവനക്കാർക്ക് പലിശ സബ്സിഡി നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ നിർമ്മാണ ഘട്ടത്തിലാണ്. ആയത് നിലവിൽ വരുന്നതുവരെ ടി ജീവനക്കാരുടെ വായ്പയുമായി ബന്ധപ്പെട്ട രേഖകൾ അതാത് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്. സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച ശേഷം മാത്രം ബന്ധപ്പെട്ട ഡി.ഡി.ഒ. സബ്സിഡിക്കുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ചാൽ മതിയാകും.

## സർവ്വകലാശാലകളിലെ പെൻഷൻ ഫണ്ട്

44(2376) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചുകൊണ്ടുള്ള 19-01-2022-ലെ സ.ഉ. (അച്ചടി)നം.8/2022/ധന. ഉത്തരവ് താൽക്കാലികമായി മരവിപ്പിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഉത്തരവിലെ നിർദ്ദേശ

പ്രകാരം പെൻഷൻ ഫണ്ടിലേക്ക് ജീവനക്കാരുടെ ശമ്പളസ്കെയിലിന്റെ പരമാവധി തുകയുടെ 25 ശതമാനം മാറ്റിവയ്ക്കണമെങ്കിൽ ആയതിന് 2022 ഏപ്രിൽ മാസത്തെ അടിസ്ഥാനമാക്കിയാൽ എത്ര തുക ആവശ്യമായി വരുമെന്നും 10 ശതമാനം സർക്കാർ വിഹിതം തൻമാസ ഗ്രാന്റിൽ നിന്ന് മാറ്റിവയ്ക്കുമ്പോൾ ശമ്പള വിതരണത്തിന് എത്ര രൂപയുടെ കുറവ് വരുമെന്നും വിശദമാക്കാമോ?

| **സർവകലാശാല** | **മാറ്റി വയ്ക്കേണ്ടി വരുന്ന തുക** (കോടിയിൽ) | **കുറവ് വരുന്ന തുക** |
|---|---|---|
| കേരള | 5 | 2 |
| കാലിക്കറ്റ് | 4.44 | 2.03 |
| എം ജി | 3.78 | 2.69 |
| കുസാറ്റ് | 3.28 | 1.96 |
| കണ്ണൂർ | 1.83 | 0.73 |
| ശ്രീശങ്കരാചാര്യ | 1.33 | 0.29 |
| ആരോഗ്യം | 0 | 0 |
| കാർഷികം | 5.73 | 2.29 |
| വെറ്ററിനറി | 2.76 | 1.10 |
| ഫിഷറീസ് | 0.45 | 0.18 |
| നുവാൽസ് | 0 | 0 |
| സാങ്കേതികം | 6.16 | ഗ്രാൻഡ് അനുവദിച്ചിട്ടില്ല. |
| മലയാളം | തിട്ടപ്പെടുത്തിയിട്ടില്ല. | |
| ശ്രീനാരായണ ഗുരു ഓപ്പൺ | പെൻഷന് യോഗ്യതയുള്ള സ്ഥിരം ജീവനക്കാർ ഇല്ല. | |

(ബി) പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് നിലവിൽ ഓരോ സർവകലാശാലയിലും പെൻഷൻ ഫണ്ട് അക്കൗണ്ടിലോ ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് അക്കൗണ്ടിലോ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

| **സർവകലാശാല** | **നിക്ഷേപിച്ച തുക** |
|---|---|
| കേരള | 629.92 കോടി |
| കാലിക്കറ്റ് | 36.07 കോടി |
| എം ജി | Nil |
| കുസാറ്റ് | 45.02 കോടി |
| കണ്ണൂർ | 111.5 കോടി |
| ശ്രീശങ്കരാചാര്യ | 2.71 കോടി |
| ആരോഗ്യം | Nil |
| കാർഷികം | 10.52 കോടി |
| വെറ്ററിനറി | 19.49 കോടി |
| ഫിഷറീസ് | 10.42 കോടി |
| നുവാൽസ് | Nil |
| സാങ്കേതികം | Nil |
| മലയാളം | 1.67 കോടി |
| ശ്രീനാരായണ ഗുരു ഓപ്പൺ | Nil |

(സി) പ്രസ്തുത ഫണ്ടിനായി തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സർവകലാശാലകൾ സമർപ്പിച്ച പ്രൊപ്പോസലുകളുടെയും ആയതിന്മേലുള്ള നടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം സർവകലാശാല വിഹിതത്തിലേക്കുള്ള തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സർവകലാശാലകൾ സമർപ്പിച്ച പ്രൊപ്പോസലുകളുടെയും ആയതിന്മേലുള്ള നടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി&ഡി) പെൻഷൻ ഫണ്ടിനായി തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടോ പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം സർവ്വകലാശാല വിഹിതത്തിലേയ്ക്കുള്ള തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടോയുള്ള പ്രൊപ്പോസലുകളൊന്നും തന്നെ നാളിതുവരെ ധനകാര്യ (പെൻഷൻ, വിദ്യാഭ്യാസം) വകുപ്പിൽ ലഭ്യമായിട്ടില്ല. കൂടാതെ, സർവകലാശാലകൾക്ക് ഗ്രാന്റെന്ന നിലയിലാണ് സർക്കാർ ധനസഹായം അനുവദിച്ചുവരുന്നത്. പെൻഷൻ ഫണ്ടിലേക്കോ, പങ്കാളിത്ത പെൻഷൻ പദ്ധതിയിലേക്കോ സർക്കാർ പ്രത്യേക ധനസഹായം അനുവദിക്കുന്നില്ല.

**പെൻഷൻ ആനുകൂല്യ വിതരണം സംബന്ധിച്ച്**

45(2377) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാർക്ക് നൽകേണ്ട രണ്ട് ഗഡു ഡി.എ. അരിയർ, പെൻഷൻ റിവിഷൻ അരിയർ എന്നിവ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കൊറോണ വൈറസ് വ്യപനത്തിന്റെ ഭാഗമായുണ്ടായ സാമ്പത്തിക പ്രതിസന്ധി ചൂണ്ടികാട്ടി നൽകാതിരുന്ന ആനുകൂല്യം ഇനിയും നൽകാത്തത് നീതി നിഷേധമായി കരുതുന്നുണ്ടോ;

(സി) സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും അനാവശ്യ ചെലവുകൾക്ക് അനുമതി നൽകുന്നതായുള്ള ആരോപണങ്ങൾ നിലനിൽക്കവെ പെൻഷൻകാരോട് കാണിക്കുന്ന അവഗണന അവസാനിപ്പിച്ച് ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

(എ-സി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ കൃത്യസമയത്ത് നൽകാത്തതും പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും അതേസമയം, കോവിഡ് ദുരിതമനുഭവിക്കുന്ന ഘട്ടത്തിൽ സാധാരണ ജനജീവിതം

സാധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യ ക്ഷേമ ചെലവുകൾ (ഭക്ഷ്യക്കിറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയവ), ആരോഗ്യരംഗത്ത് പുതുതായി സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്തങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര 'ലിക്വിഡിറ്റി' പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600 കോടിയോളം വരുന്ന പെൻഷൻ പരിഷ്ക്കരണ/പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് ഗഡു വിതരണം ചെയ്തിരുന്നു. മേൽ പ്രതിപാദിത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് പെൻഷൻകാർക്ക് നൽകേണ്ട രണ്ട് ഗഡു ഡി.എ. അരിയർ വിതരണം ചെയ്യുവാൻ സാധിക്കാതിരുന്നത്.

02-12-2021-ലെ സ.ഉ(അച്ചടി)നം.162/2021/ധന പ്രകാരം പതിനൊന്നാം ശമ്പള പരിഷ്ക്കരണത്തിനോടനുബന്ധിച്ചുള്ള സർക്കാർ ജീവനക്കാരുടെ പെൻഷൻ കുടിശ്ശികയുടെ (പെൻഷൻ, കുടുംബ പെൻഷൻ, ഡി.സി.ആർ.ജി., ടെർമിനൽ സറണ്ടർ എന്നിവ) മൂന്നും നാലും ഗഡുക്കൾ യഥാക്രമം 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്

## സ്പാർക്ക് സോഫ്റ്റ്‌വെയറിലെ ആധാർ അധിഷ്ഠിത ഒ.ടി.പി. സംവിധാനം

46(2378) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് സോഫ്റ്റ്‌വെയറിൽ പുതുതായി ഏർപ്പെടുത്തിയ ആധാർ അധിഷ്ഠിത ഒ.ടി.പി. സംവിധാനം ജീവനക്കാരെ ബുദ്ധിമുട്ടിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡി.ഡി.ഒ. മാർക്ക് ആധാർ അധിഷ്ഠിത ഒ.ടി.പി. സംവിധാനം സ്പാർക്കിൽ 15-06-2022 മുതൽ ഏർപ്പെടുത്തിയപ്പോൾ യഥാസമയം ആധാർ വിവരങ്ങൾ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യാത്ത ഡി.ഡി.ഒ. മാരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

15-06-2022-ന് മുമ്പായി എല്ലാ ഡി.ഡി.ഒ.മാരും ആധാർ അപ്ഡേഷനും മൊബൈൽ നമ്പർ ലിങ്ക് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് 24-05-2022-ലെ നം. 39/22/ധന പരിപത്രം പ്രകാരം നിർദ്ദേശം നൽകിയിരുന്നെങ്കിലും ടി സമയപരിധിക്കുള്ളിൽ അപ്ഡേഷൻ

സാധിക്കാത്തവർക്ക് 27-06-2022 മുതൽ അഞ്ച് ദിവസത്തേക്കുകൂടി ആയത് പൂർത്തീകരിക്കാനുള്ള സാവകാശം നൽകി പരാതികൾക്ക് പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

(സി) ഡി.ഡി.ഒ. മാർക്ക് സാലറി പ്രോസസ് ചെയ്യുന്നതിന് ഡിജിറ്റൽ സിഗ്നേച്ചർ നിർബന്ധമാക്കിയിട്ടുള്ളപ്പോൾ ആധാർ അധിഷ്ഠിത ഒ.ടി.പി. യുടെ ആവശ്യകത വ്യക്തമാക്കാമോ?

ബില്ലുകൾ ട്രഷറിയിൽ ഇ-സബ്മിറ്റ് ചെയ്യുന്നതിനും മറ്റ് അപ്രൂവലുകൾക്കുമാണ് സ്പാർക്കിൽ ഡി.ഡി.ഒ. മാർക്ക് DSC നിർബന്ധമാക്കിയിരിക്കുന്നത്. എന്നാൽ ലോഗിൻ ചെയ്യുന്നതിന് DSC നിർബന്ധമല്ല. അക്കാരണത്താൽ തന്നെ സ്പാർക്കിന്റെ പൊതുവിലെ സുരക്ഷാ സംവിധാനങ്ങളുടെ ശാക്തീകരണത്തിന്റെ ഭാഗമായി ലോഗിൻ സമയത്തെ അധിക സുരക്ഷാ സംവിധാനമെന്ന നിലയ്ക്കാണ് ആധാർ അധിഷ്ഠിത മൊബൈൽ ഒ.ടി.പി. സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

**നഗരസഭാ ജീവനക്കാർക്ക് ഭവനവായ്പ**

47(2379) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവനവായ്പ നഗരസഭാ ജീവനക്കാർക്ക് ലഭ്യമാകുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സർക്കാർ നേരിട്ട് അനുവദിക്കുന്ന ഭവനവായ്പ പദ്ധതി ഇപ്പോൾ നിലവിലില്ല. പകരം ബാങ്ക്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്നുള്ള പരിഷ്കരിച്ച ഭവനവായ്പ പദ്ധതിയാണുള്ളത്. ടി പദ്ധതിയിൽ നഗരസഭാ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) നഗരസഭാ ജീവനക്കാർ ഭവനവായ്പ ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

ബാധകമല്ല.

(സി) നഗരസഭാ ജീവനക്കാർക്ക് എച്ച്.ബി.എ. ലഭിക്കുന്നതിന് അർഹതയുണ്ടോയെന്നത് വിശദമാക്കാമോ?

കേരള സർക്കാരിന് കീഴിൽ സേവനത്തിലുള്ള അഖിലേന്ത്യ സർവ്വീസ് ജീവനക്കാർക്കും സംസ്ഥാന സർക്കാർ സർവ്വീസിലെ ജീവനക്കാർക്കുമുള്ള ഭവന നിർമ്മാണ വായ്പയാണ് ധനകാര്യ (എച്ച്.ബി.എ.)വകുപ്പ് കൈകാര്യം

ചെയ്യുന്നത്. നഗരസഭാ ജീവനക്കാർക്ക് സർക്കാർ എച്ച്.ബി.എ. വായ്പ എടുക്കുന്നതിന് അർഹതയില്ല.

## പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന റിപ്പോർട്ട് സമർപ്പണം

48(2380) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് എന്നാണ് സർക്കാരിന് സമർപ്പിച്ചത്; പ്രസ്തുത റിപ്പോർട്ട് സർക്കാർ പ്രസിദ്ധീകരിക്കുകയുണ്ടായോ; റിപ്പോർട്ട് നിലവിൽ ഏത് വകുപ്പിന്റെ പരിഗണനയിലാണുള്ളത് ?

പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ റിപ്പോർട്ട് 30-04-2021 ന് സമർപ്പിച്ചിട്ടുണ്ട്. ആയത് ധനകാര്യ വകുപ്പിൽ പരിശോധിച്ചു വരുന്നു. റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിന് മറ്റേതെങ്കിലും സമിതിയെ നിയോഗിക്കുകയുണ്ടായോ; വിശദാംശം ലഭ്യമാക്കുമോ ?

നിയോഗിച്ചിട്ടില്ല.

(സി) സമർപ്പിക്കപ്പെട്ട് ഒരു വർഷത്തിലേറെയായ പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്ന് വിവരാവകാശ കമ്മീഷനും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ഉത്തരവിട്ടിട്ടും നിയമസഭാംഗങ്ങൾ സഭയിൽ ആവശ്യപ്പെട്ടിട്ടും റിപ്പോർട്ട് പ്രസിദ്ധീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

റിപ്പോർട്ടിന്മേലുള്ള പരിശോധന പുരോഗമിക്കുന്നു. നയപരമായ തീരുമാനം ആവശ്യമുള്ളതിനാൽ പരിശോധന പൂർത്തിയായി റിപ്പോർട്ടിന്മേൽ തീരുമാനം കൈക്കൊണ്ടശേഷം ആയത് പ്രസിദ്ധീകരിക്കുന്നതാണ്.

## സ്പാർക്ക് സോഫ്റ്റ്‌വെയർ

49(2381) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പാർക്ക് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന ഓഫീസുകളിൽ മാന്വലായി പി.ബി.ആർ., ക്യാഷ് ബുക്ക് എന്നിവ എഴുതി തയ്യാറാക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ?

സ്പാർക്ക് സോഫ്റ്റ്വെയർ ഉപയോഗിക്കുന്ന ഓഫീസുകളിൽ പി.ബി.ആർ., ക്യാഷ് ബുക്ക് എന്നിവ എഴുതി തയ്യാറാക്കേണ്ടതില്ലെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവുകളൊന്നും ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഇവ ഒഴിവാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലില്ല.

**യാത്രാബത്ത കാലാനുസൃതമായി പരിഷ്കരിക്കാൻ നടപടി**

50(2382) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന യാത്രാബത്ത ശമ്പള പരിഷ്കരണത്തിന് ആനുപാതികമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കാമോ?

10-02-2021-ലെ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവായ സ.ഉ. (പി) നം. 27/2021/ധന പ്രകാരം സർക്കാർ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന യാത്രാബത്തയും പരിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ നിലവിലുള്ള പ്രതിമാസ/ത്രൈമാസ പരിധി ശമ്പള പരിഷ്കരണത്തിന് ആനുപാതികമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ ?

നിലവിലെ ശമ്പള പരിഷ്കരണ ഉത്തരവിനാനുപാതികമായി പ്രതിമാസ/ത്രൈമാസ പരിധി ഉയർത്തുന്നത് സംബന്ധിച്ച ശിപാർശ തല്ക്കാലം പരിഗണനയിലില്ല.

**വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി**

51(2383) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നിലവിൽ വന്നത് എപ്പോഴാണെന്ന് അറിയിക്കാമോ?

16-05-2017-ലെ സ.ഉ (അച്ചടി) നം.65/2017/ധന പ്രകാരമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നിലവിൽ വന്നത്. പദ്ധതിയിലേക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-01-2018 ആയിരുന്നു.

(ബി) ഇതുവരെ എത്രപേർക്ക് എത്ര രൂപയുടെ സഹായം ഇതുവഴി ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ?

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ നാളിതു വരെ 21,085 അപേക്ഷകർക്കായി 208.92 കോടി രൂപ സർക്കാർ സഹായമായി അനുവദിച്ചിട്ടുണ്ട്.

## പരപ്പനങ്ങാടി എൽ.ബി.എസ്. ഐ.ഐ.എസ്.ടി. യ്ക്കായി തുക അനുവദിക്കുന്നതിനുള്ള നടപടി

52(2386) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി എൽ.ബി.എസ്. ഐ.ഐ.എസ്.ടി. യ്ക്കായി സ്ഥലം വാങ്ങുന്നതിന് തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിൽ അനുകൂല നടപടി സ്വീകരിക്കുമോ?

ധനകാര്യ (ബഡ്ജറ്റ് വിംഗ്) വകുപ്പിൽ പരിശോധിച്ചു വരുന്നു.

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

23 കോടി രൂപ (15.25 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനത്തിന്റെ ആദ്യ ഘട്ടത്തിനുമായി)

(സി) പദ്ധതിക്കായി 130 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക ഉന്നത വിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

06-12-2013-ലെ G.O(/Rt)No. 2400/2013/HEDN പ്രകാരം പരപ്പനങ്ങാടി എൽ.ബി.എസ്. ഐ.ഐ.എസ്.ടി. -യ്ക്കായി 130.149 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഭരണാനുമതി പുറപ്പെടുവിച്ച് 8 വർഷങ്ങൾ കഴിഞ്ഞ സാഹചര്യത്തിൽ പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി

53(2387) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21, 2021-22 വർഷങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജക

മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് 20 ശതമാനം തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ഭരണാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾക്ക് കാലതാമസം ഒഴിവാക്കി ഭരണാനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

(എ&ബി) 2020-21 സാമ്പത്തിക വർഷത്തിൽ ‘ പെരുമ്പനച്ചി – തോട്ടയ്ക്കാട് റോഡ് നവീകരണം’ എന്ന പ്രവൃത്തിക്ക് 20% തുക അനുവദിച്ച് ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

## ആഭ്യന്തര വിഭവ സമാഹരണം

54(2388) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വിഭവ സമാഹരണത്തിനായി എന്തു

തുകയാണ് ബജറ്റിൽ വിഭാവനം ചെയ്തിരുന്നത്; ഇതിൽ ഓരോ വർഷവും എത്ര തുക വീതം പിരിച്ചെടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ആഭ്യന്തരവിഭവ സമാഹരണം പ്രസ്തുത രണ്ട് വർഷങ്ങളിൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്നതിനേക്കാൾ എത്ര ശതമാനം കുറവു വന്നിട്ടുണ്ട് ; കുറയാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പുസാമ്പത്തിക വർഷം വിഭാവനം ചെയ്തിരിക്കുന്ന ആഭ്യന്തരവിഭവ സമാഹരണം എത്രയാണ്; ലക്ഷ്യം കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ-സി) 2019-2020, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ തനത് വരുമാനയിനങ്ങളായ തനത് നികുതി വരുമാനത്തിലൂടെയും തനത് നികുതിയേതര വരുമാനത്തിലൂടെയും ബഡ്ജറ്റിൽ വിഭാവന ചെയ്തിരുന്നതും പിരിച്ചെടുത്തതും ആയതിന്റെ ശതമാന കണക്കും നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ വിഭാവന ചെയ്തിരിക്കുന്ന തുകയുടേയും വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | ബജറ്റിൽ വിഭാവനം ചെയ്തിരുന്ന തുക | പിരിച്ചെടുത്ത തുക | പിരിച്ചെടുത്ത തുകയുടെ ശതമാനം |
|---|---|---|---|
| 2019-20 | 80854.67 | 62588.36 | 77.41% |
| 2020-21 | 82007.01 | 54988.15 | 67.05% |
| 2022-23 | 85867.35 | - | - |

2019 - ലെ വെള്ളപ്പൊക്കം, 2020-2021 -ലെ കൊറോണ വൈറസ് വ്യാപനത്തെത്തുടർന്ന് പടർന്നുപിടിച്ച മഹാവ്യാധി എന്നിവ സംസ്ഥാനത്തിന്റെ റവന്യൂ സമാഹരണത്തേയും സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി. പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ്

കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1.ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ

2.ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.

3. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.

4. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1% വർദ്ധിപ്പിക്കൽ.

5. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.

6. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.

7. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

8. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.

9. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.

10. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പു വർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമെ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും.

**റാന്നി മണ്ഡലത്തിലെ അരയാഞ്ഞിലിമൺ, കുരുമ്പൻ മൂഴി പാലങ്ങൾ**

55(2389) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിലെ അരയാഞ്ഞിലിമൺ, കുരുമ്പൻമൂഴി പാലങ്ങൾ നിർമ്മിക്കുന്നതിനുവേണ്ട തുക വകയിരുത്തുവാൻ സാധിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയതിനാൽ ഭരണാനുമതി ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷം വർക്സ് ബജറ്റിൽ അരയാഞ്ഞിലിമൺ, മൂക്കം, കുരുമ്പൻമൂഴി, ഏഞ്ചൽ വാലി ക്രോസ് വേകൾക്ക് പകരം പാലങ്ങളുടെ നിർമ്മാണം എന്ന പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പിന് കീഴിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട് (Item No. 2037). വർക്സ് ബജറ്റിൽ ഇപ്രകാരം ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി ഭരണവകുപ്പിന് സ്വീകരിക്കാവുന്നതാണ്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

56(2390) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം നാളിതുവരെ പദ്ധതി വിഹിതത്തിൽ എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ട് ; വിശദാംശം നൽകുമോ?

ഈ സാമ്പത്തിക വർഷം വികസന ഫണ്ട് ഒന്നാം ഗഡുവായി 1876.68 കോടി രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2021-22-ലെ 256 കോടി രൂപ ഉൾപ്പെടെ 505.20 കോടി രൂപയും ഇതിനകം അനുവദിച്ചിട്ടുണ്ട്. കൂടാതെ, 2020-21 വർഷം അനുവദിച്ചതും 2021-22 വർഷം പുനരനുവദിച്ചതും എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിച്ചതിനുള്ളിൽ ചെലവഴിക്കാൻ കഴിയാതിരുന്നതുമായ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 569.06 കോടി രൂപയും ഈ സാമ്പത്തിക വർഷം പുനരനുവദിച്ചിട്ടുണ്ട്. ആകെ 2950.94 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷ പെൻഷൻ

57(2391) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വിശദമാക്കാമോ?

സംസ്ഥാനത്ത് ആകെ 5,226,738 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. ഇതിൽ അർഹതപ്പെട്ട 5,013,085 ഗുണഭോക്താക്കൾക്ക് 2022 ജൂൺ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ 669,936 പേർ ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ കൈപ്പറ്റുന്നുണ്ട്.

(ബി) സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ പ്രതിമാസം എത്ര രൂപ വിതരണം ചെയ്യുന്നുവെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

2022 ജൂൺ മാസം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 765.48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു. ക്ഷേമനിധി ബോർഡ് പെൻഷൻ നൽകുന്നതിനായി 105.03 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സാമൂഹ്യ സുരക്ഷ പെൻഷൻ

58(2392) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർക്കാണ് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്; അറിയിക്കാമോ?

2022 ജൂൺ മാസത്തെ കണക്കുകൾ പ്രകാരം 5,013,085 പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ചിട്ടുള്ളത്. സ്വന്തമായി പെൻഷൻ നൽകാൻ കഴിയാത്ത ക്ഷേമനിധി ബോർഡിലെ 669,936 പേർക്ക് പെൻഷൻ നൽകുന്നതിനായി 105.03 കോടി രൂപയും അനുവദിച്ചിരുന്നു.

(ബി) ഇതിനായി ഒരു വർഷം ചെലവാകുന്ന തുക എത്രയാണ്; വ്യക്തമാക്കാമോ?

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 2021-22 സാമ്പത്തിക വർഷം 7504.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2022 ജൂൺ മാസത്തെ കണക്കുവച്ചു നോക്കുമ്പോൾ 9185.82 കോടി രൂപ ആവശ്യമാണ്.

(സി) 2011-16 സർക്കാരിന്റെ കാലത്തേക്കാൾ എത്രപേർ നിലവിൽ അധികമായി പെൻഷൻ വാങ്ങുന്നു; വിശദാംശങ്ങൾ അറിയിക്കാമോ?

2011-16-ലെ സർക്കാർ കാലയളവിൽ 3,443,414 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. നിലവിലുള്ള 5,226,741 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 5,013,085 പേർക്കാണ് 2022 ജൂൺ മാസം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടുള്ളത്. അപ്രകാരം 2011-16 സർക്കാരിന്റെ കാലത്തേക്കാൾ അധികമായി 1,569,671 പേരാണ് നിലവിൽ പെൻഷൻ വാങ്ങുന്നത്.

(ഡി) 2011-16 സർക്കാരിന്റെ കാലത്ത് വ്യക്തിഗത സാമൂഹ്യ സുരക്ഷാ പെൻഷൻ എത്ര രൂപയായിരുന്നു; നിലവിൽ എത്ര രൂപയാണ് നൽകുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

2011-16-ലെ സർക്കാർ അധികാരമൊഴിയുമ്പോൾ നൽകിയിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| നം | പെൻഷൻ ഇനം | നിരക്ക് (രൂപ) |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 600 |
| 2 | **വാർദ്ധക്യകാല പെൻഷൻ:**<br>1. 75 വയസ്സ വരെയുള്ളവർക്ക് | 600 |
| | 2. 75 വയസ്സിനു മുകളിൽ | 1500 |
| 3 | **വികലാംഗ പെൻഷൻ:** | 800 |

| | | |
|---|---|---|
| | 1. വൈകല്യം<br>40% വും അതിനു മുകളിലും 80% ൽ കുറവ് | |
| | 2. വൈകല്യം 80% വും അതിനു മുകളിലും | 1100 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 800 |
| 5 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 800 |

നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏകീകരിച്ച് 1600/- രൂപ നിരക്കിലാണ് നൽകിവരുന്നത്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് പുതിയ മാർഗ്ഗനിർദ്ദേശം

59(2394) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് പുതിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

2020 സെപ്റ്റംബർ 23-ലെ സ.ഉ (എം.എസ്) നം. 97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതിനായി നിലവിലുണ്ടായിരുന്ന ഉത്തരവുകളും അനുബന്ധ നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സാമൂഹ്യ സുരക്ഷാ

പെൻഷൻ സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള ഉത്തരവുകൾ/ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സ.ഉ (എം.എസ്) നം. 100/2020/ധന തീയതി 30.09.2020

2. സർക്കുലർ നം. 67/2020/ധന. തീയതി 05.11.2020

3. സർക്കുലർ നം. 69/2020/ധന. തീയതി 12.11.2020

4. സ.ഉ (എം.എസ്) നം. 1/2021/ധന. തീയതി 04.01.2021

5. സ.ഉ (എം.എസ്) നം. 2/2021/ധന തീയതി 05.01.2021

6. സ.ഉ (എം.എസ്) നം. 43/2021/ധന തീയതി 06.03.2021

7. സ.ഉ (സാധാ) നം. 5171/2021/ധന തീയതി 28.07.2021

8. സർക്കുലർ നം. 62/2021/ധന. തീയതി 02.08.2021

9. സർക്കുലർ നം. 63/2021/ധന തീയതി 02.08.2021

10. സർക്കുലർ നം. 90/2021/ധന. തീയതി 12.10.2021

11. സർക്കുലർ നം. 92/2021/ധന തീയതി 20.10.2021

12. സർക്കുലർ നം. 07/2022/ധന. തീയതി 09.02.2022

മേൽ ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിലാണ് നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നത്.

(ബി) നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവർക്ക് പുതിയ ഉത്തരവുപ്രകാരം പെൻഷൻ ലഭിക്കുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ?

പെൻഷൻ ലഭിക്കുന്നതിന് തടസ്സമില്ല. മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നവർക്ക് നിലവിലും പെൻഷൻ ലഭിക്കുന്നുണ്ട്.

**സംസ്ഥാനത്ത് നൽകിവരുന്ന വിവിധ പെൻഷനുകൾ**

60(2395) <u>ഡോ. എൻ. ജയരാജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകിവരുന്ന വിവിധ ക്ഷേമനിധി, പത്രപ്രവർത്തക-പത്രപ്രവർത്തകേതര, സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോന്നിലും നൽകിവരുന്ന പ്രതിമാസ പെൻഷൻ തുക ഒരുപോലെയാണോ; പെൻഷനുകളുടെ തുക ഉൾപ്പെടെ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പെൻഷനുകൾക്ക് മുന്നോടിയായി അടയ്ക്കേണ്ടിവരുന്ന പ്രതിമാസ അംശദായം എത്രയെന്ന് വെളിപ്പെടുത്താമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ കുടിശ്ശിക തുക അനുവദിക്കുന്നതിന് നടപടി**

61(2396) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ യഥാസമയം മസ്റ്ററിംഗ് നടത്താതെ സർക്കാർ അനുവദിച്ച സമയത്ത് മസ്റ്ററിംഗ് നടത്തിയതിന്റെ ഫലമായി മസ്റ്ററിംഗ് ചെയ്ത മാസം മുതലുള്ള പെൻഷൻ ലഭ്യമാകുന്നുണ്ടെങ്കിലും ഇവരുടെ മസ്റ്ററിംഗ് നടത്താത്ത കാലത്തെ കുടിശ്ശിക തുക ഇതുവരെ വിതരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടിശ്ശിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഈ തുക എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ടി വിഷയം പരിശോധിക്കുന്നതാണ്.

**ധനകാര്യ സ്ഥാപനങ്ങൾ വഴി ചികിത്സ, പഠന സഹായം**

62(2398) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ കുട്ടികൾക്ക് സ്വകാര്യ ട്യൂഷൻ സെന്ററുകളിൽ ചേർന്ന് പഠിക്കുന്നതിനും നിർദ്ധന കുടുംബത്തിലെ രോഗികൾക്ക് ചികിത്സയ്ക്കും സംസ്ഥാന സർക്കാരിനുകീഴിലുള്ള കെ.എഫ്.സി., കെ.എസ്.എഫ്.ഇ. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്ന് ധനസഹായം നൽകുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ കെ.എഫ്.സി., കെ.എസ്.എഫ്.ഇ. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

(എ&ബി) കെ.എഫ്.സി. വ്യവസായ സംരംഭങ്ങൾക്ക് മാത്രം വായ്പ നൽകുന്ന സ്ഥാപനമായതിനാൽ പഠനത്തിനും ചികിത്സയ്ക്കും വായ്പ നൽകാൻ കഴിയില്ല. നിർദ്ധനരായ കുട്ടികൾക്ക് സ്വകാര്യ ട്യൂഷൻ സെന്ററുകളിൽ ചേർന്ന് പഠിക്കുന്നതിനും നിർദ്ധന കുടുംബത്തിലെ രോഗികൾക്ക് ചികിത്സയ്ക്കും കെ.എസ്എഫ്.ഇ.-യിൽനിന്ന് ധനസഹായം നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**ജി.എസ്.ടി. നഷ്ടപരിഹാര തുക**

63(2399) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുകയെത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നഷ്ടപരിഹാര തുക ലഭിക്കാനുള്ളത് ഏത് കാലയളവ് മുതലാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തിന് ജി.എസ്.ടി. നഷ്ടപരിഹാരമായി 2017-18-ൽ 57.32 കോടി രൂപയും 2018-19-ൽ 25.79 കോടി രൂപയും 2020-21-ൽ 12.53 കോടി രൂപയും ലഭിക്കാനുണ്ട്. 2019-20-ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022-23 (മെയ് 31) വരെ 819.45 കോടി രൂപ ബാക്കി ലഭിക്കുവാനുണ്ട്. അക്കൗണ്ടന്റ് ജനറൽ കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽനിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്.

2017- 18 മുതൽ 2022-23 മെയ് 31 വരെ സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാര തുകയുടെയും ലഭിച്ച നഷ്ടപരിഹാര തുകയുടേയും ബാക്കി ലഭിക്കാനുള്ള തുകയുടേയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## നികുതി തട്ടിപ്പിനെതിരെ നടപടി

64(2400) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം വിവിധ മേഖലകളിലായി കണ്ടെത്തിയ നികുതി തട്ടിപ്പും ചോർച്ചകളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ചരക്ക് സേവന നികുതി ഇന്റലിജൻസ് വിഭാഗം, ചരക്ക് സേവന നികുതി നിയമം അനുശാസിക്കുന്ന രേഖകൾ ഇല്ലാതെയും അപൂർണ്ണവും തെറ്റായതുമായ രേഖകൾ ഉപയോഗിച്ചും നടത്തുന്ന ചരക്കുനീക്കം കണ്ടെത്തി നികുതി വെട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി 2021-22-ൽ 17307 കേസുകളിൽ നിന്ന് 82.69 കോടി രൂപ നികുതിയും പിഴയും മറ്റിനങ്ങളുമായി അടപ്പിച്ചു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ലുകൾ നൽകുന്നുണ്ടോ എന്ന്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധിച്ചതിൽ ബില്ലുകൾ നൽകാത്ത വ്യാപാര സ്ഥാപനങ്ങൾക്കെതിരെ 1482 കേസുകളെടുക്കുകയും 2.96 കോടി രൂപ പിഴ ചുമത്തുകയും ചെയ്തു. ഇന്റലിജൻസ് സ്ക്വാഡുകൾ നടത്തിയ രഹസ്യാത്മകവും വിപുലവുമായ വിവരശേഖരണത്തിന്റെയും സൂക്ഷ്മമായ അപഗ്രഥനത്തിന്റെയും അടിസ്ഥാനത്തിൽ 173 കടപരിശോധനകൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2021-22-ൽ 67.49 കോടി രൂപ നികുതിയും പിഴയും ചുമത്തിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് 262 കേസുകളിൽ ചരക്ക് സേവന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് അന്വേഷണം ആരംഭിച്ചു. അതേ വർഷത്തിൽ ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് കണ്ടെത്തിയ നികുതി വെട്ടിപ്പിന്റെ ആകെ അളവ് 78.6 കോടി രൂപയും പിരിച്ചെടുത്ത മൊത്തം നികുതി തുക 47.58 കോടി രൂപയുമാണ്.

(ബി) നികുതി വെട്ടിപ്പും ചോർച്ചയും യഥാസമയം കണ്ടെത്തി നികുതി പിരിവ് ശക്തമാക്കാനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ?

ചരക്ക വാഹനങ്ങൾ പരിശോധിക്കുന്നതിന് സംസ്ഥാനമൊട്ടാകെ പ്രത്യേകിച്ചും അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന സർവൈലൻസ് സ്ക്വാഡുകൾ കൂടാതെ മൊബൈൽ സ്ക്വാഡുകളും പരിശോധന നടത്തിവരുന്നു. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എ.എൻ.പി.ആർ. ക്യാമറ സംവിധാനം സംസ്ഥാനത്തിന്റെ 22 അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ചരക്ക വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ പകർത്തി അത് തത്സമയം ഇ-വേ ബിൽ പോർട്ടലുമായി ഒത്തുനോക്കി ഇ-വേ ബിൽ ഇല്ലെങ്കിലോ മറ്റു ന്യൂനതകളോ കാണുന്നപക്ഷം അതതു ക്യാമറ പരിധിയിൽ വരുന്ന ഇന്റലിജൻസ് ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ ആപ്ലിക്കേഷനിലേക്ക് അലർട്ടുകൾ നൽകുകയും ചെയ്യുന്നതാണ്. ഈ സംവിധാനം കൂടാതെ ഡാറ്റാ അനലിറ്റിക്സ് ഉപയോഗപ്പെടുത്തി നികുതി വെട്ടിപ്പിന് സാധ്യതയുള്ള വ്യാപാരികളുടെ കണക്കുകൾ പരിശോധിക്കുകയും ആവശ്യമെങ്കിൽ കടപരിശോധനകൾ ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. സംസ്ഥാനത്തെ 18 ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് യൂണിറ്റിലെ ഓഫീസർമാർക്കും തീവ്രമായ പരിശീലനവും ഓറിയന്റേഷനും

സാങ്കേതികവുമായ പിന്തുണയും നൽകി നികുതി വെട്ടിപ്പും ചോർച്ചയും യഥാസമയം കണ്ടെത്തി നികുതി പിരിവ് ശക്തമാക്കിയിട്ടുണ്ട്. വൻകിട അന്തർ സംസ്ഥാന ജി.എസ്.ടി. വെട്ടിപ്പ് നടത്തുന്ന സംഘങ്ങളെ ഇൻവെസ്റ്റിഗേഷൻ വിഭാഗം വിജയകരമായി പിടികൂടിയിട്ടുണ്ട്. അതിൽ ഒരു കാർട്ടൽ ഓപ്പറേറ്ററെ 4500 കോടി രൂപ വരെ ഇടപാട് നടത്തി നികുതി വെട്ടിച്ചതിന് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തു. കേന്ദ്ര നികുതി രഹസ്യാന്വേഷണ ഏജൻസികളുമായി ഏകോപിപ്പിച്ചുകൊണ്ട് മൾട്ടി ഏജൻസി സംയുക്ത പ്രവർത്തനങ്ങളും അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണാടക എന്നിവയുമായി ഏകോപിപ്പിച്ച് അന്തർ സംസ്ഥാന ഏകോപിത തിരച്ചിൽ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(സി) നികുതി നിയമാനുസൃതം പിരിച്ചെടുക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിനും കുറ്റക്കാർക്കെതിരെ നിയമ നടപടി കൈക്കൊള്ളുവാനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

നികുതി വെട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾ ബില്ലുകൾ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കാനായി ലക്കി ബിൽ എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. വകുപ്പിന്റെ

പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഇന്റലിജൻസ് സംവിധാനവും ഓഡിറ്റ് വിംഗും ശക്തിപ്പെടുത്തുന്നതാണ്. ഇതിനായി വകുപ്പിന്റെ സമഗ്രമായ പുന:സംഘടന നടപ്പിലാക്കാൻ തീരുമാനിച്ചു. നികുതി വെട്ടിക്കുന്നവർക്കെതിരെ കർശന നടപടിയാണ് ജി.എസ്.ടി. വകുപ്പ് കൈക്കൊണ്ടുവരുന്നത്. നികുതി അടയ്ക്കാത്ത സ്ഥാപനം കണ്ടെത്തി തുടർ നടപടിയെടുക്കുകയും നികുതിയിന്മേൽ പെനാൽറ്റിയും പിഴപലിശയും ചുമത്തുകയും ചെയ്തുവരുന്നു. ആവശ്യമെങ്കിൽ വ്യാപാരിയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികളും സ്വീകരിക്കുന്നു. കൂടാതെ ബില്ല് നൽകാത്ത വ്യാപാരികൾക്കുള്ള ടെസ്റ്റ് പർച്ചേസ് നടത്തി പിഴ ചുമത്തുകയും ഈ പ്രവണത തുടരുകയാണെങ്കിൽ കടപരിശോധന ഉൾപ്പെടെയുള്ള നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ചരക്ക് സേവന നികുതി ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് അത്യാധുനിക സാങ്കേതികവിദ്യകൾ വഴിയും ഇൻഫോർമേഷനെ ഉപയോഗിച്ചും നികുതി വെട്ടിപ്പ് മനസ്സിലാക്കുകയും കുറ്റക്കാർക്കെതിരെ നിയമനടപടി കൈക്കൊള്ളുകയും ചെയ്യുന്നു.

## നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ

65(2401) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019-20, 2020-21, 2021-22 കാലയളവുകളിൽ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം, ഇവയിൽ കണ്ടുപിടിച്ച കേസ്സുകൾ, ഈടാക്കിയ തുക, ഇനിയും ഈടാക്കുവാനുള്ള തുക, പ്രസ്തുത തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് തുടരുന്ന നടപടികൾ എന്നിവ സംബന്ധിച്ച് വിശദമാക്കുമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗവും ഇന്റലിജൻസ് വിഭാഗവും 2019-20, 2020-21, 2021-22 കാലയളവുകളിൽ കണ്ടെത്തിയ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* വെട്ടിച്ച ടാക്സും പിഴയും പലിശയും അടച്ചില്ലെങ്കിൽ നിയമം അനുശാസിക്കുന്ന നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ ലഭിക്കുവാൻ ബാക്കിയുള്ള തുക ഈടാക്കുന്നതിനും നിയമനടപടികൾ കൈക്കൊണ്ടുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നികുതി വെട്ടിപ്പ് തടയുന്നതിനായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ചരക്കു വാഹനങ്ങൾ പരിശോധിക്കുന്നതിന് സംസ്ഥാനമൊട്ടാകെ പ്രത്യേകിച്ചും അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന സർവൈലൻസ് സ്ക്വാഡുകളും മൊബൈൽ സ്ക്വാഡുകളും പരിശോധന നടത്തിവരുന്നു. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എ.എൻ.പി.ആർ ക്യാമറ സംവിധാനം അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ചരക്കു വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ പകർത്തി തത്സമയം ഇ-വേ ബിൽ പോർട്ടലുമായി ഒത്തുനോക്കി ഇ-വേ ബിൽ ഇല്ലെങ്കിലോ മറ്റു ന്യൂനതകളോ കാണുന്നപക്ഷം അതതു ക്യാമറ പരിധിയിൽ വരുന്ന ഇന്റലിജൻസ് ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ ആപ്ലിക്കേഷനിലേക്ക് അലർട്ടുകൾ നൽകുകയും ചെയ്യുന്നതാണ് ഈ സംവിധാനം. കൂടാതെ ഡാറ്റ അനലിറ്റിക്സ് ഉപയോഗപ്പെടുത്തി നികുതി വെട്ടിപ്പിന് സാധ്യതയുള്ള വ്യാപാരികളുടെ കണക്കുകൾ പരിശോധിക്കുകയും ആവശ്യമെങ്കിൽ കടപരിശോധന ഉൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നു. സംസ്ഥാന

നികുതി വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ വിഭാഗം വ്യാജ ബില്ല് മുഖേനയുള്ള നികുതി വെട്ടിപ്പിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടയ്ക്ക, പ്ലൈവുഡ്, സ്ക്രാപ്പ്, ബീഡി, സിഗററ്റ് എന്നീ മേഖലകളിൽ നടക്കുന്ന നികുതി വെട്ടിപ്പ് തടയുക എന്ന ലക്ഷ്യത്തോടെ നികുതി വെട്ടിപ്പുകാരുടെ വീടുകളിലടക്കം സംസ്ഥാന വ്യാപകമായി സെർച്ചുകൾ നടത്തിയിട്ടുണ്ട്. നികുതി വെട്ടിപ്പിന് ഉപയോഗിച്ച വാഹനങ്ങളും ചരക്കുകളും പിടിച്ചെടുത്തിട്ടുണ്ട്. ഇത്തരം സാമ്പത്തിക കുറ്റകൃത്യം നടത്തുന്നതിന് നേതൃത്വം നൽകിയ മൂന്ന് പേരെ ഇതിനകം തന്നെ സംസ്ഥാന ജി.എസ്.ടി. വകുപ്പ് അറസ്റ്റ് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ബേക്കറികളിൽ തെറ്റായ വർഗീകരണം വഴി വലിയ തോതിലുള്ള നികുതി ചോർച്ച നടക്കുന്നുണ്ടെന്ന് മനസ്സിലാക്കി സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തി നികുതി ഇനത്തിൽ കോടിക്കണക്കിന് രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. സിനിമ മേഖലയിലും സ്വർണ്ണാഭരണ മേഖലയിലും ഹോട്ടലുകളിലും നടക്കുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് വകുപ്പ് ഊർജ്ജിതമായ അന്വേഷണവും പരിശോധനകളും നടത്തി വരികയാണ്.

(സി) നികുതി പിരിവ് ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പ്രവർത്തനങ്ങളുടെയും അവർ നടത്തിയ അഴിമതികളുടെയും അടിസ്ഥാനത്തിൽ 2019-20, 2020-21, 2021-22 കാലയളവുകളിൽ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അവരിൽനിന്നും എത്ര തുക പിടിച്ചെടുത്തുവെന്നും വ്യക്തമാക്കുമോ?

നികുതി പിരിവ് ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ പ്രവർത്തനങ്ങളുടെയും അവർ നടത്തിയ അഴിമതികളുടെയും അടിസ്ഥാനത്തിൽ 2019-20, 2020-21, 2021-22 കാലയളവുകളിൽ 33 (മുപ്പത്തിമൂന്ന്) ഉദ്യോഗസ്ഥരുടെ പേരിൽ KCS(CC&A) Rules, 1960 പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവരിൽനിന്നും തുക ഒന്നും തന്നെ പിടിച്ചെടുത്തിട്ടില്ല.

(ഡി) നികുതി പിരിവ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ വിശദമാക്കുമോ?

നികുതി പിരിവ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇ-വേ ബിൽ ആപ്പ്, എ.എൻ.പി.ആർ.

ആപ്പ് എന്നിവ ഉദ്യോഗസ്ഥർക്ക് തയ്യാറാക്കി നൽകി. സംസ്ഥാന അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള എ.എൻ.പി.ആർ. സംവിധാനം വഴി സംസ്ഥാനത്തിനുള്ളിലേയ്ക്കു വരുന്ന ചരക്കു വാഹനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങളും അലർട്ടുകളും ഉദ്യോഗസ്ഥരുടെ കയ്യിലുള്ള മൊബൈലിലേക്ക് ആപ്ലിക്കേഷൻ മുഖേന ലഭ്യമാക്കുന്നു. ഇന്റലിജൻസ് വിഭാഗം നടത്തുന്ന വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ് മുതലായവ എല്ലാ ആഴ്ചയും വിലയിരുത്തി വരുന്നു. ഓരോ മാസത്തിലും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന രണ്ടു സ്ക്വാഡുകൾക്ക് പ്രശംസാപത്രം നൽകുന്നു. ഏതൊക്കെ മേഖലയിലാണ് ഓരോ സ്ക്വാഡും മെച്ചപ്പെടേണ്ടതെന്ന് അതത് ആഴ്ചയിലെ അവലോകന യോഗം വിലയിരുത്തുന്നു. വകുപ്പ് പുന:സംഘടന വഴി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഉദ്യോഗസ്ഥരുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഡിപ്പാർട്ട്മെന്റിന്റെ ട്രെയിനിംഗ് സെൽ എല്ലാ വിംഗിലേയും ഉദ്യോഗസ്ഥർക്കുവേണ്ടി പരിശീലന സെഷൻ സംഘടിപ്പിച്ചുവരികയാണ്. ജി.എസ്.ടി. മാസ്റ്റർ ട്രെയിനേഴ്സ് എടുക്കുന്ന ക്ലാസ്സുകൾക്കുശേഷം ഒബ്ജക്റ്റീവ് ടൈപ്പ് പരീക്ഷകൾ നടത്തുകയും ആദ്യ റൗണ്ടിൽ വിജയിക്കാത്ത ഉദ്യോഗസ്ഥർക്ക് അടുത്ത റൗണ്ടിൽ തീവ്ര

പരിശീലനം നൽകുകയും ചെയ്യുന്നു. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ചിലെ ഉദ്യോഗസ്ഥർക്കായി അന്വേഷണത്തിന്റെ നിയമപരമായ വശങ്ങൾ പഠിക്കാനും വലിയ ഡാറ്റാ സെറ്റുകൾ പ്രോസസ്സ് ചെയ്യുന്നതിനും ഊന്നൽ നൽകി ട്രെയിനിംഗ് സെൽ കൃത്യമായ ഇടവേളകളിൽ തുടർച്ചയായ പരിശീലനം നൽകിവരുന്നു.

**സർവ്വകലാശാലകളിലെ ശമ്പള-പെൻഷൻ വിതരണം**

66(2402) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള വിതരണത്തിന് 2022 ഏപ്രിൽ മാസം സർവ്വകലാശാലകൾ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ യു.ജി.സി. സ്കെയിലിലും സ്റ്റേറ്റ് സ്കെയിലിലും ഉൾപ്പെട്ടവരുടേത് പ്രത്യേകമായി ലഭ്യമാക്കാമോ;

(ബി) പെൻഷൻ വിതരണത്തിന് 2022 ഏപ്രിൽ മാസം സർവ്വകലാശാലകൾ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ യു.ജി.സി. സ്കെയിലിലും സ്റ്റേറ്റ് സ്കെയിലിലും ഉൾപ്പെട്ട പെൻഷൻകാരുടേത് പ്രത്യേകമായി ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ പങ്കാളിത്ത

പെൻഷനിലുൾപ്പെട്ട ജീവനക്കാരുടെ സർവ്വകലാശാല വിഹിതം അടയ്ക്കുന്നതിന് ചെലവായ തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ശമ്പള-പെൻഷൻ വിതരണത്തിനായി 2022 ഏപ്രിൽ മാസം സർവ്വകലാശാലകൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തി നൽകുന്ന നടപടി**

67(2403) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ധനകാര്യവകുപ്പിൽനിന്നും എത്ര രൂപയുടെ കരാർ നൽകിയിട്ടുണ്ട്; ഇതിൽ ടെണ്ടർ നടപടികൾ കൂടാതെ ആകെ എത്ര രൂപയുടെ പ്രവൃത്തി അനുവദിച്ചിട്ടുണ്ട്?

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ധനകാര്യവകുപ്പിൽനിന്നും

ബജറ്റ് ഹാൾ വിപുലീകരണം, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ് നവീകരണം, 11-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ഓഫീസ് നവീകരണം എന്നീ പ്രവൃത്തികൾക്കായി ആകെ 1,29,45,682/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ കൂടാതെ ആകെ 1,29,45,682/- രൂപയുടെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്.

(ബി) അക്രഡിറ്റഡ് ഏജൻസികൾക്ക് പരമാവധി എത്ര രൂപയുടെ പ്രവൃത്തിയാണ് ടെൻഡർ കൂടാതെ അനുവദിക്കുവാൻ സാധിക്കുന്നത് ; പ്രസ്തുത പരിധിയേക്കാൾ ഉയർന്ന തുകയുള്ള പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഊരാളുങ്കൽ സൊസൈറ്റിക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

17/1/2022 -ലെ സ.ഉ. (പി) നം. 7/2022/ധന, ഉത്തരവുപ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് (നോൺ പിഎംസി) പരമാവധി ഒരു കോടി രൂപയുടെ പ്രവൃത്തിയാണ് ടെൻഡർ കൂടാതെ അനുവദിക്കുവാൻ സാധിക്കുന്നത്. പ്രസ്തുത പരിധിയേക്കാൾ ഉയർന്ന തുകയുള്ള പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഊരാളുങ്കൽ സൊസൈറ്റിക്ക് അനുവദിച്ച് നൽകിയിട്ടില്ല.

## ധനകാര്യ ഇൻസ്പെക്ഷൻ വിംഗ്

68(2404) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് കഴിഞ്ഞ സാമ്പത്തിക വർഷം പി.ഡബ്ല്യു.ഡി.-ൽ നടത്തിയ പരിശോധനയിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തതായി ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് കഴിഞ്ഞ സാമ്പത്തികവർഷം പി.ഡബ്ല്യു.ഡി. -ൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥരെ സസ്‌പെൻഡ് ചെയ്ത വിവരം ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടില്ല.

## നവകേരളം മിഷൻ കോ-ഓർഡിനേറ്റർ

69(2405) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവകേരളം മിഷൻ കോ-ഓർഡിനേറ്ററായ ഡോ. ടി. എൻ. സീമയ്ക്ക് ശമ്പളയിനത്തിലും മറ്റ് അലവൻസുകളിലുമായി പ്രതിമാസം എത്ര രൂപയാണ്

ധനകാര്യ വകുപ്പ് നിശ്ചയിച്ച് നൽകിയിരിക്കുന്നത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നവകേരളം കർമ്മപദ്ധതി-II കോ-ഓർഡിനേറ്ററായ ഡോ. ടി. എൻ. സീമയ്ക്ക് സഞ്ചിത വേതനമായി പ്രതിമാസം 1,66,800/- (ഒരു ലക്ഷത്തി അറുപത്തി ആറായിരത്തി എണ്ണൂറ് രൂപ) രൂപയാണ് ധനകാര്യ വകുപ്പ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ആയതുപ്രകാരം ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 28/04/2022-ലെ സ.ഉ.(സാധാ)നം.63/2022/ പ.നി.വി.നി.വ. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ഓഡിറ്റ്

**70**(2406) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്.-ന്റെ ഏതുവർഷംവരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്-ന്റെ വാർഷിക ധനകാര്യ പത്രികകൾ സമർപ്പിക്കാത്തതിനാൽ നാളിതുവരെ ഓഡിറ്റ് നടത്തിയിട്ടില്ല.

(ബി) പ്രസ്തുത എച്ച്.ഡി.എസ്.-ന്റെ ഏതുവർഷം വരെയുള്ള വാർഷിക ധനകാര്യ പത്രികയാണ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുള്ളത്?

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്.-ന്റെ വാർഷിക ധനകാര്യ പത്രികകളൊന്നും നാളിതുവരെ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ല.

(സി) ഇതുവരെ ഓഡിറ്റ് നടത്തിയിട്ടില്ലെങ്കിൽ ഓഡിറ്റ് നടത്താത്തവർക്കെതിരെ സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചിട്ടില്ലെങ്കിൽ പ്രസ്തുത എച്ച്.ഡി.എസ്.-ന് എതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

(സി&ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്.-ന്റെ വാർഷിക ധനകാര്യ പത്രികകൾ

സമർപ്പിക്കാത്തതിനാലാണ് ഓഡിറ്റ് നടത്താത്തത്. വാർഷിക ധനകാര്യപത്രിക സമർപ്പിക്കാത്തതിന് എച്ച്.ഡി.എസ്.-നെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഇ) ഈ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം കണ്ണാശുപത്രിയിൽ എത്ര പേരെ എച്ച്.ഡി.എസ്. വഴി നിയമിച്ചിട്ടുണ്ട്; അവരുടെ പേര്, തസ്തിക, നൽകുന്ന ശമ്പളം എന്നീ വിവരങ്ങൾ നൽകാമോ?

ഈ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം കണ്ണാശുപത്രിയിൽ എച്ച്.ഡി.എസ്. വഴി ഒരു തസ്തികയിലും നിയമനം നൽകിയിട്ടില്ല.

**നികുതി-നികുതിയേതര വരുമാനം**

71(2407) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തര കേരളത്തിൽ നികുതി-നികുതിയേതര വരുമാനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയാണെന്നും 2021 ഏപ്രിൽ മുതൽ 2022 ഏപ്രിൽ വരെയുണ്ടായ നികുതി വർദ്ധനവ് എത്രയാണെന്നും അറിയിക്കുമോ?

കോവിഡ് മഹാമാരി പടർന്നുപിടിച്ച 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനം തനത് നികുതി വരുമാനത്തിലും നികുതിയേതര വരുമാനയിനത്തിലും സമാഹരിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 2021-22 വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ തനത് നികുതി വരുമാനത്തിലും തനത് നികുതിയേതര വരുമാനത്തിലും യഥാക്രമം 22.41%, 41.55% വീതം വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) ഇക്കാലയളവിൽ കേന്ദ്രസർക്കാരിൽനിന്ന് ഓരോ മാസവും ലഭിച്ച ജി.എസ്.ടി. വിഹിതവും നഷ്ടപരിഹാരവും എത്രയാണെന്ന് അറിയിക്കുമോ?

2021 ഏപ്രിൽ മുതൽ 2022 ഏപ്രിൽ വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാരിൽനിന്ന് ഓരോ മാസവും ലഭിച്ച ജി.എസ്.ടി. വിഹിതവും നഷ്ടപരിഹാര തുകയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.*

(സി) 2022 ഏപ്രിലിന് ശേഷം ലഭിച്ച ജി.എസ്.ടി. വിഹിതം/ധനകാര്യ കമ്മീഷൻ ഗ്രാൻഡ് ഇവ എത്രയാണെന്ന് അറിയിക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022 ഏപ്രിലിന് ശേഷം ലഭിച്ച ജി.എസ്.ടി. വിഹിതം/ കോമ്പൻസേഷൻ എന്നിവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഏതെങ്കിലും കാറ്റഗറി ഉദ്യോഗസ്ഥർക്ക് ഡി.എ. ആനുകൂല്യം കുടിശ്ശികയില്ലാതെ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്തെ അഖിലേന്ത്യ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ഡി.എ. ആനുകൂല്യം കുടിശ്ശികയില്ലാതെ നൽകിയിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാരിന്റെ ഉത്തരവില്ലാതെ കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിക്കുന്നത് അനുസരിച്ചാണ് ഡി.എ. ലഭിച്ചുകൊണ്ടിരുന്നത്. ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അഖിലേന്ത്യാ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരെ സർക്കാർ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ടി ഉദ്യോഗസ്ഥരുടെ ഡി.എ. 01.01.2022 പ്രാബല്യത്തിൽ 31%- ൽനിന്നും 34% ആയി ഉയർത്തി നൽകി.

## ലീഗൽ മെട്രോളജി ആക്ട്

72(2408) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ലീഗൽ മെട്രോളജി ആക്ടിന്റെ പരിധിയിൽ വരുന്ന പായ്ക്ക് ചെയ്ത ബ്രാന്റഡ് ഭക്ഷണ സാധനങ്ങൾക്ക് അഞ്ച് ശതമാനം നികുതി ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലീഗൽ മെട്രോളജി ആക്ടിന്റെ പരിധിയിൽ വരുന്ന പായ്ക്ക് ചെയ്ത ബ്രാന്റഡ് ഭക്ഷണ സാധനങ്ങൾക്ക് അഞ്ച് ശതമാനം നികുതി ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) മറ്റെന്തൊക്കെ സാധനങ്ങൾക്കാണ് നികുതി വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി അടങ്കലുകളെ ഇത് പ്രതികൂലമായി ബാധിക്കുമോയെന്ന് വിശദമാക്കാമോ?

(ബി&സി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നുംതന്നെ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

## ഇന്റേണൽ ഓഡിറ്റ് വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ

73(2409) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷം നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകളിലെയും ആഭ്യന്തര പരിശോധനാ വിഭാഗം പരിശോധിച്ച് വകുപ്പുതലവന്മാർ മുഖേന ലഭ്യമാക്കുന്ന ആഭ്യന്തര പരിശോധനാ റിപ്പോർട്ടുകളും ആയതിന്റെ ന്യൂനതാപരിഹാര റിപ്പോർട്ടുകളും പരിശോധിക്കുകയും സാമ്പത്തിക ബാധ്യതാ പരാമർശമുള്ള ഖണ്ഡികകളിന്മേൽ വകുപ്പുതലത്തിൽ കൂടുതൽ പരിശോധന നടത്തി ആവശ്യമുള്ള പക്ഷം റിവ്യൂ ഓഡിറ്റ് നടത്തി വരികയും ചെയ്യുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷവും നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ

താഴെപ്പറയുന്ന ഓഫീസുകളിലെ റിവ്യൂ ഓഡിറ്റ് മാത്രമേ നടത്താൻ കഴിഞ്ഞിട്ടുള്ളൂ.

- ആറ്റിങ്ങൽ ഭാഗ്യക്കുറി സബ് ഓഫീസ്
- കോവളം ഗസ്റ്റ് ഹൗസ്
- റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ആലപ്പുഴ

ആയതിൽ അംഗീകരിച്ച റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

**ഗ്രാന്റിൽ ചെലവഴിക്കാതെ ബാക്കിയായ തുക**

74(2410) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിലെ ഗ്രാന്റിൽ എത്ര തുകയാണ് ചെലവഴിക്കാതെ ബാക്കിയായതെന്ന് അറിയിക്കാമോ?

31-03-2020 വരെയുള്ള കണക്കുകൾപ്രകാരം പതിനാലാം ധനകാര്യ കമ്മീഷൻ കാലയളവിൽ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ചെലവഴിക്കാത്തതായി ആകെ 942.09

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോടി രൂപ ബാക്കിയുള്ളതായി ട്രഷറി ഡയറക്ടറും ഐ.കെ.എം.-ഉം റിപ്പോർട്ട് ചെയ്തിരുന്നു. ടി തുക സംബന്ധിച്ച എ.ജി.-യുടെ കണക്കുകൾ അന്ന് ലഭ്യമല്ലാതിരുന്നതിനാൽ മേൽപ്പറഞ്ഞ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18.02.2021-ലെ സ.ഉ(സാധാ)നം. 1512/2021/ധന ഉത്തരവുപ്രകാരം 942.09 കോടി രൂപ പ്രാദേശിക സർക്കാരുകൾക്ക് പുനരനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ, 2019-20 വർഷം അനുവദിച്ച തുക 2040.51 കോടി രൂപയും ചെലവഴിച്ച തുക അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 742.17 കോടി രൂപയുമാണ്. അതുപ്രകാരം, 2019-20 വർഷം ചെലവഴിക്കാത്ത തുക 1298.34 കോടി രൂപയാണ്.

(ബി) പ്രസ്തുത കാലയളവിലെ ഗ്രാന്റിൽ തുക ബാക്കിയുണ്ടായിട്ടും എൽ.എസ്.ജി.ഐ. ബില്ലുകൾ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽനിന്നും പാസ്സാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക നീക്കിയിരിപ്പ് ഉണ്ടായിരുന്നപ്പോഴാണ് പുതിയ ഗ്രാന്റിൽനിന്നും ചെലവഴിച്ചതെന്നും എത്ര രൂപ ഇത്തരത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡ് കാലയളവ് 2020 മാർച്ച് 31-ന് അവസാനിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ്

കാലയളവ് 2020-21 മുതൽ 2025-26 വരെയാണ്. ഈ കാലയളവിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രോജക്ടുകളുടെ ബില്ലുകൾ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്ന ശീർഷകത്തിലൂടെ അധിക തുക അനുവദിച്ചാണ് നൽകുന്നത്.

**കിഫ്ബി പദ്ധതി**

75(2412) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖാന്തിരമുള്ള പദ്ധതികളുടെ മേൽനോട്ടത്തിനും ഏകോപനത്തിനുമായി കിഫ്ബി നിയമിക്കേണ്ട പ്രോജക്ട് എഞ്ചിനീയർ, സൈറ്റ് സൂപ്പർവൈസർ എന്നീ തസ്തികകൾ നിരവധി ഇടങ്ങളിൽ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികളുടെ മേൽനോട്ട ചുമതല അതത് ഭരണ വകുപ്പുകൾ നിയമിക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. അത്തരം ചില ഏജൻസികളിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യത്തിനുള്ള

എഞ്ചിനീയർമാരെ നിയമിക്കാനുള്ള നിർദ്ദേശം കിഫ്ബിയിൽനിന്നും എസ്.പി.വി.-കൾക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ എഞ്ചിനീയർമാർ കുറവുള്ള പദ്ധതികളിൽ എസ്.പി.വി.-കൾക്ക് പി.എം.സി. സേവനം ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) മലമ്പുഴ മണ്ഡലത്തിൽ പ്രവൃത്തി നടന്നുവരുന്ന കിഫ്ബി പദ്ധതികളിൽ പ്രോജക്ട് എഞ്ചിനീയർ, സൈറ്റ് സൂപ്പർവൈസർ തസ്തികകളിൽ ഉടൻ തന്നെ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

എസ്.പി.വി.-യും എസ്.പി.വി.-യെ നിയമിക്കുന്ന അതത് ഭരണവകുപ്പുകളുമാണ് കിഫ്ബി പദ്ധതികളിൽ പ്രോജക്ട് എഞ്ചിനീയർ, സൈറ്റ് സൂപ്പർവൈസർ തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കേണ്ടത്. ആവശ്യത്തിനുള്ള എഞ്ചിനീയർമാരുടെ അഭാവമുള്ള പ്രവൃത്തികളിൽ അവശ്യത്തിന് എഞ്ചിനീയർമാരെ നിയമിക്കാനുള്ള നിർദ്ദേശം കിഫ്ബിയിൽനിന്നും എസ്.പി.വി.-കൾക്ക് നൽകുന്നുണ്ട്. എന്നിട്ടും ആവശ്യത്തിന് എഞ്ചിനീയർമാരെ നിയമിക്കാത്ത എസ്.പി.വി.-കളുടെ സെന്റേജ് ചാർജിൽനിന്നും കിഫ് ബോർഡ് അംഗീകരിച്ച പ്രകാരമുള്ള കുറവ് വരുത്തുന്നതടക്കമുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്.

## മഞ്ചേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

76(2414) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

മഞ്ചേരി മണ്ഡലത്തിലെ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബിയിൽ ഫണ്ട് വകയിരുത്തി ഭരണാനുമതി ലഭ്യമായ മഞ്ചേരി-ഒലിപ്പുഴ റോഡിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി-ഒലിപ്പുഴ റോഡിലെ 16.2 കിലോമീറ്റർ സ്ട്രെച്ചിനാണ് കിഫ്ബി ധനാനുമതി നൽകിയത്. അതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. 0/000 ചെയിനേജ് മുതൽ 13/300 ചെയിനേജ് വരെ ബി.എം. & ബി.സി. (BM & BC) ഓവർലേയിംഗ് പ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി. റോഡ് വിഭാഗം 2021 ജൂണിൽ പൂർത്തിയാക്കുകയും നിലവിൽ DLP കാലയളവിലുമാണ്. 13/300 ചെയിനേജ് മുതൽ 16/200

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയിനേജ് വരെയുള്ള സ്ട്രെച്ചിൽ പി.ഡബ്ല്യു.ഡി. റോഡ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ അറ്റകുറ്റപണികൾ പുരോഗമിക്കുകയാണ്. പ്രസ്തുത റോഡിൽ പൂർത്തിയാക്കിയതും പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ DLP കാലയളവും സ്ഥലമേറ്റെടുക്കൽ നടപടികളും പൂർത്തിയായതിനുശേഷം റോഡ് നിർമാണം ആരംഭിക്കുന്നതാണ്.

(സി) കിഫ്ബി ഫണ്ട് വകയിരുത്തിയ പട്ടിക്കാട് ജി.എച്ച്.എസ്.എസ്., മഞ്ചേരി ജി.ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിക്കാണ്. പ്രസ്തുത പദ്ധതികളുടെ പുതുക്കിയ ഡി.പി.ആർ. എസ്.പി.വി. സമർപ്പിക്കുന്ന മുറയ്ക്ക് അതിന് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

**ആലുവ-പെരുമ്പാവൂർ റോഡ് പ്രവൃത്തി**

77(2415) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന ആലുവ-പെരുമ്പാവൂർ റോഡ് പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

ആലുവ-പെരുമ്പാവൂർ റോഡിന്റെ ഡിസൈൻ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത പദ്ധതി ഡിസൈൻ ഘട്ടത്തിലായതിനാൽ നിലവിൽ പദ്ധതി പൂർത്തീകരണത്തിനുള്ള സമയപരിധി നിശ്ചയിച്ചിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

പദ്ധതിക്ക് നിലവിൽ തടസ്സങ്ങളൊന്നുമില്ല. പദ്ധതിയുടെ ഡിസൈൻ നടപടികൾ പൂർത്തിയായതിനുശേഷം എസ്.പി.വി. കിഫ്ബിയിൽ പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിക്കേണ്ടതും അത് അവലോകനം നടത്തി കിഫ്ബി ധനാനുമതി നൽകേണ്ടതായിട്ടുമുണ്ട്. അതിനുശേഷം പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് എസ്.പി.വി.-

യായ കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**കടമക്കുടി ഗ്രാമപഞ്ചായത്തിലെ ആധുനിക ശ്മശാനം**

78(2416) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികളിൽ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള കടമക്കുടി ഗ്രാമപഞ്ചായത്തിലെ 1.05 കോടി രൂപയുടെ ആധുനിക ശ്മശാനത്തിന് സാമ്പത്തികാനുമതി ലഭ്യമാകുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

കടമക്കുടി ഗ്രാമപഞ്ചായത്തിലെ ആധുനിക ശ്മശാനത്തിന്റെ 1.047 കോടി രൂപയുടെ ശിപാർശ 11.439 കോടി രൂപയുടെ പദ്ധതികളുടെ ക്ലസ്റ്ററിൽ ഉൾപ്പെടുത്തി, പദ്ധതി നിർവ്വഹണ ഏജൻസിയായ ഇംപാക്ട് കേരള 05.12.2018-ൽ കിഫ്ബിയിലേക്ക് സമർപ്പിക്കുകയും അത് പരിശോധിച്ച് ഒരു സാങ്കേതിക അവലോകന റിപ്പോർട്ട് 07.03.2019-ൽ പദ്ധതി നിർവ്വഹണ ഏജൻസിയായ ഇംപാക്ട് കേരളയ്ക്ക് നൽകുകയും

ചെയ്തിരുന്നു. സാങ്കേതിക അവലോകന റിപ്പോർട്ടിന് മറുപടി നൽകിയപ്പോൾ മുൻപ് നൽകിയിരുന്ന 12 ശിപാർശകളിൽനിന്ന് കടമക്കുടി പഞ്ചായത്തും പേരാമ്പ്ര പഞ്ചായത്തും ഒഴിവാക്കി, പകരം രണ്ട് ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ. 17.03.2022-ൽ കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. സാങ്കേതിക അവലോകന റിപ്പോർട്ടിന് മറുപടിയായി പദ്ധതി റിപ്പോർട്ട് പുതുക്കിയ കാലയളവിൽ, പ്രസ്തുത പദ്ധതിക്ക് ജില്ലാ പ്ലാനിംഗ് ഓഫീസിൽനിന്നും അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും, അതിന്റെ നിർവ്വഹണ നടപടികൾ തുടർന്നു വരുന്നതായും കടമക്കുടി ഗ്രാമപഞ്ചായത്തിൽനിന്നും 15.11.2021-ൽ കത്ത് മുഖേന ഇംപാക്ട് കേരളയെ അറിയിച്ചിരുന്നു. കത്ത് അനുബന്ധമായി ചേർക്കുന്നു.* അതിനാൽ പ്രസ്തുത ശിപാർശ പുതുക്കിയ ഡി.പി.ആർ.-ൽനിന്നും ഒഴിവാക്കിയെന്നാണ് പദ്ധതി നിർവ്വഹണ ഏജൻസിയായ ഇംപാക്ട് കേരള കിഫബിയെ അറിയിച്ചിട്ടുള്ളത്. പുതുക്കിയ ഡി.പി.ആർ. പരിശോധിച്ച് അതിന്മേൽ ഒരു സാങ്കേതിക അവലോകന റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസിയുടെ മറുപടിക്കായി നൽകിയിരിക്കുകയാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയതെന്നാണെന്നും പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയത് 18/11/2017-ലെ സ.ഉ (സാധാ)നം.3711/2017/തസ്വഭവ പ്രകാരവും പദ്ധതി നിർവ്വഹണ ഏജൻസിയായി ഇംപാക്ട് കേരളം ലിമിറ്റഡിനെ ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയത് 6/10/2017-ലെ സ.ഉ.(സാധാ)നം.3234/2017/ തസ്വഭവ പ്രകാരവുമാണ്. ഭരണാനുമതിയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്നും സാമ്പത്തികാനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയെ പുതുക്കിയ പട്ടികയിൽനിന്നും ഒഴിവാക്കിയ സാഹചര്യത്തിലും 'സംയുക്തം' പദ്ധതിയിൽ ഉൾപ്പെടുത്തി ടി പദ്ധതിക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലാ പ്ലാനിംഗ് ഓഫീസിൽനിന്ന് അംഗീകാരം ലഭിച്ച സാഹചര്യത്തിലും പ്രസ്തുത പദ്ധതിയെ കിഫ്ബി മുഖേന പരിഗണിക്കുവാൻ സാധ്യമല്ല.

**കിഫ്ബി മുഖേന തലശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ**

79(2417) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന തലശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബിയുടെ ഭരണാനുമതി ഇതുവരെയും ലഭ്യമാകാത്ത പ്രവൃത്തികളും അനുമതി ലഭ്യമായ പ്രവൃത്തികളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബിയുടെ ഭരണാനുമതി ലഭ്യമായ പ്രവൃത്തികളുടെ നിലവിലെ അവസ്ഥയെന്താണെന്നും ആയത് പൂർത്തീകരിക്കാൻ എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ആയതിന് ലഭ്യമായ തുകയടക്കം വ്യക്തമാക്കാമോ?

(എ-സി) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും

കിഫ്ബിയിൽ അവലോകനത്തിലുള്ള പദ്ധതികളുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.* കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള അതത് പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പ്രസ്തുത ഏജൻസികൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകുക, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്താറുണ്ട്.

## ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ

80(2418) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ നിലവാര പരിശോധന നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോടുകൂടി സമയക്രമം പാലിച്ച് നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം എസ്.പി.വി.-യ്ക്കും എസ്.പി വി.-യെ നിയമിക്കുന്ന അതാത് ഭരണ വകുപ്പുകൾക്കുമാണ്. ഇതിനുപുറമെ കിഫ് ആക്ടിലെ സെക്ഷൻ 17A പ്രകാരം കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റിക്ക് പരിശോധനാ അധികാരം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റിയുടെ ഭാഗമായി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗവും അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗവും പ്രവർത്തിക്കുന്നു. ഇതുപ്രകാരം ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. ഭരണവകുപ്പും എസ്.പി.വി.-യും കിഫബിയും തമ്മിലുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഓരോ നിർമ്മാണ പ്രവൃത്തികൾക്കും കിഫ്ബി ധനസഹായം നൽകുന്നത്. അതിന്റെ ഭാഗമായി തന്നെ ഗുണനിലവാര പരിശോധനകളുടെ അടിസ്ഥാനത്തിൽ കിഫ്ബി നൽകുന്ന നിർദേശങ്ങൾ പാലിക്കാൻ

ഭരണവകുപ്പും എസ്.പി.വി.-യും ബാധ്യസ്ഥവുമാണ്. മൈക്രോസോഫ്റ്റ് പ്രോജക്ട് ഷെഡ്യൂളിംഗ്, BIM/VDC ബേസ്ഡ് പ്രോജക്ട് മാനേജ്മെന്റ് സിസ്റ്റം, ഡിസൈൻ റിവ്യൂ, പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് അപ്രൂവൽ, എസ്.പി.വി.-കൾക്കും കരാറുകാർക്കും പരിശീലനങ്ങൾ, കൂടാതെ എസ്.പി.വി.-കൾക്കുള്ള ഉപദേശക സേവനങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തി സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുന്നതിന് സഹായകമാകുന്നു. നിർമ്മാണ പ്രവൃത്തികൾ വിലയിരുത്താൻ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗവും പരിശോധനാ വിഭാഗവും നിരന്തരമായി എസ്.പി.വി.-യിലെ ഉദ്യോഗസ്ഥരുമായി മീറ്റിംഗുകൾ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. സാങ്കേതിക കാര്യങ്ങളിലെ തടസ്സം ഒഴിവാക്കാൻ കിഫ്ബിക്ക് കീഴിലുള്ള ടെക്നിക്കൽ റിസോഴ്സ് സെന്റർ (TRC) മുഖേന വേണ്ട സഹായങ്ങൾ എസ്.പി.വി-കൾക്ക് ലഭ്യമാക്കുന്നുമുണ്ട്. കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം സൂക്ഷ്മ പരിശോധന നടത്തി ഫീൽഡ് ഒബ്സർവഷൻ ഷീറ്റുകളും ടെക്നിക്കൽ ഒബ്സർവേഷൻ നോട്ടുകളും ഒബ്സർവേഷൻ മെമ്മോകളും ഇൻസ്പെക്ഷൻ റിപ്പോർട്ടുകളും നൽകുന്നുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി നിശ്ചയിച്ച ഗുണനിലവാരം പാലിക്കാത്ത പ്രവൃത്തികൾ നിർത്തിവയ്ക്കുന്നതിന് കിഫ്ബി നിർദേശം നൽകുന്നുണ്ട്. ഇൻസ്പെക്ഷൻ വിഭാഗം നൽകുന്ന എല്ലാ നിർദേശങ്ങളും പൂർത്തിയാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമേ ഇവ പിൻവലിക്കാറുള്ളൂ.

(ബി) പ്രസ്തുത പ്രവൃത്തികൾ ഏൽപ്പിച്ചിട്ടുള്ള എസ്.പി.വി.-കളുടെ കാര്യക്ഷമമായ ഇടപെടൽ ഇല്ലാത്തതുകാരണം പ്രവൃത്തികളുടെ നിലവാരം കുറയുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.പി.വി.-കൾ പദ്ധതി മേൽനോട്ടത്തിന് ആവശ്യമായ എൻജിനീയർമാരെ നിയമിക്കാത്തതാണ് പ്രവൃത്തികളുടെ നിലവാരം കുറയുന്നതിന് പ്രധാന കാരണമായി കിഫ്ബി കണ്ടെത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ, കിഫ്ബി പദ്ധതികളുടെ മേൽനോട്ടത്തിനായി, മതിയായ എൻജിനീയർമാരെ നിയമിക്കാനുള്ള നിർദ്ദേശം എസ്.പി.വി.-കൾക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ, എഞ്ചിനീയർമാരുടെ സേവനം കുറവായ പദ്ധതികളിൽ, പി.എം.സി.-കളുടെ സേവനം ഉപയോഗിക്കാനും നിർദേശിച്ചിട്ടുണ്ട്. കിഫ്ബി നിഷ്കർഷിക്കും

പ്രകാരം, പദ്ധതി മേൽനോട്ടത്തിന് മതിയായ എഞ്ചിനീയർമാരെ നിയമിക്കാത്ത എസ്.പി.വി.-കളുടെ സെന്റേജ് ചാർജിൽനിന്നും കിഫ് ബോർഡ് അംഗീകരിച്ച പ്രകാരമുള്ള കുറവ് വരുത്തുന്നതടക്കമുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്.

(സി) പൂർത്തിയായ പ്രവൃത്തികൾ ഡി.പി.ആർ. അനുസരിച്ച് ചെയ്തുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി അംഗീകരിച്ച ഡി.പി.ആർ. അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കാനുള്ള ഉത്തരവാദിത്തം പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. കിഫ്ബി അംഗീകരിച്ച വിശദമായ പദ്ധതി റിപ്പോർട്ട് (DPR)-ന്റെ അടിസ്ഥാനത്തിൽ ഒരു പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) പദ്ധതി നിർവ്വഹണ ഏജൻസികൾ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം അംഗീകരിച്ച PED പ്രകാരമാണ് സൈറ്റിൽ നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടതെന്ന് എസ്.പി.വി.-കൾക്ക് കിഫ്ബിയിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ഡി.പി.ആർ. അനുസരിച്ചും

അംഗീകരിച്ച PED പ്രകാരവുമാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് കിഫ്ബി ഇൻസ്പെക്ഷൻ വിഭാഗം സമയാസമയങ്ങളിൽ പരിശോധനകൾ നടത്തുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തിരുത്തൽ നടപടികൾക്കായി എസ്.പി.വി.-കൾക്ക് നിർദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്.

## പറവൂർ-ചെറായി പാരലൽ റോഡ് നിർമ്മാണം

81(2419) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലുൾപ്പെട്ട പറവൂർ-ചെറായി പാരലൽ റോഡിന്റെ നിർമ്മാണത്തിനായി കിഫ്ബിയിലുൾപ്പെടുത്തി 20 കോടി രൂപ അനുവദിച്ച പ്രവൃത്തിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

പറവൂർ-ചെറായി പാരലൽ റോഡ് പദ്ധതിക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടില്ല.

(ബി) ഇല്ലെങ്കിൽ അംഗീകാരം ലഭ്യമാക്കുന്നതിലുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ വിശദ പദ്ധതിരേഖ (DPR), ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് നാളിതുവരെ കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അവലോകനം നടത്തി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേയ്ക്ക് അംഗീകാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന വിശദ പദ്ധതിരേഖ (DPR) പരിശോധിച്ച്, അവ കിഫ്ബി ചട്ടങ്ങൾക്കനുസൃതമായി തൃപ്തികരമാകുന്ന പക്ഷം, തുടർന്നുള്ള കിഫ് ബോർഡ് യോഗത്തിൽ ടി പദ്ധതി ധനാനുമതിക്കായി സമർപ്പിക്കുന്നതാണ്.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ദേശം-വല്ലംകടവ് റോഡ് പ്രവൃത്തി

82(2420) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന ദേശം-വല്ലംകടവ് റോഡ് പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

ആലുവ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന ദേശം-വല്ലംകടവ് റോഡ് പ്രവൃത്തി നിലവിൽ Full Depth Reclamation (FDR) സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റ് KIIFB-TRC തയാറാക്കിയിട്ടുണ്ട്. അന്തിമ എസ്റ്റിമേറ്റിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) നടത്തിവരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ടി പദ്ധതിയുടെ അന്തിമ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് നടത്തിവരികയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത പ്രവൃത്തി ടെൻഡർ നടപടികളിലേയ്ക്ക് കടക്കുമ്പോൾ മാത്രമേ, പദ്ധതിയുടെ സമയപരിധി നിശ്ചയിക്കപ്പെടുകയുള്ളൂ.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നിലവിൽ തടസ്സങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

83(2421) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കിഫ്ബി വഴി നാളിതുവരെ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കിഫ്ബി വഴി നാളിതുവരെ അനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബി പ്രവൃത്തിയിലുൾപ്പെട്ട റോഡുകൾ നിർമ്മിക്കുന്നതിന് എഫ്.ഡി.ആർ. സാങ്കേതികവിദ്യ

84(2422) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പ്രവൃത്തിയിലുൾപ്പെട്ട റോഡുകൾ എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കുമോ; ബി.എം. ആന്റ് ബി.സി. റോഡുകളെക്കാൾ എഫ്.ഡി.ആർ. ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിനുള്ള ഗുണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉണ്ട്. ബി എം & ബി സി റോഡ് നിർമ്മാണത്തിൽനിന്ന് ഉപരിയായി എഫ്.ഡി.ആർ. സാങ്കേതികവിദ്യ നടപ്പിലാക്കുന്നതുകൊണ്ട് ലഭിക്കുന്ന നേട്ടങ്ങൾ ചുവടെ കൊടുക്കുന്നു:

1. നിർമ്മാണത്തിന് വേണ്ടിവരുന്ന സാമ്പത്തിക ചെലവിൽ ഗണ്യമായ കുറവുണ്ടാകുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. നിർമ്മാണത്തിനെടുക്കുന്ന സമയ ലാഭം.

3. റോഡ് നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഉപയോഗം കുറയ്ക്കാൻ സാധിക്കുന്നു.

4. റോഡിന്റെ ഘടനപരമായ ശക്തിയും സ്ഥിരതയും വർദ്ധിപ്പിക്കുന്നു.

5. നിലവിലെ റോഡ് ഉപരിതലത്തിലുള്ള റിഫ്ലെക്ടീവ് ക്രാക്കും റട്ടിംഗും ഇല്ലാതാക്കുന്നു.

6. റോഡിന്റെ അവസ്ഥ മെച്ചപ്പെടുത്തി കൂടുതൽ കാലത്തേക്ക് ഉപയോഗപ്രദമാക്കുന്നു.

7. നിലവിലുള്ള ബിറ്റുമിൻ ലെയർ മാറ്റുന്നതുവഴിയുണ്ടാകുന്ന പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നു.

(ബി) എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ച് കിഫ്ബി മുഖേന പ്രവൃത്തി പൂർത്തിയാക്കിയ റോഡുകൾ കേരളത്തിലുണ്ടോ; എങ്കിൽ അവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ആനയടി -പഴകുളം - കുറംപല -കീരുകുഴി-ചന്ദനപ്പള്ളി - കൂടൽ റോഡിലെ, ആനയടി -പഴക്കുളം റീച്ചിലെ 5.9 കിലോമീറ്റർ റോഡ് പൈലറ്റ് പദ്ധതിയായി, FDR സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ചതാണ്. ടി റോഡിന്റെ പ്രവൃത്തി 2018 ഡിസംബറിൽ

പൂർത്തീകരിച്ചു. 3 വർഷത്തിനുശേഷം 2021 ഡിസംബറിൽ നടത്തിയ പരിശോധനയിലും റോഡിന്റെ സ്ഥിതിയിൽ യാതൊരുവിധ കോട്ടവും സംഭവിച്ചിട്ടില്ലെന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ റോഡ് പ്രവൃത്തികൾ FDR സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കുറ്റ്യാടി മണ്ഡലത്തിൽ കിഫ്ബി പ്രവൃത്തിയിലുൾപ്പെട്ട വടകര-വില്ല്യാപ്പിള്ളി-ചേലക്കാട്, കുട്ടോത്ത്-അട്ടക്കുണ്ട് കടവ്, കുറ്റ്യാടി ബൈപ്പാസ് എന്നീ റോഡുകൾ പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കാമോ?

വടകര-വില്യാപ്പിള്ളി-ചേലക്കാട്, കുട്ടോത്ത്-അട്ടക്കുണ്ട് കടവ് എന്നിവിടങ്ങളിൽ FDR സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിനാവശ്യമായ സാധ്യതാപഠനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ, പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB)-നെ ഏൽപ്പിച്ചിട്ടുണ്ട്. നിലവിൽ കുറ്റ്യാടി ബൈപ്പാസ് എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടില്ല.

## നാഷണൽ സേവിംഗ്സ് പ്രവർത്തനം

85(2423) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ സേവിംഗ്സ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ പദ്ധതികളെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളായതിനാൽ വകുപ്പിന് സ്വന്തമായി പദ്ധതി ആവിഷ്ക്കരിക്കുന്നതിന് പരിമിതിയുണ്ട്. നിലവിൽ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. 2021-2022 സാമ്പത്തിക വർഷത്തിൽ 3500 കോടി രൂപയാണ് മിച്ച നിക്ഷേപ ലക്ഷ്യമായി നിർണ്ണയിച്ചിരുന്നതെങ്കിലും 5501.34 കോടി രൂപ മിച്ചനിക്ഷേപമായി സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ മിച്ച നിക്ഷേപ ലക്ഷ്യമായി സർക്കാർ നിർണ്ണയിച്ച് നൽകിയ 6000 കോടി രൂപയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഏജന്റുമാരുടെ സേവനം

കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കുകയും അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 'കില'-യുമായി ചേർന്ന് "ക്രെഡിറ്റ് & ഫിനാൻസ് മാനേജ്മെന്റ്" എന്ന വിഷയത്തിൽ എല്ലാ ജില്ലകളിലും പരിശീലന കളരി സംഘടിപ്പിച്ചുവരികയുമാണ്. പൊതുജനത്തിന് പദ്ധതികളെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിൽ യോഗങ്ങളും സെമിനാറുകളും സംഘടിപ്പിക്കുകയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വ്യാപക പ്രചാരണം നടത്തിവരുകയും ചെയ്യുന്നുണ്ട്. കൂടാതെ നിക്ഷേപ സമാഹരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാടിസ്ഥാനത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഏജന്റുമാർക്ക് പുരസ്കാരം നൽകുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് നാഷണൽ സേവിംഗ്സ് വഴി പദ്ധതികൾ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വന്നിരുന്ന 'സഞ്ചയിക' പദ്ധതി കേന്ദ്രസർക്കാർ 01-10-2016 പ്രാബല്യത്തിൽ നിർത്തലാക്കിയ സാഹചര്യത്തിൽ അതേ മാനദണ്ഡം

നിലനിർത്തിക്കൊണ്ട് 28/09/2016 -ലെ സ.ഉ.(സാധാ) നം.7833/2016/ധന നമ്പർ ഉത്തരവ് പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, ട്രഷറി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ 'സ്റ്റുഡൻസ് സേവിംഗ്സ് സ്കീം' എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുകയും സംസ്ഥാനത്തെ 320 സ്കൂളുകളിൽ നടപ്പിലാക്കുകയും ചെയ്തു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തനസജ്ജമല്ലാതിരുന്നതിനാൽ വ്യാപകമായി നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം മുതൽ കൂടുതൽ വിപുലമാക്കാനുള്ള നടപടി കൈക്കൊണ്ടുവരികയാണ്. കോളേജുതലത്തിലെ വിദ്യാർത്ഥികൾക്കായി ഇത്തരത്തിലുള്ള പദ്ധതികളെന്തെങ്കിലും നടപ്പിലാക്കുന്ന കാര്യം നിലവിൽ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പരിഗണനയിലില്ല.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസുകൾക്ക് ഇളവ്**

86(2424) ശ്രീ. ടി.സിദ്ദിഖ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പർച്ചേസുകൾക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്നതും സ്റ്റോർസ് പർച്ചേസ് മാന്വലിൽ അനുബന്ധം 1-ൽ ഉൾപ്പെട്ടിട്ടുള്ളതുമായ ഒരു സ്ഥാപനമെന്ന നിലയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പർച്ചേസുകൾ സ്റ്റോർസ് പർച്ചേസ് മാന്വൽ വ്യവസ്ഥൾക്ക് വിധേയമാണ്.

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസുകൾക്ക് സ്റ്റോർസ് പർച്ചേസ് മാന്വൽ വ്യവസ്ഥകളിൽ ഇളവ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത ഇളവ് നൽകിയതെന്നും എന്നുവരെയാണ് ഇളവ് നൽകിയതെന്നും വ്യക്തമാക്കാമോ?

കോവിഡ് വ്യാപന കാലത്തെ അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനായി വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, വകുപ്പ് തലവൻമാർ എന്നിവർക്ക് കോവിഡുമായി ബന്ധപ്പെട്ട പർച്ചേസുകളിൽ സ്റ്റോർസ് പർച്ചേസ് റൂളുകളിൽ ഇളവുകൾ നൽകി 04/04/2020-ലെ സ.ഉ.

(സാധാ) നം. 09/2020/എസ്.പി.ഡി. പ്രകാരം ഉത്തരവാകുകയും ആയത് വിവിധ തുടർ ഉത്തരവുകൾ പ്രകാരം 03/12/2020 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. ആയത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനും ബാധകമാണ്.

(സി) സർക്കാർ കമ്പനികൾ നടത്തുന്ന എത്ര കോടി രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്കാണ് സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരം വകുപ്പ് മന്ത്രിയുടെ അംഗീകാരം ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ?

സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ വകുപ്പുകൾ നടത്തുന്ന 6 കോടി രൂപ മുതൽ 10 കോടി രൂപ വരെയുള്ള പർച്ചേസുകൾക്ക് വകുപ്പുതല പർച്ചേസ് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം ബന്ധപ്പെട്ട മന്ത്രിയുടെ അംഗീകാരം ആവശ്യമുണ്ട്. എന്നാൽ സർക്കാർ കമ്പനികൾക്ക് ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിലവിലെ സ്റ്റോർസ് പർച്ചേസ് മാന്വൽ ചട്ടങ്ങൾ പാലിച്ചുകൊണ്ട് പർച്ചേസ് ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്. ഇതിനായി പ്രത്യേകമായി വകുപ്പുമന്ത്രിയുടെ അംഗീകാരം തേടേണ്ടതില്ല.

## പെട്രോളിയം ഉല്പന്നങ്ങളിൽ നിന്ന് ലഭിക്കുന്ന നികുതി വിഹിതം

87(2425) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉല്പന്നങ്ങളിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതം എത്രയെന്ന് അറിയിക്കാമോ; വില വർദ്ധനവിന് ആനുപാതികമായി സംസ്ഥാന നികുതിയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ, പാചകവാതകം, ഏവിയേഷൻ ടർബൈൻ ഫ്യൂവൽ (എ.റ്റി.എഫ്.), മണ്ണെണ്ണ എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള നികുതിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* വിലവർദ്ധനവ് ഉണ്ടാകുമ്പോൾ നികുതി വരുമാനത്തിൽ ആനുപാതികമായ വർദ്ധനവുണ്ടാകുന്നു.

(ബി) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവുവഴി ഓരോ വർഷവും അധികമായി സമാഹരിച്ച തുക എത്രയാണ്; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ 2021-22 വരെയുള്ള കാലയളവിലും പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവുവഴി ഓരോ വർഷവും അധികമായി സമാഹരിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവുണ്ടായ സാഹചര്യത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി ഇനത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇളവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന പൊതുവിൽപന നികുതി നിയമപ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവുമായി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്,

അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല. കേന്ദ്രസർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവുമൂലമുള്ള വിലക്കയറ്റം അതിജീവിക്കാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും.

## നികുതി വെട്ടിപ്പ്

88(2426) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ചരക്ക് സേവന നികുതി നടപ്പിലാക്കിയതിലെ അപാകതകൾമൂലം നികുതി വെട്ടിപ്പിനുള്ള സാധ്യതകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്ത് നികുതി ചോർച്ച ഉണ്ടാകുന്നതുമായി ബന്ധപ്പെട്ട് പല അവലോകനങ്ങളും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് നടത്തിയിട്ടുണ്ട്. ജി.എസ്.ടി. രജിസ്ട്രേഷൻ

പ്രോസസ്സ് ലളിതമാക്കിയതും ചെക്ക് പോസ്റ്റ് സംവിധാനം പൂർണ്ണമായും നിർത്തലാക്കിയതും ജി.എസ്.ടി.-യുടെ തുടക്കത്തിൽ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ട്. ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയാതായി. ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. അന്തർ സംസ്ഥാന സപ്ലൈകൾക്കും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യം ലഭിക്കുന്നതിനാൽ ഇത് മുതലെടുത്ത് അനധികൃതമായി ഇൻപുട്ട് ടാക്സ് ക്ലെയിം ചെയ്യുന്നതുമൂലമുള്ള നികുതി വെട്ടിപ്പുകൾ ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. ജി.എസ്.ടി. ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പാക്കാത്തതുമൂലം വിവരങ്ങൾ കാര്യക്ഷമമായി പരിശോധിക്കുന്നതിനും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ഇൻപുട്ട് ടാക്സ് കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും നിലവിൽ കഴിയാത്ത സ്ഥിതിയാണ്. ജി.എസ്.ടി. നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്കുസേവന

നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം നടത്തിയ പരിശോധനകളിൽ സംസ്ഥാന വ്യാപകമായി നികുതി വെട്ടിപ്പ് കേസുകൾ പിടികൂടിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം 2021-22 സാമ്പത്തിക വർഷത്തിൽ ചരക്കുസേവന നികുതി നിയമം അനുശാസിക്കുന്ന രേഖകൾ ഇല്ലാതെയും അപൂർണ്ണവും തെറ്റായതുമായ വിവരങ്ങൾ അടങ്ങിയ രേഖകളുപയോഗിച്ചും നടത്തിയ ചരക്കുനീക്കം കണ്ടെത്തി 17,307 കേസുകളിൽനിന്ന് 82.69 കോടി രൂപ നികുതിയും പിഴയും മറ്റിനങ്ങളുമായി അടപ്പിച്ചു. ഇന്റലിജൻസ് സ്ക്വാഡുകൾ നടത്തിയ രഹസ്യാത്മകവും വിപുലവുമായ വിവരശേഖരണത്തിന്റെയും സൂക്ഷ്മമായ അപഗ്രഥനത്തിന്റെയും അടിസ്ഥാനത്തിൽ 173 കടപരിശോധനകൾ നടത്തി. 67.49 കോടി രൂപ നികുതിയും പിഴയും ചുമത്തുകയും ചെയ്തു. വ്യാപാരികൾ ഉപഭോക്താക്കൾക്ക് ചരക്കുസേവന നികുതി നിയമപ്രകാരമുള്ള ഇൻവോയ്സ്

നൽകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന വ്യാപകമായി 2902 ടെസ്റ്റ് പർച്ചേസുകൾ നടത്തി 1482 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. ബിൽ നൽകാത്ത കേസുകളിൽ നിയമം അനുശാസിക്കുന്ന 20,000/- രൂപ പിഴ ചുമത്തിയതിന് പുറമെ കടപരിശോധനയുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ വിഭാഗം വ്യാജ ബില്ല് മുഖേനയുള്ള നികുതി വെട്ടിപ്പിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടയ്ക്ക, പ്ലൈവുഡ്, സ്ക്രാപ്പ്, ബീഡി, സിഗററ്റ് എന്നീ മേഖലകളിൽ നടക്കുന്ന നികുതി വെട്ടിപ്പുകൾ തടയുകയെന്ന ലക്ഷ്യത്തോടെ നികുതി വെട്ടിപ്പുകാരുടെ വീടുകളിലടക്കം സംസ്ഥാന വ്യാപകമായി സെർച്ചുകൾ നടത്തുകയുണ്ടായി. നികുതി വെട്ടിപ്പിന് ഉപയോഗിച്ച വാഹനങ്ങളും ചരക്കുകളും പിടിച്ചെടുക്കുകയും ഇത്തരം സാമ്പത്തിക കുറ്റകൃത്യം നടത്തുന്നതിന് നേതൃത്വം നൽകിയ മൂന്നുപേരെ ഇതിനോടകം സംസ്ഥാന ജി.എസ്.ടി. വകുപ്പ് അറസ്റ്റ് ചെയ്യുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തെ ബേക്കറികളിൽ തെറ്റായ വർഗ്ഗീകരണം വഴി വലിയ തോതിലുള്ള നികുതി ചോർച്ച നടക്കുന്നുണ്ടെന്ന്

മനസ്സിലാക്കി സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തുകയും നികുതി ഇനത്തിൽ കോടിക്കണക്കിന് രൂപ ഈടാക്കുകയും ചെയ്യുകയുണ്ടായി. സിനിമ മേഖലയിലും സ്വർണാഭരണ മേഖലയിലും നടക്കുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് വകുപ്പ് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്.

(സി) ബിസിനസ് ഇന്റലിജൻസ്, അനലിറ്റിക്സ് തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് വിവിധ തരത്തിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

വിവര സാങ്കേതികവിദ്യ കൂടുതലായി ഉപയോഗിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജി.എസ്.ടി.എൻ മുഖേന ലഭിക്കുന്ന ബിസിനസ്സ് ഇന്റലിജൻസ് ആൻഡ് ഫ്രോഡ് അനലിറ്റിക്സ് (BIFA) റിപ്പോർട്ട് പരിശോധിച്ച് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും അത് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ടാക്സ് പേയേഴ്സിനെ സംബന്ധിച്ച് വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ

അനലിറ്റിക്സിലൂടെ ക്രോഡീകരിച്ച് അനലിറ്റിക്കൽ ഇൻസൈറ്റ് റിപ്പോർട്ട് മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ജി.എസ്.ടി. നിയമപ്രകാരം ഉപഭോക്താക്കൾക്ക് ബിൽ നൽകുന്നുവെന്നുറപ്പാക്കാൻ കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന വ്യാപകമായി ടെസ്റ്റ് പർച്ചേസുകൾ നടത്തിയിരുന്നോ; ക്രമക്കേടുകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വ്യാപാരികൾ ഉപഭോക്താക്കൾക്ക് ചരക്ക് സേവന നികുതി നിയമപ്രകാരമുള്ള ഇൻവോയ്സ് നൽകുന്നുവെന്നുറപ്പുവരുത്തുന്നതിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന വ്യാപകമായി 2902 ടെസ്റ്റ് പർച്ചേസുകൾ നടത്തി 1482 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. ബിൽ നൽകാത്ത കേസുകളിൽ നിയമം അനുശാസിക്കുന്ന 20,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്.

**നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതു സംബന്ധിച്ച്**

89(2427) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി നിയമം നിലവിൽ വരുന്നതിന് മുമ്പുണ്ടായിരുന്ന നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നികുതി ഒടുക്കാത്തവർക്ക് ആംനസ്റ്റി പദ്ധതി പ്രകാരം നികുതി ഒടുക്കാനുള്ള അവസരം 2022-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ജി.എസ്.ടി.-ക്ക് മുമ്പുള്ള നിയമങ്ങളിന്മേലുള്ള നികുതി കുടിശ്ശികകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി കൂടുതൽ ശ്രദ്ധ ജി.എസ്.ടി.-യിലേക്ക് നൽകുന്നതിന്റെ ഭാഗമായാണ് ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുള്ളത്. 2020-ൽ പ്രഖ്യാപിച്ച സമഗ്രമായ ആംനസ്റ്റി പദ്ധതി ചില മാറ്റങ്ങൾ വരുത്തി 2021-ലും തുടർന്നിട്ടുണ്ടായിരുന്നു. ഇത് ഈ സാമ്പത്തിക വർഷത്തിലും (2022-23) തുടരുന്നുണ്ട്. പൊതു വില്പനനികുതി നിയമം, സർചാർജ് നിയമം, ആഡംബര നികുതി നിയമം, കാർഷികാദായ നികുതി നിയമം, മൂല്യവർദ്ധിത നികുതി നിയമം, കേന്ദ്ര വില്പന നികുതി നിയമം എന്നീ നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശ്ശികകൾക്ക് ഈ പദ്ധതി ബാധകമാണ്. ആംനസ്റ്റി പദ്ധതിയിൽ വ്യാപാരികൾക്ക് ഓരോ വർഷത്തെയും നികുതി കുടിശ്ശികയിന്മേൽ ആംനസ്റ്റി ഓപ്റ്റ് ചെയ്യാനുള്ള അവസരം നൽകിയിട്ടുണ്ട്.

ആംനസ്റ്റി പദ്ധതിയിൽ മൊത്തം നികുതി കുടിശ്ശികയിന്മേൽ പിഴയും പലിശയും പൂർണ്ണമായും ഒഴിവാക്കി ബാക്കി നികുതി തുകയുടെ ഏറ്റവും കുറഞ്ഞത് 60% (തവണകളായി അടച്ചാൽ 70% ഒറ്റത്തവണയായി അടച്ചാൽ 60%) ആണ് അടയ്ക്കേണ്ടത്. ആംനസ്റ്റി പദ്ധതി പ്രകാരം നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2022 ഓഗസ്റ്റ് 31-ഉം കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള അവസാന തീയതി 2022 ഡിസംബർ 31-ഉം ആണ്.

**ജി.എസ്.ടി. നഷ്ടപരിഹാര തുക**

90(2429) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച ജി.എസ്.ടി. നഷ്ടപരിഹാര തുകയെത്രയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുക കൊണ്ട് സംസ്ഥാന ധനവ്യയത്തിന്റെ എത്ര ശതമാനമാണ് നിർവ്വഹിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ജി.എസ്.ടി. നഷ്ടപരിഹാരം

91(2430) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. നഷ്ടപരിഹാര ഇനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. നിലവിൽ വന്ന 2017 ജൂലൈ 1 മുതൽ 2022-23 മെയ് 31 വരെ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.*

## ജി.എസ്.ടി. നിരക്കിലെ മാറ്റം

92(2431) ശ്രീ. എൻ.കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രവൃത്തികൾക്കുള്ള ജി.എസ്.ടി. കഴിഞ്ഞ ഏപ്രിൽ മുതൽ ഉയർത്തിയതിനാൽ സർക്കാരിന്റെ പദ്ധതികളെ ആയത് എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാന സർക്കാരിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി കേന്ദ്രം ജി.എസ്.ടി. നിരക്കിൽ മാറ്റം വരുത്തുന്നതുമൂലം ഭക്ഷണ സാധനങ്ങളുടെ വിലയിലുണ്ടാകുന്ന വർദ്ധന സംസ്ഥാനത്തെ എത്രമാത്രം ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിലയിരുത്തൽ നടത്തിയിട്ടില്ല. ജി.എസ്.ടി. നിലവിൽ വന്നതുമൂലം, നിലവിലുണ്ടായിരുന്ന മൂല്യവർദ്ധിത നികുതി, കേന്ദ്ര എക്സൈസ് തീരുവ, പ്രവേശന നികുതി, സേവന നികുതി, കേന്ദ്ര വിൽപ്പന നികുതി മുതലായ നികുതികൾ ലയിപ്പിച്ച് ചരക്കുസേവന നികുതി മാത്രമായതുമൂലം ഭക്ഷ്യസാധനങ്ങളുടെ വിലയിൽ കുറവ് വരേണ്ടതാണ്. ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, ബ്രാൻഡ് ചെയ്യാത്ത ഭക്ഷ്യവസ്തുക്കൾ, പാൽ, ഉപ്പ് മുതലായ നിത്യോപയോഗ സാധനങ്ങൾ തുടങ്ങിയവയ്ക്ക് തുടക്കം മുതലേ ജി.എസ്.ടി. ബാധകമാക്കാതിരുന്നതുമൂലവും ജി.എസ്.ടി. രജിസ്ട്രേഷന് പരിധി നിശ്ചയിച്ചതുമൂലവും ഭക്ഷ്യവസ്തുക്കൾക്ക് ജി.എസ്.ടി.മൂലം വിലവർദ്ധന അനുഭവപ്പെടുന്ന സാഹചര്യം ഉണ്ടാകേണ്ടതല്ല. കൂടാതെ, സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് അവശ്യസാധനങ്ങൾക്ക് കുറഞ്ഞ നികുതിയായ 5% മാത്രമാണ് ചുമത്തിയിട്ടുള്ളത്. പൊതുവിപണിയിലെ

അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ടി സബ്സിഡി ഉൽപ്പന്നങ്ങളുടെ വില മെയ് 2016 മുതൽ വർദ്ധിപ്പിച്ചിട്ടില്ല. ധാന്യങ്ങളും പയർ വർഗ്ഗങ്ങളും ബ്രാൻഡിലാണ് വിൽപ്പന നടത്തുന്നതെങ്കിൽ 5% നികുതി ബാധകമാണ്. എന്നാൽ സപ്ലൈകോ ഇവ ബ്രാൻഡ് ചെയ്യാതെ വിൽപ്പന നടത്തുന്നതിനാൽ ഉപഭോക്താക്കൾക്ക് നികുതി ഭാരം ഉണ്ടാകുന്നില്ല.

**ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിക്കാനുള്ള തീരുമാനം**

93(2432) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി.സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനത്തിൽ വീഴ്ചകളുള്ളതുകൊണ്ടാണോ സംസ്ഥാന ജി.എസ്.ടി. വകുപ്പ് സമഗ്രമായി പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ നികുതി സംവർധനത്തിനും അതിന്റെ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗ്ഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(ബി) നികുതി വെട്ടിപ്പ് പെരുകുകയും നികുതി വരുമാനം പ്രതീക്ഷയ്ക്കൊത്ത് ഉയരാതിരിക്കുകയും ചെയ്യുന്നത് കണക്കിലെടുത്താണ് പുനഃസംഘടന നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ജി.എസ്.ടി. നഷ്ടപരിഹാരം

94(2433) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയ നടപടി സംസ്ഥാനത്തിന്റെ വരുമാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

പ്രാപ്യസ്ഥാനാധിഷ്ഠിതമായ ജി.എസ്.ടി. നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവുണ്ടായില്ല. ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയാതായി. ജി.എസ്.ടി. തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും കോവിഡും പ്രകൃതിദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി. വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് കാരണമായി. കോവിഡ് ലോക്ക്ഡൗൺ

സാഹചര്യങ്ങൾ ഉണ്ടാക്കിയ പ്രതിസന്ധികൾക്കിടയിൽ ജി.എസ്.ടി. നഷ്ടപരിഹാരംകൂടി നിർത്തലാക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെന്നാണ് കണക്കാക്കുന്നത്.

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുന്ന സാഹചര്യത്തിൽ നികുതി വെട്ടിപ്പ് തടഞ്ഞ് ജി.എസ്.ടി. നികുതി പിരിവ് കൂടുതൽ കർശനവും കാര്യക്ഷമവുമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് സ്വീകരിച്ചുവരുന്നു. വിവര സാങ്കേതികവിദ്യ നികുതി പിരിവിൽ കൂടുതലായി ഉപയോഗിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും മെച്ചപ്പെട്ട രീതിയിലുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി. കൂടുതൽ ഓഡിറ്റ് ടീമുകൾ രൂപീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ വിഭാഗം കൂടുതൽ ശക്തമാക്കുകയും ചെയ്തു. കൂടാതെ സൈബർ ഫോറൻസിക്, ഡാറ്റാ അനലിറ്റിക്സ്, ANPR മോണിറ്ററിംഗ്

എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജി.എസ്.ടി. നിയമത്തിന് അനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിന് പൊതുജനങ്ങളെ കൂടി പങ്കാളികളാക്കിക്കൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2021 സെപ്റ്റംബറിൽ കൂടിയ നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ യോഗം, 2022 ജൂലൈയ്ക്ക് ശേഷം ജി.എസ്.ടി. നികുതി വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് ആവശ്യമായ രീതിയിൽ ജി.എസ്.ടി. നിയമം പുനഃസംഘടിപ്പിക്കുന്നതിനുവേണ്ട നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു GoM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്.

## ട്രഷറി നിയന്ത്രണങ്ങൾ

95(2434) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര തവണ ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ട്രഷറി നിയന്ത്രണങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന തരത്തിലുള്ള അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി പദ്ധതി നിർവ്വഹണം നടത്താൻ കഴിയാത്ത തരത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ വീഴ്ചയാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാൻ ഈ സാമ്പത്തിക വർഷം എന്തെല്ലാം മുൻകരുതൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ-സി) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ കാലങ്ങളായി നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച്

പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, വികസനക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾക്ക് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

**തൃക്കരിപ്പൂർ പഞ്ചായത്തിൽ സബ്ട്രഷറി**

96(2435) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തിൽ നേരത്തെ പ്രവർത്തിച്ചിരുന്ന വൺമാൻ ട്രഷറി നിർത്തലാക്കിയ അവസരത്തിൽ അവിടെ സബ്ട്രഷറി ആരംഭിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും പ്രസ്തുത സബ്ട്രഷറി അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ ഉൾപ്പെടെയുള്ള വൺ മാൻ ട്രഷറികൾ നിർത്തലാക്കിയത് സബ് ട്രഷറിയായി ഉയർത്തുന്നതിന്റെ ഭാഗമായല്ല.

(ബി) പ്രസ്തുത സബ്ട്രഷറിക്കാവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി നൽകാൻ പഞ്ചായത്ത് തയ്യാറായിട്ടുള്ളതിനാൽ സബ്ട്രഷറി എന്നത്തേയ്ക്ക് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ തൃക്കരിപ്പൂർ കേന്ദ്രമാക്കി സബ് ട്രഷറി ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല.

**ട്രഷറി നിക്ഷേപ സമാഹരണം**

97(2437) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളിൽ 2016 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സമാഹരിക്കാൻ കഴിഞ്ഞ ട്രഷറി സ്ഥിര നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കുമോ?

2016 മുതൽ ഓരോ സാമ്പത്തിക വർഷവും ട്രഷറിയിൽ സമാഹരിക്കാൻ കഴിഞ്ഞ ട്രഷറി സ്ഥിര നിക്ഷേപത്തിന്റെ കണക്ക് ചുവടെ പറയും പ്രകാരമാണ്.

| സാമ്പത്തിക വർഷം | തുക (അക്കത്തിൽ) |
|---|---|
| 2016-2017 | 12233,61,15,790 |
| 2017-2018 | 14414,11,68,344 |
| 2018-2019 | 18171,08,17,932 |
| 2019-2020 | 20170,09,27,308 |
| 2020-2021 | 28492,00,85,861 |
| 2021-2022 | 22726,48,54,409 |
| 01.04.2022 to 31.05.2022 | 3447,79,38,020 |

## നെയ്യാറ്റിൻകര സബ്ട്രഷറി നവീകരണം

98(2438) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സബ്ട്രഷറി നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര സബ് ട്രഷറിയുടെ നവീകരണത്തിനായി 26/11/2021-ലെ TRY/12284/2019/A1 ഉത്തരവുപ്രകാരം ഭരണാനുമതിയും ചെലവനുവാദവും നൽകുകയും 03/12/2021-ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ശീർഷകത്തിൽ ഏഴ ലക്ഷം രൂപ നിക്ഷേപിക്കുകയും 17/02/2022-ന് നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിനെയാണ് നെയ്യാറ്റിൻകര സബ് ട്രഷറിയിലെ നവീകരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്നത്.

## മസ്റ്ററിംഗിന് വാതിൽപ്പടി സേവനം

99(2439) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൺപത് വയസ് കഴിഞ്ഞ പെൻഷൻകാർക്ക് ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനുള്ള വാതിൽപ്പടി സേവനത്തിന്റെ പ്രയോജനം എത്രപേർക്ക് ലഭിക്കുമെന്നുള്ള കണക്ക് നൽകാമോ?

30/06/2022- ന് 80 വയസ്സ് കഴിഞ്ഞയാളുകൾ 37637 പേരുണ്ടെന്നും ഓരോ മാസം കഴിയുന്തോറും 80 വയസ്സ് കഴിഞ്ഞവരുടെ എണ്ണം കൂടി വരുന്നതായും ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നിലവിൽ ചുവടെ നിർദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉപയോഗിച്ച് മസ്റ്റർ ചെയ്യുവുന്നതാണ്.

- ട്രഷറിയിൽ നേരിട്ട് ഹാജരായി.
- ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച്.

- ജീവൻ പ്രമാൺ പോർട്ടൽ മുഖേന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ഉപയോഗിച്ച്.
- വാട്ട്സ് ആപ്പ് വീഡിയോ കോൾ വഴി.
- Postinfo App ഉപയോഗിച്ച്.

മേൽപ്പറഞ്ഞ രീതിയിൽ മസ്റ്റർ ചെയ്യാൻ കഴിയാത്ത, ബാങ്ക് വഴിയോ ട്രഷറി വഴിയോ പെൻഷൻ വാങ്ങുന്ന ശയ്യാവലംബനായ 80 വയസ്സ് കഴിഞ്ഞ ഒരാളാണെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് ബോധ്യപ്പെടുന്നപക്ഷം ടിയാന്റെ വീട്ടിൽ പോയി മസ്റ്ററിംഗ് നടത്തുന്നതിന് അതാത് ട്രഷറി ഓഫസിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നിർദേശം നൽകുന്ന വിഷയം 1544002 PWC-A1/27/2020-FIN എന്ന ഫയലിൽ പരിശോധിച്ചുവരുന്നു. ശയ്യാവലംബരായ എല്ലാ ആളുകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

**ട്രഷറികളിൽ എ.ടി.എം. സ്ഥാപിക്കൽ**

100(2440) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

**കൈപ്പറ്റാത്ത ലോട്ടറി സമ്മാനങ്ങൾ**

101(2441) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലോട്ടറി വില്പനയിലൂടെ ലഭിച്ച വരുമാനം വ്യക്തമാക്കുമോ?

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ലോട്ടറി വില്പനയിലൂടെ യഥാക്രമം 4910.83 കോടി രൂപയും 7144.54 കോടി രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുകയിൽനിന്നും സമ്മാനം നൽകുന്നതിനായി ചെലവഴിച്ച തുക വ്യക്തമാക്കുമോ?

പ്രസ്തുത തുകയിൽനിന്നും 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 2761.27, 4079.28 കോടി രൂപ വീതം സമ്മാന വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

(സി) 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ വിവിധ ലോട്ടറികളുടെ ഒന്നാം സമ്മാനം ലഭിച്ചവർക്ക് സമ്മാനത്തുക നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവുവരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അവകാശ തർക്കങ്ങൾ, കോടതി/ജുഡീഷ്യൽ അധികാരമുള്ള കമ്മീഷനുകളിലെ വ്യവഹാരങ്ങൾ, ടിക്കറ്റ് ഹാജരാക്കുന്നതിൽ കാലതാമസം എന്നിവയിൽപ്പെടാത്ത കൃത്യമായ രേഖയുൾപ്പെടെ ഹാജാരാക്കിയ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ എല്ലാ സമ്മാന ടിക്കറ്റുകൾക്കും യഥാസമയം സമ്മാനത്തുക നല്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത കാലയളവിൽ ഒന്നാം സമ്മാനം ലഭിച്ചതും സമ്മാനം കൈപ്പറ്റാതെ ലാപ്സായതുമായ എത്ര കേസുകൾ നിലവിലുണ്ടെന്നും അതുപ്രകാരം എത്ര തുക സർക്കാരിന് ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ നറുക്കെടുപ്പ് നടന്ന ഭാഗ്യക്കുറികളിൽ ഒന്നാം സമ്മാനാർഹമായ 16 ടിക്കറ്റുകൾ യഥാസമയം സമ്മാനത്തുകയ്ക്കായി ഹാജരാക്കിയിട്ടില്ല. ഭാഗ്യക്കുറി സമ്മാനം സർക്കാർ അക്കൗണ്ടിൽ വകയിരുത്തിയിരിക്കുന്ന തുകയിൽനിന്ന് വിതരണം ചെയ്യുന്നതിനാൽ യഥാസമയം സമ്മാനം കൈപ്പറ്റാത്ത തുകയുടെ വിശദാംശങ്ങൾ പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

**കെ.എസ്.എഫ്.ഇ.-യുടെ വിപുലീകരണം**

102(2442) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷക്കാലമായി കെ.എസ്.എഫ്.ഇ.-യിൽ പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പി.എസ്.സി. വഴി കെ.എസ്.എഫ്.ഇ.-യിലെ വിവിധ തസ്തികകളിലേയ്ക്ക് 999 ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. അതിൽ 709 പേർ നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ.-യുടെ വിപുലീകരണത്തിനായി പുതിയ ബ്രാഞ്ചുകളും റൂറൽ മേഖലാ ഓഫീസുകളും ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കെ.എസ്.എഫ്.ഇ.-യുടെ വിപുലീകരണത്തിനായി പുതിയ ബ്രാഞ്ചുകളും റൂറൽ മേഖല ഓഫീസുകളും ആരംഭിച്ചിട്ടുണ്ട്. ആയത് താഴെ കൊടുക്കുന്നു.

**പുതുതായി ആരംഭിച്ച റൂറൽ മേഖല ഓഫീസുകൾ**

1). കൊല്ലം റൂറൽ

2). എറണാകുളം റൂറൽ

3). കോഴിക്കോട് റൂറൽ

പുതുതായി ആരംഭിക്കുന്ന ശാഖകൾ:- നെടിയവിള, പുതിയക്കാവ്, രാമവർമ്മ പുരം, ചേളാരി, ചൂണ്ടി, വെണ്ണല, കുററൂർ, ഏനാദിമംഗലം,

വെട്ടുകാട്, കാക്കനാട് ഈവനിംഗ്, എലപ്പുള്ളി, കോട്ടായി എന്നീ ശാഖകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാട്ടാക്കട ഈവനിംഗ്, തൊളിക്കോട്, കാരാളിമുക്ക്, കൂർക്കഞ്ചേരി, കൊളത്തൂർ, കരിങ്കല്ലാത്താണി, താനൂർ-II, പയ്യന്നൂർ-II, കണ്ണാടിപ്പറമ്പ്, ചാലോട്, തളിപ്പറമ്പ്-II, കേണിച്ചിറ എന്നീ സ്ഥലങ്ങളിലും പുതിയ ശാഖകൾ ആരംഭിക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ, പതാരം, തങ്കശ്ശേരി, പാണ്ടനാട്, തകഴി, കുഴൂർ, മാപ്രാണം, പെരിയ, ബന്ദടുക്ക, നന്തി എന്നീ സ്ഥലങ്ങളിൽ മൈക്രോ ശാഖകൾ ആരംഭിക്കുന്നതിനായി കെ.എസ്.എഫ്.ഇ.-യുടെ ഡയറക്ടർ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ശാഖകളുടെ കൗണ്ടർ/ ക്യാബിൻ വർക്കുകൾ പുരോഗമിച്ചുവരികയാണ്.

(സി) കെ.എസ്.എഫ്.ഇ. സേവനങ്ങൾ നൂതനമാക്കുന്നതിനും പണം അടയ്ക്കുന്നതിനും മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ?

മൊബൈൽ ആപ്ലിക്കേഷൻ പൂർത്തിയായിട്ടുണ്ട്. ആപ്ലിക്കേഷൻ ആധാർ അധിഷ്ഠിതമായതിനാൽ അനുവാദത്തിനായി കേന്ദ്ര ഏജൻസിയായ UIDAI-യിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. പെൻഷൻ സ്കീം

103(2443) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പുതിയ പെൻഷൻ സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ പെൻഷൻ വാങ്ങുന്നവരെയും ഈ സ്കീമിൽ ഉൾപ്പെടുത്തുമോ; വിരമിച്ചവരിൽ ഭൂരിഭാഗത്തിനും നിലവിൽ തുച്ഛമായ പെൻഷൻ മാത്രമേ ലഭിക്കുന്നുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2023 ഏപ്രിൽ മുതൽ വിരമിക്കുന്ന ജീവനക്കാർക്ക് വേണ്ടി " KSFE Employees Superannuation Benefit Scheme" എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിന് കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനിക്കുകയും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്. 2023 ഏപ്രിലിന് മുൻപ് വിരമിച്ച/വിരമിക്കുന്ന ജീവനക്കാരെ ഈ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് വിഭാവനം ചെയ്തിട്ടില്ല. വിരമിച്ചവരിൽ ഭൂരിഭാഗത്തിനും നിലവിൽ തുച്ഛമായ പെൻഷൻ മാത്രമേ EPS-95 പദ്ധതി പ്രകാരം ലഭിക്കുന്നുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വ്യത്യസ്ത തസ്തികകളിൽനിന്ന് വിരമിച്ചവർക്ക് ലഭിക്കുന്ന പെൻഷനിൽ ഭീമമായ അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നപടികളാണ് സ്വീകരിച്ചിരിച്ചിട്ടുള്ളത് ?

EPS-95 പദ്ധതി പ്രകാരമുള്ള പെൻഷനാണ് വിരമിച്ച ജീവനക്കാർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം പെൻഷൻ നിശ്ചയിക്കുന്നത് ഇ.പി.എഫ്.ഒ. ആണ്.

**ശമ്പള റിക്കവറിയിലൂടെ ലഭിച്ച അധിക തുക**

104(2444) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളിൽനിന്ന് കെ.എസ്.എഫ്.ഇ. ശമ്പള റിക്കവറി നടത്തുമ്പോൾ കൂടുതലായി ലഭിച്ച തുക അതത് വ്യക്തികൾക്ക് തിരിച്ച് കൊടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത ഇനത്തിൽ കെ.എസ്.എഫ്.ഇ.-യുടെ വിവിധ ബ്രാഞ്ചുകളിൽ എത്ര രൂപയാണ് നീക്കിയിരിപ്പുള്ളതെന്ന് ബ്രാഞ്ചടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

അത്തരത്തിൽ ബ്രാഞ്ചുകളിൽ നീക്കിയിരിപ്പുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) അധികമായി റിക്കവറി നടത്തിയ തുക തിരികെ ലഭിക്കുന്നതിനായി വ്യക്തികൾ നൽകിയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത ഇനത്തിൽ തിരികെ നൽകാനുള്ള തുകയ്ക്ക് പലിശ ലഭ്യമാക്കുമോയെന്ന് അറിയിക്കുമോ?

പ്രസ്തുത ഇനത്തിൽ തിരികെ നൽകുവാനുള്ള തുകയ്ക്ക് പലിശ നൽകുന്നില്ല.

### കാട്ടാക്കടയിൽ കെ.എസ്.എഫ്.ഇ. ഈവനിംഗ് ശാഖ

105(2445) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കേന്ദ്രമായി കെ.എസ്.എഫ്.ഇ.-യുടെ ഈവനിംഗ് ശാഖ ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കാട്ടാക്കട ഈവനിംഗ് ശാഖ ആരംഭിക്കുന്നതിനായി ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ താഴത്തെ നില വാടകയ്ക്ക് ഏറ്റെടുക്കുന്നതിന് കെ.എസ്.എഫ്.ഇ. ആസ്ഥാനകാര്യാലയത്തിൽനിന്ന് അനുമതി നൽകിയിട്ടുണ്ട്. ശാഖ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ പ്രസ്തുത കെട്ടിടത്തിൽ ഒരുക്കി, എത്രയും പെട്ടെന്ന് ശാഖ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.എഫ്.ഇ. തിരുവനന്തപുരം മേഖല അധികാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം**

106(2446) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പൊതുജനങ്ങൾക്കായി ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുന്നതിന് ഐ.ആർ.ഡി.എ. നിയമപ്രകാരം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് പരിമിതിയുണ്ടെങ്കിലും കുടുംബശ്രീ മുഖേന കുടുംബശ്രീ അംഗങ്ങൾക്കായി വാർഷിക പ്രീമിയം ഈടാക്കി 'ഒരുമ' എന്ന

പേരിലുള്ള ഇൻഷ്വറൻസ് പദ്ധതിയും കോവിഡ് ബാധിച്ച് മരണമടയുന്ന റേഷൻ വ്യാപാരികൾക്കായി സിവിൽ സപ്ലൈസ് വകുപ്പ് മുഖേന 'കോവി-ലൈഫ്' എന്ന പേരിലുള്ള ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഭവന പദ്ധതിയായ ലൈഫ് മിഷനിലെ വീടുകൾക്കുള്ള പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി 'ഭവന' എന്ന പേരിലുള്ള ഇൻഷ്വറൻസ് പദ്ധതിയും പൊതുജനങ്ങൾക്കായി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ജനറൽ ഇൻഷ്വറൻസ് മേഖലകളിൽ പുതുതായി പദ്ധതികൾ നടപ്പിലാക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) കുടുംബശ്രീ ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി വിവിധ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കുടുബശ്രീ അംഗങ്ങൾക്കായി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള 'ഒരുമ' ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ കുറഞ്ഞ പ്രീമിയം നിരക്കിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി വകുപ്പിന്റെ പരിഗണനയിലാണ്.

## ജി.എസ്.ടി.-യിലെ സുപ്രീം കോടതി നിരീക്ഷണം.

107(2447)ശ്രീ. വി. ജോയി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. വി.സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കൗൺസിൽ ശിപാർശകൾ സംസ്ഥാനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാനാകില്ലെന്നത് സംബന്ധിച്ച സുപ്രീംകോടതി വിധി സംസ്ഥാനത്തിന് മുമ്പിൽ തുറന്നിട്ടിരിക്കുന്ന സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജി.എസ്.ടി. കൗൺസിൽ തീരുമാനങ്ങൾ അടിച്ചേൽപ്പിച്ച് സംസ്ഥാന ധനസ്ഥിതിയെ അസന്തുലിതാവസ്ഥയിലെത്തിക്കുകയും അത്തരം അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾക്ക് കൂടുതൽ നിബന്ധനകൾ ഏർപ്പെടുത്തുകയും ചെയ്യുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തികാവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്ന് സുപ്രീംകോടതി നടത്തിയിട്ടുള്ള നിരീക്ഷണം സംസ്ഥാനത്തിന്റെ സാമ്പത്തികാവകാശങ്ങൾ പുന:സ്ഥാപിക്കുവാൻ പര്യാപ്തമാണോ; വ്യക്തമാക്കുമോ?

(എ&ബി) ബഹുമാനപ്പെട്ട സുപ്രീംകോടതി 19.05.2022-ൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. പ്രസ്തുത വിധിന്യായത്തിൽ ജി.എസ്.ടി. കൗൺസിൽ സംബന്ധമായ പ്രധാന നിരീക്ഷണങ്ങളിൽ, ജി.എസ്.ടി. കൗൺസിലിന്റെ 'ശിപാർശകൾ' കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെടുന്ന ഒരു സഹകരണ സംഭാഷണത്തിന്റെ ഫലമാണെന്നും അവ ശിപാർശയെന്ന നിലയിലുള്ളതായതിനാൽ ബൈൻഡിംഗ് ശാസനകളായി കണക്കാക്കുന്നത് ജി.എസ്.ടി.-യിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ അധികാരം നൽകുന്ന ധനപരമായ ഫെഡറലിസത്തെ തടസ്സപ്പെടുത്തുമെന്നും പ്രതിപാദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച മേൽപ്പറഞ്ഞ വിധിയിലെ ഭരണഘടനാപരമായ നിലപാട്, ജി.എസ്.ടി. കൗൺസിലിൽ നടക്കുന്ന ചർച്ചകളിൽ സമവായം സാധ്യമല്ലാത്ത കാര്യങ്ങളിൽ ഭാവിയിൽ സംസ്ഥാനത്തിന്റെ നിലപാടുകൾ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയനുസരിച്ച് നിലവിലെ സ്ഥിതിയിൽനിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി

കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയുമോയെന്ന വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്.

(സി) ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി ജൂലൈയിൽ അവസാനിക്കുന്ന സാഹചര്യത്തിൽ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. പൊതു ചട്ടക്കൂട്ടിൽ എന്തൊക്കെ അധികാരങ്ങൾ സംസ്ഥാനത്തിന് വിട്ടുനൽകണമെന്നാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണമെന്തെന്ന് വിശദമാക്കാമോ ?

ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി ജൂലൈയിൽ അവസാനിക്കുന്ന സാഹചര്യത്തിൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന ആവശ്യം കേരളം ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും ജി.എസ്.ടി. കൗൺസിലിൽ നിരന്തരം ഉന്നയിച്ചുവരികയാണ്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടുന്നത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും ഇതുവരെ ജി.എസ്.ടി. കൗൺസിൽ സ്വീകരിച്ചതായി കാണുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ നിലവിലെ സ്ഥിതിയിൽനിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി

നികുതി കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയുമോയെന്ന വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്.

**ജി.എസ്.ടി. വരുമാനം**

108 (2448)ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികൾ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു. വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും മെച്ചപ്പെട്ട രീതിയിലുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം കൂടുതൽ ഓഡിറ്റ് ടീമുകൾ രൂപീകരിക്കുകയും

ഇൻവെസ്റ്റിഗേഷൻ വിഭാഗം കൂടുതൽ ശക്തമാക്കുകയും സൈബർ ഫോറൻസിക്, ഡാറ്റ അനാലിറ്റിക്, ANPR മോണിറ്ററിംഗ് എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജി.എസ്.ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നികുതി വെട്ടിപ്പ് തടയുന്നതിനായി പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ട് നികുതി വെട്ടിപ്പിനെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കാനായുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ജി.എസ്.ടി. നികുതിച്ചോർച്ച കണ്ടെത്തുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ജി.എസ്.ടി നികുതി ചോർച്ച കണ്ടെത്തുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചതായി കണക്കാക്കിയിട്ടില്ല. ജി.എസ്.ടി. പൂർണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടുവരുന്നത്. ജി.എസ്.ടി.-യിലെ നികുതി വെട്ടിപ്പ് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. ജി.എസ്.ടി. നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം

നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജ്യൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി അവ തടയുന്നതിനും നികുതിയും പിഴയും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേകം ഡാറ്റ അനാലിറ്റിക് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി നികുതിചോർച്ചയുടെ മേഖലകളും വ്യാപാരികളെയും കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് നടത്താൻ സാധിച്ചിട്ടുണ്ട്. വ്യാപാരികൾ മാസാമാസം നടത്തുന്ന വില്പന തങ്ങളുടെ റിട്ടേണുകളിൽ ഉൾപ്പെടുത്തി നിശ്ചിത സമയത്തു തന്നെ ഫയൽ ചെയ്യുന്നുവെന്ന് വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി വ്യാപാരികളെ അവർ നൽകുന്ന നികുതിയുടെ തോതനുസരിച്ച് തരംതിരിച്ച്

പരിശോധിക്കുന്നു. റിട്ടേൺ ഫയൽ ചെയ്യാൻ താമസിച്ചാൽ ആദ്യ പടിയെന്ന നിലയിൽ ഫോൺ, ഇ-മെയിൽ, എസ്.എം.എസ്. എന്നീ സംവിധാനങ്ങൾ മുഖേന റിട്ടേൺ ഫയൽ ചെയ്യാൻ ഓർമപ്പെടുത്തുന്നു. ശേഷം പിഴ, അസ്സെസ്സ്മെന്റ് നടപടികൾ, ഇന്റലിജൻസ് പരിശോധന എന്നിവ നടത്തുന്നുണ്ട്. ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിനായി ഇന്റെലിജൻസ് വിഭാഗം ഊർജിതമായ വാഹന പരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ. ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക് പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ ബാധ്യതയുള്ളവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അണ്ടർ വാല്യൂവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി. പോർട്ടലിലേക്ക് അപ്ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ഇവ കൂടാതെ വാഹന പരിശോധന ഫാറങ്ങൾ പൂർണമായും ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന

നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം നികുതിവെട്ടിപ്പിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയ്ക്ക് മുകളിൽ ഇൻപുട്ട് ടാക്സ് തട്ടിപ്പ് നടത്തിയ 3 വ്യക്തികളെ സംസ്ഥാന ചരക്കുസേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി.

## തസ്തികമാറ്റം വഴി അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനം

109(2449) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗങ്ങളിൽനിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി സ്പെഷ്യൽ റൂൾ പ്രകാരം എത്ര ഒഴിവുകൾ നിലവിലുണ്ട്?

ഒഴിവുകളൊന്നും നിലവിലില്ല.

(ബി) ഈ വകുപ്പിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനായി പ്രസ്തുത ഒഴിവുകൾ മാറ്റിവെക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഒഴിവുകളൊന്നും നിലവിലില്ല.

(സി) സ്പെഷ്യൽ റൂൾ പ്രകാരം 30:1:1 എന്ന അനുപാതത്തിൽ 2016-ന് ശേഷം അസിസ്റ്റന്റ് ടാക്സ് ഓഫീസർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴി എത്ര നിയമനം നടന്നിട്ടുണ്ട്?

യു.ഡി. ടൈപ്പിസ്റ്റ് വിഭാഗത്തിൽനിന്നും 10 പേരും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗത്തിൽനിന്നും 3 പേരും ASTO കേഡറിലേയ്ക്ക് തസ്തികമാറ്റം വഴി നിയമിക്കപ്പെട്ടിട്ടുണ്ട്.

(ഡി) പി.എസ്.സി. നടത്തിയ യോഗ്യത പരീക്ഷ പാസായ ഉദ്യോഗാർത്ഥികളുടെ ഒരു വർഷത്തെ ക്ലറിക്കൽ പരിശീലനം 18.04.2022-ന് പൂർത്തിയായതിനുശേഷം വീണ്ടും ദീർഘിപ്പിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

ഡെപ്യൂട്ടി കമ്മീഷണർ (പരിശീലനം) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആകസ്മികാവധിക്ക് പുറമെയുള്ള മറ്റു അവധികൾ, ഡയസ് നോൺ തുടങ്ങിയ കാരണങ്ങളാൽ പരിശീലനം പൂർത്തീകരിക്കാനാകാത്ത ട്രെയിനികൾക്ക് അവർ പരിശീലന ഷെഡ്യൂൾ പ്രകാരം ഏത് വിംഗിൽ പരിശീലം നടത്തവെയാണോ പരിശീലനം മുടങ്ങിയത് അതത് വിംഗുകളിൽത്തന്നെ പരിശീലനം പുനഃക്രമീകരിച്ച് നൽകി സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന യോഗ്യതാ മാനദണ്ഡമായ ഒരു വർഷത്തെ ക്ലറിക്കൽ പരിശീലനം ഓരോ ട്രെയിനിക്കും ലഭിക്കുന്ന തരത്തിൽ പരിശീലനം പുനരാരംഭിക്കുന്നതിനും 19.04.2021 മുതൽ ആരംഭിച്ച ടി പരിശീലനം, 2021 മെയ്, ജൂൺ മാസങ്ങളിൽ ലോക്ക്ഡൗൺ കാരണം നടത്താൻ കഴിയാതെ വന്നിട്ടുണ്ടെന്നും പരിശീലനം നൽകാൻ ചുമതലപ്പെടുത്തിയിരുന്ന ജോയിന്റ് കമ്മീഷണർ അറിയിച്ചതിനെത്തുടർന്ന് ഇത്തരത്തിൽ മറ്റേതെങ്കിലും ജില്ലകളിൽ പരിശീലനം നടത്താനാകാതെ വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് ടി ട്രെയിനികൾക്കും യോഗ്യതാമാനദണ്ഡമായ ഒരു വർഷത്തെ പരിശീലനം/സേവനം ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നവിധം പരിശീലനം പുനഃക്രമീകരിക്കുന്നതിനും

സംസ്ഥാന നികുതി കമ്മീഷണറുടെ കാര്യാലയത്തിൽനിന്നും അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് പരിശീലന ചുമതലയുള്ള ഡെപ്യൂട്ടി കമ്മീഷണർ (പരിശീലനം) ടി പരിശീലന പരിപാടി പുനഃക്രമീകരിച്ചുകൊണ്ട് ഉത്തരവായത്.

(ഇ) പരിശീലനം ദീർഘിപ്പിച്ച സാഹചര്യത്തിൽ തുടർപരിശീലനം ആരംഭിക്കുന്നതിന് കാലതാമസം വന്ന സാഹചര്യം വ്യക്തമാക്കാമോ?

ആകസ്മികാവധിക്ക് പുറമെയുള്ള മറ്റു അവധികൾ, മാതൃത്വ അവധി, ഡയസ് നോൺ, ലോക്ഡൗൺ തുടങ്ങിയ കാരണങ്ങളാൽ ചില ട്രെയിനികൾക്ക് പരിശീലനം തടസ്സപ്പെട്ടിട്ടുള്ളതിനാൽ സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന യോഗ്യതാ മാനദണ്ഡമായ ഒരു വർഷത്തെ ക്ലറിക്കൽ പരിശീലനം ഓരോ ട്രെയിനിക്കും ലഭിക്കുന്ന തരത്തിൽ പരിശീലനം പുനരാരംഭിക്കേണ്ടതായിവന്നു. ഇക്കാരണത്താൽ, വിവിധ ജില്ലകളിലായി വകുപ്പിന്റെ വ്യത്യസ്ത വിംഗുകളിൽ പരിശീലനം നടത്തിവന്ന ഓരോ ട്രെയിനിമാരുടെയും ഒരു വർഷക്കാലയളവിലെ വിവരങ്ങൾ ശേഖരിച്ച് അവ ക്രോഡീകരിക്കുന്നതിലുണ്ടായ കാലതാമസമാണ് തുടർ പരിശീലനം ആരംഭിക്കുന്നതിൽ കാലതാമസത്തിനിടയാക്കിയത്.

## സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ജീവനക്കാർ

110(2450)ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിൽ കമ്മീഷൻ നേരിട്ട് നിയമിച്ചവർ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ, സ്ഥിരം ജീവനക്കാർ എന്നിങ്ങനെ പട്ടിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നിലവിൽ 67 ജീവനക്കാരുണ്ട്.

കോ-ടെർമിനസ് വ്യവസ്ഥയിൽ: 16 ജീവനക്കാർ

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നത്: 35 ജീവനക്കാർ

സ്ഥിരം ജീവനക്കാർ: 4 ജീവനക്കാർ

താൽകാലിക ജീവനക്കാർ:12 ജീവനക്കാർ

(ബി) കമ്മീഷനിലെ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോയെന്ന് വ്യക്തമാക്കുമോ?

അല്ല.

(സി) മനുഷ്യാവകാശ കമ്മീഷനിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കണമെന്ന് നിർദ്ദേശിച്ച് നിയമ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മനുഷ്യാവകാശ കമ്മീഷനിലെ സ്ഥിരം ജീവനക്കാർക്കും കോ-ടെർമിനസ് ജീവനക്കാർക്കും ശമ്പള പരിഷ്ക്കരണം അനുവദിച്ചുകൊണ്ട് നിയമ വകുപ്പിൽനിന്നും പുറപ്പെടുവിച്ച 21.06.2022-ലെ സ.ഉ (അ)11/2022/നിയമം നമ്പർ സർക്കാർ ഉത്തരവിൽ " കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ എല്ലാ നിയമനങ്ങളും (റഗുലർ, കരാർ, ദിവസക്കൂലി) ഒഴിവുകൾ പരസ്യപ്പെടുത്തി അപേക്ഷ ക്ഷണിച്ച് നിയമാനുസൃത നിയമന സംവിധാനങ്ങൾ ഉപയോഗിച്ച് മാത്രം നടത്തേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ നിയമനകാര്യത്തിലുള്ള ഈ നിബന്ധന

കോ-ടെർമിനസ് നിയമനങ്ങൾക്ക് ബാധകമാക്കേണ്ടതില്ലെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്.

(ഡി) ഇപ്പോൾ എത്ര താൽക്കാലിക ജീവനക്കാർ കമ്മീഷനിൽ തുടരുന്നുവെന്നും എത്ര വർഷമായി തുടരുന്നുവെന്നുമുള്ള വിവരങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

നിലവിൽ 12 ജീവനക്കാർ താൽക്കാലികാടിസ്ഥാനത്തിൽ കമ്മീഷനിൽ ജോലി ചെയ്തുവരുന്നു.

തസ്തിക:-ഡ്രൈവർ (4)

താൽക്കാലിക സേവനം ആരംഭിച്ച വർഷം: 2005, 2010, 2011, 2020.

തസ്തിക:-ടൈപ്പിസ്റ്റ് / കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (2)

താൽക്കാലിക സേവനം ആരംഭിച്ച വർഷം: 2013, 2016.

തസ്തിക: ഓഫീസ് അറ്റൻഡന്റ്:- (6)

താൽക്കാലിക സേവനം ആരംഭിച്ച വർഷം:- 2006, 2014, 2016, 2022.

179 ദിവസം കാലാവധി പൂർത്തിയാക്കി ഇടവേള നൽകി തുടർന്ന് ജോലി നോക്കി വരുന്നവരാണ് ടി ജീവനക്കാർ.

**സ്വകാര്യ അഭിഭാഷകരുടെ സേവനത്തിന് ചെലവഴിച്ച തുക**

111(2451) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കരിന്റെ കാലം മുതൽ ഈ സർക്കാരിന്റെ നാളിതുവരെയുള്ള വിവിധ കേസുകളിൽ ഹാജരാകുന്നതിന് സ്വകാര്യ അഭിഭാഷകരുടെ സേവനം പ്രയോജനപ്പെടുത്തിയ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; കേസടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഈ സർക്കാരിന്റെ നാളിതുവരെയുള്ള വിവിധ കേസുകളിൽ സർക്കാരിനുവേണ്ടി ഹാജരാകുന്നതിന് സ്വകാര്യ അഭിഭാഷകരുടെ സേവനം പ്രയോജനപ്പെടുത്തിയ ഇനത്തിൽ 26,54,93,245/- (ഇരുപത്തിയാറുകോടി അൻപത്തിനാലു ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഇരുനൂറ്റി നാൽപത്തിയഞ്ച് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയിൽ ഹാജരായ കേസുകൾക്ക് ഫീസിനത്തിൽ ചെലഴിച്ച തുകയുടെ വിശദാംശങ്ങൾ, സുപ്രീംകോടതിയിലും ഡൽഹി, ചെന്നൈ ഹൈക്കോടതികളിലുമായി ഹാജരായ സ്വകാര്യ അഭിഭാഷകർക്ക് വിവിധ

കേസുകൾക്ക് ഫീസിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ, കേരള ഹൈക്കോടതി മുമ്പാകെ വിവിധ കേസുകളിൽ ഹാജരായ സ്വകാര്യ അഭിഭാഷകരുടെ യാത്ര, താമസ ചെലവുകളുടെ വിവരം എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**സിലബസുകളിൽ നിയമസാക്ഷരത ഉറപ്പാക്കാൻ നടപടി**

112(2452) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും നിയമാവബോധം നൽകുന്നതിനും ഭരണഘടന സംബന്ധിച്ച അറിവ് നൽകുന്നതിനും നിയമ വകുപ്പിന് പദ്ധതികളുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ ഉൾപ്പെടുന്ന കേരള സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റി (കെൽസ) താഴെപ്പറയും പ്രകാരം വിവിധ പരിപാടികൾ നടത്തിവരുന്നുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാർത്ഥികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി വിവിധ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

a) നിയമപാഠം സ്കൂൾ കുട്ടികൾക്ക്

b) നിയമപാഠം കോളേജ് വിദ്യാർത്ഥികൾക്ക്

c) Lessons in Law for CBSE students

ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങളും ഒരു പൗരൻ അറിഞ്ഞിരിക്കേണ്ട എല്ലാ പ്രധാനപ്പെട്ട നിയമങ്ങളും സ്കൂൾ നിയമപാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'നിയമശ്രോത്രം' പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിയമ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്നതിനായി എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. ബുക്ക് ചലഞ്ച് പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ബാല മന്ദിരങ്ങളിൽ ലൈബ്രറികൾ സ്ഥാപിക്കുകയുണ്ടായി. കുട്ടികളിൽ നിയമാവബോധം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ പതിനൊന്ന് വർഷമായി സ്കൂൾതലത്തിലും താലൂക്കതലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കെൽസയുടെ ആഭിമുഖ്യത്തിൽ നിയമപാഠ

പുസ്തകത്തെ ആസ്പദമാക്കി ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ക്വിസ് കോംപറ്റീഷൻ നടത്തിവരുന്നു. സ്കൂളുകളിൽ ലീഗൽ ലിറ്ററസി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെ വിവിധ പരിപാടികൾ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ വഴി നടത്തിവരുന്നു. പുതിയ തലമുറയെ നിയമ സാക്ഷരരാക്കാനും ബോധവൽക്കരിക്കാനും കോളേജ് വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്ത്രീധനം, സ്ത്രീധനനിരോധന നിയമം, ഗാർഹികപീഡന നിയമം തുടങ്ങിയവയെക്കുറിച്ച് കെൽസ 2021 ജൂലൈയിൽ ഒരു മാസത്തെ ബോധവൽക്കരണ ക്യാമ്പയിൻ നടത്തി. ഭരണഘടന സാക്ഷരത ജനകീയമാക്കുന്നതിലേയ്ക്കായി ഭരണഘടന തത്വങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമസാക്ഷരത പരിപാടികൾ സംസ്ഥാനത്തുടനീളം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ ആഭിമുഖ്യത്തിൽ നടത്തിയിട്ടുണ്ട്. കുടുംബശ്രീ വർക്കേഴ്സ്, ആശാ വർക്കേഴ്സ്, MGNREGS തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് നിയമ ബോധന ക്ലാസ്സുകൾ തുടർച്ചയായി ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾവഴി നടത്തിവരുന്നു. Pan India Legal Awareness Campaign-ന്റെ ഭാഗമായി

സംസ്ഥാനത്തുടനീളം എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 45 ദിവസത്തോളം നീണ്ടുനിന്ന നിയമബോധന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. സ്ത്രീകൾക്കും മുതിർന്ന പൗരന്മാർക്കും ആവശ്യമായ നിയമങ്ങളും അവർക്കുള്ള വിവിധ പദ്ധതികളും സംബന്ധിച്ച അവബോധം നൽകുന്നതിനായി സ്ത്രീയും നിയമവും, അന്തസ്സോടെയുള്ള ജീവിത സായാഹ്നം തുടങ്ങിയ കൈപുസ്തകം കെൽസ പ്രസിദ്ധീകരിച്ചുവരുന്നു. 'വിക്ടിം റൈറ്റ്സ് സെന്റർ' എന്ന പേരിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം POCSO അടക്കമുള്ള വിവിധ കുറ്റകൃത്യങ്ങളിൽ ഇരയാക്കപ്പെട്ടിട്ടുള്ള സ്ത്രീകളും കുട്ടികളും അടക്കമുള്ള ഇരകളുടെ നിലനിൽപ്പിനും മാനസികമായും ശാരീരകമായുമുള്ള അവരുടെ ആഘാതങ്ങൾക്ക് ചികിത്സ, കൗൺസിലിംഗ്, നിയമ സഹായം, മോട്ടിവേഷൻ ക്ലാസുകൾ തുടങ്ങിയവയും നടപ്പിലാക്കിവരുന്നു.

(ബി) സിലബസുകളിൽ നിയമ സാക്ഷരത ഉൾപ്പെടുത്തുന്നതിന് നിയമ വകുപ്പ് മുൻകയ്യെടുക്കുമോ?

ഉന്നതവിദ്യാഭ്യാസ/പൊതുവിദ്യാഭ്യാസ വകുപ്പുകളാണ് സിലബസുകൾ ചിട്ടപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത്.

(സി) സംസ്ഥാനത്തെ ആരോഗ്യ, എഞ്ചിനീയറിംഗ്, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് നിയമ പഠനം ഉറപ്പുവരുത്താൻ നിയമ വകുപ്പ് മുൻകയ്യെടുക്കുമോ; വ്യക്തമാക്കാമോ?

ആരോഗ്യ, എഞ്ചിനീയറിംഗ്, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് നിയമപഠനം ഉറപ്പുവരുത്തുന്ന വിഷയം നിയമവകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. ആയതിനാൽ ഇക്കാര്യത്തിൽ നിയമവകുപ്പിന് പ്രത്യേകമായി തീരുമാനമെടുക്കാൻ സാധിക്കുന്നതല്ല.

**കെ.ഇ.എൽ.-ന്റെ ഭൂമി കൈമാറ്റം**

113(2453) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ജെ.ജെ.എം. കുടിവെള്ള പദ്ധതിക്ക് എടരിക്കോട് കെ.ഇ.എൽ.-ന്റെ ഭൂമി അനുവദിക്കണമെന്ന ആവശ്യത്തിൽ അനുകൂല നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

(ബി) ഈ പദ്ധതിക്കുവേണ്ടി കെ.ഇ.എൽ.-ന്റെ എത്ര സെന്റ് ഭൂമിയാണ് കൈമാറുന്നത്;വിശദമാക്കാമോ?

(എ&ബി) കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) -ന്റെ മലപ്പുറം ജില്ലയിലെ എടരിക്കോട് യൂണിറ്റ് പ്രവർത്തിക്കുന്ന സ്ഥലത്തുള്ള 75 സെന്റ് സ്ഥലം ജൽജീവൻ മിഷൻ പദ്ധതികൾക്കായി വിട്ടുനൽകണമെന്ന് 07.06.2022-ലെ കത്തുപ്രകാരം കേരള വാട്ടർ അതോറിറ്റി എടപ്പാൾ എക്സിക്യൂട്ടീവ് എൻജിനീയർ, കെൽ മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. 1994-ൽ കമ്പനി വിലയ്ക്ക് വാങ്ങിയിട്ടുള്ളതും കമ്പനിയുടെ പൂർണ്ണ ഉടമസ്ഥതയിലുള്ളതുമായ ടി സ്ഥലത്ത് ട്രാൻസ്ഫോർമറുകളുടെ റിപ്പയറിംഗ്, ട്രാൻസ്ഫോർമറുകളുടെ ഉൽപ്പാദനം എന്നിവയും സർക്കാർ ധനസഹായത്തോടെ 8.5 കോടി രൂപ മുതൽമുടക്കിൽ മാർക്കറ്റിൽ കൂടുതൽ ഡിമാന്റുള്ള കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമർ പ്ലാന്റ് സ്ഥാപിച്ച് ഉത്പാദനവും നടന്നുവരുന്നു. മാത്രമല്ല, എടരിക്കോടുള്ള കെൽ-ന്റെ രണ്ട് പ്ലാന്റുകൾക്കിടയിലുള്ള സ്ഥലമാണ് ജൽജീവൻ മിഷൻ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരിക്കുന്നത്. അതിൻപ്രകാരം കമ്പനി ടി സ്ഥലം വിട്ടുനൽകുകയാണെങ്കിൽ അസംസ്കൃത

വസ്തുക്കൾ കമ്പനിയിലേയ്ക്ക് കൊണ്ടുവരുന്നതിനും ട്രാൻസ്ഫോർമറുകൾ പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിനും കഴിയാതെ വരികയും ജീവനക്കാർക്ക് രണ്ട് യൂണിറ്റിലേയ്ക്കും ജോലി ആവശ്യത്തിനായി യാത്ര ചെയ്യുന്നതിന് വലിയ തടസ്സം സൃഷ്ടിക്കുന്നതുമാണ്. മാത്രമല്ല, കമ്പനി ഉത്പാദിപ്പിക്കുന്ന ട്രാൻസ്ഫോർമറുകൾ സൂക്ഷിക്കാൻ ആവശ്യമായ ഗോഡൗൺ നിലവിലില്ലാത്തതിനാൽ ജൽജീവൻ മിഷൻ പദ്ധതികൾക്കായി വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട ടി സ്ഥലം തന്നെയാണ് കമ്പനി ഗോഡൗണിനായി പരിഗണിച്ചിട്ടുള്ളത്. ഈ സ്ഥലം ട്രാൻസ്ഫോർമറുകളുടെ റിപ്പയറിംഗ് യാർഡായും കമ്പനി ഉപയോഗിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ജെ.ജെ.എം. കുടിവെള്ള പദ്ധതിക്ക് കെ.ഇ.എൽ.-ന്റെ എടരിക്കോട് യൂണിറ്റിലെ ഭൂമി അനുവദിക്കണമെന്ന കേരള വാട്ടർ അതോറിറ്റിയുടെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.

**വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

114(2454) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ എത്ര പൊതുമേഖല സ്ഥാപനങ്ങൾ നിലവിലുണ്ട്?

വ്യവസായ വകുപ്പിന് കീഴിൽ നിലവിൽ 57 പൊതുമേഖല സ്ഥാപനങ്ങളുണ്ട്.

(ബി) 2011-16 സർക്കാരിന്റെ കാലത്ത് ഏതൊക്കെ പൊതുമേഖല സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്; വിശദമാക്കാമോ?

2011-16 സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ച വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**ഓങ്കോളജി പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി**

115(2455) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഓങ്കോളജി പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ആവശ്യമായ സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) ക്യാൻസർ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ അവയുടെ ഉല്പാദനത്തിനായി "ഓങ്കോളജി പാർക്ക്" സ്ഥാപിക്കുന്ന പദ്ധതിക്ക് 2020-2021 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയും 2021 ഫെബ്രുവരിയിൽ ബഹു. മുഖ്യമന്ത്രി ഓങ്കോളജി പാർക്കിന്റെ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കാവശ്യമായ 6.38 ഏക്കർ സ്ഥലമെടുപ്പ് പൂർത്തീകരിച്ച് അതിർത്തി മതിലുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്.

(സി) എത്ര കോടി രൂപയാണ് പ്രവൃത്തിക്കായി മാറ്റിവെച്ചിട്ടുള്ളതെന്നും പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പും ലഭ്യമാക്കാമോ?

150 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്.

## പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി

116 (2456) ഡോ.കെ.ടി.ജലീൽ:
ശ്രീമതി ദെലീമ:
ശ്രീ. എ. രാജ:
ശ്രീ വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ വിറ്റുവരവിലും ലാഭത്തിലും വൻനേട്ടം കൈവരിക്കാനായിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) നിലവിൽ എത്ര സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; 2011-16-ലെ സർക്കാരിന്റെ കാലയളവിലെ സ്ഥിതിയുമായി പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

(എ&ബി) ഉണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ 10 സ്ഥാപനങ്ങളാണ് 2011-16 കാലയളവിൽ പ്രവർത്തന ലാഭം കൈവരിച്ചിരുന്നത്. അതിൽ കിൻഫ്ര സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം കിൻഫ്ര ഉൾപ്പെടെ 26 സ്ഥാപനങ്ങൾ പ്രവർത്തന

ലാഭം കൈവരിച്ചിട്ടുണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് എടുത്ത് പറയത്തക്ക നേട്ടമാണ് നിലവിൽ വിറ്റുവരവിലും പ്രവർത്തനലാഭത്തിലും സ്ഥാപനങ്ങൾ കൈവരിച്ചിട്ടുള്ളത്.

(സി) പൊതുമേഖല വ്യവസായങ്ങൾ മത്സരക്ഷമവും ലാഭകരവുമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള മാസ്റ്റർ പ്ലാനിനെക്കുറിച്ച് അറിയിക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ സാങ്കേതികരംഗത്ത് ഉൾപ്പെടെ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് അടുത്ത പത്തുവർഷക്കാലയളവിലെ പ്രവർത്തനങ്ങൾ മുന്നിൽ കണ്ട് ഓരോ സ്ഥാപനത്തിനും അനുയോജ്യമായ ആധുനികവത്ക്കരണ, വിപുലീകരണ, വൈവിദ്ധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. പൊതുമേഖല സ്ഥാപനങ്ങൾ സമർപ്പിച്ച മാസ്റ്റർപ്ലാൻ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതോടെ മൊത്തം 9467 കോടി രൂപയുടെ അധിക

നിക്ഷേപമുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. മാസ്റ്റർപ്ലാൻ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ**

117(2457) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരികൾ നിലവിൽ സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഇല്ല. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെൽപാം**

118(2458) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കെൽപാം-ൽ 2021 മാർച്ച് മുതൽ 2021 ഡിസംബർ വരെയുള്ള വിറ്റുവരവ് എത്രയാണെന്നും 2022 ജനുവരി മുതൽ നാളിതുവരെയുള്ള വിറ്റുവരവ് എത്രയാണെന്നും വ്യക്തമാക്കുമോ?

2021 മാർച്ച് മുതൽ 2021 ഡിസംബർ വരെ കെൽപാമിന്റെ വിറ്റുവരവ് 15,41,097/- രൂപയും 2022 ജനുവരി മുതൽ നാളിതുവരെയുള്ള വിറ്റുവരവ് 5,80,583/- രൂപയുമാണ്.

(ബി) കെൽപാം ഏതെങ്കിലും കാലഘട്ടത്തിൽ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സാധിച്ചിട്ടുണ്ട്. പ്ലാനിംഗ് (ബി.പി.ഇ)-യുടെ റിപ്പോർട്ടുപ്രകാരം 12-13, 15-16, 18-19, 20-21 എന്നീ കാലഘട്ടങ്ങളിൽ പ്രവർത്തന ലാഭത്തിലായിരുന്നു.

(സി) 2022 ജനുവരി മാസത്തിൽ അവിടെ എത്രപേർ ജോലി ചെയ്തിരുന്നുവെന്നും നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും

അറിയിക്കാമോ; കെൽപാം-ൽ ശമ്പളം മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശമ്പളം നൽകുന്നതിനുവേണ്ടി എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

2022 ജനുവരി മാസത്തിൽ 2 സ്ഥിരം ജീവനക്കാരും 22 ദിവസ വേതനക്കാരും ജോലി ചെയ്തിരുന്നു. നിലവിൽ 3 സ്ഥിര ജീവനക്കാരും 8 ദിവസ വേതനക്കാരും ജോലി ചെയ്യുന്നുണ്ട്. കെൽപാം-ൽ ശമ്പളം മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 05.07.2022-ലെ സ.ഉ (സാധാ)നം.634/2022/വ്യവ നമ്പർ പ്രകാരം വർക്കിംഗ് ക്യാപ്പിറ്റൽ ലോണായി 22,17,060/-രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) 2022 ജനുവരി മുതൽ നാളിതുവരെയുള്ള കാലയളവിൽ അവിടെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സോഫ്റ്റ് ഡ്രിങ്ക് ഉൽപാദനം, കേടായ മെഷിനറികളുടെ റിപ്പയറിംഗ്, കരുപ്പട്ടി നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുകളുടെ ലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ, കരുപ്പട്ടി നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കരുപ്പട്ടി ടെസ്റ്റ് മാർക്കറ്റിംഗിന് ആവശ്യമായ

പ്രവർത്തനങ്ങൾ, ഫാക്ടറിയിലേക്ക് തടസമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ്.

(ഇ) 2022-23 സാമ്പത്തിക വർഷത്തിൽ എന്തെല്ലാം പദ്ധതികൾ കെൽപാം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും അവയിൽ ഏതിനൊക്കെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

2019-20-ൽ കരിപ്പെട്ടി നിർമ്മാണ യൂണിറ്റിന് ലഭിച്ച ഭരണാനുമതി പുനർനിർണ്ണയം ചെയ്ത് പുതിയ ഭരണാനുമതി 2022-2023 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.

(എഫ്) 2022 ജനുവരി മുതൽ നാളിതുവരെ കെൽപാം-ൽ എത്ര തസ്തികകളിൽ പുതിയതായി നിയമനം നടത്തിയെന്നും ഏതൊക്കെ തസ്തികകളിലേക്ക് ഇന്റർവ്യൂ നടത്തിയതെന്നും അറിയിക്കാമോ?

ഒരു തസ്തിക. സെക്രട്ടേറിയൽ അസിസ്റ്റന്റ്.

(ജി) കെൽപാം-ലെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങൾ വ്യക്തമാക്കുമോ?

നിലവിലുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി പുറത്തിറക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. എസ്.സി./എസ്.റ്റി.

വകുപ്പിന്റെ ഫണ്ടുപയോഗിച്ച് പാലക്കാട് ജില്ലയിൽ ആരംഭിക്കുന്ന റൈസ്മില്ലിന്റെ പ്രവർത്തനം 6 മാസത്തിനുള്ളിൽ തുടങ്ങാനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചു. പുതിയ ഉൽപ്പന്നങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കാനുള്ള നടപടി ആരംഭിച്ചു.

**കെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡിന്റെ പ്രവർത്തനം**

119(2459) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോടുള്ള കെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എപ്പോഴാണ് ഉദ്ഘാടനം ചെയ്തത്?

കെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്, 2022 ഏപ്രിൽ ഒന്നിന് ഉദ്ഘാടനം ചെയ്തു.

(ബി) ഉദ്ഘാടനത്തിനുശേഷം ഏതെല്ലാം മെഷീനുകൾക്ക് ഓർഡർ ലഭിച്ചുവെന്നും എത്ര രൂപയുടേതായിരുന്നു ഓർഡറെന്നും വ്യക്തമാക്കാമോ?

ഉദ്ഘാടനത്തിനുശേഷം കിട്ടിയ ഓർഡറുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഓർഡറനുസരിച്ച് മെഷീനുകൾ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ വിതരണം ചെയ്യാൻ പറ്റാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ടി ഓർഡറുകളുടെ വിതരണത്തിന്റെ/വിപണനത്തിന്റെ വിശദ വിവരങ്ങൾ താഴെപറയും പ്രകാരമാണ്.

- ഡി. ജി. സെറ്റുകളുടെ ഉത്പാദനം നടന്നുകൊണ്ടിരിക്കുന്നു.
- ഉപഭോക്താവ് ആവശ്യപ്പെട്ട വിതരണ കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് ഇവയുടെ വിതരണം പൂർത്തീകരിക്കുന്നതാണ്.
- 2.91 ലക്ഷം രൂപയുടെ ആൾട്ടർനേറ്ററുകളും 3.05 ലക്ഷം രൂപയുടെ സ്പെയറുകളും വിതരണം ചെയ്തു.

ഉപഭോക്താവ് ആവശ്യപ്പെട്ട വിതരണ കാലയളവ് പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കിയുള്ള ആൾട്ടർനേറ്ററുകളുടേയും സ്പെയറുകളുടേയും വിതരണം പൂർത്തീകരിക്കുന്നതാണ്.

(ഡി) ഈ സ്ഥാപനത്തിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്; ഇവരിൽ എല്ലാവർക്കും ഇപ്പോൾ അവിടെ ജോലിയുണ്ടോ; വ്യക്തമാക്കുമോ?

കമ്പനിയിൽ ഇപ്പോൾ 99 ജീവനക്കാരുണ്ട്. ഇപ്പോൾ ലഭിച്ചിട്ടുള്ള ഓർഡർ പ്രകാരമുള്ള ഉത്പ്പാദനത്തിന്റെ ഭാഗമായി 66 ശതമാനത്തോളം ജീവനക്കാർക്ക് ജോലിയുണ്ട്.

(ഇ) പ്രസ്തുത സ്ഥാപനം ഏറ്റെടുത്തതിനുശേഷം എത്ര രൂപയുടെ റിവൈവൽ പാക്കേജാണ് പ്രഖ്യാപിച്ചതെന്നും ഇതിൽ എത്ര തുക ഇതിനകം അനുവദിച്ചുവെന്നും അനുവദിച്ച തുക ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

കമ്പനി ഏറ്റെടുത്ത ശേഷം സർക്കാർ 77 കോടിയുടെ പുനരുദ്ധാരണ പദ്ധതിയാണ് പ്രഖ്യാപിച്ചത്. ഇതിൽ 20 കോടി രൂപ 2021-22-ൽ അനുവദിച്ചു. ഈ തുക ചെലവഴിച്ചത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(എഫ്) യൂണിറ്റ് പ്രവർത്തിക്കാതിരുന്ന 2020 മാർച്ച് മുതൽ 2022 ഏപ്രിൽ വരെയുള്ള കാലയളവിൽ ജീവനക്കാരുടെ ശമ്പളത്തിന്റെ 35 ശതമാനം നൽകാൻ ധാരണയായിരുന്നോയെന്നും ഇത് നൽകിയോയെന്നും വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള കാലയളവിൽ ജീവനക്കാരുടെ ശമ്പളത്തിന്റെ 35% നൽകാൻ ധാരണയായിരുന്നു. 2020 ഏപ്രിൽ മുതൽ 2022 ഫെബ്രുവരി 28 വരെ വിരമിച്ച 32 ജീവനക്കാർക്ക് ഈ തുക നൽകിയിട്ടുണ്ട്.

## ടെക്സ്റ്റയിൽ മിൽസിന്റെ ഭാവി വികസനം

120(2460) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടെക്സ്റ്റയിൽസ് കോർപ്പറേഷനുകീഴിൽ എൻ.എച്ച്.-66-നോട് ചേർന്ന് മൈലാട്ടിയിൽ വെറുതെ കിടക്കുന്ന ഭൂമി എത്രയെന്നറിയിക്കുമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷനുകീഴിൽ എൻ.എച്ച്-66 നോട് ചേർന്ന് മൈലാട്ടിയിൽ ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ 23.24 ഏക്കർ ഭൂമിയിൽ 10 ഏക്കറോളം സ്ഥലം മില്ലിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

(ബി) ഇവിടെ പ്രവർത്തിക്കുന്ന ടെക്സ്റ്റയിൽ മിൽസിന്റെ ഭാവി വികസനത്തിന് ഈ ഭൂമി ആവശ്യമുണ്ടെന്ന കെ.എസ്.ടി.സി.-യുടെ

ആവശ്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി ടെക്സ്റ്റയിൽ മിൽസിന്റെ വിപുലീകരണത്തിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ പ്രോജക്ടിന് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി-ഡി) മില്ലിന്റെ ഉപയോഗത്തിനുശേഷം ബാക്കിയുള്ള സ്ഥലത്ത് വികസന പ്രവർത്തനങ്ങളുടെ ഭാഗമായി മില്ലിലെ തൊഴിലാളികളുടെ ക്വാർട്ടേഴ്സ്, ഫാക്ടറി ഔട്ട്ലെറ്റുകൾ, ഗോഡൗണുകൾ, സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് യൂണിറ്റ്, വീവിംഗ്, ഡൈയിംഗ് & പ്രോസ്സസിംഗ്, ഗാർമെന്റ് യൂണിറ്റുകൾ എന്നിവ തുടങ്ങുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടില്ല.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി റിക്രൂട്ട്മെന്റ് ബോർഡ്

121(2461) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:
<u>ശ്രീ. സജീവ് ജോസഫ്</u>:

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിലെ ഒഴിവുകളിലേക്ക്, സുതാര്യമായും ഏകീകൃതമായും നിയമനങ്ങൾ നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളുടെ ഭരണനിയന്ത്രണത്തിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും ആവശ്യമെങ്കിൽ വിജ്ഞാപനം മുഖേന ഈ ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നിയമ വ്യവസ്ഥയും ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖാന്തരം നടക്കുന്നുണ്ട്; എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള 34 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി മുഖാന്തരം നടത്തുന്നുണ്ട്. ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളും അവയുടെ ഉത്പന്നങ്ങളുടെ വിറ്റുവരവിലൂടെ നേടുന്ന വരുമാനത്തെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. വർക്കർ വിഭാഗം ഉൾപ്പെടെയുള്ള വിവിധ തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിൽ സമയബന്ധിതമായി നിയമനം നടത്തിയാൽ മാത്രമേ സ്ഥാപനങ്ങൾക്ക് പൂർണ്ണതോതിൽ പ്രവർത്തിച്ച് പ്രവർത്തനലാഭം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഓരോ കമ്പനികളുടെയും പ്രവർത്തനസ്വഭാവവും അവ നിർമ്മിക്കുന്ന ഉത്പന്നവും അനുസരിച്ച് തസ്തികകളുടെ സ്വഭാവത്തിലും അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിലും ശമ്പള സ്കെയിലിലും അവയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രയോഗിക പരീക്ഷ

ഉൾപ്പെടെയുള്ള തെരഞ്ഞെടുപ്പ് രീതികളിലും വ്യത്യാസമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ നേരിട്ടാണ് നടത്തിവരുന്നത്. ആയത് കൂടുതൽ സുതാര്യവും ഏകോപനത്തോടെയും നടപ്പിലാക്കുന്നതിനാണ് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡിലൂടെ ലക്ഷ്യമിടുന്നത്. ബോർഡ് മുഖേനയുള്ള നിയമന പ്രക്രിയ ഒരുതരത്തിലും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനത്തെ ബാധിക്കുന്നതല്ല.

(സി) ഇക്കാര്യത്തിൽ പി.എസ്.സി.-യുടെ അഭിപ്രായമാരാഞ്ഞിട്ടുണ്ടോ; എങ്കിൽ പി.എസ്.സി. സ്വീകരിച്ച നിലപാട് എന്താണെന്ന് അറിയിക്കാമോ?

ഇല്ല.

## ഒരേ സ്വഭാവമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

122(2462) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ സ്വഭാവമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന് കീഴിലുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒരേ സ്വഭാവമുള്ള ഉത്പ്പന്നങ്ങളും സേവനങ്ങളും നൽകി വരുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) സമാന മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ ലയനം സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) സമാന മേഖലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ സഹകരിച്ചാണ് പ്രവർത്തിച്ചുവരുന്നത്. ഒരേ മേഖലയിലാണെങ്കിലും ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന രീതിയും ഉപയോഗിക്കപ്പെടുന്ന മേഖലയും വ്യത്യസ്തമാണെന്നതിനാൽ എല്ലാ സ്ഥാപനങ്ങളുടെയും ലയനം പ്രായോഗികമായി ബുദ്ധിമുട്ടുള്ളതാണ്. എന്നാൽ ചുവടെ വിശദീകരിക്കുന്ന തരത്തിലുള്ള ലയന സാധ്യതകളെ സംബന്ധിച്ച പഠനം നടത്തിവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമാന പ്രവർത്തന സ്വഭാവമുള്ള പാലക്കാട് പ്രവർത്തിക്കുന്ന മലബാർ സിമന്റ്സ് ലിമിറ്റഡും കോട്ടയത്ത് പ്രവർത്തിക്കുന്ന ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡും സംയോജിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടന്നുവരുന്നു. ഈ സ്ഥാപനങ്ങളിലെ സേവന വേതന വ്യവസ്ഥകളിൽ വലിയ വ്യത്യാസങ്ങളുള്ളതുകൊണ്ട് ഈ നടപടി പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിന് ട്രേഡ് യൂണിയനുകളുമായും മറ്റ് ബന്ധപ്പെട്ടവരുമായും കൂടിയാലോചനകൾ വേണ്ടി വരും.

മുൻ കാലത്ത് വർഷങ്ങൾ നീണ്ട നടപടിക്രമങ്ങൾ മുഖേന കണ്ണൂർ കല്ല്യാശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന കെൽട്രോണിന്റെ സബ്സിഡിയറി കമ്പനികളായിരുന്ന കെൽട്രോൺ റസിസ്റ്റേഴ്സ് ലിമിറ്റഡ്, കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്, കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡ് എന്നിവയെ അവിടെ ഉണ്ടായിരുന്ന മറ്റൊരു സബ്സിഡിയറി കമ്പനിയായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡുമായി സംയോജിപ്പിച്ചിരുന്നു.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലയനം സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ കയർ വികസന ഡയറക്ടർ, രണ്ട്

കമ്പനികളുടേയും മാനേജിംഗ് ഡയറക്ടർമാർ എന്നിവരെ ഉൾപ്പെടുത്തികൊണ്ട് ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

## വ്യാവസായിക വികസനം

123(2463) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന സൂചികയിൽ വിവിധ ഏജൻസികളുടെ ലഭ്യമായ സർവ്വേ പ്രകാരം സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണെന്ന് അറിയിക്കാമോ?

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള DPIIT (Department for Promotion of Industry and Internal Trade, Ministry of Commerce & Industry) 30-06-2022 ൽ പ്രസിദ്ധീകരിച്ച ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചിക പ്രകാരം കേരളത്തിന് 15-ാം സ്ഥാനമാണ്

(ബി) സംസ്ഥാനത്തേക്ക് വിപുലമായ വ്യവസായ സംരംഭങ്ങളെ ആകർഷിക്കുന്നതിന് മതിയായ ഭൂമിയോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ലഭ്യമല്ലായെന്നിരിക്കെ വ്യാവസായികമായി പുരോഗതി ലക്ഷ്യമിടുന്നത് എപ്രകാരമാണെന്ന് അറിയിക്കാമോ?

കേരളത്തിന്റെ വ്യവസായമേഖല പ്രധാനമായും പരമ്പരാഗത വ്യവസായങ്ങളും (Traditional Industries) സൂക്ഷ്മ ചെറുകിട വ്യവസായങ്ങളും (MSME) ഉൾപ്പെട്ടതാണ്. പ്രകൃതിയോട് ചേർന്ന് നിൽക്കുന്ന ഇത്തരം വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിച്ചും കയറ്റുമതിക്ക് സജ്ജമാക്കിയും മറ്റുമാണ് നാം പരിപാലിക്കുന്നത്. മുന്നോട്ടുള്ള കേരളത്തിന്റെ വ്യവസായിക വളർച്ചയ്ക്ക് ഫുഡ് പ്രോസസിംഗ്, ലൈഫ് സയൻസ്, ആയുർവേദം, ഫാർമസ്യൂട്ടിക്കൽ, റബ്ബർ, മുതലായ മേഖലകളിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ മേഖലകളെല്ലാം തന്നെ ഉയർന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനുള്ള കഴിവുള്ളതുമാണ്. ഇത്തരം വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമിയും മികച്ച അടിസ്ഥാന സൗകര്യവും ഒരുക്കി മികച്ച രീതിയിലുള്ള വ്യവസായ വളർച്ച കേരളത്തിന് കൈവരിക്കുവാൻ കഴിയുമെന്നാണ് കണക്കുകൂട്ടുന്നത്. കേരളത്തിന്റെ ജനാധിപത്യം (Democracy), ഭൂഘടന (Ecology) സാധനങ്ങളുടെ ഉയർന്ന ആവശ്യകത (Demand) ഉന്നത വിദ്യാഭ്യാസവും (Education) തൊഴിൽ

വൈദഗ്ദ്ധ്യമുള്ളവരുടെ ലഭ്യതയും (Availability of skilled manpower) മറ്റും നമ്മുടെ ഇത്തരം മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിന് സഹായിക്കുന്നതാണ്. വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം ഒരുക്കുവാനുതകുന്ന നിയമനിർമ്മാണങ്ങളും ഭേദഗതികളും നടത്തുകയും സംരംഭങ്ങൾക്ക് സമയബന്ധിതമായും സുതാര്യമായും അനുമതികൾ ലഭ്യമാക്കുന്നതിന് ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) ഏർപ്പെടുത്തുകയും ചെയ്തത് വലിയ തരത്തിലുള്ള നിക്ഷേപവും വ്യവസായ വളർച്ചയും ലക്ഷ്യമിട്ടാണ്.

(സി) വ്യാവസായിക വികസനത്തിനായുള്ള പുതിയ ലാൻഡ് ലൊക്കേഷൻ പോളിസി രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വിശദാംശം സഹിതം അറിയിക്കാമോ?

വ്യാവസായിക വികസനത്തിനായി ലാൻഡ് ലൊക്കേഷൻ പോളിസി രൂപീകരണവുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിൽ നടപടികളൊന്നും സ്വീകരിച്ചുവരുന്നില്ല. എന്നാൽ വ്യവസായ വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള ഏകീകൃത ലാൻഡ് ലീസ് പോളിസി രൂപീകരണം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങൾ ഭൂരിഭാഗവും നഷ്ടത്തിലാണ് എന്നിരിക്കെ എന്തടിസ്ഥാനത്തിലാണ് എച്ച്.എൽ.എൽ. പോലുള്ള സ്ഥാപനങ്ങളെ ഏറ്റെടുക്കുവാൻ താൽപര്യം പ്രകടിപ്പിച്ച് സർക്കാർ മുന്നോട്ട് വന്നതെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം കിൻഫ്ര ഉൾപ്പെടെ 26 സ്ഥാപനങ്ങൾ പ്രവർത്തനലാഭം കൈവരിച്ചിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് എടുത്തുപറയത്തക്ക നേട്ടമാണ് വിറ്റുവരവിലും പ്രവർത്തന ലാഭത്തിലും വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങൾ കൈവരിച്ചിട്ടുള്ളത്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്ന ബദൽ നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാന സർക്കാർ അനുവർത്തിച്ചിരിക്കുന്ന നയം, പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാനത്തിന്റെ മുതൽക്കൂട്ടായി കണ്ടുകൊണ്ട്

ഉല്പന്നത്തിന്റെ വിപണന സാധ്യതയും ലാഭകരമായി നടത്തുവാനുള്ള സാങ്കേതികവിദ്യയും സ്വായത്തമാക്കി അവയുടെ മുൻകാല കടങ്ങൾ വീട്ടി ആ സ്ഥാപനത്തെ ഏറ്റെടുത്ത് പുനരുജ്ജീവിപ്പിക്കുകയെന്നുള്ളതാണ്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്രമായ പുനരുദ്ധാരണം ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നയത്തിന്റെ ഭാഗമായിട്ടാണ് കേന്ദ്രസർക്കാർ സ്വകാര്യവൽകരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനഃനാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം പുനരാരംഭിച്ചത്.

മേൽപറഞ്ഞത് കൂടാതെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ.-ന് ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത

സ്ഥാപനത്തെ കെൽ-ഇ.എം.എൽ. എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.

## കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനം

124 (2464) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് നടപ്പാക്കിയ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള നിക്ഷേപ സൗഹൃദ അന്തരീക്ഷത്തെ കൂടുതൽ മെച്ചപ്പെടുത്തുന്ന ഒന്നായി മാറ്റുന്നതിൽ കെ-സ്വിഫ്റ്റ് വഹിക്കുന്ന പങ്ക് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. വ്യവസായ സംരംഭങ്ങൾക്കുവേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനം കെ-സ്വിഫ്റ്റ്, 2019 ഫെബ്രുവരിയിൽ നിലവിൽ

വന്നു. നിലവിൽ 21 വിവിധ വകുപ്പുകളുടെ 79 അനുമതികളും ലൈസൻസുകളും ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെ-സ്വിഫ്റ്റ് ഇപ്പോൾ സജ്ജമാണ്. പൂർണ്ണ നിലയ്ക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിന് കെ-സ്വിഫ്റ്റിൽ സംവിധാനമൊരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടി എടുത്തില്ലെങ്കിൽ കൽപ്പിത അനുമതി നൽകുന്നതിനുവേണ്ടിയാണ് ഈ സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്. കൂടാതെ കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ ഏജൻസികളുടെ വ്യാവസായിക ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽനികുതി ഒടുക്കുന്നതിനുള്ള സൗകര്യം എന്നിവ കെ-സ്വിഫ്റ്റിൽ ഒരുക്കിയിട്ടുണ്ട്. നാളിതുവരെ 41,543 പേർ കെ-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5,668 അപേക്ഷകൾ സമർപ്പിച്ചതിൽ 2,271 എണ്ണത്തിന് അനുമതികൾ

ലഭ്യമാക്കിയിട്ടുണ്ട്. 512 അനുമതികൾ നിരസിക്കുകയും ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലുമാണ്.

(സി) സംസ്ഥാന, ജില്ലാ വ്യവസായ പാർക്ക് തലങ്ങളിൽ ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ഡി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ എന്ന വിഭാഗത്തിന്റെ നിക്ഷേപ പരിധി ഉയർത്തിയതിനെ തുടർന്ന് ആവശ്യമായ മാറ്റങ്ങൾ വരുത്തി കെ-സ്വിഫ്റ്റ് പരിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ നിക്ഷേപ പരിധി ഉയർത്തിക്കൊണ്ട് കേന്ദ്ര സർക്കാർ 2020 ജൂണിൽ വിജ്ഞാപനം ഇറക്കിയിരുന്നു. ഇതുപ്രകാരം 50 കോടി രൂപവരെ മുതൽമുടക്കുള്ള സംരംഭങ്ങൾ ഈ വിഭാഗത്തിൽപ്പെടും. നേരത്തേ ഇത് 10 കോടി രൂപ വരെയായിരുന്നു. ഇതുപ്രകാരമുള്ള ആവശ്യമായ മാറ്റങ്ങൾ കെ-സ്വിഫ്റ്റിൽ വരുത്തിയിട്ടുണ്ട്.

## വാണിജ്യ രംഗത്തെ വിവിധ മേഖലകളുടെ പുരോഗതി

125(2465) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വാണിജ്യ രംഗത്തെ വിവിധ മേഖലകളുടെ പുരോഗതി ലക്ഷ്യമാക്കി വ്യവസായ-വാണിജ്യ വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ വാണിജ്യ രംഗത്തെ വിവിധ മേഖലകളുടെ പുരോഗതി ലക്ഷ്യമാക്കി വ്യവസായ വാണിജ്യ വകുപ്പ് താഴെപ്പറയുന്ന ഇടപെടലുകൾ നടത്തിവരുന്നു.

<u>ജില്ലാതല വ്യവസായ പ്രദർശനം</u>: എം.എസ്.എം.ഇ. ഉത്പന്നങ്ങളുടെ വില്പനയ്ക്കും അവ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിനും എല്ലാ ജില്ലകളിലും വ്യവസായ ഉത്പന്നങ്ങളുടെ പ്രദർശനം നടത്തിവരുന്നുണ്ട്.

<u>കേരള അഗ്രോ ഫുഡ് പ്രോ</u>: കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള അഗ്രോ ഫുഡ് പ്രോ എന്ന പേരിൽ ഒരു മേള സംഘടിപ്പിച്ചുവരുന്നു.

<u>മലബാർ ക്രാഫ്റ്റ് മേള</u>: കേരളത്തിലെ പരമ്പരാഗത കരകൗശല കൈത്തറി മേഖലയിലെ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനും പരമ്പരാഗത മേഖലയിലെ നൂതന ആശയങ്ങൾ പങ്കുവയ്ക്കുന്ന കരകൗശല വിദഗ്ധരുടെ സംഗമത്തിന് വേദി ഒരുക്കുന്നതിനുമായി മലബാർ ക്രാഫ്റ്റ് മേള സംഘടിപ്പിച്ചുവരുന്നു.

<u>ദേശീയ അന്തർദേശീയ എക്സിബിഷനുകളിൽ പങ്കെടുക്കൽ</u>: ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിന്റെ വ്യവസായ അനുകൂല സാഹചര്യങ്ങൾ പ്രചരിപ്പിക്കുന്നതിനും കേരളത്തിലെ വ്യവസായ ഉല്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി രാജ്യത്തിനകത്തും പുറത്തും നടക്കുന്ന മേളകളിൽ പങ്കെടുത്തുവരുന്നു.

<u>ബി 2 ബി വെബ്പോർട്ടൽ</u>: കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന

ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു വെബ്പോർട്ടൽ രൂപീകരിച്ചു.

വ്യാപാർ (ബിസിനസ് ടു ബിസിനസ്) മീറ്റ്: സംസ്ഥാനത്തിന്റെ വികസന സാധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എസ്.എം.ഇ.-കൾക്കുവേണ്ടി വ്യാപാർ (ബിസിനസ് ടു ബിസിനസ് മീറ്റ്) സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, മരവ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ മുതലായ മേഖലകളിൽ നിന്നുള്ള ചെറുകിട ഉത്പാദകർ അവരുടെ ഉല്പ്പന്നങ്ങളും സാങ്കേതികവിദ്യയും പ്രദർശിപ്പിക്കുന്നു.

കേരള ബാംബൂ ഫെസ്റ്റ്: മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷൻ നടത്തി വരുന്ന പ്രധാനപ്പെട്ട മേളയാണ് കേരള ബാംബൂ ഫെസ്റ്റ്. 2004 മുതൽ കൊച്ചിയിൽ ‘ കേരള ബാംബൂ ഫെസ്റ്റ് ’ സംഘടിപ്പിച്ചുവരുന്നു. ഇതിലൂടെ പ്രസ്തുത

മേഖലയിലെ ഗുണഭോക്താക്കൾക്ക് വിപണി കണ്ടെത്തുവാനും ഉൽപ്പന്ന വികസനത്തെക്കുറിച്ചുള്ള അറിവ് നേടാനും വിവരങ്ങൾ പരസ്പരം പങ്കിടാനും ഒരു വേദി ഒരുക്കുന്നു.

വാണിജ്യ മിഷൻ: വിദേശ വിപണനം ലക്ഷ്യമിട്ട് വാണിജ്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പ്, വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനിലെ (കെ-ബിപ്പ്) നിലവിലുള്ള സംവിധാനം ഉപയോഗിച്ചാണ് വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്.

(ബി) ഇതിനായി കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകൾ വഴി 2020-2021-ൽ നടപ്പാക്കിയ പദ്ധതികൾ, ലഭ്യമായ തുക, അതിന്റെ വിനിയോഗം എന്നിവ വിശദീകരിക്കാമോ?

സംസ്ഥാന ബഡ്ജറ്റിൽ വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തിൽ 3,64,06,000 രൂപ അനുവദിച്ചതിൽ 3,64,05,326 രൂപ പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

## വ്യവസായ വികസനം

126 (2466) <u>ശ്രീ. മോൻസ് ജോസഫ്</u>:

<u>ശ്രീ. അനൂപ് ജേക്കബ്</u>:

<u>ശ്രീ. മാണി സി. കാപ്പൻ</u>:

<u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിലൂടെ വികസനം ലക്ഷ്യമാക്കികൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിലുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളും ക്ലിയറൻസുകളും ഒഴിവാക്കുന്നതിനായി 2019-ലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ സുഗമമാക്കൽ ആക്ട് നിലവിലുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധന

സംവിധാനം ഏകോപിപ്പിച്ചുകൊണ്ട് കെ-സിസ് സംവിധാനവും നിലവിലുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 2021 പ്രകാരം നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System).

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സൺസിനെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു. കൂടാതെ 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-

ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിടുകയാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവത്ക്കരണം നടത്താനും തുടർന്ന് താല്പര്യപ്പെട്ടുവരുന്ന ആളുകൾക്ക് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ക്യാമ്പയിനുകൾവഴി ലക്ഷ്യമിടുന്നു. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനുംവേണ്ടി ഇന്റേൺസിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേയ്ക്ക് നയിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഈ പദ്ധതി

വഴി ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി 4% പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉത്പ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാൻ ഇന്റേൺസിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേയ്ക്ക് നയിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി 4% പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉത്പ്പന്നം (One

Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിങ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയായും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു:

1.സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികളികൾക്കുള്ള വായ്പ പദ്ധതി:-

ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ. (ഉദ്യം)

രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രോപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്.

2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ:-

നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ടുവർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക.

പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവൻ കേരള'യ്ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപ വരെ വായ്പ നൽകുന്നു. ഒരു കാരവൻ വാങ്ങിക്കുന്നതിനായി 50 ലക്ഷം രൂപ മുതൽ ഒരു കോടി വരെ (ചെലവിന്റെ 70%) നൽകി വരുന്നു. പുതിയ വാഹനങ്ങൾക്ക് മാത്രമാണ് വായ്പ ലഭിക്കുക.

വ്യവസായ വകുപ്പിന് കീഴിലെ മേജർ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു :-

- പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി
- വ്യവസായ പാർക്ക്, മട്ടന്നൂർ. കണ്ണൂർ

- കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി
- സ്പൈസസ് പാർക്ക്-ഇടുക്കി
- കിൻഫ്ര പാർക്ക്-മട്ടന്നൂർ
- ലാൻഡ് ബാങ്ക് - കണ്ണൂർ സ്മാൾ ഇൻഡസ്ട്രീസ്

(ബി) സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഏതെല്ലാം വ്യവസായങ്ങളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കാർഷികാധിഷ്ഠിത ഭക്ഷ്യ മേഖല, വസ്ത്ര നിർമ്മാണ മേഖല, ജനറൽ എഞ്ചിനീയറിംഗ്, സേവന മേഖല, കച്ചവട മേഖല എന്നീ മേഖലകളിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) വ്യവസായ വികസനത്തിന്റെ ഭാഗമായി പുതുതായി വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് എന്ന പേരിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരള റബ്ബർ ലിമിറ്റഡ് എന്ന പേരിൽ ഒരു പൊതുമേഖല സ്ഥാപനം രജിസ്റ്റർ ചെയ്ത് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കാർഷികാധിഷ്ഠിത ഭക്ഷ്യ മേഖല, വസ്ത്ര നിർമ്മാണ മേഖല, സേവനം, വ്യാപാരം തുടങ്ങിയ മേഖലയിൽ 2022-23 സാമ്പത്തിക വർഷം 05-07-2022 വരെ 33379 സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) വിദേശ സഹായത്തോടെ ആരംഭിക്കാനുദ്ദേശിക്കുന്ന വ്യവസായങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

വിദേശ സഹായത്തോടെ ആരംഭിക്കാനുദ്ദേശിക്കുന്ന വ്യവസായങ്ങൾ ഇപ്പോൾ നിലവിലില്ല.

(ഇ) പുതിയ വ്യവസായ സംരംഭങ്ങൾ പൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന തൊഴിൽ സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലയിലാണ് തൊഴിലവസരങ്ങൾ ഉണ്ടാകുന്നതെന്ന് വിശദീകരിക്കാമോ?

പുതിയ വ്യവസായ സംരംഭങ്ങൾ പൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന തൊഴിൽ സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടില്ല. എന്നിരുന്നാലും കിൻഫ്രയുടെ നേതൃത്വത്തിൽ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പൂർത്തിയാകുമ്പോൾ പ്രത്യക്ഷത്തിൽ 22,000 തൊഴിലവസരങ്ങളും പരോക്ഷമായി 80,000 തൊഴിലവസരങ്ങളും പെട്രോ കെമിക്കൽ പാർക്ക്

പൂർത്തിയാകുമ്പോൾ ഏകദേശം 11,000, സ്പൈസസ് പാർക്ക് പൂർത്തിയാകുമ്പോൾ 300-ഓളം എന്നിങ്ങനെ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ ആരംഭിക്കാനിരിക്കുന്ന 132 സംരംഭങ്ങളിലൂടെ 2959 പേർക്ക് തൊഴിൽ ലഭ്യമാകുമെന്ന് കരുതുന്നു. കൂടാതെ പുതുതായി പ്രവർത്തനമാരംഭിച്ച കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ 250 ആളുകൾക്ക് നേരിട്ടും 150 ആളുകൾക്ക് നേരിട്ടല്ലാതെയും തൊഴിൽ നൽകി വരുന്നു.

**അസെൻഡ് കേരള നിക്ഷേപക സംഗമം**

127(2467) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടുവർഷം മുമ്പ് സംഘടിപ്പിച്ച അസെൻഡ് കേരള നിക്ഷേപക സംഗമത്തിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത സംഗമത്തിൽ ഒപ്പുവച്ച നിക്ഷേപ പദ്ധതികളിൽ എത്ര കോടി രൂപയുടെ പദ്ധതികൾ ഉപേക്ഷിച്ചുവെന്നും ഉപേക്ഷിച്ചതിന്റെ കാരണവും വിശദമാക്കാമോ?

(എ&ബി) 2020 ജനവരി 9-10 വരെ കൊച്ചിയിൽ നടന്ന ' അസെൻഡ് കേരള 2020' ആഗോള നിക്ഷേപ സമ്മേളനത്തിൽ സർക്കാർ/സർക്കാരിൻ കീഴിലുള്ള സ്ഥാപനങ്ങൾ 165 പദ്ധതികളിലായി ആകെ 35,332.33/- കോടി രൂപയുടെ ധാരണാപത്രങ്ങൾ/താൽപര്യ പത്രങ്ങളാണ് ഒപ്പുവച്ചിരുന്നത്. കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് 151 പദ്ധതികളിലായി 33,301.94 കോടി രൂപയുടെയും കിൻഫ്രയുമായി ബന്ധപ്പെട്ട് 14 പദ്ധതികളിലായി 2030.39 കോടി രൂപയുടെയും ധാരണാപത്രങ്ങൾ/താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചത്. കെ.എസ്.ഐ.ഡി.സി.-യുമായി ധാരണാപത്രം/താൽപര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 808.58 കോടി രൂപയുടെ 31 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 9,345.40 കോടി രൂപയുടെ 53 പദ്ധതികൾ നടപ്പിലാക്കിവരുന്നു. 5,003.75 കോടി രൂപയുടെ 37 പദ്ധതികൾ വിവിധ കാരണങ്ങളാൽ താൽക്കാലികമായി നിർത്തി വച്ചിരിക്കുന്നു. 18,144.21

കോടി രൂപയുടെ 30 പദ്ധതികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിച്ചു. കിൻഫ്രയുമായി ധാരണാപത്രം/താൽപര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 1050 കോടി രൂപയുടെ 6 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

കോവിഡ്-19 മഹാമാരി വരുത്തിവച്ച ആഗോള സാമ്പത്തിക പ്രതിസന്ധിമൂലമാണ് ധാരണാപത്രം ഒപ്പുവച്ച ചില പദ്ധതികൾ പ്രൊമോട്ടർമാർ ഉപേക്ഷിക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്തിരിക്കുന്നത്.

(സി) പ്രഖ്യാപിച്ച ചെറുകിട ജല വൈദ്യുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചുവെന്നറിയിക്കാമോ?

ടെക്നോലൈൻ എഞ്ചിനീയറിംഗ് കേരളം പ്രൈവറ്റ് ലിമിറ്റഡിന്റെ വാഞ്ചിയം ചെറുകിട ജലവൈദ്യുത പദ്ധതി മാത്രമാണ് അസെൻഡ് പ്രോജക്ടിൽ ലഭിച്ചത്. പ്രസ്തുത കമ്പനിക്ക് 2012-ലെ SHP പോളിസി വ്യവസ്ഥകൾക്കനുസരിച്ച് വാഞ്ചിയം ചെറുകിട ജലവൈദ്യുത പദ്ധതി അനുവദിച്ച് നൽകണമെന്നുള്ള നിർദ്ദേശം അംഗീകരിക്കാൻ കഴിയുകയില്ലെന്ന് ഊർജ്ജ വകുപ്പ് അറിയിച്ചിരുന്നു. ഈ പദ്ധതി അവലോകനം ചെയ്തു തുടർ

തീരുമാനം പ്രസ്തുത കമ്പനിയെ അറിയിക്കാൻ ഊർജ്ജ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) നിക്ഷേപക സംഗമത്തിൽ വന്ന പദ്ധതികളിൽ വകുപ്പുകളുടെ ഏകോപനമില്ലായ്മയും ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിലുള്ള കാലതാമസവും കെ.എസ്.ഐ.ഡി.സി.-യുടെ ഭാഗത്തുനിന്നും പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടത്ര കാര്യക്ഷമത കാണിക്കാത്തതും പദ്ധതികൾ ഉപേക്ഷിച്ചുപോകാൻ കാരണമായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംരംഭക വർഷം**

128(2468) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷമായി പ്രഖ്യാപിച്ച 2022-23-ൽ കൊല്ലം ജില്ലയിൽ എത്ര സംരംഭം തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്?

സംരംഭക വർഷത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ 11775 സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) ലക്ഷ്യം കൈവരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2022-2023 സംരംഭക വർഷമായി തീരുമാനിച്ചിട്ടുള്ളതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ/ഏജൻസികളുടെ സംയോജനത്തോടെ 2022-23 സാമ്പത്തിക വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022 മെയ്-ജൂൺ മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംഘടിപ്പിച്ച ഏകദിന ശില്പശാലകളോടെ ഈ പദ്ധതിക്ക് തുടക്കമായി. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണം നടത്താനും തുടർന്ന് താല്പര്യപ്പെട്ടുവരുന്ന ആളുകൾക്ക് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുകയെന്നതുമാണ് ക്യാമ്പയിനുകൾവഴി ലക്ഷ്യമിടുന്നത്.

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്കുവേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏപ്രിൽ മാസത്തോടുകൂടി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും B.Tech./MBA യോഗ്യതയുള്ള ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് മികച്ച പരിശീലനം നൽകി, K-SWIFT പോർട്ടൽ വഴി വിവിധ വകുപ്പുകളിൽനിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള അപേക്ഷകൾ തയ്യാറാക്കുന്നതിനും സ്വയം സാക്ഷ്യപ്പെടുത്തൽ വഴിയുള്ള Acknowledgement Certificate കരസ്ഥമാക്കുന്നതിനും വിവിധ വകുപ്പുകളുമായി സബ്സിഡിക്കായി ഏകോപനം നടത്താനും സംരംഭകരെ പ്രാപ്തരാക്കി വരുന്നു.

## സ്ഥലം ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം

129(2469) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂർ- കൊച്ചി വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിൽ എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് അറിയിക്കാമോ; സ്ഥലം ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരമായി എത്ര തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ടി പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ പുതുശ്ശേരിയിൽ 620.3982 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി I-ൽ 242.82 ഹെക്ടറും പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി II-ൽ 225.82 ഹെക്ടറും പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ-പുതുശ്ശേരി III-ൽ 151.76 ഹെക്ടറും ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു. ജില്ലാ റവന്യൂ അധികാരികൾ, Land Acquisition Act പ്രകാരം പുതുശ്ശേരി I-ൽ ഉൾപ്പെട്ട കരഭൂമി ഉടമകൾക്ക് സെന്റിന് 93,498/- രൂപ നിരക്കിലും നിലത്തിന് സെന്റിന് 36,327/- രൂപ എന്ന നിരക്കിലും പുതുശ്ശേരി-II-ൽ ഉൾപ്പെട്ട കരഭൂമി ഉടമകൾക്ക് സെന്റിന് 1,12,782/- രൂപ

എന്ന നിരക്കിലും നിലത്തിന് സെന്റിന് 60,001/- രൂപ എന്ന നിരക്കിലും ഭൂമി വില നൽകിയിട്ടുണ്ട്. ഇതുകൂടാതെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച തീയതി മുതൽ ചമയങ്ങൾക്കും മറ്റുമായി 12% പലിശ അധികമായി ലഭിക്കും.

പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി I-ൽ 458.59 ഏക്കർ ഭൂമിയുടെ അവാർഡ് പാസ്സാക്കുകയും പൊസഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി II-ൽ 214.86 ഏക്കർ ഭൂമിയുടെ അവാർഡ് പാസ്സാക്കുകയും പൊസഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്, പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ-പുതുശ്ശേരി III-ൽ 375 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന്റെ പരിസരത്തുള്ള സ്ഥലങ്ങൾ വിട്ടുനൽകാൻ ഭൂവുടമകൾ സന്നദ്ധത അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂമിയേറ്റെടുക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

അധികമായി ഭൂമിയേറ്റെടുക്കുന്നത് പരിഗണനയിലില്ല.

**പുതിയ നിക്ഷേപകരെ ആകർഷിക്കുന്ന പദ്ധതികൾ**

130(2470) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ നിക്ഷേപകരെ ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പുതിയ നിക്ഷേപകരെ ആകർഷിക്കുന്നതിനും വ്യവസായ മേഖലയുടെ വളർച്ചയ്ക്കും നിക്ഷേപ-തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഒട്ടേറെ നിയമനിർമ്മാണങ്ങളും നിയമ പരിഷ്കരണങ്ങളുമുൾപ്പെടെ ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചിരുന്നു. വ്യാവസായിക അനുമതിക്കുവേണ്ടി അപേക്ഷ സമർപ്പിച്ച് പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി., കിൻഫ്ര മുതലായ ഏജൻസികൾ മുഖേന അടിസ്ഥാന സൗകര്യങ്ങളും വിവിധ വായ്പ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള നടപടികൾ സർക്കാർ തുടങ്ങിയിട്ടുണ്ട്.

സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനുംവേണ്ടി നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് കിൻഫ്രയുടെ കീഴിൽ, കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി, പെട്രോകെമിക്കൽ പാർക്ക് കൊച്ചി, ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ കാക്കനാട്- കൊച്ചി, സ്പൈസസ് പാർക്ക് ഇടുക്കി, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം കാക്കഞ്ചേരി- മലപ്പുറം, കഴക്കൂട്ടം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി - രണ്ടാംഘട്ടം, എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) 2022 മെയ് 26 മുതൽ 29 വരെ സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിൽ മറ്റുസംസ്ഥാനങ്ങളിൽ നിന്നും മന്ത്രിമാരടക്കമുള്ള പ്രതിനിധികൾ പങ്കെടുത്തപ്പോൾ സംസ്ഥാനത്ത് നിന്നും ആരെല്ലാമാണ് പങ്കെടുത്തത്; വിശദാംശം വെളിപ്പെടുത്തുമോ?

സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ആരും പങ്കെടുത്തില്ല. അന്തർദേശീയ വ്യാവസായിക എക്സിബിഷനുകൾ/കോൺഫറൻസുകൾ, എന്നിവയിൽ ഔദ്യോഗിക ക്ഷണം ലഭിക്കുന്ന മുറയ്ക്ക്, കേന്ദ്രസർക്കാർ അനുമതിക്ക് വിധേയമായി മാത്രമാണ് സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ബഹു. മുഖ്യമന്ത്രിയുടെയോ, വകുപ്പ് മന്ത്രിമാരുടെയോ, വകുപ്പ് തലവന്മാരുടെയോ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം പങ്കെടുക്കാറുള്ളത്.

## 2020-ലെ അസെൻഡ് പ്രോഗ്രാം

131(2471) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ 2020-ൽ കൊച്ചിയിൽ സംഘടിപ്പിച്ച അസെൻഡ് പ്രോഗ്രാം മുഖേന എത്ര തുകയുടെ നിക്ഷേപം കേരളത്തിന് ലഭിച്ചു; ഇവയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതുമൂലം എത്ര പേർക്ക് കൂടുതലായി ഏതെല്ലാം മേഖലകളിൽ തൊഴിൽ ലഭിച്ചു?

(എ&ബി) അസെൻഡ് 2020 ആഗോള നിക്ഷേപ സമ്മേളനത്തിൽ സർക്കാർ/സർക്കാരിൻ കീഴിലുള്ള സ്ഥാപനങ്ങൾ 165 പദ്ധതികളിലായി ആകെ 35,332.33/- കോടി രൂപയുടെ ധാരണാപത്രങ്ങൾ/ താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചിരുന്നത്. ഇതിൽ കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് 151 പദ്ധതികളിലായി 33,301.94 കോടി രൂപയുടെയും കിൻഫ്രയുമായി ബന്ധപ്പെട്ട് 14 പദ്ധതികളിലായി 2030.39 കോടി രൂപയുടെയും ധാരണാപത്രങ്ങൾ/താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചിരുന്നു. ഇതിൽ 1858.58 കോടി രൂപയുടെ 37 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 9345.40 കോടി രൂപയുടെ 53 പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഇതുവരെ നടപ്പിലാക്കിയ 31 പദ്ധതികളിലുമായി ഏകദേശം 2500-ഓളം സ്ഥിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചുവെന്നും 7000-ത്തോളം പേർക്ക് പരോക്ഷമായി തൊഴിൽ ലഭിച്ചുവെന്നും കണക്കുകൂട്ടുന്നു. ഭക്ഷ്യസംസ്കരണം, ആരോഗ്യം, വിവര സാങ്കേതികവിദ്യ, വസ്ത്രനിർമ്മാണം, എഞ്ചിനീയറിംഗ്, നിർമ്മാണ മേഖല, മാലിന്യ സംസ്കരണം, നാളികേര മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം എന്നീ മേഖലകളിലാണ് തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

(സി) നിലവിലുള്ള വ്യവസായിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും നിക്ഷേപം, തൊഴിൽ എന്നിവ വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ വ്യാവസായിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും വ്യവസായ മേഖലയുടെ വളർച്ചയ്ക്കും നിക്ഷേപ-തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി വ്യവസായ സൗഹൃദമായ ഒട്ടേറെ നിയമനിർമ്മാണങ്ങളും നിയമ പരിഷ്കരണങ്ങളുമുൾപ്പെടെ ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചിരുന്നു. വ്യാവസായിക അനുമതിക്കുവേണ്ടി അപേക്ഷ സമർപ്പിച്ച് പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി., കിൻഫ്ര മുതലായ ഏജൻസികൾ മുഖേന അടിസ്ഥാന സൗകര്യങ്ങളും വിവിധ വായ്പ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ ഒഴിവാക്കാനും കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള നടപടികൾ സർക്കാർ

തുടങ്ങിയിട്ടുണ്ട്. സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി തീർപ്പാക്കുന്നതിനും വേണ്ടി നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്ത് കിൻഫ്രയുടെ കീഴിൽ, കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, പെട്രോകെമിക്കൽ പാർക്ക്- കൊച്ചി, ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്- കൊച്ചി, സ്പൈസസ് പാർക്ക്- ഇടുക്കി, ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി- മലപ്പുറം, കഴക്കൂട്ടം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി - രണ്ടാംഘട്ടം, എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.

## ചെറുകിട, സൂക്ഷ്മ വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ

132(2472) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട, സൂക്ഷ്മ വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി ആവിഷ്കരിച്ച മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം വ്യവസായങ്ങൾക്കാണ് പ്രസ്തുത വായ്പ അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ചെറുകിട, സൂക്ഷ്മ വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി ആവിഷ്കരിച്ച മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ചുവടെ കൊടുത്തിരിക്കുന്നു:

സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു.

1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ:

ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ

7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ. (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്, പാർട്ണർഷിപ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് അപ്ഫ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ്. ഒരു വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.

2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ:

നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാകാൻ അർഹത. അവസാന രണ്ടുവർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയുമെന്ന നിലയിലായിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% (floating) പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്.

കൂടാതെ, കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ദ്രവ്യ ലാഭം നേടുന്ന പബ്ലിക്, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ, സംസ്ഥാന, കേന്ദ്ര സർക്കാർ

വകുപ്പുകൾ/ സ്ഥാപനങ്ങളുമായി സംരംഭകർ നടത്തുന്ന യഥാർത്ഥ വ്യാപാര ഇടപാടുകളിൽ നിന്നുണ്ടാകുന്ന ബില്ലുകൾ വാങ്ങുന്നതിനും കിഴിവ് ചെയ്യുന്നതിനും ബിൽ ഡിസ്കൗണ്ടിംഗ് സ്കീം നടപ്പിലാക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ അനുവദിച്ച സാധുവായ കരാറുകൾ വിതരണക്കാരൻ/ കരാറുകാരൻ ഇതിനകം തന്നെ ആരംഭിക്കുകയും സർക്കാരിന്റെ വിജ്ഞാപന ബജറ്റ് വിഹിതം വഴി പദ്ധതിക്ക് ധനസഹായം നൽകുകയും ചെയ്താൽ അവർക്കും ഈ പദ്ധതി ബാധകമാണ്. പ്രസ്തുത സ്കീം മുഖേന നൽകുന്ന ധനസഹായം കോൺട്രാക്ട് /വാങ്ങപ്പെട്ട തുകയുടെ 80% മായി (ചുരുങ്ങിയത് 2 കോടി മുതൽ), മാത്രമല്ല ഒറ്റത്തവണ പരമാവധി 5 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇത് ആകർഷകമായ പലിശ നിരക്കിൽ 100% വരെ ലഭ്യമാക്കാവുന്നതാണ്. ഇത് 1 വർഷത്തിനുള്ളിൽ അല്ലെങ്കിൽ ബില്ലിന്റെ കാലാവധി പൂർത്തിയാകുന്ന തീയതി ഏതാണോ ആദ്യം അന്നേ ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കാവുന്നതാണ്. ഇക്കാര്യത്തിൽ സർക്കാർ നൽകുന്ന പ്രോമിസറി നോട്ടുകൾക്കെതിരെയാണ് ധനസഹായം നൽകുന്നത്. കൂടാതെ കോൺട്രാക്ടർ ലോൺ സ്കീം മുഖേന സംസ്ഥാനത്ത് സർക്കാർ ഏൽപ്പിച്ച കരാറുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സ്ഥാപിതവും

വായ്പായോഗ്യവുമായ അപേക്ഷകർക്ക് ഏറ്റെടുത്ത സർക്കാർ വകുപ്പുകൾ/ സംസ്ഥാനത്തെ ഏജൻസികൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ജോലിയുടെ ചെലവിന്റെ 60% സാമ്പത്തിക സഹായം നൽകും. പ്രസ്തുത പദ്ധതിയുടെ തിരിച്ചടവ് കാലാവധി 3 വർഷമാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക വായ്പയായി നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ച വായ്പയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

ചെറുകിട, സൂക്ഷ്മ വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനായി ആവിഷ്കരിച്ച മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ചുവടെ കൊടുത്തിരിക്കുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു.

1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ:

ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ. (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്, പാർട്ണർഷിപ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് അപ്ഫ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷമാണ്. ഒരു വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്.

2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ:

നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാകാൻ അർഹത. അവസാന രണ്ടുവർഷത്തെ വിറ്റുവരവിന്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയുമെന്ന നിലയിലായിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75%(floating) പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്.

കൂടാതെ, കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ദ്രവ്യ ലാഭം നേടുന്ന പബ്ലിക്, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ, സംസ്ഥാന, കേന്ദ്ര സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങളുമായി സംരംഭകർ നടത്തുന്ന യഥാർത്ഥ വ്യാപാര ഇടപാടുകളിൽ നിന്നുണ്ടാകുന്ന ബില്ലുകൾ വാങ്ങുന്നതിനും കിഴിവ് ചെയ്യുന്നതിനും ബിൽ ഡിസ്കൗണ്ടിംഗ് സ്കീം നടപ്പിലാക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ അനുവദിച്ച സാധുവായ കരാറുകൾ വിതരണക്കാരൻ/ കരാറുകാരൻ ഇതിനകം തന്നെ ആരംഭിക്കുകയും സർക്കാരിന്റെ വിജ്ഞാപന ബജറ്റ് വിഹിതംവഴി പദ്ധതിക്ക് ധനസഹായം നൽകുകയും ചെയ്താൽ

അവർക്കും ഈ പദ്ധതി ബാധകമാണ്. പ്രസ്തുത സ്കീം മുഖേന നൽകുന്ന ധനസഹായം കോൺട്രാക്ട് / വാങ്ങപ്പെട്ട തുകയുടെ 80% മായി (ചുരുങ്ങിയത് 2 കോടി മുതൽ), മാത്രമല്ല ഒറ്റത്തവണ പരമാവധി 5 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇത് ആകർഷകമായ പലിശ നിരക്കിൽ 100% വരെ ലഭ്യമാക്കാവുന്നതാണ്. ഇത് ഒരു വർഷത്തിനുള്ളിൽ അല്ലെങ്കിൽ ബില്ലിന്റെ കാലാവധി പൂർത്തിയാകുന്ന തീയതി ഏതാണോ ആദ്യം അന്നേ ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കാവുന്നതാണ്. ഇക്കാര്യത്തിൽ സർക്കാർ നൽകുന്ന പ്രോമിസറി നോട്ടുകൾക്കെതിരെയാണ് ധനസഹായം നൽകുന്നത്. കൂടാതെ കോൺട്രാക്ടർ ലോൺ സ്കീം മുഖേന സംസ്ഥാനത്ത് സർക്കാർ ഏൽപ്പിച്ച കരാറുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സ്ഥാപിതവും വായ്പായോഗ്യവുമായ അപേക്ഷകർക്ക് ഏറ്റെടുത്ത സർക്കാർ വകുപ്പുകൾ/ സംസ്ഥാനത്തെ ഏജൻസികൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ജോലിയുടെ ചെലവിന്റെ 60% സാമ്പത്തിക സഹായം നൽകും. പ്രസ്തുത പദ്ധതിയുടെ തിരിച്ചടവ് കാലാവധി 3 വർഷമാണ്.

## മഞ്ചേരി മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ

133(2473) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിൽ വ്യവസായവുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

സർക്കാർ പ്രഖ്യാപിച്ച സംരംഭക വർഷത്തിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. പഞ്ചായത്തിൽ ഈ നടപടികൾ ഏകോപിപ്പിക്കാൻ ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്.

(ബി) മഞ്ചേരി നഗരസഭയിൽ പയ്യനാട് പ്രവർത്തിക്കുന്ന കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ പുതുതായി പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

മഞ്ചേരി നഗരസഭയിൽ പയ്യനാട് പ്രവർത്തിക്കുന്ന കോമൺ ഫെസിലിറ്റി സർവീസ് സെന്ററിനെ ആധുനീകരിക്കുന്ന നടപടികൾക്കായി

2022-23 സാമ്പത്തിക വർഷത്തെ കർമ്മ പദ്ധതിയിൽ 28.80 ലക്ഷം രൂപ വകയിരുത്തുന്നുണ്ട്. കൂടാതെ ഇന്റർമിക്സർ അടക്കമുള്ള മെഷിനറികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

**കൊടുവായൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രവർത്തനം**

134(2474) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കൊടുവായൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. നിലവിൽ ഷീറ്റ് മെറ്റൽ വർക്സ്, പ്രെസ്ഡ് മെറ്റൽ കമ്പോണന്റ്സ് തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്ന 4 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(ബി) ഈ സ്ഥാപനം ഏതെങ്കിലും സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ടോ; എത്ര രൂപയാണ് വാടകയിനത്തിൽ ലഭിക്കുന്നതെന്നും എന്നുമുതലാണ് വാടകയ്ക്ക് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ?

ഈ സ്ഥാപനം സ്വകാര്യ വ്യക്തിക്ക് വാടകയ്ക്ക് നൽകിയിട്ടില്ല. 1991 മുതൽ പ്രസ്തുത സ്ഥാപനം ഹയർ പർച്ചേസ് വ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടുണ്ട്.

(സി) ഈ സ്ഥാപനം സർക്കാർ ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘത്തിന് കീഴിലാണ് ടി സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. സർക്കാർ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**സംസ്ഥാനത്തെ വ്യവസായ ഇടനാഴികൾ**

135 (2475) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ ഇടനാഴികൾ ഏതെല്ലാം; ഇതിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ആരംഭിച്ചവ ഏതെല്ലാം?

സംസ്ഥാനത്ത് നിലവിൽ നടപടികൾ പുരോഗമിക്കുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കമിട്ട കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി എന്ന പദ്ധതിക്കുവേണ്ടിയാണ്.

(ബി) ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ വ്യവസായ ഇടനാഴികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലൂടെ കഴിഞ്ഞ സർക്കാർ എത്രപേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കി; തൊഴിലവസരം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

(ബി&സി) മലബാർ മേഖലയുടെ വ്യവസായ വികസനം ലക്ഷ്യമിട്ടുകൊണ്ട് കൊച്ചി-മാംഗ്ലൂർ വ്യവസായ ഇടനാഴി ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി 5 വർഷം കൊണ്ട് പൂർണ്ണ തോതിൽ പ്രവർത്തനസജ്ജമാകുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ

സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുകയെന്നതാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാലക്കാട് ക്ലസ്റ്ററിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വിവിധയിനം വ്യവസായങ്ങളുടെ ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കും. പ്രസ്തുത പദ്ധതി നടപ്പിലാക്കി കഴിയുമ്പോൾ പ്രത്യക്ഷത്തിൽ ഏകദേശം 22,000 തൊഴിലവസരങ്ങളും പരോക്ഷമായി 80,000 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്.

## ടാറ്റാ എലക്സിയുമായി ധാരണാപത്രം

136 (2476) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. ബിസിനസും ഗവേഷണ വികസന സൗകര്യങ്ങളും വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടാറ്റാ എലക്സിയുമായി ഉണ്ടാക്കിയ ധാരണാപത്രമനുസരിച്ച് കെട്ടിട സമുച്ചയ നിർമ്മാണം പൂർത്തിയാക്കി കൈമാറുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കഴിഞ്ഞിട്ടുണ്ട്. 2.17 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള 9 നിലകളുള്ള ഒരു കെട്ടിട സമുച്ചയം നിർമ്മാണം പൂർത്തിയാക്കി IT/ITES അധിഷ്ഠിത പദ്ധതിക്കായി കിൻഫ്ര ടാറ്റാ എലക്സിക്ക് കൈമാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടാറ്റാ എലക്സി കിൻഫ്രയുമായി 27-09-2021-ൽ പാട്ട കരാറിലേർപ്പെട്ടിട്ടുണ്ട്.

(ബി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, വെർച്ചൽ റിയാലിറ്റി, മൊബിലിറ്റി തുടങ്ങിയ മേഖലകളിൽ ഉപഭോക്താക്കൾക്ക് സേവനം നൽകുന്ന ടാറ്റാ എലക്സി ആരംഭിക്കുന്ന പദ്ധതിയിലൂടെ സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉൾപ്പെടെ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശങ്ങൾ നൽകാമോ?

ടി പദ്ധതി നടപ്പിലാകുന്നതോടെ ഏകദേശം 2500 പേർക്ക് നേരിട്ടും 1500-ൽ അധികം പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നു.

## ഒരു ലക്ഷം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രഖ്യാപനം

137 (2477) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-ലെ ബജറ്റിൽ 120 കോടി രൂപ ചെലവിൽ ഒരു ലക്ഷം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം ഏത് നിലയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2022-2023 സംരംഭക വർഷമായി ആചരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ/ഏജൻസികളുടെ സംയോജനത്തോടെ ‘ 2022-23 സാമ്പത്തിക വർഷം 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക’ എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022 മെയ്-ജൂൺ മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംഘടിപ്പിച്ച ഏകദിന ശില്പശാലകളോടെ ഈ പദ്ധതിക്ക് തുടക്കമായി. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണം നടത്താനും തുടർന്ന് താല്പര്യപ്പെട്ടുവരുന്ന ആളുകൾക്ക് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ്

ക്യാമ്പയിനുകൾവഴി ലക്ഷ്യമിടുന്നത്. കേരളത്തിലെ എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാൻ വേണ്ടി ബി.ടെക്/ എം.ബി.എ. യോഗ്യതയുള്ള ഇന്റേണുകളെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേക്ക് നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) സ്വകാര്യ വ്യവസായ പാർക്ക് ഉൾപ്പെടെ വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് വരുന്നുണ്ടോ; വിശദമാക്കാമോ?

02-04-2022-ലെ G.O.(Ms)No31/2022/ID സർക്കാർ ഉത്തരവ് പ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീമിന് സർക്കാർ അംഗീകാരം നൽകി.

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 പാസ്സാക്കിയിട്ടുണ്ട്. ഇതുകൂടാതെ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലും നിന്നും 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് 2019-ൽ നിലവിൽ വന്നിട്ടുണ്ട്.

(സി) കേരളത്തിന്റെ തനത് കാർഷികോൽപ്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

സൂക്ഷ്മ വിഭാഗത്തിൽപെടുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസ്സസിംഗ് എന്റർപ്രൈസ് (PMFME) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്റ്റ് മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. യോഗ്യതയുള്ള പ്രോജക്ടിന്റെ സ്ഥിരമൂലധനത്തിന്മേൽ 35%, പരമാവധി പരിധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് സഹായം ലഭിക്കുന്നത്. ഇതിനുപുറമേ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായി ഫിഷറീസ്, കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന സംരംഭകത്വ പദ്ധതികൾ കണ്ടെത്തി സംരംഭം തുടങ്ങുന്നവരിൽ എത്തിക്കാൻ ഇന്റേണുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ഭക്ഷ്യ സംസ്കരണ ഉല്പ്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കാനായി സംസ്ഥാനതലത്തിൽ അഗ്രോ ഫുഡ് പ്രോ എക്സിബിഷൻ നടത്തിവരുന്നു. കൂടാതെ ജില്ലാ തലങ്ങളിൽ നടത്തി വരുന്ന എം.എസ്.എം.ഇ. എക്സിബിഷനുകളിൽ ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് പ്രത്യേക പരിഗണനയും നൽകിവരുന്നുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് പുനലൂർ മണ്ഡലത്തിൽ മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായുള്ള ഒരു ഷെൽട്ടർ ഹോമിനോട് ചേർന്ന് അമ്മമാർക്കായി ഒരു വ്യാവസായിക തൊഴിൽ കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ?

ഉണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ കിൻഫ്ര പാർക്കിനായുള്ള ഭൂമി**

138(2478) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്ര കണ്ടെത്തിയ 95.47 ഏക്കർ ഭൂമി

ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് ചിറക്കര, പരവൂർ വില്ലേജ് ഓഫീസർമാർ പുതിയ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ കിൻഫ്ര, കൊല്ലം ജില്ലയിലെ പറവൂർ, ചിറക്കര വില്ലേജുകളിൽപെട്ട 95.47 ഏക്കർ ഭൂമി കണ്ടെത്തുകയും ടി ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുകയും 20-04-2010-ന് കൊല്ലം ജില്ലാ കളക്ടർക്ക് കിൻഫ്ര അർത്ഥനാപത്രം അയയ്ക്കുകയും ചെയ്തു. എന്നാൽ ഏറ്റെടുക്കാൻ ഉദ്ദേശിച്ച ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം "നിലം" ഇനത്തിൽ പെട്ടതായതിനാൽ നെൽവയൽ തണ്ണീർതടസംരക്ഷണ നിയമത്തിന്റെ പരിധിയിൽനിന്നും മാറ്റി കിട്ടുന്നതിനുവേണ്ടി പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്ര 27-05-2013-ന് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പ്രാദേശിക നിരീക്ഷണ സമിതി ചില വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷ പരിഗണിക്കാവുന്നതാണെന്ന ശിപാർശ 20-09-2017-ന്

തിരുവനന്തപുരം കാർഷികോത്പാദന കമ്മീഷണർക്ക് സമർപ്പിച്ചതായും 29-01-2018-ൽ കൂടിയ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ സംസ്ഥാനതല സമിതി നടപടി യോഗം പ്രസ്തുത ശിപാർശ നിരസിക്കുകയും പകരം മറ്റു ഭൂമി കണ്ടുപിടിക്കുന്നതിന് ജില്ലാ ഭരണകൂടം മുൻകയ്യെടുക്കേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കണ്ടെത്തിയ ഭൂമിയുടെ പകുതിയിലേറെയും ഇത്തരത്തിൽ തണ്ണീർതടനിയമത്തിന്റെ പരിധിയിൽപ്പെട്ടതിനാൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് പ്രായോഗികമല്ല. ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് റിപ്പോർട്ടൊന്നും ലഭിച്ചിട്ടില്ല.

## കിൻഫ്ര വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിന് നടപടി

139(2479) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ നവോദയകുന്നിൽ കിൻഫ്ര വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ?

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ മൊകേരി, ചെറുവാഞ്ചേരി, പുത്തൂർ വില്ലേജിൽപ്പെട്ട 506 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം 11(1) പ്രകാരമുള്ള തിരുത്തൽ വിജ്ഞാപനം 30-11-2021-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടിക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകായെന്ന് വിശദമാക്കുമോ?

ഏറ്റെടുക്കൽ നടപടിക്ക് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(സി) കിൻഫ്ര വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കിൻഫ്ര വ്യവസായ പാർക്കുകൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനായി പൊന്നും വില തഹസിൽദാരുടെയും റവന്യൂ അധികാരികളുടെയും നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലെ സംരംഭങ്ങൾ

140(2480) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലെ എത്ര സംരഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

"സംരംഭക വർഷം" പദ്ധതിയുടെ വിവരശേഖരണത്തിനായി തയ്യാറാക്കിയ ഓൺലൈൻ പോർട്ടലിലെ കണക്കുകൾ പ്രകാരം 2022-23 വർഷം സംസ്ഥാനത്ത് 05-07-2022 വരെ 33379 സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം എത്ര എം.എസ്.എം.ഇ. ആണ് ലക്ഷ്യമിടുന്നതെന്നും ആ ലക്ഷ്യത്തിലേക്ക് എപ്പോൾ എത്തിച്ചേരാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ?

2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കർമ്മ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുവരുന്നത്. ഈ സാമ്പത്തിക

വർഷാവസാനത്തോടുകൂടി പൂർണ്ണമായും ലക്ഷ്യത്തിലേക്ക് എത്തിച്ചേരാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) കേരളത്തിലെ എം.എസ്.എം.ഇ.-കൾക്ക് രാജ്യവ്യാപക വിപണി ഉറപ്പാക്കാൻ വ്യവസായ വകുപ്പ് എന്തെല്ലാം കാര്യങ്ങൾ ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും ദേശീയ അന്തർദേശീയ വിപണി ലഭ്യത ലക്ഷ്യമിട്ട് വ്യവസായ വകുപ്പിനുവേണ്ടി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഒരു ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും നിലവിൽ B2B exhibitions നടത്തി വരുന്നു. കേരളത്തിലെ വാണിജ്യ മേഖലയുടെ പ്രോത്സാഹനം, വികസനം, സംസ്ഥാനത്തിലെ തനതായ ഉല്പന്നങ്ങൾക്ക് ആഗോള വിപണി

കണ്ടെത്തൽ തുടങ്ങി വിവിധ ലക്ഷ്യങ്ങളെ മുൻനിർത്തി വാണിജ്യ മിഷന് സർക്കാർ രൂപം നല്കിയിട്ടുണ്ട്.

കൂടാതെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പുതിയ പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിലെ 'പ്രത്യേക പദ്ധതി'കളുടെ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ കരട് മാർഗ്ഗരേഖ തയ്യാറാക്കിവരുന്നു.

**ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായങ്ങൾ**

141(2481) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും എന്തെല്ലാം സഹായങ്ങളും സേവനങ്ങളുമാണ് സംരംഭകർക്ക് നൽകി വരുന്നത്?

സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് വഴി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി (ESS)

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

3. ചെറുകിട യൂണിറ്റുകൾക്ക്  നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി

4. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി

5. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി

6. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

7. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി.

2022- 23 വർഷത്തെ ബഡ്ജറ്റിൽ എം.എസ്.എം.ഇ. മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

കൂടാതെ ചെറുകിട വ്യവസായ മേഖലയുടെ പുരോഗമനത്തിനായി താഴെപ്പറയുന്ന സേവനങ്ങളും വകുപ്പുവഴി നടപ്പിലാക്കി വരുന്നുണ്ട്.

1. സംരംഭം ആരംഭിക്കാനാവശ്യമായ ഭൂമി സംരംഭകർക്ക് ലഭ്യമാക്കുന്നതിനും അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ നല്കുന്നതിനുമായി വ്യവസായ വകുപ്പ് വിവിധ ജില്ലകളിലായി വ്യവസായ എസ്റ്റേറ്റുകളും വ്യവസായ പാർക്കുകളും സജ്ജീകരിച്ചിട്ടുണ്ട്.

2. കുറഞ്ഞ സ്ഥലത്ത് കൂടുതൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചുവരുന്നു.

3. സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവാദവും പ്രോത്സാഹനവും നൽകുന്നു.

4. സംരംഭകർക്കാവശ്യമായ ശേഷി വികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പരിശീലന പരിപാടികൾ, സംരംഭർക്കുള്ള ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, തദ്ദേശ സ്ഥാപനങ്ങളിലേക്കും മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റുകളിലേക്കും ഏജൻസികളിലേക്കും സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, വകുപ്പിലെ ഓഫീസർമാർക്കുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ എന്നിവ നടത്തി വരുന്നു.

5. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ

ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നല്കുകയും ചെയ്യുന്നു.

6. സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും മുൻഗണന നല്കിയിട്ടുണ്ട്.

7. സംരംഭം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കേണ്ട അനുമതികൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള ഏകജാലക പോർട്ടൽ.

8. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്നും 3 വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയംസാക്ഷ്യപത്രം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻ തന്നെ കെ-സ്വിഫ്റ്റ് പോർട്ടൽ വഴി ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു.

9. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സഹായിക്കുന്നതിനായി ജില്ലകളിൽ എം.എസ്.എം.ഇ. എക്സിബിഷനുകൾ നടത്തിവരുന്നു. ഇതുകൂടാതെ സംരംഭകർക്ക് ആവശ്യമായ യന്ത്രങ്ങൾ പരിചയപ്പെടുത്തുന്നതിന് സംസ്ഥാന തലത്തിൽ മെഷീനറി എക്സ്പോയും ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പ്രദർശനവിപണനത്തിനായി അഗ്രോ ഫുഡ് പ്രൊ-യും നടത്തി വരുന്നു.

10. വിവര സാങ്കേതികവിദ്യയിൽ പ്രത്യേക പരിഗണന നൽകിക്കൊണ്ട് വിവിധ സേവനങ്ങളും പദ്ധതികളും ഓൺലൈൻ വഴിയാക്കിയിട്ടുണ്ട്.

11. സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും വാണിജ്യ മേഖലയിലെ സുസ്ഥിര വികസനത്തിനും കേരളത്തിൽ നിന്നുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്കായി ദേശീയ അന്തർ ദേശീയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനുമായി സംസ്ഥാന സർക്കാർ വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്.

12. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിൽ കൊണ്ടു വന്നിട്ടുണ്ട്.

13. കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999 -ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 2021-ലെ ഭേദഗതി പ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

14. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

15. താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച് പ്രവർത്തനം നടന്നുവരുന്നു.

16. കൂടാതെ 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള

ഒരു ബൃഹത്തായ പദ്ധതി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു.

(ബി) പുതിയ സംരംഭകർക്ക് പ്രയോജനം ലഭ്യമാക്കാനുതകുന്നവിധം ഓരോ വർഷവും ആരംഭിച്ച ചെറുകിട വ്യവസായങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രസിദ്ധീകരണം വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിച്ച് വരുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

പ്രസിദ്ധീകരണമില്ല. എന്നാൽ സംസ്ഥാനത്തെ നിലവിലുള്ള സംരംഭങ്ങളുടെ സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനമായ വ്യവസായ ജാലകം പോർട്ടൽ, ഓരോ വർഷവും സംസ്ഥാനത്ത് ആരംഭിക്കുന്ന സംരംഭങ്ങളുടെ കണക്കുകൾ ശേഖരിക്കുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്.) സംവിധാനം, 2022-23 സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരശേഖരണത്തിനായി തയ്യാറാക്കിയ ഓൺലൈൻ പോർട്ടൽ എന്നിവ വ്യവസായ വകുപ്പിന് കീഴിൽ നിലവിലുണ്ട്.

## പരമ്പരാഗത വ്യവസായങ്ങൾ

142(2482) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, കയർ, കശുവണ്ടി, കരകൗശലം എന്നീ മേഖലകളെ ആശ്രയിച്ച് എത്രപേർ പ്രവർത്തിച്ചു വരുന്നു; അവരുടെ ശരാശരി മാസവരുമാനം എത്ര രൂപയെന്ന് കണക്കാക്കിയിട്ടുണ്ടോ?

അസംഘടിതരായുള്ള തൊഴിലാളികളാണ് കരകൗശല മേഖലയിൽ കൂടുതലും തൊഴിൽ ചെയ്ത് ജീവിക്കുന്നത്. വിവിധ കരകൗശല തൊഴിലിൽ ഏർപ്പെട്ട് ജീവിതമാർഗ്ഗം കണ്ടെത്തുന്ന 9000-ത്തോളം തൊഴിലാളികളുണ്ട്. ഇവർ ഡെവലപ്മെന്റ് കമ്മീഷണർ ഹാന്റി ക്രാഫ്റ്റ്സ്, ന്യൂഡൽഹി നൽകിയിട്ടുള്ള ഐ.ഡി. കാർഡ് (പെഹചാൻ കാർഡ്) ഉള്ളവരും കോർപ്പറേഷൻ സംഘടിപ്പിച്ച വിവിധ പരിപാടികളിൽ പങ്കെടുത്തിട്ടുള്ളവരുമാണ്. ഇവർക്ക് ഏകദേശം 10,000/-രൂപ മുതൽ 15,000/-രൂപ വരെ മാസവരുമാനം ലഭിക്കുന്നവരാണ്.

കയർ മേഖലയിൽ 61,462 തൊഴിലാളികൾ പ്രവർത്തിച്ചുവരുന്നു. അവരുടെ ശരാശരി മാസവരുമാനം 5000/- മുതൽ 7000/- രൂപ വരെയാണ്.

കൈത്തറി മേഖലയെ ആശ്രയിച്ച് സംസ്ഥാനത്ത് 16,387 പേർ പ്രവർത്തിച്ചുവരുന്നു. കൈത്തറി മേഖലയിലെ വരുമാനം അവരുടെ ഉൽപ്പാദനത്തിന് അനുസൃതമായാണ് ലഭിക്കുന്നത്. നൂലിന്റെ തരവും വസ്ത്രത്തിന്റെ വീതിയും അനുസരിച്ച് 4 മീറ്റർ മുതൽ പരമാവധി 10 മീറ്റർ വരെ വസ്ത്രം പ്രതിദിനം നെയ്യുവാൻ കഴിയും. നെയ്ത്തിന് മീറ്ററിന് 25 രൂപ മുതൽ 100 രൂപ വരെ കൂലി ലഭിക്കുന്നതാണ്. ഇത് സംഘങ്ങൾതോറും വ്യത്യാസപ്പെട്ടു കൊണ്ടുമിരിക്കും. ആയതിനാൽ ശരാശരി വരുമാനം കണ്ടെത്തുക പ്രായോഗികമല്ല. എന്നാൽ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം ഷർട്ടിംഗിന് പ്രതിമീറ്റർ 56.78 രൂപയും സ്യൂട്ടിംഗിന് 68.53 രൂപയുമാണ് കൂലിയായി നെയ്ത്തുകാർക്ക് സംസ്ഥാനത്ത് ഏകീകൃതമായി നൽകിവരുന്നത്. ഷർട്ടിംഗ്/സ്യൂട്ടിംഗ് പരമാവധി 5 മുതൽ 6 മീറ്റർ വരെ ഒരു ദിവസം നെയ്യുവാൻ കഴിയും. അപ്രകാരം കണക്കാക്കിയാൽ നെയ്ത്തുകാർക്ക് ശരാശരി 342 രൂപ പ്രതിദിനവും ശരാശരി 8547 രൂപ പ്രതിമാസവും വരുമാനം ലഭിക്കുന്നതായി കണക്കാക്കാവുന്നതാണ്.

കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പക്സ് സഹകരണ സംഘത്തിൽ (സുരഭി) 38 പ്രാഥമിക കരകൗശല സഹകരണ സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. ഒരു മാർക്കറ്റിംഗ് സ്ഥാപനമായ സുരഭിയുടെ കീഴിൽ നേരിട്ട് കരകൗശല തൊഴിലാളികൾ ജോലി ചെയ്യുന്നില്ല. ഈ സംഘങ്ങളിലായി ഏകദേശം 3000-ത്തിലധികം കരകൗശല തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. ഏകദേശം 10000-15000/-രൂപ വരെ മാസവരുമാനം ലഭിച്ചുവരുന്നു.

കാപ്പെക്സിൽ തൊഴിലാളികളും ഓഫീസ് സ്റ്റാഫുമായി 4124 പേർ ജോലി ചെയ്യുന്നു. പ്രതിമാസം 24 തൊഴിൽദിനങ്ങൾ നൽകിയാൽ മറ്റ് ആനുകൂല്യങ്ങൾക്ക് പുറമേ 8400 രൂപ ശരാശരി വരുമാനം ഒരു കശുവണ്ടി തൊഴിലാളിക്ക് ലഭിക്കും.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷനിൽ ആകെ 11738 പേർ പ്രവർത്തിച്ചുവരുന്നു. ഇതിൽ 11041 പേർ ദിവസ ശമ്പള തൊഴിലാളി തസ്തികയിലും 607 പേർ ഫാക്ടറി സ്റ്റാഫ് തസ്തികകളിലും 90 പേർ ഹെഡ്

ഓഫീസ് തസ്തികയിലുമാണ് പ്രവർത്തിക്കുന്നത്. ഇവരിൽ ദിവസ ശമ്പള തൊഴിലാളികൾക്ക് പ്രതിദിന വരുമാനം ഏകദേശം 356 രൂപയാണ്. പ്രവർത്തി ദിനങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രമേ ഇവരുടെ മാസവരുമാനം കണക്കാക്കാൻ കഴിയുകയുള്ളൂ. മാസശമ്പളക്കാരായ സ്റ്റാഫ് അംഗങ്ങളുടെ ശരാശരി മാസവരുമാനം 16500 രൂപയാണ് ശമ്പളയിനത്തിൽ ലഭിക്കുന്നത്.

(ബി) ഉണ്ടെങ്കിൽ അവരുടെ പ്രതിമാസ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

കരകൗശല മേഖലയിൽ ജോലിയെടുത്ത് ഉപജീവനം നടത്തുന്നവരുടെ ഉന്നമനത്തിനായും വരുമാന വർദ്ധനയ്ക്കുമായി നിലവിൽ കോർപ്പറേഷൻ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള 19 ഷോറൂമുകളിലൂടെ കരകൗശല ഉൽപന്നങ്ങൾ വിൽക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതു കൂടാതെ 2022-23 സാമ്പത്തിക വർഷം കരകൗശല ഉൽപന്നങ്ങൾക്ക് 10 മുതൽ 15 % വരെ വില കൂട്ടി നൽകിയിട്ടുണ്ട്. അതുവഴി കരകൗശല തൊഴിലാളികൾക്ക് വരുമാന വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ ദിവസ വേതനം കയറിന്റെ

ത്തുക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കയറിന്റെ ഉല്പാദനം വർദ്ധിച്ച തോതിൽ നടക്കുന്ന പ്രോജക്ടുകളിൽ ദിവസ വേതനം 500/- രൂപയായി ഉയർന്നിട്ടുണ്ട്. പരമ്പരാഗത റാട്ടുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ദിവസവേതനം 300/-ൽ നിന്നും 350/- രൂപയായി ഉയർത്തിയിരുന്നു. ഇതിന്റെ ഒരു ഭാഗം (പരമാവധി 110/- രൂപ) സർക്കാർ ധനസഹായമായി വരുമാനം ഉറപ്പാക്കൽ പദ്ധതിയിലൂടെ നൽകി വരുന്നു. 2016-17 മുതൽ 2021-22 വരെ 107.60 കോടി രൂപ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ നടപ്പിലാക്കിവരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിൽ ചേർന്നിട്ടുള്ള നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും മെച്ചപ്പെട്ട വരുമാനവും ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ Income Support Scheme, Production incentive, Marketing incentive Scheme എന്നീ പദ്ധതികളിലൂടെയും കൈത്തറി തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിലാളികൾക്ക് തുടർച്ചയായി പരമാവധി തൊഴിൽ ദിനങ്ങൾ നൽകുവാൻ കാപ്പെക്സ് ശ്രമിക്കുന്നു. സർക്കാർ വർഷാവർഷം പദ്ധതി

വിഹിതത്തിൽ മതിയായ ധനസഹായം വകയിരുത്തി കാപ്പെക്സിന് നൽകിയിരുന്നു. കഴിഞ്ഞ സർക്കാർ കാലയളവിൽ 2016 ജൂൺ മുതൽ ഡിസംബർ 31 വരെ 63 തൊഴിൽ ദിനങ്ങളും 2017 കലണ്ടർ വർഷം 158 തൊഴിൽ ദിനങ്ങളും 2018 കലണ്ടർ വർഷം 181 തൊഴിൽ ദിനങ്ങളും 2019 കലണ്ടർ വർഷം 214 തൊഴിൽ ദിനങ്ങളും കാപ്പെക്സ് തൊഴിലാളികൾക്ക് നൽകി. കോവിഡ് കാലമായിരുന്നിട്ടും 2020-ൽ 160 തൊഴിൽ ദിനങ്ങളും 2021 ൽ 140 തൊഴിൽ ദിനങ്ങളും കാപ്പെക്സ് നൽകി. 2022 ൽ ജൂൺ 29 വരെ 70 തൊഴിൽ ദിനങ്ങൾ നൽകിക്കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാപ്പെക്സ് ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിച്ചുവരികയാണ്.

കശുവണ്ടി വികസന കോർപ്പറേഷനിൽ തൊഴിലാളികളുടെ ശമ്പളം മിനിമം വേജസ് നോട്ടിഫിക്കേഷനിലൂടെയും സ്റ്റാഫിന്റെ ശമ്പളം കാഷ്യൂ ഐ.ആർ.സി. കരാറിലൂടെയുമാണ് വർദ്ധിപ്പിച്ച് നൽകുന്നത്. കൂടുതൽ തൊഴിൽദിനങ്ങൾ നൽകിയും ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും തൊഴിലാളികളുടെ പ്രതിദിന വേതനത്തിൽ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി, കേരള സർക്കാരിനാൽ, 2017 ഒക്ടോബർ 9-ാം തീയതി രൂപീകൃതമായ സ്ഥാപനമാണ് കേരള കാഷ്യൂ ബോർഡ്. ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും കൂടുതൽ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകുകയാണ് ബോർഡ് ചെയ്യുന്നത്. തത്ഫലമായി വരും വർഷങ്ങളിൽ കൂടുതൽ തൊഴിൽദിനങ്ങൾ കശുവണ്ടി തൊഴിലാളികൾക്ക് ലഭ്യമാക്കത്തക്ക രീതിയിലുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി കശുവണ്ടി രംഗത്തെ തൊഴിലാളികളുടെ ശമ്പളം മിനിമം വേജസ് നോട്ടിഫിക്കേഷനിലൂടെയും, സ്റ്റാഫിന്റെ ശമ്പളം കാഷ്യൂ ഐ.ആർ.സി. കരാറിലൂടെയുമാണ് വർദ്ധിപ്പിച്ച് നൽകുന്നത്.

(സി) ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമപ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കോർപ്പറേഷന്റെ പൊതുസേവനകേന്ദ്രത്തിൽ (സി.എഫ്.സി.) കരകൗശല ഉൽപന്നങ്ങൾ നിർമ്മിക്കുന്ന കരകൗശല തൊഴിലാളികളുടേയും കുടുംബാംഗങ്ങളുടേയും ക്ഷേമത്തിനായി തൊഴിലാളികൾക്ക് നൽകുന്ന കൂലിയുടെ 18% തൊഴിലാളി വിഹിതവും തുല്യമാനേജ്മെന്റ് വിഹിതവും ചേർന്നുള്ള ക്ഷേമനിധിഫണ്ടിൽ നിന്നും തൊഴിലാളിയുടേയും ഭാര്യയുടേയും ചികിത്സാ ചെലവിനും മക്കളുടെ പഠനം, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്കും തിരിച്ചടവില്ലാത്ത അഡ്വാൻസ് നൽകി വരുന്നുണ്ട്.

വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, ശാരീരിക അവശതയുള്ള പ്രത്യേക ധനസഹായം, താൽക്കാലിക അസ്വാധീനം, അപകട മരണ നഷ്ടപരിഹാരം, ശവസംസ്കാര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, കയർ തൊഴിലാളി പെൻഷൻ, കുടുംബ പെൻഷൻ, വിരമിക്കൽ ആനുകൂല്യം, കോവിഡ്-19 ആശ്വാസ ധനസഹായം, തുടങ്ങി ഒട്ടേറെ ക്ഷേമപദ്ധതികൾ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു.

കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന നെയ്ത്തുകാർ/ജീവനക്കാർ എന്നിവർക്ക് താഴെപ്പറയുന്ന ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

Converged Mahatma Gandhi Bunkar Bima Yojana (Converged MGBBY): 51-59 വയസ്സ് പ്രായമുള്ളവർക്കും നിലവിൽ പുതുതായി ചേരുന്നവർക്കും ഇൻഷ്വറൻസ് പരിരക്ഷയും ആക്സിഡന്റ്മൂലമുള്ള മരണമോ/ അംഗഭംഗമോ സംഭവിച്ചാൽ 60,000/- രൂപ മുതൽ 1,50,000/- ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയാണിത്. (ഇതിൽ കേന്ദ്ര വിഹിതം 290/- രൂപയും സംസ്ഥാന സർക്കാർ/ ഗുണഭോക്തൃ വിഹിതം -180/- രൂപയുമാണ്.

Pradhan Mantri Jeevan Jyoti Bima Yojana (PMJJBY):-18-50 വയസ്സ് പ്രായപരിധിയിലുള്ള ഇൻഷ്വർ ചെയ്ത ജീവനക്കാർക്ക്/നെയ്ത്തുകാർക്ക് ഏതെങ്കിലും കാരണവശാൽ മരണം സംഭവിച്ചാൽ 2 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന പദ്ധതിയാണിത്. ഒരു വർഷത്തേയ്ക്ക് പരിരക്ഷ ലഭിക്കുന്ന ഈ പദ്ധതി വർഷാവർഷം പുതുക്കേണ്ടതാണ്. (ഇതിൽ കേന്ദ്ര വിഹിതം 150/- സംസ്ഥാന സർക്കാർ/ ഗുണഭോക്തൃ വിഹിതം 180/- രൂപയുമാണ്.)

Pradhan Mantri Suraksha Bima Yojana (PMSBY): 18-70 വയസ്സ് പ്രായ പരിധിയിലുള്ളവരായിരിക്കും അർഹർ. കൈത്തറി നെയ്ത്തുകാർക്കോ

ജീവനക്കാർക്കോ അപകടംമൂലം മരണം/അംഗഭംഗമോ സംഭവിച്ചാൽ 1 ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണിത്.

**അംശദാന സമ്പാദ്യ പദ്ധതി (Contributory Thrift Fund)**

സംസ്ഥാന സർക്കാരിന്റെ മറ്റൊരു സാമൂഹ്യ സുരക്ഷാ പദ്ധതിയാണിത്. കൈത്തറി മേഖലയിലെ തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനും പ്രോത്സാഹനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്. ചികിത്സ, വിവാഹം, മക്കളുടെ വിദ്യാഭ്യാസം മുതലായ ആവശ്യങ്ങൾക്കുള്ള ധനസഹായം ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. നെയ്ത്ത് തൊഴിലാളികളുടെ കൂലിയുടെ 8% തുക ഇതിലേയ്ക്കായി ഈടാക്കുകയും അത്രയും തന്നെ തുക സർക്കാരിൽനിന്നും ലഭ്യമാക്കുകയും ചെയ്യുന്നു. ഈ ഫണ്ടിൽ നിന്നും രണ്ട് വർഷത്തിനുശേഷം തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി വായ്പകളായും 10 വർഷത്തിനുശേഷം ഭാഗികമായി തുക പിൻവലിക്കുകയും ചെയ്യാവുന്നതാണ്.

ഡെവലപ്മെന്റ് കമ്മിഷണർ ഹാന്റിക്രാഫ്റ്റ്സിന്റെ, ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ശിൽപ്പികളെ ഇൻഷ്വറൻസ് പദ്ധതിയിൽ

അംഗങ്ങളാക്കി ചേർത്തിട്ടുണ്ട്. കൂടാതെ കരകൗശല തൊഴിലാളികളുടെ വൈദഗ്ധ്യ വികസനത്തിനായി ഡിസൈൻ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വീടും പണിപുരയും എന്ന പദ്ധതി സുരഭി വഴി കരകൗശല തൊഴിലാളികൾക്കായി നടപ്പിലാക്കിയിട്ടുണ്ട്.

കാപ്പെക്സിലെ മുഴുവൻ തൊഴിലാളികൾക്കും വേതനം, ബോണസ്, ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങൾക്ക് പുറമേ ഇ.എസ്.ഐ., ഇ.പി.എഫ്. ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നു. അതിലൂടെ തൊഴിലാളിക്കും കുടുംബാംഗങ്ങൾക്കും ഇ.എസ്.ഐ., കശുവണ്ടി ക്ഷേമനിധി പരിരക്ഷകൾ ലഭിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് മുതലായ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

കശുവണ്ടി വികസന കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കായി സാമൂഹിക സുരക്ഷാപദ്ധതികളായ ഇ.എസ്.ഐ., ഇ.പി.എഫ്., കശുവണ്ടി തൊഴിലാളി ആശ്വാസക്ഷേമനിധി പദ്ധതികളിൽ നിന്നും ചികിത്സയും പെൻഷനും മറ്റാനുകൂല്യങ്ങളും ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിരമിക്കുന്ന സമയത്ത് ഗ്രാറ്റുവിറ്റി

ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും യഥാസമയം തന്നെ നൽകുന്നതിനുള്ള നടപടികളും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി തൊഴിലാളികൾക്ക് വേതനം, ബോണസ്, ഗ്രാറ്റുവിറ്റി എന്നീ ആനുകൂല്യങ്ങൾക്ക് പുറമെ ഇ.എസ്.ഐ., പി.എഫ്. എന്നിവയും 20 ദിവസം കൂടുമ്പോൾ ഒരു ദിവസം വേതനത്തോടുകൂടിയുള്ള അവധിയും, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ദിനം, ഗാന്ധിജയന്തി, മെയ്ദിനം ഉൾപ്പടെ 13 അവധികളും നൽകുന്നുണ്ട്. ഇതു കൂടാതെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് താഴെപ്പറയുന്ന ആനുകൂല്യങ്ങളും നൽകുന്നുണ്ട്.

**സ്കോളർഷിപ്പ്**

പ്ലസ് വൺ -500/- രൂപ, ഡിഗ്രി/തത്തുല്യം 750/- രൂപ, പി.ജി /തത്തുല്യം-1000/-രൂപ, പ്രൊഫഷണൽ കോഴ്സ്- 1,500/- രൂപ, പി.എച്ച്.ഡി. 2,000,/-രൂപ.

**ക്യാഷ് അവാർഡ്**

പത്താം ക്ലാസ്സ് -ഒന്നാം സ്ഥാനം (10 എ+)- 1500/- രൂപ, പത്താം ക്ലാസ്സ് -രണ്ടാം സ്ഥാനം (9 എ+,1 എ)- 1,200/- രൂപ, പ്ലസ് വൺ - ഒന്നാം

സ്ഥാനം - 6 എ+)- 2,000/- രൂപ, ഡിഗ്രി/ തത്തുല്യം- 3,000/- രൂപ, പി.ജി /തത്തുല്യം/പ്രൊഫഷണൽ കോഴ്സ് -5,000/- രൂപ, വിവാഹ ധനസഹായം- 5000/-രൂപ, പ്രസവാനുകൂല്യം -3000/-രൂപ മുതൽ 15,000/-രൂപ വരെ, ചികിത്സാ ധനസഹായം -2,500/-രൂപ, പെൻഷൻ പ്രതിമാസം 1,500/-രൂപ നിരക്കിൽ, ശവസംസ്കാര സാമ്പത്തിക സഹായം-തൊഴിലാളി മരണപ്പെട്ടാൽ നോമിനിക്ക് -2,000/-രൂപ, പെൻഷണർ മരണപ്പെട്ടാൽ നോമിനിക്ക് -1000/-രൂപ, പ്രകൃതി ദുരന്ത ധനസഹായം- 10,000/-രൂപ.

(ഡി) ഇതിനായി പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ക്ഷേമപദ്ധതികൾക്കായി പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 606.20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

2017-2018- 96.24 ലക്ഷം, 2018-2019- 103.06 ലക്ഷം, 2019-2020 - 59.76 ലക്ഷം, 2020-2021- 133.40 ലക്ഷം, 2021-2022 - 250.07 ലക്ഷം എന്നിങ്ങനെ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ക്ഷേമ പദ്ധതികൾക്കായി കൈത്തറി ഡയറക്ടറേറ്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

13-ാം പഞ്ചവത്സര കാലയളവിൽ കാപ്പെക്സിന്റെ സുഗമമായ പ്രവർത്തനത്തിന് സർക്കാർ ധനസഹായമായി 60.85 കോടി രൂപ ലഭിച്ചിരുന്നു. ഇവ തോട്ടണ്ടി വാങ്ങാനും ബോണസ് നൽകാനും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണത്തിനും ബ്രാൻഡ് വികസനത്തിനും ഗ്രാറ്റുവിറ്റി വിതരണത്തിനും കാഷ്യൂ ബോർഡിൽ മൂലധനമായും ഉപയോഗിച്ചു.

കശുവണ്ടി വികസന കോർപ്പറേഷനിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനായി 55.50 കോടി രൂപ അനുവദിച്ചതിൽ 47.50 കോടി രൂപ വിനിയോഗിച്ചു. ബ്രാൻഡ് ബിൽഡിംഗും മാർക്കറ്റ് അവബോധവും എന്നതിലേയ്ക്ക് 1.25 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

2017-18- 15.00 കോടി രൂപ, 2018-19- 9.50 കോടി രൂപ, 2019-20- NIL, 2020-21- 53.30 കോടി രൂപ, 2021-2022- 37.30 കോടി രൂപ എന്നിങ്ങനെ കാഷ്യൂ ബോർഡിന് നൽകിയിട്ടുണ്ട്.

## സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയുടെ വളർച്ച

143(2483) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയുടെ വളർച്ച എത്ര ശതമാനമായിരുന്നു?

വ്യവസായ വാണിജ്യ വകുപ്പിലെ എം.ഐ.എസ്. സംവിധാനത്തിലെ കണക്കുകൾ പ്രകാരം 2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിൽ ആരംഭിച്ച സംരംഭങ്ങളുടെ വളർച്ച സംബന്ധിച്ച പട്ടിക തിരിച്ചുള്ള വിവരങ്ങൾ താഴെപ്പറയുന്നു.

| വർഷം | ആരംഭിച്ച MSME സംരംഭങ്ങളുടെ എണ്ണം | വളർച്ച ശതമാനത്തിൽ |
|---|---|---|
| 2015-16 | 15492 | - 05.70 |
| 2016-17 | 15535 | 0.28 |

| | | |
|---|---|---|
| 2017-18 | 15468 | -0.43 |
| 2018-19 | 13826 | -10.62 |
| 2019-20 | 13695 | -0.95 |
| 2020-21 | 11540 | -15.74 |
| 2021-22 | 15285 | 32.45 |

2015-16 മുതൽ 2017-18 വരെ സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിൽ ശ്രദ്ധേയമായ നേട്ടം നിലനിർത്തിയിരുന്നു. എന്നാൽ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിലും 2020-21 വർഷാദ്യം മുതൽ തുടരുന്ന കോവിഡ് മഹാമാരിയുടെയും പശ്ചാത്തലത്തിൽ പുതുതായി ആരംഭിക്കുന്ന സംരംഭങ്ങളിൽ കുറവ് സംഭവിച്ചിരുന്നു. എന്നാൽ 2021-22 വർഷം ഈ മേഖലയിൽ വീണ്ടും കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ എത്ര തുകയുടെ നിക്ഷേപമുണ്ടായി, പുതുതായി എത്ര യൂണിറ്റുകൾ ആരംഭിച്ചു, എത്ര യൂണിറ്റുകൾ പ്രവർത്തനം നിലച്ചു എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുമോ?

ഈ കാലയളവിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ 9,613 കോടി രൂപയുടെ നിക്ഷേപമുണ്ടായിട്ടുണ്ട്. പുതുതായി ആകെ 1,00,841 MSME യൂണിറ്റുകൾ ആരംഭിച്ചു.

വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള കണക്കുകൾ പ്രകാരം 945 യൂണിറ്റുകളുടെ പ്രവർത്തനം ടി കാലയളവിൽ നിലച്ചിട്ടുണ്ട്.

(സി) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ പുതുതായി യൂണിറ്റുകൾ ആരംഭിച്ചതിനാൽ പുതുതായി എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

2015-16 മുതൽ 2021-22 വരെയുള്ള കാലയളവിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾവഴി 3,71,440 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

## കുടുംബശ്രീ യൂണിറ്റുകൾക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിനുള്ള ആനുകൂല്യങ്ങൾ

144(2484) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് വ്യവസായ വകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് പട്ടികപ്പെടുത്തി വ്യക്തമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് വഴി ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല. എന്നാൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർവഴി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കൈത്താങ്ങ് സഹായങ്ങളും നൽകി വരുന്നുണ്ട്.

**ഉജ്ജീവന സഹായ പദ്ധതി**

145(2485) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട തൃശ്ശൂർ ജില്ലയിലെ ചെറുകിട-ഇടത്തരം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ

ഉൾപ്പെടെയുള്ള വിവിധ മേഖലയിലുള്ള ദുരന്തബാധിതർക്ക് ഉജ്ജീവന സഹായ പദ്ധതിയിലൂടെ ലഭിച്ച ആനുകൂല്യങ്ങൾ വിശദീകരിക്കുമോ?

2018-ലെ പ്രളയബാധിതമായ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ, കടകൾ എന്നിവയ്ക്കുള്ള ഉജ്ജീവന സഹായ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ 236 യൂണിറ്റുകൾക്ക് 3,27,23,913/- രൂപ മാർജിൻ മണിയായി നൽകിയിട്ടുണ്ട്.

(ബി) ഉജ്ജീവന സഹായ പദ്ധതി പ്രകാരം എടുത്തിട്ടുള്ള ലോണിന്റെ മാർജിൻ മണി അനുവദിക്കുന്നതിനുള്ള തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ ചെറുകിട-ഇടത്തരം വാണിജ്യ-വ്യാപാര സ്ഥാപനങ്ങളുടെ അപേക്ഷകളിൽ സർക്കാർ തീരുമാനമെടുക്കാനുണ്ട്; സ്ഥാപനങ്ങളുടെ പേര് വിവരം ലഭ്യമാക്കുമോ?

ഉജ്ജീവന സഹായ പദ്ധതി പ്രകാരം എടുത്തിട്ടുള്ള ലോണിന്റെ മാർജിൻ മണി ഇനിയും അനുവദിച്ചിട്ടില്ലാത്ത തൃശ്ശൂർ ജില്ലയിലെ 85 ചെറുകിട ഇടത്തരം വാണിജ്യ-വ്യാപാര സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. +

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇവർക്ക് മാർജിൻ മണി അനുവദിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

ഉജ്ജീവന വായ്പാ പദ്ധതിയുടെ കാലാവധി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേയ്ക്ക് ബാങ്കുകൾ മുഖേന ലഭിച്ച പ്രൊപ്പോസലുകളിൽ ആവശ്യമായ രേഖകൾ, പൂർണ്ണവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയവയിൽ നടപടി സ്വീകരിച്ച് ബാങ്കുകൾക്ക് ഇതിനോടകം തുക ലഭ്യമാക്കിയിരുന്നു. എന്നാൽ ചില കേസുകളിൽ അപൂർണ്ണമായ അപേക്ഷകളാണ് ബാങ്കുകൾ സമർപ്പിക്കുന്നതെന്നതിനാലും സർക്കാർ ഉത്തരവ് പ്രകാരം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ട ഫോറം 2-ൽ നിഷ്കർഷിച്ചിട്ടുള്ള വിവരങ്ങൾ, ബാങ്ക് മേധാവിയുടെ പേര്, കയ്യൊപ്പ്, സീൽ എന്നിവ സഹിതം ലഭ്യമാക്കാത്തതിനാലും പ്രസ്തുത അപേക്ഷകൾ വീണ്ടും ബാങ്കുകളിലേയ്ക്ക് അയച്ച് വിവരങ്ങൾ വാങ്ങിക്കേണ്ട സാഹചര്യമുണ്ടാകുന്നതിനാലാണ് ശേഷിക്കുന്ന അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത്. അപേക്ഷകളിൽ ഇരട്ടിപ്പുണ്ടോയെന്നറിയുവാനായി ജില്ലാ കളക്ടറുടെ റിപ്പോർട്ടും

പരിശോധിക്കേണ്ടതുണ്ട്. കളക്ടറുടെ റിപ്പോർട്ടും ബാങ്കിൽ നിന്നുള്ള വിവരങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് ശേഷിക്കുന്ന അപേക്ഷകളിലും ധനസഹായം അനുവദിക്കാൻ കഴിയുന്നതാണ്.

**മഞ്ചേശ്വരം താലൂക്കിൽ വ്യവസായ കേന്ദ്രം**

146(2486) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ താലൂക്ക് വ്യവസായ കേന്ദ്രമില്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വ്യവസായ കേന്ദ്രം തുടങ്ങുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

മഞ്ചേശ്വരം ഉൾപ്പെടെ നിലവിൽ താലൂക്ക് വ്യവസായ കേന്ദ്രങ്ങളില്ലാത്ത താലൂക്കുകളിൽ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നത്

സംബന്ധിച്ച ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തി വരുന്ന പ്രവൃത്തി പഠന റിപ്പോർട്ട് ലഭിച്ചശേഷം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## ആലപ്പുഴ ജില്ലയിലെ വ്യവസായ പാർക്കുകൾ

147(2487) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എത്ര വ്യവസായ പാർക്കുകളാണ് നിലവിലുള്ളതെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കുമോ?

ആലപ്പുഴ ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ 6 വ്യവസായ പാർക്കുകളാണ് നിലവിലുള്ളത്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പാർക്കുകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിയോജക മണ്ഡലത്തിന്റെ പേര് | എണ്ണം | വ്യവസായ എസ്റ്റേറ്റിന്റെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| 1. | അരൂർ നിയോജക മണ്ഡലം | 1 | ഡി.എ. അരൂർ |
| 2. | ആലപ്പുഴ നിയോജക മണ്ഡലം | 1 | കയർ പാർക്ക് 1 |
| 3. | അമ്പലപ്പുഴ നിയോജക മണ്ഡലം | 1 | ഡി.പി. പുന്നപ്ര |
| 4. | ചേർത്തല നിയോജക മണ്ഡലം | 1 | കയർ പാർക്ക് 2 |
| 5. | ചെങ്ങന്നൂർ നിയോജക മണ്ഡലം | 1 | ഡി.പി. ചെങ്ങന്നൂർ |
| 6. | മാവേലിക്കര നിയോജക മണ്ഡലം | 1 | ഡി.എ. കൊല്ലകടവ് |

പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ 8.94 ഏക്കർ വിസ്തൃതിയിൽ ഒരു വ്യവസായ എസ്റ്റേറ്റും (ചേർത്തല), ഒരേക്കർ വിസ്തീർണ്ണമുള്ള മാരാരിക്കുളം, 1.25 ഏക്കർ വിസ്തീർണ്ണമുള്ള കടകരപ്പള്ളി എന്നീ മിനി വ്യവസായ എസ്റ്റേറ്റുകളുമാണുള്ളത്. ചേർത്തല വ്യവസായ എസ്റ്റേറ്റും കടകരപ്പള്ളി മിനി വ്യവസായ എസ്റ്റേറ്റും ചേർത്തല നിയോജക മണ്ഡലത്തിലും മാരാരിക്കുളം മിനി വ്യവസായ എസ്റ്റേറ്റ് ആലപ്പുഴ നിയോജക മണ്ഡലത്തിലുമാണ് പ്രവർത്തിക്കുന്നത്.

പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ വളർച്ചാ കേന്ദ്രം & മെഗാ ഫുഡ് പാർക്ക് ചേർത്തലയിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത പാർക്കുകളിൽ നിലവിൽ എത്ര വ്യവസായ യൂണിറ്റുകളുണ്ടെന്നും പുതുതായി സംരംഭം തുടങ്ങുന്നതിന് എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളതെന്നും അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കാമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള പാർക്കുകളിലും എസ്റ്റേറ്റുകളിലുമായി നിലവിൽ 247 വ്യവസായ യൂണിറ്റുകളുണ്ട്.

പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ കീഴിൽ 50 വ്യവസായ യൂണിറ്റുകൾക്കും കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ 57 വ്യവസായ യൂണിറ്റുകൾക്കുമായി ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് പുതുതായി ലഭിച്ച 40 അപേക്ഷകൾ പരിശോധിച്ച് പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) പ്രസ്തുത പാർക്കുകളിൽ സംരംഭം ആരംഭിക്കാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്നും സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും സംരംഭം ആരംഭിക്കാൻ മതിയായ സ്ഥലമുണ്ടോയെന്നും വ്യക്തമാക്കാമോ?

വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിലെ വ്യവസായ ഭൂമി അനുവദിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ വഴി സ്വീകരിക്കുന്ന അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്രോജക്ടിന്റെ സാങ്കേതികമേന്മ, സാമ്പത്തികക്ഷമത, പ്രോജക്ട് വിഭാവനം ചെയ്യുന്ന നിക്ഷേപ സാധ്യതകൾ, തൊഴിൽ സാധ്യതകൾ, പ്രാദേശിക ആവശ്യകത/അനുയോജ്യത, അപേക്ഷകന്റെ നൈപുണ്യം, അനുഭവജ്ഞാനം എന്നിവയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന സംരംഭകർക്ക് ഭൂമി അനുവദിക്കുകയും ഇപ്രകാരം ഭൂമി അനുവദിക്കുമ്പോൾ അലോട്ടി ഹയർ പർച്ചേസ് വ്യവസ്ഥയിലാണെങ്കിൽ സ്ഥലവിലയുടെ 50 %-ഉം, ഔട്ട്റൈറ്റ് പർച്ചേസ് വ്യവസ്ഥയിലാണെങ്കിൽ സ്ഥലവിലയുടെ 100 % മുൻകൂർ അടച്ച് സർക്കാരുമായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച്

നൽകുന്ന വ്യവസായ ഭൂമിയിൽ 1 വർഷത്തിനുള്ളിൽ ആക്ടിവിറ്റി ആരംഭിക്കേണ്ടതാണ്.

വ്യവസായ വികസന ഏരിയ പ്ലോട്ടുകളിൽ സ്ഥലം ലഭ്യമാകുന്ന യൂണിറ്റുകൾക്കെല്ലാം അടിസ്ഥാന സൗകര്യങ്ങളായ ജലം, ആഭ്യന്തര റോഡ്, ഡ്രെയിനേജ്, തടസ്സമില്ലാത്ത വൈദ്യുതി എന്നിവ ഉറപ്പുവരുത്തുന്നുണ്ട്.

ആലപ്പുഴ ജില്ലയിലെ ഡി.എ./ഡി.പി.-കളിൽ നിലവിൽ സംരംഭകർക്ക് അനുവദിക്കാവുന്ന തരത്തിലുള്ള സ്ഥലം ഒഴിവില്ല.

സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റ്/മിനി വ്യവസായ എസ്റ്റേറ്റ്/വ്യവസായ പാർക്കുകളിൽ പുതിയ വ്യവസായ സംരംഭകർക്ക് അനുവദിച്ചു നൽകുന്നതിനായി ഒഴിവുള്ള ഭൂമി നിലവിലില്ല. എന്നാൽ പ്രവർത്തനരഹിതമായ ഷെഡ്ഡ്/ഭൂമി തിരിച്ചെടുത്ത് പുതിയ വ്യവസായ സംരംഭകർക്ക് അനുവദിക്കുമ്പോൾ താഴെ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ട്.

- അപേക്ഷകൻ/അപേക്ഷക ചെറുകിട സംരംഭകരായിരിക്കണം.

- നിർദ്ദിഷ്ട വ്യവസായത്തിന്റെ പ്രോജക്ട് റിപ്പോർട്ട്, ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, നിരതദ്രവ്യം, ഫോട്ടോ ഐ.ഡി. എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം.

- ഷെഡ്ഡ് മാസവാടക വ്യവസ്ഥയിലും ഭൂമി 30 വർഷ ലീസ് വ്യവസ്ഥയിലോ തറവാടക വ്യവസ്ഥയിലോ മാത്രമായിരിക്കും അനുവദിക്കുക.

- ലഭിക്കുന്ന അപേക്ഷകൾ ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി യോഗ്യരായ സംരംഭകർക്ക് അനുവദിച്ചു നൽകും.

വിവിധ സർക്കാർ ഉത്തരവ് പ്രകാരം സംരംഭകർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

1. കേരള സിഡ്കോയുടെ അധീനതയിലുള്ള ചേർത്തല, കടകരപ്പള്ളി, മാരാരിക്കുളം എന്നീ എസ്റ്റേറ്റുകൾ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 2-ാം വകുപ്പ് (എഫ്) ഖണ്ഡപ്രകാരം വ്യവസായ

പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത ആക്റ്റിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും ടി എസ്റ്റേറ്റുകളിൽ വ്യവസായം നടത്തി വരുന്ന വ്യവസായികൾക്ക് ലഭിക്കുന്നതാണ്.

2. 05-07-1994-ലെ ജി.ഒ (ആർ.റ്റി) നം.591/94/ഐ.ഡി സർക്കാർ ഉത്തരവ് പ്രകാരം സിഡ്കോയുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റുകളിൽ വ്യവസായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി ആവശ്യമില്ല.

3. 21-01-2003-ലെ 12/2003/റ്റി.ഡി നമ്പർ വിജ്ഞാപനപ്രകാരം വ്യവസായ എസ്റ്റേറ്റുകളിൽ ഷെഡ്ഡ്/ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കേണ്ട എഗ്രിമെന്റും മറ്റ് രേഖകളും രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നതിൽ നിന്ന് വ്യവസായികളെ ഒഴിവാക്കിയിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി.-യിലെ വ്യവസായ പാർക്കുകളിൽ അലോട്ട്മെന്റ് പോളിസി പ്രകാരം വ്യവസായ യൂണിറ്റുകൾക്ക് 30 വർഷത്തെ പാട്ട വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്. ഭൂമി ആവശ്യപ്പെട്ടുള്ള അപേക്ഷ കിട്ടിയതിനുശേഷം 10 ഏക്കർ വരെയുള്ള അപേക്ഷകൾ ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി (DILAC)-യുടെ തീരുമാന

പ്രകാരവും 10 ഏക്കറും അതിൽ കൂടുതലുമുള്ള ഭൂമി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരവുമാണ് അനുവദിക്കുന്നത്. പ്രസ്തുത പോളിസി പ്രകാരം മൊത്തം പാട്ടത്തുകയുടെ 50% അലോട്ട്മെന്റ് അനുവദിച്ച് 90 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. ബാക്കി 50% 2 വർഷത്തിനകം രണ്ടു തവണകളായി പലിശയോടുകൂടി അടക്കേണ്ടതാണ്.

അലോട്ട്മെന്റ് അനുവദിച്ചതിനുശേഷം ആദ്യ രണ്ടുവർഷം ലൈസൻസ് കാലയളവായാണ് കണക്കാക്കുന്നത്. പ്രസ്തുത കാലയളവിനുള്ളിൽ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങേണ്ടതാണ്. യൂണിറ്റ് പ്രവർത്തനം തുടങ്ങിയതിനുശേഷം മുഴുവൻ ലീസ് പ്രീമിയം അടച്ച് യൂണിറ്റുമായി 30 വർഷത്തിന്റെ ബാക്കി കാലയളവിലേയ്ക്ക് ലീസ് എഗ്രിമെന്റിൽ ഏർപ്പെടുകയാണ് ചെയ്യുന്നത്.

**സ്വകാര്യ വ്യവസായ പാർക്കുകൾ**

148(2488) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയുടെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ടോ; ഇതുസംബന്ധിച്ച ഉത്തരവ് ലഭ്യമാക്കാമോ?

02-04-2022-ലെ G.O(Ms)No. 31/2022/ID പ്രകാരം Private Industrial Estate Scheme-2022 നിലവിൽ വന്നിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) കോഴിക്കോട് ജില്ലയിൽ നിലവിൽ സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിൽ സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സ്വകാര്യ വ്യവസായ പാർക്കുകളുടെ അപേക്ഷ ലഭിച്ചാൽ എത്ര സമയംകൊണ്ട് നടപടി പൂർത്തീകരിച്ച് അംഗീകാരം നല്കാൻ സാധിക്കും; ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ അറിയിക്കുമോ?

ഓൺലൈനായി ലഭിക്കുന്ന അപേക്ഷകളിൽ നിന്നും District Industrial Site Selection Committee ഫീസിബിലിറ്റി പരിശോധിച്ച് വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന സെക്രട്ടറിമാരുടെ കമ്മിറ്റിക്ക് നല്കുകയും ഒരു മാസംകൊണ്ട് നടപടി പൂർത്തീകരിച്ച് അർഹരായവർക്ക് ഡെവലപ്പർ പെർമിറ്റ് നൽകുകയും ചെയ്യുന്നു.

**നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യവസായ പാർക്ക്**

149(2489) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 02-04-22-ലെ സ.ഉ (MS) 31/22/വ്യവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് ടി ഉത്തരവിൽ പരാമർശമില്ല. ഇപ്രകാരം അപേക്ഷകൾ ലഭ്യമാകുകയാണെങ്കിൽ പരിശോധിക്കാവുന്നതാണ്.

(ബി) സ്വകാര്യ വ്യക്തികൾക്കും ഇത്തരത്തിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുമോ; എങ്കിൽ വിശദാംശം നൽകുമോ?

02-04-2022-ലെ സ.ഉ(എം.എസ്)നം.31/2022/വ്യവ. പ്രകാരം സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ സ്വകാര്യ വ്യക്തികളെയും പരിഗണിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടർ ലഭ്യമാക്കിയ ഭേദഗതി നിർദ്ദേശം പരിശോധിച്ചുവരുന്നു.

## സ്വകാര്യ വ്യവസായ പാർക്കുകൾ

150(2490) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ?

സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. നിലവിലുള്ള പദ്ധതിയിൽ കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ, രജിസ്റ്റേർഡ് പാർട്ണർഷിപ്പുകൾ എന്നിവയെയാണ് പരിഗണിക്കുക. എന്നാൽ വ്യക്തികളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

(ബി) ഇത്തരത്തിലുള്ള പാർക്കുകൾ അനുവദിക്കുന്നതിന് സർക്കാർ ഗ്രാന്റ് നൽകാറുണ്ടോ, ആയതുസംബന്ധിച്ച് വിശദാംശങ്ങൾ അറിയിക്കാമോ?

സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിന് സർക്കാർ ഗ്രാന്റ് നൽകുന്നില്ല, എന്നാൽ ഇത്തരം പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുന്നതിന് ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ 3 കോടി രൂപ വരെ സർക്കാർ ധനസഹായം നൽകുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാർക്കുകൾ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിച്ചിട്ടില്ല. ആയതിന് ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി നവോദയ ചാരിറ്റബിൾ സൊസൈറ്റിയുടെ കുടിശ്ശിക**

151(2491) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി തഴവ മണപ്പള്ളി നോർത്ത് നവോദയ ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറി ലോൺ കുടിശ്ശികയിൽ പരമാവധി ഇളവിനുവേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വായ്പാ കുടിശ്ശികയിൽ ബാക്കി നിൽക്കുന്ന മുതലും പലിശയും ഒറ്റത്തവണയായി ഒടുക്കുകയാണെങ്കിൽ പിഴപ്പലിശ ഒഴിവാക്കി നൽകുന്നതാണെന്ന വിവരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിലെ നിയമ പ്രകാരം കുടിശ്ശിക തുക എഴുതിത്തള്ളാൻ വ്യവസ്ഥയില്ല. എന്നാൽ ബാധ്യത തുകയായ മുതലും പലിശയും സ്റ്റേഷനറി ചാർജ്ജും റവന്യൂ വകുപ്പിനുള്ള ചാർജ്ജും ഒറ്റത്തവണയായി അടയ്ക്കുകയാണെങ്കിൽ പിഴപ്പലിശ ഒഴിവാക്കി നൽകുന്നതാണ്.

**വർക്കല അയിരൂരിൽ ഗ്ലോബൽ ആയുർവ്വേദ വില്ലേജ്**

152(2492) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല അയിരൂരിൽ ഗ്ലോബൽ ആയുർവ്വേദ വില്ലേജ് ആരംഭിക്കുന്നതിനായി പദ്ധതി സമർപ്പിച്ച സംരംഭകരിൽ നിന്നും എത്രയെണ്ണം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

വർക്കല അയിരൂരിൽ ഒരു ഗ്ലോബൽ ആയുർവ്വേദ വില്ലേജ് സ്ഥാപിക്കുന്നതിനായി താല്പര്യപത്രം ക്ഷണിച്ച ഒരു സ്വകാര്യ പങ്കാളിയെ കിൻഫ്ര തെരഞ്ഞെടുത്തിരുന്നു.

(ബി) തെരഞ്ഞെടുക്കപ്പെട്ട സംരംഭകർക്ക് പദ്ധതി ആരംഭിക്കുന്നതിനുള്ള അനുമതി കിൻഫ്രയുടെ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റിയും ബോർഡും നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിയെ തുടർന്നുണ്ടായ പ്രതിസന്ധിയുടെ ഫലമായി പ്രസ്തുത സംരംഭകൻ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനുള്ള ബുദ്ധിമുട്ട് കിൻഫ്രയെ അറിയിച്ചു. ഈ സാഹചര്യത്തിൽ പുതിയ സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്.

## വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സംരംഭകത്വ വികസന ക്ലബ്ബുകൾ

153(2493) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സംരംഭകത്വ വികസന ക്ലബ്ബുകൾ ആറ്റിങ്ങൽ നിയോജക

മണ്ഡലത്തിലെ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ആരംഭിച്ച 10 സംരംഭകത്വ വികസന ക്ലബ്ബുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ഗവൺമെന്റ് കോളേജ്, ആറ്റിങ്ങൽ

2.ഗവൺമെന്റ് ഐ.റ്റി.ഐ., ആറ്റിങ്ങൽ

3.ഗവൺമെന്റ് പോളിടെക്നിക് കോളേജ്, ആറ്റിങ്ങൽ

4.ശ്രീകണ്ഠ വിദ്യാപീഠം കോളേജ്, നഗരൂർ

5.വിദ്യ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിളിമാനൂർ

6.കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറ്റിങ്ങൽ (ഐ.എച്ച്.ആർ.ഡി.)

7.GMV ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ബോയ്സ്, ആറ്റിങ്ങൽ

8.ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, വക്കം

9.ഗവൺമെന്റ് VHSC, വക്കം

10.യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, വക്കം.

## കെൽപ്പാം നവീകരണം

154(2494) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കൊറ്റാമത്ത് പ്രവർത്തിക്കുന്ന കെൽപ്പാം വ്യവസായ സ്ഥാപനത്തിന്റെ നവീകരണ പ്രവൃത്തികൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഏതൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ; എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

| | രൂപ ലക്ഷത്തിൽ |
|---|---|
| പ്രവർത്തന മൂലധനം | 25.00 |
| റെസ്യൂമ്ഡ് ഫണ്ട് | 111.58 |
| കോമൺ ഫെസിലിറ്റി സെന്റർ | 25.00 |
| ആകെ | 161 .58 |

## ബിസിനസ്സ് /വ്യവസായ സംഗമങ്ങൾ

155(2495) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് ബിസിനസ്സ് / വ്യവസായ സംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെയെല്ലാം ചെലവ് സഹിതമുള്ള വിശദവിവരം ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിയ ബിസിനസ്സ്/ വ്യവസായ സംഗമങ്ങളും അവയ്ക്ക് ചെലവായ തുകകളും താഴെ ചേർക്കുന്നു.

| ക്രമ നം. | സംഗമം | ചെലവായ തുക (രൂ. ലക്ഷം |
|---|---|---|
| 1 | International Coconut Conference, Kozhikode | 150.85 |
| 2 | Ascend 2019 | 157.48 |
| 3 | Ascend 2020 | 309.33 |

സംസ്ഥാന- കേന്ദ്ര സർക്കാരുകളും നാളികേര വികസന ബോർഡും സംയുക്തമായി 2019-ൽ കോഴിക്കോട് വച്ച് നടത്തിയ അന്താരാഷ്ട്ര

നാളീകേര സമ്മേളനത്തിൽ വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികളെയും ഉൽപാദന-വിതരണക്കാരെയും ഉൾപ്പെടുത്തി (B2B എന്ന രീതിയിൽ) ഒരു സംവാദം സംഘടിപ്പിച്ചിരുന്നു. കൂടാതെ വ്യാവസായിക മേഖലയിൽ സർക്കാർ നടപ്പിലാക്കിയ നൂതനമായ മാറ്റങ്ങളെക്കുറിച്ച് നിക്ഷേപസമൂഹത്തെ ബോധവത്കരിക്കുന്നതിനും തദ്വാര സംസ്ഥാനത്തെ ഒരു ആത്യന്തിക ബിസിനസ്സ് ഹബ്ബായി ഉയർത്തുന്നതിനും ലക്ഷ്യമിട്ടാണ് Ascend 2019 സംഘടിപ്പിച്ചത്.

(ബി) പ്രസ്തുത സംഗമങ്ങളിൽ എത്ര കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചു; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലായിട്ടുണ്ടെന്നതിന്റെ മറുപടി നൽകുമോ?

2020 ജനുവരി 9-10 വരെ കൊച്ചിയിൽ നടന്ന ' അസെൻഡ് കേരള 2020' ആഗോള നിക്ഷേപ സമ്മേളനത്തിൽ സർക്കാരിനുകീഴിലുള്ള സ്ഥാപനങ്ങളുമായി 165 പദ്ധതികളിലായി ആകെ 35,332.33/- കോടി രൂപയുടെ ധാരണാപത്രങ്ങൾ/താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചിരുന്നത്. കെ.എസ്.ഐ.ഡി.സി.-യുമായി ബന്ധപ്പെട്ട് 151 പദ്ധതികളിലായി 33,301.94 കോടി രൂപയുടെയും കിൻഫ്രയുമായി ബന്ധപ്പെട്ട് 14

പദ്ധതികളിലായി 2030.39 കോടി രൂപയുടെയും ധാരണാപത്രങ്ങൾ/ താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചത്. ഇതുകൂടാതെ അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി (ADIA) രണ്ട് മെഗാ പദ്ധതികളിലും കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡ് (KIFML) ആറ് പദ്ധതികളിലും താല്പര്യം അറിയിച്ചിരുന്നു. ഇവയുടെ മൊത്തം മുതൽമുടക്ക് 75,000 കോടി രൂപയാണ്.

കെ.എസ്.ഐ.ഡി.സി.-യുമായി ധാരണാപത്രം/താൽപര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 808.58 കോടി രൂപയുടെ 31 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 9,345.40 കോടി രൂപയുടെ 53 പദ്ധതികൾ നടപ്പിലാക്കി വരുന്നു. 5,003.75 കോടി രൂപയുടെ 37 പദ്ധതികൾ വിവിധ കാരണങ്ങളാൽ താൽകാലികമായി നിർത്തിവച്ചിരിക്കുന്നു. 18,144.21 കോടി രൂപയുടെ 30 പദ്ധതികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിച്ചു. കിൻഫ്രയുമായി ധാരണാപത്രം/ താൽപര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 1050 കോടി രൂപയുടെ 6 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

**ഒരു ലക്ഷം തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതി**

156(2496) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഒരു ലക്ഷം തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം എന്തൊക്കെ മുന്നൊരുക്കങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പദ്ധതി എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2022-2023 സംരംഭക വർഷമായി ആചരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ/ഏജൻസികളുടെ സംയോജനത്തോടെ ' 2022-23 സാമ്പത്തിക വർഷം 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക' എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022 മെയ്-ജൂൺ മാസങ്ങളിൽ കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംഘടിപ്പിച്ച ഏകദിന ശില്പശാലകളോടെ ഈ പദ്ധതിക്ക് തുടക്കമായി. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതുബോധവൽക്കരണം നടത്താനും

തുടർന്ന് താല്പര്യപ്പെട്ടുവരുന്ന ആളുകൾക്ക് ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നതാണ് ക്യാമ്പയിനുകൾ വഴി ലക്ഷ്യമിടുന്നത്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ള ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനും വേണ്ടി ബി.ടെക്./എം.ബി.എ. യോഗ്യതയുള്ള ഇന്റേണിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഈ പ്രക്രിയ തുടർന്നുകൊണ്ട് ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേക്ക് നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമാണ് ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP)

എന്ന ആശയം നടപ്പിലാക്കാനും സംരംഭകർക്കുവേണ്ട മാർക്കറ്റിംഗ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) ബാങ്ക് വായ്പ വഴി അഞ്ചുവർഷംകൊണ്ട് എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കാനുള്ള പുതിയ പദ്ധതി സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി, കേരള ബാങ്ക് എന്നിവയുമായി ചേർന്ന് ആസൂത്രണം ചെയ്തുവരുന്നു. കൂടാതെ വായ്പയിന്മേലുള്ള പലിശ സബ്സിഡിക്കുള്ള പദ്ധതി വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്നതാണ്. ഇപ്രകാരം സംരംഭകർക്ക് തടസ്സമില്ലാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുവഴി പ്രതീക്ഷിക്കുന്ന തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

(സി) ഒരു ലക്ഷം തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം കൂടുതൽ വായ്പ നൽകുന്ന ബാങ്കിന് എന്തെങ്കിലും തരത്തിലുള്ള അവാർഡ് കൊടുക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**മൈക്രോ വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

157(2497) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൈക്രോ വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് മൈക്രോ വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും നടത്തി വരുന്നു.

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് 2018.

സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകളിലും ക്ലിയറൻസുകളിലും നിന്നും ഒഴിവാക്കുന്നതിനായി 2019 - ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്.

വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം.

കേരളത്തിലെ സംരംഭകരുടെ പരാതി പരിഹാരത്തിനായി, 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ടിലെ 2021 -ലെ ഭേദഗതി പ്രകാരം ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം എന്നിവ നിലവിൽ വന്നിട്ടുണ്ട്.

കൂടാതെ 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ബി) ഇലക്ട്രോണിക്സ് വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ഇലക്ട്രോണിക്സ് വ്യവസായങ്ങൾക്ക് വകുപ്പുവഴി പ്രത്യേകം പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ലെങ്കിലും ജില്ലാടിസ്ഥാനത്തിൽ നടത്തുന്ന ടെക്നോളജി ക്ലിനിക്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം മുതലായ പ്രോത്സാഹന പരിപാടികൾ ഇലക്ട്രോണിക്സ് സെക്ടറിൽപ്പെട്ട സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് നടത്തിവരുന്നുണ്ട്.

ഇതിനു പുറമേ സംസ്ഥാനത്ത് വിവര സാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്, മറ്റ് അനുബന്ധ മേഖലകൾ എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്കിന്റെ ഫേസ് IV ക്യാമ്പസ്സായ ടെക്നോസിറ്റിയിൽ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ബഹുരാഷ്ട്ര കമ്പനിയായ ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് സംസ്ഥാനത്ത് ഐ.ടി./ഐ.ടി.ഇ.എസ്. ഡാറ്റാ പ്രോസസ്സിംഗ് ക്യാമ്പസ് സ്ഥാപിക്കാൻ ധാരണയായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വ്യാവസായികാടിസ്ഥാനത്തിൽ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

കേരളത്തിൽ നിലവിലുള്ള വ്യവസായ സാഹചര്യത്തിൽ ഉത്പാദനമേഖലയിലും ഭക്ഷ്യസംസ്കരണ മേഖലയിലും നിരവധി സംരംഭങ്ങൾ ഉയർന്നുവരുന്നുണ്ട്. ഇവയുടെ പ്രോൽസാഹനത്തിനായി സംരംഭ സഹായപദ്ധതി ഉൾപ്പെടെയുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികളിൽ ഇത് മുൻഗണന വിഭാഗമായി കണക്കാക്കിയിട്ടുണ്ട്. സൂക്ഷ്മവിഭാഗത്തിൽപ്പെടുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി പ്രാധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസ് (PMFME) പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി വൺ ഡിസട്രിക്റ്റ് വൺ പ്രോഡക്റ്റ് മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. യോഗ്യതയുള്ള പ്രോജക്ടിന്റെ സ്ഥിരമൂലധനത്തിന്മേൽ 35% പരമാവധി പരിധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് സഹായം ലഭിക്കുന്നത്.

ഇതിനുപുറമേ ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്കായി ഫിഷറീസ്, കൃഷി, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കി വരുന്ന സംരംഭകത്വ പദ്ധതികൾ കണ്ടെത്തി സംരംഭം തുടങ്ങുന്നവരിൽ എത്തിക്കാൻ ഇന്റേണുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ ഉത്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കാനായി സംസ്ഥാന തലത്തിൽ അഗ്രോ ഫുഡ് പ്രോ എക്സിബിഷൻ നടത്തിവരുന്നു. കൂടാതെ ജില്ലാ തലങ്ങളിൽ നടത്തി വരുന്ന എം.എസ്.എം.ഇ. എക്സിബിഷനുകളിൽ ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി വരുന്നുണ്ട്.

(ഡി) വ്യവസായ പാർക്കുകളിൽ സൗരോർജ്ജ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

വ്യവസായ പാർക്കുകളിൽ സൗരോർജ്ജ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭിക്കുന്ന പക്ഷം അനുയോജ്യമാണെന്ന് കണ്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

## സാങ്കേതിക വിദ്യാഭാസം നേടിയ വിദ്യാർത്ഥികൾക്ക് സംരംഭകത്വ പരിശീലനം

158 (2498) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസം നേടിയ വിദ്യാർത്ഥികൾക്ക് വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ സംരംഭകത്വ പരിശീലനം നൽകുന്ന എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വ്യവസായ വാണിജ്യ വകുപ്പ് വഴി സാമ്പത്തിക സഹായം നല്കിവരുന്നു.

സാങ്കേതിക സർവ്വകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പുതിയ ഒരു പദ്ധതി ഈ

സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതികതലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവ്വകലാശാലവഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പായി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്. ഈ സാമ്പത്തിക വർഷം 20 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് മാസം 10,000 രൂപ നിരക്കിൽ 6 മാസത്തേക്കുള്ള ഇന്റേൺഷിപ്പാണ് പദ്ധതി വഴി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തന്നെ സംരംഭകത്വ പരിശീലനം നൽകുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ സ്പെഷ്യൽ ടീമിനെ നിയോഗിക്കാമോ?

എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ

പരിശീലനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം വഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ വഴി ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ ക്ലസ്റ്റർ രൂപത്തിൽ സംരംഭകത്വ പരിശീലന ക്ലബ്ബുകൾക്ക് രൂപം കൊടുക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ ഏകദേശം 850 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം ക്ലബ്ബുകളുടെ എണ്ണം 1000 ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തിവരുന്നു.

**വെള്ളരിക്കുണ്ട് താലൂക്ക് വ്യവസായ കേന്ദ്രം**

159(2499) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ ഇല്ലാത്ത താലൂക്കുകൾ ഏതൊക്കെ?

താലൂക്ക് വ്യവസായ കേന്ദ്രങ്ങൾ ഇല്ലാത്ത താലൂക്കുകൾ ചുവടെ പറയുന്നു.

| ക്രമ നം. | ജില്ല | താലൂക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | കാട്ടാക്കട |
| | | വർക്കല |
| 2 | കൊല്ലം | കുന്നത്തൂർ |
| | | പുനലൂർ |
| 3 | പത്തനംതിട്ട | കോന്നി |
| | | റാന്നി |
| | | മല്ലപ്പള്ളി |
| 4 | ഇടുക്കി | ഇടുക്കി (പൈനാവ്) |
| 5 | തൃശ്ശൂർ | ചാലക്കുടി |
| | | കുന്നംകുളം |
| 6 | പാലക്കാട് | പട്ടാമ്പി |
| | | അട്ടപ്പാടി (അഗളി) |
| 7 | മലപ്പുറം | കൊണ്ടോട്ടി |
| 8 | കോഴിക്കോട് | താമരശ്ശേരി |
| 9 | വയനാട് | സുൽത്താൻബത്തേരി |
| 10 | കണ്ണൂർ | ഇരിട്ടി |
| | | പയ്യന്നൂർ |
| 11 | കാസർഗോഡ് | വെള്ളരിക്കുണ്ട് |
| | | മഞ്ചേശ്വരം |

(ബി) വെള്ളരിക്കുണ്ട് താലൂക്ക് വ്യവസായകേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

വെള്ളരിക്കുണ്ട് ഉൾപ്പെടെ നിലവിൽ താലൂക്ക് വ്യവസായ കേന്ദ്രങ്ങളില്ലാത്ത താലൂക്കുകളിൽ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രവൃത്തി പഠനത്തിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## വ്യവസായ വകുപ്പിന്റെ പ്രദർശന സ്റ്റാളുകൾ

160(2500) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ വ്യവസായ വകുപ്പ് പ്രദർശന സ്റ്റാളുകൾ നടത്തിയിരുന്നോ?

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 2022 മെയ് 27 മുതൽ ജൂൺ 2 വരെ നടത്തപ്പെട്ട വിവിധ ആഘോഷ പരിപാടികളുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ സംയുക്ത പ്രദർശന - വിപണന മേള സംഘടിപ്പിച്ചിരുന്നു.

(ബി) പ്രസ്തുത സ്റ്റാളുകൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമായിരുന്നു; സ്റ്റാളുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചു; ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം നിരസിച്ചു; ആയതിന്റെ കാരണം വ്യക്തമാക്കാമോ?

150 കൊമേഴ്സ്യൽ സ്റ്റാളുകളാണ് സംഘാടക സമിതി ഒരുക്കിയിരുന്നത്. ജില്ലയിലെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെയും പരിചയപ്പെടുത്തി അവയ്ക്ക് പ്രാദേശികമായും അല്ലാതെയും വിപണി കണ്ടെത്തുകയെന്ന ലക്ഷ്യമായിരുന്നു ഉണ്ടായിരുന്നത്. രജിസ്ട്രേഷനുവേണ്ടി നിശ്ചയിച്ചിരുന്ന സമയപരിധിയായ 30-04-2022 വരെ ആകെ 208 സ്റ്റാളുകൾക്കാണ് അപേക്ഷ ലഭിച്ചിരുന്നത്. ജില്ലയിലെ മറ്റു വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സഹകരണ സംഘങ്ങൾ മുതലായ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച അപേക്ഷകൾക്ക് മുൻഗണന നൽകിയിരുന്നു. ചുവടെപ്പറയുന്ന നിബന്ധനകൾ പാലിച്ച് സ്റ്റാളിന്റെ എണ്ണത്തിനനുസരിച്ച് അപേക്ഷകൾ നിജപ്പെടുത്തിയിരുന്നു.

- സമയ പരിധിക്കുള്ളിൽ ലഭിച്ചവ
- ജില്ലയിലെ എല്ലാ താലൂക്കുകളിൽ നിന്നും പ്രാതിനിധ്യം

- സമാനമല്ലാത്ത ഉല്പന്നങ്ങൾ

- പ്രദർശന മേളകളിൽ മുൻപ് അവസരം ലഭിക്കാത്തവർ

- മതിയായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ച് ആകർഷകമായ സ്റ്റോളുകൾ ഒരുക്കുന്നതിന്റെ സാധ്യത

(സി) സ്റ്റാൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ നടപടി ക്രമങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

സ്റ്റാൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. വട്ടിയൂർക്കാവ് എം.എൽ.എ. ചെയർമാനായും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും കൊമേഴ്സ്യൽ സബ് കമ്മിറ്റി രൂപീകരിച്ച് സംഘാടക സമിതി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 18-04-2022-ന് സബ് കമ്മിറ്റിയുടെ വിപുലമായ യോഗം കളക്ടറേറ്റിൽ വെച്ച് നടത്തി. വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയെ പ്രതിനിധീകരിച്ച് ആകെ 41 പേർ പങ്കെടുത്തു. രജിസ്ട്രേഷനുവേണ്ടി മേളയുടെ പൊതുവായ വിവരണം, രജിസ്ട്രേഷൻ ഫാറം എന്നിവ പ്രിന്റ് ചെയ്ത് വിതരണം ചെയ്തു. പങ്കെടുത്ത വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയുടെ ആവശ്യപ്രകാരം

സ്റ്റാളുകൾ അനുവദിക്കുന്നതിന് മുൻഗണന നൽകാനും ബാക്കി വരുന്ന സ്റ്റാളുകൾ എം.എസ്.എം.ഇ. മേഖലയിൽനിന്നും ഡി.ഐ.സി. തലത്തിൽ പങ്കെടുപ്പിക്കണമെന്നും തീരുമാനിച്ചു. 02-05-2022, തിങ്കളാഴ്ച 12.30 - ന് ഓൺലൈനായി ചെയർമാന്റെ അദ്ധ്യക്ഷതയിൽ സബ് കമ്മിറ്റി യോഗം ചേർന്നു. വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയെ പ്രതിനിധീകരിച്ച് ആകെ 22 പേർ പങ്കെടുത്തു. സബ് കമ്മിറ്റിയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ സംഘാടക സമിതിയെ അറിയിച്ച് പരിഹാരം കാണാൻ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിപണന സ്റ്റാളുകളുടെ ഏകോപനത്തിന് വാട്സ്ആപ്പ് ഗ്രൂപ്പുണ്ടാക്കി കൃത്യമായ അറിയിപ്പുകൾ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ഇപ്രകാരം മേള വിജയിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

## റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം

161(2501) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നതിനുവേണ്ടി രൂപീകരിച്ച റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംയോജിത സൗകര്യം സജ്ജീകരിക്കുകയെന്ന ഉദ്ദേശത്തോടെ 02-02-2019-ലെ G.O(Ms)No.16/2019/ID പ്രകാരം കേരള റബ്ബർ ലിമിറ്റഡ് (KRL) സ്ഥാപിക്കുന്നതിന് കേരള സർക്കാർ അനുമതി നൽകി. കേരളത്തിൽ ഉൽപ്പാദിപ്പിക്കുകയും അതുവഴി റബ്ബർ കർഷകർക്ക് സുസ്ഥിരവും മെച്ചപ്പെട്ട വിലയും ഉറപ്പാക്കുകയും ആഭ്യന്തര റബ്ബർ വിപണി ശക്തിപ്പെടുത്തുകയും ചെയ്യുകയെന്നതാണ് കെ.ആർ.എൽ-ന്റെ പ്രധാന ലക്ഷ്യം.

•2022 മേയ് 09 ന കെ.ആർ.എൽ ന്റെ കല്ലിടൽ ചടങ്ങ് നടന്നു.

•ഡി.പി.ആർ.-ന്റെ പരിഷ്കരണം റബ്ബർ ബോർഡ് ഓഫ് ഇന്ത്യയെ കെ.ആർ.എൽ. ഏൽപ്പിച്ചു. 2022 മെയ് അവസാനത്തോടെ റബ്ബർ ബോർഡ് ഡ്രാഫ്റ്റ് ഡി.പി.ആർ. സമർപ്പിച്ചു. ആവശ്യമായ ഭേദഗതികളോടുകൂടി പുതുക്കിയ ഡി.പി.ആർ. 2022 ജൂൺ 30- നകം സമർപ്പിക്കും.

•കിഫ്ബി കൺസൾട്ടൻസി സർവ്വീസസ് യൂണിറ്റിനെ (KCSU) മുൻകാല എച്ച്.എൻ.എൽ.-ന്റെ പരിസരത്ത് KRL-നവേണ്ടി നീക്കിവച്ച ഭൂമിയുടെ അടിസ്ഥാന സൗകര്യ വികസന റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നു. ലാൻഡ് ക്ലിയറൻസും ടോപ്പോഗ്രാഫിക്കൽ സർവ്വേയും പുരോഗമിക്കുകയാണ്.

(സി) കമ്പനി എന്ന് പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള റബ്ബർ ലിമിറ്റഡ് 2023 ഏപ്രിലോടെ പ്രവർത്തനമാരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സ്

162 (2502) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളം വഴിയുള്ള ചരക്ക് നീക്കത്തിന് വ്യോമയാന സുരക്ഷാ ഏജൻസിയായ ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്.) ആവശ്യപ്പെട്ട മാനദണ്ഡങ്ങൾ പാലിക്കേണ്ടതുകൊണ്ട് കോഴിക്കോട് വിമാനത്താവളത്തിൽ സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ഐ.ഇ.-യുടെ കാർഗോ കോംപ്ലക്സ് പ്രവർത്തിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻസ് സെക്യൂരിറ്റി (ബി.സി.എ.എസ്.) മാനദണ്ഡപ്രകാരം റെഗുലേറ്റഡ് ഏജന്റ് പദവി ലഭിച്ചാൽ മാത്രമേ കെ.എസ്.ഐ.ഇ.-ക്ക് എയർപോർട്ടുവഴി എക്സ്പോർട്ട് കാർഗോ കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളൂ. സർക്കാർ അഭ്യർത്ഥനപ്രകാരം ബി.സി.എ.എസ്. നിർദ്ദേശപ്രകാരമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് കെ.എസ്.ഐ.ഇ.-യ്ക്ക് 31-12-2022-വരെ സമയം അനുവദിച്ചിട്ടുണ്ട്. അതിനാൽ കോഴിക്കോട് വിമാനത്താവളം വഴി

എക്സ്പോർട്ട് കാർഗോ കൈകാര്യം ചെയ്യുന്നതിന് കെ.എസ്.ഐ.ഇ.-യ്ക്ക് നിലവിൽ തടസ്സമൊന്നുമില്ല.

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം സുരക്ഷാ മാനദണ്ഡങ്ങളാണ് കാർഗോ കോംപ്ലക്സിൽ ഏർപ്പെടുത്തേണ്ടത്; വ്യക്തമാക്കുമോ?

ബി.സി.എ.എസ്. മാനദണ്ഡപ്രകാരമുള്ള CCTV ക്യാമറകൾ സ്ഥാപിക്കുക, ബി.സി.എ.എസ്. സർട്ടിഫൈഡ് സ്ക്രീനേഴ്സിനെ നിയമിക്കുക, എയർലൈനുകളുമായി കരാർ ഉണ്ടാക്കുക, സ്റ്റിറയിൽ ഹോൾഡ് ഏരിയ കുറ്റമറ്റതാക്കുക, ലേഡി സ്ക്രീനേഴ്സിന് സ്ക്രീനിംഗ് ബൂത്ത് ഒരുക്കുക, കാർഗോ കയറ്റിറക്ക് ജോലിക്ക് തൊഴിലാളികളെ നിയമിക്കുക എന്നിവയാണ് പൂർത്തിയാക്കേണ്ടത്.

(സി) പ്രസ്തുത സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കാർഗോ കോംപ്ലക്സ് നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മേൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വയനാട്ടിലെത്തുന്ന കരിങ്കൽ ഉല്പന്നങ്ങൾ**

163(2503) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിലവിൽ എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്; ഇവ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ നിലവിൽ 8 ക്വാറികൾ പ്രവർത്തിക്കുന്നു. വെങ്ങപ്പള്ളി, മൂരിക്കപ് എന്നിവിടങ്ങളിൽ രണ്ട് ക്വാറികൾ വീതവും ശശിമല, പടിവയൽ, വാവാടി, താഴെകരണി എന്നിവിടങ്ങളിലായി ഓരോ ക്വാറികൾ വീതവും പ്രവർത്തിക്കുന്നു. ക്വാറികളുടെ വിശദാംശങ്ങൾ മൈനിംഗ് & ജിയോളജി വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (dmg.kerala.gov.in).

(ബി) വയനാട് ജില്ലയിലേയ്ക്ക് ഒരു ദിവസം ശരാശരി എത്ര ടൺ കരിങ്കൽ ഉല്പന്നങ്ങൾ ഇതര ജില്ലകളിൽ നിന്നെത്തുന്നുണ്ടെന്ന കണക്ക് ലഭ്യമാണോ;

(സി) എങ്കിൽ ഏത് ജില്ലയിൽ നിന്നാണ് കൂടുതൽ കരിങ്കൽ ഉൽപ്പന്നങ്ങൾ വയനാട്ടിലേക്ക് എത്തുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഇത്തരത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ വിവരശേഖരണ രീതി നിലവിലില്ല.

**കാട്ടാക്കട ചെറുകോട് ട്രൈബൽ സ്കൂളിനായി മണ്ണ് മാറ്റൽ**

164(2504) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ചെറുകോട് ട്രൈബൽ സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി മണ്ണ് മാറ്റുന്നതിനുള്ള അപേക്ഷയിന്മേൽ തീരുമാനമാകാത്തതിനുള്ള കാരണം വിശദമാക്കാമോ?

വിളപ്പിൽ പഞ്ചായത്തിലെ ചെറുകോട് ഗവൺമെന്റ് ട്രൈബൽ എൽ.പി. സ്കൂളിന് മന്ദിര നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് വിളപ്പിൽ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൽ മൈനിംഗ് & ജിയോളജി തിരുവനന്തപുരം ജില്ലാ ആഫീസിൽ നിന്നും 24-02-2022-ന് സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. സ്ഥലം സർക്കാർ പുറമ്പോക്ക് ഭൂമി ആകയാൽ മണ്ണ് നീക്കം ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറുടെ രേഖാമൂലമുള്ള അനുമതി ആവശ്യമാണ്. പ്രസ്തുത വിവരം ജില്ലാ കളക്ടറെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. ഇതോടൊപ്പം നീക്കം

ചെയ്യേണ്ട മണ്ണ് പഞ്ചായത്ത് ലേലം ചെയ്ത് ആയതിനുള്ള റോയൽറ്റി, സീനിയറേജ് എന്നിവ ഒടുക്കി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്. സ്കൂൾ കെട്ടിട നിർമ്മാണ അനുമതി/പ്ലാൻ സമർപ്പിക്കുന്നതിനും സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തര തീരുമാനമെടുക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ആവശ്യപ്പെട്ട രേഖകൾ വിളപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരാക്കുന്ന മുറയ്ക്ക് ഈ അപേക്ഷയിൽ അടിയന്തര തുടർനടപടി സ്വീകരിക്കുന്നതാണ്.

**അനധികൃത ഖനനത്തിന്റെ പിഴ അടയ്ക്കാൻ തവണകൾ**

165(2505) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കണക്കാക്കിവരുന്ന റോയൽറ്റിക്കും കോമ്പൗണ്ടിംഗ് ഫീസിനും തവണയും സാവകാശവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

2015-ലെ കെ.എം.എം.സി. ചട്ടങ്ങൾ പ്രകാരം റോയൽറ്റി തവണകളായി ഒടുക്കുന്നതിന് വ്യവസ്ഥകളില്ലാത്തതാണ്. എന്നാൽ ചട്ടം 89(2) പ്രകാരം ലീസ് ഉടമകൾ അവരുടെ ക്രഷറിന് രജിസ്റ്റേർഡ് മെറ്റൽ ക്രഷർ യൂണിറ്റ് (RMCU) ആയിട്ട് അനുമതി സമ്പാദിക്കുകയാണെങ്കിൽ ആയതിന് 4 തവണകൾ വരെയായി തുക ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കോമ്പൗണ്ടിംഗ് ഫീസിനും തവണയും സാവകാശവും നൽകുന്നതിന് ചട്ട പ്രകാരം വ്യവസ്ഥകളില്ലാത്തതാണ്.

(ബി) അനധികൃത ഖനനത്തിനും മണ്ണെടുപ്പിനും ഈടാക്കുന്ന പിഴ തുക അടയ്ക്കാൻ തവണകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പിഴ തുകയടപ്പിക്കാൻ വ്യവഹാരങ്ങളിലേയ്ക്ക് നീങ്ങാതെ ഡിപ്പാർട്ട്മെന്റ്തലത്തിൽതന്നെ തവണയും സാവകാശവും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് ചട്ടത്തിൽ ഭേദഗതി വരുത്തി പിഴ തുക അനുവദിക്കുന്നതിൽ മറ്റ് ഡിപ്പാർട്ട്മെന്റുകൾ നടപ്പാക്കുന്നതുപോലെയുള്ള തവണ അനുവദിക്കൽ ജിയോളജി വകുപ്പിലും സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി-ഡി) കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 98 പ്രകാരം അപ്പലേറ്റ് അതോറിറ്റിക്കും ഫൈനൽ അപ്പലേറ്റ് അതോറിറ്റിക്കും നൽകിയിട്ടുള്ള അധികാരവും സർക്കാരിനുള്ള സവിശേഷ അധികാരവും ഉപയോഗിച്ച് പിഴ തുക തവണകളായി അടയ്ക്കുന്ന കാര്യം പരിഗണിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

**മൈനിംഗ് & ജിയോളജി വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ**

166(2506) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഏതെല്ലാം സേവനങ്ങളാണ് 2022 ജൂലൈ മുതൽ ഓൺലൈനായി ലഭ്യമാകുകയെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

വൻകിട ധാതുക്കളുടെ ഖനനാനുമതിക്കായുള്ള ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനുള്ള മൊഡ്യൂളുകൾ 2020 നവംബർ 5 മുതൽ ലഭ്യമാണ്.

മൈനിംഗ് & ജിയോളജി വകുപ്പ് നൽകി വരുന്ന സേവനങ്ങൾ,

1. Quarrying Lease,

2 & 3. Quarrying Permit - Quantity based & Consolidated Royalty Payment System (CRPS),

4. K-Swift-KOMPAS Integration Software for Quarrying Permit for Ordinary Earth എന്നീ നാല് സേവനങ്ങളുടെ software-കളുടെ രണ്ടാംഘട്ട Security Auditing നടന്നുവരുന്നു. ആയത് 15-07-2022-ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിലുള്ള പൊതുകുളങ്ങളിലെ ചെളിയും മാലിന്യങ്ങളും പായലുകളും നീക്കം ചെയ്യുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷ ഓൺലൈനായി നൽകാനാകുമോ; നടപടിക്രമം വിശദമാക്കാമോ?

തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന പൊതുകുളങ്ങളിലെ ധാതുക്കൾ നീക്കം ചെയ്യേണ്ട ആവശ്യമുണ്ടെങ്കിൽ പൊതു ലേലം ചെയ്തതിനുശേഷം ആയത് നീക്കം ചെയ്യുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് സെക്രട്ടറി ജില്ലാ ജിയോളജിസ്റ്റിന് കത്ത് നൽകുകയും ജില്ലാ ജിയോളജി ഓഫീസിൽ നിന്നും സ്ഥലപരിശോധന നടത്തി നിശ്ചിത റോയൽറ്റി ഒടുക്കി ആവശ്യമായ

പാസുകൾ അനുവദിക്കുകയും ചെയ്യും. ഇത്തരം അപേക്ഷകൾ വകുപ്പിൽ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ആയിട്ടില്ല.

(സി) പ്രളയത്തെ തുടർന്ന് സ്വകാര്യ വ്യക്തികളുടെ കൃഷിയിടങ്ങളിലും പുരയിടങ്ങളിലും വന്നടിഞ്ഞ മണലും മറ്റുമാലിന്യങ്ങളും നീക്കം ചെയ്ത് വിൽപ്പന നടത്തുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ റൂൾ 2015 പ്രകാരം സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകാറുണ്ടോ; എങ്കിൽ ഇതിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്നും എങ്ങനെയന്നും വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

അനുമതി നൽകാറില്ല. എന്നാൽ ഡിസാസ്റ്റർ മാനേജ്മെന്റ് ശിപാർശ ചെയ്യുന്ന അപേക്ഷകൾ മൈനിംഗ് & ജിയോളജി വകുപ്പിൽ ലഭിക്കുമ്പോൾ ആവശ്യമായ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നു. നിലവിൽ പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന മണ്ണിടിച്ചിൽ കാരണം വന്നടിയുന്ന മണലും മറ്റുമാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റിക്കാണ് അപേക്ഷ നൽകേണ്ടത്.

## മണ്ണെടുക്കുന്നതിനുള്ള ചട്ടങ്ങൾ

167(2507) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് വീട് വയ്ക്കാൻ മണ്ണെടുക്കുന്നതിനുള്ള ചട്ടങ്ങൾ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സാധാരണക്കാർക്ക് വീട് വയ്ക്കാൻ മണ്ണെടുക്കുന്നതിനുള്ള ചട്ടങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി കെ.എം.എം.സി. ചട്ടങ്ങളിലെ ചട്ടം 14(2) ലെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ മണ്ണ് നീക്കം ചെയ്യുന്നതിനായുള്ള ട്രാൻസിറ്റ് പാസിന് അപേക്ഷിക്കുന്നതിനായി നിഷ്കർഷിച്ചിരുന്ന ലാൻഡ് ഡെവലപ്പ്മെന്റ് പെർമിറ്റ് കൂടി ഹാജരാക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി 27-10-2021-ലെ സ.ഉ(കൈ)നം.106/2021/വ്യവ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതുസംബന്ധിച്ച് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മൈനിംഗ് & ജിയോളജി വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**E-Governance: online delivery of services:-**

സേവനാവകാശനിയമപ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് നൽകുന്ന സേവനങ്ങൾ ഓൺലൈനാക്കുന്നതിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

വൻകിട ധാതുക്കളുടെ ഖനനാനുമതിക്കായി ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനുള്ള മൊഡ്യൂളുകൾ 2020 നവംബർ 5 മുതൽ ലഭ്യമാണ്. മൈനിംഗ് & ജിയോളജി വകുപ്പ് നൽകി വരുന്ന മറ്റ് നാല് പ്രധാന സേവനങ്ങളുടെ സോഫ്റ്റ്വെയറിന്റെ രണ്ടാംഘട്ട Security Auditing പൂർത്തിയാക്കി ഓൺലൈനായി ഉടൻ ലഭ്യമാക്കുന്നതാണ്.

വകുപ്പ് നൽകി വരുന്ന മറ്റു സേവനങ്ങളിൽ online ആക്കാൻ ബാക്കിയുള്ളവ online ആയി അനുവദിക്കുന്നതിനുള്ള മോഡ്യൂളിന്റെ സോഫ്റ്റ്വെയർ വികസനം എൻ.ഐ.സി. ആരംഭിച്ചിട്ടുണ്ട്. ആയത് 2022 സെപ്റ്റംബറോടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**e-Office**:- മൈനിംഗ് & ജിയോളജി വകുപ്പിന്റെ ഡയറക്ടറേറ്റിൽ ഇ-ആഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല

ആഫീസുകളിലും കേരള മിനറൽ സ്ക്വാഡ് ആഫീസുകളിലും 24-06-2022 മുതൽ ഇ-ആഫീസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

വകുപ്പിന്റെ നിലവിലുള്ള വെബ്സൈറ്റ് നവീകരിക്കുകയും സംസ്ഥാനത്തുടനീളം ഖനനാനുമതി ലഭ്യമായ ക്വാറികളുടെ വിശദാംശങ്ങൾ പ്രതിപാദിക്കുന്ന ഒരു 'dashboard' സംവിധാനം ഒരുക്കിയിട്ടുള്ളതുമാകുന്നു.

## തൊഴിൽ ഉറപ്പുവരുത്തുന്നതിന് നടപടി

168(2508) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിന് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി**

കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. 2016-2017 മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1-7 വരെയും എയ്ഡഡ് സ്കൂളിലെ 1-4 വരെയുമുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം തുണി നൽകുന്ന പദ്ധതിയാണിത്; കൈത്തറി മേഖലയിലേക്ക് കൂടുതൽ നെയ്ത്തുകാരെ ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുവാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 88.47 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2022-23 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 140 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**യുവവീവ് പദ്ധതി**

കൈത്തറി മേഖലയിലേയ്ക്ക് യുവതലമുറയെ ആകർഷിക്കുവാനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതിയാണിത്

18 നും 40 നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേരടങ്ങുന്ന ബാച്ചുകളിലായി സൗജന്യമായി കൈത്തറി നെയ്ത്ത് പരിശീലനം നൽകുകയും ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നു. 6 മാസക്കാലയളവിൽ ആദ്യ 3 മാസം സ്റ്റൈപന്റോടുകൂടി പരിശീലനവും തുടർന്ന് മൂന്നുമാസം സ്റ്റൈപന്റും വേതനവും ചേർത്ത് നൽകുന്ന വിധത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതയും ഉറപ്പുവരുത്തുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി നിർവ്വഹണത്തിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 45 ലക്ഷം രൂപ വിവിധ ജില്ലകളിലെ പദ്ധതി നടത്തിപ്പിനായി പൂർണമായും വിനിയോഗിച്ചിട്ടുണ്ട്.

**ഒരു വീട്ടിൽ ഒരു തറി പദ്ധതി**

കേരളത്തിൽ ജനിച്ചതും 18 നും 55 നും ഇടയിൽ പ്രായമുള്ളവരും സ്വന്തമായി തറി ഇല്ലാത്തതുമായ കൈത്തറി നെയ്ത്തുകാർക്ക് വീടിനോടു

ചേർന്നുള്ള പണിപ്പുരയിലോ സംഘം വർക്ക്ഷെഡ്ഡിലോ തറി സ്ഥാപിക്കുന്നതിന് ധനസഹായം നൽകുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണ് ഒരു വീട്ടിൽ ഒരു തറി പദ്ധതി. കൈത്തറി മേഖലയിൽ കൂടുതൽ സ്വയം തൊഴിൽ സംരംഭകരെ സൃഷ്ടിക്കുവാൻ ടി പദ്ധതി മുഖേന സാധിക്കുന്നു.

**കൈത്തറി റിബേറ്റ് ഉയർത്താൻ നടപടി**

169(2509) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയിൽ കൂടുതൽ റിബേറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെയും നിലനിൽപ്പിനും വിൽപ്പന വർദ്ധിപ്പിക്കുന്നതിനുമായി കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ അനുവദിച്ച് നൽകിയ 56 റിബേറ്റ് ദിനങ്ങൾക്ക് പുറമെ 2020-2021 സാമ്പത്തിക വർഷം 50 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും 2021-2022 സാമ്പത്തിക വർഷം 6 സ്പെഷ്യൽ റിബേറ്റ് ദിനങ്ങളും കൂടുതലായി അനുവദിച്ച

നൽകി. ഓരോ വർഷവും വിവിധ ഉത്സവ സീസണുകളിലായി 56 ദിവസത്തെ റിബേറ്റ് വിൽപ്പന സർക്കാർ അനുവദിക്കുന്നുണ്ട്. 2022-23 സാമ്പത്തിക വർഷവും കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്കായി 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

വിവിധ ഉത്സവകാലയളവുകളിൽ കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പനയ്ക്ക് 41 ദിവസത്തേയ്ക്ക് 20% റിബേറ്റും സ്കൂൾ യൂണിഫോം റിബേറ്റ് കാലയളവിലേയ്ക്ക് 15 ദിവസത്തേയ്ക്ക് 30% റിബേറ്റുമാണ് നിലവിൽ അനുവദിച്ച് നൽകുന്നത്.

ഓരോ സാമ്പത്തിക വർഷവും റിബേറ്റ് ഇനത്തിൽ ബഡ്ജറ്റ് പ്രൊവിഷൻ മുഖേന അനുവദിക്കുന്ന മുഴുവൻ തുകയും ഹാന്റക്സ്, ഹാൻവീവ്, സംസ്ഥാനത്തിന്റെ വിവിധ പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവർക്ക് അർഹത നിർണ്ണയിച്ച് അനുവദിച്ചുനൽകുന്നു. ലഭ്യമാകുന്ന റിബേറ്റ് അപേക്ഷകളുടെ അർഹത നിർണ്ണയിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക നൽകിവരുന്നു.

(ബി) കൈത്തറി ഉല്പന്നങ്ങൾക്കായി കൂടുതൽ പ്രദേശങ്ങളിൽ സ്റ്റാളുകൾ ആരംഭിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തിനായി കൂടുതൽ പ്രദേശങ്ങളിൽ സ്റ്റാളുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷനും (ഹാൻവീവ്) കേരള സ്റ്റേറ്റ് ഹാന്റ്ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഹാന്റക്സ്)-യും നടപടികൾ സ്വീകരിച്ചുവരുന്നു.

ഹാൻവീവിന് കീഴിൽ 3 മേഖലകളിലായി 36 ഷോറൂമുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ കണ്ണൂർ മേഖലയിൽ രണ്ട് ഏജൻസി ഷോറൂമുകളും നിലവിൽ പ്രവർത്തിച്ചുവരുന്നു.

കൈത്തറി ഉല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി ഉത്സവ സീസണുകളിൽ കൂടുതൽ വില്പന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ഹാൻവീവ് സ്വീകരിച്ചുവരുന്നു.

ഹാന്റക്സിന് സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 79 ഷോറൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഉത്സവ സീസണുകളിൽ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സംഘടിപ്പിക്കപ്പെടുന്ന താത്കാലിക പ്രദർശന വിൽപ്പന മേളകളിൽ ഹാന്റക്സ് പങ്കെടുക്കുന്നുണ്ട്.

## ആഷ പദ്ധതി

170(2510) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഷ പദ്ധതി പ്രകാരം കരകൗശല മേഖലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര സംരംഭങ്ങളാണ് ആരംഭിച്ചത്; ഇവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

ആഷ പദ്ധതി പ്രകാരം കരകൗശല മേഖലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 22 സംരംഭങ്ങളാണ് ആരംഭിച്ചത്. ഇവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ട് വഴി വിപണന സൗകര്യമൊരുക്കിയിട്ടുണ്ട്. കരകൗശല വ്യവസായ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സൊസൈറ്റിയായ ' സുരഭിയും' അവരുടെ വിപണന കേന്ദ്രങ്ങൾ വഴി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ടൂറിസം ഡിപ്പാർട്ട്മെന്റിനുകീഴിൽ

കോവളം വെള്ളാർ പ്രവർത്തിക്കുന്ന 'ക്രാഫ്റ്റ് വില്ലേജിലും' കരകൗശല ഉൽപ്പന്നങ്ങളുടെ വിപണനത്തിനും പ്രദർശനത്തിനുമുള്ള സ്റ്റുഡിയോകൾ ഒരുക്കിയിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് നേരിട്ട് നടത്തുന്ന പ്രദർശന വിപണന മേളകളിലും അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമുള്ള അവസരം ഒരുക്കിയിട്ടുണ്ട്.

## ഖാദി ബോർഡിന്റെ സ്ഥലത്ത് ചെറുകിട വ്യവസായ സംരഭങ്ങൾ ആരംഭിക്കുന്നതിന് നടപടി

171(2511) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ഇരിങ്ങാലക്കുട ബ്ലോക്കിനുകീഴിൽ പറപ്പൂക്കര പഞ്ചായത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ നിലവിൽ ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വ്യവസായ വികസന വകുപ്പ് മുഖേന ഇതിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾക്ക് അനുമതി നൽകുന്നതിനും തൊഴിലവസരങ്ങൾ

സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിൽ ഇരിഞ്ഞാലക്കുട ബ്ലോക്കിന് കീഴിൽ പറപ്പൂക്കര പഞ്ചായത്തിൽ ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലവിൽ 1200 സ്ക്വയർ ഫീറ്റ് കെട്ടിടം നിലനിൽക്കുന്നു. ടി യൂണിറ്റിൽ നിലവിൽ 12 നൂൽപ്പ് തൊഴിലാളികളും 7 നെയ്ത്ത് തൊഴിലാളികളും ജോലി ചെയ്തുവരുന്നു. കൂടാതെ യൂണിറ്റിനോട് ചേർന്ന് ഒരു ഗ്രാമ ശിൽപ്പയും പ്രവർത്തിക്കുന്നുണ്ട്. ഖാദി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ടി സ്ഥലത്ത് മറ്റ് ചെറുകിട വ്യവസായ സംരംഭങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾ നടപ്പാക്കുന്നതിന് നിലവിൽ തീരുമാനിച്ചിട്ടില്ല. എന്നാൽ നിലവിലെ യൂണിറ്റിൽ സ്ഥലപരിമിതിമൂലം പുതിയ തറികൾ സ്ഥാപിച്ച് തൊഴിലവസരം സൃഷ്ടിക്കുന്നതിന് സാധിക്കാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്ന ടി സ്ഥലത്ത് ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ പുതുതായി ഒരു കെട്ടിടം നിർമ്മിക്കുന്നതിനും അതിൽ പുതുതായി ഒരു നെയ്ത്ത് കേന്ദ്രവും ആധുനിക മാതൃകയിലുള്ള ഒരു ഗ്രാമശിൽപ്പയും ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ നെയ്ത്ത് കേന്ദ്രത്തിൽ പറപ്പൂക്കര പഞ്ചായത്തിലെ 20

തൊഴിൽരഹിതരായ സ്ത്രീകൾക്ക് സ്ഥിരം തൊഴിൽ ലഭിക്കുന്നതിനും അതുവഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

## ഖാദി ഉല്പന്നങ്ങളുടെ പ്രചാരണം

172(2512) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഉല്പന്നങ്ങളുടെ പ്രചാരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഖാദി ഉല്പന്നങ്ങളുടെ പ്രചരണത്തിന്റെ ഭാഗമായി വർഷം മുഴുവനും റിബേറ്റ്, ഉത്സവ കാലങ്ങളിൽ പ്രത്യേക റിബേറ്റ് (സംസ്ഥാനത്തിനകത്ത് ഉൽപാദിപ്പിക്കുന്ന ഖാദി വസ്ത്രങ്ങൾക്ക് മാത്രം), ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള പരസ്യപ്രചാരണം, ഉത്സവ കാലങ്ങളിൽ സമ്മാന പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. ഫ്ലിപ്പ്കാർട്ടുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് ആരംഭിച്ചിട്ടുണ്ട്. ഖാദി മേഖല സംരക്ഷിക്കുന്നതിന്റെ ഭാഗമായും പ്രചാരണത്തിന്റെ ഭാഗമായും സർക്കാർ ജീവനക്കാരും അദ്ധ്യാപകരും പൊതുമേഖല/സഹകരണ വിഭാഗത്തിലെ ജീവനക്കാരും ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്ന്

ഗവൺമെന്റ് ഉത്തരവ് നൽകിയിട്ടുണ്ട്. വിവിധ സംഘടനകളുമായി സഹകരിച്ച് പ്രചരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഖാദി വസ്ത്രം ധരിക്കുന്നത് സംബന്ധിച്ച് ഖാദി സർവ്വേയും സംഘടിപ്പിച്ചിട്ടുണ്ട്. "ഖാദി പഴയ ഖാദി അല്ല" എന്ന മെസ്സേജ് ഉപഭോക്താക്കളിൽ എത്തുന്ന വിധത്തിലുള്ള മാറ്റങ്ങളാണ് ഖാദി വസ്ത്രങ്ങളിൽ വരുത്തിയിട്ടുള്ളത്. പുതിയ തലമുറയെ ആകർഷിക്കത്തക്കവിധം വെസ്റ്റേൺ വെയേഴ്സ്, പാർട്ടി വെയർ, കാഷ്വൽ ഓഫീസ് വെയർ, ചുരിദാർ ടോപ്, കിഡ്സ് വെയർ, അങ്കണവാടി യൂണിഫോം, റ്റീച്ചേഴ്സ് ഏപ്രൺ, ഡോക്ടേഴ്സ് കോട്ട്, കാക്കി യൂണിഫോം, ബ്രൈഡൽ വെയേഴ്സ് തുടങ്ങി എല്ലാ പ്രായക്കാർക്കുമുള്ള ഖാദി വസ്ത്രങ്ങൾ ഡിസൈൻ ചെയ്തുകഴിഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ ഡിസൈനർമാരാണ് ഇവ ഡിസൈൻ ചെയ്യുന്നത്. ഇതുകൂടാതെ എല്ലാ ഖാദി ഷോപ്പുകളിലും ഡിസൈനർമാരുടെ സേവനം ലഭ്യമാണ്. കസ്റ്റമറുടെ ഇഷ്ടമനുസരിച്ച് ഡിസൈൻ ചെയ്തു തയ്ച്ചുകൊടുക്കുന്നു. കൂടാതെ ഖാദി ഷോ പോലുള്ള പരിപാടികൾ, ആധുനിക രീതിയിലുള്ള വിപണന ശാലകൾ തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം 2022-ലെ ഓണത്തോടനുബന്ധിച്ച് സമ്മാന പദ്ധതികൾ

ആവിഷ്കരിച്ച് കൂടുതൽ മേളകൾ സംഘടിപ്പിച്ച് പ്രചാരണം നടത്തുന്നതിനും ലക്ഷ്യമിടുന്നതുകൂടാതെ കെ.എസ്.ആർ.ടി.സി.- യുമായി സഹകരിച്ച് മൊബൈൽ സെയിൽസ് വാനുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) ഖാദി നെയ്ത്തുപകരണങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉണ്ട്. ഐ.ഐ.റ്റി., ചെന്നൈയുമായി ചേർന്ന് പഠനം നടത്തുന്നതോടൊപ്പം ആലപ്പുഴയിലെ കെ.എസ്.സി.എം.എം.സി-യെ കൂടി ഉൾപ്പെടുത്തി നടപടികൾ ആരംഭിക്കുകയും ചെയ്തു.

**ഖാദി വ്യവസായ വകുപ്പിന്റെ ആസ്തികൾ**

173(2513) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി ഖാദി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയെയും കെട്ടിടങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിലായി ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ അധീനതയിലുള്ള ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വകുപ്പിന്റെ അധീനതയിലുള്ളതും നിലവിൽ ഉപയോഗിക്കാതെ ഒഴിഞ്ഞുകിടക്കുന്നതുമായ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ ഒന്നും ഒഴിഞ്ഞ് കിടക്കുന്നില്ല.

## ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ

174(2514) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപറയുന്നവയാണ്.

1. പ്രത്യേക തൊഴിൽദാന പദ്ധതി.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഉത്സസവബത്തയും.

3. വാർത്താവിതരണവും പ്രചരണവും പരിശീലനവും.

4. തേനീച്ച വളർത്തൽ വ്യവസായ വികസനം.

5. തേനീച്ച വളർത്തൽ ക്ലസ്റ്റർ.

6. വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ വികസനവും ശക്തിപ്പെടുത്തലും.

7. ഖാദി സഹകരണ സംഘങ്ങൾക്ക്/ സ്ഥാപനങ്ങൾക്ക് ധനസഹായം.

8. വകുപ്പുതല ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും.

9. കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പരുത്തി സംസ്കരണ യൂണിറ്റ് വിപുലീകരണവും ആധുനികവൽക്കരണവും.

10. ഖാദി ബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം.

11. ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങളുടെയും സംഭരണശാലകളുടെയും ആധുനികവൽക്കരണം.

12. ഖാദി പട്ടുനൂൽ നെയ്ത്ത് പദ്ധതി.

( ബി ) ഓരോ പദ്ധതിയുടെയും വിശദവിവരങ്ങൾ നൽകാമോ?

അനുബന്ധമായി ചേർക്കുന്നു.+

## പനംച്ചക്കര സൊസൈറ്റികളുടെ പേരിലുള്ള സ്ഥലങ്ങളുടെ വിവരം

175(2515) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ ഖാദി വ്യവസായ വകുപ്പിനുകീഴിലുള്ള പനംച്ചക്കര സൊസൈറ്റികളുടെ പേരിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് നിലവിൽ സ്ഥലമുള്ളതെന്നും എത്ര സെന്റ് സ്ഥലം വീതമാണുള്ളതെന്നും വിശദമാക്കാമോ?

നെന്മാറ മണ്ഡലത്തിൽ ഖാദി ഗ്രാമ വ്യവസായ ബോർഡിനുകീഴിലുള്ള പനംച്ചക്കര സൊസൈറ്റിയുടെ പേരിൽ എലവഞ്ചേരി പഞ്ചായത്തിൽ 3.5 സെന്റ് സ്ഥലവും പല്ലശ്ശന പഞ്ചായത്തിൽ രണ്ട് റീസർവ്വേ നമ്പരുകളിലായി 17 സെന്റും (9.5+7.5) സ്ഥലവുമുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്ഥലങ്ങളുടെ കയ്യേറ്റം തടയുന്നതിനും സംരക്ഷിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

എലവഞ്ചേരി പനംചക്കര ഉല്പാദക സഹകരണ സംഘവും പല്ലശ്ശന പനംചക്കര ഉല്പാദക സഹകരണ സംഘവും അതിർത്തി തിരിച്ച് വച്ചിട്ടുണ്ട്. ഫെൻസിംഗ് ചെയ്തിട്ടില്ല. ടി സംഘം ലിക്വിഡേഷനിലാണ്.

**വൈപ്പിൻ മണ്ഡലത്തിലെ കയർ ഭൂവസ്ത്രം പദ്ധതി**

176(2516) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും ഓരോ പഞ്ചായത്തിലും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുളവുകാട്, കടമക്കുടി, എളങ്കുന്നപുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ പഞ്ചായത്തുകളിൽ കയർ

ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :-

മുളവുകാട് - 31,75,000/-

കടമക്കുടി - 19,84,630/-

എളങ്കുന്നപ്പുഴ - 9,42,443/-

ഞാറയ്ക്കൽ - 2,70,500/-

നായരമ്പലം - 2,98,689/-

**മണ്ണൊലിപ്പ് തടയാൻ കയർ ഭൂവസ്ത്രം**

177(2517) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണൊലിപ്പ് തടയുന്നതിന് കയർ ഭൂവസ്ത്രം സ്ഥാപിക്കുന്ന പദ്ധതി വ്യാപിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കയർ ഭൂവസ്ത്രത്തിന്റെ വ്യാപനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ധാരണയിൽ ഏർപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി മണ്ണ് ജല സംരക്ഷണത്തിനും നീർത്തട

പരിപാലനത്തിനും റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു. വിവധ ജില്ലകളിലെ സോയിൽ കൺസർവേഷൻ ഓഫീസുകളുമായി ചേർന്ന് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും കെ.എസ്.ഇ.ബി., കേരളത്തിലെ വിവിധ സർവ്വകലാശാലകൾ എന്നിവയുമായി ചേർന്ന് സംരക്ഷണ പ്രവർത്തനങ്ങളും നടപ്പാക്കി വരുന്നു. ഇന്ത്യയുടെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. നാളിതുവരെ 161.61 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. കയർ ഭൂവസ്ത്ര പദ്ധതി വ്യാപകമാക്കുന്നതിനായി ഒരു 'മാർക്കറ്റിംഗ് ക്യാമ്പയിൻ' സംഘടിപ്പിക്കുകയും പഞ്ചായത്തുകൾ സന്ദർശിച്ച് കയർ ഭൂവസ്ത്ര ഓർഡറുകൾ ശേഖരിക്കുകയും ചെയ്തു. ഇത് 2021-2022 വർഷത്തിൽ കയർ ഭൂവസ്ത്രത്തിന്റെ വിതരണത്തിൽ വർദ്ധനവുണ്ടാക്കാൻ സഹായകരമായി.

(ബി) കയർ ഭൂവസ്ത്രം സ്ഥാപിക്കുന്നതിന് സർക്കാർ സബ്സിഡി നൽകുന്നുണ്ടോ?

ഇല്ല.

## കയർ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തൽ

178 (2518) ശ്രീമതി യു. പ്രതിഭ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയിലെ വൈവിധ്യവൽക്കരണത്തിന്റെയും കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനുമായി നടത്തി വരുന്ന പഠനങ്ങളുടെയും ഗവേഷണങ്ങളുടെയും ഫലമായി എന്തെല്ലാം ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

സംസ്ഥാനത്തെ കയർ മേഖലയിലെ വൈവിധ്യവൽക്കരണത്തിന്റെയും കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനുമായി കയർ വികസന വകുപ്പിനു കീഴിലുള്ള സ്വയംഭരണ ഗവേഷണ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത ഉല്പന്നങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പീറ്റ്കോൾ ഡോട്ട്സ്- ചകിരി ചോറിനെ വായുസഞ്ചാരം കുറഞ്ഞ അന്തരീക്ഷത്തിൽ ശക്തമായി ചൂടാക്കി അതിലെ ജലാംശം പൂർണ്ണമായും ഇല്ലാതാക്കി വികസിപ്പിച്ചെടുത്ത ഉല്പന്നമാണ് പീറ്റ്കോൾ ഡോട്ട്സ്. ഇത് ചാർക്കോളിന് പകരമായും സുഗന്ധദ്രവ്യമായും ഉപയോഗിക്കാവുന്നതാണ്.

2. മൊബൈൽ ടെൻഡർ ക്രഷിംഗ് മെഷീൻ- കരിക്കിൻ തൊണ്ട് ചതച്ച് എടുക്കുന്നതിനായി വികസിപ്പിച്ചെടുത്തു. കൃഷിയിടങ്ങളിൽ പുതയിടൽ വസ്തുവായി നേരിട്ടും ഗ്രോബാഗുകളിൽ നിറയ്ക്കുന്നതിന് അനുയോജ്യമായ മികച്ച പോട്ടിംഗ് മിശ്രിതമായും ഈ മെഷിനിൽ ചതച്ചെടുത്ത കരിക്കിൻ തൊണ്ട് ഉപയോഗിക്കുന്നു.

3. കയർ ജിയോ-സെൽ- കയർ ജിയോ-ടെക്സ്റ്റൈൽസ് കൊണ്ട് നിർമ്മിച്ച കയർ ജിയോ-സെൽ കുത്തായ ചരിവ് പ്രദേശങ്ങളിൽ കൃഷിക്കായി ഉപയോഗിക്കുന്നു.

4. കയർ മൾച്ചിംഗ് മാറ്റുകൾ - കളകൾ ഒഴിവാക്കാനായി കാർഷിക മേഖലയിൽ സാധാരണയായി ഉപയോഗിച്ചു വരുന്ന സിന്തറ്റിക് മൾച്ചുകൾക്ക് പകരം ഉപയോഗിക്കുന്നു.

5. <u>ടൈക്കോപിത്ത്</u> - ചകിരിച്ചോറിനെ കുറഞ്ഞ സമയംകൊണ്ട് വളമാക്കി മാറ്റുന്ന ഉല്പന്നമാണ് ടൈക്കോപിത്ത്.

6. <u>അക്വസ്റ്റിക് പാനലുകൾ</u> - ശബ്ദത്തിന്റെ പ്രതിധ്വനി കുറച്ച് ശബ്ദ മലിനീകരണത്തെ നിയന്ത്രിക്കാൻ സാധിക്കുന്നു.

7. <u>ബൈൻഡർലെസ് ബോർഡുകൾ</u> - വുഡൻ ബോർഡുകൾക്ക് പകരമായി യാതൊരു കെമിക്കൽ ബൈൻഡറുകളും ഇല്ലാതെ ഉപയോഗിക്കാൻ കഴിയുന്നവയാണ് ബൈൻഡർലെസ് ബോർഡുകൾ.

(ബി) ഇത്തരത്തിൽ വികസിപ്പിച്ചെടുത്ത നൂതന കയർ ഉല്പന്നങ്ങളുടെ ഗുണമേന്മയും വിപണി സാധ്യതയും വിലയിരുത്തിയിട്ടുണ്ടോ?

നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത ഉൽപ്പന്നങ്ങൾ ഗവേഷണാടിസ്ഥാനത്തിൽ ഉള്ളവയാണ്. അവയുടെ പ്രായോഗിക/വ്യാവസായിക തലത്തിലുള്ള നിർമ്മാണത്തിനും സാങ്കേതികവിദ്യയുടെ കൈമാറ്റം എന്നിവയ്ക്കും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കയറിനും കയർ ഉല്പന്നങ്ങൾക്കും ആഭ്യന്തര വിപണി കണ്ടെത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും അതിന്റെ പുരോഗതിയും വ്യക്തമാക്കാമോ?

കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾവഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ നിശ്ചിത വില നൽകി സംഭരിക്കുന്നതിനും അവ കയറ്റുമതി ചെയ്യുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി (പി.പി.എസ്.എസ്.) കേരള സംസ്ഥാന കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു.

കയറിന്റെയും മറ്റ് പ്രകൃതിദത്തനാരുകളുടേയും അന്തർദേശീയ പ്രദർശന മേളയായ കയർ കേരള നടത്തുന്നത് കയർ ഉത്പന്നങ്ങളുടെ വിപണി

വിപുലീകരണം ലക്ഷ്യമാക്കിയാണ്. കയർ പൊതുമേഖലാസ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വിപുലീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

ഉത്പന്ന മേഖലയിൽ കൂടുതൽ ഡിമാന്റുള്ളത് കയർ ഭൂവസ്ത്രത്തിനാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി മണ്ണ് ജല സംരക്ഷണത്തിനും നീർത്തട പരിപാലനത്തിനും റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു.

(ഡി) കോവിഡ് കാലത്തെ കയറ്റുമതിയിൽ കയർ ഉല്പന്നങ്ങൾക്ക് ലഭിച്ച പ്രാധാന്യം കണക്കിലെടുത്ത് വിദേശ വിപണി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ?

കയർ ഉൽപ്പന്നങ്ങളുടെ വിപണനം നടത്തുന്ന കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് വിദേശ വിപണി വിപുലീകരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്.

## പരമ്പരാഗത കയർ മേഖലയിലെ പ്രതിസന്ധി

179(2519) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിന്റെ പുനരുജ്ജീവനത്തിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കയർ വ്യവസായത്തിന്റെ പുനരുജ്ജീവനത്തിനായി ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് ആരംഭിച്ച കയർ രണ്ടാം പുന:സംഘടന 2021-22 വർഷത്തിൽ പൂർത്തിയായെങ്കിലും പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സമ്പൂർണ്ണ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ പദ്ധതികാലത്ത് 150 കയർ സഹകരണ സംഘങ്ങളിലായി സ്ഥാപിക്കപ്പെട്ടു. 8000 മുതൽ 100000 തൊണ്ട് വരെ ചകിരിയാക്കാൻ കഴിയുന്ന 128 ഡി.എഫ്. മില്ലുകൾ

സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് 90%, സ്വകാര്യ സംരഭകർക്ക് 50% (പരാമവധി 25 ലക്ഷം രൂപ) സബ്സിഡി നൽകി പരമാവധി സംരഭകരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിന് പ്രോൽസാഹനം നൽകി വരുന്നു. തൊണ്ട് ലഭ്യത കുറവുള്ള തെക്കൻ ജില്ലകളിൽ ന്യായവിലയിൽ തൊണ്ട് ലഭ്യമാക്കുന്നതിന് വൈക്കം ആസ്ഥാനമായി കയർ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഉൽപ്പന്ന മേഖലയിലെ സംഘങ്ങളെ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ച് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ചെറുവാരണം സി.എം. & എം.സി.എസ്. നം.989-ൽ 6 ലൂമുകൾ സ്ഥാപിച്ചു. ഉൽപ്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ എം.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കി വരുന്നു. കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും ആഭ്യന്തര വിപണി വിപുലീകരണത്തിനായി അന്തർദേശീയ പ്രദർശന മേളയായ കയർ കേരള സംഘടിപ്പിച്ചുവരുന്നു. വിപണി വിപുലീകരണം ലക്ഷ്യമിട്ട് വൈവിധ്യങ്ങളായ ഉൽപ്പന്നങ്ങൾ നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ

ഉൽപ്പന്നങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഓർഡറില്ലാത്തതും കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ ഏറ്റെടുക്കാത്തതുംമൂലം കയർ തൊഴിലാളികൾ പട്ടിണിയിലാകുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ?

അന്യസംസ്ഥാന കയറിന്റെ വിലയുമായുള്ള അന്തരം നിമിത്തം കയർ സ്റ്റോക്ക് ഇരിക്കുന്ന സാഹചര്യം കയർഫെഡിൽ നിലവിലുണ്ട്. ഇത് മറികടക്കുന്നതിനായി വൈക്കം കയറിന് നിലവിൽ അനുവദിച്ച് നൽകിയിരിക്കുന്ന 10% ഡിസ്കൗണ്ട് 20% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിച്ചിട്ടുള്ള കയർ ഉൽപ്പന്നങ്ങൾ വിലക്കുറവിൽ വിറ്റഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 10% ഡിസ്കൗണ്ട് നൽകി വരുന്നുണ്ട്. സ്പോട്ട് പേമെന്റ് നടത്തി ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 5% അധിക ഡിസ്കൗണ്ടും പ്രോത്സാഹനമായി നൽകി വരുന്നു.

(സി) തേങ്ങയുണ്ടെങ്കിലും കയർ വ്യവസായത്തിന് ആവശ്യമായ തൊണ്ട് കിട്ടാത്ത അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിന് പരിഹാരം കണ്ടെത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

തൊണ്ടിന്റെ ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ മേഖലകളിൽ ന്യായവിലയ്ക്ക് തൊണ്ട് ലഭ്യമാക്കുന്നതിനായി വൈക്കം ആസ്ഥാനമായി കയർ കൺസോർഷ്യം പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ മുഴുവൻ സംഘങ്ങൾക്കും ഇതിന്റെ സേവനം ലഭ്യമാണ്.

(ഡി) മറ്റുസംസ്ഥാനങ്ങളിൽ നിന്നുള്ള കയർ ഉല്പന്നങ്ങളുടെ ലഭ്യതയും പരമ്പരാഗത കയറുല്പന്നങ്ങൾക്ക് വിപണിയില്ലാത്തതും കയർ മേഖലയിലെ പ്രതിസന്ധി രൂക്ഷമാക്കുന്നത് എങ്ങനെ പരിഹരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ  പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി

സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾവഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾ നിശ്ചിത വില നൽകി സംഭരിക്കുന്നതിനും അവ കയറ്റുമതി ചെയ്യുന്നതിനുമായി സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി (പി.പി.എസ്.എസ്.) കേരള സംസ്ഥാന കയർ കോർപ്പറേഷൻവഴി നടപ്പാക്കുന്നു. കയർ കോർപ്പറേഷനിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങുന്ന കയറ്റുമതിക്കാർക്ക് 10% ഡിസ്കൗണ്ട് നൽകി വരുന്നു. ഉല്പാദക സഹകരണ സംഘങ്ങൾക്ക് അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വില സ്ഥിരത ഉറപ്പാക്കുന്നതിനും ഈ പദ്ധതി വഴി സാധ്യമായിട്ടുണ്ട്.

കയറിന്റെയും മറ്റ് പ്രകൃതിദത്തനാരുകളുടേയും അന്തർദേശീയ പ്രദർശന മേളയായ കയർ കേരള നടത്തുന്നത് കയർ ഉത്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. കയർ പൊതുമേഖലാസ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വിപുലീകരണത്തിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

ഉത്പന്ന മേഖലയിൽ കൂടുതൽ ഡിമാന്റുള്ളത് കയർ ഭൂവസ്ത്രത്തിനാണ്. കയർ ഭൂവസ്ത്രത്തിന്റെ വ്യാപനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി

ധാരണയിലേർപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി മണ്ണ് ജല സംരക്ഷണത്തിനും നീർത്തട പരിപാലനത്തിനും റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു.

**കയർ മേഖലയുടെ സമഗ്ര പുനരുദ്ധാരണം**

180 (2520) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

പതിമൂന്നാം പഞ്ചവത്സര പദ്ധതികാലത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ കയർ രണ്ടാം പുന:സംഘടന പദ്ധതി പ്രകാരം പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. <u>ചകിരി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക</u>: 8000 മുതൽ 100000 തൊണ്ട് വരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 128 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചതിന്റെ ഫലമായി പ്രതിവർഷ ചകിരി ഉൽപ്പാദനശേഷി 29000 ടണ്ണായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. തൊണ്ട് ലഭ്യത കൂടുതലുള്ള മലബാർ മേഖലയിൽ 50-ഓളം ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുകയും തൊണ്ട് ലഭ്യത താരതമ്യേന കുറവുള്ള തെക്കൻ ജില്ലകളിൽ ലഭ്യത ഉറപ്പാക്കുന്നതിനായി വൈക്കം ആസ്ഥാനമായി ഒരു കയർ കൺസോർഷ്യവും രൂപീകരിച്ചിട്ടുണ്ട്.

2. <u>പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക</u>: 150 കയർ സഹകരണ സംഘങ്ങളിലായി 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, 26000 ഇ-റാട്ടുകൾ എന്നിവ സ്ഥാപിച്ചു. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം 500/- രൂപയായി വർദ്ധിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം പരമ്പരാഗത റാട്ടുകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രതിദിന വേതനം-350/-

രൂപയുടെ ഒരു ഭാഗം (പരമാവധി 110/- രൂപ) സർക്കാർ വിഹിതമായി നൽകുന്നു.

3. <u>ഉൽപ്പന്ന രംഗത്ത് വൈവിധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനവും ഏർപ്പെടുത്തുക</u>: കയർ ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിൽ കയർ ജിയോ ടെക്സ്റ്റൈൽസ്, കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡുകൾ, അകൃസ്റ്റിക് പാനലുകൾ എന്നിവ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി അന്തർദേശീയ പ്രദർശന മേളയായ കയർ കേരള, ബയർ-സെല്ലർ മീറ്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് നടത്തപ്പെടുന്ന എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

4. <u>കയർ ജിയോ-ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക</u>: ഉൽപ്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്. ആയി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ്, ജല സംരക്ഷണം, റോഡ് നിർമ്മാണം, നീർത്തട സംരക്ഷണം എന്നിവയ്ക്കായി കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) കയർ മേഖലയുടെ സമഗ്രമായ പുനരുദ്ധാരണം ലക്ഷ്യമാക്കി നടപ്പാക്കുന്ന കയർ രണ്ടാം പുനഃസംഘടന പ്രകാരം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കയർ രണ്ടാം പുനഃസംഘടന പദ്ധതി പ്രകാരം ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. യന്ത്രവൽക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി 150 സംഘങ്ങളിൽ 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു. വിവിധ കയർ വ്യവസായ സഹകരണ സംഘങ്ങളിലായി 26000 ഇ-റാട്ടുകൾ വിതരണം ചെയ്തു.

2. 8000 മുതൽ 100000 തൊണ്ട് വരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 128 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു.

3. ഉൽപ്പന്ന നിർമ്മാണ മേഖലയിലെ സമ്പൂർണ്ണ നവീകരണം ലക്ഷ്യമാക്കി ആലപ്പുഴ ജില്ലയിലെ 6 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ഉൽപ്പാദിപ്പിക്കുന്ന കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്. ആയി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണം, റോഡ് നിർമ്മാണം, നീർത്തട സംരക്ഷണം എന്നിവയ്ക്കായി കയർ ഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

5. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനായി അന്തർദേശീയ പ്രദർശനമേളയായ കയർ കേരള, ബയർ സെല്ലർ മീറ്റുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് നടത്തപ്പെടുന്ന എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

(സി) ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഡി-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചതിനുശേഷമുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതി കാലത്ത് ആരംഭിച്ച കയർ രണ്ടാം പുനഃസംഘടനാ പദ്ധതിയിൽ ഉൾപ്പെടുത്തി 8000 മുതൽ 100000 തൊണ്ട് വരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 128 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചിരുന്നു. 2015-16-ൽ 5000 ടണ്ണായിരുന്ന പ്രതിവർഷ ചകിരി

ഉല്പാദന ശേഷി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കപ്പെട്ടതോടെ 29000 ടണ്ണായി ഉയർന്നിട്ടുണ്ട്.

(ഡി) ഫലപ്രദമെങ്കിൽ പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കുടുംബശ്രീ യൂണിറ്റുകൾ, കയർ സഹകരണ സംഘങ്ങൾ, നാളീകേര ഉൽപ്പാദക കമ്പനികൾ തുടങ്ങിയവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരഭകർക്ക് 50% (പരമാവധി 25 ലക്ഷം രൂപ വരെ) സബ്സിഡിയോടെയും ഡി.എഫ്. മില്ലുകൾ അനുവദിച്ചുവരുന്നു. കൂടുതൽ സ്വകാര്യ സംരഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് ഇതുവഴി കഴിഞ്ഞിട്ടുണ്ട്.

## കയർ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

181(2521) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറുല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വ്യക്തമാക്കാമോ?

പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പാക്കിയ കയർ രണ്ടാം പുനഃസംഘടന പദ്ധതിയുടെ ഭാഗമായി 150 കയർ സഹകരണ സംഘങ്ങളിലായി 1438 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി വിവിധ കയർ വ്യവസായ സഹകരണ സംഘങ്ങളിൽ 26000 ഇലക്ട്രോണിക് റാട്ടുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കൂടുതൽ യന്ത്രവത്കൃത കയർപിരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൂടുതൽ യന്ത്രവത്കൃത കയർപിരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി 50 കയർ വ്യവസായ സഹകരണ സംഘങ്ങളിലായി 500 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ കൂടി സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നു.

## കയർ കോർപ്പറേഷന്റെ കോവിഡ് ഹെൽത്ത് പ്ലസ് മാറ്റുകൾ

182 (2522) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കയർ കോർപ്പറേഷൻ സാനി മാറ്റ് എന്ന പേരിൽ പുറത്തിറക്കിയ കോവിഡ് ഹെൽത്ത് പ്ലസ് മാറ്റുകൾ ആവശ്യക്കാരില്ലാതെ കെട്ടികിടക്കുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ?

ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം സംഭരിച്ച മാറ്റുകൾ രൂപമാറ്റം വരുത്തി പ്ലാസ്റ്റിക് / റബ്ബർ ട്രേകളിൽ സ്ഥാപിച്ച് അണുവിമുക്ത ലായനി ഒഴിച്ച് നിർമ്മിച്ചവയാണ് സാനിമാറ്റുകൾ. ഇത്തരത്തിൽ സാനിമാറ്റുകൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന 28000 ട്രേകൾ മാത്രമാണ് കയർ കോർപ്പറേഷൻ ഡിവിഷനിൽ മിച്ചമിരിക്കുന്നത്.

(ബി) എങ്കിൽ കോർപ്പറേഷൻ ആകെ ഉല്പാദിപ്പിച്ച മാറ്റുകളുടെ എണ്ണം, എത്ര തരത്തിലുള്ളവ, ഓരോ മാറ്റിന്റെയും ജി.എസ്.ടി. ഉൾപ്പെടെയുള്ള വില എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; ഇവ ഉല്പാദിപ്പിക്കുന്നതിനായി ആകെ എത്ര രൂപയാണ് ചെലവായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

"സാനിമാറ്റ്" കയർ മാറ്റും, ട്രേയും, അണുവിമുക്ത ലായനിയും ഉൾപ്പെട്ടതാണ്. നിലവിൽ കയർ കോർപ്പറേഷന്റെ കൈവശമുള്ള മാറ്റുകളാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

ക്രയവിലസ്ഥിരത പദ്ധതി പ്രകാരം സംഭരിച്ചിരിക്കുന്ന ഉൽപ്പന്നങ്ങളിൽ പല വലിപ്പത്തിലുള്ള മാറ്റുകളുണ്ട്. മാറ്റുകളുടെ വലിപ്പത്തിന് ആനുപാതികമായി വിവിധ ഇനം ട്രേകൾ വാങ്ങിയിട്ടുണ്ട്. ടി ട്രേകളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

റബ്ബർ ട്രേ (38 സെ.മീ x 35 സെ.മീ) - 141.60 (ജി.എസ്.ടി. ഉൾപ്പടെ)

റബ്ബർ ട്രേ (55 സെ.മീ x 85 സെ.മീ) - 354.00 (ജി.എസ്.ടി. ഉൾപ്പടെ)

റബ്ബർ ഡബിൾ ട്രേ (52 സെ.മീ x 82 സെ.മീ) - 295.00 (ജി.എസ്.ടി. ഉൾപ്പടെ)

പ്ലാസ്റ്റിക്ക് ട്രേ (49 സെ.മീ x 79 സെ.മീ) - 247.80 (ജി.എസ്.ടി. ഉൾപ്പടെ)

ആകെ സാനിമാറ്റായി രൂപപ്പെടുത്തിയ മാറ്റുകളുടെ എണ്ണം - 21,616 എണ്ണം. ആയത് 7 തരത്തിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

(സി) പ്രസ്തുത മാറ്റുകൾ ചെലവാകാതെ കെട്ടിക്കിടക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; വിപണി പഠിക്കാതെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ

ഉയർന്ന വില നിശ്ചയിച്ച് ഉല്പന്നം പുറത്തിറക്കിയത് ഇതിന് കാരണമായിട്ടുണ്ടോ. വിശദാംശം ലഭ്യമാക്കുമോ?

സാനിമാറ്റുകൾ പരീക്ഷണാടിസ്ഥാനത്തിൽ വിറ്റഴിച്ച് തുടങ്ങിയപ്പോൾ തന്നെ കോവിഡിന്റെ ശക്തി കുറഞ്ഞത് വിൽപ്പനയെ പ്രതികൂലമായി ബാധിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതിനോട് അനുബന്ധിച്ച് ഓരോ ക്ലാസ് മുറിയിലും ഓരോ മാറ്റ് എന്ന കണക്കിലാണ് ട്രേകൾ നിർമ്മിച്ചത്. എന്നാൽ 10, 11, 12 ക്ലാസുകൾ മാത്രമാണ് ഈ സമയത്ത് തുറന്നുപ്രവർത്തിച്ചത് എന്നതുമൂലവും കുറെ ട്രേകൾ വിപണനം നടത്താതെ മിച്ചം വന്നു. ഉയർന്ന വില ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നതിന് കാരണമായിട്ടില്ല.

(ഡി)ഏതൊക്കെ സ്ഥാപനങ്ങളാണ് കയർ കോർപ്പറേഷനുവേണ്ടി പ്രസ്തുത ഉല്പന്നങ്ങൾ നിർമ്മിച്ച് നൽകിയതെന്നും ഈ സ്ഥാപനങ്ങൾ കോർപ്പറേഷനിൽ നിന്നും എത്ര രൂപ വീതമാണ് ഈടാക്കിയിട്ടുള്ളതെന്നും സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിൽ പാലിച്ചിട്ടുള്ള നടപടിക്രമങ്ങളും വിശദമാക്കുമോ?

ഇ-ടെണ്ടർ മുഖേനയാണ് സാനിമാറ്റിന് ആവശ്യമായ ട്രേയും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങിയത്.

1) റബ്ബർ ട്രേ - മെ. നെരിയ ഇൻഡസ്ട്രീസ്, കോട്ടയം.

2) പ്ലാസ്റ്റിക് ട്രേ - മെ. വാസ്മാൻ എഞ്ചിനീയറിംഗ്, ചെന്നൈ.

3) അണുനാശിനി - മെ. പരിഷത്ത് പ്രൊഡക്ഷൻ സെന്റർ, പാലക്കാട്.

എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് സാധനങ്ങൾ വാങ്ങിയത്. ഓരോന്നിനും ചെലവായ തുക ചുവടെ ചേർക്കുന്നു.

1. റബ്ബർ ട്രേ - 28,38,292/-

2. പ്ലാസ്റ്റിക് ട്രേ - 78,77,029/-

3. അണുനാശിനി - 18,00,887/-

(ഇ) എത്ര സാനി മാറ്റുകൾ വീതമാണ് വിവിധ സംഭരണ കേന്ദ്രങ്ങളിലായി കെട്ടിക്കിടക്കുന്നത്; ഇവ കുടുംബശ്രീ യൂണിറ്റുകൾ വഴി വിൽക്കുന്നതിന് ശ്രമിച്ച് പരാജയപ്പെട്ടപ്പോൾ കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിൽ നിർബന്ധിതമായി വിറ്റഴിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ?

28000 ട്രേകൾ മാത്രമാണ് കയർ കോർപ്പറേഷൻ ഡിവിഷനിൽ മിച്ചം ഇരിക്കുന്നത്. കെ.എസ്.എഫ്.ഇ.-യെയോ, മറ്റുസ്ഥാപനങ്ങളെയോ ഈ ഉൽപ്പന്നം വാങ്ങുന്നതിന് നിർബന്ധിച്ചിട്ടില്ല.

(എഫ്) കെട്ടിക്കിടക്കുന്ന മാറ്റുകൾ എലിയും മറ്റ് ക്ഷുദ്ര ജീവികളും കടിച്ച് നശിക്കുകയാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ ഇവ അടിയന്തരമായി വിറ്റഴിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

കെട്ടിക്കിടക്കുന്ന മാറ്റുകൾ എലിയും മറ്റ് ക്ഷുദ്രജീവികളും കടിച്ച് നശിപ്പിക്കുകയാണെന്ന റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമാണ്. 28,000 ട്രേകൾ മാത്രമാണ് മിച്ചം വന്നത്. കൃഷി വകുപ്പുമായും തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച്, ഈ ട്രേകൾ ഉപയോഗിച്ച് മൈക്രോഗ്രീൻ നിർമ്മിച്ച് വിൽക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**കാപ്പെക്സിലെ അഴിമതി**

183(2523) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:

<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പെക്സിൽ കോടികളുടെ അഴിമതി നടന്നുവെന്ന ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. കാപ്പെക്സിലെ അഴിമതിയെപ്പറ്റി ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാപ്പെക്സിന്റെ അന്നത്തെ മാനേജിംഗ് ഡയറക്ടറെ 14-02-2022-ലെ സർക്കാർ ഉത്തരവ് പ്രകാരം അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിജിലൻസിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) കർഷകരിൽനിന്നും തോട്ടണ്ടി നേരിട്ട് സംഭരിക്കാനുള്ള ഉത്തരവ് അട്ടിമറിച്ച് വിദേശത്തുനിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്ത് കോടികൾ തട്ടിയെടുത്തുയെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ?

കർഷകരിൽനിന്നും നാടൻ തോട്ടണ്ടി സംഭരിക്കുവാൻ നൽകിയ സപ്ലൈ ഓർഡറിന്റെ മറവിൽ, സപ്ലൈയർ അന്യസംസ്ഥാനത്തു

നിന്നും/വിദേശ രാജ്യത്തു നിന്നും ഇറക്കുമതി ചെയ്ത വില കൂടിയതും ഗുണമേന്മ കുറഞ്ഞതുമായ തോട്ടണ്ടി കാപ്പെക്സിൽ വിറ്റഴിച്ചതായി ധനകാര്യ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

(സി) 2018-ലും 2019-ലും തോട്ടണ്ടി സംഭരണത്തിൽ അഴിമതി നടത്തിയെന്ന് കണ്ടെത്തിയ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിലെ കണ്ടെത്തലും ശിപാർശയും അനുസരിച്ച് കാപ്പെക്സിന്റെ അന്നത്തെ മാനേജിംഗ് ഡയറക്ടറെ 14-02-2022-ലെ സർക്കാർ ഉത്തരവ് പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## അടഞ്ഞു കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നത്

184(2524) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കുന്നതിന് നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി വ്യവസായ മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും സ്വകാര്യ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി മേഖലയുടെ പുനരുജ്ജീവനത്തിനായി ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായി പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം തുറന്ന് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിട്ട 70 ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി അധിക വായ്പ ബാങ്കുകൾ നൽകുകയുണ്ടായി. പ്രസ്തുത ലോണിന്റെ 2019-20-ലെ പലിശ 9 ശതമാനം സബ്സിഡി ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകുകയുണ്ടായി. ഇതിനായി 25 കോടി രൂപ 2019-20 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 304.44 ലക്ഷം രൂപ സർക്കാർ SLBC-ക്ക് അനുവദിക്കുകയും ചെയ്തു.

സ്വകാര്യ കശുവണ്ടി മേഖലയിൽ 2019-ൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായ 'ഒറ്റത്തവണ തീർപ്പാക്കൽ' പദ്ധതി നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുന്നതിനുമായി സർക്കാർ പ്രതിനിധി, SLBC കൺവീനർ,

വ്യവസായികളുടെ പ്രതിനിധി എന്നിവർ ഉൾപ്പെട്ട 'മൂന്നംഗ കമ്മിറ്റി' സർക്കാർ രൂപീകരിച്ചിരുന്നു. കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും തമ്മിൽ OTS സംബന്ധിച്ച് സമവായത്തിലെത്തുന്നതിനായി 30-12-2021-ൽ ബഹു.വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൂന്നംഗ കമ്മിറ്റി യോഗം ചേരുകയും OTS സംബന്ധിച്ച്, താഴെപ്പറയുന്ന പ്രകാരം അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

31-01-2019 വരെ NP അക്കൗണ്ടുകൾക്ക് പകരം 31-03-2020 വരെ NPA ആയ അക്കൗണ്ടുകൾ ഈ പാക്കേജിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്.

രണ്ടുകോടി വരെയുള്ള അക്കൗണ്ടുകൾക്ക് OTS തുകയുടെ 50% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്. 2 കോടി രൂപയ്ക്ക് മുകളിൽ 10 കോടി വരെയുള്ള NPA അക്കൗണ്ടുകൾക്ക് OTS തുകയുടെ 60% അംഗീകരിച്ച് OTS അനുവദിക്കുന്നതാണ്.

OTS സ്വീകരിക്കുന്ന അക്കൗണ്ട് ഹോൾഡർ 31-03-2022-നകം ബാങ്കുമായി കരാറിലേർപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

OTS സ്വീകരിച്ച് ബാധ്യത ഒഴിവാക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ പരമാവധി 1 വർഷം വരെ സമയം അനുവദിക്കുന്നതാണ്.

OTS സ്വീകരിക്കുന്നവർ OTS തുകയുടെ 10% Initial Payment ആയി ബാങ്കുകളിൽ ഒടുക്കുന്നതിന് OTS സ്വീകരിക്കുന്ന തീയതി മുതൽ 2 മാസത്തെ സമയം അനുവദിക്കുന്നതാണ്.

കോവിഡ് മഹാമാരിമൂലം മാന്ദ്യതയിലായ സാമ്പത്തിക രംഗം തകർച്ചയിൽ നിന്നും ഇനിയും പൂർണ്ണമായും കരകയറിയിട്ടില്ലാത്ത സാഹചര്യത്തിൽ OTS അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി 31-03-2022-ൽ നിന്നും ദീർഘിപ്പിച്ച് നൽകണമെന്ന് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുകയും ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള അന്തിമ തീയതി 16-06-2022-ലെ സ.ഉ(സാധാ)നം. 562/2022/വ്യവ പ്രകാരം 31-03-2022 വരെയെന്നുള്ളത് 31-12-2022 വരെ എന്ന് ദീർഘിപ്പിച്ച് നൽകുകയും ചെയ്തു.

കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനും സമഗ്ര വികസനത്തിനുമായി 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 95

കോടി രൂപ നീക്കി വച്ചിട്ടുണ്ട്. കോവിഡുമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും ആധുനീകരണത്തിനുള്ള മൂലധനസഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനുമായി 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാങ്ക് ലോണുകൾക്ക് പലിശയിളവ് നൽകാനും തൊഴിൽ നൽകുന്നതിനനുസരിച്ച് മറ്റ് പ്രോത്സാഹന പദ്ധതികൾ നടപ്പാക്കാനുമായി 30 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## ഇലക്ട്രിക് പോസ്റ്റുകളുടെ ക്ഷാമം

185(2525) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുള്ള ഇലക്ട്രിക് പോസ്റ്റുകളാണ് നിലവിൽ ഉപയോഗിക്കുന്നതെന്നും ഓരോ തരം പോസ്റ്റിനും വരുന്ന ചെലവും ഇനം തിരിച്ച് അറിയിക്കാമോ?

നിലവിൽ ഉപയോഗിച്ചു വരുന്നവ, പി.എസ്.സി. പോളുകൾ, എ പോൾ, ട്യൂബുലർ പോളുകൾ എന്നിവയാണ്. ഇവയുടെ ശരാശരി വില –

8 m - Rs.3364/- Per Pole

9 m - Rs.3826/- Per Pole

A – Pole -Rs.71001/- Per MT

ട്യൂബുലർ പോൾ - appr. Rs.17,500 Per Pole

(ബി) പ്രീ സ്ട്രെസ്ഡ് കോൺക്രീറ്റ് പോളുകൾക്ക് (പി.എസ്.സി. പോൾസ്) പകരം റെയിൽ പോളുകൾ, എ ടൈപ്പ് പോളുകൾ എന്നിവ വ്യാപകമായി ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പി.എസ്.സി. പോളുകൾ, A പോളുകൾ, ട്യൂബുലർ പോളുകൾ എന്നിവ നിലവിൽ ഉപയോഗിച്ചുവരുന്നവയാണ്. റെയിൽ പോളുകൾ ഉപയോഗിക്കുന്നതിന് തീരുമാനമായിട്ടില്ല.

(സി) നിലവിൽ മരത്തൂണുകൾ ഇലക്ട്രിക് പോസ്റ്റുകളായി ഉപയോഗിക്കുന്നുണ്ടോ; ജീർണ്ണാവസ്ഥയിലുള്ളതും അപകട ഭീഷണിയുള്ളതുമായ പഴയ മരത്തൂണുകൾ മാറ്റി സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

മരത്തുണകൾ ഇലക്ട്രിക് പോസ്റ്റുകളായി ചെറിയതോതിൽ നിലവിലുണ്ട്. അവ കാലഹരണപ്പെടുന്ന മുറയ്ക്ക് പി.എസ്.സി. പോളുകൾ, A - പോളുകൾ എന്നിവ സ്ഥാപിച്ചുവരുന്നു. ഇതു കൂടാതെ 13,300 എണ്ണം ട്യൂബുലർ പോളുകൾ വാങ്ങാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(ഡി) സംസ്ഥാനത്ത് ഇലക്ട്രിക് പോസ്റ്റുകൾക്ക് ക്ഷാമം നേരിടുന്ന വിവരം ശ്രദ്ധയിലുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള ഇലക്ട്രിക് പോസ്റ്റുകൾക്കാണ് ക്ഷാമം നേരിടുന്നതെന്നും ആയതിന്റെ കാരണവും ആവശ്യമായ സ്റ്റോക്ക് എന്നത്തേയ്ക്കെത്തുമെന്നും വ്യക്തമാക്കാമോ?

നിലവിൽ 8m പി.എസ്.സി. പോളുകളുടെ ദൗർലഭ്യം ബഹുമാനപ്പെട്ട കോടതിയുടെ ഇടപെടലിലൂടെ ദർഘാസ് നടപടികളിൽ കാലതാമസം വന്നിരുന്നു. അവ പരിഹരിച്ച് പുതിയ കരാർ നൽകുന്നതിനുള്ള നടപടി പൂർത്തികരിച്ച് ആഗസ്റ്റ് മാസത്തോടെ ക്ഷാമം പരിഹരിക്കുവാൻ സാധിക്കുന്നതാണ്. മറ്റ് പോളുകൾക്ക് നിലവിൽ ക്ഷാമം പരിഹരിച്ചിട്ടുണ്ട്.

(ഇ) ഇലക്ട്രിക് പോസ്റ്റുകളുടെ ക്ഷാമം കാരണം റോഡ് നവീകരണ, വികസന പ്രവർത്തനങ്ങൾക്കായി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിലും

പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിലും കാലതാമസം നേരിടുന്ന കാര്യം പരിശോധിക്കുമോ; അറിയിക്കാമോ?

അവ പരിശോധിച്ച് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിലെ ചാർജിംഗ് സ്റ്റേഷനുകൾ**

186(2526) ശ്രീ. എം. എസ്. അരുൺകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്ക് വാഹനങ്ങൾകൂടി വരുന്ന സാഹചര്യത്തിൽ കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി ഒരു ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു.

പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07-11-2020 മുതൽ പൊതു ജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിൽ 24 എണ്ണം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിരിക്കുന്നു. ബാക്കിയുള്ള സ്റ്റേഷനുകളുടെ നിർമ്മാണം വളരെ വേഗം പുരോഗമിക്കുന്നു.

ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ലാ കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09-10-2021-ന് പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജ്ജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. 1155 ചാർജ്ജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം

6 മാസത്തിനകം പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. അതിൽ 261 ചാർജ്ജിംഗ് പോയിന്റുകൾ ഇപ്പോൾതന്നെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് ആവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസിയെന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഗുണഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചുവരുന്നു. കൂടാതെ ഗവൺമെന്റ് അധീനതയിലുള്ള 2500-ഓളം സ്ഥലങ്ങൾ ചാർജ്ജിംഗ് സ്റ്റേഷനുകൾക്കായി കണ്ടെത്തിയിട്ടുണ്ട്. ഇത് നിക്ഷേപകരുടെ മുതൽമുടക്കോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ, വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 66 വൈദ്യുതി വാഹനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

അത്തരത്തിൽ ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കാൻ കഴിയുന്നു. ഒപ്പം അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ദേശീയപാത, എം.സി. റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനർട്ടിന്റെ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ 12 സ്റ്റേഷനുകൾ സ്ഥാപിച്ചു. 4 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. ഈ വർഷം പുതിയതായി സൗരോർജ്ജ സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

ഹോട്ടലുകൾ, മാളുകൾ, റെസ്റ്റോറന്റുകൾ ഉൾപ്പെടെ സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം ആലപ്പുഴ, പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിലായി ഓരോ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി. കോഴിക്കോട് ജില്ലയിൽ ഒരെണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പുതിയതായി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന സ്വകാര്യ സംരംഭകർക്ക് ചാർജ്ജിംഗ് മെഷീൻ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുവാനാണ് അനർട്ട് ഉദ്ദേശിക്കുന്നത്.

(ബി) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് കെ.എസ്.ഇ.ബി.-യുടെ കീഴിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിൽ പുന്നപ്ര സബ്സ്റ്റേഷന് സമീപം ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനവും 55 പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകളുടെ നിർമ്മാണവും നടന്നു വരുന്നു. ഒരു മാസത്തിനകം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികളുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ട് പോകുന്നു.

**ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി**

187(2527) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ;

(ബി) ഓരോ പഞ്ചായത്തിലും കുറഞ്ഞത് ഒരെണ്ണം വീതമെന്ന രീതിയിൽ പ്രധാന കേന്ദ്രങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കേരളത്തിലുടനീളം 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി, ഒരു നിയോജക മണ്ഡലത്തിൽ ചുരുങ്ങിയത് 5 ചാർജ്ജിംഗ് പോയിന്റുകൾ വരുന്ന തരത്തിലും കോർപ്പറേഷൻ പരിധിയിൽ വരുന്ന നിയോജകമണ്ഡലങ്ങളിൽ 15 ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുപോകുന്നു.

അത്തരത്തിൽ പുതുക്കാട് നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിലാണ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നത്. ഒരു മാസത്തിനകം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. നെല്ലായ്

2. പുതുക്കാട്

3. വരന്തരപ്പള്ളി

4. പാലേയംകര

5. വല്ലച്ചിറ

ദേശീയപാത, എം.സി റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്കുസമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയാണ് അനെർട്ട് സ്വീകരിച്ചിട്ടുള്ളത്.

**നെല്ലിക്കാപറമ്പ് 33 കെവി സബ്സ്റ്റേഷൻ**

188(2528) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന നെല്ലിക്കാപറമ്പ് 33 കെ.വി. സബ്സ്റ്റേഷന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) നെല്ലിക്കാപറമ്പിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) നെല്ലിക്കാപറമ്പിൽ 33 കെവി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി 2010-ൽ ഭരണാനുമതി ലഭിച്ചിരുന്നെങ്കിലും സ്ഥലം ലഭ്യമാകാതിരുന്നതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇപ്പോൾ നെല്ലിക്കാപറമ്പ് പ്രദേശത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തിയതിനെ തുടർന്ന് ടി പദ്ധതി RDSS ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസരണ ശൃംഖലയിലെ മാറ്റങ്ങൾ അനുസരിച്ച് പുതുതായി സാങ്കേതിക പഠനം നടത്തി, അനുകൂല റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്.

## അടിവാരം സബ്സ്റ്റേഷൻ

189 (2529) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി അടിവാരത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന സബ്സ്റ്റേഷന്റെ ഭൂമിയേറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

അടിവാരം 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് 02-12-2019-ൽ 11.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിൽ ഈങ്ങാപ്പുഴ വില്ലേജിൽ 213.5 സെന്റ് സ്ഥലം കണ്ടെത്തുകയും പ്രസ്തുത ഭൂമി LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ രേഖകൾ കെ.എസ്.ഇ.ബി.എൽ. കോഴിക്കോട് ജില്ലാ കളക്ടർക്ക് 14-06-2022-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കെ.എസ്.ഇ.ബി.എൽ-ന് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാനാകും.

**ഇലക്ട്രിക് പോസ്റ്റ് സൗജന്യമായി നൽകുന്നതിനുള്ള നടപടി**

190(2530) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റ് സൗജന്യമായി ലഭ്യമാക്കുമോ?

1000w വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് 250 മീറ്റർ വരെ ലൈൻ വലിക്കേണ്ട പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകൾ സൗജന്യമായാണ് കെ.എസ്.ഇ.ബി.എൽ. ലഭ്യമാക്കുന്നത്.

(ബി) നിലവിൽ ഒരു പോസ്റ്റിന് എത്ര രൂപയാണ് ഈടാക്കുന്നത്; അറിയിക്കാമോ?

കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്ക് പ്രകാരം ഒരു 8 മീറ്റർ പോസ്റ്റിന് അപേക്ഷകരിൽ നിന്ന് ഈടാക്കാവുന്ന വില 2704 രൂപയാണ്.

(സി) സംസ്ഥാനത്ത് ഇലക്ട്രിക് പോസ്റ്റിന് പണം അടക്കാത്തതിനാൽ കറന്റ് കണക്ഷനുള്ള എത്ര അപേക്ഷകൾ പെന്റിംഗുണ്ടെന്ന് വിശദമാക്കാമോ?

പണം അടയ്ക്കാത്തതിനാൽ വൈദ്യുതി ലഭ്യമാക്കാനുള്ള 182 അപേക്ഷകൾ (250 മീറ്ററിനു മുകളിലുള്ള BPL ഉൾപ്പെടെ) ഉണ്ട്.

## കാട്ടാക്കട നിയോജക മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

191(2531) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിന്റെ പരിധിക്കുള്ളിൽ എത്ര ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകളാണ് സ്ഥാപിക്കുന്നത്; പ്രസ്തുത ചാർജിംഗ് കേന്ദ്രങ്ങൾ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

ഏഴ്. കാട്ടാക്കട നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി.എൽ. പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതി ഒരു മാസത്തിനുള്ളിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

1. പൊട്ടൻകാവ്
2. കുണ്ടമൺകടവ്
3. ദേവി ആഡിറ്റോറിയത്തിന് സമീപം
4. മാർക്കറ്റിന് സമീപം
5. മുള്ളകോണം
6. തോങ്ങപ്പാറ
7. പെട്രോൾ പമ്പിന് സമീപം

## ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ സംബന്ധിച്ച്

192(2532) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ദിവസവാടക നൽകി താമസിക്കുന്നതിനുള്ള സൗകര്യം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.എസ്.ഇ.ബി. ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ കെ.എസ്.ഇ.ബി-യുടെ ഔദ്യോഗികാവശ്യങ്ങൾക്കും ഒഴിവുള്ള മുറയ്ക്ക് മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ ഔദ്യോഗികാവശ്യങ്ങൾക്കും നൽകിവരുന്നു. കേരള ഹൈഡൽ ടൂറിസം സെന്റർ (KHTC) മുഖേന കാലിയായി കിടക്കുന്ന മുറികളെല്ലാം വിപണനം ചെയ്യാൻ പദ്ധതിയുണ്ട്.

(ബി) സംസ്ഥാനത്ത് ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ ഓൺലൈൻ സംവിധാനത്തിലൂടെ ബുക്ക് ചെയ്യുന്ന മാതൃകയിൽ ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ഓൺലൈൻ സംവിധാനത്തിലൂടെ ബുക്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഇൻസ്പെക്ഷൻ ബംഗ്ളാവുകൾ ഓൺലൈൻ സംവിധാനത്തിലൂടെ ബുക്ക് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയായിട്ടില്ല. കേരള ഹൈഡൽ ടൂറിസം സെന്റർ (KHTC) മേൽ നടപടികൾ ഐ.ടി. സഹായത്തോടെ സംവിധാനം ചെയ്തുവരുന്നു.

## വൈദ്യുതി നിയന്ത്രണം

193 (2533) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിയന്ത്രണം ഒഴിവാക്കുന്നതിനായി സംസ്ഥാനം നിലവിൽ രാത്രി സമയത്തിനുപുറമേ പകൽ സമയത്തും പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നുണ്ടോ; പവർ എക്സ്ചേഞ്ച് മുഖേന എത്ര രൂപ നിരക്കിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് ദിനംപ്രതി വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ; ഇങ്ങനെയൊരു സാഹചര്യം ഉണ്ടാകാനുള്ള കാരണം അറിയിക്കുമോ?

വൈദ്യുതി നിയന്ത്രണം ഒഴിവാക്കുന്നതിനായി പകൽ സമയത്ത് പവർ എക്സ്ചേഞ്ച് മുഖേന പുറത്തുനിന്നും വൈദ്യുതി വാങ്ങേണ്ട ആവശ്യം സംസ്ഥാനത്ത് നിലവിലില്ല.

(ബി) കൽക്കരി ക്ഷാമംമൂലം പുറത്തു നിന്നുള്ള വൈദ്യുതി വിഹിതത്തിലുണ്ടായ ഇടിവ് പരിഹരിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കൽക്കരി ക്ഷാമംമൂലമുണ്ടായ പ്രശ്നങ്ങളോടൊപ്പം കാലവർഷം ദുർബലമാകാനുള്ള സാധ്യത മുന്നിൽ കണ്ട് ജല സംഭരണികളിലെ ജലനിരപ്പ് ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കാതിരുന്നത് പ്രതിസന്ധിയുടെ ആക്കം കൂട്ടിയിട്ടുണ്ടോ; വൈദ്യുതിക്ഷാമം ഉണ്ടാകാതിരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി & സി) കൽക്കരി ക്ഷാമംമൂലം രാജ്യത്തെ ഇതര ഭാഗങ്ങളിലെല്ലാം ഊർജ്ജ പ്രതിസന്ധി നേരിട്ടപ്പോൾ സംസ്ഥാനത്ത് ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിനായി കെ.ഡി.പി.പി. (കോഴിക്കോട് ഡീസൽപവർ പ്ലാന്റ്) നിലയത്തിലെ ജനറേറ്ററുകൾ

29-04-2022, 30-04-2022 & 05-05-2022 എന്നീ തീയതികളിൽ പ്രവർത്തിപ്പിച്ചുകൊണ്ട് 0.123 MU വൈദ്യുതോൽപാദനം നടത്തിയിരുന്നു. ഉയർന്ന ഇന്ധനച്ചെലവ് കാരണം കെ.ഡി.പി.പി. നിലയത്തിൽ സാധാരണ വൈദ്യുതോൽപ്പാദനം നടത്താറില്ല. എന്നാൽ, അത്യാവശ്യഘട്ടങ്ങളിൽ ഉത്തര കേരളത്തിൽ വൈദ്യുതിക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിനാവശ്യം വേണ്ട വൈദ്യുതോൽപ്പാദനം നടത്തുന്നതിനായി നിലയം പ്രവർത്തനസജ്ജമാക്കുകയും അതിനുവേണ്ട ഇന്ധനം കരുതലായി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

കൽക്കരിക്ഷാമം പരിഹരിക്കുന്നതിനായി Ministry of Power-ന്റെ നിർദ്ദേശപ്രകാരം എല്ലാ താപനിലയങ്ങളും അന്താരാഷ്ട്ര വിപണിയിൽ നിന്നും നിർബന്ധമായും ആവശ്യത്തിന്റെ 10% എങ്കിലും coal blending-നുവേണ്ടി എടുക്കേണ്ടതിനാൽ കൽക്കരിക്ഷാമം പരിഹരിക്കപ്പെട്ടിട്ടുണ്ട്. കൽക്കരിക്ഷാമം പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ ടി കാരണത്താൽ നിലവിൽ വൈദ്യുതി വിഹിതത്തിൽ ഇടിവില്ല.

കാലവർഷം ദുർബലമാകാമെന്ന സാധ്യത മുന്നിൽകണ്ട് സാധാരണയുള്ളതിനേക്കാൾ അധിക ജലസംഭരണം (Carry forward

storage) ജൂൺ ഒന്നിലേയ്ക്ക് ജല സംഭരണികളിൽ കരുതിയിരുന്നു. കാലവർഷവും തുലാവർഷവും ദുർബലമാകുന്ന സാധ്യത മുന്നിൽ കണ്ട് ആഭ്യന്തര ഉല്പാദനത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി ഹ്രസ്വകാല കരാറുകൾ മുഖേന സംസ്ഥാനത്ത് വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദുർബലമായ കാലവർഷം മുന്നിൽ കണ്ടുകൊണ്ട് 500 MW RTC പവറിനും 300 MW റിന്യൂവബിൾ പവറിനും ഹ്രസ്വകാല ദർഘാസ് ക്ഷണിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു.

**കുറ്റ്യാടി ടൗണിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള നടപടി**

194(2534) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ടൗണിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കുറ്റ്യാടി ടൗണിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി കുറ്റ്യാടി ടൗണിലേക്ക് മാത്രമായി പുതിയ ഒരു 11 കെ.വി. ലൈൻ

നിർമ്മിക്കാനുള്ള പദ്ധതി നിലവിലുണ്ട്. ഇതിനായി 5.3 KM 11 കെ.വി. എ.ബി.സി. വലിക്കാനുള്ള പ്രവൃത്തി 'ദ്യുതി' സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനായി കുറ്റ്യാടി ടൗണിലേക്ക് മാത്രമായി ഒരു പുതിയ 11 കെ.വി. ലൈൻ നിർമ്മിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം ഭാഗമായ 11 കെ.വി. പോസ്റ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് 11 കെ.വി. എ.ബി.സി. വലിക്കുന്നതാണ്. ഇതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പുതിയ 11 കെ.വി. ലൈൻ നിർമ്മാണ പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നറിയിക്കാമോ?

പ്രസ്തുത പ്രവൃത്തി 2022-23 സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വൈദ്യുതിമൂലമുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി**

195 (2535) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി വൈദ്യുതി ലൈനുകൾക്ക് കവചിത കമ്പി ഉപയോഗിക്കുന്ന രീതി നടപ്പിൽ വന്നിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ലൈനുകൾ ഭൂഗർഭ കേബിളുകളായി മാറ്റുന്നതുവഴിയും 'എ.ബി.സി.' കണ്ടക്ടർ ഉപയോഗിക്കുന്നതുവഴിയും 'കവേർഡ്' കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴിയും ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരുപരിധി വരെ ഒഴിവാക്കാവുന്നതാണ്. ഇവ ഉപയോഗിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടം ഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്.

(ബി) അപകട സാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ നിലവിലുള്ള സംവിധാനം മാറ്റി സുരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആലോചിക്കുമോ; അറിയിക്കാമോ?

വൈദ്യുതി കമ്പി പൊട്ടി വീഴുമ്പോൾ സ്വമേധയാ വൈദ്യുതിബന്ധം വിച്ഛേദിക്കുന്ന സംവിധാനമാണ് ഫലപ്രദമായിട്ടുള്ളത്. ഇതിനായി 11 കെ.വി. ലൈനുകളിൽ റിലേ സംവിധാനം ഉപയോഗിച്ചും 'ലോ ടെൻഷൻ' വിതരണ ലൈനുകളിൽ 'ഫ്യൂസ് യൂണിറ്റുകൾ' ഉപയോഗിച്ചുമാണ് നിലവിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. ലോ ടെൻഷൻ ലൈനുകളിൽ മറ്റ് സാങ്കേതികവിദ്യ നിലവിലുണ്ടെങ്കിലും ഉപയോഗിക്കുന്നത് ചെലവേറിയതും പ്രായോഗികമായി ബുദ്ധിമുട്ടേറിയതുമാണ്.

ലോ ടെൻഷൻ ലൈനുകൾ പൊട്ടി വീഴുമ്പോൾ ചില സന്ദർഭങ്ങളിൽ ഫ്യൂസ് യൂണിറ്റ് പ്രവർത്തിക്കാതിരിക്കുകയും സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വൈദ്യുതി കമ്പി പൊട്ടി വീണ വിവരം കിട്ടുമ്പോൾ തന്നെ ജീവനക്കാരെത്തി വൈദ്യുതി ബന്ധം വിച്ഛേദിക്കാറുണ്ട്. ലൈൻ പൊട്ടി വീണുകിടക്കുന്നപക്ഷം അവമൂലമുണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട് ലൈൻ നമ്പർ (9496061061) ഏർപ്പെടുത്തിയും ഇക്കാര്യത്തിൽ ബോധവത്കരണ

പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ചെയ്യുന്നുണ്ട്.

'എൽ ടി' ലൈനുകളിൽ 'സ്പേസറുകൾ' സ്ഥാപിക്കുന്നതുവഴി ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരുപരിധിവരെ ഒഴിവാക്കാവുന്നതാണ്. ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ എൽ.ടി. ലൈനുകളിലും അടുത്ത 2.5 വർഷത്തിനുള്ളിൽ 2.23 കോടി സ്പേസറുകൾ സ്ഥാപിക്കുന്ന കർമ്മപദ്ധതി കെ.എസ്.ഇ.ബി.എൽ. ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതുവരെ 46.10 ലക്ഷം സ്പേസറുകൾ കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ചിട്ടുണ്ട്. ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാധ്യതയുള്ളതുമായ AAC കമ്പികൾ പൂർണമായും ഒഴിവാക്കി ACSR കമ്പികൾ സ്ഥാപിക്കുന്നതിനും പഴയ ACSR കണ്ടക്ടർ മാറ്റി പുതിയ ACSR കമ്പികൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി.എൽ. പ്രത്യേക ശ്രദ്ധ നൽകി വരുന്നു. അപകടസാധ്യത കൂടുതലുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകികൊണ്ടാണ് സ്പേസർ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിക്കുന്നത്.

വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ'

(എ.ബി.സി.), 'കവേർഡ് കണ്ടക്ടർ' എന്നിവ ഉപയോഗിക്കുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന ഇലക്ട്രിക് എൽ.ടി. ലൈനുകൾ സുരക്ഷയുടെ കൂടി പ്രാധാന്യം കണക്കിലെടുത്ത് 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ' (എ.ബി.സി.) ഉപയോഗിച്ച് നിർമ്മിക്കാനും തീരുമാനിച്ചു.

കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കാനുള്ള നിശ്ചിത പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## വർദ്ധിപ്പിച്ച നിരക്കിലുള്ള ഡെപ്പോസിറ്റ്

196(2536) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത ബോർഡ് ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിനോടൊപ്പം വർദ്ധിപ്പിച്ച നിരക്കിലുള്ള ഡെപ്പോസിറ്റ് തുക ഈടാക്കി വരുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

2014-ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 67-ാം ചട്ടപ്രകാരം പ്രീപെയ്ഡ് മീറ്റർ അല്ലാത്തപക്ഷം ദ്വൈമാസ ബില്ലിംഗുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽ തുകയുടെ മൂന്നിരട്ടിയും പ്രതിമാസ ബില്ലിംഗിനുകീഴിലുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽ തുകയുടെ രണ്ടിരട്ടിയും സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

അതോടൊപ്പം 2014-ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 73-ാം ചട്ട പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെയും ആദ്യ പാദത്തിൽ തൊട്ടു മുൻ വർഷം ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള ഉപഭോഗത്തിനനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് പര്യാപ്തമാണോയെന്ന് വിലയിരുത്തേണ്ടതും കൂടുതലെങ്കിൽ ബാങ്ക് റേറ്റിലുള്ള പലിശ സഹിതം അടുത്ത രണ്ടു ബില്ലിനുള്ളിൽ ഉപഭോക്താവിന് കൂടുതലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകേണ്ടതുമാണ്. എന്നാൽ കുറവുള്ള പക്ഷം 30 ദിവസത്തെ നോട്ടീസ് നൽകി അധികമായി ആവശ്യം വരുന്ന തുക ഈടാക്കാനും ചട്ടം വ്യവസ്ഥ ചെയ്യുന്നു.

ഇതുപ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ പര്യാപ്തത വിലയിരുത്തിയുള്ള നടപടികൾ മാത്രമേ കെ.എസ്.ഇ.ബി.എൽ. ചെയ്തിട്ടുള്ളൂ.

(ബി) എങ്കിൽ ഡെപ്പോസിറ്റ് തുകയിൽ വർദ്ധനവ് വരുത്തുന്നതിന് ഇടയാക്കിയ സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ; നിരക്ക് വർദ്ധനവ്മൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡെപ്പോസിറ്റ് തുകയുടെ പര്യാപ്തത കെ.എസ്.ഇ.ബി.എൽ വിലയിരുത്തുകയാണ് ചെയ്തിരിക്കുന്നത്. കോവിഡും അനുബന്ധ ലോക്ക്ഡൗണും കണക്കിലെടുത്ത് KSERC-യുടെ അനുമതിയോടുകൂടി 2020-21 ലും 2021-22 ലും അധികമായി ആവശ്യം വരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉപഭോക്താക്കളുടെ പക്കൽ നിന്നും കെ.എസ്.ഇ.ബി.എൽ. വാങ്ങിയിരുന്നില്ല. എന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പക്കലുള്ള അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉപഭോക്താവിന് വൈദ്യുതി ചാർജ്ജിൽ ക്രമീകരിക്കുകയും ചെയ്തിരുന്നു. 2020-21-ലും 2021-22-ലും അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക കെ.എസ്.ഇ.ബി.എൽ., റെഗുലേറ്ററി

കമ്മീഷന്റെ അനുമതിയോടുകൂടി ഒഴിവാക്കിയതിനാൽ ഇനിയും സെക്യൂരിറ്റി ഡെപ്പോസിറ്റിന് ഇളവുകൾ നൽകാൻ സാധിക്കുകയില്ല.

വൈദ്യുതി നിയമം, 2003-ലെ 47-ാം വകുപ്പ് പ്രകാരം ഉപഭോക്താക്കളിൽ നിന്നും ഉപയോഗിക്കുന്ന വൈദ്യുതിക്കും വൈദ്യുതി നൽകാൻ ഉപയോഗിക്കുന്ന ലൈനുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും സെക്യൂരിറ്റി ഡെപ്പോസിറ്റ് ആവശ്യപ്പെടാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇപ്രകാരം നൽകപ്പെടുന്ന തുക (ഈട്) അസാധുവായിട്ടുണ്ടെങ്കിലോ വൈദ്യുതി ഉപഭോഗ വർദ്ധനവാൽ മതിയാകാതെ വരികയോ ചെയ്താൽ ഉപഭോക്താവിൽ നിന്ന് അവശ്യം വേണ്ട സെക്യൂരിറ്റി തുക ഈടാക്കാമെന്നും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. അവശ്യം വേണ്ട സെക്യൂരിറ്റി നൽകാത്ത പക്ഷം സപ്ലൈ വിച്ഛേദിക്കാനും നിലവിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിന്മേൽ ബാങ്ക് നിരക്കുകൾ പ്രകാരമുള്ള പലിശ ഉപഭോക്താക്കൾക്ക് നൽകാനും പാർലമെന്റ് നിയമമാക്കിയ 2003-ലെ വൈദ്യുതി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.

നിലവിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് വൈദ്യുതി ഉപഭോഗത്തിന് ഒഴിച്ച് വൈദ്യുത ലൈനുകൾക്കോ ഉപകരണങ്ങൾക്കോ എനർജി മീറ്ററുകൾക്കോ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആവശ്യപ്പെടുന്നില്ല.

വൈദ്യുതി നിയമം, 2003-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച 2014-ലെ കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 67(6) ചട്ടം അനുശാസിക്കുന്ന തുക മാത്രമേ കെ.എസ്.ഇ.ബി. ലിമിറ്റഡ് സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കുന്നുള്ളൂ.

ഓരോ സാമ്പത്തിക വർഷാരംഭത്തിലും വൈദ്യുതിയുടെ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ അവശ്യം വേണ്ട സെക്യൂരിറ്റി തുകയുണ്ടോയെന്ന് പരിശോധന നടത്തേണ്ടതാണെന്നും അധികമുള്ള തുക തിരികെ നൽകേണ്ടതാണെന്നും നിലവിലുള്ള തുകയ്ക്ക് ബാങ്ക് നിരക്കിൽ ബോർഡ് പലിശ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിനു പുറമെ മതിയായ സെക്യൂരിറ്റി ഡെപ്പോസിറ്റില്ലാത്ത പക്ഷം, ആയത് ഉപഭോക്താക്കളിൽ നിന്ന് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ ഈടാക്കണമെന്നും അടയ്ക്കാത്ത പക്ഷം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. മേൽ സൂചിപ്പിച്ച നിയമങ്ങളുടെയും

ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കി വരുന്നത്. ഇത് എല്ലാ വർഷവും തുടരുന്ന ഒരു പ്രക്രിയയാണ്. ഇതിന് വൈദ്യുതി ചാർജ്ജ് വർദ്ധനവുമായി ഒരു ബന്ധവുമില്ല.

## കുമ്പാറ സെക്ഷൻ ഓഫീസിലെ ജീവനക്കാരുടെ ക്ഷാമം

197 (2537) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പാറ സെക്ഷൻ ഓഫീസിൽ സ്ഥിരം ജീവനക്കാരില്ലാത്തതിനാൽ പ്രയാസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. നിലവിൽ കുമ്പാറ ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാൻ തസ്തികയിൽ 7-ഉം, മസ്ദൂർ തസ്തികയിൽ 3-ഉം, മീറ്റർ റീഡർ തസ്തികയിൽ 1-ഉം ഒഴിവുകളാണുള്ളത്. മേൽപറഞ്ഞവ ഒഴികെ സെക്ഷന് അനുവദിച്ചിട്ടുള്ള തസ്തികകളിലെല്ലാം ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്.

(ബി) ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 2022-ലെ പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. കുമ്പാറ ഇലക്ട്രിക്കൽ സെക്ഷനിലെ എല്ലാ ഒഴിവുകളും അതോടൊപ്പം നികത്തപ്പെടുന്ന സാഹചര്യം സംജാതമാകുന്നതാണ്.

## തിരുവനന്തപുരം ജില്ലയിൽ ഇലക്ട്രിക് ചാർജിംഗ് പോയിന്റ്

198(2538) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ചാർജിംഗ് പോയിന്റ് സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ 4 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 141 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും നിർമ്മിക്കുന്നതിനുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതി നിർമ്മാണം അന്തിമ ഘട്ടത്തിലെത്തിയിരിക്കുന്നു. എല്ലാ ചാർജിംഗ് സ്റ്റേഷനുകളും ഒരു മാസത്തിനകം പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്.

പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ താഴെ പറയുന്ന 3 സ്ഥലങ്ങളിൽ സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.

1. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി., തിരുവനന്തപുരം

2. കാർ പാർക്കിംഗ് ഏരിയ (ഡി.ടി.പി.സി), ശംഖുമുഖം, തിരുവനന്തപുരം.

3. ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം.

(ബി) ജില്ലയിൽ എത്ര ചാർജിംഗ് പോയിന്റുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ടെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതി പ്രകാരമുള്ളത്:-

1. നേമം ഇലക്ട്രിക്കൽ സെക്ഷനിൽ പ്രവർത്തിക്കുന്ന ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ (നേമം മണ്ഡലം).

അനെർട്ടിന്റെ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ 3 സ്റ്റേഷനുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

വട്ടിയൂർക്കാവ് നിയോജകമണ്ഡലം -1

തിരുവനന്തപുരം നിയോജകമണ്ഡലം -2

(സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ചാർജിംഗ് പോയിന്റുകളുടെ സ്ഥലങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് താഴെ പറയുന്ന സ്ഥലങ്ങളിലാണ്. ഈ പദ്ധതി ഒരു മാസത്തിനകം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

1. പുത്തൻകട
2. കൊല്ലയിൽ/ ധനുവച്ചപുരം
3. കുന്നത്തുകാൽ ജംഗ്ഷൻ
4. പെരുങ്കടവിള ജംഗ്ഷൻ
5. വെള്ളറട- കാരമൂട്.
6. മണ്ഡപത്തിൻ കടവ്.

(ഡി) പാറശ്ശാല നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ചാർജിംഗ് പോയിന്റുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഒരു മാസത്തിനകം പൂർണ്ണമായും പ്രവർത്തനസജ്ജമാക്കാൻ ഉദ്ദേശിക്കുന്നു.

## ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം

199 (2539)ശ്രീ എ. സി. മൊയ്തീൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വൈദ്യുതി ഉല്പാദനശേഷിയിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ജല-സൗര സ്രോതസുകളിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിൽ എത്രത്തോളം മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുവാൻ കെ.എസ്.ഇ.ബി.എൽ-ന്റെ കീഴിൽ ജലവൈദ്യുത പദ്ധതികളായ അപ്പർകല്ലാർ (2 MW) പെരിങ്ങൽകുത്ത് (24 MW) എന്നിവ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതുവഴി (26 MW) അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ചാത്തൻകോട്ടുനട (6 MW) പദ്ധതിയിൽനിന്നും പൂർണ്ണതോതിൽ വൈദ്യുതോൽപാദനം തുടങ്ങിയിട്ടുണ്ട്.

ജലവൈദ്യുത മേഖലയിൽ അപ്പർകല്ലാർ (2x1 MW), പൊരിങ്ങൽകുത്ത് (1x24 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിച്ചു. ജലസ്രോതസുകളിൽ നിന്നും വിവിധ ചെറുകിട/വൻകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി വരുന്നു. അവ താഴെ കൊടുത്തിരിക്കുന്നു.

| നമ്പർ | പദ്ധതി | ശേഷി |
|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻസ്കീം | HEP 60 MW |
| 2. | തോട്ടിയാർ | HEP 40 MW |
| 3. | പെരുവണ്ണാമൂഴി | SHEP 6 MW |
| 4. | പഴശ്ശിസാഗർ | SHEP 7.5 MW |
| 5. | ഭൂതത്താൻകെട്ട് | SHEP 24 MW |

സൗര സ്രോതസ്സുകളിൽ നിന്ന് 247 MW ആയിരുന്ന സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി നിലവിൽ 572 MW ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 53.5 MW-ന്റെ സൗരോർജ്ജ നിലയങ്ങൾ കെ.എസ്.ഇ. ബി.എൽ നിർമ്മിച്ചവയാണ്. തദ്ദേശീയമായ വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുരപ്പുറ സോളാർ, ഗ്രൗണ്ട് മൗണ്ടഡ്

സോളാർ, ഫ്ളോട്ടിംഗ് സോളാർ പ്രോജക്ടുകൾ, കാറ്റാടി പാടം, കനാൽ ബാങ്ക്, കനാൽ ടോപ്, Battery Energy Storage System (BESS) തുടങ്ങിയ RE പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതോദ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആനക്കാംപൊയിൽ (8 MW), അരിപ്പാറ ചെറുകിട ജല വൈദ്യുത പദ്ധതി (4.5 MW) എന്നിവ കമ്മീഷൻ ചെയ്യുകയും ഗ്രിഡിലേക്ക് വൈദ്യുതി ഉല്പാദനം ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അവയുടെ സ്ഥാപിതശേഷി കണക്കാക്കിയിട്ടുണ്ടോ; പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നിർമ്മാണത്തിനുള്ള പ്രാരംഭ

പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

ഇതിനുപുറമെ മാരിപ്പുഴ (6 MW) പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് വർക്ക് ഓർഡർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. കൂടാതെ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW) യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാവശ്യമായ അനുമതികൾ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ചിന്നാർ ജലവൈദ്യുത പദ്ധതി (24 MW) യുടെ രണ്ടാം ഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനം 20-06-2022-ൽ നിർവ്വഹിച്ചു. മുടങ്ങിക്കിടന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (2x30 MW) ന്റെ ബാക്കിയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള വർക്ക് ഓർഡർ 31-1-2022-ൽ M/s.TVPPL-KSK-FITWELL-BOOM-REHPL Consortium എന്ന കമ്പനിക്ക് നൽകി. ഇപ്പോൾ പുരോഗതിയിലുള്ള പദ്ധതികൾ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപിതശേഷി, എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത് മുതലായവ അനുബന്ധമായി[+] കൊടുത്തിരിക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിയിലാകുത്ത് 1.5 മെഗാവാട്ട്, ഏഴാംകടവ് 350 കിലോവാട്ട്, പട്ടയക്കുടി 100 കിലോവാട്ട് എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള ഭരണ-സാങ്കേതിക അനുമതികൾ സർക്കാർ നൽകുകയും നിക്ഷേപകർ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

അതുകൂടാതെ സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി 2021-ലെ സർക്കാർ ഉത്തരവുപ്രകാരം വിളിച്ച ടെണ്ടറിലൂടെ BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I- 6 MW (പാലക്കാട് ജില്ല), ആറ്റില II- 6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ- 0.75MW (ഇടുക്കി ജില്ല) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷി കൂടി കൈവരിക്കുവാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവെച്ച കമ്പനികൾ പദ്ധതിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാങ്കേതിക-സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾക്ക് (Techno-Economic Feasibility Report) അനുമതി ലഭിച്ചശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ 68 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകരിലൂടെ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

ഇവ കൂടാതെ കനാലുകളിലെ ഒഴുക്കിൽ നിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ, പിക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജ ഉൽപ്പാദനത്തിനുള്ള സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 kW ന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പിലാക്കുവാനുള്ള വർക്ക് ഓർഡർ എംപാനൽ ചെയ്യപ്പെട്ട സാങ്കേതിക വിദഗ്ദ്ധ കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ

ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25 kW ന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. ഈ പൈലറ്റ് പദ്ധതികളുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ഇടതുകര കനാലിൽ 3 MW വരെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പുതിയ പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ട്

200(2540) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പുതിയതായി ഏതൊക്കെ പ്രവൃത്തികൾക്കാണ് കെ.എസ്.ഇ.ബി. ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ & ബി) നെയ്യാറ്റിൻകര ഇലക്ട്രിക്കൽ ഡിവിഷനുവേണ്ടി 2022-23-ൽ വിവിധ ക്യാപിറ്റൽ പദ്ധതികൾക്കായി 9.20 കോടി രൂപ കെ.എസ്.ഇ.ബി. ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനുമായി 66 കെ.വി പാറശാല-നെയ്യാറ്റിൻകര ഫീഡറിന്റെ ശേഷി 110 കെ.വി ആയി വർദ്ധിപ്പിച്ചു.

ഒരു 12.5 MVA 110/11 കെ.വി ട്രാൻസ്ഫോർമർ കൂടി സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വീണ്ടും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ടി പ്രവൃത്തി ബോർഡിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്കായി 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതുഫണ്ട് ഉപയോഗിച്ച് നടത്തുന്ന ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി

നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 2078.976 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| **നമ്പർ** | **പ്രവൃത്തികളുടെ വിവരം** | | **തുക (ലക്ഷം)** |
|---|---|---|---|
| 1 | 11 കെ.വി. ഓവർ ഹെഡ് ലൈൻ (bare കണ്ടക്ടർ ഉൾപ്പെടുത്തി) വലിക്കുന്ന പ്രവൃത്തി | 1.7 കി.മീ | 15.87 |
| 2 | 11 കെ.വി. ഓവർ ഹെഡ് ഏരിയൽ ബഞ്ചഡ് കണ്ടക്ടർ ലൈൻ (ABC) വലിക്കുന്ന പ്രവൃത്തി | 16.68 കി.മീ | 282.37 |
| 3 | ട്രാൻസ്ഫോർമറുകളുടെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി | 3 എണ്ണം | 8.02 |
| 4 | പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി | 7 എണ്ണം | 13.42 |
| 5 | RMU സ്ഥാപിക്കുന്ന പ്രവൃത്തി | 8 എണ്ണം | 42.976 |
| 6 | 11 കെ.വി. ഓവർഹെഡ് ലൈനുകളുടെ റീ-കണ്ടക്ടറിങ് പ്രവൃത്തി | 25.5 കി. മീ | 198.65 |
| 7 | ലോ ടെൻഷൻ ഓവർഹെഡ് ലൈനുകളുടെ റീ-കണ്ടക്ടറിങ് പ്രവൃത്തി | 100.85 കി.മീ | 655.81 |
| 8 | ലോ ടെൻഷൻ ലൈൻ കൺവെർഷൻ പ്രവൃത്തി | 1 കി.മീ | 3.16 |
| 9 | ലോ ടെൻഷൻ ഓവർ ഹെഡ് ലൈനിൽ പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി | 748 എണ്ണം | 60.87 |
| 10 | ലോ ടെൻഷൻ ഓവർ ഹെഡ് ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC)ലൈൻ വലിക്കുന്ന പ്രവൃത്തി | 46.925 കി.മീ | 284.15 |
| 11 | 11 കെ.വി. ഫോൾട്ട് പാസ് ഇൻഡിക്കേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി | 54 എണ്ണം | 9.42 |
| 12 | ട്രാൻസ്ഫോർമർ സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തി | 59 എണ്ണം | 187.37 |
| 13 | ഹൈ ടെൻഷൻ അണ്ടർ ഗ്രൗണ്ട് കേബിൾ (UG)സ്ഥാപിക്കുന്ന പ്രവൃത്തി | 0.315 കി.മീ | 15.02 |
| 14 | മറ്റു പ്രവൃത്തികൾ | | 301.87 |
| **ആകെ - 2078.976 ലക്ഷം രൂപ** | | | |

വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)-ന്റെ ഭാഗമായി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുവാൻ

ഉദ്ദേശിക്കുന്ന 343.84 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | പ്രവൃത്തികളുടെ വിവരം | | തുക (ലക്ഷം) |
|---|---|---|---|
| 1 | 11 കെ.വി. അണ്ടർ ഗ്രൗണ്ട് കേബിൾ (UG) സ്ഥാപിക്കുന്ന പ്രവൃത്തി | 1.3 കി.മീ | 46.73 |
| 2 | ഹൈ ടെൻഷൻ ഓവർ ഹെഡ് ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (ABC)ലൈൻ വലിക്കുന്ന പ്രവൃത്തി | 7.3 കി.മീ | 114.78 |
| 3 | പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി | 5 എണ്ണം | 9.27 |
| 4 | 11 കെ.വി. ഓവർ ഹെഡ് ലൈനിൽ HT പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി | 55 എണ്ണം | 9.51 |
| 5 | 11 കെ.വി. ഓവർ ഹെഡ് ലൈനുകളുടെ റീ-കണ്ടക്ടറിങ് പ്രവൃത്തി | 8 കി. മീ | 110.31 |
| 6 | ലോ ടെൻഷൻ ഓവർ ഹെഡ് ഏരിയൽ ബഞ്ചഡ് കണ്ടക്ടർ ലൈൻ വലിക്കുന്ന പ്രവൃത്തി | 5 കി.മീ | 47.93 |
| 7 | 11 കെ.വി ഫോൾട്ട് പാസ് ഇൻഡിക്കേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി | 17 എണ്ണം | 2.97 |
| 8 | മറ്റു പ്രവൃത്തികൾ | | 2.34 |
| ആകെ 343.84 ലക്ഷം രൂപ | | | |

## വൈദ്യുത ലൈനുകൾക്ക് സമീപം ലോഹനിർമ്മിത വസ്തുക്കൾ ഉപയോഗിക്കുന്നതിനെതിരെ ബോധവത്കരണം

201(2541) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ലൈനുകൾക്ക് സമീപം ലോഹ നിർമ്മിതമായ തോട്ടിയും ഏണിയും ഉപയോഗിക്കുമ്പോൾ അപകടവും ജീവാപായവും സംഭവിക്കുന്നത് വ്യാപകമായിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുതലൈൻ

കടന്നുപോകുന്നതിന് സമീപം ലോഹ നിർമ്മിത വസ്തുക്കൾ ഉപയോഗിക്കുന്നതിന്റെ അപകടം പൊതുജനങ്ങൾക്ക് ബോധ്യപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വൈദ്യുത ലൈനുകൾക്ക് സമീപം നിൽക്കുന്ന വൃക്ഷങ്ങളിൽ നിന്നും വിളവെടുക്കുമ്പോഴും ലോഹ നിർമ്മിത ഏണികൾ ഉപയോഗിക്കുമ്പോഴും ലൈനിൽ തട്ടിയുണ്ടാകുന്ന അപകടങ്ങൾ ഗണ്യമായി കൂടിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ പൊതുജനങ്ങളെ ഇത്തരം അപകടങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുന്നതിനായി മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിനുവേണ്ട ശബ്ദ സന്ദേശവും ഹ്രസ്വ വീഡിയോയും കെ.എസ്.ഇ.ബി.എൽ.-ന്റെ പി.ആർ.ഡി. വിഭാഗം തയ്യാറാക്കി എല്ലാ പൊതുജനങ്ങളിലും എത്തിച്ചിട്ടുണ്ട്. സെക്ഷൻ തലത്തിൽ ഇപ്രകാരം മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ കൈക്കൊള്ളുകയും വീഡിയോ ക്ലിപ്പിംഗ് സോഷ്യൽ മീഡിയയിലൂടെ പ്രചരിപ്പിച്ചും പൊതുജനങ്ങളെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

കുടുംബശ്രീ, റെസിഡൻസ് അസോസിയേഷൻ എന്നിവ മുഖേന വൈദ്യുതി സുരക്ഷയെ സംബന്ധിച്ച ലഘുലേഖകൾ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. വിദ്യാർത്ഥികൾക്കിടയിൽ സുരക്ഷാ ബോധവൽക്കരണം നടത്തുന്നതിനായി അദ്ധ്യാപക-വിദ്യാർത്ഥി വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ ഒരു ആഴ്ചത്തെ പവർ പോയിന്റ് പ്രസന്റേഷൻ നടത്താനുള്ള നടപടിയും സ്വീകരിച്ചു.

പൊതുജനങ്ങളെ വൈദ്യുതിമൂലമുള്ള അപകടങ്ങളെക്കുറിച്ച് കൂടുതൽ ബോധവന്മാരാക്കുന്നതിനായി വിദ്യാഭ്യാസം, ദുരന്ത നിവാരണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് വിഭാഗങ്ങളുടെ സഹകരണവും അഭ്യർത്ഥിച്ചിട്ടുണ്ട്.

വൈദ്യുതി ലൈനിനുസമീപം ലോഹത്തോട്ടി ഉപയോഗിക്കുന്നതിന്റെ അപകടത്തെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഒരു മിനിറ്റ് ദൈർഘ്യം വരുന്ന ലഘുചിത്രം നിർമ്മിച്ച് പൊതുജന മധ്യത്തിൽ ദേശീയ വൈദ്യുതി സുരക്ഷാവാരമായ 2022 ജൂൺ 26 മുതൽ ജൂലൈ 2 വരെ പ്രദർശിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ മലയാള സിനിമയിലെ മുൻനിര താരത്തെ ഉൾപ്പെടുത്തി ഒരു സന്ദേശ പരസ്യം കൂടി ദൃശ്യമാധ്യമങ്ങളിൽ കൂടി പ്രദർശിപ്പിക്കുവാൻ ചിത്രീകരിച്ചിട്ടുണ്ട്.

ദേശീയ വൈദ്യുതി സുരക്ഷാവാരത്തിൽ വൈദ്യുതി സുരക്ഷ സംബന്ധിച്ച് മലയാളം എഫ്.എം. റേഡിയോ ചാനലുകളായ ക്ലബ് എഫ്.എം., റെഡ് എഫ്.എം., റേഡിയോ മാംഗോ, റേഡിയോ മിർച്ചി, ബിഗ് എഫ്.എം. എന്നിവയിൽ ദിനംപ്രതി 8 തവണ 30 സെക്കന്റ് വീതമുള്ള പരസ്യം പ്രക്ഷേപണം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

വൈദ്യുതി അപകടങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ആവശ്യം വേണ്ട ജാഗ്രത പാലിക്കുന്നതിന് അവബോധം നൽകുന്ന ശബ്ദസന്ദേശം കേരളത്തിലുടനീളം കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ സെക്ഷൻ കാര്യാലയങ്ങൾവഴി പൊതുജന മധ്യത്തിൽ വാഹന അറിയിപ്പായി നടപ്പിലാക്കി.

(ബി) ലോഹനിർമ്മിത തോട്ടികളും ഏണിയും ഒഴിവാക്കി പി.വി.സി/എഫ്.ആർ.പി (ഫൈബർ -റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്) തുടങ്ങിയ വൈദ്യുതി പ്രതിരോധശേഷിയുള്ള വസ്തുക്കൾ വ്യാപകമാക്കുന്നതിനുവേണ്ട ഇടപെടലുകൾ വകുപ്പ് ഏറ്റെടുക്കുമോയെന്ന് അറിയിക്കാമോ?

വൈദ്യുത ലൈനുകൾക്ക് സമീപം ചക്ക, മാങ്ങ തുടങ്ങിയ ഫലങ്ങൾ അടർത്തിയെടുക്കുന്നതിനായി ലോഹ തോട്ടികൾ ഉപയോഗിക്കുന്നതുമൂലം

സംഭവിക്കുന്ന വൈദ്യുത അപകടങ്ങളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിന് പരിഹാരമെന്ന നിലയിൽ ലോഹ തോട്ടികൾക്കുപകരം വൈദ്യുതി പ്രതിരോധ ശേഷിയുള്ള ഇൻസുലേറ്റഡ് മെറ്റീരിയലുകൾ ഉപയോഗിച്ചുള്ള തോട്ടികൾ ഉപയോഗിക്കുന്നതിനായി പൊതുജനങ്ങളെ പ്രേരിപ്പിക്കാനുള്ള ഉദ്യമം കെ.എസ്.ഇ.ബി.എൽ-ന്റെ പരിഗണനയിലാണ്.

## ട്രാക്കോ കേബിൾ കമ്പനിക്ക് കൂടുതൽ ഓർഡറുകൾ

202(2542) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാക്കോ കേബിൾ കമ്പനി എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു) ഇരുമ്പനം, ട്രാക്കോ കേബിളിന് കൂടുതൽ ഓർഡറുകൾ ലഭിക്കുന്നതിനും മുൻകാലങ്ങളിൽ കിട്ടികൊണ്ടിരുന്ന പ്രൈസ് പ്രിഫറൻസ് ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭിക്കുന്നതിനുമായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ എ.സി.എസ്.ആർ. കണ്ടക്ടറുകൾ വാങ്ങിവരുന്നത് അതത് സമയങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിക്കുന്ന

ഉത്തരവുകൾ പ്രകാരമാണ്. 2018 മുതൽ 2021 മാർച്ച് വരെ കെ.എസ്.ഇ.ബി.എൽ. കണ്ടക്ടറുകൾ വാങ്ങി വന്നിരുന്നത്. 19-12-2018-ലെ GO (Rt) No.54/2018/SPD 07-03-2020-ലെ GO(Rt) No.39/Power എന്നിവയുടെ അടിസ്ഥാനത്തിലായിരുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം എ.സി.എസ്.ആർ. കണ്ടക്ടറുകൾ ദർഘാസ് നടപടിക്രമങ്ങൾ ഒഴിവാക്കി സ്റ്റേറ്റ് പി.എസ്.യു./ലോക്കൽ എം.എസ്.എം.ഇ. എന്നിവരിൽനിന്നും നിശ്ചിത ക്വാണ്ടിറ്റി (55:45) അനുപാതത്തിൽ വാങ്ങിക്കാൻ നിഷ്കർഷിച്ചിരുന്നു. എന്നാൽ 18-09-2020-ൽ കേരള സർക്കാർ, സ്റ്റേറ്റ് പി.എസ്.യു/ലോക്കൽ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് ബാധകമായ 18-09-2020-ലെ G.ONo.(Rt) No.5382/2020/Fin 20-12-2021-ലെ G.O. (Rt)No.8284/2021/Fin എന്നീ പുതിയ ഉത്തരവുകൾ ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവ് നിലവിൽ വന്നതോടുകൂടി ഈ വിഷയവുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ ഇറങ്ങിയതും നിലവിൽ പ്രാബല്യത്തിലുള്ളതുമായ എല്ലാ ഉത്തരവുകളും അസാധുവായി തീർന്നതായി പ്രസ്തുത ഉത്തരവിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഈ പുതിയ ഗവൺമെന്റ് ഉത്തരവ് പ്രകാരമാണ്, 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള

എ.സി.എസ്.ആർ കണ്ടക്ടറുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിരുന്നത്.

പ്രസ്തുത ഉത്തരവ് പ്രകാരം സ്റ്റേറ്റ് പി.എസ്.യു/ലോക്കൽ എം.എസ്.എം.ഇ-കൾക്ക് 50% പർച്ചേസ് പ്രിഫറൻസും 15% പ്രൈസ് പ്രിഫറൻസും ബാധകമാണ്. ഇതനുസരിച്ച് സ്റ്റേറ്റ് പി.എസ്.യു/ലോക്കൽ എം.എസ്.എം.ഇ-കൾക്ക് റിസർവ് ചെയ്തിട്ടുള്ള 50% ക്വാണ്ടിറ്റിയുടെ 34% (22076km), 15% പ്രൈസ് പ്രിഫറൻസോടുകൂടി 98.84 കോടി രൂപയുടെ പർച്ചേസ് ഓർഡർ (20-07-2021-ലെ SCM.40/2021-22/2764 നമ്പർ) പ്രകാരം ട്രാക്കോയ്ക്ക് നൽകിയിട്ടുണ്ട്.

പ്രസ്തുത പർച്ചേസ് ഓർഡർ പ്രകാരം മാർച്ച് 2022-നകമാണ് സപ്ലൈ പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ 10907 km കണ്ടക്ടറുകൾ മാത്രമേ ട്രാക്കോ ഇതുവരെ സപ്ലൈ ചെയ്തിട്ടുള്ളൂ. തുടക്കം മുതലേ ഡെലിവറി ഷെഡ്യൂളിന് പുറത്താണ് ട്രാക്കോ സപ്ലൈ ചെയ്തിരുന്നത്. കൂടാതെ പ്രൈസ് വേരിയേഷനോടുകൂടി ഡെലിവറി ഷെഡ്യൂൾ നീട്ടി നൽകണമെന്ന് അപേക്ഷിക്കുകയുണ്ടായി.

ട്രാക്കോയുടെ അപേക്ഷ പരിഗണിച്ചശേഷം സപ്ലൈ പൂർത്തീകരിക്കാനും അതിനുശേഷം പ്രൈസ് വേരിയേഷനോടുകൂടി ഡെലിവറി ഷെഡ്യൂൾ നീട്ടി നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും കെ.എസ്.ഇ.ബി.എൽ. തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിവരം ട്രാക്കോയെ അറിയിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത നിവേദനത്തിൽ ഡയറക്ടർ (പ്ലാനിംഗ്&എസ്.സി.എം) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

പ്രസ്തുത നിവേദനം കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചു വരുന്നു.

## കാരപ്പാറ-കുരിയാർകുറ്റി ജലവൈദ്യുത പദ്ധതി

203(2543) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരപ്പാറ-കുരിയാർകുറ്റി ജല വൈദ്യുത പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളുണ്ടാകുമെന്നത് സംബന്ധിച്ച് വിശദമാക്കുമോ;

കുരിയാർകുറ്റി കാരപ്പാറ ജലസേചന പദ്ധതി വൈദ്യുതോൽപ്പാദനം, വെള്ളപ്പൊക്ക നിയന്ത്രണം, ജലസേചനം, കുടിവെള്ള വിതരണം എന്നീ വിവിധോദ്ദേശ്യ പദ്ധതിയായി നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെയായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കാരപ്പാറ-കുരിയാർകുറ്റി വിവിധോദ്ദേശ്യ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചു വരികയാണ്.

**വല്ലപ്പുഴയിലെ വോൾട്ടേജ് ക്ഷാമം**

204(2544) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വല്ലപ്പുഴയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

വല്ലപ്പുഴയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനുമായി ഷൊർണ്ണൂർ ഇലക്ട്രിക്കൽ സർക്കിളിന് കീഴിലുള്ള വല്ലപ്പുഴ സെക്ഷനിൽ 2021-2022 സാമ്പത്തിക വർഷത്തിൽ 34.03 കി.മീ ലോ ടെൻഷൻ ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തികൾ, 3.82 കി.മീ ലോ ടെൻഷൻ ലൈൻ കൺവെർഷൻ പ്രവൃത്തികൾ, 2 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 2 പുതിയ ട്രാൻസ്ഫോർമറുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു.

## പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാൻ നടപടി

205(2545) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ അമിത ജോലിഭാരം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷനുകളുടെ (Model Section) തസ്തിക തിരിച്ച് ജീവനക്കാരുടെ അംഗീകൃത അംഗസംഖ്യ അനുബന്ധമായി+ചേർക്കുന്നു.

നിലവിൽ പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാൻ തസ്തികയിൽ 2-ഉം, ക്യാഷ്യർ, സീനിയർ അസിസ്റ്റന്റ് തസ്തികകളിൽ ഓരോ ഒഴിവുകളുമാണുള്ളത്. ബാക്കി എല്ലാ തസ്തികകളിലും മേൽ സൂചിപ്പിച്ച പ്രകാരമുള്ള ജീവനക്കാർ പ്രവർത്തിയെടുക്കുന്നുണ്ട്.

ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചു വരുന്നത്. ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിന് പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്റ്റഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സെക്ഷനിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 2022-ലെ പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ആയതിനോടനുബന്ധിച്ച് പെരിന്തൽമണ്ണ ഇലക്ട്രിക്കൽ സെക്ഷനിലെ ഒഴിവുകളും നികത്തപ്പെടുന്നതാണ്.

## വൈദ്യുതി ഉൽപാദനം

206(2546) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മേഖലകളിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികം ഉൽപ്പാദിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവൈദ്യുത പദ്ധതികളായ അപ്പർകല്ലാർ (2 മെഗാവാട്ട്), പെരിങ്ങൽകുത്ത് (24 മെഗാവാട്ട്) എന്നിവ കമ്മീഷൻ ചെയ്ത് (26 മെഗാവാട്ട്), വൈദ്യുതി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 6 മെഗാവാട്ട് ചാത്തൻകോട്ടുനട പദ്ധതിയിൽ നിന്ന് പൂർണ്ണതോതിൽ ഉൽപ്പാദനം ആരംഭിച്ചു.

സൗര സ്രോതസ്സുകളിൽ നിന്ന് 247 മെഗാവാട്ടായിരുന്ന സൗരോർജ്ജ നിലയങ്ങളുടെ സ്ഥാപിതശേഷി നിലവിൽ 572 മെഗാവാട്ടായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതോദ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആനക്കാംപൊയിൽ (8 MW), അരിപ്പാറ ചെറുകിട ജല വൈദ്യുത പദ്ധതി

(4.5 MW) എന്നിവ കമ്മീഷൻ ചെയ്യുകയും ഗ്രിഡിലേക്ക് വൈദ്യുതി ഉല്പാദനം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു.

(ബി) വരും വർഷങ്ങളിൽ പുതിയ എതെങ്കിലും മേഖലകളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടോയെന്ന് വിശദമാക്കാമോ?

വരും വർഷത്തിൽ (2022-23) ജലവൈദ്യുത പദ്ധതികളായ, തൊട്ടിയാർ (40 മെഗാവാട്ട്), ഭൂതത്താൻകെട്ട് (24 മെഗാവാട്ട്), പള്ളിവാസൽ എക്സ്റ്റൻഷൻ (60 മെഗാവാട്ട്), പെരുവണ്ണാമൂഴി (6 മെഗാവാട്ട്) എന്നിവ കമ്മിഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്.

പുരപ്പുറ സോളാർ, 'ഗ്രൗണ്ട് മൗണ്ടഡ് സോളാർ', ഫ്ലോട്ടിംഗ് സോളാർ, കാറ്റാടി പാടം, കനാൽ ബാങ്ക്, കനാൽ ടോപ്പ്, Battery Energy Storage System (BESS) തുടങ്ങിയ RE പദ്ധതികളിൽ നിന്ന് വരും വർഷങ്ങളിൽ വൈദ്യുതോത്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കനാലുകളിലെ ഒഴുക്കിൽനിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം, പിക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജ ഉൽപ്പാദനത്തിനുള്ള സാധ്യതാപഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള

പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 kW ന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികളും നടപ്പിലാക്കാൻ നടപടി തുടങ്ങിക്കഴിഞ്ഞു.

ഇതിനോടൊപ്പം പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25kW ന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ പൈലറ്റ് പദ്ധതികളുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ലെഫ്റ്റ് ബാങ്ക് കനാലിൽ 3 MW വരെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്

## കണ്ടെയ്നർ സബ്സ്റ്റേഷന്റെ പ്രവർത്തന പുരോഗതി

207(2547) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ പട്ടണത്തിൽ സ്ഥാപിച്ച കണ്ടെയ്നർ സബ്സ്റ്റേഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; സുഗമമായ വൈദ്യുതി

വിതരണം സാധ്യമാക്കാൻ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ സുഗമമായ വൈദ്യുതി വിതരണം സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആറ്റിങ്ങൽ പട്ടണത്തിൽ വൈദ്യുതി വിതരണം സുഗമമാക്കാൻ സ്ഥാപിച്ച കച്ചേരി 33 kV കണ്ടെയ്നർ സബ്സ്റ്റേഷൻ 30-01-2018-ൽ പ്രവർത്തനക്ഷമമായി. ആറ്റിങ്ങൽ പട്ടണ പ്രദേശം മുഴുവനായും ചിറയിൻകീഴ്, മുദാക്കൽ, കരവാരം തുടങ്ങിയ പഞ്ചായത്തുകൾ ഭാഗികമായും വൈദ്യുതീകരിച്ചിരിക്കുന്നത് ആറ്റിങ്ങൽ കച്ചേരി 33 kV സബ്സ്റ്റേഷനിൽ നിന്നുള്ള നാല് 11 കെ.വി ഫീഡറുകളിലൂടെയാണ്. ടി സബ്സ്റ്റേഷൻ കച്ചേരിയിൽ സ്ഥാപിക്കുന്നതിന് മുൻപ് ടി പ്രദേശങ്ങളിലേയ്ക്ക് വൈദ്യുതി വിതരണം ചെയ്തിരുന്നത് 110 കെ.വി. ആറ്റിങ്ങൽ സബ്സ്റ്റേഷനിൽ നിന്നുമായിരുന്നു. 110 കെ.വി ആറ്റിങ്ങൽ സബ്സ്റ്റേഷനിൽ നിന്നും 5.6 കി.മീ 33 കെ.വി 'യു ജി' കേബിൾ സ്ഥാപിച്ച് കച്ചേരി സബ്സ്റ്റേഷൻ സ്ഥാപിതമായതോടെ 11 കെ.വി ഫീഡറുകളുടെ നീളം കുറയുകയും വൈദ്യുതി തടസ്സങ്ങൾ ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്. ടി സബ്സ്റ്റേഷനിൽ സ്ഥാപിച്ചിട്ടുള്ള

എക്യുപ്മെന്റ്സെല്ലാം തന്നെ ഇൻഡോർ ടൈപ്പായതിനാൽ സബ്സ്റ്റേഷനിൽ ഉണ്ടായേക്കാവുന്ന തകരാറുകളും വളരെ കുറവാണ്. അതിനാൽ ഗുണമേന്മയുള്ള വൈദ്യുതിയുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) എന്തെല്ലാം അധിക നേട്ടങ്ങളാണ് ഈ സബ്സ്റ്റേഷൻ സ്ഥാപിച്ചതിലൂടെ വകുപ്പ് ലക്ഷ്യമിട്ടത്; വ്യക്തമാക്കുമോ?

ആറ്റിങ്ങൽ കോടതി, മുനിസിപ്പാലിറ്റി, ട്രഷറി തുടങ്ങിയ കാര്യാലയങ്ങൾ പ്രവർത്തിക്കുന്ന ആറ്റിങ്ങൽ പട്ടണ പ്രദേശത്ത് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആറ്റിങ്ങൽ കച്ചേരിയിൽ 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിച്ചത്. 11 കെ.വി ഫീഡറുകളുടെ നീളം കുറയുന്നതിലൂടെ വിതരണ നഷ്ടം കുറയ്ക്കുവാനും കൃത്യമായ വോൾട്ടേജിൽ ഗുണമേന്മയുള്ള വൈദ്യുതി നൽകാനും സാധിക്കുന്നു.

**ഗ്രാമീണ മേഖലയിൽ ഭൂഗർഭ വൈദ്യുത പദ്ധതി**

208(2548) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട്, പടനിലം, ചുനക്കര, തിരുവഞ്ചൂർ ക്ഷേത്രം എന്നീ പ്രദേശങ്ങളിൽ ഭൂഗർഭ കേബിൾ സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മാവേലിക്കര മണ്ഡലത്തിലെ പ്രധാന ക്ഷേത്രങ്ങളായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര ക്ഷേത്രം എന്നിവയുടെ പരിസര പ്രദേശങ്ങളിൽ എ.ബി. സി.യു.ജി. കേബിൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. നൂറനാട് പടനിലം ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 1,18,61,846/- രൂപയുടെ (ഒരു കോടി പതിനെട്ട് ലക്ഷത്തി അറുപത്തി ഓരായിരത്തി എണ്ണൂറ്റി നാൽപ്പത്തി ആറ്) എസ്റ്റിമേറ്റും ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 61,00,000 രൂപയുടെ (അറുപത്തി ഒന്ന് ലക്ഷം) എസ്റ്റിമേറ്റുമാണ് തയ്യാറാക്കിയിട്ടുള്ളത്.

**<u>നൂറനാട് പടനിലം ക്ഷേത്രം പ്രവൃത്തി</u>**

ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ ടി പ്രവൃത്തിയുടെ തുക അടവാക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി, പടനിലം ക്ഷേത്രഭരണ സമിതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി കാര്യം

പരിശോധിക്കുകയും അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം എസ്റ്റിമേറ്റ് തുകയിൽ 25% ഇളവ് അനുവദിച്ചുകൊണ്ടും ബാക്കി തുക അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. അപേക്ഷകൻ തുക ഒടുക്കുന്നതനുസരിച്ച് റോഡ് കട്ടിംഗിനുള്ള അനുമതിയും ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തികരിക്കുവാൻ സാധിക്കുന്നതാണ്.

**<u>ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തി</u>**

ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ചുനക്കര അമ്പലത്തിലെ കെട്ടുത്സവത്തോട് ബന്ധപ്പെട്ടുണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള മേൽ പ്രവൃത്തിയുടെ തുക അടവാക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി, തിരുവൈരൂർ ദേവസ്വം ഭരണസമിതി, ചുനക്കരയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി കാര്യം പരിശോധിക്കുകയും അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെട്ട 15.6 ലക്ഷം രൂപയുടെ പ്രവൃത്തി PMU-PMSU (Project Management Unit-Project Management Sub Unit) വർക്കുകളിൽ വിഭാവനം ചെയ്തിട്ടുള്ളതാണെന്നും ബാക്കി തുകയായ 45.4 ലക്ഷം രൂപയിൽ

25% ഇളവ് അനുവദിച്ചതിനുശേഷമുള്ള തുകയായ 34.05 ലക്ഷം രൂപ മാത്രം അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു.

ബഹുമാനപെട്ട മുൻ എം.എൽ.എ. ശ്രീ. ആർ. രാജേഷ് 25-09-2020-ൽ നൽകിയ കത്ത് പ്രകാരം ടി പ്രവൃത്തിക്ക് ആവശ്യപ്പെട്ട 34.05 ലക്ഷം രൂപ ബഹുമാനപെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുവാൻ സമ്മതം അറിയിച്ചതിൻപ്രകാരം, ചുനക്കര അമ്പലത്തിലെ കെട്ടുകാഴ്ച്ച സഞ്ചരിക്കുന്ന വഴി, കെട്ടുകാഴ്ചകളുടെ ഉയരം എന്നിവ ദേവസ്വം ഭരണസമിതിയുമായി ആലോചിച്ചതിനുശേഷം വിശദമായ എസ്റ്റിമേറ്റ് സഹിതം ആലപ്പുഴ ജില്ലാകളക്ടർക്ക് 01-07-2021-ൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ മുൻ എം.എൽ.എയുടെ ആസ്തി-വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യത്തിൽ സംശയം പ്രകടിപ്പിച്ചതിനെത്തുടർന്ന്, നിലവിലെ എം.എൽ.എ.-യോട്, ടി തുക അനുവദിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കണമെന്ന് മാവിലേക്കര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.എൽ. അപേക്ഷിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തികരിക്കുവാൻ സാധിക്കുന്നതാണ്.

(ബി) ഗ്രാമീണ മേഖലയിൽ ഭൂഗർഭ വൈദ്യുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടം ഘട്ടമായി ഗ്രാമീണ മേഖലയിലുൾപ്പെടെയുള്ള എച്ച്.ടി. വൈദ്യുതി ലൈനുകൾ അണ്ടർ ഗ്രൗണ്ട് കേബിളുകൾ/ കവേർഡ് കണ്ടക്ടറുകളാക്കി മാറ്റുന്നതിനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. വൈദ്യുതി വിതരണ രംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത വരുത്തുന്നതിനുമായി 2022-23 മുതൽ 2026-27 കാലയളവിലേക്കായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന ദ്യുതി 2.0, വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള RDSS (Revamped Distribution Sector Scheme) പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി കൂടുതൽ ലൈനുകൾ എ.ബി.സി കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും ആക്കി മാറ്റാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്.

## കുന്നത്തുനാട് മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

209(2549) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മാറമ്പള്ളി, മണ്ണൂർ, പട്ടിമറ്റം, പുതുപ്പനം, കരിമുകൾ എന്നീ സ്ഥലങ്ങളിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കേരളത്തിലുടനീളം 1140 ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കുന്നത്തുനാട് മണ്ഡലത്തിൽ പോൾ മൗണ്ടഡ് ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ മുന്നോട്ടുപോകുന്നത്. പ്രസ്തുത സ്ഥലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു മാസത്തിനകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ പോസ്റ്റുകളിൽ സ്ഥാപിച്ചിരിക്കുന്നതിനാൽ മറ്റടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സ്ഥലസൗകര്യം ലഭ്യമല്ല. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ വിശ്രമിക്കുന്നതിനുള്ള സോളാർ റൂഫിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

ഇലക്ട്രിക് വാഹനങ്ങൾക്കായി അനെർട്ടിന്റെ പദ്ധതി പ്രകാരം പുതുതായി സ്ഥാപിക്കുന്ന ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ റിഫ്രഷ്മെന്റിനും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുമുള്ള സൗകര്യം കൂടി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(സി) ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗിന് ഈടാക്കുന്ന നിരക്കുകൾ എത്രയാണെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ 13 രൂപ + ജി.എസ്.ടി.-യും പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളിൽ 9 രൂപ + ജി.എസ്.ടി.-യുമാണ് ഈടാക്കുന്നത്.

അനെർട്ടിന്റെ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ നിലവിൽ ജി.എസ്.ടി. ഉൾപ്പെടെ ഒരു യൂണിറ്റ് വൈദ്യുതിക്ക് 15.34 രൂപയാണ് ഈടാക്കുന്നത്.

## ഷോക്കേറ്റുള്ള മരണം

210(2550) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടയിൽ എത്ര പേർ ഷോക്കേറ്റ് മരണപ്പെട്ടെന്ന് വ്യക്തമാക്കാമോ;

സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഷോക്കേറ്റു മരണപ്പെട്ടവരുടെ എണ്ണം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) വയനാട് ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ എത്ര പേർ ഷോക്കേറ്റ് മരണപ്പെട്ടെന്നുള്ള കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വയനാട് ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഷോക്കേറ്റ് മരണപ്പെട്ടവരുടെ എണ്ണം അനുബന്ധമായി +ചേർത്തിരിക്കുന്നു.

(സി) ഷോക്കേറ്റുള്ള അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (എബിസി), കവേർഡ് കണ്ടക്ടർ എന്നിവ ഉപയോഗിക്കുന്നുണ്ട്. പുതുതായി നിർമ്മിക്കുന്ന ഇലക്ട്രിക് എൽ.ടി. ലൈനുകൾ സുരക്ഷയുടെകൂടി പ്രാധാന്യം കണക്കിലെടുത്ത് 'ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (എബിസി) ഉപയോഗിച്ച് നിർമ്മിക്കാൻ തീരുമാനിച്ചു.

കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കാനുള്ള നിശ്ചിത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. വൈദ്യുതി സുരക്ഷയുമായി ബന്ധപെട്ട് പൊതു ജനങ്ങൾക്കുള്ള ബോധവൽക്കരണം നൽകി വരുന്നുണ്ട്.

എല്ലാ ഉപഭോക്തൃ പ്രതിഷ്ഠാപനങ്ങളിലും ELCB (Earth Leakage Circuit Breaker) സ്ഥാപിക്കുന്നതിനായി ബോധവൽക്കരണം നൽകി വരുന്നുണ്ട്.

**മണലൂർ മണ്ഡലത്തിലെ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ**

211(2551) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഇലക്ട്രിക് സ്കൂട്ടർ, ഇലക്ട്രിക് ഓട്ടോറിക്ഷകൾ അടക്കമുള്ള വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ എത്ര സ്ഥലങ്ങളിലാണ് സ്ഥാപിക്കുന്നതെന്ന് അറിയിക്കാമോ?

മണലൂർ നിയോജക മണ്ഡലത്തിൽ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

1. മുല്ലശ്ശേരി ബസ് സ്റ്റാന്റ്

2. അരിമ്പൂർ പഞ്ചായത്തിന് സമീപം
3. വാടാനപള്ളി പഞ്ചായത്ത്
4. കേച്ചേരി ബസ് സ്റ്റാന്റ്
5. ചൊവ്വല്ലൂർ പടി വളവ്
6. കണ്ടശ്ശാൻകടവ് പഴയ ബസ് സ്റ്റാന്റിനു സമീപം

(ബി) പ്രസ്തുത പ്രവൃത്തി നിലവിലേത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ചാർജിംഗ് സ്റ്റേഷനുകളെന്ന് പ്രവർത്തനക്ഷമമാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(ബി &സി) സംസ്ഥാനത്തുടനീളം 1140 ചാർജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മാണ പ്രവർത്തനം നടന്നു വരുന്നത്. ഒരു മാസത്തിനകം പദ്ധതി പ്രവർത്തനസജ്ജമാകുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിലെ കോതകുറുശ്ശി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം

212(2552) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ കോതകുറുശ്ശി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്നു മുതലാണ് തീരുമാനിച്ചതെന്ന് അറിയിക്കാമോ?

(എ & ബി) കോതകുറിശ്ശിയിൽ ഒരു 110 കെ.വി. സബ് സ്റ്റേഷൻ പണിയുന്നതിനുള്ള പ്രവൃത്തി കെ.എസ്.ഇ.ബി.എൽ.-ന്റെ 2022-23 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി 1.13 ഏക്കർ വരുന്ന ഒരു സക്കാർ ഭൂമി പാലക്കാട് ജില്ലയിൽ അനങ്ങാടി പഞ്ചായത്തിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി സബ് സ്റ്റേഷന്റെ ആവശ്യകതയെക്കുറിച്ച് സാങ്കേതിക പഠനം നടത്തി അനുകൂല റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. ഇതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) ജനങ്ങൾക്ക് പ്രയോജനപ്രദമാകുംവിധം എന്നത്തേയ്ക്ക് പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കാമോ?

സബ്സ്റ്റേഷന് കണ്ടെത്തിയിട്ടുള്ള ഭൂമി കൈമാറ്റം ചെയ്ത് കിട്ടിയശേഷം ഏകദേശം ഒന്നര വർഷംകൊണ്ട് സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ

213(2553) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം പുതുതായി അനുവദിക്കുന്ന ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആവശ്യപ്രകാരം ചുവടെ ചേർക്കുന്ന സ്ഥലങ്ങളിലാണ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്. പദ്ധതി ഒരു മാസത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

1. എം.കെ.എച്ച്. ഹോസ്പിറ്റൽ, തിരൂരങ്ങാടിക്ക് സമീപം.
2. ദാറുൽ ഹുദ, ചെമ്മാടിന് സമീപം.
3. കെ.എസ്.ഇ.ബി.എൽ. വെന്നിയൂർ ഓഫീസ്.

4. കൊഴിച്ചിന ഗ്രൗണ്ട്.

5. പെനക്കൽ ജംഗ്ഷൻ.

**ചാലക്കുടി മണ്ഡലത്തിലെ വെട്ടിവിട്ടക്കാട് കോളനികളുടെ**

**വൈദ്യുതീകരണം**

214(2554) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ വെട്ടിവിട്ടക്കാട് പട്ടികവർഗ്ഗ കോളനിയുടെ വൈദ്യുതീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ചാലക്കുടി മണ്ഡലത്തിലെ ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ വെട്ടിവിട്ടക്കാട് പട്ടികവർഗ്ഗ കോളനി വൈദ്യുതീകരിക്കുന്നതിന് 92,46,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 85,41,000/- രൂപ ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അടച്ചിട്ടുണ്ട്. ബാക്കി തുകയായ 7,05,000/- രൂപ ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് അടയ്ക്കേണ്ടതുണ്ട്. പ്രസ്തുത തുക എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന്

പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനായുള്ള ജില്ലാതല സമിതിയിൽ കെ.എസ്.ഇ.ബി.എൽ. അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ വനം വകുപ്പിന്റെ അനുമതിയും ആവശ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ സാങ്കേതികാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

(ബി & സി) ഇല്ല. സാങ്കേതികാനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിക്ക് വനം വകുപ്പിന്റെ ക്ലിയറൻസ് ആവശ്യമുണ്ടോ; എങ്കിൽ ആയത് ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തിക്ക് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്നതിനായി ഇടമലയാർ, ഷോളയാർ ഫോറസ്റ്റ് റേഞ്ച് ഓഫീസർമാർക്ക് 4-12-202-ന് കത്ത് നൽകിയിട്ടുണ്ട്.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

215(2555) <u>ഡോ സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ കഴിഞ്ഞ ഒരു വർഷം കേരളത്തിൽ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിൽ 53,68,226 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചു. ജില്ല തിരിച്ച് നാളിതുവരെ (26-06-2022) കമ്മീഷൻ ചെയ്ത പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ എണ്ണവും കപ്പാസിറ്റിയും അനുബന്ധമായി+ ചേർക്കുന്നു.

(ബി) കൊല്ലം ജില്ലയിൽ ഗാർഹിക പ്ലാന്റുകളുടെ ആവശ്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര വീടുകളിൽ പ്ലാന്റുകൾ സ്ഥാപിച്ചുവെന്ന് അറിയിക്കുമോ?

കൊല്ലം ജില്ലയിൽ ഗാർഹിക പ്ലാന്റുകളുടെ ആവശ്യത്തിനായി സൗര പദ്ധതിയിലേക്ക് 5599 അപേക്ഷകൾ കെ.എസ്.ഇ.ബി.എൽ.-നും 460

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകൾ അനെർട്ടിനും ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 606-ഉം അനെർട്ട് മുഖേന 21-ഉം പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റുള്ളവ പുരോഗതിയിലാണ്.

## ഇലക്ട്രിക് പോസ്റ്റുകളുടെ ഗുണനിലവാരം

216(2556) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് പോസ്റ്റിന്റെ ഗുണനിലവാരം സംബന്ധിച്ച കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

നിലവിലുള്ള 8m/140kg പി.എസ്.സി. പോളുകൾക്ക് പകരം 8m/200kg പി.എസ്.സി പോളുകൾ ഉപയോഗിക്കാൻ നടപടി സ്വീകരിച്ചു. ഇതുപ്രകാരം ഏകദേശം 83338 എണ്ണം 8m/200kg പി.എസ്.സി പോളുകൾക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 7,00,000 എണ്ണം 8m/200kg പി.എസ്.സി പോളുകൾ വാങ്ങാനുള്ള നടപടി പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. ആഗസ്റ്റ് അവസാനത്തോടുകൂടി 8m

പി.എസ്.സി. പോളുകളുടെ ക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഗുണനിലവാരമുള്ള പോസ്റ്റുകൾ നിർമ്മിക്കാൻ ഏത് കമ്പനിക്കാണ് ടെണ്ടർ നൽകിയത്; എത്ര പോസ്റ്റുകളാണ് നിലവിൽ ആവശ്യമുള്ളത്; വിശദമാക്കാമോ?

6,76,000 8m പോസ്റ്റുകൾ വാങ്ങുന്നതിന് 10 കമ്പനികൾക്ക് പർച്ചേസ് ഓർഡർ 2-7-2022-ന് നൽകുകയുണ്ടായി. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) ഗുണനിലവാരമുള്ള പോസ്റ്റിന്റെ അഭാവം കാരണം പുതിയ ലൈൻ വലിക്കുന്നതിനും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും കാലതാമസം നേരിടുന്നുണ്ടോയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2-7-2022-ന് 6,76,000 8m പോസ്റ്റുകൾ വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകി.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ.എസ്.ഇ.ബി.-യിൽ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതിനെതിരെയുള്ള നടപടി

217 (2557) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ.സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് മുൻ വൈദ്യുതി വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരിക്കെ ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യത്തിന് അനധികൃതമായി ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

ഉണ്ട്.

(ബി) ഇദ്ദേഹത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഇതിനായി നോട്ടീസ് നൽകിയിട്ടുണ്ടോയെന്നും അറിയിക്കാമോ; ഉണ്ടെങ്കിൽ നഷ്ടപരിഹാര തുക ഈടാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ മാനദണ്ഡമനുസരിച്ചുള്ള നഷ്ടപരിഹാരം ഈടാക്കാൻ തീരുമാനിക്കുകയും കെ.എസ്.ഇ.ബി.എൽ. വിജിലൻസ് വിഭാഗം നടത്തിയ

അന്വേഷണത്തിൽ കണ്ടെത്തിയ നഷ്ടപരിഹാരത്തുക ഈടാക്കാൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നോട്ടീസിന് കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് മറുപടി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

മറുപടി നൽകിയിട്ടുണ്ട്. മറുപടി കെ.എസ്.ഇ.ബി.എൽ.-ലെ നിയമ വിഭാഗം പരിശോധിച്ചുവരുന്നു. ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി തീരുമാനമെടുക്കുന്നതാണ്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.-യിൽ വ്യാപകമായ ക്രമക്കേടും അധികാര ദുർവിനിയോഗവും നടന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി

218(2558) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പടിഞ്ഞാറെക്കര-ഉണ്യാൽ തീരദേശ റോഡിൽ നിൽക്കുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.ആർ.എഫ്.ബി. വൈദ്യുതി വകുപ്പിന് തുക നൽകിയിരുന്നോ?

തവനൂർ മണ്ഡലത്തിലെ പടിഞ്ഞാറെക്കര ഉണ്യാൽ തീരദേശ റോഡിൽ നിൽക്കുന്ന വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.ആർ.എഫ്.ബി. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിലേക്ക് തുക നൽകിയിരുന്നു.

(ബി) ഉണ്ടെങ്കിൽ എത്ര രൂപയായിരുന്നു നൽകിയിരുന്നതെന്നും എന്നായിരുന്നു ലഭിച്ചതെന്നും വ്യക്തമാക്കാമോ?

നൽകിയ തുക 84,54,141/- രൂപ (എൺപത്തിനാല് ലക്ഷത്തി അൻപത്തി നാലായിരത്തി ഒരുനൂറ്റി നാൽപ്പത്തിയൊന്ന് രൂപ). 4-4-2022-നാണ് പ്രസ്തുത തുകയുള്ള ചെക്ക് ലഭിച്ചത്.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും എന്നത്തേയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ഏകദേശം 3 മാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയും.

## മീറ്റർ റീഡർ തസ്തികയിലേക്കുള്ള നിയമനങ്ങൾ

219(2559) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ച മീറ്റർ റീഡർ തസ്തികയിലേക്കുള്ള നിയമനങ്ങളിൽ ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ച മീറ്റർ റീഡർ തസ്തികയിലേക്കുള്ള നിയമനങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്നും 218 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം

220(2560) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ, പയ്യന്നൂർ, കരിവെള്ളൂർ, പാടിയോട്ടുചാൽ, ചെറുപുഴ, മാതമംഗലം എന്നീ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ, പാടിയോട്ടുചാൽ, ചെറുപുഴ എന്നീ സെക്ഷൻ ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുവാനുള്ള സ്ഥലം ലഭ്യമാണ്. മറ്റ് സെക്ഷൻ ഓഫീസുകൾക്ക് സ്ഥലം ലഭ്യമായിട്ടില്ല. ഇതിൽ പാടിയോട്ടുചാൽ സെക്ഷൻ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ആയിട്ടുള്ളതാണ്. എസ്റ്റിമേറ്റ് തുകയിലുണ്ടായ വർദ്ധനവുമൂലം പുതുക്കിയ തുകയ്ക്കുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പുതുക്കിയ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പാടിയോട്ടുചാൽ സെക്ഷന്റെ നിർമ്മാണത്തിനുള്ള തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്.

എന്നാൽ ചെലവ് ചുരുക്കലിന്റെ ഭാഗമായുള്ള സാമ്പത്തിക അച്ചടക്ക നടപടികളെത്തുടർന്ന് ഇനി പുതിയ സെക്ഷൻ ഓഫീസുകളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി 31-03-2023-വരെ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതിനാൽ വെള്ളൂർ, ചെറുപുഴ സെക്ഷൻ ഓഫീസുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതാണ്.

## വൈദ്യുതി ബോർഡിന്റെ വാഹനങ്ങളുടെ അനധികൃത ഉപയോഗം

221(2561) ഡോ. എം. കെ. മുനീർ:
ശ്രീ.പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ വാഹനം പ്രത്യേക ഉത്തരവോ അനുമതിയോ ഇല്ലാതെ അനധികൃതമായി ഉപയോഗിച്ചതിന് 6.72 ലക്ഷം രൂപ അടയ്ക്കണമെന്ന് ഏതെങ്കിലും ബോർഡ് ഉദ്യോഗസ്ഥർക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) ഉണ്ട്. നിലവിൽ പെരിന്തൽമണ്ണ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. എം. ജി. സുരേഷ് കുമാറിന് നോട്ടീസ് നൽകിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അന്തിമ തീരുമാനമെടുക്കുന്നതാണ്.

(സി) ബോർഡിന്റെ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ബോർഡിന്റെ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ വാഹനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ആ വിവരം മേലധികാരികളെ അറിയിക്കുകയും ആവശ്യമെന്ന് കണ്ടാൽ വാഹനം ദുരുപയോഗം ചെയ്ത ജീവനക്കാരനെതിരെ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കാലാകാലത്ത് സർക്കാർ നൽകുന്ന ഉത്തരവ്/ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചാണ് നടപടികളെടുത്ത് പോരുന്നത്.

**സൗരോർജ്ജ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

222(2562) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന എക്കലും മണലും നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ലോവർ പെരിയാർ റിസർവോയറിലെ എക്കലും മണലും നീക്കം ചെയ്യുന്ന പ്രവൃത്തി 27-07-2016-ൽ നടത്തിയ എഗ്രിമെന്റ് മുഖേന ട്രാവൻകൂർ സിമന്റ് ലിമിറ്റഡിന് നൽകുകയുണ്ടായി. 26-07-2019-ൽ കാലാവധി മൂന്ന് വർഷത്തേയ്ക്ക് നീട്ടി കമ്പനിയുമായി ബോർഡ് സപ്ലിമെന്ററി എഗ്രിമെന്റ് വച്ചു. എന്നാൽ റിസർവോയറിൽ നിന്നും ഖനനം ചെയ്തെടുക്കുന്ന എക്കലും മണലും സംഭരിക്കുന്നതിനാവശ്യമായ 0.8235 Ha സ്ഥലം നൽകുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായ വിമുഖത കാരണം 'ഡീസിൽറ്റേഷൻ' പ്രവൃത്തി നാളിതുവരെ തുടങ്ങാനായി സാധിച്ചിട്ടില്ല.

കല്ലാർക്കുട്ടി റിസർവോയറിലെ ഡീസിൽറ്റേഷന്റെ ഭാഗമായി റിസർവോയറിൽ അടിഞ്ഞുകൂടിയിരിക്കുന്ന സെഡിമെന്റുകളുടെ ഘടനയും അളവും നിർണ്ണയിക്കുന്നതിനായി കോഴിക്കോട് എൻ.ഐ.ടി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി റിസർവോയറിൽ നിന്നുള്ള സാംപിൾ

ശേഖരണം പൂർത്തിയായിട്ടുണ്ട്. ഇതുകൂടാതെ, കുണ്ടള, മാട്ടുപ്പെട്ടി, പൊൻമുടി ആനയിറങ്കൽ, ചെങ്കുളം, പെരിങ്ങൽകുത്ത്, കക്കയം, പമ്പ, മൂഴിയാർ എന്നീ റിസർവോയറുകളുടെ സംഭരണശേഷി പുനർ നിർണ്ണയിക്കുന്നതിനുള്ള 'ബാത്തിമെട്രിക്ക്' സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സൗരോർജ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

സൗരോർജ്ജോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് 'സൗരപുരപ്പുറ സൗരോർജ്ജ പദ്ധതി' (RTS). ഇത് MNRE-യുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന സബ്സിഡി പദ്ധതിയാണ്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ടി E-kiran മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ച് ജനങ്ങൾക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതിക്കായി ഇതിന്റെ ഏകോപനം കെ.എസ്.ഇ.ബി.-യുടെ വിതരണ വിഭാഗത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. കൂടാതെ സോളാർ പാനൽ നിർമ്മാതാക്കളുടേയും ഇൻവെർട്ടർ നിർമ്മാതാക്കളുടേയും അവലോകനങ്ങൾ പലതവണ സംഘടിപ്പിക്കുകയും പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തുവരുന്നു. പദ്ധതിയിലേയ്ക്ക്

പൊതുജന ശ്രദ്ധ പിടിച്ചുപറ്റാനായി കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ്ഡിവിഷനുകളും കേന്ദ്രീകരിച്ച് സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ പലതവണ നടത്തുകയുണ്ടായി. മീറ്റർലഭ്യത, പവർ ക്വാളിറ്റി ടെസ്റ്റിംഗ് തുടങ്ങിയവ ഈ മേഖലയിൽ സമയബന്ധിതമായി നടത്തുകയും പദ്ധതി നടത്തിപ്പിനുള്ള കാലതാമസങ്ങൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ, പൊതുയിടങ്ങൾ സ്കൂൾ/കോളേജ് കാമ്പസുകൾ/കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

സർക്കാർ ഓഫീസുകൾ/സ്കൂൾ/കെട്ടിടങ്ങൾ എന്നിവയ്ക്ക് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി (സൗര ഫേസ് I പദ്ധതി) കെ.എസ്.ഇ.ബി.എൽ. വിഭാവനം ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 563 സൈറ്റുകളിൽ (12.755MW) ന്റെ പ്ലാന്റുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് മുതൽമുടക്ക് കെ.എസ്.ഇ.ബി.എൽ.-ആണ് നടത്തുന്നത്.

ഇതിൽ Model I തെരഞ്ഞെടുത്ത ഓഫീസുകൾക്ക് ആകെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 10% ഉം Model II തെരഞ്ഞെടുത്ത ഓഫീസുകൾക്ക് 25 വർഷത്തേക്ക് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയും നിശ്ചിത താരിഫിൽ പൂർണ്ണമായും ലഭ്യമാകും. നിലവിൽ ഈ പദ്ധതികളിൽ പുതിയ രജിസ്ട്രേഷനില്ല.

പദ്ധതിയുടെ എസ്റ്റിമേറ്റ് തുക കെ.എസ്.ഇ.ബി.എൽ.-ൽ അടച്ച് ഡെപ്പോസിറ്റ് സ്കീമിൽ അതാത് സ്ഥാപനങ്ങൾക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്.

(ഡി) നിശ്ചിത വിസ്തൃതിയിൽ അധികരിച്ച് നിർമ്മിക്കുന്ന ഭവനങ്ങൾക്കും ഭവനസമുച്ചയങ്ങൾക്കും സൗരോർജ്ജ പാനലുകൾ നിർബന്ധമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നിശ്ചിത വിസ്തൃതിയിൽ അധികരിച്ച് നിർമ്മിക്കുന്ന ഭവനങ്ങൾക്ക് ഇപ്പോൾ നിലവിൽ സൗരോർജ്ജ പ്ലാന്റുകൾ നിർബന്ധമല്ല. നിർബന്ധമാക്കാൻ നിയമനിർമ്മാണം ആവശ്യമാണ്.

(ഇ) സംസ്ഥാനത്ത് ഗാർഹിക വൈദ്യുതി വിതരണം ഭൂഗർഭ സംവിധാനങ്ങളിലൂടെയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

Restructure Accelerated Power Development & Reform Programme-(RAPDRP) പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരപ്രദേശങ്ങളിലെ എച്ച്.ടി. വൈദ്യുതി ശൃംഖല അണ്ടർ ഗ്രൗണ്ട് കേബിളുകളാക്കി മാറ്റിയിട്ടുണ്ട്. താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും മറ്റു സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി 'എച്ച്.ടി.' വൈദ്യുതി ലൈനുകൾ അണ്ടർ ഗ്രൗണ്ട് കേബിളുകളാക്കാനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്.

ഊർജ്ജ കേരളം മിഷനിൽ ഉൾപ്പെട്ട 'ദ്യുതി 1' പദ്ധതിയിൽ ഉൾപ്പെടുത്തി 99.71 കോടി രൂപ ചെലവഴിച്ച് 582 കി.മീ. എച്ച്.ടി. ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. 2022-23 മുതൽ 2026-27 വരെ നടപ്പിലാക്കുന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതിയായ 'ദ്യുതി 2',

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS എന്നിവയിൽ ഉൾപ്പെടുത്തി 1766 കി.മീ. എച്ച്.ടി. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണത്തിനുള്ള എൽ.ടി. ലൈൻ നിർമ്മാണത്തിൽ Aerial Bunched Cable(ABC) / മറ്റ 'കവേർഡ് കണ്ടക്ടറുകൾ' തുടങ്ങിയവ ഉപയോഗിച്ചുള്ള മാറ്റങ്ങളാണ് ഘട്ടംഘട്ടമായി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നത്.

**മലപ്പുറം നിയോജക മണ്ഡലത്തിൽ ചാർജിംഗ് സ്റ്റേഷനുകൾ**

223(2563) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ എത്ര ചാർജിംഗ് സ്റ്റേഷനുകൾക്കാണ് അനുമതിയായിട്ടുള്ളത്; ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കാമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ 7 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ഉയർന്ന ജനസംഖ്യയും ഭൂവിസ്തൃതിയുമുള്ള മണ്ഡലങ്ങളിൽ കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഒരു പഞ്ചായത്തിൽ ഒരു ചാർജിംഗ് സ്റ്റേഷനെങ്കിലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

കേരളത്തിലുടനീളം ഓരോ നിയോജകമണ്ഡലത്തിലും പൊതുവിൽ 5 എണ്ണം വീതവും കോർപ്പറേഷൻ പരിധിയിൽ വരുന്ന മണ്ഡലങ്ങളിൽ 15 എണ്ണം വീതവുമെന്ന തരത്തിൽ 1140 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഉയർന്ന ജനസംഖ്യയും മറ്റ് ഘടകങ്ങളും അടിസ്ഥാനപ്പെടുത്തിയാണ് ഈ രീതിയിൽ പദ്ധതി വിഭാവനം ചെയ്തത്.

(സി) മലപ്പുറം മണ്ഡലത്തിലെ പുല്പറ്റ പഞ്ചായത്തിൽ ഒരു ചാർജിംഗ് സ്റ്റേഷൻ കൂടി ആരംഭിക്കണമെന്ന എം.എൽ.എ.യുടെ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പുല്പറ്റ പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലം പരിശോധിച്ച് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പദ്ധതികൾ

224(2564) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടേയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും വ്യക്തമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ദ്യുതി 2.0 പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

| നമ്പർ | പ്രവൃത്തി | എണ്ണം | തുക (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | LT റീ കണ്ടക്ടറിംഗ് | 4 | 16.032 |
| 2 | HT റീ കണ്ടക്ടറിംഗ് | 1 | 18.241 |
| 3 | LT ABC ലൈൻ വലിക്കൽ | 1 | 32.347 |
| 4 | ട്രാൻസ്ഫോർമർ ശേഷി വർധിപ്പിക്കൽ | 2 | 8.058 |

| | | | |
|---|---|---|---|
| 5 | HT ലൈൻ ക്രമീകരണം | 3 | 61.557 |
| 6 | OH ലൈൻ നിർമാണം | 1 | 10.415 |
| 7 | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 4 | 18.48 |
| 8 | നവീകരണ പ്രവർത്തനങ്ങൾ | 7 | 39.688 |
| | **ആകെ** | | **204.818** |

ഇതുകൂടാതെ ആർ.ഡി.എസ്.എസ്. പദ്ധതിയിലുൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.

| നമ്പർ | പ്രവൃത്തി | എണ്ണം | തുക (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 15 | 58.3 |
| 2 | ട്രാൻസ്ഫോർമർ ശേഷി വർധിപ്പിക്കൽ | 9 | 25 |
| 3 | HT ABC ലൈൻ വലിക്കൽ | 11.5 KM | 177.9 |
| 4 | HT ഭൂഗർഭ കേബിൾ സ്ഥാപിക്കൽ | 4 KM | 71.08 |
| 5 | LT ABC / കവചിത ലൈൻ വലിക്കൽ | 71.24 KM | 692.1 |
| | **ആകെ** | | **1024.38** |

കൂടാതെ കാഞ്ഞങ്ങാട് മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. താഴെ പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു.

അമ്പലത്തറ സബ്സ്റ്റേഷനിൽ രണ്ട് 100MVA സ്ഥാപിക്കുന്ന പ്രവൃത്തി 03-06-2022-ന് പൂർത്തീകരിച്ചു. നാല് 110 കെ.വി ഫീഡർബേയിൽ 3 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. നാലാമത്തെ ഫീഡർ ബേ നിർമ്മാണം പുരോഗമിക്കുന്നു.

അനുവദിച്ച തുക - 33.85 കോടി.

കാഞ്ഞങ്ങാട് 110 കെ.വി സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമർശേഷി വർദ്ധിപ്പിക്കുന്നതിന് ഒരു 20 MVA, 110/11 കെ.വി ട്രാൻസ്ഫോർമർ അനുവദിച്ച് കിട്ടിയിട്ടുണ്ട്. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള പ്രവൃത്തി പുരോഗമിക്കുന്നു.

അനുവദിച്ച തുക - 4.50 കോടി.

33 കെ.വി ബേളൂർ സബ്സ്റ്റേഷനിൽ 11 കെ.വി ഇൻഡോർ പാനൽ നിർമ്മിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം പൂർത്തിയായി. 11 കെ.വി. പാനൽ ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

അനുവദിച്ച തുക - 99 ലക്ഷം.

## കെ.എസ്.ഇ.ബി ഓഫീസേഴ്സ് അസോസിയേഷൻ നടത്തിയ സമരം

225(2565) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ നടത്തിയ സമരത്തിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ; പ്രസ്തുത സമരം തീർക്കാൻ സമരക്കാരുമായി കെ.എസ്.ഇ.ബി. അധികൃതർ നടത്തിയ ചർച്ചയിലെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ശ്രീമതി ജാസ്മിൻ ബാനു യഥാവിധി ചാർജ്ജ് കൈമാറാതെ സ്റ്റേഷൻ വിട്ടതിനാൽ കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ 28-03-2022-ൽ അവരെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് ശിക്ഷണ നടപടികൾ സ്വീകരിച്ചതിനെതിരെയാണ് സമരം പ്രഖ്യാപിച്ചത്.

വൈദ്യുതി ബോർഡ് മാനേജ്മെന്റ് ഏകപക്ഷീയ പ്രവർത്തനങ്ങളും പ്രതികാര നടപടികളും അവസാനിപ്പിക്കുക, സ്ത്രീത്വത്തെ അവഹേളിക്കുന്ന

സമീപനം തിരുത്തുക തുടങ്ങിയ ആവശ്യങ്ങൾ സമരത്തിന് കാരണമായി കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ നൽകിയ നോട്ടീസിൽ ഉന്നയിച്ചിരുന്നു. ചർച്ചയിലെ ഒത്തുതീർപ്പ് വ്യവസ്ഥകളായി അച്ചടക്ക നടപടികൾ തീർപ്പാക്കുന്ന മുറയ്ക്ക് മുൻപ് ജോലി ചെയ്തിരുന്ന ജില്ലകളിൽ നിയമിക്കുന്ന വിഷയം പരിഗണിക്കുക, ബോർഡ് യോഗത്തിൽ തള്ളിക്കയറിയ ഓഫീസർമാർക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്കനടപടികൾ എടുത്തതിൽ കാലവിളംബം കൂടാതെ അനുഭാവപൂർവ്വം തീർപ്പാക്കുക, അഭിപ്രായ വ്യത്യാസങ്ങളും വിമർശനങ്ങളും ഉന്നയിക്കാനുള്ള അവകാശം തടയുന്ന സമീപനം ഒഴിവാക്കുക, സ്ഥാപനത്തിന്റെ പ്രതിച്ഛായ മോശമാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക, മാനേജ്മെന്റും ഓഫീസർമാരും തമ്മിൽ സുഗമമായ ആശയവിനിമയം നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഡയറക്ടർ, ഫിനാൻസിനെ ചുമതലപ്പെടുത്തുക തുടങ്ങിയവ പരിഗണിക്കപ്പെട്ടിരുന്നു.

(ബി) പ്രസ്തുത സമരത്തിൽ പങ്കെടുത്ത ഓഫീസേഴ്സ് അസോസിയേഷൻ ഭാരവാഹികൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാം എതിരെയാണ് അച്ചടക്ക നടപടി സ്വീകരിച്ചത്; പ്രസ്തുത

അച്ചടക്ക നടപടി ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

പ്രസ്തുത സമരത്തിന്റെ ഭാഗമായി ബോർഡ് റൂമിൽ അതിക്രമിച്ചുകയറിയ 20 പേർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ തുടർന്നുവരുന്നു. 20 പേരുടെയും വിവരം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

കൂടാതെ പ്രസ്തുത സമര പരിപാടികൾക്ക് നേതൃത്വം കൊടുത്ത ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന ഭാരവാഹികളായ പ്രസിഡന്റ് ശ്രീ. എം. ജി. സുരേഷ് കുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും സെക്രട്ടറിയായ ശ്രീ. ഹരികുമാർ. ബി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുമെതിരെ ചീഫ് എഞ്ചിനീയർ തലത്തിൽ അന്വേഷണം നടത്തി അച്ചടക്കനടപടി സ്വീകരിച്ചിട്ടുള്ളതും ഡിപ്പാർട്ട്മെന്റ്തല അന്വേഷണം നടന്നുവരുന്നതുമാകുന്നു.

## കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് ഈടാക്കുന്നത്

226(2566) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഡെപ്പോസിറ്റ് ഈടാക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

ഉണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ലെ 67-ാം ചട്ട പ്രകാരം പ്രീപെയ്ഡ് മീറ്റർ അല്ലാത്തപക്ഷം ദ്വൈമാസ ബില്ലിംഗുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽ തുകയുടെ മൂന്നിരട്ടിയും പ്രതിമാസ ബില്ലിംഗിന് കീഴിലുള്ള എല്ലാ ഉപഭോക്താക്കളും ശരാശരി പ്രതിമാസ ബിൽ തുകയുടെ രണ്ടിരട്ടിയും സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് അവരുടെ പ്രതിമാസ ഉപഭോഗം മുപ്പത് യൂണിറ്റ് കവിയാത്തപക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകേണ്ടതില്ലെന്നും 67-ാം ചട്ടം വ്യവസ്ഥ ചെയ്യുന്നു.

നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി ഉപഭോഗത്തിന് ഒഴിച്ച് വൈദ്യുത ലൈനുകൾക്കോ ഉപകരണങ്ങൾക്കോ എനർജി മീറ്ററുകൾക്കോ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആവശ്യപ്പെടുന്നില്ല.

(ബി) പ്രസ്തുത ഡെപ്പോസിറ്റ് നിരക്ക് ഉയർത്തുന്നതിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

ഡെപ്പോസിറ്റ് തുക ഉയർത്തുന്നതിന് കെ.എസ്.ഇ.ബി.എൽ. നടപടി സ്വീകരിച്ചിട്ടില്ല. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ലെ 73-ാം ചട്ട പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെയും ആദ്യ പാദത്തിൽ തൊട്ടു മുൻവർഷം ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള ഉപഭോഗത്തിനനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് പര്യാപ്തമാണോയെന്ന് വിലയിരുത്തേണ്ടതും കൂടുതലെങ്കിൽ ബാങ്ക് റേറ്റിലുള്ള പലിശസഹിതം അടുത്ത രണ്ടു ബില്ലിനുള്ളിൽ ഉപഭോക്താവിന് കൂടുതലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നൽകേണ്ടതുമാണ്. എന്നാൽ കുറവുള്ളപക്ഷം 30 ദിവസത്തെ നോട്ടീസ് നൽകി അധികമായി ആവശ്യം വരുന്ന തുക ഈടാക്കാനും കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ലെ 73-ാം ചട്ടം വ്യവസ്ഥ ചെയ്യുന്നു.

കോവിഡും അനുബന്ധ ലോക്ക്ഡൗണും കണക്കിലെടുത്ത് KSERC-യുടെ അനുമതിയോടുകൂടി 2020-21 -ലും 2021-22- ലും അധികമായി ആവശ്യം വരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉപഭോക്താക്കളുടെ പക്കൽനിന്നും വാങ്ങിയിരുന്നില്ല. എന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പക്കലുള്ള അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് വൈദ്യുതി ചാർജ്ജിൽ ക്രമീകരിക്കുകയും ചെയ്തിരുന്നു.

(സി) നാല് മാസത്തെ വൈദ്യുതി ബില്ലിന് തുല്യമായ തുക ഡെപ്പോസിറ്റ് അടയ്ക്കണമെന്ന നിർദ്ദേശം ഗാർഹിക ഉപഭോക്താക്കൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കിയെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത നിരക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ലെ 67-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തുപ്രകാരം ദ്വൈമാസ ബില്ലിംഗുള്ള എല്ലാ ഉപഭോക്താക്കളിൽ നിന്നും ശരാശരി പ്രതിമാസ ബിൽ തുകയുടെ മൂന്നിരട്ടിക്ക് തുല്യമായ തുകയും പ്രതിമാസ ബില്ലിംഗിന് കീഴിലുള്ള എല്ലാ ഉപഭോക്താക്കളിൽ നിന്നും ശരാശരി പ്രതിമാസ ബിൽ തുകയുടെ രണ്ടിരട്ടിക്ക് തുല്യമായ തുകയും മാത്രമേ സെക്യൂരിറ്റി ഡെപ്പോസിറ്റായി

കെ.എസ്.ഇ.ബി.എൽ. ഈടാക്കുന്നുള്ളൂ. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ലെ വ്യവസ്ഥയ്ക്കനുസൃതമായിട്ടാണ് കെ.എസ്.ഇ.ബി.എൽ. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഈടാക്കുന്നതെന്നതിനാൽ പ്രസ്തുത നിരക്ക് കുറയ്ക്കാൻ കെ.എസ്.ഇ.ബി.എൽ.-ന് സാധിക്കുകയില്ല.

നിലവിലുള്ള ഉപഭോക്താക്കളുടെ കാര്യത്തിൽ അവരുടെ ശരാശരി ഉപഭോഗം കണക്കാക്കി സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പുനർനിർണ്ണയം ചെയ്യുന്നു. നിലവിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് ടി തുകയിൽ നിന്ന് കുറച്ച് ബാക്കി തുക അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കുന്നു. എന്നാൽ നിലവിലുള്ള സെക്യൂരിറ്റി തുക അവശ്യം വേണ്ട ഡെപ്പോസിറ്റ് തുകയേക്കാൾ കൂടുതലാണെങ്കിൽ ബാക്കിയുള്ള തുക തൊട്ടടുത്ത ബില്ലുകളിൽ കുറവുചെയ്ത് കൊടുക്കപ്പെടുന്നു. ഇതിനുപുറമെ നിലവിലുള്ള ഡെപ്പോസിറ്റ് തുകയ്ക്ക് പലിശ നൽകുകയും ആയത് ബില്ലിൽ നിന്ന് കുറവ് ചെയ്യുകയും ചെയ്യുന്നു.

(ഡി) വൈദ്യുതി ബില്ലിനൊപ്പം തന്നെ വലിയ ഡെപ്പോസിറ്റ് തുകയും ഒറ്റത്തവണയായി അടയ്ക്കേണ്ടി വരുന്നത് ഗാർഹിക ഉപഭോക്താക്കളെ

പ്രതിസന്ധിയിലാക്കുമെന്നതിനാൽ ഡെപ്പോസിറ്റ് നിരക്ക് കുറച്ചുകൊണ്ട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നൽകുമോയെന്ന് വ്യക്തമാക്കുമോ?

2020-21 -ലും 2021-22- ലും അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക റെഗുലേറ്ററി കമ്മീഷന്റെ (KSERC) അനുമതിയോടുകൂടിയാണ് ഒഴിവാക്കിയിട്ടുള്ളതെന്നതിനാൽ ഇനിയും സെക്യൂരിറ്റി ഡെപ്പോസിറ്റിന് ഗഡുക്കൾ നൽകാൻ സാധിക്കുകയില്ല.

**കൊണ്ടോട്ടി മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ**

227(2567) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കുമോ?

കൊണ്ടോട്ടി മേഖലയിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനും കൊണ്ടോട്ടി മണ്ഡലത്തിലെ പുളിക്കലിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക പഠനം നടത്തുകയും സബ്സ്റ്റേഷൻ

സ്ഥാപിക്കുന്നത് ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 33 കെ.വി. കൊണ്ടോട്ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള സ്ഥലം ലഭ്യമാക്കുന്നതിന് മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കൊണ്ടോട്ടി മണ്ഡലത്തിൽ കാരാട് ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ മേലെ പുതുക്കോട് മുതൽ പെരിങ്ങാവ് വരെയും കക്കോവ് മുതൽ പുഞ്ചപ്പാടം വരെയും 11 കെ.വി. ലൈൻ സ്ഥാപിച്ച് ഇന്റർലിങ്ക് ചെയ്യുന്ന പ്രവൃത്തി നടന്നു വരുന്നു. കൂടാതെ മുണ്ടകശ്ശേരി, മൂളപ്പുറം, പുതുക്കോട്, പാറമ്മൽ, കാരാട്, തിരുത്തിയാട്, അത്താണി എന്നീ പ്രദേശങ്ങളിലെ നിലവിലുള്ള കമ്പികൾ മാറ്റി ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) കേബിളാക്കുന്നതിനുള്ള പദ്ധതിക്കും അനുമതി ലഭിച്ചിട്ടുണ്ട്. പുളിക്കൽ ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ 5 പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു.

(ബി) മീറ്റർ, പോസ്റ്റ്, എ.ബി.സി. കേബിൾ എന്നിവ ആവശ്യാനുസരണം മണ്ഡലത്തിലെ സെക്ഷനുകളിൽ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോടതിയിൽ കേസ് നിലനിന്നിരുന്നതിനാൽ 8 m പോസ്റ്റുകൾക്ക് ക്ഷാമമുണ്ടായിരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എ.ബി.സി., മീറ്റർ എന്നിവ കെ.എസ്.ഇ.ബി.എൽ.-ന്റെ മൊത്തം ആവശ്യത്തിനനുസരിച്ച് Centralised Purchase-ൽ കൂടി വാങ്ങി നൽകി വരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ വിവിധ സെക്ഷനിലെ പ്രവൃത്തികൾ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിന് മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനിയർ (പി.എം.യു.) അയച്ച പ്രൊപ്പോസലുകളിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അനുമതി നൽകുന്നതിന് സംസ്ഥാനത്തെ വിവിധ സെക്ഷനുകളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചുവരുന്നു. പരിശോധനയ്ക്കുശേഷം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ

228(2568) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സർക്കാരിനുകീഴിൽ എത്ര ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളുണ്ടെന്ന് വ്യക്തമാക്കാമോ?

30 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 238 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുമുൾപ്പെടെ കെ.എസ്.ഇ.ബി.എൽ.-ന്റെ 268 ചാർജിംഗ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തനസജ്ജമായിട്ടുണ്ട്. കൂടാതെ അനെർട്ടിനുകീഴിൽ 12 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുണ്ട്.

(ബി) ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ പുതിയതായി തുടങ്ങുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പുതിയതായി നിർമ്മാണം നടന്നുവരുന്ന ചാർജിംഗ് സ്റ്റേഷനുകൾ എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ആറ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും

അവ 07-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. ഇതിനുപുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇതിൽ 24 എണ്ണം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിരിക്കുന്നു. ബാക്കിയുള്ള സ്റ്റേഷനുകളുടെ നിർമ്മാണം ഒരു മാസത്തിനകം തന്നെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജിംഗ് പോയിന്റുകൾ കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09-10-2021-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1155 ചാർജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട്

പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. അതിൽ 261 ചാർജിംഗ് പോയിന്റുകൾ ഇപ്പോൾത്തന്നെ പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോസിസ്റ്റം വികസിപ്പിക്കുന്നതിന് ആവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസിയെന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഗുണഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചുവരുന്നു. കൂടാതെ ഗവൺമെന്റ് അധീനതയിലുള്ള 2500 -ഓളം സ്ഥലങ്ങൾ ചാർജിംഗ് സ്റ്റേഷനുകൾക്കായി കണ്ടെത്തിയിട്ടുണ്ട്. നിക്ഷേപകരുടെ മുതൽമുടക്കോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി ഇപ്പോൾ സർക്കാർ പരിഗണനയിലാണ്.

ഇതോടൊപ്പം വൈദ്യുത വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 65 വൈദ്യുത വാഹനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾവഴി ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് സാധിക്കും.

ദീർഘദൂര ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനാണ് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ആവശ്യമായി വരുന്നത്. ആദ്യഘട്ടത്തിൽ

ദേശീയപാത, എം.സി റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ വീതം സ്ഥാപിക്കുന്നതിനുള്ള നടപടിയാണ് അനെർട്ട് സ്വീകരിച്ചിട്ടുള്ളത്.

പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം 5 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഇവ 2022 ഡിസംബർ മാസത്തിനുള്ളിൽ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം പുതിയതായി സൗരോർജ്ജ സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിക്കുന്നതാണ്.

ഹോട്ടലുകൾ, മാളുകൾ, റെസ്റ്റോറന്റുകൾ ഉൾപ്പെടെ സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം ആലപ്പുഴ, പത്തനതിട്ട, കോഴിക്കോട് എന്നീ ജില്ലകളിലായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി. കോഴിക്കോട് ജില്ലയിൽ ഒരെണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

പുതിയതായി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്ന സ്വകാര്യ സംരംഭകർക്ക് ചാർജിംഗ് മെഷീൻ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**മാവേലിക്കര മണ്ഡലത്തിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ**

229(2569) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഏപ്രിൽ മുതൽ 2022 മാർച്ച് 31 വരെ മാവേലിക്കര നിയോജക മണ്ഡലത്തിൽ റോഡ് വികസനത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പിൽ നിന്നും എത്ര രൂപ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ?

2018 ഏപ്രിൽ മുതൽ 2022 മാർച്ച് 31 വരെ മാവേലിക്കര നിയോജക മണ്ഡലത്തിൽ റോഡ് വികസനത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി പൊതുമരാമത്തു വകുപ്പിൽ നിന്നും 66,08,571/-രൂപ (അറുപത്താറു ലക്ഷത്തി എണ്ണായിരത്തി അഞ്ഞൂറ്റി എഴുപത്തൊന്ന്) ലഭ്യമായിട്ടുണ്ട്.

(ബി) ഇതിലുൾപ്പെട്ട റോഡിന്റെ പേര്, മാറ്റി സ്ഥാപിച്ച ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണം, ഓരോ റോഡിനും ഈടാക്കിയ തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ ?

റോഡ് വികസനത്തിന്റെ ഭാഗമായി മാറ്റി സ്ഥാപിച്ച പോസ്റ്റുകളുടെ വിശദ വിവരങ്ങൾ അനുബന്ധമായി +ചേർത്തിരിക്കുന്നു.

**പുതിയ ജല വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നടപടി**

230(2570) ശ്രീ. തോമസ് കെ തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യം പരിഗണിച്ച് കൂടുതൽ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന ഊർജ്ജാവശ്യം പരിഗണിച്ച്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

i) കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്ന 201.5 MW സ്ഥാപിതശേഷിയുള്ള '8' ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പദ്ധതി വിവരം അനുബന്ധമായി +ചേർക്കുന്നു.

ii) ഒലീക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5MW) പൂവാരൻതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3 MW) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

iii) മാരിപ്പുഴ ചെറുകിട ജലവൈദ്യുതി പദ്ധതി (6 MW) കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് വർക്ക് ഓർഡർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

iv) അപ്പർ ചെങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (24MW) നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

v) ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW)-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇപ്പോൾ പദ്ധതിക്കുവേണ്ടിയുള്ള കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിന്റെ ഒന്നാംഘട്ട അനുമതി ലഭിച്ചിട്ടുണ്ട്.

vi) ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതിയുടെ (200 MW) സാധ്യത പഠനം നടത്തുവാൻ വാപ്കോസ് എന്ന ഏജൻസിയ്ക്ക് കരാർ നൽകിയിട്ടുണ്ട്.

vii) 54.5 MW സ്ഥാപിതശേഷിയുള്ള '9' ജലവൈദ്യുത പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കലും അനുബന്ധപ്രവർത്തനങ്ങളും നടന്നുവരുന്നു. വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

viii) '17' ജലവൈദ്യുത പദ്ധതികളുടെ പരിവേഷണ സാധ്യതാ പഠനങ്ങൾ പുരോഗമിക്കുന്നു. വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

സംസ്ഥാനത്ത് ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പുതിയ ജലവൈദ്യുത പദ്ധതികൾക്ക് ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ പരീക്ഷിക്കാനും നടപടിയെടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭക പ്രാതിനിധ്യം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രോത്സാഹിപ്പിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

(ബി) അനുയോജ്യമായ സ്ഥലങ്ങളിൽ സുരക്ഷിതമായി വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് പ്രത്യേക പഠനം നടത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

അനുയോജ്യമായ സ്ഥലങ്ങളിൽ സുരക്ഷിതമായ വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് പ്രത്യേക പഠനങ്ങൾ നടത്തിവരുന്നു. '17' ജലവൈദ്യുത പദ്ധതികളുടെ പരിവേഷണ സാധ്യതാ പഠനങ്ങൾ പുരോഗമിക്കുന്നു.

അനുയോജ്യമായ സ്ഥലങ്ങളിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട് ജില്ലയിലെ 3 MW സ്ഥാപിതശേഷി പ്രതീക്ഷിക്കുന്ന ലോവർ വട്ടപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ DPR തയ്യാറാക്കൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. DPR-ന് സാങ്കേതിക ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പുമായി ഇ.എം.സി. മുന്നോട്ടുപോകുന്നതാണ്.

## കായംകുളം മണ്ഡലത്തിലെ ദ്യുതി പദ്ധതി

231(2571) ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കെ.എസ്.ഇ.ബി.-യുടെ ദ്യുതി പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളേതൊക്കെയെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

കായംകുളം മണ്ഡലത്തിൽ ദ്യുതി 1 പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളും ആയതിന്റെ തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തികളുടെ വിവരം | ക്വാണ്ടിറ്റി | തുക (ലക്ഷം) |
|---|---|---|---|
| 1 | 11 കെ.വി OH ലൈൻ വലിക്കുന്ന പ്രവൃത്തി | 26.13 കി.മീ | 216.49 |
| 2 | 11 കെ.വി എബിസി ലൈൻ വലിക്കുന്ന പ്രവൃത്തി | 5.6 കി.മീ | 66.85 |
| 3 | 11 കെ.വി ഭൂഗർഭ കേബിൾ വലിക്കുന്ന പ്രവൃത്തി | 0.72 കി.മീ | 12.4 |
| 4 | എൽ.റ്റി OH ലൈൻ വലിക്കുന്ന പ്രവൃത്തി | 25.64 കി.മീ | 107.44 |
| 5 | എൽ.റ്റി എബിസി ലൈൻ വലിക്കുന്ന പ്രവൃത്തി | 1.12 കി.മീ | 10.01 |
| 6 | ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന/ശേഷി കൂട്ടുന്ന പ്രവൃത്തി | 42 എണ്ണം | 113.58 |
| 7 | എൽ.റ്റി ലൈൻ റീകണ്ടക്റ്ററിംഗ് പ്രവൃത്തി | 303 കി.മീ | 130.65 |
| 8 | സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കുന്ന പ്രവൃത്തി | 56.03 കി.മീ | 180.06 |
| 9 | ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ സ്ഥാപിക്കുന്ന പ്രവൃത്തി | 51 എണ്ണം | 6.12 |
| 10 | മറ്റു പ്രവൃത്തികൾ (മീറ്റർ മാറ്റി വയ്ക്കൽ, STANDARDIZATION പ്രവൃത്തികൾ ഉൾപ്പെടെയുള്ള) | | 793.18 |
| **ആകെ 1636.78 ലക്ഷം രൂപ** | | | |

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ ഇനിയും നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2022 മാർച്ചിൽ പൂർത്തീകരിക്കേണ്ടിയിരുന്ന ദ്യുതി-1 പദ്ധതി പൂർത്തീകരിക്കാൻ 30-06-2022 വരെയാണ് സമയം അനുവദിച്ചിരുന്നത്. എന്നാൽ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലുള്ള ചില പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നുണ്ട്.

2022-27 കാലയളവിൽ നടപ്പിലാക്കാൻ നിശ്ചയിച്ചിരിക്കുന്ന ദ്യുതി 2.0 പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## വൈദ്യുതി മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

232(2572) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപ്പാദന-വിതരണ മേഖലയിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

(എ & ബി) വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര ഊർജ്ജ മന്ത്രാലയം 20-07-2021-ൽ വിഭാവനം ചെയ്തിട്ടുള്ള പുതിയ പദ്ധതിയാണ് RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). ഉപ-പ്രസരണ-വിതരണ രംഗത്ത് വിഭാവനം ചെയ്യുന്ന പരിഷ്കാര പ്രവർത്തനങ്ങൾമൂലം ഗുണമേന്മയുള്ള 24x7 വൈദ്യുതിയും ഊർജ്ജ മേഖലയുടെ സാമ്പത്തിക സുസ്ഥിരതയും മെച്ചപ്പെട്ട കാര്യക്ഷമതയും വിശ്വാസ്യതയും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. 2022-2026 സാമ്പത്തിക വർഷമാണ് പദ്ധതി കാലാവധി.

വിതരണ മേഖലയുടെ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾക്കും കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ ടൗണുകളുടെ വിദൂര നിയന്ത്രിത വിതരണ സംവിധാനത്തിനുമായി കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച 2269.32 കോടി രൂപയുടെ DPR-നും 8205.71 കോടി രൂപയുടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്ററിംഗിനുള്ള അനുമതിയും പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിനുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ട് വഴി 20.18 കോടി രൂപ ജനറേഷൻ മേഖലയിൽ വൈദ്യുതോൽപ്പാദന നിലയങ്ങൾ, അനുബന്ധ സബ്സ്റ്റേഷനുകൾ എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുണ്ട്.

വൈദ്യുതി ഉൽപാദന-വിതരണ മേഖലയിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിലൊന്നാണ് പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി (RTS) MNRE (കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ) സാമ്പത്തിക സഹായത്തോടെയാണ് നടപ്പാക്കുന്നത്.

പ്രസ്തുത പദ്ധതിക്കായി MNRE സബ്സിഡി ഇനത്തിൽ 2021-ൽ 10,49,08,500/- രൂപയും (പത്ത് കോടി നാൽപത്തി ഒൻപത് ലക്ഷത്തി എണ്ണായിരത്തി അഞ്ഞൂറ്) 2022-ൽ 11,08,80,000/- രൂപയും (പതിനൊന്ന് കോടി എട്ട് ലക്ഷത്തി എൺപതിനായിരം) കെ.എസ്.ഇ.ബി.എൽ-ന് നൽകിയിട്ടുണ്ട്.

സൗരോർജ്ജ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിലൊന്നാണ് പി.എം.കുസും പദ്ധതി. സോളാർ പ്ലാന്റുകൾ സ്ഥാപിക്കുക മുഖേന കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ

കേന്ദ്ര ഗവൺമെന്റ് പി.എം.കുസും പദ്ധതി പ്രഖ്യാപിച്ചു. താഴെപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് പി.എം.കുസും പദ്ധതി.

**<u>കംപോണന്റ്- എ</u>**

ഇതിലേയ്ക്കായി എം.എൻ.ആർ.ഇ.-ൽ നിന്ന് 40 മെഗാവാട്ടാണ് കെ.എസ്.ഇ.ബി.എൽ.-ന് അനുമതി ലഭിച്ചിട്ടുള്ളത്. ഈ സ്കീമിന് കീഴിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.-ക്ക് എം.എൻ.ആർ.ഇ.-യിൽ നിന്നും ഒരു യൂണിറ്റിന് 40 പൈസ അല്ലെങ്കിൽ പ്രതിവർഷം ഒരു മെഗാവാട്ടിന് 6.60 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് അത് 5 വർഷത്തേയ്ക്ക് പ്രൊക്യൂർമെന്റ് ബേസ്ഡ് ഇൻസെന്റീവ് (PBI) ലഭിക്കുന്നതാണ്.

**<u>കംബോണന്റ് - ബി</u>**

കമ്പോണന്റ് ബി എന്നത് വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ കാർഷിക പമ്പുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതിയാണ്. കേന്ദ്ര നവ-നവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ) നിശ്ചയിക്കുന്ന ബെഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നു. ഇതോടൊപ്പം സംസ്ഥാന സർക്കാരും 30 ശതമാനം സബ്സിഡി നൽകുന്നു.

ഈ പദ്ധതിയിൽ ഉൾപ്പെടുന്നതിന് കൃഷിസ്ഥലം വൈദ്യുതി എത്താത്ത സ്ഥലമായിരിക്കണം. കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുള്ളൂ.

**കംപോണന്റ് - സി പാർട്ട് - I**

കമ്പോണന്റ് സി -യുടെ ഒരു പാർട്ടായ കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിയാണ് അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കേന്ദ്ര നവ-നവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ) നിശ്ചയിക്കുന്ന ബഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയാണ്. ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്. കമ്പോണന്റ് സി പദ്ധതി പ്രകാരം കൃഷിയിടങ്ങളിൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുത കണക്ഷൻ എടുത്തിട്ടുള്ളവയും കാർഷിക പമ്പുകൾ ആ വൈദ്യുതിയിൽ പ്രവർത്തിക്കുന്നവയുമായിരിക്കണം. കാർഷികാവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന വൈദ്യുത പമ്പുകൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. പമ്പിന്റെ ശേഷി 1 HP മുതൽ 7.5 HP വരെയായിരിക്കണം.

ഇതിനു മുകളിലുള്ള പമ്പുകൾക്ക് സബ്സിഡി 7.5 HP പമ്പുകൾക്ക് ലഭിക്കുന്ന സബ്സിഡി തുകയായി നിജപ്പെടുത്തിയിരിക്കുന്നു.

കമ്പോണന്റ് ബി, സി എന്നിവയിലുൾപ്പെടുത്തി 100 വീതം പമ്പുകൾക്ക് അനെർട്ടിന് കേന്ദ്ര സർക്കാർ സബ്സിഡി അനുമതിയാണ് ആദ്യഘട്ടത്തിൽ ലഭിച്ചത്. അടുത്ത ഘട്ടമായി കമ്പോണന്റ് സി-യിൽ 9,348 കാർഷിക പമ്പുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി കുസും പദ്ധതിക്കായി അനെർട്ടിന് കേന്ദ്ര സർക്കാരിൽ നിന്ന് തുകയൊന്നും ലഭിച്ചിട്ടില്ല.

**കംപോണന്റ് - സി യുടെ (PART 2)**- ഫീഡർതല സൗരോർജ്ജവൽകരണത്തിന്റെ ഭാഗമായി 2000 പമ്പുകൾക്കുള്ള അനുമതി എം.എൻ.ആർ.ഇ.-യിൽ നിന്നും ലഭിക്കുകയുണ്ടായി. ടി പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റ് ഒരു മെഗാവാട്ടിന് 1.05 കോടി രൂപ വരെ (പദ്ധതി ചെലവിന്റെ 30%) കേന്ദ്ര ധനസഹായം ലഭ്യമാവുന്നതാണ്.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ നിലാവ് പദ്ധതി

233(2573) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന നിലാവ് പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് പദ്ധതി നിർവ്വഹണം നടന്നുവരുന്നത്; വിശദമാക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, തഴവ, ക്ലാപ്പന, കുലശേഖരപുരം എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് നിലാവ് പദ്ധതി നിർവ്വഹണം നടന്നുവരുന്നത്.

(ബി) ഈ പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിലെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചുയെന്നത് വിശദമാക്കാമോ; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സ്ഥാപിച്ച തെരുവു വിളക്കുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | സ്ഥാപിച്ച തെരുവു |
|---|---|

| | വിളക്കുകളുടെ എണ്ണം |
|---|---|
| കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി | 1934 |
| തഴവ പഞ്ചായത്ത് | 500 |
| ക്ലാപ്പന പഞ്ചായത്ത് | 450 |
| കുലശേഖരപുരം പഞ്ചായത്ത് | 500 |

(സി) നിലാവ് പദ്ധതിയുടെ രണ്ടാം ഘട്ടം പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

നിലാവ് പദ്ധതിയുടെ രണ്ടാംഘട്ടം ക്ലാപ്പന, കുലശേഖരപുരം എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. ക്ലാപ്പന പഞ്ചായത്തിലും കുലശേഖരപുരം പഞ്ചായത്തിലും 500 എണ്ണം വീതം തെരുവു വിളക്കുകളാണ് നിലാവ് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ സ്ഥാപിക്കുന്നത്. ഇവ സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

**ആറ്റിങ്ങലിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

234(2574) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. പദ്ധതി ഉടനെ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതാണ്.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

235(2575) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ പുരപ്പുറ സൗര പദ്ധതിയുൾപ്പെടെ ഏതെല്ലാം പദ്ധതികളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനുള്ള കേരള സർക്കാരിന്റെ നിരവധി പദ്ധതികളിൽ ഒന്നാണ് 'സൗര' പുരപ്പുറ പദ്ധതി. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

'സൗര' പുരപ്പുറ സോളാർ പദ്ധതി രണ്ടു ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന പദ്ധതിയാണ് '**ഫേസ് I നോൺ സബ്സിഡി സ്കീം**'. ഈ പദ്ധതിയിൽ നിലവിൽ 21.4 MW ന്റെ 1837 നിലയങ്ങൾ പൂർത്തീകരിച്ചു. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.

**<u>വീടുകൾ</u>**

സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതി MNRE- യുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നതാണ്. ഈ പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ളതാണ്. ഇതിൽ 1 KW മുതൽ 3 KW വരെ 40% സബ്സിഡിയും 4 മുതൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20% സബ്സിഡിയുമാണ് നൽകുന്നത്. 10 KW-ന് മുകളിൽ സബ്സിഡിയില്ല.

ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് 10 KW-ന് മുകളിൽ 500 KW വരെ 20% സബ്സിഡി അനുവദിക്കുന്നുണ്ട്. 'സൗര' സബ്സിഡി പദ്ധതിയിൽ നിലവിൽ 40.46 MW-ന്റെ 11030 നിലയങ്ങൾ പൂർത്തീകരിച്ചു.

ആകെ സൗര പദ്ധതിയുടെ കീഴിൽ 61.86 MW ശേഷിയുടെ 12867 നിലയങ്ങൾ നിലവിൽ പൂർത്തീകരിച്ചു. ഇതിൽ 41.19 MW-ന്റെ 9939 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

**<u>സർക്കാർ ഓഫീസുകൾ/സ്കൂൾ കെട്ടിടങ്ങൾ</u>** എന്നിവയ്ക്ക് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതി (സൗരഫേസ്-I) കെ.എസ്.ഇ.ബി.എൽ. വിഭാവനം ചെയ്തിരുന്നു. പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തി 563 സൈറ്റുകളിൽ (12.755 MW) പ്ലാന്റ് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്ക് മുതൽമുടക്ക് കെ.എസ്.ഇ.ബി.എൽ. ആണ് നടത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷനില്ല.

കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുവരെ ഈ പദ്ധതിയിൽ ആകെ 20 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചുകഴിഞ്ഞു.

റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ **(RESCO)** മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതി സർക്കാർ ഓഫീസുകളിലും വീടുകളിലും നടപ്പാക്കാൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

നിലവിൽ നടപ്പിലാക്കിവരുന്ന പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി നൽകുന്നത്. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്.

ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി നടപ്പാക്കുന്നതിന് **'സൗരതേജസ്സ്'** എന്ന പേരിൽ പ്രത്യേക ക്യാമ്പയിൻ അനെർട്ട് നടത്തിവരുന്നു. ഉപഭോക്താക്കൾ ഈ പദ്ധതിക്കുള്ള അപേക്ഷ സമർപ്പിക്കുന്നത് മുതൽ പ്ലാന്റ് സ്ഥാപിക്കുന്നതുവരെയുള്ള എല്ലാ നടപടി ക്രമങ്ങളും നിർവ്വഹിക്കുന്നതിന് **'ബൈ മൈ സൺ'** എന്ന ഓൺലൈൻ പോർട്ടൽ അനെർട്ട് സജ്ജമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെൻറ്റീവായി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതി വീടുകളിൽ നടപ്പാക്കുന്നതിനായുള്ള മാനദണ്ഡങ്ങളെന്തെല്ലാമെന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതി നടപ്പാക്കുന്ന അധികാര സ്ഥാപനങ്ങൾ, ലഭ്യമാകുന്ന കേന്ദ്ര-സംസ്ഥാന സഹായങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

സൗര പദ്ധതി വീടുകളിൽ നടപ്പാക്കുന്നതിന് പ്രധാനമായും കുറഞ്ഞത് 10 sqm. അല്ലെങ്കിൽ 100 sq.feet ന്റെ സൂര്യപ്രകാശം ലഭിക്കുന്ന പുരപ്പുറം

അനിവാര്യമാണ്. അപേക്ഷകൻ കെ.എസ്.ഇ.ബി.എൽ.-ന്റെ ഉപഭോക്താവായിരിക്കണം. സൗര സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രം ലഭിക്കുന്നതാണ് (10 KW വരെ).

10 KW-ന് മുകളിൽ 500 KW വരെ സബ്സിഡി ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് ലഭിക്കുന്നതാണ്.

പ്രസ്തുത പദ്ധതിക്കുള്ള മാനദണ്ഡങ്ങൾ/പദ്ധതി നടപ്പാക്കുന്ന അധികാര സ്ഥാപനങ്ങൾ/ കേന്ദ്രസംസ്ഥാന സഹായങ്ങൾ ഇവയെക്കുറിച്ച് പ്രതിപാദിക്കുന്ന എം.എൻ.ആർ.ഇ.-യുടെ ഗൈഡ്‌ലൈൻ അനുബന്ധമായി+ ചേർക്കുന്നു.

ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനവിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്.

(ഡി) നിലവിൽ സംസ്ഥാനത്ത് പുരപ്പുറ സൗരപദ്ധതി വഴി എത്ര യൂണിറ്റ് വൈദ്യുതി ദിനംപ്രതി ഉല്പാദിപ്പിക്കുന്നു; വ്യക്തമാക്കുമോ?

നിലവിൽ സംസ്ഥാനത്ത് പുരപ്പുറ സൗര പദ്ധതി വഴി 24952 യൂണിറ്റ് വൈദ്യുതി ദിനംപ്രതി ഉല്പാദിപ്പിക്കുന്നു.

**വീടുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കൽ**

236(2576) ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. മുഖാന്തരം സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിനായി വീടുകളിൽ സൗരോർജ പാനൽ സ്ഥാപിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി. മുഖാന്തരം സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനത്തിനായി വീടുകളിൽ സൗരോർജ്ജ പാനൽ

സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് '**സൗര**' സബ്സിഡി പദ്ധതി. ഇത് ഗാർഹിക ഉപഭോക്താക്കൾക്കുവേണ്ടി മാത്രമുള്ളതാണ്. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) സാമ്പത്തിക സഹായത്തോടെയാണിത് നടപ്പിലാക്കുന്നത്.

ഈ പദ്ധതിയിൽ 1 KW മുതൽ 3 KW വരെശേഷിയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 KW വരെശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40%-വും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20% സബ്സിഡിയും ലഭിക്കും. 10 KW-ന് മുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-ന് മുകളിൽ 500 KW വരെ 20% സബ്സിഡി അനുവദിക്കുന്നുണ്ട്.

സബ്സിഡി പദ്ധതിയിൽ നിലവിൽ 40.46 MW-ന്റെ 11030 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 31.17 MW-ന്റെ 8550 നിലയങ്ങൾ കമ്മിഷൻ ചെയ്തു.

ഈ പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

## സൗര പദ്ധതിയും അനെർട്ട് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളും

237(2577) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. അനെർട്ട് മുഖാന്തരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഗാർഹിക സൗരോർജ്ജ ഉപഭോക്താക്കൾക്കായി കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന സൗര പദ്ധതിയുടെ വിശദാംശം നൽകുമോ?

(എ&ബി) കെ.എസ്.ഇ.ബി.എൽ.-ഉം, അനെർട്ടും സോളാർ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോൽപ്പാദനംവഴി അധിക വൈദ്യുതി സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്ന സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിയാണ് സൗരപദ്ധതി.

സൗരപദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന പദ്ധതിയാണ് ഫേസ് I നോൺ

സബ്സിഡി പദ്ധതി. ഈ പദ്ധതിയിൽ 21.4 MW ന്റെ 1837 നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയിൽ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.

സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതി എം.എൻ.ആർ.ഇ. യുടെ (കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം) സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നതാണ്. ഈ പദ്ധതിയിൽ 1 KW മുതൽ 3 KW വരെ 40% സബ്സിഡിയും 4 മുതൽ 10 KW വരെശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW-ന് 40% സബ്സിഡിയും തുടർന്നുള്ള ഓരോ KW-ന് 20% സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. 10 KW-ന് മുകളിൽ സബ്സിഡിയില്ല. ഈ പദ്ധതി പൂർണ്ണമായും ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമുള്ളതാണ്.

ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-ന് മുകളിൽ 500 KW വരെ 20 % സബ്സിഡി അനുവദിക്കുന്നുണ്ട്.

സൗര സബ്സിഡി പദ്ധതിയിൽ നിലവിൽ 40.46 MW-ന്റെ 11030 നിലയങ്ങൾ പൂർത്തീകരിച്ചു.

ആകെ സൗരപദ്ധതിയുടെ കീഴിൽ 61.86 MW ശേഷിയുടെ 12867 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 41.19 MW-ന്റെ 9939 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 26 പേരിൽ നിന്ന് ആകെ 107 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് ഇതുവരെ ലഭിച്ചു. ഇതിൽ 14 വീടുകളിലായി 60 കിലോവാട്ടിന്റെ നിർമ്മാണം പൂർത്തിയായി.

## വടക്കാഞ്ചേരി മണ്ഡലത്തെ പൂർണ്ണ സൗരോർജ്ജ മണ്ഡലമാക്കാൻ നടപടി

238(2578) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ സൗരപദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ സോളാർ സ്ഥാപിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

വടക്കാഞ്ചേരി മണ്ഡലത്തിൽ സൗരപദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ സോളാർ സ്ഥാപിക്കുന്നതിനായി ഇതുവരെ 1132 അപേക്ഷകൾ കെ.എസ്.ഇ.ബി.എൽ.- നും 26 അപേക്ഷകൾ അനെർട്ടിനും ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 137 പേർക്കും അനെർട്ട് മുഖേന 14 പേർക്കും പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് അപേക്ഷകളിന്മേൽ നടപടികൾ പുരോഗമിക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തെ പൂർണ്ണ സൗരോർജ്ജ മണ്ഡലമാക്കി മാറ്റുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കാമോ?

പ്രസ്തുത മണ്ഡലത്തെ പൂർണ്ണ സൗരോർജ്ജ മണ്ഡലമാക്കി മാറ്റുന്നതിന് നിലവിൽ പദ്ധതിയൊന്നും തയ്യാറാക്കിയിട്ടില്ല

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

239(2579) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഊർജ്ജ കേരള മിഷന്റെ ഭാഗമായി 1000 MW സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയാണ് '**സൗര**' പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി 500 MW പുരപ്പുറ സൗരനിലയങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതി രണ്ടുഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടം എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഈ പദ്ധതിയിൽ 21.4 MW-ന്റെ 1837 നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.

സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമുള്ളതാണ്. ഇത് MNRE യുടെ സാമ്പത്തിക സഹായത്തോടെയാണ് നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ നിലവിൽ 40.46 MW-ന്റെ 11030 സൗരനിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 31.17 MW-ന്റെ 8550 സൗരനിലയങ്ങൾ കമ്മീഷൻ ചെയ്തു. അങ്ങനെ ആകെ സൗര പദ്ധതിയുടെ

കീഴിൽ 61.86 MW ശേഷിയുടെ 12867 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 41.19 MW-ന്റെ 9939 നിലയങ്ങൾ കമ്മീഷൻ ചെയ്തു.

കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്.

കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്.

(ബി) ആദ്യഘട്ടമായി ഉൾപ്പെടുത്തിയിട്ടുള്ള ഏതൊക്കെ സ്ഥലങ്ങളിൽ വൈദ്യുതോല്പാദനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എല്ലാ സ്ഥലങ്ങളിലും ഫീസിബിളായ സൈറ്റുകളിൽ കമ്മീഷൻ ചെയ്ത നിലയങ്ങൾ വഴി സൗരോർജ്ജോൽപ്പാദനം ആരംഭിച്ചിട്ടുണ്ട്.

ആകെ സൗര പദ്ധതിയുടെ കീഴിൽ നിലവിൽ 61.86 MW ശേഷിയുടെ 12867 നിലയങ്ങൾ കെ.എസ്.ഇ.ബി.എൽ. മുഖേന പൂർത്തീകരിച്ചു. ഇതിൽ 41.19 MW-ന്റെ 9939 നിലയങ്ങൾ കമ്മീഷൻ ചെയ്തു. സൗരപദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടന്നുവരുന്നു.

ഇതുവരെ ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് 275 വീടുകളിലായി ആകെ ഒരു മെഗാവാട്ട് ഉല്പാദനശേഷി വരുന്ന സൗരോർജ്ജ പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിച്ചു.

(സി) പ്രസ്തുത പദ്ധതിയിലൂടെ ഇതുവരെ എത്ര വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്;

പ്രസ്തുത പദ്ധതിയിലൂടെ ഇതുവരെ 41.19 MW ന്റെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 9939 സൗരനിലയങ്ങൾ കമ്മീഷൻ ചെയ്തു.

(ഡി) വൈദ്യുതി ഉപഭോഗം കൂടുകയും ലഭ്യതയിൽ കുറവ് വരികയും ചെയ്യുന്നതിനാൽ പാരമ്പര്യേതര മാർഗ്ഗങ്ങളിൽ കൂടി കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പദ്ധതികളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആഭ്യന്തര ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിനും ഹരിതോർജ്ജം പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന നിരവധി പദ്ധതികൾ സംസ്ഥാന സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും സംയുക്തമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഫലമായി നിലവിൽ സംസ്ഥാനത്തിന് സോളാർ സ്ഥാപിത ശേഷി 572 മെഗാവാട്ടെന്ന നേട്ടം കൈവരിക്കാൻ സാധിച്ചു.

**നിലവിൽ പുരോഗമിക്കുന്ന സൗരോർജ്ജ പദ്ധതികൾ**

**ബ്രഹ്മപുരം, നെന്മാറ, ഏറ്റുമാനൂർ** എന്നിവിടങ്ങളിൽ KSEBL-ന്റെ തനത് ഫണ്ട് വിനിയോഗിച്ച് യഥാക്രമം **4 MW, 1.5 MW, 1 MW** എന്നീ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ KSEBL, Project Management

Consultant ആയി തദ്ദേശസ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽ മുടക്കി 57 സൈറ്റുകളിലായി **2.2 MW**-ന്റെ സൗരോർജ്ജ പദ്ധതികൾ പുരോഗമിക്കുന്നു.

കർഷകരുടെ കൃഷിയോഗ്യമല്ലാത്ത ഭൂമിയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും അതോടൊപ്പം കർഷകർക്കും വരുമാനം ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് **പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ യോജന (PM-KUSUM).** ടി പദ്ധതിയുടെ Component A മുഖേന കർഷകർക്കോ/ മറ്റു നിക്ഷേപകർക്കോ (കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത്) മുതൽമുടക്കി തരിശു ഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാവുന്നതും അതിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതുമാണ്. ഇപ്രകാരം 40 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ Component C പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ട് വിനിയോഗിച്ച് 11 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

നിക്ഷേപകർ മുതൽ മുടക്കി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്ന പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ന്റെ 8 റിസർവോയറുകളിലും KWA യുടെ 2 റിസർവോയറുകളിലുമായി **100 MW**-ന്റെ **ഫ്ലോട്ടിംഗ് സോളാർ**, പാലക്കാട് ഇടുക്കി തുടങ്ങി വിവിധ ജില്ലകളിലായി **100 MW**-ന്റെ **കാറ്റാടിപ്പാടം**, 10 MW-ന്റെ **BESS (Battery Energy Storage System)** എന്നീ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പാരമ്പര്യേതര മാർഗ്ഗങ്ങളിൽകൂടി കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി അനെർട്ട് മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1) കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പ്രവർത്തനം.

2) സംസ്ഥാനത്തെ വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/ കൺസൾട്ടൻസി വ്യവസ്ഥയിൽ

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെന്റീവായി അനെർട്ട് നൽകുന്നുണ്ട്.

3) **പ്രധാനമന്ത്രി-കുസും** പദ്ധതി പ്രകാരം സംസ്ഥാനത്ത് കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. അനെർട്ട് മുഖേന രണ്ട് പദ്ധതികളാണ് നടപ്പിലാക്കുന്നത്; വൈദ്യുതിയെത്താത്ത സ്ഥലങ്ങളിലെ കാർഷിക ഡീസൽ പമ്പുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതിയും കാർഷികാവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതിയും. ഈ പദ്ധതികൾ പ്രകാരം എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയായും ടെണ്ടർ നിരക്കിന്റെ 40 ശതമാനം  ഗുണഭോക്താക്കളും നൽകും. ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്.

4) റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന **റെസ്കോ (RESCO)** മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5) ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിനാവശ്യമായ ചാർജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ ചാർജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് ഒരു കിലോവാട്ടിന് 20,000 രൂപ വീതം 5 മുതൽ 50 കിലോവാട്ടുവരെ ശേഷിയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്.

6) ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂരഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

**മണലൂർ മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

240(2580) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഉപഭോക്താക്കളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ എത്രയെണ്ണം സ്ഥാപിക്കാനായിട്ടുണ്ട്; അറിയിക്കാമോ?

പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 66-ഉം അനെർട്ട് മുഖേന 6-ഉം സൗര നിലയങ്ങൾ സ്ഥാപിച്ചു.

(ബി) പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി പ്രസ്തുത പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ച നിലയങ്ങളിൽനിന്നും 30,720 യൂണിറ്റ് വൈദ്യുതിയും അനെർട്ട് സ്ഥാപിച്ച നിലയങ്ങളിൽനിന്നും 3,000 യൂണിറ്റ് വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്നുണ്ട്.

(സി) മണലൂർ മണ്ഡലത്തിൽനിന്നും ഇതുവരെ ഈ പദ്ധതിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മണലൂർ മണ്ഡലത്തിൽ നിന്നും ഇതുവരെ സൗര പദ്ധതിയിലേക്ക് കെ.എസ്.ഇ.ബി.എൽ-ന് (RTS) 638 അപേക്ഷകളും അനെർട്ടിന് 9 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ആയതിൽ യഥാക്രമം കെ.എസ്.ഇ.ബി.എൽ. 66 -ഉം അനെർട്ട് 6 -ഉം അപേക്ഷകളിന്മേൽ സൗര നിലയങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് വരുന്നു.

## പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ

241(2581) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ വൈദ്യുതി സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ വൈദ്യുതി സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനും ആഭ്യന്തര ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിനും ഹരിതോർജ്ജം പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന നിരവധി സോളാർ പദ്ധതികളും ജലവൈദ്യുത പദ്ധതികളും സംസ്ഥാന സർക്കാർ കെ.എസ്.ഇ.ബി. ലിമിറ്റഡ്, അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ സ്ഥാപനങ്ങൾ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് ഊർജ്ജോല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി പുതിയ ജലവൈദ്യുത പദ്ധതികൾക്ക് ഇംപ്ലിമെന്റേഷൻ കരാറുകൾ വയ്ക്കുകയും ഹൈഡ്രോ കൈനറ്റിക് സാങ്കേതിക

വിദ്യ പരീക്ഷിക്കാനും നടപടിയെടുത്തിട്ടുണ്ട്. കൂടാതെ സ്വകാര്യ സംരംഭക പ്രാതിനിധ്യം പ്രോത്സാഹിപ്പിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികളാണെന്നും ആയതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ?

കെ.എസ്.ഇ.ബി.എൽ.-ന് കീഴിൽ നിലവിൽ പുരോഗമിക്കുന്ന സൗരോർജ്ജ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബ്രഹ്മപുരം, നെന്മാറ, ഏറ്റുമാനൂർ എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.യുടെ തനത് ഫണ്ട് വിനിയോഗിച്ച് യഥാക്രമം 4 MW, 1.5 MW, 1 MW എന്നീ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ., Project Management Consultant ആയി തദ്ദേശ സ്വയംഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി 57 സൈറ്റുകളിലായി 2.2 MW-ന്റെ സൗരോർജ്ജ പദ്ധതികൾ പുരോഗമിക്കുന്നു.

കർഷകരുടെ കൃഷി യോഗ്യമല്ലാത്ത തരിശുഭൂമിയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും അതോടൊപ്പം

കർഷകർക്ക് വരുമാനം ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് **പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉദ്ധാൻ മഹാഭിയാൻ യോജന (PM-KUSUM)**. ടി പദ്ധതിയുടെ Component A മുഖേന കർഷകർക്കോ/മറ്റു നിക്ഷേപകർക്കോ (കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത്) മുതൽമുടക്കി തരിശുഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാവുന്നതും അതിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നതുമാണ്. ഇപ്രകാരം 40 MW സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ Component C പ്രകാരം കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ട് വിനിയോഗിച്ച് 11 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

നിക്ഷേപകർ മുതൽമുടക്കി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്ന പദ്ധതികൾ, കെ.എസ്.ഇ.ബി.എൽ.-ന്റെ 8 റിസർവോയറുകളിലും KWA യുടെ 2 റിസർവോയറുകളിലുമായി 100 MW ന്റെ ഫ്ലോട്ടിംഗ് സോളാർ, പാലക്കാട് ഇടുക്കി തുടങ്ങി വിവിധ ജില്ലകളിലായി 100 MW-ന്റെ കാറ്റാടി പാടം, 10

MW-ന്റെ BESS (Battery Energy Storage System) എന്നീ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പുനരുപയോഗ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ വൈദ്യുതി സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള '**സൗര**' പുരപ്പുറ സോളാർ പദ്ധതി, രണ്ടു ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന പദ്ധതിയാണ് 'ഫേസ് I നോൺ സബ്സിഡി പദ്ധതി'. ഈ പദ്ധതിയിൽ 21.4 മെഗാവാട്ടിന്റെ 1837 നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയിൽ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല.

'**സൗര**' രണ്ടാം ഘട്ട സബ്സിഡി പദ്ധതി MNRE യുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നതാണ്. ഈ പദ്ധതിയിൽ 1 KW മുതൽ 3 KW വരെ 40% സബ്സിഡിയും 4 മുതൽ 10 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 KW ന് 40 ശതമാനവും തുടർന്നുള്ള ഓരോ KW-നും 20% സബ്സിഡിയുമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. 10 KW-ന് മുകളിൽ സബ്സിഡിയില്ല. ഈ പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക്

മാത്രമുള്ളതാണ്. ഹൗസിംഗ് സൊസൈറ്റികൾക്ക് 10 KW-ന് മുകളിൽ 500 KW വരെ 20% സബ്സിഡി അനുവദിക്കുന്നുണ്ട്.

'**സൗര**' സബ്സിഡി പദ്ധതിയിൽ നിലവിൽ 40.46 മെഗാവാട്ടിന്റെ 11030 നിലയങ്ങൾ പൂർത്തീകരിച്ചു.

ആകെ സൗര പദ്ധതിയുടെ കീഴിൽ 61.86 മെഗാവാട്ട് ശേഷിയുടെ 12,867 നിലയങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 41.19 മെഗാവാട്ടിന്റെ 9939 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ഇതിന്റെ ഫലമായി സംസ്ഥാനത്തിന് 572 മെഗാവാട്ട് സോളാർ സ്ഥാപിതശേഷിയെന്ന നേട്ടം കൈവരിക്കാൻ സാധിച്ചു.

സംസ്ഥാനത്ത് വൈദ്യുതി സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ വിവിധ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1) 201.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 8 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2) കൂടാതെ മരിപ്പുഴ (6 MW, 14.84 MU) പദ്ധതി നടപ്പാക്കുന്നതിനുള്ള കരാറുകാരനെ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ ഒലിക്കൽ ചെറുകിട ജലവൈദ്യുത പദ്ധതി (5 MW, 10.2 MU), പൂവാരംതോട് ചെറുകിട ജലവൈദ്യുത പദ്ധതി (3 MW, 5.88 MU) എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

3) അപ്പർ ചെങ്കുളം SHEP (24 MW, 53.22 MU) ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

4) ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതിയുടെ (800MW/1301MU) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ അനുമതികൾ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഒന്നാംഘട്ട അനുമതി ലഭിച്ചിട്ടുണ്ട്.

5) ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതിയുടെ (200 MW/194 MU) സാധ്യതാ പഠനം നടത്തുവാൻ വാപ്കോസ് എന്ന ഏജൻസിക്ക് കരാർ നൽകിയിട്ടുണ്ട്.

6) 54.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 9 ജലവൈദ്യുത പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കലും അനുബന്ധ പ്രവർത്തനങ്ങളും നടന്നു വരുന്നു. വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

7) കൂടാതെ 17 ജലവൈദ്യുത പദ്ധതികളുടെ പരിവേഷണ സാധ്യത പഠനങ്ങൾ പുരോഗമിക്കുന്നു. വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

പുനരുപയോഗ ഊർജ്ജസ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ വൈദ്യുതി സ്വയംപര്യാപ്തതയിലെത്തിക്കുന്നതിന് അനെർട്ട് മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാക്കി വരുന്നു.

1. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പദ്ധതി: ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ്/കൺസൾട്ടൻസി വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും അനെർട്ട് മുഖേന ചെയ്തുവരുന്നു. ഡെപ്പോസിറ്റ് പ്രവൃത്തിയായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പത്ത് ശതമാനം തുക ഇൻസെൻറ്റീവ് നൽകുന്ന പദ്ധതി.

3. പ്രധാനമന്ത്രി-കുസും പദ്ധതി പ്രകാരമുള്ള രണ്ട് പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു. വൈദ്യുതിയെത്താത്ത സ്ഥലങ്ങളിലെ കാർഷിക ഡീസൽ പമ്പുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതിയും കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചു വരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിയും: ഈ പദ്ധതികൾ പ്രകാരം എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകും. ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്.

4. റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന **റെസ്കോ**

**(RESCO)** മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. ഇലക്ട്രിക് കാറുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിനാവശ്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ വൈദ്യുതി ഉത്പാദനത്തിന് അനുയോജ്യമായ സ്ഥലലഭ്യതയുള്ള ചാർജിംഗ് സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി. ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് ഒരു കിലോവാട്ടിന് 20,000 രൂപ വീതം 5 മുതൽ 50 കിലോവാട്ട് വരെശേഷിയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്.

6. ഗ്രിഡ് വൈദ്യുതി ലഭ്യമല്ലാത്ത വിദൂര ഗ്രാമങ്ങളിൽ സോളാർ പവർ പ്ലാന്റുകളോടൊപ്പം ചെറിയ കാറ്റാടി യന്ത്രങ്ങൾകൂടി സ്ഥാപിച്ചുള്ള ഹൈബ്രിഡ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

എനർജി മാനേജ്മെന്റ് സെന്റർ മുഖേന കനാലുകളിലെ ഒഴുക്കിൽ നിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതികം, പിക്കോ/മൈക്രോ ഹൈഡ്രോ/മൈക്രോ വിൻഡ്/ഹൈബ്രിഡ് പവർ പ്രോജക്ടുകളുടെ സാങ്കേതികവിദ്യകൾ വഴിയുള്ള ഊർജ്ജ ഉത്പാദനത്തിനുമുള്ള സാധ്യതാ പഠനം, പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25 kW ന്റെ ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ചുകൊണ്ടുള്ള പൈലറ്റ് പദ്ധതികൾ നടപ്പിലാക്കുവാനുള്ള വർക്ക് ഓർഡർ എം-പാനൽ ചെയ്യപ്പെട്ട സാങ്കേതിക വിദഗ്ദ്ധ കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25kW ന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് ഓർഡർ കൊടുക്കുന്ന നിലയിലാണ്. ഈ പൈലറ്റ് പദ്ധതികളുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ഇടതുകര കനാലിൽ 3 MW വരെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ എസ്.പി.വി. രൂപീകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഏറ്റവും അവസാനം വിളിച്ചിരുന്ന ടെണ്ടർ നടപടികൾ പ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I - 6 MW (പാലക്കാട് ജില്ല), ആറ്റില II - 6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ-0.75 MW (ഇടുക്കി ജില്ല)) ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി 12.75 മെഗാവാട്ട് സ്ഥാപിതശേഷി കൂടി കൈവരിക്കുവാൻ സാധിക്കും. ഇംപ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പുവച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക-സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾക്ക് (Techno- Economic Feasibility Report) അനുമതി ലഭിച്ച ശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

ഇവ കൂടാതെ 68 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകരിലൂടെ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ 2022 മേയ് 25-ന് പ്രസിദ്ധീകരിച്ചു.

## വൈദ്യുതി പോസ്റ്റ് വീണ് യുവാവിന്റെ മരണം

242(2582) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ പോസ്റ്റ് മാറ്റുന്നതിനിടെ പോസ്റ്റ് വീണുണ്ടായ അപകടത്തിൽ ബേപ്പൂർ സ്വദേശി മരിച്ച സംഭവത്തിൽ കുറ്റകരമായ അനാസ്ഥ ജീവനക്കാരുടെ ഭാഗത്തുനിന്ന് ഉണ്ടായോയെന്ന് സർക്കാർ പരിശോധിക്കുമോ?

പോസ്റ്റ് വീണ് ബേപ്പൂർ സ്വദേശി മരിച്ച സംഭവത്തിൽ കുറ്റകരമായ അനാസ്ഥ ജീവനക്കാരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോയെന്നത് പരിശോധിച്ചുവരുന്നു. പ്രസ്തുത സംഭവത്തിൽ രണ്ടു ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി കെ.എസ്.ഇ.ബി.എൽ. സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(ബി) സംഭവത്തിൽ ആരെങ്കിലും വീഴ്ച വരുത്തിയതായി തെളിഞ്ഞാൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; അറിയിക്കാമോ?

പ്രസ്തുത അപകടം സംഭവിച്ചതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തുന്നപക്ഷം ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കോഴിക്കോട് വൈദ്യുതി പോസ്റ്റ് വീണ് മരിച്ച ബൈക്ക് യാത്രക്കാരന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും അപകടം സംഭവിച്ച് മരണപ്പെടുന്ന പൊതുജനം വിഭാഗത്തിൽപ്പെടുന്ന വ്യക്തിയുടെ ആശ്രിതർക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതിയുടെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും ടിയാൻ അപകട സമയം ഓടിച്ചിരുന്ന വാഹനത്തിന്റെ ഇൻഷ്വറൻസ് ക്ലെയിം (MACT) മുഖേന ലഭ്യമാകാനിടയുള്ള നഷ്ടപരിഹാര സാദ്ധ്യതയും കൂടി കണക്കിലെടുത്ത് ആശ്വാസ ധനസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

(ഡി) മതിയായ സുരക്ഷാ സംവിധാനം ഇല്ലാതെയാണ് പോസ്റ്റ് നീക്കിയതെന്നും പോസ്റ്റ് മാറ്റുന്നതിനിടെ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ വേണ്ടത്ര ജാഗ്രത പുലർത്തിയില്ലെന്നും ഉദ്യോഗസ്ഥരുടെ അനാസ്ഥയാണ് അപകടത്തിന് കാരണമായതെന്നുമുള്ള ആക്ഷേപം സർക്കാർ പരിശോധിക്കുമോ?

പരിശോധിച്ചുവരുന്നു.

**കെട്ടാങ്ങൽ ഓഫീസ് കെട്ടിടം മാറ്റിസ്ഥാപിക്കുന്നത്**

243(2583) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കെട്ടാങ്ങൽ വൈദ്യുതി സെക്ഷൻ ഓഫീസ് കെട്ടിടം ഒഴിഞ്ഞ് നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് പുതിയ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസ് നിലവിലുള്ള കെട്ടിടത്തിൽ നിന്ന് എപ്പോൾ മാറ്റി സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) ആവശ്യപ്പെട്ടിട്ടുണ്ട്. സെക്ഷൻ ഓഫീസിന്റെ പ്രവർത്തനത്തിനായി പുതിയ കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ വാടക, മറ്റനുബന്ധ കാര്യങ്ങൾ എന്നിവ തീരുമാനിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ഉള്ള്യേരിയിൽ പുതിയ സെക്ഷൻ ഓഫീസ്

244(2584) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉള്ള്യേരിയിൽ കൂടുതൽ വൈദ്യുതി കണക്ഷനുകളും വിപുലമായ പ്രവർത്തന ഏരിയയുമുള്ള ചില സെക്ഷനുകളിലെ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിയുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോഴിക്കോട് ജില്ലയിൽ നടുവണ്ണൂർ സെക്ഷനിലെ പ്രവർത്തന പരിധിയും കണക്ഷനുകളും പരിഗണിച്ച് ഉള്ള്യേരിയിൽ പുതിയതായി സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കുമോ;

(സി) ഉള്ള്യേരിയിൽ സെക്ഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

(ബി & സി) ഉള്ള്യേരിയിൽ പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കൊണ്ടോട്ടി ഇലക്ട്രിക് സെക്ഷൻ വിഭജനം**

245(2585) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ഇപ്പോൾ എത്ര ഉപഭോക്താക്കളുണ്ടെന്നും ഈ സെക്ഷന്റെ ഭൂവിസ്തൃതി എത്രയെന്നും വ്യക്തമാക്കുമോ?

കൊണ്ടോട്ടി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ നിലവിൽ 28,870 ഉപഭോക്താക്കളാണുള്ളത്. പ്രസ്തുത സെക്ഷന്റെ ഭൂവിസ്തൃതി 50 sq.km ആണ്.

(ബി) മുനിസിപ്പാലിറ്റി, എയർപോർട്ട്, താലൂക്കാസ്ഥാനം എന്നിവ പരിഗണിച്ചും ഉപഭോക്താക്കളുടെ ആധിക്യം കാരണവും ഈ സെക്ഷൻ

വിഭജിച്ച് പുതിയ സെക്ഷൻ കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം

246(2586) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ നടപടികളേത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ&ബി) കോട്ടക്കൽ നിയോജക മണ്ഡലത്തിൽ കാടാമ്പുഴയിൽ മരവട്ടം പ്രദേശത്ത് പുതിയ 110 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി 2019-ൽ നൽകിയിരുന്നു. ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുകയും ചെയ്തു. ടി

സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈനിന്റെ നിർമ്മാണത്തിനാവശ്യമായ സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 5 ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ LARR Act- ൽ നിന്നും ഒഴിവാക്കണമെന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ അഭ്യർത്ഥന ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

### മഞ്ചേരി സബ്സ്റ്റേഷൻ

247(2587) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി 220 കെ.വി. സബ്സ്റ്റേഷൻ നവീകരിക്കുന്നതിനോ സബ്സ്റ്റേഷന് സമീപത്തുള്ള ഭൂമി ഏറ്റെടുക്കുന്നതിനോ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ആവശ്യമായ നവീകരണ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

(എ & ബി) എളങ്കൂറിൽ സ്ഥിതി ചെയ്യുന്ന 220 കെ.വി മഞ്ചേരി സബ്സ്റ്റേഷൻ 2020 മാർച്ചിലാണ് കമ്മീഷൻ ചെയ്തത്. ടി സബ്സ്റ്റേഷൻ നവീകരിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നുമില്ല.

## പൂഞ്ഞാർ മണ്ഡലത്തിലെ സബ്സ്റ്റേഷൻ

248(2588) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടിയേത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി വേഗത്തിലാക്കി സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ & ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിനുവേണ്ടി 5 ഹെക്ടർ വരെ വിസ്തീർണ്ണമുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടി LARR ആക്ടിൽ നിന്നും ഒഴിവാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. അതിനാൽ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനാവശ്യമുള്ള 21 സെന്റ് സ്ഥലമേറ്റെടുക്കുന്ന നടപടി തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. തീരുമാനമാകുന്ന മുറയ്ക്ക് സ്ഥലമേറ്റെടുത്ത് സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**ആലുവ പറവൂർ കവലയിൽ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

249(2589) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ പറവൂർ കവലയിൽ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം റവന്യൂ വകുപ്പിൽനിന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന അപേക്ഷ 12-04-2022-ലെ 353/M(Ele)/VIP/RL/2022 നമ്പരായി കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ (ട്രാൻസ്മിഷൻ) പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചതിൽ ഡയറക്ടർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു:

ആലുവ പറവൂർ കവല ജംഗ്ഷനിൽ NH-47-നോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും നിലവിൽ ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ പുറമ്പോക്ക് ഭൂമി, കെ.എസ്.ഇ.ബി.എൽ.-ന് ഒരു 33 കെ.വി കണ്ടെയ്നർ സബ്സ്റ്റേഷനും അതിനോടൊപ്പം ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആലുവ വെസ്റ്റ് സെക്ഷൻ ഓഫീസും പണിയുന്നതിനുവേണ്ട ആവശ്യത്തിലേയ്ക്കായി ലഭ്യമാക്കുന്നതിനുവേണ്ടി ആലുവ എക്സിക്യൂട്ടീവ്

എഞ്ചിനീയർ 08-06-2021-ന് എറണാകുളം ജില്ലാ കളക്ടർക്ക് അയച്ച കത്തിന് മറുപടിയായി നിലവിലെ നിയമപ്രകാരം സർക്കാരിന്റെ സേവന വകുപ്പുകളല്ലാത്ത സ്ഥാപനങ്ങൾക്ക് കമ്പോളവില ഈടാക്കി ഭൂമി പതിച്ചോ/പാട്ടത്തിനോ നൽകുന്ന നടപടിയാണ് അനുവർത്തിച്ചു വരുന്നതെന്ന് എറണാകുളം കളക്ടർ അറിയിച്ചിരുന്നു. ഇതിനെത്തുടർന്ന് ആലുവ എം.എൽ.എ. മുഖേന 24-03-2022-ന് നൽകിയ അപേക്ഷയിന്മേൽ എറണാകുളം ജില്ലാ കളക്ടറോട് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി റിപ്പോർട്ട് ആവശ്യപ്പെട്ടു.

തോട്ടക്കാട്ടുകരയിൽ 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കളമശ്ശേരി ട്രാൻസ്മിഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്ന് ഭൂമി വിട്ടുകിട്ടുന്നതിന് കെ.എസ്.ഇ.ബി.എൽ. അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അപേക്ഷ നൽകിയതെന്ന് അറിയിക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. ഈ ആവശ്യത്തിനായി ആലുവ എക്സിക്യൂട്ടീവ് എഞ്ചിനീയർ 08-06-2021-ന് എറണാകുളം ജില്ലാ കളക്ടർക്ക് അയച്ച കത്തിന്റെയും 24-03-2022-ന് ആലുവ എം.എൽ.എ-ക്ക് നൽകിയ കത്തിന്റെയും പകർപ്പുകൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

**കാസർഗോഡ് സെക്ഷൻ വിഭജനം**

250(2590) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ ചട്ടപ്രകാരം ഒരു സെക്ഷൻ ഓഫീസ് അനുവദിക്കാൻ വേണ്ട ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ചട്ടപ്രകാരം നിശ്ചിത സംഖ്യയില്ലെങ്കിലും സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്രകിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുമ്പോൾ അത്തരം സെക്ഷൻ ഓഫീസുകളെ മുൻകാലങ്ങളിൽ കെ.എസ്.ഇ.ബി.എൽ. വിഭജിച്ച് പുതിയ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസുകൾ രൂപീകരിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി ധാരാളം മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലായെന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചുവരുന്നത്.

കാസർഗോഡ് സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കാസർഗോഡ് ജില്ലയിലെ ഉപഭോക്താക്കളുടെ എണ്ണം സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഉപഭോക്താക്കളുടെ എണ്ണം സെക്ഷൻ തിരിച്ച് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കാസർകോഡ് സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് തുടങ്ങാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതെല്ലാം സെക്ഷൻ വിഭജിക്കുമെന്നും പുതിയ സെക്ഷൻ ഓഫീസുകൾ ഏതെല്ലാമായിയിരിക്കുമെന്നും വ്യക്തമാക്കാമോ?

ചട്ടപ്രകാരം നിശ്ചിത സംഖ്യയില്ലെങ്കിലും സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000 ത്തിലധികമാവുകയോ ചെയ്യുമ്പോൾ അത്തരം സെക്ഷൻ ഓഫീസുകളെ മുൻകാലങ്ങളിൽ കെ.എസ്.ഇ.ബി.എൽ. വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി ധാരാളം മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലായെന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ

മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകികൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചു വരുന്നത്.

കാസർഗോഡ് സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി. മീറ്റർ റീഡർ ഒഴിവുകൾ

251(2591) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കെ.എസ്.ഇ.ബി. മീറ്റർ റീഡർ (557/2014) റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനം സംബന്ധിച്ച പുരോഗതി വിശദമാക്കുമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകിയ 218 ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശയിൽ എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകുകയും അതിൽ 147 ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഉദ്യോഗാർത്ഥിക്ക് സമയം ദീർഘിപ്പിച്ച് നൽകിക്കൊണ്ടുള്ള ബോർഡുത്തരവ് ലഭ്യമായിട്ടുള്ളതും എന്നാൽ നാളിതുവരെ ടിയാൻ

ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ ടിയാന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അന്തിമ ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. ടിയാന്റേത് ഒഴികെ ബാക്കി 70 ഒഴിവുകൾ കെ.പി.എസ്.സി.ക്ക് NJD ഒഴിവുകളെന്ന കണക്കിൽ റിപ്പോർട്ട് ചെയ്യുകയും നിയമന ശിപാർശ കെ.എസ്.ഇ.ബി.എൽ.-ൽ ലഭിച്ചിട്ടുള്ളതുമാണ്. ടി 70 NJD ഒഴിവുകളിലേയ്ക്കുള്ള നിയമന ഉത്തരവ് നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 436 മീറ്റർ റീഡർമാരെ നിയമിക്കാൻ തീരുമാനിക്കുകയും ആയതിൽ 218 ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യുകയും ബാക്കി 50 ശതമാനം നിയമനം നിർത്തിവയ്ക്കാനും ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾകൂടി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(ബി & സി) ഉണ്ട്. കേന്ദ്ര വൈദ്യുത മന്ത്രാലയത്തിന്റെ പുതുക്കിയ ഗൈഡ്‌ലൈൻസ് പ്രകാരം (Revamped Reform Linked Results-Based Sector Scheme) പ്രീ പെയ്ഡ്, സ്മാർട്ട് മീറ്ററിംഗ് ഉൾപ്പെടെയുള്ള മീറ്ററിംഗ്

സംവിധാനത്തിലെ നൂതന പരിഷ്കാരങ്ങൾ നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ഇവയെല്ലാം ബോർഡിലും സമയബന്ധിതമായി നടപ്പിലാക്കേണ്ടതുണ്ട്. ടി സാഹചര്യത്തിൽ 07-10-2021-ലെ ബോർഡ് ഉത്തരവ് പ്രകാരം നിയമന നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന 218 ഒഴിവുകൾക്കുപുറമെ ബാക്കി ഒഴിവുകൾ കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ഇപ്പോൾ നിർവ്വാഹമില്ലെന്നും അറിയിക്കുന്നു.

## ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം

252(2592) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടമലയാറിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നത് സംബന്ധിച്ച് ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് നൽകിയിട്ടുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 291/M/(Ele)/VIP/RL/2021 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഇടമലയാർ ബാങ്കിന്റെ ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ തുടർനടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

(ഡി) ഇടമലയാറിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇടമലയാർ റിസർവോയർ വനം മേഖലയ്ക്കുള്ളിലാണെന്ന് കാരണം കാണിച്ച് വനം വകുപ്പ് തടസ്സവാദം ഉന്നയിച്ചതിനാൽ ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഇ) ഇടമലയാറിൽ ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട് ആദ്യഘട്ടമായി ഗാർഡനിംഗ്, ബട്ടർഫ്ലൈ പാർക്ക് എന്നിവയുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(എഫ്) കോതമംഗലം മണ്ഡലത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഭൂതത്താൻകെട്ട്, തട്ടേക്കാട് അടക്കമുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലെത്തുന്ന സ്വദേശീയരും വിദേശീയരുമായ വിനോദ സഞ്ചാരികൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ഇടമലയാർ ഡാമിൽ ഹൈഡൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വനം വകുപ്പുമായി പരിശോധിക്കുന്നതാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

253(2593) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഒരു മാസത്തിനകം

പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ടൗൺ ബസ് സ്റ്റാന്റിന് സമീപം

തിരുവനന്തപുരത്തേയ്ക്കുള്ള ബസ് സ്റ്റാന്റിന് സമീപം, ചാത്തന്നൂർ ടൗൺ

ആദിച്ചനല്ലൂർ ടൗൺ

പൂതക്കുളം എച്ച്.എസ്.-ന് സമീപം

ലക്ഷ്മി ഹോട്ടലിന് സമീപം, പാരിപ്പള്ളി ടൗൺ

ക്ലനയിൽ

ഡോക്ടർ മുക്ക്

**ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം**

254(2594) ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരം കാരണം ആസന്നമായിട്ടുള്ള അധിക വൈദ്യുതിയുടെ ആവശ്യകത നിറവേറ്റുന്നതിനായി സ്വീകരിച്ച് വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരം കാരണം ആസന്നമായിട്ടുള്ള അധിക വൈദ്യുതിയുടെ ആവശ്യകത നിറവേറ്റുന്നതിനായി വിവിധ

ഹരിതോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും നടപ്പിലാക്കി വരുന്നു. ഇതിന്റെ ഫലമായി നിലവിൽ സംസ്ഥാനത്തിന് സോളാർ സ്ഥാപിത ശേഷി 572 മെഗാവാട്ടെന്ന നേട്ടം കൈവരിക്കാൻ സാധിച്ചു. കർഷകർക്ക് അധിക വരുമാനം ലഭ്യമാകുന്ന പി.എം.കുസും സോളാർ പദ്ധതി, സ്ഥല പരിമിതിയെ മറികടക്കാൻ ഡാമുകളിൽ ഫ്ലോട്ടിംഗ് സോളാർ പദ്ധതി, കാറ്റിന്റെ ലഭ്യതയുള്ള സ്ഥലങ്ങളിൽ വിൻഡ് നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി, അധിക റിന്യൂവബിൾ എനർജി സംഭരിച്ച് ആവശ്യാനുസരണം ഉപയോഗിക്കുവാനായി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം എന്നീ പദ്ധതികൾ പുരോഗമിച്ചു വരുന്നു.

ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതിനാൽ ഇതിനാവശ്യമായ ചാർജിംഗ് സ്റ്റേഷനുകൾ വ്യാപകമാകുന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം വർദ്ധിക്കുന്നതാണ്. ആയതിനാൽ വൈദ്യുതി ഉൽപ്പാദനത്തിന് അനുയോജ്യമായ സ്ഥല ലഭ്യതയുള്ള ചാർജിംഗ് സ്റ്റേഷനുകളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജിംഗ്

സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് ഒരു കിലോവാട്ടിന് 20,000 രൂപ വീതം 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റുകൾക്കാണ് സബ്സിഡി നൽകുന്നത്. ഈ പദ്ധതി പ്രകാരം ആലപ്പുഴ, പത്തനതിട്ട, കോഴിക്കോട് എന്നീ ജില്ലകളിൽ സൗരോർജ്ജ സംവിധാനം കൂടിയുള്ള ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായി. കോഴിക്കോട് ജില്ലയിൽ ഒരെണ്ണത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്.

ഈ വർഷം പുതിയതായി സൗരോർജ്ജ സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ അനെർട്ട് പദ്ധതി പ്രകാരം പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കുന്നതാണ്.

(ബി) സംസ്ഥാനത്തുടനീളം ഇ.വി. ചാർജിംഗ് സ്റ്റേഷനുകളുടെ ബൃഹത് ശൃംഖല സജ്ജീകരിക്കുമെന്ന പ്രഖ്യാപനം എത്രത്തോളം നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പെട്രോൾ വില വർദ്ധനവുമൂലമുള്ള പ്രയാസം ഗണ്യമായി കുറയ്ക്കുക, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക

തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെവരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി പുറത്തിറക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഇ-വെഹിക്കിൾ പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി ഒരു ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. പ്രവർത്തിക്കുന്നു.

പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർവീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 07-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. ഇതിനുപുറമെ എല്ലാ ജില്ലകളിലുമായി 56

ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇതിൽ 24 എണ്ണം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിരിക്കുന്നു (ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു). ബാക്കിയുള്ള സ്റ്റേഷനുകളുടെ നിർമ്മാണം ഒരു മാസത്തിനകം തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം 10 പോൾ മൗണ്ടഡ് ഇലക്ട്രിക് വാഹന ചാർജിംഗ് പോയിന്റുകൾ കോഴിക്കോട് ജില്ലാ കോർപ്പറേഷൻ പരിധിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇരുചക്ര, മുച്ചക്ര (e-auto) വാഹനങ്ങൾക്കായി സ്ഥാപിക്കുകയും 09-10-2021-ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും ചെയ്തു. ഇവയുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള വൈദ്യുതി വാഹന ചാർജിംഗ് പോയിന്റുകളുടെ ശൃംഖല വിപുലീകരിക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. സ്വീകരിക്കുകയും 1155 ചാർജിംഗ് പോയിന്റുകൾ കേരളത്തിലുടനീളം സ്ഥാപിക്കുന്നതിനായി തുടക്കമിടുകയും ചെയ്തിട്ടുണ്ട്. 6 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. അതിൽ 261 ചാർജിംഗ് പോയിന്റുകൾ ഇപ്പോൾ തന്നെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ഇ-മൊബിലിറ്റി ഇക്കോ സിസ്റ്റം വികസിപ്പിക്കുന്നതിന് ആവശ്യമായ ഇതര പദ്ധതികളുടെ നടത്തിപ്പും സംസ്ഥാന നോഡൽ ഏജൻസിയെന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്തങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഗുണഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ. നിർവ്വഹിച്ചു വരുന്നു. കൂടാതെ ഗവൺമെന്റ് അധീനതയിലുള്ള 2500-ഓളം സ്ഥലങ്ങൾ ചാർജിംഗ് സ്റ്റേഷനുകൾക്കായി കണ്ടെത്തിയിട്ടുണ്ട്. നിക്ഷേപകരുടെ മുതൽമുടക്കോടെ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ആദ്യഘട്ടത്തിൽ ദേശീയപാത, എം. സി. റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയാണ് അനെർട്ട് സ്വീകരിച്ചിട്ടുള്ളത്.

പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ 12 സ്റ്റേഷനുകൾ സ്ഥാപിച്ചു. 5 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഈ വർഷം പുതിയതായി സൗരോർജ്ജ

സംവിധാനത്തോടുകൂടിയ 6 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ അനെർട്ട് ഉദ്ദേശിക്കുന്നു.

ഹോട്ടലുകൾ, മാളുകൾ, മറ്റ് സ്വകാര്യ വ്യക്തികൾ തുടങ്ങുന്ന പബ്ലിക് ചാർജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം 3 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ഒരെണ്ണത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ കൂടുതലായി ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്വകാര്യ സംരംഭകർക്ക് ചാർജിംഗ് മെഷീൻ വിലയുടെ 25 ശതമാനം സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

(സി) ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ; കൂടുതൽ പ്രവർത്തനങ്ങളേറ്റെടുത്ത് നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

കെ.എസ്.ഇ.ബി.യുടെ 65-ാമത് സ്ഥാപക ദിനത്തോടനുബന്ധിച്ച് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി

കേരളത്തിലുടനീളമുള്ള കെ.എസ്.ഇ.ബി.എൽ. കാര്യാലയങ്ങൾക്ക് ഉപയോഗിക്കുന്നതിന് 65 ഇലക്ട്രിക് കാറുകൾ വാങ്ങുകയുണ്ടായി. തുടർന്ന് കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി തിരുവനന്തപുരത്ത് സംഘടിപ്പിച്ച 26-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേള ദിനങ്ങളിൽ ഒഫീഷ്യൽസിന് സഞ്ചരിക്കുന്നതിനായി അവയിൽനിന്നും 10 ഇലക്ട്രിക് വാഹനങ്ങൾ കെ.എസ്.ഇ.ബി.എൽ.-ന്റെ ഇലക്ട്രിക് വാഹന ഉപയോഗ പരസ്യ പ്രചരണം പ്രകാരം നൽകുകയുണ്ടായി.

ഇലക്ട്രിക് കാറുകൾക്ക് ദീർഘദൂര യാത്ര വേണ്ടിവരുന്ന അവസരത്തിൽ വേഗത്തിൽ ചാർജ് ചെയ്യുന്നതിന് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ ആവശ്യമാണ്. ഇതിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ആദ്യഘട്ടത്തിൽ ദേശീയപാത, എം.സി. റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുള്ളത്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് നേരിട്ടും സ്വകാര്യ സംരംഭകർ

മുഖേനയും ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ കൂടുതലായി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് **ഗോ-ഇലക്ട്രിക് ക്യാമ്പയിന്റെ** ഭാഗമായി വ്യാപകമായ പ്രചാരണ പരിപാടികൾ എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിച്ചിട്ടുണ്ട്.

ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരവും എണ്ണവും വർദ്ധിപ്പിക്കുന്നതിനുമായി എനർജി മാനേജ്മെന്റ് സെന്റർ, ഇ-മൊബിലിറ്റി, ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'ഗോ ഇലക്ട്രിക് ക്യാമ്പയിൻ' 2021 ജൂൺ 5-ന് തുടങ്ങി. ഈ ക്യാമ്പയിനിന്റെ ഭാഗമായി നിലവിൽ 26 വെബിനാറുകൾ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. 2021 ജൂൺ 10-ന് ഗോ ഇലക്ട്രിക് ക്യാമ്പയിനിന്റെ ഭാഗമായി പ്രധാന ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാതാക്കളെ ഉൾപ്പെടുത്തി 'വെർച്വൽ എക്സിബിഷൻ' സംഘടിപ്പിക്കുകയുണ്ടായി. മേല്പറഞ്ഞ വെബിനാറുകൾ ഇ.എം.സി. -യുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെയും പ്രക്ഷേപണം നടത്തുകയുണ്ടായി.

തുടർന്നും ഇത്തരത്തിലുള്ള ബോധവത്കരണ പരിപാടികൾ നടത്തുവാനുദ്ദേശിക്കുന്നു.

കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ 'എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ്'-ന്റെ അനുബന്ധ സ്ഥാപനമായ 'കോൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡ്'-ഉം ആയി (സി.ഇ.എസ്.എൽ.) ലോക പരിസ്ഥിതി ദിനമായ 2021 ജൂൺ 5 -ന് കരാറിലേർപ്പെടുകയുണ്ടായി. ഈ പദ്ധതി പ്രകാരം കേരളത്തിലെ പൊതുജനങ്ങൾക്ക് വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ഇലക്ട്രിക് ടൂവീലറുകൾ വാങ്ങാൻ സാധിക്കും. പോർട്ടൽ മുഖാന്തരം വില്പന നടത്തുന്ന തെരഞ്ഞെടുത്ത ഇലക്ട്രിക് ടൂവീലറുകൾക്ക്, കേന്ദ്ര സർക്കാരിന് കീഴിലുള്ള മിനിസ്ട്രി ഓഫ് ഹെവി ഇൻഡസ്ട്രീസ്, എഫ്.എ.എം.ഇ. 2 (FAME 2) സബ്സിഡി സ്കീം പ്രകാരം സബ്സിഡി ലഭിക്കുന്നതാണ്. 2021 ജൂൺ 11 മുതൽ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾക്കുള്ള സബ്സിഡി ഇൻസെന്റീവ് 10000/kWh നിന്നും 15000/KWh ആയി ഉയർത്തിയിട്ടുണ്ട്. പരമാവധി വാഹനത്തിന്റെ വിലയുടെ 40% വരെ സബ്സിഡി ലഭിക്കും. പൊതുജനങ്ങൾക്ക്

തെരഞ്ഞെടുത്ത വാഹന നിർമ്മാതാക്കളുടെ ഇലക്ട്രിക് ടൂവീലറുകൾ www.MyEV.org.in എന്ന വെബ്സൈറ്റിൽ നിന്നും കൂടാതെ MyEV മൊബൈൽ ആപ്പ് (ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ്സ്റ്റോറിലും ലഭ്യമാണ്) വഴിയും ബുക്ക് ചെയ്യാനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ലഭ്യമാകുന്ന ഇലക്ട്രിക് വാഹനങ്ങളുടെ പ്രദർശനം 2021 സെപ്റ്റംബർ 1 മുതൽ 4 വരെ വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനിയേഴ്സ് ഗ്രൗണ്ടിൽ സംഘടിപ്പിക്കുകയുണ്ടായി. 'മാറാം ഇലക്ട്രിക് വാഹനങ്ങളിലേക്ക്' എന്ന സന്ദേശമുയർത്തിക്കൊണ്ട് എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിൽ 2021 ഡിസംബർ 13-ന് ഹരിത യാത്ര സംഘടിപ്പിച്ചു. പാളയം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ആരംഭിച്ച വാഹന റാലി നടൻ ടോവിനോ തോമസ് ഫ്ലാഗ് ഓഫ് ചെയ്തു. എം.എൽ.എ.-മാരായ ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. വി. കെ. പ്രശാന്ത്, യുവജന കമ്മീഷൻ അദ്ധ്യക്ഷ ഡോ. ചിന്ത ജെറോം, ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ തുടങ്ങിയവർ പങ്കെടുത്തു. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ, വ്യക്തികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടാണ് റാലി സംഘടിപ്പിച്ചത്.

ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഇ.എം.സി.-യുടെ നേതൃത്വത്തിൽ മേല്പറഞ്ഞ തരത്തിലുള്ള പരിപാടികൾ തുടർന്നും നടത്താൻ ആലോചിച്ചുവരുന്നു.

**കെ.എസ്.ഇ.ബി. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ**

255(2595) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ:</u>
<u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് 30 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 238 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും ഉൾപ്പെടെ ആകെ 268 ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർ വീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. ഇതിനുപുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇതിൽ 24 എണ്ണം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായിരിക്കുന്നു. ബാക്കിയുള്ള സ്റ്റേഷനുകളുടെ നിർമ്മാണം ഒരു മാസത്തിനകം തന്നെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അനെർട്ട് ആദ്യഘട്ടമായി ദേശീയപാത, എം.സി.റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ വീതം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഇതുവരെ കെ.എസ്.ഇ.ബി. എത്ര ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ എവിടെയൊക്കെയാണ് പുതുതായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി & സി) സംസ്ഥാനത്ത് 30 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 238 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും ഉൾപ്പെടെ ആകെ 268 ചാർജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി.എൽ. പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഫോർവീലർ വാഹനങ്ങൾക്കായി ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. ഇതിനു പുറമെ എല്ലാ ജില്ലകളിലുമായി 56 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇതിൽ 24 എണ്ണം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായി രിക്കുന്നു. ബാക്കിയുള്ള സ്റ്റേഷനുകളുടെ നിർമ്മാണം ഒരു മാസത്തിനകം തന്നെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അനെർട്ട് ആദ്യഘട്ടമായി ദേശീയപാത, എം.സി.റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോ മീറ്റർ ദൂരവ്യത്യാസത്തിൽ ഇലക്ട്രിക്ക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ വീതം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ സഹകരണ മെമ്പർ റിലീഫ് പദ്ധതി

256(2596) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മെമ്പർ റിലീഫ് പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിലെ എത്ര അംഗങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചു എന്നതിന്റെ വിശദാംശം നൽകാമോ?

സഹകരണ മെമ്പർ റിലീഫ് പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിലെ 6 സംഘങ്ങളിൽ നിന്ന് 61 അംഗങ്ങൾക്ക് 12,65,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ?

കേരള സഹകരണ സംഘം നിയമം വകുപ്പ് 56(1) സി, ചട്ടം 53 എ എന്നിവ പ്രകാരം കേരള സഹകരണ അംഗസമാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്), ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ഓപ്പൺ ഹാർട്ട് സർജറി), പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി. ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവരെടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ അംഗസമാശ്വാസനിധി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്ന വ്യക്തി ടി സംഘത്തിലെ 'എ' ക്ലാസ്സ് അംഗമായിരിക്കണം.

എ) <u>ഫണ്ടിൽ നിന്നും ആനുകൂല്യത്തിന് അപേക്ഷിക്കുന്ന വിധം</u>

1. മെമ്പർ റിലീഫ് ഫണ്ടിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ താഴെപ്പറയുന്ന രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം അപേക്ഷകൻ ഉള്ളടക്കം ചെയ്യേണ്ടതായ രേഖകൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്.

2. ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3. അംഗങ്ങൾ സമർപ്പിക്കുന്ന ചികിത്സാ രേഖകൾ (ചികിത്സ തേടിയ ആശുപത്രിയിലെ ഡിസ്ചാർജ്ജ് സമ്മറിയും അനുബന്ധ ചികിത്സ രേഖകളും) പരിശോധിച്ച് ആയതിന്റെ ആധികാരിത ഉറപ്പ് വരുത്തിയതിനുശേഷം സംഘം/ബാങ്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

4. അവകാശിയാണെങ്കിൽ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

(ബി) ധനസഹായം അനുവദിക്കുന്നതിലേക്കായി അപേക്ഷകൻ സമർപ്പിക്കേണ്ട (എ) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള രേഖകൾ സംഘത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് (ഫോറം നമ്പർ 2) ചീഫ് എക്സിക്യൂട്ടീവ് നൽകേണ്ടതും ഇപ്രകാരമുള്ള അപേക്ഷകൾ ഇതിനായുള്ള പ്രത്യേക രജിസ്റ്ററുകളിൽ സംഘം രേഖപ്പെടുത്തേണ്ടതുമാണ്.

(സി) സംഘത്തിന് ലഭിക്കുന്ന അപേക്ഷകൾ, സംഘം ഭരണസമിതി വിശദമായി പരിശോധിച്ചശേഷം അപേക്ഷയിലെ വിഷയങ്ങളിന്മേലും രേഖകളിന്മേലുമുള്ള നിജസ്ഥിതി ബോധ്യപ്പെട്ടെടുത്ത ഭരണസമിതി തീരുമാനവും അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി, രോഗ വിവരം എന്നിവ പരാമർശിച്ചുകൊണ്ട് സംഘത്തിന്റെ മുഖ്യകാര്യദർശിയുടെ സാക്ഷ്യപത്രവും സഹിതം അതാത് താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന് (പ്രാഥമിക കാർഷിക വികസന ബാങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ) സമർപ്പിക്കേണ്ടതാണ്.

**സുഭിക്ഷ കേരളം പദ്ധതി**

257(2597) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ കാർഷിക രംഗത്ത് സ്വയംപര്യാപ്തമാക്കുന്നതിന് ആവിഷ്കരിച്ച സുഭിക്ഷ കേരളം പദ്ധതിയിലേയ്ക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെയും മറ്റ് സഹകരണ പ്രസ്ഥാനങ്ങളെയും ആകർഷിക്കുവാനും സഹകാരികളെക്കൂടി പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കാനും സഹകരണ വകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്?

ഭക്ഷ്യ കാർഷിക മേഖലയിൽ സ്വയംപര്യാപ്തമാകുകയെന്ന ഉദ്ദേശ്യത്തോടെ കേരള സർക്കാർ പ്രഖ്യാപിച്ച സമഗ്ര പദ്ധതിയാണ് സുഭിക്ഷ കേരളം. സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സഹകരണ സംഘങ്ങൾ മുഖേന മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കി.

കോവിഡ് -19 മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് യുവാക്കളേയും തിരിച്ചുവരുന്ന പ്രവാസികളേയും കൃഷിയിലേക്ക് ആകർഷിക്കുക, ജൈവ കൃഷി

പ്രോത്സാഹിപ്പിക്കുക എന്നീ ഉദ്ദേശ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതി സഹകരണ സംഘങ്ങൾ മുഖേനയാണ് സഹകരണ വകുപ്പ് നടപ്പിലാക്കിയത്.

സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് വായ്പാ സഹായം നൽകുക, ഫാർമേഴ്സ് ക്ലസ്റ്ററുകൾ, സ്വയം സഹായ ഗ്രൂപ്പുകൾ, യുവജനങ്ങൾ എന്നിവയ്ക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വഴി വായ്പാലഭ്യത ഉറപ്പുവരുത്തുക, സംഘം അടിസ്ഥാനത്തിൽ കാർഷികോല്പന്ന ചന്തകൾ ആരംഭിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി. മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്നതിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് അതാത് സഹകരണ സ്ഥാപനത്തിന്റെ ഭരണസമിതിയംഗങ്ങൾ, ജീവനക്കാർ, അംഗങ്ങൾ എന്നിവരുടെ കൂട്ടായ സഹായം ലഭ്യമാക്കുകയുണ്ടായി. കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹകരണ സ്ഥാപനങ്ങളുടെ മുൻകയ്യിൽ സ്വാശ്രയ ഗ്രൂപ്പുകൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കർഷക സേവന കേന്ദ്രം നിലവിലുള്ള സഹകരണ സംഘങ്ങളിൽ നിന്നും ആ പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങൾക്കാവശ്യമായ വിത്ത്, വളം, ജൈവവളം, കീടനാശിനികൾ, കാർഷിക യന്ത്രങ്ങൾ എന്നിവ

ലഭ്യമാക്കുകയുണ്ടായി. ടി പദ്ധതി മുഖേന ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും സഹകരണ സ്ഥാപനങ്ങൾ സൗകര്യങ്ങൾ സജ്ജമാക്കിക്കൊടുക്കുന്നു.

സുഭിക്ഷ കേരളം പദ്ധതി പ്രധാനമായും പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളാണ് നടപ്പിലാക്കിയതെങ്കിലും മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് എല്ലാ സഹകരണ സ്ഥാപനങ്ങളും പങ്കാളികളാകുകയും നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്തു.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ കുറഞ്ഞത് 50 സെന്റ് സ്ഥലമെങ്കിലുമെടുത്ത് ഒരു മാതൃകാ കൃഷിത്തോട്ടം സഹകരണ സ്ഥാപനങ്ങൾ നേരിട്ട് സജ്ജീകരിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം 883 സംഘങ്ങൾ 1852 മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുകയുണ്ടായി.

(ബി) സഹകരണ വകുപ്പിന്റെ ഇടപെടൽമൂലം കാർഷിക രംഗത്ത് നടപ്പാക്കാൻ കഴിഞ്ഞ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

സുഭിക്ഷ കേരളം പദ്ധതിയിലൂടെ 14 ജില്ലകളിലുമായി 3246.425 ഏക്കർ സ്ഥലത്ത് 883 സഹകരണ സ്ഥാപനങ്ങൾ മുഖേന 1852 മാതൃകാ

കൃഷിത്തോട്ടങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി 500 ഏക്കർ കൃഷി ചെയ്യുന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുവാനാണ് തീരുമാനിച്ചതെങ്കിലും ഈ പദ്ധതി പ്രകാരം 408 സംഘങ്ങൾ മുഖേന 582 ഏക്കർ 99 സെന്റ് സ്ഥലത്ത് കൃഷി ആരംഭിക്കുകയുണ്ടായി.

സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങൾ മുഖേന എല്ലാ ഏജൻസികളെയും ഉൾപ്പെടുത്തി മാർക്കറ്റിംഗ് സംവിധാനം ശക്തിപ്പെടുത്തി കർഷകർക്ക് വില സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കി സംസ്ഥാന വ്യാപകമായി Co-op Mart Veg Fresh എന്ന പേരിൽ സഹകരണ സംഘങ്ങളുടെ 179 ഔട്ട്ലെറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോത്പ്പന്നങ്ങളുടെ സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിൽപ്പന എന്നിവയെ പരിപോഷിപ്പിക്കുന്നതിനുമായി പ്രാഥമിക കാർഷിക വായ്പ സഹകരണ

സംഘങ്ങൾ വഴി 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതിയാണ് ' സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി' . അടുത്ത 5 വർഷത്തിനുള്ളിൽ 14 ജില്ലകളിലും ടി പദ്ധതി ഘട്ടം ഘട്ടമായി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2022-23 -ൽ ടി പദ്ധതി 7 ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 15 സംഘങ്ങളെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സംഘങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് അനുവദിച്ച് വരുന്ന കാർഷിക വായ്പയുടെ പലിശ നിരക്ക് 7% -ൽ നിന്നും 6% ആയി കുറവ് ചെയ്തു. കൃത്യമായി തിരിച്ചടയ്ക്കുന്ന വായ്പക്കാർക്ക് നബാർഡിൽ നിന്നുള്ള 3% പലിശ സബ്‌വെൻഷൻ ലഭ്യമാക്കിയശേഷം 3% പലിശ ബാധ്യതയിൽ മാത്രം കർഷകന് വായ്പ ലഭ്യമാക്കാൻ കഴിഞ്ഞു.

നബാർഡിന്റെ പുനർവായ്പാപദ്ധതി പ്രകാരം (SRF) കേരള ബാങ്ക് മുഖേന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് PACS as MSC സ്കീമിൽ

കാർഷികാനുബന്ധ മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കായി അതാതു സഹകരണ സംഘങ്ങളുടെ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 90% വരെ വായ്പ അനുവദിച്ചുവരുന്നു. പ്രസ്തുത വായ്പയ്ക്ക് 4% പലിശ നിരക്കാണ് ഈടാക്കുന്നത്. ഈ വായ്പകളിൽ 2 കോടി രൂപ വരെയുള്ള പദ്ധതികൾക്ക് 3% പലിശ സബ്സിഡി കഴിച്ച് 1% പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നത് കാർഷിക മേഖലയുടെ പുരോഗതിക്ക് ആക്കം കൂട്ടുകയുണ്ടായി. കാർഷിക മേഖലയിൽ മുതൽമുടക്ക് നടത്തി കൃഷിയിലേർപ്പെടാൻ താത്പര്യപ്പെടുന്ന കർഷകർക്ക് ദീർഘകാല കാർഷിക വായ്പകൾ അനുവദിക്കുന്നു. കോവിഡ് -19 രണ്ട് ഘട്ടങ്ങളിലായി കാർഷിക മേഖലയിലുണ്ടായ മാന്ദ്യം പരിഹരിക്കുന്നതിനായി 3670 കോടി രൂപയുടെ SLF വായ്പ നബാർഡിന്റെ സഹായത്തോടുകൂടി കേരള സംസ്ഥാനത്താകെ വിതരണം ചെയ്തു. കൂടാതെ സൂക്ഷ്മ ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, കാർഷിക കൂട്ടായ്മകൾ എന്നിവയ്ക്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അനുവദിച്ച് നൽകുന്ന വായ്പകൾക്ക് കേരള ബാങ്കിൽ നിന്നും പുനർവായ്പ അനുവദിച്ച് നൽകുന്നതാണ്.

(സി) ഇത്തരം പദ്ധതികൾ സ്ഥിരമായി തുടർന്നുപോകാൻ കഴിയത്തക്ക വിധം എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നബാർഡിന്റെ കോവിഡ് -19 ധനസഹായ പദ്ധതിയായ SLF വായ്പ പദ്ധതി ഒഴികെ എല്ലാ പദ്ധതികളും തുടർന്നുവരികയാണ്.

**സഹകരണ അംഗ സമാശ്വാസ നിധി**

258(2598) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ അംഗ സമാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ അംഗ സമാശ്വാസ നിധിയിൽ നിന്നും 46,87,60,000/- രൂപ അനുവദിച്ചിട്ടുണ്ട്.

## സഹകരണ അംഗസമാശ്വാസ പദ്ധതി

259(2599) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ മെമ്പർമാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കിയ സഹകരണ അംഗസമാശ്വാസ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടുള്ളവരുടെ എണ്ണം അറിയിക്കാമോ?

2021 മുതൽ സഹകരണ അംഗസമാശ്വാസ നിധിയിൽനിന്നും സംസ്ഥാനത്തിലെ 22,254 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇനി ധനസഹായം ലഭിക്കാനുള്ളവരുടെ എണ്ണവും ഇവർക്ക് എപ്പോഴാണ് ധനസഹായം വിതരണം ചെയ്യാൻ സാധിക്കുകയെന്നും അറിയിക്കാമോ?

26-11-2021 വരെ അംഗസമാശ്വാസ ധനസഹായത്തിനായി ലഭിച്ചിട്ടുള്ള 22,254 അപേക്ഷകർക്ക് 46,87,60,000/- രൂപ വിതരണം നടത്തിയിട്ടുണ്ട്. 26-11-2021-നുശേഷം നാളിതുവരെ 10,978

അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ട്. ആയത് അടുത്ത ഹൈലെവൽ കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ സഹകരണ വകുപ്പിന്റെ പദ്ധതികൾ**

260(2600) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ സഹകരണ വകുപ്പ്, സഹകരണ സംഘങ്ങൾ മുഖേന കുടുംബശ്രീയുമായി ചേർന്ന് സ്വയം തൊഴിൽ വായ്പ പദ്ധതി, മുറ്റത്തെ മുല്ല ലഘു വായ്പ പദ്ധതി, സ്വയംസഹായ ഗ്രൂപ്പുകൾക്കുള്ള വായ്പ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

## മുറ്റത്തെ മുല്ല വായ്പ പദ്ധതി

261(2601) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുറ്റത്തെ മുല്ല വായ്പ പദ്ധതി വഴി നാളിതുവരെ എത്രപേർക്ക് വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

31-05-2022 വരെ സംസ്ഥാനത്തിലെ 1041 പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ 18276 കുടുംബശ്രീ യൂണിറ്റുകൾ വഴി 502385 അംഗങ്ങൾക്ക് 2112.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വായ്പാപദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിലുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ കെയർ ഹോം പദ്ധതി

262(2602) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നാളിതുവരെ ആർക്കെല്ലാം ഭവനങ്ങൾ ലഭ്യമാക്കിയെന്നും ഏത് സഹകരണ സംഘം മുഖേനയാണ് ലഭ്യമാക്കിയതെന്നും വിശദമാക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ ചുവടെ ചേർക്കുന്ന മൂന്ന് പേർക്ക് കെയർ ഹോം പദ്ധതി പ്രകാരം ഭവനം ലഭ്യമാക്കിയിട്ടുണ്ട്.

1.കിഴക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിന്റെ നിർമ്മാണ മേൽനോട്ടത്തിൽ കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിൽ രാജമ്മ, വടക്കേ വീട്, കുന്നംകാട്, കിഴക്കഞ്ചേരി പി.ഒ

2.ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ നിർമ്മാണ മേൽനോട്ടത്തിൽ എരിമയൂർ ഗ്രാമ പഞ്ചായത്തിൽ പൊന്നു, മാടമ്പാറ, കുനിശ്ശേരി പി.ഒ

3.ആലത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നിർമ്മാണ മേൽ നോട്ടത്തിൽ ആലത്തൂർ ഗ്രാമ പഞ്ചായത്തിൽ സജീവ് കെ.ടി, പുള്ളോട് വീട്, പന്തലാംകോട്, പുള്ളോട് പി.ഒ

(ബി) കെയർ ഹോം പദ്ധതി തുടരുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2,000 വീട് നിർമ്മിച്ച് നൽകുകയെന്ന ലക്ഷ്യം പൂർത്തീകരിച്ചതിനെത്തുടർന്ന് 2018-ലും 2019-ലുമുണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നത് ലക്ഷ്യംവച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രാഥമിക

പ്രവർത്തനങ്ങൾ നടന്നുവരുന്നു. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കോട്ടയം ജില്ലയിലും പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**സുഭിക്ഷ കേരളം പദ്ധതി**

263(2603) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ സ്ഥാപനങ്ങൾ മുഖേന കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ?

സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മാമല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.2799 മത്സ്യക്കുളം നിർമ്മിക്കുന്നതിനുവേണ്ടി 17 വായ്പകളിലായി 2,82,000/- രൂപയും കോഴിയും കൂട്ടം നിർമ്മിക്കുന്നതിനായി 65 വായ്പകളിലായി 10,35,500/- രൂപയും നൽകിയിട്ടുണ്ട്. ഇതിനുപുറമേ വടവുകോട് ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 651 ആകെ 15.75 ഏക്കറിൽ 6 മാതൃകാ കൃഷി തോട്ടങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. നിലവിൽ ഇവയിൽ കൃഷി ചെയ്യുന്നില്ല.

(ബി) പ്രസ്തുത പദ്ധതി പ്രകാരം മണ്ഡലത്തിൽ മാതൃകാ കൃഷിത്തോട്ടം സജ്ജീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

വടവുകോട് ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 651 ആകെ 15.75 ഏക്കറിൽ 6 മാതൃകാ കൃഷി തോട്ടങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. നിലവിൽ ഇവയിൽ കൃഷി ചെയ്യുന്നില്ല.

(സി) ഈ പദ്ധതിയിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് നൽകിയ വായ്പയുടെ വിശദാംശം ലഭ്യമാക്കുമോ?

ഈ പദ്ധതിയിൽ സഹകരണ സ്ഥാപനങ്ങൾ മുഖേന 14 ജില്ലകളിലുമായി 59921 വായ്പകളിലായി 55472.421 ലക്ഷം രൂപയുടെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ വിദ്യാ തരംഗിണി പദ്ധതി**

264(2604) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് വിദ്യാ തരംഗിണി പദ്ധതിയിൽ

ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ സഹകരണ സംഘങ്ങളിൽ വിദ്യാതരംഗിണി പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതിന് ആകെ 592 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പയായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത കാലയളവിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി 592 അപേക്ഷകൾക്ക് ആകെ 45,06,148/- രൂപയുടെ വായ്പ നൽകിയിട്ടുണ്ട്.

**പലിശനിരക്ക് നിശ്ചയിക്കുന്നതിനുള്ള സംവിധാനം**

265(2605) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തോടുകൂടി സംസ്ഥാനത്തെ വായ്പാ സംഘങ്ങളുടെ പലിശ നിരക്ക് നിശ്ചയിക്കുന്നതിനുള്ള സെൻട്രൽ ബാങ്ക് മീറ്റിംഗ് നടക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പലിശനിരക്ക് നിശ്ചയിക്കുന്നതിനായി പകരം മറ്റെന്തെങ്കിലും സംവിധാനം ആലോചനയിലുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) കേരളാ ബാങ്ക് രൂപീകരണത്തോടുകൂടി സംസ്ഥാനത്തെ സഹകരണ മേഖല ത്രിതല സംവിധാനത്തിൽനിന്നും ദ്വിതല സംവിധാനത്തിലേക്ക് മാറുകയും തുടർന്ന് മലപ്പുറം ഒഴികെയുള്ള ജില്ലാ സഹകരണ ബാങ്കുകൾ (സെൻട്രൽ ബാങ്കുകൾ) ഇല്ലാതെയാകുകയും ചെയ്തു. ഇതേ തുടർന്ന് പലിശ നിർണ്ണയം എന്നിവയടക്കം സഹകരണ മേഖലയിലെ സുപ്രധാന തീരുമാനങ്ങൾ എടുത്തിരുന്ന സെൻട്രൽ ബാങ്ക് കോൺഫറൻസിനുള്ള പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബഹു. സഹകരണ വകുപ്പുമന്ത്രി അദ്ധ്യക്ഷനായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി ഒരു ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം രൂപീകരിച്ച ഉന്നതതല സമിതി 09-02-2022-ൽ ചേരുകയും സംസ്ഥാനത്തെ നിക്ഷേപ വായ്പാ പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

## കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

266(2606) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത നടപടി പിൻവലിച്ചോ; എങ്കിൽ കാരണം വിശദമാക്കുമോ?

സസ്പെൻഷനിലായിരുന്ന വകുപ്പ് ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ സംബന്ധിച്ച അന്വേഷണങ്ങൾ പൂർത്തിയായ സാഹചര്യത്തിലാണ് പിൻവലിച്ചിട്ടുള്ളത്.

(ബി) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ?

സസ്പെൻഷനിലായിരുന്ന 16 വകുപ്പ് ഉദ്യോഗസ്ഥരിൽ 8 ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി തുടർന്നുവരുന്നു.

(സി) എങ്കിൽ തട്ടിപ്പ് നടത്തിയവർ ആരെല്ലാമാണെന്ന് വിശദമാക്കുമോ?

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുള്ളത് ചില ഭരണ സമിതിയംഗങ്ങളും ബാങ്ക് ജീവനക്കാരും ചേർന്നാണ്.

## കരുവന്നൂർ ബാങ്ക് തട്ടിപ്പ്

267(2607) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ ബാങ്ക് തട്ടിപ്പ് തടയുന്നതിൽ വീഴ്ച വരുത്തിയ കേസിൽ സസ്പെൻഷനിലായ സഹകരണ വകുപ്പിലെ പതിനാല് ഉദ്യോഗസ്ഥരെ തിരിച്ചെടുത്തിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ തിരിച്ചെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ടി ഉദ്യോഗസ്ഥർക്കെതിരായ അന്വേഷണങ്ങൾ പൂർത്തിയായ സാഹചര്യത്തിലാണ് സസ്പെൻഷൻ പിൻവലിച്ചിട്ടുള്ളത്.

(സി) സസ്പെൻഷൻ റദ്ദാക്കിയവരിൽ ചിലർ തട്ടിപ്പുകാർക്ക് ഒത്താശ ചെയ്തു കൊടുത്തവരാണെന്നും ഇവരെ തിരിച്ചെടുക്കുന്നത് നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കാനാണെന്നുമുള്ള നിക്ഷേപകരുടെ കൂട്ടായ്മയുടെ ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ?

സസ്പെന്റ് ചെയ്യപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ ക്രമക്കേടുകൾക്ക് ഒത്താശ ചെയ്തുകൊടുത്തെന്ന് ഔപചാരിക അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. ടി ഉദ്യോഗസ്ഥർ ആഡിറ്റുമായും ഇൻസ്പെക്ഷനുമായും ബന്ധപ്പെട്ട് കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്നാണ് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി ഉദ്യോഗസ്ഥർക്കെതിരായ അന്വേഷണങ്ങൾ പൂർത്തിയായ സാഹചര്യത്തിലാണ് സസ്പെൻഷൻ പിൻവലിച്ചിട്ടുള്ളത്.

(ഡി) സഹകരണ ബാങ്കുകളിൽ തട്ടിപ്പ് നടത്തുന്നവരോട് കാട്ടുന്ന മൃദു സമീപനമാണ് കണ്ടല ബാങ്കിലടക്കം തട്ടിപ്പ് നടത്തിയവർക്ക് പ്രചോദനമാകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ തട്ടിപ്പ് നടത്തുന്നവരോട് ഈ സർക്കാർ മൃദുസമീപനം സ്വീകരിച്ചിട്ടില്ല. സഹകരണ ബാങ്കുകളിലെ

ക്രമക്കേടുകൾ തടയുന്നതിന് സാധ്യമായ എല്ലാ നിയമാനുസൃത നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. ക്രമക്കേട് കാട്ടുന്നവരുടെ പേരിൽ ക്രിമിനൽ നിയമ പ്രകാരം അന്വേഷണം നടത്തി കടുത്ത ശിക്ഷ ഉറപ്പാക്കുന്നതാണ്.

## കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

268(2608) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന ഉദ്യോഗസ്ഥരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ?

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന ഉദ്യോഗസ്ഥരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ബാങ്കിലെ നിക്ഷേപകർക്ക് പണം തിരിച്ചു നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കുടിശ്ശികയായ വായ്പകളിൽ സ്പെഷ്യൽ സെയിൽ ഓഫീസറുടെ സൗജന്യ സേവനം ഉപയോഗപ്പെടുത്തി Arbitration Case, Execution Petition നടപടികളിലൂടെ വായ്പ തുക തിരികെ ഈടാക്കി ടി തുക നിക്ഷേപകർക്ക് തിരികെ നൽകുന്നതിന് ഉപയോഗിച്ചുവരുന്നു.

(സി) ബാങ്കിനുണ്ടായ ബാധ്യത എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഈ തുക എങ്ങനെ ഈടാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സർക്കാർ നിയോഗിച്ച ഉന്നതതല സമിതിയുടെ റിപ്പോർട്ട് പ്രകാരം 219,33,89,533/-(219.33 കോടി)രൂപയുടെ ക്രമക്കേടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. കേരള സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള റിപ്പോർട്ട് പ്രകാരം വായ്പ പലിശ ഉൾപ്പെടെ 122,51,90,578/-(122.52 കോടി)രൂപയും വ്യാപാര സ്റ്റോക്കിൽ കുറവ് ഇനത്തിൽ 2,72,02,835/- (2.72 കോടി) രൂപയും നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകിയ ഇനത്തിൽ 85,33,172/-(85.33 ലക്ഷം) രൂപയും കൂടി ആകെ 126,09,26,585/-(126.09 കോടി)രൂപ ക്രമക്കേട് നടത്തിയവരിൽനിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സഹകരണ വകുപ്പ്, ക്രൈം ബ്രാഞ്ച് എന്നിവർ നടത്തിയിട്ടുള്ള അന്വേഷണത്തിൽ കുറ്റാരോപിതരായി കണ്ടെത്തിയവരുടെ സ്വത്തുകൾ Criminal Law Amendment Ordinance, 1944 പ്രകാരം കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**കരുവന്നൂർ സഹകരണ ബാങ്കിനെ സംരക്ഷിക്കാൻ നടപടി**

269 (2609) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ക്രമക്കേടിനെത്തുടർന്ന് പ്രതിസന്ധിയിലായ കരുവന്നൂർ സഹകരണ ബാങ്കിനെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായുള്ള 250 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്. കുടിശ്ശികയായ

വായ്പകളിൽ സ്പെഷ്യൽ സെയിൽ ഓഫീസറുടെ സൗജന്യ സേവനം ഉപയോഗപ്പെടുത്തി ARC, EP നടപടികളിലൂടെ വായ്പ തുക പിരിച്ചെടുത്ത് നിക്ഷേപകർക്ക് നിക്ഷേപത്തുക തിരികെ നൽകിവരുന്നു.

(ബി) പ്രസ്തുത ബാങ്കിനെ രക്ഷിക്കാൻ രക്ഷാ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായുള്ള 250 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത ബാങ്കിന്റെ കിട്ടാക്കടത്തിലുള്ള വായ്പകൾ കേരള ബാങ്ക് ഏറ്റെടുക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തീരുമാനിച്ചിട്ടില്ല.

(ഡി) തട്ടിപ്പ് നടത്തിയവരിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുപകരം തട്ടിപ്പ് നടത്തുന്ന ബാങ്കുകളെ സഹായിക്കുകയാണെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

## കണ്ടല്ലൂർ സഹകരണ ബാങ്ക് തട്ടിപ്പ്

270(2610) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കണ്ടല്ലൂർ സഹകരണ ബാങ്കിൽ സ്വർണപ്പണയ വായ്പ അടക്കമുള്ള വിവിധ ഇനങ്ങളിൽ ലക്ഷങ്ങളുടെ ക്രമക്കേട് നടന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ?

കായംകുളം കണ്ടല്ലൂർ സഹകരണ ബാങ്കിൽ സ്വർണപ്പണയ വായ്പ അടക്കമുള്ള വിവിധ ഇനങ്ങളിൽ ക്രമക്കേട് നടന്നതായി സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) അനധികൃത ഇടപാടുകൾവഴി ബാങ്കിനുണ്ടായ നാല്പത്തിയൊമ്പത് ലക്ഷത്തിലധികം രൂപയുടെ നഷ്ടം ഉത്തരവാദികളിൽനിന്ന് പതിനെട്ട് ശതമാനം പലിശ സഹിതം ഈടാക്കണമെന്ന് അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ടോ?

അനധികൃത ഇടപാടുകൾവഴി ബാങ്കിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കണമെന്ന് പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കണ്ടല്ലൂർ സഹകരണ ബാങ്കിൽ നടത്തിയ സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ സഹകരണ നിയമം ചട്ടം 66(5) പ്രകാരം ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്**

271(2611) ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പിൽ ഉൾപ്പെട്ട് സസ്പെൻഷനിലായ ജീവനക്കാരെ തിരിച്ചെടുത്തുകൊണ്ട് സർക്കാർ

തട്ടിപ്പുകാരെ സംരക്ഷിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

ടി ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകളിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ടി ഉദ്യോഗസ്ഥർ ആഡിറ്റുമായും ഇൻസ്പെക്ഷനുമായും ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനാണ് ടി ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നത്. സസ്പെൻഷനിലായിരുന്ന ഉദ്യോഗസ്ഥർക്കെതിരായ അന്വേഷണം പൂർത്തിയായ സാഹചര്യത്തിലാണ് സസ്പെൻഷൻ പിൻവലിച്ചിട്ടുള്ളത്.

(ബി) കരുവന്നൂർ ബാങ്ക് തട്ടിപ്പ് അന്വേഷിക്കുന്നതിനായി ഉന്നതതല സമിതി രൂപീകരിച്ചിരുന്നോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് അന്വേഷിക്കുന്നതിനായി ഉന്നതതല സമിതി രൂപീകരിച്ചിരുന്നതും പ്രസ്തുത സമിതി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്നും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

സസ്പെൻഷനിലായ ഉദ്യോഗസ്ഥർക്കെതിരെ ചുമത്തപ്പെട്ട കുറ്റങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വിശദമാക്കാമോ?

ഉന്നതതല സമിതി റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

ബാങ്കിലെ വായ്പ വിതരണത്തിലും പ്രതിമാസ നിക്ഷേപ പദ്ധതിയിലും വ്യാപാര പ്രവർത്തനങ്ങളിലും ക്രമക്കേടുകൾ നടന്നിട്ടുണ്ട്.

ബാങ്കിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിലും ഹാർഡ്‌വെയറിലും അടിസ്ഥാനപരമായി പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

ബാങ്കിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന സഹകരണ വകുപ്പിന്റെ വിവിധ ആഫീസുകൾക്കും ഉദ്യോഗസ്ഥർക്കും ക്രമക്കേട് യഥാസമയം കണ്ടുപിടിക്കുന്നതിലും ക്രമക്കേടിന്മേൽ സമയബന്ധിതമായി തുടർനടപടി സ്വീകരിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്.

ബാങ്കിലെ സെക്രട്ടറി, ബ്രാഞ്ച് മാനേജർ, സീനിയർ അക്കൗണ്ടന്റ് തുടങ്ങി 5 ജീവനക്കാരും ഭരണസമിതിയും മറ്റു ചിലരും സംഘടിതമായാണ് ക്രമക്കേട് നടത്തിയിട്ടുള്ളത്.

നിക്ഷേപകർക്ക് നിക്ഷേപത്തുക തിരിച്ചുനൽകാൻ കഴിയാത്ത ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ബാങ്കിൽ നിലനിൽക്കുന്നു.

ബാങ്കിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് കിട്ടേണ്ട തുകകൾ പിരിച്ചെടുക്കുന്നതിനും സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിനുമുള്ള ഒരു പുനരുദ്ധാരണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

സഹകരണ സംഘങ്ങളുടെയും വകുപ്പിന്റെയും പ്രവർത്തനങ്ങളിൽ കാലോചിതമായ പരിഷ്കരണങ്ങൾക്ക് സഹകരണ നിയമ ഭേദഗതിയും സഹകരണ വകുപ്പ് പുന:സംഘടനയും അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ട്.

സസ്പെൻഷനിലായ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ ബാങ്കിന്റെ ആഡിറ്റുമായും ഇൻസ്പെക്ഷനുമായും ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്നാണ് ഉന്നതതല സമിതി കണ്ടെത്തിയിരുന്നത്. ബാങ്കിന്റെ നിയന്ത്രണ ചുമതല വഹിച്ചിരുന്ന യൂണിറ്റ് ഇൻസ്പെക്ടർമാർ, കൺകറന്റ് ആഡിറ്റർമാർ, മുകുന്ദപുരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ, മുകുന്ദപുരം അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർ, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ, തൃശ്ശൂർ ജോയിന്റ് ഡയറക്ടർ

(ആഡിറ്റ്)മാർ എന്നിവർക്ക് കൃത്യനിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും ഉന്നതതല സമിതി കണ്ടെത്തി റിപ്പോർട്ട് ചെയ്തിരുന്നു.

(ഡി) സഹകരണ അഡീഷണൽ രജിസ്ട്രാർ നടത്തിയ അന്വേഷണത്തിൽ ഉന്നതതല സമിതി കണ്ടെത്തി റിപ്പോർട്ട് ചെയ്ത കാര്യങ്ങൾക്ക് തെളിവില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ വ്യക്തമാക്കുമോ?

ഉന്നതതല സമിതി വകുപ്പുദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തിലെ വീഴ്ച ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) നടത്തിയ ഔപചാരിക അന്വേഷണത്തിലാണ് ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായ വീഴ്ചയുടെ നിജസ്ഥിതി വെളിവായിട്ടുള്ളത്.

**എളവള്ളി പട്ടികജാതി സഹകരണ സംഘം**

272(2612) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിൽ 1978-ൽ ആരംഭിച്ച എളവള്ളി പട്ടികജാതി സഹകരണ സംഘം (നമ്പർ ആർ-681)

പുതിയ ഭരണസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; എളവള്ളി പട്ടികജാതി സഹകരണ സംഘം (ക്ലിപ്തം) നമ്പർ ആർ-681-ന്റെ പുതിയ ഭരണ സമിതി 22-12-2019-ൽ ചുമതലയേറ്റെടുത്ത് പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംഘത്തിന് സ്വന്തമായുള്ള എട്ട് സെന്റ് ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം ജീർണ്ണിച്ച് നിലംപൊത്താറായ സ്ഥിതിയിലായതിനാൽ സംഘത്തിന്റെ പുനരുദ്ധാരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ സ്കീമുകൾ നിലവിലുണ്ട്. കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. ഈ സ്കീമുകളിലേയ്ക്ക് എളവള്ളി പട്ടികജാതി സഹകരണ സംഘത്തിൽ നിന്നും അപേക്ഷകൾ

ലഭിച്ചിട്ടില്ല. സംഘം അപേക്ഷ സമർപ്പിക്കുന്ന പക്ഷം അതാതു സ്കീമുകളുടെ ധനസഹായ ചട്ടങ്ങൾക്ക് വിധേയമായി ടി സംഘത്തിന് ധനസഹായം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**വനിതാ സഹകരണ സംഘങ്ങൾ**

273(2613) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വനിതാ സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത്?

സംസ്ഥാനത്ത് ആകെ 1183 വനിത സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു.

(ബി) തൃശ്ശൂർ ജില്ലയിൽ ഇത്തരത്തിൽ എത്ര സംഘങ്ങളാണ് പ്രവർത്തിക്കുന്നത്?

തൃശ്ശൂർ ജില്ലയിൽ 101 വനിത സഹകരണ സംഘങ്ങൾ നിലവിലുണ്ട്. ആയതിൽ 90 വനിത സഹകരണ സംഘങ്ങളാണ് പ്രവർത്തനക്ഷമമായത്.

## യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനം

274(2614) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഐ.ടി മേഖല, സിനിമാ, ഡോക്യുമെന്ററി, ഷോർട്ട് ഫിലിം നിർമ്മാണം, സംഗീത മേഖല, ഡിസൈൻ, ആർട്ടിസ്റ്റ്, ഇവന്റ് മാനേജ്മെന്റ്, സേവനങ്ങൾ വീടുകളിലെത്തിക്കൽ, ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുക, ഡിജിറ്റൽ വർക്കുകൾ, സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ, സോളാർ എനർജി, ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, മാൻ പവർ സപ്ലൈ, പുസ്തക മേളകൾ സംഘടിപ്പിക്കൽ, പഠന യാത്രകൾ സംഘടിപ്പിക്കൽ, ട്യൂട്ടോറിയൽ സർവ്വീസസ്, കൃഷി, വ്യവസായം, ഭക്ഷ്യ സംസ്കരണ വിപണന മേഖല, തനത് കാർഷിക വിഭവങ്ങളുടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും നിർമ്മാണം, വിതരണം, അഗ്രിക്കൾച്ചറൽ സപ്ലൈ ആന്റ് മാർക്കറ്റിംഗ്, ജൈവ അജൈവ മാലിന്യ ശേഖരണവും

സംസ്കരണവും, ഇവയുടെ റീസൈക്ലിംഗ്, തയ്യൽ, ടൂറിസം വികസന പദ്ധതികൾ, ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകൾ, കാറ്ററിംഗ് സർവ്വീസുകൾ, ലേബർ കോൺട്രാക്ട് വർക്കുകൾ, മറ്റ് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങിയവയാണ് യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖലകൾ.

(ബി) യുവജന സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ച ശേഷം സഹകരണ വകുപ്പ് അവയുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; വിശദാംശം നൽകാമോ?

വിലയിരുത്താറുണ്ട്. യുവജന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി വ്യത്യസ്ത സംരംഭങ്ങളെ സംബന്ധിച്ചും സഹകരണ അക്കൗണ്ടിംഗ് രീതികളെ സംബന്ധിച്ചുമുള്ള പരിശീലനം നൽകിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ നിശ്ചിത ഇടവേളകളിൽ ടി സംഘങ്ങളുടെ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ടി സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ജില്ലാതലത്തിൽ നോഡൽ ആഫീസർമാരെ നിയമിച്ച് പ്രവർത്തനം വിലയിരുത്തി വരുന്നു. ടി സംഘങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം

പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയാണ്. ആയത് പരിഹരിക്കുന്നതിനായി സർക്കാർ ധനസഹായം ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത സഹകരണ സംഘങ്ങൾവഴി എത്ര തൊഴിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

യുവജന സഹകരണ സംഘങ്ങളിൽ ഭൂരിഭാഗം സംഘങ്ങളുടെയും പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. നിലവിൽ വിവിധ സംഘങ്ങളിലായി 88 -ഓളം തൊഴിലവസരങ്ങൾ നാളിതുവരെ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. യുവ സഹകരണ സംഘങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതോടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്.

## കാർഷിക വ്യാവസായിക മേഖലകളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

275(2615) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വ്യാവസായിക മേഖലകളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താൻ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാർഷിക വ്യാവസായിക മേഖലകളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താൻ സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1.സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി.

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിൽപ്പന എന്നിവയെ പരിപോഷിപ്പിക്കുന്നതിനായി പി.എ.സി.എസ്. വഴി 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതിയാണ് ‘ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി’ . 7 ഉപ പദ്ധതികളുള്ള ടി സമഗ്ര പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250.00 ലക്ഷം രൂപ

സഹകരണ വകുപ്പിന്റെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

2.മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്ന പദ്ധതി.

സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾ മാതൃകാ കൃഷിത്തോട്ടം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി 883 സഹകരണ സംഘങ്ങൾ 1852 മാതൃകാ കൃഷിത്തോട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

3. 500 ഏക്കർ സ്ഥലത്ത് കൃഷിത്തോട്ടം നിർമ്മിക്കുന്ന പദ്ധതി.

സർക്കാരിന്റെ രണ്ടാം നൂറ് ദിന പരിപാടിയുടെ ഭാഗമായി 14 ജില്ലകളിലായി 408 സഹകരണ സംഘങ്ങൾ 582 ഏക്കർ 99 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.

4.കോ-ഓപ്പ് മാർട്ടുകളുടെ രൂപീകരണം

സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും ഏകീകൃത മാതൃകയിൽ ഓരോ കോ-ഓപ്പ് മാർട്ടുകൾ വീതം ആരംഭിച്ചിട്ടുണ്ട്. കോ-ഓപ്പ് മാർട്ടുകളുടെ എണ്ണം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

5. ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്

സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള സഹകരണ മേഖലയിലെ എല്ലാ ഉൽപ്പന്നങ്ങളേയും ഏകീകൃത ബ്രാൻഡിംഗിനുകീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി “ ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്” എന്ന പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുകയാണ്.

ടി പദ്ധതികൾ കൂടാതെ കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും, ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും, പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും സഹകരണ സംഘങ്ങളുടെ വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനും, മാതൃകാ സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ കാർഷിക വ്യാവസായിക മേഖലകളിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്താൻ ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) കർഷകർക്ക് വിത്തും വളവും ലഭ്യമാക്കാനുള്ള ഇടപെടലുകൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെന്ററുകളിലൂടെ കർഷകർക്ക് വിത്തും വളവും ലഭ്യമാക്കുന്നുണ്ട്.

2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പ് നടപ്പിലാക്കുന്ന സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി എന്ന പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തിയും സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് വിത്തും വളവും ലഭ്യമാകുന്നതാണ്.

## സഹകരണ വകുപ്പിന്റെ പലിശനിർണ്ണയം

276(2616) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ പലിശ നിർണ്ണയത്തിലെ അപാകതമൂലം ഭൂരിഭാഗം പ്രാഥമിക സഹകരണ സംഘങ്ങൾക്കും നിക്ഷേപ സ്വീകരണം സാമ്പത്തിക ബാധ്യതയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ സഹകരണ വകുപ്പിലെ പലിശ നിർണ്ണയം നടത്തുന്നത് ഇതിലേക്കായി രൂപീകരിച്ചിട്ടുള്ള പലിശ നിർണ്ണയ ഉന്നതതല സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്. റിസർവ് ബാങ്കിന്റെ വായ്പാ നയങ്ങൾക്കനുസൃതമായി ഇതര ബാങ്കിംഗ് സ്ഥാപനങ്ങളുടെയും സംസ്ഥാന ട്രഷറിയുടേയും പലിശയുമായി താരതമ്യം നടത്തിയാണ് സഹകരണ മേഖലയിലെ പലിശ നിർണയിച്ച് പോരുന്നത്.

നിലവിൽ ഇതര ബാങ്കിംഗ് സ്ഥാപനങ്ങളെ അപേക്ഷിച്ച് വിവിധ കാലയളവിലെ നിക്ഷേപങ്ങൾക്ക് 0.50 ശതമാനം മുതൽ 1.50 ശതമാനം വരെ സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്കിൽ വർദ്ധനവുണ്ട്. കൂടാതെ സംസ്ഥാനത്തെ സഹകരണ മേഖലയിൽ അംഗങ്ങൾ അർപ്പിച്ചിട്ടുള്ള വിശ്വാസമാണ് സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ വർദ്ധനവിന് കാരണം. ഇത് സംഘങ്ങൾക്ക് ബാധ്യതയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഏകീകൃത ബ്രാൻഡിംഗ് വിപണി**

277(2617) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയിലെ ഉൽപന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗിനുകീഴിൽ വിപണി കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിനുകീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി “ ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്” എന്ന പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. സഹകരണ മേഖലയിലെ ഉല്പന്നങ്ങളെ ഒരൊറ്റ ബ്രാൻഡിന് കീഴിലാക്കി ഒരു പൊതു ട്രേഡ് മാർക്കോടെ വിപണിയിലെത്തിക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ സഹകരണ ഉല്പന്നങ്ങൾക്ക് സ്വീകാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ കഴിയും. ദേശീയ-അന്തർദേശീയ വിപണിയിലേക്ക് ചുവടുവയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക, ഗുണനിലവാര പരിശോധന ലാബുകൾ സജ്ജമാക്കുക, ഓൺലൈൻ വിപണി സൃഷ്ടിക്കുക തുടങ്ങിയവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങളാണ്.

പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത സർട്ടിഫിക്കേഷൻ മാർക്ക് നല്കുന്നതിന് co-op kerala എന്ന ട്രേഡ് മാർക്ക് രൂപകൽപ്പന ചെയ്തിട്ടുണ്ട്. അതിന് 1999 -ലെ ട്രേഡ് മാർക്സ് ആക്ട് പ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ് മാർക്ക് രജിസ്ട്രറിയിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതുമാണ്. സഹകരണ ഉൽപ്പന്നങ്ങൾക്ക് co-op kerala സർട്ടിഫിക്കേഷൻ മാർക്ക് അനുവദിക്കുന്നതിനായി അതുമായി ബന്ധപ്പെട്ട എക്സ്പെർട്ട്, ഫുഡ്സേഫ്റ്റി ഉദ്യോഗസ്ഥർ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, സഹകരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരുൾപ്പെട്ട മാനേജിംഗ് കമ്മിറ്റി സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ co-op kerala സർട്ടിഫിക്കേഷൻ മാർക്ക് നൽകി വരികയാണ്. ആദ്യഘട്ടത്തിൽ 12 സംഘങ്ങളുടെ 28 ഉൽപ്പന്നങ്ങൾക്ക് co-op kerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിയിട്ടുണ്ട്. സുരക്ഷിത ഭക്ഷ്യ വിഭവങ്ങൾ ഉൾപ്പെടെ സഹകരണ മേഖലയിലെ വൈവിദ്ധ്യവും ഗുണനിലവാരമുള്ളതുമായ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി എല്ലാ ജില്ലകളിലും ഏകീകൃത മാതൃകയിൽ ഓരോ കോ-ഓപ്പ് മാർട്ടുകൾ ഇതിനകം

ആരംഭിച്ചിട്ടുണ്ട്. കോ-ഓപ്പ് മാർട്ടുകളുടെ എണ്ണം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഉൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നും കോ-ഓപ്പ് മാർട്ടുകളിലേക്ക് ആവശ്യമായ സാധനങ്ങൾ എത്തിക്കുന്നതിനായുള്ള ലോജിസ്റ്റിക്സ് ചുമതല നോർത്ത് മലബാർ ഡിസ്ട്രിക്ട് സപ്ലൈ & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ്.1103 (എൻ.എം.ഡി.സി)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി ഇ-സെല്ലിംഗ് മൊബൈൽ ആപ്ലിക്കേഷൻ ആന്റ് വെബ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ (E-selling mobile application & Web application software) തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗതിയിലാണ്. ആദ്യഘട്ടം ഔട്ട്‌ലെറ്റുകൾക്ക് ആവശ്യമായ സാധനങ്ങളുടെ സ്റ്റോക്ക് വിവരം മനസ്സിലാക്കി മൊബൈൽ വഴിയോ വെബ്സൈറ്റ് മുഖേനയോ ഉല്പാദകർക്ക് ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയും വിധമുള്ള സോഫ്റ്റ്‌വെയറാണ് നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ഉപഭോക്താക്കൾക്കും ഓർഡർ നൽകി സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ പ്രാബല്യത്തിൽ വരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

## സഹകരണ സംഘങ്ങൾ

278(2618) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെയും അവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെയും വിശദാംശം ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) സഹകരണ സംഘങ്ങളുടെ പുരോഗതിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും, ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിക്കുകയും ടി കമ്മിറ്റികളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകാരത്തോടെ Request for Proposal (RFP) തയ്യാറാക്കുകയും 18-12-2021 -ന് RFP ഇ-ടെണ്ടർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ്വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യത്തോടെ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് ഏകീകൃത സോഫ്റ്റ്വെയർ തയ്യാറാക്കുന്നത്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

<u>2. ICDMS (Integrated Co-operative Department Management System)</u>

സഹകരണ വകുപ്പിന്റെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം താഴെപ്പറയുന്ന 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.

- സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതുജനങ്ങൾക്ക്/സഹകരണ സംഘങ്ങൾക്ക് തന്നെ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിനും ആയതിനുള്ള ഫീസ് ഒടുക്കുന്നതിന് ട്രഷറി ഓൺലൈൻ പേമെന്റ് ഗേറ്റ്വേയുമായി സംയോജിപ്പിച്ചിട്ടുള്ളതുമാണ്. നിലവിൽ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവയുടെ അപേക്ഷകൾ സമർപ്പിക്കുന്നതും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ടി സംവിധാനത്തിലൂടെയാണ്.

•ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ- സംസ്ഥാന/എൻ.സി.ഡി.സി പദ്ധതികളിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേക്കായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. ധനസഹായം

സംബന്ധിച്ച മുഴുവൻ വിവരങ്ങളും ഈ മോഡ്യൂളിൽ നിന്നും ലഭ്യമാകുന്നതും ആയത് കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും കഴിയുന്നതാണ്.

•ആഡിറ്റ് മോഡ്യൂൾ- സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്‌വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള മോഡ്യൂളിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്‌മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സെപ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

3. <u>സഹകരണ ഇലക്ഷൻ മാനേജ്‌മെന്റ് സിസ്റ്റം</u>

സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

4. <u>Co-operative Audit Monitoring & Information System (CAMIS)</u>

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി

ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS -ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി **www.camis.kerala.gov.in** എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

5. പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകളിലേക്ക് കൂടുതൽ വായ്പകൾ നൽകി വരുന്നു. കൂടാതെ കർഷകരുടെ എല്ലാത്തരം ആവശ്യങ്ങൾക്കുമുള്ള വായ്പകൾ കാർഷിക വികസന ബാങ്കുകൾ വഴി ലഭ്യമാണ്.

കോവിഡും പ്രളയവുംമൂലം ഒട്ടുമിക്ക പ്രാഥമിക ബാങ്കുകളുടെയും കുടിശ്ശികയും നിഷ്ക്രിയ ആസ്തികളും ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ കുറയ്ക്കാനായി കേന്ദ്ര ബാങ്കിന്റെ നേതൃത്വത്തിൽ 2022 വർഷം 100% റിക്കവറി ക്യാമ്പയിൻ ആരംഭിക്കുകയും അതിന്റെ ഭാഗമായി

മേഖല ഓഫീസുകൾ കേന്ദ്രീകരിച്ച് കുടിശ്ശിക നിവാരണ യജ്ഞങ്ങൾ നടത്തി വരികയും ചെയ്യുന്നു.

6. ആധുനിക ബാങ്കിംഗ് സോഫ്റ്റ്‌വെയറായ ഫിനാക്കിൾ കേരള ബാങ്കിൽ പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഈ പ്രവർത്തനം പൂർത്തിയാകുന്നതോടുകൂടി എല്ലാവിധ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളും സംസ്ഥാനത്ത് സഹകരണ മേഖലയിൽ ലഭ്യമാകുന്നതാണ്. കാർഷികേതര മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രാഥമിക സംഘങ്ങളിലൂടെ 'സമഗ്ര' എന്ന പേരിൽ പ്രത്യേക വായ്പാപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി PACS as MSC എന്ന പദ്ധതിയും കേരള ബാങ്ക് മുഖേന നടപ്പിലാക്കി വരുന്നു.

7. <u>വനിതാ ഫെഡ്</u>

കേരള വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം നം.4440 (വനിത ഫെഡ്) സർക്കാർ ഫണ്ട് വിനിയോഗിച്ച് വിവിധ ജില്ലകളിലുള്ള അംഗ സംഘങ്ങൾക്ക് സംഘം കമ്പ്യൂട്ടറൈസേഷൻ ചെയ്യുന്നതിനും ഡ്രൈവിംഗ്

സ്റ്റൂൾ, നീതി മെഡിക്കൽസ്, ഗാർമെന്റ് പർച്ചേസ്, തുണി ബാഗ്, പേപ്പർ ബാഗ്, മാസ്ക്ക് നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വായ്പ നൽകിയിട്ടുണ്ട്. ഇതിനുപുറമേ അംഗസംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതുവഴി പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിന് അംഗസംഘങ്ങളെ പ്രാപ്തരാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

8. <u>കൺസ്യൂമർഫെഡ്</u>

1. സെൻട്രൽ പർച്ചേസ് മുഖേന വിവിധ ബ്രാൻഡ് മാർക്കുകളുടെ വാങ്ങലിനുവേണ്ടി പ്രമുഖ ദിനപത്രങ്ങളിലൂടെ പരസ്യം നൽകി www.tenderwizard.com/CFED എന്ന വെബ്സൈറ്റ് മുഖേന ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കി.

2.www.consumerfed.in എന്ന വെബ്സൈറ്റിലൂടെയും ഫോൺ മുഖാന്തിരവും ആവശ്യമായ സാധനങ്ങളുടെ ഓർഡറുകൾ സ്വീകരിച്ച് ഓൺലൈൻ/ഹോം ഡെലിവറി സംവിധാനം വഴി ഉപഭോക്താക്കൾക്ക് വിതരണം നടത്തിവരുന്നുണ്ട്.

3. എല്ലാവിധ നിത്യോപയോഗ സാധനങ്ങളും വിലക്കുറവിലും ഗുണമേന്മയിലും വിശ്വസ്തതയിലും ലഭിക്കുന്ന ത്രിവേണി സൂപ്പർമാർക്കറ്റുകളിൽ നിന്ന് ഓൺലൈനായി സാധനങ്ങൾ ബുക്ക് ചെയ്ത് വാങ്ങുവാൻ കഴിയുന്ന വിധത്തിൽ "ത്രിവേണി ആപ്പ്" ലോഞ്ചിംഗ് നടത്തി.

4. മദ്യയിനങ്ങൾ ഓൺലൈനായി ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം **fl.consumerfed.in** എന്ന വെബ്സൈറ്റിലൂടെ കൺസ്യൂമർഫെഡിന്റെ മുഴുവൻ വിദേശമദ്യ ഷോപ്പുകളിലും ആരംഭിച്ചു.

5. കൺസ്യൂമർഫെഡിന്റെ എല്ലാതലത്തിലുമുള്ള ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി ഏകദിന/ദ്വിദിന ശിൽപശാലകൾ നടത്തി പരിശീലനം നൽകി.

6. സാമൂഹ്യമാധ്യമങ്ങളിലൂടെയും AIR, പത്രദൃശ്യ മാധ്യമങ്ങളിലൂടെയും വ്യാപകമായ പ്രചാരണ പരിപാടികൾ വിപണന പ്രോത്സാഹനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.

9. <u>ഹൗസ് ഫെഡ്</u>

കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, അംഗസംഘങ്ങൾ വഴി താഴ്ന്ന വരുമാനക്കാർക്കും ഇടത്തരം

വരുമാനക്കാർക്കും (EWS, LIG) ഭവന വായ്പകൾ നൽകി വരുന്നു. വാണിജ്യ ബാങ്കുകളോട് കിടപിടിക്കുന്ന രീതിയിലുള്ള വായ്പാ സംവിധാനവും നൂതന സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പണമിടപാടുകളും ആധുനിക രീതിയിലുള്ള കമ്പ്യൂട്ടറൈസേഷനുംമൂലം വായ്പാ പ്രവർത്തനത്തിൽ പ്രൊഫഷണലിസവും നടപ്പാക്കുന്നതിന് ഇതിനകം തന്നെ പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ പ്രാപ്തരായിട്ടുണ്ട്. ഇതിനുള്ള എല്ലാ സഹായ സഹകരണവും പ്രോൽസാഹനവും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ നൽകിവരുന്നു. നാളിതുവരെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ 243301 ഭവനങ്ങൾ നിർമ്മിക്കുന്നതിന് 2,37,588.76 ലക്ഷം രൂപ വിതരണം നടത്തിയിട്ടുണ്ട്.

10. സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉദ്ധാരണത്തിനും പുരോഗതിക്കുമായി സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വിവിധ ധനസഹായങ്ങൾ നൽകി വരുന്നു.

1. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം

10,000/- രൂപ നിരക്കിൽ ആദ്യത്തെ അഞ്ചു വർഷവും ടി അഞ്ചു വർഷക്കാലയളവിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000/- രൂപ നിരക്കിൽ തുടർന്നുള്ള മൂന്ന് വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചുവരുന്നു.

2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി പരമാവധി 5.00 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.

3. സംഘങ്ങളുടെ ഓഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5.00 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുന്നു.

4. സംഘങ്ങൾക്ക് സർക്കാർ ഓഹരിമൂലധനമായി പരമാവധി 4.00 ലക്ഷം രൂപ അനുവദിക്കുന്നു.

5. വിവിധ പ്രോജക്റ്റുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20.00 ലക്ഷം രൂപ (ഓഹരി -5.00 ലക്ഷം രൂപ + സബ്സിഡി- 15.00 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

6. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ ആരംഭിക്കുന്നതിന് 5.00 ലക്ഷം രൂപ (ഓഹരി- 150,000 രൂപ + സബ്സിഡി - 350,000 രൂപ) അനുവദിച്ചുവരുന്നു.

7. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40.00 ലക്ഷം രൂപ (ഓഹരി -10.00 ലക്ഷം രൂപ + വായ്പ -30.00 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

8. സംഘങ്ങളെ ശരിയായ രീതിയിൽ പ്രവർത്തിപ്പിച്ച് അവയെ ലാഭകരമാക്കി തീർക്കുകയെന്ന ലക്ഷ്യത്തോടെ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പരമാവധി 50.00 ലക്ഷം രൂപ (ഓഹരി -20.00 ലക്ഷം രൂപ + സബ്സിഡി -30.00 ലക്ഷം രൂപ) അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം അംഗീകരിച്ചിട്ടുണ്ട്.

9. ഇതിനുപുറമെ റിവോൾവിംഗ് ഫണ്ടിനത്തിലും ടി സംഘങ്ങൾക്ക് പരമാവധി 5.00 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

കൂടാതെ സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയായ പുനർജ്ജനി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി -50%, ഓഹരി - 35%) ധനസഹായമായി അനുവദിക്കുന്നുണ്ട്.

11. സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയുന്നതിന് ആഡിറ്റ്, ഇൻസ്പെക്ഷൻ എന്നിവ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ഇന്ത്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ സഹകരണ ആഡിറ്റ് ഡയറക്ടർ തസ്തികയിൽ നിയമിച്ചു.

സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശ്വാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിലും സമഗ്ര നിയമ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. സമഗ്ര നിയമ

പരിഷ്കരണത്തിന് ശിപാർശ സമർപ്പിക്കുവാൻ അന്നത്തെ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അധ്യക്ഷനായ ഒരു സമിതിയെ നിയമിച്ചിരുന്നു. പ്രസ്തുത സമിതി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധിച്ച് വിശദമായ ശിപാർശ സമർപ്പിക്കാൻ ശ്രീ. ജോസ് ഫിലിപ്പ് (റിട്ട. അഡീഷണൽ രജിസ്ട്രാർ) അധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചു. അവർ ലഭ്യമാക്കിയ റിപ്പോർട്ട് വിശദമായ വിശകലനങ്ങൾക്കുശേഷം ഒരു കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ സമഗ്ര പരിഷ്കരണത്തിനായി പുതിയ നിയമഭേദഗതി ലക്ഷ്യമിടുന്നു.

<u>കർഷക കടാശ്വാസം പദ്ധതി</u>

വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുകയും ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്യുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന്

റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയിൽ നിന്നും കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്ന തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്നു.

<u>മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി</u>

കേരള സംസ്ഥാനത്തിലെ മത്സ്യത്തൊഴിലാളികൾ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ ടി പദ്ധതിയിൻ കീഴിൽ സർക്കാരിൽനിന്നും പരമാവധി 75000/- രൂപ കടാശ്വാസമായി അനുവദിക്കുകയും ടി തുക വായ്പയുടെ മുതൽ തുകയിൽ വരവ് വയ്ക്കുകയാണ് ചെയ്യുന്നത്. മുതൽ തുകയിൽ കടാശ്വാസം അനുവദിച്ച തുകയിൽ അധികരിച്ച് ബാക്കി നിൽക്കുന്ന തുക വായ്പാക്കാരൻ അടയ്ക്കേണ്ടതും പലിശ, പിഴപ്പലിശ എന്നിവ സംഘങ്ങൾ/ബാങ്കുകൾ എഴുതിതള്ളേണ്ടതുമാണ്. 01-01-2001 മുതൽ 31-12-2007 വരെ വിതരണം ചെയ്തിട്ടുള്ള വായ്പകളിൽ, 31-12-2009 -ൽ ബാക്കി നിൽക്കുന്ന പലിശയുടെ 25% തുകയും സർക്കാരിൽ നിന്നും അനുവദിക്കുന്നതാണ്. കൂടാതെ

മത്സ്യത്തൊഴിലാളികൾ 01-01-2008 മുതൽ 31-12-2008 വരെ എടുത്ത വായ്പകൾക്ക് മുതൽ ഇനത്തിൽ പരമാവധി അനുവദിക്കാവുന്ന തുക 1,00,000/- രൂപയും പലിശ കണക്കാക്കുന്ന തീയതി 31-03-2018 എന്നും നിശ്ചയിച്ചിട്ടുണ്ട്.

12. സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ പുരോഗതിക്കായി സംസ്ഥാന പദ്ധതിയിനത്തിൽ 15583.00 ലക്ഷം രൂപയും, എൻ.സി.ഡി.സി പദ്ധതിയിനത്തിൽ 4040.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 19623.00 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ചുവടെ പറയുന്ന പദ്ധതികൾ മുഖേനയാണ് ടി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

1. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പാക്കുന്ന (ഐ.സി.ഡി.പി) പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം.

2. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള വായ്പാ ധനസഹായം.

3. സംസ്കരണ സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം.

4. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം.

5. സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള സഹായം.

6. സഹകരണ പ്രചരണത്തിനുള്ള സഹായം.

7. അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ)-നുള്ള ധനസഹായം.

8. സഹകരണ വകുപ്പിൽ പരിശീലനത്തിന് സഹായം.

9. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാഡമിക്ക് നൽകുന്ന സഹായം(CAPE).

10. സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണം.

11. സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണം.

12. കേരള കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രൂപീകരണം.

13. മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.

14. സഹകരണ സംഘങ്ങളുടെ വികസനത്തിനും വൈവിദ്ധ്യവത്കരണത്തിനുമുള്ള ധനസഹായം.

15. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം.

16. മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.

17. വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള സഹായം.

18. സഹകരണ അംഗസമാശ്വാസ നിധിയിലേയ്ക്കുള്ള ധനസഹായം (മെമ്പർ റിലീഫ് ഫണ്ട്).

19. ഗ്രാമീണ അടിസ്ഥാന സൗകര്യവികസന നിധി (ആർ.ഐ.ഡി.എഫ്.)

20. പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം.

21. സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി.

22. സഹകരണ പരീക്ഷാ ബോർഡിനുള്ള സഹായം (പുതിയ പദ്ധതി).

എൻ. സി. ഡി. സി. പദ്ധതി

23. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം.

24. പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുകൾക്കുമുള്ള സഹായം.

25. സംയോജിത സഹകരണ വികസന പദ്ധതി (ഐ. സി. ഡി. പി)

13. <u>അക്ഷര മ്യൂസിയം</u>

കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സാഹിത്യ പ്രവർത്തക സഹകരണസംഘം ലി.നം. 2458-ന്റെ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയാണ് 'അക്ഷര മ്യൂസിയം'. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ കോട്ടയം നാട്ടകത്തുള്ള സ്ഥലത്താണ് മ്യൂസിയം നിർമ്മിക്കുന്നത്. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് വിഭാവനം ചെയ്യുന്ന 'അക്ഷര മ്യൂസിയം' ഇരുപത്തി അയ്യായിരം ചതുരശ്ര അടിയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം പൂർണ്ണമായും പരിസ്ഥിതി

സൗഹാർദ്ദപരവും ഭിന്നശേഷി സൗഹാർദ്ദപരവുമായിരിക്കും. അന്തർദ്ദേശീയ നിലവാരത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ് മ്യൂസിയം നിർമ്മിക്കുന്നത്. നാലുഘട്ടങ്ങളിലായാണ് 'അക്ഷര മ്യൂസിയം' പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. പൂർണ്ണമായും സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് 'അക്ഷര മ്യൂസിയം'. പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ

279(2619) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായി എന്നതിന്റെ വിശദവിവരം നൽകുമോ?

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. മോണിറ്ററിംഗ് കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി

എന്നിവ രൂപീകരിക്കുകയും ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ തയ്യാറാക്കിയ Request for Proposal (RFP) സർക്കാർ അംഗീകരിക്കുകയും സർക്കാരിന്റെ നിർദ്ദേശാനുസരണം RFP പ്രകാരമുള്ള ടെണ്ടർ 23-01-2021-ന് ഇ-ടെണ്ടർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ടെണ്ടറിൽ ആരും തന്നെ പങ്കെടുക്കാത്തതിനാൽ റീടെണ്ടറിംഗിനുള്ള നടപടികൾ സ്വീകരിച്ചു. RFP-യിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ RFP പ്രകാരമുള്ള ടെണ്ടർ 18-12-2021-ന് ഇ-ടെണ്ടർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 12-05-2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ്വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് സഹകരണ ബാങ്കുകളുടെ ഓഡിറ്റ് ജോലികൾ നിർവ്വഹിക്കുന്നതിന് സഹകരണ ഓഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവീസിലെ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

നിയമിച്ചിട്ടുണ്ട്. ഇന്ത്യൻ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവീസിലെ ശ്രീമതി ഷെറിൻ എം.എസ്. -നെ 3 വർഷകാലയളവിലേയ്ക്ക് സഹകരണ ഓഡിറ്റ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവായിട്ടുള്ളതും ടിയാൾ 01-02-2022-ൽ ചുമതല ഏറ്റെടുത്തിട്ടുള്ളതുമാണ്.

## ഊരാളുങ്കൽ സഹകരണ സംഘത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ പലിശ നിരക്ക്

280 (2620) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ സഹകരണ സംഘത്തിലെ സ്ഥിര നിക്ഷേപങ്ങളുടെ പലിശ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം സ്ഥിര നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക് നൽകുന്നതിന് പ്രസ്തുത സംഘത്തിന് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ക്ലിപ്തം നമ്പർ 10957 സ്ഥിരനിക്ഷേപങ്ങൾക്ക് സാധാരണ പൗരന്മാർക്ക് 8% നിരക്കിലും മുതിർന്ന പൗരന്മാർക്ക് 8.5% നിരക്കിലും പലിശ നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവർക്ക് സ്ഥിര നിക്ഷേപം സ്വീകരിക്കുന്നതിന് നൽകുന്ന പലിശ നിരക്ക് തീരുമാനിക്കുന്നതിനായി സംസ്ഥാനതല പലിശ നിർണ്ണയ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഉപസമിതിയുടെ തീരുമാന പ്രകാരം സഹകരണ സംഘം രജിസ്ട്രാറാണ് പലിശ നിരക്ക് നിർണ്ണയിച്ച് സർക്കുലർ ഇറക്കുന്നത്. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ എന്നിവ പോലെയുള്ള നോൺ ക്രെഡിറ്റ് വിഭാഗത്തിൽ വരുന്ന സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനായി സർക്കാരിന്റെ

പ്രത്യേക ഉത്തരവുകൾ പ്രകാരം അധിക പലിശ നിരക്ക് അനുവദിച്ചു നൽകി വരുന്നുണ്ട്. ഇത്തരത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിനും പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിനായി 1% അധിക പലിശ നിരക്കിൽ പൊതുജനങ്ങളിൽ നിന്നും മറ്റും സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ആയതുപ്രകാരമാണ് ടി സംഘം ഡെപ്പോസിറ്റുകൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശത്തിൽ 1% അധികരിച്ച് പലിശ നിരക്ക് അനുവദിക്കുന്നത്. സഹകരണ സ്ഥാപനങ്ങൾക്ക് പലിശ നിരക്ക് അനുവദിച്ച് നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമില്ല.

(ബി) ട്രഷറി നിക്ഷേപങ്ങളെക്കാൾ ഉയർന്ന പലിശ നിരക്ക് ഊരാളുങ്കൽ പോലെയുള്ള സ്ഥാപനങ്ങൾ നൽകുന്നതിലൂടെ ട്രഷറിയിലെ സ്ഥിര നിക്ഷേപത്തിൽ കുറവ് സംഭവിക്കുമെന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇപ്രകാരമൊരു തീരുമാനമെടുത്തതിന്റെ സാഹചര്യം വ്യക്തമാക്കുമോ?

ട്രഷറി നിക്ഷേപങ്ങളേക്കാൾ ഉയർന്ന പലിശ നിരക്ക് ഊരാളുങ്കൽ പോലെയുള്ള സ്ഥാപനങ്ങൾക്ക് നൽകുന്നതിലൂടെ ട്രഷറിയിലെ സ്ഥിരനിക്ഷേപത്തിൽ കുറവ് സംഭവിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നിക്ഷേപ സമാഹരണ യജ്ഞം**

281(2621) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ റിസർവ് ബാങ്ക് മുന്നറിയിപ്പ് നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

മുന്നറിയിപ്പ് നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു.

(ബി) പ്രസ്തുത അറിയിപ്പിന് ശേഷമായിരുന്നോ നിക്ഷേപ സമാഹരണ യജ്ഞം പ്രഖ്യാപിച്ചത്; വിശദമാക്കാമോ?

Press Release 2021-2022/1230-ന ശേഷമായിരുന്നു 42-ാമത് നിക്ഷേപസമാഹരണ യജ്ഞം കേരളത്തിൽ നടന്നത്. " സഹകരണ നിക്ഷേപം നാടിന്റെ തുടർ വികസനത്തിനായി" എന്നതാണ് 2022-ലെ നിക്ഷേപ സമാഹരണ ക്യാമ്പയിന്റെ മുദ്രാവാക്യം. 42-ാമത് നിക്ഷേപ

സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 6000 കോടി രൂപയാണ്. എന്നാൽ 9967.43 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് സഹകരണ മേഖലയിലുള്ള ജനവിശ്വാസം നിലനിർത്താനായതിന്റെ പ്രതിഫലനമാണെന്ന് വിലയിരുത്താം.

## ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

282(2622) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രെഡിറ്റഡ് ഏജൻസികളല്ലാത്ത ഏതൊക്കെ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ് കോഴിക്കോട് ജില്ലയിൽ മരാമത്ത് പ്രവൃത്തികളേറ്റെടുത്ത് നടത്താൻ സാധിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഒരേ സമയം എത്ര തുകയ്ക്കുള്ള പ്രവൃത്തികളാണ് ഇത്തരം സൊസൈറ്റികൾക്ക് ഏറ്റെടുത്ത് നടത്താൻ സാധിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) സഹകരണ വകുപ്പ് നൽകുന്ന വർക്ക് ക്ലാസിഫിക്കേഷൻ (എ, ബി, സി) ലഭിച്ച ജില്ലയിലെ എല്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും മരാമത്ത് പ്രവൃത്തികളേറ്റെടുത്ത് നടത്താൻ സാധിക്കും. ഇത്തരം സൊസൈറ്റികൾക്ക് ഒരേസമയം ഏറ്റെടുത്ത് നടത്താൻ സാധിക്കുന്ന പ്രവൃത്തികൾ ചുവടെ പറയും പ്രകാരമാണ്.

'എ' ക്ലാസ് സംഘങ്ങൾക്ക് - ഒരു വർക്കിന്റെ പരിധി 2 കോടി രൂപ, ആകെ വർക്കുകളുടെ പരിധി 10 കോടി രൂപ.

'ബി' ക്ലാസ് സംഘങ്ങൾക്ക് - ഒരു വർക്കിന്റെ പരിധി 1 കോടി രൂപ, ആകെ വർക്കുകളുടെ പരിധി 5 കോടി രൂപ.

'സി' ക്ലാസ് സംഘങ്ങൾക്ക് - ഒരു വർക്കിന്റെ പരിധി 50 ലക്ഷം രൂപ, ആകെ വർക്കുകളുടെ പരിധി 2 കോടി രൂപ.

(സി) അക്രെഡിറ്റഡ് ഏജൻസികളല്ലാത്ത ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ടെണ്ടറിൽ പങ്കെടുക്കുമ്പോൾ സഹകരണ വകുപ്പിൽ നിന്നും സമർപ്പിക്കേണ്ട രേഖകൾ ഏതൊക്കെ; വിശദമാക്കാമോ?

സംഘത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ക്ലാസിഫിക്കേഷൻ ഉത്തരവ്, വർക്ക്-ഇൻ-ഹാന്റ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

## കാസർഗോഡ് ജില്ലയിലെ യുവ സഹകരണ സംഘങ്ങൾ

283(2623) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യുവ സഹകരണ സംഘങ്ങൾ ഏതെല്ലാമാണെന്നും ഓരോ സംഘങ്ങളുടെയും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യുവ സഹകരണ സംഘങ്ങളുടെ പേരുവിവരവും ഓരോ സംഘങ്ങളുടെയും പ്രവർത്തന പുരോഗതിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംഘത്തിന്റെ പേര് | പ്രവർത്തന പുരോഗതി |
|---|---|---|
| 1. | കാസർഗോഡ് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 588 | കേരളത്തിലെ 140 നിയമസഭാ മണ്ഡലങ്ങളിലും മിതമായ നിരക്കിൽ ഭക്ഷണം വിതരണം ചെയ്യുന്നതിനായുള്ള സർക്കാരിന്റെ സുഭിക്ഷ ഹോട്ടൽ സംഘത്തിന്റെ കീഴിൽ ഉദുമ നിയോജക മണ്ഡലത്തിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നുണ്ട്. |
| 2. | യുവാസ് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 589 | പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഓഫീസ് തുറന്നിട്ടില്ല. |
| 3. | കാസർഗോഡ് വ്യാപാര | പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓഫീസ് |

| | | |
|---|---|---|
| | യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.590 | തുറന്നു പ്രവർത്തിക്കുന്നു. |
| 4. | കാസർഗോഡ് എസ് റ്റി യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 599 | 19-05-2022 -ൽ രജിസ്റ്റർ ചെയ്തു. പ്രവർത്തനം ആരംഭിച്ചിട്ടില്ല. |

## സഹകരണ റൈസ് മില്ലുകൾ

284(2624) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകരെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് സഹകരണ മേഖലയിൽ റൈസ് മില്ലുകൾ ആരംഭിക്കുന്നതിനായി ലക്ഷ്യമിട്ട് രൂപീകരിച്ച സഹകരണ സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ നെൽകർഷകരെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിന് സഹകരണ മേഖലയിൽ റൈസ് മില്ലുകൾ ആരംഭിക്കുന്നതിനായി ലക്ഷ്യമിട്ട് പാലക്കാട് ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് പാലക്കാട് ജില്ല പ്രവർത്തന പരിധിയായിക്കൊണ്ട് 'പാലക്കാട് പാഡി പ്രോക്യുർമെന്റ്

പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നമ്പർ പി-1449' (PAPCOS) എന്ന സഹകരണ സംഘവും കൂടാതെ പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുള്ളതാണ്. മേൽ രണ്ട് സംഘങ്ങളുടെയും ഇതുവരെയുള്ള പ്രവർത്തനം ചുവടെ ചേർക്കുന്നു.

' പാലക്കാട് പാഡി പ്രോക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി.നമ്പർ പി-1449 ' (PAPCOS)

- 01-07-2019 -ന് സംഘത്തിൽ തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതി നിലവിൽ വന്നു.
- നിലവിൽ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്.
- സർക്കാർ ഓഹരി മൂലധനം ഒരു കോടി രൂപയും സബ്സിഡിയായി ഒരു കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

•അംഗങ്ങളിൽ നിന്നും ഓഹരി മൂലധനം 137000000/- (പതിമൂന്ന് കോടി എഴുപതു ലക്ഷം ) രൂപ സമാഹരിച്ചിട്ടുണ്ട്.

•16-07-2019 -ന് മോഡേൺ റൈസ് മിൽ പദ്ധതിക്കായി പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്തിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ ഭൂമി 63618000/-(ആറു കോടി മുപ്പത്തി ആറു ലക്ഷത്തി പതിനെട്ടായിരം) രൂപയ്ക്ക് സംഘത്തിന്റെ ഉടമസ്ഥതയിൽ ഏറ്റെടുത്തിട്ടുണ്ട്.

•മോഡേൺ റൈസ് മിൽ പദ്ധതിയുടെ സാങ്കേതികപരമായ കാര്യങ്ങളെക്കുറിച്ച് അവലോകനം ചെയ്യുന്നതിന് വിവിധ മേഖലകളിലെ വിദഗ്ധരടങ്ങുന്ന 11 അംഗ ടെക്നിക്കൽ കമ്മിറ്റിയെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

•സംഘത്തിന്റെ മോഡേൺ റൈസ് മിൽ പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം 16-07-2020 -ന് ഓൺലൈനായി ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു.

•സംഘത്തിന്റെ ഹെഡ് ഓഫീസ് പാലക്കാട് പ്രവർത്തിച്ചു വരുന്നു.

•പദ്ധതിയെ സഹകരണ ഉൽപ്പന്ന ഔട്ട്ലെറ്റുകളുടെ പേരായ co-op mart എന്ന ട്രേഡ് നെയിമിനും 1999 -ലെ ട്രേഡ് മാർക്സ് ആക്ട് പ്രകാരം സെൻട്രൽ ഗവൺമെന്റ് ട്രേഡ് മാർക്ക് രജിസ്റ്ററിയിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്.

•റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും മേൽനോട്ടം വഹിക്കുന്നതിനും നബാർഡിന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

•സംഘത്തിന്റെ പദ്ധതി പ്രദേശത്തേയ്ക്കുള്ള 500 മീറ്റർ അപ്രോച്ച് റോഡിന്റെ നിർമ്മാണം ഇ-ടെണ്ടർ നടപടി പൂർത്തിയാക്കിക്കൊണ്ട് 16-1-2021- ന് ആരംഭിച്ച് 1,12,00,000/-(ഒരു കോടി 12 ലക്ഷം രൂപ) ചെലവ് ചെയ്ത് കോൺക്രീറ്റ് റോഡ് നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്.

•സംഘത്തിന്റെ പദ്ധതിയുടെ ഇ-ടെണ്ടർ 18-11-2020 മുതൽ മൂന്ന് തവണ നടത്തി. എന്നാൽ മതിയായ യോഗ്യതയുള്ള കമ്പനിയെ ലഭിക്കാത്തതുകൊണ്ട് പ്രസ്തുത ടെണ്ടർ നടപടികളെല്ലാം റദ്ദ

ചെയ്തുകൊണ്ട് പുതിയ ടെണ്ടർ വിളിക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്.

•പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിനായി 2022-2023 -ലെ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് NABCONS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS)

•പാലക്കാട് ജില്ല ഒഴികെ സംസ്ഥാനത്തെ 13 ജില്ലകൾ പ്രവർത്തന പരിധിയായി കോട്ടയം ആസ്ഥാനമായിക്കൊണ്ട് 27-08-2021-ൽ കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘം രജിസ്റ്റർ ചെയ്തു.

•30-09-2021-ൽ പ്രവർത്തനമാരംഭിച്ച സംഘത്തിന്റെ പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ട് തുടർനടപടി ആരംഭിച്ചുവരുന്നു.

(ബി) നെല്ല് സംഭരണത്തിനും നെല്ല് അരിയാക്കി ബ്രാൻഡ് ചെയ്ത് വിൽക്കുന്നതിനും സംഘം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മേൽ പ്രകാരമുള്ള നടപടികളല്ലാതെ നെല്ല് സംഭരണത്തിനും നെല്ല് അരിയാക്കി ബ്രാൻഡ് ചെയ്ത് വിൽക്കുന്നതിനും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല.

## സഹകരണം സൗഹൃദം പദ്ധതി

285(2625) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണം സൗഹൃദം പദ്ധതി എത്ര സഹകരണ സംഘങ്ങളിൽ നടപ്പിലാക്കിയെന്ന് അറിയിക്കാമോ?

സഹകരണം സൗഹൃദം പദ്ധതി സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലും നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം സംസ്ഥാനത്ത് 309 സഹകരണ സംഘങ്ങൾ വായ്പ നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാ ഭാഗത്തും പ്രസ്തുത വായ്പാ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും പ്രസ്തുത വായ്പാ പദ്ധതി നടപ്പിലാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സഹകരണ ബാങ്കുകളുടെ കുടിശ്ശിക നിവാരണ പദ്ധതി**

286(2626) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ നടപ്പിലാക്കുന്ന കുടിശ്ശിക നിവാരണ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ നടപ്പിലാക്കുന്ന കുടിശ്ശിക നിവാരണ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ളതും കോവിഡ് മഹാമാരി കാരണം ജീവിതം ദു:സ്സഹമായിരിക്കുന്നതുമായ വായ്പക്കാർക്ക് ആശ്വാസമാവുകയെന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു.

ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാ കണക്ക് അവസാനിപ്പിച്ച് വരുന്നു. മലപ്പുറം ജില്ലാ സഹകരണ ബാങ്കും കേരള സംസ്ഥാന സഹകരണ ബാങ്കും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്ക് പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യ തൊഴിലാളികൾ എന്നിവർ എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ള കാലാവധി കഴിഞ്ഞ വായ്പകളുടെ മുതൽ മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് ടി പദ്ധതിയിലൂടെ അവസരം നൽകുന്നുണ്ട്. കോവിഡ് മഹാമാരി കാരണം ജനജീവിതം ദു:സ്സഹമായിരുന്ന സാഹചര്യത്തിൽ 2021 ആഗസ്റ്റ് മാസം 16- ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കടിശ്ശികക്കാരായ വായ്പക്കാർക്ക് ആശ്വാസമാവുകായെന്ന ലക്ഷ്യത്തോടും അവർക്ക് പരമാവധി സാവകാശം അനുവദിക്കുന്നതിനുമായി നിലവിൽ 2022 ജൂലൈ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

## കുടിശ്ശിക നിവാരണ യജ്ഞം

287(2627) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-2022 സാമ്പത്തിക വർഷത്തിൽ സഹകരണ സംഘങ്ങൾ കുടിശ്ശിക നിവാരണ യജ്ഞം വഴി എത്ര തുക സമാഹരിച്ചെന്നും എത്ര വായ്പകൾ തീർപ്പാക്കിയെന്നും വിശദമാക്കാമോ?

കുടിശ്ശിക നിവാരണം - ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി പ്രകാരം 2021-2022 സാമ്പത്തിക വർഷത്തിൽ 12322.21 കോടി രൂപ സമാഹരിക്കുകയും 482450 വായ്പകൾ ഇളവ് അനുവദിച്ച് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ഇളവ് അനുവദിച്ച വായ്പകളുടെ എണ്ണം | സമാഹരിച്ച തുക (കോടിയിൽ) |
|---|---|---|
| തിരുവനന്തപുരം | 23938 | 700.72 |
| കൊല്ലം | 31324 | 929.02 |
| പത്തനംതിട്ട | 9684 | 262.14 |
| ആലപ്പുഴ | 10926 | 245.09 |
| കോട്ടയം | 34372 | 1148.48 |
| ഇടുക്കി | 24266 | 559.91 |
| എറണാകുളം | 78085 | 1848.38 |
| തൃശ്ശൂർ | 37666 | 1567.62 |
| പാലക്കാട് | 25979 | 865.87 |

| | | |
|---|---|---|
| മലപ്പുറം | 42141 | 817.67 |
| കോഴിക്കോട് | 31808 | 485.09 |
| വയനാട് | 8270 | 118.49 |
| കണ്ണൂർ | 76375 | 1332.58 |
| കാസർഗോഡ് | 22409 | 294.46 |
| കേരള ബാങ്ക് | 25207 | 1146.66 |
| **ആകെ** | **482450** | **12322.21** |

## പൂഞ്ഞാറിലെ മഴക്കെടുതിയിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള സഹായം

288(2628) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ 2021 ഒക്ടോബറിലുണ്ടായ മഴക്കെടുതിയിൽ വീടും വസ്തുവകകളും ജീവനോപാധികളും നഷ്ടപ്പെട്ടവരുടെ പേരിലുള്ള വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ എന്തെങ്കിലും ആശ്വാസ നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിൽ പ്രത്യേകമായി ആശ്വാസ നടപടികൾ പ്രഖ്യാപിച്ചിട്ടില്ല. എന്നിരുന്നാലും മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം /

ബാങ്കുകളിൽ നിന്നും വായ്പയെടുത്തവരിൽ പ്രളയം, മഴക്കെടുതി, കോവിഡ് മൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ട് എന്നിവമൂലം കുടിശ്ശികയായിട്ടുള്ള വായ്പാക്കാർക്ക് സഹകരണ വകുപ്പ് നടപ്പാക്കിയിട്ടുള്ള നവകേരളീയം കുടിശ്ശിക നിവാരണം - 2021 പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകളിൽ പരമാവധി ഇളവുകൾ നൽകി വായ്പകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി കാരണം ജനജീവിതം ദു:സ്സഹമായിരുന്ന സാഹചര്യത്തിൽ 2021 ആഗസ്റ്റ് മാസം 16-ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കുടിശ്ശികക്കാരായ വായ്പാക്കാർക്ക് ആശ്വാസമാവുകയെന്ന ലക്ഷ്യത്തോടും അവർക്ക് പരമാവധി സാവകാശം അനുവദിക്കുന്നതിനുമായി നിലവിൽ 2022 ജൂലൈ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വായ്പകളിന്മേലുള്ള ജപ്തി നടപടികൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വായ്പാകുടിശ്ശിക ഇളവുകളോടെ അടച്ചുതീർത്ത് ജപ്തി നടപടികളിൽ നിന്നും ഒഴിവാകുന്നതിനുള്ള സാവകാശം വായ്പക്കാർക്ക് അനുവദിക്കുകയെന്ന ഉദ്ദേശ്യത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു.

2021 ആഗസ്റ്റ് 16-ന് ആരംഭിച്ച പദ്ധതി നിലവിൽ 2022 ജൂലൈ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) നാശനഷ്ടം സംഭവിച്ച വീടുകളുടെ അറ്റകുറ്റപണികൾക്കും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും വ്യാപാര സ്ഥാപനങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുമായി വായ്പാസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വീടുകളുടെ അറ്റകുറ്റപണികൾക്കും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും വ്യാപാര സ്ഥാപനങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുമുള്ള വായ്പാ പദ്ധതികൾ നിലവിലുണ്ട്.

(ഡി) കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി നാശനഷ്ടം സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനാവശ്യമായ സഹായം ലഭ്യമാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

നാശനഷ്ടം സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനാവശ്യമായ സഹായം നൽകുന്നതിന് കെയർ ഹോം പദ്ധതിയിൽ വ്യവസ്ഥയില്ല.

## സ്നേഹതീരം വായ്പാ പദ്ധതി

289(2629) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ തൊഴിലാളികൾക്കായി നടപ്പിലാക്കിയ സ്നേഹതീരം വായ്പാ പദ്ധതി എത്ര സഹകരണ സംഘങ്ങൾ വഴിയാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(ബി) നാളിതുവരെ എത്ര വായ്പകൾ പ്രസ്തുത പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) എത്ര രൂപയാണ് വായ്പയായി നൽകിയിരിക്കുന്നത്; അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ നൽകുന്ന വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-ഡി) കേരളത്തിലെ കടൽതീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യബന്ധന തൊഴിലാളികൾക്കും മത്സ്യവിപണന തൊഴിലാളികൾക്കും മത്സ്യ സംസ്കരണ തൊഴിലാളികൾക്കും സഹകരണ മേഖലവഴി ലളിതമായ നടപടിക്രമങ്ങളിലൂടെ വളരെ ചെറിയ പലിശ മാത്രം ഈടാക്കി വായ്പ

നൽകുന്ന പദ്ധതിയാണ് സ്നേഹതീരം. പദ്ധതി നടപ്പാക്കുന്നതിനുള്ള മേൽനടപടികൾ പൂർത്തിയായി വരുന്നു.

**റിസ്ക് ഫണ്ട് പദ്ധതിയുടെ നിയമാവലിയിൽ കാലാനുസൃതമായ മാറ്റം**

290(2630) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്ന് റിസ്ക്ഫണ്ട് ധനസഹായം അനുവദിക്കുന്നതിലേക്കായി ആകെ 107 അപേക്ഷകൾ സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുന്നു. അതിൽ 2 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുള്ളതും ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ 2 അപേക്ഷകൾ നിരസിച്ച് ബന്ധപ്പെട്ട സംഘങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. ബാക്കി 103 അപേക്ഷകൾ സഹകരണ വികസന

ക്ഷേമനിധി ബോർഡിൽ കുടിശ്ശികയായുണ്ട്. ടി കുടിശ്ശിക അപേക്ഷകളിൽ 19 അപേക്ഷകളിൽ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട സംഘങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതും 6 അപേക്ഷകളിൽ ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ നിരസിക്കുന്നതിനും 9 അപേക്ഷകളിൽ റിസ്ക്ഫണ്ട് ധനസഹായം നൽകുന്നതിനുമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ബാക്കി 69 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) റിസ്ക് ഫണ്ട് പദ്ധതിയുടെ നിയമാവലിയിൽ കാലാനുസൃതമായ മാറ്റം വരുത്തുവാൻ സർക്കാർ തയ്യാറാകുമോ?

കാലാകാലങ്ങളിൽ റിസ്ക്ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തി പരിഷ്കരിച്ചുവരുന്നുണ്ട്. ഏറ്റവും ഒടുവിലായി 20-09-2019-ലാണ് റിസ്ക്ഫണ്ട് നിയമാവലിയിലെ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി അംഗീകരിച്ചത്. റിസ്ക്ഫണ്ട് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിയമാവലി ഭേദഗതി 08-06-2022-ൽ സഹകരണ വികസന ക്ഷേമനിധി ബോർഡ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതി വരുത്തുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ചെറുകിട കുടിൽ വ്യവസായ സംരംഭങ്ങൾക്ക് പ്രാഥമിക സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും നൽകുന്ന വായ്പകളും അവയുടെ നടപടിക്രമങ്ങളും വിശദമാക്കാമോ?

കേരള ബാങ്ക് മുഖേന ചെറുകിട കുടിൽ വ്യവസായ സംരംഭങ്ങൾക്കുൾപ്പെടെ KB Pravasi Bhadratha, KB Suvidha Plus, KB Pravasi Kiran, KB Suvidha തുടങ്ങിയ പദ്ധതികളിലായി വായ്പകൾ നൽകുന്നുണ്ട്. 5 ലക്ഷം രൂപ വരെയുള്ള KB Pravasi Bhadratha, KB Suvidha Plus വായ്പകൾ വായ്പാക്കാരൻ ചെയ്യാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ അടിസ്ഥാനത്തിൽ ലളിതമായ ജാമ്യ വ്യവസ്ഥയിൽ അനുവദിക്കുന്നു. 24 ലക്ഷം രൂപ വരെയുള്ള KB Pravasi Kiran, KB Suvidha വായ്പകൾ കൊളാറ്ററൽ സെക്യൂരിറ്റിയോടുകൂടി അനുവദിക്കുന്നു. ഇതിനായി ചെയ്യാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ രൂപരേഖയോടൊപ്പം ഈട് വസ്തുവിന്റെ വിശദാംശങ്ങൾ കൂടി സമർപ്പിക്കേണ്ടതാണ്. KB Pravasi Kiran, KB Pravasi Bhadratha തുടങ്ങിയ വായ്പകൾക്ക് Norka Roots-ൽ നിന്നും പ്രത്യേക സബ്സിഡിയും (പദ്ധതി ചെലവിന്റെ 15%, പലിശയുടെ 3%) ലഭ്യമാക്കുന്നുണ്ട്.

## റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ

291(2631) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ?

വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി 1,50,000/- രൂപയും വായ്പയെടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പാബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പക്കാർക്ക് വായ്പാ ബാക്കിനിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി 75,000/- രൂപയും അനുവദിച്ച് വന്നിരുന്നത് 20-09-2019 - ലെ സ.ഉ. (കൈ) നം. 35/2019/സഹ നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് മരണാനന്തര സഹായം 2 ലക്ഷം രൂപയായും ചികിത്സാ ധനസഹായം 1 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിരുന്നു. ടി ആനുകൂല്യങ്ങൾ യഥാക്രമം 3,00,000/- രൂപയും 1,25,000/- രൂപയുമായും വർദ്ധിപ്പിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ ലഭിക്കുന്ന

മുറയ്ക്ക് ആയത് പരിശോധിച്ച് തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) കോഴിക്കോട് ജില്ലയിൽ നിന്നും ഏതു തീയതി വരെയുള്ള അപേക്ഷകളാണ് തീർപ്പുകൽപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ കോഴിക്കോട് ജില്ലയിൽ നിന്നും 31-12-2020 വരെ ലഭ്യമായ റിസ്ക്ക്ഫണ്ട് ധനസഹായ അപേക്ഷകൾ തീർപ്പ് കൽപ്പിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 31-03-2021 വരെയുള്ള അപേക്ഷകൾ പരിശോധിച്ച് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) കാലതാമസം ഒഴിവാക്കി അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കാലതാമസം ഒഴിവാക്കി അപേക്ഷകൾ കൂടുതൽ വേഗത്തിൽ തീർപ്പാക്കി അർഹരായ മുഴുവൻ അപേക്ഷകർക്കും റിസ്ക്ക്ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകുന്നതാണ്.

## പൂഞ്ഞാർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം

292(2632) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി പൂഞ്ഞാർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിലേക്കായി 83 അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുണ്ട്.

(ബി) അവയിൽ എത്രപേർക്ക് പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

അവയിൽ അർഹരായ 4 അപേക്ഷകർക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) എത്ര അപേക്ഷകൾ റിസ്ക് ഫണ്ട് ബോർഡിന്റെ പരിഗണനയിലുണ്ടെന്ന വിവരം ലഭ്യമാക്കുമോ; അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നിന്ന് ബോർഡിലേക്ക് ലഭ്യമായ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളിൽ 79 അപേക്ഷകൾ ബോർഡിന്റെ പരിഗണനയിൽ കുടിശികയായുണ്ട്. ആയതിൽ 6 അപേക്ഷകൾ ധനസഹായത്തിന് അർഹതയില്ലാത്തതിനാൽ നിരസിച്ച് ബന്ധപ്പെട്ട സംഘങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതും 13 അപേക്ഷകളിൽ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട സംഘങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതും 4 അപേക്ഷകൾ നിരസിക്കുന്നതിനും, 8 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം നൽകുന്നതിനുമുള്ള നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. ബാക്കി 48 അപേക്ഷകളിൽ ത്വരിതഗതിയിൽ നടപടികൾ പൂർത്തിയാക്കി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

## പയ്യന്നൂർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി

293(2633) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് പദ്ധതിയിൽ പരമാവധി എത്ര തുകയാണ് ആനുകൂല്യമായി അനുവദിക്കുന്നത്; വിശദമാക്കാമോ?

കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും വായ്പയെടുത്ത വായ്പക്കാരൻ മരണപ്പെട്ടാൽ കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അന്നേ ദിവസം ബാക്കി നിൽപ്പുള്ള വായ്പാ മുതലിൽ പരമാവധി 2 ലക്ഷം രൂപയും വായ്പയെടുത്തശേഷം മാരകരോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരുന്നതുമായ വായ്പാക്കാർക്ക് വായ്പ ബാക്കി നിൽപ്പ് മുതലിനത്തിൽ പരമാവധി ചികിത്സാ ധനസഹായമായി ഒരു ലക്ഷം രൂപയും അനുവദിച്ചു വരുന്നു.

(ബി) 2020-21, 2021-22 വർഷങ്ങളിൽ പയ്യന്നൂർ മണ്ഡല പരിധിയിൽ വരുന്ന എത്ര പേർക്കാണ് റിസ്ക് ഫണ്ട് പദ്ധതിയിൽ

ഉൾപ്പെടുത്തി ആനുകൂല്യം അനുവദിച്ചത്; ബാങ്ക് തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ?

2020-21, 2021-22 വർഷങ്ങളിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ നിന്നും ലഭ്യമായ റിസ്ക്ഫണ്ട് ധനസഹായ അപേക്ഷകളിൽ 933 ഗുണഭോക്താക്കൾക്കായി 5,56,53,208/- രൂപയുടെ റിസ്ക്ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചവരുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

## ചാലക്കുടി മണ്ഡലത്തിലെ റിസ്ക് ഫണ്ട് സഹായം

294(2634) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ ചാലക്കുടി മണ്ഡലത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ബാങ്ക് തിരിച്ച് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016-17 മുതൽ 2021-22 വരെ ചാലക്കുടി നിയോജക മണ്ഡലത്തിൽ നിന്നും 963 റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകൾ ബോർഡിൽ ലഭ്യമായിട്ടുണ്ട്. റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന വിവരം നൽകുമോ?

797 ഗുണഭോക്താക്കൾക്ക് റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) ധനസഹായം അനുവദിച്ചിട്ടില്ലാത്ത അപേക്ഷകളിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ?

കേരള സഹകരണ റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾ പാലിക്കാതെ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾക്കാണ് ധനസഹായം അനുവദിക്കാത്തത്.

(ഡി) അർഹരായ എല്ലാ അപേക്ഷകർക്കും ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അർഹരായ മുഴുവൻ അപേക്ഷകർക്കും കാലതാമസം ഒഴിവാക്കി റിസ്ക് ഫണ്ട് ആനുകൂല്യം അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

**ബാങ്കിംഗ് റെഗുലേഷൻ നിയമഭേദഗതി**

295(2635) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ട്, റിസർവ് ബാങ്കിനെ ഉപയോഗിച്ച് സഹകരണ മേഖലയിലെ പ്രാഥമിക സഹകരണ സംഘങ്ങളെ പോലും വരുതിയിലാക്കാൻ കേന്ദ്ര സർക്കാർ നടത്തുന്നതായി പറയപ്പെടുന്ന നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബാങ്കിംഗ് നിയമത്തിന്റെ ഭേദഗതിയിലൂടെ, ടി നിയമത്തിലെ വകുപ്പ് (3) പ്രകാരം, ഒരു പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘവും കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശ്യമായും, മുഖ്യ ബിസിനസുമായുള്ള ഒരു സഹകരണ സംഘവും അവയുടെ പേരിന്റെ ഭാഗമായോ, ബിസിനസിന്റെ ഭാഗമായോ, ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കുകയും

ചെക്കുകളുടെ drawee ആയി പ്രവർത്തിക്കാതിരിക്കുകയുമാണെങ്കിൽ, അവയ്ക്ക് ടി നിയമം ബാധകമായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക്' എന്ന പദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതുൾപ്പെടെ, ടി നിയമത്തിലെ വകുപ്പ് 3-ന് വിധേയമായുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്. എന്നാൽ ചില സഹകരണ സംഘങ്ങൾ മേൽപ്പറഞ്ഞ BR Act- ൽ ഭേദഗതി വകുപ്പ് 7 -ലെ ലംഘിച്ചുകൊണ്ട് 'ബാങ്ക്' എന്ന പദം അവരുടെ പേരിനൊപ്പം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായും ചില സഹകരണ സംഘങ്ങൾ അംഗങ്ങൾ അല്ലാത്തവരിൽ നിന്നും/ നോമിനൽ അംഗങ്ങളിൽ നിന്നും/ അസോസിയേറ്റ് അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയത് BR Act-ന് വിരുദ്ധമാണെന്നും മേൽസാഹചര്യത്തിൽ ഇത്തരം സഹകരണ സ്ഥാപനങ്ങൾക്ക് BR Act പ്രകാരമുള്ള ലൈസൻസ് ഇല്ലെന്നും അവർക്ക് ബാങ്കിംഗ് ബിസിനസ് നടത്തുന്നതിന് അനുവാദം ഇല്ലായെന്നും ഇത്തരം

സഹകരണ സംഘങ്ങളിലുള്ള നിക്ഷേപങ്ങൾക്ക് Deposit Insurance and Credit Guarantee Corporation (DICGC) നൽകുന്ന നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലായെന്നും ചൂണ്ടികാട്ടി RBI ഒരു നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

(ബി) ബാങ്കിംഗ് റെഗുലേഷൻ നിയമഭേദഗതിയെന്ന നിലയിൽ റിസർവ് ബാങ്ക് നിർദ്ദേശങ്ങൾ എങ്ങനെയൊക്കെയാണ് സഹകരണ മേഖലയെ ബാധിക്കുകയെന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; റിസർവ് ബാങ്കിന്റെ നിലപാട് തിരുത്തുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ പ്രധാന പങ്ക് വഹിക്കുന്ന സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ സഹായിക്കുന്ന റിസർവ് ബാങ്കിന്റെ നിലപാടിനെതിരെ സംസ്ഥാന സർക്കാർ നിയമ-നീതിന്യായ സംവിധാനങ്ങളെ സമീപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) 1949-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം

പാർലമെന്റ് പാസ്സാക്കിയിരുന്നു. 1966 വരെ Banking നിയമങ്ങൾ സഹകരണ സംഘങ്ങൾക്ക് ബാധകമായിരുന്നില്ല. എന്നാൽ കാലകാലങ്ങളിൽ വരുത്തിയ ഭേദഗതികളിലൂടെ ബാങ്കിംഗ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദ്ദേശങ്ങളും സഹകരണ നിയമത്തിനെതിരുമാണ്. 2020-ൽ ബാങ്കിംഗ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. മുഖ്യ ഭേദഗതികൾ താഴെ പറയുന്നവയാണ്.

(i) Section 36 AAA: ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ ആർ.ബി.ഐ.-യ്ക്ക് അധികാരമുണ്ട്. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണ സമിതിക്കെതിരെ നടപടിയെടുക്കാൻ ആർ.ബി.ഐ. -യ്ക്ക് അധികാരം നൽകുന്നു.

(ii) <u>സെക്ഷൻ 56</u>: ഈ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ വിപുലമായ അധികാരം നൽകുന്നു. ബൈലാ റദ്ദാക്കാൻ വരെ ആർ.ബി.ഐ.-യ്ക്ക് അധികാരമുണ്ട്.

(iii) <u>Section 10 of Banking Regulation Act</u>: പുതിയ ഭേദഗതിയിലൂടെ സെക്ഷൻ 10 -ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരം, സഹകരണ ബാങ്കിന്റെ ചെയർമാൻ മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്.

(iv) ബാങ്കിംഗ് നിയമത്തിലെ സെക്ഷൻ 56(i) ഭേദഗതി ചെയ്തതിലൂടെ സെക്ഷൻ 12, 12A, 13, 15 to 17 എന്നിവ സഹകരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കി. സെക്ഷൻ 12 -ൽ വരുത്തിയ ഭേദഗതിമൂലം ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് ആർ.ബി.ഐ. -യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement

of shares, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരമില്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ഈ ഭേദഗതി നിർദ്ദേശം സഹകരണ നിയമത്തിലെ 22, 23, 24 എന്നിവയുടെ ലംഘനമാണ്. ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ പ്രതിരോധം നിൽക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. കൂടാതെ ഈ വിഷയത്തിൽ ഭരണഘടനയുടെ 131-ാം വകുപ്പ് പ്രകാരം ഒരു സ്യൂട്ട് സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

## സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാരുടെ പ്രശ്നങ്ങൾ

296(2636) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-07-2015 -ലെ സ. ഉ. (കയ്യെഴുത്ത്) 87/2015/സഹ. നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘങ്ങളിലെ കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തി ആനുകൂല്യങ്ങൾ നൽകണമെന്ന് നിർദ്ദേശമുണ്ടായിട്ടും പല സഹകരണ സംഘങ്ങളും ഇത് പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സഹകരണ സംഘം/ബാങ്കുകളിലെ നിക്ഷേപ, വായ്പാ കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്തി അനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. വയനാട്, കോഴിക്കോട് എന്നീ ജില്ലകളിലെ പല സംഘങ്ങളും ടി നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന കളക്ഷൻ എജന്റുമാർക്ക് ആറുമാസത്തിലധികമായി ഇൻസെന്റീവ് ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

സാമൂഹ്യ, സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്ന കളക്ഷൻ ഏജന്റുമാർക്ക് ഇൻസെന്റീവ് ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സഹകരണ സംഘങ്ങളിലെ മറ്റു ജീവനക്കാർക്ക് ലഭിക്കുന്ന ലോൺ, ഇൻഷ്വറൻസ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും കളക്ഷൻ ഏജന്റുമാർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

സഹകരണ സംഘങ്ങളിലെ മറ്റു ജീവനക്കാർക്ക് ലഭിക്കുന്ന ലോൺ, ഇൻഷ്വറൻസ് തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും കളക്ഷൻ ഏജന്റുമാർക്കും ലഭ്യമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## സഹകരണ അർബൻ ബാങ്കുകളിലെ നിയമനങ്ങൾ

297 (2637) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ അർബൻ ബാങ്കുകളിലെ മുഴുവൻ നിയമനങ്ങളും സഹകരണ പരീക്ഷാ ബോർഡിന് വിട്ടിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് പ്രാബല്യമുള്ളതെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം തസ്തികകളിലേയ്ക്കാണ് പരീക്ഷാ ബോർഡ് പരീക്ഷ നടത്തി നിയമനം നൽകുന്നതെന്നും ഏതെങ്കിലും തസ്തികകൾ ഒഴിവാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് സഹകരണ അർബൻ ബാങ്കുകളിലെ മുഴുവൻ നിയമനങ്ങളും സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന് വിട്ടിട്ടില്ല. സഹകരണ അർബൻ ബാങ്കുകളിൽ ജൂനിയർ ക്ലാർക്ക് തസ്തികയും അതിൽ ഉയർന്ന തസ്തികകളിലേക്കും പരീക്ഷാ ബോർഡ് മുഖേന പരീക്ഷ നടത്തി നേരിട്ട് നിയമനം നടത്തുന്നതിന് സഹകരണ നിയമത്തിൽ 25-01-2001 പ്രാബല്യത്തിൽ നിയമഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേയ്ക്ക് യോഗ്യത നിശ്ചയിച്ച് 27-11-2017-ലെ G.O(Rt)No.642/2017/Co-op. നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും ടി തീയതിക്കുശേഷം പരീക്ഷാ ബോർഡ് മുഖേന നിയമനം നടത്തിവരികയുമാണ്. അപ്രൈസർ തസ്തികയിലേയ്ക്ക് പരീക്ഷാ ബോർഡ് മുഖേന പരീക്ഷ നടത്തുന്നതിന് സഹകരണ ചട്ടം ഭേദഗതി വരുത്തുന്നതിന് 09-07-2021-ൽ 2424-ാം നമ്പർ കരട് ഗസറ്റ് വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജൂനിയർ

ക്ലാർക്ക് തസ്തികയ്ക്ക് തൊട്ടു താഴെയുള്ള തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ പരീക്ഷാ ബോർഡ് മുഖേന നടത്തുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) നിലമ്പൂർ സഹകരണ അർബൻ ബാങ്കിൽ 2016 മുതൽ നടന്നിട്ടുള്ള മുഴുവൻ നിയമനങ്ങളുടേയും പട്ടിക തസ്തികയടക്കം ലഭ്യമാക്കാമോ; ഇതിൽ സഹകരണ പരീക്ഷാ ബോർഡ് പരീക്ഷ നടത്തി എത്ര പേർക്കാണ് നിയമനം നൽകിയതെന്നും വിശദമാക്കാമോ?

നിലമ്പൂർ സഹകരണ അർബൻ ബാങ്കിൽ 2016 മുതൽ നടന്നിട്ടുള്ള മുഴുവൻ നിയമനങ്ങളുടേയും തസ്തികയടക്കം പട്ടിക അനുബന്ധമായി ചേർക്കുന്നു+. ഇതിൽ സഹകരണ പരീക്ഷാ ബോർഡ് പരീക്ഷ നടത്തി 22 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

## കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

298(2638) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച ഉന്നത സമിതി ആദ്യം സമർപ്പിച്ച റിപ്പോർട്ടിന്റെയും സഹകരണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പ് അഡീഷണൽ രജിസ്ട്രാർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച ഉന്നത സമിതി ആദ്യം സമർപ്പിച്ച റിപ്പോർട്ടിന്റെയും സഹകരണ വകുപ്പ് അഡീഷണൽ രജിസ്ട്രാർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

**ക്ഷേമ പെൻഷൻ വിതരണത്തിലെ തട്ടിപ്പ്**

299(2639) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾവഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്ന ചില ഏജന്റുമാർ മരണപ്പെട്ട പെൻഷൻകാരുടെ പെൻഷൻ തുക തട്ടിയെടുത്തതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

തിരുവനന്തപുരം ജില്ലയിൽ മുണ്ടേല സർവ്വീസ് സഹകരണ ബാങ്കിലെ പെൻഷൻ വിതരണത്തിന്റെ ചുമതലയുണ്ടായിരുന്ന അറ്റൻഡർ 2017 ആഗസ്റ്റ്, ഡിസംബർ, 2018 ഏപ്രിൽ, ആഗസ്റ്റ്, ഡിസംബർ എന്നീ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാസങ്ങളിൽ വിതരണം നടത്തിയ പെൻഷൻ തുകയിൽ നിന്നും മൂന്ന ഗുണഭോക്താക്കൾക്ക് നൽകേണ്ട തുകയിൽ നിന്നും 36800/- രൂപ തിരിമറി നടത്തുകയും ബാങ്ക് നടത്തിയ പരിശോധനയിൽ കണ്ടെത്തുകയും ടി ഉദ്യോഗസ്ഥനിൽ നിന്നും തിരിമറിനടത്തിയ തുകയും ആയതിന്റെ 18 ശതമാനം തുകയും ചേർത്ത് 48523/- രൂപ ഈടാക്കുകയും ടി തുക ഒടുക്കുകയും ടിയാനെ അറ്റൻഡർ തസ്തികയിൽ നിന്നും പ്യൂൺ തസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയും ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലയിലെ പേരയം സർവ്വീസ് സഹകരണ ബാങ്ക് വഴി വിതരണം ചെയ്ത 25 ഗുണഭോക്താക്കളുടെ 455760/- രൂപയുടെ ക്രമക്കേട് കണ്ടെത്തി. ടി തുക 07-12-2021-ൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അക്കൗണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ക്രമക്കേട് നടത്തിയ ഭരണ സമതിയംഗത്തെ കേരള സഹകരണ സംഘം നിയമം ചട്ടം 44(3) പ്രകാരം ഭരണ സമിതി അംഗത്വത്തിൽ നിന്നും അയോഗ്യനാക്കിയിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ അടൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) -ന്റെ പരിധിയിൽ വരുന്ന പന്തളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.

എ 704-ൽ 4500/- രൂപ മരണമടഞ്ഞ ഗുണഭോക്താവിന് വിതരണം നടത്തിയതായി കാണിക്കുകയും ടി തുക തിരികെ ഒടുക്കിയിട്ടുള്ളതുമാണ്.

കോട്ടയം ജില്ലയിൽ വൈക്കം ടൗൺ സർവ്വീസ് സഹകരണ ബാങ്ക് കെ.349 -ൽ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 18000/- രൂപയുടെ ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥനെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനായി കോട്ടയം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) നിർദ്ദേശം നൽകിയിട്ടുള്ളതും ക്രമക്കേട് നടത്തിയ തുക തിരികെ ഒടുക്കിയിട്ടുള്ളതുമാണ്. ബ്രഹ്മമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ പെൻഷൻ വിതരണത്തിൽ ക്രമക്കേട് നടത്തിയിട്ടുള്ള 28800/- രൂപ തിരികെ ഒടുക്കിയിട്ടുള്ളതും ക്രമക്കേട് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായി കോട്ടയം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ നടപടി സ്വീകരിച്ചിട്ടുമുണ്ട്.

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ 2016 വർഷത്തിൽ ആർ 210 നമ്പർ കോട്ടപ്പടി സർവ്വീസ് സഹകരണ ബാങ്കിൽ മരണപ്പെട്ട പെൻഷൻകാരുടെ പെൻഷൻ തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുണ്ട്. മരണപ്പെട്ട 8 പേരുടെ പെൻഷൻ തുകയായ 61800/- രൂപയുടെ ക്രമക്കേട്

നടത്തിയ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുകയും ടിയാനെ 28-05-2018 -ന് സർവ്വീസിൽ നിന്ന് പിരിച്ചുവിടുകയുമുണ്ടായിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ആലത്തൂർ സർക്കിളിൽ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ പെൻഷൻ ഗുണഭോക്താക്കളുടെ വീടുകളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ കുഴൽമന്ദം സർവ്വീസ് സഹകരണ ബാങ്ക്, ആലത്തൂർ സർവ്വീസ് സഹകരണ ബാങ്ക്, ആലത്തൂർ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക്, പുതുക്കോട് സർവ്വീസ് സഹകരണ ബാങ്ക്, പഴമ്പാലക്കോട് സർവ്വീസ് സഹകരണ ബാങ്ക്, കാവശ്ശേരി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം എന്നീ സ്ഥാപനങ്ങളിലെ ഏജന്റുമാർ മുഖേന നൽകിയ പെൻഷൻ തുകയിൽ തിരിമറി നടത്തിയതായി കണ്ടെത്തുകയും ആയത് ബന്ധപ്പെട്ട ഏജന്റുമാരിൽ നിന്നും ഈടാക്കിയിട്ടുള്ളതുമാണ്.

മലപ്പുറം ജില്ലയിൽ മാറാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിലെ കളക്ഷൻ ഏജന്റ്, മരണപ്പെട്ട ഒരു വ്യക്തിയുടെ അതേ പ്രദേശത്തുള്ള അതേ പേരിലും അതേ മേൽവിലാസത്തിലുമുള്ള മറ്റൊരു ഗുണഭോക്താവിന് നൽകുകയും ഫോറം മാറി ഒപ്പുവച്ചതിനാൽ മരിച്ച വ്യക്തിയുടെ പേരിൽ തുക കൊടുത്തതായി സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ഉണ്ടായി. തുക തിരിച്ച്

അടവാക്കുകയും സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തൽ വരുത്തുകയും ചെയ്തിട്ടുണ്ട്. വടക്കുംപുറം സർവ്വീസ് സഹകരണ ബാങ്കിൽ 2017 ഫെബ്രുവരി-മാർച്ചിൽ വിതരണം ചെയ്തിരുന്ന തുകയായ 3000/- രൂപ മരിച്ച വ്യക്തിക്ക് വിതരണം നടത്തിയതായി ക്രമക്കേട് കണ്ടെത്തുകയും പ്രസ്തുത തുക പലിശ സഹിതം തിരികെ അടവാക്കിയിട്ടുമുണ്ട്.

കോഴിക്കോട് താലൂക്കിലെ പെരുമണ്ണ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി 1955-ൽ പെൻഷൻ വിതരണത്തിന് ചുമതലയുള്ള ജീവനക്കാരൻ 13300/- രൂപ കൃത്രിമം നടത്തിയതായി കണ്ടെത്തുകയും മേൽ തുക കളക്ഷൻ ഏജന്റിൽ നിന്നും ഈടാക്കുകയും സർക്കാരിലേയ്ക്ക് ഒടുക്കുകയും ബാങ്ക് കളക്ഷൻ ഏജന്റിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ പായം ഗ്രാമപഞ്ചായത്ത് 15-ാം വാർഡിൽ ഇരുട്ടി സഹകരണ റൂറൽ ബാങ്കിലെ കളക്ഷൻ ഏജന്റ് 6100/- രൂപയുടെ തിരിമറി നടത്തുകയും ടി ഉദ്യോഗസ്ഥയെ സസ്പെന്റ് ചെയ്ത ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ബി) ഇത്തരം തട്ടിപ്പുകൾ തടയാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പെൻഷൻ വിതരണ കണക്കുകൾ ആഡിറ്റ് വിഭാഗം പരിശോധന നടത്തി വരുന്നു. പെൻഷൻ കണക്കുകൾ അനുരഞ്ജനം നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. യഥാസമയം പെൻഷൻ വിതരണം നടത്താത്ത സംഘങ്ങളെ പെൻഷൻ വിതരണത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗങ്ങളുടെ ബത്ത**

300(2640) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് നിലവിലുള്ള ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ എത്രയെന്ന് വെളിപ്പെടുത്തുമോ?

സഹകരണ സംഘം രജിസ്ട്രാറുടെ 07-08-2014-ലെ 39/14, 10-11-2014-ലെ 49/2014 എന്നീ നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ഡയറക്ടർ ബോർഡ്

അംഗങ്ങൾക്ക് നിലവിൽ ദിനബത്ത, യാത്രബത്ത, സിറ്റിംഗ് ഫീസ് എന്നിവ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ടി സർക്കുലറുടെ പകർപ്പുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു+.

(ബി) ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കാലോചിതമായി പരിഷ്കരിക്കുന്നത് പരിഗണിച്ചുവരുന്നു.

## മുൻ സഹകാരികൾക്ക് ധനസഹായം നൽകാൻ നടപടി

301(2641) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശരായ മുതിർന്ന മുൻ സഹകാരികളുടെ ചികിത്സാ സഹായത്തിനും ക്ഷേമത്തിനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

സഹകരണ മേഖലയുടെ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചവരും, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിൽ രണ്ട് തവണയെങ്കിലും അംഗമായവരും ഇപ്പോൾ അവശത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുഭവിക്കുന്നവരും, വാർഷിക വരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം രൂപ) താഴെയുള്ളവരുമായ സഹകാരികൾക്ക് 'സഹകരണ നവരത്നം കേരളീയം അശരണരായ സഹകാരികൾക്കുള്ള ആശ്വാസഫണ്ട്' പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതാണ്.

പദ്ധതിപ്രകാരം ധനസഹായത്തിന് അപേക്ഷിക്കുന്നവർ സഹകരണ മേഖലയിലെ പ്രവർത്തന വൈകല്യംമൂലം ഒരുവിധ നടപടിയും നേരിടാത്തവരായിരിക്കണം.

മേൽ പ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്ന സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/-രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്.

(ബി) സംഘത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനും സംഘത്തെ നല്ല നിലയിലെത്തിക്കാനും ശ്രമിച്ച മുൻസഹകാരികൾക്ക് പ്രതിമാസ ധനസഹായം നൽകാൻ നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

സംഘത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനും സംഘത്തെ നല്ല നിലയിലെത്തിക്കാനും ശ്രമിച്ച മുൻസഹകാരികൾക്ക് പ്രതിമാസ ധനസഹായം നൽകാൻ നിലവിൽ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

**പാലക്കാട് ജില്ലയിലെ സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി**

302(2642) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണഅംഗ സമാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ അംഗ സമാശ്വാസ നിധിയിൽ നിന്നും 46,87,60,000/- രൂപ (നാല്പത്തിയാറു കോടി എൺപത്തേഴ ലക്ഷത്തി അറുപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ 788 ഗുണഭോക്താക്കൾക്കായി 1,66,20,000/- രൂപ (ഒരു കോടി അറുപത്തിയാറ് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**സഹകരണ വകുപ്പിലെ ഇ-ഓഫീസ് സംവിധാനം**

303(2643) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ഓഫീസുകൾ ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലും, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിലും 2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 14 ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, 14 ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും, 78 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)

ആഫീസുകളിലും 64 അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) എങ്കിൽ എത്ര ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നിലവിലുണ്ടെന്ന് വിശദമാക്കാമോ?

ജവഹർ സഹകരണ ഭവനിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, സഹകരണ ആഡിറ്റ് ഡയറക്ടർ ആഫീസ്, 14 ജില്ലാതല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകൾ, 14 ജില്ലാതല ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്, 78 താലൂക്ക് തല അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസ്, 64 താലൂക്ക് തല അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ് ഉൾപ്പെടെ 172 ആഫീസുകളിൽ സമ്പൂർണ്ണ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

**സഹകരണ അംഗ സമാശ്വാസ നിധി**

304(2644) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ അംഗ സമാശ്വാസ നിധി മുഖേന ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ?

(എ&ബി) 1969 -ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. ടി പദ്ധതി പ്രകാരം എ ക്ലാസ് സംഘാംഗങ്ങളിൽ ഗുരുതരരോഗം ബാധിച്ച് കഷ്ടതയനുഭവിക്കുന്നവർ (അർബുദം വൃക്കരോഗം ബാധിച്ച്/ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ഗുരുതര കരൾ രോഗം, ഡയാലിസിസിന് വിധേയരായിക്കൊണ്ടിരിക്കുന്നവർ, പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ഓപ്പൺ ഹാർട്ട്/ബൈപ്പാസ് സർജറി), എച്ച്.ഐ.വി, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ, മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവരെടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ) എന്നിവർക്ക് ആശ്വാസമേകുകയെന്നതാണ് ലക്ഷ്യം.

(സി) പ്രസ്തുത പദ്ധതിക്കായി ഫണ്ട് സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക, എവിടെ നിന്നൊക്കെ സ്വരൂപിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ അതത് ആഡിറ്റ് വർഷത്തെ അറ്റലാഭത്തിന്റെ 10% അധികരിക്കാത്ത തുകയോ പരമാവധി 1,00,000/- രൂപയോ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച് രണ്ട് മാസത്തിനകം സഹകരണ സംഘം രജിസ്ട്രാറുടെ മെമ്പർ റിലീഫ് ഫണ്ടിലേയ്ക്ക് വിഹിതമായി അടയ്ക്കുന്നതിലൂടെയാണ് ഫണ്ട് സ്വരൂപിക്കുന്നത്.

(ഡി) പ്രസ്തുത ഫണ്ടിൽ നിന്നും നാളിതുവരെ അനുവദിച്ച ധനസഹായത്തിന്റെ വിശദ വിവരം നൽകുമോ?

സഹകരണ അംഗ സമാശ്വാസ നിധിയിൽ നിന്നും 46,87,60,000/- രൂപ (നാൽപ്പത്തിയാറു കോടി എൺപത്തിയേഴ് ലക്ഷത്തി അറുപതിനായിരം രൂപ) 22,254 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ) ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ നിലവിൽ എത്ര എണ്ണം തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ?

| ജില്ല | അപേക്ഷകളുടെ എണ്ണം |
| --- | --- |

| | |
|---|---|
| തിരുവനന്തപുരം | 408 |
| പത്തനംതിട്ട | 1420 |
| ആലപ്പുഴ | 260 |
| കോട്ടയം | 784 |
| ഇടുക്കി | 512 |
| എറണാകുളം | 2014 |
| തൃശ്ശൂർ | 2333 |
| പാലക്കാട് | 397 |
| മലപ്പുറം | 90 |
| കോഴിക്കോട് | 918 |
| വയനാട് | 624 |
| കണ്ണൂർ | 514 |
| കാസർഗോഡ് | 704 |
| **ആകെ** | **10978** |

(എഫ്) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ;

(ജി) അപേക്ഷ തീർപ്പാക്കുന്നതിനായി സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എഫ്&ജി) ഹൈലെവൽ കമ്മിറ്റി തീരുമാനമനുസരിച്ചാണ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## സഹകരണ അംഗ സമാശ്വാസ നിധി

305(2645)ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ അംഗ സമാശ്വാസ നിധി മുഖേന ചികിത്സാ ധനസഹായം ലഭിക്കുന്നതിന്റെ അർഹതാ മാനദണ്ഡവും അപേക്ഷയുടെ പകർപ്പും ലഭ്യമാക്കാമോ?

അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്) ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ഓപ്പൺ ഹാർട്ട് സർജറി) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവരെടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ അംഗസമാശ്വാസനിധി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്ന വ്യക്തി ടി സംഘത്തിലെ 'എ'

ക്ലാസ്സ് അംഗമായിരിക്കണം. സഹകരണ മെമ്പർ റിലീഫ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമം താഴെ പറയും പ്രകാരമാണ്.

എ) ഫണ്ടിൽ നിന്നും ആനുകൂല്യത്തിന് അപേക്ഷിക്കുന്ന വിധം.

മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിലുള്ള (അപേക്ഷാ ഫോറം അനുബന്ധമായി ചേർക്കുന്നു+) അപേക്ഷകൻ താഴെ പറയുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1.അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ആഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്.

2.ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3.അംഗങ്ങൾ സമർപ്പിക്കുന്ന ചികിത്സാ രേഖകൾ (ചികിത്സ തേടിയ ആശുപത്രിയിലെ ഡിസ്ചാർജ് സമ്മറിയും അനുബന്ധ ചികിത്സാ രേഖകളും) പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുത്തിയതിനുശേഷം സംഘം/ബാങ്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

4.അവകാശിയാണെങ്കിൽ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

ബി) സംഘത്തിന് ലഭിക്കുന്ന അപേക്ഷകൾ, സംഘം ഭരണ സമിതി വിശദമായി പരിശോധിച്ചശേഷം അപേക്ഷയിലെ വിഷയങ്ങളിന്മേലും, രേഖകളിന്മേലുമുള്ള നിജസ്ഥിതി ബോദ്ധ്യപ്പെട്ട് എടുത്ത ഭരണ സമിതി തീരുമാനവും അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി, രോഗ വിവരം, എന്നിവ പരാമർശിച്ചുകൊണ്ട് സംഘത്തിന്റെ മുഖ്യകാര്യദർശിയുടെ സാക്ഷ്യപത്രവും സഹിതം അതാത് താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന് (പ്രാഥമിക കാർഷിക വികസന ബാങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യൂവേഷൻ ആഫീസർ) സമർപ്പിക്കേണ്ടതാണ്.

സി) സംഘത്തിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ന് ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട താലൂക്കുകളിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 7 ദിവസത്തിനകം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന് സമർപ്പിക്കേണ്ടതും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 7 ദിവസത്തിനകം ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) -ന്

സമർപ്പിക്കേണ്ടതും, ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) -മാർ സഹകരണ സംഘം രജിസ്ട്രാർക്ക് ഉപരിപത്രം സഹിതം നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ സമർപ്പിക്കേണ്ടതുമാണ്.

ഡി) അപ്രകാരം ലഭിക്കുന്ന അപേക്ഷ രജിസ്ട്രാർ ആഫീസിൽ പരിശോധന നടത്തി ബഹു. സഹകരണ വകുപ്പുമന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവരുൾപ്പെടുന്ന ഉന്നതതല കമ്മിറ്റി പരിശോധിച്ച് അന്തിമ തീരുമാനമെടുക്കുന്നതാണ്.

ഇ) ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

എഫ്) മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.

(ബി) ഈ നിധി മുഖേന 2021 മുതൽ നാളിതുവരെ എത്ര പേർക്ക് ചികിത്സാ സഹായം കൈമാറാൻ കഴിഞ്ഞിട്ടുണ്ട്; എത്ര കോടി രൂപയാണ് ഇതിനായി ചെലവഴിച്ചത്; വിശദാംശം നൽകാമോ?

2021 മുതൽ സഹകരണ അംഗ സമാശ്വാസ നിധിയിൽ നിന്നും 46,87,60,000/- രൂപ അനുവദിച്ചിട്ടുണ്ട്. 21-06-2021-ൽ കൂടിയ ഹൈലെവൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം സംസ്ഥാനത്തിലെ 11,194 ഗുണഭോക്താക്കൾക്ക് 23,94,10,000/- (ഇരുപത്തിമൂന്ന് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയും 30-11-2021 -ൽ കൂടിയ ഹൈലെവൽ കമ്മിറ്റിയുടെ തീരുമാന പ്രകാരം 11,060 ഗുണഭോക്താക്കൾക്ക് 22,93,50,000/- (ഇരുപത്തിരണ്ട് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുമാണ് വിതരണം ചെയ്തിട്ടുള്ളത്.

**കെയർ ഹോം പദ്ധതിയും പി.എ.സി.എസ്. പദ്ധതിയും**

306(2646) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; ടി പദ്ധതി പ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ വർഷം നിർമ്മിച്ച് നൽകിയ

വീടുകൾ എത്ര; ടി പദ്ധതി പ്രകാരം ഈ വർഷം നിർമ്മിക്കുന്ന വീടുകൾ എത്ര; വിശദാംശം നൽകാമോ?

കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2093 വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 ജൂൺ 20 വരെ പദ്ധതി പ്രകാരം 2090 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നത് ലക്ഷ്യം വച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ ജില്ലയിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് താക്കോൽ കൈമാറിയിട്ടുണ്ട്.

കെയർ ഹോം രണ്ടാം ഘട്ടം പദ്ധതി നിർവ്വഹണത്തിന് സ്ഥലം ലഭ്യമായിട്ടുള്ള തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട്,

കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ജില്ലകളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കോട്ടയം ജില്ലയിലും പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) സഹകരണ വകുപ്പിന്റെ ശാക്തീകരണത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പരിഷ്കരണ നടപടികൾ വിശദമാക്കാമോ?

സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശ്വാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും സമഗ്ര നിയമ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

സഹകരണ വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ ആഡിറ്റ് വിഭാഗത്തിൽ ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനും വിജിലൻസ് സംവിധാനം

ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റ് പരിഗണിച്ചു വരികയാണ്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി **www.camis.kerala.gov.in** എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

എല്ലാവിധ ആധുനിക സേവനം നൽകുന്ന വിധത്തിൽ കേരള ബാങ്കിനെ പ്രാപ്തമാക്കുന്നതിനായി CBS നടപ്പാക്കുന്ന പദ്ധതി ഈ വർഷം പൂർത്തീകരിക്കും. സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കും പ്രാഥമിക ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ട് കോർബാങ്കിംഗ് സംവിധാനം (CBS) നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ നടന്നുവരികയാണ്. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് പരീക്ഷാ നടത്തിപ്പുകൾക്കായി ഓൺലൈൻ സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയുണ്ടായി. പുതിയ വെബ് പോർട്ടൽ ICRMS (Integrated Co-operative Recruitment Management System) വഴി ആധുനിക രീതിയിലുള്ള പരീക്ഷാ സംവിധാനമെല്ലാം ഓൺലൈൻവഴി നടത്തുന്നതിന് സാധിക്കും. സംസ്ഥാനത്തൊട്ടാകെ 30 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ചു. യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും, യുവജനങ്ങളുടെ സാമ്പത്തിക, സാംസ്കാരിക ഉന്നമനം ലക്ഷ്യമിട്ടുമാണ് ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. യുവജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് സഹകരണ മേഖലയെ കൂടുതൽ ഊർജ്ജസ്വലമാക്കുകായെന്ന ലക്ഷ്യത്തോടെ

സംസ്ഥാനത്ത് യുവ സഹകരണ സംഘങ്ങൾ രൂപീകരിച്ചു വരുന്നതിന്റെ തുടർച്ചയായി സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിൽ ഓരോന്നിലും ഓരോ പട്ടികജാതി/പട്ടികവർഗ്ഗ യുവ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് അവയുടെ പ്രവർത്തനത്തിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കലാകാരന്മാരുടെ ഉന്നമനം ലക്ഷ്യമിട്ട് കലാകാരൻമാർക്കായി ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുവരുന്നു. സംഗീതം, നാടകം, പ്രകടനകലകൾ, ചിത്രരചന എന്നിവ ഉൾപ്പെടെയുള്ള കലകളിൽ ഏർപ്പെട്ടിട്ടുള്ള കലാകാരൻമാരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ട് കലാകാരൻമാർക്ക് സ്ഥിരം വേദി ഒരുക്കിക്കൊടുക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് കലാകാരന്മാരുടെ സഹകരണ സംഘം രൂപീകരിച്ചിട്ടുള്ളത്. ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ നടപ്പിലാക്കുക, വാർദ്ധക്യത്തെയും രോഗത്തേയും അഭിമുഖീകരിക്കുന്നവർ പ്രത്യേകിച്ച് കിടപ്പിലായ ആശ്രയമില്ലാതെ

കഴിയുന്നവർക്ക് (ബന്ധുമിത്രാദികൾ അടുത്തില്ലാതെ) ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുക, സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി എല്ലാ തലങ്ങളിലുമുള്ള ആരോഗ്യ സംരക്ഷണങ്ങളിലും സഹകരണ ആശുപത്രികളെ ഉൾപ്പെടുത്തുക എന്നിവയാണ് പ്രധാനമായും ടി പദ്ധതിയിലൂടെ സഹകരണ വകുപ്പ് ലക്ഷ്യമിടുന്നത്. CAPE -ന്റെ ആഭിമുഖ്യത്തിൽ Skill and Knowledge Development Centre പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. KILA, K-DISC എന്നിവയുമായി സഹകരിച്ച് പരിശീലന പരിപാടികൾ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനും സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി സംസ്ഥാന പദ്ധതി ഇനത്തിൽ 15583.00 ലക്ഷം രൂപയും, എൻ.സി.ഡി.സി. പദ്ധതി ഇനത്തിൽ 4040.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 19623.00 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ സഹകരണ വകുപ്പിന്റെ ആധുനികവൽകരണത്തിനായി 600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെ

അക്ഷരമ്യൂസിയം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിലൂടെ കേരളത്തിന്റെ ചരിത്രത്തെയും മലയാളത്തിലെ എഴുത്തുകാരെയും കൃതികളെയും ഉൾപ്പെടുത്തിയിട്ടുള്ള നിരവധി സാംസ്കാരിക പ്രവർത്തനങ്ങൾ ഇതിലൂടെ നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണ്. സംസ്ഥാനത്തെ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്രമായ സമുദ്ധാരണത്തിനായി ആവിഷ്കരിച്ച പുനർജ്ജനി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി -50%, ഓഹരി - 35%) ധനസഹായമായി അനുവദിക്കുന്നതാണ്. ഈ പദ്ധതി 2022 - 23 പദ്ധതി വർഷം മുതൽ നടപ്പാക്കുന്നതാണ്. തീരദേശ മേഖലയിലെ താഴെതട്ടിലുള്ള മത്സ്യവിപണനം നടത്തുന്നവർ, മത്സ്യ അനുബന്ധമേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവർക്കായി സ്നേഹതീരം എന്ന ലഘു വായ്പാ പദ്ധതി ആരംഭിക്കുകയാണ്. ഭിന്നശേഷി വിഭാഗക്കാർക്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 9% പലിശ നിരക്കിൽ വായ്പാ പദ്ധതി

ആരംഭിക്കുന്നത് പരിഗണനയിലാണ്. കേരളത്തിലെ സഹകരണ മേഖലയിലെ എല്ലാ ഉൽപ്പന്നങ്ങളെയും ഏകീകൃത ബ്രാന്റിംഗിനു കീഴിൽകൊണ്ടുവരികായെന്ന ലക്ഷ്യത്തോടെ ആരംഭിച്ച " ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്" എന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ മാർക്കായ കോ-ഓപ്പറേറ്റീവ് മാർക്കിന്റെ പ്രകാശനം നിർവ്വഹിക്കുകയും 14 ജില്ലകളിലും കോ-ഓപ്പ് മാർട്ടുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു വരുന്നു. സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505(KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് 27-ന് രൂപീകരിച്ചു.

കേരള സഹകരണ നിയമം വകുപ്പ് 57(എ) പ്രകാരം രൂപീകൃതമായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായി വായ്പ എടുത്തതിനുശേഷം മരണപ്പെടുന്ന സഹകാരികൾക്ക് റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു.

കേരള സഹകരണ നിയമം വകുപ്പ് 56(1)സി, ചട്ടം 53 (എ) എന്നിവ പ്രകാരം രൂപീകൃതമായ കേരള സഹകരണ അംഗസമാശ്വാസ നിധിയിലൂടെ ഗുരുതര രോഗം ബാധിച്ചിട്ടുള്ള സഹകാരികൾക്ക് ധനസഹായം അനുവദിച്ചുവരുന്നു.

(സി) കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പി.എ.സി.എസ്. വഴി ഏതെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ സമാഹരണം, സംഭരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കൽ, വിൽപ്പന എന്നിവയെ പരിപോഷിപ്പിക്കുന്നതിനും, പ്രാഥമിക കാർഷിക വായ്പാ സഹകരണ

സംഘങ്ങളിലൂടെ നടപ്പിലാക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതിയാണ് " സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" . ടി പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം 2250.00 ലക്ഷം രൂപ സഹകരണ വകുപ്പിന്റെ പദ്ധതി വിഹിതമായി വകയിരുത്തിയിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ 14 ജില്ലകളിലും ടി പദ്ധതി ഘട്ടംഘട്ടമായി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2022-23-ൽ ടി പദ്ധതി 7 ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 15 സംഘങ്ങളെ തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുമുണ്ട്. ചുവടെ പരാമർശിക്കുന്ന 7 ഉപഘടകങ്ങളായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

| ക്രമ നം. | ഉപപദ്ധതികൾ | ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക (ലക്ഷം രൂപയിൽ) |
|---|---|---|
| 1. | പ്രാഥമിക സഹകരണ സംഘങ്ങൾ വഴി സമഗ്ര കാർഷിക വികസന പദ്ധതി | 550.00 |
| 2. | കാർഷിക വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 250.00 |
| 3. | കാർഷിക ഉൽപാദനം, കാർഷിക | 250.00 |

| | | |
|---|---|---|
| | ഉൽപന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ | |
| 4. | ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കൽ | 110.00 |
| 5. | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് – സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം | 500.00 |
| 6. | കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ | 500.00 |
| 7. | കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രം ശക്തിപ്പെടുത്തൽ | 90.00 |
| | **ആകെ** | **2250.00** |

ഭക്ഷ്യ കാർഷിക മേഖലയെ സ്വയംപര്യാപ്തമാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സർക്കാർ പ്രഖ്യാപിച്ച സമഗ്രപദ്ധതിയായ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് 883 സംഘങ്ങൾ വഴി 1852 മാതൃകാ കൃഷിതോട്ടങ്ങൾ നിർമ്മിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതിയിലൂടെ 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്ത്

കൃഷിതോട്ടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതി പ്രകാരം 408 സംഘങ്ങൾ 582 ഏക്കർ 99 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5312 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നബാർഡ് റീഫിനാൻസ് ഉപയോഗപ്പെടുത്തി KCC, LT Agriculture എന്നീ വായ്പകൾ കൂടാതെ കൃഷി, കൃഷി അനുബന്ധ മേഖലകളെ പ്രോത്സാഹിപ്പിക്കാൻ Agriculture Infrastructure Fund പദ്ധതികളും കേരളാ ബാങ്ക് വഴി നടപ്പിലാക്കി വരുന്നു.

(ഡി) ആധുനിക ബാങ്കിംഗ് സംവിധാനങ്ങളോട് കിടപിടിക്കുന്ന സംവിധാനങ്ങളോടുകൂടിയ കേരള ബാങ്ക് എപ്പോൾ സജ്ജമാകുമെന്ന് വിശദമാക്കാമോ?

കേരളാ ബാങ്കിന്റെ ഐ.ടി ഇന്റഗ്രേഷൻ സംബന്ധമായ പ്രവർത്തനങ്ങൾ ബാങ്കിന്റെ എറണാകുളത്തുള്ള Project Management Unit -ൽ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ആകെ 14 യൂണിറ്റുകളുടെ മൈഗ്രേഷനാണ് പൂർത്തിയാക്കേണ്ടത്. 2022 ഡിസംബർ മാസത്തോടുകൂടി കേരള ബാങ്കിന്റെ ഐ.ടി. ഇന്റഗ്രേഷൻ നടപടികൾ

പൂർത്തിയാക്കി 2023 ജനുവരി മാസം മുതൽ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളോട് കിടപിടിക്കുന്ന തരത്തിൽ കേരള ബാങ്ക് പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**രജിസ്ട്രേഷൻ വകുപ്പിലെ ഐ.ടി. ഉപകരണങ്ങൾ**

307(2647) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ ഐ.ടി. ഉപകരണങ്ങളുടെ ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം (എഫ്.എം.എസ്.) ടെണ്ടർ നേടുന്ന സ്ഥാപനത്തിന് ഉപകരണ നിർമ്മാതാക്കളിൽ (ഒറിജിനൽ എക്വിപ്മെൻറ് മാനുഫാക്ച്ചറർ) നിന്നും അവരുടെ ഉപകരണങ്ങൾ സർവ്വീസ് ചെയ്യുന്നതിനുള്ള സാക്ഷ്യപ്പെടുത്തൽ വേണ്ടതാണെന്ന് ടെൻഡറിൽ നിഷ്കർഷിച്ചിരുന്നോ?

ഫെസിലിറ്റി മാനേജ്മെന്റ് സിസ്റ്റം (എഫ്.എം.എസ്) പദ്ധതിയുമായി ബന്ധപ്പെട്ട യോഗ്യതാ മാനദണ്ഡങ്ങളിൽ (Supplier Qualification & References) 9 വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി വ്യവസ്ഥകൾ പ്രകാരം ടെണ്ടർ നേടുന്ന സ്ഥാപനത്തിന് ഉപകരണ നിർമ്മാതാക്കളിൽ നിന്നും അവരുടെ ഉപകരണങ്ങൾ സർവ്വീസ് ചെയ്യുന്നതിനുള്ള

സാക്ഷ്യപ്പെടുത്തൽ വേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നില്ല. ഉപകരണ നിർമ്മാതാക്കളുമായി കരാറുള്ള സ്ഥാപനങ്ങൾക്കുമാത്രമേ ടെണ്ടർ നല്കുവാനാകുകയുള്ളുവെന്ന് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിരുന്നില്ല. പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന എല്ലാ ഉപകരണങ്ങൾക്കും onsite മെയിന്റനൻസ് ലഭ്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ ഉപകരണങ്ങളുടെയും സ്പെയറുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ആവശ്യമെങ്കിൽ സ്ഥാപനത്തിന്റെ സ്വന്തം ചെലവിൽ ഉപകരണ നിർമ്മാതാക്കളുമായി back-to-back വ്യവസ്ഥകൾ പ്രകാരം മാത്രമേ കരാർ ആകാവൂവെന്നും സർക്കാരിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ആയത് സമർപ്പിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ടെൻഡർ നേടിയ സ്ഥാപനം ഏതാണെന്ന് അറിയിക്കുമോ; ഈ സ്ഥാപനം പ്രസ്തുത സാക്ഷ്യപ്പെടുത്തൽ നൽകിയിരുന്നോ; ഇല്ലെങ്കിൽ ടെൻഡർ നടപടികൾ പാലിക്കാത്ത സ്ഥാപനത്തിന് ടെൻഡർ നല്കിയതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

Accel IT Solutions എന്ന സ്ഥാപനം യോഗ്യതാ മാനദണ്ഡങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സാക്ഷ്യപ്പെടുത്തൽ വേണ്ടതാണെന്ന്

നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ, ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. Techno-Commercial വ്യവസ്ഥകൾ പ്രകാരം ഏറ്റവും ഉയർന്ന മാർക്ക് നേടുന്ന സ്ഥാപനമായിരിക്കും ടെണ്ടർ നേടുന്നത്. ഇതുപ്രകാരം ടെക്നിക്കൽ ബിഡുകൾക്ക് 70 മാർക്കും കൊമേർഷ്യൽ ബിഡ്ഡുകൾക്ക് 30 മാർക്കുമാണ് നല്കുന്നതിനായി നിഷ്കർഷിച്ചിരുന്നത്. Back-to-back കരാറുകൾക്ക് മാർക്ക് നൽകുന്നതിനായി ചേർത്തിരുന്ന വ്യവസ്ഥ ചുവടെ വിവരിക്കുന്നു.

Specialized system administration resources for enterprise class infrastructure comprising of Dell Servers, HP Virtual Tape Library, IBM. Dell, Cisco Huawei storages, RedHat Enterprise Linux etc (Onsite and Offsite - OEM Authorisation/Integrator certificates or Agreements to be submitted) (2.5 marks for each OEM/Agreement subject to a maximum of 10 points)

മേൽ വ്യവസ്ഥകൾക്ക് Accel IT Services Ltd 10 മാർക്ക് ഉൾപ്പെടെ ആകെ 70 -ൽ 64 മാർക്കുകൾ ടെക്നിക്കൽ സ്കോർ നേടിയിരുന്നു. ഇങ്ങനെ നേടിയ മാർക്കിന്റെയും ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയുടെയും

അടിസ്ഥാനത്തിൽ Mathematical Formula പ്രകാരമുള്ള overall ranking പ്രകാരമാണ് ടെണ്ടർ നേടുവാൻ അർഹതയുള്ള സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നത്.

(സി) അത്തരത്തിൽ യോഗ്യത നേടാതിരുന്നിട്ടും നാളിതുവരെ യോഗ്യരാണെന്ന് ബോദ്ധ്യപ്പെടുത്താതിരുന്നിട്ടും മേൽ സ്ഥാപനത്തിനുതന്നെ ടെണ്ടർ നൽകിയത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

ഈ പദ്ധതിയുമായി ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശകൾ പ്രകാരം യോഗ്യത നേടിയ സ്ഥാപനങ്ങളിൽ നിന്നും overall ranking പ്രകാരം ഉയർന്ന സ്ഥാനം നേടിയ സ്ഥാപനമായ Accel IT Services Ltd-ന് മാത്രമെ ടെണ്ടർ നല്കുവാൻ കഴിയുകയുള്ളായിരുന്നു.

**വയനാട് ജില്ലയിലെ ആധാരം രജിസ്ട്രേഷൻ**

308(2648) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം വ്യക്തമാക്കാമോ?

25,148 എണ്ണം.

(ബി) പ്രസ്തുത കാലയളവിൽ ആധാരം രജിസ്റ്റർ ചെയ്ത വകയിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ 53,55,17,899/- രൂപ സമാഹരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ ഏറ്റവും കൂടുതൽ ആധാരം രജിസ്റ്റർ ചെയ്ത വയനാട് ജില്ലയിലെ രജിസ്ട്രാർ ഓഫീസ് ഏതെന്നും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണവും അറിയിക്കാമോ?

സുൽത്താൻ ബത്തേരി സബ് രജിസ്ട്രാർ ഓഫീസ്, 5371 എണ്ണം.

## പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതിയിൽ സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

309(2649) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രകൃതിക്ഷോഭത്തിൽപ്പെട്ട് വീട് നഷ്ടപ്പെട്ടവർക്ക് സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള പുനരധിവാസ പദ്ധതിയിൽ പുരയിടം അനുവദിക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ പൂർണ്ണമായും ഒഴിവാക്കാൻ നിയമഭേദഗതി വരുത്താൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

പ്രകൃതിക്ഷോഭത്തിൽപ്പെട്ട് വീട് നഷ്ടപ്പെട്ടവർക്ക് സർക്കാർ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള പുനരധിവാസ പദ്ധതിയിൽ പുരയിടം അനുവദിക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ പൂർണമായും ഒഴിവാക്കാൻ നിയമഭേദഗതികൾ ആവശ്യമില്ല. പൊതുതാൽപര്യമുള്ള വിഷയങ്ങളിൽ, 1959-ലെ കേരള മുദ്രപത്ര നിയമം വകുപ്പ് 9(1) (എ), 1908 -ലെ രജിസ്ട്രേഷൻ ആക്ട് വകുപ്പ് 78(2) എന്നിവ പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് മന്ത്രിസഭായോഗത്തിന്റെ അംഗീകാരത്തോടെ ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിക്കുകയോ, നിലവിലുള്ള ഉത്തരവുകളിൽ ഭേദഗതി വരുത്തുകയോ ചെയ്ത്, SRO ആയി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയാൽ മതിയാകും.

## ഓൺലൈൻ രജിസ്ട്രേഷൻ

310(2650) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ നടപടികൾ ഓൺലൈനാക്കിയതോടെ സെർവർ തകരാർമൂലമോ മറ്റുതകരാറുകൾമൂലമോ ഭൂമി രജിസ്ട്രേഷനും മറ്റും തടസ്സപ്പെടുന്ന

സാഹചര്യം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിലുണ്ടാകുന്ന തിരക്കുകൾ (ഒരേ സമയം അനവധി പേർ ഒരേ സേവനം ഉപയോഗിക്കുന്നതു വഴി) കാരണം വെബ്സൈറ്റിലെ സേവനങ്ങൾ മന്ദഗതിയിലാകാറുണ്ട്. ഇപ്രകാരം സേവനം മന്ദഗതിയിലാകുമ്പോൾ തിരക്കുകൾ പരമാവധി നിയന്ത്രണ വിധേയമാക്കി സേവനം നൽകാറുണ്ട്.

(ബി) ഇത്തരത്തിൽ രജിസ്ട്രേഷൻ നടപടികൾ മുടങ്ങുന്നതിന്റെ ഫലമായി ഉപഭോക്താകൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിന്റെ സോഫ്റ്റ്വെയറിലെ തകരാറുകൾ പരിഹരിക്കുന്നതുമായി നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28-05-2022 -ൽ കൂടിയ യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ആയത് നടപ്പിലാക്കുന്നതിനായുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

1.ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റം നിർമ്മാതാക്കളിൽ **(POST GRES)** നിന്നും സാങ്കേതിക സഹായം തേടാൻ തീരുമാനിക്കുകയുണ്ടായി.

2.നിലവിലുള്ള ഹാർഡ്‌വെയർ ഉപകരണങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ എൻ.ഐ.സി നൽകേണ്ടതാണ്.

3.നിലവിലുള്ള ഡാറ്റാ ബേസ് സംവിധാനം ഏറ്റവും പുതിയ പതിപ്പിലേയ്ക്ക് മാറ്റേണ്ടതാണ്.

4.വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സെർവറുകളും അനുബന്ധ ഉപകരണങ്ങളും Disaster recovery -യുമായി ബന്ധപ്പെട്ടുള്ള ആവശ്യത്തിനായി ഉപയോഗിക്കേണ്ടതാണ്.

5.ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കേണ്ടതാണ്.

6.ഡിസാസ്റ്റർ റിക്കവറിക്കായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

## സ്പെഷ്യൽ മാര്യേജ് ആക്ട്

311(2651) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം ചെയ്തിട്ടുള്ളവർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായി രജിസ്റ്റർ ചെയ്യേണ്ട സാഹചര്യമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്ര നിയമമായ 1954 -ലെ സ്പെഷ്യൽ മാര്യേജ് ആക്ട് (43/1954-ാം നമ്പർ ആക്ട്) പ്രകാരം രജിസ്റ്റർ ചെയ്യുന്ന വിവാഹം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ച് ടി ആക്ടിലോ, 1958-ലെ കേരള സ്പെഷ്യൽ മാര്യേജ് ചട്ടങ്ങളിലോ പരാമർശിക്കുന്നില്ല.

(ബി) ആയതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ബാധകമല്ല.

(സി) സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം ചെയ്തവർക്ക് രജിസ്ട്രാർ നൽകുന്ന സർട്ടിഫിക്കറ്റാണോ അംഗീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

സ്പെഷ്യൽ മാര്യേജ് ആക്ട് - 1954 സെക്ഷൻ 13 - ലും, 16 - ലും പ്രതിപാദിച്ചിരിക്കുന്ന സർട്ടിഫിക്കറ്റുകളാണ് സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം ചെയ്തവർക്ക് മാര്യേജ് ഓഫീസർ/രജിസ്ട്രാർ നൽകുന്നത്.

**രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങളിലെ തകരാർ**

312(2652) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ 2022 മെയ് 24 മുതൽ 8 ദിവസം തുടർച്ചയായി പ്രവർത്തനരഹിതമായതിനുള്ള കാരണം വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിൽനിന്നും ഓൺലൈനായി നൽകി വരുന്ന സേവനങ്ങൾക്ക് മെയ് 24 മുതൽ 8 ദിവസം ഭാഗികമായി തടസ്സം നേരിട്ടിരുന്നു. ആപ്ലിക്കേഷൻ സെർവറുകളിൽ ഒരേസമയം ഉയർന്ന ലോഡ്

വന്നതാണ് സേവനം ഭാഗികമായി തടസ്സപ്പെട്ടതിന് കാരണമെന്ന് കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ദിവസങ്ങളിലെ നികുതി വരവ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്ര കുറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ദിവസങ്ങളിലെ നികുതി വരവ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞിട്ടില്ല. ഇതുസംബന്ധിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | റവന്യൂ കളക്ഷൻ | തീയതി | റവന്യൂ കളക്ഷൻ |
|---|---|---|---|
| 24-05-2021 | 25,025 | 24-05-2022 | 11.32 കോടി |
| 25-05-2021 | 5,73,165 | 25-05-2022 | 21.32 കോടി |
| 26-05-2021 | 13,595 | 26-05-2022 | 18.01 കോടി |
| 27-05-2021 | 14,895 | 27-05-2022 | 17.85 കോടി |
| 28-05-2021 | 0 | 28-05-2022 | 12.59 കോടി |
| 29-05-2021 | 0 | 29-05-2022 | 0 |
| 30-05-2021 | 0 | 30-05-2022 | 20.41 കോടി |
| 31-05-2021 | 0 | 31-05-2022 | 8.85 കോടി |

(സി) വർഷാവർഷം കോടിക്കണക്കിന് രൂപ വെബ്സൈറ്റ് മെയിന്റനൻസിനായി ചെലവഴിച്ചിട്ടും അടിക്കടി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് തകരാറിലാകുന്നതിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തെന്ന് വിശദീകരിക്കുമോ?

വെബ്സൈറ്റ് മെയിന്റനൻസിനായി തുക ചെലവഴിച്ചിട്ടില്ല. വെബ്സൈറ്റ് തരാറിലാകുന്ന കാരണം കണ്ടെത്തുന്നതിനായി കേരള സംസ്ഥാന ഐ.റ്റി. മിഷൻ, എൻ.ഐ.സി., കെൽട്രോൺ എന്നീ ഏജൻസികളുടെ സംയുക്ത യോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആപ്ലിക്കേഷൻ സെർവറുകൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഒരു സെർവറിൽ അസാധാരണമായ ലോഡ് അനുഭവപ്പെടുകയും ഇത് നിയന്ത്രിക്കുന്നതിനായി 'Max Clients’ 500 -ൽ നിന്നും 200 ആയി കുറയുകയും 'Open file Limit’ 1024 -ൽ നിന്നും 102400 ആയി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. ഇതിന് ശേഷം സെർവറുകളുടെ കാര്യക്ഷമത വർദ്ധിച്ചുവെന്ന് കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ അറിയിച്ചിട്ടുണ്ട്.

(ഡി) വെബ്സൈറ്റ് തകരാറിലാകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള അഴിമതിയുണ്ടോയെന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷണവും പ്രസ്തുത തകരാർ സർക്കാർ സംവിധാനങ്ങളെ അട്ടിമറിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണോയെന്നത് സംബന്ധിച്ച് സൈബർ സെൽ അന്വേഷണവും നടത്തുമോ; വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**സബ് രജിസ്ട്രാർ ഓഫീസുകളുടെ ആധുനികവൽക്കരണം**

313(2653) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവൽകൃത ഓഫീസുകളായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത് വഴി എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ഇത് വഴി താഴെപ്പറയുന്ന സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്.

1. സബ് രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേമെന്റ് സൗകര്യം.

2. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.

3. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം.

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ് ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. അപേക്ഷകർക്ക് ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം.

8. സഹകരണ ബാങ്കുകളിൽനിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

9. കെ.എസ്.എഫ്.ഇ.-യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം.

10. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം.

11. ഒരു ജില്ലയ്ക്കകത്തുള്ള ഏത് സബ് രജിസ്ട്രാർ ഓഫീസിലും പൊതുജനങ്ങളുടെ സൗകര്യമനുസരിച്ച് ആധാരം രജിസ്റ്റർ ചെയുന്നതിനുള്ള "Anywhere Registration" സംവിധാനം.

12. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെ തന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം.

(ബി) സബ് രജിസ്ട്രാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഓഫീസുകളെ ആധുനികവൽക്കരിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; ഇതിന്റെ ഭാഗമായി ഓഫീസുകളിൽ എന്തെല്ലാം ക്രമീകരണങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ആയതിന്റെ ഭാഗമായി താഴെ പറയുന്ന നവീകരണ പദ്ധതികളാണ് പരിഗണനയിലുള്ളത്.

1. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം.

2. രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ

അധിഷ്ഠിതമാക്കിക്കൊണ്ട് smart contract എന്ന ആശയം നടപ്പിലാക്കിക്കൊണ്ട് എല്ലാതരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം.

3. ആധാരപ്പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെ തന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം.

4. വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും.

5. ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായി ഡിജിറ്റൽ രൂപം.

6. ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസം തന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തിരം എടുക്കുന്നതിനുള്ള സൗകര്യം.

7. രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത.

8. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഇ -ഓഫീസ് സൗകര്യം.

9. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കും.

10. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റ് കൂടുതൽ മികവുറ്റതാക്കും.

11. റവന്യൂ, സർവ്വെ എന്നീ വകുപ്പുകളുടെ കൂടി ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏത് ആധാരവും രജിസ്ട്രേഷൻ നിയമ ഭേദഗതിക്കനുസൃതമായി സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

12. രജിസ്ട്രേഷൻ, റവന്യൂ, സർവ്വെ വകുപ്പുകളിൽ നിന്നുള്ള വിവിധ സേവനങ്ങൾക്ക് ഏകജാലക സംവിധാനം.

**രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സംവിധാനത്തിലെ തകരാർ**

314(2654) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ ഓൺലൈൻ സംവിധാനത്തിലെ തകരാർ കാരണം സേവനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഒരേ സമയം വളരെയധികം പൊതുജനങ്ങൾ ഒരേ സേവനം ഉപയോഗിക്കുന്നതുവഴി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിലുണ്ടാകുന്ന തിരക്കുകൾ വർദ്ധിക്കുന്നത് കാരണം സേവനങ്ങൾ മന്ദഗതിയിലാകാറുണ്ട്. ഇപ്രകാരം സേവനം മന്ദഗതിയിലാകുമ്പോൾ തിരക്കുകൾ പരമാവധി നിയന്ത്രണവിധേയമാക്കി സേവനം നൽകാറുണ്ട്.

(ബി) എങ്കിൽ തകരാർ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

നികുതി (രജിസ്ട്രേഷൻ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28-05-2022 -ൽ ഇതുസംബന്ധിച്ച് യോഗം ചേരുകയും താഴെ പറയുന്ന തീരുമാനങ്ങളെടുക്കുകയും ആയത് അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

1) ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റം നിർമ്മാതാക്കളിൽ **(POSTGRES)** നിന്നും സാങ്കേതിക സഹായം തേടാൻ തീരുമാനിച്ചു.

2) നിലവിലുള്ള ഹാർഡ്‌വെയർ ഉപകരണങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ എൻ.ഐ.സി സമർപ്പിക്കേണ്ടതാണ്.

3) നിലവിലുള്ള ഡാറ്റാ ബേസ് സംവിധാനം ഏറ്റവും പുതിയ പതിപ്പിലേയ്ക്ക് മാറ്റേണ്ടതാണ്.

4) വകുപ്പിന്റെ ഉടമസ്ഥതയിലുള്ള അനുബന്ധ ഉപകരണങ്ങളും ഡിസാസ്റ്റർ റിക്കവറിയുമായി ബന്ധപ്പെട്ടുള്ള ആവശ്യത്തിനായി ഉപയോഗിക്കേണ്ടതാണ്.

5) ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർമാരെ നിയമിക്കേണ്ടതാണ്.

6) ഡിസാസ്റ്റർ റിക്കവറിക്കായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

(സി) 2022 മേയ്, ജൂൺ മാസങ്ങളിൽ സേവനങ്ങൾ തടസ്സപ്പെട്ടുവാൻ ഇടയാക്കിയ സോഫ്റ്റ്‌വെയർ തകരാർ പൂർണ്ണമായും പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മെയ് മാസം അവസാനം വകുപ്പിന്റെ സോഫ്റ്റ്‌വെയർ തകരാർ കാരണം സേവനങ്ങളിൽ തടസ്സം നേരിട്ടത് സംബന്ധിച്ച് നികുതി (രജിസ്ട്രേഷൻ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, എൻ.ഐ.സി., കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തകരാറുകൾ

പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയുണ്ടായി. നിലവിൽ ഓൺലൈൻ സേവനങ്ങൾക്ക് തടസ്സങ്ങളൊന്നുമില്ല.

(ഡി) രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സേവനവുമായി ബന്ധപ്പെട്ട് എൻ.ഐ.സി.-യുമായി എം.ഒ.യു. നിലവിലുണ്ടോ; എങ്കിൽ പകർപ്പ് നൽകാമോ?

ഇല്ല.

**അനശ്വര പദ്ധതി**

315 (2655) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>:
<u>ശ്രീമതി ദെലീമ</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ നടപടികൾ കൂടുതൽ മികവുറ്റതും സുതാര്യവും ലളിതവുമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ആധാരം രജിസ്ട്രേഷന് നിലവിൽ ഉപയോഗിക്കുന്ന സംവിധാനത്തിൽ മാറ്റം കൊണ്ടുവരുന്നുണ്ടോ; പദ്ധതി

പൂർത്തീകരണത്തിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് രജിസ്ട്രേഷൻ നടപടികൾ കൂടുതൽ മികവുറ്റതും സുതാര്യവും ലളിതവുമാക്കുന്നതിനായി ആധാരം രജിസ്ട്രേഷന് നിലവിൽ ഉപയോഗിക്കുന്ന സംവിധാനത്തിൽ താഴെ പറയുന്ന മാറ്റങ്ങളാണ് വകുപ്പിന്റെ പരിഗണനയിലുള്ളത്.

1.എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം.

2.രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കിക്കൊണ്ട് 'smart contract' എന്ന ആശയം നടപ്പിലാക്കി എല്ലാ തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം.

3.ആധാരം ഹാജരാക്കിയ ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസം തന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആധാര മാതൃകകൾ ലഘൂകരിച്ചുകൊണ്ട് ഓൺലൈൻ സംവിധാനത്തിലൂടെ ആധാരം

തയ്യാറാക്കി Template based registration സംവിധാനം നടപ്പിലാക്കുന്നതാണ്. മേൽ പദ്ധതി പ്രകാരം ആധാരകക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖേന രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും ലഭിക്കുന്നതാണ്. ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുമ്പോൾ ആധാര രജിസ്ട്രേഷൻ കഴിഞ്ഞ് ആധാരങ്ങൾ അന്നേ ദിവസം തന്നെ മടക്കി നൽകാൻ സാധിക്കുന്നതാണ്.

4. രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത പരിശോധിക്കും.

5. റവന്യൂ - സർവ്വെ വകുപ്പുകളുടെ കൂടി ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഏത് ആധാരവും രജിസ്ട്രേഷൻ നിയമ ഭേദഗതിക്കനുസൃതമായി സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

(ബി) ആധാര വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി ആരംഭിച്ച 'അനശ്വര' പദ്ധതിയിലൂടെ എന്തെല്ലാം പ്രയോജനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുകയെന്നും പ്രസ്തുത പദ്ധതി സംസ്ഥാനത്താകെ

എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ; വിശദാംശം നൽകാമോ?

രജിസ്ട്രേഷൻ വകുപ്പിൽ 2018-19 സാമ്പത്തിക വർഷം തുടക്കം കുറിച്ച ഡിജിറ്റൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പത്തനംതിട്ട ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലേയും വളരെ പഴയതും പൊടിഞ്ഞുപോയതും ഒഴികെയുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുകയുണ്ടായി. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ആധാര പകർപ്പുകൾ ഡിജിറ്റൈസ് ചെയ്യുന്ന 'അനശ്വര പദ്ധതി' 2019-20-ലെ ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി മുഖേന തിരുവനന്തപുരം ജില്ലയിലെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലേയും രജിസ്റ്റർ വാല്യങ്ങൾ (വളരെ പഴയതും പൊടിഞ്ഞു പോയതും ഒഴികെയുള്ളവ) ഡിജിറ്റൈസ് ചെയ്യുകയുണ്ടായി. കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളിലെ സബ് രജിസ്ട്രാർ ആഫീസുകളിലെ 2005 മുതൽ 2018 വരെയുള്ള 14 വർഷ കാലയളവിലെ രജിസ്റ്റർ വാല്യങ്ങളുടെ സ്കാനിംഗ് ജോലികൾ പൂർത്തിയാക്കുകയുമുണ്ടായി. കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, ജില്ലകളിലെ 2005-ന

മുമ്പെയുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്.

അടുത്ത ഘട്ടമായി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള വർക്ക് ഓർഡർ സി-ഡിറ്റ്-ന് നൽകുകയും സ്കാനിംഗ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി 2024 വർഷത്തോടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ആധാര പകർപ്പുകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാകുന്നതോടുകൂടി റെക്കോർഡുകളുടെ സംരക്ഷണത്തോടൊപ്പംതന്നെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓഫീസിൽ നേരിട്ട് വരാതെ തന്നെ ഓൺലൈനായി അപേക്ഷകർക്ക് ലഭ്യമാക്കുവാനും സാധിക്കുന്നതാണ്.

**ഓൺലൈൻ സേവനങ്ങളിലെ തടസ്സങ്ങൾ**

316(2656) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ നിരന്തരം തടസ്സപ്പെടുന്നതുമൂലം ആധാരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനും

വിവിധ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷകൾ നൽകുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ ഓൺലൈൻ സംവിധാനത്തിലെ തകരാർ കാരണം സേവനങ്ങൾ ഭാഗികമായി തടസ്സപ്പെടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

(ബി) എങ്കിൽ ഓൺലൈൻ സേവനങ്ങൾ തടസ്സപ്പെടുന്നതിന്റെ കാരണങ്ങൾ വിശദീകരിക്കാമോ?

ഒരേസമയം അനവധി പേർ സേവനം ഉപയോഗിക്കുന്നതുവഴി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ തിരക്ക് വർദ്ധിക്കുകയും അക്കാരണത്താൽ വെബ്സൈറ്റ് മന്ദഗതിയിലാകുകയും ഭാഗികമായി ഓൺലൈൻ സേവനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യമുണ്ടാകാറുണ്ട്. ഇപ്രകാരം സംഭവിക്കുമ്പോൾ വെബ്സൈറ്റിലുണ്ടാകുന്ന തിരക്ക് നിയന്ത്രിച്ചുകൊണ്ട് സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

നികുതി (രജിസ്ട്രേഷൻ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, എൻ.ഐ.സി., കെൽട്രോൺ, കേരള ഐ.റ്റി. മിഷൻ എന്നിവിടങ്ങളിലെ പ്രതിനിധികളുമായി യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയർ അപ്ഗ്രേഡ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

**കുമ്പളയിൽ സബ് രജിസ്ട്രാർ ഓഫീസ്**

317(2657) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം, ബദിയടുക്ക, കാസർഗോഡ് സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്ന വില്ലേജുകളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത വില്ലേജുകൾ വിഭജിച്ച് കുമ്പളയിൽ സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പരിഗണനയിലില്ല.

**രജിസ്ട്രേഷൻ വകുപ്പ് ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ**

318(2658) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ എന്ന് മുതലാണ് കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ?

2002 മുതൽ

(ബി) കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തിയുടെ ആരംഭകാലം മുതൽ 2021 വരെ രജിസ്ട്രേഷൻ ഐ.ജി. ഓഫീസിലെ ഐ.ടി.-1 എന്ന സീറ്റ് കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെയും അവരുടെ കാലയളവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകാമോ?

കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തിയുടെ ആരംഭകാലത്ത് ഐ.റ്റി.-1 എന്ന സീറ്റ് കൈകാര്യം ചെയ്തിരുന്നത് സീനിയർ ക്ലാർക്ക് ശ്രീ. വി. റ്റി. ശ്രീകുമാർ എന്ന ഉദ്യോഗസ്ഥനാണ്. നിലവിൽ ലഭ്യമായ വിവരമനുസരിച്ച് 01-06-2009 മുതൽ 12-08-2015 വരെ സീനിയർ ക്ലാർക്കായും 13-08-2015 മുതൽ 29-10-2019 വരെ ഹെഡ് ക്ലാർക്കായും 30-10-2019

മുതൽ 30-07-2021 വരെ ജൂനിയർ സൂപ്രണ്ടായും ശ്രീ. റിസ്സ. എം. എം. ഐ.ടി.-1 സീറ്റിൽ ജോലി ചെയ്തിരുന്നു. തുടർന്ന് 09-08-2021 മുതൽ 27-04-2022 വരെ ജൂനിയർ സൂപ്രണ്ട് ശ്രീ. സുബിൻ ഡി. രാജുവും ഐ.ടി.-1 സീറ്റിൽ ജോലി ചെയ്തിരുന്നു.

(സി) കഴിഞ്ഞ 25 വർഷമായി രജിസ്ട്രേഷൻ വകുപ്പിൽ പ്ലാൻ ഫണ്ട് കൈകാര്യം ചെയ്തുവരുന്ന ഉദ്യോഗസ്ഥരുടെ പേരും അവർ കൈകാര്യം ചെയ്തിരുന്ന കാലയളവും ലഭ്യമാണോ; എങ്കിൽ നൽകാമോ?

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, ഫിനാൻസ് ഓഫീസർ എന്നിവരാണ് പ്ലാൻ ഫണ്ട് കൈകാര്യം ചെയ്തു വരുന്നത്. വകുപ്പിൽ നിലവിൽ ലഭ്യമായ വിവരങ്ങളിൽ നിന്നും പ്ലാൻ ഫണ്ട് കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) രജിസ്ട്രേഷൻ വകുപ്പിൽ പ്ലാൻ ഫണ്ട് സംബന്ധിച്ച കാര്യങ്ങളും ആയതിൽ നിന്നുള്ള ഭീമമായ തുകയുള്ള പർച്ചേസുകളും ധനകാര്യ/അക്കൗണ്ട്സ് വിഭാഗം കൈകാര്യം ചെയ്യാതെ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷനിലെ ഒരു ഉദ്യോഗസ്ഥൻ തന്നെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020 വരെയും കൈകാര്യം ചെയ്ത് വന്നിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ടാണ് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുള്ളത്. കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ടുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി സാമ്പത്തിക, സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളതിനാലാണ് പ്ലാൻ ഫണ്ട് സംബന്ധിച്ചുള്ള പർച്ചേസുകൾ ഫിനാൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ ഐ.റ്റി സെക്ഷനിൽ കൈകാര്യം ചെയ്തു വരുന്നത്. പ്ലാൻ ഫണ്ട് ഒരുദ്യോഗസ്ഥൻ മാത്രമായല്ല ഒന്നിലധികം ഉദ്യോഗസ്ഥരാണ് കൈകാര്യം ചെയ്തു വരുന്നത്.

(ഇ) രജിസ്ട്രേഷൻ വകുപ്പിനുവേണ്ടി കഴിഞ്ഞ പത്തു വർഷമായി ഇ-ടെൻഡർ പോർട്ടൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരും ഡെസിഗ്നേഷനും ലഭ്യമാണോ; എങ്കിൽ നൽകാമോ?

രജിസ്ട്രേഷൻ വകുപ്പിനുവേണ്ടി കഴിഞ്ഞ പത്ത് വർഷമായി ഇ-ടെൻഡർ പോർട്ടൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരും സ്ഥാനപ്പേരും ചുവടെ ചേർക്കുന്നു.

- ശ്രീ. ഷൈൻ ജെ., സീനിയർ സൂപ്രണ്ട്

- ശ്രീമതി വി. റ്റി. വീണാകുമാരി, അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ
- ശ്രീ. എ. സജീവ്, സീനിയർ സൂപ്രണ്ട്
- ശ്രീ. പി. കെ. സാജൻകുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ
- ശ്രീമതി മായ ബി. നായർ, സീനിയർ സൂപ്രണ്ട്
- ശ്രീ. റിസ എം. എം., നോഡൽ ഓഫീസർ

**നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസ് നവീകരണം**

319(2659) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസ് നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന നെയ്യാറ്റിൻകര താലൂക്ക് ഓഫീസ് വളപ്പിൽ നിലവിലുള്ള സബ് രജിസ്ട്രാർ ഓഫീസിന് സമീപത്തായി ആധുനിക രീതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് 71 ലക്ഷം (എഴുപത്തിയൊന്ന് ലക്ഷം) രൂപയുടെ

ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിടവിഭാഗത്തിൽ നിന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത ഓഫീസ് നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടില്ല.

**താനൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക കുടിശ്ശിക**

320(2660) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് സർക്കാരിലും ഐ.ജി. രജിസ്ട്രേഷൻ ഓഫീസിലും നിലവിലുള്ള ഫയലിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

താനൂർ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള വിഷയത്തിൽ, റെന്റ് സർട്ടിഫിക്കറ്റിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പ്രൊപ്പോസൽ സമർപ്പിക്കാൻ രജിസ്ട്രേഷൻ

ഐ.ജി.-ക്ക് 07-08-2021-ലെ E3/113/2021-TAXES നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രേഷൻ ഐ.ജി. ഓഫീസിലെ ഫിനാൻസ് സെക്ഷനിലെ IGR -1744/2020-FIN-3 എന്ന ഫയലിലാണ് ഇക്കാര്യം കൈകാര്യം ചെയ്യുന്നത്. വാടക നിർണ്ണയിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള റെന്റ് സർട്ടിഫിക്കറ്റ്, പ്രൊഫോർമ എന്നിവ സഹിതം സമർപ്പിക്കുവാൻ മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ)ക്ക് രജിസ്ട്രേഷൻ ഐ.ജി. നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വാടക കുടിശ്ശിക നൽകുന്നത് സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്തതിൽ ജില്ലാ രജിസ്ട്രാർ, താനൂർ സബ് രജിസ്ട്രാർ ഓഫീസുകളുടെ ഭാഗത്ത് വീഴ്ചയുണ്ടായിയെന്ന ആക്ഷേപം പരിശോധിക്കുമോ?

മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ)-ന് 2020 -ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള വരണാധികാരിയെന്ന നിലയിലുള്ള തെരഞ്ഞെടുപ്പ് ജോലിത്തിരക്കും 2021 കേരള നിയമസഭയിലേയ്ക്കുള്ള വരണാധികാരിയെന്ന നിലയിലുള്ള തെരഞ്ഞെടുപ്പ് ജോലിത്തിരക്കും കാരണം രേഖകൾ സമർപ്പിക്കുന്നതിന് കുറച്ച് കാലതാമസമുണ്ടായിട്ടുള്ളതായി കാണുന്നു.

(സി) വാടക കുടിശ്ശിക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

വാടക നിർണ്ണയിക്കുന്നതിനുള്ള പൊതുമരാമത്തു വകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള റെന്റ് സർട്ടിഫിക്കറ്റ്, പ്രൊഫോർമ എന്നിവ സഹിതമുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് വാടക പുതുക്കൽ**

321(2661) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ വാടക പുതുക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. തന്നിട്ടുള്ള പരാതിയിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

എടച്ചേരി സബ് രജിസ്ട്രാർ ആഫീസ് കെട്ടിടത്തിൽ 11-03-2012 മുതൽ 10-03-2015 വരെ കാലയളവിലെ വാടക, 8385/- രൂപ (എണ്ണായിരത്തി മുന്നൂറ്റി എൺപത്തഞ്ച് രൂപ) പ്രതിമാസ നിരക്കിൽ മുൻകാല പ്രാബല്യത്തിൽ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതും അതുപ്രകാരം കെട്ടിട

ഉടമസ്ഥ്ക്ക് തുക മുഴുവൻ അനുവദിച്ചു നൽകിയിട്ടുള്ളതുമാണ്. 10-03-2015 മുതൽ വാടക നിർണ്ണയിച്ചു കിട്ടുന്നതിന് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി 10-01-2022-ലെ G.O (MS) No.1/2022/ PWD നമ്പർ ഉത്തരവ് പ്രകാരമുള്ള റെന്റ് സർട്ടിഫിക്കറ്റ്, പ്രൊഫോർമ, കെട്ടിട ഉടമയുടെ സമ്മതപത്രം എന്നിവ അടക്കമുള്ള പ്രൊപ്പോസൽ കെട്ടിട ഉടമയിൽ നിന്നും ലഭ്യമാക്കി അടിയന്തരമായി സമർപ്പിക്കുവാൻ 03-06-2022-ൽ കോഴിക്കോട് ജില്ലാ രജിസ്ട്രാർ (ജനറൽ)-ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചാത്തന്നൂരിലെ സ്മാർട്ട് സബ്ബ് രജിസ്ട്രാർ ഓഫീസുകൾ**

322(2662) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് സബ് രജിസ്ട്രാർ ഓഫീസുകളാക്കി അക്രെഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികളിലെ പുരോഗതി വിശദമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ ചാത്തന്നൂർ, പരവൂർ, പൂയപ്പള്ളി, കൊട്ടിയം എന്നീ സബ് രജിസ്ട്രാർ ഓഫീസുകളാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ

കൊട്ടിയം സബ് രജിസ്ട്രാർ ഓഫീസ് ഒഴികെ ചാത്തന്നൂർ, പരവൂർ, പൂയപ്പള്ളി എന്നീ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നവയാണ്. കൊട്ടിയം സബ് ഓഫീസിന് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ചാത്തന്നൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ സ്മാർട്ട് സബ് രജിസ്ട്രാർ ഓഫീസുകളാക്കി അക്രെഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി സംബന്ധിച്ച പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. ഇതിനാവശ്യമായ തുക പ്രത്യേകമായി വകയിരുത്തിയിട്ടുമില്ല. നിലവിൽ ഈ മണ്ഡലത്തിലുൾപ്പെട്ട് വരുന്ന എല്ലാ ഓഫീസുകളിലും ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പ് ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം**

323(2663) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈൻ മുഖാന്തിരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന്

അറിയിക്കാമോ; ഈ വർഷത്തെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്താൻ നടപടികളെടുക്കുമോ; വ്യക്തമാക്കുമോ?

2022 വർഷത്തെ പൊതുസ്ഥലം മാറ്റം ഓൺലൈനായി നടത്തുന്നതിന് നോഡൽ ഓഫീസർ, സ്റ്റേറ്റ് ലെവൽ ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയശേഷം SPARK PMU-യിൽ അറിയിക്കുകയും SPARK PMU-യിൽ നിന്നുള്ള നിർദ്ദേശാനുസരണം SPARK മൊഡ്യൂളിൽ ആവശ്യമായ ക്രമീകരണം വരുത്തുകയുമുണ്ടായി. 2022-ൽ രജിസ്ട്രേഷൻ വകുപ്പിൽ പൊതുസ്ഥലമാറ്റം ഓൺലൈനായാണ് നടത്തിയിട്ടുള്ളത്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ 2338, 2340, 2342, 2350, 2355, 2356, 2374, 2384, 2385, 2393, 2397, 2411, 2413, 2428, 2436 എന്നിവയുടെ ഉത്തരങ്ങൾ നിയമസഭാ വെബ്സൈറ്റിൽ ലഭ്യമല്ല.)

********

10.00 എ.എം.]

## II. റൂളിംഗ്

### സഭാ നടപടികളെക്കുറിച്ചുള്ള വാർത്താമാധ്യമങ്ങളുടെ ആക്ഷേപം സംബന്ധിച്ച റൂളിംഗ്

മി. സ്പീക്കർ: കഴിഞ്ഞ ദിവസം (06-07-2022-ന്) സഭാ സമ്മേളനം ആരംഭിച്ച ഉടൻതന്നെ സഭയിൽ തുടർച്ചയായുണ്ടായ പ്രക്ഷുബ്ധ സാഹചര്യത്തിൽ ചോദ്യോത്തരവേളയും ശൂന്യവേളയും ഒഴിവാക്കി ചർച്ച കൂടാതെ ധനകാര്യ ബിസിനസ്സ് പൂർത്തീകരിച്ച് സമ്മേളനം അവസാനിപ്പിച്ചത് അനിതരസാധാരണവും അപൂർവ്വവുമായ ഒരു നടപടിയായി ചിത്രീകരിച്ചുകൊണ്ട് സഭയ്ക്കകത്തും പുറത്തും വാർത്താമാധ്യമങ്ങളിലും ആക്ഷേപമുയർന്നുവന്നത് ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇന്നലെ ചോദ്യോത്തരവേളയിൽ പ്രതിപക്ഷത്തുനിന്നുള്ള എട്ട് ബഹുമാന്യരായ അംഗങ്ങളെ ചോദ്യം ചോദിക്കാൻ ചെയർ പേര് വിളിച്ചിരുന്നു. എട്ട് അംഗങ്ങളും ചോദ്യം ചോദിക്കാൻ തയ്യാറാകാതിരിക്കുകയും പ്ലക്കാർഡുകൾ ഉയർത്തി മുദ്രാവാക്യം വിളിച്ച് പ്രതിഷേധിക്കുകയുമാണ് ചെയ്തത്. ഒൻപതാമതായി ഭരണപക്ഷത്തുനിന്നുള്ള ഒരംഗത്തെ ചോദ്യം ചോദിക്കാൻ ചെയർ വിളിച്ചു.

അദ്ദേഹം ചോദ്യം ചോദിച്ചെങ്കിലും ഇരുപക്ഷത്തുനിന്നുമുണ്ടായിട്ടുള്ള ബഹളത്തിൽ ആ ചോദ്യത്തിന് മുങ്ങി ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്ക് മറുപടി പറയാനുള്ള ബുദ്ധിമുട്ട് ബഹുമാനപ്പെട്ട മന്ത്രിതന്നെ സഭയിൽ ഇന്നലെ പറയുകയും ചെയ്തു. ഇരുപക്ഷത്തുനിന്നും ബഹളം ഉയർന്നുവരികയുണ്ടായി. ചോദ്യോത്തരവേളയുമായി മുന്നോട്ടുപോകാൻ ഒരുതരത്തിലും സാധിക്കാത്ത സ്ഥിതിയാണെന്നുള്ളത് ഇതിൽനിന്നും വ്യക്തമാണ്. കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദ്യത്തിന് മറുപടി പറയുന്നതിനുവേണ്ടി എഴുന്നേറ്റപ്പോഴും ചോദ്യകർത്താവ് ചോദ്യം ഉന്നയിക്കാൻ തയ്യാറായില്ല. അത്തരമൊരു സാഹചര്യം നിലനിന്നിരുന്നു. പിന്നീട് ചോദ്യോത്തരവേള മാത്രമല്ല ശ്യൂന്യവേളയും റദ്ദാക്കി ധനകാര്യ നടപടികളിലേയ്ക്ക് കടന്നുവെന്നാണ് വിമർശനം. 27-06-2022-ന് സഭാ സമ്മേളനം ആരംഭിച്ച ദിവസം ചോദ്യോത്തരവേള നിർത്തിവച്ചശേഷവും ഏതാണ്ട് ഒരുമണിക്കൂർ സമയം സഭാതലത്തിൽ ചേരിതിരിഞ്ഞുള്ള പ്രതിഷേധവും മുദ്രാവാക്യംവിളിയും നടന്ന സാഹചര്യവുംകൂടി കണക്കിലെടുത്താണ് ഇന്നലെ ചോദ്യോത്തരവേളയും ശ്യൂന്യവേളയും ഒരുമിച്ച് റദ്ദാക്കിയത്.

സഭാനടപടികൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ട സാഹചര്യത്തിൽ ഗവൺമെന്റ് ബിസിനസ്സ് പൂർത്തീകരിക്കണമെന്ന ചെയറിന്റെ ഉത്തരവാദിത്വം നിർവ്വഹിച്ചതിനെതിരെ നിരുത്തരവാദപരമായ ചില പരാമർശങ്ങൾ വിവിധ കോണുകളിൽനിന്നും ഉയർന്നുവന്ന സാഹചര്യത്തിൽ, മുൻകാലങ്ങളിൽ സമാന സന്ദർഭങ്ങളിൽ എന്റെ മുൻഗാമികളായ സഭാദ്ധ്യക്ഷന്മാർ കൈക്കൊണ്ട നടപടിക്രമം ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. അവയിൽ ഏറ്റവും പ്രസക്തമെന്ന് കണ്ട ഒരു റൂളിംഗിന്റെ പ്രസക്തമായ ഭാഗങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേയ്ക്കായി ഇവിടെ ഉദ്ധരിക്കുവാൻ ചെയർ ആഗ്രഹിക്കുകയാണ്.

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ 2013 ജൂൺ 18-ാം തീയതി സഭയിലുണ്ടായ പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ അഞ്ച് മിനിട്ടുകൊണ്ട് സഭാനടപടികൾ ചോദ്യോത്തരവേളയിൽത്തന്നെ പൂർത്തീകരിച്ച് ധനകാര്യ ബിസിനസ്സും പൂർത്തീകരിച്ചതിനെക്കുറിച്ച് അന്ന് ഉയർന്നുവന്ന ആക്ഷേപങ്ങൾക്ക് വിശദീകരണം നൽകിക്കൊണ്ട് തൊട്ടടുത്ത ദിവസം (19-06-2013) അന്നത്തെ സഭാദ്ധ്യക്ഷൻ നൽകിയ റൂളിംഗിന്റെ പ്രസക്തഭാഗംമാത്രം ഇവിടെ ഉദ്ധരിക്കുകയാണ്.

"........ചോദ്യോത്തരവേള സുഗമമായി നടത്തുവാൻ സഹകരിക്കണമെന്ന ചെയറിന്റെ അഭ്യർത്ഥന മാനിക്കാതെ ബഹളം തുടർന്ന വേളയിൽ ചോദ്യോത്തരവേളയും ശൂന്യവേളയും സസ്പെന്റ് ചെയ്തുകൊണ്ട് ധനകാര്യ ബിസിനസ്സിലേയ്ക്ക് കടക്കുവാൻ ചെയർ നിർബന്ധിതനായി. ചെയറിന്റെ ഈ നടപടിയെ വിമർശിക്കുന്ന പല പ്രസ്താവനകളും മാധ്യമങ്ങളിൽ കാണുകയുണ്ടായി. കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് അസാധാരണമായ ഇത്തരമൊരു നടപടിയുണ്ടായതെന്ന രീതിയിലുള്ള പ്രസ്താവനകൾ മാധ്യമങ്ങളിൽ വന്നു. ഏത് കാലഘട്ടത്തിൽ, ആര് ചെയറിൽ ഇരുന്നപ്പോൾ എന്നതിനല്ല പ്രസക്തി, കേരള നിയമസഭയിൽ ഉണ്ടായിട്ടുള്ള ചട്ടങ്ങളും കീഴ്‌വഴക്കങ്ങളുമാണ് പ്രധാനം. 2010 ഏപ്രിൽ 7-ാം തീയതി നിലവിൽവന്ന അംഗങ്ങളുടെ പെരുമാറ്റച്ചട്ടത്തിന്റെ ചട്ടം 3(6) പ്രകാരം ചോദ്യോത്തരവേളയുടെ അലംഘനീയത നിലനിർത്തുവാൻ അംഗങ്ങൾ ബാധ്യസ്ഥരാണ്. ചോദ്യോത്തരവേളയുടെ തുടക്കത്തിൽതന്നെ സഭാനടപടികൾ തടസ്സപ്പെടുത്താനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നത് അഭിലഷണീയമാണോയെന്ന കാര്യം സഭ വീണ്ടും ഗൗരവമായി ആലോചിക്കണമെന്നാണ് ചെയറിന്റെ

അഭിപ്രായം. കേരള നിയമസഭയിലെ പ്രീസിഡൻസ് കൂടി കണക്കിലെടുത്താണ് ഇന്നലെ ചെയർ ചോദ്യോത്തരവേളയും ശൂന്യവേളയും റദ്ദ് ചെയ്ത് ധനകാര്യ ബിസിനസ്സിലേയ്ക്ക് കടന്നത്. പത്താം കേരള നിയമസഭയുടെ പതിനാലാം സമ്മേളനകാലത്ത് പ്ലസ് ടു കോഴ്സുകൾ അനുവദിച്ചത് സംബന്ധിച്ച പ്രശ്നത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് അന്നത്തെ പ്രതിപക്ഷ കക്ഷികൾ 2000 ജൂൺ 20, 21, 22, 23, 26, 27, 28 എന്നീ തീയതികളിൽ സഭയ്ക്കുള്ളിൽ മുദ്രാവാക്യം വിളിച്ച് ബഹളമുണ്ടാക്കിയപ്പോൾ പ്രസ്തുത ദിവസങ്ങളിൽ ശൂന്യവേള സസ്പെന്റ് ചെയ്ത് ആ ദിവസങ്ങളിൽ ചർച്ചയ്ക്ക് വച്ചിരുന്ന ധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ സഭ പാസ്സാക്കുകയുണ്ടായി. പതിനൊന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനകാലത്ത് 2001 ഒക്ടോബർ 22, 23, 24, 29, 30, 31 എന്നീ തീയതികളിൽ സഭയിൽനിന്നും മൂന്ന് അംഗങ്ങളെ സസ്പെന്റ് ചെയ്ത പ്രശ്നത്തിൽ ഉണ്ടായ പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേളയും ശൂന്യവേളയും സസ്പെന്റ് ചെയ്ത് 33 ധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ സഭ പാസ്സാക്കിയിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിലും 2007 മാർച്ച് 29, സെപ്റ്റംബർ 11 എന്നീ തീയതികളിൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും

റദ്ദ് ചെയ്ത് നിയമനിർമ്മാണകാര്യം ചർച്ചകൂടാതെ സഭ പരിഗണിച്ചിട്ടുണ്ട്. അതിനാൽ ഇന്നലെ ചെയർ കൈക്കൊണ്ട നടപടി കേരള നിയമസഭയിലെ ആദ്യത്തെ അസാധാരണമായ സംഭവമല്ലെന്നും സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ ഗവൺമെന്റ് ബിസിനസ്സുകൾ നടത്തിയെടുക്കാൻ ബാദ്ധ്യതപ്പെട്ട സഭാദ്ധ്യക്ഷന്മാർ കൈക്കൊണ്ടിട്ടുള്ള നടപടിയാണെന്നും കാണാവുന്നതാണ്. ഇത്തരം നടപടികൾ കൈക്കൊള്ളുവാൻ നിയമസഭാ ചട്ടം 314 അനുസരിച്ച് ചെയറിന് അധികാരമുണ്ട്. ചട്ടങ്ങളുടെയും കീഴ്വഴക്കങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ ഏത് ചെയറിനും പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഇതൊന്നും പരിശോധിക്കാതെ വാർത്തകൾ നൽകുന്നതും ചർച്ചകൾ സംഘടിപ്പിക്കുന്നതും മാധ്യമങ്ങളും ചർച്ചയിൽ പങ്കെടുക്കുന്ന സഭാംഗങ്ങളും മറ്റുള്ളവരും ഗൗരവമായി ശ്രദ്ധിക്കേണ്ടതുണ്ട്. കീഴ്വഴക്കങ്ങളും സഭാനടപടികളും ഓർക്കാതെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. കേരള നിയമസഭയിലെ ആദ്യത്തെ സംഭവമെന്ന മട്ടിൽ ഇന്നലെ രാവിലെ ഒൻപത് മണി മുതൽ ഇലക്ട്രോണിക് മീഡിയയിൽ ആരംഭിച്ച വാർത്തകൾ ബ്രേക്കിംഗ് ന്യൂസായി ഇന്ന് രാവിലെവരെ ഉണ്ടായിരുന്നുയെന്നുള്ളകാര്യം ചെയർ

നിയമസഭാംഗങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരുന്നു. സഭാനടപടികൾ റിപ്പോർട്ട് ചെയ്യുമ്പോൾ വസ്തുതകൾ മനസ്സിലാക്കി റിപ്പോർട്ട് ചെയ്യുവാൻ ബഹുമാനപ്പെട്ട മാധ്യമ പ്രവർത്തകർക്കും ബാധ്യതയുണ്ട്." ഇത് ഞാൻ പറയുന്നതല്ല, 2013 ജൂൺ 19-ാം തീയതി ചെയർ നൽകിയ റൂളിംഗിൽ നിന്നുള്ളതാണ്. ഇന്നലെ സഭാനടപടികൾ വേഗത്തിൽ പൂർത്തീകരിക്കാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ഇതിൽക്കൂടുതൽ ഒരു വിശദീകരണത്തിന്റെ ആവശ്യമുണ്ടെന്ന് ചെയർ കരുതുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ഒരിക്കലും റൂളിംഗിനെ ചോദ്യം ചെയ്യില്ല. ഇതുവരെ അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല. അങ്ങ് ചെയറിന്റെ 2013-ലെ റൂളിംഗ് ഉദ്ധരിച്ചുകൊണ്ട് 2000 മുതൽ 2013 വരെ നിയമസഭയിലുണ്ടായ ചോദ്യോത്തരവേളയും ശൂന്യവേളയും സസ്പെന്റ് ചെയ്തതിനെ സംബന്ധിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. അന്നുണ്ടായ നിരവധി സംഭവങ്ങളിൽനിന്ന് വ്യത്യസ്തമായിരുന്നു ഇന്നലെയുണ്ടായ സംഭവം. അന്നെല്ലാം പ്രതിപക്ഷം നടുത്തളത്തിലായിരുന്നു. എന്നാൽ ഇന്നലെ പ്രതിപക്ഷം സീറ്റിലായിരുന്നു. എന്റെ നിർദ്ദേശപ്രകാരം പ്രതിപക്ഷത്തെ അംഗങ്ങളെല്ലാവരും മുദ്രാവാക്യം

വിളി നിർത്തി സീറ്റിൽ ഇരുന്നതിനുശേഷമാണ് ഇന്നലെ ചോദ്യോത്തരവേളയും ശൂന്യവേളയും സസ്പെന്റ് ചെയ്തതെന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഞങ്ങൾ നടുത്തളത്തിലല്ലായിരുന്നു, സീറ്റിലായിരുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഓരോ സന്ദർഭങ്ങളിലും ബഹുമാനപ്പെട്ട സ്പീക്കർമാർ നൽകുന്ന ഉത്തരവുകൾ/റൂളിംഗുകൾ വസ്തുനിഷ്ഠമായ എല്ലാ സാഹചര്യങ്ങളും മനസ്സിലാക്കിക്കൊണ്ടുള്ള ബഹുമാനപ്പെട്ട ചെയറിന്റെ പ്രത്യേകമായ അധികാരമാണ്. ഏതുതലത്തിൽ അത് എടുത്തുവെന്നതിനെ സംബന്ധിച്ച് റൂളിംഗ് വന്നതിനുശേഷവും ബഹുമാന്യനായ പ്രതിപക്ഷനേതാവ് സഭയിൽ ചില പ്രശ്നങ്ങൾ ഉന്നയിച്ചതുകണ്ടു. പ്രതിപക്ഷം സഭയുടെ എല്ലാതരത്തിലുമുള്ള ചട്ടങ്ങൾ ലംഘിച്ച് പ്ലക്കാർഡുകളും ബാനറുകളും ഉയർത്തിയതും ബഹളമുണ്ടാക്കിയതും എല്ലാവരും കാണുകയുണ്ടായി. അതുമാത്രമല്ല, ബഹുമാനപ്പെട്ട സ്പീക്കർ ഉദ്ധരിച്ച റൂളിംഗിൽ ഗൗരവമായ ഒരു കാര്യം കാണുകയുണ്ടായി. ചർച്ചയിൽ പങ്കെടുക്കുന്ന സഭാംഗങ്ങൾ ചെയറിന്റെ നിഷ്പക്ഷതയെത്തന്നെ ചോദ്യം ചെയ്യുന്ന രൂപത്തിൽ സഭയ്ക്കുപുറത്ത്

അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നത് സംബന്ധിച്ച് റൂളിംഗിൽ അന്നത്തെ ബഹുമാന്യനായ സ്പീക്കർ പരാമർശിച്ചിട്ടുണ്ട്. അതിനാൽ ഇത്തരം കാര്യങ്ങളിൽ സഭയ്ക്കകത്ത് അഭിപ്രായം പ്രകടിപ്പിക്കാമെന്നല്ലാതെ സഭയുടെ അന്തസ്സും ചെയറിന്റെ നിഷ്പക്ഷതയും ചോദ്യം ചെയ്യുന്നുവെന്ന് പരോക്ഷമായെങ്കിലും സൂചിപ്പിക്കുന്ന രൂപത്തിലുള്ള പരാമർശങ്ങൾ പുറത്ത് മാധ്യമങ്ങളിലൂടെയോ ചർച്ചകളിലൂടെയോ പങ്കുവയ്ക്കുന്നത് തെറ്റാണെന്ന റൂളിംഗിന്റെ കാര്യം ഒന്നുകൂടി സഭ എടുത്തുപറയേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: പ്രസ്തുത റൂളിംഗ് പൂർണ്ണമായും സഭയിൽ വായിച്ചില്ല. അതിലെ പ്രസക്തമായ ഭാഗങ്ങൾ മാത്രമാണ് വായിച്ചത്. എന്നാൽ അതിലെ ബാക്കി ഭാഗങ്ങൾ പ്രസക്തമല്ലെന്നല്ല അതിന്റെ അർത്ഥം.

**10.10 A.M]**

## III. അടിയന്തരപ്രമേയം

സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ കെടുകാര്യസ്ഥത

മി. സ്പീക്കർ: സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി

പെൻഷൻ ലിമിറ്റഡിന്റെ തിരിച്ചടവ് ബാധ്യതകളിൽനിന്നും സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽനിന്നും സർക്കാർ പിന്മാറുന്നതായി പറയപ്പെടുന്നതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഇവിടെ നൽകിയിട്ടുള്ള അടിയന്തരപ്രമേയ നോട്ടീസ് വാസ്തവത്തിൽ ഗൗരവമേറിയതോ അടിയന്തരമോ ആയ ഒരു വിഷയം സംബന്ധിച്ചുള്ളതല്ല. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ തിരിച്ചടവ് ബാദ്ധ്യതകളിൽനിന്ന് പിന്മാറുന്നത് ഉൾപ്പെടെയുള്ള നടപടികൾ സാമൂഹികക്ഷേമ പ്രവർത്തനങ്ങളിൽനിന്ന് സർക്കാർ പിന്മാറുന്നതിന് കാരണമാകുന്ന അവസ്ഥ കേരളത്തിലില്ലെന്ന് മാത്രമല്ല ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്നതുമുതൽ സാമൂഹികക്ഷേമ പെൻഷൻ കൃത്യമായി കൊടുക്കുന്നുണ്ട്. മുമ്പ് കൊടുത്തിരുന്ന സാമൂഹികക്ഷേമ

പെൻഷന്റെ വ്യത്യാസം ഞാൻ പറയാം. കഴിഞ്ഞ അഞ്ചുവർഷക്കാലം ഒന്നാം പിണറായി സർക്കാർ 35157 കോടി രൂപ കൊടുത്തു. അതേസമയം തൊട്ടുമുമ്പുള്ള അഞ്ചുവർഷം 9311 കോടി രൂപ മാത്രമേ കൊടുത്തിരുന്നുള്ളൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും കൃത്യമായി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ തടസ്സമുണ്ടാകുന്ന സ്ഥിതിവിശേഷമില്ല. എന്തുകൊണ്ടാണ് ഇങ്ങനെയൊരു ആശങ്കയുണ്ടായതെന്ന് മനസ്സിലാകുന്നില്ല. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് 100 ശതമാനവും സർക്കാർ ഉടമസ്ഥതയിലുള്ളതാണ്. അത് കേന്ദ്ര കമ്പനി നിയമപ്രകാരം പ്രവർത്തിക്കുന്ന ഏതൊരു സർക്കാർ കമ്പനിയെപ്പോലെയുമുള്ള ഒരു കമ്പനിയാണ്. കോവിഡ്-19 അടക്കമുള്ള പ്രതികൂല സാഹചര്യങ്ങളിൽ റവന്യൂ വരുമാനം ഇടിഞ്ഞപ്പോഴും സാമൂഹിക സുരക്ഷാ പെൻഷൻ യാതൊരുവിധ മുടക്കവും കൂടാതെ ജനങ്ങളിലെത്തിക്കാൻ ഈ കമ്പനിയിലൂടെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽ ജനജീവിതം സാധാരണനിലയിൽ കൊണ്ടുപോകുന്നതിന് ഈ കമ്പനിവഴിയുള്ള പെൻഷൻ വിതരണം വലിയൊരു കരുതലായും കൈത്താങ്ങായും പ്രവർത്തിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ധനകാര്യ താൽപ്പര്യങ്ങളെയും ലിക്വിഡിറ്റിയെയും ബാധിക്കുന്ന ചില തീരുമാനങ്ങൾ ദൗർഭാഗ്യവശാൽ കേന്ദ്രഗവൺമെന്റിന്റെ പല നയങ്ങളുടെ ഭാഗമായി വരുന്നുണ്ട്. അത് പൊതുവിൽ എല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിലെ ജനസംഖ്യയുടെ അഞ്ചിലൊന്നോളം വരുന്ന മുതിർന്ന പൗരന്മാരുടെ സാമൂഹിക സുരക്ഷയെ മുൻനിർത്തി ഏത് സാമ്പത്തിക പ്രതിസന്ധിയിലും ഇടതടവില്ലാതെ പണം കടമെടുക്കേണ്ടതായി വരാറുണ്ട്. അത് മറ്റൊന്നുംകൊണ്ടല്ല, സാധാരണഗതിയിൽ വരുന്ന പണത്തിന്റെ തോതനുസരിച്ച് രണ്ടോമൂന്നോ മാസം ഒരുമിച്ച് കൊടുക്കുന്ന ഒരു സ്ഥിതിക്കുപകരം, മാസാമാസം തുക കൊടുക്കണമെങ്കിൽ ലിക്വിഡിറ്റി മാനേജ്മെന്റ് ഒരു പ്രശ്നമാണ്. ഇപ്പോഴും 1100-ലധികം കോടി രൂപ ഈ മാസത്തേയ്ക്ക് റിലീസ് ചെയ്തുകഴിഞ്ഞു. ലിക്വിഡിറ്റി മാനേജ്മെന്റിനുവേണ്ടിയാണ് ഈ കമ്പനി പ്രവർത്തിക്കുന്നത്. ആ കമ്പനിയുടെ പ്രവർത്തനത്തെ യാതൊരുതരത്തിലും ബാധിക്കുന്ന ഒരു തീരുമാനം ഗവൺമെന്റ് എടുത്തിട്ടില്ല. ശമ്പളം തന്നെ മുടങ്ങുമെന്നുള്ള വലിയ പ്രചരണം നേരത്തെയുണ്ടായിരുന്നു. ഈ മാസം ശമ്പളം കിട്ടില്ല, അല്ലെങ്കിൽ 20 ശതമാനം ശമ്പളത്തിൽനിന്നും കട്ട് ചെയ്യും എന്നിങ്ങനെയുള്ള

പ്രചരണങ്ങൾ ഓരോ സമയത്തും ഉണ്ടായിരുന്നു. അങ്ങനെയുള്ള ഒരു സ്ഥിതിയും ഉണ്ടാകില്ലെന്ന് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങളിലൊന്നും ഒരു തടസ്സവുമില്ല. സർക്കാർ ഈ ഉത്തരവാദിത്വത്തിൽനിന്ന് പിന്നോട്ട് മാറുന്നില്ലെന്ന കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ മാസത്തേയ്ക്കുള്ള ഫണ്ട് റിലീസ് ചെയ്തുകഴിഞ്ഞു. എന്നാൽ സംസ്ഥാനത്തിന്റെ ധനകാര്യ ലിക്വിഡിറ്റിയെയും മാനേജ്മെന്റിനെയും തടസ്സപ്പെടുത്തുന്ന കേന്ദ്രഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി അഖിലേന്ത്യാതലത്തിൽ പ്രതിപക്ഷ പാർട്ടികളും ഭരണപക്ഷ പാർട്ടികളും അതായത്, ബി.ജെ.പി. സർക്കാരിന്റെ ആളുകളുമെല്ലാം പറയുന്ന ചില പ്രശ്നങ്ങളുണ്ട്. അത് സംയുക്തമായി ഏറ്റെടുക്കേണ്ട ഒരു കാര്യമാണ്. ഇത്തരം കാര്യങ്ങളിൽ രാജസ്ഥാൻ, ഛത്തീസ്ഗഢ് എന്നീ ഗവൺമെന്റുകളെക്കുറിച്ച് ഞാൻ പറയുന്നത് കോൺഗ്രസ്സിന് ബന്ധമുള്ളതുകൊണ്ടാണ്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ ഫിസ്കൽ ഫെഡറലിസത്തെ ബാധിക്കുന്ന തരത്തിലുള്ള നിലപാടെടുക്കുന്നുണ്ട്. അതിനെതിരായി ശക്തമായ ഒരു സമീപനം പൊതുവിലെടുക്കണം. എന്നാൽ ഇപ്പോൾ സംസ്ഥാനത്ത് അങ്ങനെ

തടസ്സമുണ്ടാക്കുന്ന സ്ഥിതിയോ പെൻഷൻ കൊടുക്കാതിരിക്കുന്ന സാഹചര്യമോയില്ല.

<u>ഡോ. മാത്യു കുഴൽനാടൻ:</u> സർ, ഞാൻ നേരിട്ട് വിഷയത്തിലേയ്ക്ക് കടക്കുകയാണ്. 26-06-2018-ലാണ് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ എന്ന കമ്പനി രൂപീകൃതമായത്. ഈ കമ്പനിക്ക് കടമെടുക്കാനുള്ള അവകാശമുണ്ടെന്നും ആ കടമെടുപ്പിന് സർക്കാർ ഗ്യാരണ്ടി നൽകുമെന്ന് പറഞ്ഞുമാണ് സർക്കാർ ഉത്തരവിറക്കിയത്. 10-06-2022-ന് ധനകാര്യവകുപ്പ് ഇറക്കിയ പ്രസ്തുത ഉത്തരവാണ് എന്റെ കൈവശമുള്ളത്. ധനകാര്യ വകുപ്പുമന്ത്രിയെ ഒരു കണക്കപ്പിള്ളയെപ്പോലെയാണ് നാം കാണുന്നത്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഏറ്റവും വലിയ ക്വാളിറ്റി എന്നുപറയുന്നത് സത്യസന്ധതയായിരിക്കണമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ ഉത്തരവിൽ പറഞ്ഞിരിക്കുന്ന ഒരു സെന്റൻസ് ഞാൻ വായിക്കാം " Government have constituted Kerala Social Security Pension Limited vide G.O. read above with an objective to ensure smooth disbursement of Social Security Pensions. Certain clauses in the Government Order restrict the liberty of the Company in mobilising

funds. In the circumstances, after examining the matter in detail, Government have now decided to modify the Government Order to the extent as tabled below" എന്നുപറഞ്ഞതിനുശേഷം മൂന്ന് ക്ലോസുകൾ കൊടുക്കുന്നു. സർക്കാർ കൊടുക്കുന്ന ഗ്യാരണ്ടി നിങ്ങൾ വിത്ഡ്രോ ചെയ്യുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് കടമെടുക്കാനുള്ള അനുമതിയാവശ്യപ്പെട്ടപ്പോൾ ബഡ്ജറ്റിനുപുറത്ത് കടമെടുത്തിട്ടുള്ളതെല്ലാം കണക്കിൽ കാണിച്ചാൽ മാത്രമേ അനുമതി നൽകുകയുള്ളൂവെന്ന് പറഞ്ഞു. സംസ്ഥാന സർക്കാരിന് കടമെടുക്കുന്നതിനുവേണ്ടി ഗ്യാരന്റി കൊടുത്തിരുന്നത് പിൻവലിച്ച ഓർഡറാണ്. അത് കമ്പനിയുടെ നടത്തിപ്പിനുവേണ്ടിയല്ല, സർക്കാരിന് കടമെടുക്കുന്നതിനുവേണ്ടിയാണ്. നിങ്ങൾ എന്തിനാണ് ഈ കണക്കുകൾ കളവായി ഉത്തരവിൽ ചേർത്തത്. 57 ലക്ഷത്തോളം പെൻഷനേഴ്സിന് ആശങ്കയുണ്ടാക്കുന്ന ഒരു കാര്യമായതുകൊണ്ടാണ് ഇത് അടിയന്തരമായി സഭയിൽ കൊണ്ടുവരാൻ തീരുമാനിച്ചത്. അങ്ങ് പറഞ്ഞ ഫിസ്കൽ ഫെഡറലിസത്തിന്റെ ചോദ്യം ഇവിടെയുണ്ട്. ആ ചോദ്യം വരുമ്പോൾ കേരളത്തിന്റെ കടമെടുപ്പ് പരിധി കടന്നുപോകുന്ന സാഹചര്യത്തിലാണ്

ഇക്കാര്യം ചർച്ച ചെയ്യേണ്ടി വരുന്നത്. കഴിഞ്ഞ മേയ് 19-നാണ് വളരെ ആശങ്കയോടുകൂടി ഒരു രാജ്യത്തിന്റെ സാമ്പത്തികമായ പതനം ലോകം കണ്ടത്. അയൽരാജ്യമായ ശ്രീലങ്കയുടെ അവസ്ഥ പെട്ടെന്ന് മാറുന്നത് നമ്മൾ കണ്ടതാണ്. ആർക്കും ഇന്ധനം വാങ്ങാൻ കഴിയുന്നില്ല, സ്കൂളുകൾ അടച്ചിട്ടു, ജനജീവിതം ദുസ്സഹമായി. അങ്ങനെയൊരു രാജ്യത്തിന്റെ തകർച്ച കണ്ടപ്പോൾ സ്വാഭാവികമായും ആർ.ബി.ഐ. വളരെ ഗൗരവത്തോടുകൂടി ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളുടെയും സ്ഥിതി പരിശോധിച്ചു. ഇന്ത്യയിലെ ഏകദേശം അഞ്ച് സംസ്ഥാനങ്ങൾ കടക്കെണിയിലേയ്ക്ക് നീങ്ങുന്ന അങ്ങേയറ്റം ആശങ്കാജനകമായ സാഹചര്യമുണ്ടെന്ന് പറയുകയും അതിൽ ഒരെണ്ണം കേരളമാണെന്ന് കണ്ടെത്തുകയും നിരവധി കാര്യങ്ങൾ അവർ പുറത്തുവിടുകയും ചെയ്തു. അങ്ങനെ വന്ന സാഹചര്യത്തിലാണ് പഞ്ചാബ്, രാജസ്ഥാൻ, കേരളം, പശ്ചിമബംഗാൾ, ബീഹാർ, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളുടെ കടബാദ്ധ്യത അപകടകരമായ നിലയിലാണ് നിലകൊള്ളുന്നതെന്ന കണക്ക് ആർ.ബി.ഐ. പുറത്തുവിട്ടത്. കേരളത്തിന്റെ കടബാദ്ധ്യത 3.89 ലക്ഷം കോടി രൂപയാണെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുള്ളത്. അതാണ് ഇപ്പോഴത്തെ

ഔദ്യോഗികമായ കണക്ക്. പക്ഷേ ഞാൻ മനസ്സിലാക്കുന്നത്, കഴിഞ്ഞമാസം കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നിങ്ങൾ നൽകിയ കണക്കിൽ കിഫ്ബിയുടെ 73638 കോടി രൂപയും അതോടൊപ്പം മറ്റിതര ബാദ്ധ്യതകളുമുണ്ട്. അങ്ങനെ വരുമ്പോൾ വീണ്ടും ഏകദേശം ഒരു ലക്ഷം കോടി രൂപകൂടി കേരളത്തിന്റെ ഔദ്യോഗിക കടബാദ്ധ്യതയിലേയ്ക്ക് വരുമ്പോൾ ഏകദേശം 5 ലക്ഷം കോടി രൂപയിലേയ്ക്ക് കടബാദ്ധ്യത അടുക്കുകയാണ്. ഇത് ചർച്ച ചെയ്യേണ്ട അടിയന്തര സാഹചര്യമില്ല, ഇത് ഗൗരവമുള്ളതല്ലെന്ന് അങ്ങ് എങ്ങനെയാണ് പറയുന്നത്? കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഏകദേശം 40 ശതമാനത്തോളമാണ് കടമായി പറഞ്ഞിരുന്നതെങ്കിൽ ഈ ഒരു ലക്ഷം രൂപ കൂടി വർദ്ധിക്കുമ്പോൾ അത് 50 ശതമാനം കടക്കുന്ന സ്ഥിതിയിലേയ്ക്ക് വരും. കാരണം, 116000 കോടി രൂപയാണ് റവന്യൂ വരുമാനമായി കാണിച്ചിരുന്നത്. കിഫ്ബിയുടെ വരുമാനമടക്കം പറയുമ്പോൾ ഏകദേശം 50 ശതമാനത്തിലേയ്ക്ക് ഡെബ്റ്റ് ജി.എസ്.ഡി.പി. റേഷ്യോ മാറുന്നുവെന്നത് ഗൗരവമല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് എന്തടിസ്ഥാനത്തിലാണ്? ഇതിനെല്ലാം കാരണമായി വന്നത് കേന്ദ്രസർക്കാരിൽനിന്ന് നിങ്ങൾക്ക് മാർച്ച് 31-ന് ഓഫ്

ബഡ്ജറ്റ് ബോറോയിംഗ് സംബന്ധിച്ച് ലഭിച്ച ഒരു കത്താണ്. ധനകാര്യ മാനേജ്മെന്റിലുണ്ടായ വീഴ്ച നിങ്ങൾ അംഗീകരിക്കാൻ തയ്യാറല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അങ്ങയുടെ മുൻഗാമിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ആവർത്തിച്ചാവർത്തിച്ച് ഈ നിയമസഭയിൽ പറഞ്ഞിരുന്നത്, കിഫ്ബി വരുന്നതുവഴി ബഡ്ജറ്റിനുപുറത്ത് കടമെടുക്കുന്നു. കേരളത്തിന്റെ വികസനം സാധ്യമാക്കുന്നു, കേരളത്തിന് കടബാധ്യതകൾ വരുന്നില്ല എന്നാണ്. ഞാൻ ചോദിക്കട്ടെ, കിഫ്ബിയുടെ ബാധ്യത ബഡ്ജറ്റിനുപുറത്ത് നിൽക്കുന്ന അവസ്ഥയാണ് ഇന്നുള്ളതെന്ന് അങ്ങേയ്ക്ക് ഇന്ന് സഭയിൽ പറയാൻ കഴിയുമോ? കിഫ്ബിയുടെ ബാധ്യതയും സർക്കാരിന്റെ ബാധ്യതയാണെന്ന് അങ്ങേയ്ക്ക് കേന്ദ്രസർക്കാരിനുമുന്നിൽ അംഗീകരിക്കേണ്ടിവന്നു. അങ്ങനെ വന്നപ്പോൾ ഈ സർക്കാരിന് കടമെടുക്കാനുണ്ടായിരുന്ന അവസരംകൂടി അങ്ങയുടെ മുൻഗാമി എടുത്തുകൊണ്ടുപോയെന്നത് നിഷേധിക്കാൻ കഴിയുമോ; ആ ധനകാര്യ മാനേജ്മെന്റിന്റെ പേരിൽ 4000 കോടി രൂപ ഈ സർക്കാരിന് കടമെടുക്കാനുള്ളത് വെട്ടിക്കുറച്ച കാര്യം അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയുമോ? കാരണം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവർത്തിച്ചാവർത്തിച്ച് ധനകാര്യ

വകുപ്പുമന്ത്രി പറഞ്ഞിരുന്നത് ഇതൊന്നും നമ്മുടെ ബഡ്ജറ്റിനെയോ കടമെടുപ്പിനെയോ ബാധിക്കില്ലെന്നുള്ളതാണ്. അതുമാത്രമല്ല, കിഫ്ബി നിലനിൽക്കാൻ പോകുന്നില്ല, നിയമവിരുദ്ധമാണെന്ന് അന്ന് ഞങ്ങൾ പറഞ്ഞു. ഇത് രണ്ടും നിങ്ങൾ തള്ളിക്കളഞ്ഞു. ഇന്ന് നിങ്ങൾക്ക് കിഫ്ബിയുടെ കടം കേരളത്തിന്റെ ഔദ്യോഗിക കടത്തിന്റെ കൂട്ടത്തിൽ കൂട്ടേണ്ടിവരുമെന്ന് കേന്ദ്രസർക്കാരിന് മുമ്പിൽ അംഗീകരിക്കേണ്ടിവന്നു. മാത്രമല്ല, സാമൂഹ്യനീതിയുടെ വലിയ നിഷേധം നിങ്ങൾ ഈ പ്രക്രിയവഴി ചെയ്തു. നിങ്ങൾ ഇടതുപക്ഷം എന്നാണല്ലോ പറയുന്നത്. നിങ്ങൾ ഓർക്കണം, കിഫ്ബി ഇതുവരെ ചെലവഴിച്ചത് 20301 കോടി രൂപയാണ്. ഏറ്റവും ഒടുവിലത്തെ കണക്ക് എനിക്കറിയില്ല. 20301 കോടി രൂപ കിഫ്ബി ചെലവഴിച്ചപ്പോൾ, നമ്മളൊക്കെ ഇതുവരെ തുടർന്നുവന്നിരുന്ന ഒരു പാറ്റേണുണ്ടായിരുന്നു. ബഹുമാന്യയായ ഇന്ദിരാഗാന്ധി ഈ രാജ്യത്തിന്റെ വികസനത്തിന്, സാമൂഹിക സുരക്ഷ, സാമൂഹിക സമത്വം, സാമൂഹിക നീതി എന്നിവ ഉറപ്പാക്കണമെന്നുള്ളതുകൊണ്ടാണ് പ്ലാൻ ഫണ്ടുകൾ വീതം വയ്ക്കുമ്പോൾ രാജ്യത്തെ ദുർബല വിഭാഗങ്ങൾക്കും പ്രത്യേക വിഭാഗങ്ങൾക്കും ഏകദേശം പത്ത് ശതമാനം തുക ബാക്കിവയ്ക്കണമെന്ന് പറഞ്ഞത്. നിങ്ങൾ

20301 കോടി രൂപ ചെലവാക്കിയപ്പോൾ ഈ രാജ്യത്തെ എസ്.സി./എസ്.ടി വിഭാഗങ്ങൾക്കുവേണ്ടി നൽകിയത് 63 കോടി രൂപ മാത്രമാണ്. അതായത്, മൊത്തം ചെലവഴിച്ച തുകയുടെ 0.31 ശതമാനം. ഇരുപതിനായിരം കോടി രൂപ ചെലവാക്കിയപ്പോൾ കാർഷിക മേഖലയ്ക്ക് നൽകിയത് കേവലം 10.99 കോടി രൂപയാണ്. അതായത്, നിങ്ങൾ നൽകിയത് 0.05 ശതമാനം. എസ്.സി./എസ്.ടി വിഭാഗങ്ങൾക്ക് നൽകിയത് 0.31 ശതമാനമാണ്. ഇനി പ്രൊപ്പോസ്ഡ് സ്പെന്റിംഗ്, കിഫ്ബി ഇതുവരെ അംഗീകരിച്ച 73638 കോടി രൂപയുടെ പദ്ധതികൾ എന്നിവയുണ്ട്. ഈ പദ്ധതി നിങ്ങൾ അംഗീകരിച്ചപ്പോൾ എസ്.സി./എസ്.ടി വിഭാഗങ്ങൾക്ക് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതും മാറ്റിവച്ചിട്ടുള്ളതും കേവലം 182 കോടി രൂപയാണ്. അതായത് വീണ്ടും കുറഞ്ഞു 0.25 ശതമാനമായി. കാർഷിക മേഖലയ്ക്ക് മാറ്റിവച്ചിട്ടുള്ളത് 21.43 ശതമാനം. അതായത് 0.028 ശതമാനം, കേവലം 21 കോടി രൂപ. ഇവിടെയാണ് പ്രശ്നം. യഥാർത്ഥത്തിൽ കിഫ്ബി വലിയ വികസനവും നേട്ടവുമാണെന്ന് പറയുന്നു. പക്ഷേ, സാമൂഹ്യനീതി അട്ടിമറിക്കപ്പെടുകയാണ്. ഒരു ഇടതുപക്ഷ സർക്കാർ ഇങ്ങനെ ചെയ്യുമ്പോൾ ഈ സഭയിലിരിക്കുന്നവർക്ക് ചോദിക്കാൻ കഴിയണ്ടേ;

ഇതാണോ നിങ്ങളുടെ സാമൂഹ്യനീതി; ഇതാണോ നിങ്ങളുടെ സാമൂഹ്യ സമത്വം; ഈ നിലയ്ക്കാണോ നിങ്ങൾ വികസനം നേടാൻ പോകുന്നത്? അതുകൊണ്ടാണ് ഇടതുസർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലുണ്ടായ പാളിച്ച ഞങ്ങൾ പറയുന്നത്. നിങ്ങളുടെ സാമ്പത്തിക നയസമീപനത്തിലുള്ള തെറ്റാണ് ചൂണ്ടിക്കാണിക്കുന്നത്. ഓഫ് ബഡ്ജറ്റ് ബോറോയിംഗെന്ന് പറഞ്ഞ് നിങ്ങൾ രക്ഷപ്പെടാമെന്ന് കരുതേണ്ട. കഴിഞ്ഞ തവണ ഡോ. ടി.എം. തോമസ് ഐസക് അഞ്ചുവർഷംകൊണ്ട് അൻപതിനായിരം കോടി രൂപ സംസ്ഥാനത്ത് ചെലവഴിക്കുമെന്ന് പറഞ്ഞു. എവിടെയാണ്? എനിക്ക് ചോദിക്കാനുള്ളത്, കിഫ്ബി പരസ്യത്തിന് ചെലവഴിച്ച തുകയെങ്കിലും നിങ്ങൾ എസ്.സി./എസ്.ടി. വിഭാഗത്തിന് നൽകിയോ? 82 കോടി രൂപ പരസ്യത്തിനാണ് കിഫ്ബി ചെലവഴിച്ചത്. നിങ്ങൾ പിണറായി സർക്കാരിന്റെ പരസ്യം നടത്തുകയായിരുന്നു. ഖജനാവിലെ പണമെടുത്ത് ഒരു ധനകാര്യ സ്ഥാപനത്തിന് നൽകി. എവിടെയെങ്കിലും ഒരു ധനകാര്യ വകുപ്പ് പരസ്യം ചെയ്യുന്നത് ഇന്നുവരെ ഞാൻ കണ്ടിട്ടില്ല. ഈ രാജ്യത്തെ കർഷകനും എസ്.സി./എസ്.ടി. വിഭാഗത്തിനും നൽകിയ മൊത്തം തുകയെക്കാൾ കൂടുതൽ കിഫ്ബിയുടെ പരസ്യത്തിനുവേണ്ടി നിങ്ങൾക്ക്

ചെലവഴിക്കേണ്ടിവന്നു. ഇതാണ് ഇടതുപക്ഷ സർക്കാരിന്റെ സാമൂഹ്യനീതിയും സാമൂഹ്യബോധവും. ഇക്കാര്യങ്ങൾ പറയുമ്പോൾ നിങ്ങൾ എപ്പോഴും മറ്റ് സംസ്ഥാനങ്ങളിലെ കാര്യം പറയും. രാജസ്ഥാൻ സർക്കാർ ചെലവഴിച്ചത് സംബന്ധിച്ച് ആർ.ബി.ഐ. റൂളുണ്ട്, ശരിയാണ്. ഞാൻ അഭിമാനത്തോടുകൂടി പറയും. ആർ.ബി.ഐ. ആർട്ടിക്കിളിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. രാജസ്ഥാൻ സർക്കാർ കോവിഡ്-19 കാലഘട്ടത്തിൽ 7 പ്രത്യേക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

മി. സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഏഴ് പ്രധാനപ്പെട്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു. കേരളമാകട്ടെ അൻപത് കോടി രൂപയുടെ ഒരെണ്ണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, പ്രസംഗം അവസാനിപ്പിക്കൂ....

ഡോ. മാത്യു കുഴൽനാടൻ: സർ, (.....ബഹളം....) കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകന് ഇന്ററസ്റ്റ് സബ്സിഡി നൽകുമെന്നാണ് പറയുന്നത്. അതുകൊണ്ട് ഈ ധനകാര്യ മാനേജ്മെന്റിലും സാമ്പത്തിക സമീപനത്തിലും മാറ്റം വരുത്തിയില്ലെങ്കിൽ കേരളം വലിയ സാമ്പത്തിക കടക്കെണിയിലേയ്ക്ക് പോകുകയും അത് കേരളത്തിന് താങ്ങാൻ പറ്റാത്ത

സ്ഥിതിയുണ്ടാക്കുമെന്നുമുള്ളതുകൊണ്ടാണ് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ അടിയന്തരപ്രമേയ നോട്ടീസ് കേരളത്തിലെ പാവപ്പെട്ടവരും അങ്ങേയറ്റം സഹായം ലഭിക്കേണ്ടതുമായ ഒരു വിഭാഗത്തിന് പെൻഷൻ ലഭിക്കുമോയെന്നും കമ്പനി തകർന്നുപോകുമോയെന്നുമുള്ള ആശങ്കയിൽനിന്നും തുടങ്ങിയതാണ്. പക്ഷേ, ഹൈക്കോടതിയിൽ പോയി പറയേണ്ടതും പറഞ്ഞിട്ട് അവിടെ കേൾക്കാത്തതുമായ കാര്യങ്ങളെല്ലാം വാദിക്കാനുള്ളൊരു സ്ഥലമായി സഭയെ ഉപയോഗിച്ചുവെന്നത് ദൗർഭാഗ്യകരമാണ്. ഇവിടത്തെ പ്രധാന പ്രശ്നം ഈ കമ്പനിയെ സംബന്ധിച്ചാണ്. സംസ്ഥാന സർക്കാരിന്റെ ധനകാര്യമന്ത്രിയുൾപ്പെടെ എല്ലാ മന്ത്രിമാർക്കും വലിയ ഉത്തരവാദിത്വം സമൂഹത്തിനോടുണ്ട്. അതുപോലെ പ്രതിപക്ഷത്തിരിക്കുന്നവർക്കും അതേ ഉത്തരവാദിത്വമുണ്ടെന്ന് വിശ്വസിക്കുന്നയാളാണ് ഞാൻ. ട്രഷറി ബെഞ്ചിന്റെയത്രയും ഉത്തരവാദിത്വമില്ല. പക്ഷേ പറയുന്നത് സത്യസന്ധമായിരിക്കണം. നാളെ നമ്മൾ അധികാരത്തിൽ വരില്ലെന്ന് കരുതി എന്തും പറയാൻ പാടില്ല.

കാരണം, നിങ്ങൾക്കും തെറ്റ് തിരുത്താനുള്ള ഉത്തരവാദിത്വമുണ്ട്. കമ്പനിയെ സംബന്ധിച്ച് അങ്ങ് പറഞ്ഞു. കമ്പനി ഗ്യാരണ്ടി നൽകില്ലെന്നാണോ ജി.ഒ.-യിൽ പറയുന്നത്? നമ്മൾ ഒരു കമ്പനി രൂപീകരിച്ചു, ബഡ്ജറ്റിന്റെ ചില നിയന്ത്രണങ്ങളുണ്ട്, ഫണ്ട് വരുന്നതനുസരിച്ചേ നൽകാൻ സാധിക്കൂ. 1,600/- രൂപ പെൻഷൻ നൽകേണ്ടവർക്ക് സമയത്തുതന്നെ നൽകണം. കോവിഡ്-19-ന്റെ സാഹചര്യത്തിൽ പ്രത്യേകം തുക നൽകിയിട്ടുണ്ട്. അങ്ങനെ നൽകുന്നതിനുവേണ്ടിയുള്ള ഒരു ലിക്വിഡിറ്റി മാനേജ്മെന്റാണ് ആ കമ്പനി. സ്വാഭാവികമായും ലിക്വിഡിറ്റി മാനേജ്മെന്റ് വരുമ്പോൾ കുറച്ച് പലിശ അധികമുണ്ടാകും. ബഡ്ജറ്റ് നോംസനുസരിച്ച് ഓരോ മാസവും നൽകുന്നതിന് ലിമിറ്റുണ്ട്. ബഡ്ജറ്റിന്റെ പ്രൊവിഷൻ അനുസരിച്ച് മാത്രമേ നൽകാൻ കഴിയൂ. കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ട കോമ്പൻസേഷൻ സമയത്ത് നൽകിയിരുന്നില്ല. ഇപ്പോൾ അത് നിർത്തുകയും ചെയ്തു. പാവപ്പെട്ടയാളുകൾക്ക് സമയത്ത് പെൻഷൻ നൽകാതിരിക്കാൻ സാധിക്കുമോ? അതിനായി ലിക്വിഡിറ്റി മാനേജ്മെന്റ് എന്നൊരു സംവിധാനമുണ്ടാക്കി. ഗവൺമെന്റ് ഓർഡറിൽ മൂന്ന് കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ആദ്യത്തെ ക്ലോസിൽ പറയുന്നത്,

Government of Kerala would provide funds to the Company. ഇവിടെയുള്ളവർക്കെല്ലാം ഇതിന്റെ അർത്ഥം മനസ്സിലാകും. ഏത് interpretation of Statutes-ഉം interpretation of Law-ഉം അനുസരിച്ചാണ് അങ്ങനെയല്ലെന്ന് പറയുന്നത്? ഗവൺമെന്റ് അത് നൽകും. ക്ലോസ് 3-ലെ ആദ്യ വാക്യത്തിൽ തന്നെ പറയുന്നു; Anticipated expenditure for social security pension would be provided through Budget every year. ഇത് Government Order-ന് അകത്തുള്ളതാണ്. നമ്മൾ ചർച്ച ചെയ്യുകയും ഇവിടെ അവതരിപ്പിക്കുകയും ചെയ്ത ബഡ്ജറ്റിൽ സോഷ്യൽ സെക്യൂരിറ്റി പെൻഷനുവേണ്ടിയുള്ള തുക മാറ്റി വച്ചിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, വഴങ്ങാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് കഴിഞ്ഞുപറയാം.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സോഷ്യൽ സെക്യൂരിറ്റി പെൻഷന് ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുള്ള തുക നൽകുമെന്ന് ഗവൺമെന്റ് ഓർഡറിൽ പറഞ്ഞിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം വളരെ കൃത്യമായി പറഞ്ഞിട്ടും ഗവൺമെന്റ് ഗ്യാരണ്ടി നൽകില്ലെന്നാണ് ഇവിടെ പറയുന്നത്. ഗവൺമെന്റ്

ഗ്യാരണ്ടി നൽകുന്നുണ്ട്. ഗ്യാരണ്ടിയിൽനിന്നും പുറകോട്ട് പോയിട്ടില്ല. മാത്രമല്ല, ഇലക്ട്രിസിറ്റി ബോർഡിന്റെ ലോണിനുൾപ്പെടെ പലതിനും ഗ്യാരണ്ടി നൽകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും നൽകുന്നത് Sovereign guarantee ആണ്. Sovereign guarantee എന്നു പറഞ്ഞാൽ ലോകത്തേറ്റവും റെസ്പോൺസിബിളായിട്ടുള്ള ഗ്യാരണ്ടിയാണ്. ആ ഗ്യാരണ്ടി പൊളിയണമെങ്കിൽ രാജ്യം തകർന്നുപോകണം. കേരളത്തിലെ തൊണ്ണൂറ് വയസുള്ള പാവപ്പെട്ട വൃദ്ധജനങ്ങളെ ആശങ്കപ്പെടുത്താൻ വേണ്ടിയല്ല ഈ സഭ ഉപയോഗിക്കേണ്ടത്. അതേസമയം നമ്മൾ ചർച്ച ചെയ്യേണ്ട കാര്യവുമുണ്ട്. സംസ്ഥാന ഗവൺമെന്റുകളുടെ ധനകാര്യാവകാശത്തെ വെട്ടിക്കുറയ്ക്കുന്ന തരത്തിലേക്ക് കേന്ദ്ര ഗവൺമെന്റ് എൻ.എച്ച്.എ.ഐ.-ക്കും മറ്റുള്ള കാര്യങ്ങൾക്കും രണ്ടോ മൂന്നോ ലക്ഷം കോടി രൂപ എടുത്തിട്ടുണ്ട്. അതൊന്നും ഓഫ് ബഡ്ജറ്റ് ബോറോയിംഗായി കരുതുന്നില്ല. കേന്ദ്രത്തിന്റെ ധനകാര്യത്തെ ഇത് ബാധിക്കുന്നില്ലെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പാർലമെന്റിൽ നൽകിയ മറുപടിയുണ്ട്. ഞാൻ കഴിഞ്ഞ സഭയിൽ ഇത് സൂചിപ്പിച്ചു. ഇന്നും അതുസംബന്ധിച്ച് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ വന്നിരുന്നു. പക്ഷേ സഭയിൽ അത്

പരിഗണനയ്ക്കെടുത്തില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് അതാണ്. പക്ഷേ സംസ്ഥാനങ്ങൾ കടമെടുക്കാൻ പാടില്ലെന്ന നിയന്ത്രണം കേന്ദ്രസർക്കാർ കൊണ്ടുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദമായി പറഞ്ഞതെല്ലാം കിഫ്ബിയുടെ കാര്യങ്ങളാണ്. രാജസ്ഥാനിലെ ഏഴ് കാര്യങ്ങളെക്കുറിച്ച് അദ്ദേഹം ഇവിടെ പറഞ്ഞു. മറ്റൊരു സംസ്ഥാന ഗവൺമെന്റിനെക്കുറിച്ചും ഞാനിവിടെ പറയുന്നില്ല. പരസ്യം കൊടുക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് സമയത്ത് രാജസ്ഥാനിലെ മുഖ്യമന്ത്രിയുടെ ഫുൾപേജ് പരസ്യം എത്രദിവസമാണ് കേരളത്തിൽ വന്നത്? ഇന്ത്യയിലാകെ വന്നു, അത് നല്ലത്. അതൊരു പൊളിറ്റിക്കൽ ക്യാമ്പയിനായിരിക്കും. പക്ഷേ, മെഡിസെപ്പ് ഉൾപ്പെടെയുള്ള പദ്ധതി നടപ്പാക്കിയെങ്കിലും കേരളത്തിൽനിന്നും അങ്ങനെയൊരു പരസ്യം അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തിയിട്ടില്ല. അത് നടത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഞങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ കുഴപ്പമില്ല. ഞങ്ങൾ വേണ്ട കാര്യങ്ങൾ ബോധ്യപ്പെട്ടുകൊള്ളാം. ശ്രീ. സച്ചിൻ പൈലറ്റിനെയെങ്കിലും ബോധ്യപ്പെടുത്താൻ അവിടത്തെ മുഖ്യമന്ത്രിക്ക് കഴിയണ്ടേ? അവിടെയുള്ള

ഉപമുഖ്യമന്ത്രിയെപോലും ബോധ്യപ്പെടുത്താൻ കഴിയുന്നില്ല. ആരെയാണ് നിങ്ങൾ ബോധ്യപ്പെടുത്തുന്നത്? കേരളത്തിൽ 5 വർഷക്കാലം യു.ഡി.എഫ്. കൊടുത്തത് 9311 കോടി രൂപയാണെങ്കിൽ അഞ്ചുവർഷംകൊണ്ട് പിണറായി സർക്കാർ കൊടുത്ത് 35157 കോടി രൂപയാണ്. 57 ലക്ഷം കുടുംബങ്ങൾക്കാണ് പെൻഷൻ കൊടുക്കുന്നതെങ്കിൽ 42 ലക്ഷം കുടുംബങ്ങൾക്കാണ് സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റിവഴി അഞ്ചുലക്ഷം രൂപവരെ ഒരു വർഷം ചികിത്സയ്ക്ക് മാറ്റിവച്ചിരിക്കുന്നത്. ഇതുപോലെ ധാരാളം കാര്യങ്ങൾ സർക്കാർ ചെയ്യുന്നുണ്ട്. കിഫ്ബിയുടെ കാര്യം ഇവിടെ പറഞ്ഞു. കിഫ്ബിയെടുത്തത് 73000 കോടി രൂപയാണ്. എല്ലാ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലും കിഫ്ബി പ്രോജക്ടുകളുണ്ട്. കിഫ്ബിവഴി സംസ്ഥാനത്തെ എല്ലാ മണ്ഡലങ്ങളിലെയും സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താൻ സാധിച്ചു. കേരളത്തിൽ എസ്.സി./എസ്.ടി. വിഭാഗത്തിനായി ബഡ്ജറ്റിൽ വച്ചിട്ടുള്ള പ്ലാനിന്റെ കണക്ക് പ്രകാരം ജനസംഖ്യയെക്കാൾ കൂടുതൽ ഫണ്ട് മാറ്റിവച്ചിട്ടുള്ള സംസ്ഥാനമാണ് കേരളമെന്നത് കഴിഞ്ഞ പ്ലാൻ ഡോക്യുമെന്റ് നോക്കിയാൽ മനസ്സിലാകും. അത് പബ്ലിക് ഡോക്യുമെന്റായതിനാൽ

നിങ്ങൾക്കെല്ലാവർക്കും വായിക്കാം. അതിനാൽ തെറ്റിദ്ധരിപ്പിക്കുന്ന കാര്യങ്ങൾ പറയരുത്. കിഫ്ബിയെ തകർക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ ധനകാര്യ സ്വാതന്ത്ര്യത്തെ തകർക്കാൻ ആരെയും അനുവദിക്കില്ല. ഇതൊരു ഫിസ്കൽ ഫെഡറലിസമാണ്. കേരളമെന്നത് സ്വതന്ത്രമായ പല അവകാശങ്ങളുമുള്ള സംസ്ഥാനമല്ലേ; ഫിസ്കൽ ഫെഡറലിസത്തിന്റെ പ്രശ്നം കേന്ദ്രത്തിനുമുമ്പിൽ അവതരിപ്പിക്കുന്നുണ്ടോ; പല ചർച്ചകളും ഇതുസംബന്ധിച്ച് വരുന്നുണ്ട്. ഈ സമ്മേളനത്തിൽത്തന്നെ വീണ്ടും ചർച്ച ചെയ്യേണ്ടി വരും. ഇതിൽ പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ അല്ല, ഇത്തരം വലിയ പദ്ധതികളെല്ലാം വരുന്നത് പൊതുവിൽ നമ്മുടെ സൗകര്യത്തിനുവേണ്ടിയല്ലേ; അതിനാൽ അങ്ങനെയൊരു കാര്യം പറഞ്ഞ് ഇത് തടസ്സപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. അങ്ങ് ഉന്നയിച്ച ആശങ്ക യാതൊരു അടിസ്ഥാനവുമില്ലാത്തതാണ്. ഇക്കാര്യങ്ങൾ ഞാൻ കൂടുതൽ സമയമെടുത്ത് സംസാരിക്കുന്നില്ല. ഗവൺമെന്റ് ഓർഡറിൽ വളരെ കൃത്യമായി പറയുന്ന പ്രൊവിഷനുകളെക്കുറിച്ച് ഞാനിവിടെ പറഞ്ഞു (പ്രസ്തുത പേപ്പറുകൾ ഉയർത്തിക്കാട്ടി). സംസ്ഥാന സർക്കാർ ചെയ്ത കാര്യങ്ങൾ വ്യക്തമായും

സുതാര്യമായും പറയണമെന്ന് അദ്ദേഹമിവിടെ പറഞ്ഞു. ഞാൻ വളരെ കൃത്യമായും സുതാര്യവുമായാണ് കാര്യങ്ങൾ പറയുന്നത്. സംസ്ഥാനത്തെ ധനകാര്യ താൽപ്പര്യത്തെ മാത്രമല്ല, ഭാവിയെ ബാധിക്കുന്ന തരത്തിലേയ്ക്ക് കേന്ദ്രത്തിന്റെ ചില ഉദ്യോഗസ്ഥർ പെരുമാറുന്നു. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് സംസ്ഥാനങ്ങളോടെടുക്കുന്ന നിലപാടുകളെപ്പെറ്റി ശക്തമായ വിമർശനം ഞങ്ങൾ ഉന്നയിക്കുന്നുണ്ട്. ഇതുതന്നെയാണ് രാജസ്ഥാനിലെ മന്ത്രിയും പഞ്ചാബിലെ ആം ആദ്മി ഗവൺമെന്റിന്റെ പ്രതിനിധിയും ഡൽഹിയുൾപ്പെടെയുള്ള മറ്റുപല സംസ്ഥാനങ്ങളും ജി.എസ്.ടി കൗൺസിൽ യോഗത്തിൽ പറഞ്ഞത്. കടമെടുക്കാനുള്ള പരിധിയും സംസ്ഥാനങ്ങൾക്ക് കിട്ടുന്ന വിഹിതവും വർദ്ധിപ്പിക്കണമെന്നാണ് എല്ലാ സംസ്ഥാനങ്ങളും പറഞ്ഞത്. രാജ്യത്ത് ആകെ കിട്ടുന്ന വരുമാനത്തിന്റെ 64 ശതമാനവും കേന്ദ്രഗവൺമെന്റാണ് കളക്ട് ചെയ്യുന്നത്. എന്നാൽ ആകെ രാജ്യത്തുണ്ടാകുന്ന ചെലവിന്റെ 63 ശതമാനവും സംസ്ഥാനങ്ങളാണ് ചെലവാക്കേണ്ടത്. റവന്യൂ വരുമാനത്തിന്റെ 2/3 കളക്ട് ചെയ്യുന്നത് കേന്ദ്രം, 2/3 റവന്യൂ ചെലവുകൾ സംസ്ഥാനങ്ങൾ വഹിക്കുകയും വേണം. പതിനഞ്ചുവർഷം മുമ്പ് നൂറുരൂപ കേന്ദ്രം ചെലവാക്കുകയാണെങ്കിൽ 3 രൂപ

95 പൈസയാണ് കേരളത്തിന് നൽകിക്കൊണ്ടിരുന്നെങ്കിൽ ഇന്ന് 100 രൂപ കേന്ദ്രം ചെലവാക്കുമ്പോൾ അതിൽ നിന്നും 1 രൂപ 92 പൈസയാണ് നൽകുന്നത്. എവിടെപ്പോയി ഡോ. മാത്യു കുഴൽനാടന്റെ ധാർമ്മികത; കേരളത്തിനോട് താൽപ്പര്യമുണ്ടെങ്കിൽ അത്തരമൊരു പ്രമേയമല്ലേ വേണ്ടത്? കേന്ദ്രത്തിൽനിന്ന് വരുന്ന കത്ത് രഹസ്യമായി കിട്ടുന്നുണ്ടാകും. അത് വലിയ മിടുക്കൊന്നുമല്ല. ഏത് സാധനവും കിട്ടും. കേന്ദ്രത്തിൽനിന്നും വരുന്ന ഒരു കത്ത് എടുത്തുകൊണ്ടുവരുന്നതാണ്; ഞങ്ങളുടെ ***+ അവിടെനിന്നും അയച്ചിട്ടുണ്ട്, ഇത് കണ്ടില്ലേ എന്നരീതിയിൽ, നിങ്ങളുടെ *** കേന്ദ്രഗവൺമെന്റ്?....(ബഹളം)... ഞാൻ പറഞ്ഞത് പറഞ്ഞതാണ്. ഞാൻ പാർലമെന്ററിയല്ലാത്ത ഒരു കാര്യവും പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാരിന്റെ വക്കീലായതുകൊണ്ടാണ്.

<u>മി. സ്പീക്കർ</u>: *** എന്ന വാക്ക് അൺപാർലമെന്ററിയല്ല.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, *** എന്ന വാക്ക് ഞാൻ മാറ്റുന്നു; കേന്ദ്ര ഗവൺമെന്റിന്റെ വക്കീലാകരുതെന്നാണ് ഞാൻ പറഞ്ഞത്. ഈ ഗവൺമെന്റ് ഏതെങ്കിലും മണ്ഡലത്തോട് വേർതിരിവ് കാണിച്ചിട്ടുണ്ടോ; കിഫ്ബി പദ്ധതിയുടെ ആകെ കണക്കെടുത്താൽ, യു.ഡി.എഫ്.

+ *** ബഹുമാനപ്പെട്ട മന്ത്രി പിൻവലിച്ചു

എം.എൽ.എ.-മാരുടെ മണ്ഡലത്തിൽ, എൽ.ഡി.എഫ്. മണ്ഡലത്തിൽ ലഭിച്ചതിനെക്കാൾ കൂടുതൽ ഫണ്ട് കിട്ടിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിനെയും അതുവഴി ജനങ്ങളെയും ബാധിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ പറയരുതെന്ന് മാത്രമാണ് എനിക്ക് വിനീതമായി അപേക്ഷിക്കാനുള്ളത്. അങ്ങനെ പറയുന്നത് ശരിയല്ല. അങ്ങിവിടെ പറഞ്ഞ ആശങ്കയുടെ കാര്യമില്ല. പക്ഷേ കേന്ദ്രത്തിൽനിന്നും പണം കിട്ടാനുള്ള ശക്തമായ പോരാട്ടം ഒരുമിച്ച് നമ്മൾ നടത്തണം. ഇക്കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നോട്ടീസിലില്ലാത്ത കാര്യങ്ങൾ പറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. സർക്കാരിന്റെ തെറ്റായ ധനകാര്യ മാനേജ്മെന്റിന്റെ പരിണിത ഫലമായി സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്ന ഗുരുതര സാമ്പത്തിക

പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ധൂർത്തും ദുർച്ചെലവും നിയന്ത്രിക്കാതെ കെ.എസ്.എസ്.പി.എൽ.-ന്റെ തിരിച്ചടവ് ബാദ്ധ്യതകളിൽനിന്ന് പിന്മാറുന്നതുമുൾപ്പെടെയുള്ള കാര്യങ്ങളാണുള്ളത്. നോട്ടീസിലെ വിശദീകരണക്കുറിപ്പിലുള്ള കാര്യങ്ങൾ മാത്രമാണ് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി പൊട്ടിത്തെറിച്ചും അല്പം പരിധികടന്നും സംസാരിച്ചതാണ് എന്നെ അത്ഭുതപ്പെടുത്തിയത്. അത് സാരമില്ല, അദ്ദേഹത്തിന് അതിനുള്ള സ്വാതന്ത്ര്യമുണ്ട്. ഞങ്ങളിവിടെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം എന്താണ്? സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൊടുക്കാൻ 2018-ൽ സർക്കാർ ഉത്തരവിലൂടെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന സംവിധാനമുണ്ടാക്കുന്നു. അതെന്തിനാണ്? ബഡ്ജറ്റ് പ്രൊവിഷനിൽ വരാതെ ബഡ്ജറ്റിന് പുറത്തുള്ള എക്സ്ട്രാ ബഡ്ജറ്ററി സംവിധാനമാണ്. സംസ്ഥാനം എടുക്കുന്ന പൊതുകടത്തിനകത്ത് ഇത് വരില്ല. കേന്ദ്രഗവൺമെന്റിൽ കടത്തിന് നിയന്ത്രണമുള്ളതുകൊണ്ട് കിഫ്ബി പോലെ വേറൊരു മെക്കാനിസത്തിലൂടെ കടമെടുക്കാനുള്ള സംവിധാനമുണ്ടാക്കുന്നു. കടമെടുക്കാനായി സർക്കാർ ഒരു സംവിധാനമുണ്ടാക്കുമ്പോൾ അത്

കടമെടുത്തുകഴിഞ്ഞാലുള്ള എല്ലാ ഗ്യാരന്റിയും സപ്പോർട്ടും ചെയ്യുമെന്നാണ് 2018-ലെ ഉത്തരവിലുണ്ടായിരുന്നത്. ഇപ്പോൾ ഇറക്കിയിരിക്കുന്നത് ആ ഓർഡറിനുള്ള ഭേദഗതിയാണ്. ആദ്യത്തെ ഭേദഗതി ഞാൻ വായിക്കാം. ഓർഡറിൽ പറഞ്ഞിരുന്നത്, 'The company would also source funds on temporary basis from other sources to meet its liquidity requirements, which would be serviced by the assistance provided by the Government through its Budget' എന്നാണ്. ആ വാചകം എടുത്തുമാറ്റി. അതായത്, ഇനിമുതൽ ഗവൺമെന്റ് ബഡ്ജറ്റിലൂടെ ഒരു പൈസയും അവർക്ക് കൊടുക്കില്ലെന്നാണ്. രണ്ട്, The Government would bear the repayment liabilities of the Company arising on account of pension disbursement. അതായത്, പെൻഷൻ ഡിസ്ബേഴ്സ്മെന്റ് റീപേമെന്റിൽ കമ്പനിക്കുണ്ടാകുന്ന മുഴുവൻ ലയബിലിറ്റിയും ഗവൺമെന്റ് ബെയർ ചെയ്യുമെന്നാണ് ഓർഡറിലെ വാചകം. ആ വാചകം എടുത്തുമാറ്റി. അതായത്, ഇനിമുതൽ ഗവൺമെന്റ് പെൻഷൻ ഡിസ്ബേഴ്സ്മെന്റിന്റെ ഒരു ലയബിലിറ്റിയും ബെയർ ചെയ്യില്ല. പിന്നെ ആര് ചെയ്യും; അവിടത്തെ എം.ഡി.-യും ഡയറക്ടർ ബോർഡംഗങ്ങളും ചെയ്യുമോ; ഈ കമ്പനിയിലെ

ജീവനക്കാർ ചെയ്യുമോ; കമ്പനിക്ക് ലയബിലിറ്റി വന്നാൽ ആര് കൊടുക്കും? ഇതൊക്കെ പറയുമ്പോൾ അങ്ങ് ശ്രദ്ധിക്കണ്ടേ? മൂന്ന്, 'Company would raise funds from public, Public Sector Undertakings and other institutions through suitable financial instruments including deposits & loans,' എന്നാണ് സർക്കാർ ആദ്യം ഉത്തരവിറക്കിയത്. ഇപ്പോൾ മാറ്റിയിരിക്കുന്നത്, Which would be serviced/redeemed with the funds provided by the Government through its budget എന്നാണ്. ഗവൺമെന്റ് ഇനി കൊടുക്കില്ല. പിന്നെ ആര് കൊടുക്കും; എന്തിനാണ് ഇങ്ങനെയൊരു ഗവൺമെന്റ് ഉത്തരവ്; സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കൊടുക്കാൻ ഒരു മെക്കാനിസമുണ്ടാക്കുന്നു. ആ മെക്കാനിസത്തിലുള്ള കമ്പനിയുടെ ഒരു ലയബിലിറ്റിയും ബഡ്ജറ്റിലൂടെയും അല്ലാതെയും കൊടുക്കില്ലെന്ന് ഗവൺമെന്റ് ഡിക്ലയർ ചെയ്യുമ്പോൾ, കേരളത്തിലെ 47 ലക്ഷം വരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ കാര്യം ഭാവിയിൽ എന്തായിരിക്കുമെന്ന് ഈ സഭയിൽവന്ന് ചോദിക്കാതെ പിന്നെ ഞങ്ങൾ എവിടെപ്പോയി ചോദിക്കും? സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രാഥമിക കടമയായ പെൻഷൻ വിതരണം കമ്പനിയെ ഏൽപ്പിച്ച് മുഴുവൻ പിഞ്ചുണ

കൊടുക്കുമെന്ന് പറഞ്ഞിട്ട്, ഒരു സുപ്രഭാതത്തിൽ ആ കമ്പനിക്ക് സർക്കാർ കൊടുക്കുന്ന മുഴുവൻ പിന്തുണയും പിൻവലിച്ച് ഉത്തരവിറക്കുമ്പോൾ ഞങ്ങളത് ചോദിക്കണ്ടേ; ചോദ്യം ചെയ്യണ്ടേ; ഈ എക്സ്ട്രാ ബഡ്ജറ്ററി കടമെടുപ്പ് അപകടത്തിലാകുമെന്ന് ഞങ്ങൾ നേരത്തേ മുന്നറിയിപ്പ് കൊടുത്തിട്ടുണ്ട്. കാരണം, ഗവൺമെന്റ് സോവറിൻ ഗ്യാരന്റി കൊടുത്താൽ, ലയബിലിറ്റി ഈ സ്ഥാപനത്തിന് വന്നുകഴിഞ്ഞാൽ ആ ലയബിലിറ്റിയെല്ലാം അവസാനം ബഡ്ജറ്റിലേയ്ക്കുതന്നെ വരും. സ്റ്റേറ്റിന്റെ ലയബിലിറ്റിയായി മാറും. പുറത്ത് കടമെടുക്കുന്നതിൽ അർത്ഥമില്ലാതെയാകും. ഇപ്പോൾ അതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. പതിമൂന്നായിരം കോടി രൂപ കൊടുത്തത് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നാണെന്ന് അങ്ങ് പറഞ്ഞു. സാധാരണ ബഡ്ജറ്റ് പ്രൊവിഷനാകേണ്ട പണത്തിൽ നിന്നാണ് പതിമൂന്നായിരം കോടി രൂപ കൊടുത്തത്. കിഫ്ബിയിൽ ആകെയുള്ളത് ഇരുപത്തിമൂന്നായിരം കോടി രൂപ. അതിൽ പതിനായിരത്തിലധികം കോടി രൂപ കൊടുത്തിരിക്കുന്നത് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നാണ്, ടാക്സിൽ നിന്നാണ്. അപ്പോൾ കിഫ്ബിവഴി നിങ്ങൾക്ക് ഔദാര്യം നൽകിയെന്ന് പറയുന്നതിൽ എന്താണർത്ഥം? ജനങ്ങൾ കൊടുക്കുന്ന നികുതിയല്ലേ.

ബഹുമനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിലും ഡോ. മാത്യു കുഴൽനാടന്റെ മണ്ഡലത്തിലും രണ്ട് നികുതിയാണോയുള്ളത്, അല്ലല്ലോ. അങ്ങയെ ജയിപ്പിച്ച ജനങ്ങൾ കൊടുക്കുന്ന നികുതിയും ഡോ. മാത്യു കുഴൽനാടനെ ജയിപ്പിച്ച ജനങ്ങൾ കൊടുക്കുന്ന നികുതിയും ഒന്നാണ്. ആ നികുതിയാണ് കൺസോളിഡേറ്റഡ് ഫണ്ട്. 2022-23 വർഷം ഏറ്റവും കൂടുതൽ ഫണ്ട് വിതരണം നടത്തേണ്ടി വരും. ഈ പണം കുറഞ്ഞപ്പോൾ സർക്കാർ എന്താണ് ചെയ്തത്? രണ്ടുലക്ഷം വരെയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി ഒരുശതമാനം കൂടി വർദ്ധിപ്പിച്ചു, അത് കിഫ്ബിക്കുവേണ്ടിയാണ്. കിഫ്ബി വരുത്തുന്ന ബാദ്ധ്യത വീണ്ടും ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കുകയാണ്; സാധാരണക്കാരന്റെ തലയിൽ നികുതിഭാരമായി കെട്ടിയിറക്കുകയാണ്. അതാണ് ഞങ്ങൾ ചോദ്യം ചെയ്തത്. ഈ ബാദ്ധ്യതകളെല്ലാം സാധാരണക്കാരന്റെ തലയിൽ വീണ്ടും വരികയാണ്. ഇപ്പോൾ നിങ്ങൾ ചെയ്തതെന്താണ്? നിങ്ങൾ കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞു, സാമൂഹ്യ സുരക്ഷാ പെൻഷൻ സർക്കാരിലേയ്ക്ക് നേരിട്ടുള്ള വായ്പയല്ല, ഹ്രസ്വകാല അഡ്വാൻസായി കണക്കാക്കണമെന്ന്. ഗവൺമെന്റ് ഓഫ് ഇന്ത്യ പറഞ്ഞത്, ഇത് direct liability of the State

ആണെന്നാണ്. ഞങ്ങൾ ഉയർത്തിയ വാദമാണിത്. ഞങ്ങൾ പറഞ്ഞപ്പോൾ നിങ്ങൾ ഞങ്ങളെ കളിയാക്കി. ഞാൻ ഫ്ലോറിൽ കിഫ്ബിയുടെ നിയമനിർമ്മാണ സമയത്ത് പറഞ്ഞു, It is the direct liability of the State. KIIFB is an instrumentality of the State. കിഫ്ബി വരുത്തുന്ന എല്ലാ ബാദ്ധ്യതകളും സർക്കാരിന്റെ ബാദ്ധ്യതകളാണ്. ഒരുവർഷം കഴിഞ്ഞപ്പോൾ വീണ്ടും കംപ്ട്രോളർ & ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ വന്നു. ഇപ്പോൾ ഗവൺമെന്റ് ഓഫ് ഇന്ത്യ നിങ്ങളോട് പറയുന്നു. നിങ്ങളത് മറച്ചുവയ്ക്കേണ്ട. ജി.എസ്.ടി. കൗൺസിലിൽ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി ഞങ്ങൾക്ക് ശക്തമായ എതിർപ്പുണ്ട്. മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. തോമസ് ഐസക്കിനോട് ചോദിക്കണം. അദ്ദേഹം ഞങ്ങളുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ, ഞാനും അന്ന് പ്രതിപക്ഷനേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയുംകൂടി മുൻകയ്യെടുത്ത് കോൺഗ്രസ്സ് പ്രസിഡന്റിനെ കണ്ട് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരെയും ഇവിടത്തെ ധനകാര്യ വകുപ്പുമന്ത്രിയെയും ഉൾപ്പെടുത്തി ജി.എസ്.ടി. കൗൺസിലിലും കേന്ദ്രത്തിന്റെ മുന്നിലും ഒരു കോമൺ പ്ലാറ്റ്ഫോമുണ്ടാക്കാൻ മുൻകയ്യെടുത്തിരുന്നു.

കർണ്ണാടകത്തിൽനിന്നും വന്ന ശ്രീ. കൃഷ്ണബൈര ഗൗഡ ഉൾപ്പെടെ ധനകാര്യ വകുപ്പിനെ പ്രതിനിധാനം ചെയ്തുവന്നവരെല്ലാം ജി.എസ്.ടി. കൗൺസിലിൽ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയോടൊപ്പം നിന്നാണ് പ്രവർത്തിച്ചത്. ഞങ്ങൾ പ്രവർത്തിക്കേണ്ട സമയത്തെല്ലാം പ്രവർത്തിച്ചു. ലോട്ടറിയുടെ കാര്യത്തിലും ഞങ്ങൾ ശക്തമായ നിലപാട് സ്വീകരിച്ചു. ഡെബ്റ്റ് കൂടുന്നുവെന്ന് പറയുമ്പോൾ ഫിസ്കൽ ഡെഫിസിറ്റിനകത്താണ് ഡെബ്റ്റ് എടുക്കുന്നത്. ഡെബ്റ്റും ജി.എസ്.ഡി.പി. റേഷ്യോയും തമ്മിൽ വല്ലാത്ത വർദ്ധന വരുന്നു. 2019-20-ൽ ഡെബ്റ്റിന്റെയും ജി.എസ്.ഡി.പി.-യുടെയും റേഷ്യോ 31.3 ശതമാനമായിരുന്നു. ആർ.ബി.ഐ.പോലും പറഞ്ഞത് 2026-27 ആകുമ്പോൾ 38 ശതമാനം ആകുമെന്നാണ്. പക്ഷേ 2020-21-ൽ തന്നെ 37.18 ശതമാനമായി. നമ്മുടെ സാമ്പത്തിക സ്ഥിതി അളക്കുന്നതിന്റെ അളവുകോൽ എന്നുപറയുന്നത് ഡെബ്റ്റിന്റെ ജി.എസ്.ഡി.പി. റേഷ്യോയാണ്. ഇത് അപകടകരമായ രീതിയിലേയ്ക്ക് പോകുകയാണ്. Fiscal vulnerability ആണ് കേരളത്തിലുള്ളത്. Interest Payment to Revenue Receipts (IPRR) 18.8 ശതമാനമാണ്. ഇൻഡ്യയിലെ ഏറ്റവും മോശമായ IPRR ratio ആണ്. ഒരു സർക്കാരിന്റെ ഇക്കോണമി എന്താണെന്ന്

പഠിക്കാൻ വേണ്ടിയുള്ള പ്രധാനപ്പെട്ട മറ്റൊരു അളവുകോലാണ് IPRR ratio. ഇൻഡ്യയിലെ ഏറ്റവും മോശമായ 4 സംസ്ഥാനങ്ങളോടൊപ്പമാണ് കേരളത്തിന്റെ സ്ഥിതി. ഇപ്പോൾ റവന്യൂ ഡെഫിസിറ്റ് 16000 കോടി രൂപയേ വരൂ എന്നുപറഞ്ഞു. 6000 കോടി രൂപകൂടി വർദ്ധിച്ച് 22,000 കോടി രൂപയായി. ഫിസ്കൽ ഡെഫിസിറ്റ്, നിങ്ങളുടെ ബഡ്ജറ്റിലെ എസ്റ്റിമേറ്റ് 30,000 കോടി രൂപയായിരുന്നു. 7000 കോടി രൂപകൂടി വർദ്ധിച്ച് 37,000 കോടി രൂപയായി. ഓൺ ടാക്സ് റെസിപ്റ്റ് 12,966 കോടി രൂപ കുറഞ്ഞു. നിങ്ങൾ 71,000 കോടി രൂപ പ്രതീക്ഷിച്ചപ്പോൾ ഓൺ ടാക്സ് റവന്യൂ കുറഞ്ഞ് 12,000 കോടി രൂപയായി. നോൺ ടാക്സ് റവന്യൂ 4297 കോടി രൂപ കുറഞ്ഞു. ശക്തമായ സാമ്പത്തികാവസ്ഥയെ സൂചിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ മൂലധന ചെലവാണ്. 10,000 കോടി രൂപ ക്യാപിറ്റൽ എക്സ്പെൻഡിച്ചർ കുറഞ്ഞു. ഇതെല്ലാം fiscal indicators ആണ്. ഒരു സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി എങ്ങോട്ട് കൂപ്പുകുത്തുന്നുയെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ഇത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ്; വളരെ ഗൗരവമുള്ള വിഷയമാണ്. ഗവൺമെന്റ് ഇപ്പോൾ എന്തുകൊണ്ടാണ് പ്രതിസന്ധിയിലാകുന്നത്? ശമ്പളം കൊടുക്കില്ലെന്ന്

ഞങ്ങളാണോ പ്രചരിപ്പിച്ചത്? അടുത്തമാസം എങ്ങനെ ശമ്പളം കൊടുക്കുമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ പറഞ്ഞു. ധനകാര്യ വകുപ്പുമന്ത്രി അതുപറഞ്ഞാൽ ഞങ്ങൾ ഏറ്റുപറയില്ലേ. അദ്ദേഹമല്ലേ സ്റ്റേറ്റ് അക്കൗണ്ട്സിന്റെ കസ്റ്റോഡിയൻ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അംഗങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ സംസാരിക്കരുത്. കേന്ദ്രം നൽകേണ്ട പണം നൽകിയില്ലെങ്കിൽ സംസ്ഥാനത്ത് ബുദ്ധിമുട്ടുണ്ടാകുമെന്ന് പറഞ്ഞു. പക്ഷേ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ, കോവിഡ്/കോവിഡാനന്തര സമയത്ത് ഞങ്ങൾ പറഞ്ഞത്, ഇക്കാര്യങ്ങൾക്കെല്ലാം പണം മാറ്റിവയ്ക്കുമെന്നാണ്. സർക്കാരിന് ബുദ്ധിമുട്ടുണ്ട്, പക്ഷേ ജനങ്ങളെ ബുദ്ധമുട്ടിക്കില്ലെന്നാണ് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ സമീപനം ഇങ്ങനെയാണെങ്കിൽ പ്രശ്നമാണെന്നാണ് പറഞ്ഞത്. ശമ്പളം കൊടുക്കില്ലെന്നല്ല പറഞ്ഞത്. ബുദ്ധിമുട്ടുണ്ടെന്ന് പറഞ്ഞു. അത് സത്യമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. അടുത്ത മാസം ശമ്പളം കൊടുക്കാൻ ബുദ്ധിമുട്ടുമെന്ന് അങ്ങ് പറഞ്ഞു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങനെയല്ല പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതിലെ വിഷയമെന്താണ്; ഈ പ്രതിസന്ധി വരുന്നതെന്തുകൊണ്ടാണ്; ജി.എസ്.ടി. വന്നിട്ട് എത്ര വർഷമായി? 14 ശതമാനം ടാക്സ് ഗ്രോത്തില്ലെങ്കിൽ കോമ്പൻസേഷൻ നൽകുമെന്ന് ജി.എസ്.ടി. വന്നപ്പോൾത്തന്നെ ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. എത്ര വർഷത്തേയ്ക്ക്? 2022 ജൂൺ മാസം വരെ. അപ്പോൾ ജി.എസ്.ടി. വരുമ്പോൾ 2022 ജൂൺ മാസംവരെ മാത്രമേ കിട്ടുകയുള്ളൂവെന്ന് നമുക്കറിയാം. അപ്പോൾ എന്താണ് ചെയ്യേണ്ടിയിരുന്നത്? ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കണം. അങ്ങയുടെ മുൻഗാമി ഡോ. ടി. എം. തോമസ് ഐസക് ജി.എസ്.ടി.-യെ സപ്പോർട്ട് ചെയ്തുകൊണ്ട് ഈ ഫ്ലോറിൽ എന്താണ് പറഞ്ഞിട്ടുള്ളത്? ഇന്ത്യയിൽ ജി.എസ്.ടി. കൊണ്ട് ഏറ്റവും വലിയ പ്രയോജനമുണ്ടാകുന്നത് കേരളത്തിനായിരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. കാരണമെന്താണ്? മാനുഫാക്ചറിംഗ് പോയിന്റിലാണ് വാറ്റ് വാങ്ങുന്നത്. ജി.എസ്.ടി. എന്നത് തികച്ചും വ്യത്യസ്തമായ സമ്പ്രദായമാണ്. ജി.എസ്.ടി. വാങ്ങുന്നത് കൺസ്യൂമർ പോയിന്റിലാണ്. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. അതുകൊണ്ട് കേരളംപോലുള്ള സംസ്ഥാനത്ത് 30

ശതമാനത്തിന്റെ നികുതി വർദ്ധനവുണ്ടാകുമെന്ന് പറഞ്ഞു. അതുണ്ടായില്ലെന്ന് മാത്രമല്ല പല കാരണങ്ങൾകൊണ്ടും ശരാശരി പത്ത് ശതമാനത്തിൽ നിന്നു. ഒരു പുതിയ സമ്പ്രദായം വരുമ്പോൾ കോമ്പൻസേഷൻ കിട്ടുമെന്ന് പറഞ്ഞുകൊണ്ട് അതിന്റെ പുറകേ പോകാതെ പഴുതുകളില്ലാതെ വളരെ ഫലപ്രദമായി അത് നടപ്പാക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിച്ചു. നിങ്ങൾ തയ്യാറായില്ലെന്നുള്ളതാണ് മൂലകാരണം. ഞാൻ തന്നെ ഈ സഭയിൽ മൂന്നോ നാലോ തവണ ഇക്കാര്യം പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: പ്ലീസ്.......പ്ലീസ്.... ഇപ്പോൾത്തന്നെ വളരെ വിശദമായി പറഞ്ഞുകഴിഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. പഴയ പ്രതിപക്ഷനേതാക്കൾ വാക്കൗട്ട് പ്രസംഗം നടത്തിയിരിക്കുന്നത് ദയവുചെയ്ത് അങ്ങ് പരിശോധിച്ചുനോക്കണം. മുൻ സ്പീക്കറും ഇവിടെയുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി നാല് മിനിട്ട് മാത്രമേ എടുത്തിട്ടുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ സഭയിലെ വാക്കൗട്ട് പ്രസംഗത്തിൽ ഏറ്റവും കുറച്ച് സംസാരിച്ചിട്ടുള്ള പ്രതിപക്ഷനേതാവാണ് ഞാൻ. രണ്ട് മിനിട്ടുകൂടി തരണം. വാറ്റ്-ന്റെ സിസ്റ്റവും ജി.എസ്.ടി.-യുടെ

സിസ്റ്റവും വേറെയല്ലേയെന്ന് ഞങ്ങൾ ചോദിച്ചു. വാറ്റ്-ന് വേണ്ടിയുണ്ടാക്കിയ ഒരു നികുതി ഭരണസംവിധാനം കേരളത്തിൽ നിലവിലിരിക്കുന്നു. ഇന്ത്യയിലെ 95 ശതമാനം സംസ്ഥാനങ്ങളും നികുതി ഭരണ സംവിധാനം മാറ്റി. ജി.എസ്.ടി.-യ്ക്കനുസരിച്ച് നികുതി വർദ്ധനവുണ്ടാക്കുന്നതിനാണ് മാറ്റിയത്. കേരളം ഇതുവരെ മാറ്റിയിട്ടില്ല. ഇപ്പോഴും വാറ്റ്-ൽ നിൽക്കുന്ന നികുതി ഭരണ സംവിധാനമാണ്. ഭരണത്തിന്റെ കെടുകാര്യസ്ഥത, സാമ്പത്തിക ദുരുപയോഗം എന്നിവയാണ് സാമ്പത്തിക പരാധീനതയിലേയ്ക്ക് കേരളത്തെ നയിക്കുന്നത്. വരുമാനമുണ്ടാകാനുള്ള മാർഗ്ഗങ്ങൾ തേടുന്നില്ല. വാറ്റ്-ന്റെ കുടിശ്ശികയായി 15000 കോടി രൂപയിലധികം പിരിക്കാനുണ്ട്. അത് പിരിക്കാനുള്ള ഒരു നടപടിയും സ്വീകരിക്കുന്നില്ല. അതിനുപകരം പെട്ടിക്കടക്കാർക്കുവരെ 500-ഉം 1000-വും കോടി രൂപയുടെ നോട്ടീസ് അയയ്ക്കുകയാണ്. ഈ സമ്പ്രദായം കേരളത്തെ തകർക്കും. ഇപ്പോൾ ഒരു കുഴപ്പവുമില്ലെന്ന് അദ്ദേഹം പറയുന്നുണ്ട്. പ്രളയകാലത്തെ ഒരനുഭവം ഞാൻ പറയാം. പാതിരാത്രി ഒരാൾ എന്നെ വിളിച്ചിട്ട് പറഞ്ഞത്, "ഞാനും ഭാര്യയും കുട്ടികളും ഒരു രക്ഷയുമില്ലാതെ ഇവിടെയിരിക്കുകയാണ്, എന്റെ വീടിന്റെ രണ്ടാമത്തെ നിലയിലേയ്ക്ക് വെള്ളം പൊങ്ങി, ഞങ്ങളെ ആരും

രക്ഷപ്പെടുത്തിയില്ല, സമീപത്തുള്ള എല്ലാവരെയും രക്ഷപ്പെടുത്തി" എന്നാണ്. ആ പ്രദേശത്ത് രക്ഷാപ്രവർത്തനം നടത്തിയവരെ രാത്രി ഒരു മണിക്ക് ഞാൻ വിളിച്ചു. ആദ്യം വെള്ളം പൊങ്ങിയ സമയത്ത് രക്ഷാപ്രവർത്തകർ ആ വീട്ടിൽ പോയപ്പോൾ അവർ വരുന്നില്ലെന്നാണ് പറഞ്ഞത്. വെള്ളം പകുതിയായപ്പോൾ രണ്ടാമതും രക്ഷാപ്രവർത്തകർ പോയപ്പോൾ അവർ മാനേജ് ചെയ്തുകൊള്ളാമെന്നാണ് പറഞ്ഞത്. എല്ലാ വീട്ടുകാരും പോയി, നിങ്ങളുംകൂടി വരണമെന്നുപറഞ്ഞ് മൂന്നാമത് വിളിച്ചപ്പോഴും അവർ പോയില്ല. മൂന്ന് പ്രാവശ്യം വിളിച്ചിട്ടും പോകാതെ രണ്ടാമത്തെ നിലയിൽ വെള്ളം കയറിയപ്പോൾ പെട്ടെന്നുതന്നെ ജനപ്രതിനിധിയായ എന്നെ വിളിക്കുകയാണ്. ആ സ്ഥിതി കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിക്കുണ്ടാകരുതെന്ന് വിനയപൂർവ്വം ഞാൻ ഓർമ്മപ്പെടുത്തുന്നു. കേരളത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം അപകടകരമായ നിലയിലേയ്ക്ക് പോകുമെന്ന് ഞങ്ങൾ മുന്നറിയിപ്പ് നൽകിയിട്ടും അതിനെ നിസ്സാരമായി കണ്ടുകൊണ്ട് ഗൗരവപൂർവ്വം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സമയത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. പൊതുവിൽ സഭാനേതാവും പ്രതിപക്ഷനേതാവും ഒഴികെ ബാക്കിയെല്ലാ അംഗങ്ങളുടെയും സമയത്തിന്റെ കാര്യത്തിൽ ചെയർ വളരെ കർക്കശമായി ഇടപെടാറുണ്ട്. സഭാനേതാവും പ്രതിപക്ഷനേതാവും സഹകരിക്കുമെന്ന പ്രതീക്ഷയാണുള്ളത്. ഇന്നിപ്പോൾ മന്ത്രി ആദ്യഘട്ടത്തിൽ 4 മിനിട്ട് മാത്രമാണ് സംസാരിച്ചത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അംഗങ്ങൾ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ സമയം കഴിഞ്ഞുവെന്ന് പറഞ്ഞ് മൈക്ക് ഓഫ് ചെയ്യരുത്.

മി. സ്പീക്കർ: അത് മൈക്ക് ഓഫ് ചെയ്യുന്നതല്ല. അടുത്ത അംഗത്തെ വിളിക്കുന്നതാണ്. ഒരിക്കലും മൈക്ക് ഓഫ് ചെയ്യാറില്ല. അടുത്ത അംഗത്തെ വിളക്കുക മാത്രമേയുള്ളൂ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഒരംഗത്തിന്റെ പ്രസംഗത്തിനിടയിൽ സമയം കഴിയാറാകുമ്പോൾ ആദ്യത്തെ ബെൽ

കേൾക്കുകയും അതുകഴിഞ്ഞ് രണ്ടാമത്തെ ബെൽ കേൾക്കുമ്പോൾ നിർത്തുകയുമാണ് ചെയ്യുന്നത്. അപ്പോൾ അംഗം പ്രസംഗം നിർത്തിയില്ലെങ്കിൽ മൈക്ക് ഓഫ് ചെയ്യാൻ പാടില്ല.

മി. സ്പീക്കർ: സമയം പാലിക്കാൻ സഭാദ്ധ്യക്ഷന്മാർക്ക് കുറച്ച് കടുത്ത നടപടികൾ വേണ്ടിവരും. ദയവായി സഹകരിക്കുക. മൈക്ക് ഓഫ് ചെയ്യുകയെന്ന ഉദ്ദേശ്യമില്ല. അങ്ങയോട് വളരെ ആദരവാണുള്ളത്.

ഡോ. എം. കെ. മുനീർ: സർ, കേരള സോഷ്യൽ സെക്യൂരിറ്റീസ് പെൻഷൻ ലിമിറ്റഡ് എന്നൊരു കമ്പനി രൂപവത്കരിച്ചതുതന്നെ പെൻഷൻ മുടങ്ങാതെ കൊടുക്കുന്നതിനുവേണ്ടിയാണ്. ബിവറേജസ് കോർപ്പറേഷനിൽനിന്നും കെ.എസ്.എഫ്.ഇ.-യിൽനിന്നും അതുപോലെ മറ്റ് സഹകരണ കൺസോർഷ്യത്തിൽ നിന്നും പ്രധാനമായും കടമെടുത്തിരിക്കുന്നത് ലിക്വിഡിറ്റിയുണ്ടാകുന്നതിന് വേണ്ടിയാണെന്ന് ഇവിടെ പറഞ്ഞു. പെൻഷൻ മുടങ്ങാതെ കൊടുക്കുന്നുവെന്ന് പറയുമ്പോഴും സാമൂഹ്യ സുരക്ഷാ പെൻഷനോട് എത്രമാത്രം ആഭിമുഖ്യം സർക്കാരിനുണ്ടെന്നുള്ളത് തെളിയിക്കുന്ന ഉത്തരവാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചത്. ഇവിടെ രണ്ടാമത് ഇറക്കിയിട്ടുള്ള

97/2022 ഉത്തരവുപ്രകാരം ബഡ്ജറ്റിലൂടെ കമ്പനിക്ക് നൽകുന്ന സഹായം നിർത്തുകയാണ്. അതിലെ ഓരോ പ്രോസസും എടുത്തുപറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഞാൻ സാമൂഹ്യനീതി വകുപ്പുമന്ത്രിയായിരുന്നപ്പോൾ എന്റെ വകുപ്പിനുകീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷനുണ്ടായിരുന്നു. ഇപ്പോൾ എല്ലാം കേന്ദ്രീകരിച്ചതുകൊണ്ട് എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷനുകളും ഒരു കമ്പനിയിലേയ്ക്ക് മാറി. അതോടെ സോഷ്യൽ സെക്യൂരിറ്റി മിഷൻ നടത്തുന്ന, അല്ലെങ്കിൽ ഇതുവരെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിക്കൊണ്ടിരുന്ന സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിന് യാതൊരു ജോലിയും ചെയ്യാനില്ലെന്ന അവസ്ഥ വന്നിട്ടുണ്ട്. ആ സമയത്ത് ഞങ്ങൾ വി-കെയർ എന്നൊരു സംവിധാനമുണ്ടാക്കിയിരുന്നു. അതിലൊരു പേമെന്റ് ഗേറ്റ്‌വേ രൂപീകരിച്ചിരുന്നു. പക്ഷേ അതിൽ കടമെടുക്കേണ്ട ആവശ്യം പോലുമില്ല. ഞങ്ങളുന്ന് കണ്ടിരുന്നത് സി.എസ്.ആർ. ഫണ്ടാണ്. ഇന്ത്യ മുഴുവൻ നിലനിൽക്കുന്ന സി.എസ്.ആർ. ഫണ്ട് ആരും ഉപയോഗപ്പെടുത്തുന്നില്ല. കേരളത്തിന്, പ്രത്യേകിച്ച് ഗവൺമെന്റ് നടത്തുന്ന ഒരു പ്രസ്ഥാനമാകുമ്പോൾ സി.എസ്.ആർ. ഫണ്ട് പല ഭാഗത്തുനിന്നും സ്വരൂപിക്കുകയും അതിലൂടെ ബഡ്ജറ്റല്ലാതെ,

ബഡ്ജറ്റിന് സമാന്തരമായി ലിമിറ്റഡ് കമ്പനിയായാലും വി-കെയർ എന്നുപറയുന്ന പേമെന്റ് ഗേറ്റ്‌വേ സിസ്റ്റമായാലും അതിലൂടെ ചെയ്യാൻ പറ്റുമെന്നിരിക്കെ എന്തിനാണ് പിന്നെയും ബിവറേജസ് കോർപ്പറേഷനിൽനിന്നും കെ.എസ്.എഫ്.ഇ.-യിൽനിന്നും ലോൺ എടുക്കുന്നത്? ഇതൊക്കെ ലോൺ ലിമിറ്റേഷനിൽ വരുന്നുവെന്നാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് പറഞ്ഞിരിക്കുന്നത്. അതോടെ കേന്ദ്രം സംസ്ഥാനത്തെ സഹായിക്കുന്ന എല്ലാ നടപടികളും നിർത്തിവച്ചിരിക്കുകയാണ്. ഇനി കടമെടുക്കാൻപോലും കഴിയാത്ത സംസ്ഥാനമായി വരുന്ന സാഹചര്യത്തിൽ എന്ത് ലിക്വിഡിറ്റിയെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്? ഇതിന് വിശദമായൊരു ചർച്ച ആവശ്യമാണ്. ആ ചർച്ചയ്ക്ക് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് 2011-16-ലെ പെൻഷന്റെ കണക്കും 2016-21-ലേത് 35000 കോടി രൂപയായി വർദ്ധിച്ചുവെന്നും

ഇവിടെ സൂചിപ്പിച്ചു. അത് കാലോചിതമായ വർദ്ധനവ് മാത്രമാണ്. 2006-11 കാലയളവിൽ അന്നത്തെ അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്തെ വർദ്ധനവിനേക്കാൾ കൂടുതൽ അതിനടുത്ത ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. ഈ ഗവൺമെന്റ് അതിനേക്കാൾ കൂടുതൽ വർദ്ധിപ്പിക്കും. കാലോചിതമായ വർദ്ധനവുണ്ടാകുന്നത് മഹത്തരമായ കാര്യമാണെന്ന നിലയിൽ അങ്ങ് പ്രതിപാദിക്കുന്നത് കണ്ടു. അത് ശരിയായ സമീപനമല്ല. എല്ലാ കാലഘട്ടങ്ങളിലെ ഗവൺമെന്റുകളും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വർദ്ധിപ്പിക്കാറുള്ളതാണ്. സർക്കാർ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് അങ്ങ് തന്നെ ഇവിടെ സൂചിപ്പിച്ചു. എന്നാൽ ധൂർത്തും പാഴ്ചെലവുകളും യഥേഷ്ടം നടക്കുന്നു. അതിനിടയിലാണ് ഈ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ തിരിച്ചടവ് ബാധ്യതയിൽനിന്ന് സർക്കാർ പിന്മാറുന്ന സമീപനമുണ്ടായിരിക്കുന്നത്. വിവിധ ക്ലോസുകളുൾപ്പെടെ ഗവൺമെന്റ് ഉത്തരവിറക്കിയത് തികച്ചും പ്രതിഷേധാർഹമാണ്. അതുകൊണ്ടുതന്നെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ മുടങ്ങുമെന്ന ആശങ്ക ഇന്ന് പൊതുസമൂഹത്തിൽ ഉടലെടുത്തിരിക്കുന്നു. ആ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

11.00 എ.എം.]

## IV. ശ്രദ്ധ ക്ഷണിക്കൽ

(1) കയർ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കയർ വ്യവസായത്തിന്റെ സംരക്ഷണത്തിനും തൊഴിലാളികൾക്ക് ജോലിയും കൂലിയും ഉറപ്പുവരുത്തുന്നതിനും ശ്രമിക്കുന്ന ഒരു ഗവൺമെന്റാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ. ഒന്നാം എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ കയർ വ്യവസായത്തിന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള എല്ലാ പദ്ധതികളും രണ്ടാം എൽ.ഡി.എഫ്. സർക്കാരും മികച്ച നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നുണ്ടെങ്കിലും ഗുരുതരമായ ഒരവസ്ഥയാണ് ഇന്ന് കയർ വ്യവസായം നേരിടുന്നത്. ഈ

വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും ചെറുകിട ഉല്പാദകർക്കും അവരുടെ തൊഴിൽ ദിനങ്ങൾ കുറഞ്ഞുപോയതുകാരണം വരുമാനവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് 600-ഓളം കയർപിരി സഹകരണ സംഘങ്ങളുണ്ട്. ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി താലൂക്കുകളിൽ മാത്രം 335-ഓളം സംഘങ്ങളുണ്ട്. ഇവർ ഉല്പാദിപ്പിക്കുന്ന കയറുകളെല്ലാം കെട്ടിക്കിടക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും കുറഞ്ഞ വിലയിൽ കയർ ലഭിക്കുന്നതുകൊണ്ട് വൻകിട ഫാക്ടറികളൊന്നും സംസ്ഥാനത്തുനിന്നും കയർ വാങ്ങുന്നില്ല. വലിയ കമ്പനികളിൽനിന്ന് ലഭിക്കുന്ന ഓർഡറുകൾ കയർ കോർപ്പറേഷൻവഴി സംസ്ഥാനത്തെ 40-ലേറെ ഉല്പാദക സംഘങ്ങൾക്ക് നൽകണമെന്നാണ് വ്യവസ്ഥയെങ്കിലും ഇത് ഫലപ്രദമായി നടപ്പിലാകുന്നില്ലെന്നുള്ളതാണ് വസ്തുത. പല സ്ഥാപനങ്ങളിലും ഇടനിലക്കാർ വഴിയാണ് ഉല്പന്നങ്ങൾ വാങ്ങുന്നത്. ഇത് ഏതാണ്ട് 8000-ത്തോളം വരുന്ന ചെറുകിട ഉല്പാദകരെയും അവരുടെ കുടുംബാംഗങ്ങളെയും 40,000-ത്തോളം വരുന്ന തൊഴിലാളികളുടെയും ജീവിതത്തെ സാരമായി ബാധിക്കുകയാണ്. മുൻകാലങ്ങളിൽ കയർ കോർപ്പറേഷൻ ജിയോ ടെക്സ്റ്റൈൽസിന് ഓർഡർ

നൽകി ഈ പ്രതിസന്ധി തരണം ചെയ്യുമായിരുന്നു. പഞ്ചായത്തുകളുമായി ധാരണാപത്രം ഒപ്പിട്ട് എം.എൻ.ആർ.ഇ.ജി.-സ്കീമിൽ തോടിന്റെ ബണ്ട് സംരക്ഷണത്തിനുവേണ്ടി ഓർഡർ നൽകിയിരുന്നു. കയർ കോർപ്പറേഷനിൽ കെട്ടിക്കിടക്കുന്ന ഉല്പന്നങ്ങൾ സംഭരിക്കുകയും കൂടുതലായി വരുന്ന ഉല്പന്നങ്ങൾ സ്റ്റോക്ക് ഓർഡറായി നൽകുകയും ചെയ്തിരുന്നു. കയർ കോർപ്പറേഷന്റെ കയറ്റുമതി ഓർഡറിനെ മാത്രം ആശ്രയിക്കാതെ വിദഗ്ദ്ധ കറസ്പോണ്ടർമാരെ നിയമിച്ച് വിദേശ ഓർഡറുകൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ജിയോ ടെക്സ്റ്റൈൽസും തടുക്കുകളും വലിയ വില കുറച്ചാണ് തമിഴ്നാട് നേരിട്ട് കയറ്റുമതിക്കാർക്ക് എത്തിച്ചുകൊടുക്കുന്നത്. ഇത് നമ്മുടെ ഓർഡറുകളുടെ ക്ഷാമത്തിന് ഇടയാക്കുകയാണ്. യന്ത്രവൽക്കരണത്തിലൂടെ ഉല്പാദനച്ചെലവ് കുറച്ച് ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കയർ പിരിക്കുന്ന തൊഴിലാളികളുടേതാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം. പതിനായിരക്കണക്കിന് വരുന്ന പാവപ്പെട്ട തൊഴിലാളികളാണ് കയർപിരി മേഖലയിലുള്ളത്. ഈ കയർപിരി സഹകരണ സംഘങ്ങളുടെ

പ്രവർത്തനങ്ങളും കടുത്ത പ്രതിസന്ധിയിലാണ്. ഇപ്പോൾ 60 വയസ്സ് കഴിഞ്ഞവർക്ക് ഇ.എസ്.ഐ. പദ്ധതിയിൽ ആനുകൂല്യം നൽകുന്നില്ലെന്ന കാര്യം പുന:പരിശോധിക്കാൻ കഴിയണം. ഗുണമേന്മയുള്ള, മാർക്കറ്റിൽ ഡിമാന്റുള്ള കയർ ഉല്പാദിപ്പിക്കുന്നതിന് കയർ സഹകരണ സംഘങ്ങളെ പ്രാപ്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കയർ മേഖലയിലെ അപ്പെക്സ് സ്ഥാപനമായിട്ടുള്ള കയർഫെഡിനെ സാമ്പത്തികമായും സാങ്കേതികമായും സഹായിക്കാനുള്ള നടപടികൾകൂടി സ്വീകരിക്കാൻ തയ്യാറാകണം. പതിനായിരക്കണക്കിന് സാധാരണക്കാരുടെ ജീവിതമാർഗ്ഗമായ ഈ വ്യവസായത്തെ സംരക്ഷിക്കാൻവേണ്ടി ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെ അംഗീകരിച്ചുകൊണ്ടുതന്നെ ഒരു ശക്തമായ ഇടപെടൽ ഈ രംഗത്തുണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. പി. ചിത്തരഞ്ജൻ ഇവിടെ അവതരിപ്പിച്ച

ശ്രദ്ധക്ഷണിക്കലിന് മറുപടി പറയേണ്ടത് വ്യവസായ വകുപ്പുമന്ത്രിയാണ്. അദ്ദേഹത്തിന് 11.00 മണിക്ക് കേന്ദ്രഗവൺമെന്റിന്റെ വ്യവസായ കോറിഡോറിനെ സംബന്ധിച്ചുള്ള ഓൺലൈൻ മീറ്റിംഗിൽ പങ്കെടുക്കേണ്ടതിനാലാണ് ഈ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയാൻ എന്നെ ഏൽപ്പിച്ചത്. ഞാൻ വിശദമായി പറയുന്നില്ല.

കേരളത്തിലെ കയർ ഉല്പന്നമേഖലയിൽ പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഫൈബർ മാറ്റ്, ബി.സി.-1 ബി.സി.-20 തുടങ്ങിയ ക്രീൽ മാറ്റുകളാണ് ഏറ്റവുമധികമുള്ളത്. ആലപ്പുഴ ജില്ലയിൽ ഏകദേശം 75-ഓളം സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിൽ ഭൂരിപക്ഷവും ഇത്തരത്തിൽ പരമ്പരാഗത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നവയാണ്. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പാക്കിയ രണ്ടാം പുന:സംഘടന പദ്ധതിയുടെ ഫലമായി കയറിന്റെയും കയറുല്പന്നങ്ങളുടെയും ഉല്പാദനം വർദ്ധിക്കുകയുണ്ടായി. കേരളത്തിലെ തൊഴിലാളികൾക്ക് മിനിമം 200 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കയറിന്റെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനും പരമ്പരാഗത ഉല്പന്നങ്ങളുടെ വിപണനം

വർദ്ധിപ്പിക്കുന്നതിനുമായി വലിയ തോതിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഓണം, വിഷു, ക്രിസ്തുമസ് തുടങ്ങിയ ഉത്സവകാലങ്ങളിൽ ഉയർന്ന തോതിൽ ഓർഡർ ലഭിക്കുമെന്ന് പ്രതീക്ഷിച്ചാണ് ഈ ഉല്പന്നങ്ങൾ സംഭരിക്കുന്നത്. 2010-2015 വരെയുള്ള കാലയളവ് പരിശോധിച്ചതിൽ 400 കോടി രൂപയുടെ കയറുല്പന്നങ്ങൾ കയർ കോർപ്പറേഷൻ സംഭരിക്കുകയും വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. 2016-2021 കാലഘട്ടത്തിൽ സംഭരണം 800 കോടി രൂപയായി ഉയരുകയും ഇവയുടെ മൂന്ന് ശതമാനം കഴിച്ച് ബാക്കിയുള്ളവ പൂർണ്ണമായും വിറ്റഴിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഇതിൽ ശേഷിക്കുന്ന മൂന്ന് ശതമാനം ഉല്പന്നങ്ങൾ 40 കോടി രൂപയുടെ പരമ്പരാഗത ഉല്പന്നങ്ങളാണ്. ഈ ഉല്പന്നങ്ങൾക്ക് വിപണി കുറഞ്ഞത് പ്രധാനമായും പി.വി.സി. ഉല്പന്നങ്ങളുടെ കടന്നുകയറ്റവും പ്ലാസ്റ്റിക്, മറ്റ് കൃത്രിമ നാരുകൾ കൊണ്ടുണ്ടാക്കിയ ഉല്പന്നങ്ങൾ, പോളി പ്രൊപ്പൈലിൻ സിന്തറ്റിക് മാറ്റുകൾ എന്നിവയുടെ വരവുമാണ്. പരമ്പരാഗത ഉല്പന്നങ്ങളെ അപേക്ഷിച്ച് കൂടുതൽ ഭാരക്കുറവും വിലയിലുള്ള അന്തരവും കൂടുതൽ ഫിനിഷിംഗും വിദേശരാജ്യങ്ങളെപ്പോലും ഇവയിലേയ്ക്ക് ആകർഷിക്കുന്നതിന് കാരണമായി. വില്പന വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേരളത്തിലെ സപ്ലൈകോ,

കൺസ്യൂമർഫെഡ് വില്പനശാലകളിലും അതുപോലെതന്നെ റിലയൻസ്, വിശാൽ മെഗാ മാർട്ട്, ഡി-മാർട്ട് തുടങ്ങിയ സ്വകാര്യ വില്പനശ്രേണികളുടെയും വില്പന വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. എങ്കിൽപ്പോലും പ്രസ്തുത വില്പനശാലകളുടെ വിപണി മാറ്റുകളും സമാന ഉല്പന്നങ്ങളുമാണ് കൂടുതൽ വിറ്റഴിക്കപ്പെടുന്നത്. നിലവിൽ കേരളത്തിലെ കയർ വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് മറ്റൊരു കാരണം, കയർ വിപണിയിൽ ചകിരിയും കയറും ചിലതരം കയറുല്പന്നങ്ങളും വൻവിലക്കുറവിൽ തമിഴ്നാട്ടിൽ നിന്നും വിപണിയിൽ എത്തിച്ചേരുന്നതാണ്. കോവിഡാനന്തരം ആഭ്യന്തര-വിദേശ കമ്പോളത്തിലുണ്ടായ സാമ്പത്തിക പ്രതിസന്ധിയിൽ അടുത്തകാലത്തുണ്ടായ കടുത്ത കണ്ടെയ്നർ ക്ഷാമവും കടത്തുകൂലി വർദ്ധനവും ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നതാണ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ വിറ്റഴിക്കാതിരിക്കുന്ന 40 കോടി രൂപയുടെ ഉല്പന്നങ്ങൾ ക്രയവില സ്ഥിരതാ പദ്ധതിപ്രകാരം പരമാവധി ഡിസ്കൗണ്ടിൽ വിറ്റഴിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഇതോടൊപ്പം ഓണംപോലുള്ള ഉത്സവകാലങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് വൻതോതിൽ വില്പന നടത്തുന്നതിനായി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവ വഴി കേരളമാകെ കയറുല്പന്നങ്ങൾ വിതരണം ചെയ്യുകയെന്ന ബൃഹത്തായ പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ഉല്പാദന വർദ്ധനവിനനുസരിച്ച് ഉല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനുവേണ്ടി ഒട്ടനവധി പദ്ധതികൾ കയർ കോർപ്പറേഷൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. ഉല്പന്നങ്ങളിൽ വിപണന സാദ്ധ്യത ഏറ്റവും കൂടുതലുള്ള കയർ ഭൂവസ്ത്രത്തിന്റെ വിപണി വർദ്ധിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. നാളിതുവരെ 161.61 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിപണനം നടത്തിയിട്ടുണ്ട്. ഇതിൽ 2021-22 സാമ്പത്തിക വർഷം മാത്രം 50 കോടി രൂപയുടെ വിപണനവും നടത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതിലും കൂടുതൽ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കയർ ഭൂവസ്ത്രം പരിചയപ്പെടുത്തുന്നതിനും ഉപയോഗം വ്യാപിപ്പിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ സർക്കാർതലത്തിൽ തന്നെ നടത്തിവരുന്നുണ്ട്. അതോടൊപ്പംതന്നെ തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാൻ വേണ്ടിയുള്ള വിവിധങ്ങളായ നടപടികളും സ്വീകരിച്ചുവരുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കയറുല്പന്ന നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് സൊസൈറ്റികളിലും ചെറുകിട ഉല്പാദകരിലും രൂക്ഷമായ ഓർഡർ ക്ഷാമം നിലനില്ക്കുന്നുണ്ട്. അത് വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. അതുപോലെതന്നെ പ്രാഥമിക കയർ സംഘങ്ങൾക്ക് കയർഫെഡ് കുറെയധികം തുക കൊടുത്തുതീർക്കാനുണ്ട്. കയറിന്റെ വിലയിനത്തിലുള്ള കുടിശ്ശികയും പി.എം.എ.വൈ. മാനേജീരിയൽ സബ്സിഡിയും കൊടുത്തുതീർക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കയർ സംഘങ്ങളെ കൂടുതൽ സഹായിക്കാനും ഗവൺമെന്റ് ശ്രദ്ധിക്കുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുന്നതാണ്.

## (2) ദേശീയപാത വികസനം

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സംസ്ഥാനത്ത് ദേശീയപാത വികസനം മൂന്നുവർഷത്തിനകം പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതിന്റെ ഭാഗമായി തലപ്പാടി മുതൽ ചെങ്കള വരെ ദേശീയപാത

66-ന്റെ ആറുവരിപ്പാത നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ നേതൃത്വത്തിലാണ് പ്രസ്തുത ദേശീയപാത വികസനം നടക്കുന്നത്. നിർമ്മാണ പ്രവർത്തനത്തിന്റെ വേഗത വർദ്ധിക്കുന്നതനുസരിച്ച് ജനങ്ങളുടെ ആശങ്കകളും വർദ്ധിക്കുകയാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ പോകുന്ന ചരക്കുവാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് അതിവേഗതയിൽ സഞ്ചരിക്കാൻ ആറുവരിപാത നിർമ്മാണം നടക്കുമ്പോൾതന്നെ സാധാരണക്കാരായ ജനങ്ങൾ കാലാകാലങ്ങളായി തുടർന്നുവന്നുകൊണ്ടിരുന്ന സഞ്ചാര അവകാശങ്ങൾ നിഷേധിക്കുന്ന രീതിയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. റോഡിന്റെ സ്പെസിഫിക്കേഷനും നിയമങ്ങളും ചൂണ്ടിക്കാട്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ഇരുകരകളിലുമായി retaining walls നിർമ്മിച്ചുകൊണ്ടാണ് ദേശീയപാത വികസനം നടക്കുന്നത്. ദേശീയപാത വികസനത്തിന്റെ ഭാഗമായി ആകെയുള്ള 45 മീറ്ററിൽ ഇരുവശങ്ങളിലുമായി 6.5 മീറ്റർ വീതിയുള്ള സർവ്വീസ് റോഡുകൾ മാത്രമാണ് നിർമ്മിക്കുന്നത്. റോഡിന്റെ ഒരുവശത്തുനിന്ന് മറുവശത്തേയ്ക്ക് ജനങ്ങൾക്ക്

കടന്നുപോകാൻ ഏറെ പ്രയാസം അനുഭവിക്കുന്ന രീതിയിലാണ് പുതിയ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. നിലവിൽ ദേശീയപാത അതോറിറ്റിയുടെ നേതൃത്വത്തിൽ 39 കിലോമീറ്ററുള്ള ആദ്യ റീച്ചിൽ പത്ത് സ്ഥലങ്ങളിൽ മാത്രമാണ് ജനങ്ങൾക്ക് കടന്നുപോകാൻ അല്ലെങ്കിൽ ഒരു കരയിൽനിന്ന് മറുകരയിലേയ്ക്ക് പ്രവേശിക്കാനുള്ള സാദ്ധ്യതകൾ ഒരുക്കിയിരിക്കുന്നത്. മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ 23 കിലോമീറ്റർ ദൈർഘ്യത്തിലാണ് ദേശീയപാത കടന്നുപോകുന്നത്. പ്രധാന പാലങ്ങളും പ്രധാന നഗരങ്ങളുമായ ഒസങ്കടി, ഉപ്പള, കുമ്പള തുടങ്ങിയവയെ താണ്ടിക്കൊണ്ടാണ് ദേശീയപാത മഞ്ചേശ്വരം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്നത്. ഈ ടൗണുകളിലും കാസർഗോഡ് ടൗണിലും പ്രാന്തപ്രദേശങ്ങളിലും ഫ്ലൈ ഓവർ അനുവദിക്കണമെന്ന് ദേശീയപാത അതോറിറ്റിയോടും ഉദ്യോഗസ്ഥരോടും ജനപ്രതിനിധികളോടും നിരന്തരമായി ആവശ്യപ്പെട്ടിട്ടുപോലും കൃത്യമായ ഒരു മറുപടിയും ലഭിക്കുന്നില്ല. ദേശീയപാത കടന്നുപോകുന്ന തീരദേശത്ത് വസിക്കുന്ന പതിനായിരക്കണക്കിന് ജനങ്ങൾക്ക് കേരളത്തിന്റെ മറ്റ് കരകളുമായി ബന്ധപ്പെടാനുള്ള ഏകമാർഗ്ഗംപോലും

തടസ്സപ്പെടുത്തിക്കൊണ്ടാണ് ദേശീയപാത കടന്നുപോകുന്നത്. ദേശീയപാത വികസിപ്പിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. എന്നാൽ കാലാകാലങ്ങളായുള്ള ജനങ്ങളുടെ സ്വൈര്യവിഹാരത്തെ തടസ്സപ്പെടുത്തിക്കൊണ്ടാണ് ദേശീയപാത വികസനം നടത്തുന്നത്. മംഗലാപുരത്തുനിന്ന് ഒരാൾക്ക് കണ്ണൂരിലേയ്ക്കോ കോഴിക്കോട്ടേയ്ക്കോ പെട്ടെന്നെത്താൻ വേണ്ടി, ഒരു മിനിട്ടുകൊണ്ട് കടന്നുപോകുന്ന വഴി തടഞ്ഞുകൊണ്ടുള്ള ഈ അവസ്ഥ അവസാനിപ്പിക്കണമെന്നാണ് പ്രത്യേകമായി ആവശ്യപ്പെടുന്നത്. അതോടൊപ്പം തൊട്ടടുത്തുള്ള അങ്കണവാടിയിലേയ്ക്കോ സ്കൂളിലേയ്ക്കോ ആരാധനാലയങ്ങളിലേയ്ക്കോ ആളുകൾക്ക് പോകാൻ വലിയ പ്രയാസം അനുഭവപ്പെടുന്ന ഈ ഘട്ടത്തിൽ പ്രധാന ജംഗ്ഷനുകളിൽ ഒരു സാധാരണ അണ്ടർപാസ്സും പ്രധാന ടൗണുകളിൽ ഫ്ലൈ ഓവറും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾക്കും ബസ് ബേകൾക്കും സംവിധാനമൊരുക്കേണ്ടതായിട്ടുണ്ട്. ജനങ്ങളുടെ സ്വാഭാവികമായ യാത്രാസൗകര്യത്തെ തടസ്സപ്പെടുത്താത്തവിധം സംസ്ഥാനത്ത് ആവശ്യമായ പ്രധാന പട്ടണങ്ങളിലെല്ലാംതന്നെ ജനങ്ങൾക്ക് റോഡ് മുറിച്ചുകടക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ച് പ്രയാസരഹിതമായ

റോഡ് നിർമ്മാണം നടത്തണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. കെ. എം. അഷ്റഫ് ഉന്നയിച്ച വിഷയം മലയാളിയുടെ ചിരകാല സ്വപ്നമായ ദേശീയപാത വികസനവുമായി ബന്ധപ്പെട്ടാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ പ്രശ്നം മാത്രമല്ല, പൊതുവായി ദേശീയപാത വികസന പ്രവൃത്തിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ദേശീയപാത വികസനം സാധ്യമാക്കുകയെന്നത് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. 2021-ലെ കണക്കനുസരിച്ച് കേരളത്തിൽ 1000-ൽ 445 ആളുകൾക്ക് വാഹനമുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. ദേശീയതലത്തെക്കാൾ എത്രയോ ഉയർന്ന വാഹന സാന്ദ്രതാനിരക്കാണ് കേരളത്തിലുള്ളത്. റോഡുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ പരിമിതി കേരളത്തിൽ ചെറുതല്ല. ജനസാന്ദ്രതയുടെ കാര്യത്തിലും ദേശീയ ശരാശരിയേക്കാൾ എത്രയോ ഉയരത്തിലാണ് നമ്മുടെ സംസ്ഥാനത്തിന്റെ ശരാശരി. ഒരു സ്ക്വയർ കിലോമീറ്ററിൽ 860 മനുഷ്യർ

കേരളത്തിൽ ഇന്ന് ജീവിക്കുന്നുണ്ടെന്നാണ് പൊതുകണക്ക്. ദേശീയ ശരാശരി 382 ആണെങ്കിൽ കേരളത്തിൽ അത് 860 ആണെന്നുള്ളതാണ് കണക്ക്. വാഹനപ്പെരുപ്പം പരിഹരിക്കാൻ പരിമിതിയായി നിൽക്കുന്നത് ജനസാന്ദ്രതയാണ്. ഇത്തരം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഇത് പരിഹരിക്കാൻ ചില തടസ്സങ്ങളുണ്ടെന്ന് നമുക്കറിയാം. ഏറ്റവും പ്രധാന ലക്ഷ്യമായി സർക്കാർ കാണുന്നത് ദേശീയപാതയുടെ വികസനം പൂർത്തീകരിക്കലാണ്. ഒരുകാലത്ത് നടക്കില്ലെന്ന് കരുതി ഉപേക്ഷിച്ചുപോയ പദ്ധതിയാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഇച്ഛാശക്തിയിൽ ജീവൻ വച്ചതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഈ സർക്കാരിന്റെ കാലത്ത് പദ്ധതി പൂർണ്ണമായും ട്രാക്കിലാക്കാനായെന്ന് അഭിമാനത്തോടെ സർക്കാരിന് പറയാൻ സാധിക്കും. കാസർഗോഡ് ജില്ലാ അതിർത്തിയായ തലപ്പാടി മുതൽ തിരുവനന്തപുരം ജില്ലാ അതിർത്തി വരെ നീളുന്ന ദേശീയപാത 66-ൽ എല്ലായിടത്തും പ്രവൃത്തി ആരംഭിക്കുന്ന ഘട്ടത്തിലേയ്ക്കെത്തിക്കാൻ സാധിച്ചിട്ടുണ്ട്. രാജ്യത്ത് മറ്റെവിടെയുമില്ലാത്തവിധം സ്ഥലം ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നുവെന്നുള്ളത് എടുത്തുപറയാൻ ഞാൻ

ആഗ്രഹിക്കുകയാണ്. ഇതിന്റെ ഭാഗമായി 5,580 കോടി രൂപയാണ് കേരളം ഇതിനോടകം നൽകിക്കഴിഞ്ഞിട്ടുള്ളത്. ദേശീയപാത 66-ന്റെ വികസനത്തിനായി ഏറ്റെടുക്കേണ്ട 1079.06 ഹെക്ടർ ഭൂമിയിൽ 1062.96 ഹെക്ടർ ഭൂമി ഏറ്റെടുത്തുവെന്നുള്ളത് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. 98.51 ശതമാനം ഭൂമിയും നമുക്ക് ഏറ്റെടുക്കാൻ സാധിച്ചു. എല്ലാവരുടെയും സഹകരണത്തോടെയാണ് ഇത് പൂർത്തിയാക്കാൻ കഴിഞ്ഞത്. ദേശീയപാത 66-ൽ കേരളത്തിൽ എവിടെ സഞ്ചരിക്കുമ്പോഴും വികസന പ്രവർത്തനങ്ങൾ നടക്കുന്നത് നമുക്ക് കാണാനാകും. 15 റീച്ചുകളിൽ പ്രവൃത്തി പൂർണ്ണ അർത്ഥത്തിൽ പുരോഗമിക്കുകയാണ്. ആറ് റീച്ചുകളിൽ പ്രവൃത്തി അവാർഡ് ചെയ്ത് പ്രാഥമികമായ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അരൂർ-തുറവൂർ റീച്ചിൽ എലിവേറ്റഡ് ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. ദേശീയപാത വികസനം കേരളത്തിന്റെ വികസന ചരിത്രത്തിൽ പുതിയ അദ്ധ്യായം എഴുതിചേർത്തു. കോവിഡ് പോലുള്ള മഹാമാരികളോ മറ്റുതടസ്സങ്ങളോ ഇല്ലെങ്കിൽ 2025-ഓടുകൂടി കേരളത്തിന്റെ ചിരകാല സ്വപ്നമായ ദേശീയപാതയുടെ നവീകരണവും വികസനവും പൂർത്തീകരിക്കാനാകും. അതിനായുള്ള

കഠിനാദ്ധ്വാനമാണ് സർക്കാർ നടത്തിയിട്ടുള്ളത്. അതിനായി ദേശീയപാത അതോറിറ്റിയുമായി ചേർന്നുനിന്നുകൊണ്ട് സംസ്ഥാന സർക്കാർ പ്രവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ഞാനും നിരവധി റിവ്യൂ യോഗങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടും റിവ്യൂ യോഗങ്ങൾ നടത്തുന്നുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും ഉദ്യോഗസ്ഥരും കൃത്യമായി റിവ്യൂ യോഗങ്ങൾ നടത്തുന്നുണ്ട്. എല്ലാ മാസവും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ടീമും ഇതുമായി ബന്ധപ്പെട്ട യോഗം നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തലപ്പാടി മുതൽ ചെങ്കള വരെ ആകെ 39 കിലോമീറ്റർ ആറ് വരിപ്പാതയാക്കുന്ന പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കരാർ നൽകിയിട്ടുള്ളതും 18-11-2021-ന് ആരംഭിച്ചിട്ടുള്ളതുമാണ്. ജനങ്ങളുടെ സ്വാഭാവികമായ യാത്രാസൗകര്യത്തെ തടസ്സപ്പെടുത്താത്തവിധം ആവശ്യമുള്ള സ്ഥലത്ത് ഹൈവേയുടെ ഇരുവശത്തുമായി 6.5 മീറ്റർ മുതൽ 7 മീറ്റർ വരെ വീതിയിൽ സർവ്വീസ് റോഡുകളും ആവശ്യമുള്ള സ്ഥലത്ത് അടിപ്പാതകളും ഫ്ലൈ ഓവറുകളും

ഉൾപ്പെടുത്തിക്കൊണ്ടുള്ള ദേശീയപാത വികസനമാണ് എൻ.എച്ച്.എ.ഐ. നടത്തിവരുന്നത്. ഈ പാതയിൽ കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം ഒരു ഫ്ലൈ ഓവറും ഒൻപത് വെഹിക്കുലാർ അണ്ടർപാസ്സുകളും ഒരു ലൈറ്റ് വെഹിക്കുലാർ അണ്ടർപാസ്സും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൂന്നുസ്ഥലത്ത് ഫുട്ട് ഓവർബ്രിഡ്ജുകൾ നിർമ്മിക്കാനും ദേശീയപാത അതോറിറ്റി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഉപ്പളയിൽ രാമകൃഷ്ണ വിദ്യാലയത്തിനടുത്ത് ഇത്തരമൊരു ഫുട്ട് ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിരിക്കുന്നത്. ഇപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ചതുപോലുള്ള ആവശ്യങ്ങൾ വിവിധ ജനപ്രതിനിധികളും രാഷ്ട്രീയപാർട്ടി നേതാക്കളും സംഘടനകളും പൊതുജനങ്ങളും ഉന്നയിക്കുന്നുണ്ട്. ഇത്തരം ആവശ്യങ്ങൾ സംസ്ഥാന സർക്കാരും ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. ഇത് പരിഗണിച്ച് അഡീഷണൽ സ്ട്രെച്ചുകൾ നിർമ്മിക്കുകയോ നിലവിലുള്ള പുതിയ സ്ട്രെച്ചുകളാക്കി മാറ്റം വരുത്തുകയോ ചെയ്യുന്നതിനുവേണ്ടിയുള്ള change of scope പ്രൊപ്പോസൽ പരിഗണനയിലാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞങ്ങളാരും ഈ പദ്ധതിക്ക് എതിരല്ല, പദ്ധതി നിലവിൽ വരണമെന്ന് ആഗ്രഹിക്കുന്ന ആളുകളുമാണ്. പക്ഷെ, കാലങ്ങളായി പോയിക്കൊണ്ടിരുന്ന വഴിയിലൂടെ സ്കൂളിലേയ്ക്കും അങ്കണവാടിയിലേയ്ക്കും ആശുപത്രിയിലേയ്ക്കും പോകാൻ സാധിക്കാത്ത അവസ്ഥയെക്കുറിച്ച് ജനങ്ങൾക്ക് വലിയ ആശങ്കയുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഞാനും ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ.-യും ജില്ലയിലെ മറ്റ് എം.എൽ.എ.-മാരും പത്തിലധികം യോഗങ്ങൾ ചേർന്നതാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അണ്ടർപാസ്സ് സംബന്ധിച്ചാണ്. പല ആക്ഷൻ കമ്മിറ്റികളും നിലവിൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിലെ ഒരു പ്രത്യേക വിഷയമായി പരിഗണിച്ച് പ്രത്യേക യോഗം ചേർന്ന് ജനങ്ങൾക്ക് ആശ്വാസം പകരുന്ന ഒരു തീരുമാനമെടുക്കാൻ സാധിക്കില്ലേ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ശ്രീ. എ. കെ. എം. അഷ്റഫ് ഉൾപ്പെടെയുള്ള കാസർഗോഡ് ജില്ലയിലെ എം.എൽ.എ.-മാർ ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കാണിക്കുന്ന താൽപ്പര്യത്തെ പ്രത്യേകം

അഭിനന്ദിക്കുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് അവിടെ ഒരു യോഗം പ്രത്യേകം വിളിച്ചുചേർത്ത് ഇക്കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്.

**11.19 A.M]**

**V. സബ്മിഷൻ**

(1) കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് കൂടുതൽ സർവ്വീസുകൾ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കഴിഞ്ഞ ജൂൺ 1, 2, 3 തീയതികളിൽ മലയാള മനോരമ ദിനപത്രം ഒരു ലേഖനപരമ്പര പ്രസിദ്ധീകരിച്ചിരുന്നു. കോഴിക്കോട് എയർപോർട്ടിന്റെ ദുരവസ്ഥ ചൂണ്ടിക്കാണിക്കുന്ന 'കണക്ഷൻ നഷ്ടപ്പെട്ട കരിപ്പൂർ' എന്ന പരമ്പര തയ്യാറാക്കിയത് കെ.പി. സഫീനയായിരുന്നു. എയർപോർട്ടിന്റെ റൺവേയുടെ നീളം കുറവാണെന്ന് പറഞ്ഞ് വലിയ വിമാനങ്ങൾ ഇറക്കുന്നത് നിർത്തിയതോടൊപ്പം ആഭ്യന്തര സർവ്വീസുകൾകൂടി ഇല്ലാതായിക്കൊണ്ടിരിക്കുന്നൊരു അവസ്ഥയാണ്. കേരളത്തിലെ സർക്കാർ മേഖലയിലെ ഏക എയർപോർട്ടായ കോഴിക്കോട് എയർപോർട്ട് നെടുമ്പാശ്ശേരി എയർപോർട്ടിന്റെയും കണ്ണൂർ എയർപോർട്ടിന്റെയും ഇടയിൽനിന്ന് ഇപ്പോൾ വീർപ്പുമുട്ടുകയാണ്. ഇവിടെനിന്നുള്ള ആഭ്യന്തര സർവ്വീസുകൾ കുറഞ്ഞുവരുന്നു.

ഉദാഹരണത്തിന്, കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തേയ്ക്കും ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിലേയ്ക്കും പോലും ഇവിടെനിന്നും ആവശ്യത്തിന് ആഭ്യന്തര സർവ്വീസുകളില്ലെന്നുള്ളതൊരു ദുരവസ്ഥയാണ്. ബാംഗ്ലൂരിന്റെ കാര്യം മാത്രമെടുത്താൽ, കണ്ണൂർ എയർപോർട്ടിൽനിന്നും ബാംഗ്ലൂരിലേയ്ക്ക് 11 സർവ്വീസുകളും നെടുമ്പാശ്ശേരിയിൽനിന്നും 56 സർവ്വീസുകളുമുള്ളപ്പോൾ കോഴിക്കോടുനിന്നും 9 സർവ്വീസുകൾ മാത്രമേയുള്ളൂ. മാത്രമല്ല, നെടുമ്പാശ്ശേരിയിലും കണ്ണൂരിലും യാത്ര ചെയ്യുന്നവരിലധികവും മലപ്പുറം, കോഴിക്കോട് ജില്ലക്കാരാണ്. ഇത് ആഭ്യന്തര യാത്രക്കാർക്ക് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ടൂറിസം, വാണിജ്യം, വ്യവസായം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ആഭ്യന്തര സർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ ഉഡാൻ സ്കീമിൽ കോഴിക്കോടിനെ ഉൾപ്പെടുത്തിക്കൊണ്ടും മറ്റ് ഇൻസെന്റീവുകൾ നൽകിക്കൊണ്ടും വിമാനക്കമ്പനികളുമായി ചർച്ച നടത്തി കേരളത്തിലെയും ഇന്ത്യയിലെയും മറ്റെല്ലാ നഗരങ്ങളിലേയ്ക്കും കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2020 ആഗസ്റ്റിലുണ്ടായ വിമാന ദുരന്തത്തെത്തുടർന്ന് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും വലിയ വിമാനങ്ങൾക്ക് യാത്രാവിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. അപകടകാരണം കണ്ടെത്തുന്നതിനായി നിയോഗിച്ച Aircraft Accident Investigation Bureau-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസുകൾ പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. വിലക്ക് പിൻവലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതേ ആവശ്യം 13-07-2021-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽകണ്ട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്. റൺവേ വികസനത്തിനായി 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്. റൺവേ വികസനം പൂർത്തിയാകുന്നതോടെ വലിയ വിമാനങ്ങൾ ഇറക്കുന്നതിന് സാധിക്കും.

ഇതോടെ കൂടുതൽ സർവ്വീസുകൾ നടത്തുന്നതിന് വിമാനത്താവളം സജ്ജമാകും.

## 2. കുറ്റിയാർവാലിയിലെ പട്ടയ നടപടി

ശ്രീ. എ. രാജ: സർ, സ്വന്തമായി ഒരു സെന്റ് ഭൂമി എന്നത് തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഏറെനാളത്തെ സ്വപ്നമായിരുന്നു. ഈ സ്വപ്നം യാഥാർത്ഥ്യമാക്കിയത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. ഈ തൊഴിലാളികൾക്ക് വീടും സ്ഥലവും ലഭ്യമാക്കിയത് ചരിത്രം സൃഷ്ടിച്ച തീരുമാനമായിരുന്നു. തോട്ടം മേഖലയിൽ വീടും സ്ഥലവുമില്ലാത്തവരുടെ കണക്ക് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിലെടുക്കുകയും ആദ്യഘട്ടമെന്ന നിലയിൽ സഖാവ് വി. എസ്. അച്ചുതാനന്ദന്റെ കാലത്ത് 3400 കുടുംബങ്ങൾക്ക് മൂന്നാറിലെ കുറ്റിയാർവാലിയിൽ സ്ഥലം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. മുഴുവൻ ആളുകൾക്കും വീടും സ്ഥലവും നൽകുന്നതിനുമുമ്പ് ആ ഗവൺമെന്റിന്റെ കാലാവധി പൂർത്തിയായി. പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാരിന് തോട്ടം തൊഴിലാളികളിൽ ഒരാൾക്കുപോലും സ്ഥലം കൊടുക്കാൻ സാധിച്ചിട്ടില്ല. അതിനുശേഷം അധികാരത്തിൽ വന്ന

ഒന്നാം പിണറായി സർക്കാർ ബാക്കിയുള്ളവർക്കും സ്ഥലം നൽകാമെന്ന് തീരുമാനിച്ചു. അപേക്ഷകരിൽ കുറച്ചുപേർക്ക് അസൈൻമെന്റ് ഉത്തരവും ചിലയാളുകൾക്ക് പട്ടയവും നൽകുകയും ചിലർക്ക് സ്ഥലം കാണിച്ചുകൊടുക്കുകയും ചെയ്തു. വേറെ ചിലർ ചരിവുപ്രദേശത്ത് കിട്ടിയ സ്ഥലം മാറ്റിത്തരണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നു, അവർക്ക് ഇന്നേവരെ ആ സ്ഥലം നൽകാൻ സാധിച്ചിട്ടില്ല. ഇപ്പോൾ അതിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ അസൈൻമെന്റ് ഉത്തരവുകിട്ടി ഒരു വർഷത്തിനുള്ളിൽ ചെലാൻ അടച്ചില്ലെങ്കിൽ പുതിയ ഉത്തരവ് ലഭിക്കണമെന്നാണ് റവന്യൂ വകുപ്പിൽനിന്നും പറയുന്നത്. മറ്റൊരുകാര്യം, വീട് നിർമ്മിച്ചുനൽകുന്നതിനുവേണ്ടി ലൈഫ് പദ്ധതിയിലുൾപ്പെടുത്തി നിരവധിപേർക്ക് സ്ഥലം നൽകിയിട്ടുണ്ട്. എന്നാൽ ലൈഫ് പദ്ധതിയുടെ മാനദണ്ഡത്തിൽ പറഞ്ഞിരിക്കുന്നത്, ലൈഫ് ഗുണഭോക്താക്കൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശ രേഖ, കരമടച്ച രസീത് എന്നിവയുടെ അടിസ്ഥാനത്തിൽ വീട് അനുവദിക്കാവുന്നതാണെന്നാണ്. എന്നാൽ ഇതെല്ലാമുണ്ടായിട്ടും മൂന്നാറടക്കമുള്ള പ്രദേശങ്ങളിൽ നിർമ്മാണത്തിന് നിരോധനമുണ്ട്. ആ

മേഖലയിൽ വീട് വയ്ക്കുന്നതിനുപോലും അനുവാദം നൽകാത്ത അവസ്ഥയുണ്ട്. ഇതുംകൂടി പരിഗണിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പ്രഖ്യാപിത ലക്ഷ്യവുമായി മുന്നേറുന്ന സർക്കാർ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ പ്രാധാന്യത്തോടെയാണ് കാണുന്നത്. 20-11-2008-ലെ 394/2008/റവന്യൂ, 17-12-2009-ലെ 514/2009/റവന്യൂ എന്നീ സർക്കാർ ഉത്തരവുകൾപ്രകാരം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്. വില്ലേജിലെ കുറ്റിയാർവാലിയിൽ ഭൂരഹിതർക്ക് അനുവദിക്കുന്നതിനായി ആദ്യഘട്ടത്തിൽ 10 സെന്റ് വീതം 770 പേരെയും രണ്ടാംഘട്ടത്തിൽ 5 സെന്റ് വീതം അനുവദിക്കുന്നതിനായി 2300 പേരെയും തെരഞ്ഞെടുത്തിരുന്നു. ആദ്യഘട്ടത്തിലുൾപ്പെട്ട കക്ഷികൾക്ക് പട്ടയവും ഭൂമിയും നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട കക്ഷികൾക്കുള്ള അർഹത സംബന്ധിച്ചും ഭൂമി വിതരണത്തിൽ ക്രമക്കേടുകൾ നടന്നതായും ഉൾപ്പെടെയുള്ള പരാതികളുണ്ടായതിനെത്തുടർന്ന് നടപടികൾ നടന്നുവരവെ ബന്ധപ്പെട്ട

മുഴുവൻ റെക്കോർഡുകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നതും 17-06-2019-ലെ യോഗ തീരുമാനപ്രകാരം 2020-ൽ അർഹതയ്ക്കനുസരിച്ച് ഭൂമി കാണിച്ചുകൊടുക്കുന്ന നടപടികൾ ദേവികുളം തഹസിൽദാർ മുഖാന്തരം സ്വീകരിച്ചുവരുന്നതുമാണ്. എന്നാൽ പട്ടയവിതരണവുമായി ബന്ധപ്പെട്ട നമ്പർ 1, നമ്പർ 2 രജിസ്റ്ററുകൾ അപൂർണ്ണവും ആരുംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതുമായതിനാൽ ടി രേഖയിൽപ്പെടുന്ന 2300 പേരെ തെരഞ്ഞെടുത്തതിൽ എത്രപേർക്ക് പട്ടയം അനുവദിച്ചെന്നോ എത്രപേർക്ക് പതിവ് ഉത്തരവ് നൽകിയെന്നോ എന്നതിന് കൃത്യമായ കണക്ക് ലഭ്യമായിട്ടില്ലാതിരുന്നതിനാൽ ബഹുമാനപ്പെട്ട ദേവികുളം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ഭൂമി അനുവദിക്കപ്പെടുന്നവരുടെ ലിസ്റ്റ്പ്രകാരമുള്ള 2300 പേരെ നേരിൽ കേൾക്കുന്നതിനായി നോട്ടീസ് അയയ്ക്കുകയും 1998 പേർ ഹാജരാകുകയും ചെയ്തിരുന്നു. തുടർന്ന് ടി ഭൂമി അനുവദിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടവരെ നേരിൽ കേൾക്കുകയും പ്രാഥമികാന്വേഷണം നടത്തുകയും തുടർന്ന് 1 മുതൽ 500 വരെയും 501 മുതൽ 1000 വരെയും 1001 മുതൽ 1500 വരെയും 1501 മുതൽ 2300 വരെയും നാല് ഘട്ടങ്ങളിലായി

തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഭൂമി കാണിച്ചുകൊടുക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. പട്ടയം അനുവദിച്ചിരുന്ന 1200 പട്ടയ ഫയലുകളിൽ അപേക്ഷകൾ നേരിൽ കേൾക്കുകയും പ്രാദേശികാന്വേഷണം നടത്തുകയും ചെയ്തതിൽനിന്ന് ശരിയെന്ന് ബോദ്ധ്യപ്പെട്ട 1035 പേർക്ക് പട്ടയങ്ങൾക്ക് തണ്ടപ്പേർ പിടിച്ച് കരം ഒടുക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ 1200 പട്ടയ ഫയലുകൾ കൂടാതെ 350 പട്ടയ ഫയലുകളിൽകൂടി പതിവുത്തരവ് തയ്യാറാക്കിയിരുന്നെങ്കിലും ടി പതിവ് ഉത്തരവുകൾപ്രകാരം കക്ഷികൾ പണമൊടുക്കാത്തതിനാൽ പട്ടയനടപടികൾ പൂർത്തിയാക്കിയിട്ടില്ല. കൂടാതെ ഭൂമി കാണിച്ചുകൊടുത്തവയിൽ വാസയോഗ്യമല്ലാത്ത ഭൂമിയാണ് ലഭിച്ചതെന്നും ആയത് മാറ്റി നൽകണമെന്നും ആവശ്യപ്പെട്ട് 350-ഓളം അപേക്ഷകൾ താലൂക്ക് ഓഫീസിൽ ലഭിച്ചിരുന്നു. വാസയോഗ്യമല്ലാത്ത പ്ലോട്ടുകൾ മാറ്റി നൽകുന്നതിന് ഹിയറിംഗിന് ഹാജരാകാത്ത 302 പേരെ ഭൂമി അനുവദിച്ചവരുടെ ലിസ്റ്റിൽനിന്ന് ഒഴിവാക്കിക്കൊണ്ട് വാസയോഗ്യമല്ലാത്ത പ്ലോട്ടുകൾ മാറ്റി നൽകേണ്ട നടപടി പൂർത്തിയാക്കാനുണ്ട്. ഭൂമി ലഭ്യതയ്ക്കനുസരിച്ച് ഇത്തരത്തിൽ പുതിയതായി

പ്ലോട്ടുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പട്ടയവും ഭൂമിയും ലഭിച്ചിട്ടും വീട് നിർമ്മിക്കാൻ കഴിയാത്ത അവസ്ഥ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 21-01-2020-ലെ WPC 1801/2010 മേലുള്ള ബഹുമാനപ്പെട്ട കോടതിയുടെ വിധിയനുസരിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുപ്രകാരം കെ.ഡി.എച്ച്. വില്ലേജിലടക്കം വീട് നിർമ്മിക്കുന്നതിന് നിരാക്ഷേപപത്രം നിർബന്ധമാക്കിയിട്ടുള്ളതും അത്തരത്തിൽ ലഭിക്കുന്ന വാസഗൃഹം നിർമ്മിക്കുന്നതിനുള്ള അപേക്ഷകളിൽ അനുമതി വാങ്ങുന്നതുമാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയങ്ങൾ സഗൗരവം ഗവൺമെന്റ് പരിഗണിക്കുകയാണ്. പട്ടയം ലഭിച്ച ഭൂമി വാസയോഗ്യമല്ലെന്ന് കാണുന്ന കേസ്സുകളിലേതെങ്കിലും ഇനിയും നിലനിൽക്കുന്നെങ്കിൽ അക്കാര്യം അടിയന്തരമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും. ഈ വിഷയം പ്രത്യേകമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട അംഗവും ഇടുക്കിയുടെ ചുമതലക്കാരനായ ബഹുമാനപ്പെട്ട മന്ത്രിയും ഇടുക്കിയിലെ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തുകൊണ്ട് പ്രത്യേക യോഗം ചേരുന്നതാണെന്ന വിവരം സഭയെ അറിയിക്കുന്നു.

## (3) പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരത്തുക

ശ്രീ. പി. മമ്മിക്കുട്ടി: സർ, പ്രകൃതിക്ഷോഭങ്ങളിൽ വീടുകൾ ഭാഗികമായി തകർന്നവർക്കും പൂർണ്ണമായി നഷ്ടപ്പെട്ടവർക്കും സർക്കാർ ഇപ്പോൾ നൽകിവരുന്ന ധനസഹായം അപര്യാപ്തമാണ്. അത് കാലോചിതമായി വർദ്ധിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. 2018-ലും 2019-ലുമുണ്ടായ മഹാപ്രളയത്തിൽ വീടുകൾ തകർന്നവർക്കും പൂർണ്ണമായി നഷ്ടപ്പെട്ടവർക്കും എസ്.ഡി.ആർ.എഫ്.-ലും സി.എം.ഡി.ആർ.എഫ്.-ലുമായി ലഭിച്ചുവരുന്ന നഷ്ടപരിഹാരം താഴെപ്പറയുന്ന പ്രകാരമാണ്.

| | SDRF | CMDRF | ആകെ |
|---|---|---|---|
| 15% വരെ നഷ്ടപ്പെട്ടവർക്ക് | 5200 | 4800 | 10,000 |
| 16% മുതൽ 29% വരെ | 28500 | 31500 | 60,000 |
| 30% മുതൽ 59% വരെ | 47500 | 77500 | 1,25,000 |
| 60% മുതൽ 74% വരെ | 71000 | 179000 | 2,50,000 |
| 75% മുതൽ 100% വരെ | 95000 | 305000 | 4,00,000 |

2018-ലും 2019-ലുമുണ്ടായ മഹാപ്രളയവുമായി ബന്ധപ്പെട്ട് ഈ രണ്ട് ഫണ്ടുകളും സംയോജിപ്പിച്ചുകൊണ്ടാണ് പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്ക് നാലുലക്ഷം രൂപ വരെ ലഭിച്ചിരുന്നത്. ഭാഗികമായി വീട് തകർന്നവർക്ക് രണ്ടും കൂടി ക്ലബ് ചെയ്തപ്പോൾ ചുരുങ്ങിയത് 10,000 രൂപയും പിന്നീട് രണ്ടരലക്ഷം രൂപവരെയുമുണ്ട്. പക്ഷെ ഇപ്പോൾ ഒറ്റപ്പെട്ട പ്രകൃതിക്ഷോഭത്തിന്റെ ഫലമായി വീട് നഷ്ടപ്പെട്ടവർക്കൊന്നും നേരത്തെ സൂചിപ്പിച്ച രീതിയിൽ രണ്ട് ഫണ്ടും കൂടി ക്ലബ് ചെയ്തുകൊണ്ടുള്ള ആനുകൂല്യം കിട്ടുന്നില്ല. 100% വീട് തകർന്നവർക്ക് എസ്.ഡി.ആർ.എഫ്. മുഖേനയുള്ള 95,000 രൂപ മാത്രമാണ് ലഭിക്കുന്നത്. 71,000, 47,500, 28,500, 5,200 രൂപ വരെയാണ് താഴോട്ടുള്ള കണക്കുകൾ. വർദ്ധിച്ചുവരുന്ന ലേബർ ചാർജ്, മെറ്റീരിയൽ ചാർജ് എന്നിവ കണക്കാക്കുമ്പോൾ പതിനായിരം രൂപ ലഭിച്ചാൽപ്പോലും കാര്യങ്ങൾ ഭംഗിയായി ചെയ്യാൻ നിർവ്വാഹമില്ല. ഒന്നുകിൽ 2018, 2019 വർഷങ്ങളിലെ പ്രളയത്തിൽ സംയുക്തമായി ക്ലബ് ചെയ്തതുപോലെ രണ്ട് ഫണ്ടും ക്ലബ് ചെയ്തുകൊണ്ട് പരമാവധി 4 ലക്ഷം രൂപയിലേയ്ക്കെത്തിക്കാനും അതിന് സാധ്യമല്ലെങ്കിൽ

എസ്.ഡി.ആർ.എഫ്.-ൽ തന്നെ പരമാവധി ഫണ്ട് ലഭ്യമാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് അങ്ങയോട് ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.* ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമായ പ്രശ്നമാണ്. നേരത്തെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എസ്.ഡി.ആർ.എഫ്. അനുസരിച്ച് ലഭ്യമാകുന്നത് പരിമിതമായ സംഖ്യയാണ്. പ്രസ്തുത സംഖ്യ നമ്മുടെ മാത്രം കൈപ്പിടിയിൽ നിൽക്കുന്നതല്ല. കേന്ദ്ര സർക്കാരിന്റെ ഭാഗമായാണ് എസ്.ഡി.ആർ.എഫ്.-ന്റെ നിധി പ്രഖ്യാപിക്കപ്പെടുന്നത്. സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ നിധിയല്ല. അത് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട നിധിയാണ്. അതിൽ നമ്മുടെ പണംകൂടി ഉൾപ്പെടുത്തുന്നുവെന്ന് മാത്രമേയുള്ളൂ. 2018-ലും 2019-ലും മാത്രമല്ല, 2021 ഒക്ടോബർ 12 മുതൽ 26 വരെയുണ്ടായ പ്രളയത്തെ തുടർന്നുണ്ടായ സംഭവങ്ങൾക്ക് ഇത്തരം തുക പ്രഖ്യാപിക്കുന്ന സ്ഥിതിയുണ്ടായി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 10000 രൂപ സംഭാവന ചെയ്തു. യഥാർത്ഥത്തിൽ കുന്നിൻചരിവുകളിൽ ഭൂമി നഷ്ടപ്പെട്ടാൽ 1,01,000-ഉം, സമനിലങ്ങളിൽ 90,000 രൂപയും മാത്രമേ

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

നൽകാൻ വകുപ്പുള്ളൂ. പക്ഷെ പ്രളയമോ, അതുപോലെ മറ്റെന്തെങ്കിലും ദുരന്തമോ പ്രത്യേകമായി പ്രഖ്യാപിക്കപ്പെടുന്ന സാഹചര്യത്തിൽ ക്യാബിനറ്റ് തീരുമാനമെടുത്താൽ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള പണംകൂടി സംഭാവന ചെയ്യാൻ കഴിയൂ. എസ്.ഡി.ആർ.എഫ്. നടക്കുന്നതോടൊപ്പം ഇന്ത്യയിലാദ്യമായി ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഭൂമി വാങ്ങാൻ 6 ലക്ഷം രൂപയും വീട് പണിയാൻ 4 ലക്ഷം രൂപയും ഉൾപ്പെടെ 10 ലക്ഷം രൂപ പ്രഖ്യാപിച്ച ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. ഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമിയുടെ രേഖയില്ലെങ്കിലും പുറമ്പോക്ക് ഭൂമിയിൽ താമസിച്ചിരുന്നവരാണെങ്കിലും 10 ലക്ഷം രൂപ കൊടുക്കാമെന്ന തീരുമാനമെടുത്തത് അങ്ങനെയാണ്. റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ പ്രസ്തുത വിഷയം രണ്ടുതവണ ഞാൻ കേന്ദ്രമന്ത്രിയെ കണ്ട് ഉന്നയിച്ചതാണ്. മുൻ സർക്കാരിന്റെ ഭാഗമായ റവന്യൂ വകുപ്പുമന്ത്രിയും ഇക്കാര്യം ഉന്നയിച്ചിരുന്നു. മുഖ്യമന്ത്രിയും പലതവണ കേന്ദ്ര സർക്കാരിൽ നേരിട്ട് ഈ പ്രശ്നം ഉന്നയിച്ചിരുന്നു. പാർലമെന്റംഗങ്ങളുടെ യോഗത്തിൽ ഈ പ്രശ്നം ഉന്നയിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടതാണ്. ബഹുമാനപ്പെട്ട ചെയർ

ഉൾപ്പെടെയുള്ള അംഗങ്ങളെല്ലാം ഉന്നയിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഫ്ലഡ് റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ മാനദണ്ഡം മാറ്റണമെന്നത്. കാന കെട്ടുന്നതിനും ദുരന്തമുണ്ടാകുന്നതിനുമുമ്പുതന്നെ റോഡുകളുടെ സൈഡ് വാൾ കെട്ടുന്നതിനുള്ള പണം അനുവദിക്കണമെന്നുള്ള കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. അമിത്ഷായുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. പക്ഷെ അങ്ങനെയൊരു സമീപനം കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഈ പ്രശ്നം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര സർക്കാരിന്റെ മുന്നിൽ വീണ്ടും കൊണ്ടുവരികയും ഇതുമായി ബന്ധപ്പെട്ട് കഴിയാവുന്ന എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുന്നതുമാണ്.

(4) <u>കാപ്പാട് പ്രദേശത്തെ കടലാക്രമണം</u>

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, എന്റെ നിയോജകമണ്ഡലമായ കൊയിലാണ്ടിയിൽ 32 കിലോമീറ്റർ കടൽത്തീരമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള മണ്ഡലത്തിലൊന്നാണ് കൊയിലാണ്ടി. ചരിത്രത്തിലിടം പിടിച്ച 'കാപ്പാട്' ഇന്ന് കേരളത്തിൽ ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കറ്റ് ലഭിച്ച ഏക ടൂറിസ്റ്റ് കേന്ദ്രമാണ്. ആഭ്യന്തര ടൂറിസത്തിൽ വൻ

കുതിപ്പാണ് കാപ്പാടിനുള്ളത്. ടൂറിസത്തിന് ഇവിടെ അനന്തമായ സാധ്യതകളാണുള്ളത്. എന്നാൽ ഈ കടൽത്തീരം ഇന്ന് വലിയ കടലാക്രമണ ഭീഷണി നേരിടുകയാണ്. കേരളത്തിൽ പ്രഖ്യാപിച്ച 10 ഹോട്ട്സ്പോട്ടുകളിൽ ഒന്നാണിത്. 2021 ജൂണിൽ തകർന്നുപോയ കാപ്പാട് - കൊയിലാണ്ടി റോഡ് അതേ അവസ്ഥയിൽ തുടരുകയാണ്. ടൂറിസ്റ്റുകളും തീരദേശത്തെ മുഴുവൻ ജനങ്ങളുമുൾപ്പെടെ നൂറുകണക്കിനാളുകൾ ഉപയോഗിക്കുന്ന ഈ റോഡിൽ ഒരു തരത്തിലുള്ള അറ്റകുറ്റപ്പണികളും നടത്താൻ പറ്റാത്ത അവസ്ഥയാണ് ഇന്നുള്ളത്. നടന്നുപോകാൻപോലും പറ്റാത്ത സ്ഥിതിയാണ്. കടലാക്രമണം തടയുന്നതിന് പഠനം നടത്തുന്നതിനായി കൺസൾട്ടൻസിയെ ഏൽപ്പിച്ചതായ വിവരം ലഭിച്ചിരുന്നു. എന്നാൽ അതിന്റെ ഭാഗമായി യാതൊരുവിധ നടപടിയും സ്വീകരിക്കുന്നതായി കാണുന്നില്ല. ഈ വർഷവും കടൽ കയറിക്കൊണ്ടിരിക്കുന്നു. അവിടെയുള്ള ജനങ്ങൾ വലിയ ഭീഷണിയിലാണ്. കൂടാതെ തീരദേശ ഹൈവേയുടെ പ്രവർത്തനവും ആരംഭിക്കുകയാണ്. ആയതിനാൽ ചരിത്രഭൂമിയായ ഈ മനോഹരതീരത്തെ സംരക്ഷിച്ച് ജനങ്ങളുടെ ഭീതിയകറ്റുന്നതിന് പുലിമുട്ടും സംരക്ഷണ ഭിത്തിയും

നിർമ്മിക്കാനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കേരളത്തിൽ പൊതുവെ തീരദേശങ്ങളെയെല്ലാം ബാധിക്കുന്ന വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചത്. കടലാക്രമണ ഭീഷണി നേരിടുന്ന തീരദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട 10 ഹോട്ട്സ്പോട്ടുകൾ തെരഞ്ഞെടുത്തിരുന്നു. പ്രസ്തുത ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെടുന്ന ഒരു പ്രദേശമാണ് കാപ്പാട്. അത്തരം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പഠനം നടത്താൻ ചെന്നൈ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചുമായി കേരള സർക്കാർ 25-11-2021-ൽ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. അവർ ആവശ്യപ്പെട്ട ചില വിവരങ്ങൾ ചീഫ് ഹൈഡ്രോഗ്രാഫറിൽനിന്ന് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അധികം വൈകാതെ എൻ.സി.സി.ആർ.-ന്റെ റിപ്പോർട്ടും ലഭിക്കും. റിപ്പോർട്ട് ലഭിക്കുമ്പോൾ, ഒരു ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിലും വളരെയേറെ ശ്രദ്ധേയമായൊരു സ്ഥലമെന്ന നിലയിലും

കാപ്പാടിന് മുൻഗണന കൊടുക്കുന്നതിനാവശ്യമായ നടപടി സർക്കാർ കൈക്കൊള്ളും. ഇതോടൊപ്പം കടലാക്രമണംമൂലമുള്ള പ്രശ്നങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രത്യേകിച്ചും മൺസൂൺ കാലഘട്ടത്തിനുമുമ്പ് തീരദേശ ജില്ലകളെ സംബന്ധിച്ചുണ്ടാകാവുന്ന വിഷയങ്ങൾക്ക് പെട്ടെന്ന് പരിഹാരം കണ്ടെത്താൻ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ തീരദേശ ജില്ലകൾക്കായി 20 ലക്ഷം രൂപ വീതം തീരസംരക്ഷണത്തിനുവേണ്ടി അടിയന്തരമായി പ്രയോജനപ്പെടുത്താൻ അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം കാലവർഷ തയ്യാറെടുപ്പുകൾക്കായി മറ്റ് ജില്ലകളിൽ മേജർ, മൈനർ, ഡിവിഷനുകളിലായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 20 ലക്ഷം രൂപവീതം നൽകി 6,85,00,000 രൂപയുടെ ഭരണാനുമതി ഇതിനോടകം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യം രണ്ടുതരത്തിലാണ് ചെയ്യാൻ കഴിയുന്നത്. തീരദേശത്തെ പൂർണ്ണമായും സംരക്ഷിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ രൂപപ്പെടേണ്ടത് അത്യാവശ്യമാണ്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി 5,400 കോടി രൂപയോളം വേണ്ടിവരും. അതിൽ 1500 കോടി രൂപ കിഫ്ബി ധനസഹായമായി

ലഭിച്ചു; അതിന്റെ പ്രോജക്ട് തയ്യാറാക്കി വരുന്നു. അതോടൊപ്പം ചെല്ലാനത്ത് 356 കോടി രൂപ അനുവദിച്ച് അതിന്റെ പൈലറ്റ് പ്രോജക്ടിന്റെ 40 ശതമാനത്തോളം പണിയും പൂർത്തിയാക്കാൻ കഴിഞ്ഞു. കേരളത്തിലാദ്യമായിട്ടാണ് സ്ഥിരമായി കടലാക്രമണത്തെ തടയാൻ കഴിയുംവിധം രൂപകല്പന ചെയ്ത പ്രവർത്തനത്തിന് ആരംഭം കുറിക്കാൻ സാധിച്ചത്. വരുന്ന 4 വർഷംകൊണ്ട് കേരളത്തിലെ തീരദേശങ്ങളിലെ ഏതാണ്ട് 65 കിലോമീറ്ററോളം വരുന്ന അതിരൂക്ഷമായ കടലാക്രമണ മേഖലകളെ തടയുന്നതിനാവശ്യമായ നടപടി സർക്കാർ കൈക്കൊള്ളും. അതിനാവശ്യമായ ധനസമാഹരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ കാപ്പാടുൾപ്പെടെയുള്ള പ്രദേശങ്ങളിൽ എം.എൽ.എ. സൂചിപ്പിച്ച കാര്യം ഗൗരവമായി ഉൾക്കൊണ്ട് മുൻഗണന നൽകാനും അതിനാവശ്യമായി വരുന്ന അടിയന്തര ജോലികൾ ചെയ്യുന്നതിനുള്ള നിർദ്ദേശവും വകുപ്പിന് നല്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

(5) <u>ദേശീയപാതയിലെ പനയംപാട് വളവ്</u>

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ദേശീയപാത 966 പാലക്കാട് - കോഴിക്കോട് റോഡിന്റെ നിർമ്മാണം വളരെ സജീവമായി നടന്നുവരികയാണ്. എന്റെ മണ്ഡലത്തിലെ കരിമ്പ പഞ്ചായത്തിൽപ്പെടുന്ന പനയംപാട് എന്ന സ്ഥലത്ത് നാഷണൽ ഹൈവേയുടെ അശാസ്ത്രീയമായ നിർമ്മാണം നടത്തിയതിന്റെ ഭാഗമായി മണ്ണാർക്കാടുനിന്ന് പാലക്കാടേയ്ക്ക് വരുന്ന ദിശയിൽ ദുബായ്ക്കുന്ന് തുടങ്ങി പള്ളിപ്പടവ് വരെയുള്ള കൊടുംവളവ് നിവർത്താതെ റോഡ് പണി ചെയ്തതിന്റെ ഭാഗമായി റോഡപകടം തുടർക്കഥയായി മാറിക്കൊണ്ടിരിക്കുകയാണ്. നാളിതുവരെ 55 അപകടങ്ങളുണ്ടായതിലൂടെ 7 പേർ മരണപ്പെടുകയും 65 പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. പലരുടേയും പരിക്ക് ഗുരുതരമാണ്. കയ്യും കാലുംവരെ നഷ്ടപ്പെട്ട് ദുരിതപൂർണ്ണമായ ജീവിതമാണ് അവർ നയിക്കുന്നത്. ഈ മാസം മാത്രം 5 അപകടങ്ങളാണ് അവിടെ സംഭവിച്ചത്. യഥാർത്ഥത്തിൽ നാഷണൽ ഹൈവേ പണി പൂർത്തീകരിച്ചതിനുശേഷം മാത്രമാണ് അത്തരത്തിലുള്ള അപകടങ്ങൾ ഈ പ്രദേശത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. മാത്രമല്ല, മഴ കനക്കുന്നതോടുകൂടി റോഡിലൂടെ വെള്ളം എതിർദിശയിൽനിന്ന് ഓവർഫ്ലോ ചെയ്ത്

മറുവശത്തേയ്ക്കൊഴുകുന്നത് റോഡിന്റെ മിനുസം വർദ്ധിപ്പിക്കുന്നതിനും ദൂരക്കാഴ്ചയില്ലാത്ത ഇറക്കവും കൊടുംവളവും ഈ പ്രദേശത്ത് അപകടത്തിന് കാരണമായിരിക്കുകയുമാണ്. നിരവധി തവണ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് നടപടികൾ സ്വീകരിച്ചെങ്കിലും പൂർണ്ണമായി അപകടം ഒഴിവാക്കാനായിട്ടില്ല. ഇത്തരം അപകടങ്ങൾക്ക് അറുതിവരുത്തുന്നതിനുവേണ്ടി കൊടുംവളവ് നിവർത്തി റോഡ് നിർമ്മാണം നടത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട് - പാലക്കാട് ദേശീയപാത 966-ൽ നാട്ടുകൽ - താണാവ് വരെയുള്ള നവീകരണ പ്രവൃത്തി ഇ.പി.സി. വ്യവസ്ഥയിൽ പുരോഗമിക്കുകയാണ്. ഈ റോഡിന്റെ പനയംപാട് വളവ് നിവർത്തി അപകടം ഒഴിവാക്കണമെന്ന ആവശ്യമാണ് സബ്മിഷനിൽ ഉന്നയിച്ചിരിക്കുന്നത്. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണിത്. എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ ആവശ്യം പരിഗണിച്ച് പനയംപാട് വളവിൽ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

നടത്തിയിട്ടുണ്ട്. സുരക്ഷാ മുന്നറിയിപ്പ്, വേഗത നിയന്ത്രണ മുന്നറിയിപ്പ്, റമ്പിൾ സ്ട്രിപ്പ് നിർമ്മാണം, താല്കാലിക മീഡിയൻ തുടങ്ങിയവ സജ്ജമാക്കിയിരുന്നു. എന്നാലും മഴ വന്നതോടെ അമിത വേഗതയിലെത്തുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. മഴക്കാലത്ത് സ്വീകരിക്കേണ്ട ചില നടപടികളെക്കുറിച്ച് എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ധാരണയായിരുന്നു. ഇക്കാര്യത്തിൽ ശാശ്വതപരിഹാരം സാധ്യമാക്കുകയെന്ന ആവശ്യമാണുയരുന്നത്. സ്ഥലമേറ്റെടുത്ത് വളവ് നിവർത്തലെന്ന പ്രവൃത്തി കേന്ദ്ര-ഉപരിതല ഗതാഗത മന്ത്രാലയം അംഗീകരിച്ച പ്ലാനിലും പ്രൊഫൈലിലും ഉൾപ്പെട്ടിരുന്നില്ല. ഇവിടെ കൂടുതൽ പ്രവൃത്തി ചെയ്യുന്നതിന് കേന്ദ്ര-ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. ദീർഘകാലാടിസ്ഥാനത്തിൽ പരിഹരിക്കേണ്ട വിഷയമെന്ന നിലയിൽ ഇക്കാര്യങ്ങൾ അടിയന്തരമായി ഉപരിതല ഗതാഗത മന്ത്രാലയത്തിന്റേയും ദേശീയപാത അതോറിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്താം.

(6) <u>മുതലക്കുറിച്ചിക്കൽ, കൊടുന്താർ -മേൽപ്പാടം പാലങ്ങളുടെ നിർമ്മാണം</u>

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ നിയോജകമണ്ഡലമായ ഹരിപ്പാടിലെ രണ്ട് പ്രധാനപ്പെട്ട പാലങ്ങളുടെ ശോചനീയാവസ്ഥയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്. നബാർഡ് ഫണ്ടുപയോഗിച്ചാണ് കരുവാറ്റ പഞ്ചായത്തിലെ മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നത്. രണ്ടുവർഷമായി ഇത് തടസ്സപ്പെട്ടിരിക്കുകയാണ്. നിർമ്മാണത്തിന്റെ ഏതാണ്ട് 90 ശതമാനം പൂർത്തിയായതാണ്. രണ്ട് സ്പാനുകൾ മാത്രമാണ് ഇനി നിർമ്മിക്കാനുള്ളത്. നബാർഡിന്റെ tranche XX ഉൾപ്പെടുത്തിയാണ് ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത്. പക്ഷേ കരാറെടുത്ത കമ്പനികൾ തമ്മിലുള്ള പ്രശ്നം കാരണം കമ്പനി നിർമ്മാണം പൂർത്തീകരിച്ചില്ല. തുടർന്ന് നിർമ്മാണ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. പ്രസ്തുത പ്രവൃത്തി പി.ഡബ്ല്യു.ഡി. ടെർമിനേറ്റ് ചെയ്ത് റീടെണ്ടർ നടത്തുകയുണ്ടായി. ഇതിന്റെയടിസ്ഥാനത്തിൽ പുതുക്കിയ ഡി.എസ്.ആർ. പ്രകാരമുള്ള ബാക്കി പ്രവൃത്തികൾ ടെണ്ടർ ചെയ്യാനുള്ള പ്രീക്വാളിഫിക്കേഷന് അംഗീകാരംതേടി ബിൽഡിംഗ്സ് വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിനെ അറിയിച്ചെങ്കിലും ഇതുവരെ

സർക്കാരിന്റെ ഭാഗത്തുനിന്ന് അനുമതി ലഭിച്ചില്ല. NABARD tranche XX-ന്റെ കാലാവധി കഴിഞ്ഞു. പാലത്തിന്റെ അപ്പുറത്തും ഇപ്പുറത്തും സ്പാനുണ്ട്, മധ്യഭാഗത്ത് സ്പാനില്ല. രണ്ടുവർഷമായി ഇതേ സ്ഥിതിയിൽ വളരെ ദയനീയമായ അവസ്ഥയിൽ കിടക്കുകയാണ്. ഹരിപ്പാട്, കുട്ടനാട് മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തരത്തിലാണ് ഈ പാലം സ്ഥിതി ചെയ്യുന്നത്. സ്റ്റേറ്റ് ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. നെടുമുടി-കരുവാറ്റ റോഡിന്റെ വികസനംകൂടി സാധ്യമാക്കാൻ അടിയന്തരമായി വേണ്ട കാര്യങ്ങൾ ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെയാണ് കൊട്ടാരം-മേൽപ്പാടം പാലത്തിന്റെ പ്രശ്നം.—പള്ളിപ്പാട് പഞ്ചായത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കൊട്ടാരം-മേൽപ്പാടം പാലം 44.2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ട് നാലുവർഷം പിന്നിടുകയാണ്. എനിക്കും കുട്ടനാട് എം.എൽ.എ. ശ്രീ. തോമസ് കെ. തോമസിനും പ്രയോജനകരമായ പാലമാണ്. പക്ഷേ ഓരോ കാര്യങ്ങൾ പറഞ്ഞ് ഇത് നീട്ടിക്കൊണ്ടുപോയി അവസാനം നടക്കാത്ത സ്ഥിതിയിലേയ്ക്കെത്തുകയാണ്. പാലത്തിന്റെ അപ്രോച്ച് റോഡിന്റെ

അലൈൻമെന്റുൾപ്പെടെയുള്ള കാര്യങ്ങൾ നിർണ്ണയിക്കുന്നതിനായി നിരവധി യോഗങ്ങൾ ഞങ്ങൾ പ്രാദേശികതലത്തിൽ നടത്തി. ജനങ്ങളുടെ കൺസെന്റ് വാങ്ങിയിട്ട് നാലുവർഷമാകുന്നു. അതുകൊണ്ട് ഈ രണ്ടുകാര്യത്തിലും അടിയന്തരമായി നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഹരിപ്പാട് നിയോജകമണ്ഡലത്തിലെ മുതലക്കുറിച്ചിക്കൽ പാലം, കൊട്ടുന്താർ-മേൽപ്പാടം പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നം നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ഉന്നയിച്ചിട്ടുള്ള മുതലക്കുറിച്ചിക്കൽ പാലത്തിന്റെ ബോസ്റ്റിംഗ് മാതൃകയിലുള്ള സ്പാനും പ്രീസ്ട്രെസ്ഡ് വോയിഡഡ് സ്ലാബും അപ്രോച്ച് റോഡുമാണ് പൂർത്തീകരിക്കാനുള്ളത്. നേരത്തേയുള്ള കരാറുകാർ വീഴ്ച വരുത്തുകയും പദ്ധതി ഉപേക്ഷിക്കുകയും ചെയ്തത് പ്രതിസന്ധിക്കിടയാക്കിയിട്ടുണ്ടെന്നത് ഇവിടെ സൂചിപ്പിച്ചു. അദ്ദേഹം സൂചിപ്പിച്ചതുപോലെ തുടർപ്രവർത്തനങ്ങൾക്ക് അധികതുക കണ്ടെത്തേണ്ട ബാധ്യതകൂടി വന്നിരിക്കുകയാണ്. അത് എങ്ങനെ

നിറവേറ്റാനാകുമെന്ന് പ്രത്യേകമായി പരിശോധിക്കാം. കിഫ്ബി പദ്ധതിയിലുൾപ്പെട്ട കൊടുന്താർ-മേൽപ്പാടം പാലത്തിന്റെ പ്രവൃത്തി വർഷങ്ങളായുള്ള ഒരു പ്രശ്നമാണ്. കെ.ആർ.എഫ്.ബി-പി.എം.യു. ആണ് നിർവ്വഹിക്കുന്നത്. പ്രാദേശികതലത്തിൽ ഉയർന്ന ചില നിർദ്ദേശങ്ങളും കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിൽ നിഷ്കർഷിച്ചിട്ടുള്ള മാറ്റങ്ങളും ഉൾപ്പെടുത്തി ഡി.പി.ആർ. പുതുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. ചീഫ് എഞ്ചിനീയർ, ഡിസൈൻ വിഭാഗം സമയബന്ധിതമായി പുതുക്കിയ ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള എല്ലാ ഇടപെടലുകളും നടത്തുന്നതാണ്. ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(7) ഡയാലിസിസ് കേന്ദ്രങ്ങൾ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കേരളത്തിൽ വൃക്കരോഗികളുടെ ക്രമാതീതമായ വർദ്ധനവ് ആശങ്കാജനകമാണ്. കേരളത്തിൽ ഏകദേശം ഇരുപതിനായിരത്തോളം രോഗികൾ ഡയാലിസിസിന് വിധേയമാകുന്നു. മിക്കവാറും രോഗികൾക്ക് ആഴ്ചയിൽ മൂന്നുതവണ ഡയാലിസിസ് ചെയ്യേണ്ടിവരും. പ്രതിമാസം രണ്ടരലക്ഷത്തിലധികം ഡയാലിസിസ്

സംസ്ഥാനത്ത് ഒരു മാസം നടക്കുന്നുണ്ട്. വൃക്ക മാറ്റിവയ്ക്കപ്പെട്ടവർക്ക് ജീവിതാവസാനംവരെ ഡയാലിസിസിന് വിധേയമാകുകയെന്നതാണ് ഏകപ്രതിവിധി. ഇതിൽ 50,000 ഡയാലിസിസുകൾ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലുമായാണ് നടക്കുന്നത്. ബാക്കി മുഴുവൻ സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. സ്വകാര്യ മേഖലയിൽ ഒരു ഡയാലിസിസിന് 500 മുതൽ 2500 രൂപവരെയാണ് ചെലവാകുന്നത്. വൻ സാമ്പത്തിക ബാദ്ധ്യത രോഗികളുടെ ജീവിതാവസാനം വരെയുണ്ടാകുമെന്നത് യാഥാർത്ഥ്യമാണ്. ഈ സാഹചര്യത്തിൽ വൃക്കരോഗികളുടെ ചികിത്സയ്ക്കും ഡയാലിസിസിനും ആവശ്യമായ വിപുലമായ സംവിധാനങ്ങളും സ്വകാര്യ ആശുപത്രികളിൽ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്തിക്കൊണ്ട് രോഗികൾക്ക് ആശ്വാസം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കേരളത്തിൽ ജീവിതശൈലീ രോഗങ്ങളുടെ ഭാഗമായി വൃക്കരോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അനിയന്ത്രിത പ്രമേഹത്തിന്റെയും രക്താതിസമ്മർദ്ദത്തിന്റെയും

പരിണിതഫലമായിട്ടാണ് വൃക്കരോഗങ്ങൾ പലപ്പോഴും ഉണ്ടാകുന്നത്. ഇന്ത്യയിൽ 10 ലക്ഷം ജനങ്ങളിൽ എണ്ണായിരത്തോളം പേർക്ക് വൃക്ക രോഗമുണ്ടെന്നും കേരളത്തിലും ഏതാണ്ട് ഇതേ അനുപാതത്തിൽ വൃക്കരോഗികൾ ഉണ്ടെന്നുമാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഡയാലിസിസിന് എത്തുന്ന രോഗികളിൽ ബഹുഭൂരിപക്ഷവും രക്തധമനികളിലൂടെയുള്ള ഡയാലിസിസ് പ്രക്രിയയായ ഹീമോ ഡയാലിസിസാണ് ചെയ്തുവരുന്നത്. ഡയാലിസിസ് വേണ്ടിവരുന്ന രോഗികൾക്കായി സംസ്ഥാന ആരോഗ്യ വകുപ്പ് 97 ആരോഗ്യ സ്ഥാപനങ്ങളിൽ - ജില്ലാശുപത്രി, ജനറലാശുപത്രി, താലൂക്കാശുപത്രി എന്നിവിടങ്ങളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആർദ്രം സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി താലൂക്കുതല ആശുപത്രി മുതലാണ് സ്പെഷ്യാലിറ്റി സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്. ഇതിനായി 1011 ഡയാലിസിസ് മെഷീനുകൾ പ്രവർത്തിച്ചുവരികയും പ്രതിമാസം 42,000-ത്തോളം ഡയാലിസിസുകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ 10 മെഡിക്കൽ കോളേജുകൾ മുഖേന പതിനായിരത്തോളം ഡയാലിസിസുകളും നടത്തുന്നുണ്ട്. എല്ലാ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലും

നെഫ്രോളജിസ്റ്റുകളുടെ സേവനം ലഭ്യമാണ്. രോഗനിർണ്ണയത്തിനാവശ്യമായ സ്കാനിംഗ് ഉൾപ്പെടെയുള്ള നൂതന ഉപകരണങ്ങൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിവഴി പ്രധാന സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സൗജന്യമായി ചെയ്തുകൊടുക്കുന്നുണ്ട്. KASP (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി)-ൽ അംഗത്വമില്ലാത്തവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് മുഖാന്തരവും ചികിത്സാ സഹായം ഉറപ്പാക്കുന്നുണ്ട്. ആരോഗ്യ കേരളം പാലിയേറ്റീവ് കെയർ പ്രോജക്ട് പദ്ധതിപ്രകാരം വൃക്ക രോഗികൾക്കുവേണ്ട എരിത്രോപോയിസിസ് (erithropoiesis) ഇൻജക്ഷൻ സൗജന്യമായി നൽകുന്നുണ്ട്. ഹീമോ ഡയാലിസിസ് ചെലവേറിയതും ആശുപത്രിയിൽമാത്രം ചെയ്യാൻ കഴിയുന്നതുമായ പ്രക്രിയയാണ്. രോഗികൾക്ക് കൃത്യമായ ഇടവേളകളിൽ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നതും നീണ്ട കാത്തിരിപ്പ് ആവശ്യമായി വരുന്നതും ശാരീരികവും മാനസികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഇതിന് പരിഹാരമായിട്ടാണ് താരതമ്യേന ചെലവുകുറഞ്ഞതും രോഗികൾക്ക് സ്വന്തമായി വീട്ടിൽത്തന്നെ ചെയ്യാൻ സാധിക്കുന്നതുമായ പെരിറ്റോണിയൽ

ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുള്ളത്. ഇപ്പോൾ 11 ജില്ലകളിൽ പെരിറ്റോണിയൽ ഡയാലിസിസ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. 295 രോഗികൾ പെരിറ്റോണിയൽ ഡയാലിസിസിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റ് മൂന്ന് ജില്ലകളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വൃക്കരോഗത്തിലേയ്ക്കും ഡയാലിസിസിലേയ്ക്കും ജനങ്ങളെ എത്തിക്കാതിരിക്കാൻ കൃത്യമായ നടപടികൾ സ്വീകരിക്കുന്നുവെന്നുള്ളതും ഈ ഘട്ടത്തിൽ ആരോഗ്യ വകുപ്പ് ഉറപ്പാക്കുന്നുണ്ട്. ചികിത്സയേക്കാൾ പ്രധാനമാണ് പ്രതിരോധം എന്നതുകൂടി അടിസ്ഥാനമാക്കി ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള ബൃഹത്തായ ജനകീയ ക്യാമ്പയിൻ നവകേരളം കർമ്മപദ്ധതി-2 (ആർദ്രം-2)-ന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുണ്ട്. 30 വയസ്സിനുമുകളിലുള്ള എല്ലാ വ്യക്തികൾക്കും വർഷത്തിലൊരിക്കലെങ്കിലും ആരോഗ്യ പരിശോധന നടത്താൻ സംവിധാനമൊരുക്കുകയെന്നതാണ് വാർഷികാരോഗ്യ പരിശോധനാ പദ്ധതിയുടെ ലക്ഷ്യം. രക്താതിസമ്മർദ്ദം, പ്രമേഹം, കാൻസർ എന്നിവ പ്രാരംഭഘട്ടത്തിൽത്തന്നെ തിരിച്ചറിയുന്നതിനും ജീവിതശൈലീ

രോഗങ്ങളുടെ രജിസ്ട്രി തയ്യാറാക്കുന്നതിനും ലക്ഷ്യമിടുന്നു. ആശാപ്രവർത്തകരുടെ സഹായത്തോടുകൂടി ഭവനസന്ദർശനം നടത്തി എല്ലാവരുടെയും ജീവിതശൈലീരോഗങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുകയും 30 വയസ്സിനുമുകളിലുള്ള എല്ലാവർക്കും സൗജന്യ ജീവിതശൈലീരോഗ പരിശോധന ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ 140 പഞ്ചായത്തുകളിൽ ഇത് ആരംഭിച്ചിട്ടുണ്ട്. ഈ വർഷംതന്നെ കേരളത്തിലെ മുഴുവൻ ജനസംഖ്യയെയും കവർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനായി ഇ-ഹെൽത്തിന്റെ സഹായത്തോടുകൂടി 'ശൈലി ആപ്പ്' എന്ന പേരിൽ ഒരു മൊബൈൽ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ സജ്ജീകരിച്ചിട്ടുണ്ട്. ഇത് പ്രവർത്തനമാരംഭിച്ചിട്ട് നാലഞ്ച് ആഴ്ച മാത്രമേ ആയിട്ടുള്ളൂ. ഒരുലക്ഷത്തി മുപ്പതിനായിരം വ്യക്തികളെ ഇതിനകം സ്ക്രീൻ ചെയ്തുകഴിഞ്ഞു. ഈ സർവ്വേ പൂർത്തീകരിക്കുന്നതോടെ ഓരോ പ്രദേശത്തെയും 30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാവരുടെയും ജീവിതശൈലീരോഗം സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമാകും. ഇതിലൂടെ കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിനും രോഗം വരാൻ സാദ്ധ്യതയുള്ളവരെ കണ്ടെത്തുന്നതിനും ജീവിതശൈലിയിലും

ആഹാരക്രമീകരണത്തിലും വ്യത്യാസം വരുത്തി രോഗങ്ങളിലേയ്ക്ക് എത്താതിരിക്കാൻ അവരെ സഹായിക്കുന്നതിനും കഴിയുമെന്നതാണ് സർക്കാർ കാണുന്നത്. ഇതുകൂടാതെ, നല്ല ഭക്ഷണം ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നടപടികളും ശക്തമാക്കിയിട്ടുണ്ട്.

## (8) തൃശ്ശൂർ ജില്ലാശുപത്രിയുടെ പ്രവർത്തനം

ശ്രീ. പി. ബാലചന്ദ്രൻ: സർ, സ്വകാര്യ ആശുപത്രികളുടെ ഒരു പ്രധാന കേന്ദ്രമാണ് തൃശ്ശൂർ. തൃശ്ശൂർ നിയോജകമണ്ഡലത്തിൽ പാവപ്പെട്ടവർക്ക് ഏറ്റവും കൂടുതൽ സൗകര്യപ്രദമായ രീതിയിൽ ചികിത്സ ലഭിക്കുന്ന ഒരു ട്രോമാകെയർ ഗവൺമെന്റ് ആശുപത്രിയാണ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ ജില്ലാശുപത്രി. കാത്ത് ലാബുൾപ്പെടെയുള്ള ആധുനിക സജ്ജീകരണങ്ങൾ ക്രമീകരിച്ചിട്ടുള്ള ഈ ആശുപത്രിയിൽ ഉദ്ദേശം മുന്നൂറോളം പ്രസവങ്ങൾ ഒരു മാസത്തിൽ നടക്കുന്നുണ്ട്. ഒഫ്ത്താൽമോളജി, ഓർത്തോ എന്നീ വിഭാഗങ്ങളിൽ 'ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റ്' എന്ന തസ്തികയിൽ ഡോക്ടർമാരില്ല. ഈ ആശുപത്രിയിൽ ഉദ്ദേശം പ്രതിദിനം മൂവായിരത്തോളം രോഗികൾക്ക് ആശ്വാസപ്രദമായ രീതിയിലുള്ള ചികിത്സ

കൊടുക്കാൻ കഴിയുന്നുണ്ട്. ഒഫ്ത്താൽമോളജി ഡിപ്പാർട്ടുമെന്റുൾപ്പെടെയുള്ള വിഭാഗങ്ങളിലെ ഒഴിവുകളിൽ ഡോക്ടർമാരെ നിയമിക്കേണ്ടതുണ്ട്. പല ഡോക്ടർമാരേയും വർക്ക് അഡ്ജസ്റ്റുമെന്റ് രീതിയിലാണ് നിയമിച്ചിരിക്കുന്നത്. ഈ തസ്തികയിൽ സ്ഥിരനിയമനം നടത്തിക്കൊണ്ട് ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കണം. അതുപോലെതന്നെ കിഫ്ബി ഫണ്ടിൽനിന്നും ഈ ആശുപത്രിയുടെ വികസനത്തിനുവേണ്ടി ഏകദേശം 24 കോടിയോളം രൂപ ഗവൺമെന്റിൽനിന്നും ലഭ്യമായിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സന്ദർഭോചിതമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഈ രണ്ടുകാര്യങ്ങളും നിർവ്വഹിക്കുന്നതിനുവേണ്ടി ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, വളരെ പ്രധാനപ്പെട്ടതും സാധാരണക്കാരായ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നതുമായ ഒരാശുപത്രിയാണ് 1883-ൽ തൃശ്ശൂരിൽ സിവിൽ ആശുപത്രിയെന്ന നിലയിൽ ആരംഭിച്ച് ഇപ്പോൾ ജില്ലാശുപത്രിയായി

മാറിയ ഈ ആശുപത്രി എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. ഈ ജില്ലാശുപത്രിയെ 2014-ൽ ജനറലാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. 4.3 ഏക്കർ ഭൂമിയിലാണ് ഈ ആശുപത്രി സ്ഥിതി ചെയ്യുന്നത്. 2016 മുതൽ ഈ ആശുപത്രി തൃശ്ശൂർ കോർപ്പറേഷന്റെ ഭരണച്ചുമതലയിലാണ് പ്രവർത്തിച്ചുവരുന്നത്. 240 കിടക്കകളുള്ള ഈ ആശുപത്രിയുടെ പ്രതിദിന ശരാശരി ഒ.പി. 2200-ഉം ഐ. പി. നൂറുമാണ്. ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോ, ഒഫ്ത്താൽമോളജി, ഇ.എൻ.ടി., റെസ്പിറേറ്ററി, അനസ്തേഷ്യ, സൈക്യാട്രിക്, ത്വക്കുരോഗം, പി.എം.ആർ., റേഡിയോ തെറാപ്പി, ഫോറൻസിക്, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, ദന്തൽ, കാർഡിയോളജി തുടങ്ങിയ വിഭാഗങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അത്യാഹിത വിഭാഗം, ലാബ്, ബ്ലഡ് ബാങ്ക്, ഫാർമസി എന്നീ വിഭാഗങ്ങൾ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഒരു ഡോക്ടറാണ് സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്നത്. ഡെപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ. എന്നിവർക്കുപുറമെ വിവിധ വിഭാഗങ്ങളിലായി കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ്, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് സർജൻ എന്നിങ്ങനെ 49

ഡോക്ടർമാരുൾപ്പെടെ 309 ജീവനക്കാരുടെ സ്ഥിരം തസ്തികകൾ ഈ ആശുപത്രിയിൽ നിലവിലുണ്ട്. ഇതിനുപുറമെ എൻ.എച്ച്.എം. മുഖാന്തരം 37 പേരും KASP മുഖാന്തരം 57 പേരും എച്ച്.എം.സി. മുഖാന്തരം 81 പേരും താൽക്കാലിക സേവനമനുഷ്ഠിക്കുന്നുണ്ട്. ഈ ആശുപത്രിയിലെ ഓർത്തോ വിഭാഗത്തിൽ പ്രതിമാസം ശരാശരി ഒ.പി. 21602-ഉം ഐ.പി. വിഭാഗത്തിൽ 205 പേരുമാണ് ചികിത്സ തേടിയെത്തുന്നത്. ഓർത്തോ വിഭാഗത്തിൽ ഒരു കൺസൾട്ടന്റും ഒരു ജൂനിയർ കൺസൾട്ടന്റുമാണ് ജോലി ചെയ്തുവരുന്നത്. നിലവിൽ ഒഴിവുകളില്ല. ഒഫ്ത്താൽമോളജി വിഭാഗത്തിൽ രണ്ട് കൺസൾട്ടന്റുമാരും ഒരു ജൂനിയർ കൺസൾട്ടന്റും നിലവിൽ ജോലി ചെയ്തുവരുന്നു, അവിടെയും നിലവിൽ ഒഴിവുകളില്ല. ഗൈനക്കോളജി വിഭാഗത്തിൽ പ്രതിമാസ ശരാശരി ഒ.പി. 21,377-ഉം ഐ.പി. 3355-ഉമാണ്. നിലവിൽ മൂന്ന് കൺസൾട്ടന്റുമാരും നാല് ജൂനിയർ കൺസൾട്ടന്റുമാരും ഇവിടെ സേവനമനുഷ്ഠിക്കുന്നു, ഇവിടെയും നിലവിൽ ഒഴിവുകളൊന്നുമില്ല. മേൽപ്പറഞ്ഞ എല്ലാ വിഭാഗങ്ങളിലും സീനിയറായ ഒരു ഡോക്ടറെ അതത് വിഭാഗങ്ങളുടെ തലവനായി അല്ലെങ്കിൽ തലവന്മാരായി നിയോഗിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാശുപത്രിയിൽ ഗൈനക്കോളജി,

ഒഫ്ത്താൽമോളജി, ഓർത്തോ എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ അധിക തസ്തിക സൃഷ്ടിക്കാൻ കഴിയുമോയെന്ന ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് പരിശോധിക്കുന്നതാണ്. കിഫ്ബി വഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാകുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(9) അരൂരിലെ വെള്ളക്കെട്ട് നിവാരണം

ശ്രീമതി ദെലീമ: സർ, സംസ്ഥാന സർക്കാർ വെള്ളക്കെട്ട് നിവാരണത്തിനായി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതിൽ അഭിമാനവും സംതൃപ്തിയുമുണ്ട്. എങ്കിലും എന്റെ മണ്ഡലത്തിൽ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധയും പരിഗണനയും നൽകുമെന്ന് വിശ്വസിക്കുന്നു. അരൂർ നിയോജകമണ്ഡലം കടലിനും കായലിനുമിടയിൽ സ്ഥിതി ചെയ്യുന്നതും തുരുത്തുകളും തോടുകളും പാടശേഖരങ്ങളും നിറഞ്ഞതുമായ ഒരു ഭൂപ്രദേശമാണ്. കാലാവസ്ഥാ വ്യതിയാനവും കനത്ത മഴയും കടൽക്ഷോഭവും കാരണം മണ്ഡലത്തിലെ ധാരാളം പ്രദേശങ്ങളിൽ സ്ഥിരമായി വെള്ളക്കെട്ടുണ്ടാവുകയും ജനജീവിതം ദുസ്സഹമാകുകയും

ചെയ്തിരിക്കുന്നു. കൂടാതെ വേലിയേറ്റവും വേലിയിറക്കവും നിരന്തരമായ പ്രതിഭാസമാണ്. പണ്ടൊക്കെ വേലിയേറ്റമുണ്ടാകുന്ന സമയത്തിന്റെ ദൈർഘ്യം കുറവായിരുന്നു. വേലിയേറ്റമുണ്ടായാൽത്തന്നെ ദീർഘസമയം വെള്ളം കെട്ടിനിൽക്കാതെ, പുഴയിലേയ്ക്ക് ഒഴുകിപ്പോകുമായിരുന്നു. ഇന്ന് വേമ്പനാട് കായലിലും കൈവഴികളിലും എക്കലും ചെളിയും അടിഞ്ഞുകൂടി സംഭരണശേഷി നഷ്ടപ്പെട്ടതിനാൽ വെള്ളം ഇറങ്ങിപ്പോകാതെ ഈ തീരപ്രദേശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട മനുഷ്യരുടെ വീടുകളിൽ കെട്ടിക്കിടക്കുകയാണ്. തീരപ്രദേശങ്ങളിൽ താമസിക്കുന്നത് പൂർണ്ണമായും മത്സ്യത്തൊഴിലാളി കുടുംബങ്ങളും എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപ്പെടുന്നവരുമാണ്. ഉപ്പുവെള്ളമായതിനാൽ 'ലൈഫ് ഭവന പദ്ധതി'യിൽ ലഭിച്ച വീടുകൾപോലും നശിച്ചുപോയിരിക്കുകയാണ്. കൂടാതെ നടവഴികളിലും വീട്ടുമുറ്റങ്ങളിലും കെട്ടിക്കിടക്കുന്ന അഴുക്കുവെള്ളത്തിൽ നീന്തിയാണ് പിഞ്ചുകുഞ്ഞുങ്ങളടക്കമുള്ളവർ സ്കൂളുകളിലും കടകമ്പോളങ്ങളിലും പോകുന്നത്. ഈ പാവപ്പെട്ട മനുഷ്യർക്ക് ധാരാളം ജലജന്യ രോഗങ്ങളും വരുന്നുണ്ട്. പല വീടുകളിലും കാൻസർ പോലെയുള്ള രോഗങ്ങൾ പിടിപെട്ടവരുടെ എണ്ണം കൂടുതലുമാണ്. ആയതിനാൽ കടലേറ്റം

തടയുന്നതിനുള്ള കടൽഭിത്തിയും റോഡുകളും തോടുകളും സംരക്ഷിക്കുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനുമുതകുന്ന സംരക്ഷണഭിത്തികളും നിർമ്മിച്ച് കൃഷിയും ജനവാസവും സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി ഈ മണ്ഡലത്തിൽ അനിവാര്യമായിരിക്കുന്നു. ഈ സർക്കാരിനുമാത്രമേ അരൂർ ജനതയുടെ വെള്ളക്കെട്ടെന്ന തീരാദുരിതത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളുവെന്ന് ജനങ്ങൾ പൂർണ്ണമായും വിശ്വസിക്കുന്നു. ആയതിനാൽ ഈ വിഷയത്തിന് പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് 'അരൂർ മണ്ഡല വെള്ളക്കെട്ട് നിവാരണ യജ്ഞം' ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി കിഫ്ബിവഴിയുള്ള ഒരു പദ്ധതിക്ക് അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, തീരദേശ സംരക്ഷണത്തിനുവേണ്ടിയുള്ള കേരള സർക്കാരിന്റെ നടപടികളുടെ ഭാഗമായി 2016-2017 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിക്കായി പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 300 കോടി രൂപ വകയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 364.45

കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 262.38 കോടി രൂപയുടെ പദ്ധതികൾ ജലവിഭവ വകുപ്പിന്റെ കീഴിലും 102.07 കോടി രൂപയുടെ പദ്ധതികൾ മത്സ്യ-തുറമുഖ വകുപ്പിന്റെ കീഴിലും നടന്നുവരുന്നു. ഇതുകൂടാതെ കടൽക്ഷോഭം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ സംരക്ഷിക്കുന്നതിന്റെ ആദ്യഘട്ടമായ 1500 കോടി രൂപ കിഫ്ബി നൽകുമെന്ന് 2021-2022-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തുടർന്ന് സംസ്ഥാനത്ത് കടൽക്ഷോഭം രൂക്ഷമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു. ഇത്തരത്തിൽ എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്തെ തീരദേശ സംരക്ഷണത്തിന്റെ ആദ്യഘട്ടമായി 7.35 കിലോമീറ്റർ നീളത്തിൽ 344.20 കോടി രൂപയ്ക്ക് കിഫ്ബി ധനാനുമതി നൽകുകയും നിർദ്ദിഷ്ട എസ്.പി.വി. ആയ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ വികസന കോർപ്പറേഷൻ ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമുണ്ട്. കടൽത്തീര സംരക്ഷണത്തിനായി നടത്തിവരുന്ന പഠനങ്ങളുടെ അടിസ്ഥാനത്തിൽ കടൽക്ഷോഭം രൂക്ഷമാകുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകി, തീരദേശ സംരക്ഷണത്തിനുള്ള ഒരു ബൃഹത്തായ രൂപരേഖ തയ്യാറാക്കി തീരദേശ

സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ അരൂർ മേഖലയിലെ തീരദേശ പ്രദേശമുൾപ്പെടുന്ന മുറയ്ക്ക് സംരക്ഷണത്തിനായുള്ള പദ്ധതികൾ സർക്കാർ പരിഗണിക്കുന്നതാണ്. അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കിഫ്ബിയോട് ആവശ്യപ്പെട്ട്, അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം ഒരു കാര്യംകൂടി ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഇത് കിഫ്ബി വഴിയുള്ള പദ്ധതി മാത്രമല്ല ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. കായലുകളിലെ ജലം പെട്ടെന്ന് ഒഴുകിപ്പോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ അവിടത്തെ കുറെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. ഈ പദ്ധതി വേമ്പനാട് കായലിന്റെ ഒരു പൊതു പദ്ധതിയാണ്. അരൂർ മണ്ഡലത്തിന് പ്രത്യേക പ്രാധാന്യം കൊടുത്ത് ഇക്കാര്യങ്ങൾ നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ പണവും നീക്കിവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുൾപ്പെടെയുള്ളവരുടെ ഇടപെടൽ ഇക്കാര്യത്തിലുണ്ടാകുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (10) ആലുവയിലെ കിഫ്ബി മുഖേനയുള്ള റോഡുകളുടെ നിർമ്മാണം

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ നിയോജക മണ്ഡലത്തിൽക്കൂടി പോകുന്ന ആലുവ-മൂന്നാർ റോഡ്, അതുപോലെ ആലുവ-പെരുമ്പാവൂർ റോഡ് എന്നീ രണ്ട് റോഡുകൾക്കും കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ അലൈൻമെന്റ് തയ്യാറാക്കികൊണ്ടിരിക്കുകയാണ്; ഇതുവരെ അലൈൻമെന്റ് ഫിക്സ് ചെയ്തിട്ടില്ല. ഈ പദ്ധതി നടക്കുമോ? അതോടൊപ്പംതന്നെ റോഡിന് വീതി കൂട്ടുന്നതിനായി അലൈൻമെന്റ് ഫിക്സ് ചെയ്താൽ മാത്രമേ ആ പ്രദേശത്തുള്ള ആളുകൾക്ക് ബിൽഡിംഗ് പണിയുന്നതിലും മറ്റുമുള്ള കാര്യങ്ങളിൽ അന്തിമ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഈ റോഡുകളുടെ അലൈൻമെന്റ് എത്രയുംവേഗം പൂർത്തിയാക്കി ഈ പദ്ധതി ഏതുരീതിയിൽ മുന്നോട്ടുകൊണ്ടുപോകാമെന്ന് പരിശോധിക്കണം. അതുപോലെ ദേശം-വല്ലംകടവ് റോഡും ഇതുപോലെതന്നെ കിഫ്ബി ഏറ്റെടുത്തിരിക്കുകയാണ്. ഈ മൂന്നുറോഡുകളിലും മെയിന്റനൻസ് ഇപ്പോൾ നടക്കുന്നില്ല. കാരണം, പി.ഡബ്ല്യു.ഡി. പറയുന്നത് കിഫ്ബിയാണ് ചെയ്യേണ്ടതെന്ന്. എന്നാൽ പി.ഡബ്ല്യു.ഡി.-യും ചെയ്യുന്നില്ല കിഫ്ബിയും ചെയ്യുന്നില്ല. ആലുവ-

പെരുമ്പാവൂർ റോഡ് വളരെ മോശമായി മാറിയിരിക്കുകയാണ്. പ്രധാനപ്പെട്ട റൂട്ടാണ്. രണ്ടുകൂട്ടരും ചെയ്യാത്തതിനാൽ ആ റൂട്ടിൽ കുണ്ടും കുഴിയുമായി വലിയ പ്രതിസന്ധിയിലാണ്. പുറയാർ ആർ.ഒ.ബി., എയർപോർട്ട്-സീപോർട്ട് റോഡ് എന്നിവ കിഫ്ബിയുടെ വർക്കാണ്. പക്ഷേ ഇവ രണ്ടിന്റെയും ഭൂമി ഏറ്റെടുക്കൽ നടപടി വളരെ പതുക്കെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ പദ്ധതികളെല്ലാം എത്രയുംവേഗം യാഥാർത്ഥ്യമാക്കണം. ഞാൻ ആദ്യം പറഞ്ഞതുപോലെ അലൈൻമെന്റ് ഫിക്സ് ചെയ്ത് നടപടികൾ ദ്രുതഗതിയിലാക്കണം. ഇതെല്ലാം എത്രയുംവേഗം യാഥാർത്ഥ്യമാക്കുവാൻ ഗവൺമെന്റ് ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ആലുവ-മൂന്നാർ റോഡ് പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 20.03.2022-ൽ 653 കോടി രൂപയുടെ ധനാനുമതി നൽകുകയും തുടർന്ന് റോഡ് നിർമ്മാണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്ററിന്റെ സഹായത്തോടുകൂടി ഡിസൈൻ നടപടികൾ നിർവ്വഹിച്ചുവരികയുമാണ്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ

എത്രയുംപെട്ടെന്ന് പൂർത്തിയാകുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസി റോഡ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത റോഡിന് താൽക്കാലിക അറ്റകുറ്റപണികൾ ചെയ്യാനുള്ള നടപടികൾ കേരള റോഡ് ഫണ്ട് ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

ആലുവ-പെരുമ്പാവൂർ റോഡിന്റെ ഡിസൈൻ നടപടികൾ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്ററിന്റെ സഹായത്തോടുകൂടി പുരോഗമിച്ചുവരുന്നു. ഡിസൈൻ പൂർത്തിയാക്കി വിശദ പഠനറിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള ക്രമീകരണങ്ങൾ സ്വീകരിക്കുന്നതാണ്. ഇതിനുശേഷം പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് സ്വീകരിക്കുന്നതാണ്. പ്രസ്തുത റോഡിന് താൽക്കാലിക അറ്റകുറ്റപണികൾ ചെയ്യാനുള്ള നടപടികൾ റോഡ് ഫണ്ട് ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

ദേശം-വല്ലംകടവ് റോഡ് പദ്ധതിക്ക് 26.02.2021-ന് 81.09 കോടിയുടെ ധനാനുമതി നൽകുകയും തുടർന്ന് കിഫ്ബി മാനദണ്ഡപ്രകാരമുള്ള വീതി ലഭ്യമല്ലാത്തതിനാൽ ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യ വിഭാഗത്തിലുൾപ്പെടുത്തി നവീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രിലിമിനറി എസ്റ്റിമേറ്റ് കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്റർ തയ്യാറാക്കിയിട്ടുണ്ട്. അന്തിമ എസ്റ്റിമേറ്റിനുള്ള പദ്ധതികൾ കിഫ്ബി നടത്തിവരികയാണ്. റോഡിന് താൽക്കാലിക അറ്റകുറ്റപണികൾ നടത്താനുള്ള നടപടികൾ കേരള റോഡ് ഫണ്ട് ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

സീപോർട്ട്-എയർപോർട്ട് റോഡ് പദ്ധതിക്ക് 29.06.2018-ൽ കിഫ്ബി 437.28 കോടി രൂപയുടെ ധനാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി 25.02.2022-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ എസ്.പി.വി. ആയ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുന്നതാണ്.

12.04 പി.എം.]

**VI.** റിപ്പോർട്ടുകളുടെ സമർപ്പണം

1. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാല് മുതൽ ഇരുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സണ്ണി ജോസഫ്: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പതിനാല് മുതൽ ഇരുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**12.04 പി.എം.]**

**VII. ക്രമപ്രശ്നം**

അനൗദ്യോഗിക പ്രമേയം ഗവൺമെന്റ് പ്രമേയമായി കൊണ്ടുവരുന്നതിലെ അനൗചിത്യം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്ന് ഗവൺമെന്റ് പ്രമേയമായി കൊണ്ടുവരുന്ന വിഷയം ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ അനൗദ്യോഗിക പ്രമേയമായി സഭയിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയും അതനുസരിച്ച് നാളെ ഷെഡ്യൂൾ ചെയ്തിരിക്കുകയുമാണ്. ഇതേ വിഷയത്തിൽ ഗവൺമെന്റ് ഇങ്ങനെയൊരു പ്രമേയം കൊണ്ടുവരുന്നത് ഓർഡറിലാണോ? It is an unfair practice. ബഹുമാനപ്പെട്ട ഒരംഗം നിയമസഭയിൽ ഇതേ വിഷയം അനൗദ്യോഗിക പ്രമേയമായി കൊണ്ടുവരുമ്പോൾ പ്രമേയത്തിലെ ഉള്ളടക്കത്തെ സംബന്ധിച്ച് ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും എതിർപ്പില്ലാത്ത സാഹചര്യത്തിൽ ഗവൺമെന്റ് മറുപടി പറഞ്ഞ് നമുക്കൊരുമിച്ച് പാസ്സാക്കാവുന്നതേയുള്ളൂ. എന്നാൽ ഗവൺമെന്റ് ഇങ്ങനെ ചെയ്യുന്നത് ആ അംഗത്തിന്റെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമല്ലേ? രണ്ടാമതൊരു കാര്യം, ഐകകണ്ഠ്യേന പാസ്സാക്കേണ്ട പ്രമേയം സർക്കാർ കൊണ്ടുവരുന്നതിനുമുമ്പ് പ്രതിപക്ഷവുമായി ചർച്ച ചെയ്യേണ്ടതായിരുന്നു. സാധാരണ അങ്ങനെയൊരു പ്രാക്ടീസ് ഇവിടെയുണ്ട്. ഇവിടെ ലിസ്റ്റ് ചെയ്യുമ്പോഴാണ് ഗവൺമെന്റ് ഇത്തരത്തിൽ ഐകകണ്ഠ്യേന പാസ്സാക്കുന്ന

ഒരു പ്രമേയം കൊണ്ടുവരുന്ന കാര്യം പ്രതിപക്ഷം അറിയുന്നത്. നിയമസഭയിൽ ഗവൺമെന്റ് ഒരു പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കാൻ കൊണ്ടുവരുമ്പോൾ, അത് പ്രതിപക്ഷവുമായി ആലോചിക്കാതെ, ലിസ്റ്റ് ചെയ്യുമ്പോൾ മാത്രം കാണുന്ന അവസ്ഥയുണ്ടായത് നിർഭാഗ്യകരമാണ്. ഈ രണ്ട് കാര്യങ്ങൾ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇത് ഇന്നലെ പെട്ടെന്ന് തീരുമാനിച്ച വിഷയമാണ്. ദീർഘകാല അവധിക്കുശേഷം ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ വരുന്ന പന്ത്രണ്ടാം തീയതി തുറന്ന് പ്രവർത്തിക്കും. ആയതിനാൽ ആദ്യ ദിവസം തന്നെ നമ്മുടെ മോഡിഫിക്കേഷൻ (പുന:പരിശോധന) പെറ്റീഷൻ അവിടെ സബ്മിറ്റ് ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തിലാണ് ഈ വിഷയം ഗവൺമെന്റ് പ്രമേയമായി സഭയിൽകൊണ്ടുവന്ന് ഐകകണ്ഠ്യേന പാസ്സാക്കാമെന്ന് തീരുമാനിച്ചത്. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും അവതരിപ്പിക്കേണ്ട ദിവസം ഈ പ്രമേയം വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ഡോ. മാത്യു കുഴൽനാടൻ തന്നെയാണ് അനൗദ്യോഗിക പ്രമേയമായി കൊണ്ടുവന്നിട്ടുള്ളത്. ഇക്കാര്യം

അദ്ദേഹവുമായി സംസാരിച്ചിരുന്നു. ഗവൺമെന്റ് ഈ പ്രമേയം കൊണ്ടുവരുന്നതിനോട് അദ്ദേഹത്തിന് എതിർപ്പില്ല, പ്രമേയം കൊണ്ടുവരുന്നത് നല്ലതാണെന്ന അഭിപ്രായമാണ് അദ്ദേഹം രേഖപ്പെടുത്തിയത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായി സംസാരിച്ച് ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ലെന്നുള്ളത് ശരിയാണ്. വൈകിയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമായി സംസാരിച്ചത്, അതിൽ പ്രതിപക്ഷനേതാവ് എതിർപ്പ് പറഞ്ഞിരുന്നു. എതിർപ്പുണ്ടെങ്കിലും ഈ പ്രമേയം പാസ്സാക്കേണ്ടതിന്റെ അനിവാര്യത അദ്ദേഹത്തിന് ബോധ്യപ്പെട്ടിട്ടുണ്ട്. വേണ്ടത്ര ആശയവിനിമയം നടത്താനുള്ളൊരു സന്ദർഭമായിരുന്നില്ല ഇന്നലെയെന്നുള്ളത് ബഹുമാനപ്പെട്ട ചെയർ അടക്കമുള്ളവർക്കറിയാം. അത് ബോധപൂർവ്വം വരുത്തിയതോ അനൗദ്യോഗിക പ്രമേയം അവതരിപ്പിക്കാനുള്ള ഒരംഗത്തിന്റെ അവകാശത്തെ കവർന്നെടുക്കാൻവേണ്ടി ചെയ്ത നടപടിയോ അല്ല. അതുകൊണ്ട് ഈ പ്രമേയം പാസ്സാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

**റൂളിംഗ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ക്രമപ്രശ്നത്തിൽ പറയുന്നത്, ഇപ്പോൾ ഗവൺമെന്റ് പ്രമേയമായി അവതരിപ്പിക്കുന്ന വിഷയം ഡോ. മാത്യു കുഴൽനാടൻ അനൗദ്യോഗിക പ്രമേയമായി കൊണ്ടുവരാൻവേണ്ടി സർക്കുലേറ്റ് ചെയ്തതാണെന്നാണ്; അത് ശരിയുമാണ്. അത് സർക്കുലേറ്റ് ചെയ്തതിനുശേഷമാണ് ഗവൺമെന്റ് പ്രമേയം വരുന്നത്. ചെയറിന്റെ ഉത്തമ ബോധ്യം എന്തായിരുന്നുവെന്നാൽ, ട്രഷറി ബഞ്ചും പ്രതിപക്ഷവും തമ്മിൽ സംസാരിച്ചുണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിലാണെന്നാണ്. എന്നാൽ അങ്ങനെയല്ല എന്നൊരു പ്രശ്നം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അനൗദ്യോഗിക അംഗത്തിന്റെ പ്രമേയം സർക്കുലേറ്റ് ചെയ്തതിനുശേഷം ഗവൺമെന്റ് പ്രമേയം വരുന്നത് അനുചിതം തന്നെയാണ്. അത് ശ്രദ്ധിക്കേണ്ടതാണ്. പക്ഷേ, ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തിന്റെ കാര്യത്തിൽ പൊതുവിൽ അഭിപ്രായവ്യത്യാസമില്ലാത്തതുകൊണ്ടും യോജിച്ച് എല്ലാവർക്കും ഇത് പാസ്സാക്കണമെന്ന അഭിപ്രായമുള്ളതുകൊണ്ടും നമുക്ക് പരിഗണനയ്ക്കെടുക്കാം.

12.09 പി.എം.]

## VIII. ഗവൺമെന്റ് പ്രമേയം

<u>ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നത് സംബന്ധിച്ച്</u>

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, സഭയുടെ നാഥനെന്നുള്ള നിലയിൽ അങ്ങ് പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണെന്ന് സഭയ്ക്ക് ഉറപ്പ് നൽകുകയാണ്. കാരണം, ഇന്നലത്തെ ഒരു പ്രത്യേക സാഹചര്യത്തിൽ വേണ്ടത്ര ആശയവിനിമയം നടത്താൻ കഴിയാതെ വന്നു. അത് മനഃപൂർവ്വമല്ലെന്ന് ഒരിക്കൽക്കൂടി വ്യക്തമാക്കിക്കൊണ്ട് ഞാനിവിടെ പ്രമേയം അവതരിപ്പിക്കുകയാണ്:

'സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ ഉണ്ടായിരിക്കണമെന്ന 2022 ജൂൺ 3-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ തീരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. വളരെ കുറഞ്ഞ ഭൂവിസ്തൃതിയുള്ള കേരള സംസ്ഥാനത്തിന്റെ 30 ശതമാനത്തോളം വനവും ആകെ ഭൂപ്രദേശത്തിന്റെ 48 ശതമാനത്തോളം പശ്ചിമഘട്ട മലനിരകളും കൂടാതെ നിരവധിയായ തടാകങ്ങളും കായലുകളും

നെൽവയലുകളും മറ്റ് തണ്ണീർത്തടങ്ങളും അടങ്ങിയിട്ടുള്ളതാണ്, സംസ്ഥാനത്തെ ജനസാന്ദ്രത സ്ക്വയർ കിലോമീറ്ററിന് 900-ന് മുകളിലാണ്. ഇപ്പോഴത്തെ ജനസംഖ്യ 3.5 കോടിയുമാണ്. ജനവാസത്തിന് അനുയോജ്യമായ ഭൂപ്രദേശങ്ങൾ സംസ്ഥാനത്ത് വളരെ കുറവാണ്. ഈ കാരണങ്ങളാൽ ജനവാസ മേഖലകൾ പൂർണമായും ഇക്കോ സെൻസിറ്റീവ് സോണിന്റെ പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലായിരുന്നു. അന്തിമ തീരുമാനം വരാനിരിക്കെയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇപ്പോഴത്തെ വിധി വന്നിട്ടുള്ളത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03.06.2022-ലെ വിധി സംസ്ഥാനത്ത് നടപ്പിലാക്കിയാൽ ആയത് പൊതുതാൽപ്പര്യത്തെ ബാധിക്കുന്നതും ജനജീവിതം ദുരിതത്തിലാക്കുന്നതുമാണ്. അപ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നപക്ഷം കേന്ദ്ര സർക്കാർ 09.02.2011-ൽ വിജ്ഞാപനം ചെയ്ത മാനദണ്ഡങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിന് വിവിധ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതാണ്. മേൽ പ്രസ്താവിച്ച പ്രത്യേക സാഹചര്യങ്ങൾ

പരിഗണിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രകാരം ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കണമെന്നതിൽനിന്നും സംസ്ഥാനത്തെ ഒഴിവാക്കി, ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെ വ്യക്തമാക്കിയ പ്രകാരം അതീവ പൊതുതാൽപ്പര്യം പരിഗണിച്ച് സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ചുറ്റുമുള്ള ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവ പൂർണമായും ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനും ഇപ്രകാരം സംസ്ഥാനം ഇതിനകം സമർപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇതിന് ആവശ്യമെന്നുകണ്ടാൽ ഉചിതമായ നിയമ നടപടികളും നിയമ നിർമ്മാണത്തിനുള്ള നടപടികളും സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പ്രമേയത്തിന്മേലുള്ള ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്. വിശദമായ ഭേദഗതികളാണുള്ളത്, അവ സർക്കുലേറ്റ് ചെയ്തിട്ടുള്ളതുമാണ് എന്നതിനാൽ അവ വിശദമായി അവതരിപ്പിക്കേണ്ടതില്ല, കഴിയുന്നതും ഒരു വാചകത്തിൽ അവതരിപ്പിക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിൽ അഞ്ചാമത്തെ വരിയിൽ " സോൺ നിശ്ചയിക്കണമെന്ന" എന്നതിനുശേഷം " ഇപ്പോൾ അന്തിമമായി കൈക്കൊണ്ടിട്ടുള്ള" എന്നത് കൂട്ടി ചേർക്കുക.
2. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയുടെ അവസാനത്തെ വരിയിൽ താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

" 03.06.2022-ലെ സുപ്രീംകോടതി വിധി പ്രകാരം സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ സെൻട്രൽ എംപവേർഡ് കമ്മിറ്റി മുൻപാകെയും, MoEFCC യിലും സമർപ്പിക്കുന്നുണ്ട്. "

3. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ മൂന്നാമത്തെ വരിയിൽ " കൂടാതെ" എന്നതിനുശേഷം " 590 കിലോമീറ്റർ കടൽ തീരവും" എന്നത് കൂട്ടിച്ചേർക്കുക.

4. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ പത്താമത്തെ വരിയിൽ " പരിഗണനയിലായിരുന്നു. " എന്നതിനുശേഷം " ആയതിൻമേൽ" എന്നത് കൂട്ടിച്ചേർക്കുക.

5. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിൽ മൂന്നാമത്തെ വരിയിൽ " ജനജീവിതം" എന്നതിനുശേഷം " ദുരിതത്തിലാക്കുന്നതും ലക്ഷക്കണക്കിനു ജനങ്ങൾക്ക് വീടുകളും, കൃഷിയിടങ്ങളും നഷ്ടപ്പെട്ട് കുടിയിറക്കപ്പെടുന്ന അവസ്ഥയും സംജാതമാകും' എന്നത് കൂട്ടിച്ചേർക്കുക;

6. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിൽ എട്ടാമത്തെ വരിയിൽ " നിശ്ചയിക്കുന്നതിനും" എന്നതിനുശേഷം " സംസ്ഥാനത്ത് പുതിയ വന്യജീവി സങ്കേതങ്ങൾ പ്രഖ്യാപിക്കുവാനുള്ള നടപടികൾ

അവസാനിപ്പിക്കണമെന്നും, ഈ പ്രമേയത്തിൽ പറയുന്ന ഗൗരവമേറിയ വസ്തുതകൾ പരിഗണിച്ചും" എന്നത് കൂട്ടിച്ചേർക്കുക;

7. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിൽ എട്ടാമത്തെ വരിയിലെ " ഇപ്രകാരം സംസ്ഥാനം ഇതിനകം സമർപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച്" എന്നത് ഒഴിവാക്കുക.

8. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിൽ, ഒൻപതാമത്തെ വരിയിൽ " ഇതിന് ആവശ്യമെന്ന് കണ്ടാൽ ഉചിതമായ നിയമ നടപടികളും, നിയമനിർമ്മാണത്തിനുള്ള നടപടികളും" എന്നതിനു പകരം " ആവശ്യമെങ്കിൽ ഇക്കാര്യത്തിനായി പുതിയ കേന്ദ്ര നിയമ നിർമ്മാണത്തിനും നടപടികൾ" എന്ന് ചേർക്കുക.

ഇതിൽ പ്രമേയത്തിൽ ഒന്നാം ഖണ്ഡികയിൽ അഞ്ചാം വരിയിൽ സോൺ നിശ്ചയിക്കണമെന്ന വാക്കിനുശേഷം "ഇപ്പോൾ അന്തിമമായി കൈക്കൊണ്ടിട്ടുള്ള" എന്ന് ചേർക്കേണ്ടത് അനിവാര്യമാണ്. ഇതിനുമുമ്പ് ഇതിന്റെ കാര്യത്തിൽ പല എഴുത്തുകുത്തുകളും ഉള്ളതുകൊണ്ട് ആശയക്കുഴപ്പം ഒഴിവാക്കാൻ അന്തിമമായി നമ്മൾ ജനവാസ കേന്ദ്രങ്ങളെയും മറ്റും ഒഴിവാക്കണമെന്ന് പറയുന്നത് വ്യക്തത വരും.

രണ്ടാമത്തെ ഭേദഗതി, ഇതിൽ കൂട്ടിച്ചേർക്കേണ്ടത്, " 03.06.2022-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിപ്രകാരം സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ സെൻട്രൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ., അങ്ങയുടെ ഭേദഗതികൾ സർക്കുലേറ്റ് ചെയ്തിട്ടുള്ളതാണ്. അതിലെ പ്രസക്തമായത് മാത്രം പറഞ്ഞാൽ മതി.

ശ്രീ. എൻ. ഷംസുദ്ദീൻ: ശരി. പ്രമേയം അവതരിപ്പിക്കുന്നത് സ്വാഗതാർഹമാണ്. ഞങ്ങൾ അതിനെ പിന്തുണയ്ക്കുന്നു. പ്രമേയം നമ്മൾ ഒന്നിച്ച് പാസ്സാക്കണം. പക്ഷേ അതിൽ പ്രമേയത്തോടൊപ്പം നമ്മൾ ചെയ്യേണ്ടൊരു കാര്യമുണ്ട്. ഇതിൽ കൃത്യമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ ഡയറക്ഷൻ 'എഫ്'-ൽ പറയുന്നത്, " The minimum width of the ESZ may be diluted in overwhelming public interest but for that purpose the State or Union Territory concerned shall approach the CEC (Central Empowered Committee) and Ministry of Environment and Forest & CC and both these bodies shall give their respective opinions/recommendations before the

Court. On that basis this Court shall pass appropriate order" . എന്നാൽ അത് കൊടുക്കാതെ ഈ പ്രമേയം മാത്രം പാസ്സാക്കുന്നതുകൊണ്ട് കാര്യമില്ല. അത് കൊടുക്കുകയും അക്കാര്യം പ്രമേയത്തിന്റെ ഭാഗമായിട്ട് പറയുകയും വേണം.

മി. സ്പീക്കർ: അങ്ങ് വേണ്ടത്ര വിശദീകരിച്ചുകഴിഞ്ഞു. അങ്ങയുടെ എട്ട് ഭേദഗതികളും ഓരോന്നായി അവതരിപ്പിക്കുകയാണെങ്കിൽ ധാരാളം സമയമെടുക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് വളരെ ഗൗരവമായൊരു പ്രമേയമായതുകൊണ്ട് ഓരോ വരിയിൽ പറഞ്ഞുപോകുന്നതേയുള്ളൂ. വിശദീകരിക്കുന്നില്ല.

മി. സ്പീക്കർ: അങ്ങ് അങ്ങയുടെ ഒന്നാമത്തെ ഭേദഗതിതന്നെ ഒരു മിനിട്ടിലധികമെടുത്താണ് വിശദീകരിച്ചത്. ഒരാൾക്ക് 8-10 മിനിറ്റ് അനുവദിക്കാൻ കഴിയില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് ശരിയായ നടപടിയല്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിൽ മൂന്നാമത്തെ വരിയിൽ " ബാധിക്കുന്നതും" എന്നതിനുശേഷം " കൂടാതെ ജീവനോപാധികളെ അടക്കം ബാധിച്ച് ദൈനംദിന പ്രവർത്തനങ്ങളെ ബുദ്ധിമുട്ടിലാക്കുക വഴി" എന്നത് കൂട്ടി ചേർക്കുക.
2. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിൽ എട്ടാമത്തെ വരിയിൽ " നിശ്ചയിക്കുന്നതിനും" എന്നതിനുശേഷം " അതുവഴി ജനജീവിതം സാധാരണപോലെ മുമ്പോട്ടുകൊണ്ടുപോകുന്നതിനായി' എന്നു കൂട്ടി ചേർക്കുക.

ഞാൻ നിർദ്ദേശിക്കുന്നത് രണ്ട് ഭേദഗതികളാണ്. ഒന്ന്, മൂന്നാമത്തെ ഖണ്ഡികയിൽ മൂന്നാമത്തെ വരിയിൽ " ബാധിക്കുന്നതും" എന്നതിനുശേഷം " കൂടാതെ ജീവനോപാധികളെ അടക്കം ബാധിച്ച് ദൈനംദിന പ്രവർത്തനങ്ങളെ ബുദ്ധിമുട്ടിലാക്കുക വഴി" എന്നത് കൂട്ടി ചേർക്കുക. രണ്ട്, നാലാമത്തെ വരിയിൽ " നിശ്ചയിക്കുന്നതിനും" എന്നതിനുശേഷം " അതുവഴി ജനജീവിതം സാധാരണപോലെ മുമ്പോട്ടുകൊണ്ടുപോകുന്നതിനായി' എന്നു കൂട്ടി ചേർക്കുക. അത് കുറച്ചുകൂടി ക്ലിയറാകും.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയുടെ ആരംഭത്തിൽ " താരതമ്യേന ദേശീയ ശരാശരിയായ 24% വനഭൂമിയേക്കാളും" എന്നീ വാക്കുകൾ കൂട്ടി ചേർക്കുക.

2. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ ഏഴാമത്തെ വരിയിൽ " വളരെ കുറവാണ്" എന്നതിനുശേഷം " അതുകൊണ്ട് തന്നെ 23.10.2022-ന് ക്യാബിനറ്റ് എടുത്ത ഒരു കിലോമീറ്റർ ദൂരപരിധി എന്ന തീരുമാനം മാറ്റേണ്ടതായും വന്നിരിക്കുന്നു." എന്നീ വാക്കുകൾ കൂട്ടി ചേർക്കുക.

3. പ്രമേയത്തിൽ നാലാമത്തെ ഖണ്ഡികയായി ഇനിപ്പറയുന്ന പുതിയ ഖണ്ഡിക കൂട്ടിച്ചേർക്കുക.

" കർണ്ണാടക, തമിഴ്നാട് ഉൾപ്പെടെയുള്ള അയൽ സംസ്ഥാനങ്ങളിലെ വന്യജീവി സങ്കേതങ്ങളോ ദേശിയ ഉദ്യാനങ്ങളോ അതിന്റെ ബഫർസോണുകളോ ഏതെങ്കിലും കേരളത്തിലേയ്ക്ക് വ്യാപിച്ചു കിടക്കുന്നുവെങ്കിൽ അത്തരം ബഫർസോണുകളിലെ

ജനവാസകേന്ദ്രങ്ങളെയും, കൃഷിസ്ഥലങ്ങളെയും പരിസ്ഥിതി സംവേദക മേഖലയിൽനിന്നും ഒഴിവാക്കേണ്ടതാണ്."

പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയുടെ ആരംഭത്തിൽ "വളരെ കുറഞ്ഞ ഭൂവിസ്തൃതിയിലുള്ള" എന്ന് തുടങ്ങുന്നതിന് മുമ്പായിട്ട് " താരതമ്യേന ദേശീയ ശരാശരിയായ 24% വനഭൂമിയേക്കാളും" എന്നുകൂടി കൂട്ടിച്ചേർക്കണം. ദേശീയ ശരാശരി 24 ആണ്. 29.65 ആണ് കേരളത്തിന്റെ ശരാശരി കാടുള്ള പ്രദേശം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ ഏഴാമത്തെ വരിയിൽ " വളരെ കുറവാണ്" എന്നതിനുശേഷം " അതുകൊണ്ട് തന്നെ 23.10.2019-ന് (2022 എന്നാണ് അച്ചടിച്ചുവന്നത്, അത് 2019 എന്ന് തിരുത്തി വായിക്കേണ്ടതാണ്) ക്യാബിനറ്റ് എടുത്ത ഒരു കിലോമീറ്റർ ദൂരപരിധി എന്ന തീരുമാനം മാറ്റേണ്ടതായും വന്നിരിക്കുന്നു." എന്നാക്കി ചേർക്കണം.

മൂന്നാമത്തെ പ്രധാനപ്പെട്ടതായ കാര്യം കേരളവുമായി ബോർഡർ കടന്ന് വരുന്ന നിരവധി വൈൽഡ് ലൈഫ് സാംഗ്ച്വറികളും നാഷണൽ പാർക്കുകളുമുണ്ട്. അതുസംബന്ധിച്ച ഒരു ഖണ്ഡിക കൂട്ടിച്ചേർക്കണം. അത്

ഏറ്റവും പ്രധാനപ്പെട്ടതാണ്. ഇത് പ്രമേയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു ഭാഗമാണ്. ബന്ദിപ്പൂർ, നാഗർഹോള, മുതുമല, ബ്രഹ്മഗിരി എന്നിങ്ങനെ വയനാടിനോട് ചേർന്നുള്ള നാലെണ്ണവും അതിർത്തി പങ്കിടുന്നത് കേരളവുമായാണ്. അവിടെയുള്ള സംസ്ഥാനങ്ങൾ 10 കിലോമീറ്റർ എന്നുള്ള തീരുമാനമെടുത്താൽ അത് കേരളത്തെ ഗൗരവതരമായി ബാധിക്കും. അതുകൊണ്ട് ആ തീരുമാനം ഈ പ്രമേയവുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. കർണ്ണാടക, തമിഴ്നാട് ഉൾപ്പെടെയുള്ള അയൽ സംസ്ഥാനങ്ങളിലെ വന്യജീവി സങ്കേതങ്ങളോ ദേശീയോദ്യാനങ്ങളോ അതിന്റെ ബഫർ സോണുകളോ ഏതെങ്കിലും കേരളത്തിലേയ്ക്ക് വ്യാപിച്ചുകിടക്കുന്നുവെങ്കിൽ അത്തരം ബഫർ സോണുകളിലെ ജനവാസ കേന്ദ്രങ്ങളെയും കൃഷിസ്ഥലങ്ങളെയും പരിസ്ഥിതി സംവേദക മേഖലകളിൽനിന്നും ഒഴിവാക്കേണ്ടതാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയുടെ അവസാനം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

“ ജനവാസമേഖലകളെ കൂടി ഉൾപ്പെടുത്തി ESZ നിർദ്ദേശിക്കുന്നതിന് അനുമതി നൽകുന്ന 31.10.2019-ലെ 29/2019 നമ്പർ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യേണ്ടതുമാണ്."

നമ്മൾ ഈ പ്രമേയവുമായി കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സമീപിക്കുന്നത് വളരെ സ്വാഗതാർഹമാണ്. ഇതാണ് അടിയന്തരപ്രമേയത്തിലൂടെയും ആവശ്യപ്പെടാൻ ശ്രമിച്ചത്. ഇതിൽ ഒരു കാര്യമാണ് ഞാൻ ഭേദഗതിയിലൂടെ കൂട്ടിച്ചേർക്കാൻ ആവശ്യപ്പെടുന്നത്. കാരണം, 2019-ൽ 29/2019 ആയിട്ട് കേരള ഗവൺമെന്റ് ഒരുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൂജ്യം മുതൽ ഒരു കിലോമീറ്റർവരെ ജനവാസ മേഖലയുൾപ്പെടെ ESZ ആകാമെന്ന് ആ ഉത്തരവിൽ പറയുന്നുണ്ട്. പ്രസ്തുത ഉത്തരവ് ഇവിടെ ചർച്ച ചെയ്യപ്പെട്ടതാണ്. ആ ഉത്തരവ് നിലനിൽക്കെ നമ്മൾ കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും സമീപിക്കുമ്പോൾ, ബഹുമാനപ്പെട്ട സുപ്രീംകോടതിയിലുൾപ്പെടെ ഈ വിഷയം വരുമ്പോൾ നിങ്ങളത് ഭേദഗതി ചെയ്തിട്ടില്ല, That order is still pending. That is a valid order. പ്രസ്തുത ഓർഡർ എന്തുകൊണ്ട് നിങ്ങൾ റദ്ദ് ചെയ്യുന്നില്ല/തിരുത്തുന്നില്ല എന്ന ചോദ്യം

വരും. Quite natural. ആ ചോദ്യം ഒഴിവാക്കാൻ നമ്മൾതന്നെ അത് തിരുത്താൻ തയ്യാറാകണം. അതാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ "പുറപ്പെടുവിക്കുന്നതിനും" എന്ന വാക്കിനുശേഷം ചുവടെപ്പറയുന്നത് ചേർക്കുക.

" അയൽ സംസ്ഥാനങ്ങളിലെ വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും സ്ഥിതി ചെയ്യുന്ന ആ സംസ്ഥാനങ്ങളുടെ വനാതിർത്തിയിലെ കേരളത്തിലെ ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കാനും"

മറ്റൊന്ന്, ESZ പരിധിയിൽനിന്ന് ഈ മേഖലകളെ ഒഴിവാക്കപ്പെടേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്താൻവേണ്ടി ഒരു അണ്ടർടേക്കിംഗ് കൂടി വേണമെന്നാണ് എന്റെ അഭിപ്രായം. ശാസ്ത്രീയവും വ്യവസ്ഥാപിതവുമായ ഒരു പഠന റിപ്പോർട്ട് ഉടൻ സമർപ്പിക്കുമെന്ന ഒരു അണ്ടർടേക്കിംഗ് കൂടി ഇതിൽ കൂട്ടിച്ചേർക്കേണ്ടതാണ്. കാരണം, ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം സഭയിൽ ഉറപ്പ് നൽകിയതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാന്യനായ സണ്ണി ജോസഫ് പറഞ്ഞ കാര്യത്തെ ഞാൻ പിന്തുണയ്ക്കുന്നു. 31.10.2019-ലെ ഉത്തരവ് നിലനിന്നാൽ ഇത് നാളെ കേസിലേയ്ക്ക് പോയി കോടതികളിൽ ചലഞ്ച് ചെയ്യപ്പെടും. അത് വലിയൊരു പ്രശ്നമായി മാറും. അതുകൊണ്ട് പ്രസ്തുത ഓർഡർകൂടി പിൻവലിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നത് എന്തുകൊണ്ടും ഉചിതമായിരിക്കുമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിലൊരു വസ്തുതാപരമായ തെറ്റുണ്ട്. ഒന്നാമത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത്, ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ തീരുമാനത്തെ പ്രതികൂലമായി ബാധിക്കുമെന്നാണ്. വീണ്ടും അതാവർത്തിച്ച് രണ്ടാമത്തെ ഖണ്ഡികയിൽ ഇക്കോ സെൻസിറ്റീവിന്റെ പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലായിരുന്നുവെന്നാണ്. ഇവിടെ ശ്രീ. സണ്ണി

ജോസഫ് ചൂണ്ടിക്കാണിച്ചതുപോലെ 31-10-2019-ൽ സർക്കാർ ഇറക്കിയ ഒരുത്തരവുണ്ട്. അത് മന്ത്രിസഭ പാസ്സാക്കിയ ഉത്തരവാണ്. ആ ഉത്തരവാണ് കേന്ദ്ര സർക്കാർ മുമ്പാകെയുള്ളത്. 2021-ൽ കേന്ദ്രമന്ത്രി പാർലമെന്റിൽ പറഞ്ഞത്, സംസ്ഥാന സർക്കാരിന്റേത് ഒരു കിലോമീറ്റർ സോണിൽ ജനവാസ കേന്ദ്രങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു കിലോമീറ്റർ ബഫർ സോൺ ആകാമെന്നുള്ള തീരുമാനമാണ്. മന്ത്രിസഭായോഗ തീരുമാനം നിലനിൽക്കുകയാണ്. വേറെ ഏതെങ്കിലും അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചാലും മന്ത്രിസഭാ തീരുമാനം dominate ചെയ്യും. മന്ത്രിസഭയെടുത്ത തീരുമാനത്തെ ഒരു എക്സിക്യൂട്ടീവ് ഉത്തരവ് വഴിയോ അല്ലെങ്കിലേതെങ്കിലും മന്ത്രി തന്നെ ഒരു കത്തെഴുതി കൊടുത്താലോ അല്ലെങ്കിൽ ഗവൺമെന്റ് സെക്രട്ടറി എഴുതി കൊടുത്താലോ ഒന്നും നിലനിൽക്കില്ല. മന്ത്രിസഭായോഗമെടുത്ത തീരുമാനമേ നിലനിൽക്കൂ. അന്നത്തെ മന്ത്രിസഭായോഗ തീരുമാനത്തെ മറികടന്നുകൊണ്ടുള്ള/അതിനെ റദ്ദാക്കിക്കൊണ്ടുള്ള വേറൊരു മന്ത്രിസഭായോഗ തീരുമാനമുണ്ടെങ്കിൽ മാത്രമേ ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കണമെന്നതാണ് ഗവൺമെന്റ് ഒപ്പീനിയൻ എന്ന് നമുക്ക് പറയാൻ കഴിയുകയുള്ളൂ. കാരണം, ഇത് ബഹുമാനപ്പെട്ട

സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങളുടെ അഭിപ്രായം കളക്ട് ചെയ്തതാണ്. എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായം ക്രോഡീകരിച്ച് കേന്ദ്ര ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കൊടുത്തതാണ്. സുപ്രീംകോടതിയിൽ ഇപ്പോഴുള്ള മെറ്റീരിയൽ അനുസരിച്ച് കേരള ഗവൺമെന്റിന്റെ അഭിപ്രായം 31-10-2019-ൽ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച ഉത്തരവാണ്. അത് നിലനിൽക്കുമ്പോൾ വേറെ ഏതെങ്കിലും പ്രൊപ്പോസൽ കൊടുത്താൽ അത് നിലനിൽക്കില്ലെന്നുള്ള വളരെ ഗൗരവതരമായ കാര്യം കൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ വാദം പൂർണ്ണമായും ശരിയാണെങ്കിൽത്തന്നെ അത് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കേണ്ട കാര്യമല്ലല്ലോ? അതിന്റെ ശരി തെറ്റുകളെക്കുറിച്ച് നമ്മളിവിടെ ചർച്ച ചെയ്തതുകൊണ്ടാണ് ഞാൻ അങ്ങോട്ടുപോകാത്തത്. അതിൽ എന്തെങ്കിലും പാകപ്പിഴകളോ തിരുത്തലുകളോ ആവശ്യമുണ്ടെങ്കിൽ അത് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യമല്ലേ? അത്രയേ എനിക്ക് അതിനെപ്പറ്റി

പറയാനുള്ളൂ; അത് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കേണ്ടതില്ല; നമ്മുടെ ഭാഗത്ത് എന്തെങ്കിലും പിഴവുണ്ടെങ്കിൽ; 'ഉണ്ടെങ്കിൽ' എന്ന് ഞാൻ അടിവരയിട്ട് പറയുന്നത് ഇതിനെപ്പറ്റി സംസാരിച്ചുകഴിഞ്ഞതുകൊണ്ടാണ്. കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്ന പ്രമേയത്തിൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവ് റദ്ദാക്കേണ്ട കാര്യം ഉൾക്കൊള്ളിക്കേണ്ടതില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയാനുള്ളത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, (.......മൈക്ക് ഓഫ്.......)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിനോടാണ് ഞാൻ ആദ്യം പ്രതികരിക്കേണ്ടത്. അതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ശ്രീ. എൻ. ഷംസുദ്ദീൻ എട്ട് ഭേദഗതികളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എല്ലാ ഭേദഗതികളെക്കുറിച്ചും പറയാൻ ഞാൻ സമയമെടുക്കുന്നില്ല. അദ്ദേഹം അവതരിപ്പിച്ച 3-ാം നമ്പർ ഭേദഗതിയും 4-ാം നമ്പർ ഭേദഗതിയും അംഗീകരിക്കുന്നു. മറ്റുള്ളതൊന്നും അംഗീകരിക്കുന്നില്ല.

സർവ്വശ്രീ മഞ്ഞളാംകുഴി അലി, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, സജീവ് ജോസഫ്, ഡോ. മാത്യു കുഴൽനാടൻ തുടങ്ങിയവർ അവതരിപ്പിച്ച

ഭേദഗതികളൊന്നും ഈ ഘട്ടത്തിൽ സ്വീകരിക്കേണ്ടതില്ല. കാരണം 'അന്തിമ തീരുമാനമെടുക്കണമെന്ന്' പറഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന് രണ്ട് നിലപാടുണ്ടായിരുന്നുവെന്നൊരു ധ്വനിയുണ്ടാകും. അതുണ്ടാകാൻ പാടില്ല; 2022 ജൂൺ 3-ലെ വിധിയെത്തുടർന്നുണ്ടായ പ്രശ്നങ്ങളാണ് നമ്മൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 2019 എന്നത് ഗവൺമെന്റ് തലത്തിൽ പരിശോധിക്കേണ്ട കാര്യമാണ്. അതുകൊണ്ട് ഒരിക്കൽക്കൂടി ഞാൻ പറയുന്നു, ഗവൺമെന്റ് പ്രമേയം അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്രതിപക്ഷവുമായി വേണ്ടത്ര ആലോചന നടത്താത്തതിൽ സംഭവിച്ച വീഴ്ച ഞാൻ സമ്മതിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, (....മൈക്ക് ഓഫ്......) ഇതിൽ അന്തിമമായി തീരുമാനം കൈക്കൊണ്ടില്ലെങ്കിൽ ഇത് invalid ആകും.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അത് നോക്കിയതാണ്. ശ്രീ. എൻ. ഷംസുദ്ദീന്റെ മൂന്ന്, നാല് എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും അംഗീകരിക്കുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ഉന്നയിച്ച ചോദ്യത്തിന് അദ്ദേഹം മറുപടി നൽകിയിട്ടില്ല. ഈ പ്രമേയം എവിടെയൊക്കെ

പോകേണ്ടതാണ്. കേന്ദ്ര എംപവേർഡ് കമ്മിറ്റിയുടെയും MoEFCC യുടെയും മുമ്പാകെ പോകും. അവിടെനിന്നുള്ള ശിപാർശയോടുകൂടി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പാകെ പോകും. അതാണ് പ്രൊസീഡ്യുവർ. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി ആ പാരഗ്രാഫിലൂടെ തുറന്നുതന്നിരിക്കുന്നത് ഒരു കിളിവാതിലാണ്. ആ പ്രൊസീഡ്യുവർ അനുസരിച്ച് അവിടേയ്ക്ക് പോകും. അവിടെയെല്ലാം already സംസ്ഥാന സർക്കാരിന്റെ ക്യാബിനറ്റിന്റെ തീരുമാനമുണ്ട്. അതുകൊണ്ട് ഒന്നുകിൽ, "സംസ്ഥാന സർക്കാരിന്റെ തീരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്നോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ഇതാണെന്നോ ഉള്ള" വാചകം റീ-ഡ്രാഫ്റ്റ് ചെയ്യുക. അല്ലെങ്കിൽ അത് ദോഷകരമായി ബാധിക്കുമെന്ന് ഞാൻ നേരത്തേതന്നെ പറഞ്ഞതാണ്, റെക്കോർഡിലാക്കാൻ വേണ്ടി പറയുകയാണ്. ഒരു പൊതുവായ ഉപയോഗത്തിനുവേണ്ടിയല്ലേ ഈ പ്രമേയം പാസ്സാക്കുന്നത്. അല്ലെങ്കിൽ ചെയ്യേണ്ടത്, ഗവൺമെന്റ് അടിയന്തരമായി അടുത്ത മന്ത്രിസഭായോഗത്തിൽ 31-10-2019-ലെ തീരുമാനം റദ്ദ് ചെയ്ത് ഒരു കിലോമീറ്റർ ബഫർസോണിലെ ജനവാസ കേന്ദ്രങ്ങളെ മുഴുവൻ ഒഴിവാക്കണമെന്നുള്ള

തീരുമാനമെടുക്കേണ്ടതാണ്. അത് ഗവൺമെന്റിന്റെ discretion ആണ്. 31-10-2019-ലെ മന്ത്രിസഭാ തീരുമാനം മന്ത്രിസഭാ യോഗത്തിന് മാത്രമേ തിരുത്താനുള്ള അധികാരമുള്ളൂ. അല്ലെങ്കിൽ ആ തീരുമാനം നിലനിൽക്കും. നമ്മൾ വെറുതെ പറഞ്ഞതുകൊണ്ട് ആ തീരുമാനം ഇല്ലാതാകില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിസഭായോഗം കൂടി ഒരു തീരുമാനമെടുത്താൽ അത് ഇല്ലാതാകില്ലെന്ന് അങ്ങേയ്ക്കറിയാമല്ലോ; അത് prevail ചെയ്യുകയാണ്. അത് Prevail ചെയ്യുമ്പോൾ അസംബ്ലിയിൽ പാസ്സാക്കിയാൽപോലും അത് നിലനിൽക്കില്ല. അത് വളരെ പ്രധാനപ്പെട്ടതും കേരളത്തിന്റെ താല്പര്യങ്ങളെ ഹനിക്കുന്നതുമാണ്. ഇത് പാസ്സാക്കുന്നതിന് ഞങ്ങൾ എതിരല്ല. നിങ്ങൾ അനാവശ്യമായി ഈ രണ്ട് വാചകങ്ങൾ ഇവിടെ എഴുതിച്ചേർത്തതാണ്. ആലോചിക്കാതെ ചെയ്തതുകൊണ്ടാണ് നിങ്ങൾക്ക് ഈ അബദ്ധം പറ്റിയത്. ഞങ്ങൾ ഈ പ്രമേയത്തെ പിന്തുണയ്ക്കുമെങ്കിലും ഇത് അബദ്ധമാണെന്ന് ഞാൻ ഒന്നുകൂടി രജിസ്റ്റർ ചെയ്യുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇതിന്മേൽ വിശദീകരണം നൽകാൻ സമയം കുറേയെടുത്തു. ഇതിനകത്തെ ഒരു പ്രശ്നം, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതാണ് ശരിയെന്നിരിക്കട്ടെ; ഇപ്പോൾ

ബഹുമാനപ്പെട്ട സുപ്രീംകോടതി നമ്മളോട് പറഞ്ഞിട്ടുള്ളത് പുതിയ പരാതിയുമായി പോകാനാണ്.

ശ്രീ. വി. ഡി.സതീശൻ: സർ, എവിടെ പോകാനാണ് പറഞ്ഞിരിക്കുന്നത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എംപവേർഡ് കമ്മിറ്റിയുടെ മുമ്പാകെ. എംപവേർഡ് കമ്മിറ്റി അത് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കും. കേന്ദ്ര ഗവൺമെന്റ് അത് ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് സമർപ്പിക്കും. എന്തെങ്കിലും പോരായ്മകളോ വീഴ്ചകളോ ഉണ്ടെങ്കിൽ എംപവേർഡ് കമ്മിറ്റിക്ക് കൊടുക്കുന്ന ആ രേഖയിൽ ഉണ്ടായാൽ പോരേ; അത് തന്നെയാണ് ഈ പ്രമേയവും.

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു; ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു. ഇതിങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ, ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ ഒഴികെയുള്ള ഭേദഗതികൾ അങ്ങ് പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 1, 2, 5, 6, 7, 8 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി, അങ്ങയുടെ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്, അങ്ങയുടെ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

12.28 പി.എം.]

**IX.** ധനകാര്യം

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVIII – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2022-2023 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-2023 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 3054,19,13,000 | 87,53,62,000 | 6108,38,26,000 | 175,07,25,000 | 6283,45,51,000 |
| XIX | കുടുംബക്ഷേമം | 183,86,50,000 | -- | 367,72,99,000 | -- | 367,72,99,000 |

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ഇനിപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

### ധനാഭ്യർത്ഥന നമ്പർ **XVIII** വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ഡോ. മാത്യു കുഴൽനാടൻ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡാനന്തര രോഗങ്ങൾമൂലം മരണപ്പെട്ട മുഴുവൻ

ആളുകൾക്കും നഷ്ടപരിഹാരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡാനന്തര ചികിത്സയ്ക്ക് സർക്കാർ ആശുപത്രികളിൽ പണം ഈടാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ വ്യത്യാസം വരുത്തിക്കൊണ്ടും മരണനിരക്ക് കുറച്ചുകാണിക്കുവാൻ ശ്രമിച്ചതിലൂടേയും അർഹതപ്പെട്ട കുടുംബങ്ങൾക്ക്

നഷ്ടപരിഹാര തുക ലഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മെഡിക്കൽ കോളേജുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതും രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുന്നതും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ ആശുപത്രികളിലേയ്ക്കുള്ള മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് വീഴ്ച സംഭവിച്ചതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ സാമ്പത്തിക അഴിമതി ഉള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് കാലത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന പി.പി.ഇ. കിറ്റുകൾ വാങ്ങിയതിൽ അഴിമതി നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലെ ഫാർമസികളിൽ ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം:</u> സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സർക്കാർ ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് നിപ വൈറസ് ബാധ വീണ്ടും സ്ഥിതീകരിക്കാനിടയായ സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങളിലുണ്ടായതായി പറയപ്പെടുന്ന ജാഗ്രതക്കുറവ് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നിലവാരമില്ലാത്ത വാക്സിനുകൾ വിതരണം നടത്തിയതായും അവ വേണ്ടവിധം സൂക്ഷിക്കാത്തതും കാരണം വാക്സിനെടുത്തിട്ടും സംസ്ഥാനത്ത് പേവിഷബാധയേറ്റ് ആളുകൾ മരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു

ചെയ്യേണ്ടതാണ് (അവയവദാനത്തിന് മതിയായ പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയയ്ക്കിടെ രോഗി മരണപ്പെടാനിടയായതും രോഗിയെ സഹായിക്കാൻ ശ്രമിച്ച ചെറുപ്പക്കാർക്കെതിരെ കേസ് എടുക്കുകയും ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിലെ ഏകോപനമില്ലായ്മയും

വീഴ്ചകളുംമൂലം രോഗികൾ മരിക്കാനിടയാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അവയവമാറ്റ ശസ്ത്രക്രിയയിൽ വീഴ്ച്ച ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അവയവമാറ്റ ശസ്ത്രക്രിയയുടെ ഏകോപനത്തിൽ ഡോക്ടർമാർക്കുണ്ടായ വീഴ്ചമൂലം രോഗി മരിക്കാനിടയായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മെഡിക്കൽ കോളേജ് ആശുപത്രികളിലെ സുരക്ഷാ സംവിധാനം പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആശാവർക്കർമാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പട്ടികവർഗ്ഗ മേഖലകളിലെ സർക്കാർ

ആശുപത്രികളിൽ അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്തതായി പറയപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളെ ശക്തിപ്പെടുത്തി വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ തടയുന്നതിന് കർശന നടപടി സ്വീകരിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആർ.സി.സി. യിൽ ചികിത്സ തേടിയെത്തുന്ന എല്ലാ രോഗികൾക്കും ചികിത്സ ഉറപ്പാക്കുന്നതിന് പരിമിതി നേരിടുന്നതായി

പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സർക്കാർ മേഖലയിൽ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം ചികിത്സയ്ക്കായി ലഭിയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൾട്ടിപർപ്പസ് കോൺക്രീറ്റ് കെട്ടിടങ്ങളിലെ ഐസൊലേഷൻ വാർഡുകൾ അനുവദിക്കുന്നതിനു പകരം പ്രീ-ഫാബ് ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പുതുതായി കൂടുതൽ പേരെ ചേർക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്.(സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്:</u> സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്(മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u> : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്:</u> സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ:

ശ്രീ. അനൂപ് ജേക്കബ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കുകീഴിൽ 2210-06-101-85 എന്ന ബഡ്ജറ്റ് ഹെഡിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ് എന്ന ഇനത്തിൽ വകകൊള്ളിച്ചിട്ടുള്ള 19,89,52,000 രൂപ 50,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂൾ വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ് ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6283,45,51,000 രൂപയിൽ

നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്

2. ശ്രീ. കുറുക്കോളി മൊയ്തീൻ

ധനാഭ്യർത്ഥന നമ്പർ **XIX** - കുടുംബക്ഷേമം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പകർച്ചവ്യാധികൾ പ്രതിരോധിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആശാ വർക്കർമാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആശാ വർക്കർമാരുടെ വേതനം വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കുടുംബക്ഷേമ പദ്ധതികൾക്ക്

കേന്ദ്രസർക്കാരിൽ നിന്നും കൂടുതൽ സഹായം തേടാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് പ്രതിരോധത്തിൽ മികച്ച സേവനം കാഴ്ചവച്ച ആശാവർക്കർമാരുടെ വേതനം വർദ്ധിപ്പിച്ചു നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രായാധിക്യംമൂലം പ്രയാസമനുഭവിക്കുന്നവർക്ക് ചികിത്സയും മരുന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഹെൽത്ത് വിസിറ്റർമാർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഹെൽത്ത് വിസിറ്റർമാരുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടും ആവശ്യമായ

ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫുകളുടെയും തസ്തികകൾ സൃഷ്ടിക്കാത്തത് കാരണം അവയുടെ പ്രയോജനം ലഭിക്കുന്നില്ലായെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജനിതകരോഗ വിഭാഗത്തിൽപ്പെട്ട ബാർസെ ബീഡൽ സിൻഡ്രോം ബാധിച്ച 18 വയസ്സ് തികയാത്ത കുട്ടികൾക്ക് ആവശ്യമായ പരിശോധന ടെസ്റ്റുകൾ RBSK Scheme വഴി സൗജന്യമായി നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്ത്രീ സുരക്ഷയ്ക്കായി ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിയമിക്കുന്നതിൽ സർക്കാർ അലംഭാവം

കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ശിശുമരണങ്ങൾ നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, കുടുംബക്ഷേമംഎന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മാതൃ-ശിശു സംരക്ഷണ നടപടികൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഐ.സി.ഡി.എസ്.പദ്ധതി

വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഐ.സി.ഡി.എസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ:

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 367,72,99,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

- ശ്രീ. അനൂപ് ജേക്കബ്
- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
- ശ്രീ. സണ്ണി ജോസഫ്

- ശ്രീ. റോജി എം. ജോൺ
- ശ്രീ. ടി. ജെ. വിനോദ്
- ശ്രീ. സജീവ് ജോസഫ്
- ശ്രീ. ടി. സിദ്ദിഖ്
- ശ്രീ. എ. പി. അനിൽകുമാർ
- ശ്രീ. സനീഷ്കുമാർ ജോസഫ്
  ശ്രീ. സി. ആർ. മഹേഷ്
- ശ്രീ. അൻവർ സാദത്ത്
  ശ്രീ. ഐ. സി. ബാലകൃഷ്ണൻ
- ഡോ. മാത്യു കുഴൽനാടൻ
- ശ്രീ. എം. വിൻസെന്റ്
  ശ്രീമതി ഉമ തോമസ്

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ കെ.ഡി. പ്രസേനൻ]

ശ്രീ. മുരളി പെരുനെല്ലി: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, കുടുംബക്ഷേമം എന്നീ രണ്ട് ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. Health care is a human right എന്നത് അക്ഷരംപ്രതി നടപ്പിലാക്കുന്നൊരു ഗവൺമെന്റാണ്

സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ സർക്കാർ. ഒരു സമൂഹത്തിലെ മാനവ വികസനത്തിന്റെ നിർണ്ണായക സൂചകങ്ങളിലൊന്നാണ് ജനങ്ങളുടെ ആരോഗ്യനിലയിലെ പുരോഗതി. കേരളത്തിന്റെ ആരോഗ്യമേഖല ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ജനസൗഹൃദ ആരോഗ്യപരിചരണ സംവിധാനം സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ മുന്നോട്ടുപോകുന്ന സംസ്ഥാനത്തിന്റെ ആരോഗ്യനിലവാരം വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്താവുന്നതാണെന്ന് നമുക്ക് തറപ്പിച്ച് പറയാൻ കഴിയും. ലോകമാകെ പടർന്നുപന്തലിച്ച മാരക കോവിഡ് വൈറസിനേയും മറികടന്ന്, വലിയ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കി, ഗതകാലപ്രൗഢി വീണ്ടെടുക്കാൻ കേരളം കുതിക്കുകയാണ്. നിരവധി പുരസ്കാരങ്ങൾ കേരളത്തിലെ ആരോഗ്യമേഖലയേയും വനിത-ശിശുവികസന വകുപ്പിനേയും തേടിയെത്തിയ കാലഘട്ടമാണിത്. വെല്ലുവിളികൾക്കിടയിലും ആരോഗ്യ മേഖലയ്ക്ക് ദേശീയ തലത്തിൽ ഒന്നാംസ്ഥാനം നിലനിർത്താനായത് അഭിമാനകരമായ നേട്ടമാണ്. ശിശുമരണവും മാതൃമരണ അനുപാതവും ഏറ്റവും കുറവ് കേരളത്തിലാണ്. ക്ഷയരോഗം കുറവുള്ള സംസ്ഥാനം

കേരളമാണ്. 2025-ഓടുകൂടി ക്ഷയരോഗമുക്ത സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുമെന്നുള്ള ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. കോവിഡ് മരണത്തിന്റെ കണക്കുകൾ ലോകാരോഗ്യ സംഘടന ഇപ്പോൾ പുറത്ത് വിട്ടിരിക്കുകയാണ്. ആകെ മരണങ്ങളിൽ മൂന്നിലൊന്നും ഇന്ത്യയിലാണ് സംഭവിച്ചിരിക്കുന്നത്. കേന്ദ്രം യഥാർത്ഥ കണക്കുകൾ മറച്ചുവച്ചുകൊണ്ട് കൃത്യമായ കണക്കുകൾ പുറത്തുവിടാതെ മുന്നോട്ട് പോകുമ്പോൾ, കൃത്യമായി കണക്കുകൾ പുറത്തുവിട്ട് മരണപ്പെട്ടവരുടെ കുടുംബത്തിന് ന്യായമായ സഹായങ്ങൾ നൽകി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. ഞാൻ രണ്ടുമൂന്ന് ആവശ്യങ്ങൾ ഇവിടെ ഉന്നയിക്കുകയാണ്. ഒന്ന്, മധ്യകേരളത്തിലെ പ്രധാനപ്പെട്ട മെഡിക്കൽ കോളേജാണ് തൃശ്ശൂരിലെ മെഡിക്കൽ കോളേജ്. ആ മെഡിക്കൽ കോളേജിനെ ഒരു ആർ.സി.സി.-ആയി ഉയർത്താനാവശ്യമായ നടപടിയെടുക്കണം. അവിടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്താനും മെഡിക്കൽ യൂണിവേഴ്സിറ്റി ക്യാമ്പസാക്കി അതിനെ ഉയർത്താനുമാവശ്യമായ നടപടി സ്വീകരിക്കണം. മണലൂർ മണ്ഡലത്തിലെ

വാടാനപ്പള്ളി പഞ്ചായത്ത് തീരപ്രദേശത്തുള്ള ഒരു പഞ്ചായത്താണ്. അവിടെ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കാനാവശ്യമായ എല്ലാ സൗകര്യങ്ങളും പഞ്ചായത്ത് ഒരുക്കിയിട്ടുണ്ട്, അത് അനുവദിക്കണം. ആർദ്രം പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഒന്നാം സ്ഥാനത്ത് വന്നത് വളരെ സന്തോഷകരമാണ്. ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സുണ്ടാകുമെന്നുള്ളത് യാഥാർത്ഥ്യമാണ്. ആരോഗ്യമുള്ള മനസ്സിൽ മാത്രമേ നന്മയുടെ പൂക്കൾ വിരിയൂവെന്നുള്ളതും ഒരു വസ്തുതയാണ്. നമ്മുടെ പ്രതിപക്ഷത്തിന് നല്ല ആരോഗ്യമാണ്, ഒരു തർക്കവുമില്ല. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കർ ചോദ്യോത്തരവേളയിൽ ചോദ്യം എന്നുപറയുമ്പോഴേയ്ക്കും നടുത്തളത്തിലേയ്ക്ക് കയ്യുംകാലുമിട്ടടിച്ച് ചാടിവരുന്നത്. പക്ഷെ മനസ്സിൽ നന്മയില്ലെന്നുള്ളതാണ് ഓരോ അനുഭവവും നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്. വാത-പിത്ത-കഫ ത്രിദോഷങ്ങൾ അവരെ നന്നായി അലട്ടുന്നുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. അതുകൊണ്ടാണ് ചിത്തഭ്രമം സ്ഥല-ജല വിഭ്രാന്തി എന്നിവ പ്രതിപക്ഷം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. സൂചി തിരിച്ച് ഘടികാരം ശരിയാക്കാൻ കഴിയും. പക്ഷെ മനുഷ്യമനസ്സിനെ അപ്രകാരം

നന്നാക്കാൻ കഴിയുകയില്ലെന്നത് വി. എസ്. ഖണ്ഡേക്കറുടെ പ്രസിദ്ധമായ ഒരു വാക്കാണ്. പ്രതിപക്ഷത്തെ നയിക്കുന്നത് അധികാരത്തോടുള്ള കൊതിയാണ്. അധികാര കൊതിമൂത്ത് സകല ജനാധിപത്യ മര്യാദകളും ലംഘിക്കുന്ന നടപടികളാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. ഓരോ തെരഞ്ഞെടുപ്പിലും എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം മാറിമാറി അധികാരത്തിലെത്തുന്ന രീതിയാണ് കേരളത്തിലെ തെരഞ്ഞെടുപ്പ് ചരിത്രത്തിൽ ഇന്നലെ വരെയുണ്ടായിരുന്നത്. എന്നാൽ ചരിത്രത്തിൽ ആദ്യമായി ഇടതുപക്ഷ സർക്കാർ 2021-ൽ തുടർഭരണത്തിൽ വന്നതോടുകൂടി പ്രതിപക്ഷത്തിന് ഇരിക്കപ്പൊറുതി ഇല്ലാതായിരിക്കുകയാണെന്നുള്ളതാണ് യാഥാർത്ഥ്യം. സാധാരണ എൽ.ഡി.എഫ്. ഭരണത്തിന്റെ അവസാന കാലഘട്ടത്തിലാണ്, നാലുവർഷം കഴിഞ്ഞ് അഞ്ചാംവർഷത്തിലാണ് കേരളത്തിൽ പ്രതിപക്ഷ നേതൃത്വത്തിൽ വലിയ സമരാഭാസങ്ങൾ അരങ്ങേറാറുള്ളത്. അത് സാധാരണ കേരള ജനത കാണാറുള്ളതാണ്. ആ സമരങ്ങളെത്തുടർന്ന് പിന്നാലെ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. അധികാരത്തിൽ വരുന്ന കാഴ്ചയും കാണാറുണ്ട്. എന്നാൽ ഇപ്പോൾ അതല്ല കാണുന്നത്. ഇന്നത്തെ കേരളത്തിന് അടിത്തറ പാകിയ,

പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ അട്ടിമറിച്ച കുപ്രസിദ്ധമായ വിമോചനസമരത്തിന്റെ ആ പ്രേതം ഇപ്പോഴും കേരളത്തിൽ ഉറഞ്ഞുതുള്ളുകയാണ്. 1959-ൽ ഭൂരിപക്ഷമുള്ള ഒരു സർക്കാരിനെ ഭരണഘടനയുടെ 356-ാം വകുപ്പുപയോഗിച്ച് അന്നത്തെ കേന്ദ്രത്തിലെ കോൺഗ്രസ്സ് സർക്കാർ പിരിച്ചുവിടുന്ന സ്ഥിതിവിശേഷമുണ്ടായി. ജനാധിപത്യവിരുദ്ധമായാണ് അതിനെ പിരിച്ചുവിട്ടത്. ഒരു എം.എൽ.എ. പോലും കൂറുമാറിയിരുന്നില്ല. ഇന്ന് സഖാവ് പിണറായി വിജയൻ സർക്കാരിനെ അട്ടിമറിക്കാൻ സ്വപ്നയെന്ന ഒരു തട്ടിപ്പുകാരിയുടെ തോളിൽ കയ്യിട്ട് ബി.ജെ.പി.-യും കോൺഗ്രസ്സും ഇടതുപക്ഷ സർക്കാരിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ്. നിങ്ങൾ ഇവിടെ കലാപാന്തരീക്ഷമാണ് ഉണ്ടാക്കുന്നത്. ഇ.ഡി., കസ്റ്റംസ്, സി.ബി.ഐ. എന്നിവയെല്ലാം പറഞ്ഞ് കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ വിരട്ടാൻ നോക്കിയിട്ട് ഒരു കാര്യവുമില്ല. കാരണം ഇത് കേരളമാണ്. ശ്രീ. എം. എം. മണിയാശാൻ പറഞ്ഞതുപോലെ, ശ്രീ. വി. ഡി. സതീശൻ പ്രതിപക്ഷനേതാവായതോടുകൂടി പുതിയ ലോകത്താണ്. പുതിയ ലോകത്തല്ല, സ്വപ്ന ലോകത്താണെന്നതാണ് യാഥാർത്ഥ്യം. 2021 മേയ്

ഒന്നിന് രാത്രി ഉറങ്ങുമ്പോൾ സ്വപ്നം കണ്ടു, പക്ഷേ മേയ് രണ്ടിന് നേരം പുലർന്നപ്പോൾ കേരളമാകെ ചുവന്ന് തുടുക്കുന്ന കാഴ്ചയാണ് കണ്ടത്. ശ്രീ. പി. വി. ശ്രീനിജിൻ ശിവനെ വലംവച്ച് ഗണപതിയും സുബ്രഹ്മണ്യനും പോയ കഥ പറഞ്ഞതുപോലെ ഇവിടെ പ്രതിപക്ഷനേതൃസ്ഥാനത്തിനുവേണ്ടി ശ്രീ. രമേശ് ചെന്നിത്തല ഡൽഹിയിൽ പോയി ശ്രീമതി സോണിയാ ഗാന്ധിയേയും ശ്രീ. രാഹുൽ ഗാന്ധിയേയും ചുറ്റിക്കറങ്ങി ഇവിടെ വരുമ്പോൾ കാണുന്നതെന്താണ്? ഇവിടെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. സുധാകരനെ വലംവച്ചുകൊണ്ട് നേതൃത്വപദവിയിലേയ്ക്ക് കയ്യിൽ മാമ്പഴവുമായിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. നിങ്ങളുടെ കരുത്തിലല്ല, കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ കരുത്തിലാണ് വർഗ്ഗീയതയ്ക്കെതിരെ ഒരു മതനിരപേക്ഷ സംസ്ഥാനമായി കേരളം മുന്നോട്ടു പോകുന്നതെന്ന് കാണണം. സഖാവ് പിണറായി വിജയൻ ആരാണെന്ന് അറിയണമെങ്കിൽ 50 വർഷം പിന്നോട്ടു പോകണം. തലശ്ശേരി വർഗ്ഗീയ ലഹളയിൽ കത്തിയെരിഞ്ഞുകൊണ്ടിരിക്കുന്ന സമയത്ത് മുസ്ലീം വിരുദ്ധ മുദ്രാവാക്യം വിളിച്ചുകൊണ്ട് ആർ.എസ്.എസ്.-കാർ കള്ള പ്രചാരവേല അഴിച്ചുവിട്ടപ്പോൾ ആ തെരുവിലേയ്ക്ക് ഇറങ്ങിവന്ന ഒരു

ചെറുപ്പക്കാരൻ മെഗാഫോൺ ഉപയോഗിച്ചുകൊണ്ട് ഇത് കള്ള പ്രചാരവേലയാണ്, ശാന്തരാകണം, സംയമനം പാലിക്കണമെന്ന് പറഞ്ഞുകൊണ്ട് മുന്നോട്ടുവന്നു. അവിടെ ഭരണകൂടം സ്തംഭിച്ചുനിൽക്കുകയാണ്, പോലീസ് കാഴ്ചക്കാരായിരുന്നു, ആ തെരുവിലേക്ക്, ആ ക്രിമിനൽ സംഘത്തിന്റെ മുന്നിലേക്ക് വന്നതാരാണ്? മരിക്കേണ്ടി വന്നാലും മുന്നോട്ടുപോകുമെന്ന് പറഞ്ഞുകൊണ്ട് ഒരു ചെറുപ്പക്കാരൻ മുന്നോട്ടുവന്നു, അതാരാണെന്ന് അറിയാമോ? സഖാവ് പിണറായി വിജയൻ. അത്തരമൊരു സംഭവം തലശ്ശേരിയിൽ അരങ്ങേറിയില്ലായിരുന്നുവെങ്കിൽ കേരളം ഉത്തർപ്രദേശും ഗുജറാത്തും പോലെയാകുമായിരുന്നു. കേരളം ആകെ ആളിക്കത്തിക്കാനാണ് അന്ന് ശ്രമം നടന്നത്. ശ്രീരാമക്ഷേത്രം കത്തിച്ചു, സ്ത്രീകളുടെ മാറിടം മുറിച്ചു തുടങ്ങിയ കള്ള പ്രചാരവേലയാണ് ആർ.എസ്.എസ്.കാർ അഴിച്ചുവിടുന്നത്. 'പാറപ്പുറത്ത് വീണ വിത്ത് എന്നൊരു ചൊല്ലുണ്ട്. പാറപ്പുറത്ത് വിത്ത് വീണാൽ മുളയ്ക്കില്ല. തലശ്ശേരിയിലെ പാറപ്പുറത്ത് 1939-ൽ ഒരു വിത്ത് വീണു. അതാണ് കമ്മ്യൂണിസമെന്ന വിത്ത്. ആ വിത്ത് ഇന്ന് കേരളമാകെ പടർന്നുപന്തലിച്ച് ഒരു വട വൃക്ഷമായി. ആ വടവൃക്ഷത്തിന്റെ തണലിലാണ് കേരള ജനത ഇന്ന്

സുഖം അനുഭവിക്കുന്നതും ആശ്വാസം കൊള്ളുന്നതുമെന്ന യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. ഇന്ത്യയ്ക്കുതന്നെ മാതൃകയായി ജനമനസ്സിൽ ഇടം നേടിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. മതനിരപേക്ഷ ഇന്ത്യയെ മതരാഷ്ട്രമാക്കാൻ ശ്രമിക്കുന്ന മോദി സർക്കാരിന്റെ ദേശവിരുദ്ധ-ജനവിരുദ്ധ നയങ്ങൾക്കെതിരെ ഒന്നുംചെയ്യാൻ കഴിയാത്തവരാണ് കോൺഗ്രസ്സുകാർ. ഇന്ന് ശ്രീ. സജി ചെറിയാന്റെ പ്രസംഗത്തിന്റെ പേരിൽ വലിയ ഭരണഘടനാ സംരക്ഷകരായി അഭിനയിക്കുകയാണ് കോൺഗ്രസ്. ഭരണഘടനയിലെ 356-ാം അനുച്ഛേദം പ്രയോഗിക്കപ്പെടില്ലെന്ന് ഡോ. ബി. ആർ. അംബേദ്കറാണ് പറഞ്ഞത്. പക്ഷെ അതിനെയും മതിമറന്നുകൊണ്ട് 1959-ൽ പിരിച്ചുവിട്ടു. എന്നിട്ട് ഇപ്പോഴോ ******* അത് നമുക്ക് കാണാൻ കഴിയും. .....(ബഹളം)....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ......

മി. ചെയർമാൻ: അദ്ദേഹം സംസാരിക്കട്ടെ, പ്രസംഗം കഴിഞ്ഞശേഷം അവസരം നൽകാം.

ശ്രീ. മുരളി പെരുനെല്ലി: സർ, സി.പി.ഐ.(എം)-ഉം എൽ.ഡി.എഫ്.-ഉം എന്നും ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യബോധവും ഭരണഘടനയോടുള്ള

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നം.12234/ഇ.ബി./2022/നി.സെ. തീയതി 08.07.22) രേഖയിൽ നിന്നും നീക്കം ചെയ്തു.

ക്കും വ്യക്തമാക്കുന്നതാണ് മന്ത്രി ശ്രീ. സജി ചെറിയാന്റെ രാജി. പ്രസംഗത്തിന്റെ പേരിലും അഴിമതിയുടെ പേരിലും മന്ത്രിമാരുടെ രാജി വാങ്ങി പോക്കറ്റിലിടുന്ന യു.ഡി.എഫ്. മുഖ്യമന്ത്രിമാരുടെ കാലം നിങ്ങൾ മറന്നോ? നിങ്ങൾക്കത് മറക്കാൻ കഴിയില്ല. ഭരണഘടനയെ വിമർശിച്ചെന്ന പ്രചരണങ്ങൾ വന്ന് നാൽപ്പത്തിയെട്ട് മണിക്കൂറുകൾക്കകം രാജിവച്ച് മാന്യത കാണിച്ച മന്ത്രിയാണ് സഖാവ് സജി ചെറിയാൻ. ജനാധിപത്യ സമൂഹത്തിൽ തെറ്റായി വ്യാഖ്യാനിക്കാനിടവരുന്ന ഏതുസംഭവത്തിലും എൽ.ഡി.എഫ്.-ന്റെ നിലപാട് ഒന്നാണ്, അതാണ് നമ്മൾ ഇവിടെ കാണുന്നത്. എന്നാൽ നിങ്ങളോ; ബാർകോഴ കേസിൽ അന്നത്തെ യു.ഡി.എഫ്. മന്ത്രിയുടെ രാജിക്കത്ത് ആരുടെ പോക്കറ്റിലായിരുന്നു; അതുപോലെതന്നെ ഭൂമി പതിച്ചുനൽകാനുള്ള അഴിമതിയുടെ കേസ്, ആ മന്ത്രിയുടെ രാജിക്കത്ത് ആരുടെ പോക്കറ്റിലായിരുന്നു; പാലാരിവട്ടം പാലം അഴിമതി, എന്തു നടപടിയെടുത്തു? ഒരു നടപടിയും എടുത്തിട്ടില്ല. ഇനിയും പട്ടിക വേണമെങ്കിൽ നിരത്താം. ഭരണഘടന, ജനാധിപത്യം എന്നൊക്കെ ഉച്ചത്തിൽ പ്രസംഗിക്കുന്ന പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും യു.ഡി.എഫ്. അംഗങ്ങളും

ഇതൊന്നുമറിയുന്നില്ല. ഇതെല്ലാം വിഴുങ്ങിക്കൊണ്ട്, ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന എൽ.ഡി.എഫ്. സർക്കാരിനെ അട്ടിമറിക്കാൻ അക്രമസമരങ്ങൾക്ക് നിങ്ങൾ നേതൃത്വം കൊടുക്കുകയാണ്. അതിന്റെ ഭാഗമായി ജനങ്ങളുടെ പക്ഷത്ത് നിൽക്കുന്നവരാണ് നിങ്ങളെന്ന് വരുത്തിത്തീർക്കാൻ വേണ്ടിയാണ് ഇന്ന് അടിയന്തരപ്രമേയം കൊണ്ടുവന്നത്. ജനക്ഷേമ പദ്ധതികളൊക്കെ സർക്കാർ അട്ടിമറിക്കുന്നുവെന്ന പ്രചാരവേല നടത്തുകയാണ്? ക്ഷേമപെൻഷനുകൾ പിടിച്ചുവച്ച ഉമ്മൻ ചാണ്ടി സർക്കാരിൽനിന്നും വ്യത്യസ്തമായി, തുക വർദ്ധിപ്പിച്ച് 1600 രൂപയാക്കുകയും അത് പൂർണ്ണമായും കൊടുത്തുതീർക്കുകയും ചെയ്തു. ഇടതുപക്ഷ ഗവൺമെന്റിനെതിരെയുള്ള കള്ളപ്രചാരവേല ജനമനസുകളിലേയ്ക്ക് കടത്തിവിടാമെന്ന് വ്യാമോഹിച്ചാൽ അത് നടക്കാൻപോകുന്നില്ല. കാരണം, ഇത് കേരളമാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ..... ഭരണഘടനയെയും ഭരണഘടനാ ശിൽപ്പികളെയും അപമാനിക്കുന്ന പ്രവൃത്തി അപ്പുറത്തുനിന്നും നിർത്തിയിട്ടില്ലെന്നാണ് ബോദ്ധ്യമാകുന്നത്. ഇപ്പോൾ

ബഹുമാനപ്പെട്ട അംഗം മുരളി പെരുനെല്ലി പ്രസംഗിക്കുമ്പോൾ പറഞ്ഞു, ഞങ്ങൾ ഇതിനുവേണ്ടി ശബ്ദിച്ചപ്പോഴും മുദ്രാവാക്യം വിളിച്ചപ്പോഴുമൊക്കെ ******** ആരെക്കുറിച്ചാണ് ഈ പ്രയോഗം? (... ബഹളം...)

മി. ചെയർമാൻ: ഇരിക്കു...ഇരിക്കു...(ബഹളം).... പോയിന്റ് ഓഫ് ഓർഡർ ഒരാളാണ് ഉന്നയിക്കേണ്ടത്.(... ബഹളം...)

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ആരെക്കുറിച്ചാണ് ഈ പ്രയോഗം? ഭരണഘടനാശില്പിയായ ഡോ. ബി. ആർ. അംബേദ്ക്കറെക്കുറിച്ച് നടത്തിയ ഈ മോശം പരാമർശം രേഖയിലുണ്ടാകാൻ പാടില്ല. ഇത് മാപ്പ് പറയേണ്ട കാര്യമാണ്.

മി. ചെയർമാൻ: പരിശോധിക്കാം.

ശ്രീ. ടി. സിദ്ദിഖ്: സർ, പോയിന്റ് ഓഫ് ഓർഡർ......

മി. ചെയർമാൻ: ശ്രീ. ടി. സിദ്ദിഖിന് എന്താണ് പറയാനുള്ളത്?

ശ്രീ. ടി. സിദ്ദിഖ്: സർ, സഭയുടെ പരിപാവനതയെ ചോദ്യം ചെയ്യുന്ന സ്റ്റേറ്റ്മെന്റുകളാണുണ്ടായിട്ടുള്ളത്. ഒരുകാരണവശാലും ചെയറിന്റെ ഭാഗത്തുനിന്ന് അത്തരം സംസാരം അനുവദിക്കാൻ പാടില്ലാത്തതാണ്.

മി. ചെയർമാൻ: അതേ വിഷയമല്ലേ; പോയിന്റ് പറയൂ...

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നം.12234/ഇ.ബി./2022/നി.സെ. തീയതി 08.07.22) രേഖയിൽ നിന്നും നീക്കം ചെയ്തു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഭരണഘടനാശില്പികളെ ചോദ്യംചെയ്ത് മുമ്പോട്ടുപോകുന്ന ഗൗരവതരമായ സാഹചര്യമാണ്. മാത്രമല്ല, ആർ.എസ്.എസ്.-ന്റെ സിദ്ധാന്തങ്ങളെ .... (ബഹളം).....(മൈക്ക് ഓഫ്)...

ശ്രീ. വി. ജോയി: സർ, പോയിന്റ് ഓഫ് ഓർഡർ......... (ബഹളം).....

മി. ചെയർമാൻ: ശ്രീ. വി. ജോയിക്ക് ഒരു മിനിട്ട് സംസാരിക്കാം. ശ്രീ. ടി. സിദ്ദിഖ് ഇരിക്കൂ....നിങ്ങൾക്ക് സമയം അനുവദിച്ചില്ലേ....നിങ്ങൾ സമാധാനമായി ഇരിക്കൂ... ശ്രീ. വി. ജോയി പറയട്ടെ.......... (ബഹളം).....

ശ്രീ. വി. ജോയി: സർ, ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. മുരളി പെരുനെല്ലി അങ്ങനെയൊരു വാദം ഉന്നയിച്ചിട്ടില്ല. ഉന്നയിക്കാത്ത കാര്യത്തെ തിരിച്ചുപറയുകയാണ് ഇവർ ചെയ്യുന്നത്. അങ്ങനെ ഉന്നയിച്ചിട്ടില്ല, അങ്ങനെ പറഞ്ഞിട്ടില്ല.

മി. ചെയർമാൻ: എല്ലാം പരിശോധിക്കാം. എല്ലാവരും ഇരിക്കൂ... .... (ബഹളം)...... പരിശോധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ പറയും. മാപ്പൊന്നും ഇപ്പോൾ പറയില്ല. .....(ബഹളം)..... അടുത്തയാളെ വിളിക്കുകയാണ്. ശ്രീ. സനീഷ്കുമാർ ജോസഫ്.......(ബഹളം).....

(ശ്രീ. മുരളി പെരുനെല്ലി മാപ്പുപറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റ് മുദ്രാവാക്യം വിളിച്ചുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് സമീപം വന്നു.)

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ എന്റെ പ്രസംഗത്തിൽ അംബേദ്കറെ അധിക്ഷേപിക്കുന്ന ഒരു പരാമർശവും നടത്തിയിട്ടില്ല. ഇവിടെ മുദ്രാവാക്യവുമായി ബന്ധപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ച് മാത്രമാണ് പറഞ്ഞത്. അങ്ങനെ ഇല്ലാത്ത കാര്യം എന്റെ വാചകമാക്കി ഉയർത്തികാണിക്കേണ്ട ഒരുകാര്യവുമില്ല. ....(ബഹളം....)

മി. ചെയർമാൻ: .....(ബഹളം).....പരിശോധിച്ച് പറയാം. ശ്രീ. സനീഷ്കുമാർ ജോസഫിന് 7 മിനിറ്റ് സംസാരിക്കാം......(ബഹളം....). ശ്രീ. സനീഷ്കുമാർ ജോസഫ്, താങ്കൾ ചർച്ചയിൽ പങ്കെടുക്കുന്നുണ്ടെങ്കിൽ സംസാരിക്കാം, അല്ലെങ്കിൽ അടുത്തയാളെ വിളിക്കും....... (ബഹളം)......എല്ലാം പരിശോധിക്കാമെന്ന് പറഞ്ഞില്ലേ?

(ശ്രീ. മുരളി പെരുനെല്ലി മാപ്പുപറയണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ

മുമ്പിൽവന്നുനിന്ന് 'ജയ് ഭീം, ജയ് ഭീം' എന്ന മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. ചെയർമാൻ: ശ്രീ. സനീഷ്കുമാർ ജോസഫ്, സംസാരിക്കുന്നുണ്ടോ?... പ്രതിപക്ഷാംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം, നിങ്ങളുടെ അംഗമാണ് അടുത്തതായി പ്രസംഗിക്കേണ്ടത്. പ്രതിപക്ഷാംഗങ്ങൾ സീറ്റിലേയ്ക്ക് പോകണം......(ബഹളം)........ ശ്രീ. മുരളി പെരുനെല്ലിയും വിശദീകരണം നൽകിയിട്ടുണ്ട്. രണ്ടും പരിശോധിച്ചശേഷം മറുപടി പറയുന്നതാണ്, ഇതുസംബന്ധിച്ച് ബഹു. സ്പീക്കറുടെ റൂളിംഗുണ്ടാകും. ബഹു. സ്പീക്കർ റൂൾ ചെയ്യും.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് തിരിച്ചു പോയി.)

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. തുടർഭരണം കിട്ടിയ സർക്കാരിന്റെ ധാർഷ്ട്യത്തിനും ധൂർത്തിനും അഴിമതിക്കുമേറ്റ തിരിച്ചടിയാണ് തൃക്കാക്കരയിലെ ജനങ്ങൾ ശ്രീമതി ഉമ തോമസിന് നൽകിയ കാൽലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിലുള്ള ഉജ്ജ്വലവിജയം. മുഖ്യമന്ത്രിയും മന്ത്രിമാരും

എം.എൽ.എ.-മാരും സകല ഭരണസംവിധാനങ്ങളും പാർട്ടിയുടെ എല്ലാശക്തിയും ഉപയോഗിച്ചിട്ടും തൃക്കാക്കര ഒപ്പംനിന്നില്ല. ഇതിലൂടെ സി.പി.ഐ.(എം)-നും ഇടതുമുന്നണിക്കും ലഭിച്ച താക്കീതിന് തീവ്രതയേറെയാണ്. എന്നിട്ടും ഇവർ ഇപ്പോഴും ഭരണഘടനാ ശില്പികളെപ്പോലും അപമാനിക്കുന്ന സമീപനവുമായി മുമ്പോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. പ്രതിസന്ധിയിൽനിന്നും പ്രതിസന്ധിയിലേയ്ക്കുള്ള പ്രയാണത്തിലാണ് കേരളം. ഒരുവശത്ത് സർക്കാരിന്റെ നേരിട്ടുള്ള കടമെടുപ്പ്, മറുവശത്ത് ബഡ്ജറ്റിന് പുറത്ത് കിഫ്ബി പോലെയുള്ള ഊടുവഴികൾ കണ്ടെത്തി കടമെടുക്കുന്ന പുതിയ രീതി. അമിതമായ കടമെടുപ്പ് കേരളത്തിന്റെ വഴിമുട്ടിക്കുമെന്ന് റിസർവ് ബാങ്ക് പ്രസിദ്ധീകരിച്ച പഠന റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. 'കേരള മോഡൽ' എന്ന വികസനമാർഗ്ഗം ലോകത്തിന് കാണിച്ചുകൊടുത്ത സംസ്ഥാനത്തെപ്പറ്റിയാണ് ഇപ്പോൾ ഇങ്ങനെ കേൾക്കേണ്ടി വരുന്നത്. കടമെടുത്ത് കടം വീട്ടുന്ന ഗതികേടിലേയ്ക്കാണ് കേരളം പൊയ്ക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ പലിശ ബാദ്ധ്യതയും അപായ മേഖലയിലാണ്. റവന്യൂ വരുമാനത്തിന്റെ 18.8 ശതമാനമാണ് പലിശ

നൽകാൻ ചെലവിടുന്നത്. മൊത്തം വരുമാനത്തിന്റെ 90 ശതമാനത്തിലേറെ ഭരണപരമായ ആവശ്യങ്ങൾക്കായി ചെലവിടുമ്പോൾ വികസന പദ്ധതികൾ വെട്ടിക്കുറയ്ക്കേണ്ട അവസ്ഥയിലാണ്. നികുതി പിരിക്കുന്നതിനുപകരം കടംവാങ്ങി പ്രവർത്തിക്കുന്ന സംവിധാനമായി സർക്കാർ മാറുകയാണ്. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ തുറന്നുസമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രതിസന്ധിയെ എങ്ങനെ മറികടക്കുമെന്ന ചോദ്യത്തിന് കൂടുതൽ വായ്പ എന്ന നയമാണ് സർക്കാർ പിന്തുടരുന്നത്. ഇത് കേരളത്തെ മറ്റൊരു ശ്രീലങ്കയാക്കും. ഭരണകർത്താക്കൾക്ക് തോന്നുന്നതുപോലെ ആഡംബര വാഹനങ്ങൾ വാങ്ങലും ലോക കേരളസഭ പോലെയുള്ള ധൂർത്തുകളും പാഴ്ചെലവുകളും നടക്കുകയാണ്. ഇനിയെങ്കിലും ഒരു പുനരാലോചനയ്ക്ക് സർക്കാർ തയ്യാറാകണം. കടത്തിൽ മുങ്ങി ഒരുവശത്ത് കേരളത്തിന്റെ സാമ്പത്തികരംഗം തകർന്നുകൊണ്ടിരിക്കുന്നു. മറുവശത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയടക്കം വർദ്ധിച്ചിരിക്കുന്നു. തീപിടിക്കുന്ന വിലയുമായി സാധാരണ ജനങ്ങൾക്ക് എങ്ങനെ മുമ്പോട്ടുപോകാനാകും? ഹോട്ടലുകളിലെ

വില നിയന്ത്രിക്കാൻ ഇവിടെ യാതൊരു സംവിധാനങ്ങളുമില്ല. വിപണിയിടപെടലിൽ സർക്കാർ ദയനീയമായി പരാജയപ്പെട്ടു. ഇന്ധനവില വർദ്ധിക്കുന്നതിനനുസരിച്ച് നികുതി പിഴിഞ്ഞെടുക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മത്സരിക്കുകയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് നാല് പ്രാവശ്യം ഇന്ധന നികുതി കുറച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ, ഓട്ടോ-ടാക്സി തൊഴിലാളികൾ ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങൾക്ക് ഇന്ധന സബ്സിഡി നൽകണമെന്ന നിർദ്ദേശം സർക്കാർ മുഖവിലയ്ക്കെടുത്തിട്ടില്ല. ഇതിനൊക്കെ പുറമെയാണ് വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജ്ജും ഓട്ടോ-ടാക്സി ചാർജ്ജും ഭൂനികുതിയും വർദ്ധിപ്പിച്ചത്. സംസ്ഥാനത്ത് ആരോഗ്യ മേഖല ഇന്ന് വെന്റിലേറ്ററിലാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ മറവിൽ നടന്ന കോടികളുടെ അഴിമതിയെക്കുറിച്ച് അന്വേഷിക്കണം. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ 751 കോടി രൂപയുടെ മരുന്നുകളിലും പ്രതിരോധ ഉപകരണങ്ങളിലും വലിയ ക്രമക്കേടുകളും അഴിമതിയുമാണുണ്ടായിരിക്കുന്നത്. ഒരേ ദിവസംതന്നെ വ്യത്യസ്ത നിരക്കിലാണ് സാമഗ്രികൾ വാങ്ങിയിരിക്കുന്നത്. ഓപ്പൺ

മാർക്കറ്റിലുള്ളതിനെക്കാൾ പതിന്മടങ്ങ് വില നൽകിയാണ് കടലാസ് കമ്പനികളിൽനിന്ന് പർച്ചേസ് നടത്തിയിരിക്കുന്നത്. ആരോഗ്യ വകുപ്പിലെ 500 ഫയലുകൾ കാണാനില്ല. ചുവപ്പുനാടകെട്ടിയ ഫയലുകളും കമ്പ്യൂട്ടറിലുള്ള ഡിജിറ്റൽ ഫയലുകളും നഷ്ടപ്പെട്ടതിൽപ്പെടുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കാണാതായ ഓരോ ഫയലിലും അഴിമതിക്കാരായ കോടീശ്വരന്മാരുടെ ജീവിതങ്ങളാണുള്ളത്. കോവിഡ് കാലത്ത് ഗൂഢാലോചന നടത്തി അവിശ്വസനീയമായ വിലയിൽ മരുന്നും പ്രതിരോധ സാമഗ്രികളും വിലകൊടുത്ത് വാങ്ങിയ വെട്ടിപ്പിന്റെ കഥകളാണ് എടുത്തുമാറ്റിയത്. ഈ വിഷയത്തിൽ നിരവധി സഭാംഗങ്ങൾ മന്ത്രിയോട് ചോദ്യങ്ങൾ ചോദിച്ചെങ്കിലും ഒന്നിനും വ്യക്തമായ മറുപടിയില്ല. 'അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു, ഉചിതമായ നടപടി സ്വീകരിക്കുന്നതാണ് എന്നിങ്ങനെയുള്ള ഒഴുക്കൻ മട്ടിലുള്ള മറുപടിയാണ് ലഭിക്കുന്നത്. മടിയിൽ കനമുണ്ടോയെന്ന് സംശയമുണ്ട്. മെഡിക്കൽ കോളേജുകളുടെ അവസ്ഥ ദയനീയമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്കമാറ്റ ശസ്ത്രക്രിയ നടത്താനിരുന്ന രോഗി മരിച്ച സംഭവം സമൂഹമനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. എറണാകുളം രാജഗിരി

ആശുപത്രിയിൽനിന്ന് മൂന്ന് മണിക്കൂർകൊണ്ട് വൃക്ക തിരുവനന്തപുരം മെഡിക്കൽ കോളേജിലെത്തിച്ചപ്പോൾ അത് സ്വീകരിക്കാൻ ആരുമുണ്ടായിരുന്നില്ല. നാല് മണിക്കൂർ അനാഥമായിരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ വേലിതന്നെ വിളവ് തിന്നുന്ന അവസ്ഥയാണ്. ആശുപത്രി സൂപ്രണ്ട് തന്നെ സ്വകാര്യ പ്രാക്ടീസ് നടത്തുന്നു. ആശുപത്രിയിൽ വരുന്ന പാവപ്പെട്ട രോഗികൾ സൂപ്രണ്ടിന്റെ വീട്ടിൽപോയി പണം കൊടുക്കേണ്ട ഗതികേടിലാണ്. കയ്യോടെ പിടിക്കപ്പെട്ടിട്ടും സർക്കാർ നടപടിയെടുക്കുന്നില്ല. ആംബുലൻസുകൾ നന്നാക്കുന്നതിൽ അഴിമതി കാണിച്ച, വനിതാ ഡോക്ടറോട് അപമര്യാദയായി പെരുമാറിയ, കുറ്റക്കാരനാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയ മെഡിക്കൽ കോളേജിലെ ആർ.എം.ഒ.-യ്ക്കെതിരെ നടപടിയില്ല. ആവശ്യത്തിന് ഡോക്ടർമാരില്ലാതെ രോഗികൾ കഷ്ടപ്പെടുകയാണ്. കാർഡിയോളജി-പതോളജി-സർജറി പ്രൊഫസർ അടക്കം നിരവധി ഒഴിവുകളാണ് മെഡിക്കൽ കോളേജിലുള്ളത്. സൂപ്പർ സ്പെഷ്യാലിറ്റികൾ, റേഡിയേഷൻ മെഷീനുകൾ എന്നിവ പ്രവർത്തിക്കുന്നില്ല. ട്രോമാകെയർ യൂണിറ്റിന്റെ പണിതുടങ്ങിയിട്ട് എട്ട് വർഷംകഴിഞ്ഞു, ഇതുവരെയും പണി

പൂർത്തിയായിട്ടില്ല. ആവശ്യത്തിന് സ്റ്റക്ചറുകളും വീൽ ചെയറുകളും കിടക്കകളും ഇല്ലാത്തതുകൊണ്ട് രോഗികൾ നിലത്ത് കിടക്കേണ്ട അവസ്ഥയാണ്. ഇത്തരം അലംഭാവങ്ങൾ സ്വകാര്യ ആശുപത്രികളെ സഹായിക്കാനാണോയെന്ന് സംശയിക്കേണ്ടിവരുന്നു. തൃശ്ശൂർ ജില്ല മാത്രമല്ല, പാലക്കാട്, മലപ്പുറം ജില്ലകളിലുൾപ്പെടെയുള്ള നിരവധി രോഗികൾ ആശ്രയിക്കുന്ന ഒരു ആശുപത്രി നശിച്ചുകൊണ്ടിരിക്കുകയാണ്. ജീവനക്കാരില്ലാത്തതുകൊണ്ട് ആശുപത്രികളുടെ അവസ്ഥ ദയനീയമാണ്. നൂറുകണക്കിന് ഉദ്യോഗാർത്ഥികൾ പി.എസ്.സി. പരീക്ഷ എഴുതി നിയമനത്തിനായി കാത്തിരിക്കുമ്പോൾ ജീവനക്കാരില്ലാതെ ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റുകയാണ്. പാർട്ടിക്കാരെ പിൻവാതിലിലൂടെ നിയമിക്കാനാണ് സർക്കാരിന് താല്പര്യം. സർക്കാരിന്റെ തലതിരിഞ്ഞ നയങ്ങൾ വർഷങ്ങളായി ആർജ്ജിച്ചെടുത്ത ആരോഗ്യ മേഖലയിലെ നേട്ടങ്ങളെ പിന്നോട്ടടിക്കുകയാണ്. ലോകത്തിന് മാതൃകയായ കേരള ആരോഗ്യ മോഡലിന് അപമാനമാണ് ഇത്തരം വീഴ്ചകൾ. ചാലക്കുടി നിയോജകമണ്ഡലത്തിൽമാത്രം 33 ആരോഗ്യ പ്രവർത്തകരുടെ ഒഴിവുകളുണ്ട്. മലയോര മേഖലയിലെ ആദിവാസികളും സാധാരണക്കാരും ആശ്രയിക്കുന്ന

ചാലക്കുടി താലൂക്കാശുപത്രിയെ ജനറലാശുപത്രിയായി ഉയർത്തണം. കേരളത്തിൽ കഴിഞ്ഞ രണ്ടുമാസംകൊണ്ട് പേവിഷബാധയേറ്റ് രണ്ട് മരണമുണ്ടായി. വാക്സിനെടുത്തിട്ടും പാലക്കാടുള്ള ഒരു വിദ്യാർത്ഥിനി മരിക്കാനിടയായ സംഭവം ഗൗരവത്തിലെടുക്കണം. ഈ സർക്കാർ ലോകായുക്ത, വിജിലൻസ് ഉൾപ്പെടെയുള്ള അഴിമതിവിരുദ്ധ സംവിധാനങ്ങളുടെ ചിറകരിഞ്ഞത് അഴിമതിമാത്രം ലക്ഷ്യമിട്ടാണ്. നിരവധി അഴിമതികളാണ് നടന്നുകൊണ്ടിരിക്കുന്നത്. 'ജയ് ഭീം' എന്നത് ഈ രാജ്യം അഭിമാനത്തോടെ വിളിച്ച മുദ്രാവാക്യമാണ്. അത് നിങ്ങൾക്ക് അപമാനമായി തോന്നാം. എന്നാൽ ഞങ്ങൾക്കത് അഭിമാനമാണ്. ഇനിയും ഞങ്ങൾ അഭിമാനത്തോടെ 'ജയ് ഭീം' എന്നുവിളിക്കുമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2022-23 സാമ്പത്തിക വർഷത്തെ വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും പിന്തുണയ്ക്കുന്നു. ആരോഗ്യ മേഖലയെ സംബന്ധിച്ച് കേരള സമൂഹത്തിനും രാജ്യത്തിനുമാകെ വളരെ വ്യക്തമായ ബോധ്യമുള്ളതും

കേരള മോഡൽ എല്ലാവരും അംഗീകരിക്കുന്നതുമാണ്. ആരോഗ്യ-വനിത-ശിശുവികസന മേഖലയ്ക്ക് ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ളതും കോവിഡിന്റെ രണ്ടും മൂന്നും തരംഗങ്ങൾ ഉൾപ്പെടെ എല്ലാ പ്രതിസന്ധികളെയും നമുക്ക് ഫലപ്രദമായി നേരിടാൻ കഴിഞ്ഞതും ഈ നാട് അംഗീകരിച്ച കാര്യമാണ്. ദേശീയ നീതി ആയോഗിന്റെ സൂചികയിൽ ഒന്നാമതായി വന്നത് കേരളത്തിന്റെ ആരോഗ്യ രംഗമാണ്. ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളും അതിനുള്ള അംഗീകാരങ്ങളും ദേശീയ തലത്തിലും ലഭിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ കോവിഡിനെ നിയന്ത്രിക്കാൻ ആശുപത്രികളെ സുസജ്ജമാക്കിയത് എല്ലാവർക്കുമറിയാം. ഓക്സിജൻ ലഭ്യത കുറവുണ്ടായിരുന്ന സംസ്ഥാനത്ത്, ഓക്സിജൻ കരുതൽ ശേഖരണമുണ്ടാക്കാനുള്ള നടപടി സ്വീകരിച്ചത് ഈ കാലഘട്ടത്തിലാണ്. ജനങ്ങളുടെ സഹകരണവും ആരോഗ്യ പ്രവർത്തകരുടെ ആത്മാർത്ഥമായ കഠിന പ്രവർത്തനവുംകൊണ്ടാണ് കോവിഡിനെ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യാൻ സംസ്ഥാനത്തിന് സാധ്യമായതെന്ന് നമുക്കെല്ലാവർക്കുമറിയാം. ആശുപത്രികൾ ജനസൗഹൃദമാക്കി മാറ്റാനും രോഗികളുടെ ചെലവ് ചുരുക്കുന്നതിന് ജനകീയ പങ്കാളിത്തം

ഉറപ്പാക്കാനുമാവശ്യമായ പ്രവർത്തനങ്ങൾ ആർദ്രം മിഷൻ-II നടപ്പിലാക്കുന്നതോടെ നമുക്ക് സാധിക്കും. മുതിർന്ന പൗരന്മാർക്കും ബി.പി.എൽ.-കാർക്കും വീടുകളിലേയ്ക്ക് മരുന്നെത്തിച്ചുകൊടുക്കാനുള്ള സംവിധാനമുണ്ടാക്കിയത് കേരളത്തിലാണ്. ഇരുപത്തിനാല് ആശുപത്രികളിൽ ക്യാൻസർ ചികിത്സാ സംവിധാനങ്ങളുണ്ടാക്കിയിരിക്കുകയാണ്. കേരളത്തിന്റെ ചരിത്രം ആരംഭിച്ച 1957 മുതൽ ആരോഗ്യ മേഖലയിൽ ക്രമാനുഗതമായ പുരോഗതി കൈവരിച്ചുകൊണ്ടാണ് ഇപ്പോഴും മുന്നോട്ടുപോകുന്നത്. അതുപോലെ മാതൃ-ശിശു മരണ നിരക്ക് വളരെയേറെ കുറച്ചുകൊണ്ടുവരാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. 350 സർക്കാർ ആശുപത്രികളിൽ ഇ-ഹെൽത്ത് പ്രാഥമിക ഘട്ടത്തിലെത്തിക്കാൻ കഴിഞ്ഞുയെന്നത് എടുത്തുപറയത്തക്ക നേട്ടമാണ്. കഴിയുന്നതാണ്. സംസ്ഥാനത്ത് ശിശുമരണ നിരക്കും മാതൃമരണനിരക്കും കുറച്ചുകൊണ്ടുവരാൻ സാധിച്ചു. പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കുകയും കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയെന്ന നിലയ്ക്ക് ആ പ്രവർത്തനങ്ങൾ ഇപ്പോഴും മുന്നോട്ടുപോകുകയുമാണ്. 2017-18-ൽ 170 എണ്ണത്തിൽ 162 എണ്ണവും

2018-19-ൽ 504 എണ്ണത്തിൽ 329 എണ്ണവും പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞു. 2019, 2020, 2021, 2022 എന്നീ വർഷങ്ങളിൽ 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെയാണ് ബ്ലോക്ക് ലെവലിൽ വളരെ മെച്ചപ്പെട്ട രീതിയിൽ ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞത്. 2021-2022-ൽ 76 സി.എച്ച്.സി.കളെ ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞു. ആരോഗ്യ രംഗത്തെ ഇ-ഹെൽത്ത് പദ്ധതി ഡിജിറ്റൽ യുഗത്തിലേയ്ക്ക് മാറ്റിക്കൊണ്ടിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിലെ ആരോഗ്യരംഗത്തൊന്നും ഈ പദ്ധതി ഇല്ലെന്നാണ് കരുതുന്നത്. കേരളത്തിൽ 2016-ലാണ് ഈ പദ്ധതി ആരംഭിച്ചത്. 1142 ആശുപത്രികൾ ഇ-ഹെൽത്ത് സംവിധാനവുമായി മുന്നോട്ടുപോകുകയാണ്. സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വിവര ശേഖരണങ്ങൾ നടത്തുന്നതിനുള്ള സംവിധാനം ആരോഗ്യ മേഖലയിലുണ്ടായിരിക്കുകയാണ്. സംസ്ഥാനത്താകെ 1280 ആശുപത്രികളും 4700 പൊതുജനാരോഗ്യ കേന്ദ്രങ്ങളുമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ജനനം മുതൽ മരണംവരെയുള്ള ചികിത്സാ രേഖകൾ, UID (Unique Identification numbers) മുഖാന്തരം ബന്ധിപ്പിക്കുന്ന സംവിധാനമുണ്ടാക്കിയിരിക്കുന്നു. രാജ്യത്തെ

പൊതുജനാരോഗ്യം വലിയ തകർച്ചയെ നേരിടുന്ന സന്ദർഭത്തിൽ, കൂടുതൽപേരെ ചികിത്സിക്കാനും അവർക്കാവശ്യമായ ആശ്വാസ നടപടികൾ സ്വീകരിക്കാനും സംസ്ഥാനത്തെ പൊതുജനാരോഗ്യരംഗത്തിന് കഴിഞ്ഞു. നമ്മുടെ രാജ്യത്തെ കണക്കുകൾ പരിശോധിച്ചാൽ, ബീഹാറിൽ 80 ശതമാനവും ആന്ധ്രയിൽ 57.9 ശതമാനവും തെലങ്കാനയിൽ 63 ശതമാനവും ഹരിയാനയിൽ 61 ശതമാനവും പഞ്ചാബിൽ 67 ശതമാനവും മഹാരാഷ്ട്രയിൽ 63 ശതമാനവും ആളുകൾ സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നതെന്ന് മനസ്സിലാകും. എന്നാൽ കേരളത്തിൽ സ്വകാര്യ മേഖലയെ ആശ്രയിക്കുന്നവരുടെ എണ്ണം 23.9 ശതമാനം മാത്രമാണ്. കേരളത്തിലെ സർക്കാർ ആശുപത്രികളിലും അനുബന്ധ സ്ഥാപനങ്ങളിലുമുൾപ്പെടെ പൊതുജനാരോഗ്യരംഗ സംവിധാനങ്ങൾ മെച്ചപ്പെടുത്തി മുന്നോട്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നാണ് ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

വനിത-ശിശുക്ഷേമത്തിനായി 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർമാരും 83 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളുമുണ്ട്. വരുംവർഷങ്ങളിൽ എല്ലാ ബ്ലോക്കുകളിലും ഇതുണ്ടാക്കാൻ

ആവശ്യമായ നടപടികളുമായാണ് ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. 'നിർഭയ' പദ്ധതിപ്രകാരം ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള സംരക്ഷണത്തിനുള്ള നിയമ നടത്തിപ്പ്, പുനരധിവാസം, 18 ഷെൽട്ടറുകൾ എന്നിവ ഈ മേഖലയിൽ തയ്യാറാക്കിയിരിക്കുന്നു. 'കാതോർത്ത്' എന്ന പദ്ധതിയിലൂടെ ഓൺലൈൻ കൺസൾട്ടൻസി, സ്ത്രീ പ്രശ്നങ്ങൾ കേൾക്കൽ, പരിഹാര നിർദ്ദേശങ്ങൾ നൽകൽ, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ഒരുക്കുന്നതിനുവേണ്ട സംവിധാനമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വലിയ നേട്ടം കൈവരിച്ചൊരു കാലഘട്ടത്തിലൂടെയാണ് ആരോഗ്യരംഗം കടന്നുപോകുന്നത്. ക്രമാനുഗതമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിയുടെ പുതിയൊരവസ്ഥ രണ്ടാം എൽ.ഡി.എഫ്. സർക്കാരിന്റെ വരവോടുകൂടി ഉണ്ടായിരിക്കുകയാണ്. കേരള മാതൃക എന്നത് സർക്കാർ, സഹകരണ, സ്വകാര്യ ആശുപത്രികളെല്ലാം ചേർന്നുള്ളതാണ്. സർക്കാർ ആശുപത്രികൾ - 1283, ഉപകേന്ദ്രങ്ങൾ - 5400, ജനറൽ ആശുപത്രി - 18, ജില്ലാശുപത്രികൾ - 18, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ - 46, താലൂക്കാശുപത്രികൾ - 40, സി.എച്ച്.സി. - 224, പി.എച്ച്.സി. - 568,

എഫ്.എച്ച്.സി. - 170, സ്വകാര്യ ആശുപത്രികൾ - 2062 എന്നിങ്ങനെയാണ്. രാജ്യത്തിന്റെ മറ്റ് പല മേഖലകളിൽനിന്നും വ്യത്യസ്തമായി കേരളത്തിന്റെ ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ ഇവിടെത്തന്നെ പരിഹരിക്കാൻ കഴിയുന്നുവെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. ആരോഗ്യ മേഖലയിൽ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും സഹായത്തിലും നടത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്.

ഈ സന്ദർഭത്തിൽ ചില പ്രധാനപ്പെട്ട പ്രശ്നങ്ങൾ സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പ്രായോഗികമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. അതുപോലെ കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ കാത്ത് ലാബ് എത്രയുംവേഗം പ്രാവർത്തികമാക്കണമെന്ന വിഷയം ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മലയോര മേഖലയിലുള്ള പൂടംകല്ല് താലൂക്കാശുപത്രിയിൽ ഡയാലിസിസ് സംവിധാനമൊരുക്കുന്നതിനുവേണ്ട

പ്രവർത്തനമാരംഭിച്ചിട്ട് ഏറെക്കാലമായെങ്കിലും ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. ഈ വിഷയം അടിയന്തരപ്രാധാന്യത്തോടുകൂടി പരിഗണിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സംബന്ധിച്ച കാര്യങ്ങൾ ഞാൻ നേരത്തെ സൂചിപ്പിച്ചു. അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയെന്ന നിലയിൽ ജില്ലാശുപത്രിയുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തിക്കൊണ്ട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം എത്രയുംവേഗം പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

മി. ചെയർമാൻ: അങ്ങ് കൺക്ലൂഡ് ചെയ്യൂ, സമയം കഴിഞ്ഞു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കോവിഡ് കാലഘട്ടത്തിൽ പണസമ്പാദനത്തിനുവേണ്ടി പാവപ്പെട്ട മനുഷ്യരെ ഉപയോഗിച്ചത് കേരളത്തിലല്ല. ദേശീയാടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനത്തിന്റെ പരിണിതഫലമായി ശതകോടീശ്വരന്മാരുടെ എണ്ണത്തിൽ 40 പേരുടെ വർദ്ധനവുണ്ടായത് ഈ രാജ്യത്താണ്. ദേശീയ തലത്തിലുള്ള ഗവൺമെന്റാണ് അത്തരം നടപടികൾ സ്വീകരിച്ചത്. കോവിഡുകാലത്ത്

സംസ്ഥാനത്ത് ലഭിക്കുന്ന ചികിത്സയുടെ പ്രത്യേകതകൊണ്ട് പ്രവാസികളുൾപ്പെടെയുള്ളവർ തിരിച്ചെത്താൻ ശ്രമിച്ചത് സ്വന്തം മണ്ണായ കേരളത്തിലേയ്ക്കാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ.കെ. വിജയൻ]

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇപ്പോൾ കേരളത്തിലെ ആരോഗ്യരംഗം രോഗാതുരമായ അവസ്ഥയിലാണ്. ആരോഗ്യരംഗം ഇത്രയും മോശമായ ഒരു കാലഘട്ടം ഇതുവരെയുണ്ടായിട്ടില്ല. അടുത്തകാലത്ത് പാലക്കാട് ജില്ലയിലെ ഒരാശുപത്രിയിൽ അധികൃതരുടെ കൃത്യവിലോപംമൂലം അമ്മയും കുഞ്ഞും മരണപ്പെടുകയുണ്ടായി. മൃതദേഹം മാറിപ്പോകുക, പോസ്റ്റുമോർട്ടം ചെയ്യാതെ മൃതദേഹം വിട്ടുനൽകുക, യഥാസമയം ചികിത്സ നൽകാതിരിക്കുക, ചികിത്സാപ്പിഴവ്, മരുന്നുക്ഷാമം തുടങ്ങിയ നിരവധി വീഴ്ചകൾ കഴിഞ്ഞ കുറച്ചുദിവസങ്ങൾ പരിശോധിച്ചാൽ കാണാൻ സാധിക്കും. ആരോഗ്യ വകുപ്പിന്റെ ഉത്തരവാദിത്തമില്ലായ്മയെക്കുറിച്ച് ചീഫ് സെക്രട്ടറി പറഞ്ഞ വാർത്തകൾ പത്രങ്ങളിലൂടെ നാം വായിച്ചിരുന്നു. വാർത്തകൾ വന്ന് മാസങ്ങൾ കഴിഞ്ഞിട്ടും ഇത്തരത്തിലുള്ള അപചയങ്ങളുണ്ടാകുന്നുവെന്നത്

പ്രയാസകരമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. ഇന്ന് കേരളം അനുഭവിക്കുന്ന രണ്ട് സുപ്രധാനമായ കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒന്നാമതായി പറയാനുള്ളത്, കേരളത്തിൽ മരുന്നുകൾ വിതരണം ചെയ്യുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. ഒരു വർഷം ഏകദേശം 90000 കോടി രൂപയുടെ മരുന്നാണ് ഇവർ വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിൽ ഏറിയപങ്കും ഗുണനിലവാരമില്ലാത്തതാണെന്ന് KSDP (Kerala State Drugs and Pharmaceuticals Ltd.) കഴിഞ്ഞ ദിവസം പത്രങ്ങളിൽ വന്നതാണ്. ഉപയോഗശൂന്യവും നിലവാരമില്ലാത്തതുമായ ഏകദേശം 10 കോടി രൂപയുടെ മരുന്നാണ് കെ.എസ്.ഡി.പി. മാറ്റിവച്ചത്. മരുന്ന് നിർമ്മിക്കാൻ ആവശ്യമായ API (Active Pharmaceutical Ingredients) ഇവിടെ ലഭ്യമല്ല. അത് മദ്രാസിലെ ഇടനിലക്കാർ മുഖാന്തരം ചൈനയിൽ നിന്നാണ് വാങ്ങുന്നത്. ചൈനയിൽ എല്ലാ സാധനങ്ങളും വ്യാജമായി നിർമ്മിച്ച് നൽകുന്നതാണെന്ന് നമുക്കറിയാം. മരുന്നുല്പാദനത്തിന് ഉപയോഗിക്കുന്ന API ഉൾപ്പെടെ അവിടെനിന്നും വാങ്ങുന്നതുമൂലമുണ്ടാകുന്ന പ്രയാസം കേരളത്തിലെ ജനങ്ങൾ അനുഭവിക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രികൂടി

ഇക്കാര്യം ശ്രദ്ധിക്കണം. കേരളത്തിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതുപോലെ മരുന്ന് ഉല്പാദനശാലകൾ സ്ഥാപിച്ച് API ഉൾപ്പെടെയുള്ള സാധനങ്ങൾ ഇവിടെ നിർമ്മിക്കാനാവശ്യമായ നിലപാടെടുക്കണം. ഇതിനുവേണ്ട നിക്ഷേപകരെ ധാരാളം ലഭിക്കും. കർണ്ണാടകയും തമിഴ്നാടും ഇത്തരത്തിൽ ഒട്ടനവധി സ്ഥാപനങ്ങൾ നടത്തുകയും അതിലൂടെ മരുന്ന് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഇന്നലത്തെ പത്രത്തിൽവന്ന ഒരു വാർത്ത, 'ഗുജറാത്ത് ഉണ്ടാക്കും കേരളം കഴിക്കും' എന്നാണ്. ഗുജറാത്ത് ഉണ്ടാക്കുന്ന മരുന്നുകളാണ് കേരളത്തിൽ ഉപയോഗിക്കുന്നത്. അതുകൊണ്ട് മരുന്ന് ഉൽപ്പാദനശാലകൾ സ്ഥാപിക്കുന്നതിനാവശ്യമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. രണ്ടാമതായി പറയാനുള്ളത്, തെലങ്കാനയിലെ ഡ്രഗ് ലാബ് ഇൻസ്റ്റിറ്റ്യൂഷൻ നടത്തിയ ഒരു പരിശോധനയിൽ അവിടെനിന്നുള്ള Thyronorm 100 എന്ന തൈറോയിഡിനുവേണ്ടി ഉപയോഗിക്കുന്ന മരുന്ന് വ്യാജമാണെന്ന് കണ്ടെത്തിയതിനാൽ അത് നിഷ്കരുണം തള്ളുകയുണ്ടായെന്ന് ഇന്നലത്തെ പത്രത്തിൽ വാർത്തയുണ്ടായിരുന്നു. കേരളത്തിൽ തൈറോയിഡ്

രോഗികൾക്കുള്ള കൂടുതൽ മരുന്നും പുറത്തുനിന്നാണ് വരുന്നത്. ആ മരുന്ന് കൂടുതലും ഉപയോഗിക്കുന്നത് കേരളത്തിലാണെന്നുള്ളതുകൊണ്ട് വലിയ ചൂഷണമാണ് അതിന്റെ ഭാഗമായി നടക്കുന്നത്. അത് ജനങ്ങളുടെ രോഗം കൂട്ടുന്നതിനും മറ്റ് പ്രയാസങ്ങളുണ്ടാക്കുന്നതിനും കാരണമാകുമെന്നതിന് യാതൊരു സംശയവുമില്ല. ഇവിടെ ഏകദേശം 80000 ബ്രാൻഡഡ് മരുന്നുകളാണുള്ളത്. 4 ലക്ഷത്തിലധികം മരുന്നുകൾ മാസങ്ങൾക്കകം വിറ്റുപോകുന്നുണ്ട്. ഗുണനിലവാരമുള്ളത് 15000-ൽ താഴെയാണെന്ന് ഇതിന്റെ പരിശോധനയിൽത്തന്നെ വ്യക്തമാകുകയാണ്. നാല് ലക്ഷത്തിലധികം മരുന്നുകളിൽ ഏകദേശം 5000 ബാച്ചുകൾ മാത്രമാണ് പരിശോധനയ്ക്കെടുക്കുന്നത്. ബാക്കിയുള്ള മരുന്നുകൾ പരിശോധിക്കപ്പെടാതെ പോകുന്നു. ഉപയോഗിക്കുന്ന മരുന്നുകൾ എത്രമാത്രം വ്യാജമാണെന്ന് പരിശോധിക്കാനുള്ള സംവിധാനമില്ലാത്തതുകൊണ്ടുതന്നെ കേരളത്തിലെ ജനങ്ങൾ അതിന്റേതായ പ്രയാസങ്ങൾ അനുഭവിക്കുന്നുവെന്ന് കാണാൻ കഴിയും.

മറ്റൊരു വിഷയം, കഴിഞ്ഞ ആറ് മാസത്തിനകം പതിമൂന്ന് പേരാണ് സംസ്ഥാനത്ത് പേവിഷബാധമൂലം മരണപ്പെട്ടത്. ഡോക്ടർമാരുടെ

നിർദ്ദേശാനുസരണം നാല് വാക്സിനുകളും കൃത്യമായി എടുത്തിട്ടും ഒരു കുട്ടി മരണപ്പെടാനിടയായ സാഹചര്യം അന്വേഷണവിധേയമാക്കണം. വാക്സിനെടുത്തിട്ടും മരണം സംഭവിക്കുന്നുവെന്നുള്ളത് സമൂഹത്തിൽ ആശങ്കയുണ്ടാക്കുന്നതാണ്. ആ കുട്ടിക്ക് നൽകിയ വാക്സിന്റെ അതേ ബാച്ചിലുള്ള മുഴുവൻ വാക്സിനുകളും പരിശോധനയ്ക്ക് വിധേയമാക്കുകയോ സമഗ്രമായ പേവിഷബാധ പ്രതിരോധ നിയന്ത്രണ പരിപാടിക്ക് രൂപം നൽകുകയോ ചെയ്യേണ്ടത് ഗവൺമെന്റിന്റെ കടമയാണ്.

കോവിഡ് മരണവുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ഇന്നും നിലനിൽക്കുകയാണെന്ന് എല്ലാവർക്കുമറിയാം. കോവിഡ് വാക്സിൻ സ്വീകരിച്ചതിനെത്തുടർന്നുണ്ടായ അസ്വാസ്ഥ്യംമൂലം നിരവധിപേർ സംസ്ഥാനത്ത് മരണപ്പെട്ടിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ 28 വയസ്സുള്ള അസ്ന എന്ന യുവതി ഒന്നാം ഡോസ് വാക്സിൻ എടുത്തതിനെത്തുടർന്ന് മരണപ്പെടുകയുണ്ടായി. സാമ്പത്തികമായി വളരെ പ്രയാസമനുഭവിക്കുന്ന ആ കുടുംബത്തിന് സർക്കാർ ഇതുവരെ സാമ്പത്തിക സഹായം ചെയ്യുകയോ അന്വേഷിച്ച് കൃത്യമായ വെളിപ്പെടുത്തൽ നടത്തുകയോ ചെയ്തിട്ടില്ലെന്നത് ഖേദകരമാണ്.

സംസ്ഥാനത്ത് പനിബാധിതരുടെ എണ്ണം ആശങ്കയുയർത്തുംവിധം ഉയരുകയാണ്. പതിനയ്യായിരത്തിൽപ്പരം ആളുകളാണ് ഓരോ ദിവസവും പനി ബാധിതരാകുന്നത്. രോഗം ക്രമാതീതമായി വ്യാപിക്കുമ്പോഴും ആശുപത്രികളിൽ പനി വാർഡുകളൊരുക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ ആശുപത്രികളിൽ മതിയായ ഡോക്ടർമാരും ജീവനക്കാരുമില്ലാത്തതും മരുന്നുകൾ ലഭ്യമല്ലാത്തതും രോഗികളെ ഏറെ വലയ്ക്കുന്നുണ്ട്. കേരളത്തിലെ എല്ലാ പി.എച്ച്.സി.-കളിലും ഈ സമയത്ത് ലഭിക്കുന്ന മരുന്നുകൾ തുലോം പരിമിതമാണ്. മരുന്ന് നൽകാൻ ഉത്തരവാദപ്പെട്ട കമ്പനികൾക്ക് ലക്ഷക്കണക്കിന് രൂപ അടവാക്കിക്കൊടുത്തിട്ടും മരുന്നുകൾ ലഭ്യമാക്കാതെ അരോചകമായ നിലപാടുകളാണ് വളരെ പ്രാധാന്യമേറിയ ഈ സന്ദർഭത്തിൽപ്പോലും അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്നും മരുന്ന് ലഭ്യമാക്കാനാവശ്യമായ നിലപാട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. പി.എച്ച്.സി.-കൾക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടിൽനിന്നുപോലും തുക കൊടുത്തിട്ടും അത് ലഭിക്കാത്ത അവസ്ഥാവിശേഷം

ഉണ്ടായിരിക്കുന്നുവെന്നത് പറയാതിരിക്കാൻ വയ്യ. സമയത്ത് ചികിത്സയും മരുന്നും ലഭിക്കാത്തതുകാരണം കഴിഞ്ഞ ഏഴ് മാസത്തിനിടയിൽ എട്ട് ഹീമോഫീലിയ രോഗികളാണ് സംസ്ഥാനത്ത് മരണപ്പെട്ടത്. ഹീമോഫീലിയ ചികിത്സ 'കാരുണ്യ' പദ്ധതിയിൽനിന്നും 'ആശാധാര' പദ്ധതിയിലേയ്ക്ക് മാറ്റിയതിനുശേഷം ചികിത്സയ്ക്ക് കാര്യമായ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരികയാണ്. രോഗി അഡ്മിറ്റായാൽ മാത്രമേ ചികിത്സയും മരുന്നും ലഭ്യമാകൂ എന്നുള്ള വ്യവസ്ഥയാണ് അതിന് കാരണം. അമിതമായി രക്തസ്രാവമുണ്ടാകുന്ന സമയത്ത് രോഗികൾ ഉപയോഗിക്കുന്ന ഫൈബ്രിനോജെൻ ഫാക്ടർ എന്ന മരുന്ന് എല്ലാ ആശുപത്രികളിലും ലഭ്യമാക്കുന്നതിനും ചികിത്സ ഉറപ്പുവരുത്തുന്നതിനുമാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്കാശുപത്രിക്കായി കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന ഫണ്ടിന്റെ 20% മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ബാക്കി തുക ലഭ്യമാക്കി ആശുപത്രിയുടെ വികസനം പൂർത്തീകരിക്കാനും അതോടൊപ്പം സ്റ്റാഫ് പാറ്റേൺ പുതുക്കി ആവശ്യമായ ഡോക്ടർമാരെ നിയമിക്കാനും നടപടി സ്വീകരിക്കണം.

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നമാണ് എല്ലാ മണ്ഡലങ്ങളിലെയും ആശുപത്രികളിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് മാറ്റിവച്ചത്. ഐസൊലേഷൻ വാർഡ് തുടങ്ങുമെന്ന് പറഞ്ഞിട്ടും എന്റെ മണ്ഡലത്തിൽ നാളിതുവരെയായി അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾപോലും തുടങ്ങിയിട്ടില്ല. സംസ്ഥാനത്ത് വീണ്ടും കോവിഡും പകർച്ചവ്യാധികളും മഹാമാരികളും പടർന്നുപിടിക്കുന്ന ഈ സന്ദർഭത്തിൽ ഐസൊലേഷൻ വാർഡുകൾ എത്രയുംവേഗം പൂർത്തീകരിക്കാനാവശ്യമായ നടപടികളുണ്ടാകണം. അതോടൊപ്പം ബഹുമാന്യയായ മന്ത്രിതന്നെ പറഞ്ഞതനുസരിച്ചാണ് പാലക്കാട് സംഭവത്തിന്മേൽ കേസെടുത്തതും അതുമായി മുന്നോട്ടുപോകുന്നതും. അതിക്രമങ്ങളും കയ്യേറ്റം ചെയ്യലുമൊക്കെ ഡോക്ടർമാർക്കെതിരെയുണ്ടാകുകയാണ്. ഉപഭോക്തൃ സംരക്ഷണനിയമം രൂപീകരിച്ച് ഡോക്ടർമാർക്കും രോഗികൾക്കും ആവശ്യമായ പരിഗണന നൽകാതെ, അവരെ സംരക്ഷിക്കാതെ കടന്നുപോകുന്നു.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, വ്യാവസായികമായി ആശുപത്രികളെ പരിഗണിക്കുന്നതുകൊണ്ട് അവയുടെ പ്രാധാന്യം കുറഞ്ഞുപോകുന്നുണ്ട്. പുതുക്കാത്ത സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിങ്ങനെ ആരോഗ്യ മേഖലയിലുള്ള ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടികളുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സമാനതകളില്ലാത്ത വെല്ലുവിളികളാണ് ആരോഗ്യ മേഖല നേരിട്ടുകൊണ്ടിരിക്കുന്നത്. കോവിഡ്, നിപ എന്നിവയ്ക്കെതിരായി ശാസ്ത്രീയമായ പ്രതിരോധം തീർക്കാൻ കഴിഞ്ഞ ആരോഗ്യ വകുപ്പും ഗവൺമെന്റുമാണ് ഇന്ന് കേരളത്തിലുള്ളതെന്നത് നമുക്കെല്ലാവർക്കുമറിയാം. ഇവിടെ ബഹുമാനപ്പെട്ട ചാലക്കുടി അംഗം സംസാരിച്ചപ്പോൾ പറഞ്ഞത് സ്വകാര്യ മേഖലയെ സംരക്ഷിക്കുന്ന നിലയിലാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്നാണ്. അദ്ദേഹത്തിന്റെ ചിന്തയിലേയ്ക്ക് അത് മാത്രമേ വരികയുള്ളൂ. കാരണം, അങ്ങനെയൊരു ഗവൺമെന്റ് മുമ്പ്

കേരളത്തിലുണ്ടായിരുന്നു, യു.ഡി.എഫ്. ആയിരുന്നു അന്ന് കേരളം ഭരിച്ചിരുന്നത്. അന്ന് ആശുപത്രികളിൽ ഡോക്ടർമാരുണ്ടാകില്ല, ഡോക്ടർമാരുണ്ടെങ്കിൽ നഴ്സുമാർ കാണില്ല, ഡോക്ടർമാരും നഴ്സുമാരുമുണ്ടെങ്കിൽ മരുന്ന് കാണില്ല. മരുന്ന് വാങ്ങുന്നതിൽപോലും ഭീമമായ അഴിമതി നടത്തിയതും അതുമായി ബന്ധപ്പെട്ടുകൊണ്ട് ആരോപണങ്ങൾ ഉയർന്നുവന്നതുമായ ഒരു കാലത്തെയാണ് അവരെല്ലാം ഇപ്പോഴും ഓർത്തെടുക്കാൻ ശ്രമിക്കുന്നത്. അതുകൊണ്ടാണ് ഇത്തരത്തിലുള്ള പരാമർശങ്ങൾ നടത്തുന്നത്. നമുക്കറിയാം, കേരളത്തിൽ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങൾ ദേശീയവും അന്തർദേശീയവുമായ അംഗീകാരങ്ങൾ നേടിയെടുത്തവയാണ്. കേരളം എന്ന ഈ ചെറിയ സംസ്ഥാനം നടത്തുന്ന പ്രതിരോധ മാർഗ്ഗങ്ങളെ സത്യത്തിൽ അഭിനന്ദിക്കുകയല്ലേ ചെയ്യേണ്ടത്? സമ്പന്ന രാഷ്ട്രങ്ങൾപോലും കോവിഡ് വന്നപ്പോൾ പകച്ചുനിന്നു. പക്ഷെ കേരളം എന്താണ് ചെയ്തത്? കേരളത്തിൽ ഒരു കോവിഡ് രോഗിയുണ്ടായാൽ ഫോൺ ചെയ്യുമ്പോൾതന്നെ അവിടേയ്ക്ക് ആംബുലൻസുമായി ആരോഗ്യ പ്രവർത്തകരെത്തുകയും അവരെ ആശുപത്രിയിൽ കൂട്ടിക്കൊണ്ടുപോയി ചികിത്സിച്ച് തിരികെ

വീട്ടിലെത്തിക്കുകയും ചെയ്യുന്നു. അത് ലോകം പ്രശംസിച്ചതല്ലേ? എത്രയാളുകളുടെ ജീവൻ നമുക്ക് രക്ഷിക്കാൻ കഴിഞ്ഞു. അപ്പോഴും അയൽ സംസ്ഥാനങ്ങളിലൊക്കെ ഓക്സിജൻ കിട്ടാതെയും ആശുപത്രിയിൽ അഡ്മിഷൻ കിട്ടാതെയുമൊക്കെ ആളുകൾ മരിക്കുന്നത് നമ്മൾ കണ്ടിട്ടുണ്ട്. നമ്മുടെ രാജ്യത്തുതന്നെ ഒരു സൗകര്യവുമില്ലാതെ ധാരാളം ആളുകൾ വഴിമദ്ധ്യേ മരിക്കുന്നു, ശവശരീരങ്ങൾ നദിയിലൂടെ ഒഴുകുന്നു. മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ നമ്മൾ അതിവിദഗ്ദ്ധമായ പ്രതിരോധ മാർഗ്ഗങ്ങളിലൂടെ ആശുപത്രികൾ തുടങ്ങി ഒന്നാംഘട്ടവും രണ്ടാംഘട്ടവും മൂന്നാംഘട്ടവും അതിജീവിച്ചു, അങ്ങനെ ധാരാളം അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ നടത്തി. ഇതിനിടയിൽ നിപ വന്നു, അതിനെയും നമ്മൾ പ്രതിരോധിച്ചു. ഈ ഘട്ടത്തിൽത്തന്നെ ദേശീയ തലത്തിൽ നീതി ആയോഗിന്റെ ആരോഗ്യ മേഖലയിലെ സൂചികയിൽ കേരളത്തിനായിരുന്നു ഒന്നാംസ്ഥാനം. അത്തരത്തിൽ കേരളത്തിലെ ആരോഗ്യ മേഖല മികച്ച അവാർഡുകൾ നേടുന്നു. ഈ ഗവൺമെന്റിനെ പ്രതിപക്ഷവും ജനങ്ങളും അഭിനന്ദിക്കുകയാണ് ചെയ്യേണ്ടത്.

രാജ്യത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ശിശുമരണം. പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ശിശുമരണ നിരക്ക് ക്രമാതീതമായി വർദ്ധിക്കുകയാണ്. എന്നാൽ ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവന്ന് ദേശീയതലത്തിൽ മാതൃകയായ നിലയിൽ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന കേരളത്തിന് അഭിമാനിക്കാം. നമുക്കറിയാം, കേന്ദ്ര ഗവൺമെന്റ് പാരസെറ്റമോൾ, ആന്റിബയോട്ടിക്കുകൾ എന്നിവയുൾപ്പെടെയുള്ള മരുന്നുകളുടെ വില ഇരട്ടിയിലധികം വർദ്ധിപ്പിക്കുകയാണ്. ആ സാഹചര്യത്തിലും കേരളം എന്താണ് ചെയ്യുന്നത്? ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്കും പ്രായമായവർക്കും സൗജന്യമായി മരുന്ന് വീടുകളിൽ എത്തിച്ചുകൊടുക്കുകയാണ്. ലോകത്ത് എവിടെയെങ്കിലും ഏതെങ്കിലും മന്ത്രിക്കോ ഭരണാധികാരിക്കോ ഇത് ചിന്തിക്കാൻ കഴിയുമോ? അത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടപ്പാക്കുന്നത്. മറ്റൊന്ന്, ഡയാലിസിസ് രോഗികൾ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അവർക്കൊക്കെ സഹായമായി തൊട്ടടുത്ത കേന്ദ്രങ്ങളിൽ അല്ലെങ്കിൽ വീടുകളിൽ പോയി ഡയാലിസിസ് ചെയ്യുന്ന സംവിധാനം സർക്കാർ ഒരുക്കുകയാണ്. ഇതൊന്നും കേരളത്തിലെ

ഒരു മാധ്യമങ്ങളും ചർച്ച ചെയ്യില്ല, അവർ അതിന് ആഗ്രഹിക്കുന്നുമില്ല. പ്രതിപക്ഷം ഊതിവീർപ്പിക്കുന്ന വിവാദങ്ങൾക്കാണ് അവർ എല്ലാകാലത്തും താൽപ്പര്യം കൊടുക്കുന്നത്. പക്ഷെ ഞങ്ങൾക്ക് ഒരു കാര്യത്തിൽ ഉറപ്പുണ്ട്, ഇതെല്ലാം അനുഭവിക്കുന്നത് കേരളത്തിലെ സാധാരണക്കാരായ ജനങ്ങളാണ്. അവർ ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്, രാഷ്ട്രീയത്തിനതീതമായ ഒരു പിന്തുണ അവരുടെ ഭാഗത്തുനിന്നും ഞങ്ങൾക്ക് ലഭിക്കും. ആദരണീയനായ സജി ചെറിയാൻ മന്ത്രിസ്ഥാനം രാജിവച്ചുവെന്ന് നമുക്കറിയാം, ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. എത്ര നികൃഷ്ടമായാണ് ചില മാധ്യമങ്ങളും പ്രതിപക്ഷവും അദ്ദേഹത്തെ ചിത്രീകരിക്കാൻ ശ്രമിക്കുന്നത്. കുന്തമുണ്ടാക്കി അദ്ദേഹത്തിന്റെ നെഞ്ചിൽ കയറ്റി ആസ്വദിക്കാനാണ് ശ്രമിക്കുന്നത്. ഒരു പ്രസംഗത്തിന്റെ പേരിൽ അധികമാരും രാജിവച്ച ചരിത്രമില്ലെന്നുള്ളത് നമുക്കറിയാം. മുമ്പ് രാജിവച്ചിട്ടുള്ളത് കോടതി പരാമർശത്തിന്റെ ഭാഗമായാണ്. ഇവിടെ അങ്ങനെയൊന്നും സംഭവിച്ചിട്ടില്ല. ഭരണഘടനയെ വാക്കുകൊണ്ട് നോവിച്ച്, അപമാനിച്ചുവെന്ന വിവാദമുയർന്ന് മണിക്കൂറുകൾക്കുള്ളിൽ അദ്ദേഹം രാജിവയ്ക്കുകയാണ് ചെയ്തത്. എന്നിട്ടും അദ്ദേഹത്തെ വിടാൻ ഉദ്ദേശിക്കുന്നില്ല.

ഒരു മാധ്യമം ഇന്നും കേരളത്തിലെ ജനങ്ങളെ മനസ്സിലാക്കിക്കാൻ ശ്രമിച്ചത് അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞുവെന്നാണ്. ഗ്ലാസിനിടയിലൂടെയും ഗ്ലാസിനകത്തുകൂടിയും അദ്ദേഹത്തിന്റെ കണ്ണുകൾ നോക്കുകയാണ്. എന്നാൽ എത്ര പുഞ്ചിരിയോടുകൂടിയാണ് അദ്ദേഹം ഈ വിഷയത്തെ അഭിമുഖീകരിച്ചത്. ശ്രീ. സജി ചെറിയാനെക്കുറിച്ച് ഇവർക്ക് എന്തറിയാം; വിദ്യാർത്ഥി-യുവജന സംഘടനാ പ്രവർത്തനത്തിലൂടെയാണ് ശ്രീ. സജി ചെറിയാൻ കേരളത്തിന്റെ പൊതുരാഷ്ട്രീയ മണ്ഡലത്തിലേയ്ക്ക് ഉയർന്നുവന്നത്. കേരളത്തിന്റെ മത്സ്യത്തൊഴിലാളി മേഖലയിൽ അദ്ദേഹം ഒരു വർഷംകൊണ്ട് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് നിങ്ങൾ ഒരു വാക്ക് എഴുതിയോ; എത്രയെത്ര പദ്ധതികളാണ് അദ്ദേഹം നടപ്പിലാക്കിയത്. കാലാകാലങ്ങളിൽ കൊടുക്കാതെ കിടന്ന ഇൻഷ്വറൻസ് തുക കുടിശ്ശികയുൾപ്പെടെ കൊടുത്തുതീർത്തു. മത്സ്യത്തൊഴിലാളികളായ വനിതകൾക്ക് സൗജന്യ യാത്രയൊരുക്കി. സാംസ്കാരിക മേഖലയിൽ കാലത്തിനനുസരിച്ച് പുതിയ ഒ.ടി.ടി. പ്ലാറ്റ്ഫോം ഉൾപ്പെടെ വിഭാവനം ചെയ്തു. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ കാര്യങ്ങളിലേയ്ക്കൊന്നും കടന്നുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരു പ്രസംഗം വളച്ചൊടിച്ച

രീതിയിൽ വ്യാഖ്യാനിക്കപ്പെടുമ്പോൾ ഭരണഘടനയെ വാക്കുകൾകൊണ്ട് അപമാനിക്കുകയാണെങ്കിൽ, അതിന്റെ പേരിൽ രാഷ്ട്രീയസ്ഥാനം ഒഴിയേണ്ടിവരുകയാണെങ്കിൽ ആദ്യം ഒഴിയേണ്ടയാൾ കേരളത്തിലെ കെ.പി.സി.സി. പ്രസിഡന്റും എം.പി.-യുമായ ശ്രീ. കെ. സുധാകരനാണ്. ഭരണഘടനയല്ല വിശ്വാസമാണ് വലുതെന്ന് പറഞ്ഞത് അദ്ദേഹമാണ്. ആർത്തവം ശാരീരിക അശുദ്ധി തന്നെയാണ്, ഇതൊന്നും തിരുത്താവുന്ന കാര്യമല്ലെന്നും ഭരണഘടനയ്ക്ക് മുമ്പേയുള്ള വിശ്വാസമാണ് ഇതെന്നുമാണ് അദ്ദേഹം പറഞ്ഞത്. വാക്കുകൊണ്ടല്ല, ഭരണഘടനയെ പ്രവൃത്തികൊണ്ട് കൊലപ്പെടുത്തിയവരാണ് അപ്പുറത്തിരുന്ന് വാദിക്കുന്നത്. 1957-ലെ സഖാവ് ഇ.എം.എസ്.-ന്റെ ഗവൺമെന്റിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ഇന്ന് കാണുന്ന നിലയിലേയ്ക്ക് കേരളത്തെ രൂപപ്പെടുത്തിയ, ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുത്ത ആ ഗവൺമെന്റിനെ, ഭരണഘടനയെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് പിരിച്ചുവിട്ടവരാണിവർ. സംസാരിക്കാനും അഭിപ്രായം പറയാനും എഴുതാനും ചിന്തിക്കാനും തുടങ്ങി ഭരണഘടന നൽകുന്ന അവകാശങ്ങളെല്ലാം ഹനിക്കപ്പെട്ട അടിയന്തരാവസ്ഥ ഇന്ത്യയിൽ പ്രഖ്യാപിച്ചത് അപ്പുറത്തിരിക്കുന്നവരാണ്. അവരാണ് ഇന്ന്

ഭരണഘടനയെക്കുറിച്ച് പറയുന്നത്. എത്രയെത്ര കലാപങ്ങൾ ഇതിന്റെ പേരിൽ ഇന്ത്യയിൽ നടത്തി. ബി.ജെ.പി.-യും ഇക്കാര്യത്തിൽ വ്യത്യസ്തമല്ല. ഭരണഘടന വിഭാവനം ചെയ്ത ആർട്ടിക്കിൾ 370 റദ്ദ് ചെയ്തുകൊണ്ട് കാശ്മീരിന്റെ ജനാധിപത്യത്തെ കശാപ്പുചെയ്തു. എം.പി.-മാരെയും എം.എൽ.എ.-മാരെയും വിലയ്ക്കെടുത്തുകൊണ്ട് ജനാധിപത്യത്തെ അട്ടിമറിച്ചു. ഇന്ത്യയുടെ ഭരണഘടന വിഭാവനം ചെയ്ത മതേതരത്വം തകർക്കാൻ എല്ലാകാലത്തും കൂട്ടുനിന്നത് കോൺഗ്രസുകാരാണ്. ബാബ്റി മസ്ജിദ് തകർത്ത സമയത്ത് ഇന്ത്യൻ പ്രധാനമന്ത്രി കോൺഗ്രസ്സുകാരനായിരുന്നു. അവിടെ വിഗ്രഹം കൊണ്ടുവയ്ക്കുമ്പോൾ മുഖ്യമന്ത്രി കോൺഗ്രസ്സുകാരനായിരുന്നു. അതിന് എല്ലാ ഒത്താശയും ചെയ്തുകൊടുത്ത് ഇന്ത്യയുടെ ഭരണഘടന വിഭാവനംചെയ്ത മതേതരത്വം തകർത്തവരാണ് ഇന്ന് ഈ കപടവാദവുമായി രംഗത്തുവന്നിട്ടുള്ളത്. ഇടതുപക്ഷക്കാർ എല്ലാകാലത്തും ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് അതിനെ സംരക്ഷിക്കാൻ ധീരമായ നിലപാടെടുത്തുകൊണ്ട് മുന്നോട്ടുപോകുന്നവരാണ്. നാളെയും

അങ്ങനെതന്നെ ചെയ്യുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ആരോഗ്യരംഗത്ത് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ ജനങ്ങൾക്ക് വലിയ പ്രതീക്ഷയാണ് നൽകുന്നത്. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ ഒട്ടുമിക്ക ആശുപത്രികളും നവീകരിച്ചു. എല്ലാ സ്ഥലങ്ങളിലും ആവശ്യമായ മരുന്നുകളും ലാബ് സൗകര്യങ്ങളും ഡോക്ടർമാരുടെ സേവനങ്ങളും ഉറപ്പാക്കി. ഒന്നാം പിണറായി സർക്കാർ നടപ്പാക്കിയ ആർദ്രം മിഷനിലൂടെ ആരോഗ്യ മേഖലയുടെ മുഖച്ഛായ തന്നെ മാറി. ഇപ്പോൾ ആർദ്രം മിഷൻ-II നടപ്പിലാക്കി വരികയാണ്. ആരോഗ്യരംഗം ഇന്ന് ഏത് പ്രതിസന്ധി ഘട്ടത്തെയും അതിജീവിക്കാനുള്ള കരുത്തോടെയാണ് മുന്നോട്ടുപോകുന്നത്. നമ്മുടെ ആരോഗ്യരംഗം ലോകത്തിനുതന്നെ മാതൃകയാണ്. ആരോഗ്യ മേഖലയിൽ മികച്ച പ്രകടനം അടിസ്ഥാനമാക്കിയിട്ടുള്ള ദേശീയ 'നീതി ആയോഗ്' സൂചികയിൽ കേരളം ഒന്നാംസ്ഥാനത്താണ്. ഇവിടെ പ്രതിപക്ഷം പറയുന്നതുപോലെയല്ല,

കോവിഡിന്റെ ഒന്നാംഘട്ടത്തിനെയും രണ്ടാംഘട്ടത്തിനെയും മൂന്നാംഘട്ടത്തിനെയും സധൈര്യം നേരിട്ട ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യരംഗവുമാണ് നമുക്കുള്ളത്. പല രംഗങ്ങളിലുമുണ്ടായ വെല്ലുവിളികളെ ശക്തിയായി നേരിട്ടു. കോവിഡ് മൂന്നാംതരംഗം മുന്നിൽക്കണ്ട് നടത്തിയ പ്രവർത്തനങ്ങൾ വളരെ പ്രയോജനം ചെയ്തു. അതിന്റെ ഫലമായി ആവശ്യത്തിന് ഐ.സി.യു. സംവിധാനങ്ങളും കിടക്കകളും ഓക്സിജൻ പ്ലാന്റുകളും ഉറപ്പാക്കാൻ സാധിച്ചു. ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ പി.എം. കെയറിൽ ഉൾപ്പെടുത്തി രണ്ടുകോടി രൂപ മുടക്കി ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചത് ബഹുമാന്യയായ കേരളത്തിന്റെ ആരോഗ്യ വകുപ്പുമന്ത്രിതന്നെ ഉദ്ഘാടനം ചെയ്യുകയുണ്ടായി. നമുക്കറിയാം, അലോപ്പതിയോടൊപ്പം ഹോമിയോപ്പതി, ആയുർവ്വേദം തുടങ്ങി എല്ലാ മേഖലകളെയും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. 600 ആയുഷ് ഡിസ്പെൻസറികളും ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളും സ്ഥാപിക്കുന്നതിന്റെ ഭാഗമായി 150 ആയുഷ് ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചു. ആരോഗ്യമേഖലയിൽ 326 തസ്തികകൾ സൃഷ്ടിച്ചു. മുതിർന്ന പൗരന്മാർക്കും ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്കും വീടുകളിൽ

സൗജന്യമായി മരുന്നുകൾ എത്തിച്ചുനൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു. ആശുപത്രികളിൽ എത്താൻ കഴിയാത്ത രോഗികൾക്ക് വീട്ടിൽത്തന്നെ സൗജന്യമായി ഡയാലിസിസ് ചെയ്യാൻ സാധിക്കുന്ന പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി  പതിനൊന്ന് ജില്ലകളിൽ നടപ്പിലാക്കി. ബാക്കിയുള്ള മൂന്ന് ജില്ലകളിൽ ഉടൻതന്നെ ഈ പദ്ധതി നടപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇന്ന് പറയുകയുണ്ടായി; ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. പത്ത് ജില്ലകളിൽ സ്ട്രോക്ക് ക്ലിനിക്കുകൾ സ്ഥാപിച്ചു. ക്ഷയരോഗികളെ കണ്ടെത്താനായി 'എന്റെ ക്ഷയരോഗമുക്ത കേരളം' പദ്ധതിയുടെ ഭാഗമായി അക്ഷയ കേരള ക്യാമ്പയിൻ ആരംഭിച്ചു.  ഇന്ത്യയിൽ ആദ്യമായി  ജനറലാശുപത്രികളിൽ ഹൃദയ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവ  വിജയകരമായി നടത്തി. അതുപോലെ പീഡിയാട്രിക് ഹൃദയ ശസ്ത്രക്രിയയും ആദ്യമായി നടത്തിയത് കേരളത്തിലാണ്. അങ്ങനെ എല്ലാ രംഗത്തും കേരളം ഇന്ത്യയ്ക്കുതന്നെ മാതൃകയാവുകയാണ്. 350 സർക്കാർ ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി  107 ആശുപത്രികളിൽ നടപ്പിലാക്കി കഴിഞ്ഞു. ഇതിലൂടെ പ്രതിദിനം ഒരു ലക്ഷം പേർക്ക് സേവനം നൽകാൻ

സാധിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ എല്ലാ സേവനങ്ങളും ടോക്കൺ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ ക്യൂ മാനേജ്മെന്റ് സമ്പ്രദായംവഴി നടപ്പാക്കാൻ സാധിച്ചു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആദ്യമായി ഓൺലൈൻ ഒ.പി. സംവിധാനം ഏർപ്പെടുത്തി. ഇതിലൂടെ ക്യൂ നിൽക്കാതെ ഒ.പി. ടിക്കറ്റെടുത്ത് ഡോക്ടർമാരെ കാണാൻ സാധിക്കും. എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയ സംവിധാനമൊരുക്കി. ഇന്ത്യയിലെ ഒരു മെഡിക്കൽ കോളേജിന് പുറമെ ഹൃദയ ശസ്ത്രക്രിയ നടത്തുന്ന ആദ്യത്തെ സർക്കാർ ആശുപത്രിയായി എറണാകുളം ജനറലാശുപത്രിയെ മാറ്റാൻ സാധിച്ചു. സംസ്ഥാനത്ത് സഞ്ചരിക്കുന്ന പുതിയ ആറ് ഭക്ഷ്യ പരിശോധനാ ലാബോറട്ടറികൾ സജ്ജമാക്കി. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യപരിശോധനാ ലാബുകൾ നടപ്പാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറുകയാണ്. കുട്ടികളിൽ മൊബൈൽ ഉപയോഗം കുറയ്ക്കുന്നതിനായി ഡിജിറ്റൽ ഡി-അഡിക്ഷൻ (ഡി-ഡാഡ്) പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ കാണിച്ച താൽപ്പര്യത്തെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയിലെ ജനറലാശുപത്രിയുടെ പണി വേഗത്തിലാക്കാൻ

ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണമെന്ന് ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്. അതോടൊപ്പം ചങ്ങനാശ്ശേരിയിലെ എൻ.എസ്.എസ്. ഹോമിയോ മെഡിക്കൽ കോളേജിന്റെ പഴക്കം ചെന്നതും ജീർണ്ണിച്ചതുമായ കെട്ടിടം മാറ്റി പുതിയ കെട്ടിടം പണിയാനും അടിയന്തര ഇടപെടലുണ്ടാകണം. ഇവിടേയ്ക്ക് പുതിയ ഒരു ഐ.പി. കെട്ടിടവും കാഷ്വാലിറ്റി കെട്ടിടവും നിർമ്മിക്കുന്നതിനാവശ്യമായ തുക വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ലോക കേരളസഭ ധൂർത്താണെന്ന് ബഹുമാനപ്പെട്ട അംഗം സനീഷ്കുമാർ ജോസഫ് പറഞ്ഞത് അദ്ദേഹം തന്നെ തിരുത്തണം. കാരണം, പ്രവാസികൾ സ്വന്തം കയ്യിലെ കാശുമുടക്കിയാണ് തിരുവനന്തപുരത്തുവന്ന് ലോക കേരളസഭയിൽ പങ്കെടുത്തത്. അവരെ അവഹേളിക്കുന്നത് ശരിയല്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ പകർച്ചവ്യാധികളുടെ തിരിച്ചുവരവും പുതിയ വകഭേദങ്ങളും കണ്ടുവരികയാണ്. കോവിഡ് കേസ്സുകൾ ഏറ്റവും കൂടുതൽ വർദ്ധിച്ചതും ജാഗ്രതാ പട്ടികയിലുള്ളതുമായ രാജ്യത്തെ പതിനേഴ് ജില്ലകളിൽ

ഏഴ് ജില്ലകൾ ഇപ്പോൾ കേരളത്തിലാണ്. കോവിഡിനെ പിടിച്ചുകെട്ടിയെന്നും അതുമായി ബന്ധപ്പെട്ട പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയെന്നും അവകാശപ്പെടുമ്പോഴും കേരളത്തിൽ കോവിഡ് രോഗികളുടെ മരണമുൾപ്പെടെ മറച്ചുവച്ചുവെന്നത് കഴിഞ്ഞ സമ്മേളനത്തിൽ ചർച്ച ചെയ്ത വിഷയമാണ്. അതിലേയ്ക്ക് ഇപ്പോൾ കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കോവിഡാനന്തരമുണ്ടായിരിക്കുന്ന പ്രശ്നങ്ങളും വളരെ വലുതായി നിൽക്കുകയാണ്. കോവിഡുമായി ബന്ധപ്പെട്ട് ധാരാളം ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നു. Silent attack വന്ന് ധാരാളംപേർ മരണപ്പെടുന്ന വാർത്തകൾ ഉടലെടുക്കുന്നുണ്ട്. സർക്കാർ ഇതിനെ ഗൗരവമായി കാണേണ്ടതും ഇതുസംബന്ധിച്ച് പഠനം നടത്തേണ്ടതും അനിവാര്യമാണ്. കാരണം, ഒട്ടനവധി മരണങ്ങൾ കോവിഡിന് ശേഷമുണ്ടാകുന്നുണ്ട്. അത് വാക്സിനേഷന്റെ പ്രശ്നമാണോ അതോ കോവിഡാനന്തര ആരോഗ്യപ്രശ്നങ്ങൾ കൊണ്ടാണോ എന്നതിനെ സംബന്ധിച്ച് ഒരു ആധികാരികമായ പഠനം ഗവൺമെന്റ് നടത്തണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒപ്പംതന്നെ ബൂസ്റ്റർ ഡോസ് വാക്സിൻ ലഭിക്കുന്നതിനും കാലതാമസമുണ്ടാകുന്നുണ്ട്. പലപ്പോഴും സ്വകാര്യ ആശുപത്രികളെ

ആശ്രയിക്കേണ്ടി വരുന്നുവെന്ന ആക്ഷേപം ഉയർന്നുവരുന്നുണ്ട്. നിങ്ങൾ പ്രഖ്യാപിച്ച ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സ കൊടുക്കുന്ന Golden Hour പദ്ധതി". അതിപ്പോഴും പൂർണ്ണതോതിൽ നടപ്പിലാക്കുന്നില്ല. അവരിൽനിന്ന് കൂടുതൽ തുക ഈടാക്കാതെ 48 മണിക്കൂർ സമയത്തിനുള്ളിൽ ചികിത്സാ സൗകര്യങ്ങളൊരുക്കണമെന്നതാണ് ആ പദ്ധതിവഴി ലക്ഷ്യം വച്ചത്. നിങ്ങളുടെ ആദ്യത്തെ ഗവൺമെന്റ് വളരെയേറെ കൊട്ടിഘോഷിച്ച് നടത്തിയ പ്രഖ്യാപനങ്ങളിലൊന്നായിരുന്നു അത്. എന്നാൽ നിർഭാഗ്യവശാൽ ഇപ്പോഴും അത് പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ഗവൺമെന്റ് ആശുപത്രികളിൽ പോകുന്ന പലർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പറയാതെ തന്നെ അറിയാം. ഗവൺമെന്റ് ആശുപത്രികളിൽ പലപ്പോഴും എം.ആർ.ഐ. സ്കാനിംഗിനും സർജറിക്കും നീണ്ട ക്യൂവാണ്. ഏറെ ദിവസങ്ങൾക്കുശേഷമാണ് പലർക്കും അതിനുള്ള അനുമതി ലഭിക്കുന്നത്, ഒരുപക്ഷേ തിരക്ക് കൂടുതലായതുകൊണ്ടാകാം. തിരക്ക് കൂടുന്നതിനനുസരിച്ചുള്ള സജ്ജീകരണങ്ങളോ സൗകര്യങ്ങളോ സർക്കാർ ആശുപത്രികളിലുണ്ടാകുന്നില്ല. സ്കാനിംഗ്, എക്സ്-റേ

ഉൾപ്പെടെയുള്ള പല ടെസ്റ്റുകൾക്കും പുറത്തേയ്ക്ക് പറഞ്ഞുവിടുന്നു. ആശുപത്രികളിലുള്ള ടെസ്റ്റുകൾക്കാണെങ്കിൽ വലിയ കാലതാമസവുമുണ്ടാകുന്നു. ഇത് സാധാരണ രോഗികൾക്ക് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. തൈറോയ്ഡ് മരുന്നുമായി ബന്ധപ്പെട്ടുള്ള അപാകതകളും മരുന്ന് പരിശോധനകളുടെ കാര്യവും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ സൂചിപ്പിച്ചു. പല കടലാസ് കമ്പനികളും കേരളത്തിൽ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള പരിശോധന കർശനമാക്കാൻ കഴിയണം. ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയ വിഷയമല്ല. നിങ്ങളുടെ ഗവൺമെന്റ് ആറാമത്തെ വർഷത്തിലേയ്ക്ക് കടക്കുകയാണ്. ആറ് വർഷം ആരോഗ്യ മേഖല ഏറ്റവും മെച്ചപ്പെട്ടതാണെന്ന് നിങ്ങൾ പറയുമ്പോൾ കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന പല മരുന്നുകളുടെയും ഗുണനിലവാരത്തെക്കുറിച്ച് സംശയങ്ങൾ ഉടലെടുക്കുകയാണ്. അതാണ് ഈ അടുത്ത കാലങ്ങളിൽ ഉയർന്നുവന്ന ആന്റി റാബിസ് വാക്സിനേഷനുമായി ബന്ധപ്പെട്ട വിഷയം. ആറ് മാസത്തിനിടെ പേപ്പട്ടി വിഷബാധയേറ്റ് പതിനാല് പേർ മരണപ്പെട്ടുവെന്ന ഗുരുതരമായ വാർത്തയാണ് വന്നിരിക്കുന്നത്. ഈ വാർത്തയുടെ

സത്യാവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ വിശദീകരിക്കണം. സ്വാഭാവികമായും ഇത് ജനങ്ങൾക്കിടയിൽ വലിയ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം പതിനൊന്ന് മരണങ്ങളുണ്ടായെന്നും ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. "നായയുടെ കടിയേറ്റ ആൾ കുത്തിവയ്പ്പിനായി അലഞ്ഞത് മൂന്ന് നാൾ" ആര്യനാട് സർക്കാർ ആശുപത്രിയിലുണ്ടായ ദുരനുഭവത്തെ സംബന്ധിച്ച ഒരു പത്രവാർത്തയാണ്. ഇപ്പോൾ ആ മരുന്നിന്റെ ഗുണനിലവാരത്തെക്കുറിച്ചുള്ള ആക്ഷേപങ്ങൾ വരുന്നു. കൃത്യമായ നിലയിൽ മരുന്ന് നൽകാൻ കഴിയാത്ത സാഹചര്യം വരുന്നു. അവയവ മാറ്റവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിലുണ്ടായ പ്രശ്നങ്ങളും വിവാദങ്ങളും സംബന്ധിച്ച് പല ന്യായീകരണ റിപ്പോർട്ടുകളും വന്നിട്ടുണ്ടെങ്കിലും അവയവം അവിടെ കൊണ്ടുവന്ന സമയത്ത് യാതൊരു പ്രോട്ടോക്കോളും പാലിച്ചില്ലെന്നുള്ളത് വളരെ വ്യക്തമായി നമ്മുടെ മുന്നിലുള്ള വിഷയമാണ്. സ്വാഭാവികമായും അതിന്റെ തുടർച്ചയായി വരുന്ന വിവിധ കാര്യങ്ങളിൽ ഏകോപനമുണ്ടായിട്ടില്ല. സാധാരണക്കാർ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികളിൽ എന്തുമാകാമെന്ന നിലവരുന്നത് തീർത്തും നിർഭാഗ്യകരമാണ്. ഒപ്പംതന്നെ ആശുപത്രികളിലെ സ്റ്റാഫ്

പാറ്റേൺ പുനഃക്രമീകരിക്കേണ്ടത് പ്രധാനമാണ്. 679 ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. പക്ഷെ അതിനാനുപാതികമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. നഴ്സുമാരും ഫാർമസിസ്റ്റുകളുമടക്കമുള്ളവരുടെ കുറവ് കുടുംബാരോഗ്യ കേന്ദ്രങ്ങളും റിപ്പോർട്ട് ചെയ്യുന്നുണ്ട്. 2009-ൽ നിരവധി പ്രൈമറി ഹെൽത്ത് സെന്റർ (പി.എച്ച്.സി.)-കളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി.)-കളായും സി.എച്ച്.സി.-കളെ താലൂക്കാശുപത്രികളായും പ്രഖ്യാപിച്ചു; അതിനുശേഷം വർഷം ഇത്രയും പിന്നിട്ടു. ഇപ്പോഴും അപ്ഗ്രേഡ് ചെയ്ത സി.എച്ച്.സി.-കൾക്ക് ആവശ്യമായ സ്റ്റാഫ് പാറ്റേണുകൾ നൽകുന്നില്ല. പലയിടത്തും ഡോക്ടർമാരുടെ കുറവും വൈകുന്നേരം ഒ.പി.-കളില്ലാത്ത സാഹചര്യവുമുണ്ട്. അത്തരത്തിലുള്ള കാര്യങ്ങളിൽ ഗവൺമെന്റ് ഇടപെടൽ അടിയന്തരമായുണ്ടാകണം. ഒപ്പംതന്നെ പിറവം താലൂക്കാശുപത്രിയിൽ എട്ട് കോടി രൂപയുടെ ഒരു പദ്ധതി ഗവൺമെന്റിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ട്. ഒരു നിയോജകമണ്ഡലത്തിൽ ഒരാശുപത്രിയെങ്കിലും എല്ലാ സജ്ജീകരണങ്ങളോടുംകൂടി ഉണ്ടാകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അവിടെ ഗൈനക്കോളജി, ഓർത്തോപീഡിക് സർജറി

അടക്കമുള്ള വിവിധ വകുപ്പുകളുടെ ആവശ്യകതയെപ്പറ്റി മന്ത്രിക്ക് ഞാൻ നേരിട്ട് കത്ത് നൽകിയിട്ടുള്ളതാണ്. അതിനായുള്ള അനുമതി ലഭ്യമാക്കണം. സി.എച്ച്.സി., കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമായ ജീവനക്കാർ, അനുബന്ധ സൗകര്യങ്ങൾ എന്നിവയടക്കം പരിഗണിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. അഭിമാനകരമായ നേട്ടങ്ങളുടെ ചരിത്രം സൃഷ്ടിച്ചാണ് ആരോഗ്യ വകുപ്പ് പുതിയ സർക്കാരിന്റെ കാലത്ത് ഒരുവർഷം പിന്നിട്ടത്. നീതി ആയോഗിന്റെ സൂചികയിൽ ഒന്നാം സ്ഥാനം ലഭിച്ചു. Public Affairs Centre പുറത്തിറക്കിയ Public Affairs Index 2021-ൽ കേരളം മികച്ച സംസ്ഥാനമായി. ഒരു വർഷത്തിനിടയ്ക്ക് National Quality Assurance Standards (NQAS) നേടിയ 143 ആരോഗ്യ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. മാതൃകാപരമായ നേതൃത്വവും കൂട്ടായ പ്രവർത്തനവുംവഴി കോവിഡ് വാക്സിൻ പൂർണ്ണമായി വിതരണം ചെയ്യാൻ സാധിച്ചു. ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ

പുരസ്കാരം നേടുന്ന ഏക സംസ്ഥാനമാണ് കേരളം. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകി ഇന്ത്യാ ടുഡേയുടെ 2021-ലെ ഹെൽത്ത്ഗിരി അവാർഡിൽ മികച്ച പ്രവർത്തനങ്ങൾക്ക് ഭക്ഷ്യ സുരക്ഷാ സൂചികയിൽ ദേശീയ പുരസ്കാരം ലഭിച്ചു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുകൾ ഏഴ് പുരസ്കാരങ്ങളും ബഹുമതികളും നേടുകയുണ്ടായി. ഏറ്റവും കുറവ് ശിശുമരണ നിരക്കുള്ള സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ ശരാശരി ശിശുമരണം 30 ആകുമ്പോൾ കേരളത്തിൽ 6 മാത്രമാണ്. വീണ്ടും അത് കുറയ്ക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് മാതൃകാപരമായി നടപ്പിലാക്കുന്നു. 2023-ലെ സമ്പൂർണ്ണ ആന്റിബയോട്ടിക്ക് സാക്ഷരതയുള്ള സംസ്ഥാനമായി കേരളം മാറുന്നതിനുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കി മുന്നോട്ടുവരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾ അഥവാ അതിഥിത്തൊഴിലാളികൾക്കായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നു. ആവാസ് ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തവർക്ക് 25,000/- രൂപയുടെ സൗജന്യ inpatient ചികിത്സ നൽകുന്നു. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസും അപകടംമൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് ഒരുലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും

നൽകുന്നു. ചികിത്സാപരിധിയിൽ പ്രസവസംബന്ധമായ ചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്. e-Sanjeevani Telemedicine platform വഴി മെഡിക്കൽ കോളേജിൽ പോകാതെതന്നെ അവിടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും എത്തിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കളക്ടർമാരുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിച്ചുകഴിഞ്ഞു. സ്കൂൾ ആരോഗ്യ പദ്ധതി മാതൃകാപരമായി നടപ്പാക്കിവരുന്നു. പതിനെട്ട് വയസ്സുവരെയുള്ള കുട്ടികളുടെ ആരോഗ്യ പരിശോധന, രോഗനിർണ്ണയം, ചികിത്സ, തുടർപരിശോധന എന്നിവ ഉറപ്പാക്കുന്നു. Rashtriya Bal Swasthya Karyakram (RBSK) വഴി നഴ്സുമാർ സർക്കാർ എയ്ഡഡ് സ്കൂളുകൾ സന്ദർശിച്ച് പരിശോധനകൾ നടത്തുന്നു. മാനസികമായി സമ്മർദ്ദത്തിലായ കുട്ടികൾക്കായി പരിശീലനം ലഭിച്ച കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നു. ഈ സേവനത്തോടൊപ്പം സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യമായി മരുന്നുകളും ലഭ്യമാക്കുന്നുവെന്നതും ഏറെ ആശാവഹമാണ്. സർക്കാർ ആശുപത്രികളുടെ മുഖച്ഛായ മാറ്റി സ്വകാര്യ ആശുപത്രിയെക്കാളും മനോഹരമായ ചികിത്സാ മുന്നേറ്റമുണ്ടാക്കിയ ഒന്നാം പിണറായി

സർക്കാരിന്റെ പദ്ധതിയായിരുന്ന "ആർദ്രം പദ്ധതി". അതിന്റെ തുടർച്ചയാണ് ഇപ്പോഴത്തെ "ആർദ്രം മിഷൻ 2" പദ്ധതി. നിരവധി മെച്ചപ്പെട്ട സേവനങ്ങളാണ് ഈ പദ്ധതിവഴി ഉറപ്പാക്കുന്നത്. രോഗികൾക്ക് വീട്ടിൽതന്നെ സൗജന്യ ഡയാലിസിസ് ചെയ്യാൻ കഴിയുന്ന പദ്ധതിയാണ് "പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി". സൗജന്യ സ്ട്രോക്ക് ചികിത്സയ്ക്കും തുടക്കമായി. ആരോഗ്യ മേഖലയിൽ 326 തസ്തികകൾ സൃഷ്ടിക്കുകയും സർക്കാർ ആശുപത്രികളിൽ 194 പുതിയ ഐ.സി. യൂണിറ്റുകളും 19 ആശുപത്രികളിലായി 140 എച്ച്.ഡി. യൂണിറ്റുകളും സ്ഥാപിക്കുകയും ചെയ്തു. ആയുസ്സിന്റെ നല്ലകാലം മുഴുവൻ അദ്ധ്വാനിച്ച് ക്ഷീണിതരും ശയ്യാവലംബരുമാകുന്നവരെ ഹൃദയത്തോട് ചേർക്കുന്ന "അരികെ" എന്ന പദ്ധതി ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് വരികയാണ്. വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ ജില്ലാതലത്തിൽതന്നെ പരിഷ്കരിക്കുന്നതിനായി ജില്ലാശുപത്രികളിൽ ആരംഭിച്ച ജെറിയാട്രിക്ക് ക്ലിനിക്കുകൾ വൃദ്ധരോടുള്ള സർക്കാർ സമീപനത്തിന്റെ ഉത്തമമായ തെളിവാണ്. കേരളത്തിന്റെ ആരോഗ്യ മേഖല നിരവധി വെല്ലുവിളികളാണ് ദിനംപ്രതി അഭിമുഖീകരിക്കുന്നത്. വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ്,

ജീവിതശൈലീരോഗങ്ങളുടെ വർദ്ധന, പരിസ്ഥിതിജന്യരോഗങ്ങളുടെ വ്യാപനം, ജനസംഖ്യാഘടനയുടെ മാറ്റം, മുതിർന്ന പൗരന്മാരുടെ ആരോഗ്യ പ്രശ്നങ്ങൾ, വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ, ആത്മഹത്യാനിരക്ക്, മറ്റ് മാനസികരോഗങ്ങൾ തുടങ്ങിയവ ഉയർത്തുന്ന വെല്ലുവിളികൾ ചെറുതല്ല. പ്രതിവർഷം 70000 പേർ അർബുദ രോഗികളാകുന്നുവെന്ന കണക്കും ഞെട്ടിപ്പിക്കുന്നതാണ്. ക്യാൻസർ പ്രാരംഭ ക്ലിനിക്കുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ആരംഭിക്കുന്നു. മുൻകാലങ്ങളിൽ ക്യാൻസർ രോഗ നിർണ്ണയം ഏറെ താമസിച്ചിരുന്നതുകാരണം ക്യാൻസർ വന്നാൽ കുടുംബത്തിന്റെ സമ്പത്തും ചികിത്സതേടുന്ന ആളും പോകുമെന്ന് പറയുമായിരുന്നു. എന്നാൽ ഈ അവസ്ഥ മാറിയിരിക്കുന്നു. എല്ലാ സർക്കാർ ആശുപത്രികളിലും ആഴ്ചയിൽ ഒരു ദിവസം ക്യാൻസർ പ്രാരംഭ പരിശോധനാ ക്ലിനിക്കുകൾ ആരംഭിക്കുന്നു. ക്യാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളെയും ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളെയും ഉൾപ്പെടുത്തി ക്യാൻസർ കെയർ ഗ്രിഡ് രൂപീകരിക്കുന്നതിലൂടെ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യം എല്ലാ ജില്ലകളിലെയും പ്രധാന ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കും. നിലവിൽ ആരോഗ്യ

വകുപ്പിന്റെ കീഴിലുള്ള 24 ആശുപത്രികളിൽ ഈ സേവനം ലഭ്യമാകുന്നു. മാത്രമല്ല, ബി.പി.എൽ. രോഗികൾക്ക് സൗജന്യ ചികിത്സയും ലഭിക്കുന്നു. ചികിത്സയ്ക്കായി ക്യാൻസർ സെന്ററുകളിൽ പോയി മണിക്കൂറുകളോളം ക്യൂ നിൽക്കാതെ തൊട്ടടുത്ത താലൂക്കാശുപത്രികളിൽ ക്യാൻസർ ചികിത്സ ലഭിക്കുന്നു. മുപ്പത് വയസ്സ് കഴിഞ്ഞ മുഴുവൻ ആളുകളുടെയും ജീവിതശൈലീരോഗങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ആശാവർക്കർമാർ മുഖേന ശേഖരിക്കും. കോവിഡ് മരണങ്ങളെല്ലാം കൃത്യമായി രജിസ്റ്റർ ചെയ്ത സംസ്ഥാനത്തിന്റെ നടപടി ഇന്ന് ഏറെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. രാജ്യത്തെ കോവിഡ് മരണങ്ങൾ 47 ലക്ഷമാണെന്നാണ് ലോകാരോഗ്യ സംഘടന അഭിപ്രായപ്പെട്ടിരിക്കുന്നതെങ്കിലും 5.4 ലക്ഷം മരണങ്ങൾ മാത്രമാണ് കോവിഡ് ബാധയെ തുടർന്നുണ്ടായതെന്നാണ് കേന്ദ്രഭരണകൂടം വെളിപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യയ്ക്കൊപ്പം അമേരിക്കയും റഷ്യയും ഇന്തോനേഷ്യയും മെക്സിക്കോയും ഉൾപ്പെടെയുള്ള രാജ്യങ്ങൾ കോവിഡ് മരണങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. നഷ്ടപ്പെടുന്ന ജീവിതങ്ങളെ ബഹുമാനിക്കേണ്ടത് പ്രധാനമാണ്. നമ്മുടെ സംസ്ഥാനം മുഴുവൻ മരണങ്ങളും രജിസ്റ്റർ ചെയ്തിരിക്കുന്നുവെന്നത് നാം കൈവരിച്ച പഴുതടച്ച ആരോഗ്യ

സംവിധാനത്തിന്റെ മേന്മയാണ്. സംസ്ഥാന സർക്കാരിന്റെ സമഗ്ര ട്രോമകെയർ പദ്ധതിയുടെ ഭാഗമായി സൗജന്യ അത്യാഹിത ആംബുലൻസ് സേവനമായ 'കനിവ് 108 ആംബുലൻസ്' അഞ്ച് ലക്ഷത്തിലധികം ട്രിപ്പുകൾ നടത്തി മാതൃക സൃഷ്ടിച്ചിരിക്കുന്നു. 108 ആംബുലൻസുകളിൽ അതിവേഗത്തിൽ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനായി അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് വനിതാ പൈലറ്റിനെയും നിയമിച്ചു. അതിൽ വനിത സാമാജികയെന്ന നിലയിൽ പരിധിയില്ലാത്ത സന്തോഷം ഇവിടെ പങ്കുവയ്ക്കുകയാണ്. 1588 കിടപ്പുരോഗികൾക്ക് അത്യന്താധുനിക ചികിത്സ ഉറപ്പാക്കാൻ സാധിച്ചതും നവജാതശിശു മുതലുള്ള കുട്ടികൾക്കായി 123 വെന്റിലേറ്ററുകളും 147 നോൺ ഇൻവേസീവ് വെന്റിലേറ്ററുകളും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയതും അഭിനന്ദനാർഹമാണ്. ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ മന്ത് രോഗനിർണ്ണയവുമായി ബന്ധപ്പെട്ട ട്രാൻസ്മിഷൻ അസൈൻമെന്റ് സർവ്വേ ഈ വർഷംതന്നെ പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനം ദ്രുതഗതിയിൽ നടന്നുവരുന്നു. പകർച്ചാവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി 2024-ഓടെ മലേറിയ രോഗനിർമ്മാർജ്ജനം, 2026-ഓടെ മന്ത്

രോഗനിർമ്മാർജ്ജനം, 2027-ഓടെ കരിമ്പനി രോഗനിർമ്മാർജ്ജനം എന്നിവ ലക്ഷ്യംവച്ച് ഊർജ്ജിതമായ നടപടികൾ ആരോഗ്യവകുപ്പ് സ്വീകരിച്ചുവരികയാണ്. 2025-ഓടെ ക്ഷയരോഗം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവൃത്തിയും പുരോഗമിക്കുന്നു. പരിസ്ഥിതി, മൃഗാരോഗ്യം, മനുഷ്യാരോഗ്യം എന്നിവയുടെ സംയുക്ത പ്രവർത്തനംവഴി സമ്പൂർണ്ണാരോഗ്യം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെക്കൂടിയുള്ള സമീപനമാണ് 'ഏകാരോഗ്യ' പദ്ധതി. രാജ്യത്ത് ആദ്യമായി കേരളത്തിലാണ് ഏകാരോഗ്യ പദ്ധതി നടപ്പിലാക്കിയത്. മനുഷ്യന്റെയും മൃഗങ്ങളുടെയും ആരോഗ്യം പരിസ്ഥിതിയുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നുവെന്ന തിരിച്ചറിവാണ് ഈ പദ്ധതിയുടെ അടിസ്ഥാനം. ജന്തുജന്യ രോഗങ്ങൾക്ക് കാരണമാകുന്ന അസാധാരണമായ സംഭവങ്ങളുടെ നിരീക്ഷണം, ഇതിലേയ്ക്ക് നയിക്കുന്ന ഘടകങ്ങളെ നേരത്തെ കണ്ടെത്തൽ, ആവശ്യകതയനുസരിച്ച് പങ്കാളിത്ത ഇടപെടൽ എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യം. ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും ഏകാരോഗ്യ പദ്ധതി വ്യാപിപ്പിക്കുന്നു. കോവിഡ്, നിപ രോഗങ്ങളുടെ സാഹചര്യത്തിലാണ് ആരോഗ്യ വകുപ്പ് ഏകാരോഗ്യ പദ്ധതി ശക്തമാക്കാനും വേഗത്തിൽ നടപ്പിലാക്കാനും തീരുമാനിച്ചത്. ഒ.പി. ചീട്ട്

അടക്കം എല്ലാ നടപടികളും ഓൺലൈനാക്കുകയാണ്. ഇ-ഹെൽത്ത് സംവിധാനം 402 സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തുന്നു. പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ വ്യക്തികളുടെ ആരോഗ്യ രേഖകൾ ലഭ്യമാകുന്നതുവഴി മികവുറ്റ രീതിയിൽ തുടർചികിത്സ ലഭ്യമാക്കാൻ സാധിക്കും. ചികിത്സ സംബന്ധിയായ രേഖകൾ കൊണ്ടുനടക്കേണ്ടി വരുന്നില്ല. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള അമ്പതിനായിരത്തിലധികം ആരോഗ്യപ്രവർത്തകർക്ക് ആശ്വാസകരമാണ് ഈ പദ്ധതി. ആരോഗ്യ പരിശോധന വിവരങ്ങൾ കൃത്യമായി ലഭിക്കുന്നതിനാൽ രോഗനിർണ്ണയവും ചികിത്സയും വേഗത്തിൽ ലഭ്യമാക്കാൻ സാധിക്കും. സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ഏറെ പ്രത്യാശ പകരുന്നതാണ് ഈ പദ്ധതി. സാധാരണക്കാരുടെ ചികിത്സയ്ക്ക് പ്രാഥമികതല സർക്കാർ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനം 12 മണിക്കൂറാക്കുന്ന പദ്ധതി നഗരത്തിൽ ആരംഭിച്ചു. പ്രവർത്തന സമയം രാവിലെ എട്ട് മുതൽ വൈകിട്ട് 8 വരെയാക്കി വർദ്ധിപ്പിച്ചു. പ്രാഥമികാരോഗ്യ കേന്ദ്രം, അർബൻ ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ക്ലിനിക്കുകൾ എന്നിവയുടെ പ്രവർത്തന സമയമാണ് 12 മണിക്കൂറാക്കി

വർദ്ധിപ്പിക്കുന്നത്. എണ്ണിയാൽ ഒടുങ്ങാത്തതും പറഞ്ഞാൽ തീരാത്തതുമായ നിരവധി നേട്ടങ്ങളുമായി മുന്നേറുന്ന ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കേരളത്തിലെ ആരോഗ്യ മേഖലയിൽ തയ്യാറാക്കിയിട്ടുള്ള വികസന ലക്ഷ്യങ്ങൾ ഐക്യരാഷ്ട്ര സംഘടന നിർദ്ദേശിച്ചിട്ടുള്ള സുസ്ഥിരവികസന ലക്ഷ്യങ്ങൾക്ക് അനുസൃതമായിട്ടുള്ളതാണ്. ഈ വികസനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മഹനീയ കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കോവിഡ് - 19 അടക്കമുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങളും പൊതുജനാരോഗ്യ മേഖലയിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലുമെല്ലാം വലിയ മുന്നേറ്റങ്ങളാണ് ഈ കാലയളവിൽ നാം ദർശിച്ചുകൊണ്ടിരിക്കുന്നത്. അതിൽ മുന്നിട്ടുനിൽക്കുന്ന ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയെയും എല്ലാ ആരോഗ്യപ്രവർത്തകരെയും ഇത്തരുണത്തിൽ മുക്തകണ്ഠമായി അഭിനന്ദിക്കുകയാണ്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട് ആശാപ്രവർത്തകർക്ക്

ലോകാരോഗ്യ സംഘടനയുടെ ആദരവ് ഏറ്റുവാങ്ങാൻ ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്. അത് നമ്മുടെ നാടിന് ലഭിച്ച വലിയ അംഗീകാരമാണ്. ഇത്തരുണത്തിൽ കേരളത്തിലെ എല്ലാ ആശാപ്രവർത്തകരെയും അഭിനന്ദിക്കാൻ ഞാൻ ഈ വേദി ഉപയോഗിക്കുകയാണ്. അവരുടെ ആവശ്യങ്ങൾക്കൊപ്പം നിൽക്കുന്ന സർക്കാരാണ് രണ്ടാം പിണറായി സർക്കാർ. തുടർന്നങ്ങോട്ടും അവരുടെ ന്യായമായ എല്ലാ ആവശ്യങ്ങൾക്കും മുന്തിയ പരിഗണന നൽകുമെന്ന കാര്യം ഉറപ്പാണ്. ഇവിടെ കോവിഡ് മരണ നിരക്കുകളെക്കുറിച്ച് പല പ്രാവശ്യം പറഞ്ഞു. ഇന്ന് ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ.-യും അത് ആവർത്തിച്ചു. എന്നാൽ കോവിഡ് മരണങ്ങൾ കൃത്യമായി രജിസ്റ്റർ ചെയ്ത സംസ്ഥാനങ്ങളിൽ കേരളം മാത്രമേയുള്ളൂവെന്നാണ് കണ്ടുവരുന്നത്. 2020 മുതൽ 2022 ഏപ്രിൽ-മെയ് വരെ ഏതാണ്ട് 238221 മരണങ്ങളാണ് ആകെയുണ്ടായത്. അതിൽ 68819 എണ്ണം കോവിഡ് മരണങ്ങളാണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. സുപ്രീംകോടതി വിധിയനുസരിച്ച് കോവിഡ് മരണങ്ങൾക്കുള്ള 50,000/- രൂപയുടെ ധനസഹായത്തിന് കേരളത്തിൽ 64621 പേരാണ് അപേക്ഷിച്ചത്. അതിൽ സർക്കാർ കണ്ടെത്തിയ 61902 എണ്ണം അംഗീകരിക്കുകയും

ഇതിനോടകം ഏകദേശം 60000 പേർക്ക് ധനസഹായം നൽകുകയും ചെയ്തു. ഇന്ത്യയിലൊട്ടാകെ റിപ്പോർട്ട് ചെയ്തത് 5.2 ലക്ഷം ആണ്. എന്നാൽ ഇന്ത്യയിലൊട്ടാകെ ധനസഹായത്തിനായി അഭ്യർത്ഥിച്ചവരുടെ എണ്ണം ഏതാണ്ട് ഇരട്ടിയാണ്. ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ടനുസരിച്ച് ഏതാണ്ട് നാൽപ്പത് ലക്ഷത്തോളം കോവിഡ് മരണം ഇന്ത്യയിൽ സംഭവിച്ചിട്ടുണ്ട്. എവിടെയാണ് പാകപ്പിഴ സംഭവിച്ചതെന്ന് കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. പി.പി.ഇ. കിറ്റുകളെ സംബന്ധിച്ച വിശദമായ അന്വേഷണം നടക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കോവിഡ് രണ്ടാം തരംഗത്തിൽ പൊതുജനങ്ങൾക്കായി മാസ്കും പി.പി.ഇ. കിറ്റുകളും പൾസ് ഓക്സിമീറ്ററുകളുമെല്ലാം വളരെ ബുദ്ധിമുട്ടിയാണ് നമ്മൾ വാങ്ങിച്ചിട്ടുള്ളതെന്ന കാര്യം ഇവിടെ ഇരിക്കുന്ന ഓരോ നിയമസഭാ സാമാജികർക്കുമറിയാം. പൾസ് ഓക്സിമീറ്റർ 3,500/- രൂപയ്ക്കും 2,500/- രൂപയ്ക്കും വാങ്ങിച്ചിട്ടുണ്ട്. എന്നാൽ 1,500/- രൂപയ്ക്ക് നമ്മൾ ഓർഡർ നൽകിയപ്പോൾത്തന്നെ മാർക്കറ്റിൽ അതിന് വിലകൂടിയിട്ടുണ്ട്. ഇതെല്ലാം നാം കണ്ടതാണ്. മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും സംഭരിക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങളോടുകൂടിയാണ് സർക്കാർ

മുന്നോട്ടുപോകുന്നത്. ആ സർക്കാരിന്റെ വിശ്വാസ്യതയെ ഇത്തരത്തിൽ സംസാരിച്ച് തകർക്കാൻ സാധിക്കില്ലെന്നതാണ് സത്യം. അതിനൊരു ബ്രാൻഡ് വാല്യൂ ഉണ്ട്. പിണറായി സർക്കാർ ബ്രാൻഡ് എന്നാണ് അതിന്റെ പേര്. തീർച്ചയായും ജനങ്ങൾ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും വിശ്വസിക്കില്ല. മരുന്ന് വാങ്ങൽ വടക്കേ ഇന്ത്യയിലെ ഗോസായിമാരും അധോലോകവുമൊക്കെ നിയന്ത്രിച്ച കാലഘട്ടങ്ങളുണ്ടായിരുന്നു. അതെല്ലാം പഴങ്കഥയായിരിക്കുന്നു. 'നവകേരളം കർമ്മ പദ്ധതിയിൽ ആർദ്രം മിഷൻ 2-ന്റെ ഭാഗമായി ആശുപത്രികളെല്ലാംതന്നെ ജനസൗഹൃദമാക്കുന്നു. അതുപോലെ ചികിത്സാ ചെലവ് കുറയ്ക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. ജനപങ്കാളിത്തത്തോടുകൂടി ആരോഗ്യപരമായ ജീവിതം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ലക്ഷ്യപ്രാപ്തിയിലേയ്ക്കെത്തി ക്കൊണ്ടിരിക്കുകയാണ്. 'ഏകാരോഗ്യ' പദ്ധതി എന്ന ആശയമാണ് ഇതിലേറ്റവും എടുത്തുപറയേണ്ടത്. ഇന്ത്യയിലാദ്യമായി ഈ പദ്ധതി നടപ്പാക്കുന്നത് കേരളത്തിലാണ്. Prevention is better than cure എന്നുള്ളതാണ് ആപ്തവാക്യം, പ്രതിരോധമാണ് രോഗം വന്ന് ചികിത്സിക്കുന്നതിനെക്കാൾ എപ്പോഴും

നല്ലത്. ഇതിന് കേവലം മനുഷ്യന്റെ ആരോഗ്യം മാത്രമല്ല, അതോടൊപ്പം പരിസ്ഥിതിയെയും മൃഗാരോഗ്യത്തെയുമെല്ലാം ഒരുപോലെ ചികിത്സിക്കേണ്ടതുണ്ട്. അതിന് മറ്റ് വകുപ്പുകളെയെല്ലാംകൂടി സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു പദ്ധതിയാണിത്. മൃഗങ്ങളിൽനിന്നും മനുഷ്യരിലേയ്ക്ക് രോഗവ്യാപനം കൂടുകയും ജനിതകമാറ്റം അടിക്കടി വന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന കാലഘട്ടമാണിത്. ഇതിന് മുന്തിയ പരിഗണന നൽകിയതിനെ അഭിനന്ദിക്കുകയാണ്. തീർച്ചയായും വലിയ വിജയവും മുന്നേറ്റവും നടത്തിയ ഒരു മേഖല തന്നെയാണ്.

ഇ-ഹെൽത്തിനെക്കുറിച്ച് സൂചിപ്പിക്കുകയാണെങ്കിൽ, ഏതാണ്ട് അഞ്ഞൂറോളം ആശുപത്രികൾ ഇതിനകം ഡിജിറ്റൈസ് ചെയ്തു, ഇത് വലിയ സംരംഭമാണ്. ഹോസ്പിറ്റൽ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ പോലുള്ള ഒരു സമ്പ്രദായം തന്നെയാണ്. ഏത് പ്രൈമറി ഹെൽത്ത് സെന്ററിലിരുന്നാലും ഫാമിലി ഹെൽത്ത് സെന്ററിലിരുന്നാലും ഡോക്ടർക്ക് രോഗിയെക്കുറിച്ചുള്ള സമഗ്ര വിവരങ്ങൾ വിരൽത്തുമ്പിലെത്തുകയാണ്. രോഗികൾ ഫയലുകളോ, സ്കാനിംഗ് റിപ്പോർട്ടുകളോ കൊണ്ടുനടക്കേണ്ടി വരുന്നില്ല. അതുപോലെ ഒ.പി. ടിക്കറ്റുകൾ ഓൺലൈനായി ബുക്ക് ചെയ്യാനുള്ള സൗകര്യങ്ങളുമുണ്ട്.

ഇ-സഞ്ജീവനി എന്നുപറയുന്നത് എടുത്തുപറയേണ്ട ടെലി മെഡിസിൻ സമ്പ്രദായമാണ്. ഫാമിലി ഹെൽത്ത് സെന്ററിൽ രോഗികൾ പോയാൽ അത്യാധുനിക രീതിയിലുള്ള ചികിത്സകൾ നിർദ്ദേശിക്കാൻ മെഡിക്കൽ കോളേജിലുള്ള സൂപ്പർ സ്പെഷ്യലിസ്റ്റിനും അതുപോലെതന്നെ ജില്ലാ ആശുപത്രികളിലിരിക്കുന്ന സ്പെഷ്യലിസ്റ്റുകൾക്കും സാധിക്കും. രോഗികൾക്ക് ചികിത്സ കിട്ടുന്നു എന്നതിനൊപ്പം ഓരോ ഫാമിലി ഹെൽത്ത് സെന്ററുകളും ശാക്തീകരിക്കപ്പെടുകയാണ്. അവിടെയിരിക്കുന്ന ഡോക്ടർക്ക് കൃത്യമായി രോഗനിർണ്ണയം നടത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ റഫർ ചെയ്യുന്നതിനുപകരം മറ്റ് സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാരുമായി കൺസൾട്ട് ചെയ്യാനുള്ള സൗകര്യം അവിടത്തെ ഡോക്ടർമാർക്കും ജീവനക്കാർക്കും വലിയ ആത്മവിശ്വാസം നൽകുകയാണ്. ഇന്ത്യയിലെല്ലായിടത്തും വലിയ രീതിയിലുള്ള പ്രതിസന്ധികളിലൂടെയാണ് ആരോഗ്യമേഖല കടന്നുപോകുന്നത്. സമൂഹം വലിയ രീതിയിലുള്ള സമ്മർദ്ദമാണ് യുവഡോക്ടർമാരുടെമേൽ ചുമത്തുന്നത്. കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ 18 യുവ ഡോക്ടർമാരാണ് ആത്മഹത്യ ചെയ്തത്. കഴിഞ്ഞ മാസം ജയ്പൂരിൽ ഒരു മരണവുമായി ബന്ധപ്പെട്ട് ഗൈനക്കോളജിസ്റ്റ് ആത്മഹത്യ ചെയ്തത് വളരെ

വിഷമത്തോടുകൂടി നാം കണ്ടതാണ്. ഇപ്പോഴത്തെ നടപടികൾ യുവഡോക്ടർമാരുടെ വലിയതോതിലുള്ള സമ്മർദ്ദം കുറയ്ക്കാനുള്ള ഒരു ഉപാധികൂടിയാണ്, വലിയരീതിയിൽ അത് വിജയം കണ്ടെത്തുന്നുമുണ്ട്. ഏറ്റവും വലിയ സന്തോഷം തോന്നിയത് സാമൂഹ്യനീതി വകുപ്പുമായി ചേർന്നുകൊണ്ട് 'മിഠായി' പദ്ധതി നടപ്പിലാക്കിയതിലാണ്. കുട്ടികളിൽ ജന്മനാ ഉണ്ടാകുന്ന പ്രമേഹം ഇൻസുലിൻ ഡിപൻഡന്റ് ഡയബറ്റീസ്, ജുവനൈൽ ഡയബറ്റീസ് അല്ലെങ്കിൽ ടൈപ്പ് വൺ ഡയബറ്റീസ് എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടും. കുട്ടികളിൽ അഞ്ചോ ആറോ വയസ്സാകുമ്പോഴാണ് പെട്ടെന്ന് ഡയബറ്റീസ് കണ്ടെത്തുന്നത്. പക്ഷേ കുട്ടികൾക്ക് ഇതിന്റെ രോഗലക്ഷണങ്ങളെക്കുറിച്ച് മനസ്സിലാക്കാനോ പ്രതികരിക്കാനോ സാധിക്കില്ല. ഷുഗർ കൂടി നിന്നാൽ പത്തിരുപത് വയസ്സാകുമ്പോൾ ഇവർ വൃക്കരോഗികളായും കാഴ്ച നഷ്ടപ്പെടുന്നവരായും മരണം വരെ സംഭവിക്കാവുന്ന രീതിയിലേയ്ക്കും പുരോഗമിക്കും. അപ്പോൾ ഇവർക്ക് ഇൻസുലിൻതന്നെ കൊടുക്കേണ്ടിവരും. പക്ഷേ ഇവിടെയുള്ള പ്രശ്നം, ഇൻസുലിൻ കൊടുക്കുമ്പോൾ ഷുഗർ കുറയും, ഷുഗർ കുറയുന്നുവെന്ന് പെട്ടെന്ന് മനസ്സിലാക്കിക്കൊണ്ട് എന്തെങ്കിലും മധുരം കഴിക്കണമെന്ന്

കുട്ടികൾക്കറിയില്ല. ഇങ്ങനെയുള്ള കുട്ടികൾക്ക് തുടർച്ചയായ മോണിറ്ററിംഗ് ആവശ്യമാണ്. എസ്.എ.ടി.-യിൽ ഡയബറ്റിക്ക് കോമ, അതായത് ഹൈപ്പോ ഗ്ലൈസീമിക് കോമ ബാധിച്ച 150-200-ഓളം കുട്ടികളുണ്ട്. ഇൻസുലിൻ എടുത്തതിനുശേഷം ഷുഗർ കുറഞ്ഞ് പരിഭ്രാന്തിയോടെ പെട്ടെന്ന് ആശുപത്രിയിൽ കൊണ്ടുവരുന്ന ധാരാളം കുട്ടികളുണ്ട്. ഇങ്ങനെയുള്ളവർക്കെല്ലാം സഹായകരമായ രീതിയിലുള്ള പദ്ധതിയാണിത്. ഇൻസുലിൻ പമ്പ് എന്നുപറയുന്നത് വളരെ ചെലവേറിയതാണ്. അത്തരത്തിലുള്ള കുട്ടികളെ ഏറ്റെടുത്തുകൊണ്ട് നടത്തുന്ന ഈ പദ്ധതി എന്തുകൊണ്ടും ശ്രേഷ്ഠകരമാണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയുള്ള 46 ലക്ഷം പേർക്കാണ് 5 ലക്ഷം രൂപയുടെ സഹായം ലഭിച്ചിട്ടുള്ളത്. എനിക്ക് സൂചിപ്പിക്കാനുള്ളത്, സ്റ്റേറ്റ് ഹെൽത്താണെങ്കിലും മെഡിസെപ് ആണെങ്കിലും എൻ.എ.ബി.എച്ച്. അക്രഡിറ്റേഷന് വലിയ പ്രാധാന്യം കൊടുക്കുകയാണ്. പക്ഷേ ലോകരാജ്യങ്ങളിൽ ഇപ്പോൾ സംഭവിക്കുന്നത്, എൻ.എ.ബി.എച്ച്. പോലുള്ള അക്രഡിറ്റേഷൻ വരുമ്പോൾ ഡോക്യുമെന്റേഷനുവേണ്ടി മനുഷ്യാദ്ധ്വാനം ധാരാളം പാഴാക്കുകയാണ്. നമ്മളെ പഠിപ്പിക്കുമ്പോൾ അദ്ധ്യാപകർ പറയുന്നത് 'ഫയലല്ല ചികിത്സിക്കേണ്ടത്, ഡോക്ടർ

പേഷ്യന്റിനെയാണ് ചികിത്സിക്കേണ്ടത് എന്നാണ്. ഇപ്പോൾ നേരെ തിരിച്ചാണ്. നമ്മൾ ജെ.സി.ഐ.-യുടെ അക്രഡിറ്റേഷനുവേണ്ടി പോകുമ്പോൾ ബെൽജിയം പോലുള്ള രാജ്യങ്ങളിലെല്ലാം ഡോക്യുമെന്റേഷൻസ് കുറച്ചുകൊണ്ട് ക്ലിനിക്കുകളിൽ രോഗീപരിചരണത്തിന് കൂടുതൽ സമയം കണ്ടെത്തണമെന്നാണ് പറയുന്നത്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. എല്ലാവരെയും ചർച്ചയിൽ പങ്കെടുപ്പിച്ച് വിശ്വാസത്തിലെടുത്ത് മാത്രമേ നിയമം നടപ്പിലാക്കുവെന്ന് പറഞ്ഞത് നല്ല കാര്യം തന്നെയാണ്. ഇതിൽ ധാരാളം പ്രശ്നങ്ങളുണ്ട്. മെഡിക്കൽ ലാബ് ടെക്നീഷ്യൻ തസ്തികയ്ക്ക് ബിരുദവും ബിരുദാനന്തര ബിരുദവുമുണ്ടെങ്കിൽ മാത്രമേ അംഗീകരിക്കുകയുള്ളൂവെന്ന് പറയുമ്പോൾ ഇവിടെ അതിനനുസരിച്ചുള്ള കോഴ്സുകളുടെ എണ്ണം കുറവാണെന്നുള്ള സത്യാവസ്ഥ മനസ്സിലാക്കണം. ഗവൺമെന്റ് മേഖലയിൽ എം.എൽ.ടി.-യ്ക്ക് കൂടുതൽ കോഴ്സുകൾ തുടങ്ങാൻ സാധിക്കണം.

എന്റെ മണ്ഡലത്തിലെ നീണ്ടകര താലൂക്കാശുപത്രിയിൽ ഈ അടുത്തകാലത്തും ഡോക്ടർമാർക്കെതിരെയും ഹോസ്പിറ്റലിനെതിരെയും

കയ്യേറ്റമുണ്ടായി. അവിടെ ഒരു പോലീസ് എയ്ഡ് പോസ്റ്റ് എന്നൊരാവശ്യം നിരന്തരമായി ഉന്നയിക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി അത് പരിഗണിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. എത്രയും പെട്ടെന്ന് എയ്ഡ് പോസ്റ്റ് രൂപീകരിക്കണം. ഹോസ്പിറ്റലുകളുടെ റേറ്റ് ഏകീകരിക്കുന്നതിനെക്കുറിച്ച് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഭാഗത്തുനിന്നും എല്ലാ എം.എൽ.എ.-മാർക്കും ഒരു കത്ത് ലഭിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള വിഷയങ്ങൾ പരിഗണിക്കുമ്പോൾ ഡോക്ടർമാരുടെ എല്ലാ സംഘടനകളെയും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനെയും പ്രൈവറ്റ് ഹോസ്പിറ്റൽ ഓണേഴ്സിനെയും പൊതുജനങ്ങളെയും എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഏകീകരണ സ്വാഭാവത്തോടുകൂടിയ തീരുമാനങ്ങൾ ഉണ്ടാകണമെന്ന് മാത്രം ഇത്തരുണത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, 2021-22 വർഷത്തെ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ കാലഘട്ടത്തിൽ ആരോഗ്യ വകുപ്പ് എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിക്കേണ്ടതാണ്. പക്ഷേ ഇന്ന് തുരുമ്പെടുത്ത യന്ത്രംപോലെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വകുപ്പുകളുടെ ഏകോപനമില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. സനീഷ്

കുമാർ ജോസഫ് സൂചിപ്പിച്ച വളരെ പ്രധാനപ്പെട്ടൊരു കാര്യം, എറണാകുളം രാജഗിരി ആശുപത്രിയിൽ മസ്തിഷ്ക മരണം സംഭവിച്ചയാളുടെ വൃക്ക മൂന്ന് മണിക്കൂർകൊണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിച്ചുവെങ്കിലും വകുപ്പുകളുടെ ഏകോപനമില്ലാത്തതുകൊണ്ട് കൃത്യമായി സർജറി നടത്താൻ കഴിയാതെ മുപ്പത്തിനാല് വയസ്സുള്ള ചെറുപ്പക്കാരൻ നാടിനോട് വിടപറയാനുള്ള സാഹചര്യമുണ്ടായത് ആരോഗ്യ വകുപ്പിന്റെ നേട്ടമാണോ; ആരോഗ്യ വകുപ്പിന്റെ ഏറ്റവും വലിയ പരാജയമാണ്. മൂന്ന് മണിക്കൂർകൊണ്ട് ഹോസ്പിറ്റലിലെത്തിച്ച വൃക്ക ആ ചെറുപ്പക്കാരന് ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയാണ് ആരോഗ്യവകുപ്പ് ചെയ്തത്. മാത്രമല്ല, ഇവിടെ വകുപ്പുകളെക്കുറിച്ചും ഗവൺമെന്റിന്റെ ഭരണത്തെക്കുറിച്ചും പറയുമ്പോൾ ഞാൻ ഒന്നുരണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. കൊല്ലം കുളക്കട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒരു വിദ്യാർത്ഥി ചുമയ്ക്ക് മരുന്ന് വാങ്ങാനായി പോയപ്പോൾ അവിടെനിന്നും കൊടുത്തത് നിലം തുടയ്ക്കുന്ന ലോഷനാണ്. ആരോഗ്യ വകുപ്പുമന്ത്രിക്കും വകുപ്പിനും കുട്ടിയുടെ രക്ഷിതാക്കൾ പരാതി നൽകിയിട്ടുണ്ട്. ഇവിടെ മരുന്നില്ല എന്നുപറയുന്നത് സത്യമാണ്.

മരുന്നില്ലാത്തതുകൊണ്ട് മരുന്ന് മാറ്റിക്കൊടുത്തു. കാസർഗോഡ് ചെറുവത്തൂരിൽ ഷവർമ്മ കഴിച്ച് ഭക്ഷ്യ വിഷബാധയേറ്റ വിദ്യാർത്ഥിയെ ആരോഗ്യ വകുപ്പിന് രക്ഷപ്പെടുത്താൻ കഴിഞ്ഞില്ലെന്ന് പറയുമ്പോൾ വകുപ്പിന്റെ നേട്ടമാണോ; ദയനീയമായ പരാജയമാണ് ഇന്ന് ആരോഗ്യ വകുപ്പ് നേരിട്ടുകൊണ്ടിരിക്കുന്നത്. പി.ജി. ഡോക്ടറെന്ന വ്യാജേന പത്ത് ദിവസം പ്രാക്ടീസ് നടത്തി പണം തട്ടിയ സാഹചര്യം ഇന്ന് കേരളത്തിൽ ഉണ്ടായിട്ടുണ്ട്. അത് വകുപ്പിന്റെ പരാജയമല്ലേ; ഈ പരാജയങ്ങളൊന്നും തിരിച്ചറിയാതെ ചില കാര്യങ്ങൾ മാത്രം നേട്ടമായി കാണിച്ചുകൊണ്ട് ഭരണകക്ഷികൾ മുന്നോട്ടുപോകുകയാണ്. ഞാൻ മനസ്സിലാക്കുന്നത്, പ്രതിപക്ഷവും പ്രതിപക്ഷനേതാവും ഇവിടെയില്ലെങ്കിൽ ഇന്ന് കേരളം കൊള്ളയടിക്കുമായിരുന്നു. കേരളത്തിന്റെ അന്തസ്സ് തകർക്കുമായിരുന്നു. പ്രതിപക്ഷം വളരെ ശക്തമായാണ് മുന്നോട്ടുപോകുന്നത്. പി.പി.ഇ. കിറ്റ്, ഗ്ലൗസ്, തെർമോമീറ്റർ തുടങ്ങിയവയൊക്കെ വാങ്ങിയതിൽ കോടികളുടെ അഴിമതിയെ സംബന്ധിച്ച് പ്രതിപക്ഷനേതാവും ശ്രീ. പി. സി. വിഷ്ണുനാഥുമൊക്കെ ഇവിടെ ചൂണ്ടിക്കാണിച്ചു. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞില്ല. 1600 കോടി രൂപയുടെ പർച്ചേസ് നടത്തിയപ്പോൾ

എന്താണ് സംഭവിച്ചത്; കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് കെറോൺ കമ്പനി പി.പി.ഇ. കിറ്റ് 500/- രൂപയ്ക്ക് ലഭ്യമാക്കാമെന്ന് 2020 മാർച്ച് 29-ന് രേഖാമൂലം അറിയിച്ചു. എന്നാൽ പിറ്റേ ദിവസം 2020 മാർച്ച് 30-ന് 550/- രൂപയ്ക്ക് സാൻഫാർമ കമ്പനിക്ക് ഓർഡർ കൊടുക്കുകയാണ് ചെയ്തത്. മെഡിക്കൽ സംവിധാനത്തിൽ ഇത്തരത്തിലുള്ള ഉപകരണങ്ങളോ/ സംവിധാനങ്ങളോ തയ്യാറാക്കാൻ അവർക്കറിയില്ല. ഈ കമ്പനി 2014-ൽ പ്രവർത്തനം നിർത്തിവച്ചതാണ്. നിർത്തിവച്ചിരിക്കുന്ന കമ്പനിക്ക് ഓർഡർ കൊടുത്തതിലൂടെ വൻ അഴിമതിയല്ലേ നടത്തിയത്; അക്കാര്യം പ്രതിപക്ഷ നേതാവും ശ്രീ. പി. സി. വിഷ്ണുനാഥുമൊക്കെ സഭയിൽ ആവർത്തിച്ച് പറഞ്ഞപ്പോൾ അതിന് മറുപടിപോലും നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. ഇതൊക്കെ പ്രതിപക്ഷത്തിന് ഗവൺമെന്റിന്റെ നേട്ടമായി കാണാൻ കഴിയുമോ? ജനപക്ഷത്തുനിന്നും ജനങ്ങൾക്കുവേണ്ടി ശബ്ദിക്കുന്ന പ്രതിപക്ഷമാണ് ഇന്ന് കേരളത്തിലുള്ളത്. അതോടൊപ്പംതന്നെ കേരളത്തിൽ അരിവാൾ രോഗികളുടെ എണ്ണം വർദ്ധിക്കുകയാണ്. ഞാൻ ഓർക്കുന്നു, ഉമ്മൻചാണ്ടി ഗവൺമെന്റാണ് അവർക്ക് മാസം 2000 രൂപ പെൻഷൻ അനുവദിച്ചത്.

ഇന്ന് പലഘട്ടങ്ങളിലും ആ പെൻഷൻ നൽകാൻ കഴിയാത്ത സാഹചര്യമാണ്. മാത്രമല്ല, ഒരു കുടുംബത്തിലെ മുഴുവൻ ആളുകളെയും ഈ രോഗം ബാധിച്ചിരിക്കുന്ന അവസ്ഥ നമ്മുടെ നാട്ടിലുണ്ട്. ഏറ്റവും കൂടുതൽ രോഗികളുള്ളത് വയനാട്ടിലാണ്. വയനാട്ടിൽ അതുസംബന്ധിച്ച് ഒരു റിസർച്ച് സെന്റർ പണിയുന്നതിനുള്ള പ്രഖ്യാപനം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. എവിടെയാണ് തുടങ്ങിയത്; എവിടെയാണ് പ്രവർത്തനമാരംഭിച്ചത്? ഇന്ന് വയനാട് ജില്ലയിൽ അരിവാൾ രോഗികൾ സമരവുമായി മുന്നോട്ടുപോകുകയാണ്. അവർക്ക് ആരോഗ്യ വകുപ്പിനെക്കുറിച്ച് ഒരു മതിപ്പുമില്ല. പാവപ്പെട്ട അരിവാൾ രോഗികൾ ഇന്ന് പ്രയാസപ്പെടുകയാണ്. മറ്റൊരു കാര്യം, വയനാട് മെഡിക്കൽ കോളേജിനായി 2013-14-ൽ ഉമ്മൻചാണ്ടി ഗവൺമെന്റ് ജില്ലയുടെ ഹൃദയഭാഗത്ത് തറക്കല്ലിട്ടതാണ്. ഇന്ന് എന്താണ് സ്ഥിതി? ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അവിടെവന്ന് മെഡിക്കൽ കോളേജ് നിർമ്മിക്കേണ്ട ഭൂമിയിലേയ്ക്കുള്ള റോഡ് പ്രവൃത്തിയുടെ ഉദ്ഘാടനം നടത്തി. അവിടെ റോഡ് നിർമ്മാണത്തിലെ മൺപണി മാത്രം ചെയ്തു. മാത്രമല്ല, ഇന്ന് ആ മെഡിക്കൽ കോളേജ്

എവിടെയാണ് സ്ഥാപിക്കേണ്ടതെന്ന് ആശങ്കപ്പെട്ടുകയാണ്. അതുപോലെ മാനന്തവാടി മെഡിക്കൽ കോളേജ് പ്രഖ്യാപിച്ചു. ഇന്ന് ആ മെഡിക്കൽ കോളേജ് അവിടെയുണ്ടോ? ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. മെഡിക്കൽ കോളേജിലേയ്ക്ക് പോകുന്ന രോഗികളെ ആരോഗ്യവകുപ്പ് കൽപ്പറ്റ ജനറലാശുപത്രിയിലേയ്ക്ക് റഫർ ചെയ്യുകയാണ്. മാത്രമല്ല, അപകട മരണങ്ങളോ ആത്മഹത്യയോ ഉണ്ടായാൽ, ഒരു ബോഡി പോസ്റ്റ്മോർട്ടം ചെയ്യേണ്ടിവന്നാൽ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകേണ്ട സാഹചര്യമാണ്. അവിടെ ഒരു ഫോറൻസിക് സർജനില്ല. ഒരു മെഡിക്കൽ കോളേജാകുമ്പോൾ എല്ലാ സംവിധാനങ്ങളും വേണ്ടേ? ഇന്ന് വയനാട് ജില്ലയിൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. അവിടെ ഡോക്ടർമാരോ ആവശ്യമായ ജീവനക്കാരോ ഇല്ല. സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും താലൂക്ക് ആശുപത്രികളിലൊന്നും മരുന്നുകളില്ലാതെ രോഗികൾ വലിയ പ്രയാസത്തിലാണെന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുയാണ്.

കേരളത്തിലെ ആരോഗ്യവകുപ്പ് ഉണർന്ന് പ്രവർത്തിക്കേണ്ട ഘട്ടത്തിൽ അവരുടെ പ്രസംഗത്തിനുപോലും ആവേശമില്ല.

മി. ചെയർമാൻ: യെസ്... സമയം കഴിഞ്ഞു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഭരണപക്ഷം ആവേശകരമായി ആരോഗ്യ വകുപ്പിനെ പുകഴ്ത്തിയ സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. 'ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഉറങ്ങിയിട്ടില്ല, ടീച്ചർ ഉറങ്ങാതെ പ്രവർത്തിക്കുകയാണ് തുടങ്ങിയ കാര്യങ്ങൾ പറയുമായിരുന്നു. ഇന്ന് ആരോഗ്യവകുപ്പും ഗവൺമെന്റും ഉറങ്ങുകയാണെന്ന് ഞങ്ങൾ പറയുന്നു.

മി. ചെയർമാൻ: ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എല്ലാവരും സഹകരിച്ചതാണ്. പ്ലീസ്.....

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, രോഗികളെ സഹായിക്കാനുള്ള ഒരു നടപടിയും സ്വീകരിക്കാത്ത ആരോഗ്യവകുപ്പാണ് കേരളത്തിലുള്ളതെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ]

ശ്രീമതി ദെലീമ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ ആരോഗ്യമേഖല ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു

മാതൃകയാണെന്ന് നെഞ്ചിൽ കൈവച്ച് ഓരോ മലയാളിക്കും പറയാൻ കഴിയും. ഒരു സമൂഹത്തിന്റെ മാനവിക വികസനത്തിന്റെ നിർണ്ണായക സൂചകങ്ങളിലൊന്നാണ് ജനങ്ങളുടെ ആരോഗ്യ നിലയിലെ പുരോഗതി. നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യ നിലവാരം വികസിത രാജ്യങ്ങളുമായി ഏറ്റവും അഭിമാനത്തോടെ താരതമ്യപ്പെടുത്താവുന്നതാണ്. കേരളം ആരോഗ്യ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ സുസ്ഥിരമാണ്. ആരോഗ്യരംഗത്തെ നമ്മുടെ മുന്നേറ്റങ്ങൾക്ക് 5000 വർഷം പഴക്കമുണ്ട്. നീതി ആയോഗിന്റെ സൂചികയിൽ ആരോഗ്യ മേഖലയിൽ കേരളം ഒന്നാമതായി മാറിയിരിക്കുകയാണ്. കുറഞ്ഞ മാതൃമരണ നിരക്ക്, ആയുർദൈർഘ്യം എന്നീ സൂചികകൾ വികസിത രാജ്യങ്ങൾക്കൊപ്പമാണ്. ആരോഗ്യ വനിത-ശിശുവികസന വകുപ്പിന് ഏഴ് പുരസ്കാരങ്ങളും ബഹുമതികളുമാണ് ലഭിച്ചത്. നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനങ്ങളിൽ കേരളത്തിന് രണ്ട് ദേശീയ അവാർഡുകളാണ് ലഭിച്ചത്. ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം നേടുന്ന ഏക സംസ്ഥാനമായി കേരളം മാറി. സ്ത്രീ സുരക്ഷയ്ക്ക് 'കനൽ' പദ്ധതി നടപ്പിലാക്കി. മാതാപിതാക്കൾ

നഷ്ടമായ കുട്ടികൾക്ക് ധനസഹായം അനുവദിച്ചു. ബാലവേല തടയുന്നതിനുവേണ്ട ശക്തമായ ഇടപെടൽ നടത്തി. സംസ്ഥാനത്ത് ഇ-ഹെൽത്ത് സംവിധാനം വ്യാപിപ്പിച്ചു. ജീവിതശൈലീരോഗ നിർണ്ണയത്തിന് ശൈലിആപ്പ് കൊണ്ടുവന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ആരംഭിച്ചു. മുതിർന്ന പൗരന്മാർക്കും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കും അനുബന്ധ രോഗങ്ങളുള്ളവർക്കും വീടുകളിൽ സൗജന്യമായി മരുന്നുകൾ എത്തിച്ചു നൽകുന്നതുൾപ്പെടെ നിരവധി പദ്ധതികളാണ് ആരോഗ്യരംഗത്ത് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ക്യാൻസർ രോഗികൾക്ക് തൊട്ടടുത്ത് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് 24 ആശുപത്രികളിൽ ക്യാൻസർ ചികിത്സാ സൗകര്യം നടപ്പിലാക്കി. കേരളത്തിലാദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടപ്പിലാക്കി. എറണാകുളം ജനറലാശുപത്രിയിൽ ഹൃദയശസ്ത്രക്രിയ ആരംഭിച്ചു. ഇതിന്റെ പ്രയോജനം ലഭിക്കുന്നത് ലക്ഷക്കണക്കിന് രൂപമുടക്കി സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടി വീടും കുടുംബവും വിറ്റ് ജീവിതം വഴിമുട്ടിയ പാവപ്പെട്ട രോഗികൾക്കാണ്.

അവരുടെ പ്രാർത്ഥനയാണ് ഈ സർക്കാരിനെ നിലനിർത്തിയിരിക്കുന്നത്. കോവിഡ്-19 കാലത്ത് സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം സുഗമമാക്കാൻ 307 നോൺ അക്കാഡമിക് റെസിഡന്റുമാരെ നിയമിച്ചു. 18 സ്പെഷ്യാലിറ്റി സീറ്റുകൾക്കും 9 സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾക്കും അനുമതി നേടിയെടുക്കാൻ സാധിച്ചു. ഇതെല്ലാം നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യ രംഗത്തെ അടിവരയിട്ട വികസനങ്ങളാണ്. ഇതിനൊക്കെ പുറമെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ സംവിധാനമൊരുക്കുകയും നൂതന സംവിധാനങ്ങളോടുകൂടിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിക്കുകയും ചെയ്തു. 100 ഐ.സി.യു. കിടക്കകളുള്ള പ്രത്യേക ബ്ലോക്ക് സ്ഥാപിക്കുകയും കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ കാത്ത് ലാബ് പ്രവർത്തനസജ്ജമാക്കുകയും ആലപ്പുഴ മെഡിക്കൽ കോളേജിൽ 173 കോടി രൂപ മുതൽമുടക്കി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് അനുമതി നൽകുകയും ചെയ്തു. കോട്ടയം മെഡിക്കൽ കോളേജിൽ 268 കോടി രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് അനുവദിക്കാൻ അനുമതി നൽകി. ഇടുക്കി മെഡിക്കൽ കോളേജിൽ പുതിയ കെട്ടിടം പൂർത്തീകരിച്ച് ഐ.പി. ആരംഭിച്ചു. ആരോഗ്യ മേഖലയിലെ വികസന

പ്രവർത്തനങ്ങൾ പറയാൻ ഒരു ദിവസം തികയാതെ വരും. ജനപ്രതിനിധിയെന്ന നിലയിൽ എന്റെ മണ്ഡലത്തിലെ ആരോഗ്യ മേഖലയിലെ നേട്ടങ്ങൾ ഇവിടെ പറയാതിരിക്കാൻ കഴിയില്ല. യു.ഡി.എഫ്. ഭരണകാലഘട്ടത്തിൽ ആരോഗ്യ മേഖലയിൽ യാതൊരു പുരോഗതിയുമില്ലാതെ പൊട്ടിയും പൊളിഞ്ഞും കിടന്ന ആശുപത്രികളെല്ലാം ഇന്ന് സ്വകാര്യ ആശുപത്രിയെ വെല്ലുന്ന ആധുനിക സൗകര്യങ്ങളോടെ നിലകൊള്ളുന്നു. ദൈനംദിനം ആയിരത്തിനുമേൽ പാവപ്പെട്ട മനുഷ്യർക്ക് സാന്ത്വനമായി ഇന്ന് ആശുപത്രികൾ മാറിയിരിക്കുന്നു. എത്രയോ ഡയാലിസിസ് രോഗികൾ അഞ്ച് പൈസ പോലുമില്ലാതെയാണ് ഇവിടെ ഡയാലിസിസ് ചെയ്യുന്നത്. ഗൈനോക്കോളജി ഉൾപ്പെടെ അത്യാധുനിക സൗകര്യങ്ങൾ പാവങ്ങൾക്കായി ഒരുക്കിയിരിക്കുന്നു. എന്റെ ഗ്രാമത്തിലെ ഒരു ചെറിയ ആശുപത്രിയുടെ വളർച്ച ഇതാണെങ്കിൽ കേരളത്തിലെ ആരോഗ്യരംഗത്തെ വളർച്ച എത്രമാത്രം ഉയർന്നിരിക്കുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കും. കേരളത്തിലെ പ്രതിപക്ഷ എം.എൽ.എ.-മാരുടെ ഉൾപ്പെടെ എല്ലാ മണ്ഡലങ്ങളിലും ആരോഗ്യമേഖലയിൽ വൻകുതിപ്പാണുണ്ടായിരിക്കുന്നതെന്ന് പ്രതിപക്ഷവും തിരിച്ചറിയുന്നുണ്ട്.

അതിന്റെ സത്ഫലങ്ങൾ അവരും അനുഭവിക്കുന്നുണ്ട്. ഈ വർഷം പുതുതായി ആരോഗ്യ മേഖലയിൽ 326 തസ്തികകൾ സൃഷ്ടിച്ചു. നേട്ടങ്ങൾക്കിടയിലും കേരളത്തിന്റെ ആരോഗ്യ മേഖല നിരവധി വെല്ലുവിളികളെ അഭിമുഖീകരിക്കുന്നുണ്ട്. വർദ്ധിച്ചുവരുന്ന പലവിധ രോഗങ്ങൾ, ജീവിതശൈലീരോഗ നിരക്കിലെ വർദ്ധന, പരിസ്ഥിതി ജന്യരോഗങ്ങളുടെ വ്യാപനം, ജനസംഖ്യാ ഘടനാമാറ്റം, മുതിർന്ന പൗരന്മാരുടെ ആരോഗ്യ പ്രശ്നങ്ങൾ, വർദ്ധിക്കുന്ന റോഡപകടങ്ങൾ തുടങ്ങിയവ ഉയർത്തുന്ന വെല്ലുവിളികൾ ചെറുതല്ല. പ്രതിവർഷം എഴുപതിനായിരം പേർ അർബുദരോഗികൾ ആകുന്നുവെന്ന കണക്ക് ഞെട്ടിക്കുന്നതാണ്. വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾക്കും അർബുദരോഗത്തിനുമുണ്ടാകുന്ന വർദ്ധനവിനും സർക്കാർ ഇനിയും പരിഗണന നൽകുമെന്ന് പൂർണ്ണമായും വിശ്വസിക്കുന്നു. ആരോഗ്യരംഗത്ത് ഈ വികസന പ്രവർത്തനങ്ങൾ അഭിമാനകരമായി സംസ്ഥാനമൊട്ടുക്ക് നടപ്പിലാക്കുമ്പോഴും എന്റെ മണ്ഡലത്തിലെ ആശുപത്രികളിൽ കുറച്ചുകൂടി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് തുറവൂർ താലൂക്കാശുപത്രിയിൽ എൻ.എച്ച്.എം. വഴി ഒരു ഡോക്ടറെപ്പോലും

നിയമിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതോടൊപ്പം തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി എന്നീ ആശുപത്രികളിലും ഡോക്ടർമാരുടെ കുറവുണ്ട്, അത് പരിഹരിക്കണം. പ്രത്യേകിച്ച് തുറവൂർ ആശുപത്രി ഹൈവേയുടെ വശത്താണ് നിലകൊള്ളുന്നത്. ഹൈവേയിലുണ്ടാകുന്ന അപകടങ്ങളിലെല്ലാം ജനങ്ങൾ പെട്ടെന്ന് ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. 1500 ഒ.പി.-കളാണ് അവിടെ പ്രവർത്തിക്കുന്നത്. അവിടെ ഡോക്ടർമാരുടെ കുറവുണ്ടെന്നുള്ളത് പ്രത്യേകിച്ച് പരിഗണിക്കേണ്ടതായിട്ടുണ്ട്. ഇതോടൊപ്പം നമ്മുടെ ആരോഗ്യരംഗത്തിന്റെ വളർച്ചയ്ക്ക് വളരെയേറെ സംഭാവനകൾ നൽകിയ ആയുർവ്വേദ-ഹോമിയോ  വിഭാഗങ്ങൾ ചില പ്രതിസന്ധികൾ നേരിടുന്നുണ്ട്. അലോപ്പതിക്ക് നൽകുന്ന പ്രാധാന്യവും പരിഗണനയും ഈ വിഭാഗത്തിനും നൽകേണ്ടതായിട്ടുണ്ടെന്ന് അവരുടെ സംഘടന വഴി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിന് പരിഹാരം കാണണം. നമ്മുടെ സംസ്ഥാനം പതിറ്റാണ്ടുകളായി ആരോഗ്യ രംഗത്തും സാമൂഹിക വികസന സൂചികയിലും നേടിയെടുത്ത മുൻതൂക്കം നിലനിർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതിന് ഈ ധനാഭ്യർത്ഥന ഉപകാരപ്രദമാകുമെന്നതിൽ കേരളത്തിലെ ജനത പൂർണ്ണമായും

വിശ്വസിക്കുന്നു. സംസ്ഥാനത്തെ എല്ലാ പാവപ്പെട്ട രോഗികൾക്കും തണലായിത്തീർന്ന പിണറായി സർക്കാരിനും ആരോഗ്യ വകുപ്പുമന്ത്രിക്കും മറ്റാരോഗ്യ പ്രവർത്തകർക്കും നന്ദിയും ആശംസയും നേർന്നുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, 'ആരോഗ്യ കേരളം ഐശ്വര്യ കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ബഹുമുഖ പദ്ധതികളും പ്രവർത്തന പരിപാടികളുമായി മുന്നേറുന്ന ഒരു വകുപ്പാണ് ആരോഗ്യ വകുപ്പ്. ഇന്ത്യയ്ക്കുതന്നെ മാതൃകയായ നിരവധി പ്രവർത്തനങ്ങൾ ഒന്നാം പിണറായി ഗവൺമെന്റും തുടർഭരണത്തിന്റെ ഭാഗമായി, ഒരു വർഷം പിന്നിട്ട രണ്ടാം പിണറായി ഗവൺമെന്റും സ്വീകരിക്കുന്നത് എല്ലാവർക്കും അനുഭവസാക്ഷ്യമാണ്. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ ഓരോന്നും നടപ്പിലാക്കി കഴിയുമ്പോൾ ബഹുജനസമക്ഷം തുറന്ന പുസ്തകമായി പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കുകയാണ് പിണറായി ഗവൺമെന്റ്. ഈ സർക്കാരിന്റെ ആദ്യവർഷത്തിലാണ് കോവിഡ് മഹാമാരിയുടെ പ്രത്യാഘാതം ഗുരുതരമായി വന്നത്. അത് സാമ്പത്തിക രംഗത്തും വളരെയധികം ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. കേരളത്തിലെ ആരോഗ്യരംഗം

ലോകത്തിനുതന്നെ മാതൃകയാണ്. അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിലെല്ലാം നമ്മുടെ ആരോഗ്യരംഗം സമ്പന്നമാണ്. പകർച്ചവ്യാധികളും മറ്റ് രോഗങ്ങളുടെ ഫലമായുണ്ടാകുന്ന മാനസികാരോഗ്യ പ്രശ്നങ്ങളും അപകടംമൂലമുണ്ടാകുന്ന മരണങ്ങളും ആരോഗ്യ പ്രത്യാഘാതങ്ങളും മിഷൻ മാതൃകയിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. ലോകത്തുതന്നെ കോവിഡ് മഹാമാരി സങ്കീർണ്ണമായ സാഹചര്യം സൃഷ്ടിച്ചു. ലോകം കീഴടക്കാൻവന്ന അമേരിക്കൻ സാമ്രാജ്യത്വംപോലും കോവിഡിനുമുമ്പിൽ മുട്ടുവിറച്ചുനിൽക്കുന്നതാണ് കാണാൻ കഴിഞ്ഞത്. അവിടെയാണ് കേരളത്തിന്റെ ശക്തിചൈതന്യമായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തോടെ കോവിഡിനെ നേരിടാൻ ജനങ്ങളും രംഗത്തിറങ്ങിയത്. ജനങ്ങളിൽനിന്നും സഹകരണം സമാഹരിച്ചുകൊണ്ട് കേരളം ആ മഹാമാരിയെ പിടിച്ചുനിർത്തി. ത്രിതല പഞ്ചായത്തുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ സി.എഫ്.എൽ.ടി.സി., കമ്യൂണിറ്റി കിച്ചൺ, കോവിഡ് പരിശോധനാ ക്യാമ്പുകൾ, സർക്കാർ ആശുപത്രികൾ, ആരോഗ്യ പ്രവർത്തകർ, ആശാപ്രവർത്തകർ എന്നിവരെല്ലാം എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിച്ചു.

ഇതെല്ലാം കോവിഡിനെ പ്രതിരോധിക്കാനുള്ള മഹാസംരംഭത്തിന്റെ ഭാഗമായിരുന്നു. മൂന്നാംതരംഗ ഭീഷണി നേരിടാനും ഏറെ ശ്രമങ്ങൾ നടത്തി വിജയകരമായി മുന്നോട്ടുപോകുകയാണ്. സംസ്ഥാന സർക്കാർ കോവിഡ് വാക്സിനേഷൻ സെന്റർവഴി സൗജന്യമായാണ് ജനങ്ങൾക്ക് വാക്സിൻ നൽകിയത്. 03-04-2022 വരെ 5,43,87,311 ഡോസ് വാക്സിൻ നൽകിയെന്ന് പറയുന്നത് വാസ്തവത്തിൽ ഒരു വലിയ ചരിത്രവിജയം തന്നെയാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ധാരാളം വികസന പ്രവർത്തനങ്ങൾ ആരോഗ്യ പ്രവർത്തകരുടെ സഹകരണത്തോടെ നടത്താൻ സാധിച്ചു. ആരോഗ്യ വകുപ്പ് ജനങ്ങളുടെ ആവശ്യകത പരിഗണിച്ച് പ്രവർത്തിക്കുന്ന സാഹചര്യമുണ്ടായി. കണ്ണൂർ നിയോജകമണ്ഡലത്തിലെ ജില്ലാശുപത്രിയിൽ 73 കോടി രൂപ ചെലവഴിച്ച് ആധുനിക രീതിയിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനമാരംഭിച്ച് പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുകയാണ്. കണ്ണൂർ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് നല്ലരീതിയിൽ പ്രവർത്തനം നടത്തിവരുന്നു. കിഫ്ബിവഴി 29.5 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി മികച്ച രീതിയിൽ

പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. കിഫ്ബിയുടെ സഹായത്തോടെ മികച്ച ട്രോമാകെയർ സംവിധാനമൊരുക്കുന്നതിന് 51.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനമാരംഭിച്ചു. കുടുംബക്ഷേമ പ്രവർത്തനങ്ങൾ മാതൃകാപരമായ രീതിയിൽ നടക്കുകയാണ്. കൂടിയ ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണ നിരക്ക്, ജനസംഖ്യാ നിയന്ത്രണം എന്നിവയിൽ കേരളം മെച്ചപ്പെട്ട പ്രവർത്തനം തുടരുകയാണ്. ഓരോ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലെയും പ്രവർത്തനങ്ങൾ താഴെത്തട്ടുവരെ എത്തിക്കാനുള്ള നടപടികൾ ക്രമീകരിക്കുകയാണ്. ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കാൻ ബോധവത്കരണവും മുൻകൂട്ടി രോഗം കണ്ടുപിടിക്കാൻ ക്യാമ്പുകളും ക്രമീകരിച്ചു. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ വെൽനസ് സെന്ററുകളാക്കി മാറ്റാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് കൂടുതൽ സ്പെഷ്യാലിറ്റി സർവ്വീസ് ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരെ നിയമിച്ച് അടിസ്ഥാനസൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. പുതിയ മെഡിക്കൽ കോളേജുകളായ കോന്നി, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആദ്യവർഷ കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. രോഗപ്രതിരോധ പ്രവർത്തനത്തിനും ആരോഗ്യ സംരക്ഷണത്തിനും ആയുഷിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. കണ്ണൂർ ജില്ലയിലെ ഇരിക്കൂറിൽ കല്ല്യാടിൽ ആയുർവ്വേദ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ദേശീയ പ്രാധാന്യമുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടായി പരിവർത്തിതമാവുകയാണ്.

ആരോഗ്യ കേരളത്തിന്റെ ആയുസ്സ് കുറയ്ക്കാനുള്ള ശ്രമങ്ങളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സ്വീകരിക്കുന്നത്. അവർ ഇത്തരം പ്രവർത്തനങ്ങളിൽനിന്നും മാറുന്നതാണ് ഉചിതം. വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താനും തകർക്കാനും മാത്രം ഉപകരിക്കുന്ന അക്രമാസക്തമായ സമരങ്ങൾക്ക് അവർ നേതൃത്വം കൊടുക്കുന്നത് സംസ്ഥാനത്തിന് വിനാശകരമാണ്. ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കാനും സമാധാന ധ്വംസനത്തിനുമുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഇത്തരം സമരങ്ങൾ നടത്തുന്നത്. പ്രകോപനമുണ്ടാക്കാനുള്ള നടപടികളുടെ ഭാഗമായിട്ടാണ് തലസ്ഥാന നഗരിയിലെ എ.കെ.ജി. സെന്ററിനുനേരെ അക്രമം നടന്നത്. ഇതിനെയൊരു യാദൃശ്ചിക സംഭവമായി കാണാൻ ആർക്കും കഴിയില്ല. സംഭവം നടന്ന് ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഞങ്ങളെല്ലാവരും അവിടെ

എത്തിച്ചേരുകയുണ്ടായി. വിവരമറിഞ്ഞ് ജനങ്ങളും ഒഴുകിയെത്തി. ഈ സംഭവം ജനങ്ങളെ ഉത്കണ്ഠാകുലരാക്കുന്നതും പ്രകോപനമുണ്ടാക്കുന്നതുമായിരുന്നു. എ.കെ.ജി. സെന്ററിനുനേരെ എറിഞ്ഞത് വെറും പടക്കമാണ്, അല്ലാതെ മാരകമായ പ്രത്യാഘാതമുണ്ടാക്കുന്ന ഒന്നുമല്ലെന്നാണ് ചിത്രീകരിക്കാൻ ശ്രമിക്കുന്നത്. പടക്കമായാലും ആറ്റംബോംബായാലും ഹൈഡ്രജൻ ബോംബായാലും പാവങ്ങളുടെ പടത്തലവനായി അറിയപ്പെടുന്ന എ.കെ.ജി.-യുടെ നാമധേയത്തിലുള്ള കേരളത്തിലെ ഏറ്റവും പ്രമുഖമായ പാർട്ടി ഓഫീസിനുനേരെ എറിഞ്ഞുവെന്നതാണ് ഗൗരവമായി ശ്രദ്ധിക്കപ്പെടേണ്ട കാര്യം. ബഹുമാനപ്പെട്ട രാഹുൽ ഗാന്ധി എം.പി.-യുടെ വയനാട് ഓഫീസ് ആക്രമിച്ചതറിഞ്ഞ നിമിഷത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും അതിനെ അപലപിക്കുകയുണ്ടായി. പ്രകോപനമുണ്ടാക്കാൻ അവസരമുണ്ടാക്കുന്നതാണ് ഈ നീചമായ ആക്രമണം. ഈ നിലയിൽ ഏത് പാർട്ടി ഓഫീസ് അക്രമിക്കുന്നതും ശരിയല്ലെന്നുള്ളതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിമാനയാത്രയിൽ മൂന്ന് സുഹൃത്തുക്കളാണ് 12000 രൂപ വീതം കൊടുത്ത് 36000 രൂപയുടെ ടിക്കറ്റ്

വാങ്ങിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആരോഗ്യത്തെക്കുറിച്ച് അന്വേഷിക്കാനോ ആർ.സി.സി. സെന്ററിലോ ശ്രീചിത്ര ആശുപത്രിയിലോ പോകാനോ അല്ല അവർ തിരുവനന്തപുരത്തേയ്ക്ക് വന്നത്. ആ മൂന്നുപേരാണ് വിമാനത്തിനുള്ളിൽ പ്രശ്നമുണ്ടാക്കിയത്. അത് തടയാനൊരു ചെറിയ ശ്രമമാണ് ശ്രീ. ഇ. പി. ജയരാജൻ നടത്തിയത്. അതാണ് ഏറ്റവും മുഖ്യമായ വിഷയമായി പ്രതിപക്ഷം ഉന്നയിക്കുന്നത്. ഈ സംഭവങ്ങളുണ്ടാകുമ്പോൾ അതിന്റെ പ്രതിഷേധവും പ്രതികരണവുമുണ്ടാകും. ആ പ്രതികരണങ്ങൾ സ്വാഭാവികമായും ജനങ്ങൾ ഏറ്റെടുത്ത് കഴിഞ്ഞാലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ എല്ലാവർക്കുമറിയാം. അതിനാൽ ഇത്തരത്തിലുള്ള നീക്കങ്ങളിൽനിന്ന് പിന്തിരിയുകയെന്നുള്ളത് ഒരു ക്രിയാത്മക പ്രതിപക്ഷത്തിന്റെ ധാർമ്മികമായ ഉത്തരവാദിത്തമാണെന്ന് ഞാൻ കരുതുകയാണ്. കാരണം, അതിനാവശ്യമായ നേതൃത്വവും സഹകരണവും പ്രതിപക്ഷം നൽകേണ്ടത് ഒരു ജനാധിപത്യ സംവിധാനത്തിൽ അനിവാര്യമാണെന്ന് നമ്മളെല്ലാം അറിയുന്നവരാണ്. അതിനാൽ ക്രിയാത്മകമായി പ്രവർത്തിക്കാനുള്ള ചുമതല നിർവ്വഹിക്കാൻ അവർ സന്നദ്ധമാകണം. വിനാശകരമായ നീക്കങ്ങളിലൂടെ വികസന

പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിന് രാഷ്ട്രീയമായ നിഗൂഢ പദ്ധതികൾ മാത്രം കൈകാര്യം ചെയ്യുമ്പോൾ അതിന് സഹായകരമായ നിലപാടുകൾ തന്നെയാണ് കേന്ദ്രത്തിലെ അധികാരികളായ ബി.ജെ.പി/ ആർ.എസ്.എസ്./ സംഘ്പരിവാർ ശക്തികളും കൈക്കൊള്ളുന്നത്. അവരുമായി സഹകരിക്കുന്ന പ്രവണത ആപത്കരമാണെന്ന് അറിയാത്തവരാണോ നിങ്ങൾ? പക്ഷേ, ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ തുടർഭരണത്തിന്റെ ആഘാതത്തിൽനിന്ന് ഇപ്പോഴും നിങ്ങളുടെ മാനസികമായ അസ്വാസ്ഥ്യത്തിന് മോചനമുണ്ടായിട്ടില്ല. അതിന്റെ പ്രത്യാഘാതത്തിൽനിന്ന് രക്ഷപ്രാപിക്കാൻ ശ്രമിക്കുകയാണ്. അതിനാൽ അത്തരം നടപടികളിൽനിന്നും മാറി ഉത്തരവാദിത്വബോധമുള്ള പ്രതിപക്ഷ കക്ഷിയെന്ന നിലയ്ക്ക് നിങ്ങൾ പ്രവർത്തിക്കാൻ തീരുമാനിച്ചാൽ കേരളം നേരിടുന്ന ബഹുമുഖമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വേഗത്തിൽ കഴിയും. കേരളത്തെ എല്ലാ നിലയിലും സഹായിക്കേണ്ട ഉത്തരവാദിത്വമുള്ള കേന്ദ്ര ഭരണം കേരള വിരുദ്ധ നിലപാടുകളുമായി നീങ്ങുന്നതിനെതിരായിട്ടുള്ള പോരാട്ടത്തിൽ പ്രതിപക്ഷംകൂടി സഹകരിക്കേണ്ട ഉത്തരവാദിത്വമില്ലേ? അതിനുപകരം കേന്ദ്ര അധികാരികളെയും അവരെ നിയന്ത്രിക്കുന്ന

ആർ.എസ്.എസ്./സംഘ് പരിവാർ ശക്തികളെയും മറ്റും സഹായിച്ചുകൊണ്ടുള്ള നിലപാടുകളുണ്ടാകുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയേയും പിണറായി സർക്കാരിനെയും ക്ഷീണിപ്പിക്കാനാണോ? പിണറായി സർക്കാരിന്റെ എല്ലാ നേട്ടങ്ങളെയും പുരോഗതിയെയും കേന്ദ്രം ഭയപ്പെടുന്നു. കേന്ദ്ര ഭരണാധികാരികൾക്ക് ഒരു ദേശീയ ബദലിന്റെ പ്രതീകമായി മാറുന്നത് കരുത്തനായ ശ്രീ. പിണറായി വിജയൻ തന്നെയാണെന്ന് അവർക്ക് നന്നായിട്ടറിയാം. അദ്ദേഹത്തെ നിങ്ങൾ സംയുക്തമായി നേരിടുന്നതിനുപകരം നിങ്ങളുടെ നിലപാടുകൾ പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്നിവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകൾ കേരളത്തിന്റെ സമഗ്രമായ ആരോഗ്യ പരിരക്ഷയ്ക്കും വികസനത്തിനും വേണ്ടിയാണ്. 'ആരോഗ്യ കേരളം ഐശ്വര്യ കേരളം ' എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട ഈ ധനാഭ്യർത്ഥനകളെ ഞാൻ സമ്പൂർണ്ണമായി അനുകൂലിക്കുന്നു.

ശ്രീമതി യു. പ്രതിഭ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. 'തുരുമ്പെടുത്തുപോയ ആരോഗ്യരംഗം' എന്ന് എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗം പറയുന്നതുകേട്ടു.

തുരുമ്പെടുക്കാത്ത മനസ്സുമായി യു.ഡി.എഫ്. നിലനിന്നാൽ തുരുമ്പെടുക്കാത്ത ഒന്നാന്തരം ആരോഗ്യ മേഖലയെ നിങ്ങൾക്ക് കാണാൻ കഴിയുമെന്ന് ആദ്യംതന്നെ സൂചിപ്പിക്കുകയാണ്. ആ ബഹുമാനപ്പെട്ട അംഗത്തിന് കലക്കവെള്ളത്തിൽ മീൻപിടിക്കാൻ നല്ല കഴിവാണ്. മുൻ ആരോഗ്യ വകുപ്പുമന്ത്രിയെയും നിലവിലെ ആരോഗ്യ വകുപ്പുമന്ത്രിയെയും താരതമ്യപ്പെടുത്തി അദ്ദേഹം പറയുന്നതുകേട്ടു. കേരളത്തിൽ ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണമാണ് നടക്കുന്നത്. ഏതെങ്കിലും ഒരു മന്ത്രിയെയോ ഏതെങ്കിലുമൊരാളെയോ മാത്രം ഫോക്കസ് ചെയ്യുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയങ്ങൾ ഭംഗിയായി നടപ്പാക്കുന്ന മന്ത്രിമാരടങ്ങുന്നൊരു ടീമാണ് കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അധികാരത്തിലിരിക്കുന്നത്. അതുകൊണ്ട് ഇന്ത്യയിൽ ഏറ്റവും മികച്ച ആരോഗ്യരംഗമുള്ളൊരു നാടായി കേരളത്തെ മാറ്റാൻ കാലാകാലങ്ങളായി അധികാരത്തിൽവന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭകൾക്കും ഗവൺമെന്റിനും കഴിഞ്ഞിട്ടുണ്ടെന്നുകൂടി ആമുഖമായി ചൂണ്ടിക്കാണിക്കുകയാണ്. ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിൽ കണക്കുകളുടെ കഥകൾ പറയുന്നതുകേട്ടു.

2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ നിന്നിറങ്ങുമ്പോൾ മൊത്തം കടം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 25.5 ശതമാനമായിരുന്നുവെന്ന് അപ്പുറത്തിരിക്കുന്ന ആളുകൾക്കറിയാത്തതല്ല. ഒരുപാട് തവണ എം.എൽ.എ.-മാരായിട്ടുള്ള അംഗങ്ങളൊക്കെ യു.ഡി.എഫ്.-ന്റെ നിരയിലുണ്ട്. 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ നിന്നിറങ്ങുമ്പോൾ സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 25.5 ശതമാനം കടം 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ നിന്നിറങ്ങുമ്പോൾ ജി.എസ്.ഡി.പി.-യുടെ 29 ശതമാനമായി മാറി. 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ നിന്നിറങ്ങുമ്പോൾ 25 ശതമാനം കടമുണ്ടായിരുന്നെങ്കിൽ അത് ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ നിറവേറ്റിയതിന്റെ കടമായിരുന്നു. എന്നാൽ 2016-ൽ യു.ഡി.എഫ്. എന്ത് ചെയ്തിട്ടാണ് ആ കടം വരുത്തിയതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കാരണം, തകർന്ന ആരോഗ്യ-വിദ്യാഭ്യാസരംഗം, കുടുംബശ്രീക്ക് ബദൽ ജനശ്രീ കൊണ്ടുവന്നു, കേരളത്തിലെ ക്രമസമാധാനപാലനം തകർന്നിരുന്നു, അങ്ങനെ കലുഷിതമായ ഒരു അന്തരീക്ഷമായിരുന്നു. പെൻഷനും ജനങ്ങൾക്കുവേണ്ട സർവ്വീസുകളും

കൊടുത്തിട്ടില്ല. നിങ്ങൾ എങ്ങനെ കടമാക്കിയെന്ന് ബഹുമാനപ്പെട്ട അംഗം അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ വ്യക്തമാക്കണമായിരുന്നു. ഇത് പറയുമ്പോൾ അത്തരം കാര്യങ്ങൾകൂടി പറയണം. ജനങ്ങൾ മണ്ടന്മാരാണെന്ന് കരുതരുത്. കേരളത്തിലെ ജനങ്ങൾ മണ്ടന്മാരല്ല. അതുകൊണ്ടാണ് രണ്ടാമത്തെ തെരഞ്ഞെടുപ്പിൽ 99 സീറ്റുനൽകി ഞങ്ങളെ വിജയിപ്പിച്ചത്. നിങ്ങൾ പറയാത്ത ആക്ഷേപങ്ങളൊന്നുമില്ല. ഓലപ്പാമ്പുകാണിച്ച് പേടിപ്പിക്കാമെന്നൊരു ചൊല്ലുണ്ട്. അതുപോലെ 2021-ലെ തെരഞ്ഞെടുപ്പിൽ എന്തെല്ലാം കൊണ്ടുവന്നു; എങ്ങനെയെങ്കിലും അധികാരത്തിൽ വരാൻവേണ്ടി എന്തെല്ലാം ചെയ്തു? അതെല്ലാം ചീട്ടുകൊട്ടാരം പോലെ തകർന്നുപോയി. ഈ ഗവൺമെന്റ് ഒന്നാന്തരം ഭൂരിപക്ഷത്തിൽ അധികാരത്തിലിരിക്കുന്നുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിൽ വിശ്വാസമുണ്ട്. 900 കാര്യങ്ങളാണ് രണ്ടാംഘട്ടത്തിൽ പ്രകടനപത്രികയിൽ പറഞ്ഞത്. അതിൽ 700-ൽപ്പരം കാര്യങ്ങൾ ആരംഭിച്ച് റെക്കോർഡ് നേട്ടവുമായാണ് മുന്നോട്ടുപോകുന്നത്. അതിൽ 33 ശതമാനം കാര്യങ്ങൾ ഒരുവർഷംകൊണ്ട് തുടങ്ങിവയ്ക്കാൻ കഴിഞ്ഞുവെന്നുകൂടി ഈയവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. 2019-20-ൽ

ജി.എസ്.ഡി.പി.-യുടെ 30 ശതമാനം കടമായി. അപ്പോഴും സാമ്പത്തിക വളർച്ച ഏകദേശം 5.8 ശതമാനമാക്കാൻ കഴിഞ്ഞു. ഇവിടെയെല്ലാം കടമാണെന്ന് പറഞ്ഞ് കേരളത്തിലെ യു.ഡി.എഫ്. വിലപിക്കുകയാണ്. എന്തിനാണ് കടമെടുത്തത്? നിങ്ങൾ ജനങ്ങളുടെ ജീവിതാവസ്ഥ പരിശോധിച്ചുനോക്കൂ. ഇന്ത്യയിലാകെ രണ്ട് സംസ്ഥാനങ്ങളിൽ മാത്രമേ നിങ്ങൾ ഭരിക്കുന്നുള്ളൂ. അതിനുകാരണം അത്രയും മികച്ചൊരു സംഘടനാ സംവിധാനമായതുകൊണ്ടാണ്. കോൺഗ്രസ്സിന്റെ സഹായത്തോടുകൂടി ഇന്ത്യ മുഴുവനും ഇപ്പോൾ കാവി പുതച്ചുനിൽക്കുകയാണ്. അവിടെ രണ്ട് പച്ചപൊട്ടുകളുണ്ട്. ആ സംസ്ഥാനങ്ങളിലെ ജീവിതനിലവാരവും കേരളത്തിലെ ജീവിതനിലവാരവും നിങ്ങൾ താരതമ്യം ചെയ്യണം. പരിണിതപ്രജ്ഞരായ അംഗങ്ങളല്ലേ അപ്പുറത്തുള്ളത്. ആ രൂപത്തിൽ നമുക്ക് വാഗ്വാദങ്ങളാകാം. കടമെടുക്കുന്ന കാര്യം പറയുമ്പോൾ ജീവിതാവസ്ഥ മെച്ചപ്പെട്ടോയെന്ന് നിങ്ങൾ പരിശോധിക്കണം. ആരോഗ്യമേഖലയ്ക്കും സാമൂഹ്യക്ഷേമത്തിനുമെല്ലാം വലിയ ഊന്നലാണ് ഇപ്പോൾ കേരളത്തിൽ നൽകിക്കൊണ്ടിരിക്കുന്നത്. ഇവിടെ കിഫ്ബിയെക്കുറിച്ച് പറഞ്ഞു. 2008-ൽ ഭരണഘടനാപരമായ ഒരു സ്ഥാപനമായാണ് കിഫ്ബി വന്നത്. ഒരുപാട്

കാലത്തെ ആലോചനകൾക്കുശേഷം മുൻ ധനകാര്യ വകുപ്പുമന്ത്രിയുടെ കാലത്ത് കൊണ്ടുവന്ന ഏകദേശം 56,000/- കോടി രൂപയുടെ പ്രോജക്ടുകൾ അടങ്ങുന്ന പദ്ധതിയാണ്. അതിൽ പ്രശ്നങ്ങളുണ്ടാകും. എല്ലാം നല്ലതാണ്, എല്ലാം പരിഹരിച്ചുകൊണ്ടാണ് ചെയ്യുന്നതെന്നല്ല അതിനർത്ഥം. പക്ഷെ, എന്റെ നാട്ടിൽ എത്രയോ കാലമായി ഗവൺമെന്റ് സെക്ടറിൽ ഒരു തീയേറ്റർ വരണമെന്ന് ഞങ്ങൾ ആഗ്രഹിച്ചു. കിഫ്ബി വന്നപ്പോൾ 15 കോടി രൂപയുടെ ഒരു തീയേറ്റർ സമുച്ചയം അവിടെ ഉയരുകയാണ്. 48 കോടി രൂപയുടെ ആശുപത്രി കെട്ടിടം അവിടെ പണി തുടങ്ങിയിരിക്കുകയാണ്. ഒരു എം.എൽ.എ.-യ്ക്ക് അഞ്ചുവർഷംകൊണ്ട് സ്വപ്നം കാണാൻപോലും കഴിയാത്തത്ര വലിയ പദ്ധതികൾ വരികയാണ്. സ്കൂൾ കെട്ടിടങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിഞ്ഞത് കിഫ്ബി വന്നതുകൊണ്ടുതന്നെയാണ്. കടമെടുക്കുന്നത് എന്തെങ്കിലും ധൂർത്തിനുവേണ്ടിയാണെന്ന തരത്തിൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ ശ്രമിക്കരുത്. കടം വാങ്ങുന്നത് ഈ നാട്ടിലെ ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തിനുംവേണ്ടിയാണ്. നിങ്ങൾ കൊടുക്കാതിരുന്ന പെൻഷൻ ഞങ്ങൾ കൊടുത്തുതീർത്തു. നിങ്ങൾക്കത് ചെറിയ

കാര്യമായിരിക്കാം. ഞങ്ങൾക്ക് പാവപ്പെട്ട മനുഷ്യരുടെ പെൻഷൻ ഒരു ചെറിയ കാര്യമല്ല. ഞാൻ കുട്ടനാട്ടിൽനിന്നാണ് വരുന്നത്. പാവപ്പെട്ട കർഷകത്തൊഴിലാളികളടക്കമുള്ളവരുടെ പെൻഷൻ കൊടുക്കാതെ കണ്ണിൽ ചോരയില്ലാത്തവരായിരുന്നില്ലേ യു.ഡി.എഫ്. ഗവൺമെന്റ്; ആ കുടിശ്ശിക സഹിതം ഞങ്ങളല്ലേ കൊടുത്തുതീർത്തത്? നിങ്ങൾ കള്ളം പറയുന്നതുകൊണ്ടാണ് ഇക്കാര്യങ്ങൾ ആവർത്തിക്കുന്നത്. കൊടുത്ത കാര്യം വിളിച്ചുപറയുന്നതല്ല. ആവർത്തിച്ച് നിങ്ങൾ നുണ പറയുമ്പോൾ ഈ സത്യം ഞങ്ങൾ ആവർത്തിച്ച് വിളിച്ചുപറയാൻ ആഗ്രഹിക്കുകയാണ്. കുറച്ചുപേർക്ക് പെൻഷൻ കൊടുത്തിരുന്ന കേരളത്തിൽ അവരുടെ എണ്ണവും പെൻഷൻ തുകയും വർദ്ധിപ്പിച്ച് ലക്ഷക്കണക്കിനാളുകളുടെ വീട്ടിൽപോയി അവരുടെ കൈകളിൽ പണം കൊടുക്കുന്ന ഏറ്റവും മികച്ച സംവിധാനം കൊണ്ടുവരാൻ കഴിഞ്ഞു. ഈ ചർച്ച നടക്കുമ്പോൾ ഏറ്റവും നല്ലൊരു പദ്ധതിയിലൂടെ കേരളം കടന്നുപോകുകയാണ്. ഇവിടെ ജനപക്ഷ ബദൽ നയങ്ങളുടെ നിർമ്മാണത്തിൽ മികച്ച മാതൃക സൃഷ്ടിച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിൽ മെഡിസെപ് നടപ്പിലാക്കുകയാണ്. ഏകദേശം 11.47 ലക്ഷം കുടുംബങ്ങളിലൂടെ 45 ലക്ഷം പേർക്ക്

വലിയതരത്തിൽ പ്രയോജനം കിട്ടാൻപോകുന്ന ഒരു പദ്ധതിയായി ഇത് മാറുന്നു. കേരളം എങ്ങനെയാണ് ഇൻഡ്യയിലെ മറ്റുസംസ്ഥാനങ്ങൾക്ക് മാതൃകയായിരിക്കുന്നതെന്ന് നമ്മൾ കാണേണ്ടത് ഇവിടെയാണ്. ഒരുദിവസം ഇരുപതിനായിരത്തോളം കുട്ടികൾ പോഷകാഹാരമില്ലാതെ മരിക്കുന്ന ഒരു നാണംകെട്ട രാജ്യമെന്ന പേര് നമ്മുടെ നാടായ ഇന്ത്യാ മഹാരാജ്യം നേടിയിരിക്കുന്നു. ഏകദേശം ലോകത്തുതന്നെ ഏറ്റവും പോഷകാഹാരക്കുറവ് ഇന്ന് ഇന്ത്യയിലെ കുഞ്ഞുങ്ങളിലാണ്. ഏറ്റവും മോശപ്പെട്ട കാര്യമാണ്. നമ്മുടെ രാജ്യത്തെ മെച്ചപ്പെട്ട രാജ്യമെന്ന് പറയാനാണ് നമ്മളെല്ലാം ആഗ്രഹിക്കുന്നത്. ഭാരതം നമുക്കെല്ലാം അഭിമാനമായിരുന്നു. എന്നാൽ ഭരണാധികാരികളുടെ ഏറ്റവും മോശപ്പെട്ട സമീപനത്തിലൂടെ കേന്ദ്രത്തിൽ അധികാരത്തിൽ വരുന്ന രാഷ്ട്രീയ സംവിധാനങ്ങളുടെ, ഏറ്റവും നിലവാരം കുറഞ്ഞ രീതികളിലൂടെ ഇന്ന് നമ്മുടെ രാജ്യം ലജ്ജിച്ച് തലതാഴ്ത്തേണ്ട അവസ്ഥയിലേയ്ക്ക് വന്നിരിക്കുന്നു. World Hunger Index-ൽ പാക്കിസ്ഥാനും താഴെയായി ഇന്ത്യ മാറിയിരിക്കുന്നു. അവിടെ എങ്ങനെ കേരളം വ്യത്യാസമാകുന്നുവെന്ന് നമ്മൾ പരിശോധിക്കേണ്ടതല്ലേ; രാജ്യത്തെ ഏറ്റവും കുറഞ്ഞ നവജാതശിശു മരണനിരക്ക് കേരളത്തിലല്ലേ; ഇത് പ്രതിപക്ഷം

പറയാത്തതെന്താണ്; എന്തുകൊണ്ട് നിങ്ങൾ കണ്ണടച്ചിരിക്കുന്നു? നിങ്ങൾ നെഗറ്റീവ് പറയുമ്പോൾ ഇത്തരം കാര്യങ്ങൾകൂടി പറയണം. യു.ഡി.എഫ്.-ന് രാഷ്ട്രീയമൊക്കെയുണ്ടാകും. യു.ഡി.എഫ്.-ന്റെ വ്യത്യസ്തമായ രാഷ്ട്രീയത്തെ ഞങ്ങൾ എതിർക്കുന്നില്ല. കാരണം. രാഷ്ട്രീയവും വിമർശനവുമെല്ലാം അങ്ങുമിങ്ങും ഉൾക്കൊണ്ടുമാത്രമേ പോകാൻ സാധിക്കൂ. പക്ഷേ, ഇന്ന് ശിശു മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. അഞ്ചുവയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾ മരിക്കുന്നതിൽ ഏറ്റവും കുറവ് കേരളത്തിലാണ്. വാഷിംഗ്ടൺ പോസ്റ്റ് കേരളത്തിന്റെ ആരോഗ്യമേഖലയെ മാതൃകയാക്കി ലേഖന പരമ്പര തയ്യാറാക്കിയത് നമ്മുടെ മുന്നിലുണ്ട്. ഇത്രയും ജനസാന്ദ്രതയുള്ള ഈ കൊച്ചുകേരളത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എത്ര കൃത്യതയോടെയാണ് നടപ്പാക്കിയത്. പഞ്ചായത്ത് വകുപ്പിനെയടക്കം ആരോഗ്യമേഖല കൈകോർത്തുപിടിച്ചുനിന്ന് കൃത്യനിഷ്ഠയോടെയാണ് പ്രവർത്തിച്ചത്. എല്ലാ സംവിധാനങ്ങളും ഉണർന്ന് പ്രവർത്തിച്ചിരുന്നില്ലേ? എന്നാൽ നേരത്തെ പറഞ്ഞതുപോലെ തുരുമ്പെടുത്ത മനസ്സുമായി നിൽക്കുമ്പോൾ ഒരുപക്ഷേ കാണാൻ കഴിയാത്ത കുറേ കാര്യങ്ങളുണ്ട്. അന്തർദേശീയതലത്തിൽത്തന്നെ കേരളത്തിന്റെ

ആരോഗ്യരംഗം ശ്രദ്ധേയമായി മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ ഒരുകാലത്ത് ധർമ്മാശുപത്രി എന്ന പേരിലല്ലേ അറിയപ്പെട്ടിരുന്നത്. പി.എച്ച്.സി.-കളെ കേവലം എഫ്.എച്ച്.സി.-കളായി മാറ്റുകയല്ല, ആ സംവിധാനത്തെ പൊതുജനാരോഗ്യ നയത്തിലൂടെ അടിമുടി മാറ്റാൻ ശ്രമിക്കുകയായിരുന്നു. അതിന്റെ ഭാഗമായാണ് പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-കളാക്കി മാറ്റാനും അവിടെ മുഴുവൻ സമയ ഡോക്ടറെ നിയമിക്കാനും ആവശ്യത്തിന് മരുന്ന് സംഭരിച്ചുവയ്ക്കാനും കഴിഞ്ഞത്. എന്നാൽ കുത്തഴിഞ്ഞ സംവിധാനത്തിൽ നിന്നതുകൊണ്ടുതന്നെ പോരായ്മകളുണ്ടാകും. ഒരുപാട് പ്രതിസന്ധികളിലൂടെയായിരിക്കും നമ്മൾ കടന്നുപോകുന്നത്. പക്ഷേ അത്തരം പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോഴും അതിനെ അതിജീവിക്കാൻ കഴിയുന്ന തരത്തിലേയ്ക്കുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ച് ജനങ്ങളോടൊപ്പം നിൽക്കാൻ ശ്രമിക്കുകയാണ് ഈ ഗവൺമെന്റ്. ഇവിടെ രാഷ്ട്രീയമായ വൈരാഗ്യബുദ്ധിയോടുകൂടി യു.ഡി.എഫ്. പെരുമാറുകയാണ്. ഈയടുത്തദിവസം ടി.വി.-യിലൊരു വാർത്താദൃശ്യം കണ്ടു. എനിക്ക് വിദ്വേഷം തോന്നിയ പ്രവൃത്തിയാണത്. യൂത്ത്

കോൺഗ്രസ്സിന്റെ അധമനായൊരാൾ മറ്റ് മനുഷ്യരുടെ മനസ്സിൽ വിദ്വേഷം തോന്നിപ്പിക്കുന്നതും രാഷ്ട്രീയ വൈരാഗ്യം ആളിക്കത്തിക്കുന്നതുമായ തരത്തിലേയ്ക്ക് ചെമ്പതാകയിൽ കാറിത്തുപ്പുന്ന വാർത്താദൃശ്യമാണത്. ഞങ്ങളുടെയെല്ലാം ഹൃദയത്തിലാണ് ചെമ്പതാകയുള്ളത്. ആ ചെമ്പതാകയിലേയ്ക്ക് കാറിത്തുപ്പുകയും എന്നിട്ടും കലിതീരാതെ ആ ചെമ്പതാക ചവിട്ടിക്കൂട്ടുകയും ചെയ്തു. അത് ചെയ്യരുതെന്ന് കോൺഗ്രസ്സ് നേതാക്കളാണ് ആഹ്വാനം ചെയ്യേണ്ടത്. നാട്ടിൽ കലാപമുണ്ടാക്കാൻ കോൺഗ്രസ് ശ്രമിക്കുന്നതോടൊപ്പം ബി.ജെ..പി.-യെ നിങ്ങൾ കൂട്ടുപിടിക്കുന്നു. കൂടാതെ ഇടതുപക്ഷം ചെയ്യുന്ന നല്ല കാര്യങ്ങളൊന്നും കണ്ടില്ലെന്ന് നടിക്കുന്നു, തെറ്റായ കാര്യങ്ങൾ ജനങ്ങളുടെയിടയിലേയ്ക്ക് പ്രചരിപ്പിക്കുന്നു. ഇത് തിരുത്താൻ വേണ്ടിയൊരു സമീപനം നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകണ്ടേ? ഇവിടെ യൂത്ത് കോൺഗ്രസ്സ് നേതാക്കന്മാരുണ്ട്. നിങ്ങൾ പരിശോധിക്കേണ്ടതാണ്. ഇന്നത്തെ ചർച്ചയിൽ വനിതാ വികസനത്തെക്കുറിച്ചും പറയുന്നുണ്ട്. സ്ത്രീകൾക്ക് ഏറ്റവും സുരക്ഷിതമായി ജീവിക്കാൻ കഴിയുന്നൊരു നാടായി കേരളത്തെ മാറ്റാൻ നമുക്ക് കഴിഞ്ഞു. ഒറ്റപ്പെട്ട സംഭവങ്ങൾ കാണിച്ചുകൊണ്ട് വലിയ പ്രക്ഷോഭങ്ങളുണ്ടാക്കാൻ

നിങ്ങൾ ശ്രമിക്കരുത്. ആരോഗ്യം, വിദ്യാഭ്യാസം, കാർഷികം എന്നിങ്ങനെ സമഗ്ര മേഖലകളിലും വലിയ വികസനങ്ങൾ സൃഷ്ടിച്ചുകൊണ്ട്, ക്ഷേമപ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നുണ്ട്. ഉറക്കം നടിക്കുന്നവരെ ഉണർത്താൻ കഴിയില്ല. കണ്ണ് തുറന്ന് നോക്കിയാൽ, കാതുതുറന്ന് കേട്ടാൽ, നിങ്ങൾക്ക് ഇതെല്ലാം കാണാനും കേൾക്കാനും കഴിയുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഇവിടെ പ്രതിപക്ഷഭാഗത്തുനിന്നും ഉന്നയിച്ച അഭിപ്രായങ്ങളെയും നിർദ്ദേശങ്ങളെയും ഞാൻ അടിവരയിടുന്നു. അത് ആവർത്തിക്കാനുദ്ദേശിക്കുന്നില്ല. ഞങ്ങളെപ്പോലെ സഭയിലേയ്ക്ക് ആദ്യമായി കടന്നുവരുന്ന എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം, ഇവിടെ ഉന്നയിച്ച അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഭരണപക്ഷത്ത് എഴുന്നേറ്റുനിൽക്കുന്ന എല്ലാവരും മറുപടി പറയുന്നതാണ് കണ്ടത്. പിന്നെ എന്തിനാണ് ബഹുമാനപ്പെട്ട മന്ത്രി അവിടെയിരിക്കുന്നത്? എല്ലാത്തിനും

അംഗങ്ങൾതന്നെ അവിടെനിന്നും വിരൽചൂണ്ടി ഞങ്ങളോട് മറുപടി പറയുന്നത് യഥാർത്ഥത്തിൽ ശരിയല്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. കേരളത്തിലെ അലോപ്പതി, ആയുർവ്വേദം, ഹോമിയോ എന്നീ ചികിത്സകളെ കുറ്റമറ്റരീതിയിൽ ഏകോപിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഇവ മൂന്നും കേരളം നെഞ്ചോടുചേർത്ത് സ്വീകരിച്ച ചികിത്സാ രീതികളാണ്. ഒന്നിനെ താലോലിക്കുകയും മറ്റൊന്നിനെ തല്ലുകയും ചെയ്യുന്ന സമീപനത്തിൽനിന്ന് പിന്മാറണമെന്ന് അഭ്യർത്ഥിക്കുകയാണ്. 2012-ൽ യു.ഡി.എഫ്. ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയാണ് മൃതസഞ്ജീവനി. തകരാറിലായ അവയവങ്ങൾ മാറ്റിവച്ച് പുതുജീവൻ നൽകുന്ന പദ്ധതിയായിരുന്നു. അതുപോലെ വൃക്കദാനത്തിനുള്ള നടപടികൾ ലഘൂകരിച്ചു. ഇതിന്റെ ഫലമായി 2014-ൽ 156-ഉം 2015-ൽ 218-ഉം അവയവമാറ്റം നടന്നപ്പോൾ എൽ.ഡി.എഫ്. വന്നതിനുശേഷം 2017-ൽ 60-ഉം 2018-ൽ 29-ഉം 2019-ൽ 55-ഉം 2020-ൽ 70-ഉം അവയവമാറ്റമാണ് നടന്നത്. 2012 മുതൽ നാളിതുവരെ നടന്ന 968 അവയവദാനങ്ങളിൽ പകുതിയോളം നടന്നത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണെന്നുള്ളത് മറക്കരുത്. ഇപ്പോൾ

2218 വൃക്കരോഗികളാണ് അവയവമാറ്റത്തിനുവേണ്ടി കാത്തിരിക്കുന്നത്. ഇവരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആയുർവ്വേദത്തിന്റെ ലോക തലസ്ഥാനമെന്ന നിലയിൽ 2012-ൽ അന്നത്തെ മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തോന്നയ്ക്കലിൽ ഏഴര ഏക്കർ സ്ഥലത്ത് തറക്കല്ലിട്ടു. വർക്കലയിൽ 40 ഏക്കർ സ്ഥലം ഏറ്റെടുത്തു. ആയുർവ്വേദ ഗ്ലോബൽ ഗ്രാമമാക്കാൻ ഉദ്ദേശിച്ച് കിൻഫ്രയെ ചുമതലപ്പെടുത്തി.

ശ്രീ. വി. ജോയി: സർ, വഴങ്ങുമോ? അങ്ങ് പറഞ്ഞത് തെറ്റാണ്. വർക്കലയിൽ അന്ന് സ്ഥലം ഏറ്റെടുത്തിട്ടില്ല.

ശ്രീ. യു. എ. ലത്തീഫ്: സർ, തുടക്കത്തിൽ യു.ഡി.എഫ്. സർക്കാർ അഞ്ച് കോടി രൂപ അനുവദിച്ചു. ഇപ്പോൾ അതിന്റെ സ്ഥിതിയെന്താണ്; എന്തൊക്കെയായിരുന്നു വാഗ്ദാനങ്ങൾ? രാജ്യാന്തര അക്കാഡമി, ഡിജിറ്റൽ ലൈബ്രറി, 1200 ആളുകൾക്ക് ജോലി, വിനോദസഞ്ചാരികൾക്ക് സൗഹൃദ കുടിലുകൾ, കോട്ടേജുകൾ, ഇ-ഗ്രാമം, ഏകജാലക കേന്ദ്രമാകും എന്നൊക്കെയായിരുന്നു വാഗ്ദാനങ്ങൾ. ഇപ്പോൾ ഇവ കാടുകയറി നശിച്ചു. ഇഴജന്തുക്കളുടെ ആവാസ കേന്ദ്രങ്ങളായി മാറി. ഇത് മാറ്റിയെടുക്കാൻ സാധിക്കുമോ? ഗവൺമെന്റുദ്ദേശിച്ചത് സാദ്ധ്യമാക്കാൻ

പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എന്തൊക്കെ പറഞ്ഞാലും കോവിഡ് കേസുകൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സ്വകാര്യ ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും ആവശ്യത്തിന് കോവാക്സിൻ കിട്ടാനില്ലെന്ന് പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. അതിന്മേൽ സർക്കാർ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു. ആരോഗ്യ വകുപ്പിൽ കഴിഞ്ഞ മേയ് ഒന്നുമുതൽ ഒരു വർഷത്തിലധികമായി ഡി.എച്ച്.എസ്.-നെ നിയമിച്ചിട്ടില്ല. ഇൻ-ചാർജ്ജ് ഭരണമാണ് നടക്കുന്നത്. അവർക്ക് സ്വതന്ത്രമായി തീരുമാനമെടുക്കാൻ സാധിക്കുകയില്ലെന്ന് വിശ്വസിക്കുന്നു. ആരോഗ്യരംഗത്ത് കേരളം വളരെ മുമ്പിലാണെന്ന് അവകാശപ്പെടുമ്പോൾ ഒരു സ്ഥിരം ഡയറക്ടറെ നിയമിക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണെന്ന് അറിയാൻ ജനങ്ങൾക്ക് താല്പര്യമുണ്ട്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

കേരളത്തിലെ ദൃക്സാക്ഷികളില്ലാത്ത പോക്സോ കേസുകളിൽ ഡി.എൻ.എ. ടെസ്റ്റിന്റെ അടിസ്ഥാനത്തിലാണ് കോടതികൾ വിധിപറയുന്നത്. സംസ്ഥാനത്ത് 2016 മുതൽ 2021 സെപ്റ്റംബർ വരെയുള്ള പോക്സോ കേസുകൾ 16912 ആണ്. ഡി.എൻ.എ. പരിശോധന നടത്തുന്ന

ലാബുകളിൽനിന്ന് റിസൾട്ട് ലഭിക്കാൻ വലിയ താമസം നേരിടുന്നുണ്ട്. ഉദ്യോഗസ്ഥരുടെ കുറവും സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പോരായ്മയുമാണ് ഇതിന് പ്രധാനപ്പെട്ട കാരണം. 2020-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇത്തരമൊരു നിർദ്ദേശവും കേരള ഗവൺമെന്റിന് നൽകിയിട്ടുണ്ട്. ഇത് പരിഹരിക്കാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മഞ്ചേരിയിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്ന ജനറൽ ആശുപത്രിയെക്കുറിച്ചാണ് സൂചിപ്പിക്കാനാഗ്രഹിക്കുന്നത്. 2013-ൽ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് മലപ്പുറം ജില്ലയിലെ മഞ്ചേരിക്ക് നൽകിയ വരദാനമായിരുന്നു മെഡിക്കൽ കോളേജ്. 2017 മാർച്ച് 3-ന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിലെ 32-ാം പാരഗ്രാഫിൽ മഞ്ചേരി ജനറലാശുപത്രിക്ക് അടിയന്തര മുൻഗണനയുണ്ടാകുമെന്ന് പ്രഖ്യാപിച്ചു. ചെരണിയിൽ ആശുപത്രി നിർമ്മിക്കാനുള്ള 280 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും അത് കിഫ്ബി ഏറ്റെടുക്കുകയും ചെയ്തു. മുമ്പുള്ള ബഡ്ജറ്റുകളിലൊക്കെ അതിന് പ്രൊവിഷൻ വച്ചിരുന്നു. എന്നാലിപ്പോൾ ഈ ജനറലാശുപത്രി

യാഥാർത്ഥ്യമായി കാണുന്നില്ല. മുമ്പ് രണ്ടുമൂന്ന് തവണ ഇക്കാര്യം ഞാൻ സഭയിൽ ഉന്നയിക്കുകയും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതുമാണ്. മാത്രമല്ല, എം.എൽ.എ. ആയി സത്യപ്രതിജ്ഞ ചെയ്ത അന്ന് ഉച്ചയ്ക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽ പോയി ഈ ജനറലാശുപത്രിക്കുവേണ്ടിയാണ് ഞാൻ ആദ്യത്തെ നിവേദനം നൽകിയിരുന്നത്. ഇപ്പോൾ അനുഭവിക്കുന്ന പത്ത് പരിമിതികൾ ഏതൊക്കെയാണെന്ന് സമയപരിമിതികൊണ്ട് വളരെവേഗത്തിൽ പറയാം.

- An ideal Medical College Campus as per the State Health Policy 2019 is a complex consisting of Medical, Dental, Nursing, Pharmacy and Paramedical Institutions.
- Absence of Trauma Care Centre.
- Under equipped Casualty Department.
- No Super Specialty Departments and associated infrastructure.
- Over crowding. Daily OP is close to 3000.
- Inadequate bed strength.

- Minimal Laboratory Services.
- Less number of operation theaters.
- Due to absence of General Hospital, the new posts sanctioned by the Government for Cardiology, Neurology, Nephrology and Urology could not be availed for the entire District.
- Minimal I.C.U., N.I.C.U. facility.

അതുകൊണ്ട് മലപ്പുറം ജില്ലയ്ക്ക് മഞ്ചേരിയിൽ ജനറലാശുപത്രിയും മെഡിക്കൽ കോളേജും വേണം. ഇത് രണ്ടും നിലനിർത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ അടുത്ത സമയത്ത് മഞ്ചേരി മെഡിക്കൽ കോളേജിൽ, എച്ച്.എം.സി.-യിൽ, ഞാനടങ്ങുന്ന ഒരു ആൾ പാർട്ടി കമ്മിറ്റിയെ തെരഞ്ഞെടുത്തു. ഞങ്ങൾ തൊട്ടടുത്തുതന്നെ 50 ഏക്കർ സ്ഥലം കണ്ടുവച്ചു. 25 ഏക്കർ സ്ഥലം സൗജന്യമായി ലഭിക്കുമോയെന്ന് പരിശോധിക്കുന്നു. അത് ലഭിച്ചാൽ ഇൻഫ്രാസ്ട്രക്ചർ നിലനിർത്തി പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു. കെ.ജി.എം.ഒ.എ.-യുടെ വിശദമായ പ്രൊപ്പോസലും മുന്നോട്ടുവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ

വകുപ്പുമന്ത്രി മെഡിക്കൽ കോളേജിൽവന്ന് പ്രവൃത്തികളൊക്കെ നല്ലനിലയിൽ അവലോകനം ചെയ്തു. ആവശ്യമായ കാര്യങ്ങളൊക്കെ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പറഞ്ഞതിന് നന്ദി രേഖപ്പെടുത്തുന്നു. അതോടൊപ്പം ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് തകർത്ത വിഷയം ഈ സഭ ചർച്ച ചെയ്യുമ്പോൾ മന്ത്രി വളരെ ഉച്ചത്തിൽ മറ്റുള്ളവർക്ക് മുദ്രാവാക്യം വിളിച്ചുകൊടുക്കുന്ന കാഴ്ചയും ഞങ്ങൾ കണ്ടു. അതിനെ അഭിനന്ദിക്കണമോയെന്ന് അറിയില്ല. ഏതായാലും അത് കണ്ടതിൽ സന്തോഷം.

വിധവാ പെൻഷൻ സംബന്ധിച്ച് പറയുകയാണെങ്കിൽ ഇപ്പോൾ വീടിന് വലിപ്പം കൂടിയാൽ പെൻഷനില്ല. കുടുംബക്ഷേമത്തിന് റേഷൻ കടകളിലൂടെയാണ് കിറ്റുകൾ വിതരണം ചെയ്യുന്നത്. പ്രത്യേകിച്ച്, തെരഞ്ഞെടുപ്പ് സമയത്ത് ഇത് വളരെ നല്ലതാണെന്ന് നേരിട്ട് തെളിയിച്ചു. കിറ്റുകളില്ലാതെ തെരഞ്ഞെടുപ്പ് നടത്തിയാൽ എന്താകും സ്ഥിതിയെന്ന് തൃക്കാക്കര ഉപതെരഞ്ഞെടുപ്പ് ഭരണപക്ഷത്തെ പഠിപ്പിച്ചിട്ടുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഞങ്ങളിവിടെ ഒരു മുദ്രാവാക്യം വിളിച്ചാൽ തെറ്റ്. കഴിഞ്ഞ തവണ കെ. എം. മാണി സാർ ബഡ്ജറ്റ് അവതരിപ്പിച്ച

സമയത്ത്, ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിലേയ്ക്ക് കയറി കസേര വലിച്ചെറിഞ്ഞതിനും കമ്പ്യൂട്ടർ നശിപ്പിച്ചതിനും യാതൊരു പ്രശ്നവുമുണ്ടായിരുന്നില്ല. ഒരു മിനിട്ടുകൂടി തരണം.

മി. ചെയർമാൻ: ഒരു മിനിട്ട് കഴിഞ്ഞു. ഇനി സമയം അനുവദിക്കില്ല. അടുത്ത അംഗത്തെ വിളിക്കുകയാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, മഞ്ചേരിയിലെ രണ്ട് കാര്യങ്ങൾകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. കെ.എസ്.ആർ.ടി.സി. ഡിപ്പോ അനുവദിക്കുമെന്ന് ബഡ്ജറ്റിൽ പറഞ്ഞു. അതുവരെ സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ് പുനഃസ്ഥാപിക്കണം. എല്ലാ നടപടികളും പൂർത്തിയാക്കിയ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ഗവൺമെന്റ് യു.പി.എസ്. ഹൈടെക്കാക്കി ഉയർത്തണം. ....(മൈക്ക് ഓഫ്).....

ശ്രീ. വി. ജോയി: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: ചട്ടം ഏതാണ്?

ശ്രീ. വി. ജോയി: സർ, ചട്ടം 303. ബഹുമാനപ്പെട്ട അംഗം ഇവിടെ സംസാരിക്കുമ്പോൾ വർക്കലയിൽ ആയുർവ്വേദ ഗ്ലോബൽ വില്ലേജിനുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് 40 ഏക്കർ സ്ഥലം എടുത്തിരുന്നുവെന്ന്

പറഞ്ഞത് ശുദ്ധകളവാണ്. അത് സഭാരേഖകളിൽ കാണാൻ പാടില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷമാണ് ആ സ്ഥലം വാങ്ങിയത്.

മി. ചെയർമാൻ: അത് പരിശോധിക്കാം.*

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളുടെ പശ്ചാത്തലംകൂടി മനസ്സിലാക്കിവേണം ഈ ധനാഭ്യർത്ഥനകളെ നമ്മൾ പരിശോധിക്കേണ്ടത്. പാവപ്പെട്ടവനെ ഉപേക്ഷിച്ചുകൊണ്ട് കോർപ്പറേറ്റുകൾക്ക് രാജ്യത്തിന്റെ സമ്പത്ത് എത്തിക്കുന്നതെങ്ങനെയെന്നുള്ള ഗവേഷണം നടത്തുന്ന ഗവൺമെന്റാണ് നമ്മുടെ രാജ്യം ഭരിക്കുന്നത്. ആ ഗവൺമെന്റ് നമ്മളറിയാതെ നമ്മളെ ഒരു തുറന്ന ജയിലിലേയ്ക്ക് തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്. അധികാര ദല്ലാളന്മാരുടെ പണിയാണ് ആ ഗവൺമെന്റ് ചെയ്യുന്നത്. രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ കോർപ്പറേറ്റുകളുടെ കയ്യിലേയ്ക്കെത്തുന്നുവെന്ന് പറയുമ്പോൾ, ബി.ജെ.പി. ഗവൺമെന്റിന് മാത്രമല്ല അതിന്റെ പങ്ക്. 1991-ൽ നവലിബറൽ നയങ്ങൾ ആരംഭിച്ചതുമുതൽ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടുകൾ പരിശോധിച്ചാൽ,

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നം. 12233/ഇ.ബി./2022/നി.സെ. തീയതി 08.07.2022) രേഖയിൽ നിലനിർത്തി

കോർപ്പറേറ്റുകളുടെ കയ്യിലേയ്ക്ക് രാജ്യത്തിന്റെ സമ്പത്ത് ഏതാണ്ട് 45 ശതമാനമെത്തിയിരിക്കുകയാണെന്ന് കാണാൻ കഴിയും. 1991-ൽ അത് 16 ശതമാനമായിരുന്നു; എന്നാൽ പാവപ്പെട്ടവന്റെ സമ്പത്ത് 8 ശതമാനമായിരുന്നത് 2 ശതമാനമായി കുറഞ്ഞു. കോൺഗ്രസ്സ് ആരംഭിച്ച, ബി.ജെ.പി. അതിവേഗതയിൽ തുടരുന്ന ഈ സാമ്പത്തിക അസമത്വത്തെ നേരിടാനുള്ള ഒരു ബദലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഒരു ശതമാനം അതിസമ്പന്നന്മാരിൽനിന്നും രണ്ടുശതമാനം ടാക്സ് പിരിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചാൽ 13 ലക്ഷം കോടി രൂപ പിരിക്കാൻ കഴിയുമെന്നാണ് കണക്ക്. പക്ഷെ, അവരത് ചെയ്യില്ല; അതിനുപകരം പെട്രോളിന്റെ നികുതി വർദ്ധിപ്പിക്കുന്നു; സെസ്സ് വർദ്ധിപ്പിക്കുന്നു; 4 ലക്ഷം കോടി രൂപ പാവപ്പെട്ട ജനങ്ങളെ പിഴിഞ്ഞെടുക്കുന്നു. എന്നാൽ 12 ലക്ഷം കോടി രൂപ പിരിക്കാനുള്ള ചെറിയ ഇടപെടലിന് കേന്ദ്ര ഗവൺമെന്റ് യാതൊരു മുൻകയ്യുമെടുക്കില്ല. അതാണ് ഇടതുപക്ഷനയവും ബി.ജെ.പി.-യുടെയും കോൺഗ്രസ്സിന്റെയും നയവും തമ്മിലുള്ള വ്യത്യാസം. അവിടെയാണ് ആ ബദൽ നയം കേരളം വളർത്തിയെടുക്കാൻ ശ്രമിക്കുന്നത്. പാവപ്പെട്ടവന്റെ

കയ്യിലേയ്ക്ക് പണമെത്തിക്കുകയാണ് കേരളം ചെയ്യുന്നത്. അവന്റെ ജീവിത സാഹചര്യം എങ്ങനെ മെച്ചപ്പെടുത്താമെന്നാണ് പരിശോധിക്കുന്നത്. വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പാവപ്പെട്ട കുടുംബങ്ങളെ മെച്ചപ്പെടുത്തുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. സാമൂഹ്യക്ഷേമ പെൻഷൻ ആശങ്കയിലാക്കുന്ന തരത്തിലുള്ള പ്രചരണങ്ങൾ പ്രതിപക്ഷം ഏറ്റെടുത്തിരിക്കുകയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് സാമൂഹ്യക്ഷേമ പെൻഷൻ 9,000 കോടി രൂപയാണ് കൊടുത്തതെങ്കിൽ, ഒന്നാം പിണറായി സർക്കാർ 35,000 കോടി രൂപയാണ് സാമൂഹ്യക്ഷേമ പെൻഷനുവേണ്ടി വിതരണം ചെയ്തത്. അതൊരു ചെറിയ കാര്യമാണോ? ഞാൻ എന്റെ മണ്ഡലത്തിൽ സാമൂഹ്യക്ഷേമ പെൻഷൻ ഉദ്ഘാടനം ചെയ്തയാളാണ്. ഒരു വീട്ടിൽ പോയപ്പോൾ അവിടെയുള്ള അച്ഛനും അമ്മയ്ക്കും പെൻഷനുണ്ട്. രണ്ടുപേരുടെയും പെൻഷൻ കുടിശ്ശികയായ 28,000/- രൂപ അവരുടെ കയ്യിൽ കൊണ്ടുകൊടുത്തു. പിറ്റേദിവസം ആ അമ്മ എന്നെ വിളിച്ചുപറഞ്ഞത്, 'പെൻഷൻ കിട്ടിയതിൽ എനിക്ക് വലിയ സന്തോഷമായി, ഞാൻ സാറിനും ഗവൺമെന്റിനും നന്ദി പറയുന്നു' എന്നാണ്. അങ്ങനെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്ന നയങ്ങളാണ് പിന്തുടരുന്നത്. പാവപ്പെട്ടവന്റെ

കയ്യിലേയ്ക്ക് പണമെത്തിക്കുന്നതിനുതകുന്ന സാമ്പത്തികനയ സമീപനമാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. അതിനെ ആശങ്കയിലാഴ്ത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

സംസ്ഥാനത്തിന്റെ കടത്തെ സംബന്ധിച്ച് പറയുമ്പോൾ, ഈ ഗവൺമെന്റിന്റെ സാമ്പത്തിക മാനേജ്മെന്റിനെ കണ്ടില്ലെന്ന് നടിക്കുന്നതെന്തിനാണ്; അതിനെ പിന്തുണയ്ക്കണ്ടേ; കേന്ദ്രം ഈ ഗവൺമെന്റിനെ സാമ്പത്തികമായി വരിഞ്ഞുമുറുക്കുമ്പോൾ വളരെ ശാസ്ത്രീയമായി ധനകാര്യ മാനേജ്മെന്റിലൂടെ ഈ സംസ്ഥാനത്തിന്റെ ധനകാര്യശേഷിയെ പിടിച്ചുനിർത്താൻ ശ്രമിക്കുകയാണ്. 2010-11-ൽ 78,673 കോടി രൂപയായിരുന്ന കടം അഞ്ചുവർഷംകൊണ്ട് യു.ഡി.എഫ്.-ന്റെ കാലത്ത് 100 ശതമാനം വർദ്ധിച്ചു. ഞാൻ അതിന്റെ കണക്കിലേയ്ക്ക് പോകുന്നില്ല. 2015-16-നെ അപേക്ഷിച്ച് 2020-21-ൽ 88.7 ശതമാനം മാത്രമായി ആ കടത്തിന്റെ വളർച്ചയെ പിടിച്ചുനിർത്താൻ ധനകാര്യ മാനേജ്മെന്റിന് കഴിഞ്ഞു. യാഥാർത്ഥ്യം ബോദ്ധ്യപ്പെടണ്ടേ; ഈ പ്രതിസന്ധിക്ക് കാരണമെന്താണെന്ന് ബോദ്ധ്യപ്പെടണ്ടേ; ഈ കേന്ദ്ര നയത്തിനെതിരായി ഒരു യോജിച്ച പ്രക്ഷോഭം നടത്താൻ കോൺഗ്രസ്സ്

തയ്യാറാകണ്ടേ? കേന്ദ്രത്തിന് ഒരു നയം, സംസ്ഥാനത്തിന് വേറൊരു നയമെന്ന് പറയുന്നത് ശരിയാണോ, സംസ്ഥാനം കടമെടുക്കാൻ പാടില്ല; എന്നാൽ എൻ.എച്ച്.എ.ഐ.-യുടെ പേരിൽ കേന്ദ്ര ഗവൺമെന്റെടുക്കുന്ന കടം അവരുടെ കടത്തിൽ കൂട്ടുന്നുണ്ടോ; കിഫ്ബി മോഡലിൽ ഡി.എഫ്.ഐ. എന്നുപറയുന്ന ഒരു സംവിധാനമുണ്ടാക്കി. ആ കടം അവരുടെ കടത്തിൽ കൂട്ടുന്നുണ്ടോ? കേരളത്തിന്റെ കടമെടുക്കാനുള്ള പരിധിയെ എങ്ങനെ വരിഞ്ഞുമുറുക്കാമെന്ന ഗവേഷണം നടത്തുകയാണ് കേന്ദ്ര ഗവൺമെന്റ്. ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിൽ വന്ന വിഷയമതാണ്. സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതിന് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായി മറുപടി പറഞ്ഞിട്ടുണ്ട്.

കേരളത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കാൻ ശ്രമിക്കുന്ന ഈ രാഷ്ട്രീയത്തിനെതിരായി, ഈ സംസ്ഥാനവിരുദ്ധ, ജനവിരുദ്ധ രാഷ്ട്രീയത്തിനെതിരായി ഒരുമിച്ച് നിൽക്കേണ്ടതിനുപകരം അടിയന്തരപ്രമേയം കൊണ്ടുവന്ന് ജനങ്ങളെ ആശങ്കയിലാക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് പ്രതിപക്ഷം നടത്തുന്നത്. കടം ഇരട്ടിയാക്കുന്നുവെന്ന പ്രചരണമാണ് നടത്തുന്നത്. എന്നാൽ വികസന

പ്രവർത്തനങ്ങളെ കാണണ്ടേ? നേരത്തെ ഇവിടെ ശ്രീമതി യു. പ്രതിഭ, എം.എൽ.എ. സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടന്നുപോകുന്നില്ല. ഇവിടത്തെ രാഷ്ട്രീയം തിരിച്ചറിയണ്ടേ; ജനക്ഷേമ ബദൽ മാത്രമല്ല, ഫാസിസം ഇന്ന് കതകിന് മുട്ടിനിൽക്കുകയാണ്. ഇതിനെ പ്രതിരോധിക്കേണ്ട കോൺഗ്രസ്സിന് ഇന്ന് നിലപാടില്ല, തലയില്ല, നയമില്ല. കുർത്തയിട്ട് വന്നാലും കോട്ടിട്ട് വന്നാലും നേതാവിന്റെ തലയല്ല, നയമാണ് പ്രധാനം; നിലപാടുകളാണ് പ്രധാനം. കോൺഗ്രസ്സിന് അതില്ല, രാജ്യം ഇന്ന് കടുത്ത ആശങ്കയിലാണ്. അതിനെയാണ് കോൺഗ്രസ്സ് തിരുത്തേണ്ടതെന്നാണ് ഞങ്ങളുടെ അഭിപ്രായം. ശ്രീശങ്കരാചാര്യർ പറഞ്ഞതുപോലെ, നമ്മൾ ആത്മബോധമുള്ളവരാകണം. ആത്മബോധമുണ്ടെങ്കിൽ നമുക്കെന്തെങ്കിലും തെറ്റുപറ്റിയാൽ അത് തിരുത്താനുള്ള ഒരു മാർഗ്ഗം നമ്മളുണ്ടാക്കും. കോൺഗ്രസ്സിന്റെ നയങ്ങളിൽ, നിലപാടിൽ വന്ന തെറ്റ് തിരുത്തിയാൽ മാത്രമേ കോൺഗ്രസ്സിന് ഭാവിയുള്ളൂവെന്നുള്ളത് മനസ്സിലാക്കണം.

ഇവിടെ പുതിയ കെ.പി.സി.സി. പ്രസിഡന്റും പുതിയ പ്രതിപക്ഷനേതാവുമൊക്കെ വന്നപ്പോൾ, സെമി കേഡർ എന്നെല്ലാം പറഞ്ഞു,

അതൊക്കെ നല്ല കാര്യമാണ്; നമുക്ക് തർക്കമൊന്നുമില്ല. പക്ഷെ, ഈ രാജ്യത്ത് ശ്രീ. നരേന്ദ്ര മോദിക്ക് ബദലായി ജനപക്ഷ ബദൽ ഉയർത്തുന്ന ഒരു ഇടതുപക്ഷ ഗവൺമെന്റിനെ ആക്ഷേപിക്കാൻ ശ്രമിക്കുന്ന പ്രതിപക്ഷത്തോട് എനിക്കൊരു കാര്യം പറയാനുള്ളത്, ഇത് മത്താപ്പ് കത്തുന്നതുപോലെയാണ് എന്നാണ്. മത്താപ്പ് കത്തുന്നത് കാണുമ്പോൾ ചെറിയ ഭംഗിയൊക്ക കാണും. എന്നാൽ കത്തിക്കഴിഞ്ഞാൽ കുറച്ച് ചാരവും പുകയും മാത്രമാണുണ്ടാവുക. അതാണ് ഇടതുപക്ഷ മുന്നണി ഗവൺമെന്റിനെതിരായിട്ടുള്ള പ്രതിപക്ഷത്തിന്റെ പോരാട്ടത്തെകുറിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ടാണ് എന്തെല്ലാം പ്രചരണങ്ങളുണ്ടായിട്ടും രണ്ടാം ഇടതുപക്ഷ ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നത്. ലോകത്തിന് മാതൃകയായ കേരള മോഡൽ വികസനം സൃഷ്ടിക്കപ്പെട്ടത് ഇടതുപക്ഷത്തിന്റെ വികസന മാതൃകയിലാണ്. ഐക്യകേരളം രൂപപ്പെടുന്നതിന് മുൻപുതന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിന്റെ വികസന മാതൃക എങ്ങനെയായിരിക്കണമെന്നുള്ള ഒരു കാഴ്ചപ്പാട് മുന്നോട്ടുവച്ചിട്ടുണ്ട്. 1956-ലെ തൃശ്ശൂരിലെ സംസ്ഥാന സമ്മേളനം ഭാവി കേരളം സംബന്ധിച്ച നയരേഖ അംഗീകരിച്ചിട്ടുണ്ട്.

ഭൂപരിഷ്കരണമായിരുന്നു നയരേഖയുടെ കാതൽ. വിദ്യാഭ്യാസം സാർവ്വത്രികമാക്കൽ, ആരോഗ്യപരിപാലനം മെച്ചപ്പെടുത്തൽ, സാമൂഹ്യക്ഷേമ പദ്ധതികൾ വിപുലപ്പെടുത്തൽ, പുതിയ വ്യവസായങ്ങൾ ആരംഭിക്കൽ, പരമ്പരാഗത വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കൽ, ഗവേഷണ സ്ഥാപനങ്ങൾ അനുവദിക്കൽ എന്നിവ നയങ്ങളുടെ ഭാഗമായിരുന്നു. 1957-ൽ അധികാരത്തിൽവന്ന ഇ.എം.എസ്. ഗവൺമെന്റ് നടപ്പാക്കിയ വിപ്ലവകരമായ നടപടികൾ ഈ നയത്തിന്റെ ഭാഗമായിരുന്നു. കേരള മോഡലിലെ അടിസ്ഥാനശിലയാണത്. 1957-നുശേഷം അധികാരത്തിൽവന്ന കമ്മ്യൂണിസ്റ്റ് പങ്കാളിത്തമുള്ള ഗവൺമെന്റുകൾ ഈ നയങ്ങൾ നടപ്പിലാക്കാൻ ബദ്ധശ്രദ്ധരായി പ്രവർത്തിച്ചു. 2016-നുമുൻപ് അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാരുകൾക്ക് ഈ പ്രവർത്തനങ്ങൾ തുടർച്ചയായി കൊണ്ടുപോകാൻ കഴിഞ്ഞില്ല. അതിനുകാരണം ഇടയ്ക്കിടെ വന്ന യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിന്റെ വളർച്ചയെ പിറകോട്ടടിക്കുന്ന ഒരു സമീപനം സ്വീകരിച്ചതാണ്. ഇപ്പോൾ കേരളം പ്രതീക്ഷയോടുകൂടി തുടർച്ചയായി വരുന്ന ഇടതുപക്ഷ ഗവൺമെന്റിനെ കാണുകയാണ്. ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ നോക്കിയാൽ അത്

ബോദ്ധ്യമാകും. വസ്തുതയാണ് ഞാൻ പറയുന്നത്; നിങ്ങൾക്ക് ഇഷ്ടപ്പെടില്ല. നീതി ആയോഗിൽ കേരളം തുടർച്ചയായി നാലാം സ്ഥാനത്താണ്; അത് ഞങ്ങളാരും പോയി വാങ്ങിയതല്ല. അതുപോലെ 7 അവാർഡുകളാണ് നമുക്ക് ആരോഗ്യ മേഖലയിൽ ലഭിച്ചത്. ആരോഗ്യ മേഖലയിലെ ബദൽ നയത്തെ നിങ്ങൾ കാണാത്തതെന്താണ്? ഇവിടെ പ്രധാനമന്ത്രിയുടെ ആരോഗ്യ പദ്ധതിയുണ്ടല്ലോ; 22 ലക്ഷം കുടുംബങ്ങൾക്ക് നൽകാനാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. എന്നാൽ കേരളം 42 ലക്ഷം കുടുംബങ്ങൾക്കാണ് നൽകുന്നത്. അതിന്റെ അനുപാതം 60:40 ആണെങ്കിലും കേന്ദ്രം 20 ശതമാനം നൽകുമ്പോൾ 80 ശതമാനം നൽകിയാണ് കേരളം ഇത് നടപ്പിലാക്കുന്നത്.

<u>മി. ചെയർമാൻ</u>: .....പ്ലീസ്..... അവസാനിപ്പിക്കുക.... സമയം കഴിഞ്ഞു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, 137 കോടി രൂപ കേന്ദ്രം നൽകുമ്പോൾ സംസ്ഥാന ഗവൺമെന്റ് 1,200 കോടി രൂപ ചെലവഴിക്കുകയാണ്. മൊത്തത്തിൽ കണക്കാക്കുമ്പോൾ പാവപ്പെട്ടവന്റെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി 20 രൂപ കേന്ദ്രം തരുമ്പോൾ 80 രൂപ സംസ്ഥാനം വഹിക്കുകയാണ്. മെഡിസെപ്പ് നടപ്പിലാക്കി, കേന്ദ്രത്തിന്റെ

ഇ.സി.എച്ച്.എസ്.-ഉമായി അതിനെ താരതമ്യം ചെയ്ത് നോക്കണം. അത് കേരളത്തിന് ബദലാണ്. ഞാൻ സമയമില്ലാത്തതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേരളത്തിലല്ലാതെ വേറെ എവിടെയാണ് ഇങ്ങനെയൊരു ആരോഗ്യ സംവിധാനമുള്ളത്? സർക്കാർ മേഖലയിൽ ഒരു പഞ്ചായത്തിൽ നാല് ആശുപത്രികളാണുള്ളത്. പി.എച്ച്.സി., ഹോമിയോ, സിദ്ധ, അലോപ്പതി എന്നിങ്ങനെയുള്ള നാല് സംവിധാനങ്ങൾ ഇന്ത്യയിൽ എവിടെയാണുള്ളത്? സാധാരണക്കാരന്റെ ആശ്രയമായ ഈ ഗവൺമെന്റ് ആരോഗ്യരംഗത്ത് നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളെ പ്രശംസിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ പൊതു ആരോഗ്യരംഗം ഇത്രമേൽ അഭിവൃദ്ധിപ്പെട്ട ഒരു കാലം ഇതിനുമുമ്പുണ്ടായിട്ടില്ല. യു.ഡി.എഫ്. എപ്പോഴൊക്കെ അധികാരത്തിൽ വന്നുവോ അപ്പോഴൊക്കെ പൊതുജനാരോഗ്യരംഗം തളരുന്ന കാഴ്ചയാണ് നമ്മൾ കണ്ടിട്ടുള്ളത്. എന്നാൽ എൽ.ഡി.എഫ്. അധികാരത്തിൽ വരുന്ന ഘട്ടങ്ങളിലൊക്കെത്തന്നെ

പൊതുജനാരോഗ്യരംഗം അഭ്രുതപൂർവ്വമായി വളരുന്നതിനാണ് നമ്മുടെ സംസ്ഥാനം സാക്ഷ്യം വഹിച്ചത്. ഇത് രണ്ട് സമീപനങ്ങളെത്തുടർന്ന് സംഭവിക്കുന്നതാണ്. ആ സമീപനങ്ങളെയാണ് ഇടത്-വലത് നയങ്ങൾ/സമീപനങ്ങളെന്ന് നാം വിളിക്കുന്നത്. ആരോഗ്യരംഗത്തെ ഇടതുബദലിന് രണ്ടാം പിണറായി വിജയൻ സർക്കാരിൽ നേതൃത്വം നൽകുന്ന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജിനെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുകയാണ്. കേരളത്തിലെ 4198965 കുടുംബങ്ങളിൽ ഒരാൾക്കെങ്കിലും കാസ്പ് (KASP)-ന്റെ സൗജന്യ ചികിത്സാ കാർഡുണ്ട്. 2019 ഏപ്രിൽ ഒന്നുമുതൽ 2021 ഡിസംബർ 31 വരെ 1,500 കോടി രൂപയാണ് സർക്കാർ പാവപ്പെട്ടവരുടെ ചികിത്സയ്ക്കായി കാസ്പ് മുഖേന ചെലവഴിച്ചത്. സംസ്ഥാന സർക്കാർ മുഴുവൻ ചികിത്സാ ചെലവുകളും വഹിക്കുന്ന കേരളത്തിലെ കുടുംബങ്ങളുടെ എണ്ണം 1968765 ആണ്. കഴിഞ്ഞ അഞ്ചുവർഷം കോഴിക്കോട് മെഡിക്കൽ കോളേജിലെ വിവിധ ആശുപത്രികളിൽ കാസ്പിൽ ചികിത്സ നൽകിയത് 279034 രോഗികൾക്കാണ്. 296 കോടി രൂപയാണ് ഇതിലേയ്ക്കായി സർക്കാർ ചെലവഴിച്ചത്. മറ്റുമെഡിക്കൽ കോളേജുകളിലെ കണക്കുകൾ

കൂടിയെടുത്താൽ എണ്ണം എത്രയാകുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. കഴിഞ്ഞ നാലുവർഷത്തിനിടയിൽ 79004 കോവിഡ് രോഗികൾക്ക് കാസ്പിൽ ചികിത്സ ലഭ്യമാക്കി. 351.59 കോടി രൂപയാണ് ഈ ഇനത്തിൽ സർക്കാർ ചെലവഴിച്ചത്. നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 64 സർക്കാർ ആശുപത്രികൾ സർട്ടിഫൈ ചെയ്യപ്പെട്ടു. ഇന്ത്യയിൽ ഇതൊരു റെക്കോർഡാണ്. നമ്മുടെ സംസ്ഥാനത്ത് 46 പി.എച്ച്.സി.-കളാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് അനുസരിച്ച് സർട്ടിഫിക്കറ്റ് ലഭിച്ച ആശുപത്രികളിലുൾപ്പെടുന്നത്. 40 ലക്ഷത്തോളം ആളുകൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താൻ ലക്ഷ്യമിട്ട് നടപ്പിലാക്കിയ മെഡിസെപ് രാജ്യത്തിനുതന്നെ മാതൃകയാണ്. എല്ലാ ജില്ലകളിലുമുള്ള ആശുപത്രികളും മെഡിസെപ് അനുസരിച്ച് വൈദ്യസഹായം ലഭിക്കുന്ന ആശുപത്രികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ പ്രത്യേക ശ്രദ്ധവേണമെന്ന് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയോട് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. കിഡ്നി ട്രാൻസ്പ്ലാന്റേഷൻ ഒരേയൊരു മെഡിക്കൽ കോളേജിൽ മാത്രമെ നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നുള്ളൂ. ഇന്നത് അഞ്ച് മെഡിക്കൽ

കോളേജുകളിലായി വിപുലീകരിക്കപ്പെട്ടിരിക്കുന്നു. ലിവർ ട്രാൻസ്പ്ലാന്റേഷൻ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ വിജയകരമായി നടത്താനായത് ഏറെ അഭിമാനകരമാണ്. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയകൾക്കുള്ള സൗകര്യങ്ങൾ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. സ്വകാര്യ ആശുപത്രികളും ചില ചാരിറ്റി മാഫിയ സംഘങ്ങളും ഒത്തുചേർന്ന് നടത്തുന്ന വലിയ ചൂഷണത്തിന് അറുതിവരുത്താൻ സർക്കാർ ആശുപത്രികളിലെ ഇത്തരം സൗകര്യങ്ങൾ മെച്ചപ്പെടുന്നതിലൂടെ സാധ്യമാകും. ലക്ഷങ്ങളും കോടികളും പാവപ്പെട്ടവരായ രോഗികൾക്കുവേണ്ടി പിരിച്ചെടുത്ത് സ്വകാര്യ ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കി കമ്മീഷൻ തട്ടുന്ന ആളുകളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുകയാണ്. ചാരിറ്റിയെന്ന ഓമനപ്പേരിട്ട് പണം സമാഹരിക്കുന്നവരുടെ കൊട്ടാര സമാനമായ വീടുകൾ, വിലപിടിപ്പുള്ള കാറുകൾ, പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് സമാനമായ സൗകര്യങ്ങൾ, വിദേശരാജ്യങ്ങളിലെ ബിസിനസ്സ് പങ്കാളിത്തം ഇതെല്ലാം ദുരൂഹതയുണ്ടാക്കുന്നതാണ്. ഇവിടെ ജനപ്രതിനിധികളുടെ സാമ്പത്തിക സ്ഥിതി സൂക്ഷ്മദർശിനിവച്ച് പരിശോധിക്കാൻ നിരവധിപേരുണ്ട്. എന്നാൽ

ലക്ഷങ്ങളും കോടികളും പിരിച്ച് സ്വകാര്യ ആശുപത്രികളുമായി കൈകോർത്ത് അവരിൽനിന്ന് കമ്മീഷൻ പറ്റി ആർഭാടജീവിതം നയിക്കുന്നവരെക്കുറിച്ച് അന്വേഷിക്കാൻ ആരുമില്ലാത്ത അവസ്ഥയാണുള്ളത്. ഇത്തരം പൊതുപിരിവുകളിലൂടെ സ്വകാര്യ വൻകിട ആശുപത്രികളിൽ ലക്ഷങ്ങൾ ചെലവിട്ട് ചികിത്സ തേടിയവരിൽ എത്രപേർക്ക് രോഗം സുഖമായി ജീവിക്കുന്നുവെന്നതിനെ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഒരു കണക്കെടുപ്പ് നടത്തുന്നത് നല്ലതാണ്. കിഡ്നിയും ലിവറും പണം കൊടുത്തുവാങ്ങി ട്രാൻസ്പ്ലാന്റേഷൻ നടത്തുന്നത് നിരുത്സാഹപ്പെടുത്തണം. കിഡ്നി ട്രാൻസ്പ്ലാന്റേഷന് സമയദൈർഘ്യമുണ്ടാകുന്നുവെന്ന് ഇവിടെ ബഹുമാനപ്പെട്ട യു. എ. ലത്തീഫ് സൂചിപ്പിച്ചു. സത്യത്തിൽ ബന്ധുമിത്രാദികൾ കിഡ്നി ദാനം ചെയ്യാൻ തയ്യാറായാൽ ഒരുതരത്തിലുള്ള സമയദൈർഘ്യവുമുണ്ടാകുന്നില്ല. എന്നാൽ ഇത് വില കൊടുത്ത് വാങ്ങുന്നവരുടെ കാര്യത്തിൽ, സൂക്ഷ്മമായ പരിശോധനകൾ നടക്കേണ്ടതുള്ളതുകൊണ്ടാണ് സമയദൈർഘ്യമുണ്ടാകുന്നത്. ഇവിടെ നമ്മൾ ആലോചിക്കേണ്ട ഒരു കാര്യം ഞാൻ ജീവിക്കണമെന്ന് ഏറ്റവും കൂടുതൽ ഈ ലോകത്ത് ആഗ്രഹിക്കേണ്ടത് എന്റെ ഭാര്യയും എന്റെ കുട്ടികളുമാണ്.

അല്ലെങ്കിൽ എന്റെ അനുജന്മാരും സഹോദരിമാരുമാണ്. കിഡ്നി, ലിവർ എന്നിവ ഡൊണേറ്റ് ചെയ്താൽ തങ്ങൾക്ക് എന്തെങ്കിലും സംഭവിക്കുമെന്നുള്ള ഭയമാണ് ഇത് തേടിപ്പോകാൻ പലരെയും പ്രേരിപ്പിക്കുന്നത്. ഏറ്റവും പാവപ്പെട്ട ആളുകൾപോലും ലക്ഷങ്ങൾ കൊടുത്താണ് ഇവയൊക്കെ വാങ്ങുന്നത്. ഏതെങ്കിലും പാവപ്പെട്ട മനുഷ്യന്റെ സാമ്പത്തികമായ ബുദ്ധിമുട്ട് ചൂഷണം ചെയ്യപ്പെടുകയാണ്. ബന്ധുക്കൾക്ക് ദാനം ചെയ്യാൻ പേടിയാണ്. നമ്മൾ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നവർ നമ്മുടെ കുടുംബക്കാരാകണം, നമ്മുടെ ബന്ധുക്കളാകണം, നമ്മുടെ സുഹൃത്തുക്കളാകണം. അവർ സൗജന്യമായി നൽകുമ്പോൾ തീർച്ചയായും നമുക്കത് സ്വീകരിക്കാം. പക്ഷെ, മറ്റൊരാളുടേത് പണം കൊടുത്തുവാങ്ങി ഈ ശസ്ത്രക്രിയയ്ക്ക് വിധേയമാകുമ്പോൾ, അതിൽ കണ്ണീരിന്റെ നനവുണ്ടെന്ന് നമ്മൾ ഓരോരുത്തരും മനസ്സിലാക്കണം. കിഡ്നി ട്രാൻസ്പ്ലാന്റേഷൻ പോലെതന്നെയായിരുന്നു മുമ്പ് രക്തദാനവും. രക്തം ദാനം ചെയ്യാൻ സ്വന്തക്കാർ പോലും തയ്യാറായിരുന്നില്ല. പിന്നീട് ആ തെറ്റിദ്ധാരണ മാറി. നമുക്ക് കിഡ്നി ട്രാൻസ്പ്ലാന്റേഷന്റെയും ലിവർ ട്രാൻസ്പ്ലാന്റേഷന്റെയും കാര്യത്തിലും ജനകീയ സ്വഭാവം കൊണ്ടുവരണം. ഒരു പാവപ്പെട്ടവന്റെയും

സാമ്പത്തിക ദുഃസ്ഥിതി ചൂഷണം ചെയ്യപ്പെട്ടുകൂടായെന്നുള്ള നിർബന്ധബുദ്ധി നമുക്ക് ഓരോരുത്തർക്കുമുണ്ടാകണം. കോവിഡ് പ്രതിരോധവും വാക്സിനേഷനും ചിട്ടയോടെ നമ്മുടെ സംസ്ഥാനത്ത് നടന്നു. കോവിഡ് മഹാമാരി വന്നപ്പോൾ സ്വകാര്യ ആശുപത്രികളൊക്കെ പൂട്ടിപ്പോയി. അന്ന് അതിനെ സധൈര്യം നെഞ്ചുറപ്പോടെ നേരിട്ടത് നമ്മുടെ സർക്കാർ സംവിധാനമാണ്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും എവിടേയ്ക്കും ഒളിച്ചോടിയില്ല. ജനപ്രതിനിധികളും ആരോഗ്യപ്രവർത്തകരും ആ ഘട്ടത്തിൽ നിറഞ്ഞുനിന്നു. അതിന്റെ പിൻബലത്തിലാണ് നമുക്ക് കോവിഡെന്ന മഹാമാരിയെ പ്രതിരോധിക്കാൻ സാധിച്ചത്. ഉച്ചയ്ക്കുശേഷം എല്ലാ ആശുപത്രികളും ഇപ്പോൾ പ്രവർത്തനക്ഷമമാണ്. എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഫാമിലി ഹെൽത്ത് സെന്ററുകളിലും മറ്റ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡോക്ടർമാരെ നിയോഗിക്കുകയാണ്. ഇത്തരമൊരു സംവിധാനം ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആർദ്രം പദ്ധതി ആവിഷ്കരിച്ചപ്പോൾ അന്നത്തെ തദ്ദേശ വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ളതാണ്. അതിന്റെ ഗുണഫലം നമ്മുടെ നാടിന്

ലഭിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരും ഇന്ന് ആവശ്യത്തിനുണ്ട്. എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളും ജില്ലാ താലൂക്കാശുപത്രികളും മികവിന്റെ പാതയിലാണ്. കിറ്റുകൊടുത്തതുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി രണ്ടാമതും അധികാരത്തിൽ വന്നതെന്ന് ശ്രീ. യു. എ. ലത്തീഫ് ഇവിടെ സൂചിപ്പിച്ചു. അങ്ങനെയൊരു ദുഃസൂചന നൽകിക്കൊണ്ടാണ് തൃക്കാക്കരയിൽ കിറ്റ് കൊടുക്കാതിരുന്നപ്പോൾ അവിടെ ഇടതുപക്ഷം തോറ്റു എന്ന് അദ്ദേഹം പറഞ്ഞത്. കിറ്റ് കൊടുത്താൽ കേരളത്തിലെ ജനങ്ങൾ ഏതെങ്കിലുമൊരു മുന്നണിക്ക് വോട്ട് ചെയ്യുമെന്നുണ്ടെങ്കിൽ 41 അംഗങ്ങൾ പ്രതിപക്ഷ നിരയിലുണ്ടായത് എങ്ങനെയാണ്? നിങ്ങൾ കേരളത്തിലെ ജനങ്ങളെ കിറ്റ് കൊടുത്താൽ വോട്ട് ചെയ്യുന്നവരായി തരംതാഴ്ത്തി കാണുന്നു, നിങ്ങളവരെ സബ്സ്റ്റാന്റേർഡൈസ് ചെയ്യുന്നു. ഈ നാട്ടിലെ ധനാഢ്യന്മാരും സമ്പന്നന്മാരും സർക്കാർ ജീവനക്കാരും അന്ന് കിറ്റ് വാങ്ങിയിട്ടുണ്ട്. കാരണം, അന്ന് കിറ്റ് വാങ്ങേണ്ട ഘട്ടമായിരുന്നു. വല്ലാത്ത പ്രയാസവും ബുദ്ധിമുട്ടുമാണ് ജനങ്ങൾക്കിടയിൽ നിലനിന്നിരുന്നത്. ആ പ്രയാസങ്ങൾ

ദൂരീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നപ്പോൾ അതിനെ ഔദാര്യമായി ചിത്രീകരിക്കുകയും അത് വോട്ട് തട്ടാനുള്ള വഴിയാണെന്ന് അധിക്ഷേപിക്കുകയും ചെയ്തു. നിങ്ങൾ കേരളത്തിലെ ജനങ്ങളോട് കാണിക്കുന്ന നിന്ദ്യമായ അവഗണന അവസാനിപ്പിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ശിശുമരണനിരക്ക് കുറഞ്ഞു, ആയുർദൈർഘ്യം കൂടി എന്നതാണ് പിണറായി വിജയൻ സർക്കാരിന്റെ പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്നായി ആരോഗ്യ വകുപ്പിന്റെ എല്ലാ ചർച്ചകളിലും കേൾക്കുന്നത്. 2016-നുശേഷം ജനിച്ച കുട്ടികൾ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനായതിനാൽ ഞങ്ങളിനി മരിക്കുന്നില്ലെന്ന് തീരുമാനിച്ചതാണോയെന്ന് എനിക്കറിയില്ല. തമാശയല്ല, ഞാൻ കാര്യമാണ് പറയുന്നത്. എന്തിനാണ് നിങ്ങൾ പ്രകോപിതരാകുന്നത്; കഴിഞ്ഞ വർഷം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇതുതന്നെ പറഞ്ഞു. 40-50 വർഷത്തെ ചരിത്രത്തിലേയ്ക്ക് പോകേണ്ട, 20 വർഷത്തെ, 2001 മുതലുള്ള ചരിത്രം പരിശോധിച്ചാൽ ശിശുമരണനിരക്ക് കുറഞ്ഞത് 2016-ലെ പിണറായി

വിജയൻ ഗവൺമെന്റ് വന്നതിനുശേഷമാണോയെന്നും ഇവിടെ ആയുർദൈർഘ്യം കൂടിയത് പിണറായി സർക്കാരിന്റെ നേട്ടമാണോയെന്നും മനസ്സിലാകും. ഈ വിഷയം ഞാൻ മുമ്പും സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലയുൾപ്പെടെ എല്ലാ മേഖലകളിലും നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത് ഐക്യകേരളം രൂപപ്പെടുത്തിയെടുത്തതിനുശേഷം, ഇ.എം.എസ്. ഗവൺമെന്റ് വന്നതിനുശേഷമുള്ള ഗവൺമെന്റുകളുടെ പ്രവർത്തനങ്ങൾ കൊണ്ടുമാത്രമല്ല, അതിനുമുമ്പുള്ള കേരളത്തിന്റെ ചരിത്രം പഠിക്കുമ്പോൾ മിഷണറിമാരുടെയും നവോത്ഥാന നേതാക്കന്മാരുടെയും സംഭാവനകൾ ഏറ്റവും പ്രതിഫലിച്ചത് സാമൂഹ്യ മുന്നേറ്റങ്ങളിലാണ്. ആ മുന്നേറ്റത്തിന്റെ പ്രതിഫലനമായിരുന്നു വിദ്യാഭ്യാസ രംഗത്തും ആരോഗ്യരംഗത്തുമുണ്ടായ വളർച്ച. പിണറായി ഗവൺമെന്റ് വന്നതുകൊണ്ടാണ് ഇതൊക്കെ നടന്നതെന്നാണ് ഭരണപക്ഷത്തുള്ളവർ പറയുന്നത്. ഇതിനൊക്കെ കണക്കുകളുണ്ടല്ലോ; ഓരോ സംസ്ഥാനത്തെയും രാജ്യത്തെയും കണക്കുകൾ പ്രത്യേകം പറയുന്നുണ്ട്. ലോകാരോഗ്യ സംഘടനയും ഇത് പറയുന്നുണ്ട്. ഇത് ഈ ഗവൺമെന്റിന്റെ നേട്ടം മാത്രമല്ലെന്ന് പരിശോധിച്ചാൽ മനസ്സിലാകും. ദശാബ്ദങ്ങളിലൂടെയുള്ള

കേരളത്തിന്റെ വളർച്ചയുടെ, സാമൂഹ്യ മുന്നേറ്റത്തിന്റെ പ്രതിഫലനമാണ് ഇന്ന് ശിശുമരണ നിരക്ക് കുറഞ്ഞതെന്നും ആയുർദൈർഘ്യം കൂടിയതെന്നും നിങ്ങൾക്കറിയാമെങ്കിലും പറയാതിരിക്കുകയാണെന്ന് എനിക്കറിയാം. അതെല്ലാം ശ്രീ. പിണറായി വിജയന്റെ അക്കൗണ്ടിലെഴുതി ഞങ്ങളെ ബോധ്യപ്പെടുത്താമെന്ന് ധരിക്കുകയാണെങ്കിൽ അത് വ്യാമോഹം മാത്രമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. നാല് പഞ്ചായത്തുകളിൽ നാല് ആശുപത്രികൾ ഞങ്ങൾ കൊണ്ടുവന്നുവെന്ന് ശ്രീ. ജി. എസ്. ജയലാൽ ഇവിടെ പറഞ്ഞു, അത് എത്രയോ കാലമായി കേൾക്കുന്നു. 2011-16-ലെ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ഏതാണ്ട് 750-800 പഞ്ചായത്തുകളിൽ ആയുർവേദത്തിന് ഡിസ്പെൻസറിയുണ്ടായിരുന്നു. അത് എല്ലാ പഞ്ചായത്തിലും വേണമെന്ന് തീരുമാനിച്ചത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ശ്രീ. ജി. എസ്. ജയലാലിന് അതറിയാം. ഇവിടെ ഹോമിയോ ആശുപത്രിയും പി.എച്ച്.സി.-കളും വന്നത് മാറിമാറി വന്ന ഗവൺമെന്റുകളുടെ കാലത്തല്ലേ? 2011-2016 കാലഘട്ടത്തിൽ ആരോഗ്യരംഗത്ത് എന്ത് നടന്നുവെന്ന് ഇവിടെ ചോദിച്ചു, 2011-2016 കാലഘട്ടത്തിൽ കേരളത്തിൽ വന്ന മെഡിക്കൽ കോളേജുകളുടെ എണ്ണം

എത്രയെന്ന് പരിശോധിച്ചാൽ അത് ബോധ്യമാകും. നിങ്ങളുടെ കാലഘട്ടത്തിൽ, ആ അഞ്ചുവർഷത്തിനുള്ളിൽ എത്ര ജില്ലാശുപത്രികൾ വന്നുവെന്ന കണക്കുകൾ പരിശോധിക്കണം. നിങ്ങൾ യാഥാർത്ഥ്യങ്ങൾ മറച്ചുവച്ച് സംസാരിക്കുകയാണ്. എല്ലാവരുടെയും കൂട്ടായ പ്രയത്നംകൊണ്ടാണ് ഈ മുന്നേറ്റങ്ങളൊക്കെയുണ്ടായത്. 2012-ൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന മൃതസഞ്ജീവനി പദ്ധതിയുടെ ഭാഗമായി 2014-ൽ 156-ഉം 2015-ൽ 218-ഉം അവയവദാനം നടന്നു. പ്രത്യേകിച്ച്, കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തി. ഈ ഗവൺമെന്റ് വന്നതിനുശേഷം, 2017-ൽ 60-ഉം 2018-ൽ 29-ഉം 2019-ൽ 55-ഉം 2020-ൽ 70-ഉം ആയിരുന്നു. രാഷ്ട്രീയ കാര്യങ്ങൾ സൂചിപ്പിക്കാനുള്ളതുകൊണ്ട് മറ്റ് വിഷയങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എന്തുപറ്റി? കേരളത്തിലെ ഒരു മന്ത്രി ഇന്നലെ ഭരണഘടനയ്ക്കെതിരെ സംസാരിച്ചു. xxx xxx xxx * ഭരണഘടനയെക്കുറിച്ച് ഇന്നലെ ഒരു മന്ത്രി പറഞ്ഞതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ആരാണ് ഭരണഘടനയ്ക്കെതിരെ ഇന്ന് ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നത്? ഇന്ന് ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നം.12285/ഇ.ബി./2022/നി.സെ. തീയതി 11.07.2022) രേഖയിൽ നിന്നും നീക്കം ചെയ്തു.

ശ്രീ. നരേന്ദ്ര മോദിയും ഭരണഘടന പൊളിച്ചെഴുതാൻ ശ്രമിക്കുമ്പോൾ, അതിന് കൂട്ടുനിൽക്കുകയല്ലേ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി. ഇവിടത്തെ ന്യൂനപക്ഷങ്ങൾക്ക് ഇവിടെ ജീവിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള നീക്കം നടത്തിയപ്പോൾ ഈ രാജ്യത്തുടനീളമുണ്ടായ സമരങ്ങൾ നിങ്ങൾ മറന്നുപോയോ? ആ സമരങ്ങളിലുയർത്തിപ്പിടിച്ചത് ഇന്ത്യയുടെ ഭരണഘടനയായിരുന്നു. ശ്രീ. നരേന്ദ്ര മോദിക്ക് ഈ രാജ്യത്തെ ജനങ്ങളുടെ ഒറ്റക്കെട്ടായ മുന്നറിയിപ്പായിരുന്നു ആ സമരത്തിലൂടെ നൽകിയത്. ആ ഭരണഘടനയെ നിങ്ങൾ തള്ളിപ്പറയുന്നുവെന്ന് പറഞ്ഞാൽ അത് ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.യുടെയും അജണ്ട നടപ്പാക്കുകയെന്നുള്ളതാണ്. xxx xxx xxx* അതുകൊണ്ടാണ് സി.പി.ഐ.(എം)-ഉം ബി.ജെ.പി.യും ഒരേ തൂവൽ പക്ഷികളെപ്പോലെയാണ് ഇന്ന് ഇന്ത്യയിൽ പോയ്ക്കൊണ്ടിരിക്കുന്നതെന്ന് ഞങ്ങൾ പറയുന്നത്.

ഇന്നലെ രാത്രിയിൽ ഒരു ടി.വി ചാനലിൽ ഞാനൊരു വാർത്ത കണ്ടു. ഏതാനും ചെറുപ്പക്കാർ ജയിലിൽനിന്നും ഇറങ്ങി വരുന്നു. ആ ചെറുപ്പക്കാരെ, ചുവന്ന ഷാൾ അണിയിച്ച് സ്വീകരിക്കുന്നു. പ്രിയപ്പെട്ട മുഖ്യമന്ത്രി

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നം.12285/ഇ.ബി./2022/നി.സെ. തീയതി 11.07.2022) രേഖയിൽ നിന്നും നീക്കം ചെയ്തു.

ഇവിടെയില്ല, അദ്ദേഹം പറഞ്ഞു, ശ്രീ. രാഹുൽ ഗാന്ധിയുടെ ഓഫീസ് തകർത്തതിൽ ഞങ്ങൾ അങ്ങേയറ്റം അപലപിക്കുന്നു. നിങ്ങളുടെ കൺവീനറും ദേശീയ നേതൃത്വവും പറഞ്ഞു അത് തെറ്റാണെന്ന്. ഇതെല്ലാം നിങ്ങൾ കളിയായി പറയുന്നതാണെന്ന് ഞങ്ങൾക്കറിയാം. അക്രമികളെ സംരക്ഷിക്കാതിരിക്കാൻ നിങ്ങൾക്ക് കഴിയില്ലെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്നലെ ജയിലിൽനിന്നും ഇറങ്ങി വരുന്ന എസ്.എഫ്.ഐ.-ക്കാരെ നിങ്ങൾ ഷാൾ അണിയിച്ച് സ്വീകരിക്കുന്ന കാഴ്ച. നിങ്ങൾ പറയുന്നതിൽ എന്ത് ആത്മാർത്ഥതയാണുള്ളത്? ഞങ്ങൾ അപലപിച്ചോയെന്ന് നിങ്ങൾ ഞങ്ങളോട് ചോദിച്ചില്ലേ? ഞങ്ങൾ അപലപിക്കേണ്ട സമയത്ത് അപലപിച്ചിട്ടുണ്ട്. അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞിട്ടുണ്ട്, ഞങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിൽ അത് ആത്മാർത്ഥമായാണ്. ജനങ്ങളെ വിഡ്ഢികളാക്കുന്നതിനാണ് നിങ്ങൾ പറഞ്ഞത്. ഏറ്റവും ചുരുങ്ങിയത് ബഹുമാന്യനായ മുഖ്യമന്ത്രിയും അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിയുമൊക്കെ പറഞ്ഞാൽ അതിനൊരു വിലയുണ്ടെന്ന് എസ്.എഫ്.ഐ.-ക്കാരെയെങ്കിലും ബോധ്യപ്പെടുത്തണ്ടേ? ജില്ലാ നേതാക്കളുൾപ്പെടെ ഇന്നലെ

ജയിലിനുമുന്നിൽ പോയി അവർക്ക് സ്വീകരണം കൊടുത്തുവെന്ന് പറഞ്ഞാൽ എത്ര അപഹാസ്യമാണ്. അതുകൊണ്ടാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി എങ്ങോട്ടുപൊയ്ക്കൊണ്ടിരിക്കുന്നുവെന്ന് ഞാൻ ചോദിച്ചത്. അത് ഞങ്ങളെ ഭയപ്പെടുത്തുന്ന ഒന്നാണ്. ഇടതുപക്ഷവും വലതുപക്ഷവുമായി കമ്മ്യൂണിസ്റ്റും കോൺഗ്രസും രാജ്യത്തുണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. രാജ്യത്ത് വലതുപക്ഷ രാഷ്ട്രീയം ശക്തിപ്പെടുന്നതിനെക്കാൾ ഇടതുപക്ഷമുണ്ടാവുക എന്നതുതന്നെയാണ് നല്ലതെന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്. കോൺഗ്രസ്സിനെ അടിച്ചുതുത്തുകളയാമെന്ന് നിങ്ങൾ കരുതുന്നതുപോലെ ഇടതുപക്ഷത്തെ ഇന്ത്യയിൽനിന്ന് തുത്തുകളയണമെന്ന് കോൺഗ്രസ്സുകാർ ആഗ്രഹിക്കുന്നില്ല. ബി.ജെ.പി.യെക്കാൾ ആർ.എസ്.എസ്.നെക്കാൾ ഇടതുപക്ഷങ്ങൾ ഇന്ത്യയിലുണ്ടാകണമെന്ന് ആഗ്രഹിക്കുന്നവർ തന്നെയാണ് ഞങ്ങൾ. പക്ഷേ നിങ്ങളുടെ നിലപാടെന്താണ്? വലതുപക്ഷ ഹിന്ദു തീവ്രവാദത്തെ ശക്തിപ്പെടുത്താൻ സി.പി.ഐ.(എം)-ന് എന്തൊക്കെ ചെയ്തുകൊടുക്കാൻ കഴിയുമോ; സംഭാവന ചെയ്തുകൊടുക്കാൻ കഴിയുമോ; അതാണ് നിങ്ങൾ ആലോചിക്കുന്നത്.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഒരു ഇടതുപക്ഷ ഗവൺമെന്റിന്, ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ചേർന്നതാണോ നിങ്ങൾ ചെയ്യുന്ന ഈ കാര്യങ്ങൾ, ഈ പ്രസ്താവനകൾ, ഭരണഘടനയ്ക്കെതിരെ നടത്തുന്ന ഈ മുദ്രാവാക്യങ്ങൾ, അംബേദ്കറിനെതിരെ നടത്തുന്ന മുദ്രാവാക്യങ്ങൾ എന്ന് നിങ്ങൾ പരിശോധിക്കണമെന്നുമാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, പോയിന്റ് ഓഫ് ഓർഡർ, എന്റെ പ്രസംഗവുമായി ബന്ധപ്പെട്ട് ശ്രീ. എ. പി. അനിൽകുമാർ അവാസ്തവമായ കാര്യങ്ങളാണ് ഇവിടെ പറയുന്നത്. ഭരണഘടനാ ശില്പിയായ ഡോ. ഭീമറാവു റാംജി അംബേദ്കർ എഴുതിവച്ച ഭരണഘടനയിൽ 356-ാം വകുപ്പ് ഒരു കാരണവശാലും ഉപയോഗപ്പെടുത്തുകയില്ലെന്ന് പറഞ്ഞതിനെ മറികടന്നുകൊണ്ട് കേരളത്തിന്റെ ഗവൺമെന്റിനെ പിരിച്ചുവിട്ട സംഭവവുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യത്തെ ഞാൻ ഭരണഘടനാശില്പിയെ അവഹേളിച്ചു എന്ന രീതിയിൽ പറയുകയാണ്. ഒരു കാരണവശാലും

അവഹേളിക്കുന്ന സംഭവമുണ്ടായിട്ടില്ല, അത് രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ: അത് പരിശോധിക്കാം.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട വണ്ടൂർ അംഗത്തിന്റെ പ്രസംഗത്തിനിടയിൽ ഇന്നലെ ജയിലിൽനിന്നും ഇറങ്ങിയ ആളുകളെ സ്വീകരിക്കാൻ ജില്ലാ നേതാക്കന്മാർ ഉൾപ്പെടെ പോയി എന്നുള്ള ഭാഗം തെറ്റാണ്. അത് സഭാരേഖയിലുണ്ടാകാൻ പാടില്ല. അത് സഭാ രേഖയിൽനിന്നും നീക്കം ചെയ്യണം. *

മി. ചെയർമാൻ: അത് പരിശോധിക്കാം.

ആരോഗ്യ - വനിത - ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും കുടുംബക്ഷേമം എന്നീ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയും ക്രിയാത്മകമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്ത ബഹുമാന്യരായ അംഗങ്ങളോട് ഈ അവസരത്തിൽ നന്ദി അറിയിക്കുകയാണ്. വകുപ്പും മന്ത്രിയും നടത്തുന്ന ഇടപെടലുകൾക്ക് പ്രതിപക്ഷനിരയിൽനിന്നും നന്ദി പറഞ്ഞത് വളരെയധികം

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫ.നം.12285/ഇ.ബി./2022/നി.സെ. തീയതി 11.07.2022) രേഖയിൽ നിലനിർത്തി.

സന്തോഷത്തോടെയാണ് കാണുന്നത്. പക്ഷെ ചില ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾക്ക് സർവ്വം രോഗാതുരമെന്നാണ് തോന്നുന്നത്. ഭരണപക്ഷത്തെ ചില ബഹുമാന്യരായ അംഗങ്ങളിവിടെ പറഞ്ഞതുപോലെ, രോഗാതുരമായ മനസ്സുള്ളവർക്കാണ് ചുറ്റും രോഗാതുരമാണെന്ന് തോന്നുന്നത്. രോഗാതുരത കുറയ്ക്കുകയെന്നതാണ് സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റേയും ലക്ഷ്യം. അതുകൊണ്ട് അതിനും കൃത്യമായ ചികിത്സയുണ്ടെന്ന് പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

ആഗോളതലത്തിൽ ആരോഗ്യമേഖലയിൽ കോവിഡ് മഹാമാരി അനിതരസാധാരണമായ വെല്ലുവിളികളാണ് സൃഷ്ടിച്ചത്. കോവിഡിന്റെ മൂന്ന് തരംഗങ്ങളെയും അത് തീർത്ത വെല്ലുവിളികളെയും ഏറ്റവും മികച്ച രീതിയിൽ അതിജീവിച്ചാണ് കേരളം മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ചിട്ടയോടെയുമുള്ള പ്രവർത്തനത്തിലൂടെയും കോവിഡിനെതിരായ ശാസ്ത്രീയമായ പ്രതിരോധവും ജനങ്ങളുടെ ജീവനും ജീവനോപാധിയും സംരക്ഷിച്ചുകൊണ്ടുള്ള നയസമീപനങ്ങളുമാണ് നമ്മുടെ സംസ്ഥാനത്തിന്റെ കോവിഡ് പ്രതിരോധത്തെ മികച്ചതും വ്യത്യസ്തവുമാക്കുന്നത്. കേരളത്തിൽ

കോവിഡിന്റെ ഒരു ഘട്ടത്തിലും ഓക്സിജൻ ബെഡ്ഡോ, വെന്റിലേറ്ററോ, ഐ.സി.യു. ബെഡ്ഡോ ലഭ്യമാക്കാതെ ഒരു കോവിഡ് രോഗിപോലും മരണപ്പെട്ടിട്ടില്ലെന്നത് ആശ്വാസം നല്കുന്നതാണ്. സംസ്ഥാനത്തിന്റെ ഉയർന്ന ജനസാന്ദ്രതയും ഉയർന്ന ജീവിതശൈലീ രോഗികളുടെ എണ്ണവും തീർക്കുന്ന വെല്ലുവിളികളെ മറികടന്നുകൊണ്ട്, രോഗികളെ ഏറ്റവും കൃത്യതയോടെ കണ്ടെത്തുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും വ്യാപനതോത് കുറയ്ക്കുന്നതിനും വ്യക്തമായും സുതാര്യമായും ഡാറ്റ ഡോക്യുമെന്റ് ചെയ്യുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്രം കോവിഡ് മരണങ്ങൾ സംബന്ധിച്ച മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചപ്പോൾ, കോവിഡ് മരണങ്ങൾ സംബന്ധിച്ച പരാതികളും അപ്പീലുകളും സ്വീകരിക്കുന്നതിനായി കേരളത്തിൽ ആരോഗ്യവകുപ്പ് ഒരു പ്രത്യേക പോർട്ടൽ രൂപീകരിച്ചു. പോർട്ടൽ രൂപീകരണവും തുടർന്നുള്ള നടപടികളും ഏറ്റവും മാതൃകാപരമാണെന്നാണ് രാജ്യത്തിന്റെ പരമോന്നത നീതിപീഠം അഭിപ്രായപ്പെട്ടത്. കോവിഡിന്റെ ഓരോ തരംഗത്തിലും നാം അവലംബിച്ച പ്രതിരോധ മാർഗ്ഗങ്ങൾക്ക് വ്യത്യസ്തതകളുണ്ടായിരുന്നു. പ്രധാന കാരണങ്ങളിൽ ഒരു ഘടകം

വാക്സിനാണ്. 2021 മേയ് മാസമുള്ള സർക്കാർ തീരുമാനങ്ങളിൽ ആദ്യത്തേത് എത്രയുംവേഗം എല്ലാവർക്കും വാക്സിൻ എടുക്കുകയെന്നതായിരുന്നു. കിടപ്പുരോഗികൾ, മറ്റ് ഗുരുതര രോഗമുള്ളവർ, 60 വയസ്സിന് മുകളിലുള്ളവർ, ആരോഗ്യ പ്രവർത്തകർ, കോവിഡ് മുൻനിരപോരാളികൾ, ഗർഭിണികൾ എന്നിങ്ങനെ മുൻഗണനകൾ നിശ്ചയിച്ച് പല വിഭാഗങ്ങളാക്കി. കിടപ്പുരോഗികൾക്ക് വീട്ടിലെത്തി വാക്സിനെടുക്കുന്നത് യാഥാർത്ഥ്യമാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് കേരളം. ആരോഗ്യ പ്രവർത്തകരുടെ സമർപ്പിതമായ കഠിനാധ്വാനത്തിന്റെ ഫലമായി വളരെ വേഗം 100 ശതമാനം ഒന്നാം ഡോസ് വാക്സിനെടുക്കുന്നതിന് നമുക്ക് കഴിഞ്ഞു. വനത്തിനുള്ളിലേയ്ക്കും വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശങ്ങളിലേയ്ക്കും കാടും മലയും പുഴയും കടന്ന് വാക്സിൻ ചുമന്നും നടന്നും ആരോഗ്യ പ്രവർത്തകർ നടത്തിയ സേവനം സഭയിൽ പ്രത്യേകമായി ഓർക്കുകയാണ്. അട്ടപ്പാടി ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലെയും ആരോഗ്യ പ്രവർത്തകർ, ഡോ. രഞ്ജിനി, ഡോ. ഫയാസ്, ഡോ. സുകന്യ, ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട നേഴ്സിംഗ് ഓഫീസർ ഗ്രേഡ് I - പ്രിയ, കണ്ണൂർ പയ്യന്നൂർ താലൂക്കാശുപത്രിയിലെ ജെ.പി.എച്ച്.എൻ. ഗ്രേഡ് I- ഭവാനി,

സഹപ്രവർത്തകരുടെ പിന്തുണയോടെ ഒരുദിവസം കൊണ്ട് 893 പേർക്ക് വാക്സിനെടുത്ത ചെങ്ങന്നൂർ ജില്ലാശുപത്രിയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് - പുഷ്പലത, ഓരോ ആഴ്ചയും നടത്തുന്ന പ്രത്യേക വാക്സിൻ ഡ്രൈവുകളെ വിജയിപ്പിച്ച ഡയറക്ടറേറ്റ്, കൺട്രോൾ റൂം മുതൽ ആരോഗ്യ കേന്ദ്രത്തിലെ ആരോഗ്യപ്രവർത്തകർ വരെയുള്ളവർ, വാക്സിൻ വിമുഖതയകറ്റാൻ സർക്കാർ നിർദ്ദേശപ്രകാരം ഇടപെട്ട് പ്രവർത്തിച്ച ആശാപ്രവർത്തകർ, ആദിവാസി ഊരുകളിൽ സമയമെടുത്ത് പ്രാദേശിക ഭാഷയിൽ ആശയ വിനിമയം നടത്തി വാക്സിനെടുക്കാൻ നേതൃത്വം നല്കിയവർ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, പാലിയേറ്റീവ് കെയർ സന്നദ്ധ സംഘടനകളിലെ അംഗങ്ങൾ, സഹകരണ ആരോഗ്യ മേഖലയിലെ പ്രവർത്തകർ, എല്ലാവരെയും ഈ അവസരത്തിൽ ഓർക്കുന്നു. സംസ്ഥാനത്ത് നിലവിൽ 18 വയസ്സിനുമുകളിൽ ഒന്നാം ഡോസ് വാക്സിൻ നൂറ് ശതമാനം എടുത്തിട്ടുണ്ട്. രണ്ടാം ഡോസ് 90 ശതമാനത്തിനടുത്തെത്തിയിട്ടുണ്ട്. പതിനഞ്ച് മുതൽ പതിനേഴ് വയസ്സ് വരെ പ്രായമുള്ളവർക്ക് ഒന്നാം ഡോസ് 85%, രണ്ടാം ഡോസ് 59%, പന്ത്രണ്ട് മുതൽ പതിനാല് വയസ്സുവരെയുള്ളവർക്ക് ഒന്നാം ഡോസ് 69%, രണ്ടാം

ഡോസ് 34% എന്നിങ്ങനെ എടുത്തിട്ടുണ്ട്. ഇപ്പോൾ സ്കൂളുകൾ തുറന്നു, കൂടിച്ചേരലുകൾ കൂടിയ ഈ സാഹചര്യത്തിൽ കേസുകളിൽ നേരിയ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെട്ടതാണ്. വളരെ പെട്ടെന്നുള്ള ഒരു ഉയർച്ച ഉണ്ടാകുന്നില്ല. രാജ്യത്തുതന്നെ അങ്ങനെയൊരു സാഹചര്യമില്ലെന്നാണ് കേന്ദ്ര ആരോഗ്യമന്ത്രാലയവും വിലയിരുത്തുന്നതെന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോഴുള്ള കേസുകളുടെ എണ്ണത്തിലുള്ള നേരിയ വർദ്ധന ആശങ്കപ്പെടുത്തുന്നതല്ല. അതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, വൈറസിന്റെ ജനിതക ശ്രേണീകരണവും സ്പൈക്ക് പ്രോട്ടീൻ സീക്വൻസിംഗും തുടർച്ചയായി തന്നെ നടത്തുന്നുണ്ട്. സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്. പക്ഷെ ഒരു പുതിയ വകഭേദംപോലും variant of concern കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഒമിക്രോൺമൂലമാണ് ഇപ്പോഴത്തെ കേസുകളുണ്ടാകുന്നതെന്നതാണ് പരിശോധനകളിലൂടെ വ്യക്തമായിട്ടുള്ളത്. രണ്ട്, ആശുപത്രികളിലെ കിടക്കകളുടെ occupancy, ഐ.സി.യു. ആണെങ്കിലും സാധാരണ ബെഡ്ഡാണെങ്കിലും ഓക്സിജൻ ബെഡ്ഡാണെങ്കിലും വെന്റിലേറ്ററാണെങ്കിലും രോഗികൾ അഡ്മിറ്റ് ചെയ്യപ്പെടുന്നില്ല. ഒരു തരത്തിലുള്ള വർദ്ധനയും ഉണ്ടായിട്ടില്ലെന്നതാണ് വ്യക്തമാകുന്നത്. ഈ രണ്ട്

കാരണങ്ങൾകൊണ്ടും ഇപ്പോഴത്തെ കോവിഡ് കേസിന്റെ കാര്യത്തിലുണ്ടാകുന്ന നേരിയ വർദ്ധനവിൽ ഒരുതരത്തിലുള്ള ആശങ്കയും വേണ്ടതില്ലെന്നത് തന്നെയാണ് പരമപ്രധാനം. കോവിഡ് മാനദണ്ഡങ്ങളായ മാസ്ക് ധരിക്കുന്നതും സാമൂഹിക അകലം പാലിക്കുന്നതും കൈകൾ സാനിറ്റൈസർ ഉപയോഗിച്ചോ, സോപ്പും വെള്ളവുമുപയോഗിച്ചോ ശുദ്ധിയാക്കുന്നതും നമ്മൾ തുടരണം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞത് വളരെ ശരിയായ കാര്യമാണ്. കാരണം, രൂക്ഷമായ തോതിലില്ല, പകരം ഒമിക്രോണിന്റെ തോതിലാണ് രോഗം വന്നിട്ട് പോകുന്നത്. ഇവിടെ ഒമിക്രോൺ കേസുകളിലെ കണക്കിന്റെ പ്രശ്നമുണ്ട്. കാരണം, ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് മാത്രമാണ് നമുക്ക് കിട്ടുന്നത്. നമ്മുടെ ചുറ്റുപാടുള്ള കൂടുതൽ ആളുകളും ടെസ്റ്റ് നടത്തുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഇത് ചെറിയ അസ്വസ്ഥതകളായി വരുന്നതുകാരണം വന്ന് പോയിക്കോട്ടേയെന്നാണ് കൂടുതൽ ആളുകളും വിചാരിക്കുന്നത്. കൃത്യമായൊരു ഹെൽത്ത് ഡാറ്റാ ലഭ്യമാകാൻ ഈ സാഹചര്യം സഹായകരമാകുന്നില്ല. അത് സർക്കാരിന്റെ കുറ്റമാണെന്നല്ല ഞാൻ ഇവിടെ

സൂചിപ്പിക്കുന്നത്. ആളുകൾ സഹകരിക്കാത്തതുകൊണ്ടാണ്. ഇനി ഇതുപോലെ എന്തെങ്കിലും വേരിയന്റുണ്ടായാൽ, അല്ലെങ്കിൽ ഭാവിയിൽ ഇതുപോലുണ്ടായാൽ കൃത്യമായി കണക്കാക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ഹെൽത്ത് സർവ്വേ പോലുള്ള വേറെ ഏതെങ്കിലും ഒരു സംവിധാനം ഇതിന് ഏർപ്പെടുത്തണം. അത്തരത്തിൽ ഏതെങ്കിലും ഒരു മാർഗ്ഗത്തിലൂടെ ശരിയായൊരു കണക്കിന്റെ പ്രൊജക്ഷനെങ്കിലും കിട്ടേണ്ടത് ആവശ്യമാണ്. അത്തരത്തിൽ വിവരങ്ങൾ കിട്ടാനിടയുള്ള എന്തെങ്കിലുമൊരു സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യാമോ? ഇപ്പോൾ കിട്ടുന്ന കണക്ക് കൃത്യമല്ലെന്നത് തന്നെയാണ് ഇങ്ങനൊരു പുതിയ രീതി ആവശ്യപ്പെടാനുള്ള കാരണം. എന്തെങ്കിലും അസ്വസ്ഥതകളുണ്ടെങ്കിൽ ടെസ്റ്റ് നടത്താൻ ആരും പോകുന്നില്ലെന്ന് നമുക്കറിയാം. വളരെ അപൂർവ്വം ആളുകൾ മാത്രമാണ് ടെസ്റ്റ് ചെയ്യാൻ പോകുന്നത്. ഇത് ഭാവിയിൽ നമുക്കുതന്നെ വളരെ ബുദ്ധിമുട്ടുണ്ടാക്കും. രോഗബാധിതരുടെ കണക്ക് കൃത്യമായി ലഭ്യമാക്കത്തക്ക വിധത്തിലുള്ള എന്തെങ്കിലുമൊരു സർക്കാർ സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, സംസ്ഥാനത്ത് ഏതെങ്കിലും രീതിയിലുള്ള വലിയ വർദ്ധന കോവിഡ് കേസ്സുകളിലുണ്ടെങ്കിൽ സ്വാഭാവികമായും അത് പ്രതിഫലിക്കപ്പെടും. സാധാരണ ഒരു പനിയോ ജലദോഷമോ മൂക്കൊലിപ്പോ വന്നാൽപോലും സ്വയം ചികിത്സിക്കരുതെന്നുള്ളതാണ് ആരോഗ്യ വകുപ്പ് നൽകുന്ന തുടർച്ചയായിട്ടുള്ള നിർദ്ദേശം. തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ പോകുകയും ഡോക്ടറുടെയോ ആരോഗ്യ പ്രവർത്തകരുടെയോ നിർദ്ദേശ പ്രകാരമുള്ള ചികിത്സ തേടുകയും വേണമെന്നാണ് പറയുന്നത്. പകർച്ചവ്യാധികളുടെയും പകർച്ചപ്പനികളുടെയും കാലം കൂടിയാണ് എന്നതുകൊണ്ട് പനി സ്വയം ചികിത്സിക്കരുതെന്നുള്ള നിർദ്ദേശം ആരോഗ്യവകുപ്പ് കൊടുക്കുന്നുണ്ട്. ആ രീതിയിലുള്ള ഒരു ബോധവത്കരണം ഇതിന്റെ ഭാഗമായി വകുപ്പ് നടത്തുന്നുണ്ട്. അതുകൊണ്ടുതന്നെ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് എത്തിപ്പെടുന്നവർ പനിയുണ്ടെങ്കിൽ പരിശോധനയ്ക്ക് വിധേയമാകണമെന്നാണ് ആരോഗ്യവകുപ്പ് കൊടുത്തിരിക്കുന്ന നിർദ്ദേശം.

കോവിഡിനുപുറമെ ആദ്യമായി കൊതുകുജന്യ രോഗമായ 'സിക്ക' തിരുവനന്തപുരത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടു. ആരോഗ്യ വകുപ്പിന്റെയും

തിരുവനന്തപുരം കോർപ്പറേഷന്റെയും ജില്ലാ ഭരണകൂടത്തിന്റെയും ഫലപ്രദമായ ഇടപെടലിലൂടെ വളരെ കർശനമായി ഇതിന്റെ വ്യാപനം തടയുന്നതിന് നമുക്ക് സാധിച്ചു. ആ കാലയളവിൽ പ്രസ്തുത പ്രദേശങ്ങളിലുണ്ടായിരുന്ന മുഴുവൻ ഗർഭിണികളെയും സ്ക്രീൻ ചെയ്തു. നമുക്കറിയാം ഗർഭിണികളായ സ്ത്രീകൾ 'സിക്ക' ബാധിതരായാൽ ഗർഭസ്ഥ ശിശുക്കളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ഒരു ഗർഭസ്ഥ ശിശുവിനുപോലും വൈകല്യങ്ങളില്ലെന്നുള്ളത് ഉറപ്പാക്കി. വളരെ കർശനമായ ഇടപെടലിലൂടെ തിരുവനന്തപുരം ജില്ലയുടെ മറ്റ് ഭാഗങ്ങളിലേയ്ക്കോ മറ്റൊരു ജില്ലയിലേയ്ക്കോ ഇത് വ്യാപിക്കുന്നതിൽനിന്നും തടയുന്നതിന് സാധിച്ചു. ഈ കാലഘട്ടത്തിൽ തന്നെ ഒരു 'നിപ' കേസ് വീണ്ടും കോഴിക്കോട് റിപ്പോർട്ട് ചെയ്യപ്പെട്ടു. അതും ആദ്യകേസ്സിൽ നിന്ന് രണ്ടാമതൊരാളിലേയ്ക്ക് രോഗം പകരുന്നില്ലെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ആശ്വാസകരമാണ്. അതിലും വകുപ്പ് ശക്തമായിട്ടുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനവും കാലവർഷമെന്നോ തുലാവർഷമെന്നോ ഭേദമില്ലാതെ ഇടയ്ക്കിടെ പെയ്തുകൊണ്ടിരിക്കുന്ന മഴയും മൃഗങ്ങളുടെ ആവാസ

വ്യവസ്ഥയിലുള്ള മാറ്റവും മറ്റും കൊതുകുജന്യ ജന്തുജന്യ രോഗങ്ങൾ വർദ്ധിക്കാനുള്ള എല്ലാ സാഹചര്യവും സൃഷ്ടിക്കുന്നുവെന്നത് പ്രത്യേകം കാണേണ്ടതാണ്. ഇന്നലെ ലോക ജന്തുജന്യ ദിനമായിരുന്നു. മനുഷ്യർക്ക് ബാധിക്കുന്ന രോഗങ്ങളിൽ 60 ശതമാനവും ജന്തുക്കളിൽ നിന്ന് പകരുന്നതാണ്. പുതിയതായി കണ്ടെത്തുന്ന രോഗങ്ങളിൽ 70 ശതമാനവും ജന്തുജന്യ രോഗങ്ങളാണ്. പക്ഷേ ഈ രോഗങ്ങൾക്കെതിരെ നാം തീർക്കുന്നത് അതിശക്തമായിട്ടുള്ള പ്രതിരോധമാണ്. പകർച്ചപ്പനികളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ മുമ്പ് പറഞ്ഞതുപോലെ ഒരു പനിയോ ജലദോഷമോ ഉണ്ടെങ്കിൽ ആരോഗ്യ കേന്ദ്രത്തിൽ പോവുകയും പരിശോധനകൾ നടത്തുകയും വേണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആളുകൾ പോകുന്നുണ്ട്. രണ്ടുകാര്യങ്ങൾ അതിൽ ശ്രദ്ധിക്കേണ്ടതാണ്. ഒന്ന്, പകർച്ചപ്പനിമൂലമുള്ള മരണം സംസ്ഥാനത്ത് കൂടുന്നില്ല. 2022 ജനുവരി മുതൽ ജൂൺ മാസം വരെയുള്ള ഡാറ്റാ പരിശോധിക്കുമ്പോൾ മുൻവർഷങ്ങളെ അപേക്ഷിച്ച് പകർച്ചപ്പനിമൂലമുള്ള മരണം കുറയുകയാണുണ്ടായിട്ടുള്ളത്. അതുപോലെതന്നെ ആശുപത്രികളിൽ കിടത്തി ചികിത്സ ആവശ്യമായിട്ടുള്ള പകർച്ചപ്പനിമൂലമുള്ള രോഗികളുടെ

എണ്ണവും വലിയ രീതിയിൽ കുറയുന്നുണ്ട്. കോവിഡിന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്കൊപ്പം കേരളത്തിന്റെ ആരോഗ്യ മേഖല സഞ്ചരിച്ചിട്ടുള്ളത് മുന്നോട്ടാണ്. ആരോഗ്യ മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ ഒറ്റക്കെട്ടായി നമുക്ക് മുന്നോട്ടുപോകാനും ആരോഗ്യ മേഖലയ്ക്ക് അഭിമാനകരങ്ങളായിട്ടുള്ള ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനും ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. ദേശീയ 'നീതി ആയോഗ്' സൂചികയിൽ കേരളം ഒന്നാമതാണ്. ശിശു മരണനിരക്കിനെക്കുറിച്ച് നേരത്തെ ഇവിടെ പറഞ്ഞു. ഞാൻ പഴയ കാര്യങ്ങൾ ഓർമ്മിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. എന്നാൽപ്പോലും ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുകൊണ്ട് അത് പ്രത്യേകമായി പറയണമെന്നാഗ്രഹിക്കുന്നു. കേരളത്തിലെ ശിശുമരണ നിരക്ക് 2000 മുതൽ 2015 വരെയുള്ള കാലയളവിൽ മാറ്റമില്ലാതെ തുടരുകയായിരുന്നുവെന്നുള്ള കാര്യം ഓർക്കണം. ശിശുമരണ നിരക്ക് 2000-ൽ 14 ആയിരുന്നത് 2016-ൽ പ്രത്യേകമായിട്ടുള്ള ഇടപെടലിലൂടെ ഒരൊറ്റ അക്കത്തിലേയ്ക്ക് എത്തിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ആ വസ്തുതകളെ മറന്നുകൊണ്ട് നമ്മൾ സംസാരിക്കരുത്. കൂട്ടായ പ്രവർത്തനങ്ങളിലൂടെയാണ് ഇത് സാധ്യമായിട്ടുള്ളതെന്നതും

കാണേണ്ടതാണ്. രാജ്യത്ത് NQAS (നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്കീം) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനം കേരളമാണ്. 146 ആരോഗ്യ സ്ഥാപനങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്കീം അനുസരിച്ച് അംഗീകാരം ലഭിച്ചത്. ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളിൽ ദേശീയതലത്തിൽ നമുക്ക് വെള്ളിമെഡൽ ലഭിച്ചു. വെള്ളിമെഡൽ നേടുന്ന ഏക സംസ്ഥാനം കൂടിയാണ് കേരളം. കേരളത്തിൽ 2021-ൽ മാത്രം 15 ശതമാനമാണ് ക്ഷയരോഗികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ളത്. ഈ കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്. കേരളത്തിന്റെ രണ്ട് ആശുപത്രികൾ - കോട്ടയം മെഡിക്കൽ കോളേജും ആലപ്പുഴ മെഡിക്കൽ കോളേജും സ്ഥാപന വിഭാഗത്തിൽ പ്രത്യേകമായി രാജ്യത്ത് ഒന്നാം സ്ഥാനത്ത് അംഗീകരിക്കപ്പെട്ടു. ഒരു തുള്ളിപോലും പാഴാക്കാതെ വാക്സിനെടുത്ത സംസ്ഥാനത്തിനുള്ള ദേശീയതലത്തിലെ ഇന്ത്യാ ടുഡേയുടെ ഹെൽത്ത്ഗിരി അവാർഡ് കേരളത്തിന് ലഭിച്ചു. ഭക്ഷ്യ സുരക്ഷാ സൂചികയിൽ ദേശീയതലത്തിൽ നമുക്ക് രണ്ടാം സ്ഥാനമാണ്. FSSAI-യുടെ ഈറ്റ് ചലഞ്ചിൽ സംസ്ഥാനത്തെ നാല് നഗരങ്ങൾക്കാണ്

ദേശീയ അംഗീകാരം ലഭിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കോവിഡ് കാലത്ത് നടത്തിയ പ്രവർത്തനങ്ങളും അതുപോലെ ഈ സർക്കാരിന്റെ നയങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളും കേരളത്തെ മുന്നോട്ടാണ് നയിച്ചിട്ടുള്ളത്. രണ്ടാം തരംഗത്തിൽ ചികിത്സ ഉറപ്പാക്കുമ്പോഴും മൂന്നാം തരംഗത്തിനുവേണ്ടിയിട്ടുള്ള എല്ലാ മുന്നൊരുക്കങ്ങളും സംസ്ഥാനം നടത്തിയിരുന്നു. ഒരുവർഷം കൊണ്ട് 724 ഐ.സി.യു. കിടക്കകളും 878 ഓക്സിജൻ കിടക്കകളും സജ്ജമാക്കാൻ നമുക്ക് കഴിഞ്ഞു. 25 ആശുപത്രികളിൽ 194 പുതിയ ഐ.സി. യൂണിറ്റുകൾ, 19 ആശുപത്രികളിലായി 146 എച്ച്.ഡി. യൂണിറ്റുകൾ, 10 ആശുപത്രികളിലായി 36 പീഡിയാട്രിക് ഐ.സി. യൂണിറ്റുകൾ എന്നിവ സജ്ജമാക്കി. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിലും എറണാകുളം മെഡിക്കൽ കോളേജാശുപത്രിയിലും 12 കിടക്കകൾ വീതമുള്ള ഐ.സി.യു. ഹൈ ഡിപ്പൻഡൻസി യൂണിറ്റ് കിടക്കകൾ സജ്ജമാക്കി. മെഡിക്കൽ കോളേജുകളിൽ 239 ഐ.സി.യു. ഹൈ കെയർ കിടക്കകൾ, 85 പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ, 878 ഓക്സിജൻ കിടക്കകൾ, 113 സാധാരണ കിടക്കകൾ എന്നിവയുൾപ്പടെ 1588 കിടക്കകൾ പുതുതായി

സജ്ജമാക്കിയിട്ടുണ്ട്. പുതുതായി 939 വെന്റിലേറ്ററുകളാണ് സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. നവജാത ശിശുക്കൾക്കുള്ള 123 വെന്റിലേറ്ററുകൾ, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള 215 വെന്റിലേറ്ററുകൾ, 148 നോൺഇൻവേസീവ് വെന്റിലേറ്ററുകൾ എന്നിങ്ങനെ വളരെ വിശദമായ കാര്യങ്ങളുണ്ട്. സമയപരിമിതിമൂലം ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മെഡിക്കൽ കോളേജുകളിൽ 222 വെന്റിലേറ്ററുകൾ, 51 പീഡിയാട്രിക് വെന്റിലേറ്ററുകൾ ഉൾപ്പെടെ ആകെ 273 വെന്റിലേറ്ററുകൾ സജ്ജമാക്കിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ഏറ്റവും വലിയൊരു ഇടപെടൽ നടന്നത്, എല്ലാ പ്രധാന ആശുപത്രികളും എല്ലാ മെഡിക്കൽ കോളേജുകളും എല്ലാ ജില്ലാശുപത്രികളും ജനറലാശുപത്രികളും താലൂക്ക്തലം വരെ ഓക്സിജൻ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തമായിയെന്നുള്ളതാണ്. സംസ്ഥാനത്ത് ഓക്സിജൻ സ്വയംപര്യാപ്തത ഉറപ്പാക്കി. സർക്കാർ, സ്വകാര്യ മേഖലകളിലായി നിലവിൽ 1817.54 മെട്രിക് ടൺ ലിക്വിഡ് ഓക്സിജൻ സംഭരണശേഷിയുണ്ട്. 159.6 മെട്രിക് ടൺ അധിക സംഭരണശേഷി സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

ഇന്ത്യയിലാദ്യമായി ഒരു ജനറലാശുപത്രിയിൽ ഹൃദയശസ്ത്രക്രിയ ഈ കാലഘട്ടത്തിൽ വിജയകരമായി നടപ്പിലാക്കുന്നതിന് നമുക്ക് കഴിഞ്ഞു. ഒരു ശസ്ത്രക്രിയ അല്ല, എറണാകുളം ജനറൽ ആശുപത്രിയിൽ ആരംഭിച്ച് അത് തുടരുകയാണ്. നേരത്തേ ബഹുമാന്യരായിട്ടുള്ള അംഗങ്ങൾ അനുസംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. കേരളത്തിലാദ്യമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2022 ഫെബ്രുവരി മാസത്തിൽ ആദ്യത്തെ ശസ്ത്രക്രിയ വിജയകരമായി നടത്തി; രണ്ടുമാസം കഴിഞ്ഞ് രണ്ടാമത്തെ ശസ്ത്രക്രിയ നടത്തി. ആദ്യത്തെ 10 ശസ്ത്രക്രിയകൾ കോട്ടയം മെഡിക്കൽ കോളേജിൽ തീർത്തും സൗജന്യമായിട്ടാണ് നടത്തുന്നതെന്നുള്ളതും ഈയവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ആദ്യമായി പീഡിയാട്രിക് ഹൃദയ ശസ്ത്രക്രിയ തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ ആരംഭിച്ചു, വിജയകരമായി മുന്നോട്ടുപോകുന്നു. കേരളത്തിൽ നവകേരള കർമ്മ പദ്ധതി 2 (ആർദ്രം-2)-ന്റെ ഭാഗമായി ക്യാൻസർ ചികിത്സാ പ്രതിരോധ രംഗത്തെ ഏറ്റവും സുപ്രധാന കാൽവയ്പായ കേരള ക്യാൻസർ രജിസ്ട്രി പ്രവർത്തനമാരംഭിച്ചു. ജനസംഖ്യാടിസ്ഥാനത്തിൽ മൂന്ന് മേഖലകളായി തിരിച്ചാണ് ക്യാൻസർ

രജിസ്ട്രി തയ്യാറാക്കുന്നത്. ആർ.സി.സി., സി.സി.സി., എം.സി.സി. എന്നിവ കേന്ദ്രീകരിച്ചായിരിക്കും രജിസ്ട്രിയുടെ ഏകോപനം. ക്യാൻസർ രോഗമുക്തി നിരക്ക് വർദ്ധിപ്പിക്കുകയെന്നുള്ളതാണ് ലക്ഷ്യം. അതോടൊപ്പം പ്രധാനപ്പെട്ട ഒരു കാര്യം ഏർളി ഇന്റർവെൻഷൻ എന്നുള്ളതാണ്. ക്യാൻസറുണ്ടെങ്കിൽ പലപ്പോഴും മൂന്നും നാലും ഘട്ടങ്ങളിലെത്തുമ്പോഴാണ് തിരിച്ചറിയപ്പെടുന്നത്. ആദ്യമേ തന്നെ തിരിച്ചറിഞ്ഞ് കൃത്യമായ ചികിത്സ ഉറപ്പാക്കി രോഗികളെ രക്ഷിക്കുകയെന്നുള്ളതാണ് ആവശ്യം. അത് ഇതിന്റെ ഭാഗമായി നടപ്പിലാകും. 25 ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. മലബാർ ക്യാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആൻഡ് റിസർച്ചായി പ്രഖ്യാപിച്ചു. എല്ലാ ആശുപത്രികളിലും ആഴ്ചയിലൊരു ദിവസം ക്യാൻസർ പ്രാരംഭ പരിശോധനാ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചു. ഇന്ന് രാവിലെ ബഹുമാന്യനായ രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് മറുപടിയായി ഞാൻ ഡയാലിസിസിനെ സംബന്ധിച്ച് വിശദമായി പറഞ്ഞിരുന്നു. ഈ കാലഘട്ടത്തിൽ നമ്മൾ നടത്തിയ സുപ്രധാനമായ ഒരു കാൽവയ്പ്പ് പെരിറ്റോണിയൽ ഡയാലിസിസാണ്.

രോഗികൾക്ക് ആശുപത്രിയിലേക്ക് വരാതെ വീട്ടിലിരുന്നുകൊണ്ടുതന്നെ ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം 11 ജില്ലകളിൽ ഇപ്പോൾ നിലവിലുണ്ട്. 295 രോഗികളാണ് ഇതിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബാക്കി മൂന്ന് ജില്ലകളിലേയ്ക്കുകൂടി ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

അധികദൂരം യാത്ര ചെയ്യാതെ അവരരവരുടെ ജില്ലകളിൽതന്നെ സൗജന്യ പക്ഷാഘാത ചികിത്സ ലഭ്യമാകുന്ന സംവിധാനം 10 ജില്ലകളിൽ യാഥാർത്ഥ്യമാക്കി. ആദ്യമായി സംസ്ഥാനത്ത് ഒരു എസ്.എം.എ. (സ്പൈനൽ മസ്കുലർ അട്രോഫി) ക്ലിനിക് സർക്കാർ മേഖലയിൽ ആരംഭിച്ചു. ഈ സമീപകാല വാർത്തകളിൽ തുടർച്ചയായി വന്നിരുന്ന അപൂർവ്വം രോഗങ്ങളിൽ ഒന്നാണത്. അതിനുള്ള ചികിത്സ ആദ്യമായി തിരുവനന്തപുരം, എസ്.എ.ടി. ആശുപത്രിയിൽ ആരംഭിച്ചു. ഇന്ത്യയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ഡി.എം. (ഇൻഫെക്ഷ്യസ് ഡിസീസസ്) കോഴ്സിനുള്ള അനുമതി ലഭ്യമായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26 സ്പെഷ്യാലിറ്റി സീറ്റുകളും 9

സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകളുമുൾപ്പെടെ ആകെ 35 സീറ്റുകൾക്ക് പുതിയതായി മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ അനുമതി ലഭിച്ചു.

ആദിവാസി മേഖലയായ ഇടമലക്കുടിയിലെയും ചട്ടമൂന്നാറിലെയും ആരോഗ്യ കേന്ദ്രങ്ങളിൽ സ്ഥിരം തസ്തികകൾ സൃഷ്ടിച്ചുകൊണ്ട്, അവിടെയുള്ള ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. അട്ടപ്പാടിക്കായി സ്പെഷ്യൽ ഇന്റർവെൻഷൻ പ്ലാൻ തയ്യാറാക്കി. മാതൃ-ശിശുമരണങ്ങൾ നിയന്ത്രിക്കുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുമായി സമൂഹത്തിന്റെ ഇടപെടൽ കൂടുതൽ കൊണ്ടുവരുന്നതിനായി അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ, ആശാ പ്രവർത്തകർ, അഭ്യസ്തവിദ്യരായ സ്ത്രീകൾ എന്നിവരെ ഉൾപ്പെടുത്തി 175 അങ്കണവാടികളുമായി ബന്ധപ്പെട്ട് 'പെൺട്രിക കൂട്ട്' എന്ന പേരിൽ ഓരോ അങ്കണവാടികളുടേയും കീഴിൽ സ്ത്രീകളുടെ കൂട്ടായ്മ രൂപീകരിച്ചു. അതുപോലെ അട്ടപ്പാടിയിൽ 28 പുതിയ സബ്സെന്ററുകൾ തുടങ്ങി, അവയെ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളായി ഉയർത്തുകയാണ്. നേരത്തെ പ്രതിപക്ഷത്തുനിന്നും സിക്കിൾസെൽ അനീമിയ എന്ന രോഗത്തെപ്പറ്റി സൂചിപ്പിച്ചു, ഒരിടവേളയ്ക്കുശേഷം അതിന്റെ സ്ക്രീനിംഗ് ഈ കാലഘട്ടത്തിൽ

ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം ഉയർത്തുന്നതിന് പ്രത്യേകം പദ്ധതികൾ തയ്യാറാക്കുകയും പൈലറ്റ് പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുകയുമാണ്. കാഷ്വാലിറ്റിയിലെത്തുന്ന ഒരു രോഗിക്ക് അപകടംമൂലമാണെങ്കിലും പക്ഷാഘാതത്താലാണെങ്കിലും ഹൃദ്രോഗത്താലാണെങ്കിലും രാജ്യാന്തര തലത്തിൽ അംഗീകരിക്കപ്പെട്ട നിശ്ചിത സമയത്തിനുള്ളിൽ ആവശ്യമായ ചികിത്സ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുകയാണ്. ഉദാഹരണത്തിന്, പക്ഷാഘാതം പിടിപെട്ട ഒരു രോഗി ആശുപത്രിയിലെത്തുമ്പോൾ 30 മിനിട്ടിനുള്ളിൽ ആ രോഗിയെ സ്ട്രോക്ക് ഐ.സി.യു.-വിലേയ്ക്ക് മാറ്റാൻ കഴിയുമെന്ന് ഉറപ്പാക്കുന്നുണ്ട്. അപകടം സംഭവിച്ച ഒരു രോഗിയെ സ്കാനിംഗിനും എക്സ്റേയ്ക്കുമൊന്നും തടസ്സം വരാതെ വളരെ പെട്ടെന്നുതന്നെ റെഡ് സോണിലേയ്ക്കെത്തിക്കുന്നതിനും ഗ്രീൻ ചാനലിലൂടെ എക്സ്റേയ്ക്കും സ്കാനിംഗിനും, ആവശ്യമെങ്കിൽ ഓപ്പറേഷൻ തീയേറ്ററിലേയ്ക്കും എത്തിക്കുന്നതിനുള്ള കൃത്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

രാജ്യം തന്നെ ആദരിക്കുന്ന ഒന്നാണ് കേരളം നടപ്പാക്കിയ ഇ-ഹെൽത്ത് പദ്ധതി. ഈ കാലഘട്ടത്തിൽ 426 ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് ഈ കാലഘട്ടത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്. ഈ സർക്കാരിന്റെ കാലത്ത് 200 ആശുപത്രികളിൽ ഇ-ഹെൽത്ത് സേവനം സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായി ക്യൂ നിൽക്കാതെ, വെബ് പോർട്ടൽവഴി ആശുപത്രി അപ്പോയിന്റ്മെന്റ് ഓൺലൈനായി ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം എല്ലാ മെഡിക്കൽ കോളേജുകളിലും എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും നടപ്പാക്കിയിട്ടുണ്ട്. ഇ-ഹെൽത്ത് സംവിധാനം ഇനിയും നടപ്പാക്കാത്ത പ്രധാനപ്പെട്ട ആശുപത്രികളിൽ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. 'ഇ-സഞ്ജീവനി' പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. സ്പെഷ്യാലിറ്റി സേവനങ്ങൾ ഇ-സഞ്ജീവനിവഴി അനുവദിച്ചു. സംസ്ഥാനത്ത് 'ഇ-സഞ്ജീവനി ഡോക്ടർ-ടു-ഡോക്ടർ' സേവനങ്ങൾ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചു. ഇ-സഞ്ജീവനിയിൽ കോവിഡ് ഒ.പി.-യിൽ 24 മണിക്കൂറും ഓൺലൈനായി ഡോക്ടർമാരുടെ

സേവനവും പോസ്റ്റ് കോവിഡ് ഒ.പി. സേവനവും ആരംഭിച്ചു. ബഹുമാനപ്പെട്ട പിറവം എം.എൽ.എ. മുമ്പ് സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. പോസ്റ്റ് കോവിഡ് രോഗങ്ങളെ സർക്കാർ വളരെ ഗൗരവത്തോടെയും പ്രാധാന്യത്തോടെയുമാണ് കാണുന്നത്. 1613 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സംസ്ഥാനത്ത് വിവിധ ആശുപത്രികളിലായി പ്രവർത്തിക്കുന്നുണ്ട്. ഇ-സഞ്ജീവനിവഴി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കി. ത്രിതല ഹബ് ആന്റ് സ്പോക്ക് സംവിധാനത്തിന് അനുമതി നൽകി. നവകേരള കർമ്മ പദ്ധതി II-ന്റെ ഭാഗമായി സംസ്ഥാന സർക്കാർ, ആരോഗ്യ വകുപ്പ് മുഖേന നടത്തുന്ന വലിയൊരു ഇടപെടലാണ് ജീവിതശൈലീരോഗങ്ങൾ കുറയ്ക്കുന്നതുമായി ബന്ധപ്പെട്ടുള്ളത്. ഇതിനായി പ്രത്യേകമായൊരു ആപ് ആരോഗ്യ വകുപ്പിന്റെ കീഴിൽ ഇ-ഹെൽത്ത് തയ്യാറാക്കി, 'ശൈലി' എന്ന ആപ്പിലൂടെ വീടുവീടാന്തരം, പരിശീലനം ലഭിച്ച ആരോഗ്യപ്രവർത്തകർ എത്തുകയും 30 വയസ്സിനുമുകളിലുള്ള ജീവിതശൈലീ രോഗങ്ങളുള്ളവർ, വരാൻ സാധ്യതയുള്ളവർ, റിസ്ക് ഘടകങ്ങളുള്ളവർ എന്നിവരെ കണ്ടെത്തുകയും മുപ്പത് വയസ്സിന് മുകളിലുള്ള എല്ലാവരേയും സൗജന്യ

ജീവിതശൈലീ രോഗപരിശോധനയ്ക്ക് വിധേയമാക്കി, ജീവിതശൈലീ രോഗികളുടെ എണ്ണം കുറയ്ക്കുകയെന്നതാണ് ആരോഗ്യ വകുപ്പ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വളരെ കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽതന്നെ ഒരു ലക്ഷത്തി മുപ്പതിനായിരത്തിലധികം പേരെ ഇത്തരത്തിൽ സ്ക്രീൻ ചെയ്യുന്നതിനും പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. 140 നിയോജകമണ്ഡലങ്ങളിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇത്തരത്തിലുള്ള പരിശോധനാ രീതി നടക്കുന്നത്. ഈ സാമ്പത്തിക വർഷംതന്നെ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വീടുകളിലും ഈ സർവ്വേ നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് സാന്ത്വന പരിചരണ രംഗം. പാലിയേറ്റീവ് കെയർ രോഗികൾക്ക് ശാസ്ത്രീയ ഗൃഹപരിചരണം ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. അതിന് സന്നദ്ധ സംഘടനകളുടെകൂടി സേവനം ഉറപ്പാക്കിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. 518 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. 849 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും 102 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളേയും ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി

ഉയർത്തി. 3113 സബ്സെന്ററുകളെയും ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി ഉയർത്തി. ആരോഗ്യ മേഖലയിൽ 386 തസ്തികകൾ പുതിയതായി സൃഷ്ടിച്ചു. നവകേരളം കർമ്മ പദ്ധതി II-ന്റെ ഭാഗമായി ഹെൽത്ത് ലൈഫ് ക്യാമ്പയിൻ, ആർദ്രം ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ പൂർത്തീകരണവും വിപുലീകരണവും, രോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, ജില്ലാ ക്യാൻസർ പ്രതിരോധ പരിപാടി, ലാബ് നെറ്റ്‌വർക്കിംഗ്, വാർഷിക പരിശോധനാ പദ്ധതി, ഇന്റഗ്രേറ്റീവ് മെഡിസിൻ ആന്റ് റിസർച്ച്, ഇൻഫെക്ഷ്യസ് ഡിസീസ് ഇൻഫ്രാസ്ട്രക്ച്ചർ, ഏകാരോഗ്യ പദ്ധതി, വയോജന പരിപാലനം, സാന്ത്വന പരിചരണം എന്നിവ നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിൽ ഞാൻ മുമ്പ് പറഞ്ഞ കാര്യങ്ങൾക്കും ഏകാരോഗ്യ പദ്ധതിക്കും ഇതിനോടകംതന്നെ തുടക്കമിട്ടുകഴിഞ്ഞു. ഇന്ത്യയിൽ ആദ്യമായി ഏകാരോഗ്യ പദ്ധതി നടപ്പാക്കുന്ന സംസ്ഥാനം കേരളമാണ്. മനുഷ്യന്റെ ആരോഗ്യത്തോടൊപ്പംതന്നെ മൃഗങ്ങളുടെയും പരിസ്ഥിതിയുടേയും ആരോഗ്യം നിലനിർത്തി രോഗപ്രതിരോധം നൽകുകയെന്നുള്ളതാണ് ഇതിലൂടെ

ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ആരോഗ്യ പ്രവർത്തകർക്കും വിദഗ്ധ പരിശീലനം ഉറപ്പാക്കുന്നുണ്ട്.

ഭക്ഷ്യ സുരക്ഷാ മേഖലയുമായി ബന്ധപ്പെട്ട്, എല്ലാ ജില്ലകളിലും ഭക്ഷ്യ പരിശോധനാ ലാബുകൾ ഉറപ്പാക്കിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ആറ് മൊബൈൽ ലാബുകൾകൂടി ആരംഭിച്ചു. പതിനാല് ജില്ലകളിലും ഇപ്പോൾ മൊബൈൽ ഭക്ഷ്യ പരിശോധനാ ലാബുകളുണ്ട്. കണ്ണൂർ, പത്തനംതിട്ട എന്നീ ജില്ലകളിൽ ആധുനിക രീതിയിലുള്ള ഭക്ഷ്യ പരിശോധനാ ലാബുകളുടെ നിർമ്മാണം ആരംഭിക്കുകയാണ്. ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് 'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന പേരിൽ പുതിയൊരു ജനകീയ ക്യാമ്പയിൻ ആരംഭിച്ചു. ഇതിന്റെ ഭാഗമായി മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ', 'ഓപ്പറേഷൻ ജാഗറി' തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുകയാണ് ലക്ഷ്യം. തുടർച്ചയായ പരിശോധനയും റെയ്ഡും ഭക്ഷ്യ വസ്തുക്കളിലെ മായം കുറയ്ക്കാൻ സഹായിച്ചിട്ടുണ്ടെന്നാണ് വകുപ്പ് മനസ്സിലാക്കുന്നത്. ശുചിത്വവും വൃത്തിയും ഉറപ്പാക്കുന്നതിന്, കൃത്യമായ

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഹോട്ടലുകളുടെ റേറ്റിംഗ് നിശ്ചയിച്ച്, ആ റേറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളെ ഭക്ഷ്യസുരക്ഷാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ഓരോ ജില്ലയിലേയും ഹോട്ടലുകളെ വലുതും ചെറുതുമെന്ന വ്യത്യാസമില്ലാതെ, വൃത്തിയുടെയും ശുചിത്വത്തിന്റെയും നല്ല ഭക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ green, blue, orange, yellow എന്നിങ്ങനെ കാറ്റഗറികളായി തരംതിരിച്ച്, ഓരോ കാറ്റഗറിയിലുംപെടുന്ന ഹോട്ടലുകൾ ഏതെല്ലാമാണെന്ന ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

ആയുഷ് മേഖല - സർക്കാരിനെ സംബന്ധിച്ചിടത്തോളം മോഡേൺ മെഡിസിനൊപ്പംതന്നെ പരമപ്രാധാന്യം നൽകുന്ന മേഖലകളാണ് ആയുർവേദം, ഹോമിയോപ്പതി, നാച്ചുറോപ്പതി തുടങ്ങിയ ചികിത്സാമേഖലകൾ. കോവിഡ് കാലഘട്ടത്തിനുശേഷം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ആദ്യമായി സ്കൂളുകൾ തുറന്ന ഘട്ടത്തിൽ എല്ലാ സ്കൂൾ കുട്ടികൾക്കും ഹോമിയോ പ്രതിരോധ മരുന്ന് കൊടുക്കണമെന്ന നിർദ്ദേശം കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് നൽകിയത് സംസ്ഥാനം അത് നടപ്പിലാക്കുകയും ചെയ്തു. സംസ്ഥാനത്ത് രാജ്യാന്തര

ആയുർവ്വേദ ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. വലിയ പ്രാധാന്യത്തോടുകൂടിയാണ് ആയുഷ് മേഖലയെ സർക്കാർ കാണുന്നത്. സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാന ആയുഷ് വകുപ്പിനുകീഴിലുള്ള ആയുഷ് സ്ഥാപനങ്ങളിലെ അഞ്ച് കോടി പതിനേഴ് ലക്ഷം രൂപയുടെ പന്ത്രണ്ട് പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിൽ സ്ഥാപിക്കുന്ന അന്താരാഷ്ട്ര ആയുർവ്വേദ ഗവേഷണ കേന്ദ്രത്തിന് 114 കോടി രൂപ അനുവദിച്ചു. ഈ പദ്ധതിയുടെ ആദ്യഘട്ടമായ ഗവേഷണ ആശുപത്രി, മാനുസ്ക്രിപ്റ്റ്സ് സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 600 ആയുഷ് ഡിസ്പെൻസറികളെ ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 150 ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ അനുവദിച്ചു. ഇതോടെ സംസ്ഥാനത്തെ ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളുടെ എണ്ണം 240 ആയി. സംസ്ഥാനത്തെ ആറു കേന്ദ്രങ്ങളിൽ പത്തുമുതൽ അമ്പതു വയസ്സുവരെയുള്ള സ്ത്രീകളുടെ പരിപൂർണ്ണ ആരോഗ്യത്തിനുവേണ്ടിയുള്ള സിദ്ധ ചികിൽസ

പദ്ധതി ആരംഭിച്ചു. ആയുഷ് ആരോഗ്യ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനാവശ്യമായ പദ്ധതികളും പരിശീലനങ്ങളും നടപ്പിലാക്കുന്നു. "കരുതലോടെ മുന്നോട്ട്" എന്ന പദ്ധതി വഴിയാണ് സ്കൂൾ കുട്ടികൾക്ക് ഹോമിയോപ്പതി ഇമ്മ്യൂൺ ബൂസ്റ്റർ നൽകിയത്. ഹോമിയോപ്പതി വകുപ്പിനുകീഴിൽ വിവിധ ശാസ്ത്രഗവേഷണങ്ങൾ ആരംഭിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും മാത്രമായി ഡോക്ടർമാരുടെ പ്രത്യേക സംഘം രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടത്തുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഈ ഘട്ടത്തിൽ ബഹുമാന്യരായ ചില അംഗങ്ങൾ പറഞ്ഞ ചില കാര്യങ്ങൾകൂടി പരാമർശിച്ചുപോകണമെന്ന് കരുതുകയാണ്. ആരോഗ്യ വകുപ്പിന്റെ ചില ഫയലുകൾ മോഷണം പോയതുമായി ബന്ധപ്പെട്ട് വകുപ്പിന് ഒരു ഉത്തരവാദിത്വവുമില്ല, അന്വേഷണം നടക്കുന്നില്ലെന്ന മട്ടിൽ ഇവിടെ സംസാരിക്കുന്നത് കേൾക്കാനിടയായി. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഞ്ചോളം അലമാരകളിലെ ഫയലുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ഡോ. മുരളീധരൻപിള്ള, അഡീഷണൽ ഡയറക്ടർ, വിജിലൻസ്, ശ്രീമതി ശോഭ വി., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ശ്രീമതി ഗംഗ

ദേവി, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിവർ നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അത് കെ.എം.എസ്.സി.എൽ.-മായോ മരുന്നിന്റെ പർച്ചേസുമായോ ബന്ധപ്പെട്ട ഒരു ഫയലുമല്ലെന്ന് പ്രത്യേകമായി പറയാൻ ആഗ്രഹിക്കുന്നു. ഇതുമാത്രമല്ല വർഷങ്ങൾക്കുമുമ്പ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തേതുൾപ്പെടെയുള്ള ചില ഫയലുകളാണ് അവിടെനിന്ന് നഷ്ടപ്പെട്ടിരിക്കുന്നതെന്നുള്ളതാണ് ആ റിപ്പോർട്ടിൽനിന്ന് വ്യക്തമാകുന്നത്. കെ.എം.എസ്.സി.എൽ. രൂപീകൃതമായതിനുശേഷം ഡി.എച്ച്.എസ്. വഴി മരുന്നുകളുടെ യാതൊരുവിധ പർച്ചേസും നടക്കുന്നില്ല. ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് അനുസരിച്ചാണ് ഡ്രഗ്സ് സാമ്പിളുകൾ പരിശോധനയ്ക്ക് ശേഖരിക്കുന്നത്. അതനുസരിച്ചാണ് കേരളത്തിലും പരിശോധനകൾ നടത്തുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം മേയ് 31 വരെ 105 ബാച്ച് മരുന്നുകൾ നിശ്ചിത ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം 227 ബാച്ചുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിരുന്നു. തെലുങ്കാന കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു മരുന്ന് കമ്പനിയുടെ കാര്യം ഇവിടെ പരാമർശിക്കപ്പെട്ടു. Abbott Health Care

നിർമ്മിക്കുന്ന Thyronorm എന്ന മരുന്നിന്റെ വ്യാജ മരുന്ന് നമ്മുടെ രാജ്യത്തും ഇറങ്ങുന്നുണ്ടെന്ന വാർത്ത കണ്ടതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് അന്വേഷിക്കാനും പരിശോധന നടത്താനും നിർദ്ദേശം നൽകിയിരുന്നു. ഇന്നലെ തൃശ്ശൂർ, തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ പതിനൊന്ന് സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. അവിടെനിന്ന് ശേഖരിച്ച മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

ഹീമോഫീലിയ രോഗികളുമായി ബന്ധപ്പെട്ടുള്ള വിഷയമാണ് അടുത്തതായി സൂചിപ്പിക്കാനുള്ളത്. സംസ്ഥാനത്തെ ആശുപത്രികളിൽ ഹീമോഫീലിയ രോഗികൾക്ക് പൂർണ്ണമായും സൗജന്യമായാണ് ചികിത്സ ലഭ്യമാകുന്നത്. ചില കേന്ദ്രങ്ങളിൽ മാത്രമായിരുന്ന ചികിത്സ കൂടുതൽ സ്ഥലങ്ങളിൽ വേണമെന്നാവശ്യപ്പെട്ടതിനെത്തുടർന്ന് ഒരു താലൂക്കിൽ താമസിക്കുന്ന ഒരാൾക്ക് അവിടെതന്നെയുള്ള താലൂക്കാശുപത്രിയിൽ ചികിത്സ ലഭ്യമാക്കും. താലൂക്ക്, ജില്ലാ, ജനറലാശുപത്രികളിൽ ചികിൽസ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ആശുപത്രികളിൽ ഐ.പി. അഡ്മിഷനായാൽ മാത്രമെ ചികിത്സ ലഭ്യമാക്കുയെന്നുള്ള

സ്ഥിതിയില്ല. വീട്ടിൽനിന്നും പുറത്തിറങ്ങാൻ കഴിയാത്ത ആളുകൾ, കിടപ്പുരോഗികൾ തുടങ്ങിയവർക്ക് വീട്ടിൽത്തന്നെ ഒരു ആരോഗ്യ പ്രവർത്തകയുടെയോ പ്രവർത്തകന്റെയോ നിരീക്ഷണത്തിൽ ഈ മരുന്ന് ഉപയോഗിക്കുന്നതിനുള്ള അനുവാദമുണ്ട്. കേരളത്തിൽ നിലവിൽ ആശാധാര പദ്ധതിയിൽ രജിസ്റ്റർ ചെയ്ത രോഗികളുടെ എണ്ണം 1929 ആണ്. അവർക്ക് സമഗ്ര സൗജന്യ ചികിത്സാ സൗകര്യം നിലവിലുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സ ശക്തിപ്പെടുത്തുന്നതിനുവേണ്ടി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോപതോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി 21 തസ്തികകൾ സൃഷ്ടിച്ചിരുന്നു. അതിൽ 11 സ്റ്റാഫ് നഴ്സ്, 10 ഫാക്കൽറ്റി എന്നിവരെ കൂടാതെ ക്യാൻസർ ചികിത്സ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലീനിയർ ആക്സിലറേറ്റർ മെഷീനും (ലിനാക്) സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ സ്പെഷ്യാലിറ്റി സേവനങ്ങൾ അനുവദിക്കുന്നതിനുള്ള തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. പേപ്പട്ടി വിഷബാധയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുണ്ട്. ഈ വർഷം

ജനുവരി 1 മുതൽ മേയ് 31 വരെ സംസ്ഥാനത്ത് Intradermal Rabies Vaccination (IDRV) എടുത്തവരുടെ എണ്ണം 276580 ആണ്. Anti Rabies Immunoglobulin എടുത്തവരുടെ എണ്ണം 147092 ആണ്. 13 മരണങ്ങളാണ് ഈ കാലഘട്ടത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. അതിൽ പത്തുപേരും വാക്സിനേഷൻ എടുക്കാത്തവരായിരുന്നു. മൂന്നുപേർ വാക്സിനേറ്റഡായിരുന്നു. പക്ഷേ അതിൽ രണ്ടുപേരുടെ മുഖത്തും കഴുത്തിലുമാണ് നായ്ക്കൾ കടിച്ചിട്ടുള്ളത്. മൂന്നാമത്തെ കേസ്, ഈ അടുത്തകാലത്ത് ഒരു വിദ്യാർത്ഥിനിയുടെ മരണവുമായി ബന്ധപ്പെട്ടുണ്ടായതാണ്. വിരലുകൾക്കിടയിലാണ് കടിയേറ്റിട്ടുള്ളത്. വൈറസ് അതിവേഗം മസ്തിഷ്കത്തിലേയ്ക്കെത്തുന്നത് ഞരമ്പുകളിൽ കടിയേൽക്കുമ്പോഴാണ്. മുഖത്തും കഴുത്തിലും കടിയേൽക്കുമ്പോൾ പെട്ടെന്നുതന്നെ ഇത് മസ്തിഷ്ത്തിലേയ്ക്കെത്താനുള്ള സാഹചര്യമുണ്ട്. ഈ മൂന്നുകേസിലും വളരെ കൃത്യമായ അന്വേഷണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഏറ്റവുമൊടുവിൽ സംഭവിച്ച, വിദ്യാർത്ഥിനിയുടെ കാര്യത്തിലും കൃത്യമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ കാര്യങ്ങൾ ഞാനിവിടെ

പറഞ്ഞിട്ടുള്ളത്. അതോടൊപ്പംതന്നെ Intradermal Rabies Vaccination (IDRV), Anti Rabies Immunoglobulin എന്നിവ മറിവുകളിൽത്തന്നെ കൊടുക്കണം. ചില കേസുകളിൽ മുറിവുകൾ ശ്രദ്ധിക്കപ്പെടാതെ പോകുകയും രോഗി മരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ആരോഗ്യ വകുപ്പ് പ്രത്യേക പരിശീലനം ഇതിന്റെ ഭാഗമായി കൊടുക്കുന്നുണ്ട്.

കാസർഗോഡ് മെഡിക്കൽ കോളേജിൽ ഒ.പി. ആരംഭിക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ആദ്യമായി രണ്ട് ന്യൂറോളജിസ്റ്റുകളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിൽ വർക്കിംഗ് അറേഞ്ചുമെന്റിൽ ഒരു ന്യൂറോളജിസ്റ്റിനെക്കൂടി ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കുറിച്ചി കോളേജിന്റെ ഐ.പി. കെട്ടിടവുമായി ബന്ധപ്പെട്ട് ഇവിടെ പറഞ്ഞു. മാനേജ്മെന്റിന്റെ കീഴിൽ ഹോസ്പിറ്റൽ നിലവിലില്ല. ഹോമിയോ വകുപ്പിനുകീഴിലുള്ള ആശുപത്രിയാണ് കോളേജിന്റെ ആശുപത്രിയായി പ്രവർത്തിക്കുന്നത്. നിലവിൽ ഹോമിയോ വകുപ്പിന് കീഴിലുള്ള ആശുപത്രിയിൽ വികസനത്തിന്റെ ഭാഗമായി 1,10,00,000/- രൂപയുടെ ഐ. പി. സെക്ഷന്റെ നിർമ്മാണം നടന്നുവരികയാണ്.

ആരോഗ്യ വകുപ്പ് വളരെ ഗൗരവത്തോടുകൂടി കാണുന്ന ഒരു മേഖലയാണ് അവയവ ട്രാൻസ്സ്പ്ലാന്റേഷനുമായി ബന്ധപ്പെട്ട വിഷയം. സർക്കാർ മേഖലയിൽ സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക് അവയവ മാറ്റൽ ശസ്ത്രക്രിയ നടത്തുന്നതിന് സാധിക്കുന്ന സാഹചര്യം ഉണ്ടാകുകയെന്നുള്ളതാണ് വളരെ പ്രധാനം. ലിവർ ട്രാൻസ്പ്ലാന്റേഷൻ ഈ കാലഘട്ടത്തിൽ വിജയകരമായി നടപ്പിലാക്കുന്നതിന് കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട സംഭവത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണ വിധേയമായി രണ്ട് വകുപ്പുമേധാവികളെ സസ്പെന്റ് ചെയ്തിട്ടുണ്ട്. സമഗ്രമായ അന്വേഷണം അഡീഷണൽ ചീഫ് സെക്രട്ടറി നടത്തുകയാണ്. സർക്കാർ വളരെ കൃത്യമായി ഈ വിഷയം നോക്കികാണുന്നുണ്ട്. സ്വകാര്യ മേഖലയിൽ ലിവർ ട്രാൻസ്പ്ലാന്റേഷന് 40 ലക്ഷത്തിലധികം രൂപ ചെലവുവരുമെന്നാണ് അറിയാൻ കഴിഞ്ഞത്. അത്രയും തുക ഒരു കുടുംബത്തിന്റെ സാമ്പത്തികമായിട്ടുള്ള നട്ടെല്ലൊടിക്കുകയും സാമ്പത്തിക പ്രതിസന്ധിയിൽ അവരെ അകപ്പെടുത്തുന്നതുമാണ്. അവിടെയാണ്

സർക്കാർ ഇടപെടുന്നത്. അവയവ മാറ്റവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രത്യേകമായ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനെക്കുറിച്ചും സർക്കാർ ആലോചിക്കുന്നുണ്ട്.

കുളക്കടയിലെ ആശുപത്രിയിൽ ഒരു കുട്ടിക്ക് ചുമയ്ക്കുള്ള മരുന്ന് കൊടുത്തതുമായി ബന്ധപ്പെട്ട വിഷയം ഇവിടെ സൂചിപ്പിച്ചു. അത് തീർത്തും തെറ്റാണ്. അങ്ങനെയുണ്ടായിട്ടുണ്ട്; പക്ഷേ അതിന്റെ കാരണം മരുന്നിന് പകരം ലോഷൻ കൊടുത്തതല്ലെന്നുള്ളതാണ് അന്വേഷണ റിപ്പോർട്ട് വ്യക്തമാക്കുന്നത്. പനി, ചുമ എന്നീ ലക്ഷണങ്ങളോടുകൂടി ചികിത്സയ്ക്കായി സി.എച്ച്.സി. കുളക്കടയിൽവന്ന ആഷിക്ക് അനിൽ എന്ന കുട്ടിയുടെ രക്ഷിതാവ് ഫാർമസിയിൽ മരുന്നിന്റെ ബോട്ടിലുമായാണ് വന്നത്. ആ ആശുപത്രിയിൽ expectorant മരുന്ന് തയ്യാറാക്കി ബോട്ടിലിലൊഴിച്ചു കൊടുക്കുകയാണ് പതിവെന്നാണ് റിപ്പോർട്ടിൽ നിന്നും അറിയാൻ കഴിഞ്ഞത്. ആ മരുന്ന് നൽകിയ 80 പേരിൽ 79 പേർക്കും കുഴപ്പമില്ല. പക്ഷേ മിക്സ് ചെയ്ത ഇതേ മരുന്നുപയോഗിച്ച ഈ കുട്ടിക്ക് ദൗർഭാഗ്യവശാൽ പ്രശ്നങ്ങളുണ്ടായി. ഏതായാലും ഭാവിയിൽ സംസ്ഥാനത്തെ ആശുപത്രികളിൽ രോഗികളോ കൂട്ടിരിപ്പുകാരോ കൊണ്ടുവരുന്ന ബോട്ടിലുകളിൽ മരുന്ന്

ഒഴിച്ചുകൊടുക്കുന്ന രീതിയുണ്ടെങ്കിൽ അത് അവസാനിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇവിടെ പരാമർശിക്കുകയുണ്ടായി. ഈ സർക്കാരിന്റെ കാലത്താണ് ഇതിനെ പി.ജി. കോളേജായി ഉയർത്തിയത്. ന്യൂനതകൾ പരിഹരിച്ച് എം.ബി.ബി.എസ്. കോഴ്സിന് എൻ.എം.സി.-യുടെ സ്ഥിരം അംഗീകാരം ലഭ്യമാക്കി. രണ്ട് ബാച്ച് എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കി ഇന്റേൺഷിപ്പ് ചെയ്യുന്നു. കൂടാതെ ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സ്, ഓഡിറ്റോറിയം എന്നിവ പൂർത്തീകരിക്കുകയും ചെയ്തു. ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ, നേരിട്ട് അവിടെയെത്തിയാണ് ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

മറ്റൊരു വിഷയം പരാമർശിക്കാനുള്ളത്, ഹെൽത്ത് സർവ്വീസസ് ഡയറക്ടറായിരുന്നയാൾ വി.ആർ.എസ്. എടുത്തപ്പോൾ മറ്റൊരാൾക്ക് പൂർണ്ണ ചുമതല നൽകിയിട്ടുണ്ട്. ഇപ്പോൾ പുതിയ ഡി.എച്ച്.എസ്.-നെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതാണ്ട് പൂർത്തിയാകുകയാണ്.

വയനാട് മെഡിക്കൽ കോളേജിന്റെ സ്ഥലവുമായി ബന്ധപ്പെട്ട് സർക്കാരിന് ഒരു അവ്യക്തതയുമില്ല. ബോയ്സ് ടൗണിലെ സ്ഥലത്ത് നിർമ്മാണം ആരംഭിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളിനെ നിശ്ചയിച്ചുകഴിഞ്ഞു. കേന്ദ്ര സർക്കാരിനോട് അതിനായി ധനസഹായം ആവശ്യപ്പെട്ടപ്പോൾ ലഭ്യമാക്കാൻ കഴിയില്ല, അനുവദിക്കില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. ബഹുമാന്യനായ വയനാട് എം.പി.-യുടെ സഹായംകൂടി ഇക്കാര്യത്തിൽ പ്രതീക്ഷിക്കുകയാണ്. അതുകൂടി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കെ.എം.എസ്.സി.എൽ.-മായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ച കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാന്യരായ അംഗങ്ങൾ സഭാ സമ്മേളന സമയത്ത്, കെ.എം.എസ്.സി.എൽ.-മായി ബന്ധപ്പെട്ട് ഉന്നയിച്ചിട്ടുള്ള എല്ലാ ചോദ്യങ്ങൾക്കും കഴിഞ്ഞ സമ്മേളന കാലയളവിലും ഈ സമ്മേളന കാലയളവിലും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിനാൽ വിശദമായ മറുപടി അതുസംബന്ധിച്ച് പറയണമെന്ന് കരുതുന്നില്ല. ഇതിൽ പ്രത്യേകമായി കാണേണ്ടത്, കേരളത്തെ സംബന്ധിച്ചിടത്തോളം, ആദ്യത്തെ കോവിഡ്

കേസ് റിപ്പോർട്ട് ചെയ്തത് കേരളത്തിലാണ്. അന്ന് രാജ്യാന്തര തലത്തിൽത്തന്നെ ഒരു പ്രോട്ടോക്കോൾ ഉണ്ടായിരുന്നില്ല. 2020 ജനുവരി മാസത്തിൽ കോവിഡ് എങ്ങനെ ചികിത്സിക്കണം, എന്തൊക്കെയാണ് സ്വീകരിക്കേണ്ട പ്രതിരോധ മാർഗ്ഗങ്ങൾ തുടങ്ങിയ ഒരു പ്രോട്ടോക്കോളും ലോകത്തുണ്ടായിരുന്നില്ല. കേരളമെന്ന നമ്മുടെ സംസ്ഥാനമാണ് ആദ്യമായി ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ടും അല്ലാതെയും ഒരു പ്രോട്ടോക്കോൾ രൂപീകരിച്ചിട്ടുള്ളത്. 2018-ലും 2019-ലും കേരളത്തിലുണ്ടായ 'നിപ' കേസുകളുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ കൈവശം അത്യാവശ്യം പി.പി.ഇ. കിറ്റുകളും മാസ്കുകളും മറ്റുമുണ്ടായിരുന്നു. ജനുവരി മാസത്തിൽ അതുകൊണ്ട് നമ്മൾ മാനേജ് ചെയ്തു. മാർച്ച് മാസത്തിൽ പത്തനംതിട്ട ജില്ലയിൽ വീണ്ടും രോഗികളുണ്ടായി. ആ സമയം സംസ്ഥാന സർക്കാർ എന്ത് വിലകൊടുത്തും ജനങ്ങളുടെ ജീവൻ സംരക്ഷിക്കണമെന്നുള്ള നിലപാട് സ്വീകരിക്കുകയും യുദ്ധകാലാടിസ്ഥാനത്തിൽ അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. നമ്മുടെ ആരോഗ്യ പ്രവർത്തകരുടെ ജീവൻ വളരെ വിലപ്പെട്ടതാണ്. പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള വളരെ കൃത്യമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന്

പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഒരേ ദിവസം പല വിലയിൽ പി.പി.ഇ. കിറ്റ് വാങ്ങി എന്നൊക്കെ പറഞ്ഞു. ഇതിനെല്ലാം ഡോക്യുമെന്റുകളുണ്ട്. തദ്ദേശീയരായ സപ്ലയേഴ്സിൽ നിന്നുമാണ് ആദ്യം പി.പി.ഇ. കിറ്റ് സംഭരിക്കാൻ ശ്രമിച്ചത്. പ്രതിദിനം 2000, 3000 എന്ന നിലയിൽ പി.പി.ഇ. കിറ്റുകൾ നൽകാൻ കഴിയില്ലെന്ന് തദ്ദേശീയരായ സപ്ലയേഴ്സ് അറിയിച്ചതിന്റെകൂടി അടിസ്ഥാനത്തിലാണ് മറ്റ് സാധ്യതകൾ തേടിയത്. അതിന്റെ അടിസ്ഥാനത്തിലാണ് കെ.എം.എസ്.സി.എൽ.-ൽ നിന്ന് ആ രീതിയിലുള്ള പ്രൊക്യുവർമെന്റ് ഉണ്ടായിട്ടുള്ളത്. കോവിഡ് രോഗവ്യാപ്തി പരമാവധി തടഞ്ഞുനിർത്തുകയെന്ന ഉദ്ദേശ്യത്തിന്റെയും രോഗികളെ പരിചരിക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായാണ് ഗുണനിലവാരമുള്ള പി.പി.ഇ. കിറ്റ് സംഭരിച്ചത്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യത്താൽ പൊതുവിപണിയിൽ വ്യക്തിസുരക്ഷാ ഉപകരണങ്ങൾക്ക് ക്ഷാമം നേരിടുമ്പോഴും കേരളത്തിനകത്തും പുറത്തുമുള്ള വിവിധ വിതരണക്കാരിൽനിന്ന് ഒരേ സമയം ഗുണനിലവാരം ഉറപ്പാക്കി പരമാവധി പി.പി.ഇ. കിറ്റുകൾ സംഭരിച്ച് വിതരണം ചെയ്യണമെന്ന വിശേഷ നിർദ്ദേശത്തിന്റെ ഭാഗമായിട്ടാണ് ഈ

സംഭരണ വിതരണ പ്രക്രിയ ഏകോപിപ്പിച്ചിട്ടുള്ളത്. തദ്ദേശീയമായി ആവശ്യാനുസരണം പി.പി.ഇ. കിറ്റ് ലഭ്യമാകുമെന്നുറപ്പായ സാഹചര്യത്തിൽ 50,000 യൂണിറ്റിൽ 35,000 യൂണിറ്റ് വിതരണം ചെയ്യുവാനുള്ള ഉത്തരവ് റദ്ദ് ചെയ്ത് പൊതുഖജനാവിനെ സംരക്ഷിക്കുന്നതിനുവേണ്ടിയും കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്.

പ്രമേഹം, രക്താതിസമ്മർദ്ദം എന്നിവയുള്ളവരൊക്കെ കൂടുതൽ സങ്കീർണ്ണതകളിലേയ്ക്ക് പോകുന്ന സാഹചര്യം ഈ കോവിഡ് കാലത്ത് നമ്മൾ കണ്ടതാണ്, വ്യക്തികളുടെ അരോഗ്യ സുരക്ഷ ഉറപ്പാക്കുക, രോഗപ്രതിരോധശേഷി എന്നിവയാണ് ലക്ഷ്യമിടുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം 2025 വളരെ പ്രധാനപ്പെട്ട വർഷമാണ്. ചില രോഗങ്ങൾ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി ലക്ഷ്യമിടുന്നുണ്ട്. ക്ഷയരോഗം, കുഷ്ഠരോഗം, കാലാഅസർ, മലമ്പനി തുടങ്ങിയ രോഗങ്ങൾ കേരളത്തിൽനിന്ന് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ ലക്ഷ്യമിടുന്നു. മികച്ച ചികിത്സ, ആധുനികവൽക്കരിക്കപ്പെട്ട ആശുപത്രികൾ എന്നിവ ലക്ഷ്യമിടുമ്പോഴും ഈ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിന് ശ്രമിക്കുന്നു. NQAS അക്രഡിറ്റേഷൻ, NABH

അക്രഡിറ്റേഷൻ എന്നിവ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടു. അക്കാര്യം ശ്രദ്ധിക്കാം. NQAS അക്രഡിറ്റേഷനിലേയ്ക്ക് മെഡിക്കൽ കോളേജുകളെയും മറ്റ് ആശുപത്രികളെയും എത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയുമാണ് ആരോഗ്യ വകുപ്പ് പ്രവർത്തിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് തങ്കം എന്ന സ്വകാര്യ ആശുപത്രിയിൽ മൂന്ന് ദിവസംകൊണ്ട് മൂന്ന് ആളുകൾ മരണപ്പെട്ട സാഹചര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങതിൽ പ്രതികരിക്കുകയുമുണ്ടായി. 27-ഉം 25-ഉം വയസ്സായ രണ്ട് യുവതികളും നവജാത ശിശുവായ ഒരു ആൺകുഞ്ഞുമാണ് മരണപ്പെട്ടത്. പ്രസവാനന്തരം അവിടെത്തന്നെ ചികിത്സയിലായിരുന്ന ഒരു സ്ത്രീ മരണപ്പെട്ടത് നാട്ടുകാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമൊക്കെ വലിയ പ്രയാസമുണ്ടാക്കിയ സംഭവമാണ്. മാത്രമല്ല, മറ്റൊരു ചികിത്സയുടെ ഭാഗമായിട്ടും ഒരു മരണം സംഭവിച്ചു. ഇത് ചികിത്സാ പിഴവിന്റെയല്ല, ട്രീറ്റ്മെന്റിനിടയിൽ കാർഡിയാക് അറസ്റ്റുണ്ടായതാണെന്ന വിശദീകരണം ഡോക്ടർമാരുടെ ഭാഗത്തുനിന്നും ഉണ്ടായെങ്കിൽപ്പോലും അവിടത്തെ ജനങ്ങൾ വലിയ പ്രതിഷേധത്തിലും ആ കുടുംബം വലിയ രീതിയിലുള്ള സങ്കടത്തിലുമാണ്.

അത്തരം കാര്യങ്ങളിൽ യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചതെന്ന് കണ്ടെത്തി ഇടപെടാനുള്ള നടപടി സ്വീകരിക്കുമോ; ആ കുടുംബത്തിന് ഏതെങ്കിലും തരത്തിൽ ആശ്വാസമേകാനുള്ള നടപടികൾ ആലോചിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, നിയമസഭ പാസ്സാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ രജിസ്റ്ററിംഗ് അതോറിറ്റി ജില്ലാ കളക്ടറും ഡി.എം.ഒ.-യും ഉൾക്കൊള്ളുന്ന സമിതിയാണ്. നിയമപ്രകാരം ഈ ആശുപത്രി രജിസ്റ്റർ ചെയ്തിട്ടില്ല. അക്കാര്യത്തിൽ നടപടിയെടുക്കാം. രജിസ്റ്ററിംഗ് അതോറിറ്റിയോട് അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഡി.എം.ഒ. തലത്തിൽ അന്വേഷണം നടത്തി പ്രാഥമിക റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം ഗൗരവത്തോടുകൂടിതന്നെയാണ് സർക്കാർ കാണുന്നത്. ബാക്കി കാര്യങ്ങൾ സർക്കാർ കൃത്യമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിതരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XVIII
## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

മി. സ്പീക്കർ: സർവ്വശ്രീ സനീഷ് കുമാർ ജോസഫ്, സി. ആർ. മഹേഷ്, അനൂപ് ജേക്കബ്, സജീവ് ജോസഫ്, നജീബ് കാന്തപുരം, സണ്ണി ജോസഫ്, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, മഞ്ഞളാംകുഴി അലി, എ. പി. അനിൽ കുമാർ, പി. ഉബൈദുള്ള, എം. വിൻസെന്റ്, എൻ. എ. നെല്ലിക്കുന്ന്, ടി. സിദ്ദിഖ്, ഐ. സി. ബാലകൃഷ്ണൻ, ടി. ജെ. വിനോദ്, റോജി എം. ജോൺ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. അബ്ദുൽ ഹമീദ്, എ. കെ. എം. അഷ്റഫ്, കെ. പി. എ. മജീദ്, പി. കെ. ബഷീർ, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, ഡോ. മാത്യു കുഴൽനാടൻ, ഡോ. എം. കെ. മുനീർ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(അംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## <u>ധനാഭ്യർത്ഥന നമ്പർ XIX</u>
## <u>കുടുംബക്ഷേമം</u>

<u>മി. സ്പീക്കർ</u>: സർവ്വശ്രീ കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, എ.കെ.എം. അഷ്റഫ്, കെ.പി.എ. മജീദ്, പി.കെ. ബഷീർ, പി. ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, പി. അബ്ദുൽ

ഹമീദ്, മഞ്ഞളാംകുഴി അലി, യു. എ. ലത്തീഫ്, എൻ. ഷംസുദ്ദീൻ, അനൂപ് ജേക്കബ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സണ്ണി ജോസഫ്, റോജി എം. ജോൺ, ടി. ജെ. വിനോദ്, സജീവ് ജോസഫ്, ടി. സിദ്ദിഖ്, എ. പി. അനിൽ കുമാർ, സനീഷ് കുമാർ ജോസഫ്, സി. ആർ. മഹേഷ്, അൻവർ സാദത്ത്, ഐ. സി. ബാലകൃഷ്ണൻ, എം. വിൻസെന്റ്, ഡോ. എം. കെ. മുനീർ, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23

സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(അംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## X.റിപ്പോർട്ടുകളുടെ സമർപ്പണം (തുടർച്ച)

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

## XI. റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## XII.അറിയിപ്പ്

മി. സ്പീക്കർ: സഭ ഇന്ന് അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2022 ജൂലൈ 8, 11

തീയതികളിലെ സഭാസമ്മേളനം ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത ദിനങ്ങളിലേയ്ക്ക് ഷെഡ്യൂൾ ചെയ്യപ്പെട്ട ചോദ്യങ്ങൾ യഥാക്രമം തൊട്ടടുത്ത ദിവസങ്ങളിലേയ്ക്ക് ക്രമീകരിക്കുന്നതാണ്.

'വനമഹോത്സവം 2022'-ന്റെ സമാപന സമ്മേളനം ഇന്ന് സഭാസമ്മേളനത്തിനുശേഷം ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് നടത്തുന്നതാണ്. പ്രസ്തുത ചടങ്ങിൽ സാമാജികർക്കായി കേരളത്തിലെ വനങ്ങളെക്കുറിച്ചും വനം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ചും ഒരു ചെറുവിവരണം ഉണ്ടായിരിക്കുന്നതാണ്. വിവിധ വന്യജീവി സങ്കേതങ്ങളിലൂടെയുള്ള യാത്രകളിൽ ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ. പകർത്തിയ ചിത്രങ്ങളുടെ ഫോട്ടോ പ്രദർശനവും വനംവകുപ്പിന് കീഴിലുള്ള 'വനശ്രീ'-യുടെ വിഭവങ്ങൾ പരിചയപ്പെടുത്തലും മെമ്പേഴ്സ് ലോഞ്ചിനുസമീപം ഉണ്ടായിരിക്കുന്നതായിരിക്കും. അതിനുശേഷം ഒരു അത്താഴവിരുന്നും ബഹുമാനപ്പെട്ട അംഗങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും 12-07-2022 ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ 12-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.00 മണിക്ക് പിരിഞ്ഞു.)

*****

**അനുബന്ധം**

(1) നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(*181)-ന്റെ 'എ' പിരിവിന്റെ ബാക്കി ഭാഗം

- നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.
- വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിനും മത്സരാധിഷ്ഠിത ചിന്തയോടെ മാനേജ്മെന്റുകൾ കൂടുതൽ കർമ്മോത്സുകമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും

സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും മാധ്യമങ്ങളിലൂടെയുള്ള റിപ്പോർട്ടിംഗ് വ്യവസായ മേഖലയ്ക്ക് ഉണർവ് നൽകുന്നതാണെന്ന കാര്യവും പരിഗണിച്ചുകൊണ്ട് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഉത്പാദന ഉത്പാദനേതര വിഭാഗങ്ങളായി തരംതിരിച്ചുകൊണ്ട് ഓരോ വിഭാഗത്തിലും ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പൊതുമേഖലാ സ്ഥാപനം, മികച്ച ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മികച്ച പൊതുമേഖലാ ജീവനക്കാരൻ എന്നീ മേഖലകളിലും വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗിനും അവാർഡ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

- കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുതിയ പൊതുമേഖലാ സ്ഥാപനമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.എൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-ന് ഭെൽ-ഇ.എം.എൽ.-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന് പുനർനാമകരണംചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.

(2) <u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*184)-ന്റെ വിശദമായ മറുപടി</u>

സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായി എല്ലാ തലങ്ങളിലുമുള്ള ആരോഗ്യ സംരക്ഷണങ്ങളിലും സഹകരണ ആശുപത്രികളെ ഉൾപ്പെടുത്തുക എന്നിവയാണ് പ്രധാനമായും ടി പദ്ധതിയിലൂടെ സഹകരണ വകുപ്പ് ലക്ഷ്യമിടുന്നത്.

**viii. CAPE -** ആസ്ഥാന മന്ദിരം ഉദ്ഘാടനം

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-ന്റെ ആസ്ഥാന മന്ദിരം മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിൽ നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു.

**ix.** കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)-നൈപുണ്യ വികസന പരിശീലനകേന്ദ്രം

കേപ്പ്-ന്റെ കീഴിൽ നൈപുണ്യ വികസന പരിശീലന കേന്ദ്രം ആരംഭിച്ചു.

**x.** അക്ഷരം മ്യൂസിയം

സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിന്റെ പൂർണ്ണമായ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷരം മ്യൂസിയം. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിലൂടെ കേരളത്തിന്റെ ചരിത്രത്തെയും മലയാളത്തിലെ എഴുത്തുകാരെയും കൃതികളെയും ഉൾപ്പെടുത്തിയിട്ടുള്ള നിരവധി സാംസ്കാരിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണ്.

**പദ്ധതികൾ**

സംസ്ഥാനത്ത് സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനും സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി സംസ്ഥാന പദ്ധതി ഇനത്തിൽ 15583.00 ലക്ഷം രൂപയും എൻ.സി.ഡി.സി പദ്ധതി ഇനത്തിൽ 4040.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 19623.00

ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ്‌വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. പല സംഘങ്ങളിലും നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ

ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യങ്ങളോടെ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കുന്നത്.

(സി) ഉണ്ട്,

**1.Co-operative Audit Monitoring & Information System (CAMIS)**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി HYPERLINK "http://www.camis.kerala.gov.in/"എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**2.** പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് ഏകീകൃത സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. പല സംഘങ്ങളിൽ നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ കൃത്രിമം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ബാങ്കിംഗ് ഇടപാടുകളിൽ സുതാര്യത ഉറപ്പു വരുത്തുക, അഴിമതിയും പണാപഹരണവും തടയുക എന്നീ ലക്ഷ്യങ്ങളോടെ പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ

ഉൾപ്പെടുത്തിയാണ് സഹകരണ വകുപ്പ് ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നത്.

12.05.2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

(3) ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

രാജ്യത്ത് നിലവിൽ ഏറ്റവും ഉയർന്ന തോതിൽ ദുരിതാശ്വാസ സഹായം നൽകുന്ന സംസ്ഥാനമാണ് കേരളം. കേന്ദ്ര ധനകാര്യ കമ്മീഷനാണ് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നുള്ള ദുരിതാശ്വാസ തോത് നിർണ്ണയിക്കുന്നത്. നിലവിലെ മാനദണ്ഡം നിർണ്ണയിച്ചത് പതിനാലാം ധനകാര്യ കമ്മീഷനാണ്. 2015 ഏപ്രിലിൽ ആണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ദുരിതാശ്വാസ തോത് അവസാനമായി പരിഷ്കരിച്ച് എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയത്. ആയതിനുശേഷം ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡ പ്രകാരം അനുവദിക്കുന്ന തുക പരിമിതമായതിനാൽ തീവ്ര ദുരന്ത സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസ നിധിയിൽനിന്നുള്ള വിഹിതംകൂടി ഉൾപ്പെടുത്തി അധിക ദുരിതാശ്വാസ സഹായമാണ് കേരളം നൽകിവരുന്നത്. പ്രകൃതി ദുരന്തങ്ങളിൽ പതിനഞ്ച് ശതമാനത്തിലധികം തകർച്ച നേരിട്ട പുറമ്പോക്ക് സ്ഥലത്തുൾപ്പെടെയുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളെ ദുരന്തബാധിത കുടുംബങ്ങളായി കണക്കാക്കിയാണ് കേരളം ധനസഹായം നൽകിവരുന്നത്. 2018, 2019, 2021 എന്നീ വർഷങ്ങളിൽ തീവ്ര ദുരന്ത സാഹചര്യമുണ്ടായപ്പോൾ മലയോര പ്രദേശങ്ങളിൽ 75-നും 100 ശതമാനത്തിനുമിടയിൽ തകർച്ച നേരിട്ട വീടുകൾക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും നൽകാവുന്നത് 101900 രൂപ മാത്രമാണ്. എന്നാൽ കേരള സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള 298100 രൂപയും ചേർത്ത് 4 ലക്ഷം രൂപ നൽകുകയുണ്ടായി. 75 മുതൽ 100 ശതമാനം വരെ തകർച്ച നേരിട്ട സമതല പ്രദേശത്തെ വീടുകൾക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്ന് നൽകാനാവുന്നത് 95100 രൂപ മാത്രമാണെങ്കിലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള 304900 രൂപയും ചേർത്ത് കേരള സർക്കാർ 4 ലക്ഷം രൂപയും നൽകി. ഇതുകൂടാതെ വീടും സ്ഥലവും

നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുവാൻ സ്ഥലം വാങ്ങുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 6 ലക്ഷം രൂപയും വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപയും ചേർത്ത് 10 ലക്ഷംരൂപ നൽകുകയുണ്ടായി. ഈ ആനുകൂല്യം പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്കും ബാധകമാകുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

സംസ്ഥാന ദുരന്തപ്രതികരണ നിധി വിഹിതം വർദ്ധിപ്പിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽവരുന്ന വിഷയമല്ലാത്തതിനാൽ നിലവിലെ സംസ്ഥാന ദുരന്ത പ്രതികരണ നിധി/കേന്ദ്ര ദുരന്തപ്രതികരണ നിധി മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കാൻവേണ്ട നിർദ്ദേശങ്ങൾ നൽകണമെന്നുള്ള പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വിവിധ ഐറ്റങ്ങൾക്കുള്ള തുക വർദ്ധിപ്പിക്കുക, സംസ്ഥാന സവിശേഷ ദുരന്തങ്ങൾക്കുള്ള നിലവിലെ വകയിരുത്തൽ വർദ്ധിപ്പിക്കുക, ദുരന്ത നിവാരണം ഒരു പാഠ്യ വിഷയമാക്കുവാൻ ധനസഹായം നൽകുക, ദുരന്തലഘൂകരണ നിധി രൂപീകരിച്ചുകൊണ്ട് അതിൽനിന്നും സംസ്ഥാന ദുരന്ത ലഘൂകരണനിധിക്ക് സഹായം നൽകുക, ദുരന്ത നിവാരണ

ഇൻഷ്വറൻസ് നടപ്പിലാക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ട് വിശദമായ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ നിലവിൽ ഫ്ലഡ് റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള പ്രവൃത്തികളുടെ മാനദണ്ഡങ്ങളിൽ കാന കെട്ടുന്നതിനും റോഡുകളുടെ സൈഡ് വാൾ കെട്ടുന്നതിനും റോഡിന്റെ രൂപമാറ്റം നടത്തുന്നതിനും സാധിക്കുകയില്ല. ആയതിനാൽ പ്രസ്തുത മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി മേൽ പ്രസ്താവിച്ച പ്രവൃത്തികൾകൂടി സംസ്ഥാന ദുരന്തപ്രതികരണ നിധി വിനിയോഗിച്ചു കൊണ്ടുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തണമെന്ന ആവശ്യവും റവന്യൂ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ തന്നെ നേരിൽ പോയി ബന്ധപ്പെട്ട കേന്ദ്ര മന്ത്രിമാർക്കുമുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പല തവണകളായി കേന്ദ്രസർക്കാരിനുമുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.